അന്തർദേശീയ കേരളപഠനകോൺഗ്രസ്

സഞ്ചിക

2



കേരളം

INTERNATIONAL CONGRESS ON KERALA STUDIES

21-22 ഫെബ്രുവരി 2026

എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം

The Grand Hall

CAPACITY **850** Guest

The Grand Hall is the signature venue of our Convention Centre, designed to host large-scale gatherings with elegance and versatility. Featuring a spacious column-free layout, the hall offers seamless flexibility for conferences, weddings, cooperate Events

The Meeting Hall

CAPACITY **150** Participants

Offers a versatile and well-equipped space designed to host small to mid-sized gatherings, Whether for business or social purposes, it provides the right balance of functionality and comfort with a dedicated Pre-function area

The Executive Boardroom

CAPACITY **24** Participants

Designed to provide a professional, private, and sophisticated setting for meetings and discussions. With its elegant interiors and modern amenities, it ensures a seamless experience

Supporting Facilities

The Banquet Hall CAPACITY 250

Ideal venue for both corporate functions and social celebrations suited to host lunch, dinner, Hi-tea

The VIP & Business Lounge

Exclusive space designed for comfort, privacy, and efficiency, tailored for guests and business leaders, ideal for private meetings.Break out sessions.

Green Room Facilities

The Green Room is designed to provide comfort and convenience for performers, speakers, and VIP guests preparing for their special moments.

Premium Guest Rooms

Experience luxury and comfort just steps away from your event. Our Premium Guest Rooms offer privacy and hospitality for business traveller's and event guests.

Kinfra International Exhibition Centre

The exhibition offers a total space of 54,435 sq.ft., accommodating up to 200 stalls across six modules, each spanning 4,500 sq.ft. and hosting 25–30 booths.

24 Premium Curated Stalls

Strategically positioned for spotlight.

- Exhibits
- Sponsors
- Anchor brands

80892 53369
iecc@kinfra.org

Kinfra INTERNATIONAL EXHIBITION CUM CONVENTION CENTRE
KAKKANAD, KOCHI

kinfra
INSPIRING GROWTH

INTERNATIONAL
CONGRESS ON
KERALA STUDIES

അഞ്ചാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്
2026 ഫെബ്രുവരി 21-22 • തിരുവനന്തപുരം

പ്രസിദ്ധീകരണം
എ.കെ.ജി. പഠനഗവേഷണകേന്ദ്രം
തിരുവനന്തപുരം

കവർ ഡിസൈൻ & ലേ-ഔട്ട്
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്

ടൈപ്പ്സെറ്റിംഗ്
എസ്. രണനാഥ് വട്ടിയൂർക്കാവ്
കെ.ആർ. ബാബുജി വൈക്കം

കോപ്പി: 3500

അച്ചടി
ടൈം ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം



സഞ്ചിക

2

കേരളം

INTERNATIONAL CONGRESS ON KERALA STUDIES

അഞ്ചാമത് അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്

21-22 ഫെബ്രുവരി 2026

എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം

ഉള്ളടക്കം

1	ആമുഖം	7
2	സംസ്ഥാന ധനസ്ഥിതി	19
3	കേരളത്തിലെ കാർഷികമേഖല	30
4	കാർഷിക മൂല്യവർധനയും വിപണനവും	40
5	തോട്ടവിള മേഖല	47
6	വനം, വനപരിപാലനം, മനുഷ്യ-വന്യജീവി സംഘർഷം	56
7	കേരളത്തിലെ ജലസേചനവും ജലവിഭവ വികസനവും	64
8	മൃഗപരിപാലനമേഖല	74
9	മത്സ്യമേഖല	80
10	പരമ്പരാഗത വ്യവസായങ്ങൾ	86
11	വ്യവസായ മേഖല	97
12	വിവരവിനിമയ സാങ്കേതികവിദ്യയും വിജ്ഞാന സമ്പദ്ഘടനയും	109
13	വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ	119
14	ഊർജ്ജം	126
15	റോഡുകളും പൊതുമരാമത്ത് പണികളും	140
16	ചലനാത്മകതയ്ക്ക് സംയോജിത ഗതാഗത സംവിധാനം	151
17	ഉന്നതവിദ്യാഭ്യാസം	163
18	പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ അഞ്ചു വർഷങ്ങൾ കേരള പശ്ചാതലത്തിൽ	174
19	ശാസ്ത്രസാങ്കേതിക നയം	185
20	ടൂറിസം	192

1

ആമുഖം

I

കേരളത്തിന്റെ സമകാലിക സമ്പദ് വ്യവസ്ഥ

വികസന സാഹിത്യത്തിൽ കേരളത്തിന് സവിശേഷ മായ സ്ഥാനമുണ്ട്. "വളർച്ചയുടെ നേട്ടങ്ങൾ മേൽ തട്ടിൽ നിന്ന് താഴേക്ക് ചോർന്നിറങ്ങുന്നതിന്" (ട്രി ക്കിൾ-ഡൗൺ സിദ്ധാന്തം) കാത്തുനിൽക്കുന്നതിനു പകരം, സാമൂഹ്യക്ഷേമം, പൊതു വിദ്യഭ്യാസ-ആരോ ഗ്യാദി സേവനങ്ങൾ, ജനാധിപത്യപരമായ ജനകീയ സംവിധാനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകിക്കൊ ണ്ടുള്ള ഒരു വ്യത്യസ്ത വികസനപാതയാണ് കേരളം സ്വീകരിച്ചത്. ഇതുമൂലം സാമൂഹികക്ഷേമ സൂചകങ്ങ ളിൽ കേരളം ഉയർന്ന വരുമാനമുള്ള രാജ്യങ്ങളോട് പോലും താരതമ്യം ചെയ്യാവുന്ന പ്രദേശമായി മാറി. വികസന പണ്ഡിതർ കേരളത്തിന്റെ ഈ പാതയുടെ പ്രസക്തി അടിവരയിട്ടിട്ടുണ്ട്. പ്രതിശീർഷ വരുമാനം കുറഞ്ഞതായിരിക്കുമ്പോഴും ഉയർന്ന സാമൂഹിക സൂചികകൾ കൈവരിക്കാനാവുമെന്ന വസ്തുതയാണ് കേരളം ലോകത്തിന് മുന്നിൽ തെളിയിച്ചത്.

പ്രതിശീർഷ വരുമാനത്തിന്റെ നില

1970-കളിൽ പ്രതിശീർഷ വരുമാനം താഴ്ന്നിരുന്ന വേളയിലാണ് കേരളം ആഗോള ശ്രദ്ധനേടിയത്. എന്നാൽ ഈ നൂറ്റാണ്ടിൽ എത്തിയപ്പോഴേക്കും സ്ഥിതി പൂർണ്ണമായും മാറി. പ്രതിശീർഷ സംസ്ഥാന ആഭ്യന്തര വരുമാനം (GSDP) പരിഗണിക്കുമ്പോൾ, 2010-കളുടെ മുഴുവൻ കാലത്തും കേരളം കേന്ദ്രഭരണ പ്രദേശങ്ങളെയും, ചെറു സംസ്ഥാനങ്ങളെയും ഒഴിവാ ക്കിയാൽ ഇന്ത്യയിലെ മുൻനിര അഞ്ചു സംസ്ഥാനങ്ങ ളിൽ ഉൾപ്പെട്ടിരുന്നു; 2023–24 ൽ പ്രധാന സംസ്ഥാ നങ്ങളിൽ ആറാം സ്ഥാനമാണ് കേരളത്തിനുള്ളത്. സംസ്ഥാനം രൂപീകൃതമാവുമ്പോൾ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയെക്കാൾ 25% താഴ്ന്ന തായിരുന്നത് ഇപ്പോൾ 60% ഉയർന്നതായി. കഴിഞ്ഞ നാല് പതിറ്റാണ്ടിനിടയിൽ സംസ്ഥാന സമ്പദ്വ്യവസ്ഥ യിൽ ഉണ്ടായ ഈ പരിവർത്തനം അസാധാരണമായ തും ശ്രദ്ധേയവുമാണ്.

ലോകബാങ്കിന്റെ വർഗീകരണപ്രകാരം, പ്രതിശീർഷ മൊത്ത ദേശീയവരുമാനം (GNI) 1,136 ഡോളർ മുതൽ 4,465 ഡോളർ വരെയുള്ള രാജ്യങ്ങളെ "താഴ്ന്ന മധ്യവരുമാന സമ്പദ്വ്യവസ്ഥകൾ" എന്നും, (lower middle income economies) 4,466 ഡോളർ മുതൽ 13,845 ഡോളർ വരെയുള്ള രാജ്യങ്ങളെ "മേൽമധ്യ വരുമാന സമ്പദ്വ്യവസ്ഥകൾ" (upper middle income economies) എന്നും വിശേഷിപ്പിക്കുന്നു. ലോകബാങ്ക് രീതിയിൽ വിനിമയ നിരക്ക് കണക്കാക്കുമ്പോൾ, 2024–25-ൽ ഇന്ത്യയുടെ പ്രതിശീർഷ GDP 2,697 ഡോളറായിരുന്നു. അഥവാ താഴ്ന്ന മധ്യവരുമാന രാജ്യ ങ്ങളുടെ പട്ടികയിൽ ഏറ്റവും താഴത്തെ അറ്റത്തോട് ചേർന്നായിരുന്നു ഇന്ത്യയുടെ സ്ഥാനം. എന്നാൽ സങ്ക ല്പികമായി കേരളത്തെ ഈ താരതമ്യത്തിൽ ഉൾപ്പെടു ത്തിയാൽ, 2024–25-ലെ 4,141 ഡോളർ പ്രതിശീർഷ വരുമാനത്തോടെ, അതേ പട്ടികയുടെ മേൽഭാഗത്താ യിരിക്കും കേരളം സ്ഥാനം പിടിക്കുക.

ലളിതമായ പ്രവചനങ്ങൾ സൂചിപ്പിക്കുന്നത്, കേരള ത്തിന്റെ GSDP വർഷംതോറും ശരാശരി 5 ശതമാനം മാത്രം വളർന്നാലും, 2026–27 ഓടെ മേൽമധ്യ വരുമാന സമ്പദ്വ്യവസ്ഥയുടെ പദവിയിൽ കേരളം എത്തിച്ചേരുമെന്നാണ്. ഇന്ത്യയിലെ മറ്റു ഏതാനും സംസ്ഥാനങ്ങൾക്ക് മാത്രമേ ഈ നില കൈവരിക്കാൻ കഴിയു.

വാങ്ങൽശേഷി സമതുല്യത വിനിമയനിരക്ക് (Purchasing Power Parity, PPP) പരിഗണിച്ചുള്ള കണക്കുകൾ ഉപയോഗിച്ചാൽ, 2024–25-ൽ ഇന്ത്യ യുടെ പ്രതിശീർഷ GDP 11,159 ഡോളറാണ്. അതേ വർഷം കേരളത്തിന്റെ പ്രതിശീർഷ GSDP 16,944 ഡോളറും. കേരളത്തിന്റെ പ്രതിശീർഷ PPP വരുമാനം ഇൻഡോനേഷ്യയുടെയും വിയറ്റ്നാമിന്റെയും പ്രതി ശീർഷ GDP-യെക്കാൾ അല്പം ഉയർന്നതും, മധ്യവരു മാന രാജ്യങ്ങളുടെ ശരാശരിയോട് വളരെ അടുത്ത തുമാണ്.

പ്രതിശീർഷ വരുമാനത്തിനപ്പുറം

കേരളത്തിലെ ഉയർന്ന പ്രതിശീർഷ വരുമാനം പ്ര തിശീർഷ ഉപഭോഗ ചെലവിലും വ്യക്തമായി പ്രതി ഫലിക്കുന്നു. 2022–23-ൽ, ഗ്രാമീണ മേഖലയിൽ പ്രതിശീർഷ ചെലവിൽ കേരളം ഇന്ത്യയിൽ ഒന്നാം

സ്ഥാനവും, നഗര മേഖലയിൽ അഞ്ചാം സ്ഥാനവും കൈവരിച്ചു. ഇത് കേരളത്തിന്റെ ആഭ്യന്തര വിപണിയുടെ വ്യാപ്തി വ്യക്തമാക്കുന്നു.

സാമ്പത്തികഘടനയിലും തൊഴിൽശക്തിയിലും കേരളത്തിന്റെ ഘടനാപരമായ പരിവർത്തനം സവിശേഷമാണ്. 2022–23-ൽ, പുരുഷ തൊഴിലാളികളിൽ 21 ശതമാനവും (ഇന്ത്യയിൽ 37 ശതമാനം) സ്ത്രീ തൊഴിലാളികളിൽ 39 ശതമാനവും (ഇന്ത്യയിൽ 64 ശതമാനം) മാത്രമാണ് കൃഷിയിൽ തൊഴിൽ ചെയ്തിരുന്നത്. 1950-കളിൽ തന്നെ കേരളത്തിന്റെ കാർഷികേതര മേഖല ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ വലുതായിരുന്നു.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന ദിവസവേതനം ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. 2023–24-ൽ, പുരുഷ കാർഷിക തൊഴിലാളികളുടെ ശരാശരി ദിവസവേതനം കേരളത്തിൽ 807 രൂപയായിരുന്നപ്പോൾ, ഇന്ത്യയുടെ ശരാശരി 372 രൂപ മാത്രമായിരുന്നു. ഗ്രാമീണ നിർമ്മാണ മേഖലയിൽ ഈ വ്യത്യാസം കൂടുതൽ വലുതാണ്—കേരളത്തിൽ 894 രൂപ, ഇന്ത്യയിൽ 471 രൂപ.

ഉയർന്നവേതനം സ്വകാര്യവ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന വാദത്തിന് ഇന്ന് സാധുതയില്ല. 2024-ലെ ബിസിനസ് റീഫോംസ് ആക്ഷൻ പ്ലാൻ (BRAP) റാങ്കിങ്ങിൽ, കേന്ദ്ര വാണിജ്യ മന്ത്രാലയം കേരളത്തെ "ഫാസ്റ്റ് മൂവേഴ്സ്" വിഭാഗത്തിലെ "ടോപ്പ് അച്ചീവർ" ആയി അംഗീകരിച്ചു—ആന്ധ്രാപ്രദേശിനും ഗുജറാത്തിനും ഒപ്പമായി. 15 ബിസിനസ്-കേന്ദ്രിതവും 10 പൗര-കേന്ദ്രിതവുമായ മാനദണ്ഡങ്ങളിൽ 95 ശതമാനത്തിലധികം മാർക്ക് നേടി, ഒമ്പത് സൂചികകളിൽ ഒന്നാം സ്ഥാനവും കേരളം കൈവരിച്ചു.

ക്ഷേമത്തിന്റെ സൂചികകൾ

ബഹുമുഖ ദാരിദ്ര്യം, വരുമാനാധിഷ്ഠിത ദാരിദ്ര്യം, ശിശുമരണനിരക്ക്, ആയുർദൈർഘ്യം, സ്ത്രീസാക്ഷരത, തുടങ്ങിയ നിരവധി സൂചികകളിൽ, കേരളം ദേശീയ ശരാശരിയെക്കാൾ വളരെ മുന്നിലാണ്. ലോകത്തിലെ ഏറ്റവും പുരോഗമിച്ച പ്രദേശങ്ങളോട് അടുത്തുള്ള വികസനതലത്തിലാണ് കേരളത്തിന്റെ നില.

2011-ലെ സെൻസസ് കണക്കുകൾ പ്രകാരം, സ്ത്രീസാക്ഷരത കേരളത്തിൽ 92 ശതമാനമായിരുന്നപ്പോൾ, ഇന്ത്യയിൽ അത് 65.5 ശതമാനം മാത്രമായിരുന്നു. 2019–20-ലെ ദേശീയ കുടുംബാരോഗ്യ സർവേ (NFHS-5), 2017–18-ലെ ദേശീയ സാമ്പിൾ സർവേയുടെ 75-ാം റൗണ്ട് തുടങ്ങിയവ, സ്ത്രീകളുടെ വിദ്യാഭ്യാസ നിലയെക്കുറിച്ചുള്ള കൂടുതൽ പുതിയ വിവരങ്ങൾ നൽകുന്നു. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മിക്ക എല്ലാ സൂചികകളിലും കേരളത്തിലെ സ്ത്രീകൾ ഇന്ത്യയുടെ ശരാശരിയെക്കാൾ വളരെ മുന്നിലാണെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു.

അടിസ്ഥാന വിദ്യാഭ്യാസത്തിൽ മാത്രമല്ല, ഉന്നത വിദ്യാഭ്യാസത്തിലും കേരളത്തിലെ സ്ത്രീകൾ ശ്രദ്ധേയമായ മുന്നേറ്റമാണ് കൈവരിച്ചു. 2021–22-ൽ, 18–23 വയസ്സുകാരിൽ ഉന്നത വിദ്യാഭ്യാസത്തിലെ മൊത്ത എൻറോൾമെന്റ് അനുപാതം കേരളത്തിൽ 41.3 ശതമാനമായിരുന്നപ്പോൾ, ഇന്ത്യയിൽ അത് 28.4 ശതമാനമായിരുന്നു. സ്ത്രീകളിൽ ഈ അനുപാതം കേരളത്തിൽ 49 ശതമാനവും. ഇന്ത്യയിലേത് 28.5 ശതമാനവും ആണെന്നത് അതിശയകരമായ വ്യത്യാസമാണ്. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ സ്ത്രീകളിലും കേരളം രാജ്യത്തെ മുൻനിരയിലാണ്. ഇത്തരത്തിൽ ഉയർന്ന വിദ്യാഭ്യാസം നേടിയ തൊഴിൽശക്തി ആധുനിക സാമ്പത്തിക മേഖലകളിൽ കഴിവുകൾ വികസിപ്പിച്ച് ഉപയോഗപ്പെടുത്താവുന്ന കേരളത്തിന്റെ ഏറ്റവും വലിയ കരുത്താണ്.

ആരോഗ്യസൂചികകളുടെ കാര്യത്തിലും കേരളത്തിന്റെ വികസനം ഇന്ത്യയിലെ ശരാശരിയെക്കാൾ വളരെയേറെ മുന്നിലാണ്. 2011 ലെ കേരളത്തിലെ ലിംഗാനുപാതം 1084 ആണ് രാജ്യത്തെ ശരാശരി 940 ഉം. ഇത് സ്ത്രീകളുടെ സാമൂഹികനിലയെയും ആരോഗ്യനിലയെയും പ്രതിഫലിപ്പിക്കുന്ന ഒരു നിർണ്ണായക സൂചകമാണ്.

2023-ൽ 1000 ആളുകളിൽ 12.3 എന്നതാണ് കേരളത്തിലെ ജനനനിരക്ക്. പ്രജനന നിരക്ക് 1.5% വും. ഇവ രണ്ടും ജനസംഖ്യാ പരിവർത്തനത്തിന്റെ ഉയർന്ന ഘട്ടത്തിൽ കേരളമെത്തിയതായി സൂചിപ്പിക്കുന്നു. ശിശുമരണനിരക്കിൽ (ആയിരത്തിൽ 5) കേരളം കൈവരിച്ച നേട്ടം ദേശീയ ശരാശരിയായ 25-നോട് താരതമ്യം ചെയ്യുമ്പോൾ അതിശയകരമാണ്. അതുപോലെ തന്നെ, 2021–23 ൽ മാതൃ മരണനിരക്ക് 30 ആയി താഴ്ന്നു. സ്ത്രീകളുടെ ശരാശരി ആയുസ് 78.4 വയസായി ഉയർന്നു (ഇന്ത്യയിൽ 72.5).

NFHS-5 കണക്കുകൾ പ്രകാരം, കേരളത്തിൽ പ്രസവങ്ങളുടെ 100 ശതമാനവും ആശുപത്രിയിലാണ് നടക്കുന്നത്. കുറഞ്ഞ BMI ഉള്ള സ്ത്രീകൾ 10.1% ആണ്, രക്തഹീനത അനുഭവിക്കുന്ന സ്ത്രീകൾ 36.3% വും. ബാലവിവാഹമാവട്ടെ 6.3% മാത്രം. ഇതെല്ലാം ദേശീയ ശരാശരിയെക്കാൾ വളരെ താഴെയാണ്. ഇതിനുപുറമേ, 98.7 ശതമാനം കുടുംബങ്ങൾക്കും മെച്ചപ്പെട്ട ശുചിത്വ സൗകര്യങ്ങൾ ലഭ്യമാണെന്നത് ആരോഗ്യ നേട്ടങ്ങൾ ചികിത്സാസംവിധാനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല എന്നത് വ്യക്തമാക്കുന്നു. മൊത്തത്തിൽ, കേരളത്തിന്റെ ആരോഗ്യനേട്ടങ്ങൾ രോഗമുക്തി മാത്രമല്ല, ദീർഘകാലക്ഷേമവും സാമൂഹികസുരക്ഷയും ഉറപ്പാക്കുന്ന ഒരു സമഗ്ര വികസന മാതൃകയുടെ ഫലമാണ്.

II
കേരളത്തിന്റെ വികസനചരിത്രം: പാഠങ്ങൾ, പാതകൾ

1956-ൽ സംസ്ഥാനം രൂപീകരിക്കുമ്പോൾ കേരളം താഴ്ന്നവരുമാനം, താഴ്ന്ന ഉപഭോഗം, താഴ്ന്നസമ്പാദ്യം, താഴ്ന്നനിക്ഷേപം, താഴ്ന്ന വളർച്ചാനിരക്ക്, അതീവദാരിദ്ര്യം, എന്നിവ പ്രതിഫലിച്ചിരുന്ന സമ്പദ്ഘടനയായിരുന്നു. എന്നാൽ അതേ കേരളം, ഏഴ്

പതിറ്റാണ്ടുകൾക്കുള്ളിൽ, ഉയർന്ന വരുമാനവും, ഉയർന്ന ഉപഭോഗവും, ഉയർന്ന സമ്പാദ്യവും, കൂടുതൽ മെച്ചപ്പെട്ട സാമൂഹിക -ആരോഗ്യാദിനിലയുള്ള സമ്പദ്ഘടനയായി മാറി. ഈ മാറ്റം എങ്ങനെ സംഭവിച്ചു? ഇതാണ് കേരള വികസനത്തിന്റെ ആദ്യത്തെ അടിസ്ഥാന ചോദ്യം.

പുനർവിതരണ വികസനതന്ത്രം

നേരത്തെ പറഞ്ഞുവല്ലോ, മുഖ്യധാരാ സാമ്പത്തിക ശാസ്ത്രം പഠിപ്പിക്കുന്നത് ആദ്യം വളർച്ച, പിന്നീട് വിതരണം എന്നതാണ്. എന്നാൽ കേരളം ഈ ക്രമം മറിച്ചിട്ടാണ് മുന്നോട്ടു നടന്നത്. ഇവിടെ ഉൽപാദനവളർച്ച മന്ദമായിരിക്കുമ്പോഴും ക്ഷേമം ഉയർന്നിരുന്നു. പുനർവിതരണ നയങ്ങളാണ് ഇതിനുകാരണം.

ഭൂപരിഷ്കരണത്തിലൂടെ, കേരളത്തിലെ ഭൂമിയുടെ വലിയൊരു ഭാഗം ഭൂമിയില്ലാത്തവർക്കും ചെറുകിട കർഷകർക്കും കൈമാറി. 1960കളിലും 1970കളിലും നടപ്പാക്കിയ ഈ നടപടികൾ, ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തും കാണാത്ത തരത്തിലുള്ള സാമൂഹ്യപരിവർത്തനം സൃഷ്ടിച്ചു. ഭൂസ്വത്ത് മാത്രമല്ല, വരുമാനവും പുനർവിതരണത്തിന് വിധേയമായി. കൂട്ടായ വിലപേശൽ ഉയർന്ന കൂലിയിലേക്ക് നയിച്ചു.

അതോടൊപ്പം സർക്കാർ നികുതി പിരിച്ച് ആ പണം വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും സാമൂഹ്യസുരക്ഷയ്ക്കുമായി തിരിച്ചുനൽകി. ഇതിന്റെ ഗുണഭോക്താക്കൾ ഭൂരിപക്ഷം സാധാരണക്കാരായിരുന്നു. സ്വത്തിന്റെയും വരുമാനത്തിന്റെയും പുനർവിതരണം സ്വാതന്ത്ര്യാനന്തര പ്രതിഭാസം ആയിരുന്നെങ്കിൽ സാമൂഹികക്ഷേമ സേവനങ്ങളിലെ പൊതു ഇടപെടൽ സ്വാതന്ത്ര്യത്തിനു മുമ്പേ സാമൂഹിക പരിഷ്കരണ പ്രാസ്ഥാനങ്ങളുടെ സമ്മർദ ഫലമായി ആരംഭിച്ചുകഴിഞ്ഞിരുന്നു. അമർത്യ സെൻ വിശേഷിപ്പിച്ച "പബ്ലിക് ആക്ഷൻ" എന്ന ആശയത്തിന്റെ ജീവിക്കുന്ന ഉദാഹരണമാണ് കേരളം. മനുഷ്യരെ അവരുടെ അവകാശങ്ങളിലേക്ക് നയിക്കുന്ന കൂട്ടായ ഇടപെടലാണ് കേരളത്തെ സൃഷ്ടിച്ചത്.

സാമ്പത്തിക ഉയർച്ച

രണ്ടാമത്തെ ചോദ്യം എന്തുകൊണ്ടാണ് കേരളത്തിന്റെ സാമ്പത്തികവളർച്ച 1980 കളുടെ അവസാനം മുതൽ കൂടുതൽ വേഗത്തിൽ വളരുകയും പ്രതിശീർഷ വരുമാനത്തിൽ ദേശീയശരാശരിയെ മറികടക്കുകയും ചെയ്തത്?

ഭൂപരിഷ്കരണത്തെ തുടർന്ന് ദീർഘകാല വിളകളിലേക്ക് വ്യാപകമായ വിളമാറ്റം നടന്നു. ഇതുമൂലം കാർഷിക ഉൽപാദനത്തിൽ 1970 കളിൽ രൂക്ഷമായ മുരടിപ്പുണ്ടായി. എന്നാൽ റബ്ബറും നാളികേരവുമെല്ലാം ഫലങ്ങൾ തന്നു തുടങ്ങിയതോടെ 1980 കളുടെ അവസാനമായപ്പോൾ കാർഷികമേഖല ശക്തമായി വളരാൻ തുടങ്ങി. പക്ഷെ ആസിയാൻ കരാറുമൂലം 1990 കളുടെ പകുതിയായപ്പോൾ ഈ വളർച്ച തകർച്ചയിലേക്ക് കൂപ്പുകുത്തി. എന്നിട്ടും കേരളത്തിന്റെ സാമ്പത്തിക വളർച്ച മന്ദീഭവിച്ചില്ല.

ഇതിന്റെ പ്രധാനപ്പെട്ട കാരണം 1970 കളുടെ അവസാനം മുതലുള്ള ഗൾഫിലേക്കുള്ള കുടിയേറ്റവും അവിടെനിന്നുള്ള വിദേശപണ വരുമാനത്തിന്റെ ഒഴുക്കുമാണ്. കേരളത്തിന്റെ ആഭ്യന്തരവരുമാനത്തിന്റെ 25% - 30% വരും ഈ തുക. ഇത് കെട്ടിടനിർമ്മാണ മേഖലയിലും, ഉപഭോഗമേഖലയിലും വലിയ ഉത്കർഷം സൃഷ്ടിച്ചു. സേവനമേഖലയിയുടെ വളർച്ചയ്ക്ക് ആക്കം കൂടി. പക്ഷെ ഉൽപാദനമേഖലകളിലെ നിക്ഷേപമായി ഗൾഫ് പണം മാറിയില്ല. അതുകൊണ്ട് ഉൽപാദനമേഖലകളിലെ മുരടിപ്പ് തുടർന്നു.

ഈ സന്ദർഭത്തിൽ ഓർക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം ഇതാണ്. മാനവിഭവ ശേഷി വികസനത്തിൽ ചരിത്രപരമായി കേരളം നടത്തിയ വലിയ മുതൽമുടക്കിന്റെ ഗുണഫലമായിട്ടുവേണം വിദേശത്തേക്കുള്ള കുടിയേറ്റത്തെയും അവിടുന്നുള്ള പണ വരുമാനത്തെയും വിലയിരുത്താൻ. കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലുണ്ടായ വേഗത വർധനയെ ആകസ്മികമായ ഒരു പ്രതിഭാസമായിട്ടല്ല വിലയിരുത്തേണ്ടത്.

വികസന പ്രതിസന്ധി

1990 കൾ ആയപ്പോഴേക്കും കേരളവികസന തന്ത്രത്തിൽ ഒരു ഭേദഗതി വേണം എന്നത് വളരെ വ്യക്തമായി. അതിനൊരു പ്രധാനപ്പെട്ട കാരണം സാമൂഹിക ക്ഷേമ മേഖലയിൽ ഉയർന്നുവന്ന രണ്ടാം തലമുറ വികസനപ്രശ്നങ്ങളാണ്. ജനസംഖ്യ കൂടുതൽ വൃദ്ധമാവുകയും, ജീവിതശൈലി രോഗങ്ങൾ വ്യാപിക്കുകയും ചെയ്തതോടെ നിലവിലുള്ള പൊതുആരോഗ്യ സംവിധാനങ്ങൾ അപര്യാപ്തമായി. ആരോഗ്യസംവിധാനങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി ആവശ്യങ്ങൾ വർധിച്ചു. വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമായതോടെ, പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യമുയർന്നു. പാർപ്പിടം, കുടിവെള്ളം, സാമൂഹിക സുരക്ഷ തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾ സംബന്ധിച്ച് ജനങ്ങളുടെ പ്രതീക്ഷകൾ ഉയർന്നു. ഈ രണ്ടാം തലമുറ പ്രശ്നങ്ങൾ എങ്ങിനെ അഭിമുഖീകരിക്കണം?

അതോടൊപ്പം ഗൾഫ് പണത്തിന്റെ തിളക്കം സാമൂഹികജീവിതത്തിൽ ഉണ്ടായെങ്കിലും ഉൽപാദനമേഖലകളിലെ രൂക്ഷമായ മുരടിപ്പ് തുടരുകയായിരുന്നു. സഖാവ് ഇ.എം.എസ് ആണ് ഇത് സംബന്ധിച്ചു നിശിതമായ വിമർശനം ഉയർത്തിയത്. ഇത്തരമൊരു സ്ഥിതിവിശേഷം മാതൃകാപരമല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. എങ്ങിനെയാണ് ഉൽപാദനമേഖലയിലെ മുരടിപ്പ് മറികടക്കുക?

ഈ രണ്ടു പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്ത് മാറ്റങ്ങളാണ് കേരളത്തിന്റെ വികസനനയങ്ങളിൽ വരുത്തേണ്ടത്? ഇതിന് കേരളത്തിലെ മുഴുവൻ പണ്ഡിതന്മാരുടെയും നയകർത്താക്കളുടെയും തൽപരരായ സാമൂഹിക-രാഷ്ട്രീയ പ്രവർത്തകരുടെയും കൂട്ടായ ചർച്ചകളിലൂടെയേ ഉത്തരം കണ്ടെത്തുവാനാവൂ എന്ന് ഇഎംഎസ് കരുതി. ഇതിനാണ് 1994 ൽ

ഒന്നാം കേരളം പഠന കോൺഗ്രസ് വിളിച്ചുചേർത്തത്. ഇതിനു ശേഷം മൂന്ന് പഠന കോൺഗ്രസ്സുകൾ കൂടി നടന്നു.

ഈ പഠന കോൺഗ്രസ്സുകൾക്ക് സമാനമായ വൈപുല്യവും തുടർച്ചയുമുള്ള ഒരു വികസന സംവാദം മറ്റൊരു സംസ്ഥാനത്തും നടന്നിട്ടില്ല. കേവലം താത്വിക ചർച്ചകളല്ല ഈ സമ്മേളനങ്ങളിൽ നടന്നത്. ഈ ചർച്ചകൾ ഓരോന്നും തുടർന്നു അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാരുകളുടെ നയങ്ങളെ ഗാഢമായി സ്വാധീനിച്ചിട്ടുണ്ട്. ഓരോ പഠന കോൺഗ്രസ്സും ഈ നയങ്ങൾ നടപ്പിലാക്കിയതിന്റെ അനുഭവങ്ങൾ പരിശോധിച്ചുകൊണ്ടാണ് സംവാദത്തെ മുന്നോട്ട് കൊണ്ടുപോയിട്ടുള്ളത്. അങ്ങിനെ ഉരുത്തിരിഞ്ഞുവന്നതാണ് 'നവകേരള വികസന' അജണ്ട.

III
നവകേരള വികസന അജണ്ട

പൊതുവിൽ പറഞ്ഞാൽ ഈ വികസന അജണ്ടയെ രണ്ടായി വിഭജിക്കാം. ഒന്ന്, അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെ സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ചെറുകിട ഉൽപാദന മേഖലകളിലെ ഉൽപാദനം ഉയർത്തുന്നതിനും വേണ്ടിയുള്ള ഇടപെടലുകൾ. രണ്ട്, പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടും ഉന്നത വിദ്യാഭ്യാസമേഖലയെ ചാലകശക്തിയായി മാറ്റിക്കൊണ്ടും, വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനം. ഇതിലൂടെ മാത്രമേ അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള തൊഴിലവസരങ്ങൾ കേരളത്തിനുള്ളിൽ തന്നെ സൃഷ്ടിക്കാനാവൂ. ഇത്തരമൊരു കാഴ്ചപ്പാടിനടിസ്ഥാനത്തിലാണ് കേരള വികസനത്തിന്റെ "രണ്ടാം എഡിഷൻ" രൂപപ്പെടുന്നത്. ഇതിനെക്കുറിച്ചാണ് നമ്മൾ ഈ പഠന കോൺഗ്രസ്സിൽ ചർച്ചചെയ്യാൻ പോവുന്നത്.

ജനാധിപത്യ അധികാര വികേന്ദ്രീകരണം

ഒന്നാം കേരള പഠന കോൺഗ്രസ് ആയിരുന്നു ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രചോദനം. രാജ്യം കണ്ടിട്ടുള്ളതിൽ ഏറ്റവും സമഗ്രമായ അധികാര വികേന്ദ്രീകരണ പരീക്ഷണത്തിന്റെ ശില്പി സഖാവ് ഇ.എം. എസ് ആയിരുന്നു. വലിയ തോതിൽ അധികാരവും പണവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി. ജനപങ്കാളിത്തത്തോടു കൂടിയുള്ള പ്രാദേശിക ആസൂത്രണത്തിന്റെ പുതിയൊരു മാതൃക സൃഷ്ടിച്ചു. വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, കുടിവെള്ളം, ശുചിത്വം, ഭവനനിർമ്മാണം, ദാരിദ്ര്യ നിവാരണ പദ്ധതികൾ — ഇവയൊക്കെയും പ്രാദേശികതലത്തിൽ രൂപകല്പന ചെയ്യപ്പെടുകയും നടപ്പിലാക്കപ്പെടുകയും ചെയ്തു. ഈ പ്രക്രിയ, വികസന ചെലവുകളുടെ കാര്യക്ഷമത വർധിപ്പിച്ചതോടൊപ്പം, ജനാധിപത്യ ഉത്തരവാദിത്വവും സാമൂഹിക മേൽനോട്ടവും ശക്തിപ്പെടുത്തി. കേരളത്തിന്റെ ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ അധികാരവികേന്ദ്രീകൃത സംവിധാനങ്ങൾക്ക് സുപ്രധാന പങ്ക് നിർവഹിക്കാനുണ്ട്. അത് ഒരു ജനാധിപത്യ എഞ്ചിനാണ്. ജനങ്ങളുടെ ആവശ്യങ്ങളും അറിവുകളും വികസന ആസൂത്രണത്തിലേക്ക് നേരിട്ട് ഉൾക്കൊള്ളിക്കുന്ന ഒരു സംവിധാനമാണിത്. ജനകീയാസൂത്രണത്തിന് ശേഷം 30 വർഷങ്ങൾ പിന്നിടുകയാണ്. നേട്ടങ്ങളും ദൗർബല്യങ്ങളും വിലയിരുത്തേണ്ടതുണ്ട്. എങ്ങിനെ പ്രാദേശിക സാമ്പത്തിക വളർച്ചയ്ക്ക് കൂടുതൽ ഫലപ്രദമായ ഉപാധിയായി അധികാര വികേന്ദ്രീകരണത്തെ ഉപയോഗപ്പെടുത്താം എന്നത് പ്രധാനപ്പെട്ടൊരു വെല്ലുവിളിയാണ്. അതുപോലെ തന്നെ വയോജനസംരക്ഷണം, മാലിന്യസംസ്കരണം, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തൽ, ദുരന്ത നിവാരണം ഇവയിലെല്ലാം ഉള്ള ഇടപെടലുകൾ കൂടുതൽ ഫലപ്രദമാക്കുവാനുള്ള മാർഗങ്ങൾ ആലോചിക്കേണ്ടതുണ്ട്.

സാമൂഹികക്ഷേമ സേവനമേഖലകളും കൃഷി ചെറുകിട ഉൽപാദനമേഖലകൾ ഓരോന്നിനും തദ്ദേശഭരണ സ്ഥാപനങ്ങൾ പോലെ തന്നെ വികസന ഡിപ്പാർട്മെന്റുകളുണ്ട്. ഈ ഏജൻസികളുടെ എല്ലാം ഏകോപിതമായ പ്രവർത്തനമാണ് ലക്ഷ്യമിടുന്നത്. ഇത്തരം ഏകോപനം ഉറപ്പുവരുത്തുന്നതിന് വേണ്ടി സുപ്രധാനമായ ചില മേഖലകളിൽ പ്രത്യേക വികസന മിഷനുകൾക്കും ഇടതുപക്ഷ സർക്കാരുകൾ രൂപം നൽകുകയുണ്ടായി. ഓരോ മേഖലയെയും കുറിച്ചും കൃത്യമായ നയകാഴ്ചപ്പാടുകൾ പഠന കോൺഗ്രസ് രേഖകൾ മുന്നോട്ടുവച്ചിട്ടുണ്ട്.

വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനം

കൃഷി, വ്യവസായം, സേവനങ്ങൾ തുടങ്ങി കേരളം സമ്പദ്ഘടനയുടെ സമസ്ത മേഖലകളും ഏറ്റവും ഉയർന്ന ശാസ്ത്ര സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ പുനഃ സംവിധാനം ചെയ്യുമ്പോഴാണ് വിജ്ഞാന സമ്പദ്ഘടന രൂപം കൊള്ളുന്നത്. പലപ്പോഴും "വിജ്ഞാന സമ്പദ്ഘടന" എന്ന പദം ബയോടെക്നോളജി, വിവരസാങ്കേതികവിദ്യ (IT) പോലുള്ള ചില മേഖലകളിലേക്ക് മാത്രമായി ചുരുക്കി വ്യാഖ്യാനിക്കപ്പെടുന്നു. ഈ വ്യാഖ്യാനം തെറ്റിധാരണജനകമാണ്. ആധുനികവും മത്സരക്ഷമവുമായ എല്ലാ മേഖലകളും വിജ്ഞാനത്തെ ഉൾക്കൊള്ളുകയും ഏകീകരിക്കുകയും ചെയ്യുന്നു—വ്യത്യാസം വിജ്ഞാനത്തിന്റെ അളവിലും സ്വഭാവത്തിലും പ്രയോഗരീതിയിലുമാണ്.

ഇത് നടപ്പിലാക്കുന്നതിനായി, ഇടക്കാലയളവിൽ നാല് ആഭ്യന്തര മേഖലകളിലാണ് കേരളം പ്രത്യേക ശ്രദ്ധ നൽകുന്നത്.

ഒന്നാമതായി, ഉന്നത വിദ്യാഭ്യാസ സംവിധാനത്തെ സമൂലമായി പുന:സംഘടിപ്പിക്കണം. പ്രയോഗശാസ്ത്രങ്ങൾക്കും ഗണിതശാസ്ത്രത്തിനും പ്രാധാന്യം നൽകി, വ്യവസായ ബന്ധങ്ങളോടുകൂടി, ആഭ്യന്തര സമ്പദ്വ്യവസ്ഥയുടെ വളരുന്ന ആവശ്യങ്ങളോട്

ഒത്തുചേരുന്ന രീതിയിൽ ഈ മേഖലയെ പുനഃസംഘടിപ്പിക്കാൻ കഴിയണം. അതേസമയം, അടിസ്ഥാന ശാസ്ത്രങ്ങളിലും മാനവികശാസ്ത്രങ്ങളിലും ഉള്ള മേന്മ നിലനിർത്തുകയും വളർത്തുകയും വേണം. വിമർശനാത്മക ചിന്ത, സൃഷ്ടിപരമായ കഴിവുകൾ, മാനുഷിക ബോധം—ഇവ വളർത്തുന്ന ഒരു നഴ്സറിയായി ഉന്നത വിദ്യാഭ്യാസത്തെ കേരളം തുടർന്നും കാണണം.

വിജ്ഞാന സമ്പദ്ഘടനയെന്നാൽ നിലവിലുള്ള അറിവിന്റെ പ്രയോഗം മാത്രമല്ല; നൂതന അറിവുകൾ സൃഷ്ടിക്കപ്പെടുകയും പ്രയോഗിക്കപ്പെടുകയും വേണം. ഇതിന് ശക്തമായ ഗവേഷണ-വികസന (R&D) ആവാസവ്യവസ്ഥകൾ ആവശ്യമാണ്. ഈ പുരോഗതിയുടെ പാതയിൽ ക്രമാനുഗത മെച്ചപ്പെടുത്തലുകൾ മാത്രമല്ല, വലിയ ഇടർച്ചകൾ സൃഷ്ടിക്കുന്ന കുതിപ്പുകളും അനിവാര്യമാണ്. ഇതിനായി സർവകലാശാലകളും, ഗവേഷണ സ്ഥാപനങ്ങളും, വ്യവസായ സാമ്പത്തിക മേഖലകളും തമ്മിൽ ഗാഢമായ ബന്ധങ്ങളും, പ്രേരണകളും ഉണ്ടാവണം.

രണ്ടാമതായി, തൊഴിൽ ശേഷിയുടെ നൈപുണി ഉയർത്തണം, സാധാരണ ഗതിയിൽ ഉയർന്ന ഉന്നത വിദ്യാഭ്യാസ എൻറോൾമെന്റ് അനുപാതമുള്ള സമൂഹങ്ങളിൽ തൊഴിൽശക്തിയുടെ നൈപുണി കഴിവുകൾ ഉയർന്നതായിരിക്കും. എന്നാൽ ഇന്ന് കേരളത്തിലെ സ്ഥിതി അതല്ല. തൊഴിൽ ശക്തിയുടെ cutting-edge കഴിവുകൾ വളർത്തേണ്ടതുണ്ട്. കൃഷി, അനുബന്ധ മേഖലകൾ, ആധുനിക വ്യവസായം, അടിസ്ഥാന സൗകര്യ നിർമ്മാണം, ടൂറിസം പോലുള്ള വരുമാന ദായക സേവന മേഖലകൾ തുടങ്ങിയവയ്ക്ക് ഉത്തേജനം നൽകുന്നതിന് നൈപുണി വികസന പദ്ധതികൾ, സംരംഭകത്വ വികസന പരിപാടികൾ, തൊഴിൽ മാർഗനിർദേശ സൗകര്യങ്ങൾ എന്നിവ വലിയ തോതിൽ അനിവാര്യമാണ്. സ്ത്രീകൾക്കും സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും ഇതിൽ പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്.

മൂന്നാമതായി, വേണ്ടത്ര പുതു നിക്ഷേപം കഴിഞ്ഞ ദശാബ്ദങ്ങളിൽ പശ്ചാത്തല സൗകര്യമേഖലയിൽ നടത്തുന്നതിന് നാം പാരാജയപ്പെട്ടു. അതുമൂലം കേരളം ഈ മേഖലയിൽ വളരെ പിന്നോക്കമായിരുന്നു. സമീപ കാലത്ത് ഭൗതിക അടിസ്ഥാന സൗകര്യങ്ങളിലേക്കുള്ള നിക്ഷേപത്തിൽ കേരളം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. എങ്കിലും സംസ്ഥാനത്തിനകത്ത് ഉയർന്ന വേഗതയുള്ള, ബഹുമുഖ ഗതാഗത ശൃംഖലകളിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആവശ്യമാണ്. തുറമുഖ വികസനത്തിൽ നാമിപ്പോൾ നൽകുന്ന പ്രാധാന്യത്തിന്റെ പശ്ചാത്തലത്തിൽ ചരക്ക് ഗതാഗത ലൊജിസ്റ്റിക്സിലേക്കുള്ള നിക്ഷേപങ്ങളും അനിവാര്യമാണ്. വ്യാവസായിക ഉപഭോക്താക്കൾക്ക് തടസ്സമില്ലാത്ത വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതും നിർണ്ണായകമാണ്. കാലാവസ്ഥാവ്യതിയാനം മൂലമുള്ള രൂക്ഷ ദുരന്തങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ദുരന്ത പ്രതിരോധ ശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങളും അനുയോജ്യമായ അനുകൂലന നടപടികളും അനിവാര്യമാണ്.

നാലാമതായി, കേരളത്തിന് കൂടുതൽ അനുയോജ്യവും മത്സരശേഷിയും ഉള്ള വിജ്ഞാനസാന്ദ്രവും നൈപുണി അധിഷ്ഠിതവും സേവന പ്രധാനവുമായ മേഖലകളിലേക്ക് വലിയ തോതിൽ നിക്ഷേപത്തെ ആകർഷിക്കാനാവണം. കാർഷിക മേഖലയുടെയും ചെറുകിട വ്യവസായ മേഖലയുടെയും നവീകരണത്തിനും വലിയ മുതൽമുടക്ക് ആവശ്യമുണ്ട്. ഇതിനു കേരളം കൂടുതൽ വ്യവസായസൗഹൃദമാവണം. ഈ ദിശയിൽ ശുഭസൂചകമായി വലിയ മാറ്റങ്ങൾ സമീപ കാലത്ത് ഉണ്ടായിട്ടുണ്ട്.

നമ്മുടെ വികസന സങ്കല്പം കേവലം വിജ്ഞാന സമ്പദ്ഘടനയിൽ ഒതുങ്ങുന്നില്ല. വിജ്ഞാനസമൂഹമാണ് ലക്ഷ്യം. എല്ലാവരെയും ഉൾച്ചേർത്തുകൊണ്ടുള്ള നീതിപൂർവമായ വളർച്ചയായിരിക്കും. സാമൂഹികനീതിയും സ്ത്രീ തുല്യതയും ഉറപ്പുവരുത്തണം. പാരിസ്ഥിതിക സൗഹൃദമായിരിക്കണം. പുരോഗമനപരവും മതനിരപേക്ഷവും ആയിരിക്കണം കേരളം. ഇത്തരമൊരു സാംസ്കാരിക തലവും കൂടി നമ്മുടെ വികസന സങ്കൽപ്പത്തിനുണ്ട്.

IV
കേരളത്തിന്റെ ദീർഘകാല വികസന ലക്ഷ്യവും മുൻകരുതലുകളും

ഔദ്യോഗികമായി, 2047-ലെ കേരളത്തെക്കുറിച്ചുള്ള ലക്ഷ്യം സംസ്ഥാന സർക്കാർ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വ്യക്തമായി പ്രഖ്യാപിച്ചിരുന്നു: "അന്താരാഷ്ട്രതലത്തിൽ മേൽമധ്യ വരുമാന രാജ്യത്തിനോട് സമാനമായ ജീവിതനിലവാരം കേരളത്തിൽ കൈവരിക്കണം—അതോടൊപ്പം, നമ്മുടെ വികസന പ്രക്രിയ ഉൾച്ചേർത്തതും നീതിപൂർവവും ആയിരിക്കണം". ഈ പ്രഖ്യാപനം, വെറും ഉയർന്ന വളർച്ചാ നിരക്കുകളിലേക്കുള്ള ലക്ഷ്യം മാത്രമല്ല, വികസനത്തിന്റെ ഗുണനിലവാരത്തെയും സാമൂഹികവ്യാപ്തിയെയും ഒരുപോലെ മുൻനിർത്തുന്ന ദർശനമാണ്.

"മധ്യ വരുമാന കുടുക്ക്"

കിഴക്കൻ, തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ വികസന പരിവർത്തനങ്ങളെ താരതമ്യപരമായി വിലയിരുത്തുന്ന പഠനങ്ങൾ സൂചിപ്പിക്കുന്നത്, മധ്യവരുമാന നിലയിൽ നിന്ന് മേൽമദ്ധ്യ വരുമാന നിലയിലേക്ക് പുരോഗമിക്കുന്നതിന് വെറും ഉയർന്ന വളർച്ചാ നിരക്കുകൾ മാത്രം മതിയാകില്ല എന്നതാണ്. അതിന് ഒരു മേഖലയുടെയോ സംസ്ഥാനത്തിന്റെയോ ഉൽപാദനഘടന, തൊഴിൽവിപണി, സ്ഥാപനശേഷി എന്നിവയിൽ ഗുണപരമായ പരിവർത്തനം ആവശ്യമാണ്.

അല്ലാത്തപക്ഷം, "മധ്യവരുമാന കുടുക്ക്" എന്ന് ആഗോള വികസന സാഹിത്യം വിശേഷിപ്പിക്കുന്ന കടമ്പയിൽ കുടുങ്ങും. നൈപുണി നവീകരിക്കാതെയും നൂതന സങ്കേതങ്ങൾ സൃഷ്ടിക്കാതെയും, തൊഴിൽസാന്ദ്ര ഉൽപാദനത്തിൽ നിന്ന് വിജ്ഞാന

സാന്ദ്ര ഉൽപാദനത്തിലേക്ക് മാറാതെയും തുടർന്ന് സമ്പദ് വ്യവസ്ഥകൾ മധ്യവരുമാന നിലയിൽ കുടുങ്ങിപ്പോവും.

കേരളത്തിന്റെ നിലവിലെ സാമൂഹ്യ-സാമ്പത്തിക ഘടന, മാനവ വിഭവ വികസനത്തിലെ ശക്തമായ അടിത്തറ, ഉയർന്ന വിദ്യാഭ്യാസമുള്ള ജനസംഖ്യ, കാർഷികേതര മേഖലയിലേക്കുള്ള തൊഴിൽ ശക്തിയുടെ മാറ്റം തുടങ്ങിയ ഘടകങ്ങൾ മേൽമധ്യവരുമാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള ഉയർച്ചയ്ക്ക് സഹായകരമാണ്. അതേസമയം പല അപകടസാധ്യതകളുമുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, വിദ്യാഭ്യാസ നേട്ടങ്ങളും വ്യവസായ മേഖലകളുടെ ആഗിരണശേഷിയും തമ്മിലുള്ള പൊരുത്തക്കേട്, ഉയർന്ന ഉൽപാദനക്ഷമതയുള്ള കയറ്റുമതി മേഖലകളുടെ അഭാവം തുടങ്ങിയവ പ്രതികൂല ഘടകങ്ങളാണ്.

ഇത്തരമൊരു പശ്ചാത്തലത്തിൽ, മധ്യവരുമാന സമ്പദ്‌വ്യവസ്ഥകളുടെ അനുഭവങ്ങൾ വിലയിരുത്തുമ്പോൾ ഒരു കാര്യം വ്യക്തമാണ്: അവയിൽ പലതും സ്വീകരിച്ച supply-side ൽ ഊന്നിക്കൊണ്ടുള്ള നയങ്ങളെ വിമർശനപരമായി പരിശോധിച്ചുകൊണ്ടു മാത്രമേ അനുകരിക്കാൻ പാടുള്ളൂ.

സാമൂഹികക്ഷേമത്തെ അവഗണിച്ചുകൊണ്ട് ജിഡിപി വളർച്ചയ്ക്ക് അമിതപ്രാധാന്യം നൽകുക, അനിയന്ത്രിതമായ സ്വതന്ത്ര വ്യാപാരം, ആഗോള വിപണിയുമായുള്ള പൂർണ്ണ ഉദ്ഗ്രഥനം, ധനകാര്യ ഉദാരവൽക്കരണം, വിവേക രഹിതമായ ഡീ-റെഗുലേഷനും സ്വകാര്യവൽക്കരണവും തുടങ്ങിയവ പല രാജ്യങ്ങളിലും പരാജയപ്പെട്ട നയങ്ങളാണ്. അതിനുപകരം, ലോകമെമ്പാടുമുള്ള സമാന സാഹചര്യങ്ങളിൽ എന്താണ് പ്രവർത്തിച്ചതും എന്താണ് പ്രവർത്തിക്കാത്തതും സൂക്ഷ്മമായി പഠിച്ചുകൊണ്ട്, കേരളം തന്റെ സ്വന്തം വികസനപാത രൂപപ്പെടുത്തേണ്ടതുണ്ട്.

കേരളത്തിന്റെ ചില സവിശേഷ വെല്ലുവിളികൾ

2047-ഓടെ ഒരു പുരോഗമന മേൽമധ്യ വരുമാന സമ്പദ്‌വ്യവസ്ഥയായി മാറാനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് മുൻപിലുള്ള ചില സവിശേഷ വെല്ലുവിളികളെ ഈ സന്ദർഭത്തിൽ പരിശോധിക്കുന്നത് നന്നാവും.

ഒന്നാമതായി, സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രവും പരിസ്ഥിതിയും സൃഷ്ടിക്കുന്ന പരിമിതികളാണ്. സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ ഏകദേശം പകുതിയോളം പ്രദേശങ്ങൾ വനഭൂമി, നെൽവയലുകളും ജലാശയങ്ങളും, തീരദേശ നിയന്ത്രണ മേഖലകൾ (CRZ), പരിസ്ഥിതി സംവേദനക്ഷമ പ്രദേശങ്ങൾ (ESA) എന്നിവയായി വിവിധ നിയമപരവും പരിസ്ഥിതിപരവുമായ നിയന്ത്രണങ്ങൾക്കു വിധേയമാണ്. ഈ പരിമിതി കേരളത്തിന് പിന്തുടരാൻ കഴിയുന്ന വ്യവസായവൽക്കരണത്തിന്റെ സ്വഭാവത്തെ ഗാഢമായി സ്വാധീനിക്കുന്നു. വികസന സംവിധാനത്തിനുമേൽ വലിയ ധനകാര്യ ബാധ്യതകളും സൃഷ്ടിക്കുന്നു.

ദേശീയ പാതയായ വടക്ക്–തെക്ക് ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട കേരളത്തിന്റെ അനുഭവം തന്നെ ഈ ഭൂമി പരിമിതിയുടെ യാഥാർഥ്യം വ്യക്തമാക്കുന്നു. ഏറ്റവും ഗുരുതരമായ തടസ്സം, ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് (NHAI) വേണ്ടി ഭൂമി ഏറ്റെടുക്കുകയും കൈമാറുകയും ചെയ്യേണ്ട സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഉയർന്ന ജനസാന്ദ്രത, ദേശീയപാതകൾക്ക് ചേർന്ന് നീളുന്ന വീടുകളുടെ നിരകൾ, അപ്പാർട്ട്മെന്റ് സമുച്ചയങ്ങൾ, ചെറുതും വലുതുമായ വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ—ഇവയെല്ലാം ചേർന്ന് ഭൂമി ഏറ്റെടുക്കൽ പ്രക്രിയ അത്യന്തം സങ്കീർണ്ണമാക്കി. ഭൂമിയുടെ ഏറ്റെടുക്കുന്നതിനുള്ള ചെലവ് കുത്തനെ ഉയർത്തി. സാധാരണയായി എല്ലാ സംസ്ഥാനങ്ങളിലും ഭൂമി ഏറ്റെടുക്കലിന്റെ മുഴുവൻ ചെലവും NHAI തന്നെയാണ് വഹിക്കുന്നത്. എന്നാൽ കേരളത്തിൽ ഭൂമി ചെലവ് വളരെ ഉയർന്നതിനാൽ, അതിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ പങ്കുവഹിക്കണമെന്ന് MoRTH അറിയിച്ചു. നീണ്ട വിലപേശലാണ് ശേഷം 25% ചെലവ് വഹിക്കാമെന്ന് സംസ്ഥാനത്തിന് സമ്മതിക്കേണ്ടി വന്നു.

ഭൂമി ഏറ്റെടുക്കൽ ചെലവ് കേരളത്തിൽ ഇന്ത്യയിലെ ഏറ്റവും ഉയർന്നതാണ്. കേരളത്തിലെ ശരാശരി ചെലവ് ഹെക്ടറിന് 34.97 കോടി രൂപയായപ്പോൾ, ദേശീയ ശരാശരി 1.99 കോടി രൂപ മാത്രമായിരുന്നു. പല സംസ്ഥാനങ്ങളിലും ഈ ചെലവ് ഹെക്ടറിന് ഒരു കോടി രൂപയ്ക്കും താഴെയായിരുന്നു.

രണ്ടാമതായി, ജനസംഖ്യാ പരിവർത്തനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും പുരോഗമിച്ച സംസ്ഥാനമാണ് കേരളം. ഔദ്യോഗിക പ്രവചനങ്ങൾ പ്രകാരം, 2036-ഓടെ സംസ്ഥാനത്തിലെ മുതിർന്ന പൗരന്മാരുടെ പങ്ക് ഏകദേശം 23 ശതമാനമായി ഉയരും. ഇത്തരമൊരു ജനസംഖ്യാ മാറ്റം, പെൻഷൻ സംവിധാനങ്ങൾ, ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ, ദീർഘകാല പരിചരണ സേവനങ്ങൾ—ഇവയിലേക്കുള്ള വൻ നിക്ഷേപങ്ങൾ ആവശ്യപ്പെടുന്നതിലൂടെ, സംസ്ഥാനത്തിന്റെ ധനകാര്യ നിലയ്ക്ക് വലിയ സമ്മർദ്ദം സൃഷ്ടിക്കും.

മൂന്നാമതായി, ഔദ്യോഗിക ദുരന്തഭീഷണി വിലയിരുത്തലുകൾ പ്രകാരം, കേരളം ബഹുഭീഷണികൾ നേരിടുന്ന ഒരു പ്രദേശമാണ്. വെള്ളപ്പൊക്കങ്ങളും ഉരുൾപൊട്ടലുകളും ഏറ്റവും വ്യാപകവും ആവർത്തിച്ചുമുള്ള ഭീഷണികളാണ്. 2015 മുതൽ 2022 വരെ രാജ്യത്ത് റിപ്പോർട്ട് ചെയ്ത 3,782 പ്രധാന ഉരുൾപൊട്ടലുകളിൽ 2,239 എണ്ണം—അഥവാ 59.2 ശതമാനം—കേരളത്തിലായിരുന്നു. സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയിലെ ഏകദേശം 14.5 ശതമാനം പ്രദേശങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിലാണ്; ചില ജില്ലകളിൽ ഈ വിഹിതം 50 ശതമാനം വരെ ഉയരുന്നു. 2018, 2019, 2020, 2024 എന്നീ വർഷങ്ങളിൽ സാധാരണയെക്കാൾ ശക്തമായ മഴ വലിയ വെള്ളപ്പൊക്കങ്ങൾക്ക് ഇടയാക്കി ഈ സാഹചര്യങ്ങൾ ചേർന്ന്, കാലാവസ്ഥാ

പ്രതിരോധ ശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ, അനുയോജ്യമായ ഭൂവിനിയോഗ പദ്ധതി, സമഗ്രമായ ദുരന്തനിവാരണ സംവിധാനങ്ങൾ—ഇവയിലേക്കുള്ള വലിയ നിക്ഷേപങ്ങൾ കേരളത്തിന് അനിവാര്യമാക്കുന്നു.

നാലാമതായി, ഇന്ത്യയിൽ ഏറ്റവും വേഗതയിൽ നഗരവൽക്കരണം നടക്കുന്ന സംസ്ഥാനമാണ് കേരളം. കേരളം മൊത്തത്തിൽ ഒരൊറ്റ നഗരമേഖലയായി മാറാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ഇതും വലിയ തോതിലുള്ള നിക്ഷേപ സമ്മർദങ്ങൾ സൃഷ്ടിക്കുന്നു. ഇത്തരം ഘടകങ്ങൾ സൃഷ്ടിക്കുന്ന സവിശേഷമായ സാഹചര്യം കേരളം നേരിടുന്ന ധനകാര്യ വെല്ലുവിളികളെ രൂക്ഷമാക്കുന്നു.

അഞ്ചാമതായി, വിദ്യാഭ്യാസമുള്ള തൊഴിലില്ലായ്മ കേരളത്തിന്റെ ഏറ്റവും വലിയ വെല്ലുവിളിയാണ്. പ്രത്യേകിച്ച് സ്ത്രീകളുടെ താഴ്ന്ന തൊഴിൽ പങ്കാളിത്തം ഗൗരവമായ വികസന പ്രതിബന്ധമാണ്. ഇത് സാമ്പത്തിക പ്രശ്നം മാത്രമല്ല; സാമൂഹിക മനോഭാവത്തിന്റെ പ്രശ്നവും കൂടിയാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനമാക്കി ഉയർത്തുക എന്നത് ഒരു വികസന മുദ്രാവാക്യം മാത്രമല്ല, ഒരു സാമൂഹിക വിപ്ലവ പരിപാടിയാണ്. സ്ത്രീ തൊഴിൽ അരങ്ങിലെത്തുമ്പോൾ വിമോചന ഇടപെടലിന് പുതിയ സാധ്യതകൾ തുറക്കും. ജൻഡർ തൊഴിൽ വിഭജനത്തെയും ഗാർഹിക ജോലി ഭാരത്തെയും പൊതുവിടങ്ങളിലെ സുരക്ഷയെയും സംബന്ധിച്ച പ്രശ്നങ്ങൾ ഉയർത്തുന്നതിനും ഇടപെടുന്നതിനും അവസരങ്ങൾ സൃഷ്ടിക്കും.

V
ധനകാര്യ വെല്ലുവിളി

2047-ഓടെ ഒരു പുരോഗമന മേൽമധ്യ വരുമാന സമ്പദ്‌വ്യവസ്ഥയായി മാറുന്നതിന് മൂന്ന് തരത്തിലുള്ള ധനകാര്യ ഇടപെടലുകൾ അനിവാര്യമാണ്: (1) അനിവാര്യമായ വരുമാന ചെലവുകൾ സംരക്ഷിക്കുക, (2) തന്ത്രപ്രധാനമായ മൂലധനച്ചെലവുകൾ വൻതോതിൽ വർധിപ്പിക്കുക, (3) പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ധനവിനിയോഗം ശക്തിപ്പെടുത്തുക. മനുഷ്യ വിഭവ ശേഷിയാണ് കേരള സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ശക്തി; അതിനെ നിലനിർത്തുന്നതിന് വർധിച്ച റവന്യൂ ചെലവുകൾ അനിവാര്യമാണ്. അതേസമയം ഭാവിയിലെ വളർച്ചാ ലക്ഷ്യങ്ങൾ കൈവരിക്കാൻ ആവശ്യമായ അടിസ്ഥാന പശ്ചാത്തലസൗകര്യങ്ങളും സാങ്കേതിക അടിത്തറയും മൂലധനച്ചെലവുകളാണ് നിർമ്മിക്കുന്നത്. പ്രാദേശിക സർക്കാരുകളിലേക്കുള്ള മെച്ചപ്പെട്ട ധനവിനിയോഗം ആഴത്തിലുള്ള ജനാധിപത്യത്തിന്റെ അടിത്തറകളെ ഉറപ്പിക്കാൻ ആവശ്യമാണ്.

റവന്യൂ ചെലവുകളുടെ പ്രാധാന്യം

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സംരക്ഷണം, പ്രാദേശിക ഭരണകൂടങ്ങൾ തുടങ്ങിയ കേരളത്തിലെ സാമൂഹ്യ മേഖലകൾ ഏറെ റവന്യൂച്ചെലവ് അനിവാര്യമാക്കുന്നവയാണ്. ശമ്പളം, പെൻഷൻ, പ്രവർത്തനച്ചെലവുകൾ എന്നിവ ഒഴിവാക്കാനാവാത്തവയാണ്. ഇവ അനാവശ്യവുമല്ല, ഉൽപാദനരഹിതവുമല്ല; ഇവിടെ വീഴ്ചവന്നാൽ കേരളത്തിന്റെ ക്ഷേമ ഘടന തന്നെ തകർന്നുപോകും. ഈ റവന്യൂ ചെലവുകളാണ് കേരളത്തിന്റെ വികസന മാതൃകയുടെ ഹൃദയം.

അതേസമയം, ഇന്ത്യയിലെ ധനകാര്യ മാമൂൽ കാഴ്ചപ്പാടുകൾ റവന്യൂച്ചെലവുകളെ "ഉൽപാദനരഹിതമായ ഉപഭോഗം" ആയാണ് കാണുന്നത്. മൂലധന ചെലവുകളെ മാത്രം "ഉൽപാദനപരമായ നിക്ഷേപം" എന്ന നിലയിൽ ആഘോഷിക്കുകയും ചെയ്യുന്നു. മൂലധന ചെലവുകൾ "ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ" നിർമ്മിക്കുമ്പോൾ, വരുമാന ചെലവുകൾ "മനുഷ്യ അടിസ്ഥാന സൗകര്യങ്ങൾ" നിർമ്മിക്കുന്നു.

ഇന്ത്യയിൽ ഒരുലക്ഷം ജനങ്ങൾക്ക് 75 - 85 അധ്യാപകർ വീതമാണ് ഉള്ളത്. കേരളത്തിലെ തോത് 300 - 350 ആണ്. കേരളത്തിൽ ഒരു സ്കൂളിൽ ശരാശരി 18 അധ്യാപകരുള്ളപ്പോൾ ഇന്ത്യയിലെ ശരാശരി 7 ആണ്. ഇന്ത്യയിലെ 7.1% സ്കൂളുകൾ ഏകാധ്യാപക വിദ്യാലങ്ങളാണ്. കേരളത്തിൽ അവ ഇല്ലെന്നു തന്നെ പറയാം (0.07% മാത്രം). അതുപോലെ തന്നെ, കേരളത്തിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ജനസംഖ്യാ തോത് ദേശീയ ശരാശരിയെക്കാൾ വളരെ ഉയർന്നതാണ്. കേരളത്തിലെ സാമൂഹിക സുരക്ഷാ ചെലവുകളും വളരെ ഉയർന്നതാണ്. സംസ്ഥാനത്തിന്റെ ക്ഷേമനേട്ടങ്ങളുടെ അടിത്തറയാണ് ഇതിനെല്ലാമായുള്ള റവന്യൂ ചെലവുകൾ.

ഈ ധനകാര്യ പ്രതിബദ്ധതകളെ പ്രതിഫലിപ്പിച്ചുകൊണ്ട്, 2023–24-ൽ കേരളത്തിന്റെ റവന്യൂ കമ്മി 2.1 ശതമാനമായിരുന്നു. ഇതുമായി താരതമ്യം ചെയ്യുമ്പോൾ, മധ്യപ്രദേശിൽ 0 ശതമാനം, മഹാരാഷ്ട്രയിൽ 0.5 ശതമാനം, കർണാടകയിൽ 0.6 ശതമാനം, ഉത്തർപ്രദേശിൽ –2.8 ശതമാനം, ഒഡീഷയിൽ –2.6 ശതമാനം, ജാർഖണ്ഡിൽ –1.5 ശതമാനം എന്നിങ്ങനെയായിരുന്നു.

പ്രശംസനീയമായ രീതിയിൽ, അവകാശാധിഷ്ഠിതവും സമഗ്രവുമായ സാമൂഹിക സംരക്ഷണ സംവിധാനമാണ് കേരളം സ്ഥാപനവൽക്കരിച്ചിട്ടുള്ളത്; ഇത് ഉപജീവന സുരക്ഷ ഉറപ്പാക്കുകയും സമ്പദ്ഘടനയിലെ ആഭ്യന്തര ചോദനം സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. ഇതിനാൽ, കേരളത്തിന്റെ സാഹചര്യത്തിൽ, റവന്യൂ ചെലവുകൾ മനുഷ്യകേന്ദ്രിത വികസന ചെലവുകളാണ്. സംസ്ഥാനത്തിന്റെ മനുഷ്യ ശേഷിയുടെ സഞ്ചയം സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിനുള്ള ആവർത്തിച്ചുനിലനിൽക്കുന്ന നിക്ഷേപമാണിത്.

കഴിഞ്ഞ ഒരു ദശകത്തിനിടയിൽ കേരളത്തിന്റെ റവന്യൂ കമ്മി നിയന്ത്രിതമാണെന്നതും ശ്രദ്ധേയമാണ്. അതോടൊപ്പം, സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനം (SOTR) ശേഖരിക്കുന്നതിൽ കേരളം മുന്നിലാണ്. 2021–22 മുതൽ 2022–23 വരെയുള്ള

കാലയളവിൽ, മൊത്ത നികുതി വരുമാനത്തിൽ SOTR-ന്റെ വിഹിതം 79 ശതമാനമായിരുന്നു. 2020-21 മുതൽ 202-26 വരെയുള്ള കണക്കുകൾ പ്രകാരം കേരളത്തിന്റെ തനതു വരുമാനം ഇരട്ടിയായി വർധിച്ചു.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് വിദ്യാഭ്യാസ മേഖലയുടെ ചെലവുകൾ ഗണ്യമായി ഉയർത്തിയെ തീരു. സ്കൂൾ വിദ്യാഭ്യാസം മാത്രമല്ല ഉന്നത വിദ്യാഭ്യാസവും തുല്യ പ്രാധാന്യത്തോടുകൂടി വികസന അജണ്ടയിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു.

അതുപോലെ, പ്രാഥമിക ആരോഗ്യ പരിരക്ഷ സർവ ജനീകരിക്കുന്നതിൽ കേരളം നേടിയ വിജയത്തിനു ശേഷം, ഇപ്പോൾ ശ്രദ്ധ പുതിയ ജീവിതശൈലി രോഗങ്ങളിലേക്കും രോഗവ്യാപന വെല്ലുവിളികളിലേക്കാണ് മാറിക്കൊണ്ടിരിക്കുകയാണ്. ഇതിന് കൂടുതൽ വിദഗ്ധ ജീവനക്കാർ, മെച്ചപ്പെട്ട പരിശോധന സംവിധാനങ്ങൾ, ദീർഘകാല ചികിത്സാ പദ്ധതികൾ, പ്രതിരോധത്തെ മുൻഗണന നൽകുന്ന ആരോഗ്യ സംവിധാനങ്ങൾ ഇവയൊക്കെയും ആവശ്യമാണ്. ജനസംഖ്യാ പ്രായാധിക്യം സൃഷ്ടിക്കുന്ന വെല്ലുവിളികളും ഇതോടൊപ്പം നിലകൊള്ളുന്നു; സമഗ്രമായ വയോജന പരിചരണവും പാലിയേറ്റീവ് കെയറും സ്ഥാപനവത്കരിക്കേണ്ടതുണ്ട്. അതിനാൽ, കേരളത്തിന്റെ പുരോഗതിക്കും ഭാവി പരിവർത്തനത്തിനും റവന്യു ചെലവുകൾ കൂടുതലുള്ള മേഖലകളെ സംരക്ഷിക്കുകയും ആധുനിക വൽക്കരിക്കുകയും വേണ്ടിവരും.

മൂലധനച്ചെലവുകൾ വർധിപ്പിക്കുന്നതിന്റെ പ്രാധാന്യം

റവന്യുച്ചെലവുകൾ മാനവവിഭവശേഷിയുടെ പുനർ നിർമ്മാണത്തിനും സംരക്ഷണത്തിനും അനിവാര്യമായിരിക്കുമ്പോൾ, കേരളത്തിന്റെ ഭാവി സാമ്പത്തിക പരിവർത്തനത്തിന് ആവശ്യമായ ഭൗതികവും സാങ്കേതികവുമായ അടിത്തറ നിർമ്മിക്കുന്നതിന് മൂലധന ചെലവുകൾ അനിവാര്യമാണ്.

കേരളത്തിന്റെ സാഹചര്യത്തിൽ, മൂലധന ചെലവുകൾക്ക് രണ്ടു ധർമ്മങ്ങളുണ്ട്. ഒന്നാമതായി, ഉയർന്ന ജനസാന്ദ്രതയും ഭൂപരിമിതികളും ഉള്ള ഒരു സംസ്ഥാനത്ത്, ഗതാഗതം, ലോജിസ്റ്റിക്സ്, നഗര അടിസ്ഥാന സൗകര്യങ്ങൾ, ജലവിതരണം, മാലിന്യ സംസ്കരണം, കണക്റ്റിവിറ്റി എന്നിവയിൽ ഓരോ നിക്ഷേപവും ഉൽപാദനക്ഷമതയിൽ അനുപാതത്തേക്കാൾ ഉയർന്ന നേട്ടങ്ങൾ സൃഷ്ടിക്കും. രണ്ടാമതായി, ഈ നിക്ഷേപങ്ങൾ സ്വകാര്യ മൂലധനത്തെ "ആകർഷിക്കുന്ന" (crowding-in) സ്വഭാവമുള്ളവയായിരിക്കണം. പൊതുമേഖല നിർമ്മിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സ്വകാര്യ സംരംഭങ്ങൾക്ക് പ്രവേശനച്ചെലവ് കുറയ്ക്കുകയും, റിസ്ക് കുറയ്ക്കുകയും, വിപണികളിലേക്കുള്ള ബന്ധം മെച്ചപ്പെടുത്തുകയും വേണം.

മൂലധനച്ചെലവുകൾ വരുമാനച്ചെലവുകൾ നിറവേറ്റിയ ശേഷം ബാക്കി വരുന്ന വിഭവങ്ങളെ അടിസ്ഥാനമാക്കി മുന്നോട്ട് കൊണ്ടുപോവേണ്ട ഒന്നല്ല. മൂലധനച്ചെലവുകൾ ഭാവിയിലെ വളർച്ചാശേഷി സൃഷ്ടിക്കുന്ന പ്രാഥമിക ഉപാധിയായി കാണണം. ഉയർന്ന വിദ്യാഭ്യാസമുള്ള തൊഴിൽശക്തി, മെച്ചപ്പെട്ട ആരോഗ്യ സൂചികകൾ, സാമൂഹികസ്ഥിരത തുടങ്ങിയവയുടെ എല്ലാം പൂർണ്ണ വിനിയോഗത്തിന് മൂലധനനിക്ഷേപം സൃഷ്ടിക്കുന്ന ഭൗതികസൗകര്യങ്ങൾ അനിവാര്യമാണ്.

സമീപവർഷങ്ങളിൽ, കേരളം മൂലധന ചെലവുകളിൽ പദ്ധതിയുടെ ഭാഗമായും കിഫ്ബിയുടെ ഭാഗമായും ഗണ്യമായ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകിച്ച് റോഡുകൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, വ്യവസായ പാർക്കുകൾ, ഐ .ടി അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ. എന്നിരുന്നാലും, പുരോഗമന മേൽമദ്ധ്യ വരുമാന സമ്പദ്വ്യവസ്ഥകളുമായി താരതമ്യം ചെയ്യുമ്പോൾ, സംസ്ഥാനത്തിന്റെ മൂലധന ചെലവുകളുടെ വിഹിതം ഇനിയും പരിമിതമാണ്.

കേരളത്തിന് മുന്നിലുള്ള വെല്ലുവിളി മൂലധന ചെലവുകൾ വർധിപ്പിക്കുക എന്നതിൽ മാത്രമല്ല; അവയുടെ ഗുണനിലവാരവും ദിശയും നിർണ്ണായകമാണ്. കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ, കാർബൺ തീവ്രത കുറയ്ക്കുന്ന ഗതാഗതസംവിധാനങ്ങൾ, നഗര–ഗ്രാമ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്ന നിക്ഷേപങ്ങൾ, വിജ്ഞാന സാന്ദ്ര വ്യവസായങ്ങൾക്ക് അനുയോജ്യമായ സാങ്കേതിക പ്ലാറ്റ്ഫോമുകൾ. ഇവയാണ് കേരളത്തിന്റെ മൂലധന ചെലവുകൾ മുൻഗണന നൽകേണ്ട മേഖലകൾ. ഇത്തരമൊരു നിക്ഷേപ മാതൃക, ഉൽപാദനക്ഷമത വർധിപ്പിക്കുന്നതോടൊപ്പം, സാമൂഹിക ഉൾക്കൊള്ളലും പരിസ്ഥിതി സുസ്ഥിരതയും ഉറപ്പാക്കും.

ഫെഡറൽ ധനകാര്യ പരിമിതികൾ

ഇന്നത്തെ ഫെഡറൽ സംവിധാനത്തിനുള്ളിൽ മേൽപ്പറഞ്ഞ ധനകാര്യ ധർമ്മങ്ങൾ നിർവഹിക്കുന്നതിന് ആവശ്യമായ ധനകാര്യ ഇടം (fiscal space) സംസ്ഥാനത്തിന് ലഭ്യമല്ല - പ്രത്യേകിച്ച് കേരളം പോലുള്ള, സങ്കീർണ്ണവും ചെലവേറിയതുമായ ക്ഷേമസംവിധാനങ്ങൾ നിലനിർത്തുന്ന സംസ്ഥാനങ്ങളിൽ മൂലധന ചെലവിനുള്ള ഇടം വളരെ പരിമിതമാണ്.

ഈ സ്ഥിതിവിശേഷത്തിനു അടിസ്ഥാന കാരണം രാജ്യത്തെ വിഭവസമാഹരണത്തിന്റെ 65% ത്തോളം ഭരണഘടന കേന്ദ്ര സർക്കാരിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്. എന്നാൽ വികസനച്ചെലവിന്റെ 65%ത്തോളം സംസ്ഥാനങ്ങളുടെ ചുമതലയാണ്. ഈ വൈരുധ്യം പരിഹരിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ കേന്ദ്രത്തിൽ നിന്ൻ സംസ്ഥാനത്തിന് കൈമാറിയെപറ്റൂ. 50% വിഭവം സംസ്ഥാനങ്ങൾക്ക് കൈമാറണം എന്ന് എല്ലാ സംസ്ഥാന സർക്കാരുകളും ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ 41% നൽകുന്നതിന് മാത്രമേ ഫിനാൻസ് കമ്മീഷനുകൾ തയ്യാറായിട്ടുള്ളു.

യഥാർഥത്തിൽ ഇതിനെക്കാൾ വളരെ കുറവാണ് കൈമാറ്റം ചെയ്യപ്പെടുന്ന ധനവിഭവത്തിന്റെ തോത്. ഭരണഘടനാ വ്യവസ്ഥ പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി കേന്ദ്ര സർക്കാർ പിരിക്കുന്ന സെസ്സുകളും സർചാർജുകളും സംസ്ഥാന സർക്കാരു

കളുമായി പങ്കുവയ്ക്കേണ്ടതില്ല. 41% വീതം സർക്കാരുകൾക്ക് നിഷേധിക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാർ കണ്ടിരിക്കുന്ന മാർഗ്ഗം നികുതി വഴി വിഭവം സമാഹരിക്കുന്നതിനു പകരം സെസ്സുകളെയും സർചാർജുകളെയും കൂടുതൽ ആശ്രയിക്കുകയാണ്. 2009–10 മുതൽ 2023–24 വരെ, സെസ്സുകളും സർചാർജുകളും വഴി കേന്ദ്ര സർക്കാർ ആകെ 36.6 ലക്ഷം കോടി രൂപ സമാഹരിച്ചു. ഇന്നിപ്പോൾ 41% ത്തിനു പകരം യഥാർഥത്തിൽ 32% ത്തോളം മാത്രമേ നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് കൈമാറുന്നുള്ളു. ഇത് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള വിഭവ സ്ഥിതിയിലെ അസന്തുലിതാവസ്ഥയെ അഥവാ ലംബമാനമായ ധനകാര്യ അസമത്വം (Vertical Fiscal Imbalance – VFI) കഴിഞ്ഞ ഒരു ദശകത്തിനിടെ രൂക്ഷമായിട്ടുണ്ട്.

2017-ൽ നടപ്പിലാക്കിയ ചരക്കു സേവനനികുതി (GST) സംവിധാനം ഇന്ത്യയുടെ ധനകാര്യ ഫെഡറൽ ഘടനയെ കൂടുതൽ കേന്ദ്രീകൃതമാക്കി. പരോക്ഷ നികുതികളെ ഏകീകരിക്കുകയും ലളിതമാക്കുകയും ചെയ്തെങ്കിലും, ഇതിലൂടെ മുൻപ് സംസ്ഥാനങ്ങൾ ശേഖരിച്ചിരുന്ന മിക്ക ഉപഭോഗ നികുതികളും കേന്ദ്ര സർക്കാരിന്റെ കൂടി നിയന്ത്രണത്തിലായി. GST വരുമാനം ആവട്ടെ പ്രതീക്ഷിച്ച തോതിൽ വളരുന്നുമില്ല. GST വരുമാനത്തിൽ വർഷംതോറും 14 ശതമാനം വളർച്ച ഉറപ്പാക്കിയിരുന്ന അഞ്ചുവർഷത്തെ നഷ്ടപരിഹാര കാലാവധി 2022-ൽ അവസാനിച്ചു. ഇത് കേരള ധനകാര്യത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ധനകാര്യ ഉത്തരവാദിത്ത്വവും ബജറ്റ് മാനേജ്മെന്റും സംബന്ധിച്ച നിയമങ്ങൾ (FRBM Act) പ്രകാരം, സംസ്ഥാനങ്ങൾക്ക് മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ 3 ശതമാനമേ വായ്പ്പയെടുക്കാൻ പാടുള്ളു. സംസ്ഥാനങ്ങൾ തമ്മിൽ വികസന നിലയിലും വികസന ആവശ്യങ്ങളിലുമുള്ള വ്യത്യസ്തതകൾ ഇത്തരത്തലുള്ള ഏകീകൃത നിയമം പരിഗണിക്കുന്നേ ഇല്ല. ഇതിന് പുറമെ, സംസ്ഥാന സർക്കാരുകളുടെ ബഡ്ജറ്റിതര വായ്പ്പകളും ബഡ്ജെറ്റോടു ബന്ധപ്പെട്ട പരോക്ഷ വായ്പ്പകളും വായ്പാ പരിധിയിൽ ഉൾപ്പെടുത്തികൊണ്ടിരിക്കുകയാണ്. അതേസമയം, കേന്ദ്ര സർക്കാരിന്റെ സ്വന്തം കടം എടുക്കലുകൾക്ക് പ്രായോഗികമായി ഇത്തരമൊരു നിയന്ത്രണമില്ലെന്നത് ഇന്ത്യയിലെ ധനകാര്യ ഫെഡറലിസത്തിലെ വലിയ അസമത്വം വ്യക്തമാക്കുന്നു.

അവസാനമായി, കേന്ദ്രാവിഷ്കൃത പദ്ധതികൾ (Centrally Sponsored Schemes) നയ കേന്ദ്രവൽക്കരണത്തിന്റെ ശക്തമായ ഉപകരണങ്ങളായി മാറിയിരിക്കുന്നു. ഇവ സംസ്ഥാന ചെലവുകളിൽ കടുത്ത നിബന്ധനകൾ ഏർപ്പെടുത്തുകയും, പ്രാദേശിക ആവശ്യങ്ങളോട് ഒത്തുചേരുന്ന രീതിയിൽ പദ്ധതികൾ രൂപപ്പെടുത്താനുള്ള സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യം പരിമിതപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ, സഹകരണ ഫെഡറലിസത്തിന്റെ അടിസ്ഥാന തത്വം തന്നെ ഇവ ദുർബലമാക്കുന്നു.

ഈ ചർച്ചകൾ എല്ലാം ചേർന്ന്, ഒരു പുതുക്കിയ ഫെഡറൽ കരാർ അനിവാര്യമാണെന്ന വാദത്തിലേക്കാണ് നയിക്കുന്നത്. ആ പുതിയ കരാറിന് കേന്ദ്രത്തിൽ ആറു അടിസ്ഥാന സവിശേഷതകൾ ഉണ്ടായിരിക്കണം:

1. വിഭജിക്കാവുന്ന നികുതി പൂളിന്റെ കുറഞ്ഞത് 50 ശതമാനം സംസ്ഥാനങ്ങൾക്ക് കൈമാറുക,
2. സെസ്സുകളും സർചാർജുകളും അവസാനിപ്പിക്കുക, അല്ലെങ്കിൽ അവ സംസ്ഥാനങ്ങളുമായി പങ്കിടുക,
3. സ്വകാര്യവൽക്കരണ വരുമാനം പോലുള്ള നികുതിയേതര വരുമാനങ്ങളും സംസ്ഥാനങ്ങളുമായി പങ്കിടുക,
4. ഉൽപാദനപരമായ നിക്ഷേപങ്ങൾക്ക് സഹായകരമായ വിധത്തിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ കടം എടുക്കൽ സ്വാതന്ത്ര്യം നൽകുക,
5. കാലാവസ്ഥാ പ്രതിരോധം, പരിചരണ സമ്പദ്വ്യവസ്ഥ (care economy) തുടങ്ങിയ സാഹചര്യപരമായ ആവശ്യങ്ങൾ നിറവേറ്റാൻ പ്രത്യേക ഗ്രാന്റുകൾ നൽകുക,
6. അന്തർസർക്കാർ ഏകോപനത്തിനായി ആസൂത്രണ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുക.

ഇന്ത്യയുടെ വൈവിധ്യം പ്രതിഫലിപ്പിക്കുകയും, കേരളം പോലുള്ള സംസ്ഥാനങ്ങളുടെ വ്യത്യസ്തവും പുരോഗമിച്ച ഘട്ടത്തിലുള്ള വികസന പാതകൾ അംഗീകരിക്കുകയും ചെയ്യുന്ന, ഒരു പുതിയ സഹകരണ ഫെഡറൽ ഘടന രൂപകല്പന ചെയ്യാനുള്ള നീതിയുക്തമായ ആവശ്യങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. പതിനാറാം ധനകാര്യ കമീഷനും കേരളം ഉയർത്തിയ ഈ ആവശ്യങ്ങളോട് മുഖംതിരിച്ചിരിക്കുകയാണ്.

നിയോലിബറൽ നയങ്ങൾ

കേരളത്തിന്റെ വികസനം നേരിടുന്ന വെല്ലുവിളികൾ ധനകാര്യ മേഖലയിലെ ചുരുങ്ങി വരുന്ന സംസ്ഥാന സ്വാതന്ത്ര്യത്തിൽ ഒതുങ്ങുന്നില്ല. കേന്ദ്ര സർക്കാർ കൂടുതൽ കൂടുതൽ കർക്കശമായി വിവിധ വികസന മേഖലകളിൽ ഉദാരവൽക്കരണ - സ്വകാര്യവൽക്കരണ നയങ്ങൾ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതും സ്വതന്ത്രമായ വികസന പാത പിന്തുടരാൻ ആഗ്രഹിക്കുന്ന കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് മുന്നിൽ വലിയ പ്രതിബന്ധങ്ങൾ ഉയർത്തുകയാണ്.

ഇൻഷുറൻസ്, വൈദ്യുതി, റിയൽഎസ്റ്റേറ്റ്, വിവിധ കമ്പോളങ്ങൾ തുടങ്ങിയ ഒട്ടേറെ മേഖലകളിൽ സർക്കാരിന്റെ നിയന്ത്രണ അധികാരങ്ങൾ നീക്കം ചെയ്യുന്നതിനോടൊപ്പം അവിടെയെല്ലാം നിയമപരമായ അധികാരത്തോട് കൂടിയ റെഗുലേറ്ററി ബോർഡുകൾ കേന്ദ്ര സർക്കാർ രൂപം നൽകിക്കൊണ്ടിരിക്കുകയാണ്. ഈ ബോർഡുകളിൽ സംസ്ഥാനങ്ങളുടെ അധികാരം തുശ്ചമാണ്. അവ പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. അന്തർദേശീയ വ്യാപാര കരാറുകളിലൂടെ രാജ്യത്തെയും

സംസ്ഥാനങ്ങളെയും വരിഞ്ഞു മുറുക്കുകയാണ്. ഇവ സംബന്ധിച്ച് സംസ്ഥാനങ്ങളുമായി ചർച്ചകളില്ല. വിദ്യാഭ്യാസം, വൈദ്യുതി, ഖനനം, സഹകരണം, തൊഴിൽ നിയമം, കാർഷിക നിയമങ്ങൾ തുടങ്ങിയ മേഖലകളിലെല്ലാം കേന്ദ്ര സർക്കാർ തന്നിഷ്ടപ്രകാരം നിയമങ്ങൾക്കും മാർഗ നിർദേശങ്ങൾക്കും രൂപംനൽകുന്നു. ഇവ എല്ലാം കേരളം പോലുള്ള സംസ്ഥാനത്തിന്റെ തന്ത്രമായി വികസന പാത സ്വീകരിക്കുന്നത് കൂടുതൽ കൂടുതൽ പ്രയാസകരമാക്കിക്കൊണ്ടിരിക്കുകയാണ്.

മേൽപ്പറഞ്ഞ പരിമിതികൾ മൂലം ഒന്നും ചെയ്യാൻ ആവില്ല എന്നതല്ല നമ്മുടെ നിലപാട്. പരിമിതികളെ എത്രമാത്രം മറികടക്കാനാവും? പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് എത്രമാത്രം ബദൽ നയങ്ങൾ ഉയർത്താനാവും? ഇത്തരമൊരു സമീപനമാണ് അന്തർദേശീയ പഠന കോൺഗ്രസിന്റെ സംവാദങ്ങളിൽ നാം സ്വീകരിച്ചു വന്നിട്ടുള്ളത്. ഇതേ സമീപനമാണ് അഞ്ചാമത് അന്തർദേശീയ പഠന കോൺഗ്രസിലും അനുവർത്തിക്കുന്നത്.

VI
അഞ്ചാമത് അന്തർദേശീയ പഠന കോൺഗ്രസിലെ ചില പ്രധാന പരിഗണന വിഷയങ്ങൾ

ചുരുക്കത്തിൽ ജനങ്ങളുടെ ക്ഷേമാനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമൊപ്പം വിജ്ഞാനസമ്പദ്ഘടനയിലേക്ക് പരിവർത്തനം ചെയ്യുകയും അടുത്ത രണ്ടു ദശാബ്ദങ്ങൾക്കുള്ളിൽ സംസ്ഥാനത്തെ മേൽ മധ്യവരുമാന സമ്പദ്ഘടനകളുടെ (Upper Middle Income Economies) നിലവാരത്തിലേക്ക് ഉയർത്തുകയുമാണ്. കഴിഞ്ഞകാല ജനകീയ സമരങ്ങളുടെ ക്ഷേമനേട്ടങ്ങൾ നിലനിർത്തികൊണ്ട് പുതിയ തലമുറയുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്ന വികസന തന്ത്രമാണ് കഴിഞ്ഞ 10 വർഷക്കാലം കേരളത്തിൽ ഇടതുപക്ഷം നടപ്പാക്കിയത്. ഇതിന്റെ വലിയ ജനകീയ അംഗീകാരവും സർക്കാരിനും ഇടതുപക്ഷത്തിനും ലഭിക്കുകയും ചെയ്തു. ഈ അനുഭവങ്ങൾ അവലോകനം ചെയ്യുകയും നമ്മുടെ പാതയിൽ ഉയർന്നു വന്നിരിക്കുന്ന നമ്മുടെ പ്രതിബന്ധങ്ങൾ മറികടക്കുന്നതിന് ഉതകുന്ന നയങ്ങൾ രൂപീകരിക്കുകയുമാണ് അഞ്ചാമത് അന്തർദേശീയ കേരളം പഠന കോൺഗ്രസ്സിന്റെ സംവാദ അജണ്ട. ഇതുമായി ബന്ധപ്പെട് പഠന കോൺഗ്രസിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന ഈ രേഖയിലും തുടർന്നുള്ള സംവാദങ്ങളിലും ഉന്നയിക്കുന്ന ചില പ്രധാന വിഷയങ്ങൾ താഴെ കൊടുക്കുന്നു.

1. റവന്യുച്ചെലവുകൾ പരിമിതപ്പെടുത്താതെ മൂലധന ചെലവിൽ വർധന വരുത്തിയാൽ മാത്രമേ ക്ഷേമത്തെയും ഭൗതിക സൗകര്യങ്ങളുടെ വളർച്ചയെയും ഒരുമിപ്പിച്ചു കൊണ്ടുപോകുവാൻ ആവൂ. സംസ്ഥാനത്തിന്റെ സ്വന്തം വരുമാനം വർധിപ്പിക്കുന്നതിനോടൊപ്പം പശ്ചാത്തല സൗകര്യനിർമ്മാണത്തിന് വേണ്ടി ബഡ്ജറ്റിന് പുറത്ത് കിഫ്ബി വഴി നിക്ഷേപം സ്വീകരിച്ചു പദ്ധതികൾ നടപ്പാക്കുന്ന മാതൃകയാണ് കേരളം വിജയകരമായി നടപ്പിലാക്കിയത്. കിഫ്ബി വഴി ഏറ്റെടുത്ത ഏതാണ്ട് ഒരു ലക്ഷം കോടി രൂപയുടെ പദ്ധതികൾക്ക് പുറമെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ലിവറെജ് ചെയ്ത കേന്ദ്ര സർക്കാരിന്റെയും, കോർപ്പറേറ്റ് മൂലധനത്തിന്റെയും മുതൽ മുടക്ക് കൂടി പരിഗണിക്കുമ്പോൾ ആണ് കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ മൂലധന മുതൽ മുടക്കാണ് കേരളത്തിൽ ഉണ്ടായതെന്ന് തിരിച്ചറിയുക.

   എന്നാൽ കേന്ദ്ര സർക്കാരിന് ഇത്തരം സന്തുലിതമായ ഒരു വികസനത്തെ അനുവദിക്കാനാവില്ല. കാരണം അതവരുടെ നിയോ ലിബറൽ കാഴ്ചപ്പാടിന് വിരുദ്ധമാണ്. കേരളത്തിന്റെ വികസനത്തെ തുരങ്കം വയ്ക്കുന്നതിന് കേന്ദ്ര ധനസഹായം ചുരുക്കുകയും വായ്പ്പാ അവകാശം വെട്ടിക്കുറയ്ക്കുകയും ചെയ്യുകയാണ്. കിഫ്ബി വഴിയുള്ള ബട്ജറ്റിതര നിക്ഷേപത്തെ സംസ്ഥാന സർക്കാരിന്റെ വായ്പ്പയായി വിലയിരുത്തി സർക്കാർ വായ്പ്പയുടെ പരിധി കുറയ്ക്കുകയാണ്. ഇത് അതിരൂക്ഷവുമായ സാമ്പത്തിക പ്രതിസന്ധിയ്ക്ക് ഇടനൽകി. ഈ പ്രതിസന്ധിയെ എങ്ങിനെ മറികടക്കാം എന്നതാണ് പഠന കോൺഗ്രസിന്റെ ഒരു പ്രധാന പരിഗണന വിഷയം.

   കേന്ദ്രനീക്കത്തെ ചെറുക്കുന്നതിന് കിഫ്ബിയുടെ പ്രവർത്തന സംമ്പ്രദായത്തിൽ എന്ത് ഭേദഗതികൾ കൊണ്ടുവരണം? സംസ്ഥാനത്തിന്റെ സ്വന്തം നികുതിവരുമാനം എങ്ങിനെ ഉയർത്താം? സംസ്ഥാനത്തെ സഹകരണ മേഖലയടക്കമുള്ള ധനകാര്യ സ്ഥപനങ്ങളെ എങ്ങിനെ വികസന യജ്ഞത്തിൽ പങ്കാളികളാക്കാം? കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് എന്തെല്ലാം നിയമപരമായ നടപടികൾ സ്വീകരിക്കാം? കേന്ദ്ര വിവേചനത്തിനെതിരെ ജനങ്ങളെ ബോധവൽക്കരിച്ച് എങ്ങിനെ അണിനിരത്താം? തുടങ്ങിയ ചോദ്യങ്ങൾ ചർച്ചചെയ്യപ്പെടും.

2. വിജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പരിവർത്തനത്തിനു ആക്കം കൂട്ടാൻ എന്തെല്ലാം പരിഷ്ക്കാരങ്ങൾ ഇനിയും വേണ്ടതുണ്ട്? ഇത് പഠന കോൺഗ്രസിന്റെ മറ്റൊരു മുഖ്യ പരിഗണനാ വിഷയമാണ്. പശ്ചാത്തല സൗകര്യ നിർമ്മാണം ശക്തമായി മുന്നോട്ട് കൊണ്ടുപോവുന്നതിനോടൊപ്പം ഉന്നത വിദ്യാഭ്യാസ മേഖലയുടെ പരിഷ്ക്കാരങ്ങൾ അതിവേഗത്തിൽ നടപ്പാക്കേണ്ടതുണ്ട്. വിജ്ഞാനകേരളത്തിന്റെ അനുഭവങ്ങൾ പരിശോധിച്ചു നൈപുണി പരിശീലനത്തിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ജനകീയ പിന്തുണ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ കാഴ്ചപ്പാട് രൂപീകരിക്കണം. ഇവയോടൊപ്പം കേരളത്തിലെ നിക്ഷേപ അന്തരീക്ഷം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. വിജ്ഞാന അധിഷ്ഠിത സേവന

മേഖലകളിലേക്കുള്ള നിക്ഷേപത്തിലെ കുതിപ്പ് നിലനിർത്താൻ ആവശ്യമായ നടപടികൾ പഠന കോൺഗ്രസ് ചർച്ച ചെയ്യും. കോർപ്പറേറ്റ് നിക്ഷേപത്തോടൊപ്പം നമ്മുടെ നാട്ടിലെ യുവ സംരംഭകരുടെ സ്റ്റാർട്ട്അപ്പുകൾക്ക് സവിശേഷ പ്രാധാന്യം നൽകേണ്ടതുണ്ട്.

3. നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ വിജ്ഞാന സമ്പദ്ഘടന എന്നാൽ IT പോലെ ഏതെങ്കിലും മേഖലയുടെ വളർച്ചയിൽ ഒതുങ്ങുന്ന ഒന്നല്ല. കൃഷി, മൃഗ പരിപാലനം, മത്സ്യബന്ധനം, ഗതാഗതശൃംഖല, വൈദ്യുതി ആരോഗ്യ വിദ്യാഭ്യാസാദി സേവനങ്ങൾ, സർക്കാർ ഭരണ സംവിധാനം തുടങ്ങി സർവ തലങ്ങളിലും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇവിടങ്ങളിൽ എല്ലാം ഉൽപാദന ക്ഷമതയും, ഉൽപാദനവും വിപുലപ്പെടണം. 40തോളം വികസന മേഖലകളെയും പരിപാടികളെയും ഇനം തിരിച്ച് ഈ പഠന കോൺഗ്രസിൽ ചർച്ചചെയ്യുന്നുണ്ട്.

4. കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ പുതിയ പതിപ്പിന് രൂപം നൽകുവാനുള്ള കടമ പഠന കോൺഗ്രസ് ഏറ്റെടുക്കുകയാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിലും, തൊഴിൽ നൽകുന്നതിനും ഉള്ള ദൗർബല്യങ്ങൾ എങ്ങിനെ പരിഹരിക്കാം എന്നതാണ് ഒരു മുഖ്യവിഷയം. അതോടൊപ്പം വികേന്ദ്രീകരണ പ്രക്രീയയിൽ വന്നു ചേർന്നിട്ടുള്ള ദൗബല്യങ്ങളും വിശദമായി ചർച്ച ചെയ്യപ്പെടും. ശുചിത്വം, നൈപുണിയും തൊഴിലും, വയോജന സംരക്ഷണം, കുടുംബശ്രീ, ദുരന്തനിവാരണം, നഗരവൽക്കരണം, തുടങ്ങി ഒട്ടേറെ സമ്മേളനങ്ങൾ പഠന കോൺഗ്രസ്സിലുണ്ട്. ഇവയെല്ലാം ക്യാമ്പയിൻ അടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ കഴിയുന്ന പരിപാടികളാണ്. ഇവയുടെ ഏകോപനത്തിലൂടെ പുതിയൊരു ജനകീയ പ്രസ്ഥാനത്തിന് രൂപം നൽകാൻ ആവുമോ? എന്നതും പഠന കോൺഗ്രസ് ചർച്ചചെയ്യും.

5. അതി ദാരിദ്ര നിർമ്മാർജനം ലോകശ്രദ്ധ പിടിച്ചു പറ്റിയ നേട്ടമാണ്. ഇനിയിപ്പോൾ അടുത്ത ഘട്ടമായി കേവല ദാരിദ്രം ഇല്ലായ്മ ചെയ്യുവാനുള്ള ലക്ഷ്യം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ ഏറ്റവും നിർണ്ണായക പങ്ക് കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50% മായി ഉയർത്തുന്നതിന് ഉണ്ടായിരിക്കും. പാവപ്പെട്ട സാധാരണക്കാരുടെ വീടുകളിലേക്ക് അധികവരുമാനം എത്തിക്കാൻ കഴിയും. അതുപോലെ തന്നെ അടിസ്ഥാനാവശ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, സാമൂഹ്യ സുരക്ഷാ തുടങ്ങിയവ മെച്ചപ്പെടുത്തി ഏകോപിപ്പിക്കണം. ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും ഇന്നും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളായ പട്ടിക ജാതി - പട്ടിക വർഗ വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരെ പൂർണ്ണമായും മുഖ്യധാരയിൽ എത്തിക്കാനുള്ള നടപടികൾ ഏറ്റടുക്കേണ്ടതുണ്ട്.

6. സ്ത്രീകളുടെ അവസ്ഥ കേരളത്തിൽ ഏറെ മെച്ചമാണെങ്കിലും സാമൂഹിക നിലയിലുള്ള പിന്നോക്കാവസ്ഥ തുടരുന്നു. പഠന കോൺഗ്രസ്സുകൾ തുടർച്ചയായി ചർച്ചചെയ്തു വരുന്ന ഒരു വിഷയമാണിത്. ലിംഗനീതിയുടെ കാര്യങ്ങൾ പഠന കോൺഗ്രസിന്റെ ഒരു പ്രധാന പരിഗണന വിഷയമാണ്. പ്രത്യേക സമ്മേളനത്തിന്റെ ഭാഗമായി മാത്രം അല്ലാതെയും സ്ത്രീ തുല്യത പരിഗണ വിഷയമാവണം.

7. കേരളം പരിസ്ഥിതി സൗഹൃദമാവണം. കാലാവസ്ഥ വ്യതിയാനത്തിന്റെ ദുരന്തങ്ങൾ ഇത് അനിവാര്യമാകുന്നു. നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ പ്രത്യേക ചർച്ച വിഷയമാവുന്നുണ്ട്.

8. കുട്ടികളുടെ സംരക്ഷണത്തിലാണ് കേരളം ലോക പ്രസിദ്ധമായത്. ഇന്നിപ്പോൾ കുട്ടികളുടെ എണ്ണം കുറയുകയാണ് വയോജനങ്ങളുടെ എണ്ണം കൂടുകയാണ്. വയോജന സംരക്ഷണത്തിൽ എങ്ങിനെ ഒരു കേരള മാതൃക സൃഷ്ടിക്കാനാവും?

9. സാമ്പത്തിക വളർച്ചയിൽ, സാംസ്കാരിക മൂല്യങ്ങൾക്കും അന്തരീക്ഷത്തിനുമുള്ള സ്ഥാനം എല്ലാ വികസന പണ്ഡിതരും അടിവരയിടുന്ന ഒന്നാണ്. കേരളം വികസനമാതൃക നവോദ്ധാനത്തിൻറെ മൂശയിലാണ് ഉരുത്തിരിഞ്ഞു വന്നത്. പുരോഗമന രാഷ്ട്രീയമാണ് അതിനെ പോഷിപ്പിച്ചത്. എന്നാൽ ഇന്ന് കേരളം വർഗീയ - വിഭാഗീയ ശക്തികളിൽ നിന്ന് വലിയ വെല്ലുവിളികൾ നേരിടുകയാണ്. വലതുപക്ഷവൽക്കരണത്തിന്റെ ശക്തമായ പ്രവണതകൾ ദൃശ്യമാണ്. മീഡിയ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സാംസ്കാരിക വേദികളും അക്കാദമികളും, സാഹിത്യവും കലയും തുടങ്ങിയവയിലെല്ലാം ഉള്ള സാംസ്കാരിക അപചയങ്ങൾക്കെതിരെ പ്രതിരോധം ഉയരേണ്ടത് കേരളത്തിന്റെ വികസനത്തെ ശക്തിപ്പെടുത്തുന്നതിന് അനിവാര്യമാണ്. കേരളീയരെ മുഴുവൻ ഒരുമിപ്പിച്ചുകൊണ്ട് മാത്രമേ സംസ്ഥാനത്തിന്റെ അവക്ഷനാണ് സംരക്ഷിക്കാനാവൂ. സഖാവ് ഇഎംഎസ് പുത്തൻ വിഷയ രാഷ്ട്രീയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു പലപ്പോഴും ഊന്നി പറഞ്ഞിട്ടുള്ളതാണ്. ഈ അധ്യായത്തിന്റെ ആരംഭത്തിൽ പറഞ്ഞതുപോലെ കേവലം വിജ്ഞാനസമ്പദ്വ്യവസ്ഥയല്ല വിജ്ഞാന സമൂഹമാണ് കേരളം ലക്ഷ്യമിടുന്നത്.

ഉപസംഹാരം

മനുഷ്യവികസനത്തിലെ അപൂർവനേട്ടങ്ങൾ കൈവരിക്കുകയും പ്രതിശീർഷ വരുമാനം ഗണ്യമായി ഉയർത്തുകയും ചെയ്ത ശേഷം, 2047-ഓടെ ഒരു പുരോഗമന മേൽമധ്യ വരുമാന സമ്പദ്വ്യവസ്ഥയായി മാറുകയെന്ന ലക്ഷ്യമാണ് കേരളം ഇപ്പോൾ മുന്നോട്ടുവയ്ക്കുന്നത്. ക്ഷേമ സംവിധാനങ്ങളുടെ വിപുലീകരണം, സാങ്കേതിക നവീകരണങ്ങൾക്ക് ഊന്നൽ

നൽകുന്ന വിജ്ഞാന-സാന്ദ്ര ഉൽപാദന മേഖലകളുടെ വികസനം, കാലാവസ്ഥാ പ്രതിരോധ ശേഷി വർധിപ്പിക്കൽ, പ്രാദേശിക ജനാധിപത്യത്തിന്റെ ആഴപ്പെടുത്തൽ, മതനിരപേക്ഷ പുരോഗമന സംസ്കാരം - ഇവയെ ഒരുമിച്ച് കൂട്ടിച്ചേർക്കുന്ന ഒരു വികസന ദർശനമാണ് ഈ ലക്ഷ്യത്തിനുപിന്നിൽ പ്രവർത്തിക്കുന്നത്.

ഇത്തരമൊരു പരിവർത്തനത്തിന് തടസം നിൽക്കുന്ന ഫെഡറൽ സംവിധാനത്തിലെ കേന്ദ്രീകരണ പ്രവണതകളെ കുറിച്ചും, കേന്ദ്ര സർക്കാരിന്റെ നിയോലിബറൽ നയങ്ങളെ കുറിച്ചും, തിരിച്ചറിവുണ്ടായെതീരൂ. ഭരണഘടനാപരമായി "സംസ്ഥാനങ്ങളുടെ യൂണിയൻ" എന്ന നിലയിലാണ് ഇന്ത്യയെ വിശേഷിപ്പിച്ചിട്ടുള്ളത്; അതിന്റെ ഫെഡറൽ സ്വഭാവത്തിന്റെ നിലനിൽപ്പിനുള്ള ഒരു വെല്ലുവിളിയാണ് ഇത്. സഹകരണ ഫെഡറലിസം എന്ന ആശയമാണ് ഭരണഘടന പ്രതീക്ഷിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ ഏതാനും ദശകങ്ങളിലെ ഭരണരീതികളും നയങ്ങളും വികസന മാതൃകകളിലെ വൈവിധ്യത്തെ നിരുത്സാഹപ്പെടുത്തുകയും സംസ്ഥാനങ്ങളുടെ പരിണാമത്തിനും നവീകരണത്തിനുമുള്ള സ്വാതന്ത്ര്യം ചുരുക്കുകയും ചെയ്യുന്നു.

കേരളത്തിന്റെ വികസനപാത കേവലം ഒരു സാങ്കേതിക-സാമ്പത്തിക മാതൃകയല്ല. അത് ഒരു മനുഷ്യ വിമോചനപദ്ധതിയാണ്. വളർച്ച മാത്രമല്ല ലക്ഷ്യം; മനുഷ്യനെ കൂടുതൽ സ്വതന്ത്രനാക്കുക എന്നതാണ് ലക്ഷ്യം. സാങ്കേതികവിദ്യ മനുഷ്യനെ മാറ്റിസ്ഥാപിക്കാൻ അല്ല, അവനെ കൂടുതൽ മനുഷ്യനാക്കാൻ ഉപയോഗിക്കണം. കൂടുതൽ വിനോദം, കൂടുതൽ സൃഷ്ടിപരത, കൂടുതൽ സാംസ്കാരിക മേന്മ — ഇതാണ് ഇടതുപക്ഷ സ്വപ്നം.

കേരളത്തിന്റെ മുന്നിലെ വെല്ലുവിളികൾ വലുതാണ്. പക്ഷേ അതിനുള്ള മറുപടി വ്യക്തമാണ്:

ജനങ്ങൾ + പൊതു ഇടപെടൽ + സമത്വം + വിജ്ഞാനം

"ജനങ്ങൾ + പൊതു ഇടപെടൽ + സമത്വം + വിജ്ഞാനം" എന്നത് ഒരു നയസൂത്രവാക്യമോ പ്രചാരണ മുദ്രാവാക്യമോ മാത്രമല്ല; കേരളത്തിന്റെ വികസനാനുഭവം ചുരുക്കിപ്പറയുന്ന ഒരു രാഷ്ട്രീയ–സാമ്പത്തിക ദർശനമാണ്. വികസനത്തിന്റെ കേന്ദ്രബിന്ദുവിൽ ജനങ്ങളെ തന്നെ സ്ഥാപിക്കുന്നതിലൂടെ, വിപണിയുടെ അന്ധഗതിക്ക് വിട്ടുകൊടുക്കാതെ സമൂഹത്തിന്റെ കൂട്ടായ ഇച്ഛാശക്തിയെ പ്രവർത്തനത്തിലാക്കുകയാണ് ഈ സമീപനം. പൊതു ഇടപെടൽ എന്നത് സർക്കാരിന്റെ സാന്നിധ്യം മാത്രം സൂചിപ്പിക്കുന്നതല്ല; വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ പൊതുസംവിധാനങ്ങൾ മുഖ്യപങ്ക് വഹിക്കുന്നതിലൂടെ ജീവിതാവസരങ്ങൾ സമതുലിതമായി വിതരണം ചെയ്യപ്പെടണം എന്ന രാഷ്ട്രീയ പ്രതിബദ്ധതയെയാണ് അത് പ്രതിനിധീകരിക്കുന്നത്. സമത്വം ഇവിടെ ഒരേസമയം ലക്ഷ്യവും മാർഗവും ആകുന്നു. വരുമാനവ്യത്യാസം കുറയ്ക്കുന്നതിൽ മാത്രമല്ല, ലിംഗം, ജാതി, പ്രദേശം, കഴിവ് എന്നിവയെ ആശ്രയിച്ച് ആരും പുറന്തള്ളപ്പെടരുത്. വിജ്ഞാനം എല്ലാവർക്കും പ്രാപ്യമാവണം. അത് പൊതുവിദ്യാഭ്യാസം, ശാസ്ത്രബോധം, വിമർശനാത്മക ചിന്ത, സാങ്കേതിക നൈപുണി എന്നിവയിലൂടെ സമൂഹമൊട്ടാകെ പങ്കുവയ്ക്കപ്പെടുന്ന ഒരു പൊതുസമ്പത്താവണം. വികസനം വെറും ജിഡിപി വർധനവായി ചുരുങ്ങാതെ, മനുഷ്യനെ കൂടുതൽ സ്വതന്ത്രനും സൃഷ്ടിപരനും സുരക്ഷിതനുമായിത്തീർക്കുന്ന ഒരു വിമോചന പ്രക്രിയയായി മാറണം. ഇതാണ് കേരളത്തിന്റെ ഇടതുപക്ഷ ഭാവി.

2

സംസ്ഥാന ധനസ്ഥിതി

ആമുഖ അദ്ധ്യായത്തിൽ തന്നെ കേരളത്തിന്റെ ധനകാര്യസ്ഥിതിയിൽ സമ്മർദ്ദം ചെലുത്തുന്ന മൂന്ന് പ്രധാന ചെലവ് ഇനങ്ങളെ കുറിച്ച് പരാമർശിച്ചിരുന്നു. ഒന്ന് സാമൂഹ്യ-ക്ഷേമ പ്രവർത്തനങ്ങൾക്കായി റവന്യു ചെലവിൽ ഗണ്യമായ വർദ്ധനവ് വേണ്ടിവരും. രണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കേണ്ടിവരും. മൂന്ന് ഇതോടൊപ്പം പശ്ചാത്തല സൗകര്യങ്ങൾക്ക് ആവശ്യമായ മൂലധന ചെലവും ഗണ്യമായി ഉയർത്തേണ്ടി വരും. റവന്യു ചെലവും മൂലധന ചെലവും ഒരേസമയം ഉയർത്തണമെങ്കിൽ റവന്യു വരുമാനത്തിലും, മൂലധന വരുമാനത്തിലും ആനുപാതികമായ വർദ്ധനവ് ഉണ്ടായേ തീരൂ. കേന്ദ്ര സർക്കാരിന്റെ ഉപരോധ സമാനമായ നിലപാട് മൂലം വിഭവ സമാഹരണം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്.

കേരള സർക്കാരിന്റെ ധനകാര്യം സംബന്ധിച്ച ചർച്ചകളിൽ ചൂടേറിയ ഒരു കാര്യം സംസ്ഥാനത്തിന്റെ ഗണ്യമായി ഉയർന്ന റവന്യൂ ചെലവാണ്. ഇതു മൂലം കേരളത്തിന് വ്യവസായവും നിക്ഷേപവും ആകർഷിക്കാൻ അനിവാര്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യ നിർമ്മിതിയിൽ കൂടുതൽ പണം നിക്ഷേപിക്കാൻ കഴിയുന്നില്ല. ഈ പരിമിതി കേരളത്തിലെ ഉൽപ്പാദന വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. ഉൽപ്പാദന മുരടിപ്പ് സംസ്ഥാന സർക്കാരിന്റെ വിഭവ സമാഹരണ സാധ്യതക ളെയും മുരടിപ്പിക്കുന്നു. ഇതു സൃഷ്ടിക്കുന്ന സാമ്പത്തിക ഞെരുക്കം കേരളത്തിന്റെ വികസന ക്ഷേമ ചെലവ് ചെയ്യൽ ശേഷി തന്നെ ദുർബ്ബലമാക്കും. ഗണ്യമായ ഉൽപ്പാദന വളർച്ചയുടെ അഭാവം പുകൾ പെറ്റ കേരള വികസനാനുഭവത്തെ തന്നെ കാലക്രമേണ ദുർബ്ബലപ്പെടുത്തും. ഇതായിരുന്നു കേരളം വികസന മാതൃകയെകുറിച്ച് 1990 കളിൽ ഉയർന്നുവന്ന വിമർശനം.

ഒന്നാം കേരള പഠന കോൺഗ്രസിൽ ഈ വിമർശനം ഗൗരവമായ ചർച്ചയ്ക്ക് വിധേയമായി. ഇതായിരുന്നു അധികാര വികേന്ദ്രീകരണത്തിന് പഠന കോൺഗ്രസ് നിർദ്ദേശങ്ങളിൽ ലഭിച്ച പ്രാധാന്യത്തിനു ഒരു കാരണം. ഒന്നാം കേരള പഠന കോൺഗ്രസിനു ശേഷം അധികാരത്തിലെത്തിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ.EMS ന്റെ മുഖ്യ ഉപദേശത്തിൽ നടപ്പിലാക്കിയ ജനകീയാസൂത്രണം ഈ സംവാദത്തിന്റെ തുടർച്ചയായിരുന്നു. അധികാര വികേന്ദ്രീകരണവും പ്രാദേശിക സർക്കാരുകളിലേക്കുള്ള ഗണ്യമായ ധന വിന്യാസവും ജനപങ്കാളിത്ത വികസന പ്രവർത്തനങ്ങളിലൂടെ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി കേരളത്തിന്റെ മനുഷ്യ വിഭവ ശേഷീ വികാസത്തിന് ഹേതുവായ മേഖലകളുടെ കാര്യക്ഷമത ഗണ്യമായി ഉയർത്തുന്നതിന് സഹായകമായി.

അതേ സമയം അഭ്യസ്തവിദ്യരായ യുവാക്കൾക്ക് അവരുടെ അഭിരുചിക്കും ആഗ്രഹങ്ങൾക്കും അനുസരിച്ചുള്ള ജോലികൾ ആഭ്യന്തരമായി സൃഷ്ടിക്കുക എന്നത് വെല്ലുവിളിയായി മാറി. ഭൂമിശാസ്ത്രവും പാരിസ്ഥിതികവുമായ സവിഷശതകളും മനുഷ്യ വിഭവശേഷിയുടെ പ്രത്യേകതകളും പരിഗണിച്ചുകൊണ്ടുള്ള വ്യവസായങ്ങൾക്ക് മാത്രമേ ഭാവി ശോഭനമാക്കാൻ സാധിക്കൂ എന്നത് കൂടുതൽ വ്യക്തമായി. നമ്മുടെ പരിമിതികളെ ലോകനിലവാരത്തിലുള്ള പശ്ചാത്തല സൗകര്യ ലഭ്യത കൊണ്ടും വെള്ളം, വൈദ്യുതി, വിവര വിനിമയ സൗകര്യങ്ങൾ എന്നിവയുടെ സുഗമമായ ലഭ്യത ഉറപ്പുവരുത്തിയും മാത്രമേ മേൽപ്പറഞ്ഞ നിലയിലുള്ള വ്യവസായ, സംരംഭക നിക്ഷേപം കൊണ്ടുവരാൻ കഴിയൂ എന്നും വ്യക്തമായി. ഈ വസ്തുതയോടുള്ള ക്രിയാത്മകമായ പ്രതികരണമായിരുന്നു 2009 ലെ ആഗോള സാമ്പത്തിക മാന്ദ്യക്കാലത്തെ മാന്ദ്യ വിരുദ്ധ പാക്കേജ്. ഈ പദ്ധതി കൂടുതൽ മൂർത്തത 2011 ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ അവസാനത്തെ ബജറ്റിൽ കൈവരിച്ചു. ബജറ്റിന് പുറത്ത് വലിയതോതിൽ വിഭവസമാഹരണം നടത്തി പശ്ചാത്തല സൗകര്യം സൃഷ്ടിക്കാനുള്ള പുതിയൊരു ധനകാര്യ സ്ഥാപനത്തെക്കുറിച്ച ഈ ബജറ്റ് നിർദ്ദേശിച്ചു. ഉയർന്ന റവന്യൂ ചെലവ് വരുത്തുന്ന പരിമിതികളെ മറികടക്കുന്നതിനുള്ള ഒരു ധനതന്ത്രമാണ് ആവിഷ്കരിക്കാൻ ശ്രമിച്ചത്. എന്നാൽ തെരെഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് അധികാരം നഷ്ടപ്പെട്ടത്തോടെ ഈ ദിശയിലുള്ള നീക്കം മരവിപ്പിക്കപ്പെട്ടു.

ഇതോടൊപ്പം എടുത്തു പറയേണ്ടുന്ന മറ്റൊരു കാര്യമുണ്ട് 2006-2011 കാലത്തെ ഇടതുപക്ഷ ജനാധിപ

ത്യ മുന്നണി സർക്കാർ വാറ്റ് നികുതി സമാഹരണത്തിൽ പ്രതിവർഷം ശരാശരി 20 ശതമാനം വളർച്ച കൈവരിച്ചിരുന്നു. എന്നാൽ പിന്നീട് ഇത് 8-9 ശതമാനമായി ഇടിഞ്ഞു. റവന്യൂ ചെലവുകൾ തന്നെ പ്രതിസന്ധിയിലായി. ക്ഷേമ പെൻഷൻ വിതരണം അമ്പേ താറുമാറായ 2011-2016 കാലത്ത് പുതിയ നിക്ഷേപത്തിന് അനിവാര്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യ നിർമ്മിതിയിലുള്ള മുതൽ മുടക്ക് എന്നത് ആലോചിക്കപ്പെട്ടതു തന്നെയില്ല.

ഈ പശ്ചാത്തലത്തിൽ സംഘടിപ്പിക്കപ്പെട്ട 2015 ലെ കേരള പഠന കോൺഗ്രസ്സിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളുടെ സമാഹാരത്തിന്റെ ആമുഖത്തിൽ സ. പിണറായി വിജയൻ ഇങ്ങനെ ചൂണ്ടിക്കാട്ടി

"സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളും ക്ഷേമ പദ്ധതികളും ശക്തിപ്പെടുത്തൽ, ആദിവാസികളടക്കമുള്ള ജനവിഭാഗങ്ങൾക്ക് തുല്യ അവസരം ലഭ്യമാക്കൽ, അവശ ജനവിഭാഗങ്ങളുടെ ഉന്നമനത്തിന് രൂപീകരിക്കുന്ന പദ്ധതികളുടെ പ്രയോജനം ലക്ഷ്യത്തിലെത്തുന്നു എന്ന് ഉറപ്പാക്കൽ എന്നിങ്ങനെ വിവിധ കാര്യങ്ങളിൽ നമുക്ക് കാർക്കശ്യം ഉണ്ടാകേണ്ടിയിരിക്കുന്നു.

ചുരുക്കി പറയട്ടെ, പരിസ്ഥിതി സംരക്ഷിച്ചു കൊണ്ട്, മലിനീകരണ സാധ്യത ഇല്ലാതെ, ആധുനിക കാലത്തിന് അനുയോജ്യമായ വ്യവസായ വികസനമാണ് കേരളത്തിന് ഇന്ന് ആവശ്യം. അത്തരം വ്യവസായങ്ങൾക്കും സംരംഭങ്ങൾക്കും ആവേശപൂർവ്വം കടന്നു വരാനുള്ള ഇടമായി കേരളത്തെ മാറ്റിയെടുക്കണം. ജീവിക്കാനും തൊഴിലെടുക്കാനും ഏറ്റവും മികച്ച നാടായി കേരളത്തെ ഉയർത്താനുള്ള ശ്രമത്തിന് ഇനിയും നാം തുടക്കമിട്ടില്ലെങ്കിൽ അത് വരും തലമുറയോട് ചെയ്യുന്ന പാതകമായി മാറും.

2011 ലെ ബജറ്റിൽ മുന്നോട്ടുവെച്ച പശ്ചാത്തല സൗകര്യങ്ങൾക്കായുള്ള പ്രത്യേക ധനകാര്യ സ്ഥാപനം എന്ന നിർദ്ദേശം നാലാമത് പഠന കോൺഗ്രസ് ആവർത്തിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ ഇത് സ്ഥാനം പിടിച്ചു. ഇതിനടിസ്ഥാനത്തിലാണ് 2016 ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കിഫ്ബിക്ക് രൂപം നൽകിയത്.

മേൽപ്പറഞ്ഞ ധനകാര്യ തന്ത്രത്തിന്റെ അടിസ്ഥാനത്തിൽ 2026-27 ലെ സംസ്ഥാന ബജറ്റ് അവതരിപ്പിച്ചു കൊണ്ട് ധനമന്ത്രി സ. ബാലഗോപാൽ നടത്തിയ വിലയിരുത്തൽ ഇപ്രകാരം ആയിരുന്നു.

"ഒരു കോടി മനുഷ്യരിലേക്ക് എത്തുന്ന സാമൂഹ്യസുരക്ഷാ ധനസഹായങ്ങളും അഞ്ചു ലക്ഷം മനുഷ്യർക്ക് കിടപ്പാടവും ഒരു കോടിയിലധികം പേർക്ക് സൗജന്യ ചികിൽസയും അതിദാരിദ്ര്യത്തിൽ നിന്ന് മോചനവും കടക്കെണിയിൽ വീണവർക്ക് കിടപ്പാടം സംരക്ഷിച്ചു കൊടുക്കലും സർക്കാർ പള്ളിക്കൂടങ്ങളും സർക്കാർ ആശുപത്രികളും മികച്ചതാക്കലുമാണ് ഞങ്ങൾ ഏറ്റെടുത്തത്. വൻകിട വികസന പദ്ധതികൾ ആവിഷ്കരിക്കുകയും നവകേരളത്തിന് വേണ്ട സമഗ്രമായ വികസന സമീപനങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. അടുത്ത രണ്ടു പതിറ്റാണ്ടിലേക്കുള്ള കേരള വികസനത്തിന് അടിത്തറയിടാൻ പത്തു വർഷം നീണ്ട എൽ. ഡി. എഫ് ഭരണത്തിന് സാധിച്ചു. ഇത് ചെറിയ നേട്ടമല്ല. ലോകത്തിനൊപ്പം സഞ്ചരിക്കാൻ കേരളത്തിനു സാധിക്കുമെന്നും നാം തെളിയിച്ചു. ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ ഉപയോഗപ്പെടുത്തി നാടിന്റെ വ്യവസായ-തൊഴിൽ രംഗങ്ങളെ ആധുനീകരിച്ച്, അതിലൂടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി വികസന കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു"

കഴിഞ്ഞ 10 കൊല്ലമായി ഒന്നും, രണ്ടും പിണറായി വിജയൻ സർക്കാരുകൾ സഞ്ചരിക്കുന്ന ദിശ ഇതാണ്. ഈ ദിശയിലുള്ള സഞ്ചാരത്തിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കിയ ധന തന്ത്രവും അത് നേരിടേണ്ടി വന്ന തടസങ്ങളും പ്രതിസന്ധികളും മനസിലാക്കുകയും അവയെ മറികടക്കാൻ കൈക്കൊണ്ട സമീപനങ്ങൾ വിലയിരുത്തി മുന്നോട്ടുള്ള വഴി കൂടുതൽ വ്യക്തമായി രൂപപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി, യൂണിയൻ സർക്കാർ കേരളത്തോട് സ്വീകരിക്കുന്ന ധന വിവേചനം, കിഫ്ബിയും സാമൂഹ്യ സുരക്ഷാ പെൻഷൻ ബോർഡും മറ്റും നേരിടുന്ന വെല്ലുവിളികൾ, പതിനാറാം ധനക്കമ്മീഷൻ അവാർഡിന്റെ ആഘാതം, GSTയും നികുതി ഘടനയും ഉയർത്തുന്ന വെല്ലുവിളികൾ, എന്നിവയെല്ലാം ലഘുവായി പരിശോധിക്കുവാനാണ് ശ്രമിക്കുന്നത്.

I

സംസ്ഥാന വരുമാനവും ചെലവും

2024-2025 സാമ്പത്തിക വർഷത്തെ ചെലവിന്റെയും വരവിന്റെയും യാഥാർത്ഥ സ്ഥിതി പരിശോധിക്കാം. C&AG യുടെ താൽക്കാലിക കണക്കുകളാണ് ഇതിന് ഉപയോഗിച്ചിട്ടുള്ളത്. ആദ്യം ചെലവിന്റെ പൊതു സ്വഭാവം പരിശോധിക്കാം.

പട്ടിക 1
സർക്കാരിന്റെ ചെലവ് (2024-25)

നമ്പർ	ചെലവിനം	തുക (കോടി രൂപ)	ആകെ ചെലവിന്റെ ശതമാനമായി (2024 - 2025)
1	ശമ്പളം, പെൻഷൻ, പലിശ സബ്സിഡികൾ എന്നിവ ഒഴികെയുള്ള റവന്യു ചെലവ്	56435.03	33.68
2	ശമ്പളം	41587.57	24.83
3	പെൻഷൻ	27873.93	16.63
4	പലിശ	25553.15	15.25
5	മൂലധനച്ചെലവ്	14605.99	8.71
6	സബ്സിഡി	1488.34	0.89
	ആകെ	**167544.01**	**100**

അവലംബം : CAG യുടെ താൽക്കാലിക കണക്കുകൾ 2025 മാർച്ച്

2024 -2025 സാമ്പത്തിക വർഷം കേരള സർക്കാരിന്റെ ആകെ ചെലവ് 167544.01 കോടി രൂപയാണ്. ഈ ചെലവിന്റെ ഘടകങ്ങളെ സംബന്ധിച്ച പൊതു ചിത്രം മുകളിൽ കൊടുത്തിട്ടുള്ള പട്ടിക 1 ൽ നിന്നും ലഭിക്കും. ഒന്നാമത്തെ ഇനം ശമ്പളം, പെൻഷൻ, പലിശ, സബ്സിഡികൾ എന്നിവ ഒഴികെയുള്ള റവന്യൂ ച്ചെലവാണ്.ഇത് ആ വർഷത്തെ ആകെ ചെലവിന്റെ 33.68 ശതമാനം അഥവാ മൂന്നിൽ ഒന്നു വരും.

ഇതിൽ എന്തൊക്കെ വരും ? തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ കൊടുക്കുന്ന ധനസഹായം ഇതിൽ ഉൾപ്പെടുന്നതാണ്. ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി സംസ്ഥാന സർക്കാർ നൽകുന്ന പണം 13500 കോടി രൂപയാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിലുള്ള ചെലവ് ഒരു മാസം 1000 കോടി രൂപയാണ്, ഒരു വർഷം 12000 കോടിരൂപ (2026-2027 പെൻഷൻ വകയിരുത്തൽ 14500 കോടി രൂപയാണ്), ഇതും ഈ മൂന്നിലൊന്നിൽ ഉൾപ്പെടും.

സർക്കാർ ചെലവിൽ മുക്കാലും ശമ്പളമാണ് എന്നു പറയുന്നതിൽ വസ്തുതയില്ലെങ്കിലും ശമ്പളച്ചെലവ് ആകെ ചെലവിന്റെ നാലിൽ ഒന്നു വരും. 2024-2025 കണക്കുകൾ പ്രകാരം ആകെച്ചെലവിന്റെ 24.83 ശതമാനം ശമ്പളച്ചെലവാണ്. പെൻഷൻ ചെലവ് ആകെ ചെലവിന്റെ 16.63 ശതമാനമാണ്. ശമ്പളവും പെൻഷനും ചേർന്നാൽ ആകെ ചെലവിന്റെ 41-42 ശതമാനം വരും. ആർക്കൊക്കെയാണു ശമ്പളം കൊടുക്കുന്നതെന്നു നോക്കാം.

- ആകെ ശമ്പളച്ചെലവിന്റെ 78-80 ശതമാനവും അധ്യാപകർ,ഡോക്ടർമാർ അടക്കമുള്ള ആരോഗ്യ പ്രവർത്തകർ,വികസന മേഖലാ ഉദ്യോഗസ്ഥർ എന്നിവരുടേതാണ്. അഥവാ 80 ശതമാനവും വികസന ചെലവാണ് എന്നു പറയാം. കേരളത്തിന്റെ സവിശേഷമായ വികസന വഴിയുടെ ഹേതു ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ ഈ പൊതു മുതൽ മുടക്കാണ് .
- പോലീസ്,കോടതി തുടങ്ങിയ ശുദ്ധഭരണ വിഭാഗങ്ങളുടെ ശമ്പളം ആകെ ശമ്പള ചെലവിന്റെ 20-21 ശതമാനമേ വരൂ.

വേജസ് ഇനത്തിലുള്ള ചെലവ് ഇതിനു പുറമേയാണ്. അങ്കണവാടി, ആയമാർ, ആശ, തുടങ്ങിയ സ്കീം ജീവനക്കാരുടെ സംസ്ഥാനവിഹിതം, ദിവസവേതനം തുടങ്ങിയവയൊക്കെയാണിത്. അധ്യാപകരുടെയും ആരോഗ്യ പ്രവർത്തകരുടെയും ശമ്പളം ധൂർത്താണോ? വികസന മേഖലാ ചെലവുകൾ അനാവശ്യമാണോ? ഇത് ഏതെങ്കിലും തരത്തിൽ ഒഴിവാക്കാൻ സാധ്യമാണോ?

നമ്മുടെ പലിശച്ചെലവ് 15 ശതമാനമാണ്. കേന്ദ്ര സർക്കാരിന്റെതു 22 ശതമാനവും.

ഈ കണക്കുകളിൽ പ്രധാനപ്പെട്ട ഒന്നു മൂലധനച്ചെലവിന്റെ കണക്കാണ്. ആകെ ചെലവായ 167544 കോടി രൂപയിൽ 14606 കോടി രൂപയാണ് മൂലധന ചെലവ്. അതായത് 8.71 ശതമാനം. നമ്മുടെ ഈ പരിമിതിയാണ് തുടക്കത്തിൽ സൂചിപ്പിച്ചത്. നമ്മുടെ നാടിനെ പുതിയ തരം വ്യവസായങ്ങൾക്കും സംരംഭങ്ങൾക്കും ആകർഷകമായ തരത്തിൽ മാറ്റുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് വേണ്ട വലിയ മൂലധന മുടക്കിന് ബദൽ ധന തന്ത്രം ആവിഷ്കരിക്കേണ്ടി വരുന്ന സാഹചര്യമിതാണ്. മുകളിൽ പറഞ്ഞ ചെലവുകളിൽ ഗണ്യമായ വെട്ടിക്കുറവ് വരുത്തിക്കൊണ്ട് ഇത് കണ്ടെത്താനാകില്ലല്ലോ? ഇതാണ് കിഫ്ബിയുടെ രൂപീകരണത്തിന്റെയും അതിന്റെ മുൻകയ്യിലുള്ള മൂലധന മുടക്കിന്റെയും പശ്ചാത്തലം. മുന്നോട്ടുള്ള വികസന വഴിയ്ക്ക് ആവശ്യമായ ധന തന്ത്രം രൂപീകരിക്കാൻ നമ്മുടെ ചെലവുകളുടെ ചേരുവ സംബന്ധിച്ച മനസിലാക്കൽ അനിവാര്യമാണ്. കിഫ്ബി സംബന്ധിച്ച് പിന്നാലെ പരിശോധിക്കാം.

പട്ടിക 2
സർക്കാരിന്റെ വരുമാനം (2024-25)

ഇനം	തുക (കോടി രൂപ)	ആകെ വരുമാനത്തിന്റെ ശതമാനം
തനതു നികുതി വരുമാനം	83890.78	49.24
GST	39547	
മുദ്രപത്രങ്ങളും രജിസ്ട്രേഷനും	6127.6	
ഭൂനികുതി	608.73	
വിൽപ്പന നികുതി*	27696	
സംസ്ഥാന എക്സൈസ്	2871.6	
മറ്റു നികുതികളും ഡ്യൂട്ടികളും	7039.2	
തനതു നികുതിയേതര വരുമാനം	16567.51	9.73
ലോണുകളും അഡ്വാൻസുകളും തിരികെ	695.24	0.4
മറ്റിനം ചില്ലറ വരുമാനം	31.22	0.01
ആകെ തനതു വരുമാനം	101184.8	59.38 (വായ്പ്പാവരുമാനം ഒഴികെയുള്ള വരുമാനത്തിന്റെ 80.69% തനതു വരുമാനം ആണ്.)
കേന്ദ്ര നികുതി വിഹിതം	17497.43	10.27
ഗ്രാന്റുകൾ	6716.9	3.94
വായ്പ	44979.58	26.4
ആകെ വരുമാനം	170378.7	

നോട്ട്

*വിൽപനനികുതി: പെട്രോളിയം ഉൽപ്പന്നങ്ങളുടെയും വിദേശമദ്യത്തിന്റെയും വിൽപ്പനയിന്മേലുള്ള നികുതി.
**മറ്റു നികുതികളും ഡ്യൂട്ടികളും എന്ന ഇനത്തിൽ ഗണ്യമായത് മോട്ടോർ വാഹന നികുതിയാണ്
അവലംബം CAGയുടെ താൽക്കാലിക കണക്കുകൾ 2025 മാർച്ച്

കേരളത്തിന്റെ 2024-2025 ലെ ആകെ റവന്യൂ വരവ് 1,24,760 കോടി രൂപയാണ്. കേരളം പിരിക്കുന്ന തനതു നികുതി, നികുതിയേതര വരവുകളും യൂണിയൻ സർക്കാർ കൈമാറിത്തരുന്ന നികുതി വിഹിതവും ഗ്രാന്റുകളും ചേരുന്നതാണ് ആകെ റവന്യൂ വരുമാനം എന്നു പറയുന്നത്. വായ്പയും അഡ്വാൻസുകളുടെ തിരിച്ചടവും ഒഴികെയുള്ള വരുമാനം എന്നു മനസിലാക്കിയാൽ മതി.

ഇതിൽ കേരളത്തിന്റെ തനതു റവന്യൂ 1,00,457 കോടി രൂപയായിരുന്നു. അതായത് ആകെ റവന്യൂ വരുമാനത്തിന്റെ 80.5 ശതമാനവും കേരളത്തിന്റെ തനതു വരുമാനമായിരുന്നു എന്നു സാരം. യൂണിയൻ കൈമാറ്റമായി കിട്ടിയത് 2,42,13 കോടി രൂപയായിരുന്നു. ആകെ റവന്യൂ വരുമാനത്തിന്റെ 19.5 ശതമാനം മാത്രമായിരുന്നു ഇത്. കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന ഭാഗം യൂണിയൻ ട്രാൻസ്ഫർ ആണെന്ന ആഖ്യാനത്തിന്റെ നിജസ്ഥിതി ഇതാണ്.

മറ്റൊരു ആഖ്യാനം വായ്പയാണ് കേരളത്തിന്റെ മുഖ്യ വരുമാനം എന്നതാണ്. ആകെ വരുമാനത്തിൽ 26.4 ശതമാനമായിരുന്നു. 2023-2024 ലെ വായ്പാ വരുമാനം 21 ശതമാനമായിരുന്നു. നിയമപ്രകാരം അനുവദിക്കേണ്ട വായ്പ തടഞ്ഞു വെയ്ക്കുക എന്നത് പതിവായിട്ടുണ്ട്.

യൂണിയൻ ട്രാൻസ്ഫർ ആയി 2024-2025 ൽ കിട്ടിയ പണം 19.5 ശതമാനം ആണെന്ന് കണ്ടല്ലോ? എല്ലാ സംസ്ഥാനങ്ങളുടെയും ശരാശരി സ്ഥിതി എന്താണ്? 2013-2023 കാലത്ത് 28 സംസ്ഥാനങ്ങളുടെ കൂട്ടായ റവന്യൂ വരുമാനത്തിൽ (Combined Revenue Receipts) 44 ശതമാനം യൂണിയൻ ട്രാൻസ്ഫർ ആയിരുന്നു. തനതു പിരിവ് 56 ശതമാനവും. ഇതേ കാലത്ത് കേരളത്തിന്റെ ആകെ റവന്യൂ വരുമാനം (2013-2023 കാലത്തേത്) 8,64,853 കോടി രൂപയായിരുന്നു. അതിൽ 2,93,029 കോടി രൂപയാണ് യൂണിയൻ വിഹിതം (കേന്ദ്രാവിഷ്കൃത പദ്ധതി ഗ്രാന്റുകൾ, മറ്റു ഗ്രാന്റുകൾ എന്നിവയായി കൈമാറ്റം ചെയ്യപ്പെട്ടു കിട്ടിയ പണം). മൊത്തം വരുമാനത്തിന്റെ എത്ര ശതമാനം വരുമിത്? ആകെ റവന്യൂ വരുമാനത്തിന്റെ 33.88 ശതമാനം. അതാണ് ഇപ്പോൾ 20 ശതമാനത്തിൽ എത്തി നിൽക്കുന്നത്. അതായത് കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി കേരളത്തിന് ലഭിക്കുന്ന യൂണിയൻ ട്രാൻസ്ഫർ ദേശീയ ശരാശരിയിലും 10 ശതമാനം കുറവാണ്.

യൂണിയൻ വിഭവ കൈമാറ്റം

2022-2023 ലെ ആകെ യൂണിയൻ ധനവിഭവ കൈമാറ്റത്തിന്റെ 73 ശതമാനം പത്തു സംസ്ഥാനങ്ങൾക്കാണ് ലഭിച്ചത് എന്നാണ് CAGയുടെ ദശാബ്ദ അവലോകന റിപ്പോർട്ട് വ്യക്തമാക്കിയത്. ഉത്തർ പ്രദേശ് (17.89%), ബീഹാർ(10.07%), മദ്ധ്യ പ്രദേശ് (7.86%), പശ്ചിമബംഗാൾ (7.53%), മഹാരാഷ്ട്ര (6.33%), രാജസ്ഥാൻ(6.03%), ഒഡീഷ (4.53%), തമിഴ്നാട്(4.08%), ആന്ധ്ര പ്രദേശ് (4.02%) കർണാടക (3.65%). എന്നിവയാണ് ഈ സംസ്ഥാനങ്ങൾ. 2013 മുതൽ 2023 വരെയുള്ള കണക്കുകൾ നോക്കിയാലും ഈ സംസ്ഥാനങ്ങൾക്ക് ആകെ യൂണിയൻ കൈമാറ്റത്തിന്റെ 73 ശതമാനം ലഭിച്ചു എന്നതാണ് റിപ്പോർട്ട് പറയുന്നത്. അതേ സമയം കേരളത്തിന് ഇക്കാലയളവിൽ ലഭിച്ചത് ആകെ യൂണിയൻ ധനവിഭവ കൈമാറ്റത്തിന്റെ 1.93 ശതമാനമാണ്. ആകെ യൂണിയൻ കൈമാറ്റം എന്നതിൽ ധനക്കമ്മീഷൻ വഴിയുള്ള നികുതിയും ഗ്രാൻടും കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വിഹിതം, മറ്റെന്തെങ്കിലും ഗ്രാൻറ്റുകൾ ഉണ്ടെങ്കിൽ അതും എല്ലാം ചേരുന്ന തുകയാണ്.

നാം പൊതുവിൽ ചർച്ച ചെയ്യുന്നത് ധനക്കമ്മീഷൻ നികുതി വിഹിതത്തിൽ പതിനഞ്ചാം ധനക്കമ്മീഷൻ കാലത്ത് 1.925 ശതമാനം മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നാണല്ലോ? എന്നാൽ C&AG യുടെ ഈ ദശാബ്ദ അവലോകന റിപ്പോർട്ട് വ്യക്തമാക്കുന്നത് നമുക്ക് ഇപ്പോഴത്തേതിനേക്കാൾ ഉയർന്ന നികുതി വിഹിതം ഉണ്ടായിരുന്നപ്പോഴും ആകെ യൂണിയൻ കൈമാറ്റത്തിൽ 1.93 ശതമാനമാണ് ആകെ യൂണിയൻ കൈമാറ്റമായി ലഭിച്ചിരുന്നത് എന്നതാണ്. കേരളം നേരിടുന്ന വിവേചനത്തിന്റെ ആഴം വ്യക്തമാക്കുന്നതാണ് ഈ കണക്കുകൾ.

2024-2025 ലെ വിവിധ സംസ്ഥാന ബജറ്റുകൾ അവലോകനം നടത്തി PRS റിസർച്ച് സെന്റർ പുറത്തിറക്കിയ State of state Finances 2024-2025 ലെ കണക്കുകളുണ്ട്. വിവിധ സംസ്ഥാനങ്ങളുടെ തനതു പിരിവ്–യൂണിയൻ കൈമാറ്റത്തിന്റെ അനുപാതം അതിൽ വ്യക്തമാണ്. കേരളത്തിന്റെ തനതു നികുതി ,നികുതിയിതര വരുമാനം ആകെ റവന്യൂ വരുമാനത്തിന്റെ 74 ശതമാനമാകും എന്നാണ് പഠനം പറയുന്നത്. യൂണിയൻ കൈമാറ്റമായി ബജറ്റ് കണക്ക് കൂട്ടിയത് 26 ശതമാനവും. എന്നാൽ യഥാർത്ഥത്തിൽ കിട്ടിയത് 19.6 ശതമാനം മാത്രം. നീതിയുക്തമായ പങ്കു യൂണിയൻ ട്രാൻസ്ഫറായി ലഭിച്ചാൽ മാത്രമേ നമ്മുടെ ധന ഞെരുക്കത്തിന് പരിഹാരമാകൂ.

II
കടബാധ്യത

കേരളം കടക്കെണിയിൽപെട്ട് തകരാൻ പോകുന്നു എന്ന ഒരൊറ്റ ആഖ്യാനം കൊണ്ടു ബുദ്ധി ജീവിതവും മാധ്യമ ജീവിതവും നടത്തിക്കൊണ്ടുപോന്നവർ ഒരു പാടുണ്ട് കേരളത്തിൽ.അങ്ങനെ കെണിയിൽ പെട്ട് തകരുന്ന 'ഖേരളത്തെ' ഉപാസിച്ചു അനവരതം അനുബന്ധ ആഖ്യാനങ്ങൾ കളം നിറഞ്ഞാടുകയായിരുന്നല്ലോ? ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകളുടെ കാലത്ത് അഞ്ചാണ്ട് കൂടിയപ്പോൾ കടം ഇരട്ടിച്ചു. അതു ഇപ്പോഴത്തെ നേട്ടങ്ങളുടെ ആകെ പ്രഭ ഇല്ലാതാക്കുന്നു. എല്ലാം കടമല്ലേ എന്നതാണ് പ്രചരിപ്പിക്കുന്ന കഥ. ഈ കഥയുടെ പൊരുൾ ഒന്നു നോക്കാം .

കടബാധ്യതയുടെ വർദ്ധന നിരക്ക്

കഴിഞ്ഞ 20 കൊല്ലത്തെ കടം വർദ്ധനയുടെ കഥയാണ് താഴെ കൊടുത്തിരിക്കുന്ന പട്ടികയിലുള്ളത്. സൌകര്യത്തിന് നമ്മുടെ സംസ്ഥാന ഭരണ കാലം വെച്ചാണ് കണക്ക് കൊടുത്തിട്ടുള്ളത്. അയ്യഞ്ചു ആണ്ടുകൾ കൂടുമ്പോൾ കടം (Total Outstanding Liability) എത്ര കൂടി എന്നതാണ് നോക്കുന്നത്. സഞ്ചിത കട ബാധ്യതയുടെ തുകയും വർദ്ധനവിന്റെ ശതമാനവുമാണ് കൊടുത്തിരിക്കുന്നത്. കേരളത്തിന്റേത് മാത്രമല്ല,എല്ലാ സംസ്ഥാനങ്ങളുടെയും ആകെ ബാധ്യതയും യൂണിയൻ സർക്കാരിന്റെ ബാധ്യതയും പട്ടികയിലുണ്ട്. ഒരു താരതമ്യ മനസിലാക്കലിന് ഈ കണക്കുകൾ ഉതകും.

പട്ടിക 3

മൊത്തം ബാധ്യത - കേരളം, എല്ലാ സംസ്ഥാനങ്ങൾ, കേന്ദ്ര സർക്കാർ (2006-2026) (കോടി രൂപയിൽ)

വർഷം	കേരളത്തിന്റെ മൊത്തം ബാധ്യത (outstanding liability)	വർദ്ധനയുടെ ശതമാനം (%)	എല്ലാ സംസ്ഥാനങ്ങളുടെയും മൊത്തം ബാധ്യത (outstanding liability)	വർദ്ധനയുടെ ശതമാനം (%)	കേന്ദ്ര സർക്കാരിന്റെ മൊത്തം ബാധ്യത (outstanding liability)	വർദ്ധനയുടെ ശതമാനം (%)
2006	47,883		1147717		2359972	
2011	83,963	75.35	1828976	59.35	4059590	72.03
2016	1,62,271	93.26	3218126	75.95	7098298	74.85
2021	3,10,856	91.56	6155000	91.26	12424179	75.03
2026	499503	60.68	9393318 (2025 മാർച്ച്)	52.61	20050511	61.38

Source: 1. Handbook of Statistics on Indian States 2025, RBI, 2. Handbook of Statistics on Indian Economy 2025, RBI, 3. Budget in Brief 2026-2027 GOK

2006 മുതൽ 2026 വരെയുള്ള കണക്കുകളാണ് കൊടുത്തിരിക്കുന്നത്. റിസർവ് ബാങ്ക് പ്രസിദ്ധീകരിച്ച കണക്കുകളാണ് ഈ പട്ടികയ്ക്ക് ആധാരം. അതിനേക്കാൾ ആധികാരികമായ മറ്റൊരു രേഖ ഉണ്ടാകില്ല.

എന്താണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്.

- 2006-2011ലെ വി.എസ്. അച്ചുതാനന്ദൻ മന്ത്രിസഭയുടെ കാലത്ത് ആകെ കടബാധ്യത 75.35% വർദ്ധിച്ചു. ഇതേ കാലയളവിൽ യൂണിയൻ സർക്കാരിന്റേത് 72.03 ശതമാനവും എല്ലാ സംസ്ഥാനങ്ങളുടെയും കൂട്ടായ ബാധ്യതയിൽ 59.35% വർദ്ധനവും ഉണ്ടായി.
- 2011-2016 ലെ ഉമ്മൻ ചാണ്ടി സർക്കാർ കാലത്ത് കേരളത്തിന്റെ കട ബാധ്യതയിലെ വർദ്ധനവ് 93.6 % ആയിരുന്നു. യൂണിയൻ സർക്കാരിന്റേത് 74.85% ഉം. എല്ലാ സംസ്ഥാനങ്ങളുടെയും കൂട്ടായ ബാധ്യത 75.95 ശതമാനവും വർദ്ധിച്ചു.
- 2016-2021 കാലത്തെ ഒന്നാം പിണറായി വിജയൻ സർക്കാർ കാലത്തെ കേരളത്തിന്റെ കട ബാധ്യതയിലെ വർദ്ധനവ് 91.56% ആയിരുന്നു. ഈ കാലത്തിന് ഒരു പ്രത്യേകതയുണ്ട്. 2018 ലെ മഹാപ്രളയം, 2019 ലെ തീവ്രപ്രളയം, 2020, 2021 കാലത്തെ കോവിഡ് മഹാമാരി എന്നിങ്ങനെ ദുരിതങ്ങളുടെ കാലമായിരുന്നു അത്. സംസ്ഥാനങ്ങൾക്ക് യൂണിയൻ സർക്കാർ അധിക വായ്പ അനുവദിച്ച കാലം. എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും അടച്ചുപൂട്ടിയ ലോക്ക് ഡൌൺ കാലത്ത് സർക്കാരുകൾക്ക് വരുമാനം ഉണ്ടാകില്ല എന്നതിനാലാണ് യൂണിയൻ സർക്കാർ അധിക വായ്പ അനുവദിച്ചത്. കോവിഡ് കാലത്തെ എല്ലാ സംസ്ഥാനങ്ങളുടെയും കൂട്ടായ ബാധ്യതയിൽ വന്ന വർദ്ധനവ് 91.26 ശതമാനമായിരുന്നു എന്നതും കാണാം. രാജ്യത്ത് ഉണ്ടായ ഈ പൊതു പ്രവണതയാണ് കേരളത്തിലും പ്രകടമായത്. അപ്പോഴും 2011-2016 കാലത്തെ ഉമ്മൻചാണ്ടി സർക്കാർ കാലത്തെ വർദ്ധനവോളം മഹാമാരിക്കാലത്ത് പോലും കേരളം എത്തിയില്ല എന്നുമനസിലാക്കണം. യൂണിയൻ സർക്കാരിന്റെ ബാധ്യതയിൽ ഈ കാലയളവിൽ ഉണ്ടായ വർദ്ധനവ് 75.03% ആണ്.
- 2021-2026 ആകെ കടബാധ്യതയിൽ ഉണ്ടായ വർദ്ധനവ് 60.68ശതമാനമാണ്.എല്ലാ സംസ്ഥാനങ്ങളുടെയും നാലു കൊല്ലത്തെ വർദ്ധനവ് (2025 മാർച്ച് വരെ) 52.61 ശതമാനമാണ്. 2026 മാർച്ച് വരെയുള്ള കണക്കുകൾ വരുമ്പോൾ കേരളത്തിന്റെ അതേ നിലയിൽ എല്ലാ സംസ്ഥാനങ്ങളുടെയും സ്ഥിതി എത്തും. യൂണിയൻ സർക്കാർ ബാധ്യതയിൽ 61.38 ശതമാനം വർദ്ധനവ് ഈ സമയത്ത് ഉണ്ടായി.

എന്നാൽ ഒരു പ്രത്യേക സാഹചര്യവും ഇല്ലാതെ ഉമ്മൻ ചാണ്ടിയുടെ കാലത്ത് കട ബാധ്യതയിൽ വന്ന പെരുക്കം 93.6 % ആയിരുന്നു എന്നത് മനസ്സിലാക്കണം. ഇതാണ് വസ്തുതയും കണക്കും.

പ്രചരിപ്പിക്കപ്പെടുന്നതു പോലെ കഴിഞ്ഞ പത്തു കൊല്ലമായി പിണറായി വിജയൻ സർക്കാരുകളുടെ കാലത്ത് കേരളത്തിന്റെ കടം അസാധാരണമായി പെരുകുകയായിരുന്നില്ല എന്നതാണ് കണക്കുകൾ കാണിക്കുന്നത്. കോവിഡ് കാലത്തു തന്നെ എല്ലാ സംസ്ഥാനങ്ങളുടെയും പ്രവണതയുമായി ചേർന്നു പോകുന്നതാണ് നമ്മുടെ സ്ഥിതിയും. 2021-2026 കാലത്തും ദേശീയ പ്രവണതയുമായി കൃത്യം ചേർന്നുള്ള കണക്കാണ് കേരളത്തിന്റേത്.

തുകക്കണക്കുകളിലുള്ള ഈ താരതമ്യം തന്നെ അസംബന്ധമാണ്. സംസ്ഥാന സമ്പദ് ഘടനയുടെ വലുപ്പത്തിന് ആനുപാതികമായി കടം എത്രയാണ് എന്നതിനു മാത്രമേ സാംഗത്യമുള്ളു . അതുകൊണ്ടാണ് ജി.ഡി.പി യുടെ അനുപാതമായി കടം എത്ര എന്ന കണക്കുകൾ ഔദ്യോഗികമായി ഉപയോഗിക്കുന്നത്. കടപ്പേടി പരത്തി ഇവിടം ഇടിഞ്ഞു വീഴാൻ പോകുന്നു എന്ന പ്രൊപ്പഗണ്ടയുമായി ഇറങ്ങുമ്പോൾ അതേ രീതി ഉപയോഗിച്ചു പരിശോധിക്കുക എന്ന യുക്തിയാണ് മുകളിൽ സ്വീകരിച്ചിട്ടുള്ളത്. പ്രചരിപ്പിക്കപ്പെടും പോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകളുടെ കാലത്തല്ല കടപ്പെരുക്കം കൂടിയത് എന്ന വസ്തുത കണക്കുകൾ വെച്ചു പറയുകയാണ് ചെയ്യുന്നത്.

പൊതു കടം (Public Debt)

കേരളം കടം കൊണ്ട് മുങ്ങിത്താഴുന്നു എന്ന പ്രചണ്ഡമായ പ്രൊപ്പഗണ്ടയുടെ പൊള്ളത്തരം അടുത്തിടെ പുറത്തു വന്ന CAG റിപ്പോർട്ട് വെളിവാക്കിയിട്ടുണ്ട്. ആദ്യമായി സംസ്ഥാനങ്ങളുടെ ധനസ്ഥിതിയിലെ ഒരു ദശാബ്ദക്കാലത്തെ (2013-2014 മുതൽ 2022-2023- “State Finances 2022-23: C&AG) പ്രവണതകൾ CAG ഈ റിപ്പോർട്ടിൽ വിശകലനം ചെയ്തു. എന്താണ് സംസ്ഥാനങ്ങളുടെ ധന സ്ഥിതിയിലെ ദീർഘകാല പ്രവണത എന്നു CAG കണ്ടെത്തിയത് എന്താണ്?

ഇവിടെ പ്രചരിപ്പിക്കപ്പെടുന്നതു പോലെ കേരളം കടം കൊണ്ട് മുടിഞ്ഞ ഒരു സംസ്ഥാനമല്ല (debt strained) എന്നാണ് ഈ റിപ്പോർട്ട് വ്യക്തമാക്കിയത്. അങ്ങനെ ചുമ്മാ പറയുകയല്ല ഈ റിപ്പോർട്ട്ചെയ്യുന്നത്.കൃത്യം കണക്ക് പറയുന്നുണ്ട്. ഇരുപത്തി എട്ട് സംസ്ഥാനങ്ങളിൽ എട്ടെണ്ണത്തിനു മുപ്പതു ശതമാനത്തിൽ അധികം പൊതുകടം (Public Debt) ഉണ്ട്. പതിന്നാലു സംസ്ഥാനങ്ങളുടെ പൊതുകടം 20 നും 30 നും ഇടയിലാണ്. ഇതിലാണ് കേരളം വരുന്നത്. കേരളത്തിന്റെ പൊതുകടം കൃത്യമായി പറഞ്ഞാൽ 24.71 ശതമാനമാണ്. ആ പതിന്നാലു സംസ്ഥാനങ്ങളിൽ തന്നെ കേരളം ഏഴാമതാണ്. കേരളത്തിന്റെ ഈ പൊതുകടം 2023-2024 ൽ 23.38 ശതമാനമായും 24-25 ൽ 23.33 ശതമാനമായും കുറയുകയാണ് എന്നതും ബജറ്റ് രേഖകൾ നോക്കിയാൽ മനസിലാകും.

എന്തുകൊണ്ടാണ് ഇവിടെ പൊതുകടം പറയുന്നത്? കടഭാരം അളക്കാൻ അനുയോജ്യമായത് പൊതുക്കടം അഥവാ Public Debt ആണ് എന്നത് CAG തന്നെ

അംഗീകരിക്കുകയാണ്. ബജറ്റിൽ നിന്നും പലിശയടക്കം തിരിച്ചടവ് നടത്തുന്ന കടം ഈ പൊതുകടമാണ്. ട്രഷറിയിൽ ആളുകൾ നിക്ഷേപിക്കുന്ന പണം (Public Account) സംസ്ഥാനത്തിന്റെ കട ബാധ്യതയാണ് എന്ന അനുമാനം അബദ്ധമാണ്. ഏതൊരു നിക്ഷേപവും പോലെ സ്വയം മാനേജ് ചെയ്യപ്പെടുന്നതാണ് Public Account എന്നതു കാണണം. ഇതിലാണ് പ്രോവിഡന്റ് ഫണ്ട്, ചെറുകിട സമ്പാദ്യ നിക്ഷേപങ്ങൾ എന്നിവ വരുന്നത്. പൊതു മേഖലാ സ്ഥാപനങ്ങളുടെ വായ്പ(കിഫ്ബി പോലെ)സംസ്ഥാന സർക്കാരിന്റെ പ്രിൻസിപ്പൽ ലയബിലിറ്റിയല്ല എന്നാണ് കേരളത്തിന്റെ വാദം. അവിടെയും തിരിച്ചടവ് ബജറ്റ് ബാധ്യതയല്ല. എന്നാൽ യൂണിയൻ സർക്കാരിന്റെ കുതന്ത്രങ്ങളുടെ വഴി പിടിച്ച് ഇതടക്കമുള്ള total outstanding liability യുടെ കണക്ക് എടുത്ത് കേരളം തകർന്നു എന്ന കഥ പ്രചരിപ്പിക്കുകയാണ് ഇവിടത്തെ രീതി.

കടത്തിന്റെ ചേരുവ

കടം ആഭ്യന്തര വരുമാനത്തിന്റെ ശതമാനമായി പറയുന്നതാണ് ശരി.എന്നാൽ കടം തുകയിൽ പറയുക, തുകയിലുള്ള വർദ്ധനവ് പറഞ്ഞു പേടിപ്പിക്കുക എന്നതാണ് വിമർശകർ സ്വീകരിക്കുന്ന സമീപനം. കേരളത്തിന്റെ ആകെ കട ബാധ്യത അഞ്ചു കൊല്ലം കൂടുമ്പോൾ ഇരട്ടിച്ചു കൊണ്ടിരിക്കുന്നു എന്ന കണക്ക് ഈ കടപ്പേടി പരത്തി എല്ലാം കടമാണ് എന്നു വരുത്താനുള്ള ഒരു പ്രൊപ്പഗണ്ടയാണ്. അതിന്റെ പൊള്ളത്തരം നാം തുറന്നു കാണിച്ചു കഴിഞ്ഞു.

CAG യുടെ ദശാബ്ദ അവലോകന റിപ്പോർട്ടിൽ കേരളത്തിന്റെ 2022-2023 ലെ ആകെ കട ബാദ്ധ്യതയായി പറഞ്ഞിരിക്കുന്നത് 385030 കോടി രൂപയാണ്. ഇതിൽ വിപണി വായ്പയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും ചേരുന്ന ആഭ്യന്തര കടം (internal debt) 227137 കോടി രൂപയാണ്. യൂണിയൻ സർക്കാരിൽ നിന്നുള്ള വായ്പയും അഡ്വാൻസുകളും (ഉദാഹരണത്തിന് മുണ്ടക്കൈ-ചൂരൽമല പശ്ചാത്തല നിർമ്മിതിയ്ക്ക് വായ്പയായി നൽകിയ 529.5 കോടി രൂപ പോലുള്ളവ) 25369 കോടി രൂപ. ഇത് രണ്ടും ചേരുന്ന 252506 കോടി രൂപയാണ് 2022-2023 ലെ പൊതുക്കടം (public Debt) എന്നു പറയുന്നത്. ട്രഷറി നിക്ഷേപം (Public Account) 132524 കോടി രൂപയാണ്. ഇത് നമ്മുടെ ആകെ കട ബാധ്യതയുടെ 34.5 ശതമാനമാണ്. ഇത് ബജറ്റിൽ നിന്നും തിരിച്ചടവ് നടത്തുന്ന പണമല്ല എന്നത് മനസിലാക്കേണ്ടതുണ്ട്. അതേ സമയം എല്ലാ സംസ്ഥാനങ്ങളുടെയും ശരാശരി Public Account ബാധ്യത ആകെ കട ബാധ്യതയുടെ 18 ശതമാനമേയുള്ളൂ . മറ്റൊരു തരത്തിൽ പറഞ്ഞാൽ എല്ലാ സംസ്ഥാനങ്ങളുടെയും സ്ഥിതി എടുത്താൽ ആകെ കടബാധ്യതയുടെ 82 ശതമാനവും ബജറ്റിൽ നിന്നും തിരിച്ചടവ് വരുന്നവയാണെങ്കിൽ കേരളത്തിൽ ഇത് 65.5 ശതമാനം മാത്രമാണ്. ഇതിനു കാരണം കേരളത്തിൽ വലിയ തോതിൽ ജനങ്ങൾ നിക്ഷേപം നടത്തുന്ന സംവിധാനമാണ് ട്രഷറി എന്നതാണ്. ഇതും ചേർത്ത് തുകക്കണക്കിൽ കടം പറഞ്ഞു പേടിപ്പിക്കുന്നതാണ് ഇവിടെ അവലംബിക്കുന്ന രീതി.

കടം - ജിഡിപി അനുപാതം

കടം- ജിഡിപി അനുപാതവും കുറയുകയാണ്. 2000 മുതൽ 2025 വരെയുള്ള സഞ്ചിത കടം GSDP യുടെ ശതമാനമായി നോക്കിയാൽ ഏറ്റവും ഉയർന്ന കടം/ GSDP അനുപാതം 2004-2005 ലായിരുന്നു. 41.65 ശതമാനം. തൊട്ടു തലേക്കൊല്ലം 41.53 ശതമാനം. ഈ സഞ്ചിത കടം എന്നതിൽ ഇപ്പോഴത്തെ പോലെ ട്രഷറി നിക്ഷേപം ഒന്നും അന്ന് കണക്കിലെടുത്തിട്ടില്ല. അതു കൂടി ചേർന്നാൽ ഈ അനുപാതം 45 ശതമാനത്തിനും മുകളിലാകണം.അന്ന് കേരളം ഭരിച്ചിരുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നാണിയായിരുന്നില്ല എന്നോർക്കണം.എന്നാൽ അതുകൊണ്ട് കേരളം മുടിഞ്ഞു പോയി എന്ന നിലപാടില്ല. അതു ക്രമേണ താഴുകയാണ് ചെയ്തത്.

2020-21ൽ കോവിഡിന്റെ പശ്ചാത്തലത്തിൽ പോലും വന്ന കടം GSDP അനുപാതം 38.51 ശതമാനമാണ്. സമ്പദ്ഘടന വീണ്ടെടുപ്പ് കൈവരിക്കുന്നതോടെ അതു സാധാരണ നിലയിലെത്തും എന്നതാണ് അന്നു പറഞ്ഞത്. പക്ഷെ കടം കൊണ്ട് കേരളത്തെ മുടിക്കുന്നു എന്നായിരുന്നല്ലോ ആ കാലത്തെ ദുഷ്പ്രചാരണം. ഇപ്പോൾ ഇത് 33.26 ശതമാനമായി കുറഞ്ഞു കഴിഞ്ഞു. എന്നാൽ ഇന്ത്യാ സർക്കാരിന്റെ കടം ആഭ്യന്തര വരുമാന അനുപാതം ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 55.1 ശതമാനമാണ്.യൂണിയൻ സർക്കാർ കടം കൊണ്ട് മുടിഞ്ഞു എന്നു പറയണ്ടേ? എന്തായാലും കേരളം debt strained സംസ്ഥാനമാണ് എന്ന ആഖ്യാനം CAG റിപ്പോർട്ട് പൊളിച്ചിട്ടുണ്ട്.

പതിനാറാം ധനക്കമ്മീഷൻ തീർപ്പ്

പതിനാറാം ധനക്കമ്മീഷൻ സംസ്ഥാനങ്ങളോട് ചെയ്തത് എന്താണ്? സംസ്ഥാനങ്ങളുടെ നികുതി വിഹിതം പതിനഞ്ചാം ധനക്കമ്മീഷൻ കാലത്ത് എന്നത് പോലെ 41 ശതമാനമായി നിലനിർത്തിയതും, കേരളത്തിന്റെയും തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളുടെയും നികുതി വിഹിതം ഉയർത്തിയതും വഴി പശ്ചാത്തലത്തിൽ ധനക്കമ്മീഷൻ എന്തോ വലിയ സഹായം സംസ്ഥാനങ്ങൾക്ക് ചെയ്തു എന്ന ഒരു ആഖ്യാനമാണ് പൊതുവിൽ മാധ്യമങ്ങൾ സ്വീകരിക്കുന്നത്. ധനക്കമ്മീഷൻ തീർപ്പ് പ്രകാരം എന്തൊക്കെ വിധത്തിലുള്ള യൂണിയൻ ട്രാൻസ്ഫർ ആണ് ഭരണ ഘടന വിഭാവനം ചെയ്തിരിക്കുന്നത് എന്നത് കണക്കിലെടുക്കാതെയുള്ള നിഗമനമാണ് ഇങ്ങനെ പ്രചരിപ്പിക്കപ്പെടുന്നത്.

സെസ്സുകളും സർച്ചാർജ്ജുകളും ഒഴികെയുള്ള യൂണിയൻ നികുതി വരുമാനത്തിൽ പിരിവു ചെലവ് കിഴിച്ചുള്ള തുകയാണ് യൂണിയനും സംസ്ഥാനങ്ങളുമായി പങ്കു വെയ്ക്കേണ്ടത്. ഇതിനെയാണ് divisible pool എന്നുപറയുന്നത്. പങ്കു വെയ്ക്കേണ്ട നികുതിയുടെ വലിപ്പം ധന വിന്യാസത്തിൽ അതി പ്രധാനമാണ് എന്നു കാണണം. ഈ പങ്കുവയ്ക്കേണ്ട നികുതിയിൽ വരാത്ത വിധം യൂണിയൻ സർക്കാർ നികുതി ചുമ

ത്തിയാൽ അതു സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാതെ സ്വന്തം കീശയിൽ തന്നെ ഇടാമല്ലോ?

പതിന്നാലാം ധനക്കമ്മീഷൻ സംസ്ഥാനങ്ങളുടെ വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി ഉയർത്തിയപ്പോൾ പ്രധാനമന്ത്രി മോദി പിൻവാതിൽ വഴി ധനക്കമ്മീഷനെ സ്വാധീനിച്ച് ഇത് കുറയ്ക്കാൻ നടത്തിയ നീക്കം പുറത്തു വന്നിരുന്നു. ഈ നീക്കം ഫലം കാണാതെ വന്നതോടെയാണ് യൂണിയൻ സർക്കാർ സംസ്ഥാനങ്ങളുമായി പങ്കു വെയ്ക്കേണ്ടതില്ലാത്ത വിധം നികുതി ചുമത്തുന്ന വഴികൾ വ്യാപകമാക്കാൻ തുടങ്ങിയത്. അങ്ങനെയാണ് യൂണിയൻ സർക്കാരിന്റെ ആകെ നികുതി വരുമാനത്തിൽ (Gross Tax Revenue) സെസ്സുകളും സർച്ചാർജ്ജുകളും പെരുകുന്നത്. എണ്ണ വിലയിൽ വരുന്ന കുറവു ജനങ്ങൾക്ക് കൈമാറാതെ അധിക നികുതിയായി ഈടാക്കി കൈവശം വെയ്ക്കാൻ മോദി സർക്കാരുകൾ സ്വീകരിച്ച വഴി ഇങ്ങനെ സെസ്സുകളും സർച്ചാർജ്ജുകളും ആയി അവ ഈടാക്കുക എന്നതാണ്.

സെസ്സുകളുടെയും സർചാർജുകളുടെയും പ്രത്യാഘാതം

പതിനാറാം ധനക്കമ്മീഷൻ റിപ്പോർട്ട് തന്നെ ഇവയുടെ പെരുക്കം സംബന്ധിച്ച് പറയുന്നത് നോക്കാം. 2014-2015 കാലത്ത് യൂണിയൻ സർക്കാരിന്റെ ആകെ നികുതി വരുമാനത്തിന്റെ 89.1 ശതമാനവും സംസ്ഥാനങ്ങളുമായി പങ്കു വെയ്ക്കേണ്ട നികുതിയായിരുന്നു. അഥവാ 89.1 ശതമാനം ഡിവിസിബിൾ പൂളിൽ വരുമായിരുന്നു. എന്നാൽ പതിനഞ്ചാം ധനക്കമ്മീഷൻ കാലത്ത് ഇത് 74 ശതമാനം വരെയായി ഗണ്യമായി ചുരുങ്ങി എന്നാണ് ധനക്കമ്മീഷൻ റിപ്പോർട്ട് പറയുന്നത്. ("With cesses and surcharges having cut the size of the divisible pool from 89.1 per cent of GTR in 2014-15 to a 74-80 per cent range during the first four years of the FC-15 award period for which actuals are available, there is no room for cutting the States' share in it" -Sixteenth FC report)

ഇതിന്റെ ഫലം എന്താണ്? പതിന്നാലാം ധനക്കമ്മീഷൻ കാലയളവിൽ യൂണിയൻ സർക്കാരിന്റെ ആകെ നികുതി വരുമാനത്തിന്റെ 39.4 ശതമാനം സംസ്ഥാനങ്ങൾക്ക് നികുതി വിഹിതമായും ധനക്കമ്മീഷൻ ഗ്രാൻടുകളുമായി കൈമാറിയിരുന്നത് പതിനഞ്ചാം ധനക്കമ്മീഷൻ കാലത്ത് 37.6 ശതമാനമായി ഗണ്യമായി കുറഞ്ഞു. പതിനാറാം ധനക്കമ്മീഷൻ റിപ്പോർട്ട് തന്നെയാണ് ഈ കണക്ക് വ്യക്തമാക്കുന്നത്. സംസ്ഥാനങ്ങളുടെ നികുതി വിഹിതം കുറയ്ക്കണം എന്നഒരു ആവശ്യം പ്രകടമായി യൂണിയൻ സർക്കാർ ധനക്കമ്മീഷനോട് ആവശ്യപ്പെട്ടില്ല എന്നു കമ്മീഷൻ തന്നെ പറയുന്നുണ്ട്. എന്നാലും മോദി സർക്കാരിന്റെ ഇംഗിതം മനസിലാക്കി കമ്മീഷൻ ഇതിന്റെ സാധ്യത പരിശോധിച്ചപ്പോൾ എത്തിയ നിഗമനമാണ് മുകളിൽ ഉദ്ധരിച്ചത്. കുറയ്ക്കാൻ ഒരു നിവൃത്തിയുമില്ല എന്നതാണ് കണ്ടെത്തിയത്.

ധനകമ്മീഷന്റെ "ഗ്രാൻഡ് ഒത്തുതീർപ്പ്"

എന്നാൽ കേരളം അടക്കമുള്ള സംസ്ഥാനങ്ങളും പ്രാമാണികന്മാരായ പബ്ളിക് ഫിനാൻസ് വിദഗ്ധരും എല്ലാം ഉന്നയിച്ച ഒരു ആവശ്യമുണ്ട്. സെസ്സുകൾക്കും സർച്ചാർജ്ജുകൾക്കും ഉയർന്ന പരിധി ബാധകമാക്കുക. അതായത് ആകെ നികുതി വരുമാനത്തിന്റെ നിശ്ചിത ശതമാനം മാത്രം ഡിവിസിബിൾ പൂളിൽ പ്പെടാത്ത വരുമാനമായി നിയന്ത്രിക്കുക. അപ്പോൾ ഡിവിസിബിൾ പൂൾ കൂടും. സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന പണവും കൂടും. എന്നാൽ ഇതു തങ്ങൾ തീരുമാനിക്കുന്നില്ല എന്നാണ് കമ്മീഷൻ പറഞ്ഞത്. ഡിവിസിബിൾ പൂൾ ഉയർത്തിയാൽ സംസ്ഥാന നികുതി വിഹിതം കുറയ്ക്കേണ്ടി വരും എന്നാണ്. ആ ഒരു grand bargain ന്റെ ഭാഗമാണ് സംസ്ഥാന വിഹിതം 41 ശതമാനമായി നിലനിർത്തുന്നത് എന്നർത്ഥം. ഇതിന്റെ മറുപുറം എന്താണ്? യഥേഷ്ടം സെസ്സുകളും സർച്ചാർജ്ജുകളും ചുമത്തി കീശയിലിടാൻ കമ്മീഷൻ യൂണിയൻ സർക്കാരിന് ഫ്രീ ഹാൻഡ് കൊടുത്തിരിക്കുന്നു എന്നതാണ്. സംസ്ഥാനങ്ങൾക്ക് ഉയർന്ന നികുതി വിഹിതത്തിനും യൂണിയൻ ട്രാൻസ്ഫറിനും അർഹതയുണ്ട് എന്നു കമ്മീഷൻ കരുതുന്നതേയില്ല.

കേരളം അടക്കമുള്ള ചില സംസ്ഥാനങ്ങൾ മറ്റൊരു സുപ്രധാനമായ ആവശ്യം ധനക്കമ്മീഷന് മുന്നിൽ ഉന്നയിച്ചിരുന്നു. യൂണിയൻ നികുതിയേതര വരുമാനം സംസ്ഥാനങ്ങളുമായി പങ്കു വെയ്ക്കണം എന്ന ആവശ്യം. ഇതിന്റെ പ്രാധാന്യം മനസിലാക്കാൻ യൂണിയൻ സർക്കാരിന്റെ നികുതിയേതര വരുമാന വളർച്ചയുടെ വലിപ്പം മനസിലാക്കണം. ഡിവിഡന്റ്, ലാഭം, ഓഹരി വിൽപ്പന, യൂസർ ഫീസ് തുടങ്ങിയ ഇനങ്ങളിൽ 2023 ൽ യൂണിയൻ സർക്കാരിന്റെ നികുതിയേതര വരുമാനം 2.55 ലക്ഷം കോടി രൂപയായിരുന്നത് 2026 ലെ ബജറ്റ് അനുമാന കണക്കുകൾ പ്രകാരം 5.34 ലക്ഷം കോടി രൂപയാണ്. ഈ വരുമാനം ഉണ്ടാക്കുന്ന സ്ഥാപനങ്ങളും നിർമ്മിതികളും സൌകര്യങ്ങളും എല്ലാം സംസ്ഥാനങ്ങളുടെ കൂടെ ചെലവിലുള്ളതും അവിടെ നിന്നും പിരിച്ച നികുതിയുടെ ഫലവുമാണ്.

ഉദാഹരണത്തിന് കൊച്ചിയിലെ HMT ഭൂമി വില്പനയിലൂടെ പണം സമാഹരിക്കുന്നു എന്നിരിക്കട്ടെ. ഈ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുത്തു കൈമാറിയതല്ലേ? ഇപ്പോൾ പണി പൂർത്തിയാകുന്ന ദേശീയ പാതയിൽ നിന്നും ലഭിക്കുന്ന ടോൾ വരുമാനത്തിലെ യൂണിയൻ സർക്കാർ വിഹിതം നോക്കൂ. സംസ്ഥാനം ഭൂമി ഏറ്റെടുക്കാൻ 6000 കോടി രൂപയാണ് ചെലവഴിച്ചത്. ഇങ്ങനെ നികുതിയേതര വരുമാനത്തിനുള്ള സംസ്ഥാനങ്ങളുടെ അർഹത തർക്കമറ്റ കാര്യമാണ്. എന്നാൽ സംസ്ഥാനങ്ങളുമായി പങ്കുവെക്കേണ്ട ഡിവിസിബിൾ പൂൾ സമ്പുഷ്ടമാക്കുക എന്ന അടിസ്ഥാന അജണ്ട എതക്കെയോ ഗ്രാൻഡ് ബാർഗെയ്നിന്റെ ഭാഗമായി കയ്യൊഴിയുകയാണ് പതിനാറാം ധനക്കമ്മീഷൻ ചെയ്യുന്നത്.

അതേ സമയം വിഭവ സമാഹരണ അധികാരങ്ങൾ 67-68 ശതമാനവും യൂണിയൻ സർക്കാരിനാണെന്നും ചെലവു ബാധ്യതകൾ ഏറെയും സംസ്ഥാനങ്ങളുടെ

ചുമലിൽ ആണെന്നും കമ്മീഷൻ റിപ്പോർട്ടിൽ ആവർത്തിക്കുന്നുമുണ്ട്. എന്തൊക്കെയോ ഒത്തുതീർപ്പുകൾ നടത്തുന്നവർ ഈ അടിസ്ഥാന അസന്തുലിതാവസ്ഥ (Vertical imbalance) പരിഹരിക്കുന്നതെങ്ങനെ?

കേരളത്തെ തുണച്ചോ?

ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനങ്ങൾക്ക് നീക്കി വെച്ച 41 ശതമാനത്തിന്റെ കഥയാണ് ചർച്ച ചെയ്തത്. ഈ സംസ്ഥാന വിഹിതത്തിൽ നിന്നും കേരളത്തിനു ലഭിക്കുന്ന പങ്ക് (inter se share) പതിനഞ്ചാം ധനക്കമ്മീഷൻ കാലത്തെ 1.925 ശതമാനത്തിൽ നിന്നും 2.382 ശതമാനമായി ഉയർന്നിട്ടുണ്ട്. ഇത് സ്വാഗതാർഹം തന്നെയാണ്. എന്നാൽ പത്താം ധനക്കമ്മീഷൻ കാലത്തെ കേരളത്തിന്റെ വിഹിതം 3.875 ശതമാനമായിരുന്നു. അതാണ് പതിനഞ്ചാം ധനക്കമ്മീഷൻ കാലത്ത് 1.925 ആയി കുറഞ്ഞത്. പത്താം ധനക്കമ്മീഷൻ കാലത്തെ അപേക്ഷിച്ച് പതിനഞ്ചാം ധനക്കമ്മീഷൻ കാലത്ത് കേരളത്തിനു 50 ശതമാനം കുറവു വിഹിതമായിരുന്നു കിട്ടിയത്. ഈ വ്യത്യാസം ഇപ്പോൾ 38.5 ശതമാനമായി കുറഞ്ഞു എന്നതാണ് വസ്തുത. സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഹിതം പങ്കു വെയ്ക്കുന്നതിലുള്ള (Horizontal devolution) മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റമാണ് ഇങ്ങനെ പ്രതിഫലിച്ചത്.

പതിനാറാം ധനക്കമ്മീഷൻ പുതിയ മാനദണ്ഡം കൊണ്ട് വന്നു. ദേശീയ വരുമാനത്തിൽ സംസ്ഥാനങ്ങളുടെ സംഭാവനയ്ക്ക് 10 ശതമാനം വെയ്റ്റ് ഏർപ്പെടുത്തി. സംസ്ഥാനങ്ങളുടെ കൂട്ടായ ആഭ്യന്തര വരുമാനത്തിൽ ഓരോ സംസ്ഥാനത്തിന്റെയും പങ്ക് കണക്കാക്കിയാണ് ഈ വെയ്റ്റ് നിർണ്ണയിച്ചത്.ഇത് തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളെ പൊതുവിൽ തുണച്ചിട്ടുണ്ട്.

അതേ സമയം ജനസംഖ്യാ നിയന്ത്രണത്തിനുള്ള വെയ്റ്റ് 12.5 ശതമാനത്തിൽ നിന്നും പത്തു ശതമാനമായി കുറച്ചു. വളരെ ദൂരവ്യാപകമായ പ്രതിഫലനങ്ങൾ ഉണ്ടാക്കാൻ പോന്ന പരാമർശം ഇവിടെ ധനക്കമ്മീഷൻ നടത്തുന്നുണ്ട്. പ്രത്യുൽപ്പാദന നിരക്കിലെ (TFR) പ്രോൽസാഹിപ്പിക്കപ്പെടുന്നതിൽ കമ്മീഷൻ സംശയം ഉന്നയിക്കുന്നുണ്ട്. ഇത് വൃദ്ധ ജന ചേരുവ ഉയരുന്നതിനു കാരണമാകുന്നു എന്നു പറയുന്നുണ്ട് കമ്മീഷൻ. എന്നാൽ വൃദ്ധജന ചേരുവയും ആശ്രിതത്വ നിരക്കും വർദ്ധിക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേക ധനസഹായ സംവിധാനം എന്ന സംവിധാനം പതിനാറാം ധനക്കമ്മീഷൻ അംഗീകരിക്കുന്നുമില്ല. പകരം demographic performance നുള്ള വെയ്റ്റ് കുറയ്ക്കുകയും ചെയ്തു.

രാജ്യം രൂപീകരിക്കുന്ന നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്ന (efficient regulatory/policy compliance) സംസ്ഥാനങ്ങൾ പ്രോൽസാഹിപ്പിക്കപ്പെടണം എന്ന സമീപനം നിരാകരിക്കുന്നു. ധനവിന്യാസ തത്ത്വങ്ങൾ പ്രാധാനമായും need, equity, efficiency എന്നിവയാണ്. ഇവിടെ efficiency തിരസ്കരിക്കപ്പെടുകയാണ് ചെയ്യുന്നത്. മാനദണ്ഡങ്ങളിലെ മാറ്റം വരുത്തുന്ന ഫലങ്ങൾ പ്രത്യേകമായി വിശദമായി പരിശോധിക്കേണ്ടതാണ്.

ഗ്രാന്റുകൾ

നികുതി വിഹിതം മാത്രമല്ല ധനക്കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനങ്ങൾക്ക് കൈമമാറ്റം ചെയ്യപ്പെടുന്നത്. ഭരണ ഘടനയുടെ ആർട്ടിക്കിൾ 275 പ്രകാര മുള്ള ഗ്രാൻറ്റുകൾ വിതരണം ചെയ്യുന്നതും ധനക്കമ്മീഷന്റെ ഉത്തരവാദിത്തമാണ്. ധനക്കമ്മീഷൻ ഗ്രാൻറ്റുകളുടെ പ്രത്യേകത അവ നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചാണ് വിന്യസിക്കപ്പെടുന്നത് എന്നതാണ്. നികുതി വിഹിതവും ഈ ഗ്രാൻറ്റുകളും ചേരുന്നതാണ് ധനക്കമ്മീഷൻ കൈമാറ്റം അഥവാ Finance Commission Transfer എന്നു പറയുന്നത് . പതിനഞ്ചാം ധനക്കമ്മീഷൻ നിശ്ചയിച്ച വിവിധ ഇനങ്ങളിലെ ഗ്രാൻറ്റുകൾ ഇവയാണ്. 2021-2026 കാലത്തെ കണക്കാണ് ഇവിടെ പറയുന്നത്. 2020-2021 വർഷത്തെ ധന വിന്യാസം ഒരു പ്രത്യേക റിപ്പോർട്ട് പ്രകാരമായിരുന്നു. അസാധാരണമായ ഒരു മഹാമാരിക്കാലത്തെ പ്രത്യേക റിപ്പോർട്ട് എന്നു കണക്കാക്കി അതു ഇവിടെ പരിശോധിക്കുന്നില്ല.

- റവന്യൂക്കമ്മി ഗ്രാന്റ് 294514 കോടി രൂപ
- സെക്ടർ സ്പെസിഫിക് ഗ്രാന്റ് – 122037 കോടി രൂപ
- സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റ് – 49599 കോടി രൂപ

ഈ മൂന്നിനം ഗ്രാൻറ്റുകളും പതിനാറാം ധനക്കമ്മീഷൻ ഒറ്റയടിക്ക് റദ്ദാക്കി. കഴിഞ്ഞ ധനക്കമ്മീഷൻ കാലത്തെ കണക്കുകൾ വെച്ചു തന്നെ സംസ്ഥാനങ്ങൾക്ക് മാനദണ്ഡ പ്രകാരം കിട്ടിയിരുന്ന 466150 കോടി രൂപ പോയി എന്നു ചുരുക്കം. ഇതിൽ കേരളത്തിനു കിട്ടിയത് 41236 കോടി രൂപയായിരുന്നു. വാർഷിക ശരാശരി 8447 കോടി രൂപ. ഇതാണ് ഒറ്റയടിക്ക് പതിനാറാം ധനക്കമ്മീഷൻ ഇല്ലാതാക്കിയത്. നികുതി വിഹിത വർദ്ധനവ് വരുത്തുന്ന മെച്ചം ഇതോടെ പൂർണ്ണമായും ഇല്ലാതാകുന്നതാണ് കേരളത്തിന്റെ സ്ഥിതി.

ധനക്കമ്മീഷൻ ഗ്രാന്റ് ഇല്ലാതാക്കി തന്നിഷ്ട ഗ്രാന്റ് പെരുപ്പിക്കുന്നു.

തദ്ദേശ ഭരണ സ്ഥാപങ്ങൾക്കുള്ള ധനക്കമ്മീഷൻ ഗ്രാന്റും ദുരന്ത പ്രതികരണ ഗ്രാന്റും (disaster financing grant) ഒഴികെ മറ്റെല്ലാ ഇനം ധനക്കമ്മീഷൻ ഗ്രാന്റുകളും നിർത്തലാക്കിയത് വഴി യൂണിയൻ സർക്കാർ കീശയിലാക്കിയത് കുറഞ്ഞത് അഞ്ചു ലക്ഷം കോടി രൂപയാണ്. സംസ്ഥാന വിഹിതം വളരെ ഉദാരമായി 41 ശതമാനമായി നിലനിർത്തി എന്ന വാദത്തിന്റെ പൊള്ളത്തരം ഇവിടെയാണ് കിടക്കുന്നത്.

ഇങ്ങനെ ധനക്കമ്മീഷൻ അറിഞ്ഞുകൊണ്ട് യൂണിയൻ സർക്കാരിന് വിട്ടുകൊടുത്ത ഈ അഞ്ചു ലക്ഷം കോടി രൂപ അവർ നിക്ഷിപ്ത രാഷ്ട്രീയ ലക്ഷ്യങ്ങളോടെ ഉപയോഗിക്കുകയാകും ഫലം. യൂണിയൻ സർക്കാർ നല്കുന്ന ഗ്രാന്റുകൾ ആർട്ടിക്കിൾ 275 പ്രകാരം മാത്രമുള്ളതല്ല. അർട്ടിക്കിൾ 282 പ്രകാരം തന്നിഷ്ട പ്രകാരം ഗ്രാന്റ് അനുവദിക്കുന്നതിനുള്ള അധികാരം യൂണിയൻ

സർക്കാരിനുണ്ട്. അതിനുള്ള പണം (Fiscal Space) വേണം എന്നു മാത്രം. മാനദണ്ഡ പ്രകാരം അനുവദിക്കുന്ന ധനക്കമ്മീഷൻ ഗ്രാന്റ് പലതും ഇല്ലാതാക്കി 5 ലക്ഷം കോടി രൂപയുടെ Fiscal Space മോദി സർക്കാരിന് ഉണ്ടാക്കി കൊടുക്കുന്ന നിക്ഷിപ്ത രാഷ്ട്രീയ നടപടിയാണ് അരവിന്ദ പനാഗരിയയും ടീമും ചെയ്തത്.

സംസ്ഥാന തെരെഞ്ഞെടുപ്പുകളിൽ ഇരട്ട എഞ്ചിൻ സർക്കാർ ഉണ്ടാക്കാൻ ഈ ഫിസ്കൽ സ്പേസ് നൽകുന്ന സ്വാതന്ത്ര്യത്തിൽ തന്നിഷ്ട പ്രകാരം പൊതുപ്പണം ദുരുപയോഗിക്കപ്പെടുന്നതാണ് ഉടന്നുണ്ടാകുന്ന ഫലം. ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ യൂണിയൻ എന്നത് യൂണിയനും ശാഖകളും എന്നായി മാറുക എന്നതാകും ഫലം.

കിഫ്ബിയും മൂലധന നിക്ഷേപവും

പുതിയ തലമുറയുടെ സ്വപ്നങ്ങൾക്ക് നമ്മുടെ വിഭവ പരിമിതി തടസമായിക്കൂട എന്ന ദീർഘ വീക്ഷണത്തിന്റെ ഉൽപ്പന്നമാണ് കിഫ്ബി മാതൃക. പഠിച്ച കുട്ടികളാണ് നമ്മുടെ നാടിന്റെ സ്വത്ത്. അവർക്കിനി ഇവിടെ പഠിപ്പിനൊത്ത പണിയുണ്ടാകണം. അതിനു വേണ്ട സംരംഭങ്ങൾ വളരണം. പുത്തൻ തലമുറയുടെ അഭിരുചികൾക്കും ആഗ്രഹങ്ങൾക്കുമൊത്ത തൊഴിലുകൾ ഇനിയുമിനിയും വളരണം. നല്ല റോഡും, ശുദ്ധ ജലവും , വൈദ്യുതി, ഇന്റർനെറ്റ് ലഭ്യതയും എല്ലാം ഉറപ്പാക്കിയാൽ മാത്രമേ സംരംഭങ്ങൾ വരൂ. സ്കൂളും. കോളേജും ആശുപത്രിയും എല്ലാം മാറിയ ജീവിതാവശ്യങ്ങൾക്കൊത്ത് ആധുനികമാകണം. അല്ലാതെ പുതിയ തലമുറയോടു നീതി ചെയ്യാനാവില്ല.

2016 ലെ നിയമ ഭേദഗതിയിലൂടെ പുനരാവിഷ്കരിച്ച കിഫ്ബി ഈ വീക്ഷണത്തിന് പ്രായോഗിക രൂപം നൽകി. തുടക്കത്തിൽ മലർപ്പൊടിക്കാരന്റെ സ്വപ്നം എന്നൊക്കെ ആക്ഷേപിക്കപ്പെട്ട കിഫ്ബി ഇന്നു കേരളത്തിന്റെ അടിസ്ഥാന പശ്ചാത്തല മേഖലയുടെ സ്വഭാവം ലോക നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രായോഗിക ഇടതുപക്ഷ ബദൽ മാതൃകയായി വളർന്നു. സംസ്ഥാന സർക്കാർ ബജറ്റിൽ നിന്നും നിയമപ്രകാരം അനുവദിക്കുന്ന നികുതിയിൽ നിന്നും വായ്പ എടുക്കുന്നു. ഒരു പ്രത്യേക പ്രോജക്ട് വെച്ചല്ല വായ്പ എടുക്കുന്നത്. സംസ്ഥാന നിയമസഭയും മന്ത്രിസഭയും തീരുമാനിക്കുന്ന വ്യത്യസ്ത പദ്ധതികൾക്കാണ് ഈ വായ്പ ഉപയോഗിക്കുന്നത്. കിഫ്ബി യാഥാർഥ്യമാക്കിയ പദ്ധതികൾ ഇവിടെ വിശദീകരിക്കുന്നില്ല. പശ്ചാത്തല സൗകര്യ മേഖല സംബന്ധിച്ച അദ്ധ്യായത്തിൽ അതുണ്ടാകും.

എന്നാൽ ഈ കുറിപ്പിന്റെ തുടക്കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കട്ടെ. റവന്യൂ ചെലവുകളുടെ ആധിക്യം നാം കണ്ടു. അത് എത്ര കണ്ട് അനിവാര്യമാണ് എന്നതും നാം കണ്ടു. മൂലധന ചെലവിന് ഇത് മൂലം പണം കണ്ടെത്താനാകാതെ നമ്മുടെ പശ്ചാത്തല സൌകര്യത്തിൽ വരുന്ന വിടവ് (infrastructure gap) നമ്മുടെ പുതിയ തലമുറയുടെ സ്വപ്നങ്ങൾക്ക് വിഘാതമായി മാറുന്നതായിരുന്നു സ്ഥിതി. ഇതാണ് കിഫ്ബി അഭിസംബോധന ചെയ്യുന്നത്.

കിഫ്ബി 96531 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. ഇതിൽ 38535 കോടി രൂപയാണ് ചെലവഴിക്കപ്പെട്ടത്. കിഫ്ബി പദ്ധതികളിൽ നല്ല ഭാഗം നടന്നു വരികയാണ്. ഇപ്പോൾ തന്നെ കിഫ്ബി നാട്ടിൽ വരുത്തിയ മാറ്റം നിക്ഷേപത്തിലും തൊഴിലിലും എല്ലാം പ്രതിഫലിക്കുന്നുണ്ട്. മുന്നോട്ടുള്ള വഴിയിൽ കിഫ്ബിയുടെ സുഗമമായ പ്രവർത്തനം എത്രമേൽ അനിവാര്യമാണ് എന്നു വ്യക്തം. ഇപ്പോൾ പുതിയതായി പ്രഖ്യാപിക്കപ്പെട്ട MC റോഡ് വികസനം, ശബരി റയിൽ പാത തുടങ്ങി പുതിയ പദ്ധതികൾക്കും ധന സ്രോതസ് ഉണ്ടാകണം.

ഈ പശ്ചാത്തലത്തിലാണ് കിഫ്ബി വായ്പ പൂർണ്ണമായും സംസ്ഥാനത്തിന്റെ പ്രിൻസിപ്പൽ ലയബിലിറ്റി ആയി കണ്ട് നമ്മുടെ സർക്കാർ വായ്പയുടെ പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന തീരുമാനം യൂണിയൻ സർക്കാർ നടപ്പിലാക്കുന്നത്. ഇത് വലിയ വെല്ലുവിളിയാണ്. യൂണിയൻ സർക്കാർ നിയന്ത്രണത്തിലുള്ള NHAI പോലുള്ള സ്ഥാപനങ്ങൾ എടുക്കുന്ന വായ്പ ഇങ്ങനെ യൂണിയൻ സർക്കാർ ലയാബിലിറ്റിയായി കണക്കാക്കുന്നുമില്ല. പറയുന്ന ന്യായം NHAI പദ്ധതികൾ വരുമാനം ഉണ്ടാക്കുന്നവയാണ്. അതിൽ നിന്നാണ് വായ്പ തിരിച്ചടവ്. എന്നാൽ കിഫ്ബി ബജറ്റിൽ നിന്നുള്ള നികുതി വിഹിതത്തിൽ നിന്നാണ് തിരിച്ചടവ് നടത്തുന്നത്. അതിനാലാണ് കിഫ്ബി വായ്പ സംസ്ഥാന സർക്കാർ വായ്പയായി കണക്കിലാക്കുന്നത് എന്നതാണ്. കിഫ്ബി പദ്ധതികളിൽ 25-30 ശതമാനം വരുമാനം ഉണ്ടാക്കുന്നവയാണ്. എന്നാൽ അത് യൂണിയൻ സർക്കാറിന് ബോധ്യമാകുന്നില്ല.

കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഈ മൂലധന മുടക്ക് മുടങ്ങാതെ കൊണ്ടു പോകേണ്ടതുണ്ട്. ഒരു തരത്തിലും ജനങ്ങളുടെ മേൽ ദുർവ്വഹമായ ഭാരം കൊണ്ടുവരിക എന്നത് ഇടതു പക്ഷം അംഗീകരിക്കുന്ന ബദൽ അല്ല. അപ്പോൾ ഈ പ്രതിസന്ധിയെ മറികടക്കുന്നതിനുള്ള തന്ത്രം എന്താകും? 2016 ൽ എന്ന പോലെ 2026 ലും കിഫ്ബിയുടെ ഒരു പുനരാവിഷ്കാരം വേണ്ടി വരും

ഭാവി വികസന നിർദ്ദേശങ്ങൾ

1. ഉപരോധ സമാനമായ യൂണിയൻ വിവേചനത്തിനെതിരായ രാഷ്ട്രീയവും നിയമപരവുമായ പോരാട്ടം ശക്തിപ്പെടുത്തണം. യൂണിയൻ കൈമാറ്റത്തിലും വായ്പ പരിധിയുടെ കാര്യത്തിലും യൂണിയൻ പദ്ധതികളുടെ കാര്യത്തിലുംഎല്ലാം ഉള്ള വിവേചനം നേരിട്ടുകൊണ്ടു മാത്രമേ ഈ ഇടതു ബദൽ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ട് പോകാൻ കഴിയൂ.
2. തനതു വരുമാന സമാഹാരണത്തിൽ പ്രചരിപ്പിക്കപ്പെടുന്നതു പോലെ കേരളം പിന്നിലല്ല എന്നത് നാം കണ്ടു. എന്നാൽ വിഭവ സമാഹരണത്തിന് പുതിയ സാധ്യതകൾ കഴിയുന്നത്ര കണ്ടെത്തണം.

നമ്മുടെ ഡാമുകളിലും പുഴകളിലും എല്ലാമുള്ള മണൽ നിക്ഷേപം കൂടുതൽ ആസൂത്രിതമായും പരിസ്ഥിതി പരിഗണനകൾ പാലിച്ചും ഉപയോഗിക്കാൻ കഴിയണം. റെയർ എർത്ത് കൊറിഡോറും റെയർ എർത്ത് മിഷനും കേരളത്തിന്റെ ഭാവി കാലത്തെ ശോഭനമായ വിഭവ സമാഹാരണ സാധ്യതകൾ കൂടിയാണ്. നികുതിയേതര വരുമാന സമാഹാരണത്തിന് പുതിയ ചാലുകൾ പരിശോധിക്കപ്പെടണം.

3. പെട്രോളിയം - മദ്യ നികുതികൾ GST യിൽ ഉൾപ്പെടുത്താൻ പാടില്ല. സ്റ്റാമ്പ് ഡ്യൂട്ടിയും, മോട്ടോർ വാഹന നികുതിയും ദേശീയതലത്തിൽ ഏകീകരിക്കുവാൻ പാടില്ല.

4. GST യുടെ വരുമാനം വർധിപ്പിക്കാനുള്ള നടപടി GST കൗൺസിൽ സ്വീകരിച്ചേ തീരൂ. നികുതിയെ കൂടുതൽ സംസ്ഥാന സൗഹൃദമാക്കിക്കൊണ്ടുള്ള പുനഃസംവിധാനവും അനിവാര്യമാണ്. സംസ്ഥാനങ്ങൾ പിരിക്കുന്ന SGST യിൽ ദേശീയ നിരക്കിൽ നിന്ന് 1% വരെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്ക് ഉണ്ടാവണം. കേന്ദ്രസർക്കാരിന്റെ CGST യും സംസ്ഥാന സർക്കാരിന്റെ SGST യും ഇപ്പോൾ 50% വീതം തുല്യമാണ്. ഇത് സംസ്ഥാനങ്ങൾക്ക് അനുകൂലമായി 60:40 ആക്കണം.

5. കേരളത്തിന്റെ GST വരുമാനം ഉയർന്നിരിക്കുന്നതിനു കാരണം അന്തർസംസ്ഥാന വ്യാപാരത്തിനുള്ള IGST പ്രതീക്ഷിച്ചത് പോലെ ഉയരാത്തതാണ്. കേരളത്തിന് ഉള്ളിലേക്ക് വരുന്ന ചരക്കുകളെ കൃത്യമായി കണ്ടെത്തി IGST ഈടാക്കാൻ ചെക്ക് പോസ്റ്റുകൾ ഇല്ല. 20% വീതം 2006-2011 കാലത്ത് വർദ്ധിച്ചുകൊണ്ടിരുന്ന VAT നികുതി പിന്നീടുള്ള കാലത്ത് 8-9% ആയി താഴുവാൻ കാരണം ചെക്ക് പോസ്റ്റുകൾ വഴി ഈടാക്കിയിരുന്ന പ്രവേശന നികുതി (Entry Tax) ഭരണഘടനാവിരുദ്ധമായി സുപ്രീം കോടതി വിധിച്ചപ്പോഴാണ്. ഈ ഒരു സാഹചര്യത്തിലാണ് അന്തർ സംസ്ഥാന വ്യാപാരത്തിന് മേലും നികുതി പിരിക്കാൻ അനുവാദമുള്ള GST യെ കേരളം പിന്തുണച്ചത്. എന്നാൽ മറ്റു സംസ്ഥാനങ്ങളിലെ ബില്ലുകളിൽ കേരളത്തിലേക്കുള്ള ചരക്കുകളെന്ന് കൃത്യമായി രേഖപ്പെടുത്താത്തതും IGST വരുമാനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. കേരളത്തിന്റെ ശക്തമായ ഇടപെടൽ മൂലം ചില ഭേദഗതികൾ നികുതി പിരിവ് സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിന് GST കൗൺസിൽ സമ്മതിക്കുകയുണ്ടായി. ഇതോടൊപ്പം നിർമ്മിത ബുദ്ധിയിൽ അതിഷ്ഠിതമായിട്ടുള്ള നിരീക്ഷണ സംവിധാനങ്ങൾ കേരളത്തിലേക്കുള്ള റോഡ് കവാടങ്ങളിൽ ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കേണ്ടതാണ്.

6. GST നികുതി പിരിവ് കേന്ദ്രവും സംസ്ഥാനവും ഒരുമിച്ചാണ് നടത്തുന്നത്. രണ്ടു സർക്കാരുകളുടെയും നികുതി പിരിവ് വകുപ്പുകൾ തമ്മിൽ കൂടുതൽ ഏകോപനം ഉണ്ടാവണം. സ്വർണ്ണം തുടങ്ങിയ ചില മേഖലകളിൽ പ്രഖ്യാപിത Turn over അനുസരിച്ചുള്ള നികുതി കേരളത്തിന് ലഭിക്കുന്നില്ല. ഇതിന്റെ പഴുതുകൾ അടയ്ക്കണം. ഇന്റലിജൻസും, എൻഫോഴ്സ്മെന്റും ശക്തിപ്പെടുത്തണം.

7. കഴിഞ്ഞ പത്തു കൊല്ലമായി പശ്ചാത്തല സൗകര്യ നിർമ്മിതിയിൽ കുതിച്ചു ചാട്ടമാണ് കേരളം സൃഷ്ടിക്കുന്നത്. ഇത് സംസ്ഥാന സർക്കാർ വരുമാനത്തിൽ പ്രതിഫലിക്കുന്നതിനുള്ള മാർഗ്ഗം ആരായണം.

8. കിഫ്ബിയുടെ പ്രോജക്ടുകളിൽ 30% ത്തിലേറെ ഇപ്പോൾ തന്നെ വരുമാനദായക പ്രൊജക്ടുകളാണ്. എന്നാൽ ബാക്കിയുള്ളവ സർക്കാർ വർഷംതോറും നൽകുന്ന ഗ്രാന്റിനെ അടിസ്ഥാനമാക്കിയാണ് ആത്യന്തികമായി ബാധ്യത തീർക്കുന്നത്. കേന്ദ്ര സർക്കാരും ഇതുതന്നെ ചെയ്യുന്നുണ്ടെങ്കിലും നമ്മുക്കെതിരെ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രനയം തിരുത്താൻ ഉള്ള ബഹുജന പ്രക്ഷോഭവും, രാഷ്ട്രീയ സമ്മർദ്ദവും തുടരണം. അത് ഫലപ്രദമായില്ലെങ്കിൽ സാമൂഹ്യക്ഷേമ പ്രൊജക്ടുകൾ ഒഴികെയുള്ളവയെ 50 - 75 വർഷംകൊണ്ട് വരുമാന തിരിച്ചടവ് ഉറപ്പുവരുത്തുന്ന രീതിയിൽ പുനഃസംവിധാനം ചെയ്യണം. ഇത്ര ദീർഘമായ തിരിച്ചടവ് കാലയളവ് സ്വീകരിക്കുന്നതിന്റെ ഫലമായി ഗുണഭോക്താക്കൾക്ക്മേൽ ലഘുവായ അധികഭാരമേ വരൂ. ഈ പുനഃസംവിധാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാടിനെതിരെ ശക്തമായ നിയമപോരാട്ടം നടത്തണം.

9. ചെലവുകളുടെ കാര്യക്ഷമത ഉയർത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ഇതിനുള്ള നിർദ്ദേശങ്ങൾ എക്സ്പെൻഡീച്ചർ റിവ്യൂ കമ്മറ്റി സമർപ്പിക്കണം.

10. മുനിസിപ്പൽ ബോണ്ടുകൾ സംബന്ധിച്ച ധനകാര്യ കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കണം.

11. KSFE, KFC, കേരള ബാങ്ക്, സഹകരണ സംഘങ്ങൾ, വിവിധ വകുപ്പുകളുടെ ധനകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. സംസ്ഥാന സർക്കാരിന്റെ ചെലവുകൾക്ക് അനുപൂരകമായി സംരംഭകർക്കും അർദ്ധസർക്കാർ വികസന ഏജൻസികൾക്കും ഫലപ്രദമായി ധനസഹായം ഇവ വഴി ലഭ്യമാക്കാൻ ആവണം.

3

കേരളത്തിലെ കാർഷികമേഖല

ദീർഘകാലാടിസ്ഥാനത്തിൽ പരിശോധിച്ചാൽ കേരളത്തിലെ കാർഷിക മേഖലയിലെ പ്രതിസന്ധി ഘടനാപരം, സാങ്കേതികം, സാമൂഹ്യ-സാമ്പത്തികം എന്നീ കാരണങ്ങളാൽ ഉണ്ടാകുന്നതാണ് എന്ന് മനസിലാക്കാം. ഉല്പാദനക്ഷമതയുടെ കുറവും വിപ ണനത്തിലും മൂല്യവർധനവിലുമുള്ള ഏകോപനമില്ലാ യ്മയുമാണ് ഘടനാപരമായ കാരണങ്ങൾ.

സാങ്കേതിക പ്രശ്നങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കു ന്നത് ശാസ്ത്ര സാങ്കേതിക മേഖലയിലെ ഏറ്റവും പുതിയ കണ്ടുപിടുത്തങ്ങളും നൂതനമായ ആശയങ്ങ ളും കാർഷിക രംഗത്ത് പ്രയോഗിക്കുന്നതിലെ പരാ ജയമാണ് .

സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ ഒരു ശരാശരി കർഷകൻ ആരെന്ന നിർവചനത്തിൽ തുടങ്ങുന്നു. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കൃഷിയുടെ പ്രാധാന്യം പ്രാധാന്യം കുറയുകയും കർഷകൻ കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ആൾ എന്ന നില മാറുകയും ചെയ്തു. കൂടാതെ മുഴുവൻ സമയ കർഷകരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞു വരികയും ചെയ്യുന്നു. ഇത്തരമൊരു സഹാചര്യം നിക്ഷേപത്തെ എങ്ങനെ ബാധിക്കുമെന്നതു സംബ ന്ധിച്ച് കൂടുതൽ വിശദമായ പരിശോധന വേണ്ടതുണ്ട്.

കൃഷി ഭൂമിയും വിളകളും

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ 2023-24ലെ കണക്കു പ്രകാരം മൊത്തം ഭൂവിസ്തൃതിയായ 38.9 ലക്ഷം ഹെക്ടറിൽ മൊത്തം കൃഷി വിസ്തൃതി 25.4 ലക്ഷം ഹെക്ടറാണ്. അസൽ കൃഷി വിസ്തൃതി 19.7 ലക്ഷം ഹെക്ടറും. ഒന്നിൽ കൂടുതൽ തവണ കൃഷിയിറക്കിയ സ്ഥല വിസ്തൃതിയിൽ 7.5 ശതമാനം വർദ്ധന രേഖപ്പെടുത്തിയപ്പോൾ, കൃഷിയോഗ്യമായ പാഴ്ഭൂമിയുടെ വിസ്തൃതിയിൽ 7.5 ശതമാനം വർദ്ധ നവാണ് സ്ഥിതി വിവരകണക്ക് കാണിക്കുന്നത്. 2019-ലെ ദേശീയ സാമ്പിൾ സർവ്വേയുടെ 77-ാം റൗണ്ട് കർഷക കുടുംബങ്ങളുടെ സ്ഥിതി വിലയിരുത്തൽ കണക്ക് പ്രകാരം സംസ്ഥാനത്തെ 33.2 ശതമാനം ഗ്രാമീണ കുടുംബങ്ങളും കർഷക കുടുംബങ്ങളാണ്. ഇതിൽ 34.4 ശതമാനവും വിള മേഖലയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുമാണ്.

2023-24ലെ സംസ്ഥാനത്തെ വിള തീവ്രത 128.6 ശതമാനമാണ്. മൊത്തം കൃഷി വിസ്തൃതിയുടെ 30.2 ശതമാനം നാളികേര കൃഷിയും, 21.6 ശതമാനം റബ്ബർ കൃഷിയുമാണ്. നെല്ല്, പയറ് വർഗ്ഗങ്ങൾ, പച്ച ക്കറി കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയുൾപ്പെടുന്ന ഭക്ഷ്യവിളകൾ മൊത്തം കൃഷി വിസ്തൃതിയുടെ 9.8 ശതമാനവും, തോട്ടവിളകൾ 28 ശതമാനവുമാണ്. 2023-24ൽ നെൽകൃഷി മൊത്തം കൃഷി വിസ്തൃതി യുടെ 7.1 ശതമാനമായിരുന്നു. എന്നാൽ നെല്ലിന്റെ ഉല്പാദനക്ഷമതയുടെ കാര്യത്തിൽ കഴിഞ്ഞ വർഷ ങ്ങളിൽ പൊതുവെ കുറവ് വന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

കർഷക കുടുംബങ്ങൾ

കേരളത്തിലെ സാമ്പത്തിക-സ്ഥിതിവിവര വകു പ്പിന്റെ 2024ലെ സർവേ പ്രകാരം കേരളത്തിലെ 46 ലക്ഷം ഗ്രാമീണ കുടുംബങ്ങളിൽ 19.5 ലക്ഷം കുടുംബങ്ങൾ (42%) മാത്രമാണ് "കാർഷിക കുടും ബങ്ങൾ". ഇന്ത്യയുടെ മൊത്തം കണക്കെടുത്താൽ ഇത് ഏകദേശം 60 ശതമാനത്തിനടുത്താണ്. ഈ 19.5 ലക്ഷം കാർഷിക കുടുംബങ്ങളിൽ 5.76 ലക്ഷം കുടുംബങ്ങൾ (29.5%) വിള ഉത്പാദനത്തിലും 43,700 കുടുംബങ്ങൾ കന്നുകാലി കൃഷിയിലും 64,900 കുടും ബങ്ങൾ മറ്റ് കാർഷിക പ്രവർത്തനങ്ങളിലും സ്വയം തൊഴിൽ ചെയ്യുന്നവരായിരുന്നു. ഏകദേശം 4.37 ലക്ഷം കാർഷിക കുടുംബങ്ങൾ കാർഷികേതര പ്ര വർത്തനങ്ങളിൽ സ്വയം തൊഴിൽ ചെയ്യുന്നവരായിരു ന്നു. ഏകദേശം 3.06 ലക്ഷം ഗ്രാമീണ കുടുംബങ്ങൾ കാർഷിക തൊഴിലാളി കുടുംബങ്ങളും ആയിരുന്നു.

കഴിഞ്ഞ ദശകത്തിലെ കേരളത്തിന്റെ കാർഷിക മേഖലയുടെ ഒരു പ്രധാന പ്രശ്നം അതിന്റെ നെഗറ്റീവ് വാർഷിക വളർച്ചാ നിരക്കായിരുന്നു. 2011-12 നും 2019-20 നും ഇടയിൽ, കൃഷിയും അനുബന്ധ മേഖലകളും വർഷംതോറും 2.2 ശതമാനം കുറഞ്ഞ വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയത്. വിള മേഖലയിൽ ഇത് -3.6 ശതമാനം ആയിരുന്നു.

I
ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങൾ

കേരളത്തിലെ കാർഷികമേഖലയുടെ മോശം പ്രകടനത്തിന്റെ മുഖ്യപ്രേരകം ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങളാണ്. 1995-ൽ ലോക വ്യാപാര സംഘടന (WTO) രൂപീകരിക്കപ്പെട്ടതോടെ, കാർഷിക മേഖലയെ "വ്യാപാരത്തിനുള്ള ചരക്ക്" (commodity) എന്ന നിലയിൽ പുനർവ്യാഖ്യാനിക്കുന്ന ഒരു ആഗോള സ്ഥാപനക്രമം നിലവിൽ വന്നു. വികസ്വര രാജ്യങ്ങളിലെ കൃഷി, പ്രത്യേകിച്ച് ചെറിയ കർഷകരെ ആശ്രയിച്ചുള്ള കാർഷിക സമ്പദ്‌വ്യവസ്ഥകൾ, ഈ പുതിയ വ്യാപാരക്രമത്തിൽ ഒരു അസമമായ മത്സരത്തിലേക്ക് തള്ളപ്പെടുകയായിരുന്നു. WTOയുടെ Agreement on Agriculture (AoA) ഔപചാരികമായി സബ്സിഡികൾ നിയന്ത്രിക്കുന്നതായി തോന്നിച്ചെങ്കിലും, യഥാർത്ഥത്തിൽ അത് വികസിത രാജ്യങ്ങളിലെ കാർഷിക സബ്സിഡികളെ സംരക്ഷിക്കുകയും, വികസ്വര രാജ്യങ്ങളെ തീരുവ കുറയ്ക്കലിലേക്കും വിപണി തുറക്കലിലേക്കും നിർബന്ധിതമാക്കുകയും ചെയ്തു. കേരളത്തിന്റെ കാർഷിക മേഖല - റബ്ബർ, കുരുമുളക്, കാപ്പി, തേങ്ങ, ഏലം തുടങ്ങിയ വില-സെൻസിറ്റീവ്, തൊഴിലാളി-സാന്ദ്ര വിളകളെ ആശ്രയിച്ചിരുന്നതിനാൽ - ഈ ആഗോള അസമത്വത്തിന്റെ ആഘാതം ഏറ്റവും തീവ്രമായി അനുഭവപ്പെട്ടത് കേരളത്തിലായിരുന്നു, അന്താരാഷ്ട്ര വിപണികളിലെ വില ഇടിവുകളും കുത്തനെ ഉയരുന്ന വില അസ്ഥിരതയും കർഷക വരുമാനത്തെ തകർത്തു; കൃഷി ഉപജീവനസ്ഥിരത നഷ്ടപ്പെട്ട ഒരു മേഖലയായി മാറി.

സ്വതന്ത്ര വ്യാപാരത്തിന്റെ സിദ്ധാന്തപരമായ വാദം - വിലകുറഞ്ഞ ഇറക്കുമതികൾ ഉപഭോക്തൃ ക്ഷേമം വർധിപ്പിക്കും എന്നത് - കേരളത്തിന്റെ സാഹചര്യത്തിൽ പരാജയപ്പെട്ടതായി കാണാം. കൃഷി ഒരു സാധാരണ വിപണി പ്രവർത്തനമല്ല; അത് ഭൂമി, തൊഴിൽ, പരിസ്ഥിതി, സാമൂഹിക പുനർഉത്പാദനം എന്നിവയുമായി ആഴത്തിൽ ബന്ധപ്പെട്ടു കിടക്കുന്ന ഒരു സാമൂഹിക ബന്ധമാണ്. WTO യ്ക്ക് ശേഷമുള്ള കാലഘട്ടത്തിൽ, ഈ ബന്ധങ്ങളെ അവഗണിച്ച്, കൃഷിയെ ആഗോള വില സിഗ്നലുകൾ പൂർണ്ണമായി കീഴ്പ്പെടുത്തിയതിന്റെ ഫലമായി, കേരളത്തിൽ കാർഷിക നിക്ഷേപങ്ങൾ കുറഞ്ഞു, കർഷകർ കൃഷിയിൽ നിന്ന് പിന്മാറി, കാർഷിക ഭൂമിയുടെ ഉപയോഗത്തിൽ മാറ്റങ്ങൾ വന്നു. ഇതുവഴി, കാർഷിക പ്രതിസന്ധി വെറും വരുമാന പ്രശ്നമായി മാത്രമല്ല, ഗ്രാമീണ തൊഴിലിനെയും ഭക്ഷ്യസുരക്ഷയെയും ബാധിക്കുന്ന ഘടനാപരമായ പ്രതിസന്ധിയായി മാറി.

ASEAN സ്വതന്ത്ര വ്യാപാര കരാർ

2010-ൽ ഇന്ത്യ ഒപ്പുവെച്ച ASEAN സ്വതന്ത്ര വ്യാപാര കരാർ ഈ പ്രതിസന്ധിയെ മറ്റൊരു തലത്തിലേക്ക് ഉയർത്തി. തീരുവ കുറയ്ക്കലിലൂടെ, പാമോയിൽ, റബ്ബർ, കുരുമുളക് തുടങ്ങിയ ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ഇന്ത്യൻ വിപണിയിലേക്ക് ഒഴുകിയെത്തി. പ്രത്യേകിച്ച് പാമോയിൽ ഇറക്കുമതി, കേരളത്തിലെ നാളികേര സമ്പദ്‌വ്യവസ്ഥയെ ഗുരുതരമായി ബാധിച്ചു - വില ഇടിവും, നാളികേര കർഷകരുടെ വരുമാന നഷ്ടവും, അനുബന്ധ വ്യവസായങ്ങളുടെ ക്ഷയവും ഇതിന്റെ നേരിട്ടുള്ള ഫലങ്ങളായിരുന്നു. ഇവിടെ ശ്രദ്ധിക്കേണ്ടത്, ASEAN രാജ്യങ്ങളിലെ കാർഷിക ഉൽപ്പാദനം പലപ്പോഴും വലിയ പ്ലാന്റേഷനുകളിലും കോർപ്പറേറ്റ് ഘടനകളിലുമാണ് നടക്കുന്നത് എന്നതാണ്; അതിനാൽ, "സ്വതന്ത്ര മത്സരം" എന്ന ആശയം കേരളത്തിലെ ചെറിയ കർഷകരുടെ യാഥാർത്ഥ്യവുമായി അടിസ്ഥാനപരമായി പൊരുത്തപ്പെടുന്നില്ല.

ഈ ഘട്ടത്തിൽ, സ്വതന്ത്ര വ്യാപാര കരാറുകൾ കാർഷിക മേഖലയെ സംരക്ഷണത്തിൽ നിന്ന് "അനാഥാവസ്ഥയിലേക്ക്" മാറ്റിയെന്ന് പറയുന്നത് അതിശയോക്തിയല്ല. കേരളത്തിന്റെ കാർഷിക പ്രതിസന്ധി, അതിനാൽ, ആഭ്യന്തര നയ പരാജയമായി മാത്രം വായിക്കാനാവില്ല; അത് ആഗോള വ്യാപാര ഭരണകൂടത്തിന്റെ (global trade regime) ഘടനാപരമായ അസമത്വത്തിന്റെ ഒരു പ്രാദേശിക പ്രതിഫലനമാണ്.

ട്രംപിന്റെ സംരക്ഷണ വാദങ്ങൾ

സമീപകാലത്ത്, അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപ് നടപ്പാക്കിയ സംരക്ഷണവാദപരമായ തീരുവകൾ (Trump tariffs), സ്വതന്ത്ര വ്യാപാരത്തിന്റെ "ആഗോള നിയമങ്ങൾ" ശക്തരായ രാജ്യങ്ങൾക്ക് ബാധകമല്ലെന്ന സത്യം തുറന്നുകാട്ടി. ശക്തമായ രാജ്യങ്ങൾ തങ്ങളുടെ കാർഷിക മേഖലയെ സംരക്ഷിക്കാൻ തീരുവകളും സബ്സിഡികളും ഉപയോഗിക്കുമ്പോൾ, വികസ്വരരാജ്യങ്ങൾക്കു മാത്രം വിപണി തുറക്കാനുള്ള ഉപദേശങ്ങൾ നൽകുന്ന ഈ ഇരട്ടത്താപ്പ്, സ്വതന്ത്ര വ്യാപാര സിദ്ധാന്തത്തിന്റെ രാഷ്ട്രീയ സ്വഭാവം വെളിപ്പെടുത്തുന്നു. ഇതേ പശ്ചാത്തലത്തിലാണ് ഇന്ത്യയുടെ European Union-യുമായും United States-മായും ഉള്ള പുതിയ സ്വതന്ത്ര വ്യാപാര കരാറുകൾ കേരളത്തിന് ഗൗരവമായ ആശങ്ക ഉയർത്തുന്നത്.

ഈ കരാറുകൾ നടപ്പായാൽ, യൂറോപ്പിലെയും അമേരിക്കയിലെയും ഉയർന്ന സബ്സിഡി ലഭിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇന്ത്യൻ വിപണിയിൽ കൂടുതൽ പ്രവേശനം നേടും. ഇത് കേരളത്തിലെ കർഷകരെ വീണ്ടും വില ഇടിവിന്റെയും വരുമാന നഷ്ടത്തിന്റെയും ചക്രത്തിലേക്ക് തള്ളിവിടും. ഇതിനെ "വളർച്ചയുടെ പാർശ്വഫലം" എന്ന നിലയിൽ ലഘൂകരിക്കാൻ കഴിയില്ല. മറിച്ച്, ഇത് കൃഷിയെ സാമൂഹിക ഉപജീവനമെന്ന നിലയിൽ നിന്ന് മാറ്റി, കോർപ്പറേറ്റ് മൂലധനത്തിന്റെ ആഗോള ചലനങ്ങൾക്ക് കീഴ്പ്പെടുത്തുന്ന ഒരു നയപരമായ തിരഞ്ഞെടുപ്പാണ്.

കേരളത്തിന്റെ കാർഷിക പ്രതിസന്ധി ഉയർത്തുന്ന ഒരു അടിസ്ഥാന ചോദ്യം ഇതാണ്: കൃഷി ഭക്ഷ്യസുരക്ഷയും സാമൂഹിക പുനർഉത്പാദനവും ഉറപ്പാക്കുന്ന ഒരു പൊതുസ്ഥാപനമാണോ, അല്ലെങ്കിൽ ലാഭപരമായ ആഗോള വ്യാപാര ശൃംഖലകളിലേക്കുള്ള ഒരു

അസംസ്കൃത നിക്ഷേപമാണോ? ഇതുവരെ അനുഭവപ്പെട്ട WTOയുടെയും FTAയുടെയും അനന്തരഫലങ്ങൾ സൂചിപ്പിക്കുന്നത്, രണ്ടാമത്തെ സമീപനമാണ് മേൽക്കോയ്മ നേടിയിരിക്കുന്നത് എന്നതാണ്. അതിനാൽ, കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാൻ, സ്വതന്ത്ര വ്യാപാരത്തിന്റെ അതിരില്ലാത്ത സ്വീകരണം ചോദ്യം ചെയ്യുകയും, ഭക്ഷ്യസുരക്ഷ, കർഷക വരുമാന സ്ഥിരത, പരിസ്ഥിതി സുസ്ഥിരത - എന്നിവയെ കേന്ദ്രമായി വയ്ക്കുന്ന ഒരു ബദൽ വ്യാപാര-കാർഷിക നയ ചട്ടക്കൂട് രൂപപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

കേന്ദ്ര സർക്കാരിന്റെ കർഷകവിരുദ്ധ നയങ്ങൾ

വാണിജ്യ വിളകളിലെ പല പ്രൊമോഷണൽ പദ്ധതികളും വാണിജ്യ മന്ത്രാലയത്തിന് കീഴിലുള്ള ബോർഡുകൾ വഴി രൂപകൽപ്പന ചെയ്യുകയും നടപ്പാക്കുകയുമാണ് ചെയ്ത് വന്നിരുന്നത്. നവലിബറലിസത്തിന്റെ നയങ്ങൾക്ക് കീഴിൽ, ഈ വാണിജ്യ ബോർഡുകൾക്കുള്ള ബജറ്റ് വിഹിതം കുറഞ്ഞു; അവയുടെ ഭാഗമായി ഉണ്ടായിരുന്ന ഉൽപാദന, വിപണന സ്ഥാപനങ്ങൾ ദുർബലപ്പെട്ടു. അത്തരം പിന്മാറ്റം ഈ മേഖലയെ പ്രതികൂലമായി ബാധിക്കുക മാത്രമല്ല, സ്വന്തം സാമ്പത്തിക ഇടം ചുരുങ്ങിക്കൊണ്ടിരുന്ന ഒരു സമയത്ത് സംസ്ഥാന സർക്കാരിൻ മേൽ പുതിയ ഉത്തരവാദിത്തങ്ങൾ കെട്ടിയേല്പിക്കുകയും ചെയ്തു.

2015നും 2022നും ഇടയിൽ കർഷകരുടെ യഥാർത്ഥ വരുമാനം ഇരട്ടിയാക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നിരുന്നാലും, കാർഷിക മേഖലയിലെ സ്വന്തം ആഭ്യന്തര നയങ്ങൾ - നോട്ട് അസാധുവാക്കൽ, ഗോവധ നിരോധനം, ധനച്ചെലവ് ചുരുക്കാനുള്ള നടപടികൾ ഇവയെല്ലാം കഴിഞ്ഞ ദശകത്തിലെ കൃഷിയിൽ നിന്നുള്ള യഥാർത്ഥ വരുമാനത്തിന്റെ ഇടിവിന് കാരണമായി.

കൃഷിയുടെമേൽ കോർപ്പറേറ്റുകളുടെ മേധാവിത്വം അടിച്ചേൽപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ രൂപം നൽകിയ പുതിയ കാർഷിക നയങ്ങൾ വലിയ കർഷക പ്രതിഷേധത്തിന് ഇടയാക്കി. ഗത്യന്തരമില്ലാതെ കേന്ദ്ര സർക്കാരിന് ഈ നിയമങ്ങൾ മരവിപ്പിക്കേണ്ടിവന്നു. എന്നാൽ ഇന്നും അവ ഡെമോക്ലസിന്റെ വാളുപോലെ നമ്മുടെ കാർഷിക മേഖലയുടെമേൽ ഭീഷണിയായി തുടരുന്നു.

II
ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ

കാർഷിക വളർച്ചാ നിരക്ക് പുനരുജ്ജീവിപ്പിക്കുക എന്നതായിരിക്കണം കേരളത്തിന്റെ പ്രാഥമിക ലക്ഷ്യം എന്നാണ് എൽഡിഎഫ് സർക്കാർ 2021ൽ ജനങ്ങളോട് പറഞ്ഞത്. ഈ ലക്ഷ്യം കൈവരിക്കാൻ പരിധി വരെ നമുക്ക് സാധിച്ചു. 2019-20ൽ കൃഷിയിൽ നിന്നും അനുബന്ധ മേഖലകളിൽ നിന്നും ഉള്ള മൊത്തം ഉത്പാദന മൂല്യം 50,397 കോടി രൂപയായിരുന്നെങ്കിൽ 2023-24ൽ 56,866 കോടി രൂപയാക്കാൻ കഴിഞ്ഞു. അങ്ങിനെ കഴിഞ്ഞ ദശകത്തിലെ വളർച്ചയുടെ പുറകോട്ടുപോക്കിനെ മറികടക്കാൻ കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് കഴിഞ്ഞു. ഇത് മൂലം മൊത്തം കാർഷിക മൂല്യവർദ്ധനവിൽ വിള മേഖലയുടെ പങ്ക് ഉയർന്നു.

എൽഡിഎഫ് സർക്കാരിന്റെ കൃത്യമായ ഇടപെടലുകൾ വഴിയാണ് ഇത് സാധ്യമായത്. ആദ്യ ഘട്ടത്തിൽ "സുഭിക്ഷ കേരളം" എന്ന പദ്ധതിക്ക് കീഴിലാണ് പുതിയ പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയത്. ഇതിൻറെ ഭാഗമായി നെൽകൃഷിക്കുള്ള പദ്ധതി സഹായം വലിയ രൂപത്തിൽ ഉയർത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൈകോർത്ത് ഇന്ത്യയിൽ മറ്റേതു സംസ്ഥാനത്തെക്കാളും ഉയർന്ന സബ്സിഡികിൾ കേരള സർക്കാർ കൃഷിക്കാർക്ക് നൽകി. നെല്ലിൻറെ വില ഇന്ന് ഒരു കിലോയ്ക്ക് 30 രൂപയാക്കി ഉയർത്താനും നമുക്ക് സാധിച്ചു. നാളികേര കൃഷിയിൽ ഓരോ വർഷവും ഓരോ വാർഡിലും 75 തെങ്ങുകൾ വെട്ടിമാറ്റി പുതിയത് നടാൻ പുതിയൊരു പദ്ധതി നിലവിൽ വന്നു. കേരഗ്രാമം പദ്ധതി വിപുലീകരിക്കപ്പെട്ടു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 500 ഓളം പുതിയ കേരഗ്രാമങ്ങളാണ് കേരളത്തിൽ സ്ഥാപിക്കപ്പെട്ടത്. പച്ചത്തേങ്ങയുടെ സംഭരണ വില വർദ്ധിപ്പിക്കുകയും സംഭരണം വിപുലീകരിക്കുകയും ചെയ്തു.

പച്ചക്കറി കൃഷിയിലും കൃഷിയിടങ്ങളുടെ വിസ്തീർണ്ണം ചരിത്രത്തിൽ ഇല്ലാത്ത വിധം വർദ്ധിപ്പിക്കാനും നമുക്ക് കഴിഞ്ഞു. താഴെക്കിടയിലെ കൃഷിയുടെ ആസൂത്രണം ശാസ്ത്രീയമാക്കാൻ പുതിയ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ കേരളത്തിൽ ഉടനീളം സ്ഥാപിക്കപ്പെട്ടു. ഓരോ യൂണിറ്റിലും കൃഷി സംഘടിപ്പിക്കാൻ പുതിയ ഉത്പാദന പ്രോട്ടോക്കോളുകൾ, അനുയോജ്യമായ വിത്തിനങ്ങൾ, ആവശ്യം വേണ്ട വിജ്ഞാന വ്യാപന ഉപദേശങ്ങൾ, വിപണന സൗകര്യങ്ങൾ, കുമ്മായം, വളം, കോൾഡ്സ്റ്റോറേജുകൾ ഇവയെല്ലാം മെച്ചപ്പെട്ട രീതിയിൽ കൃഷിക്കാർക്ക് ലഭ്യമാക്കാനായി.

കാർഷിക രംഗത്ത് പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനും വിപണനം മെച്ചപ്പെടുത്താനും കേരള അഗ്രോ ബിസിനസ് കമ്പനി 2023ൽ രൂപീകൃതമായി. കൃഷിക്കാരുടെ വരുമാനം, ഉൽപാദനക്ഷമത, ഉൽപ്പന്ന സംസ്കരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യ വർധന പ്രവർത്തനങ്ങളിൽ നിന്നും വരുമാനം എന്നിവ വർദ്ധിപ്പിക്കാനും വിപുലീകരിക്കാനും ഒരു മൂല്യവർധിത കാർഷിക മിഷൻ രൂപീകരിച്ചു. കേരളഗ്രോ എന്ന ബ്രാൻഡിൽ കൃഷിവകുപ്പിന്റെ 200 ഓളം ഉൽപ്പന്നങ്ങൾ വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കി.

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരത്തെ ഉണർത്താൻ "ഞങ്ങളും കൃഷിയിലേക്ക്" എന്ന ഒരു ബൃഹത് പദ്ധതി നടപ്പിലാക്കി. ഏകദേശം 25000 ത്തോളം കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു. വിള അധിഷ്ഠിത പദ്ധതി സമീപനത്തിൽ നിന്നും മാറി സംയോജിത ബഹുവിള കൃഷി സമ്പ്രദായത്തി

ലൂടെ കാർഷിക വികസനം സാധ്യമാക്കാൻ "കൃഷിയിട ആസൂത്രണാധിഷ്ഠിത വികസന" സമീപനം അഥവാ "ഫാം പ്ലാനുകൾ" കാർഷിക ആസൂത്രണത്തിന്റെ ഒരു അടിസ്ഥാന യൂണിറ്റായി മാറി.

ചെറു ധാന്യങ്ങളുടെ കൃഷിയും വിപണനവും മൂല്യ വർദ്ധനവും ഉറപ്പാക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ധാരണ പത്രം ഒപ്പുവച്ചു. കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികൾ എന്നിവ ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങളുടെ ആഘാതങ്ങൾ ക്കെതിരെ കേരളത്തിൻറെ പ്രതിരോധശേഷി വർദ്ധി പ്പിക്കുന്നതിനും മൂല്യ ശൃംഖല നവീകരിക്കുന്നതിനും ആയി ലോക ബാങ്ക് സഹായത്തോടെയുള്ള "കേര" പദ്ധതി ഒപ്പുവെക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു.

III
ഏറ്റെടുക്കേണ്ട വെല്ലുവിളികൾ

ഉല്പാദനക്ഷമതാ വിടവ്

ഇനിയങ്ങോട്ട് പുതിയൊരു വളർച്ചയുടെ പാതയാണ് നമുക്ക് ലക്ഷ്യം വെക്കേണ്ടത്. കേരളത്തിലെ കാർഷിക വളർച്ചാ നിരക്ക് മോശമാകാനുള്ള ഒരു പ്രധാന കാരണം മിക്ക വിളകളുടെയും ഉത്പാദന ക്ഷമത കുറഞ്ഞതാണ്. ഗവേഷണ ഫാമുകളിലെ വിളവും ഓരോ കാർഷിക മേഖലയിലും കർഷകർ ക്ക് നിലവിൽ ലഭിക്കുന്ന വിളവുമായി താരതമ്യപ്പെടു ത്തുമ്പോൾ വിളകളിലുടനീളം വലിയ ഉത്പാദനക്ഷ മതാ-വിടവ് (yield gap) വ്യാപകമാണ്. കുറഞ്ഞ വിളവ് കർഷകന്റെ വരുമാനം ഉയർത്താനുള്ള ശ്രമങ്ങളെ തടസ്സപ്പെടുത്തുന്നു.

കേരളത്തിലെ പ്രധാന വിളകളുടെ ഉല്പാദനവും വിസ്തൃതിയും കുറഞ്ഞുവരികയാണെങ്കിലും പതിമൂന്നാം പദ്ധതികാലത്ത് ചില വിളകളുടെ ഉല്പാദന ക്ഷമത നാമമാത്രമായെങ്കിലും വർദ്ധിക്കുന്ന പ്രവണത ദൃശ്യമായിരുന്നു. എന്നാൽ നമ്മുടെ വിളകളുടെ ഉല്പാ ദനക്ഷമത ദേശീയ- ആഗോള ശരാശരിയേക്കാൾ വളരെ താഴെയാണെന്നത് ആശങ്കയുളവാക്കുന്നു. കേരളത്തിൽ നെല്ലിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 3.06 ടൺ ആണെങ്കിൽ പഞ്ചാബിൽ 4.03 ടണ്ണും, വിയറ്റ്നാമിൽ 5.95 ടണ്ണും, ചൈനയിൽ 7.4 ടണ്ണും ആണെന്നതാണ് യാഥാർത്ഥ്യം. നാളികേരത്തിന്റെ ഉല്പാദനക്ഷമത ഹെക്ടറൊന്നിന് കേരളത്തിൽ 9,175 എണ്ണമാണ്. അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ ഇത് 12,280 ഉം ആന്ധ്രയിൽ 13,969 ഉം നാളികേരം ലഭി ക്കുന്നു. റബ്ബർ ഒഴികെ മറ്റു വിളകളിലെല്ലാം നമ്മുടെ ഉല്പാദനക്ഷമത തെക്ക് - കിഴക്കൻ ഏഷ്യൻ രാജ്യങ്ങ ളിലെ ഉല്പാദനക്ഷമതയേക്കാൾ കുറവാണ്. ഈ സാഹ ചര്യത്തിൽ കൃഷി സെമിനാർ അഭിസംബോധന ചെയ്ത പ്രധാന വിഷയം നമ്മുടെ വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഉപാധികളാണ്.

താഴ്ന്ന ഉല്പാദനക്ഷമതയ്ക്കു കാരണം

കുറഞ്ഞ ഉത്പാദനക്ഷമതയുടെ മുഖ്യകാരണം അശാസ്ത്രീയമായ വിളപരിപാലന രീതികളാണ്. കേരളത്തിലെ മണ്ണിന്റെ നല്ലൊരു പങ്കിലും ചെറുതും വലുതുമായ പോഷകങ്ങളുടെ അഭാവമുണ്ട്. 91 ശതമാനം മണ്ണും അമ്ല സ്വഭാവം ഉള്ളതാണ്. നമ്മുടെ മണ്ണിൽ ലഭ്യമായ പോഷകങ്ങളുടെ കുറവ് ഇപ്ര കാരമാണ്: നൈട്രജൻ (34%); ഫോസ്ഫറസ് (37%); പൊട്ടാസ്യം (31%); കാൽഷ്യം (59%) മഗ്നീഷ്യം (79%); സൾഫർ (56%); ബോറോൺ (64%) ശതമാനം. അടിക്കടിയുള്ള വെള്ളപ്പൊക്കവും കനത്ത മഴയും ഓർഗാനിക് കാർബൺ നഷ്ടവും മണ്ണിന്റെ ആരോഗ്യ ത്തെ കൂടുതൽ വഷളാക്കുന്നു.

അതേസമയം, ഇന്ത്യയിൽ ഏറ്റവും കുറവ് വളം ഉപയോ ഗിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 2011-12ൽ നമ്മൾ ഒരു ഹെക്ടറിൽ 113 കിലോഗ്രാം എൻ.പി. കെ (NPK) വളങ്ങൾ ഇട്ടിരുന്നെങ്കിൽ 2020-21ൽ അതേ ഒരു ഹെക്ടറിൽ 39 കിലോഗ്രാം മാത്രമാണ് പ്രയോ ഗിക്കുന്നത്. കേരളത്തിലെ കൃഷി ഇപ്പോൾ തന്നെ പ്രകൃതി കൃഷിയായി മാറി കഴിഞ്ഞുവോ എന്നുള്ള ഒരു സംശയമാണ് ഇവിടെ തോന്നുന്നത്. ഔദ്യോഗിക പാക്കേജ് ഓഫ് പ്രാക്ടീസിൽ നിന്ന് വളരെ വ്യത്യാസ ത്തിൽ നിൽക്കുന്ന ഇത്തരം അസന്തുലിതമായ വളപ്ര യോഗം സംസ്ഥാനത്തെ കാർഷിക മേഖലയുടെ ശാസ്ത്രീയമായ പുരോഗതിക്കു തടസ്സമാണ്.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വളപ്രയോഗത്തിന് കർഷകരുടെ ഇടയിൽ വേണ്ടത്ര വ്യാപനം ഉണ്ടായിട്ടില്ല. നെൽ കർഷകർക്ക് ഉയർന്ന വിളവ് നൽകുന്നതും കീടരോഗങ്ങളെ പ്ര തിരോധിക്കുന്നതും മാത്രമല്ല, കാലാവസ്ഥാ വ്യതി യാനങ്ങൾ, ലവണാംശം, അമ്ലത്വം എന്നിവയോട് സഹിഷ്ണുത പുലർത്തുന്നതുമായ വിത്തുകൾ ലഭ്യ മാക്കാനുള്ള ഉത്തരവാദിത്തം ഗവേഷകർക്കുണ്ട്. ആധുനിക കൃഷിരീതികളായ കൃത്യതാ-കൃഷിക്കും പോളിഹൗസുകൾക്കും അനുയോജ്യമായ ഹൈബ്രിഡ് വിത്തുകളും പരിപാലനമുറകളും വികസിപ്പിക്കുന്ന തിൽ ഗവേഷകർ കൂടുതൽ ശ്രദ്ധ നൽകണം.

കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ ഗുണനിലവാ രമുള്ള വിത്തുകളുടെയും നടീൽവസ്തുക്കളുടെയും പങ്ക് ഏറെയാണ്. കേരള കാർഷിക സർവ്വകലാശാല വിവിധ വിളകളുടെ 300ലേറെ പുതിയ ഇനങ്ങൾ പുറ ത്തിറക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നെൽകൃഷിയുടെ 90 ശതമാനവും, പച്ചക്കറികൃഷിയുടെ 80 ശതമാനവും കേരള കാർഷിക സർവകലാശാലയുടെ ഇനങ്ങൾ ഉപയോഗിച്ചാണ് കൃഷി ചെയ്യുന്നതെന്ന് കരുതുന്നു.

ഉല്പാദനക്രമങ്ങളുടെയും വിളകളുടെയും ഉല്പാദനക്ഷ മതാ - വർദ്ധനവിനുതകുന്ന പുതിയ വിത്തുകൾ, ഉത്തമ കൃഷിരീതികൾ, ഫാം പ്ലാൻ അധിഷ്ഠിത കൃഷി, സംയോജിത രോഗകീടപരിപാലനമുറകൾ, സംയോജിത കൃഷി മാതൃകകൾ, കാര്യക്ഷമമായ ജലസേചനരീതികൾ, നൂതന സാങ്കേതികവിദ്യകളായ ബയോ ടെക്നോളജി, നാനോ ടെക്നോളജി എന്നിവ

യിലൂടെ കാർഷികോൽപാദനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ വിദഗ്ദർ മുന്നോട്ടുവെക്കുന്നു.

സഹകരണ സംഘങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും

ഗ്രാമീണ വായ്പാ മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ സമ്പന്നമായ ചരിത്രമാണ് കേരളത്തിനുള്ളതെങ്കിലും, ചെറുകിട-നാമമാത്ര കർഷകരെ കൂട്ടായ ഉൽപ്പാദനത്തിലേക്കോ വിപണനത്തിലേക്കോ കൊണ്ടുവരുന്നതിൽ അത് പരാജയപ്പെട്ടു. കേരളത്തിന്റെ ചിതറിക്കിടക്കുന്ന കാർഷിക ഭൂപ്രകൃതിയിൽ കർഷകർക്ക് സുസ്ഥിരമായ വിപണിയും ആദായകരമായ വിലയും ഉറപ്പാക്കാനുള്ള ഏക മാർഗം സ്കെയിൽ-സമ്പദ്വ്യവസ്ഥ (വലിപ്പക്കൂടുതൽ) ഉറപ്പാക്കുക എന്നതാണ്. നമുക്കതിന് കഴിഞ്ഞിട്ടില്ല.

കേരളത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സംവിധാനങ്ങൾ ഉള്ളപ്പോൾ, ഉൽപ്പാദന-കാർഷിക മേഖലകളിൽ ഈ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയുടെ വ്യാപ്തി അപര്യാപ്തമാണ്. പ്ലാൻ ഫണ്ടിന്റെ 30 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പാദന മേഖലയിൽ വിനിയോഗിക്കണമെന്ന് നിഷ്കർഷയുണ്ടെങ്കിലും, ചെലവിന്റെ യഥാർത്ഥ വ്യാപ്തി പലയിടത്തും 20 ശതമാനത്തിൽ കൂടുന്നില്ല. കാർഷിക രംഗത്ത് ഇതര വകുപ്പുകളുമായുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തിന്റെ വ്യാപ്തിയും ദുർബലമാണ്.

അടുത്ത പഞ്ചവത്സര പദ്ധതി കാലയളവിൽ, കേരളം കാർഷിക മേഖലയിലെ വിളകളുടെ ഉത്പാദനക്ഷമത കാര്യമായി ഉയർത്തണം. ഇത് കാർഷിക വളർച്ചാ നിരക്ക് പുനരുജ്ജീവിപ്പിക്കാനുള്ള പ്രാഥമിക ഉപകരണമായിരിക്കണം. കാർഷിക മേഖലയിലെ ഉൽപാദനബന്ധങ്ങൾ ഉൽപ്പാദനശക്തികളുടെ വിശാലമായ വികസനത്തിന് അനുസൃതമായി പരിഷ്കരിക്കണം. കേരളത്തിലെ കാർഷിക മേഖല പുതിയ സാങ്കേതിക വിദ്യകളുടെ, പ്രത്യേകിച്ച് ബയോടെക്നോളജിയിലും നാനോടെക്നോളജിയിലും ഉള്ള, സാധ്യതകൾ ഉൾക്കൊള്ളണം. കൃഷിയെ സാമ്പത്തികമായി ലാഭകരവും ബൗദ്ധിക ഉത്തേജനം നല്കുന്നതുമാക്കി മാറ്റി കൂടുതൽ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കണം. ഉൽപ്പാദനവും വിപണനവും കൂട്ടായതും സഹകരണപരവുമായ രീതിയിൽ പുനഃക്രമീകരിക്കണം. സംസ്ഥാനത്തിന്റെ സഹകരണമേഖലയുടെ കരുത്ത് ഉപയോഗിച്ച് വിപണന രംഗത്തെ ഇടപെടലുകൾക്ക് മുൻഗണന നൽകണം. മൂല്യവർധനയിലും സംസ്കരണത്തിലും വ്യാവസായികാടിസ്ഥാനത്തിലുള്ള സ്വകാര്യ നിക്ഷേപത്തിനും കേരളം വാതിൽ തുറക്കണം. പ്രളയാനന്തര പശ്ചാത്തലത്തിൽ കേരളത്തിലെ കൃഷി കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുക കൂടി വേണം. ഇതിന് ശാസ്ത്രീയ കൃഷിയെ പ്രോത്സാഹിപ്പിക്കുകയും കാർഷിക ഗവേഷണത്തിലെ നൂതനാശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണം.

IV
ഭാവിവികസന നിർദ്ദേശങ്ങൾ

പതിനാലാം പഞ്ചവത്സര പദ്ധതികാലത്ത് പ്രത്യേക ഇടപെടലുകൾ രൂപപ്പെടുത്തുന്നത് മേൽപ്പറഞ്ഞ വിശാലമായ വീക്ഷണകോണിൽ നിന്നായിരിക്കും. കൂടുതൽ വ്യക്തമായ രീതിയിൽ ഇനിപ്പറയുന്ന വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

1. കാർഷിക മേഖലയിലെ പദ്ധതികൾ കേരളത്തിലെ കൃഷിയുടെ സ്വഭാവം നന്നായി പ്രതിഫലിപ്പിക്കുന്നതായിരിക്കണം. കേരളത്തിന്റേത് ഒരു സംയോജിത, ബഹുവിള കൃഷി സമ്പ്രദായമാണ്. വിളകൾ, കന്നുകാലികൾ, മത്സ്യബന്ധനം, തേനീച്ച വളർത്തൽ, സെറികൾച്ചർ തുടങ്ങിയ മറ്റ് പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന സംയോജിത കാർഷിക പദ്ധതികളിലേക്ക് പദ്ധതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഇവിടെയാണ് ഫാം പ്ലാനുകൾ എന്ന ആശയം പ്രധാപ്പെട്ടതാകുന്നത്.
2. കൃഷിയിൽ ഭൂമിയുടെ ഉപയോഗം മാറണം. കൃഷിഭൂമിയെ ഊഹക്കച്ചവടത്തിനുള്ള ഒരു ഉപകരണമായി കാണാതെ ഒരു ഉൽപ്പാദനവിഭവമായി കാണണം. കാർഷികേതര ആവശ്യങ്ങൾക്കായി ഭൂമി തരിശായി ഉപേക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുകയും തണ്ണീർത്തടങ്ങൾ വീണ്ടെടുക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കൃഷിയിൽ താൽപ്പര്യമില്ലാത്ത ഭൂവുടമകൾ ഭൂരഹിതരും കൃഷി ചെയ്യാൻ താൽപ്പര്യമുള്ളവരുമായവർക്ക് ഭൂമി പാട്ടത്തിന് നൽകുന്നത് പ്രോത്സാഹിപ്പിക്കണം. അത്തരം പാട്ടരീതികളെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നിയമപരിഷ്കാരങ്ങൾ പരിശോധിക്കണം.
3. ആധുനിക സാറ്റലൈറ്റ് സാങ്കേതിക വിദ്യകളുടെ സഹായത്തോടെ തണ്ണീർത്തടങ്ങളുടെയും നെൽപ്പാടങ്ങളുടെയും കൃത്യമായ ഡാറ്റാബേസ് തയ്യാറാക്കണം. തണ്ണീർത്തട സംരക്ഷണം ശാസ്ത്രീയമായി ആസൂത്രണം ചെയ്യാൻ ഇത് സർക്കാരിനെ സഹായിക്കും.
4. കൃഷിക്കായുള്ള ആസൂത്രണം ഭൂവിനിയോഗ ശേഷിയുടെ വർഗ്ഗീകരണത്തിന് അനുസൃതമായിരിക്കണം, മണ്ണൊലിപ്പിനും ഉരുൾപൊട്ടൽ പോലുള്ള പ്രകൃതിദുരന്തങ്ങൾക്കും സാധ്യതയുള്ള വിഭാഗങ്ങളിലെ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട തർക്കങ്ങളും സംഘർഷങ്ങളും കർഷകരുമായി ജനാധിപത്യപരമായ ചർച്ചകളിലൂടെ പരിഹരിക്കുന്നതിന് സാധ്യതകൾ കണ്ടെത്തണം.

വിളകൾ

5. നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനോടൊപ്പം തന്നെ വിപണി ഉറപ്പാക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. നെൽകൃഷി നിലനിർത്താൻ ഉൽപ്പാദനോപാധികൾ സമയബ

ന്ധിതമായി കൃഷിയിടത്തിൽ എത്തിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില കാലതാമസം കൂടാതെ കർഷകർക്കു നൽകുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കണം. നെൽകൃഷി നിലനിർത്തുന്നതിനും നിലങ്ങൾ പരിരക്ഷിക്കുന്നതിനും ഒപ്പം നെൽകർഷകരെ പരിസ്ഥിതി സംരക്ഷകരായിക്കണ്ട് ഇൻസെന്റീവ് നൽകുന്നതിനും സമൂഹം തയ്യാറാകണം. കാലാവസ്ഥാ വ്യതിയാനം നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ കാലാവസ്ഥാനുരൂപീകൃത കാർഷിക മുറകൾ അനുവർത്തിക്കണം.

6. കേരളത്തിലെ പുരയിട കൃഷിയിലെ മുഖ്യവിളയായ തെങ്ങിന്റെ ഉല്പാദനക്ഷമത വർദ്ധിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ആവശ്യമാണ്. കാറ്റുവീഴ്ച രോഗത്തിന്റെ കാരണഹേതു മൈക്കോപ്ലാസ്മ എന്ന സൂഷ്മജീവിയാണോ എന്ന് ഇപ്പോഴും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. തെങ്ങിന്റെ ശാസ്ത്രീയ പരിചരണവും CPCRI വികസിപ്പിച്ച 'കേരളവജ്ര' എന്ന കാറ്റുവീഴ്ച പ്രതിരോധശേഷിയുള്ള തെങ്ങിനത്തിന്റെ വ്യാപനവും മാത്രമാണ് ഇപ്പോൾ പോംവഴി. പ്രായംചെന്നതും ഉല്പാദനക്ഷമത കുറഞ്ഞതുമായവ വെട്ടിമാറ്റി രോഗപ്രതിരോധശേഷിയുള്ളതും ഉല്പാദനക്ഷമത ഏറിയതുമായ തെങ്ങിനങ്ങൾ കൃഷി ചെയ്യണം. നേരത്തെ ഉണ്ടായിരുന്ന പച്ചതേങ്ങ സംഭരണം കൃഷിഭവൻ/സഹകരണസംഘങ്ങൾ വഴി പുന:സ്ഥാപിക്കണം. നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ കയറ്റുമതി വ്യാപിപ്പിക്കണം. 'നീര'യുടെ shelf life വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കണം. കളസ്റ്റർ അടിസ്ഥാനത്തിലുള്ള രോഗ-കീട നിയന്ത്രണ സംവിധാനങ്ങൾ നടപ്പിലാക്കണം. അതിനായി പ്രത്യേക പരിശീലനം നൽകിയ വിദഗ്ദ തൊഴിലാളികളുടെ കേഡർ (ഫ്രണ്ട്സ് ഓഫ് കോക്കനട്ട്) സംഘടിപ്പിക്കണം.

7. കൊക്കോ കൃഷി വ്യാപനത്തിനായി പോളിക്ലോണൽ തൈകളുടെ ഉല്പാദനം പ്രോൽസാഹിപ്പിക്കണം. തേയില കൃഷിയിൽ ഗ്രാഫ്റ്റഡ് തൈകളുടെ ഉപയോഗം, അത്യുൽപാദനശേഷിയുള്ള ക്ലോണുകൾ ഉപയോഗിച്ചുള്ള പുനർനടീൽ എന്നിവ പ്രോൽസാഹിപ്പിക്കണം.

8. സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, മഞ്ഞൾ, ഇഞ്ചി എന്നിവ ഇടവിളയായി കൃഷിചെയ്യുന്നത് കർഷകവരുമാനം വർദ്ധിപ്പിക്കും. പ്രായംചെന്ന കുരുമുളക് ചെടികൾ മാറ്റി അത്യുല്പാദനശേഷിയുള്ള കുരുമുളക് ചെടികൾ നടുന്നതിന് പ്രത്സോഹാനം നൽകണം. കുരുമുളകിൽ ജൈവ താങ്ങുകാലുകൾക്ക് പകരം അജൈവ താങ്ങുകാലുകൾ ഉപയോഗിക്കുന്നത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കും.

9. കാലാവസ്ഥ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ ഒരു പരിധിവരെ നേരിടുന്നതിന് സംയോജിത കൃഷിരീതികൾ അവലംബിക്കുന്നത് നന്നായിരിക്കും. കേരളത്തിലെ നിലവിലെ പുരയിട കൃഷിരീതി സംയോജിത കൃഷി പ്രോത്സാഹനത്തിന് ഏറ്റവും അനുയോജ്യമാണ്. ഒരു മുഖ്യ വിളയും അതിനോടൊപ്പം നട്ടു പരിപാലിക്കാൻ കഴിയുന്ന മറ്റു വിളകളും എന്ന രീതിയിൽ ആസൂത്രണം ചെയ്താൽ വർഷത്തിൽ എല്ലാ സമയത്തും വരുമാനം ലഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാനായി സംയോജിത കൃഷി പ്രോത്സാഹനത്തിന് ഉതകുന്ന തരത്തിലുള്ള മുൻ-പിൻ ബന്ധങ്ങൾ വികസിപ്പിക്കണം.

10. പുതിയ ഇനം അലങ്കാരച്ചെടികളും പഴവർഗ്ഗ ചെടികളും വിദേശരാജ്യങ്ങളിൽ നിന്ന് വൻതോതിൽ ഇറക്കുമതി ചെയ്യുന്നത് പല അധിനിവേശ കീടങ്ങളുടെ കടന്നുകയറ്റത്തിനു കാരണമാകുന്നുണ്ട്. ഇത്തരം വിദേശ കീടങ്ങളുടെ കടന്നുകയറ്റം നിയന്ത്രിക്കുന്നതിന് സഹായകമാകുന്ന രീതിയിൽ പ്ലാൻറ് ക്വാറൻറ്റൈൻ നടപടികൾ ശക്തമാക്കണം.

11. ഇഞ്ചി, മഞ്ഞൾ എന്നിവയിൽ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകകൂട്ടായ്മകൾ രൂപീകരിച്ചുള്ള പ്രവർത്തനം സഹായകരമാകും. പുരയിട കൃഷി പ്രോത്സാഹനത്തിന് പ്രത്യേക ഊന്നൽ നൽകണം. പച്ചക്കറി കൃഷി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ ഏറ്റവും അനുയോജ്യമാണ്.

പ്രാദേശിക ആസൂത്രണം

12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാർഷിക ആസൂത്രണത്തിൽ അവരുടെ പങ്കാളിത്തം ഊർജ്ജിതമാക്കണം. മാതൃകാ പദ്ധതികളുടെ ഒരു ശേഖരം തയ്യാറാക്കുന്നതുൾപ്പെടെ കാർഷികമേഖലയിൽ പ്രായോഗികവും അർത്ഥവത്തായതുമായ പദ്ധതികൾ തയ്യാറാക്കുന്നതിന് അവർക്ക് പ്രത്യേക സഹായം നൽകണം.

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാർഷിക മേഖലയിലെ അവരുടെ ഇടപെടലുകൾക്ക് മുൻഗണന നൽകണം. ഒന്നാമതായി, എല്ലാ പഞ്ചായത്തുകളും ശാസ്ത്രീയമായ ഭൂവിനിയോഗ പദ്ധതികൾ തയ്യാറാക്കണം. ഈ ഭൂവിനിയോഗ പദ്ധതികൾ കൃഷി, പാർപ്പിട നിർമ്മാണം, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, വ്യാവസായിക യൂണിറ്റുകൾ എന്നിങ്ങനെ വ്യത്യസ്ത ആവശ്യങ്ങൾക്കായി ഭൂമിയെ നിർവചിക്കേണ്ടതാണ്. രണ്ടാമതായി, നമ്മുടെ 44 നദികളിൽ ഓരോന്നിനും ഒരു നദീതട സംരക്ഷണ പദ്ധതി ആവശ്യമാണ്. ഇതിനായി ഹൈഡ്രോളജി, ജിയോളജി, എഞ്ചിനീയറിംഗ്, പരിസ്ഥിതിശാസ്ത്രം, ജൈവവൈവിധ്യം എന്നീ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു റിവർ ബേസിൻ അതോറിറ്റി സ്ഥാപിക്കണം. മൂന്നാമതായി, ഈ നദീതട പദ്ധതികളെ മുൻനിർത്തി ഓരോ പഞ്ചായത്തും പ്രാദേശിക നീർത്തട പദ്ധതികൾ തയ്യാറാക്കണം. നാലാമതായി, മേൽപ്പറഞ്ഞവയെ അടിസ്ഥാനമാക്കി, ഓരോ പഞ്ചാ

യത്തിലും ഒരു ശാസ്ത്രീയ വിളപദ്ധതിയും വികസിപ്പിക്കണം; അത് ഭൂമിയുടെ ഇനം, മണ്ണ്, ഭൂപ്രകൃതി എന്നിവയെ അടിസ്ഥാനമാക്കി ഓരോ പ്രദേശത്തും കൃഷി ചെയ്യാൻ കഴിയുന്ന വിളകൾ ശുപാർശ ചെയ്യണം.

സുസ്ഥിര കൃഷിയിലേക്കുള്ള പാത ഭൂമിയുമായി ബന്ധപ്പെട്ട ഈ വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെ കടന്ന് പോകണം. ഈ പദ്ധതികളിൽ വിളകൾ, കന്നുകാലികൾ, മത്സ്യബന്ധനം എന്നിവ ഉൾപ്പെടണം. കൂടാതെ, ഉൽപ്പാദന ക്ഷമത മെച്ചപ്പെടുത്തൽ, വരുമാന വളർച്ച, ഭക്ഷ്യ സുരക്ഷ, പോഷകാഹാര സുരക്ഷ എന്നിവയുടെ ആവശ്യകതകളും കണക്കിലെടുക്കണം.

14. കാർഷിക മേഖല നേരിടുന്ന വന്യമൃഗ ശല്യം ചെറുക്കുന്നതിന് നിലവിലെ നിയമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തിയും, വന്യമൃഗ ശല്യംമൂലം ഉണ്ടാകുന്ന കാർഷിക നാശത്തിന് വിള ഇൻഷുറൻസ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

ജലസേചനം

15. പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളുടെ ഒഴുക്ക് കേരളത്തിന്റെ ഭൂമിശാസ്ത്രത്തിന്റെ പ്രത്യേകതയാണ്. എന്നാൽ, ഈ വെള്ളത്തിന്റെ വലിയൊരു ഭാഗം ഉപയോഗശൂന്യമായി കടലിലേക്ക് ഒഴുകുകയാണ്. ചെറുതും വലുതുമായ പുതിയ ജലസംഭരണികളിൽ ഇത്തരം ജലം സംഭരിക്കുന്നതിനുള്ള വഴികൾ കേരളം സജീവമായി അന്വേഷിക്കണം. ഇത് ജലസേചനമുള്ള പ്രദേശം മെച്ചപ്പെടുത്തുന്നതിനും വേനൽക്കാലത്ത് കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിനും സഹായിക്കും.

16. പതിമൂന്നാം പദ്ധതികാലത്ത് ജലസേചന മേഖലയിൽ രണ്ട് തരം ശ്രമങ്ങൾക്ക് തുടക്കമിട്ടിരുന്നു. ഒന്നാമതായി, 1970-കളിലും 1980-കളിലും തുടങ്ങിയതും എന്നാൽ മുടങ്ങിക്കിടക്കുകയുമായിരുന്ന നാല് വൻകിട-ഇടത്തരം ജലസേചന പദ്ധതികൾ പൂർത്തീകരിക്കാനും കമ്മീഷൻ ചെയ്യാനും ലക്ഷ്യമിട്ടിരുന്നു. അവയിൽ ഒന്ന് - മൂവാറ്റുപുഴ പദ്ധതി - കമ്മീഷൻ ചെയ്തു കഴിഞ്ഞു. മറ്റ് മൂന്നെണ്ണം പിന്നിലാണ്. കാരാപ്പുഴ, ബാണാസുരസാഗർ, ഇടമലയാർ എന്നീ മൂന്ന് പദ്ധതികൾ പതിനാലാം പദ്ധതി കാലയളവിൽ കമ്മീഷൻ ചെയ്യാനുള്ള ശ്രമങ്ങൾ ഊർജിതപ്പെടുത്തണം. രണ്ടാമതായി, വൻകിട-ഇടത്തരം പദ്ധതികളിൽ നിന്ന് വിഭവങ്ങൾ ചെറുകിട-ജലസേചന പദ്ധതികളിലേക്കും നീർത്താടാടിസ്ഥാനത്തിലുള്ള പദ്ധതികളിലേക്കും മാറ്റണം. കൃഷിയിടങ്ങളിലെ ജലലഭ്യത തടസ്സങ്ങളില്ലാതെ ഉറപ്പു വരുത്തുന്നതിന് ജലസേചന പദ്ധതികളുടെ ടെയിൽ എൻഡ് കനാലുകൾക്ക് പ്രത്യേക ശ്രദ്ധ നൽകണം.

17. ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് നിലനിർത്തണം. സംസ്ഥാനത്തുടനീളം നദികൾ, കനാലുകൾ, തടാകങ്ങൾ, കുളങ്ങൾ, തോടുകൾ എന്നിവയുടെ ഡ്രഡ്ജിംഗും ശുചീകരണവും നടത്തണം. കുട്ടനാട് പോലുള്ള പ്രത്യേക പ്രദേശങ്ങളിൽ, "റൂം ഫോർ ദ റിവർ" എന്ന ആശയം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. ഇത് തുടരണം. കരകൾ ബലപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും മാത്രമല്ല, കൃഷിഭൂമികളുടെ ബണ്ടുകൾ സംരക്ഷിക്കാനും ശ്രമിക്കേണ്ടതുണ്ട്.

ഗവേഷണവും ശാസ്ത്രീയ സങ്കേതങ്ങളും

18. ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും ലവണാംശം, അമ്ലം തുടങ്ങിയ പ്രത്യേക പാരിസ്ഥിതിക വെല്ലുവിളികൾ നേരിടുന്നതിനുമുള്ള ശാസ്ത്രീയ വഴികൾ ഇപ്പോൾ നമ്മുക്ക് ലഭ്യമാണ്. ഉയർന്ന വിളവ് നൽകുന്നതും കീടങ്ങൾക്കും രോഗങ്ങൾക്കും പ്രതിരോധശേഷിയുള്ളതുമായ പുതിയ സങ്കര-വിത്തിനങ്ങൾ അവതരിപ്പിക്കാൻ കേരളത്തിലെ പൊതുഗവേഷണ സംവിധാനം പര്യാപ്തമാണ്. എന്നിരുന്നാലും, കാലാവസ്ഥാ വ്യതിയാനങ്ങൾ കാർഷിക പ്രയോഗത്തിൽ പുതിയ വെല്ലുവിളികൾ കൊണ്ടുവരുന്നു. നെൽകർഷകർക്ക് ഉയർന്ന വിളവ് നൽകുന്നതും കീടങ്ങളെയും രോഗങ്ങളെയും പ്രതിരോധിക്കുന്നതും മാത്രമല്ല, കാലാവസ്ഥാ വ്യതിയാനങ്ങൾ, ലവണാംശം, അമ്ലം എന്നിവയോട് സഹിഷ്ണുത പുലർത്തുന്നതുമായ പുതിയ വിത്തുകൾ ആവശ്യമാണ്. പച്ചക്കറി കർഷകർക്ക് വേണ്ടത് ഉയർന്ന വിളവ് നൽകുന്നതും കീടങ്ങളെയും രോഗങ്ങളെയും പ്രതിരോധിക്കുന്നതും കൃത്യതാ-കൃഷിക്കും പോളിഹൗസുകൾക്കും അനുയോജ്യവുമായ ഹൈബ്രിഡ് വിത്തുകളാണ്. നാളികേര കർഷകർക്ക് വേണ്ടത് ഉയരം കുറഞ്ഞതും ഉയർന്ന വിളവ് നൽകുന്നതും കീടങ്ങളെയും രോഗങ്ങളെയും പ്രതിരോധിക്കുന്നതുമായ തൈകളാണ്. ഉയർന്ന് വരുന്ന ഈ വെല്ലുവിളികളെ നേരിടാൻ നമ്മുടെ ഗവേഷണ മേഖല മികച്ച രീതിയിൽ സജ്ജമാകണം. വിത്തുകളുടെ ഗുണനിലവാരം ആശങ്കയുടെ മറ്റൊരു മേഖലയാണ്, അവിടെ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

19. കാർഷിക ഗവേഷണ സംവിധാനം കാർഷിക മേഖലയിലെ രാസ ഉപയോഗം യുക്തിസഹമാക്കാനുള്ള പ്രധാന വഴികളായി സംയോജിത പോഷകപരിപാലനവും സംയോജിത കീടപരിപാലനവും നിർദ്ദേശിക്കുന്നു. അതേ സമയം, നമ്മുടെ കാർഷിക വിജ്ഞാന-വ്യാപന സംവിധാനം അവ സ്വീകരിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിൽ പരാജയപ്പെട്ടു. യുക്തിരഹിതമായ കൃഷിരീതികൾ - ഒരു വശത്ത്, രാസരഹിത കൃഷിയുടെ വാദത്തെ അടിസ്ഥാനമാക്കിയും മറുവശത്ത്, രാസവസ്തുക്കളുടെ ദുരുപയോഗത്തിനും അമിത ഉപയോഗത്തിനും എതിരെയുള്ള അലംഭാവത്തിലേക്ക് ചായുന്നതും - ആധുനികവും പ്രതികരിക്കുന്നതുമായ കാർഷിക വിജ്ഞാന-

വ്യാപന സംവിധാനം വികസിപ്പിക്കുന്നതിലൂടെ നിരുത്സാഹപ്പെടുത്തണം. കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളായി മാറണം. ഇത് കൃഷി ഓഫീസർമാർക്ക് കർഷകരോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാൻ അവസരമൊരുക്കും. സോഷ്യൽ മീഡിയയും മൊബൈൽ ആപ്ലിക്കേഷനുകളും പുതിയ വിജ്ഞാന-വ്യാപന തന്ത്രങ്ങളിൽ ഇടം കണ്ടെത്തണം.

യന്ത്രവൽക്കരണം

20. കാർഷിക യന്ത്രവൽക്കരണത്തിൽ ശ്രദ്ധ തുടരണം. കേരളത്തിലെ ചെറുകിട കൃഷിയിടങ്ങൾക്ക്, പ്രത്യേകിച്ച് വീട്ടുവളപ്പുകൾക്ക് അനുയോജ്യമായ യന്ത്രങ്ങളും ഉപകരണങ്ങളും വികസിപ്പിക്കുന്നതിനാണ് നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ഈ മെഷീനുകൾ രൂപകൽപ്പനയിൽ തന്നെ ജൻഡർ സൗഹൃദമാവണം. പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും അനായാസേന യന്ത്രങ്ങൾ ഉപയോഗിക്കാൻ കഴിയണം. വലിയ യന്ത്രങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ കാലക്രമേണയുള്ള പരിപാലനം ഒരു പ്രധാന ആശങ്കയാണ്. സർക്കാർ വാങ്ങുന്ന വലിയ യന്ത്രങ്ങൾ പരിപാലിക്കാൻ സഹായിക്കുന്നതിന് ഉചിതമായ ഒരു രൂപരേഖ വേണം. അതിൽ കർഷകരുടെയും തൊഴിലാളികളുടെയും കൂട്ടായ പങ്കാളിത്തം ഉണ്ടായിരിക്കണം. കസ്റ്റം ഹയറിംഗ് സെന്ററുകൾ (സിഎച്ച്സി) ജനകീയമാക്കാൻ കൂടുതൽ ശ്രമങ്ങൾ ആവശ്യമാണ്.

കർഷകത്തൊഴിലാളികൾ

21. അതേസമയം, പ്രത്യേക കാർഷിക ജോലികൾക്ക് കർഷകത്തൊഴിലാളികളുടെ ക്ഷാമം തുടരുന്നത് ആശങ്കാജനകമാണ്. കർഷകത്തൊഴിലാളികൾക്ക് സ്ഥിരവരുമാനവും മാന്യമായ ജീവിതവും ഉറപ്പാക്കുന്ന നയം രൂപീകരിക്കാനുള്ള ശ്രമങ്ങൾക്ക് നമ്മൾ നേതൃത്വം നൽകണം. തൊഴിലാളികളുടെ കൂട്ടായ്മകൾ രൂപീകരിക്കാനുള്ള ശ്രമങ്ങൾ വലിയ വിജയം കണ്ടിട്ടില്ല. നിലവിൽ, സംസ്ഥാനത്തുടനീളം കാർഷിക കർമ്മ സേനകൾ പ്രവർത്തിക്കുന്നുണ്ട്, അവയ്ക്ക് സമ്മിശ്രമായ റെക്കോർഡ് ആണുള്ളത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് താരതമ്യേന ഉയർന്ന പ്രതിദിന വേതനം ഉണ്ടായിരുന്നിട്ടും അത്തരം സേനയിൽ നിന്നുള്ള ആളോഹരി വരുമാനം ഇപ്പോഴും ആകർഷകമല്ല; ഇത് തൊഴിലാളികളെ അത്തരം സംരംഭങ്ങളിൽ നിന്ന് അകറ്റുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് ഇതിനൊരു പരിഹാരം കാണണം. കാർഷികമേഖലയിൽ വിബിജി റാംജി പോലുള്ള പദ്ധതികൾ എങ്ങനെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്താമെന്നും കേരളം അന്വേഷിക്കണം.

വിപണനം

22. കാർഷിക വിപണനം ഒരു പ്രധാന വിഷയമാണ്. പതിനാലാം പദ്ധതി കാലയളവിൽ കാർഷിക വിപണന തന്ത്രം മുൻകാല ശ്രമങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരിക്കണം. നാളികേരം, പച്ചക്കറികൾ, റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ പ്രധാന ചരക്കുകൾക്കായി നിയന്ത്രിതമായ ഒരു വിതരണശൃംഖല (supply chain) നിർമ്മിക്കണം. ബ്ലോക്ക്, ജില്ലാ തലങ്ങളിൽ വലിയ വിപണികൾക്ക് ഫീഡർ മാർക്കറ്റായി വർത്തിക്കുന്ന, ശീതീകരണ സൗകര്യങ്ങളുള്ള, എല്ലാ പഞ്ചായത്തിലും കുറഞ്ഞത് ഒരു പ്രാഥമിക ഗ്രാമീണ കാർഷിക വിപണി (PRAM) കേരളത്തിന് ആവശ്യമാണ്. ഓരോ കർഷകനെയും കാർഷിക സഹകരണ സംഘത്തെയും കർഷക ഉൽപാദക കമ്പനിയെയും ഈ PRAM-കളുമായി ബന്ധിപ്പിച്ചിരിക്കണം. വിപണികളുടെ ഫെഡറേഷനുകൾ സൃഷ്ടിക്കുന്നതിനും മൂല്യവർദ്ധന, സംസ്കരണ മേഖലകളുമായുള്ള പ്രായോഗിക ബന്ധം ഉറപ്പാക്കുന്നതിനും ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. പഞ്ചായത്തുതല വിപണികൾ സഹകരണമേഖലയുടെ കീഴിലാണെങ്കിൽ അത് ഏറ്റവും ഉചിതമായിരിക്കും.

23. കേരളത്തിലെ കാർഷിക വിപണനത്തിലെ മറ്റൊരു പ്രധാന പരിമിതി ഫാം ഗേറ്റിൽ ഉത്പന്നത്തിന്റെ ശേഖരണം നടത്താനുള്ള സൗകര്യങ്ങളുടെ അഭാവമാണ്. തൽഫലമായി, ചെറുകിട നാമമാത്ര കർഷകർക്ക് വിപണിയിൽ വിലപേശാനുള്ള കഴിവില്ല; അവർക്ക് ആദായകരമായ വില നിഷേധിക്കപ്പെടുന്നു. കാര്യക്ഷമമായ ഉത്പന്ന ശേഖരണത്തിലൂടെ മാത്രമേ കർഷകരെ മൂല്യവർദ്ധനവും സംസ്കരണവുമായി ബന്ധിപ്പിക്കാൻ കഴിയൂ. സംയോജനം ഉറപ്പാക്കാൻ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (പിഎസിഎസ്), കർഷക ഉൽപാദക കമ്പനികൾ, കുടുംബശ്രീ ഗ്രൂപ്പുകൾ പോലുള്ള കർഷകരുടെ സമാന കൂട്ടായ്മകൾ എന്നിവയുടെ പങ്കാളിത്തത്തിന് ഊന്നൽ നൽകണം. ഈ കൂട്ടായ്മകളുടെ സാമ്പത്തിക സ്ഥിരത പ്രധാനമാണ്.

24. കാർഷികോല്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി ഓൺലൈൻ മാർക്കറ്റിന്റെ സാധ്യത പ്രയോജനപ്പെടുത്തണം. മൊബൈൽ ആപ്പുകളുടെ സാധ്യത പ്രയോജനപ്പെടുത്തി പ്രാദേശിക ഡിമാൻറ് മുൻകൂട്ടി അറിയുന്നതിനും അതനുസരിച്ച് വിപണന ശൃംഖല ക്രമീകരിക്കാനും കഴിയണം. കാർഷിക വിളകൾക്കുള്ള വിലസ്ഥിരതാ ഫണ്ട് രൂപീകരണം. അഗ്രി സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനം നൽകണം. ഡിമാൻറ് ഫോർകാസ്റ്റ്, പ്രൊഡക്ഷൻ ഫോർകാസ്റ്റ്, മാർക്കറ്റ് ഫോർകാസ്റ്റ്, ഫാം പ്ലാൻ, എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള കാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യണം. നിലവിൽ ലഭ്യമായ അഗ്രി ബിസിനസ്സ് ഇൻക്യുബേ

റ്റർ കോമൺ ഫെസിലിറ്റി സെൻററുകൾ എന്നീ സ്ഥാപനങ്ങൾ കൂടുതൽ വ്യാപകമാക്കുകയും കർഷകർക്കും മറ്റും സേവനം ലഭ്യമാക്കുന്നതിന് നടപടികൾ കൈക്കൊള്ളണം. ഭൗമസൂചികാ പദവി കിട്ടിയിട്ടുള്ള കാർഷിക വിളകൾ, ഉല്പന്നങ്ങൾ എന്നിവയ്ക്ക് ഉയർന്ന വിപണി മൂല്യം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

മൂല്യവർദ്ധന

25. മൂല്യവർദ്ധന-സംസ്കരണ മേഖലകളിൽ സ്വകാര്യ നിക്ഷേപം സ്വാഗതം ചെയ്യണം. കേരളത്തിൽ നിരവധി ഫുഡ് പാർക്കുകളും ഇൻഡസ്ട്രിയൽ പാർക്കുകളും ഉണ്ടെങ്കിലും ഇവയ്ക്ക് വേണ്ടത്ര വേഗത ലഭിച്ചിട്ടില്ല. ശേഖരണത്തിലുള്ള മോശം സൗകര്യങ്ങളും വിതരണ ശൃംഖലകൾ നിർമ്മിക്കുന്നതിനുള്ള ഒരു തന്ത്രത്തിന്റെ അഭാവവുമാണ് കാരണം.

26. കാർഷിക മേഖലയുടെ ചലനാത്മകത നിലനിർത്തുന്നതിന് ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ സാധ്യത പ്രയോജനപ്പെടുത്തണം. കാർഷിക മേഖലയിൽ ആവശ്യമായ കൂടുതൽ നിക്ഷേപങ്ങൾക്ക് നിലവിൽ സഹകരണ സ്ഥാപനങ്ങളിൽ ലഭ്യമായ വിഭവങ്ങൾ പ്രയോജനപ്പെടുത്തുകയും ആയതിന് സർക്കാർ ഗ്യാരൻറി നൽകുകയും വേണം. അഗ്രോ പ്രോസസിംഗ്, മാർക്കറ്റിംഗ് എന്നിവയിൽ സഹകരണ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കണം. സമാഹരണം - സംഭരണം - മൂല്യവർദ്ധനവ് - വിപണന ഔട്ലെറ്റുകൾ എന്നിവയുടെ സംഘാടനത്തിലും സഹകരണ മേഖലയുടെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പാക്കണം.

കാലാവസ്ഥാ വ്യതിയാനം

27. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ ലഘൂകരിക്കുന്നതിന് ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. മുൻകൂട്ടിയുള്ള കാലാവസ്ഥാപ്രവചനം, മാറുന്ന കാലാവസ്ഥക്ക് അനുയോജ്യമായ കാർഷിക ക്രമങ്ങൾ രൂപപ്പെടുത്തൽ, അനുയോജ്യമായ വിത്ത്/നടീൽ വസ്തുക്കളുടെ ലഭ്യത, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസിൽ കാലോചിതമായ മാറ്റം എന്നിവ നടപ്പിലാക്കണം. സംരക്ഷിത കൃഷി, കൃത്യതാകൃഷി എന്നീ സാങ്കേതിക രീതികൾ പ്രോത്സാഹിപ്പിക്കണം.

സഹകരണ മേഖല

28. കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ അവയുടെ അംഗങ്ങളുടെയും, അത് വഴി സമൂഹത്തിന്റെയും, പൊതുവായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആളുകളെ അണിനിരത്തുന്നതിലും അവരുടെ വിഭവങ്ങൾ സമാഹരിക്കുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇന്ന് സംസ്ഥാനത്തെ ഗ്രാമീണ സാമ്പത്തിക പ്രവർത്തനങ്ങളുടെ നട്ടെല്ല് സഹകരണ സംഘങ്ങളാണ്. തുടർച്ചയായ പഞ്ചവത്സര പദ്ധതികളിലൂടെയും അനുബന്ധ ഗ്രാന്റുകളിലൂടെയും സർക്കാർ കേരളത്തിലെ സഹകരണ സംഘങ്ങളെ ശക്തമായി പിന്തുണച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് അനുവദിക്കുന്നതിന് ഊന്നൽ നൽകുന്നതിനൊപ്പം, സഹകരണ വായ്പ പിന്തുണയോടെ സഹകരണ സ്ഥാപനങ്ങൾ വഴി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നയം ഊന്നൽ നൽകിയിട്ടുണ്ട്.

എന്നിരുന്നാലും, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേക ശ്രദ്ധ ആവശ്യമുള്ള നിരവധി പ്രശ്നങ്ങൾ സഹകരണ മേഖലയിലുണ്ട്. സംസ്ഥാനത്ത് പ്രവർത്തനക്ഷമമല്ലാത്ത നിരവധി സഹകരണ സംഘങ്ങളുണ്ട് എന്നതാണ് ഒന്നാമത്തെ പ്രശ്നം. അവരുടെ മോശം സാമ്പത്തിക പ്രകടനം, ദുർബലമായ മേൽനോട്ടഘടന, നിർദ്ദിഷ്ട ബുദ്ധിമുട്ടുകൾ മനസിലാക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമുള്ള ഏകോപിത ശ്രമങ്ങളുടെ അഭാവം എന്നിവയാണ് പ്രധാന കാരണങ്ങൾ. അത്തരം സൊസൈറ്റികളെ സഹായിക്കുന്നതിന് സർക്കാർ വർഷം തോറും ഫണ്ട് നൽകുമ്പോൾ, ഒരു കൃത്യമായ പ്രവർത്തന പദ്ധതിയെ അടിസ്ഥാനമാക്കി അവ സ്വയംപര്യാപ്തവും ലാഭകരവുമായ സൊസൈറ്റികളായി മാറ്റേണ്ടത് പ്രധാനമാണ്.

കേരള ബാങ്ക്

29. കേരള ബാങ്ക് ഒരു പുതിയ സ്ഥാപനമാണ്. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയുടെ ഉൽപ്പാദനമേഖലയിൽ, പ്രത്യേകിച്ച് പ്രാഥമിക മേഖലയിൽ, ഇടപെടാനുള്ള മൂർത്തമായ ഒരു തന്ത്രം ഇതുവരെ രൂപപ്പെടുത്തിയിട്ടില്ല. പതിനാലാം പദ്ധതി കാലയളവിൽ, കേരള ബാങ്കിനായി 10 വർഷത്തെ ഒരു പ്രവർത്തന പദ്ധതി രൂപകല്പന ചെയ്യുകയും ആരംഭിക്കുകയും വേണം. ബാങ്കിന്റെ ക്രെഡിറ്റ്-ഡെപ്പോസിറ്റ് അനുപാതം ക്രമേണ ഉയരണം. സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് പ്രാധാന്യമുള്ള പ്രത്യേക മേഖലകളിലേക്ക് വായ്പ വിതരണം ഉറപ്പാക്കാൻ പുതിയ സാമ്പത്തിക ഉൽപ്പന്നങ്ങൾ അവതരിപ്പിക്കണം. ദീർഘകാല ആസ്തി സൃഷ്ടിക്കുന്ന വായ്പകൾ നൽകാൻ പ്രത്യേക ശ്രമങ്ങൾ നടത്തണം. കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ വിദഗ്ധ സംഘം ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

30. കാർഷിക വായ്പയുടെ മേഖലയാണ് നയം പുതുക്കേണ്ട മറ്റൊരു മേഖല. നിലവിൽ കേരളത്തിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും വിപുലമായ ശൃംഖലയുണ്ട്. എന്നിരുന്നാലും ഈ സ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന കാർഷിക വായ്പയുടെ വ്യാപ്തി അവരുടെ മൊത്തം വായ്പാ പോർട്ട്ഫോളിയോയുടെ 15 ശതമാനത്തിൽ താഴെയാണ്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ പ്രാദേശിക തലത്തിൽ

ഉൽപ്പാദന, കാർഷിക മേഖലകളിലെ നിക്ഷേപങ്ങൾക്ക് മതിയായ ധനസഹായം നൽകണം. കന്നുകാലി, മത്സ്യബന്ധന മേഖലകളിൽ വായ്പ നൽകുന്നതിൽ പ്രത്യേക ശ്രദ്ധ നൽകണം. ഈ ആവശ്യത്തിനായി, ഈ സ്ഥാപനങ്ങളുടെ അറ്റ വായ്പാ ലഭ്യതയുടെ ഒരു നിശ്ചിത അനുപാതം ഉൽപ്പാദന-കാർഷിക മേഖലകൾക്ക് നിർബന്ധമായും വായ്പ നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനുള്ള വഴികൾ സർക്കാർ ആരായണം. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO) ഉൾപ്പെടെയുള്ള വിജയകരമായ സബ്സിഡിയറി സംരംഭങ്ങൾ സ്ഥാപിക്കാനും ധനസഹായം നൽകാനും സഹകരണ സംഘങ്ങൾക്ക് കഴിയണം. സഹകരണ മേഖലയിൽ യുവാക്കളുടെ ഇടപെടലും നിർണായക ശ്രദ്ധ നൽകണം. സാങ്കേതികവിദ്യയുടെ കൂടുതൽ ഇൻഫ്യൂഷൻ യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ സഹായിക്കും. പുതിയ സംരംഭങ്ങൾക്ക്, പ്രത്യേകിച്ച് സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നൽകുന്നതിന് സഹകരണ സ്ഥാപനങ്ങൾ തയ്യാറാകണം.

31. കേരള ബാങ്കും പ്രാഥമിക സഹകരണ സംഘങ്ങളും തമ്മിലുള്ള സാമ്പത്തികബന്ധം പരിഷ്കരിക്കുന്നതിന് ശ്രദ്ധ നൽകണം. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും സാമ്പത്തിക തന്ത്രങ്ങളും കേരള ബാങ്കിന്റെ വാണിജ്യ പ്രവർത്തനങ്ങൾക്ക് ഭാരമായി മാറരുത്. കേരള ബാങ്കിന്റെയും പ്രാഥമിക സഹകരണ സംഘങ്ങളുടെയും പ്രവർത്തനം ഏകീകൃത സോഫ്റ്റ്വെയറിനു കീഴിൽ കൊണ്ടുവരണം.

സ്ഥിതിവിവര കണക്കുകൾ

32. കൃത്യമായ ഒരു ഡാറ്റാബേസിന്റെ അഭാവം കാർഷിക മേഖലയിലെ ശാസ്ത്രീയ ആസൂത്രണത്തിന് ഒരു പ്രധാന തടസ്സമാണ്. ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് നൽകുന്ന കണക്കുകളുടെ കൃത്യത സംബന്ധിച്ച് വിയോജിപ്പുകൾ ഉണ്ട്. വിളകളുടെ വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവയെക്കുറിച്ചുള്ള കണക്കുകൾ ഒരു നല്ല ഉദാഹരണമാണ്. പതിമൂന്നാം പദ്ധതിക്കാലത്ത് ഒരു സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ രൂപീകരിച്ചു. സംസ്ഥാനത്തെ സ്ഥിതിവിവരക്കണക്ക് സംവിധാനം അവലോകനം ചെയ്യാനും അത് നവീകരിക്കുന്നതിനുള്ള ശുപാർശകൾ നിർദ്ദേശിക്കാനും കമ്മീഷൻ നടപടികളെടുക്കണം. കൃഷിയിലെ വ്യത്യസ്ത ഡാറ്റാബേസുകളെ സംസ്ഥാനത്തെ ഭൂമിയുടെ ഉടമസ്ഥതയെയും ഉപയോഗത്തെയും കുറിച്ചുള്ള ഡിജിറ്റൽ ജിയോറഫറൻസ് ഡാറ്റാബേസ് സൃഷ്ടിക്കുന്നതിനുമുള്ള റവന്യൂ വകുപ്പിന്റെ ശ്രമങ്ങളുമായി ബന്ധിപ്പിക്കണം.

ചുരുക്കത്തിൽ, അടുത്ത പഞ്ചവത്സര പദ്ധതിയുടെ ശ്രദ്ധ കേരളത്തിലെ കാർഷിക സമ്പദ്വ്യവസ്ഥയെ നവീകരിക്കുക എന്നതായിരിക്കണം. ഈ പ്രവർത്തനം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിലായിരിക്കണം. എന്നാൽ തദ്ദേശസ്വയംഭരണം, സഹകരണം, വ്യവസായം എന്നീ വകുപ്പുകൾ കൂടി സജീവമായി ഈ പ്രവർത്തനത്തിൽ പങ്കാളികളാകണം. കൃഷി ആധുനികമാകുകയും ഉൽപ്പാദനക്ഷമത ഉയർത്താൻ ലഭ്യമായ ഏറ്റവും ആധുനിക സാങ്കേതികവിദ്യകൾ സ്വീകരിക്കുകയും വേണം. ഉൽപ്പാദനക്ഷമത വർധിപ്പിച്ചാൽ മാത്രമേ കർഷകരുടെ വരുമാനം ഉയർത്താൻ കഴിയൂ. ശേഖരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവയിലും നയം പ്രത്യേക ശ്രദ്ധ നൽകണം. സഹകരണ സ്ഥാപനങ്ങളും മറ്റ് തരത്തിലുള്ള കൂട്ടായ്മകളും ഈ ലക്ഷ്യത്തിലേക്ക് പ്രോത്സാഹിപ്പിക്കണം.

4

കാർഷിക മൂല്യവർധനയും വിപണനവും

കേരളത്തിലെ കൃഷിയെക്കുറിച്ച് സംസാരിക്കുമ്പോൾ സാധാരണയായി ഉത്പാദനക്ഷമതയുടെ കുറവ്, കൃഷിയിടങ്ങളുടെ വലിപ്പക്കുറവ്, കർഷകരുടെ വരുമാന അനിശ്ചിതത്വം, യുവാക്കളുടെ കൃഷിയിൽ നിന്നുള്ള പിൻവാങ്ങൽ എന്നിവയാണ് ചർച്ചയുടെ കേന്ദ്രബിന്ദുക്കളാകുന്നത്. എന്നാൽ കൃഷിയുടെ യഥാർത്ഥ പ്രതിസന്ധി ഉത്പാദനത്തിന്റെ പരിധിയിൽ മാത്രം ഒതുങ്ങുന്നതല്ല. കാർഷിക ഉൽപ്പന്നങ്ങൾ എങ്ങനെയാണ് വിപണിയിലെത്തുന്നത്, അവയിലേക്ക് എത്ര മൂല്യമാണ് ചേർക്കപ്പെടുന്നത്, ആ മൂല്യത്തിൽ കർഷകനു എത്ര പങ്ക് ലഭിക്കുന്നു എന്നതാണ് ഇന്ന് കേരളത്തിലെ കാർഷിക സമ്പദ്‌വ്യവസ്ഥയുടെ ഹൃദയപ്രശ്നം.

ലോകമെമ്പാടുമുള്ള കാർഷിക പരിഷ്കാര ചർച്ചകൾ സൂചിപ്പിക്കുന്നത്, കൃഷിയുടെ നിലനിൽപ്പ് ഇനി വിളവിന്റെ അളവിൽ മാത്രം ആശ്രയിച്ചല്ല എന്നതാണ്. വിളവിനുശേഷമുള്ള ഘട്ടങ്ങൾ - അതായത് സംഭരണം, ശേഖരണം (aggregation), ഗതാഗതം, സംസ്കരണം (processing), പാക്കേജിംഗ്, ബ്രാൻഡിംഗ്, വിപണനം - ഇവയെല്ലാം ചേർന്ന ഒരു സമഗ്ര മൂല്യശൃംഖലയിലൂടെയാണ് കൃഷി ഇന്ന് നിലനിൽക്കുന്നത്. ഈ മൂല്യശൃംഖലയിൽ എവിടെയാണ് കർഷകൻ നിൽക്കുന്നത് എന്ന ചോദ്യം അത്രമേൽ രാഷ്ട്രീയവും സാമൂഹ്യവുമായ അർത്ഥമുള്ളതാണ്.

ചരിത്രപരമായി കേരളത്തിലെ കൃഷി ചെറുകിട കർഷകാടിസ്ഥാനത്തിലുള്ളതാണ്. ഇവിടെ കൃഷി വലിയ എസ്റ്റേറ്റുകളിലോ വൻ ഫാമുകളിലോ അല്ല നടക്കുന്നത് എന്നതാണ്. ഭൂപരിഷ്കരണം വലിയ ജന്മിമാരെ ഇല്ലാതാക്കിയെങ്കിലും, അതിന്റെ തുടർഫലമായി കൃഷിയിടങ്ങൾ ചെറുതായി. ഇന്നുക്ഷക്കണക്കിന് ചെറുകിട കർഷകരാണ് സംസ്ഥാനത്തെ കാർഷിക ഉത്പാദനത്തിന്റെ അടിത്തറ. ഭൂരിഭാഗം കർഷകരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശം വച്ചാണ് കൃഷി നടത്തുന്നത്. ഈ ഘടന തന്നെ കേരളത്തിൽ വിപണനത്തിനും മൂല്യവർധനത്തിനും പ്രത്യേകമായ വെല്ലുവിളികളും, അതോടൊപ്പം അപൂർവമായ ചില സാധ്യതകളും സൃഷ്ടിക്കുന്നു. പക്ഷെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഓരോ കർഷകനും വിപണിയിലെത്തിക്കാൻ കഴിയുന്ന മിച്ചം വളരെ ചെറുതായിരിക്കും എന്നതാണ്.

ഈ ചെറിയ മിച്ചങ്ങളാണ് കേരളത്തിലെ കാർഷിക വിപണിയുടെ അടിസ്ഥാന ഘടകം. ഒരു കർഷകന്റെ കൈവശം എത്തുന്ന വിളയുടെ അളവ്, അയാൾക്ക് സ്വതന്ത്രമായി വിപണിയുമായി വിലപേശൽ നടത്താൻ പോരാത്തതായിരിക്കും. ഇതാണ് ഇടനിലക്കാരുടെ ശക്തി വർധിക്കാനുള്ള പ്രധാന കാരണം. കർഷകൻ വിള വിൽക്കുന്നത് പലപ്പോഴും വിപണിയിലെ ആവശ്യകതയും വിലയും പൂർണ്ണമായി അറിയാതെയാണ്. വിവര അസമത്വം (information asymmetry) കേരളത്തിലെ കാർഷിക വിപണിയുടെ സ്ഥിരം സവിശേഷതയായി മാറിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ, സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ശ്രദ്ധിക്കേണ്ടതാണ്. മലനാടും തീരപ്രദേശവും ഇടനിലഭൂമിയും ചേർന്ന നമ്മുടെ നാടിന്റെ സങ്കീർണ്ണമായ ഭൂപ്രകൃതി, ഗതാഗത ചെലവും സംഭരണ പ്രശ്നങ്ങളും വർധിപ്പിക്കുന്നു. പഴവും പച്ചക്കറിയും പോലുള്ള പെട്ടെന്ന് നശിക്കുന്ന വിളകളിൽ ഇത് കൂടുതൽ ഗുരുതരമാണ്. വിളവിനുശേഷം സംഭവിക്കുന്ന നഷ്ടങ്ങൾ (post-harvest losses) പല മേഖലകളിലും 15-30 ശതമാനം വരെ എത്തുന്നുവെന്ന് വിവിധ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

I
കാർഷിക ഉല്പന്ന ശേഖരണവും വിപണനവും

കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം സാധാരണയായി 'വിൽപ്പന' എന്ന ഒറ്റ വാക്കിൽ ചുരുക്കപ്പെടുന്നു. എന്നാൽ യഥാർത്ഥത്തിൽ വിപണനം ഒരു സങ്കീർണ്ണമായ സാമൂഹ്യ-സാമ്പത്തിക പ്രക്രിയയാണ്. ആരാണ് വില നിശ്ചയിക്കുന്നത്, ആ വില എങ്ങനെ രൂപപ്പെടുന്നു, വിപണിയിലെ റിസ്ക് ആരാണ് വഹിക്കുന്നത്, നഷ്ടം സംഭവിച്ചാൽ അതിന്റെ ഭാരം ആരുടെ മേലാണ് വീഴുന്നത് - ഇവയെല്ലാം വിപണനത്തിന്റെ രാഷ്ട്രീയ പ്രശ്നങ്ങളാണ്.

കേരളത്തിലെ കൃഷിയിൽ വിപണനം ഏറെക്കുറെ കർഷകവിരുദ്ധമായ രീതിയിലാണ് പ്രവർത്തിക്കുന്നത്.

കർഷകൻ കാലാവസ്ഥാ വ്യതിയാനം, രോഗബാധ, വിലത്തകർച്ച എന്നിവയൊക്കെ മൂലമുണ്ടാകുന്ന ഉത്പാദന റിസ്ക് മുഴുവൻ ഏറ്റെടുക്കുന്നു. എന്നാൽ വിപണിയിലെ ലാഭത്തിന്റെ വലിയൊരു പങ്ക് ഇടനിലക്കാർക്കും വ്യാപാരികൾക്കും സംസ്കരണ വ്യവസായങ്ങൾക്കും പോകുന്നു. ഇത് വെറും സാമ്പത്തിക പ്രശ്നമല്ല. കൃഷിയെ ഒരു ആദായകരമായ ജോലിയായി തുടരാൻ കഴിയാത്ത അവസ്ഥയിലേക്കാണ് കർഷകരെ ഇത് തള്ളിവിടുന്നത്.

ശേഖരണം (aggregation)

ഇവിടെയാണ് ശേഖരണം അഥവാ 'aggregation' എന്ന ആശയം നിർണായകമാകുന്നത്. ചെറുകിട കർഷകരുടെ ഉത്പാദനം കൂട്ടായ്മകളിലൂടെ ശേഖരിച്ച് ഒരു കുറഞ്ഞ തോതെങ്കിലും വലിപ്പം അഥവാ scale സൃഷ്ടിക്കുമ്പോൾ, കർഷകർക്കു വിപണിയിൽ വില പേശൽ-ശേഷി (bargaining power) ലഭിക്കുന്നു. ശേഖരണം ഇല്ലാതെ കേരളത്തിലെ കൃഷിക്ക് മൂല്യ വർധനയുടെ വാതിലുകൾ തുറക്കാൻ സാധിക്കില്ല.

കേരളത്തിലെ കാർഷിക പ്രതിസന്ധിയുടെ മധ്യത്തിൽ നിലകൊള്ളുന്ന ആശയമാണ് ശേഖരണം, അഥവാ കർഷകരുടെ ചെറുതും ചിതറിയതുമായ ഉത്പാദനം കൂട്ടായ്മകളിലൂടെ ഒരു സാമ്പത്തിക സ്കെയിലാക്കി മാറ്റുന്ന പ്രക്രിയ. ഇത് വെറും സാങ്കേതിക ഇടപെടൽ അല്ല. കൃഷിയുടെ സാമൂഹികസംഘടനയെ പുനർനിർവചിക്കുന്ന ഒരു രാഷ്ട്രീയ-സാമ്പത്തിക ഇടപെടലാണ്. ഒറ്റ കർഷകന്റെ കൈവശമുള്ള വിള വിപണിയിൽ പ്രാധാന്യമുള്ള ചരക്കായി മാറുന്നില്ല. എന്നാൽ നൂറോ ആയിരമോ കർഷകരുടെ വിള ഒരേ സമയം, ഒരേ നിലവാരത്തിൽ, ഒരേ പ്ലാറ്റ്ഫോമിൽ എത്തുമ്പോൾ അവസ്ഥ മാറുന്നു. അപ്പോഴാണ് കർഷകൻ വില സ്വീകരിക്കുന്നവൻ (price taker) എന്ന നിലയിൽ നിന്ന് വില പേശുന്നവൻ (price negotiator) എന്ന നിലയിലേക്ക് മാറുന്നത്. കേരളത്തിലെ കൃഷിക്ക് ഈ മാറ്റം അത്യന്താപേക്ഷിതമാണ്.

ശേഖരണത്തിന്റെ പ്രാധാന്യം മൂന്നു തലങ്ങളിലാണ് വ്യക്തമാകുന്നത്. ഒന്നാമത്, വിപണിയിലെ പ്രവേശനമാർഗങ്ങൾ വർധിപ്പിക്കാം. ശേഖരണം ഉള്ളപ്പോൾ കർഷകർക്ക് ഒരൊറ്റ ഇടനിലക്കാരനോട് മാത്രം ആശ്രയിക്കേണ്ടി വരില്ല; പ്രോസസ്സർമാരുമായി, റീട്ടെയിലർമാരുമായി, കയറ്റുമതിക്കാരുമായി നേരിട്ടുള്ള ബന്ധം സാധ്യമാകും. രണ്ടാമത്, ഗതാഗതം, സംഭരണം, കൈകാര്യം ചെയ്യൽ തുടങ്ങിയ ചെലവുകൾ കുറയ്ക്കാം. ഒറ്റയാൾക്ക് ഈ ചെലവുകൾ ഭാരം ആയിരിക്കുമ്പോൾ, കൂട്ടായ്മകൾക്ക് അത് പങ്കിടാൻ കഴിയും. മൂന്നാമത്, ശേഖരണം ഇല്ലാതെ മൂല്യവർധന വ്യവസായങ്ങൾ നിലനിൽക്കില്ല. പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് സ്ഥിരമായ അളവിലും ഗുണനിലവാരത്തിലും അസംസ്കൃത വസ്തുക്കൾ ലഭിക്കണം; അതിന് ശേഖരണം അനിവാര്യമാണ്.

ശേഖരണം എന്ന ആശയം കേരളത്തിന് പുതുമയല്ല. സഹകരണ പ്രസ്ഥാനത്തിന്റെ ശക്തമായ പാരമ്പര്യം സംസ്ഥാനത്തിനുണ്ട്. ക്ഷീരസംഘങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മത്സ്യ സഹകരണങ്ങൾ, ഇവയൊക്കെയാണ് കൂട്ടായ്മകളുടെ ശക്തി കേരളത്തിന് പരിചയപ്പെടുത്തിയത്. ഇതിന് പുറമെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, കർഷക ഉത്പാദക കമ്പനികളും, കുടുംബശ്രീ പോലുള്ള സാമൂഹിക സംഘടനകളും കേരളത്തിന്റെ പ്രത്യേക ശക്തികളാണ്. പക്ഷെ മറ്റു പല സംസ്ഥാനങ്ങളിലും ശേഖരണം എന്നത് വലിയ സ്വകാര്യ കമ്പനികളുടെ കൈകളിലൂടെയാണ് മുന്നേറുന്നത്. എന്നാൽ കേരളത്തിൽ ശേഖരണത്തെ ജനകീയവും സ്ഥാപനപരവുമായ രീതിയിൽ വികസിപ്പിക്കാനുള്ള സാധ്യതയുണ്ട്. ഇത് വിപണി കേന്ദ്രീകൃതമാകുന്നതിനൊപ്പം സാമൂഹ്യ നീതിയെയും കർഷക സംരക്ഷണത്തെയും ഉറപ്പാക്കുന്ന രീതിയിലാകണം.

ഭൂമി പാട്ടത്തിന്റെ സാദ്ധ്യതകൾ

ശേഖരണം എന്നത് വിളവിന് ശേഷമുള്ള ഘട്ടങ്ങളിൽ മാത്രം ഒതുങ്ങേണ്ടതില്ല. കൃഷിയിടത്ത് തന്നെ സ്കെയിൽ സൃഷ്ടിക്കാനുള്ള ഒരു പ്രധാന മാർഗമാണ് ഭൂമി പാട്ടത്തിനെടുക്കുന്നത്. കേരളത്തിൽ വലിയ തോതിൽ കൃഷിയോഗ്യമായ ഭൂമി ലഭ്യമാണെന്നുള്ളത് ഒരു വലിയ വിരോധാഭാസമാണ്. ഒരു വശത്ത് ഭൂമിയുള്ളവർ കൃഷിയിൽ നിന്ന് പിന്മാറുന്നു; മറുവശത്ത് കൃഷി ചെയ്യാൻ താൽപര്യമുള്ളവർക്കു ഭൂമിയില്ല.

ഭൂപരിഷ്കരണത്തിന്റെ ചരിത്രം കാരണം പാട്ടം എന്ന ആശയം കേരളത്തിൽ സംശയത്തോടെ നോക്കപ്പെടുന്നത് സ്വാഭാവികമാണ്. എന്നാൽ ഇന്ന് നിലനിൽക്കുന്ന പാട്ട രീതികൾ പഴയ ചൂഷണപരമായ ജന്മി-കൂടിയാൻ ബന്ധങ്ങളല്ല. കഴിഞ്ഞ നാലു ദശകങ്ങളിൽ കേരളത്തിൽ രൂപപ്പെട്ട പാട്ട മാതൃകകൾ നിയന്ത്രിതവും സാമൂഹ്യപരമായി സംരക്ഷിതവുമാണ്. ഇന്ന് സംസ്ഥാനത്ത് മൂന്നു പ്രധാന തരത്തിലുള്ള പാട്ട രീതികൾ നിലവിലുണ്ട്. ഒന്നാമത്, വ്യക്തികൾ വ്യക്തികളിൽ നിന്ന് ഭൂമി ലീസിൽ എടുക്കുന്ന രീതികൾ. രണ്ടാമത്, പച്ചക്കറി–പഴകൃഷിക്കായി സർക്കാർ ഏജൻസികൾ ഇടപെട്ട് നിയമപരമായി സൗകര്യമൊരുക്കുന്ന ലീസിംഗ് മാതൃകകൾ. മൂന്നാമത്, കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങളും ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളും നടത്തുന്ന കൂട്ടലീസിംഗ് കൃഷി.

ഈ മൂന്നാമത്തെ മാതൃകയാണ് കേരളത്തിന്റെ കാർഷിക ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ സാമൂഹിക നവീകരണം. ആയിരക്കണക്കിന് സ്ത്രീകൾ കൂട്ടായ്മയായി ഭൂമി പാട്ടത്തിന് എടുത്ത് കൃഷി നടത്തുമ്പോൾ, അവിടെ സ്കെയിൽ സ്വാഭാവികമായി സൃഷ്ടിക്കപ്പെടുന്നു. ചെലവ് കുറയുന്നു, തൊഴിൽ പരസ്പരം പങ്കിടാം, വായ്പയും സബ്സിഡിയും എളുപ്പത്തിൽ ലഭിക്കുന്നു. ഏറ്റവും പ്രധാനമായി, കൃഷി ഒരു സാമൂഹിക സംരംഭമായി മാറുന്നു. ഈ മാതൃക വെറും ദാരിദ്ര്യനിവാരണ പദ്ധതിയല്ല. ഇത് ഒരു സമഗ്രമായ മൂല്യശൃംഘലയാണ് (integrated value chain model). ഉത്പാദനം മുതൽ വിപണനം വരെ

സ്ത്രീകളുടെ കൂട്ടായ്മകൾ നിയന്ത്രിക്കുന്ന ഒരു സമ്പൂർണ്ണ സാമ്പത്തിക മാതൃക. ദേശീയതലത്തിൽ പോലും ഈ മാതൃക പഠനവിഷയമായിട്ടുണ്ടെന്നത് അതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

കരാർ കൃഷി: അവസരങ്ങളും ഭീഷണികളും

ശേഖരണത്തിന്റെ മറ്റൊരു പ്രധാന ഉപാധിയാണ് കരാർ കൃഷി. കേരളത്തിൽ ഇത് ഔദ്യോഗികമായി ഏറെ ചർച്ചചെയ്യപ്പെടാത്ത വിഷയമായിരുന്നെങ്കിലും, പ്രായോഗികമായി പല മേഖലകളിലും ഇത് ഇതിനകം നിലനിൽക്കുന്നുണ്ട്. മസാലവിളകളിൽ oleoresin നിർമ്മാണത്തിനുള്ള കരാറുകൾ, ഓർഗാനിക് ഇഞ്ചി–മഞ്ഞൾ–കുരുമുളക് കൃഷിയിൽ കയറ്റുമതിക്കാർ നടത്തുന്ന കരാറുകൾ, കോഴിവളർത്തലിലെ buy-back മാതൃകകൾ - ഇവയെല്ലാം കരാർ കൃഷിയുടെ വിവിധ രൂപങ്ങളാണ്.

കരാർ കൃഷി കർഷകർക്കു ചില ഉറപ്പുകൾ നൽകുന്നു: മുൻകൂട്ടി അറിയാവുന്ന വില, സ്ഥിരമായ വിപണി, ചിലപ്പോൾ സാങ്കേതിക സഹായവും ഇൻപുട്ടുകളും. എന്നാൽ അതോടൊപ്പം തന്നെ ഇത് പുതിയ ആശ്രിതത്വങ്ങളും സൃഷ്ടിക്കാം. കരാർ വ്യവസ്ഥകൾ കർഷകർക്കെതിരായി മാറുമ്പോൾ, അവർക്ക് പിന്മാറാൻ ഇടമില്ലാതാകും. അന്താരാഷ്ട്ര അനുഭവങ്ങൾ കാണിക്കുന്നത്, നിയന്ത്രണമില്ലാത്ത കരാർ കൃഷി ദീർഘകാലത്ത് കർഷകരെ കൂടുതൽ ദുർബലരാക്കാൻ സാധ്യതയുണ്ടെന്നാണ്. അതിനാൽ കേരളത്തിൽ കരാർ കൃഷി പൂർണ്ണമായും നിരാകരിക്കേണ്ടതല്ല. അതേസമയം, അനിയന്ത്രിതമായി പ്രോത്സാഹിപ്പിക്കാനും പാടില്ല. ഇതിന് soft regulation ആവശ്യമാണ് - വ്യക്തമായ മാർഗനിർദ്ദേശങ്ങൾ, തർക്കപരിഹാര സംവിധാനങ്ങൾ, കർഷകപക്ഷീയമായ നിയമപരിരക്ഷ എന്നിവയൊക്കെ. കരാർ കൃഷി കർഷകന്റെ കൈവശമുള്ള ഒരു സാധ്യത ആയിരിക്കണം, നിർബന്ധമായ ഒരു വഴിയല്ല.

സംഭരണം

ശേഖരണം ഫലം കാണണമെങ്കിൽ അത് സംഭരണ സംവിധാനങ്ങളുമായി കൂടി ബന്ധിപ്പിക്കപ്പെടണം. നെല്ല്, തേങ്ങ പോലുള്ള പ്രധാന വിളകളിൽ സംഭരണം പരാജയപ്പെടുമ്പോൾ, ശേഖരണത്തിന്റെ മുഴുവൻ നേട്ടവും നഷ്ടപ്പെടും. കർഷകരുടെ വിള ഒരുമിച്ചു ശേഖരിക്കപ്പെടുന്നില്ലെങ്കിൽ, ശേഖരണം ഒരു ആശയമായി മാത്രം നിലനിൽക്കും. കേരളത്തിലെ കൃഷിയിൽ ഏറ്റവും വലിയ സ്ഥാപനപരമായ പരാജയങ്ങളിൽ ഒന്ന്, ഉത്പാദനത്തെയും വിപണിയെയും ബന്ധിപ്പിക്കുന്ന സംഭരണ സംവിധാനങ്ങളുടെ ദൗർബല്യമാണ്. സംഭരണം എന്നത് വെറും സർക്കാർ വാങ്ങൽ സംവിധാനമല്ല. അത് കർഷകനു വിപണിയിൽ ഒരു മിനിമം അടിത്തറ (floor) നൽകുന്ന സംവിധാനമാണ്. കർഷകൻ വിലത്തകർച്ചയോ വിപണി തകർച്ചയോ നേരിടുമ്പോൾ, അവന്റെ വിളയ്ക്ക് കുറഞ്ഞത് ഒരു ഉറപ്പ് നൽകുന്ന സംവിധാനമാണത്.

നെല്ല്

കേരളത്തിലെ നെല്ല് സംഭരണ സംവിധാനം മില്ലർമാരുടെയും ഏജന്റുമാരുടെയും ചുറ്റുവട്ടത്ത് നിന്നും മോചിപ്പിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (PACS) നിയന്ത്രണത്തിലേക്ക് കൊണ്ടുവരേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. ഇതാണ് ഇന്നത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാരം. ഇന്ന് കർഷകൻ തന്റെ വിള എത്തിച്ചുകൊടുക്കുന്നത് പലപ്പോഴും വൈകിയ പേയ്മെന്റുകളും അനിശ്ചിതത്വങ്ങളും നിറഞ്ഞ ഒരു ശൃംഖലയിലേക്കാണ്. ഇന്നത്തെ സംവിധാനത്തിൽ നിരവധി പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു:

1. കർഷകർക്ക് ലഭിക്കുന്ന പേയ്മെന്റുകളിൽ താമസം
2. ഇടനിലക്കാരുടെ അമിത സ്വാധീനം
3. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള നെല്ലിന്റെ അനിയന്ത്രിത പ്രവേശനം
4. സംഭരണത്തിലും ഗതാഗതത്തിലും ചോർച്ചയും നഷ്ടവും
5. സർക്കാരിന്റെ സാമ്പത്തിക ബാധ്യതയുടെ വർധനം

നെല്ല് സംഭരണ കേന്ദ്രങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (PACS) നിയന്ത്രണത്തിലേക്ക് മാറ്റണം, ഓരോ പഞ്ചായത്തിലും ഒരു PACSന്റെ നേതൃത്വത്തിൽ ഒരു നെല്ല് സംഭരണ കേന്ദ്രം അഥവാ Paddy Procurement Centres (PPCs) സ്ഥാപിക്കപ്പെടണം. അവയെ PACS മുഖേന നടത്തുമ്പോൾ, സംഭരണത്തിന്റെ ഭാരം കർഷകസമൂഹത്തിന്റെ കൈകളിലേക്കാണ് മാറുന്നത്. കർഷകർക്ക് ഉടൻ പേയ്മെന്റ് നൽകാൻ കഴിയുന്ന രീതിയിലുള്ള സംവിധാനം ഇതിലൂടെ സാധ്യമാകും. PACSന്റെ സ്വന്തം ഫണ്ടുകൾ ഇതിന് അഡ്വാൻസായി ഉപയോഗിക്കാം. ഇത് വെറും സാങ്കേതിക പരിഷ്കാരമല്ല. ഇത് സംഭരണത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക അധികാരം കർഷകകൂട്ടായ്മകളിലേക്ക് പുനർവിതരണം ചെയ്യുന്ന നടപടിയാണ്. ഒപ്പം, PACSന് മറ്റ് വിളകളിലേക്കും ശേഖരണ-വിപണന ഇടപെടലുകൾ വ്യാപിപ്പിക്കാനുള്ള ആത്മവിശ്വാസവും ശക്തിയും ലഭിക്കും.

നാളികേരം

തേങ്ങ കേരളത്തിന്റെ കാർഷിക സംസ്കാരത്തിന്റെ അടയാളമാണ്. എന്നാൽ തേങ്ങയുടെ വില ചാഞ്ചാട്ടവും procurement പരാജയവും പതിറ്റാണ്ടുകളായി കർഷകരെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നു. നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് അപെക്സ് തലത്തിലുള്ള ഫെഡറേഷനുകൾ, പലപ്പോഴും സംസ്ഥാനത്തിനുള്ളിൽ നിന്നുള്ള തേങ്ങ വാങ്ങുന്നതിൽ താൽപര്യം കാണിക്കുന്നില്ല. പുറം സംസ്ഥാനങ്ങളിൽ നിന്നുള്ള കുറഞ്ഞ വിലയുള്ള തേങ്ങയും കൊപ്രയും വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. ഇതിന്റെ ഫലമായി, കേരളത്തിലെ കർഷകൻ സ്വന്തം വിളയ്ക്ക് വിപണി തേടി അലഞ്ഞുതിരിയേണ്ട അവസ്ഥയിലാകുന്നു. പച്ചതേങ്ങ സംഭരണം എന്ന ആശയം

സർക്കാർ തലത്തിൽ ഉണ്ടെങ്കിലും, ആവശ്യമായ സംഭരണ സൗകര്യങ്ങളും പ്രോസസ്സിംഗ് സംവിധാനങ്ങളും ഇല്ലാത്തതിനാൽ അത് വലിയ വിജയമായി മാറിയിട്ടില്ല. എന്നാൽ ഇവിടെ ഒരു വലിയ സാധ്യത ഒളിഞ്ഞിരിക്കുന്നു. പച്ചതേങ്ങയെ ശേഖരിച്ച്, കൊപ്രയാക്കി മാറ്റി, ദേശീയ സംഭരണ ഏജൻസികൾക്ക് നൽകുന്ന ഒരു സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കാനായാൽ, കേരളത്തിലെ തേങ്ങ കർഷകർക്ക് സ്ഥിരമായ ഒരു വിപണി സൃഷ്ടിക്കാം.

ഇവിടെ നിർണായകമായത്, സംഭരണം-സംസ്കരണം-വിപണനം എന്ന മൂന്ന് ഘട്ടങ്ങളും ഒരേ ശൃംഖലയിൽ ബന്ധിപ്പിക്കപ്പെടണം എന്നതാണ്. വെറും വാങ്ങൽ സംവിധാനമല്ല, സംഭരണം, ഉണക്കൽ, ഗുണനിലവാര പരിശോധന, ഗതാഗതം - ഇവയെല്ലാം ഒരുമിച്ച് വെച്ച് ചിന്തിക്കേണ്ടതുണ്ട്. ഇതിനുള്ള സ്ഥാപനപരമായ ശേഷി കേരളത്തിനുണ്ട്, പക്ഷേ അത് പൂർണ്ണമായി ഉപയോഗിക്കപ്പെടുന്നില്ല.

പ്രാഥമിക ഗ്രാമീണ കാർഷിക വിപണികൾ (PRAMs)

കേരളത്തിലെ കാർഷിക വിപണനത്തിന്റെ ദീർഘകാല പരിഷ്കാരത്തിന് ഏറ്റവും പ്രധാനപ്പെട്ട ആശയങ്ങളിൽ ഒന്നാണ് പ്രാഥമിക ഗ്രാമീണ കാർഷിക വിപണികൾ അഥവാ Primary Rural Agricultural Markets (PRAMs). ഓരോ പഞ്ചായത്തിലും ഒരു പ്രാഥമിക കാർഷിക വിപണി എന്ന ആശയം, ശേഖരണത്തെ തദ്ദേശതലത്തിൽ തന്നെ ഉറപ്പിക്കുന്ന ഒരു മാതൃകയാണ്. PRAMs വെറും വിപണികളല്ല. അവ കൃഷിയുടെ ഗ്രാമീണ nerve centres ആയി പ്രവർത്തിക്കണം. സംഭരണം, grading, assaying, auction, digital price discovery -- ഇവയെല്ലാം ഒരിടത്ത് നടക്കുമ്പോൾ, കർഷകന്റെ വിളയ്ക്ക് മൂല്യം വർധിക്കുന്നു. PRAMs, PACS മുഖേന പ്രവർത്തിക്കുമ്പോൾ, അതിന്റെ നിയന്ത്രണം കർഷകകൂട്ടായ്മകളുടെ കൈവശമായിരിക്കും.

കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ

ദീർഘകാലത്തിൽ, PRAMകൾ Common Facility Centres (CFC) ആയി മാറാനുള്ള സാധ്യതയും വലുതാണ്. കാർഷിക ഇൻപുട്ടുകളുടെ വിതരണം, സാങ്കേതിക ഉപദേശം, മൃഗസംരക്ഷണ–മത്സ്യബന്ധന സേവനങ്ങൾ, സർക്കാർ procurement - എല്ലാം ഒരേ ഇടത്ത് ലഭിക്കുന്ന ഒരു ഗ്രാമീണ കാർഷിക ഹബ്ബ്. ഇത് കൃഷിയെ ഒറ്റപ്പെട്ട വ്യക്തിഗത പ്രവർത്തനത്തിൽ നിന്ന്, സാമൂഹികമായി സംയോജിതമായ ഒരു സാമ്പത്തിക പ്രവർത്തനത്തിലേക്ക് ഉയർത്തും.

PRAMs-നെ വലിയ ബ്ലോക്ക്–ജില്ലാ തല വിപണികളുമായി ബന്ധിപ്പിക്കുന്ന hub-and-spoke മാതൃകയും കേരളത്തിന് ഏറ്റവും അനുയോജ്യമായ ഒരു വിപണി ഘടനയാണ്. പഞ്ചായത്ത് തലത്തിലെ ചെറിയ വിപണികൾ hub-കളിലേക്ക് ചരക്ക് അയക്കുകയും, hub-കളിൽ നിന്ന് പ്രോസസ്സർമാർക്കും റീട്ടെയിലർമാർക്കും കയറ്റുമതിക്കാർക്കും വിതരണം നടത്തുകയും ചെയ്യുന്ന ഒരു ശൃംഖലയാണ് ശ്രമിക്കാവുന്നത്. ഈ ഘടനയുടെ ഏറ്റവും വലിയ ഗുണം, വിപണിയിലെ അസ്ഥിരത (volatility) കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ്. ഒരിടത്ത് വിപണി നിറഞ്ഞാൽ, മറ്റൊരു ഇടത്തേക്ക് ചരക്ക് തിരിച്ചു വിടാൻ കഴിയും. പാഴാക്കൽ കുറയുന്നു, വിലത്തകർച്ച കുറയുന്നു, കർഷകന്റെ റിസ്ക് കുറയുന്നു.

II
മൂല്യവർദ്ധനാ സംരംഭങ്ങൾ

ശേഖരണം-സംഭരണം സംവിധാനങ്ങൾ മാത്രം കൊണ്ട് കൃഷി ഉയിർത്തെഴുന്നേൽക്കില്ല. ഈ ശൃംഖലയ്ക്ക് അർത്ഥം ലഭിക്കുന്നത് സംസ്കരണവും മൂല്യവർദ്ധനവും വഴിയാണ്. ശേഖരണവും സംഭരണവും വഴി കൃഷി ഉൽപ്പന്നങ്ങൾക്ക് സ്കെയിൽ സൃഷ്ടിക്കപ്പെടുമ്പോൾ, ആ സ്കെയിൽ യഥാർത്ഥ സാമ്പത്തിക പ്രയോജനമായി മാറുന്നത് മൂല്യവർദ്ധനവ് വഴിയാണ്. മൂല്യവർദ്ധനം എന്നത് വെറും വ്യവസായവൽക്കരണം മാത്രമല്ല. കൃഷിയെ അസംസ്കൃത ചരക്കുകളുടെ വിതരണത്തിൽ നിന്ന് അറിവും സാങ്കേതികവിദ്യയും അധിഷ്ഠിതമായ ഒരു സാമ്പത്തിക പ്രവർത്തനത്തിലേക്ക് ഉയർത്തുന്ന പ്രക്രിയയാണ്. കേരളത്തിൽ ഈ സാധ്യത വളരെ വലുതാണ്. കൃഷി ഉൽപ്പന്നങ്ങളുടെ വൈവിധ്യം, ഉപഭോഗശീലങ്ങളുടെ മാറ്റം, ആഭ്യന്തരവും അന്താരാഷ്ട്രവുമായ വിപണികളുടെ വളർച്ച -- ഇവയെല്ലാം മൂല്യവർധനയ്ക്ക് അനുകൂലമായ അന്തരീക്ഷമാണ് സൃഷ്ടിക്കുന്നത്. എന്നിരുന്നാലും, മൂല്യവർധനയുടെ നേട്ടം കർഷകരിലേക്ക് എത്രമാത്രം ഒഴുകിയെത്തുന്നു എന്നതാണ് പ്രധാന ചോദ്യമായി നിലനിൽക്കുന്നത്.

മൂല്യവർധനം (value addition) എന്നത് കാർഷിക ഉൽപ്പന്നങ്ങളെ നേരിട്ട് ഉപഭോഗത്തിലേക്ക് വിടുന്നതിന് പകരം, സംസ്കരണം, പാക്കേജിംഗ്, ബ്രാൻഡിംഗ് തുടങ്ങിയ ഘട്ടങ്ങളിലൂടെ ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ്. കേരളത്തിന് ഇത് പുതിയ ആശയമല്ല. കുരുമുളക്, ഏലം, ജാതിക്ക, ഇഞ്ചി, തേങ്ങ, ഇവയെല്ലാം ചരിത്രപരമായി തന്നെ ആഗോള വിപണിയിൽ മൂല്യമുള്ള ഉൽപ്പന്നങ്ങളാണ്.

എന്നാൽ പ്രശ്നം, ഈ മൂല്യത്തിന്റെ എത്ര ഭാഗമാണ് കേരളത്തിലെ കർഷകനു ലഭിക്കുന്നത് എന്നതാണ്. ഉദാഹരണത്തിന്, കുരുമുളക് oleoresin, essential oil, nutraceutical ingredient എന്നിങ്ങനെ പല രൂപങ്ങളിലായി ലോകവിപണിയിലെത്തുമ്പോൾ, അതിലെ ഏറ്റവും താഴ്ന്ന മൂല്യശൃംഖലയിൽ നിൽക്കുന്നത് അസംസ്കൃത കുരുമുളക് ഉത്പാദിപ്പിക്കുന്ന കർഷകനാണ്. ഉയർന്ന മൂല്യവർധനം നടക്കുന്ന ഘട്ടങ്ങൾ പലപ്പോഴും കർഷകന്റെ നിയന്ത്രണത്തിന് പുറത്താണ്.

ചുരുക്കത്തിൽ, കേരളത്തിലെ കൃഷിയിൽ വിപണനവും മൂല്യവർധനവും തമ്മിൽ ആഴത്തിലുള്ള ബന്ധമുണ്ട്. ശേഖരണം ഇല്ലാതെ വിപണന പരിഷ്കാരം അസാധ്യ

മാണ്; വിപണന പരിഷ്കാരം ഇല്ലാതെ മൂല്യവർധനം കർഷകപക്ഷീയമാകുകയുമില്ല.

ഭക്ഷ്യ-സംസ്കരണ മേഖല

കേരളത്തിലെ ഭക്ഷ്യ-സംസ്കരണ മേഖലയെ പൂർണ്ണമായും പിന്നോക്കമായതായി വിശേഷിപ്പിക്കുന്നത് യാഥാർത്ഥ്യമല്ല. രജിസ്റ്റർ ചെയ്ത ഭക്ഷ്യസംസ്കരണ യൂണിറ്റുകളുടെ എണ്ണം, ഉത്പാദന മൂല്യം, തൊഴില വസരങ്ങൾ - ഇവയെല്ലാം കഴിഞ്ഞ ഒരു ദശകത്തിനിടെ വർധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് മത്സ്യസംസ്കരണം, മസാലസംസ്കരണം, പാൽ ഉൽപ്പന്നങ്ങൾ, ധാന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ ഗണ്യമായ വളർച്ച കാണാം. എന്നാൽ ഈ വളർച്ചയ്ക്ക് ചില സവിശേഷതകളുണ്ട്. ഒന്നാമത്, ഉൽപ്പാദന മൂല്യത്തിലെ വലിയൊരു പങ്ക് കുറച്ചേറെ യൂണിറ്റുകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. രണ്ടാമത്, മൂല്യവർധനയുടെ ഉയർന്ന ഘട്ടങ്ങൾ പലപ്പോഴും കർഷകരുടെ നിയന്ത്രണത്തിന് പുറത്താണ്. മൂന്നാമത്, തൊഴിൽ സൃഷ്ടിയേക്കാൾ മൂലധന സാന്ദ്രത (capital intensity) കൂടുന്ന പ്രവണതയാണ് പല മേഖലകളിലും കാണുന്നത്.

ഭക്ഷ്യസംസ്കരണ മേഖലയിലെ ഫാക്ടറികളുടെ എണ്ണം, ഉത്പാദനമൂല്യം, തൊഴിലവസരങ്ങൾ എന്നിവയൊക്കെ കഴിഞ്ഞ കുറെ വർഷങ്ങളിൽ കാര്യമായി വളർന്നിട്ടുണ്ട്. എന്നാൽ ഈ വളർച്ച കർഷകന്റെ വരുമാനവുമായി എത്രത്തോളം ബന്ധപ്പെട്ടു നിൽക്കുന്നു എന്നത് പരിശോധിക്കേണ്ടതാണ്. അതായത്, ഭക്ഷ്യ സംസ്കരണം വളരുന്നു, പക്ഷേ അത് സ്വാഭാവികമായി കർഷക സൗഹൃദമാകുന്നില്ല. ഈ വിടവ് പൂരിപ്പിക്കുകയാണ് സംസ്ഥാനത്തിന്റെ കാർഷിക നയത്തിന്റെ പ്രധാന വെല്ലുവിളി.

മസാലവിളകൾ

മസാലവിളകളിലാണ് കേരളത്തിന്റെ മൂല്യവർധന സാധ്യത ഏറ്റവും ശക്തമായി പ്രകടമാകുന്നത്. കുരുമുളക്, ഏലം, ജാതിക്ക, ഇഞ്ചി, മഞ്ഞൾ - ഇവയെല്ലാം അസംസ്കൃത രൂപത്തിൽ മാത്രമല്ല, oleoresin, essential oil, nutraceutical ingredient, flavouring agent എന്നിങ്ങനെ നിരവധി രൂപങ്ങളിലായി വിപണിയിലെത്തുന്ന വിളകളാണ്. ഈ മേഖലയിൽ കേരളത്തിൽ ചില വിജയകഥകൾ രൂപപ്പെട്ടിട്ടുണ്ട് - ഉദാഹരണത്തിന്, സിന്തൈറ്റ്. ദീർഘകാല നിക്ഷേപം, ഗവേഷണ-വികസന പ്രവർത്തനങ്ങൾ, ആഗോള വിപണികളുമായി ബന്ധം - ഇവയിലൂടെ വളർന്ന വ്യവസായങ്ങൾ കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയെ പുതിയ തലത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. എന്നാൽ ഇവിടെയും ഒരു അടിസ്ഥാന ചോദ്യമുണ്ട്: അസംസ്കൃത വസ്തു വിതരണക്കാരായി മാത്രം കർഷകർ ഒതുങ്ങുന്നുണ്ടോ, അതോ മൂല്യശൃംഖലയിൽ അവർക്ക് കൂടുതൽ പങ്കാളിത്തം ഉറപ്പാക്കാനാകുമോ? ഈ ചോദ്യത്തിന് ഉത്തരം ലഭിക്കുന്നത് സ്ഥാപനപരമായ രൂപരേഖ (institutional design) മുഖേനയാണ്. കർഷക ഉത്പാദക സംഘടനകൾ, സഹകരണ യൂണിറ്റുകൾ, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള സംസ്കരണ ഹബ്ബുകൾ -- ഇവയിലൂടെ മസാലവിളകളിലെ മൂല്യവർധനം കൂടുതൽ വ്യാപകവും ജനകീയവുമാക്കാം.

മത്സ്യസംസ്കരണം

മത്സ്യസംസ്കരണ മേഖലയും കേരളത്തിൽ ഇതിനകം തന്നെ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയമാണ്. എന്നാൽ ഇവിടെ മൂല്യവർധനയുടെ നേട്ടം മത്സ്യത്തൊഴിലാളികളിലേക്ക് എത്രമാത്രം എത്തുന്നു എന്നത് ചർച്ചാവിഷയമാണ്. പ്രാഥമിക സംസ്കരണം മുതൽ ഉയർന്ന മൂല്യമുള്ള ready-to-eat ഉൽപ്പന്നങ്ങൾ വരെ നീളുന്ന ശൃംഖലയിൽ, തൊഴിലാളികൾ പലപ്പോഴും താഴ്ന്ന വരുമാന നിലയിൽ കുടുങ്ങുന്നു. പാൽ മേഖലയിലും സമാനമായ ഒരു അവസ്ഥ കാണാം. സഹകരണ ഘടന ശക്തമായിട്ടും, value-added dairy products-ന്റെ വിപണി ഇപ്പോഴും പരിമിതമാണ്. ചീസ്, yoghurt, functional dairy products തുടങ്ങിയ മേഖലകളിൽ കേരളം പിന്നിലാണെന്ന് പറയേണ്ടിവരും. പഴവും പച്ചക്കറിയും ഏറ്റവും കൂടുതൽ നഷ്ടം സംഭവിക്കുന്ന മേഖലകളാണ്. ഇവിടെ pack-houses, cold chains, minimal processing units എന്നിവ ഇല്ലാത്തതുകൊണ്ട്, ശേഖരണത്തിന്റെ നേട്ടം പലപ്പോഴും നഷ്ടപ്പെടുന്നു. ഈ മേഖലയിൽ ചെറിയതോതിലുള്ള സംസ്കരണ യൂണിറ്റുകൾക്ക് വലിയ മാറ്റം സൃഷ്ടിക്കാൻ കഴിയും.

സഹകാര്യ നിക്ഷേപം

മൂല്യവർധന മേഖലയിൽ നിക്ഷേപം ആകർഷിക്കാൻ അഞ്ച് അടിസ്ഥാന വ്യവസ്ഥകൾ അനിവാര്യമാണ്. ഒന്നാമത്, സ്ഥിരമായ അളവിലും ഗുണനിലവാരത്തിലും അസംസ്കൃത വസ്തുക്കളുടെ ലഭ്യത. രണ്ടാമത്, grading, standardisation, traceability എന്നിവ ഉറപ്പാക്കുന്ന സംവിധാനങ്ങൾ. മൂന്നാമത്, എളുപ്പമുള്ള നിയമപരവും ഭരണപരവുമായ അന്തരീക്ഷം. നാലാമത്, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുള്ള investment sites. അഞ്ചാമത്, ഗവേഷണ–വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ശക്തമായ ബന്ധം. കേരളത്തിൽ ഈ അഞ്ചിലും പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും, ഏകോപനത്തിന്റെ കുറവാണ് പ്രധാന പ്രശ്നം. വിവിധ വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ ഇവരൊക്കെ പ്രത്യേകം സൈലോകളായി ആണ് പ്രവർത്തിക്കുന്നത്. ഇതിന് പകരം, agribusiness-നെ ഒരു സമഗ്ര ecosystem ആയി കാണുന്ന സമീപനം ആവശ്യമാണ്.

വൈനുകൾ

സംസ്ഥാനത്ത് കാർഷിക വ്യവസായത്തിന്റെ വളർച്ച ഉറപ്പാക്കുന്നതിന് നിരവധി നിയമപരമായ പരിഷ്കാരങ്ങൾ കൂടി അനിവാര്യമാണ്. ഇതിൽ ആദ്യത്തേത്, ഫലങ്ങളിൽ നിന്ന് നിർമ്മിക്കുന്ന വൈനുകളുടെ ലൈസൻസിംഗ് വ്യവസ്ഥകളുമായി ബന്ധപ്പെട്ടതാണ്. കേരളത്തിൽ ഫ്രൂട്ട് വൈൻ നയം (Fruit Wine Policy) രൂപപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള ചട്ടങ്ങൾ ലളിതമാക്കുകയും, നികുതിഭാരം കുറയ്ക്കു

കയും, ചെറുകിട ഉൽപാദകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തരത്തിലായിരിക്കണം ഈ നയം. ഇന്ന് ഫല-വൈനുകൾ Indian Made Foreign Liquor (IMFL), ബിയർ, അല്ലെങ്കിൽ കള്ള് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തപ്പെടുന്നതിനാൽ, ഈ മേഖലയിലെ നിയന്ത്രണാന്തരീക്ഷം കടുപ്പമുള്ളതാണ്. പ്രത്യേകിച്ച് കുറഞ്ഞ മദ്യാംശമുള്ള ഫലവൈനുകൾക്കായി, കേരളത്തിന് സ്വന്തമായ ഒരു വ്യക്തമായ നിർവചനം ആവശ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി, കേരള അബ്കാരി നിയമത്തിലും എക്സൈസ് നിയമങ്ങളിലുമുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. ഫലവൈൻ നിർമ്മാണത്തിനായി പ്രത്യേകം ലൈസൻസിംഗ് നടപടിക്രമങ്ങൾ ഉൾപ്പെടുത്തുന്നതും അതിന്റെ ഭാഗമായിരിക്കണം.

ഇതോടൊപ്പം, മഹാരാഷ്ട്രയിൽ മുന്തിരിവൈനുകൾക്ക് നിലവിലുള്ളതുപോലെ, കുറഞ്ഞ നികുതി സ്ലാബ് ഉള്ള ഒരു ഘടന ഫലവൈനുകൾക്കും ഏർപ്പെടുത്തുന്നത് വലിയ സഹായമാകും. ഇത്തരം പരിഷ്കാരങ്ങൾ, ക്രമബദ്ധമായ വ്യവസായ മേഖലയിലെ വലിയ യൂണിറ്റുകൾക്ക് പുറമെ, കർഷക ഉൽപാദക സംഘടനകൾ (FPOs), എംഎസ്എംഇകൾ (MSMEs), സ്വയംസഹായസംഘങ്ങൾ (SHGs) എന്നിവയിലും ഫലവൈൻ നിർമ്മാണത്തിന് വഴിയൊരുക്കും. കൂടാതെ, വനഫലങ്ങളിൽ നിന്ന് വൈൻ നിർമ്മിക്കാൻ ആദിവാസി സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും പരിഗണിക്കാവുന്നതാണ്. കേരള കാർഷിക സർവകലാശാല (KAU) പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് ഫലവൈനുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും കഴിയും.

നീര

ഇതിന്റെ സമാനമായ ഒരു ഉദാഹരണമാണ് തേങ്ങയിൽ നിന്ന് ലഭിക്കുന്ന നീര. നീര ഉൽപാദനത്തിലും സംസ്കരണത്തിലും പ്രതീക്ഷിച്ച വിജയം കൈവരിക്കപ്പെടാതിരുന്നതിന്റെ കാരണങ്ങൾ, സാങ്കേതികവിദ്യയുടെയും വിപണന തന്ത്രങ്ങളുടെയും കാഴ്ച്ചപ്പാടിൽ നിന്ന് വിശദമായി അവലോകനം ചെയ്യേണ്ടതുണ്ട്. നീരയുടെ വിപണനം ലക്ഷ്യമിടേണ്ടത്, ഉപഭോക്താക്കൾ ആരാണ്, അവരുടെ അഭിരുചികൾ എന്താണ്, മത്സരിക്കുന്ന മറ്റ് പാനീയങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നത് എന്തൊക്കെയാണ് എന്നതിനെക്കുറിച്ചുള്ള വ്യക്തമായ ബോധ്യത്തോടെയായിരിക്കണം അതേസമയം, നീര ഉൽപാദനത്തിലേക്കുള്ള നിക്ഷേപങ്ങൾ ശക്തമായി നിയന്ത്രിക്കപ്പെടുന്നത് നിലവിലുള്ള എക്സൈസ് നിയമങ്ങളിലൂടെയാണ്. നിലവിൽ, നീര നിർമ്മിക്കാൻ ലൈസൻസ് ലഭിക്കുന്നത് ഏഴ് സ്ഥാപനങ്ങൾക്കു മാത്രമാണ്: യഥാർത്ഥ ശർക്കര ടാപ്പർമാർ, കേരള സ്റ്റേറ്റ് ബെവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, തേങ്ങ വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തേങ്ങ ഉൽപാദക സമിതിയും തേങ്ങ ഉൽപാദക ഫെഡറേഷനും, കേരള കാർഷിക സർവകലാശാല (KAU), കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAIC), കേരള സ്റ്റേറ്റ് കൊക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ (KSCDC) എന്നിവ. ഇത്രയും കടുപ്പമുള്ള ലൈസൻസിംഗ് വ്യവസ്ഥകൾ, നീര ഉൽപാദന മേഖലയിലേക്കുള്ള സ്വകാര്യ നിക്ഷേപങ്ങൾക്ക് ഒരു വലിയ തടസ്സമായി മാറിയിട്ടുണ്ട്. മദ്യമില്ലാത്ത ഒരു പാനീയമായ നീരയെ എന്തുകൊണ്ട് എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഉൾപ്പെടുത്തണം എന്ന അടിസ്ഥാനചോദ്യമടക്കം, ഈ നിയമങ്ങൾ പുനഃപരിശോധിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള്ള ഒരു പുനർചിന്തയാണ് ഈ മേഖലയിലെ പുതിയ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാൻ വഴി തുറക്കുക.

അതുപോലെ തന്നെ, ധനസഹായ സംവിധാനങ്ങൾ കർഷക–സംരംഭക സൗഹൃദമാകണം. വായ്പ, സബ്സിഡി, venture capital—ഇവയെല്ലാം മൂല്യവർധനയുമായി ബന്ധിപ്പിക്കുന്ന രീതിയിൽ പുനർരൂപകൽപ്പന ചെയ്യേണ്ടതുണ്ട്.

വയനാട് കോഫി പാർക്ക്

കിഫ്ബി സഹായത്തോടെ നിർമ്മിച്ചുവരുന്ന വയനാട് കോഫി പാർക്ക് കാപ്പി കൃഷിക്കാരെ മൂല്യവർദ്ധിത ശൃംഖലയിൽ ഉപഭോക്തൃ ഉല്പന്ന ഘട്ടത്തിലേക്ക് കൊണ്ടുപോകാനുള്ള ആസൂത്രിതമായ ശ്രമത്തിന്റെ ഏറ്റവും നല്ല മാതൃകയാണ്. ഏറ്റവും ആധുനിക സൗകര്യങ്ങളോടുകൂടിയ കോഫി പാർക്ക് ഒരു കോമൺ ഫെസിലിറ്റി സെന്ററായും വയനാട് കോഫി ബ്രാൻഡ് ചെയ്തു വിൽക്കുന്ന ഒരു കമ്പനിയുടെ ആസ്ഥാനവും കൂടി ആയിരിക്കും. ആന്ധ്രയിലെ അർക്കാവാലി കാപ്പി പോലെ വയനാട് കാപ്പി ബ്രാൻഡ് ചെയ്യാൻ കഴിയണം.

ഇതിനു സംസ്കരണ കേന്ദ്രം മാത്രം പോര. വയനാട് കാപ്പി മേഖലയെ സമാന പാരിസ്ഥിതിക-കാലാവസ്ഥ ഇടങ്ങളായി തരംതിരിച്ച് അവിടങ്ങളിലെ കാപ്പിയുടെ സ്വഭാവത്തിനനുസരിച്ച് കാപ്പിക്കുരുവിനെ ഏതാനും ഇനങ്ങളായി വേർതിരിക്കണം. കാപ്പി പറിക്കുന്ന രീതികളിലും മാറ്റം വരുത്തേണ്ടതുണ്ട്. കാർഷികരീതികളുടെ ആധുനികവൽക്കരണത്തിനും ഇതു സന്ദർഭമാക്കാം. ഇത്തരത്തിൽ കാപ്പി വേർതിരിച്ചു ശേഖരിച്ചാൽ അവ ബ്ലെൻഡ് ചെയ്ത് കൃത്യമായി ബ്രാൻഡ് ചെയ്യാനാകും.

ബ്രാൻഡിംഗിന് ഇന്നത്തെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഏറ്റവും ആകർഷകമായ ഒരു മുദ്രാവാക്യമായിരിക്കും "കാർബൺ ന്യൂട്രൽ വയനാട് നിന്നുള്ള കാപ്പി" എന്നത്. ഇപ്പോൾ തന്നെ വയനാട് നിന്നുള്ള കാർബൺ ബഹിർഗമനം നന്നേ കുറവാണ്. ഫലവൃക്ഷം അടക്കമുള്ളവയുടെ വൃക്ഷാവരണം വർദ്ധിപ്പിച്ചുകൊണ്ട് കാർബൺ ന്യൂട്രൽ പദവി അംഗീകാരം നേടുന്നതിന് ഒരു പ്രയാസവുമുണ്ടാവില്ല.

ഇന്ന് വയനാട് കാപ്പി കൃഷിക്കാർക്ക് വിദേശത്തെ കാപ്പിപ്പൊടിയുടെ റീട്ടെയിൽ വിലയുടെ 10 ശതമാനം പോലും ലഭിക്കുന്നില്ല. ഇത് 20 ശതമാനമായി ഉയർത്താൻ കഴിഞ്ഞാൽ കൃഷിക്കാരുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനയുണ്ടാകും. കാപ്പി പാർക്ക് കോമൺ ഫെസിലിറ്റി സെന്റർ എന്ന നിലയിൽ വയനാട്ടെ ഫല

ഉല്പന്നങ്ങളെ സംസ്കരിക്കുന്നതിനുള്ള കേന്ദ്രമായിക്കൂടി പ്രവർത്തിപ്പിക്കാനാകും.

ഇതുപോലുള്ള ധർമ്മം ഇടുക്കിയിലെ സ്പൈസസ് പാർക്കിനും നിർവ്വഹിക്കാം. കോട്ടയത്തെ റബ്ബർ പാർക്കിനെയും റബർ കൃഷിക്കാരെയും സഹകരണ സംഘങ്ങൾ വഴി ഇതുപോലെ ബന്ധപ്പെടുത്താനാകും. ഇടുക്കിയിലെ സഹ്യ തേയില സംസ്കരണ ഫാക്ടറി ചെറുകിട തേയില കൃഷിക്കാർക്ക് മെച്ചപ്പെട്ട വില നൽകുന്നതിൽ വിജയം കൈവരിക്കുകയുണ്ടായി. ഇതുപോലെ ഒട്ടനവധി സർവ്വീസ് സഹകരണ സംഘങ്ങളും ഫാർമർ പ്രൊഡ്യൂസർ സംഘടനകളും ഇപ്പോൾ വളരെ വിജയപ്രദമായി സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

ശുപാർശകൾ

- കേരളത്തിലെ കൃഷിയുടെ ഭാവി ഉത്പാദനം മാത്രം ആശ്രയിച്ചല്ല. വിപണനവും മൂല്യവർധനയും ചേർന്ന ഒരു സമഗ്ര ദർശനമാണ് ഇനി ആവശ്യം. ഈ അധ്യായത്തിന്റെ ചർച്ചകളിൽ നിന്ന് ചില പ്രധാന ശുപാർശകൾ ഉയർന്നു വരുന്നു:
- ഒന്നാമത്, ശേഖരണത്തെ സംസ്ഥാനത്തിന്റെ കാർഷിക നയത്തിന്റെ കേന്ദ്രഘടകമാക്കണം. ഭൂമി പാട്ടം, കൂട്ടുകൃഷി, കർഷക കൂട്ടായ്മകൾ - ഇവയെല്ലാം സ്കെയിൽ സൃഷ്ടിക്കുന്ന ഉപാധികളായി ശക്തിപ്പെടുത്തണം.
- രണ്ടാമത്, സംഭരണ സംവിധാനങ്ങൾ കർഷകകേന്ദ്രിതമാക്കണം. PACS, സഹകരണ സംഘങ്ങൾ, കർഷക സംഘടനകൾ എന്നിവയ്ക്ക് സംഭരണത്തൽ കൂടുതൽ പങ്ക് നൽകണം.
- മൂന്നാമത്, PRAMs പോലുള്ള തദ്ദേശതല വിപണി സ്ഥാപനങ്ങൾ വേഗത്തിൽ വ്യാപിപ്പിക്കണം. ഇവയെ വെറും വിപണികളായി അല്ല, ഗ്രാമീണ കാർഷിക ഹബ്ബുകളായി വികസിപ്പിക്കണം.
- നാലാമത്, മൂല്യവർധന വ്യവസായങ്ങളിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കണം. FPOകൾ, cooperative processing units, cluster-based models - ഇവയാണ് അതിന് വഴി.
- അഞ്ചാമത്, നിക്ഷേപ-നിയമപരമായ പരിഷ്കാരങ്ങൾ കർഷക സംരക്ഷണവുമായി ബന്ധിപ്പിക്കണം. അവസാനമായി, കേരളത്തിലെ കൃഷിയെ വെറും ഒരു പിന്നോക്ക മേഖലയായി കാണുന്ന സമീപനം ഉപേക്ഷിക്കണം. ശരിയായ സ്ഥാപനങ്ങളും നയങ്ങളും ഉണ്ടെങ്കിൽ, വിപണനവും മൂല്യവർധനയും വഴി കൃഷി കേരളത്തിന്റെ സാമ്പത്തിക നവോത്ഥാനത്തിന്റെ ഒരു പ്രധാന തൂണായി മാറാൻ കഴിയും.

5

തോട്ടവിള മേഖല

I
ചരിത്രവും പ്രാധാന്യവും

കേരളത്തിലെ തോട്ടവിള മേഖലയുടെ തുടക്കം, പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പശ്ചിമഘട്ടത്തിൽ തേയില, കാപ്പി, റബ്ബർ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കൃഷി ആരംഭിച്ചതോടെയാണ്. അന്താരാഷ്ട്ര ചരക്ക് വാണിജ്യവുമായി ദൃഢമായി ബന്ധിക്കപ്പെട്ടിരുന്ന തോട്ടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി വൻതോതിൽ വനഭൂമി യൂറോപ്യൻ പ്ലാൻറർമാർക്ക് കൈമാറി. ഇവ പ്രാദേശിക സമ്പദ്ഘടനയുമായി കാര്യമായ ബന്ധമില്ലാതെയാണ് വളർന്ന് വന്നത്. കേരളത്തിലെ തോട്ടവിള വികസനം, താഴ്ന്ന പ്രദേശങ്ങളിലെ കർഷകരെ അടിസ്ഥാനമാക്കിയുള്ള കാർഷിക സമ്പദ്വ്യവസ്ഥയിൽ നിന്ന് ഘടനാപരമായി വ്യത്യസ്തമായിരുന്നു. ഇത് കുടിയേറ്റ തൊഴിലാളികളെയും ഭാഗികമായി അടിമപ്പണി ചെയ്യുന്നവരെയും അടിസ്ഥാനമാക്കിയുള്ള ഒരു പ്രത്യേക തൊഴിൽ വ്യവസ്ഥയും, ശക്തമായ സാമൂഹിക വിഭജനവും സൃഷ്ടിച്ചു. കോളനിവൽക്കരണ കാലത്തെ വനനയങ്ങളും ഭൂപരിഷ്കരണ നയങ്ങളും തദ്ദേശീയ സമൂഹങ്ങളെ പാർശ്വവൽക്കരിക്കുന്നതിലും ഹൈറേഞ്ചുകളിലെ പാരിസ്ഥിതിക ബന്ധങ്ങളെ പുനർരൂപപ്പെടുത്തുന്നതിലും വഹിച്ച പങ്ക് ചരിത്രപരമായ പഠനങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ, ട്രേഡ് യൂണിയനുകളുടെ ആവിർഭാവം, തൊഴിൽ നിയമനിർമ്മാണം, ക്ഷേമ ഇടപെടലുകൾ എന്നിവയിലൂടെ തോട്ടവിള മേഖല കേരളത്തിന്റെ വിശാലമായ സാമൂഹിക പരിഷ്കരണ പാതയിൽ പ്രവേശിച്ചു. എങ്കിലും പ്ലാന്റേഷനുകൾ ഭൂപരിഷ്കരണത്തിന്റെ പരിധിക്ക് പുറത്തായിരുന്നു. അതുവഴി കോളനി കാലഘട്ടത്തിലെ പല സ്ഥാപനപരമായ സവിശേഷതകളും തുടർന്നു. ഈ ചരിത്രപരമായ ആശ്രിതത്വം കാരണം, പ്ലാന്റേഷനുകൾ ആഗോള വിലയിലെ ചാഞ്ചാട്ടം, ഉൽപാദനക്ഷമതയിലെ ഇടിവ്, വിട്ടുമാറാത്ത തൊഴിൽ-ഉപജീവന സമ്മർദ്ദങ്ങൾ എന്നിവയ്ക്ക് നിരന്തരം ഇരയാക്കപ്പെടുന്നു.

തോട്ട സമ്പദ്വ്യവസ്ഥ

സ്വാതന്ത്ര്യത്തിന് ശേഷം, കേരളത്തിന്റെ കാർഷിക, പ്രാദേശിക സമ്പദ്വ്യവസ്ഥയുടെ ഒരു പ്രധാന ഘടകമായി തോട്ടവിള മേഖല അതിന്റെ സ്ഥാനം ഉറപ്പിച്ചു, ഭൂവിനിയോഗം, ഉപജീവനം, ചരക്കുകളെ അടിസ്ഥാനമാക്കിയുള്ള മൂല്യശൃംഖലകൾ എന്നിവയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നതിനാൽ സാമ്പത്തികമായും സാമൂഹികമായും ഇത് പ്രധാനമായി തുടർന്നു. സംസ്ഥാനത്തിന്റെ ഭൂവിനിയോഗ ഘടനയിൽ തോട്ടവിളകൾക്ക് വലിയ സ്വാധീനമുണ്ട്, കൂടാതെ, ഇപ്പോൾ പല തോട്ടവിളകളിലും ചെറുകിട കർഷകരും, കൂടുതലും സ്ത്രീകളായ തൊഴിലാളി വിഭാഗവും ഉൾപ്പെടുന്ന ഒരു വലിയ ഉപജീവന വിഭാഗം ആധിപത്യം പുലർത്തുന്നു. വലിയ തലത്തിൽ, കൃഷി, സംസ്കരണം, ആഭ്യന്തര-കയറ്റുമതി വ്യാപാരം, പ്രത്യേകിച്ച് റബ്ബർ അധിഷ്ഠിത വ്യവസായങ്ങളിലെ അനുബന്ധ നിർമ്മാണം എന്നിവയെ ബന്ധിപ്പിക്കുന്ന ഒന്നിലധികം ചരക്ക്-ബന്ധിത മൂല്യ ശൃംഖലകൾക്ക് പ്ലാന്റേഷനുകൾ അടിത്തറ നൽകുന്നു.

മേഖലയുടെ പ്രാധാന്യം സമീപകാല കാർഷിക സ്ഥിതിവിവരക്കണക്കുകളിൽ നിന്ന് വ്യക്തമാണ്. 2021-22ൽ, റബ്ബർ, കുരുമുളക്, തെങ്ങ്, ഏലം, തേയില, കാപ്പി എന്നിവ ഉൾപ്പെടെയുള്ള നാണ്യവിളകൾ കേരളത്തിന്റെ മൊത്തം കൃഷിഭൂമിയുടെ 65.8 ശതമാനം വരും, ഇത് സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്വ്യവസ്ഥയിൽ വാണിജ്യ വിളകൾക്കുള്ള ഘടനാപരമായ ആധിപത്യം എടുത്തു കാണിക്കുന്നു. തോട്ടവിളകളിൽ, റബ്ബർ, കാപ്പി, തേയില, ഏലം എന്നിവ മൊത്തം കൃഷിഭൂമിയുടെ 28.2 ശതമാനം വരും. ഇതിൽ റബ്ബർ മാത്രം 21.8 ശതമാനവും, റബ്ബർ കഴിഞ്ഞാൽ തെങ്ങ് രണ്ടാം സ്ഥാനത്താണ്. ഈ കണക്കുകളിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. പ്ലാന്റേഷനുമായി ബന്ധപ്പെട്ട വിളകൾ ഒരു അവശിഷ്ട ഘടകമല്ല, മറിച്ച് കേരളത്തിലെ കാർഷിക ഉൽപാദനത്തിന്റെ അച്ചുതണ്ട് തന്നെയാണ്.

ചെറുകിട കൃഷിക്കാർ

ഉടമസ്ഥതയിലും ഉൽപാദന ഘടനയിലും ഉണ്ടായ ദീർഘകാല പരിവർത്തനവും ഒരുപോലെ പ്രധാന

മാണ്. ഇത് എസ്റ്റേറ്റ് ആധിപത്യമുള്ള ഉൽപാദനത്തിൽ നിന്ന്, പ്രത്യേകിച്ച് പ്രകൃതിദത്ത റബ്ബറിൽ, ചെറുകിട കർഷകരെ അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങളിലേക്കുള്ള നിർണ്ണായകമായ മാറ്റം വരുത്തി. റബ്ബർ കൃഷിയിലുള്ള ചെറുകിട കർഷകരുടെ പങ്ക്, 1955-56ൽ ഏകദേശം 21.8 ശതമാനത്തിൽ നിന്ന് രണ്ടായിരമാണ്ടുകളുടെ മധ്യത്തോടെ 85 ശതമാനത്തിലധികമായി വർദ്ധിച്ചു. സമാനമായ പ്രവണതകൾ തേയിലയുടെ രംഗത്തും പ്രകടമായിരുന്നു.

ചരിത്രപരമായി വിദേശനാണ്യം സംഭാവന ചെയ്യുന്നതിൽ അറിയപ്പെട്ടിരുന്ന ഈ മേഖലയ്ക്ക്, ഇന്ന് സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഒരു പ്രധാന പങ്കുണ്ട്. കാരണം, ഈ മേഖലയിൽ ആധിപത്യം പുലർത്തുന്ന ചെറുകിട കർഷകർക്കും, കൂടുതലായി അതിലെ സ്ത്രീകൾക്കും, പിന്നാക്കം നിൽക്കുന്ന സമൂഹങ്ങളിൽ നിന്നുള്ള പ്ലാന്റേഷൻ തൊഴിലാളികൾക്കും, പാരിസ്ഥിതികമായി ദുർബലമായ പ്രദേശങ്ങളിലെ അവരുടെ കേന്ദ്രീകരണത്തിനും, ഉപജീവനത്തിനുള്ള ഏക ആശ്രയം ഇതാണ്.

II

ആസിയാൻ സ്വതന്ത്ര വ്യാപാര കരാർ

തോട്ടവിളകൾ പൂർണ്ണമായും കമ്പോളത്തിന് വേണ്ടിയുള്ളവ ആയതുകൊണ്ട് വിലകളിലുള്ള ചാഞ്ചാട്ടവും ഇടിവുമാണ് ഇന്ന് അവ നേരിടുന്ന മുഖ്യപ്രശ്നം, ആഗോളവൽക്കരണ പരിഷ്കാരങ്ങൾ തുടങ്ങുന്നത് വരെ ഇറക്കുമതി നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് രാജ്യത്തിനകത്ത് താരതമ്യേന സുസ്ഥിരവും മെച്ചപ്പെട്ട വിലകളും ലഭിച്ചിരുന്നു. റബ്ബറിന്റെ ഉൽപ്പാദനം പൂർണ്ണമായും ആഭ്യന്തര കമ്പോളത്തിനു വേണ്ടിയായിരുന്നു. ആഭ്യന്തര വിലകളാവട്ടെ അന്തർദേശീയ വിലകളെ അപേക്ഷിച്ച് സുസ്ഥിരമായിരുന്നു എന്ന് മാത്രമല്ല, 25-30 ശതമാനം ഉയർന്നതുമായിരുന്നു. കയറ്റുമതി വിളകളായ കാപ്പി, ഏലം, തേയില തുടങ്ങിയവയുടെ ഇറക്കുമതിയുടെ മേൽ കർശനമായ നിയന്ത്രണമുണ്ടായിരുന്നു. ഇത് തോട്ടകൃഷിയെ താരതമ്യേന കൂടുതൽ ആദായകരമാക്കി. ഇതാണ് തോട്ടവിളകളുടെ വിസ്തൃതി അനുക്രമമായി വർദ്ധിച്ചുവന്നതിന് ഒരു പ്രധാനപ്പെട്ട കാരണം.

ലോക വ്യാപാര ഉടമ്പടി

ആഗോളവൽക്കരണ പരിഷ്കാരങ്ങളും ലോക വ്യാപാരക്കരാറും ഈ സ്ഥിതിവിശേഷത്തെ ആകെ മാറ്റിമറിച്ചിരിക്കുകയാണ്. ലോകവ്യാപാര സംഘടനയുടെ കാർഷികവ്യാപാര ഉടമ്പടി പ്രകാരം (എ.ഒ.എ) അംഗരാജ്യങ്ങൾക്ക് കാർഷികോൽപന്നങ്ങളുടെ ഇറക്കുമതിക്ക് മേൽ അളവുപരമായ നിയന്ത്രണങ്ങൾ വെയ്ക്കാൻ അവകാശമില്ല. തൊണ്ണൂറുകളുടെ അവസാനത്തോടെതന്നെ എല്ലാ അളവുപരമായ ഇറക്കുമതി നിയന്ത്രണങ്ങളും ഇന്ത്യ എടുത്തു കളഞ്ഞു. ഇറക്കുമതി തീരുവകളും പിന്നീട് ഘട്ടംഘട്ടമായി കുറച്ചു.

ആസിയാൻ കരാർ

ഇതിന് പുറമെ ശ്രീലങ്കയുമായും ആസിയാൻ രാജ്യങ്ങളുമായും, ഇന്ത്യ സ്വതന്ത്ര വ്യാപാര കരാറിൽ ഏർപ്പെട്ടു. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന തോട്ടവിളകൾ കൃഷി ചെയ്യുന്ന രാജ്യങ്ങളാണ് ശ്രീലങ്കയും, ആസിയാൻ രാജ്യങ്ങളും എന്നത് ഇവിടെ എടുത്ത് പറയേണ്ടതുണ്ട്. അതുകൊണ്ട് ആസിയാൻ കരാർ നമ്മുടെ തോട്ടവിളകൾക്ക് വലിയ തിരിച്ചടിയായി. സ്വതന്ത്രവ്യാപാരകരാർ അനുസരിച്ച് നീങ്ങിയാൽ അതിൽ ഒപ്പിടുന്ന രാജ്യങ്ങൾ ഒരു നിശ്ചിത കാലയളവിനുള്ളിൽ ഒരു ഏകീകൃത കമ്പോളത്തിന്റെ ഭാഗമാവണം. കയറ്റിറക്കുമതി വ്യാപാരം പൂർണ്ണമായും സ്വതന്ത്രമായിരിക്കണം എന്നർത്ഥം.

ചുരുക്കിപ്പറഞ്ഞാൽ തോട്ടവിള ഉൽപന്നങ്ങളുടെ കയറ്റിറക്കുമതി വ്യാപാരത്തെ നിയന്ത്രിക്കാനുള്ള അധികാരം ഏതാണ്ട് പൂർണമായും ഇന്ത്യയ്ക്ക് നഷ്ടമായിരിക്കുകയാണ്. ഇനി അവശേഷിക്കുന്ന ചിലയിടപെടൽ സാധ്യതകൾ പിന്നീട് പരിശോധിക്കാം. ആഭ്യന്തര വിപണിയിലും, അന്തർദേശീയ വിപണിയിലും ഇടപെടാനുള്ള അധികാരം നഷ്ടപ്പെട്ട ഇന്നത്തെ അവസ്ഥയുടെ പ്രത്യാഘാതം എന്താണ്? വിലകൾ ദീർഘകാലാടിസ്ഥാനത്തിൽ കുറയുകയും, അവയുടെ അസ്ഥിരത ഉയരുകയും ചെയ്യുന്നതാണ് കാഴ്ച.

ഇറക്കുമതി സ്വതന്ത്രമായി. അതോടെ, രാജ്യത്തെ ആഭ്യന്തര വിലകളും അന്തർദേശീയ വിലകളും ഏകീകരിക്കപ്പെട്ടു. അന്തർദേശീയ വിലകളുടെ ചാക്രിക ഗതിക്കനുസരിച്ച് ആഭ്യന്തര വിലകളും മാറാൻ തുടങ്ങി. വിലകളുടെ രൂക്ഷമായ ചാഞ്ചാട്ടത്തിനും വിലയിടിവിലേക്കും ഇത് നയിച്ചു. 1990കളുടെ അവസാനം രൂക്ഷമായ പ്രതിസന്ധി രൂപപ്പെട്ടു. എല്ലാ നാണ്യവിളകളുടെയും വിലകൾ ഒരേസമയം കുത്തനെ ഇടിഞ്ഞു. ഇതിന്റെ പ്രത്യാഘാതം തോട്ടവിളകളുടെ വിളവിസ്തൃതിയിലും ഉൽപ്പാദനക്ഷമതയിലും ഉൽപ്പാദനത്തിലും പ്രതിഫലിച്ചുകാണാം. 1987ന് ശേഷം പ്രതിവർഷം 5.4% വേഗതയിൽ വളർന്നുകൊണ്ടിരുന്ന കേരളത്തിന്റെ കാർഷിക മേഖലയുടെ വളർച്ച ഏതാണ്ട് പൂജ്യമായി.

മൂല്യശൃംഖലയിൽ താഴേയ്ക്ക്

പ്രാഥമികോൽപന്നങ്ങളുടെ വിപണിയിൽ സർക്കാരുകളും അന്താരാഷ്ട്ര സ്ഥാപനങ്ങളും ഏതാണ്ട് പൂർണമായും കൃഷിക്കാർക്കും തൊഴിലാളികൾക്കും എതിരെ തിരിഞ്ഞിരിക്കുന്നു എന്നതാണ് സത്യം. മൂല്യച്ചങ്ങലകളുടെ സൈദ്ധാന്തിക പരിസരത്തുനിന്ന് നോക്കിയാൽ ഇക്കാര്യം വളരെ വ്യക്തമാവും. ഓരോ തോട്ടവിളയും കൃഷി ചെയ്യുന്നത് ലക്ഷക്കണക്കായ കൃഷിക്കാരും അതിലേറെ വരുന്ന തൊഴിലാളികളുമാണ്. വൻകിട തോട്ടങ്ങളുടെ സ്വാധീനം പരിമിതമാണ്. പരസ്പരം മത്സരിച്ചു വില കുറയ്ക്കുന്ന ഉൽപാദകരുടെ മത്സരം നിയന്ത്രിച്ച് അവരുടെ ശക്തി ഏകീകരിക്കാനാണ് മുമ്പ് സർക്കാരുകളും, കമ്മോഡിറ്റി ബോർഡുകളും, സാർവ്വദേശീയ ഉടമ്പടികളും ശ്ര

മിച്ചിരുന്നത്. ഇപ്പോൾ അസംഘടിതരായ, അണുവൽക്കരിക്കപ്പെട്ട ഉൽപാദകരെ രക്ഷിക്കാനല്ല മറിച്ച് അവർ തമ്മിലുള്ള മത്സരം മുറുക്കാനും വില ഇടിയ്ക്കാനുമാണ് എല്ലാ അധികാരകേന്ദ്രങ്ങളും ശ്രമിക്കുന്നത്. മുമ്പ് ഉൽപാദകർ തമ്മിലുള്ള മത്സരം രാജ്യാതിർത്തിക്കുള്ളിൽ ഒതുങ്ങി നിന്നിരുന്നെങ്കിൽ ഇപ്പോൾ മത്സരവും ആഗോളീകരിക്കപ്പെട്ടിരിക്കുകയാണ്. ഇന്ത്യയിലെയും ശ്രീലങ്കയിലെയും പ്രാഥമിക ഉൽപാദകർ തമ്മിലുള്ള മത്സരം മുറുകുകയാണ്. തൽഫലമായുണ്ടാകുന്ന വിലയിടിവിന്റെ ദുരിതം എല്ലാ രാജ്യങ്ങളിലെയും കൃഷിക്കാർ ഒരുപോലെ അനുഭവിക്കുകയാണ്.

ബഹുരാഷ്ട്ര കുത്തകകൾ

പ്രാഥമിക ഉൽപാദകർ തമ്മിലുള്ള മത്സരം മുറുകുന്നതിന്റെയും വിലയിടിയുന്നതിന്റെയും നേട്ടം ആരാണ് കൊയ്യുക? ഉത്തരം കിട്ടാൻ മൂല്യച്ചങ്ങലയിൽ പ്രാഥമിക ഉൽപാദനത്തിന് ശേഷമുള്ള കണ്ണികളിൽ ആരെല്ലാമാണ് സ്ഥാനം പിടിച്ചിരിക്കുന്നത് എന്ന് നോക്കിയാൽ മതിയാവും. പ്രാഥമികഘട്ടത്തിൽ പങ്കെടുക്കുന്നവരുടെ വലിപ്പം കുറവായിരിക്കും, എണ്ണവും മത്സരത്തിന്റെ തീവ്രതയും കൂടുതലായിരിക്കും, അവർക്ക് പരിമിതമായ കമ്പോളശക്തിയെ ഉണ്ടാവൂ. പ്രാഥമിക ഘട്ടം കഴിഞ്ഞുവരുന്ന ഓരോ കണ്ണിയിലും മത്സരിക്കുന്നവരുടെ എണ്ണം കുറയുകയും, വലിപ്പം കൂടുകയും മത്സരത്തിന്റെ തീവ്രത കുറയുകയും, കമ്പോളശക്തി കൂടുകയും ചെയ്യും. കൂറ്റൻ സംസ്കരണകമ്പനികളും, ബ്രാന്റ്നെയിം കമ്പനികളും, ചില്ലറ വിൽപന രംഗത്തെ കുത്തകകളുമാണ് മൂല്യച്ചങ്ങലയുടെ അങ്ങേയറ്റത്ത് കാണുക. അവർക്ക് മൂല്യച്ചങ്ങലയെ ഭരിക്കാനുള്ള കഴിവുണ്ടാവുക സ്വാഭാവികമാണ്. കാരണം അവരുടെ കമ്പോളശക്തിയും, വലിപ്പവും അത്ര കൂടുതലണ്. അവരിലൂടെ മാത്രമേ മൂല്യച്ചങ്ങലയിലെ ഇതര പങ്കാളികൾക്ക് ഉപഭോക്താക്കളിലേയ്ക്ക് എത്താൻ കഴിയൂ. ഉപഭോക്താക്കൾ നൽകുന്ന വിലയുടെ ചെറിയ ഒരംശം മാത്രമാണ് പ്രാഥമിക ഉൽപാദകരിലേയ്ക്ക്, അഥവാ കൃഷിക്കാരിലേയ്ക്ക് എത്തിച്ചേരുക. മൂല്യച്ചങ്ങല സംബന്ധിച്ച പഠനങ്ങൾ സൂചിപ്പിക്കുന്നത് കൃഷിക്കാരിലേയ്ക്ക് എത്തിച്ചേരുന്ന ഉൽപന്നവിലയുടെ അനുപാതം കാലക്രമേണ കുറഞ്ഞു വരുന്നു എന്നാണ്.

ആഗോളീകരണകാലത്ത് മൂല്യച്ചങ്ങലകളിലെ സംസ്കരണ-വിപണന കുത്തകകൾ തമ്മിലുള്ള മത്സരം കുറയ്ക്കാനും അവരുടെ ലാഭം വർദ്ധിപ്പിക്കാനുമാണ് ഭരണകൂടങ്ങൾ ഇടപെടുന്നത് എന്നതാണ് വിരോധാഭാസം. ഉദാഹരണത്തിന് ഗുണനിലവാരം സംബന്ധിച്ചും സുരക്ഷിതത്വം സംബന്ധിച്ചുമുള്ള നിരവധി കടമ്പകൾ കടക്കണമെങ്കിൽ മാത്രമേ വിപണനത്തിന്റെ ഘട്ടത്തിലേയ്ക്ക് ഉൽപന്നങ്ങളെ എത്തിക്കാൻ കഴിയൂ. ഭൗതിക സ്വത്തവകാശങ്ങളും ഇപ്രകാരം മത്സരത്തെ തടയാൻ ബഹുരാഷ്ട്ര കുത്തകകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. നേരെമറിച്ച് കൃഷിക്കാർ തമ്മിലുള്ള മത്സരം പെരുകാൻ അധികാര കേന്ദ്രങ്ങൾ തയ്യാറാവുന്ന കാഴ്ച സാധാരണമാണ്. സ്വാഭാവിക റബ്ബറിന്റെ ഉൽപാദനം ഗണ്യമായി ഉയർത്താൻ ലോകബാങ്കും, ദേശീയ സർക്കാരുകളും നടത്തുന്ന കൂറ്റൻ ഇടപെടലുകൾ ഇവിടെ പരാമർശിക്കേണ്ടതുണ്ട്. കമ്പോളത്തിൽ ഇടപെട്ട് വലിയ ആനുകൂല്യങ്ങൾ നൽകി വലിയ ഉൽപാദനം വർദ്ധിപ്പിച്ച വില ഇടിയ്ക്കാൻ കൂട്ടുനിൽക്കുന്ന അധികാരികൾ കൃഷിക്കാരുടെ ദുരിതം മുറുകുമ്പോൾ കമ്പോളത്തിൽ ഇടപെടുന്നത് പാപമാണ് എന്ന ന്യായമാണ് പറയുക.

ആഭ്യന്തര നയത്തിലെ വീഴ്ചകൾ

ഇന്ത്യയിലെ തോട്ടവിള വ്യവസായം നേരിടുന്ന പ്രതിസന്ധിയ്ക്ക് വൻകിട ഉൽപാദകരും സർക്കാരും പുലർത്തിയ സങ്കുചിത നിലപാടുകളും കാരണമായിട്ടുണ്ട്. തോട്ടം മേഖലയിലെ നിക്ഷേപം കുറയുകയും റീപ്ലാന്റിംഗ് മന്ദഗതിയിൽ ആവുകയും ചെയ്തതിന്റെ ഫലമായി പ്രായമേറിയ ഉൽപ്പാദനക്ഷമത കുറഞ്ഞു. ഉദാഹരണത്തിന് തേയില വ്യവസായത്തിലെ പ്രതിസന്ധിയ്ക്ക് ഇത് കാരണമായിട്ടുണ്ട്. ഇന്ത്യയിലെ തേയിലച്ചെടികളുടെ അസാധാരണമായ പഴക്കം കുപ്രസിദ്ധമാണ്. നല്ല വിലയും ലാഭവും ഉള്ളപ്പോൾ പോലും റീപ്ലാൻറിംഗിനും ഗുണനിലവാരം ഉയർത്തുന്നതിനും ഇന്ത്യയിലെ തേയില ഉല്പാദന രംഗത്തെ കുത്തകകൾ തയ്യാറായിട്ടില്ല. ഗുണനിലവാരം കുറഞ്ഞ ഉൽപന്നം വിറ്റഴിച്ച് താൽക്കാലിക ലാഭം കൊയ്യാനുള്ള പ്രവണത ഉൽപാദനക്ഷമത ഉയർത്തുന്നതിനും, ഗുണനിലവാരം ഉയർത്തുന്നതിനും, ബ്രാൻറ് വികസനത്തിനും ഇന്ത്യയിലെ വൻകിട ഉൽപാദകർ വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല.

ശാസ്ത്ര സാങ്കേതിക ഗവേഷണത്തിലും പുതിയ ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിലും അത്യുൽപാദന ഇനങ്ങൾ വികസിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലുമെല്ലാം നാം പിറകോട്ടാണ്. കാപ്പിയുടെയും തേയിലയുടെയും മറ്റും ഉപഭോക്ത്യ കമ്പോളത്തിൽ ഉരുത്തിരിയുന്ന പുതിയ പ്രവണതകൾക്കൊപ്പം ഓടിയെത്താൻ നമുക്ക് കഴിയുന്നില്ല. സ്വന്തം സ്വാധീന വലയത്തിലുള്ള ഒരു ഉപഭോക്തൃശ്രംഖല വികസിപ്പിക്കുന്നതിൽ ഇന്ത്യൻ സംസ്കരണ വ്യവസായം പൊതുവേ പരാജയമാണ്.

III
വെല്ലുവിളികൾ

ഇടുക്കിയിൽ നടന്ന അവസാന പഠന കോൺഗ്രസ്സിലെ ചർച്ചകൾ തോട്ടം മേഖലയിലെ വെല്ലുവിളികളെ സമഗ്രമായി അഭിസംബോധന ചെയ്തു. തോട്ടവിള മേഖലയുടെ സമകാലിക പ്രതിസന്ധി കേവലം വിലയിലെ ചാഞ്ചാട്ടത്തിന്റെയോ മത്സരക്ഷമത കുറയുന്നതിന്റെയോ ഒരു പരമ്പരാഗത പ്രശ്നമായി മാത്രം മനസ്സിലാക്കാൻ കഴിയില്ലെന്ന് വ്യക്തമായി. ഇന്ന് ഈ മേഖല അഭിമുഖീകരിക്കുന്ന നിരവധിയായ പ്രശ്നങ്ങളെ വിലയിരുത്തേണ്ടതുണ്ട്. കുറഞ്ഞ ഉൽപാദനക്ഷമതയും സ്വതന്ത്ര വ്യാപാര കരാറുകൾ കാരണമുള്ള കടുത്ത ഇറക്കുമതി മത്സരവും, സമയബന്ധിതമായ പുനർനടീലിന്റെ അഭാവവും ദുർബലമായ സ്ഥാപനപരമായ പിന്തുണയും, ഭൂമിയുടെ ഉടമസ്ഥാവ

കാശം, പാരിസ്ഥിതിക പ്രശ്നങ്ങൾ, അമിതമായ വളം/കീടനാശിനി ഉപയോഗം, തൊഴിലാളി ബന്ധങ്ങൾ എന്നിവ എടുത്തു പറയേണ്ടതാണ്. എല്ലാത്തിനുമുപരിയായി, കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ അടിച്ചേൽപ്പിക്കുന്ന പരിമിതികൾ, സ്ഥാപനപരമായ പിൻവാങ്ങൽ, പാരിസ്ഥിതിക സമ്മർദ്ദം എന്നിവ ഈ മേഖലയുടെ നിലനിൽപ്പിന് തന്നെ വിഘാതമാകുന്നു എന്നും ഉള്ള കാഴ്ചപാടുകൾ നിലനിൽക്കുന്നു.

ഘടനാപരമായ പരിവർത്തനവും ചെറുകിട കർഷകരുടെ ദുർബലതയും

വൻകിട എസ്റ്റേറ്റുകളിൽ നിന്ന് ചെറുകിട കർഷകരുടെ ആധിപത്യമുള്ള ഉൽപാദന സംവിധാനങ്ങളിലേക്കുള്ള മാറ്റം കേരളത്തിലെ തോട്ടവിള മേഖലയുടെ ഒരു സവിശേഷതയാണ്. ഇത് റബ്ബറിലാണ് ഏറ്റവും ശ്രദ്ധേയമെങ്കിലും, മറ്റ് വിളകളിലും വർദ്ധിച്ചുവരുന്നു. ഉൽപാദനം, സംസ്കരണം, തൊഴിലാളി നിയന്ത്രണം എന്നിവ താരതമ്യേന പരിമിതമായ സ്ഥാപനപരമായ സാഹചര്യങ്ങളിൽ സംയോജിപ്പിച്ച മൂലധന-അധിഷ്ഠിത എസ്റ്റേറ്റ് മോഡലിൽ നിന്ന് ഇത് ഗണ്യമായ വ്യതിയാനം വരുത്തുന്നു.

ചെറുകിട കർഷകരുടെ കടന്നുവരവ് ഉടമസ്ഥാവകാശം വികസിപ്പിക്കുകയും തോട്ടവിള മൂലധനത്തിന്റെ നേരിട്ടുള്ള ആധിപത്യം കുറയ്ക്കുകയും ചെയ്തെങ്കിലും, ഇത് ഉൽപാദന, വിപണി അപകടസാധ്യതകളെ വ്യക്തിഗത കുടുംബങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു. ചരക്കുകളുടെ വിലയിലെ ചാഞ്ചാട്ടം, വർദ്ധിച്ചുവരുന്ന ഉൽപാദനച്ചെലവ്, തൊഴിലാളി ക്ഷാമം, കാലാവസ്ഥാപരമായ അനിശ്ചിതത്വം എന്നിവ ചെറുകിട കർഷകരെ രൂക്ഷമായി ബാധിക്കുന്നു. എസ്റ്റേറ്റുകളിൽ നിന്ന് വ്യത്യസ്തമായി, ദീർഘകാല വിലയിടിവിനെ അതിജീവിക്കാനോ പുനർനടീലിനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്ന സാങ്കേതിക വിദ്യകളിലും നിക്ഷേപം നടത്താനോ ആവശ്യമായ സാമ്പത്തിക അടിത്തറയും സ്ഥാപനപരമായ പിന്തുണയും അവർക്കില്ല.

വിലയിടിവ് സമയങ്ങളിൽ പുനർനടീലിലുള്ള നിക്ഷേപം കുറയുന്നതും, മരങ്ങളുടെ പ്രായം കൂടുന്നതും, പരിപാലനം കുറയുന്നതും പഠനകോൺഗ്രസ്സിൽ അവതരിപ്പിച്ച പഠനങ്ങൾ എടുത്തുകാണിച്ചു. വരുമാനത്തിലെ അനിശ്ചിതത്വം കാരണവും, തോട്ടവിള കൃഷി ശാരീരികമായി അധ്വാനം ആവശ്യമുള്ളതും വളർച്ചാ സാധ്യതകൾ കുറഞ്ഞതുമായി കണക്കാക്കുന്നത് കൊണ്ടും, യുവകുടുംബാംഗങ്ങൾ കാർഷികേതര ജോലികൾ തേടുന്നത് സ്വാഭാവികമാണ്.

ഫലപ്രദമായ വിലസ്ഥിരീകരണ സംവിധാനങ്ങളുടെ അഭാവം ദുർബലതയെ കൂടുതൽ രൂക്ഷമാക്കുന്നു. തോട്ടവിളചരക്കുകളുടെ വിപണന ശൃംഖലകൾ വ്യാപാരികൾ, പ്രോസസ്സർമാർ, ആഗോള കച്ചവടക്കാർ എന്നിവരുടെ ആധിപത്യത്തിലാവുകയും, ഇത് ചെറുകിട കർഷകരുടെ വിലപേശൽ ശേഷി കുറച്ച്, കിട്ടുന്ന വിലക്ക് ഉത്പന്നങ്ങൾ വിൽക്കേണ്ട സ്ഥിതിയിൽ അവരെ കൊണ്ടെത്തിക്കുന്നു. ഇറക്കുമതിയിൽ നിന്നുള്ള സംരക്ഷണം പോലുള്ള സ്ഥാപനപരമായ സംവിധാനങ്ങൾ ദുർബലമാവുകയോ അപ്രത്യക്ഷമാവുകയോ ചെയ്തു. തൽഫലമായി, വരുമാന അസ്ഥിരത ചെറുകിട കൃഷിക്കാരുടെ സ്ഥിരശാപമായി മാറി.

ഹൈറേഞ്ച് ജില്ലകളിൽ ഈ ദുർബലതകൾ കൂടുതൽ പ്രകടമാണ്, അവിടെ ഒറ്റവിള കൃഷി, പാരിസ്ഥിതിക ദുർബലത, പരിമിതമായ വൈവിധ്യവൽക്കരണ സാധ്യതകൾ എന്നിവ അപകടസാധ്യത വർദ്ധിപ്പിക്കുന്നു. തോട്ടവിളകൾ പലപ്പോഴും ഭൂവിനിയോഗത്തിലും കുടുംബ വരുമാനത്തിലും ആധിപത്യം പുലർത്തുന്നു, ഇത് ഉത്പാദകരെ, മേഖലയുമായി ബന്ധപ്പെട്ട ആഘാതങ്ങൾക്ക് വളരെ സെൻസിറ്റീവ് ആക്കുന്നു. കേരളത്തിന്റെ മൊത്തം കൃഷിഭൂമിയുടെ ഗണ്യമായ പങ്ക് കൈവശം വെച്ചിരിക്കുന്ന ഒരു മേഖല അതിന്റെ പ്രാഥമിക ഉത്പാദകർക്ക് സ്ഥിരവും മതിയായതുമായ വരുമാനം നൽകുന്നതിൽ പരാജയപ്പെടുന്ന ഒരു വിചിത്രമായ സാഹചര്യമാണിത്. കാർഷിക ദുരിതത്തിനും, കടബാധ്യതയ്ക്കും, കൃഷിയിൽ നിന്നുള്ള പിന്മാറ്റത്തിനും ഇത് കാരണമാകുന്നു.

ഇടുക്കിയിലെ പ്രധാന തടസ്സമായി ഭൂമിയുടെ ഉടമസ്ഥാവകാശം

തോട്ടവിള മേഖല നേരിടുന്ന ഘടനാപരമായ വെല്ലുവിളികളിൽ, ഭൂമിയുടെ ഉടമസ്ഥാവകാശത്തിലെ അരക്ഷിതാവസ്ഥ പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ അടിസ്ഥാനപരമായ ഒരു തടസ്സമാണ്. ഹൈറേഞ്ചുകളിലെ തോട്ടവിള വികാസം ചരിത്രപരമായി അവ്യക്തമായ ഭൂമി ഇടപാടുകളിലൂടെയാണ് സംഭവിച്ചത്, അതിൽ വനം വെട്ടിത്തെളിക്കൽ, പാട്ടക്കരാറുകൾ, അനൗപചാരിക കൈവശം വെക്കൽ എന്നിവ ഉൾപ്പെടുന്നു. ഈ പ്രക്രിയകൾ ദശകങ്ങളോളം നീണ്ടുനിന്നു, പലപ്പോഴും വ്യക്തമായ ഭൂമി ഭരണനിർവ്വഹണത്തിനോ പാരിസ്ഥിതിക നിയന്ത്രണത്തിനോ മുമ്പായിട്ടാണ് ഇത് നടന്നത്.

ഇതിന്റെ ഫലമായി പട്ടയഭൂമി, പാട്ടഭൂമി, കയ്യേറ്റങ്ങൾ, വനവുമായി ബന്ധിപ്പിച്ച വർഗ്ഗീകരണങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു സങ്കീർണ്ണവും തർക്കപരവുമായ ഭൂമി ഭരണകൂടം നിലവിൽ വന്നു, ഇത് പലപ്പോഴും ഓവർലാപ്പ് ചെയ്യുകയും വേണ്ടത്ര രേഖപ്പെടുത്താതിരിക്കുകയും ചെയ്യുന്നു. ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം, അരക്ഷിതമായതോ തർക്കത്തിലുള്ളതോ ആയ ഉടമസ്ഥാവകാശം സ്ഥാപനപരമായ വായ്പകളിലേക്കുള്ള പ്രവേശനം തടസ്സപ്പെടുത്തുന്നു, സർക്കാർ സഹായ പദ്ധതികൾക്കുള്ള അർഹത പരിമിതപ്പെടുത്തുന്നു, കൂടാതെ ഭൂമി മെച്ചപ്പെടുത്തുന്നതിലും പുനർനടീലിലുമുള്ള ദീർഘകാല നിക്ഷേപങ്ങളെ നിരുത്സാഹപ്പെടുത്തുന്നു.

കൃഷിക്കാരിൽ ഗണ്യമായൊരു ഭാഗം വ്യക്തമായതോ പുതുക്കിയതോ ആയ രേഖകളില്ലാത്ത ഭൂമിയിൽ കൃഷി ചെയ്യുന്ന ഇടുക്കി ജില്ലയിൽ, ഉടമസ്ഥാവകാശത്തിലെ അരക്ഷിതാവസ്ഥ പാരിസ്ഥിതിക നിയന്ത്രണവുമായും

വനഭരണവുമായും കൂടിച്ചേർന്ന് വിട്ടുമാറാത്ത അനിശ്ചിതത്വം സൃഷ്ടിക്കുന്നു. ഇടയ്ക്കിടെയുള്ള കുടിയൊഴിപ്പിക്കൽ ശ്രമങ്ങൾ, ഭൂവിനിയോഗത്തിലുള്ള നിയന്ത്രണങ്ങൾ, ക്രമവൽക്കരണത്തിലെ നീണ്ട കാലതാമസം എന്നിവ ആശങ്കയുടെയും, നിക്ഷേപം പിൻവലിക്കലിന്റെയും അന്തരീക്ഷം ശക്തിപ്പെടുത്തുന്നു.

രാഷ്ട്രീയ-സാമ്പത്തിക കാഴ്ചപാടിൽ, ഭൂമിയുടെ ഉടമസ്ഥാവകാശത്തിലെ അരക്ഷിതാവസ്ഥ ചെറുകിട കർഷകരുടെ കൂട്ടായ ശബ്ദത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. ഔപചാരിക രേഖകളില്ലാത്ത കർഷകർക്ക് അവകാശവാദങ്ങൾ ഉന്നയിക്കുന്നതിനും, നഷ്ടപരിഹാരം നേടുന്നതിനും, സംസ്ഥാനവുമായും ധനകാര്യ സ്ഥാപനങ്ങളുമായും ഫലപ്രദമായി ചർച്ച ചെയ്യുന്നതിനും സാധിക്കില്ല. ഈ സ്ഥാപനപരമായ പാർശ്വവൽക്കരണം കാർഷിക ദുരിതം വർദ്ധിപ്പിക്കുകയും തോട്ടവിള സമ്പദ്‌വ്യവസ്ഥയിലെ പ്രാദേശിക അസമത്വങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ, ഇടുക്കിയിലെ ഭൂപ്രശ്നം കേവലം ഒരു നിയമപരമോ ഭരണപരമോ ആയ അപാകതയല്ല, മറിച്ച് കേരളത്തിലെ തോട്ടവിള മേഖലയുടെ ഗതിയെ രൂപപ്പെടുത്തുന്ന ഒരു കേന്ദ്ര ഘടനാപരമായ ഘടകമാണ്. ഇത് എത്രയും വേഗം പരിഹരിക്കേണ്ടതുണ്ട്.

തോട്ടവിള തൊഴിലാളികൾക്കുള്ള വെല്ലുവിളികൾ

തോട്ടവിള ലേബർ ആക്റ്റ് നിലവിലുണ്ടായിരുന്നതിനാൽ, തോട്ടവിള തൊഴിലാളികൾ ചരിത്രപരമായി താരതമ്യേന ഉയർന്ന സംഘടനാ ശേഷി, നിയമപരമായ സംരക്ഷണം, സാമൂഹിക വ്യവസ്ഥകൾ എന്നിവയാൽ വേർതിരിക്കപ്പെട്ടിരുന്നു. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലൂടെയും സർക്കാർ ഇടപെടലിലൂടെയും തോട്ടവിള തൊഴിലാളികൾക്ക് വേതന കരാറുകൾ, പാർപ്പിടം, ആരോഗ്യ പരിരക്ഷ, മറ്റ് ക്ഷേമ സഹായങ്ങൾ എന്നിവ ലഭിച്ചു, ഇത് അവരെ വിപണിയിലെ ചാഞ്ചാട്ടത്തിൽ നിന്ന് ഭാഗികമായി സംരക്ഷിച്ചു.

എങ്കിലും, നീണ്ടുനിൽക്കുന്ന ചെലവ് സമ്മർദ്ദങ്ങൾ, കടുത്ത ആഗോള മത്സരം, മാനേജീരിയൽ പുനഃസംഘടന എന്നിവ ഈ തൊഴിൽ വ്യവസ്ഥയെ സ്ഥിരമായി ഇല്ലാതാക്കി. തേയില പോലുള്ള തോട്ടവിള വിളകളിലുടനീളം, തൊഴിലാളികളെ കുറയ്ക്കുന്നതിനും, ജോലി താൽക്കാലികമായി നൽകുന്നതിനും, പുറംകരാർ നൽകുന്നതിനും ഒരു ദീർഘകാല പ്രവണതയുണ്ട്. സ്ഥിരമായ ജോലി കുറഞ്ഞു, പകരം താത്കാലിക-കരാർ- ടാസ്ക് അടിസ്ഥാനങ്ങളിലുള്ള ക്രമീകരണങ്ങൾ വന്നു. സാമ്പത്തിക ബുദ്ധിമുട്ടും മത്സര സമ്മർദ്ദങ്ങളും ചൂണ്ടിക്കാട്ടി തൊഴിലുടമകൾ തൊഴിൽ ചെലവുകളും ക്ഷേമ ബാധ്യതകളും പുറംകരാർ നൽകാൻ ശ്രമിക്കുന്നു.

സ്ഥിരമായ തൊഴിൽ നഷ്ടപ്പെടുന്നത് വരുമാന സുരക്ഷിതത്വത്തെയും നിയമപരമായ ആനുകൂല്യങ്ങളിലേക്കുള്ള പ്രവേശനത്തെയും മോശം പാർപ്പിട സൗകര്യങ്ങൾക്കൊപ്പം ഇല്ലാതാക്കുന്നു. ജോലി ചെയ്യുന്ന വർഷങ്ങളിൽ എസ്റ്റേറ്റുകളിൽ താമസിച്ചിരുന്ന പലർക്കും വിരമിച്ച ശേഷം എങ്ങോട്ടേക്ക് പോകണം എന്നുള്ളത് ഒരു പ്രധാന ചോദ്യമാണ്.

തോട്ടവിള തൊഴിലാളികളുടെ വലിയൊരു പങ്ക് വഹിക്കുന്ന സ്ത്രീ തൊഴിലാളികളെ ഈ പുനഃസംഘടന അസന്തുലിതമായി ബാധിക്കുന്നു. അവർ ഇലപറിക്കൽ പോലുള്ള കുറഞ്ഞ വേതനമുള്ള, വളർച്ചാ സാധ്യത കുറഞ്ഞ ജോലികളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അതേസമയം, ജോലിസ്ഥലത്തെ സൗകര്യങ്ങൾ, തൊഴിൽപരമായ ആരോഗ്യ സുരക്ഷ, തീരുമാനമെടുക്കുന്നതിനുള്ള അധികാരം എന്നിവയിൽ അവർക്ക് തുടർച്ചയായി കുറവുകൾ നേരിടുന്നു. തൊഴിലാളി പ്രക്ഷോഭങ്ങൾ പ്രത്യേകിച്ച് തേയിലത്തോട്ടങ്ങളിലെ വനിതാ തൊഴിലാളികളുടെ നേതൃത്വത്തിലുള്ള പ്രതിഷേധങ്ങൾ, വേതനം നിശ്ചയിക്കുന്നതിലെ സംവിധാനങ്ങൾ, ബോണസ് വ്യവസ്ഥകൾ, പരമ്പരാഗത ട്രേഡ് യൂണിയൻ പ്രാതിനിധ്യത്തിന്റെ അപര്യാപ്തത എന്നിവയെക്കുറിച്ചുള്ള ആഴമായ അതൃപ്തി വെളിപ്പെടുത്തി.

തോട്ടവിള ലേബർ ആക്റ്റ് പോലുള്ള നിയമപരമായ ചട്ടക്കൂടുകൾ, പാർപ്പിടം, ആരോഗ്യ പരിരക്ഷ, ക്ഷേമം എന്നീ കാര്യങ്ങളിൽ, തൊഴിലുടമയ്കുള്ള ഉത്തരവാദിത്തം നിർബന്ധമാക്കുന്നുണ്ടെങ്കിലും, എസ്റ്റേറ്റുകൾ സാമ്പത്തിക ബുദ്ധിമുട്ട് അവകാശപ്പെടുകയോ ഉടമസ്ഥാവകാശം മാറുകയും ചെയ്യുന്ന സാഹചര്യത്തിൽ, ഇത് പ്രായോഗികമാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു. തത്ഫലമായുണ്ടാകുന്ന സാമൂഹിക പുനരുൽപാദനത്തിന്റെ പ്രതിസന്ധി കേരളത്തിലെ വിശാലമായ ക്ഷേമരാഷ്ട്രം ഭാഗികമായി മാത്രമേ ലഘൂകരിക്കുന്നുള്ളൂ. ഇത് തോട്ടവിള കുടുംബങ്ങളെ പ്രത്യേകിച്ച് സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങളെ വിട്ടുമാറാത്ത ദുർബലതയുടെ സ്ഥാനത്ത് എത്തിക്കുന്നു.

തോട്ടവിള തൊഴിലാളികളും ചെറുകിട കർഷകരും നേരിടുന്ന വെല്ലുവിളികൾ വേർതിരിഞ്ഞവയല്ല; അവ പരസ്പരം പൂരകങ്ങളാണ്. വിലയിലെ ചാഞ്ചാട്ടവും ചെറുകിട കർഷകരുടെ കുറഞ്ഞ വരുമാനവും സ്ഥിരമായ ജോലി നൽകാനുള്ള കർഷകരുടെ കഴിവിനെ പരിമിതപ്പെടുത്തുന്നു. അതേസമയം, തൊഴിലാളിക്ഷാമവും വർദ്ധിച്ചുവരുന്ന വേതനവും ചെറുകിട ഉത്പാദകരുടെ ചെലവ് വർദ്ധിപ്പിക്കുന്നു.

പാരിസ്ഥിതിക സമ്മർദ്ദവും മനുഷ്യ-വന്യജീവി സംഘർഷവും

പാരിസ്ഥിതിക സമ്മർദ്ദം തോട്ടവിള മേഖലയ്ക്ക് നിർണ്ണായകവും, പലപ്പോഴും ശ്രദ്ധിക്കപ്പെടാത്തതുമായ, ഒരു വെല്ലുവിളിയായി ഉയർന്നുവന്നിട്ടുണ്ട്. ക്രമം തെറ്റിയ മഴ, വർദ്ധിച്ച താപനില, തീവ്രമായ കാലാവസ്ഥാ പ്രതിഭാസങ്ങൾ എന്നിവയിലൂടെ പ്രകടമാകുന്ന കാലാവസ്ഥാ വ്യതിയാനം, കീടങ്ങളുടെ ആക്രമണവും വിളവ് അസ്ഥിരതയും വർദ്ധിപ്പിച്ചു, പ്രത്യേകിച്ച് ഏലം, കാപ്പി തുടങ്ങിയ വിളകളിൽ. ഈ സമ്മർദ്ദങ്ങൾ ഉൽപാദനച്ചെലവ് ഉയർത്തുകയും രാസവസ്തുക്കളുടെ ആശ്രിതത്വം വർദ്ധിപ്പിക്കുകയും ചെയ്യുന്നു,

ഇത് പാരിസ്ഥിതിക സുസ്ഥിരതയ്ക്കും തൊഴിൽപരമായ ആരോഗ്യത്തിനും പ്രതികൂല ഫലങ്ങൾ ഉണ്ടാക്കുന്നു.

സമീപ വർഷങ്ങളിൽ, മനുഷ്യ-വന്യജീവി സംഘർഷം തോട്ടവിള കൃഷിക്ക്, പ്രത്യേകിച്ച് വനത്തോട് ചേർന്നുള്ള ഹൈറേഞ്ച് പ്രദേശങ്ങളിൽ, ഘടനാപരമായ തടസ്സമായി മാറിയിരിക്കുന്നു. ആനകൾ, കാട്ടുപന്നികൾ, മാനുകൾ തുടങ്ങിയ വന്യജീവികൾ വിളകൾ നശിപ്പിക്കുന്നത് എണ്ണത്തിലും തീവ്രതയിലും വർദ്ധിച്ചു. ഈ കടന്നുകയറ്റങ്ങൾ നേരിട്ടുള്ള വരുമാന നഷ്ടം, വർദ്ധിച്ച അരക്ഷിതാവസ്ഥ, ചില സന്ദർഭങ്ങളിൽ മനുഷ്യജീവൻ നഷ്ടപ്പെടൽ എന്നിവയ്ക്ക് പോലും കാരണമാകുന്നു. കുറഞ്ഞ വരുമാനത്തിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം, ആവർത്തിച്ചുള്ള വിളനാശം കൃഷി സാമ്പത്തികമായി നിലനിൽക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് എത്തിക്കുന്നു.

വന്യജീവികൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര സംവിധാനങ്ങൾ പലപ്പോഴും കാലതാമസം വരുത്തുകയോ, അപര്യാപ്തമാവുകയോ, പ്രത്യേകിച്ച് വ്യക്തമായ ഭൂമി രേഖകളില്ലാത്ത കർഷകർക്ക് ലഭ്യമല്ലാതാവുകയോ ചെയ്യുന്നു. അതിനാൽ, മനുഷ്യ-വന്യജീവി സംഘർഷം ഭൂമിയുടെ ഉടമസ്ഥാവകാശത്തിലെ അരക്ഷിതാവസ്ഥ, വനഭരണം, കാർഷിക ദുരിതം എന്നിവയുമായി നേരിട്ട് കൂടിച്ചേരുന്നു. ഇത് കർഷകരും തോട്ടവിള തൊഴിലാളികളും നേരിടുന്ന അപകടസാധ്യതയുടെ അന്തരീക്ഷത്തെ കൂടുതൽ രൂക്ഷമാക്കുന്നു, കാർഷിക നയം, പരിസ്ഥിതി മാനേജ്മെൻറ്, ഗ്രാമീണ ഉപജീവനം എന്നിവയെ ബന്ധിപ്പിക്കുന്ന സമഗ്രമായ സമീപനങ്ങളുടെ ആവശ്യകതയെ ഇത് ശക്തിപ്പെടുത്തുന്നു.

ഇറക്കുമതി മത്സരം, പുനർനടീൽ പ്രതിസന്ധി, സ്ഥാപനപരമായ പിൻവാങ്ങൽ

ഉദാരവൽക്കരിക്കപ്പെട്ട വ്യാപാര വ്യവസ്ഥകൾക്ക് കീഴിലുള്ള ഇറക്കുമതി മത്സരം തോട്ടവിള മേഖലയുടെ ദുരിതത്തിന്റെ വർദ്ധിച്ചുവരുന്ന ഒരു മാനമാണ്. തോട്ടവിള ചരക്കുകളുടെയും പകരമുള്ള ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി, പലപ്പോഴും ആഭ്യന്തര വിലകളിൽ സമ്മർദ്ദം ചെലുത്തുകയും, കാർഷിക തലത്തിലുള്ള നിലനിൽപ്പിനെ ഇല്ലാതാക്കുകയും ചെയ്യുന്നു. വ്യാപാര നയപരമായ തീരുമാനങ്ങൾ ദേശീയ തലത്തിലാണ് എടുക്കുന്നതെങ്കിലും, അവയുടെ ദോഷകരമായ സ്വാധീനം കേരളം പോലുള്ള പ്ലാൻറേഷൻ-അധിഷ്ഠിത സംസ്ഥാനങ്ങളിൽ കേന്ദ്രീകരിക്കുന്നു. ഇറക്കുമതി നിയന്ത്രിക്കാനോ സംരക്ഷണ നടപടികൾ ഏർപ്പെടുത്താനോ സംസ്ഥാന സർക്കാരുകൾക്ക് പരിമിതമായ അധികാരമേ ഉള്ളൂ, ഇത് പ്രാദേശിക ഉത്പാദകരുടെ ദുർബലത വർദ്ധിപ്പിക്കുന്നു.

വില അസ്ഥിരതയുമായി അടുത്ത ബന്ധമുള്ളതാണ് വ്യവസ്ഥാപിതമായ പുനർനടീലിന്റെ തുടർച്ചയായ പരാജയം. ഉൽപാദനക്ഷമത നിലനിർത്താൻ തോട്ടവിള വിളകൾക്ക് ദീർഘമായ വളർച്ചാ കാലയളവും പുനർനടീലിൽ സുസ്ഥിരമായ നിക്ഷേപവും ആവശ്യമാണ്. എന്നിരുന്നാലും, വരുമാനത്തിലെ അനിശ്ചിതത്വം, വായ്പാ പരിമിതികൾ, ഉടമസ്ഥാവകാശത്തിലെ അരക്ഷിതാവസ്ഥ എന്നിവ വിളകളിലുടനീളം പുനർനടീലിൽ നിക്ഷേപക്കുറവിന് കാരണമായി. പ്രായമായ പ്ലാന്റേഷനുകൾക്ക് ഉൽപാദനക്ഷമത കുറവായിരിക്കുകയും, കീടങ്ങളെ കൂടുതൽ ആകർഷിക്കുകയും, കാലാവസ്ഥാ സമ്മർദ്ദങ്ങളെ പ്രതിരോധിക്കാനുള്ള കഴിവ് കുറയുകയും ചെയ്യുന്നു, ഇത് മേഖലയെ കുറഞ്ഞ ഉൽപാദനക്ഷമതയുടെ കെണിയിലാക്കുന്നു.

ഗവേഷണവും വികസനവും ഉൾപ്പെടെയുള്ള സജീവമായ തോട്ടവിള പ്രോത്സാഹനത്തിൽ നിന്നും വികസനത്തിൽ നിന്നും കമ്മോഡിറ്റി ബോർഡുകളുടെ പിൻവാങ്ങൽ ഈ വെല്ലുവിളികളെ കൂടുതൽ രൂക്ഷമാക്കുന്നു. ചരിത്രപരമായി, കമ്മോഡിറ്റി ബോർഡുകൾ വിപുലീകരണം, ഗവേഷണ പ്രചരണം, വില പിന്തുണ, വിപണി വികസനം എന്നിവയിൽ ഒരു പ്രധാന പങ്ക് വഹിച്ചിരുന്നു. കാലക്രമേണ, ഉത്പാദക ക്ഷേമത്തേക്കാൾ കയറ്റുമതി മത്സരക്ഷമതയുമായി യോജിക്കുന്ന നിയന്ത്രണപരവും പ്രൊമോഷണൽ പ്രവർത്തനങ്ങൾക്കും അവർ കൂടുതൽ പ്രാധാന്യം നൽകി. ഈ സ്ഥാപനങ്ങളുടെ പിൻവാങ്ങൽ സാങ്കേതിക പിന്തുണ, ഏകോപിപ്പിച്ച പുനർനടീൽ തന്ത്രങ്ങൾ, ദീർഘകാല മേഖലാ ആസൂത്രണം എന്നിവയിൽ ഒരു ശൂന്യത സൃഷ്ടിച്ചു.

കേന്ദ്ര-സംസ്ഥാന ബന്ധങ്ങളും നയപരമായ പരിമിതികളും

കേരളത്തിലെ തോട്ടവിള ചർച്ചകളിൽ ദേശീയ തലത്തിൽ എപ്പോഴും ആവർത്തിക്കുന്ന ഒരു വിഷയമാണ്, ഈ മേഖലയോട് താരതമ്യേനയുള്ള അവഗണന. ഈ വിളകൾ സംസ്ഥാന വിഷയങ്ങളിലായിരുന്നില്ല, മറിച്ച് വിദേശനാണ്യ വരുമാനത്തിന്റെ പ്രധാന പങ്ക് വഹിക്കുന്നതിനാലോ ഇറക്കുമതി പകരം വെക്കുന്നതിൽ (പ്രകൃതിദത്ത റബ്ബർ) പ്രധാന പങ്കുവഹിക്കുന്നതിനാലോ വാണിജ്യ മന്ത്രാലയത്തിന് കീഴിലായിരുന്നു. അതനുസരിച്ച്, വ്യാപാര നയം, ഇറക്കുമതി നിയന്ത്രണം, കമ്മോഡിറ്റി ബോർഡ് ഭരണം തുടങ്ങിയ പ്രധാന നയപരമായ നിയന്ത്രണങ്ങൾ കേന്ദ്ര സർക്കാരിൽ അധിഷ്ഠിതമാണ്. അതേസമയം, ഈ നയങ്ങളുടെ ദോഷകരമായ പ്രത്യാഘാതങ്ങൾ കേരളത്തിലെ കർഷകരും തൊഴിലാളികളും വഹിക്കേണ്ടിവരുന്നു.

സംസ്ഥാന സർക്കാരുകൾ കാർഷിക ക്ഷേമത്തിന് രാഷ്ട്രീയമായി ഉത്തരവാദികളാണ്, എന്നാൽ തോട്ടവിള ഫലങ്ങളെ രൂപപ്പെടുത്തുന്ന നിർണ്ണായക ഉപകരണങ്ങളുടെ മേൽ ഫലപ്രദമായ നിയന്ത്രണം സംസ്ഥാനങ്ങൾക്കില്ല. അതേസമയം, ധനപരമായ പരിമിതികളും കടമെടുപ്പ് പരിധികളും വലിയ തോതിലുള്ള വരുമാന സ്ഥിരത, പുനർനടീൽ പിന്തുണ, അല്ലെങ്കിൽ പാരിസ്ഥിതിക ലഘൂകരണ പരിപാടികൾ എന്നിവ നടപ്പിലാക്കാനുള്ള കേരളത്തിന്റെ കഴിവിനെ പ്രതികൂലമായി ബാധിക്കുന്നു. ഈ രീതിയിൽ സംസ്ഥാനം

രൂക്ഷമായ ഉത്തരവാദിത്ത-അധികാര പൊരുത്തക്കേട് നേരിടുന്നു: ഈ ഘടനാപരമായ അസന്തുലിതാവസ്ഥയാണ് കേരളത്തിലെ തോട്ടവിള മേഖലയുടെ സമകാലിക പ്രതിസന്ധിയുടെ കാതൽ.

IV
കഴിഞ്ഞ ഒരു ദശകകാലത്തെ ഇടപെടലുകൾ

നീണ്ടുനിൽക്കുന്ന ചരക്ക് വിലയിലെ അസ്ഥിരത, ഉയർന്ന തൊഴിലാളി തീവ്രത, കേന്ദ്രസർക്കാരിന്റെ തോട്ടവിളകളോടുള്ള ഘടനാപരമായ അവഗണന എന്നിവയുടെ പശ്ചാത്തലത്തിലാണ് കഴിഞ്ഞ ദശകത്തിൽ പ്ലാൻറേഷനുകളോടുള്ള കേരളത്തിന്റെ സമീപനം വികസിച്ചത്. മുൻകാല പഠന കോൺഗ്രസുകളിലെ ചർച്ചകളിൽ നിന്ന് പാഠമുൾക്കൊണ്ട്, കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ ബഡ്ജറ്റുകളിലൂടെ ഒട്ടനവധി നിർദ്ദേശങ്ങൾ തോട്ടം മേഖലയ്ക്ക് വേണ്ടി വയ്ക്കുകയുണ്ടായി. അന്താരാഷ്ട്ര മത്സരശേഷി വളർത്തുന്നതിനും, വരുമാന സ്ഥിരത, വ്യവസായപരമായ നവീകരണം എന്നിവയ്ക്കൊപ്പം തൊഴിലാളി സംരക്ഷണം ഉറപ്പാക്കുന്നതിനുമുള്ള ദേശീയ സംവിധാനങ്ങൾ ദുർബലമായി തുടരുന്ന ഒരു മേഖലയിൽ സംസ്ഥാന സർക്കാർ പ്രതിചക്രപരമായതും നഷ്ടപരിഹാരപരവുമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു.

ഉൽപാദന പ്രോത്സാഹന പദ്ധതി

ഈ കാലയളവിലെ ഒരു നിർണ്ണായകമായ ഇടപെടൽ, ചെറുകിട കർഷകർ നേരിടുന്ന വിലയിലെ അപകട സാധ്യത നേരിട്ട് പരിഹരിക്കാനുള്ള കേരളത്തിന്റെ തീരുമാനമാണ്, പ്രത്യേകിച്ച് പ്രകൃതിദത്ത റബ്ബറിന്റെ കാര്യത്തിൽ. 2010-കളുടെ മധ്യം മുതലുള്ള ബഡ്ജറ്റ് രേഖകൾ റബ്ബർ വിലയിടിവിനെ കേവലം ഒരു താൽക്കാലിക വിപണിയിലെ ചാഞ്ചാട്ടമായി കാണാതെ, വ്യാപാര ഉദാരവൽക്കരണത്തിന്റെയും ഇറക്കുമതി ഭീഷണിയുടെയും ഘടനാപരമായ ഫലമായിട്ടാണ് തുറന്ന് കാണിച്ചത്. റബ്ബർ ഉൽപാദന പ്രോത്സാഹനത്തിന്റെ രൂപരേഖ, കർഷകർക്ക് ഒരു നിശ്ചിത താങ്ങുവില ഉറപ്പാക്കാനുള്ള സാമ്പത്തിക തിരഞ്ഞെടുപ്പിനെ പ്രതിനിധീകരിച്ചു, ഇന്നത്, ഒരു കിലോ പ്രകൃതിദത്ത റബ്ബറിന് 200 രൂപയായി നിലനിൽക്കുന്നു.

ഇടുക്കി പാക്കേജ്

ഭൂമിശാസ്ത്രപരമായി ലക്ഷ്യമിട്ടുള്ള ഒരു വികസന തന്ത്രത്തിലൂടെ തോട്ടവിള പ്രതിസന്ധി പരിഹരിക്കാനുള്ള ഈ കാലയളവിലെ ഏറ്റവും വ്യക്തമായ ശ്രമമാണ് ഇടുക്കി പാക്കേജ്. തേയില, ഏലം, കാപ്പി, കുരുമുളക് എന്നിവയുടെ ഉയർന്ന കേന്ദ്രീകരണമുള്ള ഇടുക്കി ജില്ല, വിലയിലെ ചാഞ്ചാട്ടം, തൊഴിലാളിക്ഷാമം, പാരിസ്ഥിതിക ദുർബലത, കുടിയൊഴിപ്പിക്കൽ എന്നിവയിൽ നിന്ന് കടുത്ത സമ്മർദ്ദം അനുഭവിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റുകൾ ഇടുക്കിക്ക് മേഖലാ-നിഷ്പക്ഷ പദ്ധതികൾക്കപ്പുറമുള്ള പ്രത്യേക ഇടപെടൽ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞു.

ഇടുക്കി പാക്കേജിന് കീഴിലുള്ള പരിപാടികൾ ഉപജീവന പിന്തുണ, അടിസ്ഥാന സൗകര്യ വികസനം, വരുമാന സ്രോതസ്സുകളുടെ വൈവിധ്യവൽക്കരണം, ക്ഷേമ വ്യവസ്ഥകൾ എന്നിവ സംയോജിപ്പിച്ചു, തോട്ടവിള തൊഴിലാളികൾക്കും ചെറുകിട കർഷകർക്കും പ്രത്യേക ശ്രദ്ധ നൽകി. പുനർനടീലിനും ഇടവിള കൃഷിക്കും പിന്തുണ, അനുബന്ധ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, കണക്റ്റിവിറ്റിയിലും പാർപ്പിടത്തിലുമുള്ള മെച്ചപ്പെടുത്തലുകൾ, ദുർബല കുടുംബങ്ങളെ ലക്ഷ്യമിട്ടുള്ള ക്ഷേമ നടപടികൾ എന്നിവ ഈ ഇടപെടലുകളിൽ ഉൾപ്പെടുന്നു. പ്രധാനമായി, ഇടുക്കിയിലെ തോട്ടവിള ദുരിതം കാർഷികം മാത്രമല്ല, പ്രാദേശികവും ഘടനാപരവുമാണെന്നും, വിളകൾക്ക് മാത്രമായുള്ള പ്രതികരണങ്ങളേക്കാൾ സംയോജിത പ്രതികരണങ്ങൾ ആവശ്യമാണെന്നും ഈ പാക്കേജ് പ്രതിഫലിപ്പിക്കുന്നു.

ഇടുക്കി പാക്കേജ് പോലെ തന്നെ വയനാട് ജില്ലയ്ക്കും പ്രത്യേക പാക്കേജ് അനുവദിക്കുകയുണ്ടായി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം കോഫി പാർക്കും, അതുമായി ബന്ധപ്പെടുത്തി ജില്ലയിലെ കാപ്പി ഉൽപ്പാദകമേഖലയെ ആകെ നവീകരിക്കാനുള്ള പദ്ധതിയുമായാണ്.

മൂല്യവർദ്ധനവും സംസ്ഥാനപരമായ സംരംഭകത്വവും

റബ്ബർ കർഷകർ, പ്രത്യേകിച്ച് വിലയിലെ ചാഞ്ചാട്ടം, ഇറക്കുമതി മത്സരം, മൂല്യ ശൃംഖലയിലെ ദുർബലമായ വിലപേശൽ ശേഷി എന്നിവയാൽ ദുർബലരായ ചെറുകിട കർഷകർ നേരിടുന്ന ഘടനാപരമായ വെല്ലുവിളികൾ പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടുള്ള സംസ്ഥാന നേതൃത്വത്തിലുള്ള ഒരു സ്ഥാപനപരമായ സംരംഭത്തെയാണ് ഏകദേശം 164 കോടി രൂപയുടെ നിക്ഷേപം കണക്കാക്കുന്ന കേരള റബ്ബർ ലിമിറ്റഡ് പ്രതിനിധീകരിക്കുന്നത്.

ഒരു പൊതുമേഖലാ ഇടപെടലായി വിഭാവനം ചെയ്ത കേരള റബ്ബർ ലിമിറ്റഡ്., കർഷകരിൽ നിന്ന് പ്രകൃതിദത്ത റബ്ബർ നേരിട്ട് സംഭരിച്ചും, സംസ്കരണം ഏറ്റെടുത്തും, ഉത്പാദനത്തെ സംസ്ഥാനത്തിനുള്ളിലെ അനുബന്ധ വ്യാവസായിക ആവശ്യവുമായി ബന്ധിപ്പിച്ചും കൃഷിസ്ഥലത്തെ വില സ്ഥിരപ്പെടുത്താനും മൂല്യം വർദ്ധിപ്പിക്കാനും ശ്രമിക്കുന്നു. സംഭരണത്തിലും വിപണനത്തിലും ഇടപെടുന്നതിലൂടെ, സ്വകാര്യ വ്യാപാരികളുടെ അസമമായ ശക്തിയെ ചെറുക്കാനും, ആഭ്യന്തര റബ്ബർ വിലകളെ ഇടിവിലേക്ക് നയിച്ച ഉദാരവൽക്കരിക്കപ്പെട്ട വ്യാപാര വ്യവസ്ഥകളുടെ പ്രതികൂല ഫലങ്ങൾ ലഘൂകരിക്കാനും കേരളാ റബ്ബർ ലിമിറ്റഡ് എന്ന സ്ഥാപനം ശ്രമിക്കുന്നു.

പ്രധാനമായി, ഈ സംരംഭം വിശാലമായ വികസന യുക്തിയെയും പ്രതിഫലിപ്പിക്കുന്നു: ആഗോള വില ചാക്രികതകൾക്ക് വിധേയമായ ഒരു അസംസ്കൃത ചരക്ക് എന്നതിലുപരി, സംസ്ഥാന പിന്തുണയുള്ള വ്യാവസായിക, ഉൽപാദന പ്രവർത്തനങ്ങളിലേക്കുള്ള

ഒരു അസംസ്കൃത വസ്തുവായി റബ്ബറിനെ പുനഃസ്ഥാപിക്കുക. ഈ അർത്ഥത്തിൽ, വില പിന്തുണ, വിപണി സംയോജനം, മൂല്യ ശൃംഖല വികസനം എന്നിവ സംയോജിപ്പിക്കുന്ന ഒരു ഉപ-ദേശീയ നയപരമായ പ്രതികരണത്തെ കേരള റബ്ബർ ലിമിറ്റഡ് ഉൾക്കൊള്ളുന്നു. അതോടൊപ്പം വ്യാപാരം, ഇറക്കുമതി നിയന്ത്രണം പോലുള്ള പ്രധാന നയപരമായ നിയന്ത്രണങ്ങൾ കേന്ദ്രത്തിന്റെ കീഴിൽ തുടരുന്ന ഒരു മേഖലയിൽ സംസ്ഥാന തലത്തിലുള്ള ഇടപെടലുകളുടെ സാധ്യതകളും പരിമിതികളും ഇത് എടുത്തു കാണിക്കുന്നു.

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

തോട്ടം മേഖലയ്ക്ക് മാത്രമായി ഒരു ഡയറക്ടറേറ്റ് രൂപീകരിച്ചു എന്നതാണ് ഒരു പ്രധാന നേട്ടം. തോട്ടങ്ങളിലെ വിലവൈവിധ്യവൽക്കരണത്തിനും മൂല്യവർദ്ധനവിനും നയപരമായ ഭേദഗതികൾ ആവിഷ്കരിച്ചു. പ്ലാന്റേഷൻ മേഖലയിൽ നടപ്പാക്കേണ്ട നവീകരണങ്ങളെക്കുറിച്ചു പഠിക്കാൻ കോഴിക്കോട് ഐ ഐ എം-നെ ചുമതലപ്പെടുത്തി. ശുപാർശകൾ അംഗീകരിച്ചു. ഇവയുടെ കൂടി അടിസ്ഥാനത്തിൽ ഇൻസെന്റീവുകൾ പ്രഖ്യാപിച്ചു. പ്ലാന്റേഷൻ മേഖലയിലെ ദീഘകാല പ്രശ്നങ്ങൾ പരിഹരിക്കാൻ വകുപ്പുകൾ തമ്മിൽ ഏകോപന സംവിധാനം ഉണ്ടാക്കി. കാലാവസ്ഥാ പ്രതിരോധ പരിപാടിക്ക് 479 കോടി രൂപയുടെ കേര പദ്ധതിക്ക് രൂപം നൽകി. ലയങ്ങൾ പുതുക്കിപ്പണിയാനുള്ള പദ്ധതിയും നടപ്പാക്കിത്തുടങ്ങി.

V
മുന്നോട്ടുള്ള വഴി

തോട്ടവിള മേഖലയ്ക്കായി ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും, ഇനിയും ഒരുപാട് ചെയ്യാനുണ്ട്. പ്ലാൻറേഷനെക്കുറിച്ചുള്ള വിപുലമായ പഠനങ്ങളെയും പഠന കോൺഗ്രസ്സിലെ ചർച്ചകളെയും അടിസ്ഥാനമാക്കി, പരിവർത്തനത്തിനായുള്ള തന്ത്രം കേവലം താൽക്കാലിക ആശ്വാസ നടപടികൾക്കപ്പുറത്തേക്ക് പോകുകയും, ഈ മേഖലയുടെ നിലനിൽപ്പിനെ ഇല്ലാതാക്കിയ ഘടനാപരമായ പരിമിതികളെ അഭിമുഖീകരിക്കുകയും വേണം. ആഗോള വിപണികളും കേന്ദ്ര-സംസ്ഥാന സ്ഥാപനപരമായ ക്രമീകരണങ്ങളും അടിച്ചേൽപ്പിക്കുന്ന പരിമിതികൾ തിരിച്ചറിഞ്ഞുകൊണ്ട്, ഉൾക്കൊള്ളൽ, പാരിസ്ഥിതിക സുസ്ഥിരത, മത്സരശേഷി എന്നിവ ഒരേസമയം മുന്നോട്ട് കൊണ്ടുപോകുന്ന ഒരു സംയോജിത ചട്ടക്കൂടാണ് സംസ്ഥാനത്തിന്റെ പ്രതികരണത്തിന് അടിസ്ഥാനമായിട്ടുള്ളത്.

1. ചെറുകിട കർഷകരുടെ ഉപജീവനം സ്ഥിരപ്പെടുത്തുക എന്നതാണ് പ്രധാന മുൻഗണനയായി തുടരേണ്ടത്. റബ്ബർ, ഏലം, കാപ്പി, കുരുമുളക് തുടങ്ങിയ വിളകളിലെ ചെറുകിട കർഷകരുടെ ആധിപത്യം കണക്കിലെടുക്കുമ്പോൾ, വിലയിലെ ചാഞ്ചാട്ട അപകടസാധ്യത കൈകാര്യം ചെയ്യുന്ന സംവിധാനങ്ങൾ സംസ്ഥാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാന പിന്തുണയുള്ള വിപണി ഇടപെടൽ സംരംഭങ്ങൾ വികസിപ്പിക്കുക. ഉത്പാദനത്തിൽ വലിപ്പത്തിന്റെ ലാഭം ഉറപ്പാക്കുന്നതിനായി സഹകരണ. ഉത്പാദക-കമ്പനി മാതൃകകളെ പ്രോത്സാഹിപ്പിക്കുക. കേരളത്തിനകത്തും പുറത്തുമുള്ള തോട്ടവിള കൃഷിയും അനുബന്ധ വ്യവസായ/കയറ്റുമതി ഉപയോഗങ്ങളുമായുള്ള ബന്ധം ആഴത്തിലാക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. മൂല്യ ശൃംഖലയുടെ സംയോജനം കേവലം സബ്സിഡികളെ ആശ്രയിക്കാതെ, കർഷകരെ അസ്ഥിരമായ അന്താരാഷ്ട്ര വിപണികളിൽ നിന്ന് സംരക്ഷിക്കുകയും കൃഷിസ്ഥലത്തെ വില വർദ്ധിപ്പിക്കുകയും ചെയ്യണം.
2. പുനർനടീലിനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പുത്തൻ ഉണർവ് നൽകുക എന്നത്, ദീർഘകാല സുസ്ഥിരതയ്ക്ക് അത്യന്താപേക്ഷിതമാണ്. പുനർനടീലിനോടുള്ള വിട്ടുമാറാത്ത അവഗണന പ്രായമായ പ്ലാന്റേഷനുകൾ, കുറഞ്ഞ വിളവ്, കീടങ്ങളോടും കാലാവസ്ഥാ സമ്മർദ്ദങ്ങളോടുമുള്ള വർദ്ധിച്ച ദുർബലത എന്നിവയ്ക്ക് കാരണമായി, ഇത് മേഖലയെ ഒരു കുറഞ്ഞ ഉൽപാദനക്ഷമതയുടെ കെണിയിൽ പൂട്ടിയിടുന്നു. സമയബന്ധിതമായ ബാങ്ക് വായ്പാ പിന്തുണ, ഗുണമേന്മയുള്ള നടീൽ വസ്തുക്കളിലേക്കുള്ള പ്രവേശനം, വിളവെടുപ്പ് വരെയുള്ള കാലയളവിലെ ഉറപ്പായ വരുമാന പിന്തുണ എന്നിവ സംയോജിപ്പിച്ച ഒരു സമഗ്ര പുനർനടീൽ മിഷൻ സംസ്ഥാനം രൂപകൽപ്പന ചെയ്യണം. അത്തരം ഒരു മിഷൻ ചെറുകിട കർഷകരെ ലക്ഷ്യമിട്ടുള്ളതും വായ്പാ ഗ്യാരണ്ടിയുമായി ബന്ധിപ്പിച്ചതുമായിരിക്കണം, അതുവഴി നിലവിൽ നിക്ഷേപത്തെ നിരുത്സാഹപ്പെടുത്തുന്ന അപകടസാധ്യതാഭയവും പണലഭ്യതാപരിമിതികളും മറികടക്കാൻ കഴിയും. ഇതോടൊപ്പം തന്നെ വിള വൈവിധ്യവത്കരണത്തിനും വരുമാന വിപുലീകരണത്തിനുമുള്ള സകല സാധ്യതകളേയും ഉപയോഗിക്കുവാൻ കർഷകരെ പ്രാപ്തരാക്കേണ്ടതുണ്ട്. കമ്മോഡിറ്റി ബോർഡുകൾ പുനർനടീലിനുള്ള സബ്സിഡി ഗണ്യമായി ഉയർത്തുവാൻ തയ്യാറാവണം.
3. ഭൂമിയുടെ ഉടമസ്ഥാവകാശത്തിലെ അരക്ഷിതാവസ്ഥ പരിഹരിക്കുക പ്രത്യേകിച്ച് ഇടുക്കിയിലെ ഹൈറേഞ്ചുകളിൽ. ത്വരിതപ്പെടുത്തിയ ഭൂമി ക്രമവൽക്കരണം, ഉടമസ്ഥാവകാശ തർക്കങ്ങളുടെ സുതാര്യമായ തീർപ്പാക്കൽ, ഭൂമി ഭരണനിർവ്വഹണത്തെ പാരിസ്ഥിതിക ഭരണവുമായി സംയോജിപ്പിക്കുക എന്നിവ നിക്ഷേപത്തിലുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും സ്ഥാപനപരമായ ധനസഹായത്തിലേക്കും നഷ്ടപരിഹാര സംവിധാനങ്ങളിലേക്കും പ്രവേശനം സാധ്യമാക്കുകയും ചെയ്യും. സുരക്ഷിതമായ ഉടമസ്ഥാവകാശം ചെറുകിട കർഷകരുടെ രാഷ്ട്രീയ ശബ്ദം ശക്തിപ്പെടുത്തുകയും സംസ്ഥാന സ്ഥാപനങ്ങളുമായി കൂടുതൽ ഫലപ്രദമായ ഇടപെടലിന് സൗകര്യമൊരുക്കുകയും ചെയ്യും.

4. തൊഴിലാളി നയത്തെ മാന്യമായ ജോലിയും സാമൂഹിക പുനരുൽപാദനവുമായി പുനഃക്രമീകരിക്കുക. സ്ഥിരമായ ജോലിയുടെയും തൊഴിലുടമ നൽകുന്ന ക്ഷേമത്തിന്റെയും നഷ്ടം സ്ത്രീ തൊഴിലാളികളെ അസന്തുലിതമായി ബാധിക്കുകയും കുടുംബ ദുർബലത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിയമപരമായ തൊഴിൽ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് ശക്തിപ്പെടുത്തുക, ജോലിസ്ഥലത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തോട്ടവിള തൊഴിലാളികളെ വിശാലമായ സംസ്ഥാന ക്ഷേമ-നൈപുണ്യ വികസന ദൗത്യങ്ങളുമായി സംയോജിപ്പിക്കുക എന്നിവ അത്യന്താപേക്ഷിതമാണ്. തൊഴിലാളികളുടെ കൂട്ടായ്മകളും സഹകരണ സ്ഥാപനങ്ങളും പോലുള്ള തീരുമാനമെടുക്കുന്ന ഘടനകളിൽ സ്ത്രീകളുടെ പങ്കാളിത്തം പിന്തുണയ്ക്കുന്നത് ഉൾക്കൊള്ളൽ കൂടുതൽ വർദ്ധിപ്പിക്കും.
5. പാരിസ്ഥിതിക സുസ്ഥിരതയും മനുഷ്യ-വന്യജീവി സംഘർഷത്തെ അഭിമുഖീകരിക്കുന്നതും തോട്ടവിള നയത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരണം. കാലാവസ്ഥാ പ്രതിരോധശേഷിയുള്ള കാർഷിക രീതികൾ, രാസവസ്തുക്കളുടെ ആശ്രിതത്വം കുറയ്ക്കുക, പ്രകൃതിദൃശ്യ തലത്തിലുള്ള ആസൂത്രണം എന്നിവ ദീർഘകാല നിലനിൽപ്പിന് ആവശ്യമാണ്. വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിൽ, നഷ്ടപരിഹാര പരിഷ്കരണം, പ്രതിരോധ അടിസ്ഥാന സൗകര്യങ്ങൾ, സമൂഹ പങ്കാളിത്തം എന്നിവ ഉൾപ്പെടുന്ന ഏകോപിപ്പിച്ച തന്ത്രങ്ങൾ മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കാൻ ആവശ്യമാണ്. ഈ ഇടപെടലുകൾക്ക് പിന്തുണയിലേക്കുള്ള തുല്യമായ പ്രവേശനം ഉറപ്പാക്കാൻ ഭൂമിയുടെ ഉടമസ്ഥാവകാശ പരിഷ്കരണവുമായി ബന്ധിപ്പിക്കണം.
6. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നിലവിലുള്ള പിൻവാങ്ങലിന് പകരം കേന്ദ്രസർക്കാരിന്റെ കൂടുതൽ സജീവമായ പങ്ക് സംസ്ഥാനം ആവശ്യപ്പെടണം. അതോടൊപ്പം, അക്കാദമിക്ക് സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാന തലത്തിലുള്ള ഗവേഷണം, വിപുലീകരണം, നവീകരണ സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തണം. ഗുണനിലവാരം ഉയർത്തൽ, സർട്ടിഫിക്കേഷൻ, പ്രത്യേക വിപണികൾ എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നത് സാമൂഹികവും പാരിസ്ഥിതികവുമായ ലക്ഷ്യങ്ങളെ തകർക്കാതെ അന്താരാഷ്ട്ര മത്സരശേഷി വർദ്ധിപ്പിക്കാൻ കഴിയും. തോട്ടവിളകൾ ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളിലെയും പ്രദേശങ്ങളിലെയും വിവിധ പങ്കാളികൾക്കായി ഒരു വേദി സൃഷ്ടിക്കുന്നത് വളരെയധികം പ്രയോജനകരമാകും.

6

വനം, വനപരിപാലനം മനുഷ്യ-വന്യജീവി സംഘർഷം

ആമുഖം

കേരളത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും സാമൂഹിക ജീവിതവും തമ്മിലുള്ള ബന്ധം വളരെ ശക്തവും സങ്കീർണ്ണവുമാണ്. ഒരു വശത്ത് പശ്ചിമഘട്ടത്തിന്റെ ജൈവവൈവിധ്യത്താൽ സമ്പന്നമായ വനമേഖലകൾ നമ്മുടെ ജലസുരക്ഷയുടെയും കാലാവസ്ഥാ നിയന്ത്രണത്തിന്റെയും അടിത്തറയായി വർത്തിക്കുന്നു. മറുവശത്ത്, ഉയർന്ന ജനസാന്ദ്രതയും കൃഷിഭൂമിയുടെ ആവശ്യകതയും വനമേഖലകളിൽ സമ്മർദ്ദം ചെലുത്തുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിന്റെ 60 ശതമാനത്തോളം തീരപ്രദേശങ്ങളും, 75 ശതമാനത്തോളം ഇടനാടൻ പ്രദേശങ്ങളും 90 ശതമാനത്തോളം പശ്ചിമഘട്ട പ്രദേശങ്ങളും നിബിഡവനകളായിരുന്നു എന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. എന്നാൽ ഇന്ന്, വികസനത്തിന്റെയും ജനപ്പെരുപ്പത്തിന്റെയും ഫലമായി ഈ ചിത്രം മാറിയിരിക്കുന്നു. വനസംരക്ഷണം എന്നത് കേവലം മരങ്ങൾ സംരക്ഷിക്കൽ മാത്രമല്ല, അത് മനുഷ്യന്റെ നിലനിൽപ്പിനും കാർഷിക സുരക്ഷയ്ക്കും അത്യന്താപേക്ഷിതമാണെന്ന തിരിച്ചറിവാണ് ആധുനിക വനപരിപാലനത്തിന്റെ കാതൽ. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ വനങ്ങളുടെ വർത്തമാനകാല അവസ്ഥയും, നേരിടുന്ന വെല്ലുവിളികളും, വരും ദശകങ്ങളിൽ സ്വീകരിക്കേണ്ട ശാസ്ത്രീയവും ജനകീയവുമായ നയങ്ങളും വിശദമായി പരിശോധിക്കേണ്ടതുണ്ട്.

I
കേരളത്തിലെ വനങ്ങൾ: ഒരു സ്ഥിതിവിവരക്കണക്ക്

നിലവിൽ കേരളവനംവകുപ്പിന്റെ നേരിട്ടുള്ള ഭരണപരിധിയിലുള്ള വനവിസ്തൃതി 11,531.908 ചതുരശ്ര കിലോമീറ്റർ ആണ്. ഇത് സംസ്ഥാനത്തിന്റെ ആകെയുള്ള ഭൂവിസ്തൃതിയുടെ 29.67 ശതമാനം വരുന്നു. ഭരണപരമായ സൗകര്യാർത്ഥം ഈ വനഭൂമിയെ തരംതിരിച്ചിരിക്കുന്നത് ഇപ്രകാരമാണ്: 56 ശതമാനം റിസർവ് വനങ്ങളും, 26 ശതമാനം സംരക്ഷിത വനങ്ങളും, 14 ശതമാനം നിക്ഷിപ്ത (Vested) വനങ്ങളും, 3 ശതമാനം റിസർവ് വനമാക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയും, 1 ശതമാനം പരിസ്ഥിതി ലോല പ്രദേശങ്ങളുമാണ് (Ecologically Fragile Land-EFL). സംസ്ഥാനത്തെ ആകെയുള്ള വനമേഖലയുടെ ഘടന പരിശോധിച്ചാൽ, അതിൽ 80 ശതമാനവും സ്വാഭാവിക വനമേഖലയാണ് എന്നത് ആശ്വാസകരമാണ്. ബാക്കിയുള്ളവയിൽ 12 ശതമാനം പ്ലാന്റേഷനുകളും, 5 ശതമാനം പാട്ടത്തിനു നല്കിയിട്ടുള്ള ഭൂമിയും, 3 ശതമാനം വനസംരക്ഷണ നിയമപ്രകാരം വിവിധ വനേതര ആവശ്യങ്ങൾക്കായി തരം മാറ്റിയിട്ടുള്ളതുമാണ്.

1988-ലെ ദേശീയ വനനയം വിഭാവനം ചെയ്യുന്നത് രാജ്യത്തെ 33 ശതമാനം ഭൂമിയും വനത്തിനും വൃക്ഷാവരണത്തിനു കീഴിൽ കൊണ്ടുവരാനാണ്. ഇന്ത്യയുടെ മൊത്തം വിസ്തൃതിയുടെ 1.2 ശതമാനം മാത്രം ഭൂവിസ്തൃതിയുള്ള കേരളം, ദേശീയ വനവിസ്തൃതിയുടെ 2.98 ശതമാനം സംഭാവന ചെയ്യുന്നു എന്നത് നമ്മുടെ വനസംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ (FSI) 2023-ലെ ഏറ്റവും പുതിയ വിലയിരുത്തൽ അനുസരിച്ച്, സംരക്ഷിത വനങ്ങൾക്ക് പുറത്തുള്ള തോട്ടങ്ങൾ ഉൾപ്പെടെയുള്ള യഥാർത്ഥ വനമേഖല (Forest Cover) കേരളത്തിൽ ഗണ്യമായി വർധിച്ചിട്ടുണ്ട്. വനത്തിന് പുറത്തുള്ള വൃക്ഷാവരണം കൂടി കണക്കിലെടുത്താൽ ഈ വിസ്തീർണ്ണം 22,059 ചതുരശ്ര കിലോമീറ്ററാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 56.77 ശതമാനമാണ്. ഈ കണക്കുകളിൽ 43% വനേതര പ്രദേശങ്ങളും, 28% തുറസ്സായ വനവും, 24% മിതനിബിഡവനങ്ങളും, 5% നിബിഡവനങ്ങളും ഉൾപ്പെടുന്നു. ജില്ലകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ കോഴിക്കോട് (80%), വയനാട് (74%), ഇടുക്കി (74%) എന്നീ മൂന്നു ജില്ലകളിലാണ് ഏറ്റവും കൂടുതൽ വനവൃതിയുള്ളത്. FSI കണക്കുകൾ പ്രകാരം രാജ്യത്ത് ഏറ്റവും കൂടുതൽ വനപ്രദേശങ്ങളുള്ള 10 സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയിരിക്കുന്നു എന്നത് അഭിമാനകരമായ കാര്യമാണ്.

വനങ്ങളുടെ വർഗീകരണവും പാരിസ്ഥിതിക പ്രാധാന്യവും

കേരളത്തിലെ വനങ്ങളെ അവയുടെ പാരിസ്ഥിതിക സവിശേഷതകൾക്കും കാലാവസ്ഥാ പ്രത്യേകതകൾക്കും അനുസരിച്ച് പ്രധാനമായും ഏഴായി തരംതിരിക്കാം:

1. നിത്യഹരിതവനങ്ങൾ (Tropical Wet Evergreen Forests): കനത്ത മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ കാണപ്പെടുന്ന, വർഷം മുഴുവൻ പച്ചപ്പ് നിലനിർത്തുന്ന വനങ്ങൾ.
2. അർദ്ധ നിത്യഹരിത വനങ്ങൾ (Tropical Semi-Evergreen Forests): നിത്യഹരിത വനങ്ങളുടെയും ഇലപൊഴിയും വനങ്ങളുടെയും ഇടയിലുള്ള ഘടനയുള്ളവ.
3. നനവാർന്ന ഇലപൊഴിയും വനങ്ങൾ (Tropical Moist Deciduous Forests): വേനൽക്കാലത്ത് ഇലകൾ പൊഴിക്കുന്ന, എന്നാൽ ഈർപ്പം നിലനിൽക്കുന്ന വനങ്ങൾ.
4. വരണ്ട ഇലപൊഴിയും വനങ്ങൾ (Tropical Dry Deciduous Forests): മഴ കുറഞ്ഞ പ്രദേശങ്ങളിൽ കാണപ്പെടുന്നവ.
5. മലനിരകളിലെ ചോലവനങ്ങൾ (Montane Sub-Tropical / Shola Forests): 1,500 മീറ്ററിന് മുകളിലുള്ള ഉയരങ്ങളിലെ താഴ്വരകളിൽ സദാഹരിത വനങ്ങളായി ഇവ കാണപ്പെടുന്നു. ഇവയുടെ തുടർച്ചയായി കാണപ്പെടുന്ന പുൽമേടുകളും (grasslands) ജലനിയന്ത്രണത്തിൽ നിർണായക പങ്ക് വഹിക്കുന്നു.
6. കണ്ടൽക്കാടുകൾ (Mangrove Forests): സംസ്ഥാനത്തെ കടൽ-കായൽ തീരങ്ങളിൽ 4799 പ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 27.25 ചതുരശ്ര കിലോമീറ്റർ കണ്ടൽക്കാടുകൾ തീരദേശ സംരക്ഷണത്തിലും മത്സ്യപ്രജനനത്തിലും വലിയ പങ്കുവഹിക്കുന്നു.
7. സർപ്പക്കാവുകൾ (Sacred Groves): 15.91 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന 10,739 സർപ്പക്കാവുകൾ പ്രാദേശികമായ ജൈവവൈവിധ്യ സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, മണ്ണൊലിപ്പ് തടയൽ, കാലാവസ്ഥാ നിയന്ത്രണം, ഔഷധസസ്യ ലഭ്യത എന്നിവയിൽ വലിയ സ്വാധീനം ചെലുത്തുന്നു.

സംസ്ഥാന വനപ്രദേശത്തിന്റെ 33.7 ശതമാനം പ്രദേശങ്ങളിൽ വ്യാപിച്ചിരിക്കുന്ന, സാന്ദ്രമായ, പല നിലകളിൽ വൃക്ഷവിതാനങ്ങളുള്ള (canopy) നിത്യഹരിത-അർദ്ധനിത്യഹരിത വനങ്ങളെന്ന "മഴക്കാടുകൾ" ഉയർന്ന ജീവിപരിണാമപ്രക്രിയ (speciation) നടക്കുന്ന കേന്ദ്രങ്ങളാണ്.

II
വനങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യം

ആഗോളതാപനത്തെ ചെറുക്കുന്നതിൽ വനങ്ങൾക്കുള്ള പങ്ക് നിസ്തുലമാണ്. അന്തരീക്ഷ ഊഷ്മാവ് കുറയ്ക്കാനും വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും വനങ്ങൾ സഹായിക്കുന്നു. കേരളത്തിലെ വനങ്ങളുടെ കാർബൺ സ്റ്റോക്ക് 214.084 ദശലക്ഷം ടൺ ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് ഏകദേശം 760 ദശലക്ഷം ടൺ കാർബൺഡൈ ഓക്സൈഡിന് തുല്യമാണ്. രാജ്യത്തെ വനത്തിൽ നിന്നുള്ള മൊത്തം കാർബൺ ശേഖരത്തിന്റെ 2.8 ശതമാനം കേരളത്തിൽ നിന്നാണ് എന്നത് നമ്മുടെ വനങ്ങളുടെ ആഗോള പ്രാധാന്യം വ്യക്തമാക്കുന്നു. കൂടാതെ, വനങ്ങളിലെ മരങ്ങൾ മണ്ണൊലിപ്പ് തടയുകയും ഉരുൾപൊട്ടൽ പോലുള്ള പ്രകൃതിക്ഷോഭങ്ങളുടെ തീവ്രത കുറയ്ക്കുകയും ചെയ്യുന്നു.

ജൈവവൈവിധ്യത്തിന്റെ കലവറ

കേരളത്തിലെ വനങ്ങൾ ഏകദേശം 300 മുതൽ 5000 ചതുരശ്ര കിലോമീറ്റർ വരെ വിസ്തൃതിയുള്ള നിരവധി ഇടവിട്ട വനപ്രദേശങ്ങളായാണ് നിലകൊള്ളുന്നത്. ഇവ തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ വനപ്രദേശങ്ങളുമായി ചേർന്ന് വലിയ വനസമുച്ചയങ്ങളായി മാറുന്നു. സംസ്ഥാനത്തെ വനപ്രദേശങ്ങളുടെ ഏകദേശം 29.84% സംരക്ഷിത പ്രദേശങ്ങളായി (Protected Areas) പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ 6 ദേശീയോദ്യാനങ്ങളും, 18 വന്യജീവി സങ്കേതങ്ങളും (ഇതിൽ 2 കടുവ സംരക്ഷണ കേന്ദ്രങ്ങൾ, 4 ആന സംരക്ഷണ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നു), ഒരു കമ്മ്യൂണിറ്റി റിസർവും ഉൾപ്പെടുന്നു. നീലഗിരി, അഗസ്ത്യമല എന്നീ രണ്ട് ബയോസ്ഫിയർ റിസർവുകൾ കേരളത്തിലേക്കും വ്യാപിച്ചുകിടക്കുന്നു.

ഇന്ത്യയിലെ സസ്യജാലങ്ങളിൽ ഏകദേശം 25 ശതമാനവും കേരളത്തിലെ വനങ്ങളിലാണുള്ളത്. പശ്ചിമഘട്ടത്തിലെ 95% സസ്യങ്ങളും 90% ജന്തുവർഗ്ഗങ്ങളും ഈ മേഖലയിലാണെന്ന് കണക്കാക്കപ്പെടുന്നു. ഇവിടെ കാണപ്പെടുന്ന 5,000-ത്തിലധികം സസ്യവർഗങ്ങളിൽ ഏകദേശം 1,846 ഇനങ്ങൾ ഈ പ്രദേശത്തിന് മാത്രം സ്വദേശീയമാണ് (endemic). വംശനാശഭീഷണി നേരിടുന്ന നിരവധി സസ്യ-ജീവിവർഗങ്ങളുടെ, പ്രത്യേകിച്ച് ഉഭയചരങ്ങൾ, ഉരഗങ്ങൾ, ശലഭങ്ങൾ, പക്ഷികൾ എന്നിവയുടെ സുരക്ഷിതമായ ആവാസകേന്ദ്രമാണ് ഇവിടം.

കാലാവസ്ഥാ പ്രാധാന്യം

കേരളത്തിലെ കാലാവസ്ഥയെ നിർണ്ണയിക്കുന്നതിൽ പശ്ചിമഘട്ടത്തിന് പ്രധാനപ്പെട്ട സ്ഥാനമുണ്ട്. നാടിന്റെ നിലനിൽപ്പിനും കാർഷികാഭിവൃദ്ധിക്കും പശ്ചിമഘട്ട മലനിരകളുടെയും വനത്തിന്റെയും സംരക്ഷണം അനിവാര്യമാണെന്ന തിരിച്ചറിവിലേക്ക് എത്തേണ്ടതുണ്ട്. കേരളത്തിന്റെ നദികളുടെയെല്ലാം ഉത്ഭസ്ഥാനം പശ്ചിമഘട്ടങ്ങളാണ്. മഴവെള്ളം കുത്തിയൊലിച്ചു

പോകാതെ സ്പോഞ്ചുപോലെ വലിച്ചെടുത്ത് മഴക്കാലത്തിനുശേഷവും ഉറവകളായും അരുവികളായും നദിയിലേക്ക് ഒഴുക്കുന്നതിൽ വനങ്ങൾ പ്രധാനമാണ്. കേരളത്തിലെ ജലചക്രത്തിന്റെ നിർണ്ണായക സ്വാധീനമാണ് വനങ്ങൾ. വനാവരണം നഷ്ടപ്പെടുന്നത് മണ്ണൊലിപ്പിനെ രൂക്ഷമാക്കും. ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും ഇടയാക്കും. ഇത്തരം പ്രകൃതിദുരന്തങ്ങൾ ഏറ്റവും കൂടുതലുള്ള പ്രദേശമായി കേരളം മാറിയിട്ടുണ്ട്.

III
വനപരിപാലനം

പ്ലാന്റേഷനുകളും ഇക്കോ-റസ്റ്റോറേഷനും: ഒരു നയപരമായ മാറ്റം

കേരള വനംവകുപ്പിന്റെ നിയന്ത്രണത്തിൽ വാണിജ്യപരമായി മൂല്യമുള്ള നിരവധി തോട്ടങ്ങൾ (പ്ലാൻറേഷനുകൾ) ഉണ്ട്. ഇവ വനോൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉറവിടമായും വരുമാന മാർഗ്ഗമായും പ്രവർത്തിക്കുന്നു. 1400 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള തോട്ടങ്ങളിൽ 52% തേക്ക്, ഈട്ടി, മഹാഗണി തുടങ്ങിയ കനമരങ്ങളും (Hardwood), 2% പൈൻ, സിൽവർ ഓക്ക് തുടങ്ങിയ മൃദുമരങ്ങളും (Softwood), 6% മുള, ഈറ്റ തുടങ്ങിയവയും, 40% മറ്റുജാതി മരങ്ങളുമാണ്.

എന്നിരുന്നാലും, പഴയകാല ഏകവിള തോട്ടങ്ങളിൽ നിന്ന് പാരിസ്ഥിതിക പുനരുദ്ധാരണത്തിലേക്കുള്ള (Eco-restoration) മാറ്റം സർക്കാരിന്റെ പുരോഗമനപരമായ ഒരു ചുവടുവയ്പ്പാണ്. സംസ്ഥാനത്തെ കുറഞ്ഞ പ്രവർത്തനക്ഷമത കാണിക്കുന്ന തേക്ക് തോട്ടങ്ങൾ ഒഴിവാക്കി, അത്തരം പ്രദേശങ്ങളെ സ്വാഭാവിക വനങ്ങളായി മാറ്റാനുള്ള തീരുമാനം ഇതിന്റെ ഭാഗമാണ്. ഏകദേശം 450 ച.കി.മീ വിസ്തൃതിയിലുള്ള തേക്ക് തോട്ടങ്ങൾ നിലവിൽ ഇത്തരത്തിലുള്ള ഇക്കോ–റസ്റ്റോറേഷൻ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ, 270 ച.കി.മീ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന യൂക്കലിപ്റ്റസ്, അക്കേഷ്യ എന്നീ വിദേശ വൃക്ഷജാതികളുടെ തോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്യുന്നതിനും തുടക്കം കുറിച്ചിട്ടുണ്ട്. ഇത് ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും സ്വാഭാവിക ആവാസവ്യവസ്ഥ തിരിച്ചുപിടിക്കുന്നതിനും സഹായിക്കും.

വനങ്ങൾക്ക് പുറത്തുള്ള മരങ്ങൾ (Trees Outside Forest - TOF)

കേരളത്തിലെ ജനസാന്ദ്രതയും ഭൂലഭ്യതയുടെ കുറവും കാരണം പ്രഖ്യാപിത വനപ്രദേശങ്ങൾ വിപുലീകരിക്കുക പ്രായോഗികമല്ല. അതിനാൽ, 'വനത്തിന് പുറത്തുള്ള വൃക്ഷങ്ങൾ' (TOF) എന്ന ആശയത്തിന് വലിയ പ്രസക്തിയുണ്ട്. 2023-ലെ FSI റിപ്പോർട്ടുകൾ പ്രകാരം, സംസ്ഥാന വിസ്തൃതിയുടെ ഏകദേശം 31.22% (12,133 ച.കി.മീ) പ്രദേശം TOF-ന് കീഴിലുണ്ട്. ഇത് പ്രഖ്യാപിത വനപ്രദേശത്തെ വൃക്ഷാവരണത്തെക്കാൾ 25.5% കൂടുതലാണ്. ഗാർഹിക തോട്ടങ്ങളും റബ്ബർ തോട്ടങ്ങളും സംസ്ഥാനത്തിന്റെ മരം വിതരണത്തിന്റെ 82 ശതമാനവും സംഭാവന ചെയ്യുന്നു.

എന്നാൽ, റബ്ബർ വിലയിലുണ്ടായ ഇടിവ്, ഉയർന്ന റിയൽ എസ്റ്റേറ്റ് മൂല്യം, നിർമ്മാണ മേഖലയുടെ വ്യാപനം എന്നിവ TOF മേഖലയ്ക്ക് ഭീഷണിയാണ്. റബ്ബർ (46.6%), വീട്ടുവളപ്പുകൾ (35.3%) എന്നിവയാണ് മരം ഉൽപാദനത്തിൽ മുന്നിട്ടുനിൽക്കുന്നത്. പരമ്പരാഗത വീട്ടുവളപ്പുകളിലെ വൃക്ഷസമ്പത്ത് കുറയുന്നത് ആശങ്കാജനകമാണ്. വൃക്ഷകൃഷിയെ ലാഭകരമായ ഭൂവിനിയോഗക്രമമായി മാറ്റുന്നതിന്, വിലപിടിപ്പുള്ള മരങ്ങൾ കൃഷി ചെയ്യാനും, കർഷകർക്ക് ക്യാഷ് ഇൻസെന്റീവ് നൽകാനും സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ട്. കാവുകൾ, കണ്ടൽക്കാടുകൾ എന്നിവയുടെ സംരക്ഷണത്തിനും ഇൻസെൻറ്റീവ് നൽകുന്നു. സ്കൂളുകളിലും കോളേജുകളിലും 'വിദ്യാവനം', 'സ്കൂൾ നഴ്സറി യോജന' തുടങ്ങിയ പദ്ധതികളിലൂടെ പുതിയ തലമുറയിൽ അവബോധം വളർത്താനും ശ്രമങ്ങൾ നടക്കുന്നു. ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ 4107 പച്ചത്തുരുത്തുകൾ സൃഷ്ടിച്ചത് ഈ മേഖലയിലെ എടുത്തുപറയേണ്ട നേട്ടമാണ്.

വനപരിപാലനവും ആദിവാസി സമൂഹങ്ങളും

വനപ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗക്കാർ ഉൾപ്പെടെയുള്ളവരുടെ പ്രധാന ഉപജീവനമാർഗ്ഗം തേൻ, മരുന്നുകൾ തുടങ്ങിയ വനവിഭവങ്ങളാണ്. വനപരിപാലനത്തിൽ ഈ സമൂഹങ്ങളെ ചേർത്തു നിർത്തുക എന്നത് ഇടതുപക്ഷ സമീപനത്തിന്റെ ഭാഗമാണ്. സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനായി വനാതിർത്തി നിർണയം, കയ്യേറ്റങ്ങൾ തടയൽ, വേട്ടയാടൽ, മരം വെട്ടൽ എന്നിവയിൽ നിന്നുള്ള സംരക്ഷണം, കാട്ടുതീ പ്രതിരോധം, നദീതീര സംരക്ഷണം എന്നിവ നടന്നുവരുന്നു. വന പരിപാലനത്തിൽ ആദിവാസി സമൂഹങ്ങളുടെ വർധിച്ച പങ്കാളിത്തം ഉറപ്പാക്കുന്നതിനും, ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനം, ദുർബലമായ പരിസ്ഥിതി വ്യവസ്ഥകളുടെ സംരക്ഷണം, പങ്കാളിത്ത വന പരിപാലനം എന്നിവ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ വനംവകുപ്പ് നടപ്പിലാക്കുന്നുണ്ട്. തോട്ടങ്ങളുടെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും, ശാസ്ത്രീയ മാനേജ്മെന്റ് രീതികളുടെ പ്രയോഗത്തിലൂടെ മണ്ണിന്റെ അവസ്ഥയും വിളവും മെച്ചപ്പെടുത്തുന്നതിനും വനത്തോട്ട പരിപാലനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

പങ്കാളിത്ത വന പരിപാലനം (Participatory Forest Management)

വനപരിപാലനത്തിൽ ജനങ്ങളെ പങ്കാളികളാക്കുക എന്ന ജനാധിപത്യപരമായ ആശയം 1998-ലാണ് കേരളത്തിൽ ആരംഭിച്ചത്. വന സംരക്ഷണ സമിതികളും (VSS), ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികളും (EDC) വഴി വനത്തെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളെ വനപരിപാലനത്തിന്റെ ഭാഗമാക്കി. നിലവിൽ 36 ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾക്ക് (FDA) കീഴിൽ

213 EDC-കളും 427 VSS-കളും പ്രവർത്തിക്കുന്നു. ചെറുകിട വനവിഭവങ്ങൾക്ക് (MFP) താങ്ങുവില (MSP) ഏർപ്പെടുത്തിയതും, 31 വൻ ധൻ വികാസ് കേന്ദ്രങ്ങൾ (VDVK) ആരംഭിച്ചതും വനവിഭവങ്ങൾ ശേഖരിക്കുന്നവർക്ക് ന്യായമായ വരുമാനം ഉറപ്പാക്കാൻ സഹായിച്ചു. 'വനശ്രീ' എന്ന ബ്രാൻഡിലൂടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നത് ആദിവാസി സമൂഹങ്ങളുടെ സാമ്പത്തിക ഉന്നമനത്തിന് വഴിയൊരുക്കുന്നു.

കൂടാതെ, ഗ്രാമ ഹരിത സമിതികൾ (GHS), പഞ്ചായത്ത് ഹരിത സമിതികൾ (PHS) എന്നിവ വഴി വാർഡ് തലത്തിൽ വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നു. കേരള വന വികസന കോർപറേഷൻ (KFDC) പോലുള്ള സ്ഥാപനങ്ങൾ മനുഷ്യനിർമ്മിത വനങ്ങൾ വികസിപ്പിക്കുന്നതിനും ഇക്കോ-ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും പ്രവർത്തിക്കുന്നു.

വനാവകാശ നിയമം: നടപ്പാക്കലിലെ വെല്ലുവിളികൾ

2006-ലെ വനാവകാശ നിയമം (Forest Rights Act – FRA) വനവാസി സമൂഹങ്ങളോട് ചരിത്രപരമായി ചെയ്ത അനീതികൾ പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. വ്യക്തിഗത വനാവകാശങ്ങൾ (IFR) നൽകുന്നതിൽ സംസ്ഥാനം മുന്നേറ്റം നടത്തിയിട്ടുണ്ട് (29,422 അവകാശപത്രങ്ങൾ വഴി 38,794.10 ഏക്കർ). എന്നാൽ, സമൂഹ വനവിഭവാവകാശങ്ങൾ (Community Forest Resource – CFR) നൽകുന്നതിൽ ഇപ്പോഴും വെല്ലുവിളികൾ നിലനിൽക്കുന്നു. ഉദ്യോഗസ്ഥ തലത്തിലുള്ള തടസ്സങ്ങളും അവബോധക്കുറവും ഇതിന് കാരണമാണ്. വനാവകാശ സമിതികളും (FRC) ഗ്രാമസഭകളും പലയിടത്തും നിർജീവമാകുന്നത് നിയമത്തിന്റെ അന്തസത്തയെ ചോർത്തിക്കളയുന്നു.

IV
മനുഷ്യ-വന്യജീവി സംഘർഷം: ഒരു സവിശേഷ ദുരന്തം

കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങളിലൊന്നാണ് മനുഷ്യ-വന്യജീവി സംഘർഷം. വനത്തിന്റെ ഗുണനിലവാര തകർച്ച, ആവാസവ്യവസ്ഥയുടെ ശിഥിലീകരണം, വന്യജീവികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് (കടുവകളുടെ എണ്ണം 20 വർഷത്തിനിടെ മൂന്നിരട്ടിയായി, കാട്ടാനകളുടെ എണ്ണം 65% വർദ്ധിച്ചു), കൃഷിരീതിയിലെ മാറ്റങ്ങൾ എന്നിവയാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. 2023-24 ൽ മാത്രം 8438 സംഘർഷങ്ങളാണ് റിപ്പോർട്ട് ചെയ്തത്. നഷ്ടപരിഹാരത്തുക 9.63 കോടിയിൽ നിന്ന് 21.79 കോടിയായി ഉയർന്നു.

1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ കർക്കശമായ വ്യവസ്ഥകൾ ഈ പ്രശ്നപരിഹാരത്തിന് പലപ്പോഴും തടസ്സമാകുന്നുണ്ട്. 1976-ൽ വനസംരക്ഷണം കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റിയതോടെ സംസ്ഥാനങ്ങളുടെ അധികാരം പരിമിതപ്പെട്ടു. വന്യമൃഗങ്ങളെ ക്ഷുദ്രജീവികളായി (Vermin) പ്രഖ്യാപിക്കാനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങൾക്ക് നൽകിയ ഇളവുകൾ കേരളത്തിന് ലഭിക്കുന്നില്ല എന്നത് പ്രതിഷേധാർഹമാണ്.

ഈ പ്രതിസന്ധിയെ നേരിടാൻ സംസ്ഥാന സർക്കാർ വന്യജീവി സംഘർഷത്തെ 'സംസ്ഥാന സവിശേഷ ദുരന്തമായി' പ്രഖ്യാപിച്ചു. 70 കോടി രൂപ വകയിരുത്തി സോളാർ വേലികൾ, കിടങ്ങുകൾ, എമർജൻസി ഓപ്പറേഷൻ സെന്ററുകൾ, ദ്രുത പ്രതികരണ സേനകൾ (RRT) എന്നിവയിലൂടെ പ്രതിരോധം തീർക്കുന്നു. ശാസ്ത്രീയമായ പരിഹാരമാർഗ്ഗങ്ങളും, ആവശ്യമെങ്കിൽ 'കള്ളിങ്' (Culling) പോലുള്ള നിയന്ത്രണ നടപടികളും നടപ്പിലാക്കേണ്ടത് അനിവാര്യമായി വന്നിരിക്കുകയാണ്. എന്നാൽ കേന്ദ്ര നിയമങ്ങളും നയങ്ങളും ഇതിന് വിഘാതം സൃഷ്ടിക്കുന്നു.

വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 11

മനുഷ്യ-വന്യമൃഗ സംഘർഷ വിഷയത്തിൽ ശാസ്ത്രീയവും നിയമപരവുമായ നിലപാടാണ് എൽഡിഎഫ് സർക്കാർ കൈകൊണ്ടിട്ടുള്ളത്. ഈ വിഷയത്തിലെ അടിസ്ഥാന പ്രശ്നങ്ങൾ പലതുമുണ്ടെങ്കിലും ഇന്ന് കർഷകരും കർഷക സംഘടനകളും ഉയർത്തുന്ന ഒരു അടിയന്തിര ആവശ്യം വന്യമൃഗങ്ങളെ വേട്ട ചെയ്തു കൊല്ലുന്നതുമായി ബന്ധപ്പെട്ടതാണ്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിനെ പ്രതിക്കൂട്ടിൽ തന്നെ നിർത്താൻ ആഗ്രഹമുള്ള ചിലരുണ്ട്. അവർ ചോദിക്കുന്നത് എന്തിന് കേന്ദ്ര സർക്കാരിനെ കുറ്റപ്പെടുത്തണം; വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 11 അനുസരിച്ച് സംസ്ഥാന സർക്കാരിനുതന്നെ കൊല്ലാൻ ഉത്തരവിടാൻ അധികാരമുണ്ടല്ലോ; അതനുസരിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡന് കൊല്ലാൻ ഉത്തരവ് പുറപ്പെടുവിക്കാമല്ലോ; എന്നൊക്കെയാണ്. അതിലളിത യുക്തിയിൽ ശരിയെന്ന് തോന്നുമെങ്കിലും തെറ്റിദ്ധരിപ്പിക്കുന്നതാണ് ഇത്തരം വാദങ്ങൾ.

വന്യജീവി സംരക്ഷണ നിയമം അനുസരിച്ച് ഷെഡ്യൂളുകൾ ഒന്നിലെയും രണ്ടിലെയും വന്യമൃഗങ്ങളെ വേട്ട ചെയ്യുന്നത് വളരെ കർശനമായി വിലക്കിയിട്ടുണ്ട്. എന്നാൽ ഈ നിയമത്തിലെ തന്നെ മൂന്ന് ഉപവാക്യങ്ങൾ പ്രകാരം ഇളവുകളും ഉണ്ട്. സെക്ഷൻ 11, സെക്ഷൻ 62, സെക്ഷൻ 12 എന്നിവയാണ് ഈ ഉപവാക്യങ്ങൾ.

സെക്ഷൻ 11ൽ പറയുന്നത് ഷെഡ്യൂൾ ഒന്നിൽ ഉൾപ്പെട്ട വന്യമൃഗങ്ങളെ (അതായത് ആന, കടുവ, പുലി, മാൻ, കുരങ്ങ്, മയിൽ തുടങ്ങിയവയെ) കൊല്ലണമെങ്കിൽ അവ മനുഷ്യജീവന് അപകടമുള്ളതാണെന്നോ ഗുരുതര രോഗമുള്ളതാണെന്നോ അംഗവൈകല്യം ഉള്ളതാണെന്നോ സംസ്ഥാനത്തെ ചീഫ് വൈൽഡ് ലൈഫ് വാർഡന് ബോധ്യപ്പെടണം. പക്ഷേ വെറുതെ ബോധ്യപ്പെട്ടാൽ പോരാ. ഈ വന്യമൃഗങ്ങളെ പിടികൂടുകയോ മയക്കുകയോ സ്ഥലം മാറ്റുകയോ ചെയ്യുക വഴി വിഷയം പരിഹരിക്കാൻ കഴിയില്ല എന്ന് അതിനു

മുൻപ് തെളിയിക്കണം. മാത്രമല്ല, ഇങ്ങനെ പിടിക്കപ്പെടുന്ന/മയക്കപ്പെടുന്ന മൃഗങ്ങളെ തടവിൽ സൂക്ഷിക്കാൻ പാടില്ല. തടവിൽ സൂക്ഷിക്കണമെങ്കിൽ അവയെ കാട്ടിൽ പുനരധിവസിപ്പിക്കാൻ കഴിയില്ലെന്ന് ബോധ്യപ്പെടുകയും അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്യണം. ഈ ബോധ്യപ്പെടലുകളെല്ലാം തെളിവ് സഹിതം രേഖപ്പെടുത്തിയതിന് ശേഷം മാത്രമേ ചീഫ് വൈൽഡ് ലൈഫ് വാർഡന് ഷെഡ്യൂൾ ഒന്നിലെ ഒരു മൃഗത്തെ കൊല്ലാൻ ഉത്തരവിടാൻ കഴിയൂ.

ഇനി കൊല്ലുന്നത് എളുപ്പമാണോ? ഇവിടെയാണ് നിയമത്തിന് അനുബന്ധമായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള "സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജിയർ" നിലവിൽ വരുന്നത്. ഷെഡ്യൂൾ ഒന്നിലെ കടുവയോ പുലിയോ ആണ് നാട്ടിൽ ഇറങ്ങിയിട്ടുള്ളതെങ്കിൽ നമ്മുടെ പ്രശസ്തമായ ആ "ആറംഗ സമിതി" രൂപീകരിക്കണം. ക്യാമറകൾ ഒക്കെ വച്ച് അതിലെ ചിത്രങ്ങൾ പരിശോധിച്ചു ദേശീയ റിപ്പോസിറ്ററിയിലെ ഫോട്ടോകളുമായി താരതമ്യം ചെയ്ത് കടുവയാണോ പുലിയാണോ എന്നത് തിരിച്ചറിയണം. അവ മൂലം നാട്ടിൽ കന്നുകാലികൾക്ക് പരിക്കുകൾ ഉണ്ടായിട്ടുണ്ടോ, എന്തെങ്കിലും ഗുരുതരമായ ഏറ്റുമുട്ടലുകൾ നടന്നിട്ടുണ്ടോ, നടന്നിട്ടുണ്ടെങ്കിൽ അവയുടെ കാരണങ്ങൾ എന്തൊക്കെ, എന്നതിനെക്കുറിച്ചൊക്കെ പഠിക്കണം ("ഡീറ്റെയിൽഡ് റിസർച്ച് വർക്ക്" എന്നാണ് ഉപയോഗിച്ചിട്ടുള്ള പദം). ഇതൊക്കെ ഉറപ്പുവരുത്തുന്ന പക്ഷം ആദ്യം കെണി വയ്ക്കണം. കെണി വച്ചിട്ടും പിടിക്കാൻ പറ്റിയില്ലെങ്കിൽ മയക്കു വെടി വയ്ക്കാം. പക്ഷേ വെടിവയ്ക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിനടുത്ത് (അതിന് പേര് "കിൽ സൈറ്റ്" എന്നാണ്) മൃഗത്തെ കൃത്യമായി തിരിച്ചറിയാൻ സഹായിക്കുന്ന ക്യാമറ ട്രാപ്പ് സ്ഥാപിക്കണം. ഈ കിൽ സൈറ്റിൽ കടുവയുടെയോ പുലിയുടെയോ ദിവസേനയുള്ള ചലനങ്ങൾ പഠിക്കാൻ പ്രഷർ ഇംപ്രഷൻ പാഡുകൾ സ്ഥാപിക്കണം. പ്രദേശത്ത് ക്രമസമാധാനം ഉറപ്പുവരുത്താൻ സെക്ഷൻ 144 പ്രഖ്യാപിക്കണം. മയക്കുവെടി കൊണ്ടാൽ പിടിക്കപ്പെടുന്ന കടുവയോ പുലിയോ ആരോഗ്യമുള്ളതാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തണം. ആരോഗ്യം ഉണ്ടെങ്കിൽ റേഡിയോ കോളർ ഘടിപ്പിച്ച് അതിനെ നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയെ അറിയിച്ച് വനത്തിലേക്ക് തന്നെ തുറന്നു വിടണം. പരിക്കുണ്ടെങ്കിൽ മൃഗശാലയിലേക്ക് മാറ്റണം.

മയക്കുവെടി പോരാ, കൊല്ലണമെന്ന് തന്നെ നിർബന്ധമാണെങ്കിലോ? ഈ കടുവ അല്ലെങ്കിൽ പുലി സ്ഥിരമായി മനുഷ്യന്റെ മരണങ്ങൾക്ക് കാരണമാകുന്ന, മനുഷ്യനെ കൊല്ലുന്നത് സ്ഥിരംശീലമാക്കിയ, മൃഗമാകണം. ഇതൊക്കെ ഉറപ്പുവരുത്തുന്നതിനും തെളിയിക്കുന്നതിനും പ്രത്യേകമായ മാർഗ്ഗനിർദ്ദേശങ്ങൾ വേറെയുണ്ട്.

ഷെഡ്യൂൾ ഒന്നിലെ തന്നെ കാട്ടാനകളുടെ കാര്യത്തിലും ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. ആനയെ തിരിച്ചറിയാനും ചലനങ്ങൾ നിരീക്ഷിക്കാനും ക്യാമറകൾ സ്ഥാപിക്കാനും ഒക്കെ കഴിയണം. കാട്ടാന മനുഷ്യജീവനും സ്വത്തിനും അപകടകാരിയാണെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ പിടികൂടാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് പലപ്പോഴും മയക്കുവെടി വയ്ക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ കാലതാമസങ്ങൾ നേരിടുന്നത്.

അവസാനമായി, ഷെഡ്യൂൾ ഒന്നിലെ ഏതെങ്കിലും മൃഗത്തെ കൊന്നാൽ തന്നെ, ഇതേ നിയമത്തിന്റെ സെക്ഷൻ 39 പ്രകാരം, ആ വന്യമൃഗത്തിന്റെ ശരീരം സർക്കാരിന്റെ പ്രോപ്പർട്ടി ആയിരിക്കും. മനുഷ്യർക്ക് ഭക്ഷിക്കാൻ കഴിയില്ല എന്നർത്ഥം. നിയമങ്ങൾ ലംഘിച്ച് ഇവയുടെ ഇറച്ചി ഭക്ഷിക്കുന്ന ഒരാൾക്ക് മൂന്നുവർഷം വരെ തടവോ ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടും ഒരുമിച്ചോ ശിക്ഷ ലഭിക്കാവുന്നതാണെന്ന് സെക്ഷൻ 51ൽ പ്രത്യേകമായി എഴുതിയിട്ടുമുണ്ട്.

ഇത് മാത്രമല്ല, ആ ശരീരത്തിന്റെ നിർമാർജ്ജനത്തിന്റെ ഭാഗമായി ഒരു തരത്തിലുള്ള വാണിജ്യ ഇടപാടോ ലേലമോ നടത്താനും പാടില്ല. കത്തിക്കുക മാത്രമേ വഴിയുള്ളൂ. ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിയമിക്കുന്ന ഒരു "നാലംഗ സമിതി"യുടെ മേൽനോട്ടത്തിൽ മാത്രമേ ഇങ്ങനെ കത്തിക്കാൻ പോലും കഴിയുകയുള്ളൂ.

ഈ കണിശമായ നിബന്ധനകളും മാർഗ്ഗനിർദ്ദേശങ്ങളും നിലവിലുള്ളതുകൊണ്ടാണ് പലപ്പോഴും വനംവകുപ്പിന് ഷെഡ്യൂൾ ഒന്നിലെ വന്യമൃഗങ്ങളെ സെക്ഷൻ 11 അനുസരിച്ച് വേട്ടയാടാൻ അനുമതി നൽകുന്നതിന് പലവിധമായ താമസങ്ങളും ബുദ്ധിമുട്ടുകളും നേരിടേണ്ടി വരുന്നത്. ഈ സ്ഥിതി മാറണം എന്നാണ് കേരളം ആവശ്യപ്പെടുന്നത്.

എന്നാൽ കേന്ദ്രസർക്കാർ പറയുന്നത് എന്താണ്? ജൂൺ 11ന് കേന്ദ്രസർക്കാർ കേരളത്തിലെ വനംവകുപ്പിന് അയച്ച കത്തിൽ (പല മാധ്യമങ്ങളിലും ഈ കത്തിന്റെ കോപ്പി കാണാം) പറയുന്നത് ഇങ്ങനെ: "സെക്ഷൻ 11 (1) (ബി) പ്രകാരമുള്ള വ്യവസ്ഥകൾ, വന്യമൃഗങ്ങളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്ന പൊതുവായ വ്യവസ്ഥകൾക്ക് ബദലായി, ഓരോ പ്രത്യേക പ്രദേശത്തുമുള്ള മൃഗങ്ങളുടെ ജനസംഖ്യയുടെ ക്രമീകരണത്തിനും ആരോഗ്യകരമായ ഒരു ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും സഹായിക്കും." അതായത്, നിലവിലെ സെക്ഷൻ 11 വച്ച് കാര്യങ്ങൾ നടത്തിക്കൊള്ളണം എന്നാണ് കേന്ദ്രം ഇന്നലെ കേരളത്തിന് കത്തിൽ പറഞ്ഞിരിക്കുന്നത്. ഇവിടെയാണ് പ്രശ്നത്തിന്റെ കാതൽ കിടക്കുന്നത്. ഇതുകൊണ്ടാണ് കേന്ദ്രനയങ്ങളിൽ മാറ്റം വേണമെന്ന് കേരള സർക്കാർ പറയുന്നത്. ഇതിലേക്ക് നമുക്ക് മടങ്ങിവരാം.

ഷെഡ്യൂൾ 2-ലെ മൃഗങ്ങൾ

ഇതുവരെ പറഞ്ഞത് ഷെഡ്യൂൾ ഒന്നിൽ പെട്ട വന്യമൃഗങ്ങളുടെ കാര്യം മാത്രമാണ്. ഇനി ഷെഡ്യൂൾ രണ്ടിൽ പെട്ട കാട്ടുപന്നികളെ പോലെയുള്ള വന്യമൃഗങ്ങളുടെ കാര്യമോ? ഇവിടെ ഷെഡ്യൂൾ ഒന്നിലേത് പോലെ അത്ര കർശനമായ വ്യവസ്ഥകളോ മാർഗനിർ

ദേശങ്ങളോ ഇല്ല. ഷെഡ്യൂൾ രണ്ടിൽ പെട്ട മനുഷ്യജീവന് അപകടകാരിയോ വിളകൾക്ക് നാശം വരുത്തുന്നതോ ആയ വന്യമൃഗങ്ങളെ കൊല്ലാനുള്ള ഉത്തരവ് നൽകാനുള്ള അധികാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് ഉണ്ട്. ഇത് ഉപയോഗിച്ചുകൊണ്ട് കാട്ടുപന്നികളെ കൊല്ലാനുള്ള അധികാരം കേരളത്തിലെ പഞ്ചായത്തുകൾക്ക് വനം വകുപ്പ് ഇതിനകം നൽകി കഴിഞ്ഞിട്ടുമുണ്ട്. എത്ര, ഏതൊക്കെ പഞ്ചായത്തുകൾ ഈ അധികാരം ഉപയോഗിക്കുന്നുണ്ട് എന്നത് മറ്റൊരു വിഷയമാണ്. പക്ഷേ ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം സംസ്ഥാന സർക്കാർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. കേന്ദ്രസർക്കാരിനെ കുറ്റം പറഞ്ഞു നിൽക്കുന്നുമില്ല.

കേന്ദ്രസർക്കാരിനോട് കേരള സർക്കാർ ഇന്ന് ആവശ്യപ്പെടുന്നത് എന്താണ്? കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലും അനുബന്ധ മാർഗ്ഗനിർദേശങ്ങളിലും പരിഷ്കാരങ്ങൾ വേണം. ഈ നിയമം അനുസരിച്ച്, ഷെഡ്യൂൾ ഒന്നിലെ വന്യമൃഗങ്ങളെ ഒരുകാരണവശാലും ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ കഴിയില്ല. അതിനാൽ ഷെഡ്യൂൾ ഒന്നിൽ നിന്ന് കുരങ്ങനെ ഒഴിവാക്കി ഷെഡ്യൂൾ രണ്ടിലേക്ക് മാറ്റണം. അതുവഴി കുരങ്ങനെ, ആവശ്യമെങ്കിൽ, സെക്ഷൻ 62 അനുസരിച്ച് ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ കേന്ദ്രസർക്കാരിന് കഴിയും. ഇനി അങ്ങനെ അവർ പ്രഖ്യാപിച്ചില്ലെങ്കിൽ പോലും, സെക്ഷൻ 11 അനുസരിച്ച് സംസ്ഥാന തലത്തിൽ തന്നെ കുരങ്ങനെ പിടിക്കാനും കൊല്ലാനും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൂടുതൽ ലളിതമാകും.

നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളിലും മാറ്റം വരണം. ഷെഡ്യൂൾ രണ്ടിലെ വന്യമൃഗം ആയാൽ പോലും കണിശമായ വ്യവസ്ഥകൾക്ക് വിധേയമായി കൊണ്ട് മാത്രമേ ഇപ്പോഴും വേട്ട നടത്താൻ കഴിയുകയുള്ളൂ. ഈ മാർഗ്ഗനിർദ്ദേശങ്ങളും പരിഷ്കരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെടുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഷെഡ്യൂൾ രണ്ടിലെ കാട്ടുപന്നി പോലെയുള്ള വന്യമൃഗങ്ങളെ വേട്ട ചെയ്യുന്നത് കൂടുതൽ എളുപ്പമാവും. കുരങ്ങനെ ഷെഡ്യൂൾ രണ്ടിലേക്ക് ചേർത്താൽ അവിടെയും കാര്യങ്ങൾ കുറച്ചുകൂടി എളുപ്പമാകും. പൊതുവിൽ, ഈ മാർഗ്ഗനിർദ്ദേശങ്ങൾ സമയബന്ധിതമായി പാലിക്കാൻ കഴിയുന്നതും സംസ്ഥാന സർക്കാരുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതും ആവണം. ഏറ്റവും പ്രധാനമായി, ആക്രമണകാരിയായ വന്യമൃഗത്തെ എത്രയും പെട്ടെന്ന് വേട്ട ചെയ്തു കൊലപ്പെടുത്തേണ്ടതാണെങ്കിൽ അതിനുള്ള അവകാശവും സംസ്ഥാന സർക്കാരിന് നൽകണം. ചുരുക്കത്തിൽ, ഷെഡ്യൂൾ രണ്ടിൽ പെട്ട വന്യമൃഗത്തെ ഒരു പ്രത്യേക പ്രദേശത്ത് ക്ഷുദ്രജീവിയായി തന്നെ പ്രഖ്യാപിക്കുന്നതിനുള്ള അവകാശം സംസ്ഥാന സർക്കാരിന് നൽകണം.

ഈ സങ്കീർണ്ണതകൾ ഒന്നും മനസ്സിലാക്കാത്തവരാണ് കേന്ദ്രസർക്കാരിനെ സംരക്ഷിച്ച് നിർത്തി, പഴി മുഴുവൻ സംസ്ഥാന സർക്കാരിന്റെ തലയിലേക്ക് ഇടുന്നത്. ഈ നിലപാടിന്റെ രാഷ്ട്രീയം തിരിച്ചറിയാൻ നമുക്ക് കഴിയണം.

വലതുപക്ഷ പോപ്പുലിസം

ഈ വിഷയത്തിൽ അതിലളിത പരിഹാരങ്ങൾ മുൻപോട്ടുവയ്ക്കുന്ന പല കൂട്ടങ്ങളും വലതുപക്ഷ പോപ്പുലിസത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്നവയാണ്. കർഷകരുടെ യഥാർത്ഥ പോരാളികൾ തങ്ങളാണെന്നും പരിഹാരം ലളിതമാണെന്നും പറഞ്ഞുകൊണ്ട് ധാർമ്മികവും വൈകാരികവുമായ ഒരു പ്രചാരണതലം ഇവർ സൃഷ്ടിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് വലതുപക്ഷ പോപ്പുലിസത്തിന്റെ ലക്ഷണങ്ങളായ (a) ഒന്നോ രണ്ടോ ബലിയാടുകളെ തിരയുക; (b) അശാസ്ത്രീയവും അപകടകരവുമായ ബൈനറികളിലേക്ക് വഴുതിവീഴുക; (c) ഗൂഢാലോചന സിദ്ധാന്തങ്ങൾ അവതരിപ്പിക്കുക; (d) മുദ്രാവാക്യ രാഷ്ട്രീയത്തിലൂടെ ശ്രദ്ധ നേടാൻ ശ്രമിക്കുക; എന്നിവയൊക്കെ ഈ കൂട്ടങ്ങൾ ശ്രമിക്കുന്നത്. എളുപ്പവും ലളിതവും വ്യക്തവുമായ പരിഹാരങ്ങളാണ് സങ്കീർണ്ണ പ്രശ്നങ്ങൾക്കിടയിലും മനുഷ്യ മനസ്സിന് ഇഷ്ടം എന്നതുകൊണ്ട് ഇവരുടെ രാഷ്ട്രീയ പ്രചാരണങ്ങൾക്ക് അല്പം ബലവും ലഭിക്കുന്നുണ്ട്. നമുക്ക് ചുറ്റുമുള്ള സാമൂഹ്യ മാധ്യമങ്ങളുടെ ഘടനയിൽ ഇത്തരം സന്ദേശങ്ങൾക്ക് കൂടുതൽ ശ്രദ്ധ കിട്ടുന്നു എന്നുള്ളതും ഈ പ്രചാരണത്തിന് ആക്കം കൂട്ടുന്നുണ്ട്. പക്ഷേ സങ്കീർണ്ണതകളെ മറക്കുക വഴി സമഗ്രമായ ചിന്തകളെയും പരിഹാരങ്ങളെയും ഇവർ തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. സമഗ്രതയുടെ അഭാവം മൂലം ലളിതവത്ക്കരണം പരാജയങ്ങളിലേക്ക് നയിക്കുമ്പോൾ അവ പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുകയും മനുഷ്യ മനസ്സുകളെ കൂടുതൽ നിരാശയിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. ഇത് വലതുപക്ഷ പോപ്പുലിസത്തിന്റെ ആന്തരികമായ ഒരു രീതിയാണ്.

കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷ വിഷയത്തിൽ ഈ ഐഡിയോളജിയുടെ പ്രഭാവത്തിനെതിരെ നിലപാടെടുക്കുന്നത് എളുപ്പമല്ല. കൊന്നാൽ പ്രശ്നം തീർന്നില്ലേ എന്നാൽ ലളിതയുക്തി പ്രചാരം നേടുമ്പോൾ അത് മാത്രം പോരാ, കൂടുതൽ സമഗ്രതയിൽ വിഷയത്തെ കൈകാര്യം ചെയ്യണം എന്ന് പറയുന്നത് ബുദ്ധിമുട്ടായി മാറുന്നു. അതുകൊണ്ട് ഈ പശ്ചാത്തലത്തിൽ ഈ വിഷയത്തിലെ ഇടതുപക്ഷത്തിന്റെ രാഷ്ട്രീയവും മുദ്രാവാക്യവും എങ്ങനെ രൂപപ്പെടുത്തണം എന്നത് ഒരു വെല്ലുവിളിയാണ്; ഒപ്പം ഗൗരവമായ ചർച്ചകൾക്ക് വഴിതെളിക്കേണ്ടതാണ്.

V
ഭാവിപ്രവർത്തനങ്ങൾ

അടുത്ത പത്തു വർഷത്തിനുള്ളിൽ കേരളം വനം-വന്യജീവി മേഖലയിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ കേവലമായ സംരക്ഷണത്തിനപ്പുറം, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ജൈവികമായ സഹവർത്തിത്വത്തിലും, ശാസ്ത്രീയമായ വിഭവ വിനിയോഗത്തിലും ഊന്നിയുള്ളതാകണം. കേരള വികസന റിപ്പോർട്ടിലെയും ഇടതുപക്ഷ വികസന രേഖകളിലെയും നിർദ്ദേശങ്ങൾ മുൻനിർത്തി താഴെപ്പറയുന്ന കാര്യങ്ങളിൽ

അടിയന്തിര ശ്രദ്ധയും ദീർഘകാല ആസൂത്രണവും ആവശ്യമാണ്.

1. ആവാസവ്യവസ്ഥ പരിപാലന രീതി

കേരളമുൾപ്പെടെയുള്ള പശ്ചിമഘട്ട മലനിരകൾ വ്യാപകമായ കയ്യേറ്റത്തിന് സാക്ഷ്യം വഹിക്കുകയാണ്. കയ്യേറ്റത്തിന്റെ വിസ്തൃതി പരിശോധിച്ചാൽ ഒൻപതാം സ്ഥാനമാണ് കേരളത്തിന്റേത്. കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് നാശോന്മുഖമായ നൈസർഗിക വനങ്ങളെ സംരക്ഷിക്കാൻ നമ്മുടെ നിയമവ്യവസ്ഥിതി പര്യാപ്തമാണ്. എന്നാൽ വനപരിപാലനം സംരക്ഷണത്തിലേക്ക് മാത്രം ഒതുങ്ങിപോകുന്നുവെന്നും പരാതിയുണ്ട്. പരമ്പരാഗത വനപരിപാലന രീതികൾക്കു പകരം വനസ്ഥിതിയും ജീവനശാസ്ത്ര പ്രത്യേകതയും കണക്കിലെടുക്കുന്ന ആവാസവ്യവസ്ഥ പരിപാലന രീതി (Econ System Conservation) വരണം. എല്ലാ സംരക്ഷിത വനമേഖലകളും മൂന്നു സോണുകളായി തിരിക്കണം. കോർ സോൺ, ബഫർ സോൺ, മാനിപ്പുലേഷൻ സോൺ എന്നിങ്ങനെ. കോർ സോണിനു ചുറ്റും ഒരു ബഫർ സോണുണ്ടാകുകയും അവിടെ നിയന്ത്രണങ്ങൾ കർശനമാക്കുകയും വേണം. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മറ്റും കർശന നിയന്ത്രണത്തോടെ മാനിപ്പുലേഷൻ സോണിൽ മാത്രമേ അനുവദിക്കാവൂ. ഇവിടത്തെ നിർമ്മാണങ്ങൾ കർശന പരിസ്ഥിതി മാനദണ്ഡ പ്രകാരമാകണം.

പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കണം. ഓരോന്നിന്റെയും സാഹചര്യം കണക്കിലെടുത്ത് അവയെ തോട്ടമായി നിലനിർത്തുകയോ ആദിവാസി ജനവിഭാഗങ്ങൾക്ക് നൽകുകയോ സ്വാഭാവിക വനമായി പരിവർത്തിക്കപ്പെടാൻ അനുവദിക്കുകയോ ചെയ്യാം.

2. വികേന്ദ്രീകൃത വനപരിപാലനവും ജനകീയ പങ്കാളിത്തവും

3. നിലവിലുള്ള കേന്ദ്രീകൃത വനപരിപാലന രീതിയിൽ നിന്ന് മാറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വനപരിപാലനത്തിൽ കൂടുതൽ അധികാരം നൽകുന്ന ഒരു ഘടനാപരമായ മാറ്റം ഉണ്ടാകണം. വാർഡ് തലത്തിലുള്ള ഗ്രാമ ഹരിത സമിതികളെ (GHS) ശക്തിപ്പെടുത്തുകയും, വനാതിർത്തികളിലെ പഞ്ചായത്തുകൾക്ക് വന്യജീവി പ്രതിരോധ പ്രവർത്തനങ്ങളിൽ തീരുമാനമെടുക്കാനുള്ള സാമ്പത്തികവും ഭരണപരവുമായ അധികാരം നൽകുകയും വേണം. ആദിവാസി സമൂഹങ്ങളെ വനത്തിന്റെ കാവൽക്കാരായി മാത്രം കാണാതെ, വനവിഭവങ്ങളുടെ ഉടമസ്ഥരായി അംഗീകരിക്കുന്ന വനാവകാശ നിയമത്തിന്റെ (FRA) പൂർണ്ണമായ നടപ്പാക്കൽ ഉറപ്പാക്കണം. സമൂഹ വനവിഭവാവകാശങ്ങൾ (CFR) അനുവദിക്കുന്നതിലൂടെ അവരുടെ സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കാം.

4. വന്യജീവി സംഘർഷ ലഘൂകരണവും ഫെഡറൽ അവകാശങ്ങളും

മനുഷ്യ ജീവന് ഭീഷണിയാകുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കുന്നതിൽ സംസ്ഥാന സർക്കാരിന് പൂർണ്ണ അധികാരം ലഭിക്കുന്നതിനായുള്ള നിയമപോരാട്ടവും രാഷ്ട്രീയ സമ്മർദ്ദവും തുടരണം. വന്യമൃഗങ്ങളുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തി, വാഹകശേഷിക്ക് (Carrying Capacity) അപ്പുറമുള്ളവയെ ശാസ്ത്രീയമായി നിയന്ത്രിക്കുന്ന 'കള്ളിങ്' (Culling) രീതി നടപ്പിലാക്കാൻ സാമൂഹികമായ സമവായം ഉണ്ടാക്കണം. "മനുഷ്യനില്ലാതെ പ്രകൃതിയില്ല" എന്ന മാനവികതയിലൂന്നിയ പരിസ്ഥിതി ദർശനമാണ് ഇടതുപക്ഷം മുന്നോട്ട് വയ്ക്കേണ്ടത്. വന്യമൃഗ ആക്രമണങ്ങളിൽ ഇരയാകുന്ന കർഷകർക്ക് നഷ്ടപരിഹാരം എന്നതിലുപരി, ഇൻഷുറൻസ് പരിരക്ഷയും പെൻഷനും ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കണം. ആധുനിക സാങ്കേതികവിദ്യകളായ നിർമ്മിത ബുദ്ധി (AI), ഡ്രോണുകൾ എന്നിവ ഉപയോഗിച്ച് വന്യമൃഗങ്ങളുടെ ചലനം നിരീക്ഷിച്ച് ജനങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകുന്ന സംവിധാനങ്ങൾ എല്ലാ വനാതിർത്തികളിലും സ്ഥാപിക്കണം.

വന്യമൃഗങ്ങളെ വനത്തിനുള്ളിൽതന്നെ നിലനിർത്തുന്നതിനാവശ്യമായ വെള്ളവും ഫലവൃക്ഷങ്ങളും വനത്തിനുള്ളിൽ ഉറപ്പുവരുത്തണം. വനാതിർത്തികളിൽ കിടങ്ങ്, ഇലക്ട്രിക് ഫെൻസിംഗ്, വന്യമൃഗങ്ങളെ അകറ്റുന്ന ജൈവ ബഫർസോണുകൾ, ഭിത്തി തുടങ്ങിയ വിവിധങ്ങളായ പ്രതിരോധ മാർഗ്ഗങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുദ്ധകാലാടിസ്ഥാനത്തിൽ സൃഷ്ടിക്കണം.

5. ഇക്കോ-റസ്റ്റോറേഷനും സ്വാഭാവിക വനവൽക്കരണവും

അടുത്ത 10 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ഏകവിള തോട്ടങ്ങളെയും (Monoculture Plantations) ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റാനുള്ള 'മിഷൻ ഇക്കോ-റസ്റ്റോറേഷൻ' നടപ്പിലാക്കണം. അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശ ജനുസ്സുകളെ പൂർണ്ണമായും ഒഴിവാക്കി, പകരം നാടൻ ഫലവൃക്ഷങ്ങളും ഔഷധസസ്യങ്ങളും വച്ചുപിടിപ്പിക്കണം. ഇത് വനത്തിനുള്ളിൽ തന്നെ വന്യമൃഗങ്ങൾക്ക് ഭക്ഷണവും വെള്ളവും ഉറപ്പാക്കുകയും, അതുവഴി ജനവാസ മേഖലകളിലേക്കുള്ള അവയുടെ ഇറങ്ങിവരവ് കുറയ്ക്കുകയും ചെയ്യും.

6. വനസമ്പത്തും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും

വനവിഭവങ്ങളെ അസംസ്കൃത വസ്തുക്കളായി വിൽക്കുന്നതിന് പകരം, അവയെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ചെറുകിട വ്യവസായങ്ങൾ വനമേഖലയോട് ചേർന്ന് ആരംഭിക്കണം. മുള, തേൻ, ഔഷധസസ്യങ്ങൾ എന്നിവയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ 'കേരള ബ്രാൻഡ്' ആയി ആഗോള വിപണിയിൽ

എത്തിക്കാൻ കഴിയണം. ഇത് ആദിവാസി യുവാക്കൾക്കും വനമേഖലയിലെ സ്ത്രീകൾക്കും തൊഴിൽ നൽകും. സഹകരണ പ്രസ്ഥാനത്തിന്റെ മാതൃകയിൽ 'ഫോറസ്റ്റ് പ്രൊഡ്യൂസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ' രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കണം.

7. വനത്തിന് പുറത്തുള്ള കൃഷിയും കർഷക സംരക്ഷണവും

കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ വനത്തിന് പുറത്തുള്ള വൃക്ഷകൃഷി (Agro-forestry) പ്രോത്സാഹിപ്പിക്കണം. കർഷകർക്ക് തങ്ങളുടെ ഭൂമിയിൽ വളർത്തുന്ന മരങ്ങൾ മുറിക്കുന്നതിനും വിൽക്കുന്നതിനും നിലവിലുള്ള നിയമതടസ്സങ്ങൾ ലഘൂകരിക്കണം. തേക്ക്, മഹാഗണി തുടങ്ങിയ മരങ്ങൾ കൃഷി ചെയ്യുന്നത് ലാഭകരമായ ഒരു ദീർഘകാല നിക്ഷേപമായി മാറ്റാൻ കർഷകർക്ക് പലിശരഹിത വായ്പകളും സബ്സിഡികളും നൽകണം. കാർബൺ ട്രേഡിംഗ് (Carbon Trading) പോലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി, മരങ്ങൾ നട്ടുപിടിപ്പിക്കുന്ന കർഷകർക്ക് കാർബൺ ക്രെഡിറ്റ് വഴി വരുമാനം ലഭിക്കാനുള്ള സംവിധാനം ഭാവിയിൽ ആലോചിക്കാവുന്നതാണ്.

8. വിദ്യാഭ്യാസവും ഗവേഷണവും

പാഠപുസ്തകങ്ങളിലെ വനപഠനത്തിനപ്പുറം, പ്രായോഗികമായ പാരിസ്ഥിതിക വിദ്യാഭ്യാസം സ്കൂൾ തലത്തിൽ തന്നെ നടപ്പിലാക്കണം. ഓരോ വിദ്യാലയത്തിലും 'വിദ്യാവനം' പദ്ധതി നിർബന്ധമാക്കണം. വനഗവേഷണ സ്ഥാപനങ്ങളെ (KFRI പോലുള്ളവ) ഉപയോഗപ്പെടുത്തി കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള വൃക്ഷതൈകൾ വികസിപ്പിക്കണം. അധിനിവേശ സസ്യങ്ങളെ (Invasive Species) നിയന്ത്രിക്കാനുള്ള ഗവേഷണങ്ങൾക്ക് മുൻഗണന നൽകണം.

ഉപസംഹാരം

"പ്രകൃതി സംരക്ഷണം v/s വികസനം" എന്ന ദ്വന്ദത്തിൽ നിന്ന് മാറി, "പ്രകൃതി സംരക്ഷണത്തിലൂടെയുള്ള വികസനം" എന്ന ആശയമാണ് കേരളം ഇനി മുന്നോട്ട് വയ്ക്കേണ്ടത്. വനങ്ങളെ കേവലം വിനോദസഞ്ചാര കേന്ദ്രങ്ങളായോ, സംരക്ഷിത ദ്വീപുകളായോ കാണാതെ, അവയെ ജനങ്ങളുടെ ജീവിതവുമായി, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വനവാസികളുടെയും കർഷകരുടെയും ജീവിതവുമായി ബന്ധിപ്പിക്കുന്ന ഒരു നയമാണ് ആവശ്യം. ശാസ്ത്രീയമായ അറിവുകൾ, ജനകീയമായ ആസൂത്രണം, രാഷ്ട്രീയമായ ഇച്ഛാശക്തി എന്നിവയുടെ സംയോജനത്തിലൂടെ മാത്രമേ വരും കാലത്തെ വെല്ലുവിളികളെ നമുക്ക് അതിജീവിക്കാൻ കഴിയൂ. കേരളത്തിന്റെ വനങ്ങൾ വരും തലമുറയ്ക്ക് കൂടി അവകാശപ്പെട്ടതാണെന്ന ബോധ്യത്തോടെ, എന്നാൽ ഇന്നത്തെ തലമുറയുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകിക്കൊണ്ടുള്ള ഒരു സുസ്ഥിര വികസന പാതയാണ് നാം വെട്ടിത്തെളിക്കേണ്ടത്.

7

കേരളത്തിലെ ജലസേചനവും ജലവിഭവ വികസനവും

കേരളം സമൃദ്ധമായ മഴയും സാന്ദ്രമായ നദീജലവും ഉള്ള ഒരു പ്രദേശമാണ്. വർഷംതോറും ശരാശരി 2,800 മില്ലീമീറ്ററിലധികം മഴ ലഭിക്കുന്ന സംസ്ഥാനമായിട്ടും, ജലവിഭവങ്ങളുടെ വികസനത്തിലും വിനിയോഗത്തിലും കേരളം അനുഭവിക്കുന്ന വെല്ലുവിളികൾ അതീവ സവിശേഷവുമാണ്. തെക്ക്-പടിഞ്ഞാറൻ, വടക്ക്-കിഴക്കൻ മൺസൂണുകളാണ് സംസ്ഥാനത്തിന്റെ ജലചക്രത്തെ നിയന്ത്രിക്കുന്നത്. വാർഷിക മഴയുടെ ഏകദേശം 65 ശതമാനം തെക്ക്-പടിഞ്ഞാറൻ മൺസൂണിലും, 20 ശതമാനം വടക്ക്-കിഴക്കൻ മൺസൂണിലും ലഭിക്കുന്നു. എന്നാൽ ഈ മഴയുടെ കാലപരവും പ്രദേശപരവുമായ വ്യതിയാനങ്ങൾ കേരളത്തിലെ ജലവിഭവ മാനേജ്മെന്റിനെ സങ്കീർണ്ണമാക്കുന്നു.

കേരളത്തിലൂടെ 46 നദികൾ ഒഴുകുന്നു. ഇവയിൽ നാലെണ്ണം മാത്രമാണ് ദേശീയ മാനദണ്ഡങ്ങൾ പ്രകാരം ഇടത്തരം നദികളായി വർഗ്ഗീകരിക്കപ്പെടുന്നത്; ശേഷിക്കുന്നവ എല്ലാം ചെറുനദികളാണ്. ഓരോ നദീതടവും പരസ്പരം അടുത്ത് കിടക്കുന്നതും, ഉയർന്ന ചരിവുകളിലൂടെ വേഗത്തിൽ കടലിലേക്ക് ഒഴുകുന്നതുമായ ഈ നദീസംവിധാനം, ജലം സംഭരിക്കുന്നതിൽ വലിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നു. കേരളത്തിനകത്തുള്ള എല്ലാ നദീതടങ്ങളിലെയും വാർഷിക ജലലഭ്യത ഏകദേശം 70,000 ദശലക്ഷം ഘനമീറ്ററാണെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ ഇതിൽ വിനിയോഗയോഗ്യമെന്നു വിലയിരുത്തപ്പെടുന്നത് ഏകദേശം 40,000 ദശലക്ഷം ഘനമീറ്റർ മാത്രമാണ്. താരതമ്യേന, ഒരൊറ്റ നദിയായ ഗോദാവരിയുടെ വാർഷിക ജലലഭ്യത ഇതിലും കൂടുതലാണ് എന്ന വസ്തുത, കേരളത്തിന്റെ ജലസമ്പത്ത് പരിമിതവും സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ടതുമായ ഒന്നാണെന്നത് ഓർമ്മിപ്പിക്കുന്നു.

ഇത്രയും മഴയും നദികളും ഉണ്ടായിട്ടും, കേരളം ജലസേചനത്തിനായി ഉപയോഗിക്കുന്നത് മൊത്തം ഉപരിതല ജലശേഷിയുടെ പത്ത് ശതമാനത്തിൽ താഴെ മാത്രമാണ്. ഇത് കേരളത്തിന്റെ വികസന പാതയിലെ ഒരു വലിയ വൈരുധ്യമാണ്. സമീപ സംസ്ഥാനങ്ങളായ തമിഴ്നാടും കർണാടകവും ലഭ്യമായ ജലവിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി കൃഷിയിടങ്ങൾ വികസിപ്പിച്ചപ്പോൾ, കേരളത്തിൽ ജലസേചന വികസനം പലപ്പോഴും മന്ദഗതിയിലായിരുന്നു. ഇതിന് പിന്നിൽ ഭൂമിശാസ്ത്രപരമായ കാരണങ്ങൾ മാത്രമല്ല, സ്ഥാപനപരവും നയപരവുമായ പരിമിതികളും പ്രവർത്തിച്ചിരുന്നു.

I
ജലസേചന മേഖലയിലെ പ്രശ്നങ്ങൾ

കേരളത്തിലെ ജലസേചന മേഖലയെ ബാധിക്കുന്ന ഘടകങ്ങൾ ബഹുമുഖമാണ്. ജലലഭ്യതയിലെ സ്ഥലകാല വ്യത്യാസങ്ങൾ, ജനസംഖ്യയുടെ വർധനയും ജലാവശ്യങ്ങളിലെ മാറ്റങ്ങളും, വ്യവസായം, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ പുതിയ ആവശ്യങ്ങൾ, ജലവിഭവങ്ങളുടെ പങ്കാളിത്താധിഷ്ഠിത മാനേജ്മെന്റിന്റെ അഭാവം, സംഘടനാതലത്തിലുള്ളവും നടപടിക്രമങ്ങളിലുമായ അപര്യാപ്തതകൾ എന്നിവയെല്ലാം ചേർന്നാണ് കേരളത്തിലെ ജലസേചന രംഗത്തെ പ്രതിസന്ധികൾ രൂപപ്പെടുന്നത്.

ഇന്ത്യയുടെ മൊത്തം കൃഷി ജലസേചന മാതൃകയുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിന്റെ ഘടന ഏറെ വ്യത്യസ്തമാണ്. ദേശീയതലത്തിൽ കിണറുകളാണ് ജലസേചനത്തിന്റെ പ്രധാന ഉറവിടം. മൊത്തം ജലസേചന വിസ്തൃതിയുടെ ഏകദേശം രണ്ടിൽ മൂന്നിലധികം കിണറുകളിലൂടെയാണ്. എന്നാൽ കേരളത്തിൽ “മറ്റ് ഉറവിടങ്ങൾ” എന്ന വിഭാഗമാണ് കൂടുതൽ പ്രാധാന്യമാർജ്ജിക്കുന്നത്. ചെറുതോടുകൾ, കുളങ്ങൾ, പമ്പ് സേചനം, ബോർവെല്ലുകൾ, വിവിധതരം പ്രാദേശിക ജലസ്രോതസ്സുകൾ എന്നിവ ചേർന്നതാണ് ഈ വിഭാഗം. ഇത് കേരളത്തിന്റെ ചെറിയ കൃഷിയിട ഘടനയെയും, ഭൂമിശാസ്ത്ര സവിശേഷതകളെയും പ്രതിഫലിപ്പിക്കുന്നതാണ്.

2016 മുതൽ 2026 വരെയുള്ള കാലയളവിൽ, കേരളത്തിലെ നെറ്റ് സേചിത വിസ്തൃതി ഏകദേശം 4.1 ലക്ഷം ഹെക്ടറിൽ നിന്ന് 4.4 ലക്ഷം ഹെക്ടറായി വർധിച്ചു. ഈ വർധനവ് അത്ര വലിയതല്ലെങ്കിലും, അതിന്റെ സ്വഭാവം ശ്രദ്ധേയമാണ്. പരമ്പരാഗത കിണർ സേചനവും ചെറുതോടുകളിലൂടെയുള്ള സേചനവും കുറയുമ്പോൾ, ബോർവെല്ലുകളും പമ്പ് സേചനവും ഉൾപ്പെടുന്ന ഭൂഗർഭജല അധിഷ്ഠിത സ്രോതസ്സുകളാണ് വർധിച്ചത്.

വാർഷിക മഴയുടെ ഭൂരിഭാഗവും ഭൂഗർഭജല പുനഃപൂരണത്തിന് (recharge) സഹായകമാകുന്നതും, സർക്കാർ നയങ്ങളിലൂടെ ജലസംരക്ഷണത്തിനും പുനഃസേചനത്തിനും ഊന്നൽ നൽകിയതും കാരണം, കേരളത്തിലെ ഭൂഗർഭജല ഉപയോഗം ഇപ്പോഴും സുസ്ഥിര പരിധിക്കുള്ളിലാണ്. 2024 ലെ കണക്കുകൾ പ്രകാരം, സംസ്ഥാനത്തെ വാർഷിക ഭൂഗർഭജല പുനഃപൂരണത്തിന്റെ 80 ശതമാനത്തിലധികം മഴയിലൂടെയാണ് ഉണ്ടാകുന്നത്. പുനഃപൂരണ ശേഷിയുമായി താരതമ്യം ചെയ്യുമ്പോൾ, ഉപയോഗം ഏകദേശം 54 ശതമാനം മാത്രമാണ്. 152 ഭൂഗർഭജല വിലയിരുത്തൽ യൂണിറ്റുകളിൽ, മൂന്ന് യൂണിറ്റുകൾ മാത്രമാണ് 'ക്രിറ്റിക്കൽ' വിഭാഗത്തിൽ ഉൾപ്പെടുന്നത്. അത് തന്നെ ഭൗമശാസ്ത്രപരമായ പ്രത്യേകതകളാൽ രൂപപ്പെട്ട ക്രിസ്റ്റലൈൻ അകിഫറുകളുടെ പരിമിതികളാൽ വന്നു ചേർന്നതാണ്.

ഇവയെല്ലാം ചേർന്ന് സൂചിപ്പിക്കുന്നത്, കേരളത്തിലെ ജലസേചന പ്രശ്നം ജലത്തിന്റെ അഭാവം മൂലമല്ല, മറിച്ച് ജലത്തിന്റെ സംഭരണം, നിയന്ത്രണം, വിനിയോഗം എന്നിവയിലെ ഘടനാപരമായ പരിമിതികൾ മൂലമാണെന്നതാണ്. അതിനാൽ തന്നെ, കേരളത്തിലെ ജലസേചന വികസനം ഒരു സാങ്കേതിക പ്രശ്നം മാത്രമല്ല; അത് ഭരണപരവും സാമൂഹികവും പരിസ്ഥിതിപരവുമായ ഒരു സമഗ്ര വികസന വെല്ലുവിളിയാണ്.

ജലസേചന പദ്ധതികളുടെ തുടക്കം

1950-കളിൽ ആരംഭിച്ച വലുതും ഇടത്തരവുമായ ജലസേചന പദ്ധതികൾ കേരളത്തിന്റെ കാർഷിക വികസനത്തിന്റെ പ്രധാന തൂണുകളായിരുന്നു. ഈ പദ്ധതികൾ ജലസേചനം മാത്രമല്ല, ജലവൈദ്യുതി ഉത്പാദനം, പ്രളയ നിയന്ത്രണം, ഭൂഗർഭജല പുനഃപൂരണം, കുടിവെള്ള വിതരണം, ജലാശയങ്ങളെ ആധാരമാക്കിയ മത്സ്യബന്ധനവും വിനോദസഞ്ചാരവും എന്നിവയെല്ലാം ലക്ഷ്യമിട്ടിരുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കലിലെ താമസങ്ങൾ, ധനസഹായത്തിലെ അപര്യാപ്തത, പദ്ധതികളുടെ രൂപകൽപ്പനയിലെയും നടപ്പിലാക്കലിലെയും ദീർഘവീക്ഷണക്കുറവ് എന്നിവ മൂലം പല പദ്ധതികളും പതിറ്റാണ്ടുകളോളം നീണ്ടു നിന്നു.

ഇത്തരം ഒരു പശ്ചാത്തലത്തിലാണ്, കഴിഞ്ഞ ഒരു ദശകത്തിൽ കേരളം ജലസേചന മേഖലയെ കുറിച്ച് പുതുതായി ചിന്തിക്കാൻ തുടങ്ങിയത്. പൂർത്തിയാകാതെ കിടന്ന പദ്ധതികൾ പൂർത്തിയാക്കുക, നദീതടങ്ങളെ അടിസ്ഥാനമാക്കിയുള്ള സമഗ്ര ജലവിഭവ മാനേജ്മെന്റ് നടപ്പാക്കുക, പ്രളയവും വരൾച്ചയും പോലുള്ള ദുരന്തങ്ങളെ നേരിടാൻ ശാസ്ത്രീയ മാർഗങ്ങൾ വികസിപ്പിക്കുക - ഇവയെല്ലാം ഒരുമിച്ചുള്ള ഒരു പുതിയ സമീപനത്തിന്റെ ഭാഗമായി രൂപപ്പെട്ടു.

\കേരളത്തിലെ ജലസേചന വികസനത്തിന്റെ ചരിത്രം സ്വതന്ത്രാനന്തര ഇന്ത്യയിലെ വികസന ആശയങ്ങളോടൊപ്പം തന്നെ വളർന്നു വന്നതാണ്. 1950-കളിലും 1960-കളിലും, വലിയതും ഇടത്തരവുമായ ജലസേചന പദ്ധതികൾ ഒരു പുരോഗമനാത്മക വികസന സംസ്ഥാനത്തിന്റെ അനിവാര്യമായ ഘടകങ്ങളായി കണക്കാക്കപ്പെട്ടു. കാർഷിക ഉത്പാദനം വർധിപ്പിക്കുക, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, ഗ്രാമീണ മേഖലയിൽ തൊഴിൽ സൃഷ്ടിക്കുക, കൂടാതെ വൈദ്യുതോത്പാദനം, കുടിവെള്ള വിതരണം, പ്രളയ നിയന്ത്രണം തുടങ്ങിയ അനുപൂരക ലക്ഷ്യങ്ങൾ കൈവരിക്കുക എന്നിവയെല്ലാം ചേർന്നതായിരുന്നു ആ കാല ഘട്ടത്തിലെ ജലസേചന ദർശനം.

എന്നാൽ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഈ ദർശനം നടപ്പിലാക്കുന്നതിൽ സവിശേഷമായ വെല്ലുവിളികൾ ഉയർത്തി. ഉയർന്ന മലനിരകളിൽ നിന്ന് ചെറുതും ഇടുങ്ങിയതുമായ നദികൾ പെട്ടെന്ന് തന്നെ സമതലത്തിലേക്കും തുടർന്ന് കടലിലേക്കും ഒഴുകുന്നതുകൊണ്ട്, ജലം തടഞ്ഞു നിർത്താനും സംഭരിക്കാനും അനുയോജ്യമായ സ്ഥലങ്ങൾ കുറവായിരുന്നു. ഇതിന് പുറമേ, ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ വൻ ജലാശയങ്ങൾ സൃഷ്ടിക്കേണ്ടി വരുമ്പോൾ, ഭൂമി ഏറ്റെടുക്കൽ സാമൂഹികമായും രാഷ്ട്രീയമായും അതീവ സങ്കീർണ്ണമായ ഒരു പ്രക്രിയയായി മാറി. പലപ്പോഴും, പദ്ധതികളുടെ സാങ്കേതിക സാധുതയും സാമൂഹിക സ്വീകാര്യതയും തമ്മിലുള്ള സംഘർഷമാണ് കേരളത്തിലെ ജലസേചന വികസനത്തെ മന്ദഗതിയിലാക്കിയത്.

പൂർത്തിയാകാത്ത പദ്ധതികൾ

സംസ്ഥാനത്ത് ആരംഭിച്ച പല പ്രധാന-ഇടത്തര ജലസേചന പദ്ധതികളും ദീർഘകാലം "പൂർത്തിയാകാത്ത പദ്ധതികൾ" എന്ന നിലയിൽ തുടരേണ്ടി വന്നു. ചില പദ്ധതികൾ പതിറ്റാണ്ടുകളോളം പണി തീരാതെ നിലനിന്നു. ചിലത് ഭാഗികമായി പൂർത്തിയാക്കിയെങ്കിലും, അവയുടെ മുഴുവൻ പ്രയോജനങ്ങളും സമൂഹത്തിന് ലഭിക്കാതെ പോയി. ഈ അവസ്ഥ, ഒരു വശത്ത് വലിയ പൊതുനിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കപ്പെടാതെ പോകുന്ന അവസ്ഥയിലേക്ക് നയിച്ചു. മറുവശത്ത്, ജലസേചനത്തിലൂടെ ഉയർത്താനാവുമായിരുന്ന കാർഷിക ഉത്പാദന സാധ്യതകൾ നഷ്ടപ്പെടുകയും ചെയ്തു.

1990-കളിലെ സാമ്പത്തിക പരിഷ്കാരങ്ങൾക്കുശേഷം, സംസ്ഥാന ധനകാര്യത്തിൽ ഉണ്ടായ സമ്മർദ്ദങ്ങൾ ഈ പ്രശ്നങ്ങളെ കൂടുതൽ മൂർച്ഛിപ്പിച്ചു. പുതിയ വൻ ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ധൈര്യം കുറയുകയും, നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള ധനസഹായം പോലും അനിശ്ചിതമാകുകയും ചെയ്തു. ഇതേ കാലഘട്ടത്തിലാണ്, ചെറിയതും പ്രാദേശികവുമായ ജലസ്രോതസ്സുകൾ ആശ്രയിച്ചുള്ള കിണർ സേചനവും പമ്പ് സേചനവും വ്യാപകമാകുന്നത്. വലിയ കനാൽ അടിസ്ഥാനമാക്കിയുള്ള ജലസേചന സംവിധാനങ്ങൾ മന്ദഗതിയിലായപ്പോൾ, വ്യക്തിഗത കർഷകർ സ്വന്തം നിലയിൽ ജലസേചന മാർഗങ്ങൾ തേടുകയായിരുന്നു.

ഈ പശ്ചാത്തലത്തിലാണ്, കഴിഞ്ഞ ഒരു ദശകത്തിൽ കേരള സർക്കാർ സ്വീകരിച്ച സമീപനം ഗുണപരമായ ഒരു മാറ്റമായി വിലയിരുത്തപ്പെടുന്നത്. പുതിയ വൻ

പദ്ധതികൾ അനിയന്ത്രിതമായി ആരംഭിക്കുന്നതിന് പകരം, ദീർഘകാലമായി നീണ്ടുനിന്ന പ്രധാനവും ഇടത്തരവുമായ ജലസേചന പദ്ധതികൾ പൂർത്തിയാക്കുക എന്നതാണ് ഈ കാലഘട്ടത്തിലെ മുഖ്യ തന്ത്രമായി മാറിയത്. ഇത് ഒരു സാങ്കേതിക തീരുമാനമല്ല, മറിച്ച് ഒരു ധനകാര്യ-ഭരണപരമായ പുനഃക്രമീകരണത്തിന്റെ ഭാഗമായിരുന്നു. ഇതിനായി, സംസ്ഥാന ആസൂത്രണ സംവിധാനവും ജലവിഭവ വകുപ്പും ചേർന്ന്, നിലവിലുള്ള പദ്ധതികളുടെ നില അവലോകനം ചെയ്യുകയും, അവയെ തരംതിരിക്കുകയും ചെയ്തു.

2017-ലെ സാങ്കേതിക സമിതി നിർദ്ദേശം

2017-ൽ രൂപീകരിക്കപ്പെട്ട ആസൂത്രണ ബോർഡിന്റെ സാങ്കേതിക സമിതി ഈ ദിശയിലെ ഒരു നിർണായക ഇടപെടലായിരുന്നു. ദീർഘകാലമായി നിലനിന്ന അഞ്ച് പ്രധാന-ഇടത്തര ജലസേചന പദ്ധതികളെ വിശദമായി വിലയിരുത്തി, അവയെ മൂന്നു വിഭാഗങ്ങളായി തരംതിരിക്കുക എന്നതായിരുന്നു സമിതിയുടെ മുഖ്യ ചുമതല. ഒന്നാമത്, അധിക ധനസഹായം നൽകി പൂർത്തിയാക്കാവുന്ന പദ്ധതികൾ. രണ്ടാമത്, പരിമിതമായ ഇടപെടലുകളിലൂടെ ഭാഗികമായി പൂർത്തിയാക്കി അടയ്ക്കാവുന്ന പദ്ധതികൾ. മൂന്നാമത്, സാങ്കേതികമായോ സാമ്പത്തികമായോ നിലനിൽപ്പില്ലാത്തതിനാൽ പൂർണ്ണമായും അടച്ചുപൂട്ടേണ്ട ഘടകങ്ങൾ. ഈ സമീപനം, ജലസേചന മേഖലയിലെ നിക്ഷേപങ്ങൾക്ക് ഒരു യാഥാർത്ഥ്യബോധം നൽകി.

ഈ ഘട്ടത്തിൽ, ജലസേചന പദ്ധതികളെ കൃഷിയോട് മാത്രം ബന്ധിപ്പിച്ചുള്ള ഇടപെടലുകളായി കാണുന്ന സമീപനം മാറിത്തുടങ്ങി. ഓരോ പദ്ധതിയും നൽകുന്ന ബഹുമുഖ നേട്ടങ്ങൾ -- കുടിവെള്ള വിതരണം, ഭൂഗർഭജല പുനഃപൂരണം, പ്രളയ നിയന്ത്രണം, വൈദ്യുതോത്പാദനം, പരിസ്ഥിതി സംരക്ഷണം -- എന്നിവ സമഗ്രമായി വിലയിരുത്തപ്പെട്ടു. ഇതിലൂടെ, ഒരു ജലസേചന പദ്ധതി പൂർത്തിയാക്കുന്നതിന്റെ സാമൂഹിക-സാമ്പത്തിക പ്രതിഫലനം കൂടുതൽ വ്യക്തമായി മുന്നോട്ട് വന്നു.

ഈ പുതിയ സമീപനത്തിന്റെ ആദ്യത്തെ ദൃശ്യമായ ഫലമായിരുന്നു, ദശകങ്ങളായി നീണ്ടുനിന്ന ചില പ്രധാന പദ്ധതികൾ ഒടുവിൽ ജലവിതരണം ആരംഭിച്ചത്. ഒരു കാലത്ത് “വൈറ്റ് എലിഫന്റ്” എന്ന് വിമർശിക്കപ്പെട്ട ചില പദ്ധതികൾ മെല്ലെ പൂർത്തിയായി വന്നപ്പോൾ അവ പ്രാദേശിക വികസനത്തിന്റെ കേന്ദ്രങ്ങളായി മാറി. കൃഷിയിടങ്ങളിൽ ജലം എത്തിക്കുക എന്നതിലുപരി, കുടിവെള്ള ക്ഷാമം അനുഭവിച്ചിരുന്ന ഗ്രാമങ്ങൾക്ക് ആശ്വാസം നൽകാനും, താഴ്ന്ന പ്രദേശങ്ങളിലെ ഉപ്പുവെള്ള കയറ്റം നിയന്ത്രിക്കാനും, സമീപ പ്രദേശങ്ങളിലെ കിണറുകളുടെ ജലനിരപ്പ് ഉയർത്താനും ഇവ സഹായിച്ചു.

അതോടൊപ്പം, ഈ പദ്ധതികളുടെ അനുഭവങ്ങൾ കേരളത്തിന് ചില നിർണായക പാഠങ്ങളും നൽകി. ഒന്നാമതായി, ജലസേചന പദ്ധതികളുടെ വിജയത്തിന് സാങ്കേതിക പൂർത്തീകരണം മാത്രം മതിയാകില്ല; കനാൽ ശൃംഖലകളുടെ പരിപാലനം, ജലവിതരണത്തിന്റെ സമയക്രമം, കർഷകരുടെ പങ്കാളിത്തം എന്നിവയെല്ലാം ഒരുപോലെ പ്രാധാന്യമുള്ളവയാണ്. രണ്ടാമതായി, ഒരു പദ്ധതി വൈകിയതുകൊണ്ട് അതിന്റെ പ്രസക്തി നഷ്ടപ്പെടണമെന്നില്ല; മാറിയ കാർഷിക രീതികൾക്കും പുതിയ ജലാവശ്യങ്ങൾക്കും അനുസൃതമായി പദ്ധതി പുനഃരൂപകൽപ്പന ചെയ്യുകയാണെങ്കിൽ, അതിന് പുതുജീവൻ നൽകാൻ കഴിയും. മൂന്നാമതായി, ജലസേചന വികസനം ഒരു വകുപ്പിന്റെ മാത്രം ഉത്തരവാദിത്വമല്ല; അത് ആസൂത്രണം, ധനകാര്യം, തദ്ദേശ സ്വയംഭരണം, കൃഷി, പരിസ്ഥിതി വകുപ്പുകളുടെ സംയുക്ത പ്രവർത്തനത്തിലൂടെയാണ് സാധ്യമാകുന്നത്.

ഇതെല്ലാം ചേർന്ന്, കേരളത്തിലെ ജലസേചന വികസനം ഒരു പുതിയ ഘട്ടത്തിലേക്ക് കടക്കുകയായിരുന്നു. വലിയ പദ്ധതികൾ പൂർത്തിയാക്കുന്നതിലൂടെ ലഭിച്ച ആത്മവിശ്വാസം, ജലവിഭവങ്ങളെ സമഗ്രമായി കൈകാര്യം ചെയ്യാനുള്ള ദർശനത്തിലേക്ക് സംസ്ഥാനത്തെ നയിച്ചു. നദീതടങ്ങളെ ആധാരമാക്കിയുള്ള ആസൂത്രണം, ജലസംഭരണവും ജലവിതരണവും തമ്മിലുള്ള ബന്ധം, പ്രളയവും വരൾച്ചയും പോലുള്ള ദുരന്തങ്ങളെ മുൻകൂട്ടി കണക്കിലെടുക്കുന്ന സമീപനം എന്നിവയെല്ലാം ഈ ഘട്ടത്തിൽ കൂടുതൽ ശക്തമായി ചർച്ച ചെയ്യപ്പെട്ടു.

ഈ പശ്ചാത്തലത്തിലാണ്, മൂവാറ്റുപുഴ വാലി, കാരാപ്പുഴ, ബാണാസുര സാഗർ, ഇടമലയാർ, പഴശ്ശി തുടങ്ങിയ പദ്ധതികൾ കേരളത്തിന്റെ ജലസേചന ചരിത്രത്തിൽ നിർണായക ഇടപെടലുകളായി മാറുന്നത്. ഇവയുടെ ഓരോന്നിന്റെയും അനുഭവങ്ങൾ, കേരളത്തിലെ ജലവിഭവ വികസനത്തിന്റെ സങ്കീർണ്ണതയും സാധ്യതകളും ഒരുപോലെ വെളിപ്പെടുത്തുന്നു. നീണ്ട കാത്തിരിപ്പിനും അനിശ്ചിതത്വങ്ങൾക്കും ശേഷം പൂർത്തീകരിക്കപ്പെട്ട ഈ പദ്ധതികൾ, സംസ്ഥാനത്തിന്റെ ജലവിഭവ നയത്തിൽ ഉണ്ടായ ഗുണപരമായ മാറ്റത്തിന്റെ പ്രതീകങ്ങളാണ്.

മൂവാറ്റുപുഴ ജലസേചന പദ്ധതി

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി ഇതിന്റെ ഏറ്റവും ശക്തമായ ഉദാഹരണമാണ്. 1970-കളിൽ ആരംഭിച്ച ഈ പദ്ധതി, കേരളത്തിലെ ഏറ്റവും ദീർഘകാലം നീണ്ടുനിന്ന ജലസേചന ശ്രമങ്ങളിൽ ഒന്നായിരുന്നു. ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ മൂലമറ്റം പവർഹൗസിൽ നിന്നുള്ള ടെയിൽറേസ് ജലവും തൊടുപുഴ നദിയുടെ ആശ്രിത പ്രവാഹവും പ്രയോജനപ്പെടുത്തുക എന്നതായിരുന്നു ഇതിന്റെ സങ്കൽപ്പം. എന്നാൽ സാങ്കേതിക സങ്കീർണ്ണതകളും ഭൂമി ഏറ്റെടുക്കലിലെ പ്രശ്നങ്ങളും ധനസഹായത്തിലെ തടസ്സങ്ങളും കാരണം പദ്ധതി പതിറ്റാണ്ടുകളോളം പൂർണ്ണതയിലേക്കെത്തിയില്ല. കഴിഞ്ഞ 10 വർഷത്തിൽ സ്വീകരിച്ച പൂർത്തീകരണകേന്ദ്രിത സമീപനമാണ് ഈ പദ്ധതിക്ക് പുതുജീവൻ നൽകിയത്. വലതുകര, ഇടതുകര കനാലുകളുടെ നിർമ്മാണം ക്രമബദ്ധമായി പൂർത്തിയാക്കി, ശാഖാ കനാലുകളും

വിതരണ ചാനലുകളും ബന്ധിപ്പിച്ചതോടെ, 2020-ൽ മൂവാറ്റുപുഴ വാലി പദ്ധതി ഔദ്യോഗികമായി ജലവിതരണം ആരംഭിച്ചു. ഇതോടെ ആയിരക്കണക്കിന് ഹെക്ടർ കൃഷിയിടങ്ങൾക്ക് സ്ഥിരമായ ജലലഭ്യത ഉറപ്പായി. എന്നാൽ ഇതിന്റെ ഏറ്റവും നിർണായകമായ സാമൂഹ്യ ഫലം, കുടിവെള്ള ക്ഷാമം അനുഭവിച്ചിരുന്ന ജനവിഭാഗങ്ങൾക്ക് സുരക്ഷിതമായ ജലവിതരണം ലഭിച്ചതായിരുന്നു. കൂടാതെ, കോട്ടയം ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിലെ ഉപ്പുവെള്ള കയറ്റം നിയന്ത്രിക്കാനും, സമീപ പ്രദേശങ്ങളിലെ കിണറുകളുടെ ജലനിരപ്പ് ഉയർത്താനും ഈ പദ്ധതി സഹായകമായി.

മൂവാറ്റുപുഴ വാലി പദ്ധതിയുടെ അനുഭവം ഒരു കാര്യം വ്യക്തമായി തെളിയിച്ചു: ഒരു ജലസേചന പദ്ധതി വൈകിയാലും, അത് പൂർത്തിയാകുമ്പോൾ നൽകുന്ന ബഹുമുഖ നേട്ടങ്ങൾ അതിന്റെ സാമ്പത്തിക–സാമൂഹ്യ പ്രസക്തി പുനഃസ്ഥാപിക്കാൻ കഴിയും. ജലസേചനം, വൈദ്യുതി, കുടിവെള്ളം, പരിസ്ഥിതി സംരക്ഷണം - ഇവയെല്ലാം ഒരേ ഘടനയിൽ ഒന്നിച്ചുചേരുമ്പോഴാണ് ഒരു പദ്ധതി സമഗ്ര വികസന ഉപാധിയായി മാറുന്നത്.

കാരാപ്പുഴ പദ്ധതി

വയനാടിന്റെ ജലസേചന സ്വപ്നങ്ങളിൽ കേന്ദ്രസ്ഥാനമുള്ളതാണ് കാരാപ്പുഴ പദ്ധതി. കാവേരി നദീതടത്തിലെ കേരളത്തിന്റെ ജലവിഹിതവുമായി നേരിട്ട് ബന്ധപ്പെട്ടതാണ് ഇതിന്റെ പ്രാധാന്യം. കാവേരി ജല ട്രൈബ്യൂണൽ കേരളത്തിന് അനുവദിച്ച 30 ടി.എം.സി ജലത്തിൽ ഒരു ഭാഗം കരപ്പുഴയിലൂടെ വിനിയോഗിക്കാമെന്ന വ്യവസ്ഥ, ഈ പദ്ധതിയെ വെറും പ്രാദേശിക ഇടപെടലായി മാത്രമല്ല, അന്തർസംസ്ഥാന ജലനീതിയുടെ ഭാഗമായും മാറ്റുന്നുണ്ട്. ദീർഘകാലം പൂർത്തിയാകാതെ നിന്നതിനാൽ, കേരളത്തിന് അവകാശപ്പെട്ട ജലം പ്രയോജനപ്പെടുത്താൻ സാധിക്കാതെ പോയിരുന്നു. എന്നാൽ 2017-ന് ശേഷം കൈക്കൊണ്ട നടപടികൾ, പ്രധാന അണക്കെട്ട് പൂർത്തിയാക്കാനും കനാൽ ശൃംഖലകൾ പ്രവർത്തനക്ഷമമാക്കാനും സഹായിച്ചു. ഇന്നത് കൽപ്പറ്റ പോലുള്ള പട്ടണങ്ങൾക്ക് കുടിവെള്ളം നൽകുന്ന ഒരു പ്രധാന സ്രോതസ്സായി കൂടി മാറിയിട്ടുണ്ട്. കൃഷിയിടങ്ങളിലേക്ക് ജലം എത്തിക്കുന്നതിനു പുറമേ, വരുംകാലത്ത് കൂടുതൽ പ്രദേശങ്ങളെ കുടിവെള്ള പദ്ധതികളിലൂടെ ബന്ധിപ്പിക്കാനുള്ള സാധ്യതകളും കാരാപ്പുഴ പദ്ധതി സൃഷ്ടിക്കുന്നു. ഇത് ജലസേചന പദ്ധതികൾ ഗ്രാമീണ-നഗര ബന്ധങ്ങളെ എങ്ങനെ ശക്തിപ്പെടുത്തുന്നുവെന്നതിന്റെ ഒരു ഉദാഹരണമാണ്.

ബാണാസുര സാഗർ പദ്ധതി

ബാണാസുര സാഗർ പദ്ധതി മറ്റൊരു തരത്തിലുള്ള അനുഭവമാണ് നൽകുന്നത്. വലിയൊരു അണക്കെട്ട് പൂർത്തിയായിട്ടും, കനാൽ നിർമ്മാണത്തിലെ നിയമപരമായ തടസ്സങ്ങൾ കാരണം വർഷങ്ങളോളം ജലം കൃഷിയിടങ്ങളിലെത്തിക്കാനാവാത്ത അവസ്ഥയാണ് അവിടെ നിലനിന്നത്. ഒരു ചെറിയ ഭാഗത്തെ ഭൂമി തർക്കം പോലും ഒരു വൻ പൊതുനിക്ഷേപത്തിന്റെ പ്രയോജനം തടഞ്ഞുവെക്കാമെന്ന യാഥാർത്ഥ്യമാണ് ഈ പദ്ധതി തുറന്നു കാണിച്ചത്. 2017-ന് ശേഷം നിയമ പ്രശ്നങ്ങൾ പരിഹരിച്ച് കനാൽ നിർമ്മാണം പുനരാരംഭിച്ചതോടെ, ബാണാസുര സാഗർ പദ്ധതിയും പ്രവർത്തനക്ഷമതയിലേക്ക് നീങ്ങുകയാണ്. പൂർത്തിയാകുമ്പോൾ, വയനാട്ടിലെ കൃഷിരീതികളിൽ ഒരു ഘടനാപരമായ മാറ്റം സൃഷ്ടിക്കാൻ ഇതിന് കഴിയും.

ഇടമലയാർ പദ്ധതി

ഇടമലയാർ ജലസേചന പദ്ധതി, കേരളത്തിലെ നദീതടങ്ങൾ തമ്മിലുള്ള ജലബന്ധത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്ന ഒരു ഉദാഹരണമാണ്. പെരിയാർ നദിയിൽ നിന്ന് ചാലക്കുടി നദീതടത്തിലേക്ക് ജലം കൈമാറുന്ന ആശയം, സാങ്കേതികമായും രാഷ്ട്രീയമായും സങ്കീർണ്ണമായിരുന്നു. പരമ്പരാഗത രൂപകൽപ്പനയിൽ ഉണ്ടായ തടസ്സങ്ങൾ, വിമാനത്താവള വികസനം പോലുള്ള പുതിയ ഭൂമിയുപയോഗങ്ങൾ മൂലം കൂടുതൽ വഷളായി. എന്നാൽ, ഇതിനെ മറികടക്കാൻ രൂപപ്പെടുത്തിയ പുനഃക്രമീകരിച്ച സാങ്കേതിക പരിഹാരങ്ങൾ, ജലസേചന ആസൂത്രണത്തിൽ വഴക്കം (flexibility) എത്രമാത്രം പ്രധാനമാണെന്ന് തെളിയിക്കുന്നു. ഒരേ പദ്ധതിയെ പുതിയ സാഹചര്യങ്ങളോട് ഒത്തുചേരുന്ന രീതിയിൽ പുനർചിന്തിക്കാനുള്ള കഴിവ്, ജലവിഭവ വികസനത്തിന്റെ അനിവാര്യ ഘടകമാണെന്ന് ഇടമലയാർ അനുഭവം കാണിച്ചു തരുന്നു.

പഴശ്ശി പദ്ധതി

വടക്കൻ കേരളത്തിൽ, പ്രത്യേകിച്ച് കണ്ണൂർ മേഖലയിൽ, പഴശ്ശി ജലസേചന പദ്ധതി നൽകുന്ന അനുഭവം വ്യത്യസ്തമാണ്. ദീർഘകാലം നിർജീവമായ കനാൽ ശൃംഖലകൾ പുനരുദ്ധരിച്ച്, ഘട്ടംഘട്ടമായി ജലവിതരണം പുനരാരംഭിച്ചതാണ് ഇവിടെ നടന്നത്. ആദ്യമായി ജലം എത്തിച്ചപ്പോൾ തന്നെ, സമീപ പ്രദേശങ്ങളിലെ കിണറുകൾ പുനർജലീകൃതമാവുകയും, കൃഷിയിടങ്ങളിൽ ആത്മവിശ്വാസം തിരിച്ചുവരികയും ചെയ്തു. ഇത് തെളിയിക്കുന്നത്, വലിയ പുതിയ പദ്ധതികൾ നിർമിക്കുന്നതിനു പുറമേ, നിലവിലുള്ള സംവിധാനങ്ങളുടെ നവീകരണവും സമാനമായ പ്രാധാന്യമുള്ളതാണെന്നതാണ്.

ഈ എല്ലാ പദ്ധതികളെയും ഒന്നിച്ച് നോക്കുമ്പോൾ, കേരളത്തിലെ ജലസേചന വികസനം ഒരു പുതിയ ഘട്ടത്തിലേക്ക് കടന്നുവെന്നത് വ്യക്തമാണ്. നീണ്ടുനിന്ന താമസങ്ങൾ അവസാനിപ്പിച്ച് പദ്ധതികൾ പൂർത്തിയാക്കുക എന്ന ലക്ഷ്യം മാത്രമല്ല, അവയെ പ്രാദേശിക വികസനത്തിന്റെ ബഹുമുഖ ഉപകരണങ്ങളാക്കി മാറ്റുക എന്നതും ഈ ഘട്ടത്തിന്റെ സവിശേഷതയാണ്. കൃഷിയിടങ്ങൾക്ക് ജലം നൽകുന്നതിനൊപ്പം, കുടിവെള്ളം, ഭൂഗർഭജല പുനഃപൂരണം, പ്രളയ നിയന്ത്രണം, പരിസ്ഥിതി സംരക്ഷണം എന്നിവയെല്ലാം ഒരേ പദ്ധതിയുടെ ഫലമായി രൂപപ്പെടുമ്പോൾ, ജലസേചന വികസനം സമൂഹത്തിന്റെ ദൈനംദിന ജീവിതവുമായി നേരിട്ട് ബന്ധപ്പെട്ടു തുടങ്ങുന്നു.

ഈ അനുഭവങ്ങൾ, കേരളത്തിന്റെ ജലവിഭവ നയത്തിന് നിർണായകമായ ചില പാഠങ്ങൾ നൽകുന്നു. ജലസേചന പദ്ധതികൾ സമയബന്ധിത

മായി പൂർത്തിയാക്കുന്നതിന്റെ പ്രാധാന്യം, പദ്ധതിക ളുടെ രൂപകൽപ്പനയിൽ ദീർഘകാല ദൃഷ്ടികോണം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത, കൂടാതെ ജലവി ഭവങ്ങളെ ഒരു നദീതടത്തിന്റെ സമഗ്രതയിൽ നിന്ന് കാണേണ്ടതിന്റെ അനിവാര്യത - ഇവയെല്ലാം ഈ ഘട്ടം ഓർമ്മിപ്പിക്കുന്നു. ഇതാണ്, കേരളം അടുത്ത ഘട്ടത്തിൽ ജലവിഭവ മാനേജ്മെന്റിലേക്ക്, പ്രത്യേകിച്ച് നദീതട അടിസ്ഥാനത്തിലുള്ള സമഗ്ര സമീപനത്തിലേ ക്ക് നീങ്ങുന്നതിനുള്ള അടിത്തറ.

II

കാവേരി നദീതടത്തിലെ ജലം

കേരളത്തിന്റെ ജലസേചന ചരിത്രത്തിലെ ഏറ്റവും സങ്കീർണ്ണവും രാഷ്ട്രീയമായി സാന്ദ്രവുമായ വിഷയ ങ്ങളിൽ ഒന്നാണ് കാവേരി നദീതടവുമായി ബന്ധപ്പെട്ട ജലവിഹിതം. സമൃദ്ധമായ മഴ ലഭിക്കുന്ന സംസ്ഥാ നമെന്ന പൊതുധാരണയ്ക്കുള്ളിൽ മറഞ്ഞുപോകുന്ന ഒരു യാഥാർത്ഥ്യമാണ് ഇത്. കാവേരി നദീതടത്തിലെ കേരളത്തിന്റെ പങ്ക് ചെറുതാണെങ്കിലും, അതിന്റെ കാർഷികവും കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രാധാന്യം അതിനേക്കാൾ വലുതാണ്.

Cauvery Water Disputes Tribunal കേരളത്തിന് കാവേരി നദിയിൽ നിന്ന് 30 ടി.എം.സി ജലം അനുവ ദിച്ചു. ഇത്രയും ജലം കേരളം 2030ന് മുൻപ് ഉപയോ ഗിച്ചിരിക്കണം. ഈ ജലം കബിനി, ഭവാനി, പമ്പാർ എന്നീ ഉപനദീതടങ്ങളിലായി വിന്യസിക്കപ്പെട്ടതാണ്. ഈ വിധിന്യായം, അന്തർസംസ്ഥാന ജലവിതരണ ത്തിൽ കേരളത്തിന്റെ അവകാശങ്ങൾ നിയമപര മായി ഉറപ്പിച്ചുവെങ്കിലും, ആ അവകാശം പ്രായോഗി കമായി വിനിയോഗിക്കാൻ കേരളത്തിന് ഇതുവരെ പൂർണ്ണമായി സാധിച്ചിട്ടില്ല. അനുവദിച്ച ജലത്തിന്റെ വലിയൊരു ഭാഗം ഇപ്പോഴും ഉപയോഗിക്കപ്പെടാതെ പോകുന്നു എന്നതാണ് ഏറ്റവും വലിയ പരമവൈരു ധ്യം.

അവാർഡ് ജല വിനിയോഗം

ഈ അപര്യാപ്ത വിനിയോഗത്തിന് പിന്നിൽ നിരവധി ഘടകങ്ങളുണ്ട്. ഒന്നാമതായി, കാവേരി ഉപനദീതട ങ്ങൾ കേരളത്തിലെ ഉയർന്ന മലനിരകളിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ വലിയ ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നത് സാങ്കേതികമായും പരിസ്ഥിതിപര മായും സാമൂഹികമായും ഏറെ ബുദ്ധിമുട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ, വനഭൂമിയുമായി ബന്ധപ്പെട്ട നിയ ന്ത്രണങ്ങൾ, പരിസ്ഥിതി അനുമതികൾ എന്നിവയെ ല്ലാം പദ്ധതികളുടെ വേഗത കുറയ്ക്കുന്ന ഘടകങ്ങളായി മാറി. രണ്ടാമതായി, ദീർഘകാലമായി നീണ്ടുനിന്ന പ്രധാന-ഇടത്തര ജലസേചന പദ്ധതികളുടെ അപൂർ ണ്ണത, കേരളത്തിന്റെ ജലവിഹിതം പ്രയോജനപ്പെടു ത്താനുള്ള അടിസ്ഥാന സൗകര്യം തന്നെ ദുർബലമാ ക്കി.

കബിനി ഉപനദീതടം ഇതിന്റെ ഏറ്റവും വ്യക്തമായ ഉദാ ഹരണമാണ്. വയനാടിന്റെ കാർഷിക ഭൂപ്രകൃതിയിൽ നിർണായക പങ്ക് വഹിക്കുന്ന ഈ ഉപനദീതടത്തിൽ, കാരാപ്പുഴയും ബാണാസുര സാഗറും പോലുള്ള പദ്ധതികൾ പൂർത്തിയാകാതെ നിന്ന കാലത്ത്, കേരളത്തിന് അവകാശപ്പെട്ട ജലം ഉപയോഗിക്കാൻ സാധിച്ചില്ല. അന്തർസംസ്ഥാന ധാരണകൾ പ്രകാരം, കേരളം ഉപയോഗിക്കാത്ത ജലം മറ്റ് സംസ്ഥാനങ്ങൾ താൽക്കാലികമായി വിനിയോഗിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തു. ഇത്, നിയമപരമായി നഷ്ടമല്ലെ ങ്കിലും, ദീർഘകാലത്തിൽ കേരളത്തിന്റെ കാർഷിക വികസന സാധ്യതകളെ പരിമിതപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമായി മാറി.

ഭവാനി ഉപനദീതടത്തിലും സ്ഥിതി വ്യത്യസ്തമാ യിരുന്നില്ല. കേരളത്തിലെ ഭാഗം ഭൗമശാസ്ത്രപ രമായി ചെറുതും ചിതറിപ്പോയതുമായതിനാൽ, വലിയ കനാൽ അടിസ്ഥാനമാക്കിയുള്ള ജലസേചന സംവിധാനങ്ങൾ ഇവിടെ യോജിച്ചിരുന്നില്ല. പകരം, ചെറുതും ഇടത്തരവുമായ പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ, മൈക്രോ-ഇറിഗേഷൻ എന്നിവയിലൂടെ യാണ് ജലസേചന സാധ്യതകൾ വികസിപ്പിക്കേണ്ടി വന്നത്. എന്നാൽ ഇത്തരം പദ്ധതികൾക്ക് ആവശ്യ മായ ഏകോപനവും ദീർഘകാല ധനസഹായവും പലപ്പോഴും ലഭിച്ചിരുന്നില്ല.

പാമ്പാർ ഉപനദീതടം മറ്റൊരു തരത്തിലുള്ള വെല്ലുവി ളികളാണ് ഉയർത്തിയത്. ഇടുക്കി ജില്ലയിലെ ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഈ നദീതടത്തിൽ, ജലസംഭരണവും ജലസേചനവും ഒരുപോലെ പരി മിതികളുള്ളതാണ്. ഇവിടെ ജലസേചന വികസനം കൃഷിയിടങ്ങളുടെ വ്യാപനത്തിനേക്കാൾ, നിലവിലു ള്ള കൃഷിരീതികളുടെ സ്ഥിരത ഉറപ്പാക്കുന്നതിനാണ് കൂടുതൽ സഹായകരമാകുന്നത്. എന്നിരുന്നാലും, കേരളത്തിന് അനുവദിച്ച ജലവിഹിതത്തിന്റെ ഒരു ഭാഗം പോലും പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥ, നയപരമായ ഇടപെടലുകളുടെ അനിവാര്യത ചൂണ്ടിക്കാട്ടുന്നു.

പുതിയ സമീപനം

കാവേരി നദീതടത്തിലെ ജലവിഹിതം വിനിയോഗി ക്കുന്നതിന് കേരളം ഒരു തന്ത്രപരമായ സമീപനം സ്വീ കരിക്കേണ്ടതിന്റെ ആവശ്യകത ഉയരുന്നത്. വലിയ, ഏകപദ്ധതി ആശ്രിത വികസന മാതൃകയ്ക്ക് പകരം, ഉപനദീതടങ്ങളെ അടിസ്ഥാനമാക്കിയുള്ള ഘട്ടം ഘട്ടമായ ഇടപെടലുകളാണ് കൂടുതൽ യോജിച്ചത്. പുതിയ ചെറുകിട സംഭരണ ഘടനകൾ, നിലവിലു ള്ള അണക്കെട്ടുകളുടെ ശേഷിവർധനം, ടെയിൽറേസ് ജലത്തിന്റെ പരമാവധി ഉപയോഗം - ഇവയെല്ലാം ചേർന്ന ഒരു സംയുക്ത സമീപനമാണ് ഇവിടെ ആവശ്യമായത്.

അതോടൊപ്പം, കാവേരി നദീതടത്തിലെ ജലസേചന വികസനം അന്തർസംസ്ഥാന രാഷ്ട്രീയത്തിന്റെ പരി ധികളിലും പ്രവർത്തിക്കേണ്ടതുണ്ട്. കേരളം ജലം ഉപയോഗിക്കാതെ ഇരിക്കുമ്പോൾ, മറ്റ് സംസ്ഥാന ങ്ങൾ അത് ഉപയോഗിക്കുന്ന സാഹചര്യം നിലനിൽ ക്കുന്നു എന്ന യാഥാർത്ഥ്യം, ജലവിഹിതം "പേപ്പറിൽ"

മാത്രം ഉറപ്പാക്കിയാൽ മതിയാകില്ലെന്ന് ഓർമ്മിപ്പിക്കുന്നു. അവകാശം നിലനിർത്തണമെങ്കിൽ, വിനിയോഗം അനിവാര്യമാണ്. അതിനാൽ തന്നെ, കാവേരി നദീതടത്തിലെ ജലസേചന പദ്ധതികൾക്ക് കേരളം നൽകേണ്ട പ്രാധാന്യം കാർഷിക നേട്ടങ്ങൾക്കപ്പുറം, ഒരു തന്ത്രപരമായ സംസ്ഥാന താൽപ്പര്യമായും കാണേണ്ടതുണ്ട്.

ഇവിടെ, ജലസേചനത്തിന്റെ ലക്ഷ്യം വെറും വിളവെടുപ്പ് വർധിപ്പിക്കൽ മാത്രമല്ല. ഉയർന്ന പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ ജലലഭ്യത ഉറപ്പാക്കുന്നത്, കുടിയേറ്റ കർഷകരുടെ ജീവിതസുരക്ഷയുമായി ബന്ധപ്പെട്ടതാണ്. ജലസേചന സൗകര്യങ്ങളുടെ അഭാവം കൃഷിയെ അനിശ്ചിതമാക്കുമ്പോൾ, കൃഷി ഉപേക്ഷിക്കലും ഭൂമിയുപയോഗ മാറ്റങ്ങളും വർധിക്കുന്നു. ഇത്, ദീർഘകാലത്തിൽ, പരിസ്ഥിതിയെയും നദീതടത്തിന്റെ ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ, കാവേരി ഉപനദീതടങ്ങളിൽ ജലസേചന വികസനം പരിസ്ഥിതി സംരക്ഷണത്തോടൊപ്പം കൃഷി നിലനിർത്തലിന്റെ ഒരു ഉപാധിയായാണ് കാണേണ്ടത്.

ഈ ഘട്ടത്തിൽ, കേരളം നേരിടുന്ന പ്രധാന ചോദ്യമാണ്: ലഭ്യമായ ജലവിഹിതം എങ്ങനെ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കാം? ഉത്തരം ഒരു ഒറ്റ പദ്ധതിയിലോ ഒരു ഒറ്റ സാങ്കേതികതയിലോ ഒതുങ്ങുന്നില്ല. പകരം, വലിയതും ചെറുതുമായ പദ്ധതികൾ, ഉപരിതലവും ഭൂഗർഭവുമായ ജലസ്രോതസ്സുകൾ, കൃഷിയിടതലത്തെയും നദീതടതലത്തെയും ഇടപെടലുകൾ—ഇവയെല്ലാം കൂട്ടിച്ചേർത്ത ഒരു സമഗ്ര സമീപനമാണ് ആവശ്യമായത്.

ഇങ്ങനെ, കാവേരി നദീതടത്തിലെ ജലവിഹിതം കേരളത്തിന്റെ ജലസേചന നയത്തിൽ ഒരു പ്രത്യേക സ്ഥാനമെടുക്കുന്നു. അത് ഒരു സംഖ്യയോ കോട്ടയോ മാത്രമല്ല; മറിച്ച്, സംസ്ഥാനത്തിന്റെ കാർഷിക ഭാവിയെയും അന്തർസംസ്ഥാന ബന്ധങ്ങളെയും ഒരുപോലെ സ്വാധീനിക്കുന്ന ഒരു തന്ത്രപരമായ വിഭവമാണ്. ഈ വിഭവം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിയുന്നിടത്താണ്, കേരളത്തിന്റെ ജലസേചന വികസനം ഒരു പുതിയ സമതുലിതാവസ്ഥ കൈവരിക്കുക.

III
പുതിയ സമീപനങ്ങൾ

കേരളത്തിലെ ജലസേചന വികസനം ഇനി വലിയ അണക്കെട്ടുകളുടെയും നീണ്ട കനാലുകളുടെയും കഥ മാത്രമല്ല. കഴിഞ്ഞ അനുഭവങ്ങൾ വ്യക്തമാക്കിയതുപോലെ, സംസ്ഥാനത്തിന്റെ കാർഷിക ഘടനയും ഭൂമിശാസ്ത്ര സവിശേഷതകളും പരിഗണിക്കുമ്പോൾ, ജലസേചനത്തിന്റെ ഭാവി കൂടുതൽ സൂക്ഷ്മവും കൃത്യവുമായ സമീപനങ്ങളിലേക്കാണ് നീങ്ങേണ്ടത്. ഇതിന്റെ കേന്ദ്രത്തിലാണ് മൈക്രോ-ഇറിഗേഷൻ, പ്രിസിഷൻ ഫാർമിംഗ്, വാട്ടർഷെഡ് അധിഷ്ഠിത ജലസംരക്ഷണം എന്നിവ.

മൈക്രോ-ഇറിഗേഷൻ

പരമ്പരാഗത ജലസേചന രീതികളിൽ, ജലം ഒരു കൃഷിയിടത്തിലേക്ക് ഒഴുക്കിവിടുന്നതാണ് പ്രധാനമായും നടക്കുന്നത്. എന്നാൽ മൈക്രോ-ഇറിഗേഷനിൽ, ജലം കൃഷിയിടത്തേക്കല്ല, വിളയിലേക്കാണ് എത്തിക്കുന്നത് എന്ന ആശയമാണ് അടിസ്ഥാനമാക്കുന്നത്. ഓരോ ചെടിക്കും ആവശ്യമായ അളവിൽ, ആവശ്യമായ സമയത്ത് ജലം എത്തിക്കുക എന്നതാണ് ഇതിന്റെ തത്വം. കേരളത്തെ പോലുള്ള ചെറിയ കൃഷിയിടങ്ങൾ ആധിപത്യം പുലർത്തുന്ന സംസ്ഥാനത്ത്, ഈ സമീപനം സാങ്കേതികമായും സാമ്പത്തികമായും ഏറെ പ്രസക്തമാണ്.

എന്നിരുന്നാലും, കേരളത്തിൽ മൈക്രോ-ഇറിഗേഷൻ ഇപ്പോഴും വ്യാപകമായി സ്വീകരിക്കപ്പെട്ടിട്ടില്ല. രാജ്യത്തെ മൊത്തം മൈക്രോ-ഇറിഗേഷൻ വിസ്തൃതിയുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിന്റെ പങ്ക് വളരെ ചെറുതാണ്. ഇതിന് പിന്നിൽ നിരവധി കാരണങ്ങളുണ്ട്. മൈക്രോ-ഇറിഗേഷൻ പല കർഷകരും ഇപ്പോഴും ഒരു ജലവാഹിനി ഉപകരണം മാത്രമായാണ് കാണുന്നത്. വിളപ്പാദന വർധനവിനുള്ള സമഗ്ര സാങ്കേതികതയായി അവർ അതിനെ ഉൾക്കൊള്ളുന്നില്ല. ജലവും വളവും കൃത്യമായി നിയന്ത്രിക്കുന്ന ഫെർട്ടിഗേഷൻ പോലുള്ള സാങ്കേതികതകളുമായി ഇത് ബന്ധിപ്പിക്കപ്പെടുമ്പോഴാണ്, മൈക്രോ-ഇറിഗേഷൻ അതിന്റെ യഥാർത്ഥ ശേഷി പ്രകടിപ്പിക്കുന്നത്.

പ്രിസിഷൻ ഫാർമിംഗുമായി ചേർന്ന മൈക്രോ-ഇറിഗേഷന്, കേരളത്തിന്റെ കാർഷിക ഭാവിക്ക് നിർണായകമായ ഒരു വഴിത്തിരിവാകാൻ കഴിയും. മണ്ണിന്റെ സ്വഭാവം, ഈർപ്പം, വിളയുടെ വളർച്ചാ ഘട്ടം, കാലാവസ്ഥ എന്നിവയെല്ലാം പരിഗണിച്ച് ജലവും വളവും നൽകുന്ന രീതിയിലാണ് പ്രിസിഷൻ ഫാർമിംഗ് പ്രവർത്തിക്കുന്നത്. ഇതിലൂടെ, ജല ഉപയോഗക്ഷമത മാത്രമല്ല, വിളയുടെ ഉത്പാദനക്ഷമതയും ഗണ്യമായി ഉയരുന്നു. ഈ രീതികൾ സ്വീകരിക്കുമ്പോൾവിളകളിലെ ഉത്പാദനക്ഷമത രണ്ടിരട്ടിയിലേറെ വർധിപ്പിക്കാൻ കഴിയുന്നുവെന്നാണ് കേരളത്തിലെ വിവിധ വിളകളിൽ നടത്തിയ പരീക്ഷണങ്ങൾ കാണിക്കുന്നത്.

ഇത്തരത്തിലുള്ള സാങ്കേതികതകൾ വ്യാപകമായി സ്വീകരിക്കാൻ, വ്യക്തിഗത കർഷകരുടെ ശേഷികൾക്കപ്പുറം, സ്ഥാപനപരമായ പിന്തുണ അനിവാര്യമാണ്. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്ത് സമൂഹാധിഷ്ഠിത മൈക്രോ-ഇറിഗേഷൻ പദ്ധതികൾക്ക് എൽഡിഎഫ് സർക്കാർ പ്രാധാന്യം നൽകിയത്. കർഷകർ ഒരുമിച്ച് ചേർന്ന് ജലസേചന സംവിധാനം സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഈ മാതൃക, കേരളത്തിന്റെ സാമൂഹിക ഘടനയ്ക്കും തദ്ദേശ സ്വയംഭരണ സംവിധാനത്തിനും യോജിച്ചതാണ്. ഒരു കൃഷിയിടത്തിന്റെ ഉത്പാദന വർധനവിനൊപ്പം തന്നെ, കൂട്ടായ്മയുടെ ബോധവും സാങ്കേതിക ആത്മവിശ്വാസവും ഇതിലൂടെ വളരുന്നു.

നീർത്തട വികസനം

മൈക്രോ-ഇറിഗേഷൻ മാത്രമല്ല, കേരളത്തിലെ ജലസേചന ഭാവിയെ നിർണ്ണയിക്കുന്നത്. സംസ്ഥാനത്തിന്റെ ജലപ്രശ്നങ്ങളുടെ അടിത്തറ പലപ്പോഴും

കൃഷിയിടങ്ങളിൽ നിന്നല്ല, മറിച്ച് മലനിരകളിലും ചെറുനദികളുടെയും വാട്ടർഷെഡുകളിലുമാണ് രൂപപ്പെടുന്നത്. വർഷംതോറും ലഭിക്കുന്ന വൻമഴയുടെ വലിയൊരു ഭാഗം ഉപരിതല പ്രവാഹമായി ഒഴുകിപ്പോകുകയും, മണ്ണൊലിപ്പിനും നദികളിലെ ചെളിവാരലിനും കാരണമാകുകയും ചെയ്യുന്നു. ഇതോടെ, മഴക്കാലത്ത് പ്രളയവും, മഴക്കാലം കഴിഞ്ഞാൽ വരൾച്ചയും എന്ന ഇരട്ട പ്രതിസന്ധിയാണ് കേരളം നേരിടുന്നത്.

ഈ പശ്ചാത്തലത്തിലാണ്, വാട്ടർഷെഡ് വികസനം കേരളത്തിലെ ജലവിഭവ നയത്തിന്റെ കേന്ദ്രത്തിലേക്ക് വരുന്നത്. ഒരു നദീതടത്തിന്റെ ചെറിയ ഘടകമായ വാട്ടർഷെഡിനെ അടിസ്ഥാനമാക്കി മണ്ണും ജലവും സംരക്ഷിക്കുന്ന സമീപനം, ജലസേചനത്തിനും കുടിവെള്ളത്തിനും ഒരുപോലെ ഗുണകരമാണ്. ചെറുതടയണകൾ, കുളങ്ങളും കിണറുകളും പുനരുദ്ധരിക്കൽ, ഭൂഗർഭജല പുനഃപൂരണത്തിന് സഹായകമായ ഘടനകൾ എന്നിവയെല്ലാം ചേർന്നാണ് വാട്ടർഷെഡ് വികസനം പ്രവർത്തിക്കുന്നത്.

1990-കളിൽ ആരംഭിച്ച വികേന്ദ്രീകരണ പ്രക്രിയയോടെ വാട്ടർഷെഡ് പദ്ധതികളുടെ നടപ്പാക്കൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയായി മാറി. പല പഞ്ചായത്തുകളും വാട്ടർഷെഡ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയെങ്കിലും, ചില അപൂർവ മേഖലകൾ ഒഴികെ, മാതൃകാപരമായ വിജയങ്ങൾ വ്യാപകമായി ഉണ്ടാകുന്നില്ല. പദ്ധതികളുടെ ചിതറിപ്പോയ നടപ്പാക്കൽ, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവ്, സാങ്കേതിക പിന്തുണയുടെ അഭാവം എന്നിവയാണ് ഈ പരിമിതികൾക്ക് കാരണമായത്.

ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷൻ പോലുള്ള സമഗ്ര പരിപാടികൾ പ്രാധാന്യമാർജ്ജിച്ചത്. ജലസംരക്ഷണം, മാലിന്യ സംസ്കരണം, ജൈവവൈവിധ്യ സംരക്ഷണം ഇവയെയെല്ലാം ഒരുമിച്ച് കാണുന്ന മിഷൻ, ജലവിഭവ വികസനത്തെ വെറും സേചന പ്രശ്നമായി കാണുന്ന സമീപനത്തിൽ നിന്ന് കേരളത്തെ മുന്നോട്ട് നയിച്ചു. കുളങ്ങളും കിണറുകളും പുനരുദ്ധരിക്കൽ, ചെറുനദികളും തോടുകളും ശുചീകരിക്കൽ, ജലസംഭരണ ഘടനകൾ സൃഷ്ടിക്കൽ എന്നിവയെല്ലാം കാർഷിക ജലസേചനത്തിന് പരോക്ഷമായെങ്കിലും നിർണായക മായ പിന്തുണ നൽകി. വാട്ടർഷെഡ് വികസനത്തിന്റെ ഏറ്റവും വലിയ സംഭാവന, മഴക്കാലത്തിനു ശേഷം പോലും ജലലഭ്യത നിലനിർത്താൻ കഴിയുന്നതാണ്. ഭൂഗർഭജലനിരപ്പ് ഉയരുന്നതോടെ, കിണർ സേചനവും മൈക്രോ-ഇറിഗേഷനും കൂടുതൽ വിശ്വസനീയമാകുന്നു. ഇത്, വലിയ അണക്കെട്ടുകളെ ആശ്രയിക്കാതെ പ്രാദേശിക തലത്തിൽ ജലസുരക്ഷ ഉറപ്പാക്കാനുള്ള സാധ്യത തുറക്കുന്നു.

ഈ ഘട്ടത്തിൽ, കേരളത്തിലെ ജലസേചന വികസനം രണ്ട് വഴികളിലൂടെയാണ് മുന്നേറുന്നത്. ഒന്നാമത്, വലിയതും ഇടത്തരവുമായ പദ്ധതികളിലൂടെ ഉപരിതല ജലം കൃഷിയിടങ്ങളിലേക്ക് എത്തിക്കുക; രണ്ടാമത്, വാട്ടർഷെഡുകളും മൈക്രോ-ഇറിഗേഷനും വഴി ഭൂഗർഭജലവും മഴവെള്ളവും പരമാവധി സംരക്ഷിക്കുകയും വിനിയോഗിക്കുകയും ചെയ്യുക.

ജല മാനേജ്മെന്റ്

ഇവയെല്ലാം ചേർന്ന്, കേരളത്തിലെ ജലസേചന രംഗം ഒരു സാങ്കേതിക പരിവർത്തനത്തിന്റെ ഘട്ടത്തിലേക്ക് കടക്കുകയാണ്. ജലം ഒരു അപരിമിത വിഭവമെന്ന ധാരണയിൽ നിന്ന്, അതീവ മൂല്യമുള്ള ഒരു പൊതുസമ്പത്ത് എന്ന ബോധത്തിലേക്കുള്ള മാറ്റമാണ് ഇവിടെ നടക്കുന്നത്. ഈ ബോധമാറ്റം കാർഷിക രീതികളിലും നയങ്ങളിലും സ്ഥാപന ഘടനകളിലും പ്രതിഫലിക്കുമ്പോഴാണ്, ജലസേചന വികസനം സുസ്ഥിരതയിലേക്ക് നീങ്ങുന്നത്. കേരളത്തിലെ ജലപ്രശ്നങ്ങൾ ഇനി ഒറ്റപ്പെട്ട പദ്ധതികളിലൂടെ പരിഹരിക്കാനാവാത്ത ഘട്ടത്തിലേക്ക് കടന്നിട്ടുണ്ട്. ഓരോ അണക്കെട്ടും, ഓരോ കനാലും, ഓരോ കുളവും വേറിട്ടു കൈകാര്യം ചെയ്ത കാലഘട്ടം കഴിഞ്ഞു. പകരം, ഒരു നദിയുടെ ജനനം മുതൽ കടലിൽ ലയിക്കുന്നതുവരെ ഉള്ള മുഴുവൻ പ്രദേശത്തെയും ഒരു സമഗ്ര ഘടകമായി കാണുന്ന സമീപനമാണ് അനിവാര്യമായി മാറിയിരിക്കുന്നത്. ഇതാണ് "നദീതട അധിഷ്ഠിത സമഗ്ര ജലവിഭവ മാനേജ്മെന്റ്" എന്ന ആശയത്തിന്റെ അടിസ്ഥാനം.

കേരളത്തിന്റെ ഭൂമിശാസ്ത്ര ഘടന ഈ സമീപനത്തെ അനിവാര്യമാക്കുന്നു. മലനിരകളിൽ ലഭിക്കുന്ന അതിശക്തമായ മഴ, ചെറുനദികളിലൂടെ വേഗത്തിൽ താഴ്ന്ന പ്രദേശങ്ങളിലേക്കും തുടർന്ന് കടലിലേക്കും ഒഴുകിപ്പോകുന്നു. ഈ പ്രവാഹത്തിന്റെ വേഗതയും അളവും നിയന്ത്രിക്കാൻ കഴിയാത്തിടത്ത്, മഴക്കാലത്ത് പ്രളയവും മഴ കഴിഞ്ഞാൽ വരൾച്ചയും എന്ന ഇരട്ട പ്രതിസന്ധിയാണ് രൂപപ്പെടുന്നത്. നദീതടത്തിന്റെ മുകളിലെ കാടുകളിലെ ഇടപെടലുകൾ മുതൽ താഴ്ന്ന പ്രദേശങ്ങളിലെ ഭൂമിയുപയോഗ മാറ്റങ്ങൾ വരെ, ഓരോ പ്രവർത്തനവും ജലചക്രത്തെ സ്വാധീനിക്കുന്നുവെന്ന തിരിച്ചറിവാണ് സമഗ്ര നദീതട മാനേജ്മെന്റിന്റെ കാതൽ.

റിസർവോയർ നയം

ഇത്തരം ഒരു സമീപനം സ്വീകരിക്കാതെ, കേരളത്തിലെ ജലസേചന വികസനവും ജലസുരക്ഷയും സുസ്ഥിരമാക്കാൻ കഴിയില്ലെന്ന് സമീപകാല അനുഭവങ്ങൾ തെളിയിച്ചു. 2018-ലെ മഹാപ്രളയം ഈ തിരിച്ചറിവിനെ അതിവേഗം മുന്നോട്ട് കൊണ്ടുവന്നു. അതിശക്തമായ മഴയും അതിനൊപ്പം റിസർവോയറുകളിലെ ജലനിലകളും ചേർന്ന് രൂപപ്പെടുത്തിയ പ്രതിസന്ധി, ജലസംഭരണ ഘടനകൾ എങ്ങനെ പ്രവർത്തിക്കണം എന്നതിനെക്കുറിച്ചുള്ള ചർച്ചകൾക്ക് പുതിയ ദിശ നൽകി. പ്രളയം ഒരു “പ്രകൃതിദുരന്തം” മാത്രമല്ല, മനുഷ്യ ഇടപെടലുകളുടെ ഫലവുമാണെന്ന ബോധം പൊതുസമൂഹത്തിൽ വ്യാപിച്ചു.

ഈ പശ്ചാത്തലത്തിലാണ്, കേരളം റിസർവോയർ പ്രവർത്തന നയങ്ങളെ ശാസ്ത്രീയമായി പുനഃക്രമീകരിക്കാൻ തുടങ്ങിയത്. മുമ്പ്, ജലസേചന ആവശ്യ

ങ്ങൾ മുൻനിർത്തിയാണ് ഭൂരിഭാഗം റിസർവോയറുകളും പ്രവർത്തിപ്പിച്ചിരുന്നത്. ജലം പരമാവധി സംഭരിക്കുക എന്നതായിരുന്നു മുഖ്യലക്ഷ്യം. എന്നാൽ കാലാവസ്ഥാ വ്യതിയാനങ്ങളുടെ പശ്ചാത്തലത്തിൽ, ഈ സമീപനം അപകടകരമാണെന്ന് വ്യക്തമായി. അതിനാൽ, പ്രളയസാധ്യത മുൻകൂട്ടി കണക്കിലെടുത്ത്, റിസർവോയറുകളിൽ 'ഡൈനാമിക് ഫ്ലഡ് കുഷൻ' നിലനിർത്തുന്ന പുതിയ പ്രവർത്തന നയങ്ങൾ രൂപപ്പെടുത്തി. ഇതിലൂടെ, ശക്തമായ മഴയുണ്ടാകുമ്പോൾ അധിക ജലം നിയന്ത്രിതമായി കൈകാര്യം ചെയ്യാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടു.

റിസർവോയർ പ്രവർത്തന നയങ്ങളിലെ ഈ മാറ്റം, ജലസേചനത്തിനും ഗുണകരമായി. മുമ്പ് അനിശ്ചിതത്വം നിറഞ്ഞ ജലവിതരണ സമയക്രമങ്ങൾക്കുപകരം, കൂടുതൽ പ്രവചനക്ഷമതയുള്ള സംവിധാനം നിലവിൽ വന്നു. കൃഷിയിടങ്ങൾക്ക് ജലം ലഭിക്കുന്ന കാലയളവുകൾ മുൻകൂട്ടി അറിയാൻ കഴിയുമ്പോൾ, വിളവെടുപ്പ് പദ്ധതികളും കൃഷിരീതികളും കൂടുതൽ ക്രമബദ്ധമാകുന്നു. അതായത്, പ്രളയ നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ, ജലസേചനത്തിന്റെ വിശ്വാസ്യതയും ഉയർത്തി.

വരൾച്ച

കേരളം നേരിടുന്ന വെല്ലുവിളി പ്രളയം മാത്രമല്ല, മഴക്കാലത്തിനു ശേഷം നീളുന്ന വരൾച്ചകാലങ്ങൾ, പ്രത്യേകിച്ച് വേനൽക്കാലത്ത്, കുടിവെള്ളത്തിനും കൃഷിക്കും ഒരുപോലെ ഭീഷണിയാണ്. വാർഷികമായി വലിയ തോതിൽ മഴ ലഭിക്കുന്ന സംസ്ഥാനത്ത് പോലും, വേനൽക്കാല ജലക്ഷാമം അനുഭവപ്പെടുന്നത്, ജലസംഭരണത്തിലും ഭൂഗർഭജല പുനഃപൂരണത്തിലും ഉള്ള പരിമിതികളാണ് വ്യക്തമാക്കുന്നത്. ഇതാണ്, നദീതട അധിഷ്ഠിത മാനേജ്മെന്റിൽ സംഭരണ ഘടനകൾക്കും വാട്ടർഷെഡ് ഇടപെടലുകൾക്കും പ്രാധാന്യം നൽകേണ്ടതിന്റെ കാരണം.

ഈ ഘട്ടത്തിൽ, ജലസേചനം, പ്രളയ നിയന്ത്രണം, കുടിവെള്ള വിതരണം എന്നിവയെല്ലാം വേറിട്ട നയമേഖലകളായി കാണുന്ന സമീപനം മാറുകയാണ്. ഒരേ നദീതടത്തിൽ, ഒരേ ജലസ്രോതസ്സിനെ ആശ്രയിച്ച്, വിവിധ ആവശ്യങ്ങൾ നിറവേറ്റേണ്ടിവരുമ്പോൾ, അവ തമ്മിലുള്ള മുൻഗണനകളും സമന്വയവും വ്യക്തമായി നിർവചിക്കപ്പെടണം. ജലസേചനത്തിനായി സംഭരിക്കുന്ന ജലം, അതേ സമയം പ്രളയ നിയന്ത്രണത്തിനും ഭൂഗർഭജല പുനഃപൂരണത്തിനും എങ്ങനെ സഹായകരമാകാമെന്ന ചോദ്യമാണ് ഇവിടെ ഉയരുന്നത്.

ജലനയം

ഈ പശ്ചാത്തലത്തിലാണ്, കേരളത്തിൽ പുതിയ ജലനയം രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ ശക്തമായത്. ജലം ഒരു പൊതു വിഭവമാണെന്നും, അതിന്റെ വിനിയോഗം സാമൂഹികനീതിയും പരിസ്ഥിതി സുസ്ഥിരതയും ഉറപ്പാക്കണമെന്നും ഉള്ള ആശയമാണ് ഈ നയത്തിന്റെ അടിത്തറ. കൃഷി, വ്യവസായം, നഗരവൽക്കരണം എന്നിവയുടെ ജലാവശ്യങ്ങൾ തമ്മിലുള്ള സമതുലിതാവസ്ഥ ഉറപ്പാക്കുക എന്നത്, ജലസേചന നയത്തിന്റെ ഒരു പ്രധാന ഘടകമായി മാറുന്നു. അതിനൊപ്പം, അന്തർസംസ്ഥാന നദികളുമായി ബന്ധപ്പെട്ട അവകാശങ്ങൾ സംരക്ഷിക്കുന്നതും, ലഭ്യമായ ജലവിഹിതം പരമാവധി പ്രയോജനപ്പെടുത്തുന്നതും പുതിയ ജലനയത്തിന്റെ നിർണായക ലക്ഷ്യങ്ങളാണ്.

നദീതട അധിഷ്ഠിത മാനേജ്മെന്റിന്റെ ഏറ്റവും വലിയ സവിശേഷത, ഭരണകൂടത്തിന്റെ മാത്രം ഇടപെടലിൽ ഒതുങ്ങാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയ പങ്കാളിത്തത്തെയും ഉൾക്കൊള്ളുന്നതാണ്. ഒരു നദിയുടെ ആരോഗ്യം നിലനിർത്തുന്നത്, അതിന്റെ തീരങ്ങളിൽ ജീവിക്കുന്ന ജനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. മണൽ ഖനനം, ഭൂമിയുപയോഗ മാറ്റങ്ങൾ, മാലിന്യ നിക്ഷേപം ഇവയെല്ലാം നിയന്ത്രിക്കാൻ, നിയമനിർമാണത്തിനൊപ്പം സാമൂഹിക ബോധവൽക്കരണവും അനിവാര്യമാണ്.

ഇങ്ങനെ, കേരളത്തിലെ ജലസേചന വികസനം ഒരു പുതിയ തലത്തിലേക്ക് മാറുകയാണ്. ജലത്തെ വെറും കാർഷിക ഇൻപുട്ടായി കാണുന്ന സമീപനത്തിൽ നിന്ന്, ഒരു സമഗ്ര സാമൂഹ്യ–പരിസ്ഥിതി വിഭവമായി കാണുന്ന ദർശനത്തിലേക്കുള്ള മാറ്റമാണ് നടക്കുന്നത്. നദീതടങ്ങളെ ആധാരമാക്കിയുള്ള ഈ ദർശനം, ജലസേചനത്തിനും കുടിവെള്ളത്തിനും പ്രളയ നിയന്ത്രണത്തിനും ഒരുപോലെ ഗുണകരമായ ഒരു പാതയാണ് തുറക്കുന്നത്.

ജലസേചനത്തിന്റെ കാര്യക്ഷമത

കേരളത്തിലെ ജലസേചന വികസനത്തിന്റെ അടുത്ത ഘട്ടം സാങ്കേതിക ഘടനകളെക്കാൾ കൂടുതൽ സ്ഥാപനപരമായ പരിഷ്കാരങ്ങളിലാണ് ആശ്രയിക്കുന്നത്. അണക്കെട്ടുകളും കനാലുകളും നിർമ്മിച്ചാൽ മാത്രം ജലസേചനം ഫലപ്രദമാകില്ലെന്ന തിരിച്ചറിവ്, കഴിഞ്ഞ അനുഭവങ്ങൾ ശക്തമായി മുന്നോട്ട് വെച്ചിട്ടുണ്ട്. ജലം എപ്പോൾ, എത്ര, എങ്ങനെ വിതരണം ചെയ്യണം എന്ന തീരുമാനങ്ങൾ എടുക്കുന്ന ഭരണസംവിധാനങ്ങളാണ്, യഥാർത്ഥത്തിൽ, ജലസേചന സംവിധാനങ്ങളുടെ വിജയവും പരാജയവും നിർണ്ണയിക്കുന്നത്.

കേരളത്തിലെ ജലസേചന ഭരണസംവിധാനം ചരിത്രപരമായി അതീവ കേന്ദ്രീകൃതമായിരുന്നു. അണക്കെട്ടുകളുടെ പ്രവർത്തനം മുതൽ കനാലുകളിലെ ജലവിതരണം വരെ, ഭൂരിഭാഗം തീരുമാനങ്ങളും വകുപ്പുതലത്തിൽ നിന്നാണ് കൈക്കൊണ്ടിരുന്നത്. കർഷകർ പലപ്പോഴും ജലത്തിന്റെ ഉപഭോക്താക്കളായി മാത്രം നിലനിന്നു; ജലവിതരണത്തെക്കുറിച്ചുള്ള തീരുമാനങ്ങളിൽ അവരുടെ പങ്ക് പരിമിതമായിരുന്നു. ഈ മാതൃക, വലിയ കൃഷിയിടങ്ങൾ ആധിപത്യം പുലർത്തുന്ന ചില സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചേക്കാമെങ്കിലും, ചെറിയ കൃഷിയിടങ്ങളും സാമൂഹിക വൈവിധ്യവും ഉള്ള കേരളത്തിൽ അതിന്റെ പരിമിതികൾ വ്യക്തമായി പ്രകടമായി.

പങ്കാളിത്ത ജലസേചന മാനേജ്മെന്റ്

ഈ പശ്ചാത്തലത്തിലാണ്, പങ്കാളിത്ത ജലസേചന മാനേജ്മെന്റ് എന്ന ആശയം പ്രാധാന്യമാർജ്ജിച്ചത്. ജലസേചന സംവിധാനങ്ങളുടെ പ്രവർത്തനത്തിലും പരിപാലനത്തിലും കർഷകരെ നേരിട്ട് പങ്കാളികളാക്കുക എന്നതാണ് ഈ സമീപനത്തിന്റെ കാതൽ. ജലം ഒരു സർക്കാർ സേവനമായി മാത്രമല്ല, ഒരു കൂട്ടായ സാമൂഹിക വിഭവമായി കൈകാര്യം ചെയ്യുമ്പോഴാണ്, അതിന്റെ വിനിയോഗത്തിൽ ഉത്തരവാദിത്തവും കാര്യക്ഷമതയും വർധിക്കുന്നത്.

കേരളത്തിൽ പങ്കാളിത്ത ജലസേചന മാനേജ്മെന്റ് നിയമപരമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, പ്രായോഗിക തലത്തിൽ അതിന്റെ പ്രവർത്തനം ഒരുപോലെ ശക്തമായിട്ടില്ല. വാട്ടർ യൂസേഴ്സ് അസോസിയേഷനുകൾ പല പദ്ധതികളിലും രൂപീകരിച്ചെങ്കിലും, അവയുടെ പ്രവർത്തനം പലപ്പോഴും കനാലുകളുടെ ചെറിയ ഭാഗങ്ങളിലേക്കോ ഔപചാരിക യോഗങ്ങളിലേക്കോ ഒതുങ്ങിപ്പോയി. യഥാർത്ഥ ജലവിതരണ തീരുമാനങ്ങളിൽ ഇടപെടാനുള്ള അധികാരവും സാങ്കേതിക അറിവും ഇവയ്ക്ക് പരിമിതമായിരുന്നു. അതിനാൽ തന്നെ, പങ്കാളിത്തം പലപ്പോഴും പ്രതീകാത്മകമായിത്തീർന്നു.

ഇതിൽനിന്ന് മുന്നോട്ട് പോകാൻ, വാട്ടർ യൂസേഴ്സ് അസോസിയേഷനുകളുടെ പങ്ക് പുനർനിർവചിക്കേണ്ടതുണ്ട്. അവയെ വെറും ഗുണഭോക്തൃ സമിതികളായി കാണാതെ, ജലസേചന സംവിധാനങ്ങളുടെ സഹഭരണ സ്ഥാപനങ്ങളായി ഉയർത്തിക്കൊണ്ടുവരികയാണ് വെല്ലുവിളി. കനാൽ ശൃംഖലകളുടെ പരിപാലനം, ചെറു അറ്റകുറ്റപ്പണികൾ, ജലവിതരണ സമയക്രമത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ എന്നിവയിൽ യഥാർത്ഥ അധികാരം നൽകുമ്പോഴാണ്, കർഷകർ ജലസേചന സംവിധാനത്തെ സ്വന്തം സംവിധാനമായി കാണാൻ തുടങ്ങുന്നത്. ഇതിന്, സാങ്കേതിക പരിശീലനവും സാമ്പത്തിക പിന്തുണയും ഒരുപോലെ ആവശ്യമാണ്.

പങ്കാളിത്ത ജലസേചന മാനേജ്മെന്റിന്റെ ഒരു പ്രധാന ഗുണം, പ്രാദേശിക വൈവിധ്യങ്ങളെ മാനിക്കുന്നതാണ്. ഒരേ കനാലിലൂടെ ജലം ഒഴുകുമ്പോഴും, അതിന്റെ മുകളിലും താഴെയും ഉള്ള കൃഷിയിടങ്ങളുടെ ആവശ്യങ്ങൾ വ്യത്യസ്തമായിരിക്കും. വിളകളുടെ സ്വഭാവം, മണ്ണിന്റെ ഗുണം, ഭൂമിശാസ്ത്രപരമായ സ്ഥാനം - ഇവയെല്ലാം ജലാവശ്യത്തെ സ്വാധീനിക്കുന്നു. കേന്ദ്രതലത്തിൽ നിന്നുള്ള ഏകീകൃത ഉത്തരവുകൾക്ക് പകരം, പ്രാദേശിക അറിവും അനുഭവവും ചേർന്ന തീരുമാനങ്ങളാണ് ഇത്തരം സാഹചര്യങ്ങളിൽ കൂടുതൽ ഫലപ്രദം.

ഡിജിറ്റൽ സാങ്കേതികവിദ്യ

ഈ സ്ഥാപനപരമായ പരിഷ്കാരങ്ങളുടെ അടുത്ത ഘട്ടം, ഡിജിറ്റൽ സാങ്കേതികതകളുടെ പ്രയോഗവുമായി ബന്ധപ്പെട്ടതാണ്. ഇന്ന്, ജലസേചന മാനേജ്മെന്റ് ലോകമെമ്പാടും ഡാറ്റ അധിഷ്ഠിതമായി മാറുകയാണ്. Irrigation Management Systems എന്നറിയപ്പെടുന്ന സംവിധാനങ്ങൾ, ജലത്തിന്റെ ലഭ്യത, ആവശ്യകത, വിതരണം എന്നിവയെല്ലാം കൃത്യമായി നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. സെൻസറുകൾ, റിയൽ-ടൈം ഡാറ്റ, പ്രവചന മാതൃകകൾ എന്നിവയുടെ സഹായത്തോടെ, "ശരിയായ സമയത്ത് ശരിയായ അളവിൽ ജലം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയും.

കേരളത്തിന്റെ സാഹചര്യത്തിൽ, ഇത്തരം സാങ്കേതികതകൾക്ക് പ്രത്യേക പ്രസക്തിയുണ്ട്. ചെറുനദികളും പരിമിത സംഭരണ ശേഷിയും ഉള്ള സംസ്ഥാനത്ത്, ജലത്തിന്റെ ഓരോ യൂണിറ്റും മൂല്യമുള്ളതാണ്. റിസർവോയറുകളിലെ ജലനില, മഴ പ്രവചനങ്ങൾ, കനാൽ ശൃംഖലകളിലെ പ്രവാഹം ഒക്കെ ഒരേ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിക്കുമ്പോൾ, ജലസേചന തീരുമാനങ്ങൾ കൂടുതൽ ശാസ്ത്രീയമാകുന്നു. ഇത്, പ്രളയ നിയന്ത്രണത്തിനും വരൾച്ച മാനേജ്മെന്റിനും ഒരുപോലെ സഹായകരമാണ്.

എന്നാൽ, സാങ്കേതികതകൾ മാത്രം മതിയാകില്ല. ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനകരമാകാൻ, അവയെ ഉപയോഗിക്കുന്ന മനുഷ്യശേഷിയും അത്രതന്നെ പ്രധാനമാണ്. ജലവിഭവ വകുപ്പിലെ ജീവനക്കാരും കർഷക സംഘടനകളും ഈ സാങ്കേതികതകളെ മനസ്സിലാക്കി പ്രയോഗിക്കാൻ കഴിയണം. അതിനാൽ, പരിശീലനവും ശേഷിവികസനവും ജലസേചന പരിഷ്കാരങ്ങളുടെ കേന്ദ്രഘടകമായി മാറണം. സാങ്കേതിക പരിഷ്കാരങ്ങൾ സാമൂഹിക പരിഷ്കാരങ്ങളോട് ചേർന്നു നിൽക്കുമ്പോഴാണ്, അവ ദീർഘകാലം നിലനിൽക്കുന്നത്.

ഇവിടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കും നിർണായകമാണ്. ജലസേചനവും കുടിവെള്ളവും ഭൂമിയുപയോഗവും തമ്മിലുള്ള ബന്ധം ഏറ്റവും വ്യക്തമായി കാണുന്നത് പ്രാദേശിക തലത്തിലാണ്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ജലസേചന സംവിധാനങ്ങളുടെ പ്രവർത്തനത്തിൽ സജീവമായി ഇടപെടുമ്പോൾ, നദീതട അധിഷ്ഠിത മാനേജ്മെന്റും പങ്കാളിത്ത ഭരണവും തമ്മിലുള്ള ബന്ധം ശക്തമാകുന്നു. ജലസംരക്ഷണം, കൃഷി, പരിസ്ഥിതി സംരക്ഷണം - ഇവയെല്ലാം ഒരേ ഭരണപരമായ ചട്ടക്കൂടിൽ സംയോജിപ്പിക്കാൻ ഇത് സഹായിക്കുന്നു.

IV
അടുത്ത അഞ്ച് വർഷത്തെ ലക്ഷ്യങ്ങൾ

കേരളത്തിലെ ജലസേചന വികസനം ഒരു നിർണായക സ്ഥാപനപരമായ വഴിത്തിരിവിലാണ്. വലിയ അണക്കെട്ടുകളുടെയും കനാലുകളുടെയും കാലഘട്ടം കഴിഞ്ഞിട്ടില്ല. എന്നാൽ അവയെ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഭരണസംവിധാനങ്ങളാണ് ഇനി നിർണ്ണായകം. പങ്കാളിത്തം, സാങ്കേതികത, പ്രാദേശിക അറിവ്—ഇവയുടെ സംയോജനത്തിലൂടെയാണ്, ജലസേചന വികസനം സാമൂഹികമായി നീതിയുള്ളതും സാമ്പത്തികമായി കാര്യക്ഷമവും പരി

സ്ഥിതിപരമായി സുസ്ഥിരവുമായ ഒരു ദിശയിലേക്ക് നീങ്ങുന്നത്.

കേരളത്തിന്റെ ജലസേചനവും ജലവിഭവ വികസനവും ഇനി പുനരാലോചനയുടെ ഘട്ടം പിന്നിട്ട് ദീർഘകാല ദർശനത്തിന്റെ ഘട്ടത്തിലേക്ക് കടക്കുകയാണ്. ജലം ഒരു മേഖലയ്ക്ക് മാത്രമുള്ള ഇൻപുട്ടായി കാണുന്ന സമീപനം മാറണം. കൃഷി, കുടിവെള്ളം, വ്യവസായം, ഊർജ്ജം, പരിസ്ഥിതി സംരക്ഷണം എന്നിവയെല്ലാം തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സമഗ്ര സാമൂഹ്യ വിഭവമായാണ് ജലത്തെ ഇനി കാണേണ്ടത്. ഈ ദർശനത്തിന്റെ കേന്ദ്രത്തിലാണ് ജലസേചനം; കാരണം കാർഷിക ഉത്പാദനവും ഗ്രാമീണ ജീവിതവും നേരിട്ട് ജലലഭ്യതയുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ജലവിഭവ വികസനം ഇനി "വിതരണം വർധിപ്പിക്കൽ" എന്ന ഒറ്റ ലക്ഷ്യത്തിലേക്ക് ചുരുങ്ങരുത്. പകരം, ജലത്തിന്റെ ഉപയോഗക്ഷമത വർധിപ്പിക്കുക, നഷ്ടങ്ങൾ കുറയ്ക്കുക, വിവിധ ആവശ്യങ്ങൾക്കിടയിൽ നീതിയുള്ള വിഭജനം ഉറപ്പാക്കുക -- ഇവയെല്ലാം ഒരുപോലെ പ്രാധാന്യമാർജ്ജിക്കണം. ജലസേചനത്തിന്റെ കാര്യത്തിൽ, ഇതിന്റെ അർത്ഥം കൂടുതൽ ഹെക്ടറുകളിലേക്ക് ജലം എത്തിക്കുക എന്നതിലുപരി, ഓരോ ഹെക്ടറിലും ഉപയോഗിക്കുന്ന ജലത്തിന്റെ മൂല്യം വർധിപ്പിക്കുക എന്നതാണ്.

കാലാവസ്ഥാ വ്യതിയാനം ഈ ദർശനത്തിന് അടിയന്തരത നൽകുന്ന ഘടകമാണ്. കേരളത്തിൽ മഴയുടെ ആകെ അളവ് വലിയ മാറ്റം കാണിക്കാതിരുന്നാലും, മഴയുടെ തീവ്രതയും വിതരണ രീതിയും ഗണ്യമായി മാറുന്നുവെന്നത് വ്യക്തമാണ്. ചുരുങ്ങിയ സമയത്ത് അതിശക്തമായ മഴയും, തുടർന്ന് നീണ്ട വരൾച്ചകാലങ്ങളും പുതിയ സാധാരണ പ്രതിഭാസങ്ങളാണ്. ഈ സാഹചര്യത്തിൽ, ജലസേചന സംവിധാനങ്ങൾ മുൻകാലത്തെ പോലെ സ്ഥിരമായ കാലാവസ്ഥാ മാതൃകകളെ ആശ്രയിച്ച് പ്രവർത്തിക്കാൻ കഴിയില്ല. അവ കൂടുതൽ വഴക്കമുള്ളതും പ്രതികരണക്ഷമവുമായിരിക്കണം.

ഇത് കാർഷിക പുനസംഘടനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിലെ കൃഷി ഇന്ന് വലിയ മാറ്റങ്ങളിലൂടെ കടന്നുപോകുകയാണ്. പരമ്പരാഗത നെല്ല് കൃഷിയുടെ വിസ്തൃതി കുറഞ്ഞു; പകരം, തോട്ടവിളകളും വാണിജ്യ വിളകളും പ്രാധാന്യം നേടി. ഈ വിളകളുടെ ജലാവശ്യങ്ങൾ വ്യത്യസ്തമാണ്, അതുപോലെ തന്നെ അവയുടെ സാമ്പത്തിക മൂല്യവും. ജലസേചന നയം ഈ മാറ്റങ്ങളെ ഉൾക്കൊള്ളുമ്പോഴാണ്, ജലം ഉത്പാദനക്ഷമതയുടെ ഉപാധിയായി മാറുന്നത്. ഈ പശ്ചാത്തലത്തിലാണ് മൈക്രോ–ഇറിഗേഷൻ, പ്രിസിഷൻ ഫാർമിംഗ്, ഫെർട്ടിഗേഷൻ എന്നിവയെല്ലാം പ്രാധാന്യമാർജ്ജിക്കുന്നത്.

അതേസമയം, ജലസേചന വികസനം കാർഷിക മേഖലയിലേക്കു മാത്രം ഒതുങ്ങുന്നില്ല. ഗ്രാമീണ-നഗര അതിർത്തികൾ മങ്ങിപ്പോകുന്ന കേരളത്തിൽ, കുടിവെള്ളത്തിന്റെയും കൃഷിയുടെയും ആവശ്യങ്ങൾ ഒരേ ജലസ്രോതസ്സുകളിൽ നിന്ന് നിറവേറ്റേണ്ടി വരുന്നു. ഈ സാഹചര്യത്തിൽ, ജലസേചന പദ്ധതികൾ ബഹുമുഖ വികസന ഘടകങ്ങളായി രൂപാന്തരപ്പെടണം. ഒരു അണക്കെട്ട് അല്ലെങ്കിൽ കനാൽ, കൃഷിയിടങ്ങൾക്ക് ജലം നൽകുന്നതോടൊപ്പം, കുടിവെള്ള സുരക്ഷയും ഭൂഗർഭജല പുനഃപൂരണമുമാണ് ഉറപ്പാക്കേണ്ടത്. ഇതാണ് പുതിയ "മൾട്ടി–പർപ്പസ്" സമീപനം.

ഭാവിയിലെ ജലസേചന വികസനത്തിന്റെ മറ്റൊരു നിർണായക ഘടകം, നദീതട അധിഷ്ഠിത ആസൂത്രണത്തിന്റെ സ്ഥാപനവൽക്കരണമാണ്. ഓരോ നദീതടത്തിനും വ്യത്യസ്തമായ സാമൂഹിക–പരിസ്ഥിതി സ്വഭാവമുണ്ട്. ഈ വൈവിധ്യം അംഗീകരിക്കാതെ, ഏകീകൃത മാതൃകകൾ പ്രയോഗിച്ചാൽ, ജലവിഭവ വികസനം പ്രതിസന്ധിയിലാകും. അതിനാൽ, നദീതട തലത്തിൽ തയ്യാറാക്കുന്ന സമഗ്ര പദ്ധതികളും, അവ നടപ്പിലാക്കാൻ കഴിയുന്ന സ്ഥാപന സംവിധാനങ്ങളും കേരളത്തിന്റെ ജല-ആസൂത്രണത്തട്ടിന്റെ അടിത്തറയാകണം . ഇതിലൂടെ, ജലസേചനം പ്രളയ നിയന്ത്രണത്തോടും പരിസ്ഥിതി സംരക്ഷണത്തോടും ചേർന്ന് പ്രവർത്തിക്കുന്ന ഒരു സംയുക്ത സംവിധാനമായി മാറും. ഈ ദർശനത്തിന്റെ വിജയത്തിന്, ജനകീയ പങ്കാളിത്തം അനിവാര്യമാണ്. ജലസേചന സംവിധാനങ്ങൾ എത്രത്തോളം ആധുനികമായാലും, അവ ഉപയോഗിക്കുന്ന ജനങ്ങളുടെ ബോധവും പങ്കാളിത്തവുമില്ലാതെ സുസ്ഥിരത കൈവരിക്കാനാവില്ല.

ഇവയെല്ലാം ചേർന്ന്, കേരളത്തിന്റെ ജലസേചന-ജലവിഭവ നയം പുതിയ ഒരു സമതുലിതാവസ്ഥ തേടുകയാണ്. സമൃദ്ധമായ മഴയുള്ള സംസ്ഥാനമെന്ന അഭിമാനം മാത്രം മതിയാകില്ല. ആ മഴയെ എങ്ങനെ സംഭരിക്കുന്നു, എങ്ങനെ വിനിയോഗിക്കുന്നു, എങ്ങനെ സംരക്ഷിക്കുന്നു എന്നതാണ് നിർണായകം. കഴിഞ്ഞ ദശകത്തിലെ അനുഭവങ്ങൾ കാണിക്കുന്നത്, നീണ്ടുനിന്ന പദ്ധതികൾ പൂർത്തിയാക്കുമ്പോൾ കേരളത്തിന് വലിയ നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് ആണ്. അതുപോലെ തന്നെ, ചെറിയ ഇടപെടലുകളും സ്ഥാപനപരമായ പരിഷ്കാരങ്ങളും ചേർന്നാൽ, ജലസേചന വികസനം കൂടുതൽ ആഴവും വ്യാപ്തിയും കൈവരിക്കും.

അവസാനമായി, കേരളത്തിലെ ജലസേചനവും ജലവിഭവ വികസനവും ഒരു സാങ്കേതിക കഥ മാത്രമല്ല. അത് സാമൂഹ്യ നീതിയുടെയും പരിസ്ഥിതി ഉത്തരവാദിത്വത്തിന്റെയും വികസന ദർശനത്തിന്റെയും കഥയാണ്. കൃഷിയിടങ്ങളിൽ ജലം എത്തിക്കുന്നത്, കർഷകന്റെ വരുമാനം വർധിപ്പിക്കുന്നതിനൊപ്പം, ഗ്രാമീണ സമൂഹങ്ങളുടെ സ്ഥിരതയും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നു. നദികളും കുളങ്ങളും കനാലുകളും സംരക്ഷിക്കുന്നത്, ഭാവി തലമുറകൾക്ക് ജീവിക്കാൻ കഴിയുന്ന ഒരു പരിസ്ഥിതി കൈമാറുന്നതിന്റെ ഭാഗമാണ്. ഈ രണ്ട് ലക്ഷ്യങ്ങളും ഒരുമിച്ച് കൈവരിക്കുന്നിടത്താണ്, കേരളത്തിന്റെ ജലസുരക്ഷയും വികസനവും യഥാർത്ഥ അർത്ഥത്തിൽ സാക്ഷാത്കരിക്കുക.

8

മൃഗപരിപാലനമേഖല

കേരളത്തിന്റെ കാർഷിക-ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലും ഗ്രാമീണ ജനതയുടെ ഉപജീവനത്തിന്റെ ആണിക്കല്ലുമാണ് മൃഗസംരക്ഷണ മേഖല. കേവലമൊരു തൊഴിൽ എന്നതിലുപരി ഒരു സംസ്കാരമായി കാർഷികവൃത്തി കൊണ്ടുനടക്കുന്ന കേരളത്തിൽ, മൃഗസംരക്ഷണം നൽകുന്ന ഉപജീവന സുരക്ഷയും പോഷകാഹാര പിന്തുണയും നിസ്തുലമാണ്. കാലാവസ്ഥാ വ്യതിയാനങ്ങളും വിലത്തകർച്ചയും മൂലം കാർഷിക വിളകൾ പ്രതിസന്ധി നേരിടുമ്പോൾ, കർഷകന് പിടിച്ചുനിൽക്കാനുള്ള ഒരേയൊരു ആശ്രയമായി പലപ്പോഴും മാറുന്നത് വീട്ടിലെ പശുവും ആടും കോഴിയുമൊക്കെയാണ്.

I
കേരളത്തിന്റെ പ്രത്യേകത

കേരളത്തിലെ കന്നുകാലി വളർത്തൽ രീതികൾ, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. വൻകിട ഫാമുകൾക്ക് പകരം, തൊഴിലില്ലാത്തവർ, വീട്ടമ്മമാർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവർ നയിക്കുന്ന ചെറുകിട-വീട്ടു മുറ്റത്തെ കൃഷിയാണ് (Homestead Farming) നമ്മുടെ ശക്തി. ശക്തമായ സഹകരണ പ്രസ്ഥാനങ്ങൾ, ഉയർന്ന സാക്ഷരത, സ്ത്രീകളുടെ സജീവ പങ്കാളിത്തം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ എന്നിവ ഈ മേഖലയ്ക്ക് സവിശേഷമായ കരുത്ത് നൽകുന്നു.

എങ്കിലും, മറ്റ് സംസ്ഥാനങ്ങളിലെ സാഹചര്യവുമായി താരതമ്യം ചെയ്യുമ്പോൾ ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ എണ്ണം സപ്പോർട്ടിംഗ് സിസ്റ്റവുമായി താരതമ്യപ്പെടുത്തുമ്പോൾ ആനുപാതികമല്ല എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടും, കുറഞ്ഞ ഉൽപ്പാദനക്ഷമത, തീറ്റയുടെയും പുല്ലിന്റെയും രൂക്ഷമായ ദൗർലഭ്യം, അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനങ്ങൾ, പുതിയ തരം രോഗങ്ങളുടെ കടന്നുകയറ്റം, വനാതിർത്തികളിൽ വർദ്ധിച്ചുവരുന്ന വന്യജീവി സംഘർഷം, കുതിച്ചുയരുന്ന ഇൻപുട്ട് ചെലവുകൾ തുടങ്ങിയ വെല്ലുവിളികൾ ഈ മേഖലയെ ശ്വാസം മുട്ടിക്കുന്നുണ്ട്.

കേരളത്തിലെ മൃഗസംരക്ഷണ മേഖലയെ കർഷകരുടെ സമൃദ്ധി, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സുസ്ഥിരത എന്നിവ ഉറപ്പാക്കുന്ന, സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു സ്വയംപര്യാപ്ത സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുക എന്നതാണ് നമ്മുടെ ലക്ഷ്യം. കേവലമായ ഉൽപ്പാദന വർദ്ധനവിനപ്പുറം, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, തനത് ജനുസ്സുകളെ സംരക്ഷിക്കുക, കർഷക കൂട്ടായ്മകളിലൂടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നയങ്ങളിലും പരിപാടികളിലും 'വൺ ഹെൽത്ത്' (One Health) തത്വങ്ങൾ സമന്വയിപ്പിക്കുക എന്നിങ്ങനെയുള്ള വികസന കാഴ്ചപ്പാടാണ് നാം മുന്നോട്ട് വെക്കുന്നത്.

ലഘു അവലോകനം

2025-ലെ 21-ാമത് കന്നുകാലി സെൻസസ് പ്രകാരം കേരളത്തിലെ പശുക്കളുടെ ശരാശരി പ്രതിദിന പാൽ ഉൽപ്പാദനം 11.20 ലിറ്ററായി വർദ്ധിച്ചു എന്നത് അഭിമാനകരമായ നേട്ടമാണ്. പാൽ ചുരത്തുന്ന ആറ് ലക്ഷത്തിലധികം പശുക്കളുള്ളതിനാൽ ആകെ ഉൽപ്പാദനത്തിൽ പ്രതിദിനം ഏകദേശം ആറ് ലക്ഷം ലിറ്ററിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. സങ്കരയിനം പശുക്കളുടെ വ്യാപനവും ശാസ്ത്രീയമായ പരിപാലന രീതികളും ഇതിന് സഹായിച്ചു.

എങ്കിലും, ഐ.സി.എം.ആർ (ICMR) നിർദ്ദേശിക്കുന്ന അളവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പ്രതിശീർഷ പാൽ ഉപഭോഗം (197 മില്ലി/പ്രതിദിനം) ഇപ്പോഴും കുറവാണ്. വർദ്ധിച്ചുവരുന്ന ജനസംഖ്യയും ജീവിതശൈലീ മാറ്റങ്ങളും കണക്കിലെടുക്കുമ്പോൾ ഡിമാൻഡ്-സപ്ലൈ വിടവ് നികത്താൻ പ്രാദേശിക ഉൽപ്പാദനം ഇനിയും ഗണ്യമായി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. മുട്ട, മാംസം എന്നിവയുടെ ഉപയോഗവും വർദ്ധിച്ചുവരികയാണ്. ആരോഗ്യ ബോധമുള്ള ഒരു പുതിയ സമൂഹം ഗുണമേന്മയുള്ളതും വിഷരഹിതവുമായ ഉൽപ്പന്നങ്ങൾ ആഗ്രഹിക്കുന്നു.

ഈ മേഖലയുടെ കരുത്ത് എന്നത് മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (KLDB), വെറ്ററിനറി സർവകലാശാല (KVASU), മിൽമ, കേരള ഫീഡ്സ്, കെപ്കോ, മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ (MPI), കുടുംബശ്രീ എന്നിവരടങ്ങുന്ന വിപുലമായ ശൃംഖലയാണ്. എന്നാൽ, പലപ്പോഴും ഈ ഏജൻസികൾക്കിടയിലുള്ള ഏകോപനമില്ലായ്മയും പദ്ധതികളുടെ ആവർത്തനവും കാര്യക്ഷമത കുറയ്ക്കുന്നു. ഒരേ ഗുണഭോക്താവിന് തന്നെ പല വഴികളിലൂടെ ആനുകൂല്യങ്ങൾ ലഭിക്കുകയും, അർഹരായ പലരും പുറത്തുപോവുകയും ചെയ്യുന്ന അവസ്ഥയുമുണ്ട്. ഫലാധിഷ്ഠിതമായ ഭരണവും ഏകോപനവും ശക്തിപ്പെടുത്തുക എന്നതാണ് അടിയന്തിരമായി ചെയ്യേണ്ട കാര്യം.

II
സ്വാതന്ത്ര്യവ്യാപാരകരാറുകൾ

കേരളത്തിന്റെ ക്ഷീരമേഖല, ഇന്ത്യൻ കാർഷിക സമ്പദ്വ്യവസ്ഥയിലെ ഏറ്റവും സാമൂഹികമായി ഉൾക്കൊള്ളുന്ന മേഖലയിലൊന്നാണ്. ചെറുകിട കർഷകർ, ഭൂമിയില്ലാത്ത ഗ്രാമീണ കുടുംബങ്ങൾ, സ്ത്രീകൾ—പ്രത്യേകിച്ച് കുടുംബശ്രീ പോലുള്ള സഹകരണ–സമൂഹ ശൃംഖലകളിൽ പ്രവർത്തിക്കുന്നവർ—എന്നിവരാണ് ഈ മേഖലയിലെ പ്രധാന ഉൽപ്പാദകർ. ഈ ഘടന, ഉയർന്ന സബ്സിഡി ലഭിക്കുന്ന, വൻതോതിലുള്ള കോർപ്പറേറ്റ് ക്ഷീര ഉൽപ്പാദന സംവിധാനങ്ങളോട് മത്സരിക്കാൻ രൂപകൽപ്പന ചെയ്തതല്ല. ഇത്തരമൊരു പശ്ചാത്തലത്തിൽ, Regional Comprehensive Economic Partnership (RCEP) പോലുള്ള വൻ സ്വതന്ത്ര വ്യാപാര കരാറുകളിൽ ഇന്ത്യ ചേരുന്നത്, കേരളത്തിന്റെ ക്ഷീരമേഖലയ്ക്ക് ഘടനാപരമായ ഒരു ഭീഷണിയാണ്. ഓസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് കുറഞ്ഞ ചെലവിൽ ഉൽപ്പാദിപ്പിക്കുന്ന പാൽപ്പൊടി, വെണ്ണ, ചീസ് തുടങ്ങിയ ഉൽപ്പന്നങ്ങൾ കുറഞ്ഞ തീരുവയിൽ ഇന്ത്യൻ വിപണിയിൽ പ്രവേശിച്ചാൽ, കേരളത്തിലെ ചെറുകിട ക്ഷീരകർഷകർക്ക് വിലസ്ഥിരത നിലനിർത്തുക അസാധ്യമാകും. ഇവിടെ "സ്വതന്ത്ര മത്സരം" എന്ന വാദം അടിസ്ഥാനപരമായി തെറ്റിദ്ധരിപ്പിക്കുന്നതാണ്; കാരണം, ഒരു വശത്ത് സാമൂഹിക ഉപജീവനമായി നിലനിൽക്കുന്ന ചെറുകിട ക്ഷീരകൃഷിയും, മറുവശത്ത് സർക്കാർ പിന്തുണയുള്ള വ്യവസായിക ക്ഷീര കോർപ്പറേഷനുകളും തമ്മിലുള്ള മത്സരം സമവായപരമല്ല.

ക്ഷീരമേഖലയിലെ സ്വതന്ത്ര വ്യാപാരത്തിന്റെ അപകടസാധ്യതകൾ വെറും വില ഇടിവിലോ വരുമാന നഷ്ടത്തിലോ ഒതുങ്ങുന്നില്ല. പാൽ വിലയിൽ സ്ഥിരത നഷ്ടപ്പെടുമ്പോൾ, ചെറുകിട ഉൽപ്പാദകർ പശുക്കളുടെ പരിപാലനത്തിൽ നിന്ന് പിന്മാറുകയും, മൃഗസംരക്ഷണത്തിൽ നിക്ഷേപം കുറയുകയും ചെയ്യും. ഇത് ഗ്രാമീണ മേഖലയിലെ തൊഴിൽ നഷ്ടത്തിന് കാരണമാകും, കൂടാതെ സ്ത്രീകളുടെ സാമ്പത്തിക സ്വയംഭദ്രതയ്ക്ക് തിരിച്ചടി നേരിടുകയും അതോടൊപ്പം, ഗ്രാമീണ പോഷകസുരക്ഷ ദുർബലമാക്കുന്നതിനും വഴിവയ്ക്കും. ക്ഷീര സഹകരണ സംഘങ്ങൾ—കേരളത്തിൽ മിൽമ പോലുള്ള സ്ഥാപനങ്ങൾ—വിപണി സ്ഥിരതയ്ക്കും ഉൽപ്പാദകരുടെ ചർച്ചാശക്തിക്കും ഒരു പ്രതിരോധ കവചമായാണ് പ്രവർത്തിച്ചിട്ടുള്ളത്. എന്നാൽ, സ്വതന്ത്ര വ്യാപാര കരാറുകൾ ഈ സഹകരണ ഘടനകളെ "മത്സര വിരുദ്ധം" എന്ന ഭാഷയിൽ അപകീർത്തിപ്പെടുത്തുമ്പോൾ, യഥാർത്ഥത്തിൽ സംരക്ഷിക്കപ്പെടുന്നത് വലിയ കോർപ്പറേറ്റ് ക്ഷീര മൂലധനത്തിന്റെ താൽപ്പര്യങ്ങളാണ്. ഇതുവഴി, ക്ഷീരമേഖലയിൽ നിലവിലുള്ള സാമൂഹിക ഉൽപ്പാദന ബന്ധങ്ങൾ തകരുകയും, വിപണി നിയന്ത്രണം ക്രമേണ സ്വകാര്യ, ആഗോള കമ്പനികളുടെ കൈകളിലേക്ക് മാറുകയും ചെയ്യാനുള്ള അപകടം വർധിക്കുന്നു.

യൂറോപ്പും അമേരിക്കയുമായുള്ള കരാറുകൾ

ഇതേ പശ്ചാത്തലത്തിലാണ്, യൂറോപ്യൻ യൂണിയനുമായും അമേരിക്കയുമായും, ഇന്ത്യ ഒപ്പ് വെച്ചിട്ടുള്ള പുതിയ സ്വതന്ത്ര വ്യാപാര കരാറുകൾ കേരളത്തിന്റെ ക്ഷീരമേഖലയെ സംബന്ധിച്ച് ഗൗരവമായ ആശങ്ക ഉയർത്തുന്നത്. യൂറോപ്പിലും അമേരിക്കയിലും ശക്തമായ സബ്സിഡികളും സാങ്കേതിക പിന്തുണയും ലഭിക്കുന്ന ക്ഷീരമേഖല, അത്യന്തം മൂലധന–സാന്ദ്രമായ വ്യവസായ മേഖലയാണ്. ഈ രാജ്യങ്ങളിലെ ഉൽപ്പന്നങ്ങൾക്ക് ഇന്ത്യൻ വിപണിയിൽ കൂടുതൽ പ്രവേശനം ലഭിച്ചാൽ അതിന്റെ ഭീമമായ സാമൂഹിക ചെലവ് കേരളത്തിലെ ഗ്രാമീണ സമ്പദ്വ്യവസ്ഥ വഹിക്കേണ്ടിവരും.

ഇത് ഒരു നിഷ്പക്ഷ വ്യാപാര തീരുമാനമല്ല; മറിച്ച്, ക്ഷീരമേഖലയെ ഒരു സാമൂഹിക ഉപജീവന സംവിധാനത്തിൽ നിന്ന് മാറ്റി, ആഗോള കാർഷിക–ഭക്ഷ്യ കോർപ്പറേഷനുകളുടെ ലാഭചക്രത്തിലേക്ക് ലയിപ്പിക്കുന്ന ഒരു നയപരമായ തിരഞ്ഞെടുപ്പാണ്. അതിനാൽ, കേരളത്തിന്റെ അനുഭവങ്ങൾ മുന്നറിയിപ്പായി നിലകൊള്ളുന്നു: ക്ഷീരമേഖലയെ സംരക്ഷിക്കാതെ, ഗ്രാമീണ തൊഴിലിനും പോഷക സുരക്ഷയ്ക്കും മുൻഗണന നൽകാതെ നടപ്പാക്കുന്ന സ്വതന്ത്ര വ്യാപാര കരാറുകൾ, വികസനമല്ല—അത് ഗ്രാമീണ സമൂഹങ്ങളുടെ അടിസ്ഥാന സാമ്പത്തിക ഘടനയ്ക്കെതിരായ ഒരു ഘടനാപരമായ ഭീഷണിയാണ്.

ഈ രേഖയിൽ അവതരിപ്പിച്ചിരിക്കുന്ന കാർഷിക-ക്ഷീരമേഖലയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ, കേരളത്തിന്റെ നയചർച്ചകളെ വെറും മേഖലാപരമായ പ്രതിസന്ധികളായി മാത്രം കാണാൻ അനുവദിക്കുന്നില്ല. സ്വതന്ത്ര വ്യാപാര കരാറുകൾ കാർഷിക-ക്ഷീര ഉൽപ്പാദന മേഖലകളിൽ സൃഷ്ടിക്കുന്ന വില അസ്ഥിരത, വരുമാന അനിശ്ചിതത്വം, ഉൽപ്പാദകരുടെ ശക്തി ചോർന്നുപോകൽ—ഇവയെല്ലാം ചേർന്ന്, കേരളത്തിന്റെ ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ സാമൂഹിക അടിത്തറയെ തന്നെ ദുർബലമാക്കുന്ന ഘടനാപരമായ സമ്മർദ്ദങ്ങളായി മാറുന്നു. അതിനാൽ, കാർഷിക-ക്ഷീര നയം എന്നതിനെ ഉൽപ്പാദന വർധനയോ വിപണി കാര്യക്ഷമതയോ മാത്രം ലക്ഷ്യമിടുന്ന സാങ്കേതിക നയമായി ചുരുക്കാനാവില്ല; മറിച്ച്, അത് ഭക്ഷ്യസുര

ക്ഷ, ഗ്രാമീണ തൊഴിൽ, സ്ത്രീകളുടെ സാമ്പത്തികാവസ്ഥ, സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പ്, പരിസ്ഥിതി സുസ്ഥിരത എന്നിവയെ ഒരേസമയം സംരക്ഷിക്കുന്ന ഒരു രാഷ്ട്രീയ–സാമ്പത്തിക ചട്ടക്കൂടായി രൂപപ്പെടുത്തേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ്, കേരളത്തിന്റെ കാർഷിക–ക്ഷീര നയങ്ങളെ ആഗോള വ്യാപാര ഭരണകൂടത്തിന്റെ നിയന്ത്രണങ്ങളുമായി സംവദിപ്പിക്കുകയും, അതിനുള്ളിൽ തന്നെ സംസ്ഥാന തലത്തിൽ ലഭ്യമായ നയാവകാശങ്ങൾ (policy space) തിരിച്ചറിയുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം ഈ പഠന കോൺഗ്രസ് ചർച്ച ചെയ്യുന്നത്.

ഗോവധ നിരോധനം

ഇന്ത്യയിൽ സമീപ വർഷങ്ങളിൽ ശക്തിപ്പെട്ട ഗോവധ നിരോധനവും കന്നുകാലി വ്യാപാരത്തിനുമേൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും, കേരളത്തിന്റെ മൃഗ സംരക്ഷണ–ക്ഷീര സമ്പദ്‌വ്യവസ്ഥയെ ആഴത്തിൽ പ്രതികൂലമായി ബാധിച്ച ഘടനാപരമായ ഇടപെടലുകളാണ്. കന്നുകാലികളെ പാലിനായി മാത്രമല്ല, അവയുടെ ഉൽപ്പാദനചക്രം അവസാനിക്കുന്ന ഘട്ടത്തിൽ സാമ്പത്തിക മൂല്യമായി തിരിച്ചെടുക്കുന്ന ഒരു സമഗ്ര ലൈവ്സ്റ്റോക്ക് സമ്പദ്ഘടനയായാണ് കേരളം ചരിത്രപരമായി ആശ്രയിച്ചിരുന്നത്. എന്നാൽ, ഇന്ത്യയിൽ ഗോവധവുമായി ബന്ധപ്പെട്ട നിയമങ്ങളും ഭരണപരമായ നിയന്ത്രണങ്ങളും കർശനമായതോടെ, ഉൽപ്പാദനക്ഷമത കുറഞ്ഞ പശുക്കളെ വിറ്റഴിക്കാൻ കഴിയാത്ത അവസ്ഥ കേരളത്തിലെ ക്ഷീരകർഷകരും നേരിടുന്നു.

ഇതിന്റെ ഫലമായി, മൃഗസംരക്ഷണ ചെലവ് വർധിക്കുകയും, പാൽ ഉൽപ്പാദനത്തിന്റെ ലാഭകരത കുറയുകയും, ചെറുകിട കർഷകർ പശുപാലനത്തിൽ നിന്ന് പിന്മാറുകയും ചെയ്യുന്നു. മാത്രമല്ല, കേരളത്തിലെ അറവുശാലകളിലേക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാൻ കഴിയേണ്ട കന്നുകാലികളുടെ വരവിനെയും ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കന്നുകാലി വിപണികളുടെ അനൗപചാരികവൽക്കരണവും, ഗതാഗതവും വ്യാപാരവും സംബന്ധിച്ച ഭീതിവാതാവരണമുണ്ടാക്കുന്ന രാഷ്ട്രീയ അന്തരീക്ഷവും, മൃഗസംരക്ഷണത്തെ ഒരു സാമ്പത്തിക പ്രവർത്തനത്തിൽ നിന്ന് അപകടസാധ്യത നിറഞ്ഞ ഉപജീവനമായി മാറ്റിയിട്ടുണ്ട്.

ഈ നിയന്ത്രണങ്ങളെ മൃഗക്ഷേമമോ ഭക്ഷ്യസുരക്ഷയോ മുൻനിർത്തിയുള്ള നയങ്ങളായി കാണാനാവില്ല; മറിച്ച്, കാർഷിക–ക്ഷീര സമ്പദ്വ്യവസ്ഥയുടെ യാഥാർത്ഥ്യങ്ങളെ അവഗണിച്ചുകൊണ്ട്, ലൈവ്സ്റ്റോക്ക് സമ്പദ്ഘടനയെ ആശ്രയിക്കുന്ന സംസ്ഥാനങ്ങളുടെ ഉപജീവന ഘടനകളെ ദുർബലമാക്കുന്ന ഒരു കേന്ദ്രീകൃത രാഷ്ട്രീയ ഇടപെടലായാണ് ഇവയെ വിലയിരുത്തേണ്ടത്.

III

മേഖല നേരിടുന്ന ഘടനാപരമായ പ്രശ്നങ്ങൾ

- ലഭ്യതയും പ്രജനന പ്രശ്നങ്ങളും: ഉൽപ്പാദനക്ഷമത കൂടിയ മൃഗങ്ങളെ കർഷകർ അന്വേഷിക്കുന്നുണ്ടെങ്കിലും അവ സംസ്ഥാനത്ത് ആവശ്യത്തിന് ലഭ്യമല്ല. ഉയർന്ന വില നൽകി കർണാടക, തമിഴ്നാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്ന് കന്നുകാലികളെ കൊണ്ട് വരേണ്ടി വരുന്നു. ഇത് പലപ്പോഴും കന്നുകാലിജന്യ രോഗങ്ങൾ സംസ്ഥാനത്തേക്ക് കടന്നുവരുന്നതിന് കാരണമാകുന്നു. കൃത്രിമ ബീജസങ്കലനം (Artificial Insemination) സാർവത്രികമാണെങ്കിലും ഗർഭധാരണ നിരക്ക് (Conception Rate) ഇപ്പോഴും ആശാവഹമല്ല. പലതവണ കൃത്രിമ ബീജസങ്കലനം നടത്തേണ്ടി വരുന്നത് കർഷകർക്ക് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു. പ്രജനന ഫലങ്ങളുടെ ശാസ്ത്രീയമായ നിരീക്ഷണം അപര്യാപ്തമാണ്. കൂടാതെ, കുറഞ്ഞ പാൽ ലഭ്യത കാരണം ആദ്യ പ്രസവത്തിന് ശേഷം കന്നുകാലികളെ ഒഴിവാക്കുന്ന പ്രവണതയും കർഷകർക്കിടയിലുണ്ട്.
- തീറ്റയുടെയും പുല്ലിന്റെയും ദൗർലഭ്യം: മൃഗ സംരക്ഷണ മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി തീറ്റച്ചെലവാണ്. പശുക്കൾക്ക് ആവശ്യമായ പരുഷാഹാരത്തിന്റെ (Roughages) 60 ശതമാനം മാത്രമേ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. നെൽക്കൃഷിയുടെ കുറവ് വൈക്കോൽ ലഭ്യതയെ ബാധിച്ചു. കർഷകരുടെ കൈവശമുള്ള സ്ഥലപരിമിതി കാരണം പുൽക്കൃഷി വ്യാപകമാക്കാൻ കഴിയുന്നില്ല. കന്നുകാലിത്തീറ്റ (Silage) നിർമ്മാണത്തിലെ പോരായ്മകളും, ഉയർന്ന സാന്ദ്രീകൃത തീറ്റച്ചെലവും ഉൽപ്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നു. ശാസ്ത്രീയമായ പുൽക്കൃഷി രീതികളും മണ്ണ് പരിപാലനവും കർഷകർക്കിടയിൽ കുറവാണ്.
- രോഗബാധയും സാമ്പത്തിക നഷ്ടവും: അകിടുവീക്കം (Mastitis) ക്ഷീരമേഖലയിൽ വലിയ ഉൽപ്പാദന നഷ്ടമുണ്ടാക്കുന്നു. പലപ്പോഴും രോഗം ഭേദമായാലും പഴയ ഉൽപ്പാദനക്ഷമത തിരികെ ലഭിക്കാറില്ല. സമീപകാലത്തായി കണ്ടുവരുന്ന ലംപി സ്കിൻ ഡിസീസ് (LSD), ഹീമോപ്രോട്ടോസോവൻ രോഗങ്ങൾ എന്നിവയും കർഷകർക്ക് കനത്ത സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു. ഫീൽഡ് തലത്തിൽ ആധുനിക രോഗനിർണ്ണയ സംവിധാനങ്ങളുടെ (PCR പോലുള്ളവ) കുറവ്, രോഗം നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും തടസ്സമാകുന്നു.
- പ്രോത്സാഹന സംവിധാനങ്ങളുടെ പോരായ്മ: നിലവിലെ സർക്കാർ സബ്സിഡികൾ പലപ്പോഴും ഫ്ലാറ്റ്-റേറ്റ് (Flat-rate) അടിസ്ഥാനത്തിലാണ്. ഇവ കർഷകന്റെ ഉൽപ്പാദനക്ഷമതയുമായോ ഉൽപ്പന്നത്തിന്റെ ഗുണനിലവാരവുമായോ ബന്ധിപ്പിച്ചിട്ടില്ല. വെച്ചൂർ പശു പോലുള്ള തനത് ജനുസ്സുകളെ

സംരക്ഷിക്കുന്നവർക്ക് നൽകുന്ന പ്രോത്സാഹനം നാമമാത്രമാണ്.

- പദ്ധതി നടത്തിപ്പിലെ പരാജയം: വിവിധ ഏജൻസികൾ ഒരേ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് വിഭവങ്ങളുടെ ദുരുപയോഗത്തിന് കാരണമാകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും തമ്മിലുള്ള ഏകോപനമെച്ചപ്പെടുത്തേണ്ടതുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ രാഷ്ട്രീയ ഇടപെടലുകൾക്കപ്പുറം അർഹതയ്ക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്.
- വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾ: വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ ഈ മേഖലയ്ക്ക് കഴിഞ്ഞിട്ടില്ല. മൊബൈൽ ആപ്പുകളുടെ ഉപയോഗം കുറവായതിനാൽ തത്സമയ വിവരശേഖരണവും (Real-time data collection), കർഷകർക്കുള്ള വിദഗ്ധ ഉപദേശങ്ങളും പരിമിതമാണ്.
- വനാതിർത്തികളിലെ വന്യജീവി ശല്യം: കാടുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ വന്യജീവി ആക്രമണം നിത്യസംഭവമാണ്. പുലി, കടുവ, കാട്ടുപന്നി എന്നിവ വളർത്തുമൃഗങ്ങളെ ആക്രമിക്കുന്നത് കർഷകരെ ഈ മേഖലയിൽ നിന്ന് പിന്തിരിപ്പിക്കുന്നു. സുരക്ഷിതമായ കൂടുകളുടെയും ഫെൻസിംഗിന്റെയും കുറവ് ഈ പ്രശ്നം രൂക്ഷമാക്കുന്നു.
- ചെറുകിട സംരഭങ്ങള്ആയ ആട് വളർത്തല്, മുയൽ വളർത്തല്എന്നിവക്കുള്ള പ്രോത്സാഹന പദ്ധതികളുടെ കുറവ്. ഇവയ്ക്കുള്ള പ്രത്യേക ഇനം തീറ്റപുല്ലിന്റെ കൃഷി ഇല്ലായ്മ. വിപണി സംയോജനമില്ലായ്മ.

പുതിയ പദ്ധതികളും ഇടപെടലുകളും

- വെറ്ററിനറി ആരോഗ്യ സേവനങ്ങൾ: സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും രാത്രികാല വെറ്ററിനറി സേവനം (വൈകുന്നേരം 6 മുതൽ രാവിലെ 6 വരെ) ഉറപ്പാക്കിയത് കർഷകർക്ക് വലിയ ആശ്വാസമാണ്. മൊബൈൽ വെറ്ററിനറി യൂണിറ്റുകളും, കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിലെ ടെലി-വെറ്ററിനറി യൂണിറ്റുകളും സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്നു. SIAD, Thiruvalla Lab തുടങ്ങിയ ലാബുകൾക്ക് NABL അംഗീകാരം ലഭിച്ചത് രോഗനിർണ്ണയത്തിന്റെ നിലവാരം ഉയർത്തി.
- പ്രജനനം: പശുക്കിടാങ്ങൾക്കുള്ള തീറ്റ സബ്സിഡി പദ്ധതി (ഗോവർദ്ധിനി) പരിഷ്കരിച്ചു. ഡിജിറ്റൽ സർവകലാശാലയുമായി ചേർന്ന് കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് വികസിപ്പിച്ച 'ADAPT' സോഫ്റ്റ്വെയർ ബ്രീഡിംഗ് ഡാറ്റാ മാനേജ്മെന്റ് എളുപ്പമാക്കും. കുടപ്പനക്കുന്നിൽ IISER-മായി ചേർന്ന് സ്ഥാപിച്ച ജീനോമിക് റിസർച്ച് ലാബും, മാട്ടുപ്പെട്ടിയിലെ ഭ്രൂണമാറ്റ (Embryo Transfer) പദ്ധതിയും സാങ്കേതിക മുന്നേറ്റങ്ങളാണ്.
- ക്ഷീരമേഖല: കേരള ഫീഡ്സ് ചെറുകിട കർഷകർക്കായി ചെറിയ ബാഗുകൾ വിപണിയിലിറക്കി. മിൽമയുടെ റീബ്രാൻഡിംഗ് വിപണി വിപുലീകരണത്തിന് സഹായിച്ചു. പാൽ വില ഇൻസെന്റീവ്, പുൽക്കൃഷി വികസനം എന്നിവ കർഷകർക്ക് കൈത്താങ്ങാണ്.
- മാംസ മേഖല: മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ (MPI) ക്ക് HACCP ISO സർട്ടിഫിക്കേഷൻ ലഭിച്ചത് കയറ്റുമതി സാധ്യതകൾ തുറക്കുന്നു. കുടുംബശ്രീയുടെ 'കേരള ചിക്കൻ' പദ്ധതി കോർപ്പറേറ്റ് കുത്തകകൾക്കെതിരായ ജനകീയ ബദലായി മാറി. 2024-25 കാലയളവിൽ 105 കോടി രൂപയുടെ വിറ്റുവരവ് നേടിയത് ഇതിന്റെ വിജയമാണ്.
- നയപരമായ മാറ്റങ്ങൾ: പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കർഷകർക്ക് അനുകൂലമായ ഭേദഗതികൾ വരുത്തി. കന്നുകാലി ഇൻഷുറൻസ് പദ്ധതിയിൽ 65,000 രൂപ വരെയുള്ള പരിരക്ഷയും, കർഷകർക്ക് അപകട മരണത്തിന് 5 ലക്ഷം രൂപ വരെയുള്ള സഹായവും നൽകുന്നത് സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നു.

IV

ഉടനടി ആരംഭിക്കേണ്ട ഭാവി പ്രവർത്തനങ്ങൾ

- പ്രജനന സംവിധാനം: പരമ്പരാഗത രീതികൾക്ക് പകരം ജനിതക പരിശോധനയിലൂടെ (Genomic Selection) മികച്ച കാളക്കുട്ടികളെ നേരത്തെ കണ്ടെത്തുക. ഇതിലൂടെ വംശവർദ്ധനവിന്റെ ഇടവേള കുറയ്ക്കാനും (Generation Interval), ഉയർന്ന ഉൽപ്പാദനശേഷിയുള്ള തലമുറയെ സൃഷ്ടിക്കാനും സാധിക്കും.
- തീറ്റപ്പുൽ കൃഷിയും വിതരണവും: തരിശുഭൂമികൾ പാട്ടത്തിനെടുത്ത് പുൽക്കൃഷി വ്യാപകമാക്കുക. ബ്ലോക്ക് തലത്തിൽ തീറ്റ ബാങ്കുകൾ (Fodder Banks) സ്ഥാപിച്ച് ക്ഷാമകാലത്ത് വിതരണ ശ്രേണി വഴി ലഭ്യത ഉറപ്പാക്കുക. തീറ്റപ്പുൽ വിതരണ ശൃംഖലയിൽ വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് സുതാര്യത ഉറപ്പാക്കുക. മഴ ലഭിക്കുന്ന സമയത്ത് പുൽ ലഭ്യത വളരെ കൂടുതലാണ്. ഈ സമയത്ത് കമ്പ്ളീറ്റ് ഫീഡ്-സൈലേജ് (Ensiled TMR) സാങ്കേതിക വിദ്യ വികസിപ്പിച്ച് നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
- ആരോഗ്യ പരിപാലനം: മനുഷ്യന്റെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന 'വൺ ഹെൽത്ത്' (One Health) സമീപനം എല്ലാ പദ്ധതികളിലും സ്വീകരിക്കുക. രോഗം നേരത്തെ കണ്ടെത്താൻ ഡിജിറ്റൽ സർവൈലൻസ് സംവിധാനങ്ങൾ ഉപയോഗിക്കുക.
- വനാതിർത്തി മാനേജ്മെന്റ്: വനാതിർത്തികളിൽ വന്യജീവി പ്രതിരോധ വേലികൾക്കും, വന്യമൃഗ

ങ്ങൾക്ക് തകർക്കാൻ കഴിയാത്ത ബലമുള്ള കൂടുകൾക്കും പ്രത്യേക സബ്സിഡി നൽകുക. ജി.ഐ.എസ് (GIS) ഉപയോഗിച്ച് വന്യജീവി ആക്രമണ സാധ്യതയുള്ള മേഖലകൾ മാപ്പ് ചെയ്യുകയും നഷ്ടപരിഹാര പദ്ധതികൾ വേഗത്തിലാക്കുകയും ചെയ്യുക.

- ഡിജിറ്റലൈസേഷൻ (ICT): കന്നുകാലികളുടെ തത്സമയ രജിസ്ട്രേഷനും, രോഗം റിപ്പോർട്ട് ചെയ്യാനും, വെറ്ററിനറി സേവനങ്ങൾ ബുക്ക് ചെയ്യാനും സമഗ്രമായ മൊബൈൽ ആപ്പുകൾ വികസിപ്പിക്കുക.
- ഇൻസെന്റീവ് പുനഃക്രമീകരണം: സർക്കാർ സഹായങ്ങൾ കേവലം മൃഗത്തെ വാങ്ങാൻ മാത്രമല്ല, മറിച്ച് ഉൽപ്പാദനക്ഷമതയുമായി (Output linked) ബന്ധിപ്പിക്കുക. തനത് ജനുസ്സുകളെ സംരക്ഷിക്കുന്നവർക്ക് പ്രത്യേക പാക്കേജുകൾ നൽകുക.
- അടിസ്ഥാന സൗകര്യങ്ങൾ: ജനറിക് വെറ്ററിനറി മരുന്നുകളുടെ വിതരണ ശൃംഖല (Supplyco മാതൃകയിൽ) ആരംഭിക്കുക. തരിശുഭൂമി ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കി 'പ്രത്യേക ലൈവ്സ്റ്റോക്ക് സോണുകൾ' (Special Livestock Zones) പ്രഖ്യാപിക്കുക.
- സാങ്കേതിക വിദ്യ: പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഫാം തലത്തിൽ തന്നെ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുക. കമേഴ്സ്യൽ ഡയറി ഫാമുകളെ വ്യവസായങ്ങളായി പരിഗണിച്ച് വെർട്ടിക്കൽ ഇന്റഗ്രേഷൻ (Vertical Integration) നടപ്പിലാക്കുക. ഐ.എസ്.ഒ (ISO), HACCP സർട്ടിഫിക്കേഷനുകൾ ഫാമുകൾക്ക് നിർബന്ധമാക്കുക. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക്ചെയിൻ തുടങ്ങിയ സാങ്കേതിക വിദ്യകൾ സപ്ലൈ ചെയിനിൽ ഉപയോഗിക്കുക.
- ഇക്കോസിസ്റ്റം സർവീസ് റോയൽറ്റി: പരിസ്ഥിതി സംരക്ഷണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കാനും സഹായിക്കുന്ന, ജൈവകൃഷി രീതികൾ പിന്തുടരുന്ന കന്നുകാലി കർഷകർക്ക് 'ഇക്കോസിസ്റ്റം സർവീസ് റോയൽറ്റി' നൽകുക.
- കേരള ഫോഡർ ആൻഡ് ലൈവ്സ്റ്റോക്ക് സർവീസസ് കമ്പനി: ക്ലീൻ കേരള കമ്പനി മാതൃകയിൽ തീറ്റപ്പുൽ ഉൽപ്പാദനത്തിനും വിതരണത്തിനുമായി ഒരു പ്രത്യേക കമ്പനി (Special Purpose Vehicle) രൂപീകരിക്കുക.

കോഴി വളർത്തൽ മേഖലയ്ക്കുള്ള നിർദ്ദേശങ്ങൾ

വൻകിട കുത്തക കമ്പനികൾക്ക് പകരം ജനപങ്കാളിത്തത്തോടെയുള്ള ചെറുകിട യൂണിറ്റുകൾക്ക് മുൻഗണന നൽകണം. 'കേരള ചിക്കൻ' പദ്ധതി 5,000 യൂണിറ്റുകളിലേക്ക് വ്യാപിപ്പിച്ച് വിപണി ഇടപെടൽ ശക്തമാക്കണം. ഉൽപ്പാദനച്ചെലവിനനുസരിച്ചുള്ള താങ്ങുവില (MSP) കോഴികൾക്ക് നിശ്ചയിക്കണം. കോഴിത്തീറ്റ വില നിയന്ത്രിക്കാൻ സബ്സിഡി നൽകുകയോ, പൊതുമേഖലയിൽ തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കുകയോ വേണം. മാളയിലെ സർക്കാർ തീറ്റ ഫാക്ടറി നവീകരിക്കണം. കോഴി വളർത്തൽ മേഖലയെ ഏകോപിപ്പിക്കാൻ ഒരു 'പൗൾട്രി ഡെവലപ്മെന്റ് അതോറിറ്റി' രൂപീകരിക്കണം.

ഭാവിപ്രവർത്തനങ്ങൾ

ഉൽപ്പാദനത്തിൽ നിന്ന് മൂല്യവർദ്ധനവിലേക്ക്: കേവലം പാൽ, മുട്ട, ഇറച്ചി എന്നിവ ഉൽപ്പാദിപ്പിക്കുക എന്നതിലുപരി, അവയെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി (Value Added Products) മാറ്റുന്നതിലായിരിക്കണം വരുംകാല ശ്രദ്ധ. പാലിനെ പാലായി മാത്രം വിൽക്കാതെ, തൈര്, നെയ്യ്, ചീസ്, പനീർ, ഫ്ലേവേർഡ് മിൽക്ക്, ഐസ്ക്രീം തുടങ്ങിയ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ചെറുകിട യൂണിറ്റുകൾ കുടുംബശ്രീയുടെയും സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ ഓരോ പഞ്ചായത്തിലും ആരംഭിക്കണം. ഇതിനായി മിൽമയെയും മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യയെയും നവീകരിച്ച് ആഗോള വിപണിയിൽ മത്സരിക്കാൻ പ്രാപ്തരാക്കണം. "ബ്രാന്റഡ് കേരള" എന്ന പേരിൽ ഈ ഉൽപ്പന്നങ്ങളെ വിദേശ വിപണിയിൽ എത്തിക്കണം.

സഹകരണ-പൊതുമേഖലാ ശാക്തീകരണം: കോർപ്പറേറ്റ് ഭീമന്മാരുടെ (ഉദാഹരണത്തിന് അമുൽ പോലുള്ള അന്യസംസ്ഥാന സഹകരണങ്ങൾ അല്ലെങ്കിൽ വൻകിട സ്വകാര്യ കമ്പനികൾ) കടന്നുകയറ്റത്തെ പ്രതിരോധിക്കാൻ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തണം. 'കേരള ചിക്കൻ' മാതൃകയിൽ, ആട് ഗ്രാമം, പോത്ത് ഗ്രാമം, മുയൽ ഗ്രാമം തുടങ്ങിയ പദ്ധതികൾ സഹകരണ അടിസ്ഥാനത്തിൽ നടപ്പിലാക്കണം. ഇടനിലക്കാരില്ലാതെ കർഷകന് നേരിട്ട് ഉപഭോക്താവിലേക്ക് എത്താൻ കഴിയുന്ന 'ഫാർമേഴ്സ് മാർക്കറ്റുകൾ' (Farmers' Markets) ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി സജ്ജമാക്കണം.

വൺ ഹെൽത്ത് & പൊതുജനാരോഗ്യം: മനുഷ്യാരോഗ്യം മൃഗങ്ങളുടെ ആരോഗ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ കർശനമായ പരിശോധനകൾ ഏർപ്പെടുത്തണം. ആന്റിബയോട്ടിക് മുക്തമായ (Antibiotic-free) പാൽ, മുട്ട, ഇറച്ചി എന്നിവ ഉൽപ്പാദിപ്പിക്കുന്നവർക്ക് പ്രത്യേക സർട്ടിഫിക്കേഷനും ഉയർന്ന വിലയും ലഭ്യമാക്കണം. ജന്തുജന്യ രോഗങ്ങളെ (മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്നവ) തടയാൻ വെറ്ററിനറി വകുപ്പും ആരോഗ്യ വകുപ്പും ചേർന്നുള്ള സംയുക്ത നിരീക്ഷണ സംവിധാനം ബ്ലോക്ക് തലത്തിൽ സ്ഥാപിക്കണം.

വിദ്യാഭ്യാസവും നൈപുണ്യ വികസനവും: മൃഗസംരക്ഷണ മേഖലയിലെ വിദ്യാഭ്യാസം പാഠപുസ്തകങ്ങളിൽ ഒതുങ്ങാതെ പ്രായോഗിക തലത്തിലേക്ക് മാറണം. വെറ്ററിനറി സർവകലാശാലകൾ കേവലം ഡോക്ടർമാരെ സൃഷ്ടിക്കുന്നതിന് പകരം 'വെറ്ററിനറി സംരംഭകരെ' (Veterinary Entrepreneurs) സൃഷ്ടിക്കു

ന്നതിലേക്ക് മാറണം. സ്കൂൾ തലത്തിൽ തന്നെ കുട്ടികൾക്ക് മൃഗപരിപാലനത്തിൽ താൽപ്പര്യമുണ്ടാക്കാൻ 'സ്കൂൾ പൗൾട്രി ക്ലബ്ബുകൾ', 'ഡയറി ക്ലബ്ബുകൾ' എന്നിവ ആരംഭിക്കണം. വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിച്ച് ആധുനിക ഫാം മാനേജ്മെന്റ്, ഡയറി ടെക്നോളജി എന്നിവയിൽ പരിശീലനം നൽകണം.

പരിസ്ഥിതി സൗഹൃദ മാതൃകകൾ: ആഗോളതാപനത്തിന് കാരണമാകുന്ന മീഥെയ്ൻ വാതക ഉൽസർജ്ജനം കുറയ്ക്കുന്ന തരം തീറ്റക്രമങ്ങൾ (Scientific feeding) വികസിപ്പിക്കണം. അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന 'വേസ്റ്റ് ടു എനർജി' (Waste to Energy) പ്ലാന്റുകൾ എല്ലാ മുനിസിപ്പാലിറ്റികളിലും സ്ഥാപിക്കണം. ചാണകം, മൂത്രം എന്നിവയിൽ നിന്ന് മൂല്യവർദ്ധിത വളങ്ങൾ, ബയോഗ്യാസ് എന്നിവ ഉൽപ്പാദിപ്പിച്ച് കർഷകന് അധിക വരുമാനം ഉറപ്പാക്കണം.

സാമൂഹിക സുരക്ഷയും തൊഴിൽ അവകാശങ്ങളും: ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക്, ന്യായമായ കൂലിയും സാമൂഹിക സുരക്ഷയും ഉറപ്പാക്കണം. കർഷക പെൻഷൻ തുക കാലാനുസൃതമായി വർദ്ധിപ്പിക്കണം. ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ ആനുകൂല്യങ്ങൾ നൽകണം. തൊഴിലുറപ്പ് പദ്ധതിയെ (MNREGS) മൃഗസംരക്ഷണ മേഖലയുമായി കൂടുതൽ കാര്യക്ഷമമായി ബന്ധിപ്പിച്ച്, തൊഴുത്ത് നിർമ്മാണം, പുൽക്കൃഷി എന്നിവയ്ക്ക് കൂലി നൽകുന്ന സംവിധാനം ശക്തിപ്പെടുത്തണം.

ഗവേഷണവും വികസനവും (R&D): കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ, ഉയർന്ന രോഗപ്രതിരോധ ശേഷിയും ഉൽപ്പാദനക്ഷമതയുമുള്ള പുതിയ ഇനം കന്നുകാലികളെയും കോഴികളെയും വികസിപ്പിക്കാൻ വെറ്ററിനറി സർവകലാശാലയിൽ 'സെന്റർ ഓഫ് എക്സലൻസ്' സ്ഥാപിക്കണം. നാടൻ ജനുസ്സുകളുടെ ജനിതക ഘടന മാപ്പ് ചെയ്ത് അവയുടെ തനിമ നിലനിർത്തിക്കൊണ്ടുതന്നെ ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ഗവേഷണങ്ങൾ നടത്തണം.

കേരളത്തിലെ ശുദ്ധമായ സാഹചര്യങ്ങളിൽ നിന്നു ഉത്പാദിപ്പിക്കുന്ന ശുദ്ധമായ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുക.

ആവശ്യമായ കോഴി, ആട്, മുയൽ തുടങ്ങിയവ ലഭ്യമാക്കുന്നതിന് വിത്ത് ഉത്പാദന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക.

പുതിയ സംരംഭം തുടങ്ങാനായി വാടകയ്ക്ക് സൗകര്യം ലഭ്യമാക്കുന്നതിന് അനിമൽ ഹസ്ബൻഡ്രി പാർക്കുകൾ പരീക്ഷണ അടിസ്ഥാനത്തിൽ ആരംഭിക്കുക.

ഉപസംഹാരം

കേരളത്തിന്റെ കന്നുകാലി വളർത്തൽ മേഖല സവിശേഷമായ ഒരു ജൈവവ്യവസ്ഥയാണ്. വൻകിട മുതലാളിത്ത മാതൃകകൾക്ക് പകരം, ചെറുകിട കർഷകരുടെ കൂട്ടായ്മകളും, സഹകരണ പ്രസ്ഥാനങ്ങളും, ശക്തമായ പൊതു വെറ്ററിനറി സംവിധാനങ്ങളും ചേർന്നുള്ള ഒരു ജനകീയ മാതൃകയാണ് നമുക്ക് ആവശ്യം. നിലവിലുള്ള വെല്ലുവിളികളെ ശാസ്ത്രീയമായ ആസൂത്രണത്തിലൂടെയും, കർഷക കേന്ദ്രീകൃതമായ നയങ്ങളിലൂടെയും, ഇച്ഛാശക്തിയുള്ള രാഷ്ട്രീയ തീരുമാനങ്ങളിലൂടെയും മറികടക്കാൻ നമുക്ക് സാധിക്കും. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുക മാത്രമല്ല, സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുന്ന ഒരു മാതൃകാ സംസ്ഥാനമായി മാറ്റുക എന്നത് കൂടിയാണ് ലക്ഷ്യം. അതിനായി കർഷകനും, ശാസ്ത്രജ്ഞനും, ഭരണകൂടവും കൈകോർത്ത് മുന്നേറേണ്ടതുണ്ട്.

9

മത്സ്യമേഖല

കേരളത്തിന്റെ മത്സ്യബന്ധന സമ്പദ്‌വ്യവസ്ഥ, പരമ്പരാഗത മത്സ്യതൊഴിലാളികളും ചെറുകിട യന്ത്രവത്കൃത ബോട്ടുകളും തീരദേശ സമൂഹങ്ങളും ചേർന്ന് നിലനിർത്തുന്ന, തൊഴിൽ–സാന്ദ്രവും സാമൂഹിക മായി ഉൾക്കൊള്ളുന്നതുമായ ഒരു ഉപജീവന സംവിധാനമാണ്. 590 കിലോമീറ്റർ നീളമുള്ള കടലോരം, 2.18 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പ്രത്യേക സാമ്പത്തിക മേഖലാ കടൽപ്രദേശം (EEZ), കൂടാതെ ഏകദേശം 3.62 ലക്ഷം ഹെക്ടർ വിസ്തൃതിയുള്ള നദികൾ, ഓരു ജലാശയങ്ങൾ, ജലസംഭരണികൾ, പാടശേഖരങ്ങൾ, പൊക്കാളി നിലങ്ങൾ, കോൾ നിലങ്ങൾ, ശുദ്ധജല തടാകങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് കേരളത്തിന്റെ ജലസമ്പത്ത്.

അതോടൊപ്പം ഏതൊരു വികസന അന്വേഷണത്തിന്റെയും തുടക്കത്തിൽ തന്നെ എടുത്തു പറയേണ്ടുന്ന ഒരു കാര്യം കേരളത്തിലെ വികസന മുഖ്യധാരയിൽ പങ്ക്ചേരാൻ ആവാതെപോയ വലിയൊരു വിഭാഗം മത്സ്യത്തൊഴിലാളികളിൽ ഉണ്ട്. കേരളത്തിലെ പ്രതിശീർഷാവരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമേ മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം വരൂ. മാനവ വികസന സൂചിക എടുത്താലും മത്സ്യമേഖല കേരളത്തിന്റെ പൊതുവായ നേട്ടത്തിന്റെ പുറകിലാണ്. വിദ്യാഭ്യാസ - ആരോഗ്യ സൂചകങ്ങളിലും ഈ പിന്നോക്കാവസ്ഥ കാണാം. ഈ അവസ്ഥയെയുദ്ധകാലാടിസ്ഥാനത്തിൽ മറികടക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഇതിന് വലിയ വിലങ്ങുതടിയാണ് കടൽ മത്സ്യമേഖലയിലെ വിഭവ ചോഷണവും അതിന്റെ ഫലമായി ഉൽപ്പാദന വളർച്ചയിൽ ഉണ്ടായിട്ടുള്ള മാന്ദ്യവും.

I
വിഭവശോഷണവും സുസ്ഥിര വികസനം നേരിടുന്ന വെല്ലുവിളികളും

കേരളത്തിന്റെ മത്സ്യോൽപാദനം 1951 ൽ 0.75 ലക്ഷം ടണ്ണായിരുന്നത് 1973 ൽ 4.48 ലക്ഷം ടണ്ണായും ട്രോളിംഗ് നിരോധനത്തിന് ശേഷം 2006-07 ൽ 6.70 ലക്ഷം ടണ്ണായും വർദ്ധിച്ചു. അതിനുശേഷം ഉൽപാദന രംഗം പൊതുവിൽ മുരടിപ്പിലാണ്. ഇതിന്റെ ഫലമായി ഇന്ത്യയുടെ ആകെ മത്സ്യോൽപാദനത്തിൽ കേരളത്തിന്റെ വിഹിതം കുറഞ്ഞു. 2002-03 ൽ 8 % ആയിരുന്ന വിഹിതം ഇന്ന് 5% മാത്രമേ വരൂ. എന്നാൽ ഇന്നും ദേശീയ കടൽ മത്സ്യോൽപ്പാദനത്തിന്റെ 11 - 13% കേരളത്തിൽ നിന്നാണ്.

കേരളത്തിൽ ആകെ മത്സ്യോൽപാദനത്തിന്റെ 60% ത്തിനുമേൽ കടൽ മത്സ്യബന്ധമേഖലയുടെ സംഭാവനയാണ്. എന്നാൽ ദേശീയതലത്തിൽ ഇത് 40 ശതമാനത്തിൽ താഴെയാണ്.

വിഭവശോഷണം

കടൽമത്സ്യം 'പൊതുസ്വത്താ'യതുകൊണ്ടും കടലിൽ എല്ലാവർക്കും 'തുറന്ന പ്രവേശന അവകാശ'മുള്ളതുകൊണ്ടും കൈയിൽ കാശുള്ള ആർക്കുവേണമെങ്കിലും ഈ മേഖലം മേഖലയിൽ മുതൽമുടക്കി മത്സ്യബന്ധനം നടത്തുന്നതിന് അവകാശമുണ്ട്. മത്സ്യമേഖലയിലുണ്ടായ യന്ത്രവൽക്കരണത്തെ തുടർന്ന് പുറമെ നിന്നുള്ളവർ ഈ മേഖലയിൽ നിക്ഷേപം നടത്തി ബോട്ടുകളുടെ ഉടമകളായി മാറി. ആവശ്യത്തിലധികമുള്ള മത്സ്യ ബന്ധനയാനങ്ങളുടെ പ്രവർത്തനം വിഭവശോഷണത്തിലേയ്ക്ക് നയിക്കുകയും വിഭവശോഷണംമൂലം മഹാഭൂരിപക്ഷം വരുന്ന മത്സ്യത്തൊഴിലാളികൾ ദരിദ്രവൽക്കരിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്തു. കടൽ ആവാസവ്യവസ്ഥയുടെ ശോഷണംമൂലം കടലിലെ മത്സ്യവൈവിധ്യം തകരുകയും ഏട്ടമീനുകൾ, പരവകൾ, സ്രാവുകൾ, പാമ്പാടകൾ തുടങ്ങിയ മത്സ്യയിനങ്ങളുടെ ലഭ്യതയിൽ കഴിഞ്ഞ കുറേവർഷങ്ങളായി കുറവ് അനുഭവപ്പെടുകയും ചെയ്തു.

ദരിദ്രവൽക്കരണം

വർദ്ധിച്ചതോതിലുള്ള ജലമലിനീകരണം, വിദേശ മത്സ്യബന്ധന കപ്പലുകളുടെ കടന്നുകയറ്റം, അമിത മത്സ്യബന്ധനം, കാലാവസ്ഥ വ്യതിയാനം എന്നിവ മത്സ്യവിഭവ ശോഷണത്തിലേയ്ക്ക് നയിക്കുന്ന പ്രശ്നങ്ങളാണ്. തീരക്കടലിൽ ലഭ്യമായ മത്സ്യവിഭവങ്ങൾ കൊയ്തെടുക്കാനുള്ള കിടമത്സരത്തിൽ വള്ളത്തിന്റെ വലിപ്പവും വലയുടെ വലിപ്പവും ശേഷിയും എഞ്ചി

നുകളുടെ കുതിരശക്തിയും വർദ്ധിക്കുന്ന പ്രവണത ഏറിവരുന്നു. ഇതിനായി വേണ്ടിവരുന്ന അധിക മൂല ധനമുടക്കും പ്രവർത്തന ചെലവുകളും കടൽ മത്സ്യ ബന്ധനം പൊതുവിൽ ലാഭകരമല്ലാതാക്കി മാറ്റിയിരി ക്കുന്നു. ഒരു വശത്ത് ഉൽപാദന ചെലവ് കൂടുമ്പോൾ തന്നെ ആനുപാതിക വരുമാന വർദ്ധനവ് ലഭിക്കുന്നി ല്ലായെന്നത് പ്രശ്നം ഗുരുതരമാക്കുന്നു.

മത്സ്യബന്ധനോപകരണങ്ങളുടെ ഉടമാവകാശം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു എന്നാണ് പഠനങ്ങൾ കാണിക്കു ന്നത്. 1961-62 ൽ 28 ശതമാനം കുടുംബങ്ങൾക്ക് ഈ അവകാശം ഉണ്ടായിരുന്നുവെങ്കിൽ 2005 ൽ അത് 20 ശതമാനമായി കുറഞ്ഞു. മത്സ്യത്തൊഴിലാളികളിൽ അധികംപേരും സ്വന്തമായ തൊഴിലുപകരണങ്ങൾ ഇല്ലാത്തവരും മധ്യവർത്തികളുടെ ബോട്ടുകളിലും വള്ളങ്ങളിലും കൂലിവേലക്കാരുമാണ്. മത്സ്യത്തൊ ഴിലാളികളെ മത്സ്യബന്ധനോപകരണങ്ങളുടെ ഉടമക ളാക്കി മാറ്റുന്നതിന് സമഗ്രമായ ജലപരിഷ്കരണ നിയമം അനിവാര്യമാണെന്നാണ് ഇത് കാണിക്കുന്നത്.

II
ആഗോളവൽക്കരണവും പുതിയ ബ്ലൂ എക്കോണോമി നയവും

ലോക വ്യാപാര സംഘടന

1995-നുശേഷം വേൾഡ് ട്രേഡ് ഓർഗനൈസേഷൻ (WTO) ആധിപത്യം പുലർത്തുന്ന ആഗോള വ്യാപാര ക്രമത്തിൽ, മത്സ്യ ഉൽപ്പന്നങ്ങൾ ഭക്ഷ്യസുരക്ഷയുടെ ഭാഗമെന്നതിൽ നിന്ന് ആഗോള ചരക്കുകളായി (Global Commodities) പുനർവ്യാഖ്യാനിക്കപ്പെട്ടു. തീരുവ കുറ യ്ക്കലും കയറ്റുമതി–മത്സരക്ഷമതയും മുൻനിർത്തിയ നയങ്ങൾ, കേരളത്തിലെ മത്സ്യബന്ധനത്തെ ആഗോള വില അസ്ഥിരതകൾക്ക് തുറന്നുവിട്ടു. ചെമ്മീൻ പോലുള്ള കയറ്റുമതി-ആശ്രിത ഉൽപ്പന്നങ്ങളിൽ ഇത് കൂടുതൽ വ്യക്തമായി പ്രകടമായി: അന്താരാഷ്ട്ര വിപണിയിൽ വില ഉയർന്നപ്പോൾ ലാഭം സ്വകാര്യ കയറ്റുമതി ശൃംഖലകൾ കൈക്കലാക്കിയപ്പോൾ, വില ഇടിഞ്ഞപ്പോൾ അതിന്റെ ആഘാതം മുഴുവൻ മത്സ്യ തൊഴിലാളികളിലേക്കും തീരദേശ ഗ്രാമങ്ങളിലേക്കു മാണ് മാറിയത്. ഇത്തരമൊരു വ്യാപാര ഏകീകരണം, മത്സ്യബന്ധനത്തെ ഒരു സാമൂഹിക ഉപജീവനത്തിൽ നിന്ന്, അപകടസാധ്യത നിറഞ്ഞ ആഗോള വിപണി-ആശ്രിത മേഖലയാക്കി മാറ്റി.

ട്രംപിന്റെ അമേരിക്കൻ തീരുവ

ഇപ്പോൾ ട്രംപിന് കീഴിൽ അമേരിക്ക സംരക്ഷണവാദ ക്കാരായി മാറിയിരിക്കുകയാണ്. ന്യായിലെ കാർഷിക മേഘാലയടക്കം അമേരിക്കൻ കയറ്റുമതിക്ക് തുറന്നു കിട്ടുന്നതിന് വേണ്ടി നമ്മുടെ കയറ്റുമതി ഉത്പന്നങ്ങളു ടെമേൽ 50% തീരുവ ട്രംപ് അടിച്ചേൽപ്പിച്ചു. ഇന്ത്യയിൽ നിന്നുള്ള ചെമ്മീനിന്റെ കയറ്റുമതിയിൽ ഗണ്യമായ ഒരു ഭാഗം അമേരിക്കയിലേക്കാണ്. നേരത്തെ തന്നെ ഗുണ നിലവാര മാനദണ്ഡങ്ങളുടെ പേരിൽ നമ്മുടെ ചെമ്മീൻ കയറ്റുമതി വലിയ പ്രയാസങ്ങൾ നേരിട്ടു കൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ തീരുവ കൂടി ഉയർന്നപ്പോൾ അത് കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്.

ബ്ലൂ എക്കണോമി നയം

ഇതിനോടൊപ്പം, കേന്ദ്ര സർക്കാർ സമീപകാലത്ത് മുന്നോട്ടുവയ്ക്കുന്ന ബ്ലൂ എക്കൊണോമി നയവും കോർ പ്പറേറ്റ്-നേതൃത്വത്തിലുള്ള ആഴക്കടൽ മത്സ്യബന്ധന നയങ്ങളും ആഴക്കടൽ ഖനന ശ്രമങ്ങളും കേരളത്തി ന്റെ മത്സ്യബന്ധന സമ്പദ്വ്യവസ്ഥയ്ക്ക് ഘടനാപരമായ ഭീഷണികളാണ്. വൻ ട്രോളറുകളും ആധുനിക സാങ്കേതിക സംവിധാനങ്ങളും ഉപയോഗിക്കുന്ന കോർപ്പറേറ്റ് ഫിഷിംഗ്, മത്സ്യസമ്പത്തിന്റെ അതി ക്രമമായ ചൂഷണത്തിലേക്കും (Over-exploitation), തീരദേശ മത്സ്യതൊഴിലാളികളുടെ പരമ്പരാഗത മത്സ്യ ബന്ധന മേഖലകൾ ചുരുങ്ങുന്നതിനും വഴിവയ്ക്കുന്നു.

ഇടതുപക്ഷം സമുദ്ര പരിഷ്കാരങ്ങളെ കാണുന്നത് മത്സ്യത്തൊഴിലാളികളുടെ കാഴ്ചപ്പാടിൽ നിന്നുകൊ ണ്ടാണ്. ചരിത്രകാലം മുതൽ പ്രാഥമികമായി മത്സ്യ ത്തൊഴിലാളികളുടെ ഉപജീവന മേഖലയാണ് കടൽ. അതോടൊപ്പം കപ്പൽ ഗതാഗതത്തിനും സമീപകാ ലത്തായി ടൂറിസത്തിനുമെല്ലാം ഉപയോഗപ്പെടുത്തി വരുന്നു. ഇതുപോലെ നാടിന്റെ ആവശ്യങ്ങൾക്കുവേ ണ്ടി ഉപയോഗപ്പെടുത്തേണ്ടിവരും. പക്ഷെ മത്സ്യത്തൊ ഴിലാളികളുടെ ഉപജീവനത്തെ അത് ഹനിക്കുമെങ്കിൽ പുനരധിവസാവും നഷ്ടപരിഹാരവും നൽകിയേ തീരൂ. ഇങ്ങനെയൊരു കഴ്ചപ്പാടേ ബ്ലൂ ഇക്കണോമി നയത്തിൽ ഇല്ല.

1. കേരളത്തിൽ നാം മുന്നോട്ടുവയ്ക്കുന്ന സമുദ്ര പരിഷ്കാരം കടലിനുമേൽ മത്സ്യത്തൊഴിലാളികൾ ക്ക് ഉടമസ്ഥാവകാശവും ആദ്യ വിൽപ്പനാവകാശ വും നൽകുകയാണ്. ഈ അക്കേറിയം റിഫോംസ് നടപ്പാക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്ന ണിയുടെ പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തി ട്ടുണ്ട്. ബ്ലൂ ഇക്കണോമി നയത്തെ ഇതേ രേഖയിൽ തള്ളിക്കളഞ്ഞിട്ടുമുണ്ട്. കാരണം ഈ നയത്തിന്റെ ലക്ഷ്യം സമുദ്രത്തിന്റെ കോർപ്പറേറ്റുവൽക്കരണ മാണ്.
2. സമുദ്രത്തിന്റെ അടിത്തട്ടിൽ തീരം തന്നെയും ഖനനത്തിനു കോർപ്പറേറ്റുകൾക്കു തുറന്നു കൊടുക്കുകയാണ് ബ്ലൂ ഇക്കണോമി നയത്തിന്റെ കാതൽ. ഇത് മത്സ്യ പ്രജനനത്തിന്റെ ആവാസ വ്യവസ്ഥയെ തകർക്കും. മത്സ്യവിഭവ ശോഷണ ത്തിന് ഇടനൽകും. തീരത്തിന്റെ നാശത്തിനും വഴി തെളിയിക്കും. കാലാവസ്ഥാ വ്യതിയാനത്തി ന്റെ പശ്ചാത്തലത്തിൽ ഇത്തരം ബ്യൂഹത് ഖനന പരിപാടിക്ക് ഇനിമേൽ സാംഗത്യമില്ല. ഈ ഖനന വസ്തുക്കളുടെയെല്ലാം ഉപയോഗം കുറയ്ക്കുന്നതി നെക്കുറിച്ചാണ് ലോകം ചിന്തിക്കുന്നത്. ഇന്ത്യ ഉറപ്പു നൽകിയിട്ടുള്ളത്.

3. ഇന്ന് കടലിൽ നിന്ന് പിടിക്കുന്ന മത്സ്യത്തിന്റെ അത്രയും മാരിക്കൾച്ചർ വഴി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ എങ്ങനെ ബാധിക്കുമെന്നു പരിശോധിക്കേണ്ടതുണ്ട്. ഒരുകിലോ മീൻ വളർത്തുന്നതിന് 5 കിലോ ചെറുമത്സ്യത്തിനു തുല്യമായ തീറ്റവേണ്ടതുണ്ട്. ഇത് പാവപ്പെട്ടവരുടെ പോഷകാഹാര നിലയെ എങ്ങനെ ബാധിക്കുമെന്നതും കണക്കിലെടുക്കേണ്ടതുണ്ട്.
4. ഇന്ന് 12 നോട്ടിക്കൽ മൈൽ വരെയുള്ള സമുദ്ര പ്രദേശം സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്നതാണ്. എന്നാൽ ഇതടക്കം പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലേയ്ക്ക് നീങ്ങുകയാണ്. സംസ്ഥാനങ്ങളുടെ അധികാരം കവരുക മാത്രമല്ല, വള്ളങ്ങളുടെ രജിസ്ട്രേഷനും മറ്റും കേന്ദ്രീകരിക്കുന്നതിലേയ്ക്ക് ഇതെത്തും.

"ആധുനികവൽക്കരണം" അഥവാ "നീല സമ്പദ്വ്യവസ്ഥ" (Blue Economy) എന്ന പേരിൽ നടപ്പാക്കപ്പെടുന്ന നയങ്ങൾ, യാഥാർത്ഥ്യത്തിൽ, മത്സ്യബന്ധനത്തെ സമൂഹകേന്ദ്രിത ഉപജീവനത്തിൽ നിന്ന് കോർപ്പറേറ്റ് മൂലധനത്തിന്റെ നിയന്ത്രണത്തിലേക്ക് മാറ്റുന്ന ഒരു രാഷ്ട്രീയ–സാമ്പത്തിക പുനർക്രമീകരണമാണ്.

ഫെഡറലിസവും തീരദേശ അവകാശങ്ങളും

കേരളത്തിന്റെ മത്സ്യബന്ധന സമ്പദ്വ്യവസ്ഥയെ സംബന്ധിച്ച സമകാലിക നയമാറ്റങ്ങൾ, വെറും മേഖലാപരമായ വികസന ചർച്ചകളായി ചുരുക്കാനാവാത്തവിധം ഫെഡറൽ ഭരണഘടനാ ഘടനയോടും തീരദേശ ജനങ്ങളുടെ അവകാശങ്ങളോടും പരിസ്ഥിതി നീതിയോടും ആഴത്തിൽ ബന്ധപ്പെട്ടു കിടക്കുന്നു. ഫെഡറൽ കാഴ്ചപ്പാടിൽ, ഈ നയങ്ങൾ സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അധികാരപരിധിയെ ദുർബലമാക്കുന്നു. മത്സ്യബന്ധനം, തീരദേശ പരിപാലനം, പരിസ്ഥിതി സംരക്ഷണം—ഇവയെല്ലാം പ്രാദേശിക പരിസ്ഥിതിയെയും സാമൂഹിക ഘടനകളെയും ആഴത്തിൽ അറിയുന്ന സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തം ആവശ്യപ്പെടുന്ന മേഖലകളാണ്. എന്നാൽ, കേന്ദ്രതലത്തിൽ രൂപകൽപ്പന ചെയ്ത നയങ്ങൾ, സംസ്ഥാനങ്ങളുടെ നയാവകാശങ്ങളും പ്രാദേശിക ജനങ്ങളുടെ സമ്മതവും മറികടന്ന് നടപ്പിലാക്കുമ്പോൾ, അത് ഫെഡറലിസത്തിന്റെ "സഹകരണ" സ്വഭാവത്തെ "കേന്ദ്രീകൃത ആധിപത്യമായി" മാറ്റുന്നു. തീരദേശ സമൂഹങ്ങളുടെ പരമ്പരാഗത മത്സ്യബന്ധന അവകാശങ്ങൾ, പൊതുസമ്പത്ത് എന്ന നിലയിൽ സമുദ്രസമ്പത്തിന്റെ സാമൂഹിക ഉടമസ്ഥത—ഇവയെല്ലാം ഇത്തരം നയങ്ങളിൽ അപ്രസക്തമാക്കപ്പെടുന്നു.

ചുരുക്കത്തിൽ, കേരളത്തിന്റെ മത്സ്യബന്ധന പ്രതിസന്ധി ഒരു സാങ്കേതിക നയ പ്രശ്നമല്ല; അത് ഫെഡറൽ ഭരണഘടന, തീരദേശ ജനാധിപത്യം, പരിസ്ഥിതി നീതി എന്നിവയുടെ ചേരുപ്രദേശത്താണ് നിലകൊള്ളുന്നത്. അതിനാൽ, ഒരു ബദൽ നയചട്ടക്കൂട് അനിവാര്യമാണ്—സംസ്ഥാനങ്ങളുടെ നയാവകാശങ്ങൾ സംരക്ഷിക്കുന്നതും, തീരദേശ സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതും, സമുദ്രസമ്പത്തിനെ ഒരു സ്വകാര്യ ലാഭസ്രോതസ്സായി അല്ല, പൊതുസമ്പത്തായി കാണുന്നതുമായ ചട്ടക്കൂട്. ഇത്തരമൊരു സമീപനത്തിലൂടെയേ കേരളത്തിന്റെ മത്സ്യബന്ധന സമ്പദ്വ്യവസ്ഥയെ ഉപജീവന–കേന്ദ്രിതവും പരിസ്ഥിതി–സുസ്ഥിരവുമായ രീതിയിൽ നിലനിർത്താനും, ആഗോള വ്യാപാരവും കോർപ്പറേറ്റ് ആഴക്കടൽ ഇടപെടലുകളും സൃഷ്ടിക്കുന്ന ഘടനാപരമായ ഭീഷണികളെ പ്രതിരോധിക്കാനും കഴിയൂ.

III

2016 - 25 കാലത്തെ വികസന ഇടപെടലുകൾ

കേരളത്തിലെ മത്സ്യ മേഖല ഏറെ സമൃദ്ധമാണെങ്കിലും മത്സ്യ വിഭവങ്ങളുടെ കൈകാര്യ കർത്താക്കളായ മത്സ്യത്തൊഴിലാളികൾ, വിശിഷ്യാ കടൽ മത്സ്യത്തൊഴിലാളികൾ, ആദിവാസി സമൂഹം കഴിഞ്ഞാൽ സാമൂഹ്യപരമായും സാമ്പത്തിക പരമായും വിദ്യാഭ്യാസ പരമായും സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജന വിഭാഗമാണെന്ന് കണ്ടുവല്ലോ? ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് സമഗ്രമായ ഇടപെടലാണ് കഴിഞ്ഞ ഒരു ദശാബ്ദക്കാലം കേരള സർക്കാർ നടത്തിയത്.

2024-ൽ രാജ്യത്തെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനമായി കേരളവും രാജ്യത്തെ ഏറ്റവും മികച്ച മറൈൻ ജില്ലയായി കൊല്ലവും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി എന്നത് സംസ്ഥാനത്തിന്റെ ജനകീയ നയങ്ങൾക്കുള്ള അംഗീകാരമാണ്. കേരളത്തിൽ നിന്ന് ഇന്ന് 7000 കോടി രൂപയുടെ മത്സ്യം കയറ്റുമതി ചെയ്യുന്നു. ഇത് ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയുടെ 11% വരും.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ സമുദ്ര മത്സ്യ ഉത്പ്പാദനത്തിനു തിരിച്ചടിയേറ്റെങ്കിലും അതിനു ശേഷമുള്ള കാലയളവിൽ ശക്തമായ വളർച്ച കൈവരിച്ചു. 2022 - 23 ൽ കടൽ മത്സ്യോത്പാദനം 6.9 ലക്ഷം ടണ്ണും ഉൾനാടൻ മത്സ്യോൽപ്പാദനം 2.3ലക്ഷം ടണ്ണും ആയി ഉയർന്നു. അങ്ങിനെ കേരളത്തിന്റെ മൊത്തം മത്സ്യോൽപ്പാദനം 9.2 ലക്ഷം ടൺ ആയി തീർന്നു. ഇത് സർവ്വകാല റെക്കോർഡ് ആണ്.

ക്ഷേമ പ്രവർത്തനങ്ങൾ

- അപകട ഇൻഷുറൻസ് ആനുകൂല്യം : 2016 – ൽ 5 ലക്ഷം ആയിരുന്നത് 20 ലക്ഷം രൂപയായി ഉയർത്തി. മത്സ്യബോർഡ് വഴി 10 ലക്ഷം രൂപയുടെ പോളിസിയും മത്സ്യഫെഡ് വഴി 10 ലക്ഷം രൂപയുടെ പോളിസിയും ഉൾപ്പെടെയാണ് 20 ലക്ഷം.
- സുരക്ഷിതയാനങ്ങളും ഇൻഷുറൻസ് പരിരക്ഷയും : പ്ലൈവുഡ് യാനങ്ങൾക്കു പകരമായി കൂടുതൽ സുരക്ഷിതമായ എഫ്ആർപിയാനങ്ങൾ അനുവദി

ക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചു. എല്ലാ പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുകയും പ്രീമിയം തുകയുടെ 90 ശതമാനവും സർക്കാർ വഹിക്കുകയുമുണ്ടായി.

- കടൽ സുരക്ഷ : ജിപിഎസ്, ലൈഫ് ബോയ്, എക്കോ സൗണ്ടർ, സാറ്റലൈറ്റ് ഫോൺ, നാവിക് (NavIC) ഉപകരണങ്ങൾ എന്നിവ നൽകി വരുന്നു. 18.24 കോടി രൂപ ചെലവിൽ മൂന്ന് മറൈൻ ആംബുലൻസുകൾ (വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ) പ്രവർത്തനസജ്ജമാണ്.
- വിദ്യാതീരം പദ്ധതി : വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഇ – ഗ്രാന്റ്സ് പദ്ധതി.
- മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ : 115 ഫിഷ് മാർട്ടുകൾ ആരംഭിച്ചു.
- സ്ത്രീതൊഴിൽ സംരംഭകർ : 3000 ത്തോളം ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു.
- സമ്പാദ്യ സമാശ്വാസ പദ്ധതി സഹായം : 2700 രൂപയായിരുന്നത് 4500 രൂപയായി വർധിപ്പിച്ചു
- പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് ഒന്നരക്കോടിയുടെ ബോട്ട്

തീര സംരക്ഷണം

വർധിച്ചുവരുന്ന കടൽ ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ തീര സംരക്ഷണത്തിന്റെ പ്രാധാന്യം വർധിക്കുകയാണ്. എന്നാൽ പരമ്പരാഗത കടൽഭിത്തി ഫലപ്രദമല്ല എന്നാണ് പൊതു അഭിപ്രായം. ഈ പശ്ചാത്തലത്തിൽ പൂന്തുറയിൽ ഓഫ്ഷോർ വാട്ടർ ബ്രേക്കർ സംവിധാനം വിജയപ്രദമായി പരീക്ഷിച്ചിട്ടുണ്ട് ഇതിന്റെ ഫലമായി തീരം സംരക്ഷിക്കപ്പെടുകമാത്രമല്ല തീരം വർധിക്കുകയും ചെയ്യുന്നു. കൂടാതെ കടലിലെ ഭീമൻ മണൽ ട്യൂബുകൾ ഒരു കൃത്രിമ പാരപോലെ മത്സ്യവംശ വർഷണവിനും സഹായകരമാണ്. ഈ പരീക്ഷണം കൂടുതൽ വ്യാപിപ്പിക്കണം.

രൂക്ഷമായ കടലാക്രമണത്തെ നിരന്തരം നേരിടുന്ന പ്രദേശമായ ചെല്ലാനത്ത് ടെട്രാപോഡ് കടൽഭിത്തി ചെലവേറുമെങ്കിലും ഫലപ്രദമായ ഒരുപാധിയാണെന്ന് തെളിഞ്ഞിട്ടുണ്ട്.

ഭവന നിർമ്മാണം

വേലിയേറ്റ രേഖയിൽ നിന്ന് അമ്പതു മീറ്റർ പരിധിവരെ ഉള്ള പ്രദേശങ്ങളിൽ താമസിക്കുന്നതും മാറിത്താമസിക്കാൻ സന്നദ്ധത അറിയിക്കുകയും ചെയ്ത 9,108 കുടുംബങ്ങളിൽ 2,637 കുടുംബങ്ങൾക്ക് സ്വന്തം വീടുകൾ നിർമിക്കുന്നതിന് സഹായം നൽകുകയുണ്ടായി. കൂടാതെ 738 കുടംബങ്ങൾക്കു മികച്ച ഫ്ലാറ്റുകൾ നൽകി. 'പുനർഗേഹം' പദ്ധതിയിലൂടെ 1,271 വീടുകളും 788 ഫ്ലാറ്റുകളും നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈ രീതിയിൽ 5,422 കുടുംബങ്ങൾക്ക് (59.53 ശതമാനം) സുരക്ഷിതമായ ഭവനങ്ങൾ നൽകുവാൻ സാധിച്ചു.

വിദ്യാഭ്യാസം

മത്സ്യത്തൊഴിലാളികളുടെ വരുംതലമുറകളുടെ സാമൂഹ്യ ഉന്നമനത്തിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം വിദ്യാഭ്യാസം ആണ്. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിനായി 'വിദ്യാതീരം' പദ്ധതിയിലൂടെ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ 236.13 കോടി രൂപ ചെലവഴിച്ചു. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനത്തിന് മെഡിക്കൽ പ്രവേശനപരിശീലനത്തിന് 1.25 ലക്ഷം രൂപ വരെയും IIT/NIT പ്രവേശനപരിശീലനത്തിന് 70,000 രൂപ വരെയുമാണ് സഹായം. കഴിഞ്ഞ പത്തു വർഷത്തിനിടെ സർക്കാർ സഹായത്തോടെ 104 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. പഠനത്തിന് പ്രവേശനം ലഭിച്ചു. വിദേശ സർവകലാശാലകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠിക്കാൻ സഹായം നൽകുന്ന പദ്ധതിയുമുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് പട്ടിക വിഭാഗങ്ങൾക്ക് ഉള്ളതുപോലെതന്നെ എല്ലാ വിദഗ്തയഭ്യാസ ആനുകൂല്യങ്ങളും ലഭ്യമാക്കുകയാണ് സർക്കാരിന്റെ നയം.

അടിസ്ഥാന സൗകര്യം

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 27 മത്സ്യബന്ധന ഹാർബറുകളിൽ മഞ്ചേശ്വരം, കൊയിലാണ്ടി, താനൂർ, വെള്ളയിൽ എന്നീ ഹാർബറുകൾ നാടിന് സമർപ്പിക്കപ്പെട്ടു. മുതലപ്പൊഴി, കാസർഗോഡ് ഹാർബറുകളുടെ ആധുനികവൽക്കരണം പുരോഗമിക്കുന്നു. 142 കോടി രൂപ ചെലവിൽ 57 മത്സ്യ മാർക്കറ്റുകളുടെ നവീകരണം നടക്കുന്നു.

IV
മത്സ്യമേഖലയിലെ നയസമീപനം

1. മത്സ്യബന്ധന ഉപാധികളുടെയും വിപണനത്തിന്റെയും സാമൂഹിക ഉടമസ്ഥത

നവ ഉദാരവൽക്കരണ നയങ്ങൾ മത്സ്യബന്ധനത്തെ കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുക്കുമ്പോൾ, കേരളം സഹകരണ പ്രസ്ഥാനത്തിലൂടെ ഇതിനെ പ്രതിരോധിക്കണം. അടുത്ത 10 വർഷത്തിനുള്ളിൽ, മത്സ്യബന്ധന ബോട്ടുകൾ, വലകൾ, വിപണന ശൃംഖലകൾ എന്നിവയുടെ ഉടമസ്ഥത മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ (Matsyafed Model Expansion) നിക്ഷിപ്തമാക്കണം. ഇടനിലക്കാരില്ലാത്ത വിപണന ശൃംഖല, 'കടലിൽ നിന്ന് അടുക്കളയിലേക്ക്' (Sea to Kitchen) എന്ന രീതിയിൽ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ശക്തിപ്പെടുത്തണം.

2. ആഴക്കടൽ മത്സ്യബന്ധനം - തൊഴിലാളി കൂട്ടായ്മകളിലൂടെ

കേന്ദ്രസർക്കാർ കോർപ്പറേറ്റുകൾക്ക് നൽകാൻ ശ്രമിക്കുന്ന ആഴക്കടൽ മത്സ്യബന്ധന അവകാശം, കേരളത്തിലെ പരമ്പരാഗത മത്സ്യതൊഴിലാളികളുടെ കൂട്ടായ്മകൾക്ക് നൽകണം. ഇതിനായി നിലവിലുള്ള യാനങ്ങൾ ആഴക്കടൽ മത്സ്യബന്ധനത്തിന് ഉതകുന്ന രീതിയിൽ മാറ്റം വരുത്താൻ (Deep Sea Conversion) വൻതോതിൽ

സബ്സിഡിയും സാങ്കേതിക സഹായവും നൽകണം. കൊച്ചിൻ ഷിപ്പ്യാർഡ് പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് കുറഞ്ഞ ചെലവിൽ ആഴക്കടൽ യാനങ്ങൾ നിർമ്മിച്ചു നൽകണം.

3. ഉൾനാടൻ മത്സ്യകൃഷിയും ഭക്ഷ്യസുരക്ഷയും

കടൽ മത്സ്യലഭ്യതയിലെ കുറവ് പരിഹരിക്കാൻ ഉൾനാടൻ മത്സ്യകൃഷി (Aquaculture) വ്യാപകമാക്കണം. 'ഒരു നെല്ലും ഒരു മീനും' പദ്ധതി, ബയോ ഫ്ലോക്ക് (Biofloc), കേജ് ഫാമിംഗ് (Cage Farming) എന്നിവയിലൂടെ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കണം. തരിശായി കിടക്കുന്ന ജലാശയങ്ങളും കായികളും മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്തണം. ഇത് പ്രാദേശിക ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം ഗ്രാമീണ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

4. മൂല്യവർദ്ധനവും (Value Addition) ശീതശൃംഖലയും (Cold Chain)

പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ 20-30% കേടുപാടുകൾ മൂലം നഷ്ടപ്പെടുന്നു. ഇത് ഒഴിവാക്കാൻ ഹാർബറുകൾ മുതൽ ചില്ലറ വിപണന കേന്ദ്രങ്ങൾ വരെ നീളുന്ന സമ്പൂർണ്ണ ശീതശൃംഖല (Integrated Cold Chain Network) സ്ഥാപിക്കണം. മത്സ്യം കേവലം അസംസ്കൃത വസ്തുവായി കയറ്റുമതി ചെയ്യുന്നതിന് പകരം, റെഡി-ടു-കുക്ക്, റെഡി-ടു-ഈറ്റ് ഉൽപ്പന്നങ്ങളായി മാറ്റി കയറ്റുമതി ചെയ്യണം. ഇതിനായി തീരദേശങ്ങളിൽ ചെറുകിട വ്യവസായ പാർക്കുകൾ ആരംഭിക്കണം.

5. പാരിസ്ഥിതിക സുസ്ഥിരതയും കാലാവസ്ഥാ പ്രതിരോധവും

കടൽഭിത്തികൾക്ക് പകരം കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിച്ചും, ജിയോ ട്യൂബ് പോലുള്ള പ്രകൃതി സൗഹൃദ മാർഗ്ഗങ്ങളിലൂടെയും തീരസംരക്ഷണം ഉറപ്പാക്കണം. ട്രോളിംഗ് നിരോധനം കർശനമായി നടപ്പിലാക്കുന്നതോടൊപ്പം, കടലിന്റെ അടിത്തട്ട് നശിപ്പിക്കുന്ന മത്സ്യബന്ധന രീതികൾ (ഉദാഹരണത്തിന്, Pelagic Trawling) നിയന്ത്രിക്കണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിൽ നിന്ന് നീക്കം ചെയ്യുന്ന 'ശുചിത്വ സാഗരം' പദ്ധതി വിപുലീകരിക്കണം.

വിദ്യാഭ്യാസ മേഖലയിലെ നയങ്ങൾ:

- ഫിഷറീസ് സ്കൂളുകൾ: തീരദേശത്തെ എല്ലാ സ്കൂളുകളിലും സമുദ്രപഠനം, നീന്തൽ, ദുരന്തനിവാരണം എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം.
- ഗവേഷണവും വികസനവും: കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (KUFOS) നെ മികവിന്റെ കേന്ദ്രമാക്കണം. പരമ്പരാഗത അറിവുകളെയും (Traditional Knowledge) ആധുനിക ശാസ്ത്രത്തെയും സംയോജിപ്പിക്കുന്ന ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കണം.
- നൈപുണ്യ വികസനം: മത്സ്യ സംസ്കരണം, മൂല്യവർദ്ധനവ്, ആഴക്കടൽ യാനങ്ങളുടെ പരിപാലനം എന്നിവയിൽ യുവാക്കൾക്ക് വൊക്കേഷണൽ പരിശീലനം നൽകണം. വിജ്ഞാനകേരളവുമായി സഹകരിച്ചുകൊണ്ട് തൊഴിൽ തീരം പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കണം.

V
ഭാവിപ്രവർത്തനങ്ങൾ

1. സാങ്കേതിക പരമാധികാരം (Technological Sovereignty) കൈവരിക്കുക എന്നതാണ് പ്രധാനം. വിദേശ നിർമ്മിത കപ്പലുകളെയും സാങ്കേതിക വിദ്യയെയും ആശ്രയിക്കാതെ, തദ്ദേശീയമായി വികസിപ്പിച്ചെടുത്ത മത്സ്യബന്ധന യാനങ്ങളും വാർത്താവിനിമയ സംവിധാനങ്ങളും (NavIC പോലുള്ളവ) ഉപയോഗപ്പെടുത്തണം. ഇത് മത്സ്യത്തൊഴിലാളികളുടെ ഉല്പാദനച്ചെലവ് കുറയ്ക്കാനും വിവരസുരക്ഷ ഉറപ്പാക്കാനും സഹായിക്കും. ആഴക്കടൽ മത്സ്യബന്ധനത്തിന് തൊഴിലാളികളെ പ്രാപ്തരാക്കുന്നതിലൂടെ കോർപ്പറേറ്റ് കുത്തകകളെ കടലിൽ നിന്ന് അകറ്റിനിർത്താൻ സാധിക്കും.
2. വിപണി ഇടപെടലിൽ സർക്കാർ കൂടുതൽ ശക്തമായ സാന്നിധ്യമാകണം. മത്സ്യത്തിന് തറവില (Minimum Support Price) നിശ്ചയിച്ചത് വിപ്ലവകരമായ തീരുമാനമായിരുന്നു. എന്നാൽ ഇത് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ വിപണി വിലയിലെ ഏറ്റക്കുറച്ചിലുകൾ നികത്താൻ ഒരു 'വിലസ്ഥിരതാ ഫണ്ട്' (Price Stabilization Fund) രൂപീകരിക്കണം. മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ച്, സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കാൻ കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ ലഭ്യമാക്കുന്ന മൈക്രോ-ഫിനാൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തണം
3. സംസ്ഥാനത്തെ പൊതുകുളങ്ങൾ, തോടുകൾ, മറ്റ് ഉൾനാടൻ ജലാശയങ്ങൾ എന്നിവയുടെ ജൈവികമായ വീണ്ടെടുപ്പ് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ഇതിനായി തനതു (നാടൻ) മത്സ്യവിത്തുകൾ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന 'റാഞ്ചിങ്ങ്' (Ranching) പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വ്യാപകമാക്കണം. കേവലം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിലൊതുങ്ങാതെ, ജലാശയങ്ങളിലെ പായലുകളും മാലിന്യങ്ങളും നീക്കം ചെയ്ത്, മത്സ്യങ്ങൾക്ക് വളരാൻ അനുയോജ്യമായ സ്വാഭാവിക ആവാസവ്യവസ്ഥ നിലനിർത്തുന്ന പ്രവർത്തനങ്ങൾ നിരന്തരമായി നടപ്പിലാക്കണം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെയും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെയും ഇതിനായി ഏകോപിപ്പിക്കുന്നത് വഴി ജലസ്രോതസ്സുകളുടെ സംരക്ഷണത്തോടൊപ്പം മത്സ്യസമ്പ

ത്തിൽ സുസ്ഥിരമായ വർദ്ധനവും ഉറപ്പാക്കാൻ സാധിക്കും.

4. പരിസ്ഥിതി പുനഃസ്ഥാപനം (Ecological Restoration) ഒരു മുഖ്യ അജണ്ടയായി മാറണം. ഉൾനാടൻ ജലാശയങ്ങളിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക, കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുക എന്നിവ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കണം. മത്സ്യപ്രജനന കാലഘട്ടത്തിൽ പുഴകളിലും കായലുകളിലും ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ("Free Flow" of rivers) കർശനമാക്കണം. മത്സ്യസമ്പത്ത് കുറയുന്ന സാഹചര്യത്തിൽ, കടലിൽ കൃത്രിമ പാരുകൾ (Artificial Reefs) നിക്ഷേപിച്ച് മത്സ്യങ്ങളുടെ ആവാസവ്യവസ്ഥ പുനഃസൃഷ്ടിക്കുന്ന പദ്ധതികൾ വ്യാപിപ്പിക്കണം.

5. ഉൾനാടൻ മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന് മുൻകാലങ്ങളിൽ ഇടതുപക്ഷ സർക്കാരുകൾ നടപ്പിലാക്കിയ ജനകീയ മത്സ്യകൃഷി (1996), മത്സ്യകേരളം (2006) പദ്ധതികൾ ഉൾനാടൻ മത്സ്യോൽപാദനം 1996-97 ൽ 0.60 ലക്ഷം ടണ്ണായിരുന്നത് 2014-15 ൽ 2.02 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് വലിയ പങ്കുവഹിച്ചു. ഇന്ന് ഉൾനാടൻ മത്സ്യോൽപ്പാദനം 2.3 ലക്ഷം ടണ്ണായി ഉയർന്നിട്ടുണ്ട്. ഈ ഊന്നൽ തുടരണം.

6. കേരളത്തിലെ സമ്പന്നമായ ഉൾനാടൻ മത്സ്യവൈവിധ്യം നേരിടുന്നത് ഇതിലും വലിയ വെല്ലുവിളികളാണ്. ഉൾനാടൻ ജലാശയങ്ങളിൽ നടക്കുന്ന അതിരുവിട്ട കൈയേറ്റങ്ങളും വൻതോതിലുള്ള ജലമലിനീകരണവും മത്സ്യശോഷണത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നു. ഉൾനാടൻ ജലാശയങ്ങളുടെ മലിനീകരണം ഇല്ലാതാക്കേണ്ടതും, അടിത്തട്ടിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതും ആവശ്യമാണ്.

7. സാമൂഹിക സുരക്ഷിതത്വം (Social Security) ഉറപ്പാക്കുന്നതിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണം. കാലാവസ്ഥാ വ്യതിയാനം മൂലം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ തൊഴിലാളികൾക്ക് വേതന നഷ്ടപരിഹാരം നൽകുന്ന പദ്ധതി ആവിഷ്കരിക്കണം. 'കാലാവസ്ഥാ അഭയാർത്ഥികൾ' (Climate Refugees) എന്ന നിലയിൽ തീരദേശ ജനതയെ അംഗീകരിക്കുകയും, അവരുടെ പുനരധിവാസം ഭൂമിയുടെയും തൊഴിലിന്റെയും അവകാശം സംരക്ഷിച്ചുകൊണ്ട് നടപ്പിലാക്കുകയും വേണം. സ്ത്രീ തൊഴിലാളികൾക്ക്, പ്രത്യേകിച്ച് അനുബന്ധ മേഖലകളിൽ (കച്ചവടം, സംസ്കരണം) പ്രവർത്തിക്കുന്നവർക്ക്, തൊഴിലിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും (ശുചിമുറികൾ, വിശ്രമകേന്ദ്രങ്ങൾ) യാത്ര സൗകര്യങ്ങളും ഉറപ്പാക്കുന്ന 'തീരമൈത്രി' പദ്ധതികൾ വിപുലീകരിക്കണം.

8. മത്സ്യബന്ധനത്തെയും ടൂറിസത്തെയും ജൈവികമായി ബന്ധിപ്പിക്കണം. എന്നാൽ ഇത് കോർപ്പറേറ്റ് ടൂറിസമാകരുത്. മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് വരുമാനം ലഭിക്കുന്ന രീതിയിൽ 'ഫാം ടൂറിസം', 'അക്വാ ടൂറിസം' പദ്ധതികൾ നടപ്പിലാക്കണം. മത്സ്യതൊഴിലാളികളുടെ വീടുകളിൽ ഹോം-സ്റ്റേകൾ അനുവദിച്ചും, അവരുടെ വള്ളങ്ങളിൽ ഉത്തരവാദിത്ത ടൂറിസം (Responsible Tourism) പാക്കേജുകൾ നടപ്പിലാക്കിയും അധിക വരുമാനം കണ്ടെത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കണം.

9. മത്സ്യമേഖലയിലെ വിദ്യാർഥികളുടെ ഉന്നതവിദ്യാഭ്യാസവും നൈപുണ്യ വികസനവും ഏറ്റവും പ്രധാനപ്പെട്ട ഇടപെടലായിരിക്കും. ഏതു വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്നവർ ആയാലും മത്സ്യമേഖലയിലെ വിദ്യാർഥികൾക്ക് പ്രത്യേക കൂട്ടായ്മകളിലൂടെ മോട്ടിവേഷനും, കരിയർ കൗൺസിലിംഗിനും, നൈപുണ്യ വികസനത്തിനും, സംരംഭകത്വ പരിശീലനത്തിനും സൗകര്യമൊരുക്കണം.

10. ക്ഷേമാനുകൂല്യങ്ങൾ ഇനിയും വർധിപ്പിക്കണം. പാർപ്പിട പ്രശ്നം ബാക്കിയുള്ളത് എല്ലാവർക്കും അടുത്ത 5 വർഷത്തിനുള്ളിൽ പരിഹരിക്കുക. കിഫ്ബി സാധ്യത്തോടെ തീരദേശ സംരക്ഷണം ഊർജ്ജിതപ്പെടുത്തണം.

ഈ പ്രവർത്തനങ്ങളിലൂടെ, ആഗോളീകരണത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട്, പരിസ്ഥിതി സൗഹൃദവും തൊഴിലാളി വർഗ്ഗ പക്ഷത്തുനിന്നുമുള്ള ഒരു വികസന മാതൃക സൃഷ്ടിക്കാൻ കേരളത്തിന് സാധിക്കും. സമുദ്രം എന്നത് കോർപ്പറേറ്റുകളുടെ ലാഭഖനിയല്ല, മറിച്ച് ജനതയുടെ അന്നമാണെന്ന രാഷ്ട്രീയ ബോധ്യം ഈ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകും.

10

പരമ്പരാഗത വ്യവസായങ്ങൾ

കേരളത്തിന്റെ വ്യാവസായിക ഭൂപടത്തിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് സവിശേഷ സ്ഥാനമാണുള്ളത്. പരമ്പരാഗത വ്യവസായങ്ങളിൽ പ്രധനപ്പെട്ടത് കയർ, കശുവണ്ടി, കൈത്തറി, ഖാദി, ബീഡി, മൺപാത്ര നിർമ്മാണം, കരകൌശലം എന്നി വയാണ്. അവയിൽ മിക്കവയും ഗ്രാമങ്ങളിൽ കേന്ദ്രീകരിക്കുന്നവയും തൊഴിലാളി കേന്ദ്രീകൃതവുമാണ്. തൊഴിലാളികളിൽ കൂടുതലും സ്ത്രീകളാണെന്നതാണ് ഈ രംഗത്തിന്റെ മറ്റൊരു പ്രത്യേകത. ഈ രംഗങ്ങളിൽ ഇന്ന് കായികാധ്വാനത്തിനുപുറമേ ഇന്ന് ആധുനികവൽക്കരണത്തിന്റെ ഭാഗമായി യന്ത്രവൽക്കരണവും നടപ്പിലായിട്ടുണ്ട്. അത് അവയുടെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും പ്രതിഫലിക്കുന്നു. ഇതര തൊഴിൽ രംഗത്തുനിന്നും വ്യത്യസ്തമായി ഇവിടെ കൂലി കുറവായതുകൊണ്ട് ഈ രംഗത്തെ തൊഴിലാളികൾ കഷ്ടിച്ചു ജീവിച്ചു പോവുന്ന സ്ഥിതിയാണുള്ളത്. എന്നാൽ രാജ്യാന്തര വിപണിയിൽ ഇവയിൽ പലതിന്റെയും ഉല്പന്നങ്ങൾക്ക് വലിയ വിലയാണു ള്ളത്. ഉദാഹരണം കശുവണ്ടിപരിപ്പ്. അതിന്റെ നേട്ടം തൊഴിലാളികളിലേക്കോ, ഉല്പാദകരിലേക്കോ എത്താതെ ഇടനിലക്കാരിലും കയറ്റുമതിക്കാരിലും കേന്ദ്രീകരിക്കുന്നു.

കേരളചരിത്രത്തിൽ പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളിവിരുദ്ധ സമീപനത്തി നെതിരെ സംഘടനകൾ രൂപപ്പെടുകയും ശ്രദ്ധേയമായ അനേകം പ്രക്ഷോഭങ്ങൾക്ക് ഈ നാട് സാക്ഷ്യംവഹിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ തലത്തിലും സഹകരണ രംഗത്തും ഈ മേഖലകളിൽ സ്ഥാപനങ്ങൾ ഉയർന്നുവരികയും തൊഴിലാളികളുടെ കൂലിനിരക്കിൽ മാറ്റം വരുത്തുകയും ചെയ്തത് പുരോഗതിക്കു വഴിതെളിച്ചു. ഇത്തരത്തിൽ സമരങ്ങളുടെയും ആധുനികവൽക്കരണത്തിന്റെയും പുന:സംഘാടനത്തിന്റെയും ചരിത്രം ഓരോ രംഗ ത്തിനും പറയാനുണ്ട്. സമരചരിത്രത്തിലേക്കൊന്നും പോവാതെ കേരളത്തിലെ വ്യാവസാ യിക രംഗത്ത് പരമ്പരാഗത വ്യവസായങ്ങൾക്കും അതിലെ തൊഴിലാളികൾക്കുമുള്ള പങ്ക് ചുരുക്കി വിശദീകരിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

I
കയർ

കയർ വ്യവസായം സംസ്ഥാനത്തെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നാണ്. 1980 കളിൽ ഏകദേശം നാലു ലക്ഷത്തോളം പേർ പണിയെടുത്ത മേഖലയാണിത്. അതേപോലെ തന്നെ വരുമാനം നേടിയതും. എന്നാൽ പിന്നീട് കയർ മേഖലയിലെ പ്രതിസന്ധി മൂർച്ഛിച്ചു. ഇപ്പോൾ ഏകദേശം ഒരു ലക്ഷം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നതായി കണക്കാക്കപ്പെടുന്നു, അവരിൽ ഏറിയ പങ്കും സ്ത്രീകളാണ്.

1990 കളുടെ തുടക്കംവരെ ഇന്ത്യയിൽ നിന്നുള്ള കയറിന്റെയും കയറുല്പന്നങ്ങളുടെയും കയറ്റുമതിയിൽ 95 ശതമാനവും കേരളത്തിൽ നിന്നുമായിരുന്നു. ഇന്നത് ഗണ്യമായിക്കുറഞ്ഞു. തമിഴ്നാട് അടക്കം മറ്റു പല സംസ്ഥാനങ്ങളും ഈ രംഗത്തേക്കു കടന്നുവന്ന് മേധാവിത്വം ഉറപ്പിച്ചു. അതേപോലെ ശ്രീലങ്കയും മറ്റ് നാളികേര കൃഷിയുള്ള രാജ്യങ്ങളും ഇന്ന് രാജ്യാന്തര വിപണിയിൽ സജീവമാണ്. തമിഴ്നാട്ടിൽ പച്ചത്തൊണ്ടിന്റെ ഉപയോഗവും യന്ത്രങ്ങളുടെ സഹായത്തോടയുള്ള ഉല്പാദനവും അതിവേഗതയിൽ നടക്കുന്നു. ഇന്ത്യയിലെ ആഭ്യന്തര വിപണി ഈ ഉല്പന്നങ്ങൾ കീഴടക്കി, ഇവയ്ക്കാകട്ടെ കേരളത്തിൽ നിന്നുള്ളവയെക്കാളും വിലക്കുറവുമാണ്. ഇത് കേരളത്തിലെ കയർ വ്യവസായത്തെ തളർത്തുകയും തൊഴിലാളികൾ മറ്റു മേഖലകൾ തൊഴിലിനായി തേടിപ്പോകുവയും ചെയ്തു. 2006-11 ലെ ഇടതുപക്ഷ മുന്നണി സർക്കാർ ഒരു കമ്മീഷനെ നിയമിക്കുകയും കയർ വ്യവസായ പുനഃസംഘടനയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു.

കയർ വ്യവസായ പുനഃസംഘടന

തൊഴിലാളികൾക്ക് തൊഴിലും വരുമാനവും, ഉല്പന്നങ്ങൾക്ക് വിലസ്ഥിരത, ആധുനികവൽക്കരണം, ഉൽപ്പന്ന വൈവിധ്യവൽക്കരണം, വിപണനം തുടങ്ങിയവയ്ക്കുവേണ്ട നടപടി കൽ ഇടതുപക്ഷ സർക്കാർ സ്വീകരിച്ചു. ഈ മേഖലയിലെ ഒരു പ്രധാന ഭാഗം സഹക രണ സംഘങ്ങളാണ്. 2024-25 ൽ കേരളത്തിൽ 1,055 കയർ സഹകരണ സംഘ ങ്ങളുണ്ടായിരുന്നു. 2018-

19 ൽ അവതരിപ്പിച്ച കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയിൽ ആധുനികവൽക്കരണത്തിലൂടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു. സംഭരണം, വികേന്ദ്രീകൃത നാരുകൾ വേർതിരിച്ചെടുക്കൽ, പരമ്പരാഗത സ്പിന്നിംഗ്, നെയ്ത്ത് തന്ത്രം, വ്യാവസായിക സ്പിന്നിംഗ്, ഉൽപ്പന്ന വൈവിധ്യവൽക്കരണം, ഗവേഷണത്തിനും ഉല്പന്ന വികസനത്തിനുമുള്ള പിന്തുണ, പൊതു, സ്വകാര്യ സംരംഭങ്ങളുടെ വിപണനം എന്നിവയായിരുന്നു ഊന്നൽ നൽകിയ മേഖലകൾ.

2016-17 മുതൽ 2024-25 വരെ 500-ലധികം സൊസൈറ്റികളിലായി 26,000-ത്തിലധികം ഇലക്ട്രോണിക് റാറ്റുകളും ഏകദേശം 1,500 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളും വിന്യസിക്കപ്പെട്ടു. തൽഫലമായി, യാൺ ഉത്പാദനം 2016-ൽ 7,880 ടണ്ണിൽ നിന്ന് 2025-ൽ 26,976.3 ടണ്ണായി വർദ്ധിച്ചു. ഉൽപ്പാദനത്തിന്റെ കാര്യത്തിൽ വലിയ വർധനവ് ഈ ഘട്ടത്തിലുണ്ടായി. 2011 മുതൽ 2016 വരെയുള്ള കാലയളവിൽ 36,771 ടൺ കയറാണ് ഉൽപ്പാദിപ്പിച്ചിരുന്നത്. 2016–21 കാലയളവിൽ അത് 77,218 ടൺ ആയി ഉയർന്നപ്പോൾ 2021 മുതൽ 2025 വരെയുള്ള കണക്കുകൾ പ്രകാരം 54,823 ടൺ കയർ ഉൽപ്പാദിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്.

കയർ സൊസൈറ്റികൾക്ക് ചകിരി മുടക്കമില്ലാതെ ലഭ്യമാക്കാനായി ഫൈബർ ബാങ്കിന് രൂപംനൽകി. കയർ റിവോൾവിംഗ് ഫണ്ടിലൂടെ സ്പിന്നിംഗ് സൊസൈറ്റികൾക്കും മാനുഫാക്ചറിംഗ് സൊസൈറ്റികൾക്കും പണലഭ്യത ഉറപ്പാക്കി. കയർ മേഖലയെ നവീകരിക്കുന്നതിനായി വിദഗ്ധ സമിതിയെ നിയോഗിച്ചു. സമിതിയുടെ 35 ഇന ശുപാർശകൾ നടപ്പാക്കി വരികയാണ്. 1500 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ (ASM) സ്ഥാപിക്കുകയും ഉൽപാദന പ്രക്രിയ ആധുനികമാക്കുകയും ചെയ്തു. ഉൽപാദന ശേഷിയിൽ വൻ വർധനയാണ് കൈവരിച്ചത്. 140 റണ്ണേജ് 30-50 kg എന്നത് 160 റണ്ണേജ് 50-65 kg എന്നായി വർധിച്ചു. കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സും ലയിപ്പിച്ചു. കയർ തൊഴിലാളികൾക്കായി ഒട്ടേറെ പരിശീലന പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി.

വിപണനം

കയർ ഭൂവസ്ത്ര പദ്ധതിയും മികച്ച നേട്ടമാണ് കൈവരിച്ചത്. 2016–21 കാലയളവിൽ 98.29 കോടി രൂപയുടെ ഭൂവസ്ത്രം വിതരണം ചെയ്തപ്പോൾ 2021–25 കാലയളവിൽ 148 കോടി രൂപ യുടെ കയർ ഭൂവസ്ത്രം വിതരണം ചെയ്യാൻ സാധിച്ചു. ഒഡിഷ മൈനിങ് കോർപ്പറേഷനു മായി സഹകരിച്ച് പൈലറ്റ് പ്രോജക്റ്റുകൾ വിജയകരമായി പൂർത്തീകരിച്ചു. വിപണന രംഗ ത്തും കയർ ഉൽപ്പന്നങ്ങൾ വലിയ മുന്നേറ്റം രേഖപ്പെടുത്തി. ആമസോൺ, വാൾമാർട്ട്, കെ-ഷോപ്പി പോലുള്ള ഓൺലൈൻ വ്യാപാര പ്ലാറ്റ്ഫോമുകളിലൂടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ തുടങ്ങി.

രാജ്യത്തെ പ്രമുഖ ഗവേഷണ-ഡിസൈൻ സ്ഥാപനങ്ങളായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്നിവയുടെ സഹകരണത്തോടെ തൊഴിലാളികൾക്ക് ഡിസൈൻ പരിശീലനം നൽകി വൈവിധ്യമാർന്ന പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കി. എൻ സി ആർ എം ഐ വികസി പ്പിച്ച ഇ-കയർ ബാഗുകൾ, എയർ ഫ്രഷ്നർ, ഗ്രോ ബാഗുകൾ തുടങ്ങി നിരവധി ഉൽപ്പന്നങ്ങൾ വിപണിയിലെത്തി.

വില സ്ഥിരത നടപടികൾ, സഹകരണ സംഘങ്ങൾക്കുള്ള സുസ്ഥിര പിന്തുണ, പരമ്പരാ ഗത തൊഴിലാളികൾക്കുള്ള വിപുലമായ ക്ഷേമ പിന്തുണ എന്നിവയിലൂടെ കേരളം കയർ മൂല്യ ശൃംഖല ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ പിന്തുണയുടെ ഒരു പ്രധാന ഘടകം വരുമാന പിന്തുണ പദ്ധതിയാണ്, ഇതിന്റെ കീഴിൽ 2016-17 മുതൽ ഏകദേശം 20,000 പരമ്പരാഗത കയർ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനായി 163.1 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള വലിയ തോതിലുള്ള പങ്കാളിത്ത ത്തിലൂടെ സംസ്ഥാനം കയർ ജിയോ-ടെക്സ്റ്റൈലുകളുടെ ഉപയോഗവും പ്രോത്സാഹിപ്പിച്ചു, ഇത് ആഭ്യന്തര ആവശ്യം ഗണ്യമായി വർദ്ധിപ്പിച്ചു.

ചെറുകിട നിർമ്മാതാക്കളുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിലൂടെയും സ്ഥിരമായ വിപണി പ്രവേശനം ഉറപ്പാക്കുന്നതിലൂടെയും അവരെ പിന്തു ണയ്ക്കുന്ന കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (KSCC) സ്ഥിരമായി ലാഭകരമായി തുടരുന്നു. KSCC പ്രധാന ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലേക്ക് (ആമസോൺ, പെപ്പർ ഫ്രൈ, ഇന്ത്യമാർട്ട്) വികസിക്കുകയും വാൾമാർട്ടുമായി ഒരു സഹകരണം ഉറപ്പാക്കുകയും ചെയ്തു. 2023 ലെ മികച്ച ഗുണനിലവാര മികവിനുള്ള അവാർഡും 2023, 2024 വർഷങ്ങ ളിലെ ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിലെ മികച്ച പ്രദർശക അവാർഡുകളും ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ ഇതിന് ലഭിച്ചിട്ടുണ്ട്. ഭോപ്പാലിൽ എൻഐഡിയു മായി സഹകരിച്ച് കെഎസ്സിസി ഒരു പുതിയ ഉൽപ്പന്ന ഗവേഷണ-ഡിസൈൻ കേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്, ആദ്യ ബാച്ചിൽ 100 തൊഴിലാളികൾക്ക് പരിശീലനം നൽകി.

പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും പുറമേ സ്വകാര്യ സംരംഭകരും ഈ രംഗത്തു സജീവമാണ്. ആഭ്യന്തര വിപണിയേക്കാളും കയറ്റുമതിയിലാണ് അവർ കൂടുതലായി ശ്രദ്ധകേന്ദ്രീകരിക്കുന്നത്.

രാജ്യാന്തര തലത്തിൽ 1980-കളുടെ മധ്യം മുതൽ പരിസ്ഥിതിക്കു ദോഷംവരുത്താത്ത വസ്തുക്കളോടുണ്ടായ താല്പര്യം കയറിന്റെയും കയറുല്പന്നങ്ങളുടെയും കയറ്റുമതിയിൽ പ്രതിഫലിച്ചു. ഇപ്പോൾ കയർ മാറ്റ്സ് & മാറ്റിംഗ്സ് കയറ്റുമതി യൂറോപ്പിലേക്കും ഫോം മാറ്റിംഗ്സ് ഇന്ത്യ ഫ്രാൻസിലേക്കും കയറ്റുമതി വ്യാപിപ്പിച്ചു.

പട്ടിക 1
കയറിന്റെയും കയറുല്പന്നങ്ങളുടെയും കയറ്റുമതി വിവരങ്ങൾ (ശരാശരി)

കാലയളവ്	തൂക്കം (ടണ്ണിൽ)	തുക (കോടി രൂപ)
1985-86 മുതൽ 1989-90 വരെ	25111	34
1989-90 മുതൽ 1994-95 വരെ	35375	110
1995-96 മുതൽ 1999-2000 വരെ	52206	251
2000-01 മുതൽ 2004-05 വരെ	89638	374
2005-06 മുതൽ 2009-10 വരെ	197356	630
2010-11 മുതൽ 2013-14 വരെ	424603	1113
2015-16 മുതൽ 2019-20 വരെ	755734	244026
2020-21 മുതൽ 2024-05 വരെ	1247558	397032

കയർ യാൺ; കൈത്തറി തടുക്ക്; പായ, റഗ്, ജിയോ ടെക്സ്റ്റേൽ; പവർലൂം തടുക്ക്; പായ; ടഫ്റ്റഡ് തടുക്ക്; ചകിരി; ചകിരിച്ചോറ് തുടങ്ങിയവയാണ് കയറ്റുമതി ഉല്പന്നങ്ങൾ. ഇവയ്ക്ക് ലോക വിപണിയിൽ ഏറ്റിറക്കങ്ങൾ ഉണ്ടാവാറുണ്ട്. ഉദാഹരണത്തിന് 1980 കളുടെ മധ്യത്തിൽ കയർ യാണിനായിരുന്നു കൂടുതൽ ആവശ്യമെങ്കിൽ 2010കളുടെ മധ്യമാവുമാവുമ്പോഴേക്കും ചകിരിച്ചോറിനും ചകിരിക്കുമാവുന്നു പ്രാമുഖ്യം. അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളുമാണ് കേരളത്തിലെ കയറിന്റെ വിദേശ വിപണി.

ഗവേഷണം

പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിച്ചുകൊണ്ടും തൊഴിലാളികളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരമുള്ള ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പരിശീലന പരിപാടികൾ ഏറ്റെടുത്തു കൊണ്ടും നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) മേഖലയുടെ നവീകരണ ശേഷി വർദ്ധിപ്പിച്ചു.

വ്യവസായം അഭിവൃദ്ധിപ്പെട്ട സാഹചര്യത്തിൽ മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും കൂലിയും നേടിയെടുക്കുന്നതിൽ തൊഴിലാളി സംഘടനകൾ വിജയിച്ചു. ഇതിനിടയിൽ ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുന്നതുപോലുള്ള ശ്രദ്ധേയമായ പ്രക്ഷോഭങ്ങൾ ഏറ്റെടുക്കാനും വിജയിപ്പിക്കാനും സംഘടനകൾക്ക് കഴിഞ്ഞു. കയർ പിരി തൊഴിലാളികൾക്കാവട്ടെ തൊഴിലുറപ്പിനുള്ള കൂലിപോലും ലഭിക്കാത്ത സാഹചര്യമാണ് ഉണ്ടായിരുന്നത്. ഈ സ്ഥിതിവിശേഷം 2006-11 ലെ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് അവസാനിപ്പിച്ചു.

വരുമാനം ഉറപ്പു പദ്ധതി നടപ്പിലാക്കിക്കൊണ്ട് കയർ പിരി മേഖലയിൽ 150 രൂപയും കയർ വിൽപ്പന മേഖലയിൽ 300 രൂപയും മിനിമം കൂലിയായി ഉയർത്തി. പിന്നീട് വന്ന യുഡിഎഫ് സർക്കാർ അവ രണ്ടും വർധിപ്പിക്കുകയുണ്ടായി. 2023 ൽ പരിഷ്കരിച്ച കൂലി നിരക്കനുസരിച്ച് 438 രൂപ മുതൽ 468 രൂപാവരെ ഈ മേഖലയിലെ വ്യത്യസ്ത തൊഴിലുകൾക്ക് കൂലിയായി ലഭിക്കുന്നു. ഇടതുപക്ഷ സർക്കാർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കി. ദിവസക്കൂലിയിനത്തിൽ സർക്കാർ വിഹിതം നൽകുന്നതിലൂടെ തൊഴിലാളികൾക്ക് സ്ഥിരമായ വരുമാനം ഉറപ്പാക്കുകയും ചെയ്തു.

സാമ്പത്തിക പിന്തുണ

ഇൻകം സപ്പോർട്ട് സ്കീം (156 കോടി രൂപ), വിലസ്ഥിരതാ ഫണ്ട് (459 കോടി രൂപ), ഉൽപാദന- വിപണന ഇൻസെന്റീവ് (82 കോടി രൂപ), വിപണി കണ്ടെത്താൻ (80 കോടി രൂപ), പ്രവർത്തന മൂലധനം (45 കോടി രൂപ), വൈദ്യുതി സബ്സിഡി (150 കോടി രൂപ), എന്നിങ്ങനെ മൊത്തം 972 കോടി രൂപ അനുവദിച്ചു. കൂടാതെ തൊഴിലാളികൾക്ക് സൊസൈറ്റികൾ നൽകാനുള്ള ഗ്രാറ്റുവിറ്റി കുടിശികയും അനുവദിച്ചു.

II
കശുവണ്ടി

ഒരുകാലത്ത് കശുവണ്ടി ഉൽപ്പാദനത്തിലും സംസ്കരണത്തിലും കേരളം ഇന്ത്യയിലെ മുൻനിരക്കാരായിരുന്നു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആയിരത്തോളം കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. ഏകദേശം 3 ലക്ഷം തൊഴിലാളികൾ ജോലി ചെയ്തിരുന്നു. അതിൽ 90 ശതമാനവും സ്ത്രീകളാണ്.

എന്നാൽ പ്രതിസന്ധിമൂലം ഭൂരിഭാഗം ഫാക്ടറികളും അടഞ്ഞുപോവുകയും, 100 ഫാക്ടറികളും ഒരു ലക്ഷത്തോളം തൊഴിലാളികളും എന്ന അവസ്ഥയാണ് ഇന്ന് കശുവണ്ടി വ്യവസായം. പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പക്സിന്റെയും കശുവണ്ടി വികസന കോർപ്പറേഷന്റെയും കീഴിൽ 40 യൂണിറ്റുകൾ പ്രവർത്തിക്കുകയും അതിൽ 17,000 തൊഴിലാളികൾ പണിയെടുക്കുകയും ചെയ്യുന്നു.

പ്രതിസന്ധി

ഇന്ത്യൻ കശുവണ്ടി അതിന്റെ ഗുണനിലവാരത്തിന് ലോകമെമ്പാടും പ്രശസ്തമാണ്. ഇന്ത്യയുടെ കശുവണ്ടിപ്പരിപ്പ് കയറ്റുമതി പ്രതിവർഷം 1.5 ലക്ഷം മെട്രിക് ടൺ ആണ്. രാജ്യത്ത് കശുവണ്ടിയുടെ പ്രധാന കയറ്റുതിക്കാരാണ് കേരളം. പ്രധാനമായും മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്ക്. 2023-24 ൽ, ഇന്ത്യയുടെ മൊത്തം കശുവണ്ടി കയറ്റുമതി മൂല്യത്തിന്റെ 48 ശതമാനവും

കേരളത്തിൽ നിന്നാണെന്ന് ഇന്ത്യാ സർക്കാരിന്റെ കണക്കുകൾ പറയുന്നു.

ഇതിൽ ഏറിയ പങ്കും കേരളത്തിൽ നിന്നാണ്. ഇത്രയേറെ പ്രാധാന്യം ഉണ്ടായിരുന്ന ഈ വ്യവസായത്തിന്റെ പ്രതിസന്ധിക്കു കാരണമെന്താണ്? സ്വകാര്യ മേഖലയിലെ ഉൽപാദകർ ഏതാണ്ട് പൂർണമായും ഈ വ്യവസായത്തെ കൈവിട്ടു കഴിഞ്ഞു.

കേന്ദ്രസർക്കാർ 2016-ൽ അസംസ്കൃത കശുവണ്ടിക്ക് 9.36 ശതമാനം ഇറക്കുമതി തീരുവ ഏർപ്പെടുത്തിയത് ഇറക്കുമതിയെ പ്രതികൂലമായി ബാധിച്ചു. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ വില ഗണ്യമായി ഉയർന്നെങ്കിലും സംസ്കരിച്ച കശുവണ്ടിയുടെ വില അതിനനുസരിച്ച് വർദ്ധിച്ചില്ല. ഇത്, പ്രത്യേകിച്ച് വിയറ്റ്നാമിൽ നിന്നും മറ്റ് ഏഷ്യൻ രാജ്യങ്ങളിൽ നിന്നുമുള്ള കടുത്ത അന്താരാഷ്ട്ര മത്സരം നേരിട്ടിരുന്ന കേരളത്തിന്റെ കശുവണ്ടി വ്യവസായത്തെ ദോഷകരമായി ബാധിച്ചു. കശുവണ്ടി ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളിലെ വിളനാശവും ലോക കമ്പോളത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യാപാര ഉപരോധങ്ങളും അസംസ്കൃത കശുവണ്ടിയുടെ രൂക്ഷമായ ക്ഷാമത്തിന് കാരണമായി. ഇത് പ്രതിസന്ധി കൂടുതൽ വഷളാക്കി.

ട്രംപിന്റെ ചുങ്കം

ഏറ്റവും ഒടുവിലായി അമേരിക്കയിലെ ട്രംപ് ഭരണകൂടം ഇന്ത്യൻ ഇറക്കുമതി ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തുന്ന അധിക ചുങ്കം കശുവണ്ടി മേഖലയ്ക്കും കനത്ത ആഘാതം ഏൽപ്പിക്കും. അമേരിക്കൻ വിപണിയിൽ സമീപകാലത്തായി ഇന്ത്യൻ കശുവണ്ടിയുടെ വിപണി വിഹിതം ഗണ്യമായി വർധിച്ചിരുന്നു. 2023-24 കാലയളവിൽ 111 കപ്പലുകളിലായി 65808 മെട്രിക് ടൺ സംസ്കരിച്ച കശുവണ്ടിപ്പരിപ്പാണ് അമേരിക്കൻ വിപണിയിലേക്കു മാത്രം കയറ്റിയയച്ചത്. ഇത് മുൻവർഷത്തേക്കാൾ 28 ശതമാനം കൂടുതലായിരുന്നു. ഇറക്കുമതി തീരുവ ഇരട്ടിയാക്കുന്നത് നമ്മുടെ കശുവണ്ടി പരിപ്പ് കയറ്റുമതിയെയും ഏറെ പ്രതികൂലമായി ബാധിക്കും.

ഉയർന്ന ഉല്പാദനച്ചെലവ്

കശുവണ്ടി സംസ്കരണത്തിന് മാനുഷിക അധ്വാനത്തെ കൂടുതലായി ആശ്രയിക്കുന്നതിനാൽ വ്യവസായം നേരിടുന്ന ഉയർന്ന ഉൽപാദനച്ചെലവാണ് മറ്റൊന്ന്. യന്ത്രവൽക്കരണം ഒരു പരിഹാരമായി ചൂണ്ടിക്കാണിക്കാറുണ്ട്. പക്ഷേ, അത് നടപ്പാക്കുന്നതിനുള്ള ചെലവ് കൂടുതലാണ്. കേരളത്തിലെ പല കശുവണ്ടി ഫാക്ടറി ഉടമകളും ഇപ്പോൾ കടക്കെണിയിലാണ്. ഫാക്ടറികൾ ഏറിയപങ്കും അടഞ്ഞു കിടക്കുകയാണ്. പലരും ബാങ്ക് നടപടികൾ നേരിടുന്ന സ്ഥിതിയാണ്. കേരളത്തിലെ കശുവണ്ടി നിർമ്മാണ യൂണിറ്റുകളിൽ ഏകദേശം 80 ശതമാനം സമീപ വർഷങ്ങളിൽ പ്രവർത്തനം നിലച്ചു. കോവിഡ് കാലത്ത് മാത്രം ഏകദേശം 400 സംസ്കരണ യൂണിറ്റുകൾ അടച്ചുപൂട്ടി.

കുറഞ്ഞ വിലയ്ക്ക് ഗുണനിലവാരമില്ലാത്ത കശുവണ്ടിയുടെ ഇറക്കുമതി, പ്രത്യേകിച്ച് വിയറ്റ്നാമിൽ നിന്നും മറ്റ് ഏഷ്യൻ രാജ്യങ്ങളിൽ നിന്നുമുള്ള കടുത്ത മത്സരം, അന്താരാഷ്ട്ര വിപണികളിലെ ചാഞ്ചാട്ടം എന്നിവ വ്യവസായം നേരിടുന്ന പ്രതിസന്ധികളാണ്. തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുക, കൂടുതൽ യന്ത്രവൽക്കരണം നടപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ചില വ്യവസായികൾ തമിഴ്നാട്, മഹാരാഷ്ട്ര, കർണാടക തുടങ്ങിയ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലേക്ക് ചേക്കേറിയത് കേരളത്തിൽ തൊഴിൽ നഷ്ടത്തിനും സാമ്പത്തിക അസ്ഥിരതയ്ക്കും കാരണമായി.

പുനരുജ്ജീവന പാക്കേജ്

ഈ പ്രതിസന്ധി മറികടക്കണമെങ്കിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളിൽ നിന്ന് പ്രത്യേക പുനരുജ്ജീവന പാക്കേജ് ഉൾപ്പെടെയുള്ള സഹായം വേണ്ടിയിരുന്നു. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ കാര്യക്ഷമമായി ഇടപെടുകയും സാമ്പത്തിക സഹായം ഉൾപ്പടെ നൽകുന്നുണ്ടെന്നതും വിസ്മരിക്കാനാവില്ല. എന്നാൽ ഇറക്കുമതി തീരുവയുടെ കാര്യത്തിലും ബാങ്ക് നടപടികളുടെ കാര്യത്തിലും കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്ന് അനുഭാവപൂർണ്ണമായ ഒരു നടപടിയും ഉണ്ടാകാത്തത് തിരിച്ചടിയാണ്.

സാമ്പത്തിക സഹായം, നൈപുണ്യ വികസന പരിപാടികൾ, അടിസ്ഥാന സൗകര്യ വികസനം എന്നിവയുൾപ്പെടെ വ്യവസായത്തെ പിന്തുണയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ ചില സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളും സുസ്ഥിര രീതികളും നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ കശുവണ്ടി വ്യവസായം കുറേക്കൂടി പുരോഗതി രേഖപ്പെടുത്തിയിട്ടുണ്ട്.

നവീകരണം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, ലക്ഷ്യമിട്ട സാമ്പത്തിക സഹായം, പ്രവർത്തനരഹിതമായ യൂണിറ്റുകളുടെ പുനരുജ്ജീവനം, ആഭ്യന്തര അസംസ്കൃത പരിപ്പ് ഉൽപാദനം വർദ്ധിപ്പിക്കൽ, ആധുനികവൽക്കരണവും ഭാഗിക യന്ത്രവൽക്കരണവും അവതരിപ്പിക്കൽ, മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കൽ, ഉൽപ്പന്ന വൈവിധ്യവൽക്കരണം, ചെലവ് കാര്യക്ഷമത ഉറപ്പാക്കൽ, വിപണനം, കയറ്റുമതി എന്നിവയിലൂടെ മേഖലയെ സ്ഥിരപ്പെടുത്തുന്നതിൽ കേരള സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചു.

തൊഴിൽ സംരക്ഷിക്കൽ, യൂണിറ്റുകളുടെ പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തൽ, അസംസ്കൃത കശുവണ്ടിയുടെ നിരന്തരമായ ക്ഷാമം പരിഹരിക്കൽ എന്നിവ ലക്ഷ്യമിട്ടായിരുന്നു ഈ ഇടപെടലുകൾ. കേരള കശുവണ്ടി വികസന കോർപ്പറേഷൻ 10,600 ൽ അധികം തൊഴിലാളികൾക്ക് പ്രതിവർഷം 120 ൽ അധികം ദിവസത്തെ ജോലി നൽകുന്നു, കേരള സ്റ്റേറ്റ് കശുവണ്ടി തൊഴിലാളി അപ്പെക്സ് സഹകരണ സൊസൈറ്റി ഏകദേശം 3,700 തൊഴിലാളികൾക്ക് ഏകദേശം 150 ദിവസത്തെ ജോലി നൽകുന്നു. സ്വകാര്യ ഫാക്ടറികൾ അടച്ചുപൂട്ടൽ കാരണം തൊഴിൽ നഷ്ടപ്പെട്ട 1,759 തൊഴിലാളികളെ കൂടി കാപെക്സ് ഏറ്റെടുത്തു.

തോട്ടണ്ടി ലഭ്യമാക്കാൻ നടപടികൾ

കശുവണ്ടി വ്യവസായ മേഖലയിലെ പ്രധാന വെല്ലുവിളി തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ്. ഈ വെല്ലുവിളി മറികടക്കുന്നതിനായി 2018 മുതൽ 2025 വരെയുള്ള കാലയളവിൽ 78,182 മെട്രിക് ടൺ തോട്ടണ്ടി വിവിധ രാജ്യങ്ങ ളിൽ നിന്ന് ഇറക്കുമതി ചെയ്തു. 2025-26 സാമ്പത്തിക വർഷത്തിൽ ഘാന, ഐവറികോസ്റ്റ്, മൊസാംബിക്ക് തുടങ്ങിയ രാജ്യങ്ങ ളിൽ നിന്ന് 15,768.25 മെട്രിക് ടൺ തോട്ടണ്ടി ഇറക്കു മതി ചെയ്തിട്ടുണ്ട്.

- **കശുവണ്ടി കൃഷി:** സംസ്ഥാനത്തിനുള്ളിൽ കശുവണ്ടി കൃഷി പരിമിതമാണ്. 2016-17 ൽ 90.9 ഹെക്ടറായിരുന്ന കശുവണ്ടി കൃഷി 2024-25 ൽ 110.5 ഹെക്ടറായി വികസിച്ചെങ്കിലും, കാലാ വസ്ഥയും രോഗവുമായി ബന്ധപ്പെട്ട ഘടകങ്ങ ളും കാരണം ഉത്പാദനം 83,980 ടണ്ണിൽ നിന്ന് 64,920 ടണ്ണായി കുറഞ്ഞു. അതിനാൽ, ശേഷി വിനിയോഗം നിലനിർത്തുന്നതിന് ഈ മേഖല ഇറക്കുമതി ചെയ്യുന്ന അസംസ്കൃത പരിപ്പിനെ വളരെയധികം ആശ്രയിച്ചിരിക്കുന്നു.
- **കശുവണ്ടി ബോർഡ്:** അസംസ്കൃത പരിപ്പിന്റെ ക്ഷാമം മറികടക്കുന്നതിനും സംസ്കരണ യൂണി റ്റുകൾക്ക് അസംസ്കൃത കശുവണ്ടിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി 2017-ൽ കേരള കശുവണ്ടി ബോർഡ് സ്ഥാപിതമായി. 2017-18 മുതൽ, കേരള കശുവണ്ടി ബോർഡ് 78,006 ടൺ അസംസ്കൃത പരിപ്പ് ഇറക്കുമതി ചെയ്തു, ഇതിന് 293.3 കോടി രൂപ സംസ്ഥാന സഹായം നൽകി. 15,696 ഹെക്ടറിൽ 36 ലക്ഷത്തിലധികം ഗ്രാഫ്റ്റുകൾ വിതരണം ചെയ്തും ഉയർന്ന സാന്ദ്രതയും അൾട്രാ-ഹൈ ഡെൻസിറ്റി കൃഷിയും പ്രോത്സാഹിപ്പിച്ചും കെ.എ സ്.എ.സി.സി കൃഷി വിപുലീകരിച്ചു.
- **കശുവണ്ടി സംഭരണം:** കശുവണ്ടി കോർപ്പ റേഷൻ സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി കർഷകരിൽ നിന്ന് നേരിട്ടും സഹകരണ ബാങ്കുകൾ സംഭരിച്ചതും സർക്കാർ രൂപീകരിച്ച വില നിർണ്ണയ സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് കോർപ്പറേഷൻ വാങ്ങി. സർക്കാർ ഫാമുകളിലും മറ്റ് പൊതുമേഖലാ പ്ലാൻറേഷനുകളിലും ഉല്പാ ദിപ്പിക്കുന്ന തോട്ടണ്ടിയും ഗവൺമെൻറ് നിശ്ചയി ക്കുന്ന വിലയ്ക്കാണ് സംഭരിക്കുന്നത്.
- കശുമാവ് കൃഷിയുടെ കാര്യത്തിൽ കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷന്റെ സഹായം സർക്കാരിനും കർഷകർക്കും കൂടുതലായി പ്രയോ ജനപ്പെടുന്നു. 2021-22 ലെ കണക്കനുസരിച്ച്, ഇന്ത്യൻ സംസ്ഥാനങ്ങളിൽ കശുമാവ് കൃഷിയിൽ വിസ്തൃതിയുടെ കാര്യത്തിൽ കേരളം ആറാം സ്ഥാനത്തും ഉൽപാദനത്തിൽ അഞ്ചാം സ്ഥാന ത്തുമാണ്.

കശുവണ്ടി വികസന കോർപ്പറേഷൻ

സ്വകാര്യ ഫാക്ടറികൾ അടച്ചുപൂട്ടിയപ്പോൾ അവയിൽ ചിലതിനെ ഏറ്റെടുത്തുകൊണ്ടാണ് 1969-ൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ (കെ.എസ്.സി.ഡി.സി) രൂപീകൃതമായത്. 30 ഫാക്ടറി കളിലായി 11550 തൊഴിലാളികളും അറുന്നൂറോളം സ്റ്റാഫ് ജീവനക്കാരും തൊഴിലെടുക്കുന്നു. 2015 മുതൽ 11 മാസത്തോളം അടഞ്ഞ് കിടന്ന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്ന ശേഷം തുറന്ന് പ്രവർത്തനം പുനരാരംഭിച്ചു.

കോർപ്പറേഷന്റെ നവീകരണത്തിലാണ് കഴിഞ്ഞ ഒരു ദശാബ്ദക്കാലത്ത് ഊന്നിയത്. 2017-18 മുതൽ 229 കോടി രൂപയുടെ ആധുനികവൽക്കരണത്തി നും ഭാഗിക യന്ത്രവൽക്കരണത്തിനുമുള്ള സർക്കാർ പിന്തുണ, നവീകരിച്ച അടിസ്ഥാന സൗകര്യങ്ങളും ശുചിത്വമുള്ളതും സ്ത്രീ സൗഹൃദപരവുമായ ഫാക്ടറി അന്തരീക്ഷങ്ങളിലൂടെ ജോലിസ്ഥല സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്.

പുതിയ കട്ടിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതുൾ പ്പെടെയുള്ള സംസ്കരണ സൗകര്യങ്ങളുടെ നവീകര ണമാണ് ഒരു പ്രധാന നേട്ടം, ഇത് യൂണിറ്റുകളിൽ തൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടാകാതെ ഉൽപ്പാദനക്ഷമത 85 മെട്രിക് ടണ്ണിൽ നിന്ന് 115 മെട്രിക് ടണ്ണായി വർദ്ധിപ്പിച്ചു. തൊഴിൽ സംരക്ഷണ ത്തോടൊപ്പം ഉൽപ്പാദനക്ഷമതാ നേട്ടങ്ങൾ കൈവരി ക്കുന്നതിന്റെ അപൂർവ ഉദാഹരണമാണിത്.

അസംസ്കൃത പരിപ്പ് ക്ഷാമം നേരിടുന്ന കാലഘട്ടങ്ങ ളിൽ തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിലും വരുമാന സ്ഥിരതയും സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. കെ.എസ്.സി.ഡി.സി 10,600 ൽ അധികം തൊഴിലാ ളികൾക്ക് പ്രതിവർഷം 120 ദിവസത്തെ ജോലി നൽകി യിട്ടുണ്ട്, അതേസമയം കാപെക്സ് 3,700 തൊഴിലാളി കൾക്ക് ഏകദേശം 150 ദിവസത്തെ ജോലി നൽകി യിട്ടുണ്ട്.

മൂല്യവർധിത ഉൽപ്പന്നങ്ങളിൽ നിന്നുള്ള വിറ്റുവരവ് 2016-17 ൽ 1.8 കോടി രൂപയിൽ നിന്ന് 2024-25 ൽ 17.4 കോടി രൂപയായി കെ.എസ്.സി.ഡി.സി വർദ്ധി പ്പിച്ചു.

കാപെക്സ്

കേരള സ്റ്റേറ്റ് കശുവണ്ടി തൊഴിലാളികളുടെ അപെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കാപെക്സ് - CAPEX) കശുവണ്ടി വ്യവസായത്തെ പ്രോ ത്സാഹിപ്പിക്കുന്നതിനായി 1984-ൽ കേരള സർക്കാർ നിയന്ത്രിക്കുന്ന ഒരു പ്രമുഖ സഹകരണ സ്ഥാപന മാണ്. 18000 മെട്രിക് ടൺ തോട്ടണ്ടി സംസ്കരണ ശേഷി കാപെക്സിനു കീഴിലുള്ള പത്തോളം ഫാക്ടറി കൾക്കുണ്ട്.

അതേസമയം കാപെക്സ് അതിന്റെ മൂല്യവർധിത ഉൽപ്പ ന്ന വിൽപ്പന വികസിപ്പിക്കുകയും ഒ.എൻ.ഡി.സി,

സർക്കാർ പ്ലാറ്റ്ഫോമുകൾ, സ്വന്തം ഓൺലൈൻ വിൽപ്പന എന്നിവയുൾപ്പെടെയുള്ള റീട്ടെയിൽ ചാനലുകളിലേക്ക് വൈവിധ്യവൽക്കരിക്കുകയും ചെയ്തു.

കശുവണ്ടി പരിപ്പിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് പുറമേ കശുമാങ്ങയിൽ നിന്നും കാഷ്യൂ സോഡ, കാഷ്യൂ ആപ്പിൾ സ്ക്വാഷ്, കാഷ്യൂ പൈൻ ജാം എന്നീ ഉൽപ്പന്നങ്ങളും ഈ കാലയളവിൽ വിപണിയിൽ ഇറക്കി. 24 ഇനം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഇപ്രകാരം വിപണിയിൽ ഇറക്കിയിട്ടുണ്ട്.

സ്വകാര്യ മേഖല

സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികളുടെ പുനരുദ്ധാരണത്തിനായി സർക്കാർ 30 കോടി രൂപ ബജറ്റിൽ വകയിരുത്തി. ചെറുകിട, ഇടത്തരം ഫാക്ടറികൾക്ക് പലിശ സബ്സിഡിയും മൂലധന ഗ്രാന്റും അനുവദിച്ചു. സ്വകാര്യ വ്യവസായികൾക്ക് വലിയ ആശ്വാസമായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2025 ഡിസംബർ വരെ ദീർഘിപ്പിച്ചുനൽകാൻ ബാങ്കേഴ്സ് സമിതിക്ക് മുഖ്യമന്ത്രി നിർദേശം നൽകി.

തൊഴിലാളിക്ഷേമം

തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ കുറഞ്ഞ കൂലി 23 ശതമാനം വർധിപ്പിക്കുകയും പിഎഫ്, ഇഎസ്ഐ തൊഴിലുടമാവിഹിതത്തിന് സർക്കാർ പിന്തുണ നൽകുകയും ചെയ്തു. തൊഴിലാളികൾക്ക് ദിനക്കൂലിയോടൊപ്പം ഡി.എ നൽകുന്ന രീതിയും നടപ്പിലാക്കിയത് സമീപകാലത്താണ്. പെൻഷനാകുന്ന തൊഴിലാളിക്ക് ആ ഘട്ടത്തിൽ തന്നെ ഗ്രാറ്റുവിറ്റി നൽകാൻ സാധിക്കുന്ന നിലയിലേക്ക് ഈ മേഖലയെ മാറ്റാൻ സാധിച്ചത് അഭിമാനകരമായ ഒരു നേട്ടമാണ്.

III
കൈത്തറി

കൃഷി കഴിഞ്ഞാൽ ഗ്രാമീണ ഇന്ത്യയുടെ ഏറ്റവും വലിയ തൊഴിൽ മേഖലയായിരുന്നു കൈത്തറി. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ വ്യാവസായിക നയങ്ങൾ കൈത്തറിയെ തകർക്കുന്നു. കൈത്തറി മേഖല നൂലിന് യന്ത്ര മില്ലുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ മില്ലുകൾക്ക് അത് ലാഭകരമല്ലാത്തിനാൽ മറ്റു ലാഭകരമായ മേഖലകളിലേക്കു അവർ കേന്ദ്രീകരിക്കുന്നു. കൈത്തറിക്ക് നൂൽ ഉറപ്പുവരുത്തണമെന്ന് ചട്ടങ്ങളുണ്ടെങ്കിലും അതു പാലിക്കപ്പെടുന്നില്ല. കേന്ദ്ര സർക്കാരിന്റെ നയങ്ങൾ മൂലം രാജ്യത്തിനകത്തെ കൈത്തറി രംഗത്തിന് മൂലുകൾ ലഭ്യമാവാതെ, അഥവാ ലഭിച്ചാൽ തന്നെ വലിയ വിലയ്ക്കാണ് ലഭിക്കുന്നത്. ഇത് കൈത്തറി മേഖലയുടെ പ്രതിസന്ധിയിലേക്കു നിക്കുന്നു.

കശുവണ്ടി, കയർ എന്നിവയെ അപേക്ഷിച്ച് കൈത്തറി വ്യവസായം വിപുലമായിട്ടുള്ളതല്ല. 2009-10 ലെ ഹാൻഡ്ലൂം സെൻസസ് പ്രകാരം 12,000 നെയ്ത്തു കുടുംബങ്ങളിലായി ഏതാണ്ട് 25,000 പേരാണ് കൈത്തറി രംഗത്ത് തൊഴിലെടുത്തിരുന്നത്. കേരള സർക്കാരിന്റെ സർവേ റിപ്പോർട്ട് പ്രകാരം 469 സൊസൈറ്റികളിലായി 57,405 പേർ തൊഴിലെടുക്കുന്നുണ്ട്. നെയ്ത്തുകാരിൽ 90 ശതമാനവും സഹകരണ സംഘങ്ങളിലാണ്. 131 സഹകരണ സംഘങ്ങൾ ഫാക്ടറി സംഘങ്ങളാണ്. എന്നാൽ സംഘങ്ങളിലെ 60 ശതമാനമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ. സംസ്ഥാനത്തെ കൈത്തറി ഉൽപ്പാദനത്തിന്റെ വൈവിധ്യവൽക്കരണം പരിമിതമാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കൈത്തറിത്തുണികളുടെ 70 ശതമാനവും മുണ്ട്, ലുങ്കി, തോർക്ക് എന്നിവയാണ്. ന്നിവയുൽപ്പാദിപ്പിക്കുന്നതിനു പ്രാധാന്യം നൽകേണ്ടതുണ്ട്.

വിപണി വിപുലീകരണം

കൈത്തറി വസ്ത്രങ്ങളുടെ ജനപ്രീതി വർധിപ്പിക്കുന്നതിന് അതിവിപുലമായ പ്രചരണ പ്രവർത്തനങ്ങൾ 2006-11 കാലത്തെ എൽ.ഡി.എഫ് സർക്കാർ നടപ്പിലാക്കിയിരുന്നു. സർക്കാർ ജീവനക്കാർ ആഴ്ചയിലൊരിക്കൽ കൈത്തറി വസ്ത്രം ധരിക്കണമെന്നതും സ്കൂൾ യൂണിഫോം കൈത്തറിയാക്കിയതും ഈ രംഗത്തിനു ഉത്തേജനമായി. റിബേറ്റ് അനുവദിച്ചത് ഉൽപ്പന്ന വിപണനം വർധിപ്പിച്ചു. പിന്നീടുവന്ന യുഡിഎഫ് ഭരണത്തിൽ വലിയ തകർച്ചയാണ് വ്യവസായം നേരിട്ടത്. നെയ്ത്തുകാരുടെ എണ്ണത്തിലും തൊഴിൽദിനങ്ങളിലുമൊക്കെ വലിയതോതിലുള്ള കുറവുണ്ടായി. ഈ രംഗത്ത് തൊഴിലെടുക്കാൻ സജ്ജരായിട്ടുള്ള വിഭാഗത്തിന്റെ തൊഴിലും വരുമാനവും സംരക്ഷിക്കുന്ന സമീപനമാണ് 2016 മുതൽ അധികാരത്തിലിരിക്കുന്ന എൽ.ഡി.എഫ് സർക്കാർ സ്വീകരിച്ചുവരുന്നത്.

കൈത്തറി മേഖലയിലെ പ്രധാന നേട്ടം സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയാണ്. 2017-ൽ ആരംഭിച്ച പദ്ധതിയിലൂടെ 2021–25 കാലയളവിൽ 37.33 ലക്ഷം കുട്ടികൾക്കായി 1.32 കോടി മീറ്റർ തുണി വിതരണം ചെയ്തു. ഇതിലൂടെ 6,152 നെയ്ത്തുകാർക്കും 1,600 അനുബന്ധ തൊഴിലാളികൾക്കും സ്ഥിരമായ തൊഴിൽ ഉറപ്പ് വരുത്താൻ സാധിച്ചു. ഈ പദ്ധതിക്കായി ഇതുവരെ 626 കോടി രൂപ ചെലവഴിച്ചു. പദ്ധതിയിലേക്ക് നൂൽ നൽകുന്ന മില്ലുകൾക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന നൂലിന്റെ കമ്പോളവിലയേക്കാൾ ഉയർന്ന വില ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

സൗജന്യ കൈത്തറി യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പിന്നിങ്ങ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്ന നൂൽ ദേശീയ കൈത്തറി വികസന കോർപ്പറേഷൻ വഴിയാണ് വിതരണം ചെയ്യുന്നത്. മൂന്ന് മാസത്തേക്ക് നെയ്ത്തിനാവശ്യമായ നൂൽ മുൻകൂറായി വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ നൂൽ കേരളത്തിലെ സഹകരണ സ്പിന്നിങ് മില്ലുകളിൽ നിന്ന് വാങ്ങുന്നതിലൂടെ നാട്ടിൻപുറങ്ങളിലെ തൊഴിലവസരങ്ങൾ നിലനിർത്തുകയും മേഖലയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്തു.

കൈത്തറി മാർക്ക്, കെ-ബ്രാൻഡ് സർട്ടിഫിക്കേഷനുകൾ അവതരിപ്പിച്ചതിലൂടെയും, ആയിരക്കണക്കിന് യൂണിറ്റുകളുടെയും തൊഴിലാളികളുടെയും ജിയോ-ടാഗിംഗ്, ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിച്ചതിലൂടെയും വിപണി വികസനം ഗണ്യമായി ശക്തിപ്പെടുത്തിയിട്ടുണ്ട്.

നവീകരണം

കൈത്തറി മേഖലയെ ആധുനികവത്കരിക്കുകയും മൂല്യവർധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാർ പ്രത്യേക പദ്ധതികൾ നടപ്പിലാക്കി. സഹകരണ സംഘങ്ങളുടെ ആധുനികവത്കരണത്തിനായി 5 കോടി രൂപ വകയിരുത്തുകയും ഹാന്റക്സിന്റെ പുനരുദ്ധാരണത്തിനായി 20 കോടി രൂപ അനുവദിക്കുകയും ചെയ്തു.

കൈത്തറി, തുണി വ്യവസായത്തിൽ സ്പിന്നിംഗ്, നെയ്ത്ത്, വസ്ത്ര നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നപൊതു, സഹകരണ, സ്വകാര്യ യൂണിറ്റുകൾ ഉൾപ്പെടുന്നു. കൈത്തറി, തുണി മേഖലയിലെ സംസ്ഥാന സർക്കാരിന്റെ ഇടപെടലുകൾ ആധുനികവൽക്കരണം, മൂല്യവർദ്ധനവ്, മെച്ചപ്പെട്ട അസംസ്കൃത വസ്തുക്കളുടെ ലഭ്യത, തൊഴിലാളി ക്ഷേമം എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നു.

2016–2017 മുതൽ 2026 ജനുവരി വരെ വാർഷിക പദ്ധതികൾ വഴി 602 കോടിയിലധികം രൂപ ഈ മേഖലയിൽ ചെലവഴിച്ചു. 2016-17 നെ അപേക്ഷിച്ച് 2023-24 ൽ കൈത്തറി ഉൽപ്പാദനം ഇരട്ടി ഉൽപ്പാദനം രേഖപ്പെടുത്തി, തറികളുടെ എണ്ണം കുറഞ്ഞു, പക്ഷേ തുണി ഉൽപ്പാദനം 60 ശതമാനം വർദ്ധിച്ചു. മിക്ക തറികളും സഹകരണ യൂണിറ്റുകളായിരുന്നു, അവ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചതായി റിപ്പോർട്ട് ചെയ്തു, അതേസമയം സ്വകാര്യ യൂണിറ്റുകൾ ഉയർന്ന മൂല്യവർദ്ധിത ഉൽപ്പാദന ത്തിന് സംഭാവന നൽകി.

പവർലൂം മേഖലയിൽ, പവർലൂമുകളുടെ എണ്ണം ഏകദേശം മൂന്നിരട്ടിയായി, ഉത്പാദനം 5 മടങ്ങും വിറ്റുവരവ് 10 മടങ്ങും വർദ്ധിച്ചു. കോർപ്പറേറ്റ് / അസംഘടിത / സ്വകാര്യ മേഖലയുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യം അനുസരിച്ച് പവർലൂം മേഖലയുടെ ഘടനയിലെ മാറ്റം വളരെ വ്യക്തമാണ്. സ്വകാര്യ, അസംഘടിത യൂണിറ്റുകളിൽ ഉൽപാദനക്ഷമത വർദ്ധിച്ചപ്പോൾ, സഹകരണ പവർലൂം യൂണിറ്റുകളിൽ കുറവുണ്ടായി.

സംയോജിത പിന്തുണാ ചട്ടക്കൂട്

സംസ്ഥാന സർക്കാർ കൈത്തറി മേഖലയ്ക്കായി ഒരു സംയോജിത പിന്തുണാ ചട്ടക്കൂട് സ്ഥാപിച്ചിട്ടുണ്ട്, ഇത് നാല് പ്രധാന മേഖലകളെ ചുറ്റിപ്പറ്റിയാണ്: പ്രീ-പ്രൊഡക്ഷൻ, പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ, ക്ഷേമവും മാനേജ്മെന്റും.

- **പ്രീ-പ്രൊഡക്ഷൻ:** ഈ ഘട്ടത്തിൽ, ആധുനികവൽക്കരണ, അപ്ഗ്രഡേഷൻ സംരംഭങ്ങൾ, പുനരുജ്ജീവന പദ്ധതികൾ, മൂലധന പിന്തുണ പദ്ധതികൾ എന്നിവയിലൂടെ പിന്തുണ നൽകുന്നു. ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾക്കുള്ള സബ്സിഡികൾ, ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിനുള്ള മാർജിൻ മണി വായ്പകൾ, പരിശീലന, നൈപുണ്യ വികസന പരിപാടികൾ, പരുത്തി നൂലിന്റെ മൊത്തത്തിലുള്ള വാങ്ങലിനുള്ള സഹായം, തുണി സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവയിലൂടെയാണ് ഉൽപാദന പിന്തുണ നൽകുന്നത്.

  നെയ്ത്തുകാർക്ക് താങ്ങാനാവുന്ന വിലയിൽ അസംസ്കൃത വസ്തുക്കൾ ഉറപ്പാക്കുന്നതിനായി, നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻസിഡിസി) വായ്പ വഴി 70 കോടി രൂപ റിവോൾവിംഗ് ഫണ്ട്, നൂൽ ബാങ്കുകൾ, കേരള സ്റ്റേറ്റ് ഹാൻഡ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ഹാന്റെക്സ്), കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്) എന്നിവയ്ക്കുള്ള അധിക സബ്സിഡികൾക്കൊപ്പം സർക്കാർ കോട്ടൺ ബോർഡ് സ്ഥാപിച്ചു.
- **പ്രൊഡക്ഷൻ:** കൈത്തറി ഗ്രാമങ്ങളുടെ സ്ഥാപനം പ്രോത്സാഹിപ്പിക്കുക, സ്വയം തൊഴിൽ, ബിസിനസ് ഇൻകുബേഷൻ എന്നിവയെ പിന്തുണയ്ക്കുക, ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികൾ, മാർക്കറ്റിംഗ്, കയറ്റുമതി പ്രോത്സാഹനം, കൈത്തറി മാർക്ക് പ്രചരിപ്പിക്കുക എന്നിവയിലൂടെ ഉപജീവനമാർഗവും വിപണി പ്രവേശനവും മെച്ചപ്പെടുത്തുക എന്നതാണ് പോസ്റ്റ്-പ്രൊഡക്ഷൻ ഇടപെടലുകളുടെ ലക്ഷ്യം.

  അടിസ്ഥാനസൗകര്യ വികസനം, സൗകര്യങ്ങളുടെ നവീകരണത്തിനുള്ള പരിശീലനം, ആരോഗ്യ, ക്ഷേമ പരിപാടികൾ, ഉൽപ്പന്ന വികസന സഹായം, ഉൽപാദന പ്രോത്സാഹനങ്ങൾ, നെയ്ത്തുകാർക്ക് സമഗ്രമായ പിന്തുണ ഉറപ്പാക്കുക, കൈത്തറി ആവാസവ്യവസ്ഥയുടെ മൊത്തത്തിലുള്ള സുസ്ഥിരത എന്നിവ ക്ഷേമ, മാനേജ്മെന്റ് നടപടികളിൽ ഉൾപ്പെടുന്നു.

  പത്ത് വർഷത്തിനുള്ളിൽ 2,250-ലധികം പുതിയ തറികൾ സ്ഥാപിക്കൽ, 1,000-ത്തിലധികം വർക്ക്ഷെഡുകളുടെ നവീകരണം, ഡൈ ഹൗസുകൾക്കുള്ള പിന്തുണ, ലൂം ആക്സസറികൾ, പ്രീ-ലൂം സൗകര്യങ്ങൾ, അതുപോലെ പ്രധാന തുണി മില്ലുകളുടെ പുനരുജ്ജീവനം എന്നിവ ഉൾപ്പെടെ ആധുനികവൽക്കരണത്തിൽ മാത്രം ഏകദേശം 27 കോടി രൂപ നിക്ഷേപിച്ചു.
- **പോസ്റ്റ് പ്രൊക്ഷൻ:** കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപ്പന ഉറപ്പാക്കുന്നതിനും മൂല്യ സാക്ഷാത്കാരം ഉറപ്പാക്കുന്നതിനുമായി, കേരള സർക്കാർ കൈത്തറി റിബേറ്റ് പദ്ധതിയെ പിന്തുണച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി സൊസൈറ്റികളായ ഹാന്റക്സ്, ഹാൻവീവ് എന്നിവ ഉപഭോക്താക്കൾക്ക് കിഴിവോടെ സാധനങ്ങൾ വിൽക്കുന്നു, കിഴിവ് മൂല്യം സർക്കാർ തിരികെ നൽകുന്നു. 2016-17

മുതൽ ഈ പദ്ധതിക്കായി സർക്കാർ ഏകദേശം 94 കോടി രൂപ ചെലവഴിച്ചു. 2025-26 ൽ 20 കോടി രൂപ വിലമതിക്കുന്ന ഹാന്റ്ക്രിനായി സർക്കാർ ഒരു പുനരുജ്ജീവന പാക്കേജും അവതരിപ്പിക്കാൻ പോകുന്നു.

യുവ വീവ് പോലുള്ള നൈപുണ്യ സംരംഭങ്ങളും കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജിയിലെ (IIHT) പരിശീലന പരിപാടികളും യുവാക്കളെയും പരിശീലനം ലഭിക്കാത്തവരെയും സജ്ജരാക്കാൻ സഹായിച്ചു. ഉൽപ്പാദന, വരുമാന പിന്തുണ നടപടികൾ മേഖലയിലുടനീളം ഉപജീവന മാർഗ്ഗം ശക്തിപ്പെടുത്തി.

ഉല്പാദന പ്രോത്സാഹനം

2016-17 മുതൽ ഉൽപ്പാദന പ്രോത്സാഹനമായി 41 കോടി രൂപയിലധികം നൽകിയിട്ടുണ്ട്, ഇത് പ്രതി വർഷം ഏകദേശം 3,300 നെയ്ത്തുകാരെ പിന്തുണയ്ക്കുന്നു. നെയ്ത്തുകാർക്ക് പ്രതിദിനം 150 രൂപ മിനിമം വേതനം ഉറപ്പാക്കുന്നതിന് തൊഴിൽ വകുപ്പുമായി സഹകരിച്ച് വരുമാന പിന്തുണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു വർഷത്തിൽ 100 ദിവസം ജോലി പൂർത്തിയാക്കുന്ന തൊഴിലാളികൾക്കാണ് ഈ ആനുകൂല്യം ലഭ്യമാകുന്നത്.

കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് സ്കീം സ്കീമിന് കീഴിൽ, നെയ്ത്തുകാരന്റെ വേതനത്തിന്റെ കുറഞ്ഞത് 8 ശതമാനമെങ്കിലും ഈടാക്കു കയും തുല്യമായ തുക സർക്കാരിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യുന്നു. വരുമാന പിന്തുണ പദ്ധതിയും കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് സ്കീമും ചേർന്ന് 30,000-ത്തിലധികം വ്യക്തികൾക്ക് പ്രയോജനം ചെയ്യുന്ന തരത്തിൽ 20 കോടിയിലധികം രൂപ തൊഴിലാളി കൾക്ക് വിത രണം ചെയ്തു, 2024–25 ൽ ഒരു പുതിയ ആരോഗ്യ പരിപാടി അവതരിപ്പിച്ചു.

IV
ഖാദി മേഖല

മനുഷ്യാധ്വാനം വലിയതോതിൽ വേണ്ടതും എന്നാൽ കുറഞ്ഞ കൂലി ലഭിക്കുന്നതുമായ രംഗമാണ് ഖാദി വ്യവസായം. സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ കൂലി ളബിക്കുന്ന വിഭാഗങ്ങളിലൊന്നാണ് ഇത്. ഒരു ഘട്ട ത്തിൽ 30,000 വരെ ഖാദി തൊഴിലാളികൾ ഉണ്ടായി രുന്ന സ്ഥാനത്ത് ഇപ്പോൾ 10,000 ആയി കുറഞ്ഞിരി ക്കുന്നു. അസംസ്കൃതവസ്തുക്കളുടെ വിലക്കൂടുതലും ഇടനിലക്കാരുടെ ഇടപെടലും ഈ വ്യവസായത്തെ തകരാറിലാക്കുന്നു. 2006 -11 ലെ എൽ.ഡി.എഫ് സർക്കാർ കൊണ്ടുവന്ന വരുമാന ഉറപ്പു പദ്ധതി വരുമാനം വർധിപ്പിച്ചു. കേന്ദ്ര സർക്കാർ ഈ രംഗത്തും പിന്തിരിപ്പൻ നയങ്ങളാണ് സ്വീകരിച്ചുവരുന്നത്.

ഖാദി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അധ്വാന ഭാരം ലഘൂകരിക്കുന്നതിനും കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടു വരുന്നുണ്ട്. യൂണിറ്റുക ളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഖാദി സ്ഥാപനങ്ങൾക്ക് ധനസഹാ യം അനുവദിച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീമിന് പുറത്തായിരുന്ന ഖാദി തൊഴിലാളി കൾക്ക് മിനിമം കൂലി ഉറപ്പ് വരുത്തുന്നതിനായി ഇവരെയും ഇൻകം സപ്പോർട്ട് സ്കീമിലുൾ പ്പെടുത്തി സഹായം നൽകുന്നു. ഇത്തരം പിന്തുണയിലൂടെ ഏറ്റവും ആധുനികമായ മോഡലുകളിലുള്ള വസ്ത്രങ്ങളും ഇപ്പോൾ ഖാദി മേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്.

ഖാദി, ഗ്രാമീണ വ്യവസായ മേഖലയിലെ ഉൽപ്പാദനവും തൊഴിലും

മേഖല	ഉൽപ്പാദന മൂല്യം (കോടി രൂപയിൽ)		തൊഴിൽ (എണ്ണം)	
	2023-24	2024-25	2023-24	2024-25
ഖാദി	30.75	32.52	12,201	12,201
ഗ്രാമീണ വ്യവസായം	156.34	156.60	43,48	43,481
ആകെ	**187.09**	**189.12**	**55,688**	**55,682**

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന സംഘടനകൾക്ക് കീഴി ൽ സംസ്ഥാനത്ത് 29 ഖാദി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2018, 2019 വർഷങ്ങളി ലെ വെള്ളപ്പൊക്കം, കോവിഡ്-19 പകർച്ചവ്യാ ധി, വിശാലമായ സാമ്പത്തിക സാഹചര്യ ങ്ങൾ എന്നിവ വ്യവസായത്തെ സാരമായി ബാധിച്ചു. ഈ പ്രതികൂല സാഹചര്യങ്ങ ൾക്കിടയിലും വ്യവസായം പ്രവർത്തനക്ഷമമായി തുടരുന്നുവെന്ന് സംസ്ഥാന പിന്തുണ ഉറപ്പാക്കി.

14-ാം പഞ്ചവത്സര പദ്ധതി പ്രതിവ ർഷം ഉൽപ്പാദനം 25 ശതമാനം വർദ്ധി പ്പിക്കുക, 10,000 പുതിയ തൊഴി ലവസരങ്ങൾ സൃഷ്ടിക്കുക, 1,500 പുതിയ യൂണിറ്റുക ളും 75 പുതിയ വിൽപ്പന കേന്ദ്രങ്ങളും സ്ഥാപിക്കുക എന്നിവയാണ് ലക്ഷ്യമിട്ടത്. ഖാദി ഉൽപാദന ത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, ഖാദി സഹകരണ സംഘങ്ങളെയും ഗ്രാമ വ്യവസായങ്ങളെയും പുനരുജ്ജീവിപ്പിക്കുക, തൊഴിലാളികളുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തു ക, ഉൽപ്പാദന കേന്ദ്രങ്ങളുടെയും ഓഫീസുകളുടെയും നവീകരണം, വിപണനം, പ്രവർത്തനരഹിതമായ യൂണിറ്റുകളുടെ പുനരുജ്ജീവനം എന്നിവയിലൂടെ കയറ്റുമതി പ്രോത്സാഹിപ്പി ക്കുക എന്നിവയും പദ്ധതി ലക്ഷ്യമിടുന്നു. 2016-17 മുതൽ, അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനം, മാർക്കറ്റിംഗ്, പ്രവർത്തനര ഹിതമായ യൂണിറ്റുകളുടെ പുനരുജ്ജീവനം എന്നിവ ഉൾക്കൊള്ളുന്ന വികസന പരിപാടികൾക്കായി 62.3 കോടി രൂപയിലധികം ചെലവഴിച്ചു.

IV
മറ്റു ഗ്രാമീണ വ്യവസായങ്ങൾ

മൺപാത്ര നിർമ്മാണം, മേച്ചിൽ ഓട്, എണ്ണയാട്ട്, ശർക്കര നിർമ്മാണം, തുടങ്ങിയ പരമ്പരാഗത വ്യവ

സായങ്ങളാണ് ഗ്രാമീണ വ്യവസായങ്ങളിൽ ഉൾപ്പെടുന്നത്. ഇവയെല്ലാംതന്നെ തകർച്ചയിലാണ്, വളരെ ചുരുങ്ങിയ തൊഴിലാളികളും പ്രദേശങ്ങളിലുമാണ് ഇപ്പോൾ ഈ വ്യവസായങ്ങൾ നിനിൽക്കുന്നത്. തകർച്ച നേരിടുന്ന പലതിനെയും ആധുനികവൽക്കരണവും ഉൽപ്പന്ന വൈവിധ്യവൽക്കരണവും കൊണ്ട് പുരുജ്ജീവിപ്പിക്കാൻ കഴിയും. കെട്ടിട നിർമ്മാണത്തിലെ മാറ്റം മേച്ചിൽ ഓടുകളുടെ ആവശ്യകത കുറച്ചു. ഇപ്പോൾ മേച്ചിൽ ഓടുകളേക്കാൾ തറയോടുകൾക്ക് ആവശ്യകത കൂടിവരുന്നു, അതേപോലെ മൺപാത്രങ്ങൾക്കൊപ്പം ചെടിച്ചട്ടികളും കരകൌശല വസ്തുക്കൾക്കും പ്രിയമേറുന്നു.

ബീഡി

അന്യസംസ്ഥാനങ്ങളിൽ നിന്ന് വിലക്കുറവുള്ള ബീഡി വരുന്നതും പുകവലിക്കാരുടെ എണ്ണം കുറഞ്ഞതും ബീഡിക്കു പകരം സിഗരറ്റിന്റെ ഉപയോഗം വർധിച്ചതും ഈ വ്യവസായത്തിനു പ്രതികൂലമായിത്തീർന്നു. മുമ്പ് ഈ മേഖലയിൽ സജീവ സാന്നിധ്യമായിരുന്ന ദിനേശ് ബീഡി ഉൾപ്പടെ അനേകം സഹകരണ സംഘങ്ങൾ സജീവമായിരുന്നു. 1980 കളിൽ 40,000 ത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ മേഖല ഇപ്പോൾ ദുർബലമാണ്. ദിനേശ് മറ്റു ഉൽപ്പന്നങ്ങളുടെ രംഗത്തേക്കുമാറി.

ചെത്ത്

വളരെയധികം സംഘടിത മേഖലയായിരുന്നു ചെത്തു വ്യവസായം. വ്യാജ കള്ളിന്റെ വ്യാപനം ഈ വ്യവസായത്തിനു വെല്ലുവിളി ഉയർത്തുന്നു. കൃത്യമായ പരിധിക്കുള്ളിലാണ് ഓരോ കള്ള് ഷാപ്പും പവർത്തിക്കുന്നത്. ഇവയ്ക്കോരോന്നിനും നിശ്ചിത എണ്ണം ചെത്തുകാരുണ്ടാവണമെന്നും അവർ ചെത്തുന്ന കള്ളായിരിക്കണം വിൽക്കേണ്ടതെന്നും വ്യവസ്ഥകളുണ്ട്. എന്നാൽ വ്യവസ്ഥകളിൽ കൃത്രിമംകാണിച്ച് വ്യാജക്കള്ള് വിൽക്കുന്നുണ്ട്. യഥാർത്ഥ കള്ളുഷാപ്പുകൾക്ക് ഇന്ന് പല പ്രായോഗിക പ്രശ്നങ്ങളുമുണ്ട്.

മുള

മുളനിർമ്മിത വീട്ടുപകരണങ്ങൾക്കും കാർഷിക ഉപകരണങ്ങൾക്കും പ്രചാരം കുറഞ്ഞിരിക്കുകയാണ്. ആദിവാസി മേഖലകളിൽ വീടുകൾ നിർമ്മിക്കാനും ഗാർഹിക ഉപയോഗത്തിനുള്ള വട്ടി, കൊട്ട, പനമ്പ്, മുറം തുടങ്ങിയവ ഉണ്ടാക്കാനാണ് മുള ഉപയോഗിച്ചിരുന്നത്. ഈ കൈവേലക്കാർ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിലായി കേന്ദ്രീകരിച്ചിരിക്കുന്നു. മുള, ഈറ്റ ഉൽപ്പന്നങ്ങൾ ഇടനിലക്കാർ കുറഞ്ഞവിലയ്ക്ക് ശേഖരിച്ച് വലിയ ലാഭം ഉണ്ടാക്കുന്ന രീതി അവസാനിപ്പിക്കുന്നതിനായി സംസ്ഥാന ബാംബൂ കോർപ്പറേഷൻ രൂപീകരിച്ചു. ഈറ്റ ഉൽപന്നങ്ങൾ കോർപ്പറേഷൻ ശേഖരിച്ചു. കാടുകളിൽ നിന്നും ഈറ്റ സംഭരിച്ച് കുറഞ്ഞവിലയ്ക്ക് തൊഴിലാളികൾക്ക് നൽകുകയും അവരിൽ നിന്നും ന്യായമായ വിലനൽകി ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും ചെയ്തു. ഏതാണ്ട് 10,000 ത്തോളം കുടുംബങ്ങൾ കോർപ്പറേഷന്റെ തണലിൽ ജീവിക്കുന്നു.

കരകൌശല വ്യവസായം

വിനോദസഞ്ചാര മേഖലയിലെ വികസനം കരകൌശല വ്യവസായത്തിന്റെ സാധ്യതകൾ വർധിപ്പിക്കുന്നു. തുറന്നുതരുന്ന വിപണി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലേക്ക് ഈ രംഗത്ത് മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. കേരളം 32 അംഗീകൃത കരകൌശല രൂപങ്ങളെ പിന്തുണയ്ക്കുന്നു, ഇതിൽ ഏകദേശം 1.7 ലക്ഷം കരകൌശല വിദഗ്ധർ ഉൾപ്പെടുന്നു. ആനക്കൊമ്പ്, മരം, കൊമ്പ്, ബെൽ-മെറ്റൽ, തേങ്ങാ ചിരട്ട കരകൌശല വസ്തുക്കൾ എന്നിവ ഈ മേഖലയിൽ ഉൾപ്പെടുന്നു.

V
വികസന നിർദ്ദേശങ്ങൾ

വെല്ലുവിളികൾ

പരമ്പരാഗത വ്യവസായങ്ങൾ പല വെല്ലുവിളികളും നേരിടുന്നു. കൂടിയ ഉൽപാദനച്ചെലവ്, കുറഞ്ഞ ഉൽപ്പാദനക്ഷമത, പ്രവർത്തന മൂലധനത്തിന്റെ കുറവ്, പരിമിതമായ ഉൽപ്പന്ന വൈവിധ്യവൽക്കരണം, മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള ശക്തമായ മത്സരം എന്നിവയാണ് കയർ മേഖല നേരിടുന്ന പ്രധാന പ്രശ്നം. കൈത്തറി, പവർലൂം മേഖലകൾ വിലകുറഞ്ഞതും വേഗതയേറിയതുമായ പകരക്കാരിൽ നിന്നുള്ള മത്സരം, മാറുന്ന ഉപഭോക്തൃ മുൻഗണനകൾ, അസംസ്കൃത വസ്തുക്കളുടെ ദൌർലഭ്യവും വർദ്ധിച്ചുവരുന്ന വിലയും, കുറഞ്ഞ ഉൽപ്പാദന ക്ഷമത, വർദ്ധിച്ചുവരുന്ന ഉൽപ്പാദന ചെലവുകൾ നേരിടുന്നു. കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളികൾ നാലാണ്. അസംസ്കൃത വസ്തുവായ കശുവണ്ടിയുടെ ദൌർലഭ്യമാണ് ഒന്നാമത്തെ പ്രശ്നം. രണ്ടാമത്തേത് സംസ്കരണ ഫാക്ടറികളുടെ സാങ്കേതിക പിന്നോക്കാവസ്ഥയും സൌകര്യങ്ങളുടെ അപര്യാപ്തതയുമാണ്. മൂന്നാമത്തേത് ആധുനിക സംസ്കരണത്തിനപ്പുറം മൂല്യ വർധന ഈ ഫാക്ടറികളിൽ നടക്കുന്നില്ല എന്നുള്ളതാണ്. അവസാനമായി കുടിവറുപ്പിന്റെ വളർച്ചയും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മത്സരവും മൂലം തൊഴിലാളികൾക്ക് നിയമാനുസൃതമായ കൂലിയും ആനുകൂല്യവും ലഭിക്കുന്നില്ല. ആഗോളതലത്തിലുള്ള മത്സരം എന്നിവയും കശുവണ്ടി വ്യവസായം നേരിടുന്നു.

കരകൌശല വസ്തുക്കൾ അസംസ്കൃത വസ്തുക്കളുടെ ക്ഷാമം, വർദ്ധിച്ചുവരുന്ന ചെലവുകൾ, കടുത്ത മത്സരം, ചുരുങ്ങുന്ന കയറ്റുമതി വിപണികൾ, പരിമിതമായ പ്രവർത്തന മൂലധനം എന്നിവ നേരിടുന്നു. ഖാദി, ഗ്രാമ വ്യവ സായങ്ങൾ ഇപ്പോഴും സർക്കാർ പിന്തുണയെ വളരെയധികം ആശ്രയിച്ചിരിക്കുന്നു, ദുർബലമായ മാർക്കറ്റിംഗ് സംവിധാനങ്ങൾ, പരിമിതമായ ഉൽപ്പന്ന വൈവിധ്യവൽക്ക രണം, വികസിച്ചുകൊണ്ടിരിക്കുന്ന വിപണി ആവശ്യകതകളുമായി

പൊരുത്തപ്പെടാനുള്ള കഴിവില്ലായ്മ എന്നിവയാണ് പ്രധാന വെല്ലുവിളികൾ.

എല്ലാ മേഖലകളിലും, മെച്ചപ്പെട്ട ആധുനികവൽക്കരണം, മികച്ച ധനസഹായം, മെച്ചപ്പെട്ട രൂപകൽപ്പനയും സാങ്കേതികവിദ്യയും സ്വീകരിക്കൽ, കൂടുതൽ ഉൽപ്പാദനക്ഷമത, ശക്തമായ വിപണി സാന്നിധ്യം, സുസ്ഥിരമായ സ്ഥാപന ശേഷി എന്നിവ ഭാവിയിലെ വളർച്ചയ്ക്ക് അനിവാര്യമാണ്.

പുതിയ കാലത്തിനനുസൃതമായി പരമ്പരാഗത മേഖലയിൽ വരുത്തേണ്ട നവീകരണങ്ങൾ ചർച്ചചെയ്യുന്നതിന് കയർ, കശുവണ്ടി, കൈത്തറി കോൺക്ലേവുകൾ സംഘടിപ്പിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

കയർ

കയർ രംഗത്ത് 2022 ൽ രൂപീകരിച്ച വിദഗ്ധ സമിതി, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, യന്ത്രങ്ങളുടെ നവീകരണത്തിലും ഉപയോഗത്തിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്ക് വർദ്ധിപ്പിക്കൽ, ഗവേഷണ വികസനം ശക്തിപ്പെടുത്തൽ, നവീകരണവും വൈവിധ്യവൽക്കരണവും മുന്നോട്ട് കൊണ്ടു പോകൽ, നിശ്ചിയ അടിസ്ഥാന സൗകര്യങ്ങൾക്കായി പൊതു-സ്വകാര്യ പങ്കാളിത്ത മോഡലുകൾ തുടങ്ങിയ നടപടികൾ ശുപാർശ ചെയ്തു. ആധുനികവൽക്കരണം, യന്ത്രവൽക്കരണം, മെച്ചപ്പെട്ട ഉൽപ്പന്ന ഗുണനിലവാരം, പുതിയ വിപണികളിലേക്കുള്ള പ്രവേശനം എന്നിവയ്ക്ക് മുൻഗണന നൽകണം. സംസ്ഥാനത്തുനിന്നുള്ള ചകിരി ഉൽപ്പാദനം വർധിപ്പിക്കണം, ഇവിടെ ലഭ്യമാവുന്ന തൊണ്ടിന്റെ നല്ലൊരു പങ്കും ഇപ്പോൾ ഉപയോഗപ്പെടുത്തുന്നില്ല.

കയർ മേഖലയിൽ ഉൽപാദനം സംഘടിത രൂപത്തിലേക്ക് മാറ്റും. 100 യന്ത്രങ്ങൾ വീതമുള്ള ക്ലസ്റ്ററുകൾ രൂപീകരിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യും. ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും നടപ്പാക്കും. കയർ സംഘങ്ങളെ പ്രൊഫഷണൽ വൽക്കരിക്കും. കാലാവസ്ഥാ വ്യതിയാനത്തിൻറെ പശ്ചാത്തലത്തിൽ പുതിയ ഉല്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് കയർ പിരി മെഷീനുകൾ സംഘങ്ങൾക്ക് നൽകും.

കയർ കോർപ്പറേഷന്റെ ഉത്പാദനശേഷി വർദ്ധിപ്പിക്കും. ജിയോടെക്സ്റ്റൈൽ പദ്ധതി ടെക്സ്റ്റൈൽ പദ്ധതി മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കും. ഫ്രാൻസ്, ബ്രസീൽ ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് കയറ്റുമതി വർധിപ്പിക്കും. കയർഫെഡ് ശൃംഖല കൂടുതൽ മെച്ചപ്പെടുത്തും. ഷോറൂമുകൾ നവീകരിക്കും. പുതിയ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കും.

സംഘങ്ങൾക്ക് ആവശ്യമായ ഓർഡറുകൾ കയർ കോർപ്പറേഷൻ വഴി നൽകും. കയർഫെഡിൽ ഇറക്കുന്ന ചകിരിയ്ക്ക് 10 ദിവസത്തിനുള്ളിൽ വില നൽകും. കയർ ലഭ്യത കൂട്ടുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുമായി കൂട്ടി ചേർക്കും. ഗുണനിലവാരമുള്ള ചകിരി കയർഫെഡ് മുഖാന്തിരം നൽകും. പ്രവർത്തനക്ഷമമല്ലാത്തതും സ്വന്തമായ സ്ഥല സൗകര്യങ്ങളുള്ളതുമായ സംഘങ്ങളെ സംയോജിപ്പിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേന വഴി തൊണ്ട് സംഭരിക്കും.

ഇപ്പോൾ തെങ്ങു കൃഷിക്കാർ പ്രൊഡ്യൂസർ കമ്പനികളായി പ്രവർത്തിക്കുന്നുണ്ട്, അവരിലൂടെ ചകിരി ഉൽപ്പാദനം നടത്താവുന്നതാണ്. ഇങ്ങനെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ചകിരി കയർഫെഡ് സംഭരിച്ച് ആവശ്യമായ സംഘങ്ങൾക്ക് വിതരണം ചെയ്യണം. ഇവിടെ പൊതുമേഖലയ്ക്കും സഹകരണ സംഘങ്ങൾക്കും സ്വകാര്യ സംരംഭകർക്കും ചകിരി ഉൽപ്പാദനത്തിൽ ഏർപ്പെടാവുന്നതാണ്. കയർപിരി സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണം സാധ്യമാക്കണം. ആവശ്യമായ യന്ത്രങ്ങൾ സംഘങ്ങൾക്ക് ലഭ്യമാക്കണം. തൊഴിലാളികൾക്ക് മിനിമംകൂലി ഉറപ്പുവരുത്തണം. വിപണിയുടെ വ്യാപനം ആഭ്യന്തരമായും വിദേശ രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കണം.

കശുവണ്ടി

കശുവണ്ടി വ്യവസായത്തിൽ യന്ത്രവൽക്കരണം, മെച്ചപ്പെട്ട സംഭരണ സംവിധാന ങ്ങൾ, ഉൽപ്പന്ന വൈവിധ്യവൽക്കരണം, വിപണനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, തരിശുഭൂമിയിലെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകണം. ആധുനിക സാങ്കേതികവിദ്യ, മെച്ചപ്പെട്ട ഉൽപ്പാദനക്ഷമത, സുസ്ഥിര സംസ്കരണം, ആഗോള വിപണനം എന്നിവയിൽ ഊന്നുന്നതാവണം ഭാവി പരിപാടികൾ. സംസ്ഥാനത്തെ തോട്ടണ്ടി ഉൽപ്പാദനം ഗണ്യമായി വർധിപ്പിക്കണം. തൊഴിലാളികൾക്ക് മിനിമം ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തണം.

തൊഴിലാളികൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപനങ്ങളിൽ ഉറപ്പുവരുത്തണം. യന്ത്രവൽക്കരണം നടപ്പിലാക്കുമ്പോൾ എല്ലാ തൊഴിലാളികൾക്കും ആവശ്യമായ നൈപുണി പരിശീലനം നൽകണം. ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കേണ്ടത് തൊഴിലാളികൾക്കും സംരംഭകർക്കും ഒഴിച്ചുകൂടാനാവാത്തതാണ്. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കണം.

കശുവണ്ടി മേഖലയിൽ കാപെക്സിൻറെ ഉൽപ്പാദന പ്രകിയ യന്ത്രവൽക്കരിക്കും. കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലും കാപെക്സ് ശ്രദ്ധ കേന്ദ്രീകരിക്കും.

തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിനായി അടച്ചുപൂട്ടിയ ഫാക്ടറികൾ കേരള സർക്കാരിന്റെ സഹായത്തോടെ KSCDC ഏറ്റെടുക്കാൻ പദ്ധതി തയ്യാറാക്കും.

KSCDC-യുടെ പല സ്ഥാപനങ്ങളും വാണിജ്യ മൂല്യമുള്ള ദേശീയ പാതകളിലും സംസ്ഥാന റോഡുകളിലും പ്രധാന സ്ഥലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. അധിക വരുമാനം ഉണ്ടാക്കുന്നതിനായി പ്രധാന സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന കമ്പനിയുടെ സ്ഥാപനങ്ങൾ സർക്കാർ ഏജൻസികളുമായി സഹകരിച്ചോ പൊതു സ്വകാര്യ പങ്കാളിത്തം (പിപിപി) വഴിയോ അനുയോ

ജ്യമായ വാണിജ്യ അടിസ്ഥാന സൗകര്യ പദ്ധതികൾ സൃഷ്ടിക്കും.

കെഎസ്സിഡിസി, സിഎഫ്ടിആർഐ മൈസൂരുമായി സഹകരിച്ച് കാഷ്യൂ ക്രീം, കാഷ്യൂ സ്പ്രെഡ് തുടങ്ങിയ പുതിയ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യും.

കൈത്തറി

കൈത്തറിയിൽ പവർലൂമിലും, സുസ്ഥിരത, മാനേജീരിയൽ മികവ്, സാങ്കേതിക പിന്തുണ, നവീകരണവും പ്രീമിയം ഉൽപ്പന്ന വികസനവും, ഹാന്റ്ക്സിനും ഹാൻവീവിനുമുള്ള ഒരു പുനരുജ്ജീവന പദ്ധതി, ഉയർന്ന മൂല്യമുള്ള നൂലുകളും ആധുനിക ഉപകരണങ്ങളും ഉപയോഗിക്കൽ, ഒരു കൈത്തറി പ്രമോഷൻ പ്രോജക്റ്റ് എന്നിവ നടപ്പിലാക്കേണ്ടതുണ്ട്. ആധുനികവൽക്കരണം, ഡിസൈൻ വികസനം, പ്രീമിയം ഉൽപ്പന്ന വൈവിധ്യവൽക്കരണം, ബ്രാൻഡിംഗ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു തന്ത്രമാണ് വേണ്ടത്. വൈവിധ്യമേറിയ ഉൽപ്പന്നങ്ങൾ യന്ത്രസഹായത്തോടെ നിർമ്മിക്കുന്നതിന് സംഘങ്ങൾക്ക് സഹായം, ന്യായവിലയ്ക്ക് നൂൽ ലഭ്യമാക്കൽ, വിപണനരംഗത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ, തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തൽ എന്നിവ കൈത്തറി രംഗത്ത് നടപ്പിലാക്കേണ്ട പ്രധാന കാര്യങ്ങളാണ്.

കൈത്തറി വിദഗ്ധസമിതി റിപ്പോർട്ട് ശുപാർശകൾ പൂർണ്ണമായി നടപ്പാക്കും. ചെന്നൈ ഐ.ഐ.ടിയുമായി സഹകരിച്ച് നെയ്ത്ത് യന്ത്രങ്ങൾ ആധുനികവൽക്കരിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതി വിപുലപ്പെടുത്തും. ആധുനിക കൈത്തറി വസ്ത്രങ്ങൾക്കായി 4 ജില്ലകളിൽ ഡിസൈൻ സ്റ്റുഡിയോ സ്ഥാപിക്കും. മൂല്യവർധിത ഉൽപന്നങ്ങൾക്കായുള്ള പ്രത്യേക പദ്ധതി, ആധുനികവൽക്കരണത്തിനുള്ള നടപടികൾ, IIHT കണ്ണൂരുമായി സഹകരിച്ച് ഇൻകുബേഷൻ സെന്റർ, കൈത്തറി പ്രോത്സാഹന പദ്ധതി എന്നിവ നടപ്പാക്കും.

കരകൗശലം

കരകൗശല മേഖലയിൽ, സംരംഭങ്ങൾക്ക് ധനസഹായം നൽകൽ, ടൂറിസവുമായി ബന്ധപ്പെട്ട് കരകൗശല ഗ്രാമങ്ങൾ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിപണനം നൈപുണി വർധിപ്പിക്കൽ, ഉൽപ്പന്ന വൈവിധ്യവൽക്കരണം, ക്ലസ്റ്റർ രൂപീകരണം, യന്ത്രവൽക്കരണം നടപ്പിലാക്കേണ്ടതുണ്ട്. കരകൊശല വസ്തുക്കൾക്കാവശ്യമായ ചെളി ഡാമുകളിൽ നിന്നും മറ്റും ലഭ്യമാക്കണം. പാരമ്പര്യ രീതികൾ മാറ്റാതെതന്നെ ടൂറിസവുമായി ബന്ധപ്പെട്ട് കരകൗശല മേഖലയുടെ കൂടുതൽ വികസനം സാധ്യമാക്കണം.

ഖാദി, ഗ്രാമ വ്യവസായം

ഖാദി, ഗ്രാമ വ്യവസായങ്ങൾക്ക്, സ്വയംപര്യാപ്തത, വിപണന സംവിധാനങ്ങൾ, പുതിയ ഉൽപ്പന്ന വികസനം, സ്ഥാപനപരമായ ശക്തിപ്പെടുത്തൽ എന്നിവ ഭാവി തന്ത്രത്തിന്റെ കേന്ദ്രമാകണം. സംസ്ഥാന സഹായത്തെ ആശ്രയിക്കുന്നത് കുറയ്ക്കേണ്ടതുണ്ട്. ഖാദി മേഖലയിലെ വ്യവസായ പുനരുജ്ജീവനത്തിനു പാക്കേജ് ആവിഷ്കരിക്കണം. വ്യക്തിഗത വായ്പകൾ ഒറ്റത്തവണ തീർപ്പാക്കുകയോ, എഴുതിത്തള്ളുകയോ വേണം. ഈ രംഗത്ത് പ്രവർത്തിക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധ ഏജൻസികൾ തമ്മിൽ ഏകോപിതമായ പ്രവർത്തനം ഉണ്ടാവണം.

ചെത്ത്

കള്ളുഷാപ്പുകൾ ആധുനികവൽക്കരിക്കണം. കള്ള് വൃത്തിയായി ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും കഴിയണം. തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ കൃഷിക്കാരുമായി ചേർന്ന് വാണിജ്യ അടിസ്ഥാനത്തിൽ നീര ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കണം. ഉയരംകുറഞ്ഞ തെങ്ങു കൃഷി പ്രോത്സാഹനം, കള്ളു ഷാപ്പുകളുടെ നവീകരണം, വ്യാജ മദ്യത്തിനെതിരെ നടപടി എന്നിവ നടപ്പിലാക്കണം.

മുള

മുള വ്യവസായത്തിൽ വൈവിധ്യവൽക്കരണം, ക്ലസ്റ്റർ മാതൃകയിൽ ഉൽപ്പാദക യൂണിറ്റുകൾ ആരംഭിക്കൽ, യന്ത്രവൽക്കരണം, മുളയുടെ ലഭ്യത ഉറപ്പാക്കൽ എന്നിവ ചെയ്യേണ്ടതുണ്ട്. മുള സംസ്കരിച്ച് ഫർണിച്ചർ പോലുള്ള വിവിധ ഉൽപന്നങ്ങളുണ്ടാക്കുന്നതിനെ പ്രോത്സാഹിപ്പിക്കണം. സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം പരിശോധിച്ച് വേണ്ടരീതിയിൽ പരിഷ്കരിക്കണം. മുളവെച്ചുപിടിപ്പിക്കുന്നത് മണ്ണൊലിപ്പ് തടയുന്നതാകയാൽ പരിസ്ഥിതി സംരക്ഷണ മാർഗമെന്ന നിലയിൽക്കൂടി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

ബാംബൂ മേഖലയെ പുതിയ കാലത്തിൻറെ ആവശ്യങ്ങൾക്കനുസൃതമായി ആധുനികീകരിക്കും. മറൈൻ പ്ലൈയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനായി സംയുക്ത സംരംഭം ആരംഭിക്കും. ബാംബൂ കോർപ്പറേഷനെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സഹായം ലഭിക്കുന്നതിന് പ്രാപ്തമാക്കുന്നതിനായി വായ്പയെ ഇകിറ്റിയിലേക്ക് മാറ്റും.

122.54 കോടി രൂപയുടെ (49.25 കോടി രൂപയുടെ പലിശ ഉൾപ്പെടെ) സർക്കാർ വായ്പകളെ ഇകിറ്റിയിലേക്ക് മാറ്റുന്നതിനുള്ള കെഎസ്ബിസിയുടെ അഭ്യർത്ഥന അനുകൂലമായി പരിഗണിക്കും. നല്ലളം ഫാക്ടറിയിൽ മുള, തറ ടൈലുകൾ സ്വന്തം മുള ഇനങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. മുള കരകൗശല വസ്തുക്കളിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, അതിനെ ഒരു സുസ്ഥിര ബിസിനസ്സാക്കി മാറ്റും. മുള കട്ടറി, ടൂത്ത് പിക്കുകൾ തുടങ്ങിയ FMCG വസ്തുക്കളുടെ നിർമ്മാണത്തിന്റെ സാധ്യത പരിശോധിക്കും. വർഷം മുഴുവനും മുള/ഈറ്റയുടെ ലഭ്യത ഉറപ്പാക്കും. ഡിപ്പോകളും സബ് ഡിപ്പോകളും ശക്തിപ്പെടുത്തും. ടേൺകീ അടിസ്ഥാനത്തിൽ മുള നിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കും.

പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുദ്ധാരണം സമൂലമായ നവീകരണത്തിന്റെയും നൂതന ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിലൂടെയും മാത്രമേ സാധ്യമാകൂ.

11

വ്യവസായ മേഖല

മാനവവികസന സൂചികകളിലും സാമൂഹ്യ വികാസത്തിലും വികസിത രാജ്യങ്ങളോട് തുലനം ചെയ്യപ്പെട്ട കേരളത്തിൽ വ്യവസായം മുരടിപ്പിലാണെന്ന വിമർശനത്തെ അസാധുവാക്കുകയും മറികടക്കുകയും ചെയ്തതാണ് കഴിഞ്ഞ ഒരു ദശകക്കാലത്തെ എൽ.ഡി.എഫ് സർക്കാരിന്റെ പ്രധാന നേട്ടങ്ങളിലൊന്ന്. തീർത്തും പുതിയ ഒരു വ്യവസായ ഭൂമിക ഇവിടെ ഉദയം ചെയ്തിരിക്കുന്നു. നാലാം വ്യവസായ വിപ്ലവത്തിന്റെ ലക്ഷ്യസ്ഥാനമായി മാറാനുള്ള കുതിപ്പിലാണിന്ന് സംസ്ഥാനം. ഇതിന്റെ വിളംബരമാണ് തുടർച്ചയായി കേരളത്തിലേക്കെത്തിയ ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ. കേരളം വ്യവസായത്തിന് അനുയോജ്യമല്ല എന്ന മുൻവിധിയോടെയുള്ള പ്രചാരണം ശക്തമായി സംഘടിപ്പിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. വ്യവസായ സൗഹൃദാന്തരീക്ഷത്തിൽ കേരളം മുന്നിലെത്തിയിരുന്നില്ല. ഈയവസ്ഥയെ നിശബ്ദ വിപ്ലവത്തിലൂടെ മറികടന്ന് രാജ്യത്തെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി എന്നതാണ് നമ്മുടെ നേട്ടം.

I
ചരിത്രപശ്ചാത്തലം

കേരള സമ്പദ്ഘടനയുടെ ഒരു പ്രധാന ദൗർബല്യം വ്യവസായ പിന്നോക്കാവസ്ഥയായിരുന്നു. കാർഷിക സംസ്കരണത്തെ ആസ്പദമാക്കിയായിരുന്നു 19-ാം നൂറ്റാണ്ടിൽ വ്യവസായങ്ങൾ വളർന്നുവന്നത്. വ്യവസായവൽക്കരണത്തിന്റെ പുതിയൊരു ഘട്ടം ആരംഭിച്ചത് 1938-48 കാലത്താണ്. ആലുവ വ്യവസായ മേഖല കേന്ദ്രീകരിച്ചുകൊണ്ട് വളം നിർമ്മാണം, അലുമിനിയം, കെമിക്കലുകൾ, പ്ലൈവുഡ് തുടങ്ങി ഒരുകൂട്ടം പുതിയ വ്യവസായങ്ങൾ ഉയർന്നുവന്നു. എന്നാൽ, സ്വാതന്ത്ര്യാനന്തര കേരളത്തിൽ അറുപതുകളുടെ അവസാനം വരെ ഗ്വാളിയോർ റയോൺസ് ഒഴിച്ചാൽ എടുത്തുപറയാവുന്ന ആധുനിക വ്യവസായ നിക്ഷേപമൊന്നും കേരളത്തിലുണ്ടായില്ല. കേന്ദ്ര അവഗണന, സംസ്ഥാന വികസന നയത്തിൽ വ്യവസായത്തിന് അർഹമായ പ്രാതിനിധ്യം ലഭിക്കാതെ പോയത്, വിദേശ മൂലധനവും അന്യസംസ്ഥാന മൂലധനവും കേരളത്തിൽനിന്ന് പിൻവാങ്ങിയത്, സംരംഭകത്വത്തിന്റെ ദൗർബല്യങ്ങൾ തുടങ്ങി ഒട്ടനവധി കാരണങ്ങൾ ഈ തിരിച്ചുപോക്കിന് വിശദീകരിക്കാനായി ഉപയോഗിക്കപ്പെടുന്നുണ്ട്. ആവശ്യമായ സ്വകാര്യ മൂലധന നിക്ഷേപത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പൊതുമേഖലാ നിക്ഷേപമാണ് കേരളത്തിലെ ആധുനിക വ്യവസായ മേഖലയെ മുന്നോട്ടുകൊണ്ടുപോയത്.

കേരളത്തിന്റെ വ്യവസായ പിന്നോക്കാവസ്ഥയെ സമരോത്സുക ട്രേഡ് യൂണിയൻ പ്രവർത്തനവുമായി ബന്ധപ്പെടുത്തി വിശദീകരിക്കാനാണ് പലരും തുനിയുന്നത്. ഇതിന് വസ്തുതകളുമായി ബന്ധമില്ല. നാം ചർച്ച ചെയ്യുന്നത് സംഘടിത വ്യവസായ മേഖലയെക്കുറിച്ചാണ്. ഇവിടെ കൂലി വിഹിതം മറ്റു സംസ്ഥാനങ്ങളേക്കാൾ കുറഞ്ഞതാണ് എന്നുള്ളതാണ് വസ്തുത. 1970-കളുടെ മധ്യം മുതൽ കേരളത്തിലെ പണിമുടക്കുകൾ വഴി നഷ്ടപ്പെടുന്ന തൊഴിൽദിനങ്ങളുടെ ശതമാനം കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നു മാത്രമല്ല, ദേശീയ ശരാശരിയേക്കാൾ വളരെ താഴെയുമാണ്. കേരളത്തിന്റെ വ്യാവാസായിക പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ ചരിത്രത്തിലാണ് തേടേണ്ടത്.

ഈ പിന്നോക്കാവസ്ഥ മറികടക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നുള്ള തിരിച്ചറിവ് പരക്കെ ഉണ്ടായിരുന്നു. മറ്റേതു മേഖലയെയും അപേക്ഷിച്ച് വ്യവസായ മേഖലയ്ക്ക് വളരെ കൂടുതൽ മുൻ പിൻ ബന്ധങ്ങളുണ്ട്. അതുകൊണ്ട്, വ്യവസായ വളർച്ച അനുകൂലമായ അനുരണനങ്ങൾ സമ്പദ്ഘടനയിൽ ഉടനീളം സൃഷ്ടിക്കും. കാർഷിക മേഖലയുടെ പ്രാധാന്യം കുറയുന്നതിനനുസരിച്ച് അവിടെ തൊഴിലെടുക്കുന്നവരിൽ നല്ലൊരു പങ്കിനെ വ്യവസായ മേഖലയിലേയ്ക്ക് മാറ്റേണ്ടതുണ്ട്. വ്യാവസായിക മേഖല മുരടിച്ചുനിന്നാൽ അത് ഇപ്പോൾ കേരളത്തിന്റെ അനുഭവം കാണിക്കുന്നതുപോലെ തൊഴിലില്ലായ്മ രൂക്ഷമാകുന്നതിലേക്ക് നയിക്കും. വ്യവസായം പോലുള്ള ഉൽപ്പാദനമേഖലകളെ അവഗണിച്ചുകൊണ്ട് സേവന മേഖലകളെ ആസ്പദമാക്കി സുസ്ഥിരമായ സാമ്പത്തിക വളർച്ച സുസ്ഥിരമല്ല.

നാലാം കേരള പഠന കോൺഗ്രസ്

കേരളത്തിന്റെ വ്യവസായ പിന്നോക്കാവസ്ഥയുടെ തെളിവായി നാലാം കേരള പഠന കോൺഗ്രസ് എടുത്തു പറഞ്ഞത് സംസ്ഥാന ആഭ്യന്തര വരുമാനത്തിൽ വ്യവസായത്തിന്റെ താഴ്ന്ന വിഹിതവും മന്ദഗതിയിലുള്ള വ്യവസായ വളർച്ചയുടെയും കാര്യമാണ്. ഇതിൽ തന്നെ സംഘടിത മേഖലയെക്കാൾ വേഗതയിൽ വളരുന്നത് അസംഘടിത മേഖലയാണ്. വ്യവസായ ഘടനയെടുത്താൽ ചുരുക്കം ചില വ്യവസായങ്ങളിൽ ഉൽപ്പാദനം കേന്ദ്രീകരിച്ചിരിക്കും. അവയാണെങ്കിൽ ഗൗരവമായ വെല്ലുവിളികളെ നേരിടുകയും ചെയ്യുകയാണ്.

കേരളത്തിലെ കുടിൽ വ്യവസായങ്ങൾ തകർന്നുകൊണ്ടിരിക്കുകയായിരുന്നു. ഫാക്ടറികളിൽ പണിയെടുക്കുന്നവരുടെ എണ്ണം മുരടിച്ചുനിൽക്കുകയായിരുന്നു. അതുകൊണ്ട് ഫാക്ടറികൾ അല്ലാത്ത ചെറുകിട വ്യവസായങ്ങളാണ് കേരളത്തിൽ വളർന്നുകൊണ്ടിരുന്നത്. ഇന്നും ഏറ്റവും വേഗതയിൽ വളരുന്ന വിഭാഗം ഈ ചെറുകിട മേഖല തന്നെയാണ്. എന്നാൽ അന്നും ഇന്നും തമ്മിലുള്ള പ്രധാനപ്പെട്ട ഒരു വ്യത്യാസം ആധുനിക ചെറുകിട വ്യവസായ മേഖലയിലെ പങ്ക് ഗണ്യമായി ഉയർന്നുകൊണ്ടിരിക്കുന്നുവെന്നതാണ്.

നാലാം കേരള പഠന കോൺഗ്രസ് വളരെ വിശദമായി കേരളത്തിലെ വ്യവസായ മേഖല നേരിട്ടുകൊണ്ടിരുന്ന പ്രതിസന്ധിയെ വരച്ചുകാണിക്കുകയുണ്ടായി. രേഖയിൽ നിന്നുതന്നെ ഉദ്ധരിക്കട്ടെ:

"കേരളത്തിലെ വ്യവസായങ്ങളുടെ കളിത്തൊട്ടിൽ എന്ന് വിശേഷിപ്പിക്കാവുന്ന ആലുവ, ഏലൂർ, കളമശേരി, അമ്പലമുകൾ മേഖലകളിൽ ഗുരുതരമായ പ്രതിവ്യവസായവൽക്കരണം നടന്ന് വരികയാണ്. നിലവിലുള്ള സ്ഥാപനങ്ങളിൽ ഭാരത് പെട്രോളിയം കോർപ്പറേഷന്റെ കൊച്ചി റിഫൈനറിക്കു മാത്രമാണ് വരും വർഷങ്ങളിൽ ഉൽപ്പാദനക്ഷമമാകാനിടയുള്ള ചില പദ്ധതികളെങ്കിലും ഉള്ളത്. ഗൗരവമായ വ്യാവസായിക മാന്ദ്യം നിലവിലുണ്ടായിരുന്ന മുൻ കാലഘട്ടങ്ങളിൽ ഈ സ്ഥാപനങ്ങൾക്കും കമ്പനികൾക്കും വികസനത്തിന്റെയോ വൈവിധ്യവൽക്കരണത്തിന്റെയോ ആയ നിരവധി പദ്ധതികൾ ഉണ്ടായിരുന്നതായി കാണാവുന്നതാണ്.

ചില സ്ഥാപനങ്ങൾ സാങ്കേതിക മേന്മയില്ലായ്മയുടേയും വർദ്ധിച്ച ഉൽപ്പാദന ചിലവിൻറേയും കാരണത്താൽ നഷ്ടത്തിലാവുകയും ക്രമേണ അടച്ചുപൂട്ടുകയും ചെയ്തു. പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ്, ആലുവയിലെ സ്റ്റാൻഡേർഡ് പോട്ടറീസ്, എടത്തല ശേഷസായി വയർറോപ്സ്, കളമശ്ശേരിയിലെ ഒഗലേ ഗ്ലാസ് ഫാക്ടറി, അങ്കമാലിയിലെ തോഷിബ ആനന്ദ് ലംസ് & ബാറ്ററീസ്, എടയാറിലെ പെരിയാർ കെമിക്കൽസ് അവയിൽ ചിലത് മാത്രം. വൻകിട വ്യവസായങ്ങൾ രോഗാതുരമാകുന്നതോടൊപ്പം ഇത:പര്യന്തം നേടിയ സാങ്കേതിക വിജ്ഞാനവും അനുഭവ പാഠങ്ങളും ക്രമേണ അന്യമാകുന്ന സ്ഥിതി വിശേഷവും ഈ മേഖലയിൽ ഇന്ന് പ്രകടമാണ്. വൈദ്യുതി മുഖ്യ ഉൽപ്പാദന ഉപാധിയായിട്ടുള്ള ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, എഫ്.എ.സി.ടി, ഇന്ത്യൻ അലൂമിനിയം കമ്പിനി എന്നീ ഹൈ-ടെൻഷൻ ഉപഭോക്താക്കൾ എല്ലാം തന്നെ തങ്ങളുടെ പ്രഖ്യാപിത ഉൽപ്പാദന ശേഷി ഈ കാലയളവിൽ ഗണ്യമായി കുറയ്ക്കുകയുണ്ടായി. സംസ്ഥാന വൈദ്യുതി ഗ്രിഡിൽ മുൻപറഞ്ഞ കാരണത്താൽ വൻതോതിൽ ഉപഭോഗം കുറഞ്ഞതാണ് കൂടുതൽ വൈദ്യുതോൽപ്പാദന ശേഷി കൈവരിക്കാനാവാത്ത വർഷങ്ങളിൽ ഇലക്ട്രിസിറ്റി ബോർഡിന് ആശ്വാസമായത്. മെച്ചപ്പെട്ട സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിലവിലുള്ള വ്യവസായങ്ങൾ നവീകരിച്ച് ലാഭകരമാക്കി പ്രവർത്തിക്കുന്നതിന് പകരം അവ അടച്ചുപൂട്ടേണ്ട സ്ഥിതിവിശേഷമാണ് ഉള്ളത്."

II
വ്യവസായ സൗഹൃദ കേരളം

2021-ലെ മാനിഫെസ്റ്റോ

ഈയൊരു സ്ഥിതിവിശേഷത്തിന് ഇന്ന് അറുതി വരുത്തിയിരിക്കുകയാണ്. 2016-2021 കാലത്തെ വ്യവസായ പുരോഗതിയുടെ പശ്ചാത്തലത്തിൽ 2021-ലെ എൽ.ഡി.എഫ് തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ ഇങ്ങനെ പ്രഖ്യാപിച്ചു:

"അധ്വാനിക്കുന്നവരുടെ അവകാശങ്ങൾ സംരഷിക്കുന്നതിനൊപ്പം തന്നെ നവകേരള നിർമ്മിതിക്കായി വ്യവസായ സംരംഭകർ അടക്കമുള്ളവരോട് പൂർണ്ണ സഹകരണം ഉറപ്പുവരുത്തും. സർക്കാരിന്റെ ആദ്യ വർഷത്തിൽ തന്നെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഇൻഡക്സിൽ രാജ്യത്തെ ഏറ്റവും മികച്ച 10 സംസ്ഥാനങ്ങളിൽ ഒന്നാക്കും. അഞ്ചു വർഷത്തിനുള്ളിൽ ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തും".

മാനിഫെസ്റ്റോ ജനങ്ങൾക്ക് നൽകിയ ഉറപ്പ് പൂർണ്ണമായി നിറവേറ്റാൻ സർക്കാരിന് കഴിഞ്ഞു. 28-ാം സ്ഥാനത്തുണ്ടായിരുന്ന കേരളം ഇപ്പോൾ ഇന്ത്യയിലെ ഏറ്റവും മുൻ നിരയിലുള്ള സംസ്ഥാനമായി മാറി. റാങ്കിംഗിന്റെ സ്വഭാവവും രീതിയും പരിഷ്കരിച്ചതിന്റെ ഫലമായി പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ തട്ടുകളായി സംസ്ഥാനങ്ങളെ വിലയിരുത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. അതിൽ ഏറ്റവും മുൻ നിരയിലാണ് കേരളം ഉള്ളത്. 2022 ലെ റാങ്കിംഗിലാണ് ആദ്യമായി ടോപ്പ് അച്ചീവർ പദവി കൈവരിച്ചത്. ഇതിന് ശേഷം നടന്ന തൊട്ടടുത്ത റാങ്കിംഗിലും ഇതേ സ്ഥാനം ചാഞ്ചാട്ടമില്ലാതെ നില നിർത്താനായി. ഒന്നാമതെത്തിയ പ്രകടനം യാദൃച്ഛികമായിരുന്നില്ലെന്നും സ്ഥായിയായ വളർച്ചയുടെ പാതയിലേക്ക് കേരളം എത്തിയതായും ഇത് ബോധ്യപ്പെടുത്തുന്നു. 2022 ൽ 15-ാം സ്ഥാനത്തേക്കും 2024 ലും 2025 ലും ഒന്നാം സ്ഥാനത്തേക്കും അതിവേഗത്തിലുള്ള കുതിപ്പാണ് നാം നടത്തിയത്. ഏറ്റവും ഒടുവിലെ വിലയിരുത്തൽ ഫലം പുറത്തു വിട്ട 2025 ൽ ഏറ്റവും മുൻ നിരയിലുള്ള ഫാസ്റ്റ് മൂവർ പട്ടികയിലാണ് കേരളം. അതിവേഗ

ത്തിൽ വളരുന്ന വ്യവസായ രംഗം ഉള്ള സംസ്ഥാനങ്ങളാണ് ഈ പട്ടികയിൽ. സർക്കാർ നടപ്പാക്കേണ്ട പരിഷ്കാരങ്ങളിൽ 99.3% വും ഇത്തവണ നടപ്പാക്കി. 2024 ൽ ബിസിനസ് ഓറിയൻറഡായ 2 മേഖലകളിലായിരുന്നു ഒന്നാമതെങ്കിൽ ഇത്തവണ 4 മേഖലകളിൽ ഒന്നാമതെത്തി.

സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ വ്യവസായ സൗഹൃദ നില വിലയിരുത്തുന്ന പ്രധാന സങ്കേതമാണ് കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയത്തിന് കീഴിലുള്ള DPIIT യുടെ മാർഗ്ഗനിർദ്ദേശപ്രകാരം നടത്തപ്പെടുന്ന സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ളാൻ (SBRAAP). ബിസിനസ് ചെയ്യുന്നതിന് സർക്കാർ നൽകുന്ന സേവനത്തിന്റെ കാര്യക്ഷമതയെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനങ്ങളുടെ പ്രകടനം വിലയിരുത്തപ്പെടുന്നത്. യൂണിയൻ സർക്കാരിന്റെ വ്യവസായ വാണിജ്യമന്ത്രാലയത്തിന് കീഴിലുള്ള ഡിപിഐ ഐടി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി 2016 മുതൽ സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ളാൻ നടപ്പിലാക്കി വരുന്നു. ഈ റാങ്കിംഗ് പ്രക്രിയയിൽ കേരളം സജീവമായി പങ്കെടുക്കുകയും വ്യവസായ പ്രവർത്തനങ്ങൾക്കും സംരംഭകത്വത്തിനും ഉള്ള അന്തരീക്ഷം ഒരുക്കുന്നതിനായി ഒട്ടേറെ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. ഇതിൽ സർക്കാർ വകുപ്പുകളിൽ വരുത്തേണ്ട പരിഷ്കാരങ്ങൾ, സ്റ്റേറ്റ് ഹോൾഡർമാരുടെ കൂടിയാലോചനകൾ, സംരംഭകരിൽ നിന്നുള്ള അഭിപ്രായ ശേഖരണം തുടങ്ങി വ്യത്യസ്ത ഘടകങ്ങൾ ഉൾപ്പെടുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗ് ഉയർത്തുന്നതിന്റെ ഭാഗമായി 2022 ൽ സംസ്ഥാനം നടപ്പാക്കിയ പരിഷ്കാരങ്ങൾ 91 ശതമാനമാണ്. 2025 ലാകട്ടെ 99.3% പരിഷ്കാരങ്ങളും നടപ്പാക്കി. ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനമായി രണ്ടു തവണയും കേരളം അംഗീകരിക്കപ്പെട്ടു. സംരംഭകരിൽ നിന്നുള്ള പ്രതികരണത്തെ അടിസ്ഥാനമാക്കിയാണ് ഡിപിഐഐടി റാങ്കിംഗ് നടത്തുന്നത്. ഒരു പരിഷ്കാര മേഖലയ്ക്ക് 95% ത്തിൽ അധികം അനുകൂല പ്രതികരണം ലഭിച്ചാൽ മാത്രമാണ് ആ മേഖല ടോപ്പ് എച്ചീവർ പദവി നേടുക. ഇപ്രകാരമാണ് കേരളം 9 മേഖലകളിൽ ടോപ്പ് എച്ചീവർ പദവി കരസ്ഥമാക്കിയത്.

ഇത് കൂടാതെ അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ നോവൽ ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ അംഗീകാരം നേടുന്ന പദ്ധതിയായി കേരളത്തിന്റെ സംരംഭക വർഷം തെരഞ്ഞെടുക്കപ്പെട്ടു. അമേരിക്കൻ സൊസൈറ്റിയുടെ 87 വർഷത്തെ ചരിത്രത്തിനിടയിൽ ഇന്ത്യയിൽ നിന്നുള്ള ഒരു പദ്ധതി ഈ അംഗീകാരം നേടുന്നത് ഇതാദ്യമായാണ്. പ്രധാനമന്ത്രി പങ്കെടുത്ത ദേശീയ വ്യവസായ അവലോകന യോഗത്തിൽ ഇന്ത്യയിലെ എം.എസ്.എം.ഇ രംഗത്തെ ഏറ്റവും മികച്ച പദ്ധതിയായും (ബെസ്റ്റ് പ്രാക്ടീസ്) ഇതേ പദ്ധതി തെരഞ്ഞെടുക്കപ്പെട്ടു. ദാവോസിലെ വേൾഡ് എക്കണോമിക് ഫോറത്തിലും കേരളത്തിന് പ്രശംസ ലഭിച്ചു.

രണ്ട് തവണ തുടർച്ചയായി പത്ത് വർഷത്തോളം ഒരേ സർക്കാർ അധികാരത്തിലിരുന്നതിന്റെ ഗുണഫലം കൂടിയാണ് വ്യവസായ രംഗത്തെ മാറ്റം എന്ന് കാണാൻ കഴിയും. നയങ്ങൾക്ക് തുടർച്ചയുണ്ടായി. തീരുമാനങ്ങളും നടപടികളും കൂടുതൽ അർത്ഥപൂർണ്ണമായും ദൂരക്കാഴ്ചയോടെയും വികസിപ്പിച്ചു. തത്ഫലമായി ലോകോത്തര ബ്രാൻറുകളുടേയും ആഗോള കമ്പനികളുടേയും ലക്ഷ്യ കേന്ദ്രമായി കേരളം മാറി. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളേക്കാൾ ഇന്നവർ കേരളത്തെ പരിഗണിക്കുന്നു. നമ്മുടെ ശുദ്ധവായുവിൻറേയും വെള്ളത്തിൻറേയും ഗുണനിലവാരം മുതൽ അത്യധികം മികവുറ്റ മനുഷ്യശേഷി വരെ കേരളത്തെ തെരഞ്ഞെടുക്കാൻ കമ്പനികളെ പ്രേരിപ്പിക്കുന്നു. റിവേഴ്സ് മൈഗ്രേഷൻ എന്ന പ്രതിഭാസം യാഥാർത്ഥ്യമായിരിക്കുന്നു. ആധുനിക വ്യവസായ രംഗത്ത് വലിയ നിക്ഷേപങ്ങളെ ആകർഷിക്കുമ്പോൾ തന്നെ കേരളത്തിന്റെ മാത്രം പ്രത്യേകതയായ പൊതുമേഖലയെ ശക്തിപ്പെടുത്തി മത്സരക്ഷമമാക്കാനും പരമ്പരാഗത മേഖലയെ സംരക്ഷിക്കാനും കഴിയുന്നു എന്നിടത്താണ് കേരളത്തിന്റെ പാത വ്യത്യസ്തമാകുന്നത്.

നിക്ഷേപ സൗഹൃദ സൂചികയിൽ ഒന്നാമത് എത്തിയത് എങ്ങനെ?

വ്യവസായ സമൂഹവും ട്രേഡ് യൂണിയനുകളും മറ്റ് സ്റ്റേക് ഹോൾഡർമാരുമുൾപ്പെടെ എല്ലാ വിഭാഗങ്ങളുമായും സർക്കാർ നിരന്തരം സംവദിച്ചു. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചു. നയങ്ങൾ കാലാനുസൃതമാക്കുന്നതിന് പ്രത്യേക സമിതികളെ നിയോഗിച്ചു. ഈസ് ഓഫ് ഡൂയിംഗ് പരിഷ്കാരങ്ങൾഫല പ്രദമായി നടപ്പിലാക്കി. പുതിയ വ്യവസായ നയം രൂപീകരിച്ചു. താഴെ തലം വരെ ഇവ പ്രയോഗതലത്തിൽ കൊണ്ടുവരുന്നതിന് നിഷ്കർഷ പുലർത്തി. ഇപ്രകാരം സർവ്വതല സ്പർശിയായ മാറ്റങ്ങൾ സൃഷ്ടിച്ചാണ് വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുത്തത്.

സംസ്ഥാനത്തിന്റെ വ്യവസായ മേഖലയെക്കുറിച്ച് ഉയർന്ന് കേട്ടിരുന്ന ഒരു പ്രധാന വിമർശനം വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിലെ കാലതാമസവും ചുവപ്പു നാടയുമായിരുന്നു. വിവിധ വകുപ്പുകളുടെ പല തരം അനുമതികൾ നേടുന്നതിനായി പല ഓഫീസുകൾ കയറേണ്ട അവസ്ഥയും സമയനഷ്ടവും നിക്ഷേപകരുടെ മനം മടുപ്പിക്കുന്നതായിരുന്നു. ബ്യൂറോക്രസിയുടെ യാന്ത്രികതയും സംരംഭകർക്ക് പ്രയാസം സൃഷ്ടിച്ചു. ഈ പ്രക്രിയ സമൂലം ഉടച്ചു വാർത്തു കൊണ്ടല്ലാതെ നിക്ഷേപ സൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കാനാവില്ലായിരുന്നു. ചരിത്രപരമായ മാറ്റമാണ് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇക്കാര്യത്തിൽ സംഭവിച്ചത്. നിയമങ്ങളിലും ചട്ടങ്ങളിലും നടപടി ക്രമങ്ങളിലും വരുത്തിയ സമൂലമായ മാറ്റങ്ങളും സാങ്കേതിക മികവോടെ രൂപപ്പെടുത്തിയ

ഏകജാലക അനുമതി സംവിധാനങ്ങളും ദൂരവ്യാപ കമാറ്റത്തിന് കളമൊരുക്കി.

പുതിയ നിയമം

ഇതിൽ പ്രധാനപ്പെട്ടതാണ് 2018 ലെ കേരളാ ഇൻവെ സ്റ്റ്മെൻറ് പ്രമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ്. 7 നിയമങ്ങളും 10 ചട്ടങ്ങളും ഇതിലൂടെ ഭേദഗതി ചെയ്തു. 2017 ൽ ഇൻവെസ്റ്റ്മെൻറ് ഫെസിലിറ്റേഷൻ സെൻറർ സ്ഥാപിച്ചതും 2019 ൽഎം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്റ്റ് പാസാക്കിയതും നിക്ഷേപ സൗഹൃദാന്തരീക്ഷ സൃഷ്ടിക്ക് ബലം പകർന്നു. ഇതിന്റെ തുടർച്ചയാണ് 2020 ൽ ആവിഷ്കരിച്ച കെ. സ്വിഫ്റ്റ് എന്ന ഏകജാലക സംവിധാനം. 50 കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് 3.5 വർഷം വരെ പ്രവർത്തിക്കാൻ കെ. സ്വിഫ്റ്റ് അക്നോളജ്മെൻറ് മാത്രം മതി. അപേക്ഷകളിൽ 30 ദിവസത്തിനുള്ളിൽ തീരുമാനം എടുക്കുകയും അപേക്ഷകനെ ഇമെയിൽ/ SMS മുഖേന അറിയിക്കുകയും ചെയ്യുന്ന സൗകര്യം ഇതിലൂടെ ലഭിച്ചു. ഏത് വകുപ്പുകളുടെ അനുമതിക്കും പൊതുവായ അപേക്ഷ മതിയാകും. ചുവപ്പ് വിഭാഗ ത്തിൽ പെടാത്ത സംരംഭങ്ങൾക്ക് സ്വയം സാക്ഷ്യപ്പെ ടുത്തൽ മതി. ഓൺലൈൻ പേമെൻറിന് സൗകര്യമു ണ്ട്. 22 വകുപ്പുകളുടെ 120 സേവനങ്ങൾ സമന്വയി ക്കുന്നതാണ് കെ. സ്വിഫ്റ്റ്. കെ-സ്വിഫ്റ്റിനെ കാലാ നുസൃതമായി നവീകരിച്ച് കൂടുതൽ കാര്യക്ഷമമാക്കി മാറ്റാനും കഴിഞ്ഞിട്ടുണ്ട്. 2021ൽ K-CIS സ്ഥാപിച്ചു.

തുടർ നടപടികൾ

വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനക്കായി ഏകീകൃത സംവിധാനം ഏർപ്പെടുത്തി. വിവിധ വകുപ്പുകളുടെ പരിശോധനകൾ ക്രമപ്പെടുത്തി. അതേവർഷം തന്നെ വ്യവസായങ്ങളുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കു ന്നതിനും നടപടി ക്രമങ്ങളും ലഘൂകരിക്കുന്നതിനും ശിക്ഷാ വ്യവസ്ഥകൾ പരിഹരിക്കുന്നതിനുമായി കെ. സണ്ണി കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റി റിപ്പോർ ട്ട് നടപ്പാക്കുകയും ചെയ്തു.

50 കോടിക്ക് മുകളിലുള്ള നിക്ഷേപങ്ങൾക്ക് 7 ദിവ സത്തിനുള്ള കോമ്പോസിറ്റ് ലൈസൻസ് നൽകാൻ ഇൻവെസ്റ്റ്മെൻറ് ഫെസിലിറ്റേഷൻ ബ്യൂറോയും ഇതോടൊപ്പം നിലവിൽ വന്നു. സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിന് സംസ്ഥാന- ജില്ലാ തലങ്ങളിൽ സ്റ്റാറ്റ്യൂട്ടറി സംവിധാനം 2022 ൽ സ്ഥാപി തമായി. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് പിഴശിക്ഷ ഉൾപ്പെടെ ഇതിലൂടെ വ്യവസ്ഥ ചെയ്യപ്പെട്ടു. കാലഹ രണപ്പെട്ട 105 നിയമങ്ങളും 211 ചട്ടങ്ങളും റദ്ദാക്കി.

വ്യവസായ പാർക്കുകളിലെ ഭൂമിയുടെ പാട്ടവ്യവ സ്ഥകൾ പരിഷ്കരിച്ചു. ലാൻറ് അലോട്ട്മെൻറ് പോളിസി അംഗീകരിച്ചു. ഇതിന്റെയെല്ലാം തുടർച്ചയായി പുതിയ വ്യവസായ നയം - 2023 ഉം പ്രഖ്യാപിച്ചു. ഏത് പരാതിയും പരിഹരിക്കാൻ അതിവിപുല സംവിധാ നമൊരുക്കി. മന്ത്രിയെയും നേരിട്ട് സമീപിക്കാൻ അവസരം നൽകി. എല്ലാ തദ്ദേശസ്ഥാപനങ്ങളിലു മായി 1034 സംരഭക എക്സ്ക്യൂട്ടീവുകളെ നിയമിച്ചു. മീറ്റ് ദ മിനിസ്റ്റർ, മീറ്റ് ദ ഇൻവെസ്റ്റർ പരിപാടികളി ലൂടെ വൻകിട കമ്പനികൾ മുതൽ എം.എസ്.എം. ഇ സംരംഭകർക്കു വരെ മന്ത്രിയുൾപ്പെടെ സർക്കാരിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നിക്ഷേപ പദ്ധതികളും പരാതികളും അവരിപ്പിച്ച് പരിഹാരം കാണാൻ അവസരമൊരുക്കി.

III
പൊതുമേഖല

ദേശീയ തലത്തിൽ പൊതുമേഖലാസ്ഥാപനങ്ങളെ കൈയൊഴിയുന്ന നയമാണ് യൂണിയൻ സർക്കാരും ഏതാനും സംസ്ഥാനസർക്കാരുകളും പിന്തുടരു ന്നത്. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുകയും മത്സരാധിഷ്ഠിതമാക്കി മാറ്റുകയും ചെയ്യുന്നതിലൂടെ കേരളം പുതിയൊരു മാതൃക സൃഷ്ടിച്ചിരിക്കുകയാണ്. വ്യവസായ വകുപ്പിന് കീഴിൽ ലാഭത്തിൽ പ്രവർത്തി ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 27 ആയി ഉയർന്നു. 2025 - 26 സാമ്പത്തിക വർഷത്തെ അർധ വാർഷിക അവലോകന പ്രകാരം പുതുതായി 14 പൊതുമേഖലാ സ്ഥാപനങ്ങൾ കൂടി ലാഭത്തി ലായി. 7 പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ ലാഭം വർദ്ധിപ്പിച്ചു. പ്രവർത്തന ലാഭത്തിലും 82.09 കോടി രൂപയുടെ വർദ്ധനവുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ വിറ്റു വരവ് 2440.14 കോടി ആയി വർദ്ധിക്കുകയും ചെയ്തു. 50 വർഷം പൂർത്തിയാ ക്കുന്ന കെൽട്രോൺ ചരിത്രത്തിലാദ്യമായി 1056.94 കോടി രൂപയുടെ വിറ്റുവരവ് നേടി.

പ്രവർത്തന മികവിലൂടെ രാജ്യത്തിന് തന്നെ മാതൃകയായ പ്രകടനമാണ് പൊതുമേഖലാ സ്ഥാപന ങ്ങൾ കാഴ്ചവെച്ചത്. പ്രതിരോധ മേഖല, എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, നിർമ്മിത ബുദ്ധി അധിഷ്ഠിത സാങ്കേ തികവിദ്യ എന്നിവയിൽ രാജ്യത്തെ ഏറ്റവും ശ്രദ്ധേയ മായ പ്രകടനം കാഴ്ചവച്ച പൊതുമേഖലാസ്ഥാപനമായി കെൽട്രോൺ മാറി. ഐ.എൻ.എസ് തമാൽ യുദ്ധ ക്കപ്പൽ നിർമ്മാണത്തിൽ വലിയ പങ്ക് കെൽട്രോൺ വഹിക്കുന്നുണ്ട്. ആയിരം കോടിയിലേറെ വിറ്റുവരവ് നേടാനും കെൽട്രോണിന് കഴിഞ്ഞു.

ഇലക്ട്രിക് സ്കൂട്ടർ വിപണിയിലേക്ക് സംയുക്ത സംരം ഭവുമായി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് പ്ര വേശിച്ചു. ഗുണനിലവാരമുള്ള മരുന്നുകൾ ഉറപ്പുവരു ത്തുന്നതിനായി കെ.എസ്.ഡി.പി വിപണന കേന്ദ്രം തുറന്നു. കെ.ഇ.എല്ലിന് കർണാടക സർക്കാരിൽ നിന്ന് ലഭിച്ച ഓർഡറുകൾ ഉൾപ്പെടെ ബിസിനസ് വിപുലപ്പെടുത്താനായി. കെസിസിപിഎൽ ഉൽപന്ന വൈവിധ്യവൽക്കരണത്തിലേക്ക് കടന്നു. ലുലു മാൾ ഉൾപ്പെടെ വിവിധ പ്രീമയം കേന്ദ്രങ്ങളിൽ വിപണന ശാലകൾ തുറന്ന് കയർ കോർപ്പറേഷൻ ലാഭം വർദ്ധി പ്പിച്ചു. 60 ലക്ഷം രൂപയുടെ വിറ്റു വരവും നേടി. 32 പൊതുമേഖലാ സ്ഥാപനങ്ങൾ സുരക്ഷ ഓഡിറ്റ് നടപ്പാക്കി.

പുനസംഘടന

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ധ/ സ്വതന്ത്ര അംഗങ്ങളെ ഉൾപ്പെടുത്തി ബോർഡുകൾ പുനഃസംഘടിപ്പിച്ചു. കമ്പനി നിയമം നിഷ്കർഷിക്കുന്നില്ലെങ്കിലും സംസ്ഥാനസർക്കാർ ഇക്കാര്യത്തിൽ പ്രൊഫഷണൽ സമീപനമാണ് കൈക്കൊണ്ടത്. ഓരോ സ്ഥാപനങ്ങളുടേയും പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധരെയാണ് ബോർഡ് അംഗങ്ങളായി ഉൾപ്പെടുത്തിയത്. 26 പൊതുമേഖലാ സ്ഥാപനങ്ങളിൽ 34 ഡയറക്ടർമാരെ ഇപ്രകാരം നിയമിച്ചു. കെ.എം.എം.എൽ, കെൽ, ടെൽക്, കെ.എസ്.ഐ.ഇ, കെ.എസ്.ഡി.പി എന്നിവിടങ്ങളിൽ ഒന്നിലധികം വിദഗ്ധരെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തി. ഡയറക്ടർ ബോർഡുകൾക്ക് സ്വയംഭരണാവകാശവും സർക്കാർ നൽകി.

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ തസ്തികളിലേക്കുള്ള നിയമനത്തിനായി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് സർക്കാർ രൂപീകരിച്ചു. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ മുതൽ എം.ഡി. വരെയുള്ളവരുടെ നിയമനം പൂർണ്ണമായും മെറിറ്റും യോഗ്യതയും പാലിച്ചാണ് നടക്കുന്നത്. ബാഹ്യ ഇടപെടലുകൾ ഒഴിവാക്കി അതത് മേഖലയിൽ നൈപുണ്യമുള്ള ആളുകളെ തിരഞ്ഞെടുക്കാൻ സാധിക്കുന്ന വിധത്തിൽ സ്വയംഭരണാധികാരത്തോടെയാണ് ബോർഡ് പ്രവർത്തിക്കുന്നത്. പൊതു മേഖലയുടെ കാര്യക്ഷമത ഉയർത്തുന്നതിൽ പുതിയ റിക്രൂട്ട്മെന്റ് ബോർഡ് വലിയ പങ്കു വഹിക്കുന്നുണ്ട്.

സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന റിയാബ് പുന:സംഘടിപ്പിച്ച് ബോർഡ് ഫോർ പബ്ളിക് സെക്ടർ ട്രാൻസ്ഫർമേഷൻ സർക്കാർ രൂപം നൽകി. പൊതു മേഖലയെ കാലാനുസൃതമായി നവീകരിക്കുന്നതിൽ പ്രധാന ചുവടുവെയ്പ്പാണ് ബി.പി.ടി.യുടെ രൂപീകരണം. പൊതുമേഖല സ്ഥാപനങ്ങൾക്ക് പ്രവർത്തന സ്വയംഭരണം നൽകാനുള്ള പോൾആന്റണി കമ്മിറ്റി ശുപാർശകൾ നടപ്പാക്കി വരികയുമാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ഓഡിറ്റ് പൂർത്തിയാക്കുന്നതിൽ വൻ പുരോഗതിയാണ് കൈവരിച്ചത്. വ്യവസായ വകുപ്പിന് കീഴിലുള്ള 41 സ്ഥാപനങ്ങളും 2023-24 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി. സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടും കാലാനുസൃതമാക്കി മാറ്റാൻ കഴിഞ്ഞു.

വിപണി

പുതിയ ഓർഡറുകൾ കണ്ടെത്തുന്നതിനും വിപണി വിപുലീകരിക്കുന്നതിനുമായി കേന്ദ്ര പൊതുമേഖലയിലേതുൾപ്പെടെ പ്രധാന സ്ഥാപനങ്ങൾ പങ്കെടുക്കുന്ന ബിസിനസ് ടു ബിസിനസ് മീറ്റ് സംഘടിപ്പിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്ന വിപണനത്തിനായി കെ-ഷോപ്പി ഡിജിറ്റൽ പ്ലാറ്റ്ഫോമിന് രൂപം നൽകിയിട്ടുണ്ട്.

കേന്ദ്രസർക്കാർ കൈയ്യൊഴിഞ്ഞ വെള്ളൂർ എച്ച് എൻ എൽ ഏറ്റെടുത്ത് പുനഃസംഘടിപ്പിച്ച് കെ.പി.പി.എൽ രൂപം നൽകി. കാസർകോട് ഭെൽ ഏറ്റെടുത്ത് കെൽ - ഇ.എം.എൽ രൂപീകരിച്ചു. പുതുതായി കേരളാ റബ്ബർ ലിമിറ്റഡ് രൂപീകരിച്ചു. കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സും ലയിപ്പിക്കുകയും ചെയ്തു. ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും വെവ്വേറെ മാസ്റ്റർ പ്ളാനുകളും തയ്യാറാക്കി. മില്ലുകൾക്കായി കോട്ടൺ ബോർഡ് രൂപീകരിച്ചു.

മലബാർ സിമൻറ്സ് വേഗസിമൻറ്സ് പുറത്തിറക്കി. കെ.എം.എം.എൽ പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിച്ചു. പ്രതിരോധ ഉപകരണങ്ങൾ, വ്യോമയാന ഉപകരണങ്ങൾ, ഗതാഗത മാനേജ്മെൻറ് ഇൻറലിജൻസ് സംവിധാനങ്ങൾ, നിർമ്മിത ബുദ്ധി സാങ്കേതികവിദ്യ എന്നിങ്ങനെ പ്രവർത്തന മേഖല വിപുലപ്പെടുത്തി കെൽട്രോൺ മുന്നേറുകയാണ്. SIFL ന് API സർട്ടിഫിക്കേഷൻ ലഭിച്ചു. കപ്പൽ നിർമ്മാണ ഘടകങ്ങൾ നിർമ്മിക്കുന്നതിനായി കൊച്ചി കപ്പൽശാലയുമായി SILK സഹകരിക്കുന്നുണ്ട്. ടെൽക്കിന് കേരളത്തിന് പുറത്തു നിന്ന് 200 കോടിയുടെ ഓർഡർ ലഭിച്ചു. KAL ഇ-സ്കൂട്ടർ ഉൽപാദനത്തിലേക്ക് കടന്നു. ലോർഡ്സ് ഓട്ടോമോട്ടീവുമായി സംയുക്ത സംരംഭത്തിന് തുടക്കമായി. KCCPL എഫ്.എം.സി.ജി മേഖലയിലേക്ക് കടന്നു. പുതിയ ഉൽപന്നങ്ങൾ വിപണിയിൽ ഇറക്കി.

FIT പ്രവർത്തനമേഖല വിപുലപ്പെടുത്തി. ഇൻറീരിയർ ഡെക്കറേഷൻ, ഉപയോഗ ശൂന്യമായ തടികൾ ഉപയോഗിച്ചുള്ള നിർമ്മാണം എന്നീ മേഖലകളിലേക്കാണ് FIT കടന്നത്. സംസ്ഥാന പൊതുമേഖലയുടെ കാര്യക്ഷമത ഗണ്യമായി വർധിക്കുകയും നടത്തിപ്പിൽ പ്രൊഫഷണൽ മികവ് കൈവരിക്കുകയും ചെയ്ത കാലയളവാണിത്.

IV
ചെറുകിട വ്യവസായ മേഖലയുടെ കുതിപ്പ്

സംരംഭക വർഷം പദ്ധതി

കേരളത്തിന്റെ വ്യവസായ വളർച്ചയിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് വലിയ പങ്കുണ്ട്. ഈ മേഖലയിലെ സാധ്യതകൾ ഉപയോഗപ്പെടുത്താനാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന സംരംഭക വർഷം ക്യാമ്പയിൻ വ്യവസായ വകുപ്പ് 2022-23 സംഘടിപ്പിച്ചത്. ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ എന്നതായിരുന്നു ലക്ഷ്യം. 245 ദിവസങ്ങൾക്കുള്ളിൽ തന്നെ പദ്ധതി ലക്ഷ്യം കൈവരിക്കുകയുണ്ടായി. ഈ വിജയത്തെ തുടർന്ന് 2023-24 ൽ പദ്ധതിയുടെ രണ്ടാം ഘട്ടം പ്രഖ്യാപിച്ചു. ആദ്യ രണ്ടു വർഷങ്ങളിലെ ഉണർവ് ഉണ്ടാക്കിയ ആവേശം മൂന്നാമത്തെ സാമ്പത്തിക വർഷത്തിലേക്ക് പകരുന്ന കാഴ്ചയാണ് കണ്ടത്. സ്വമേധയാ സംരംഭകർ തങ്ങളുടെ പദ്ധതികളുമായി മുന്നോട്ടുവന്നു.

സർക്കാർ ഒരുക്കിയ സംവിധാനങ്ങൾ

- എല്ലാ തദ്ദേശസ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള ഇൻറേണുകളെ നിശ്ചയിച്ചു. സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഇൻറേണുകളുടെ പൂർണ സമയ സേവനം ലഭ്യമാക്കി.
- സംരംഭങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നു വന്നേക്കാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലകളിൽ എംഎസ്എംഇ ക്ലിനിക്കുകൾ സ്ഥാപിച്ചു.
- താലൂക്ക് തലത്തിൽ എൻറർപ്രൈസസ് ഫെസിലിറ്റേഷൻ സെൻററുകൾ സ്ഥാപിച്ചു.
- എല്ലാ സംരംഭക വായ്പകൾക്കും നാല് ശതമാനം പലിശയിളവ് ലഭ്യമാക്കി.
- സംരംഭകർക്കായി വിപുലമായ പരിശീലന - അവബോധം പരിപാടികൾ സംഘടിപ്പിച്ചു.

2025 നവംബർ 14 വരെ 3,59,247 എം.എസ്. എം.ഇകൾ സംരംഭകവർഷം പദ്ധതിയിലൂടെ രൂപീകരിക്കപ്പെട്ടു. 7.63 ലക്ഷം തൊഴിലവസരങ്ങളും 23,145 കോടി രൂപയുടെ നിക്ഷേപവും സംസ്ഥാനത്ത് പദ്ധതിയിലൂടെ ഉണ്ടായി. സ്ത്രീകളുടെ സജീവ പങ്കാളിത്തമാണ് സംരംഭകത്വം പദ്ധതിയുടെ ഒരു പ്രത്യേകത 1,14, 464 സ്തീകൾ സംരംഭങ്ങൾ ആരംഭിച്ചു (31.86%). 41 ട്രാൻസ്ജെൻഡറുകളും സംരംഭങ്ങൾ തുടങ്ങി.

മിഷൻ 1000

- 1000 MSME-കളെ 100 കോടി രൂപ വാർഷിക വിറ്റുവരവുള്ള സംരംഭങ്ങളാക്കി ഉയർത്താൻ പദ്ധതി നടപ്പാക്കി.
- മൂലധന സബ്സിഡി - 2 കോടി വരെ
- പ്രവർത്തന മൂലധന പലിശ ഇളവ് - 50ലക്ഷം വരെ
- DPR , സാങ്കേതിക പിന്തുണ

കേരളത്തിന്റെ തനത് ഉൽപന്നങ്ങൾ നൻമ എന്ന സ്വന്തം ബ്രാൻറിൽ പുറത്തിറക്കി. ഉയർന്ന ഗുണമേൻമ, മൂല്യങ്ങൾ സംരക്ഷിച്ചുള്ള ഉൽപാദനം എന്നിവ പാലിച്ച് പുറത്തിറക്കുന്ന ഉൽപന്നങ്ങൾക്കാണ് ബ്രാൻറ് ഉപയോഗപ്പെടുത്താനാവുക. നിശ്ചിത ഗുണനിലവാരം ഉറപ്പാക്കുന്നതോടൊപ്പം ലോകമെങ്ങും വിപണന സാധ്യതയും ഇതിലൂടെ തുറക്കപ്പെടും. പരിസ്ഥിതി സൗഹൃദ ഉൽപാദന രീതിയാണ് ഇത്തരം ഉൽപന്നങ്ങൾക്കായി അവലംബിക്കുക.

വ്യവസായ വ്യാപനത്തിന്റെ പ്രത്യേകതകൾ

ഈ സംരംഭവ്യാപനം നഗര കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങിയില്ല. അർദ്ധനഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും വ്യാപകമായി MSMEകൾ ഉയർന്നുവന്നത്, കേരളത്തിന്റെ ഭൗമപരമായ പ്രത്യേകതകളെ അനുസരിച്ചുള്ള വളർച്ചയായിരുന്നു. ഇതുവഴി പ്രാദേശിക അസമത്വങ്ങൾ കുറയുകയും നഗര തൊഴിൽ വിപണിയിലേക്കുള്ള അമിത സമ്മർദ്ദം ലഘൂകരിക്കപ്പെടുകയും ചെയ്തു.

ഈ സംരംഭവ്യാപനത്തിന്റെ സാമൂഹിക ഘടന പ്രത്യേകമായി ശ്രദ്ധിക്കപ്പെടേണ്ടതാണ്. സ്ത്രീകൾ, പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾ, പിന്നാക്കവർഗ്ഗങ്ങൾ, ന്യൂനപക്ഷങ്ങൾ തുടങ്ങിയ സാമൂഹികമായി പിന്നാക്കം നിന്ന വിഭാഗങ്ങളിൽ നിന്നുള്ളവരാണ് പുതിയ MSMEകളിൽ വലിയ പങ്ക് വഹിക്കുന്നത് എന്ന് കാണാൻ സാധിക്കും. സ്ത്രീകളുടെ ഉയർന്ന സാക്ഷരത, ശക്തമായ സ്വയംസഹായ സംഘങ്ങൾ, ദീർഘകാലമായി നിലനിൽക്കുന്ന പൊതു പിന്തുണ സംവിധാനങ്ങൾ എന്നിവ ഈ പ്രവണതയെ ശക്തിപ്പെടുത്തി. അതുവഴി, വ്യവസായവത്കരണം സാമൂഹിക ഉൾക്കൊള്ളലിനെ ദുർബലപ്പെടുത്തുന്നതിന് പകരം, അതിനെ കൂടുതൽ ശക്തിപ്പെടുത്തുന്ന ഒരു പ്രക്രിയയായി മാറി.

സംരംഭങ്ങളുടെ എണ്ണം വർധിപ്പിക്കുന്നതോടൊപ്പം തന്നെ, അവയുടെ നിലനിൽപ്പിനും വളർച്ചയ്ക്കുമുള്ള ശ്രദ്ധയും വർധിച്ചു. പുതിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുക എന്നതുമാത്രമല്ല, അവ ദീർഘകാലം നിലനിൽക്കുകയും വലുതാകുകയും മൂല്യശൃംഖലകളുമായി ബന്ധപ്പെടുകയും ചെയ്യണമെന്ന് വ്യവസായ നയരേഖകൾ വ്യക്തമായി ചൂണ്ടിക്കാട്ടി. സാങ്കേതിക നവീകരണം, ഗുണനിലവാര സർട്ടിഫിക്കേഷൻ, വിപണന സഹായം, കയറ്റുമതി പ്രോത്സാഹനം എന്നിവയ്ക്കുള്ള പിന്തുണ ശക്തിപ്പെടുത്തി. കോമൺ ഫെസിലിറ്റി സെൻറുകളും ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഇടപെടലുകളും ചെറുകിട യൂണിറ്റുകൾക്ക് സ്വതന്ത്രമായി സാധിക്കാത്ത സൗകര്യങ്ങൾ പങ്കിടാൻ അവസരം നൽകി.

MSMEകളുടെ മേഖലാപരമായ ഘടനയിലും മാറ്റങ്ങൾ ഉണ്ടായി. പരമ്പരാഗത മേഖലകൾ ഇപ്പോഴും വലിയ പങ്ക് വഹിച്ചിരുന്നെങ്കിലും, ഭക്ഷ്യസംസ്കരണം, ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, നവീകരണ ഊർജ്ജ ഘടകങ്ങൾ, ഡിജിറ്റൽ സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ പുതിയ സംരംഭങ്ങൾ ഉയർന്നുവന്നു. വിപണി ആവശ്യങ്ങളിൽ ഉണ്ടായ മാറ്റങ്ങളും കേരളത്തിന്റെ കഴിവുകളോട് ചേർന്ന പുതിയ മേഖലകളെ പ്രോത്സാഹിപ്പിച്ച നയങ്ങളും ഇതിന് പിന്നിലുണ്ടായിരുന്നു.

ഈ സംരംഭകത്വം ആധാരമാക്കിയ തന്ത്രത്തിന്റെ സ്വാധീനം മാക്രോ തല സൂചികകളിലും പ്രകടമായി. നിർമ്മാണമേഖലയിലെ യഥാർത്ഥ മൂല്യവർദ്ധന സ്ഥിരമായി ഉയർന്നു. സംഘടിത നിർമ്മാണമേഖലയിൽ തൊഴിൽ ഉൽപാദനക്ഷമതയും ശരാശരി വേതനവും മെച്ചപ്പെട്ടു. 2020കളുടെ തുടക്കത്തിൽ കേരളത്തിന്റെ നിർമ്മാണമേഖലയിലെ തൊഴിൽ ഉൽപാദനക്ഷമത ദേശീയ ശരാശരിയോട് അടുത്തെത്തിയതെന്ന വസ്തുത, MSME വ്യാപനം കുറഞ്ഞ വേതന മത്സരത്തിലേക്ക് തള്ളിയതല്ല, മറിച്ച് ഗുണപരമായ ഉയർച്ചയോടെയാണ് നടന്നതെന്ന് സൂചിപ്പിക്കുന്നു.

ഈ സംരംഭകത്വ പരിവർത്തനത്തെ ദീർഘകാലപ രമായ ദൃഷ്ടികോണത്തിൽ സ്ഥാപിക്കാം. ഭൂമിയുടെ അപര്യാപ്തത, പരിസ്ഥിതി സംവേദനക്ഷമത, ജനസംഖ്യയിലെ മാറ്റങ്ങൾ എന്നിവ കണക്കിലെടുത്ത്, കേരളത്തിന്റെ ഭാവി വളർച്ചയ്ക്ക് MSMEകൾ നിർണായകമാണെന്ന് സർക്കാർ ദർശനം വ്യക്തമാക്കുന്നു. നവീകരണ ശേഷി വർധിപ്പിക്കുക, സാങ്കേതികവിദ്യയിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുക, സംരംഭങ്ങളും ഗവേഷണ–ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് ഈ സമീപനത്തിന്റെ കേന്ദ്ര ഘടകങ്ങൾ. ഇതുവഴി MSMEകൾ തൊഴിൽ സൃഷ്ടിക്കുന്ന യൂണിറ്റുകളായി മാത്രം അല്ല, ഉൽപാദനക്ഷമതയും നവീകരണവും സൃഷ്ടിക്കുന്ന കേന്ദ്രങ്ങളായാണ് കണക്കാക്കപ്പെടുന്നത്.

V
വ്യവസായ നിക്ഷേപത്തിലെ കുതിപ്പ്

വ്യവസായ നയം - 2023

സംസ്ഥാനത്തിന്റെ പുതിയ വ്യവസായനയം 2023ൽ പ്രഖ്യാപിച്ചു. ഭാവിയിലേക്കുള്ള കേരളത്തിന്റെ മുന്നേറ്റത്തിന് ഊർജ്ജം പകരുന്നതാണ് വ്യവസായ നയം. വ്യവസായ സൗഹൃദ അന്തരീക്ഷം ദൃഢീകരിക്കുന്നതിനായി 30 ലക്ഷ്യങ്ങൾ വ്യവസായ നയം മുന്നോട്ട് വക്കുന്നു. ഏഴ് നയസ്തംഭങ്ങൾ വ്യവസായ നയത്തിനുണ്ട്. സംരംഭകത്വ പ്രോത്സാഹനം, അടിസ്ഥാന സൗകര്യമൊരുക്കൽ, ഹൈടെക് സാങ്കേതികവിദ്യയിലേക്കുള്ള മാറ്റം, നൈപുണ്യ വികസനം, വ്യവസായ സൗഹൃദ അന്തരീക്ഷം, കേരളം എന്ന ബ്രാൻഡിനെ വളർത്തൽ, മുൻഗണനാ മേഖലകളിൽ ഊന്നിയ വ്യവസായവൽക്കരണം എന്നിവയിലൂടെ ലക്ഷ്യങ്ങൾ നേടുമെന്ന് വ്യവസായ നയം പ്രഖ്യാപിക്കുന്നു. ഇവയിലൂന്നി വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി 18 ഇന ഇൻസെന്റീവ് മാർഗ്ഗരേഖയും പ്രഖ്യാപിച്ചിരിക്കുന്നു.

വ്യവസായ നിക്ഷേപത്തിന് ആകർഷകമായ ഇളവുകൾ

- മൂലധന നിക്ഷേപത്തിന് SGST റീഫണ്ട്
- 10 കോടി രൂപ വരെ സബ്സിഡി
- 50 % പ്രാദേശിക തൊഴിലാളികളെ നിയമിച്ചാൽ പ്രത്യേക ഇളവ്
- ഭൂമി/ വസ്തു കൈമാറ്റങ്ങൾക്ക് 100% വരെ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്.
- ഗുണമേൻമാ സർട്ടിഫിക്കേഷനുകൾക്ക് പ്രതിവർഷം 25ലക്ഷം രൂപ വരെ റീഇംബേഴ്സ്മെന്റ്
- സുസ്ഥിരത, ഉത്തരവാദിത്വ നിക്ഷേപങ്ങൾക്ക് 25 ലക്ഷം വരെ പിന്തുണ
- വൻകിട പദ്ധതികൾക്ക് അതനുസരിച്ചുള്ള ഇളവുകൾ

ഇൻവെസ്റ്റ് കേരളാ ഗ്ലോബൽ സമ്മിറ്റ്

വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിന് സംസ്ഥാനങ്ങൾ തമ്മിൽ കടുത്ത മത്സരത്തിന്റെ അന്തരീക്ഷം രൂപപ്പെട്ടിരിക്കുകയാണ്. ഭൂമി ലഭ്യതയുൾപ്പെടെ വിഭവ പിന്തുണയുള്ള സംസ്ഥാനങ്ങൾ വലിയ ഇളവുകൾ പ്രഖ്യാപിച്ചാണ് വ്യവസായ നിക്ഷേപം ആകർഷിക്കുന്നത്. ഈ സാഹചര്യത്തിൽ നമ്മുടേതു പോലെ പാരിസ്ഥിതികമായി ഒട്ടേറെ പരിമിതികൾ ഉള്ള സംസ്ഥാനത്തിന് വലിയ വെല്ലുവിളികൾ നേരിട്ടു മാത്രമേ നിക്ഷേപം ആകർഷിക്കാനാവൂ. കഴിഞ്ഞ വർഷങ്ങളിൽ നിക്ഷേപ സൗഹൃദാന്തരീക്ഷത്തിൽ സൃഷ്ടിച്ച വൻ കുതിപ്പും മെച്ചപ്പെട്ട തൊഴിൽ ശേഷിയും ഉപയോഗപ്പെടുത്തി നിക്ഷേപം ആകർഷിക്കുന്നതിൽ ഗണ്യമായ മുന്നേറ്റം നമുക്ക് നടത്താനായി. ഇതിന്റെ തെളിവായിരുന്നു 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്.

അൻപതോളം മുന്നൊരുക്ക പരിപാടികൾ നിക്ഷേപ സംഗമത്തിന് മുൻപായി കേരളം സംഘടിപ്പിച്ചു. ചെന്നൈ, ബംഗളൂരു, മുംബൈ, ഡൽഹി എന്നീ ഇന്ത്യൻ നഗരങ്ങളിലും ദുബായിയിലും ഇൻറ സ്ട്രിയൽ റോഡ്ഷോ സംഘടിപ്പിച്ചു. രാജ്യത്തെ ആദ്യ ഇൻറർനാഷണൽ ജെൻ എ ഐ കോൺക്ലേവ്, കേരളത്തിലെ ആദ്യ ഇൻറർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺക്ലേവ് എന്നിവയ്ക്ക് പുറമെ പത്തിലധികം സെക്ടറൽ കോൺക്ലേവുകൾ പൂർത്തിയാക്കി. വിഴിഞ്ഞം തുറമുഖത്തിനായും മലബാർ മേഖലക്കായും പ്രത്യേക കോൺക്ലേവുകൾ സംഘടിപ്പിച്ചു.

449 കമ്പനികളിൽ നിന്നായി 1.96 ലക്ഷം കോടി രൂപയുടെ നിക്ഷേപവാഗ്ദാനം ഐ.കെ.ജി.എസ് വേദിയിൽ തന്നെ ലഭിച്ചു. കേവലം പത്ത് മാസത്തിനുള്ളിൽ നിക്ഷേപ വാഗ്ദാനം നൽകിയ 104 വൻകിട കമ്പനികൾ അവരുടെ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചു. 35,463.070 കോടി രൂപയുടെ നിക്ഷേപവും 50,483 തൊഴിലവസരങ്ങളും ഇതിലൂടെ സൃഷ്ടിക്കപ്പെട്ടു. നിക്ഷേപ വാഗ്ദാനങ്ങൾ യഥാർത്ഥ നിക്ഷേപങ്ങളാക്കി മാറ്റുന്നതിന് വിപുലമായ പിന്തുണാ സൗകര്യം ഒരുക്കിയിട്ടുണ്ട്. നിക്ഷേപ പ്രോത്സാഹനത്തിനായി ഓരോ മേഖലക്കും പ്രത്യേക നയങ്ങൾ പ്രഖ്യാപിച്ചു. ഇ.എസ്.ജി പോളിസി, ഹൈടെക് മാനുഫാക്ചറിംഗ് പോളിസി, കയറ്റുമതി പ്രോത്സാഹന നയം, ലോജിസ്റ്റിക്സ് പാർക്ക് പോളിസി എന്നിവ അംഗീകരിച്ചു.

വ്യവസായ വളർച്ചയ്ക്ക് വമ്പൻ അടിസ്ഥാന സൗകര്യങ്ങൾ

147 വ്യവസായ പാർക്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഫാർമസ്യൂട്ടിക്കൽസ് ബയോ ടെക്നോളജി വ്യവസായങ്ങൾക്കായി ബയോ ലൈഫ് സയൻസ് പാർക്ക്, പ്രതിരോധ വ്യവസായങ്ങൾക്കായി ഡിഫൻസ് പാർക്കുകൾ, കെമിക്കൽ വ്യവസായങ്ങൾക്ക് ആയി പെട്രോകെമിക്കൽ ഹബ്ബുകൾ, ഭക്ഷ്യ സംസ്കരണ പാർക്കുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കിൻഫ്രയുടെ അന്താരാഷ്ട്ര എക്സിബിഷൻ / കൺവെൻഷൻ സെന്റർ കൊച്ചി കാക്കനാട് പ്രവർ

ത്തനം തുടങ്ങി. ഗ്രാഫീൻ മേഖലക്കായി ഗ്രാഫീൻ നയം അംഗീകരിച്ചു. ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ 10 ഏക്കറിൽ ഗ്രാഫീൻ പാർക്ക് പൈലറ്റ് ഉൽപാദന സംവിധാനം ആരംഭിച്ചു. കൊച്ചി അമ്പലമുഗളിൽ പെട്രോകെമിക്കൽ പാർക്ക്, നിർമ്മാണം പുരോഗമിക്കുന്നു, യൂണിറ്റിമാൾ, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, പുഴക്കൽ പാർക്ക്, പെരുമ്പാവൂർ വ്യവസായ പാർക്ക്, പാലക്കാട് ടെക്സ്റ്റൈൽ പാർക്ക് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. രാജ്യത്തെ ഏറ്റവും മികച്ച വ്യവസായ പാർക്കുകളായി കിൻഫ്രയുടെ 5 പാർക്കുകൾ തെരഞ്ഞെടുക്കപ്പെട്ടു.

- സ്വകാര്യ വ്യവസായ പാർക്കുകൾ

സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി വ്യവസായിക ആവശ്യങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. 10 ഏക്കറോ അതിലധികമോ വിസ്തൃതിയുള്ള പ്ളോട്ടുകളിൽ സ്വകാര്യ വ്യവസായ പാർക്കുകൾ വികസിപ്പിക്കാൻ അനുമതി നൽകുന്നു. 5 ഏക്കറോ അതിലധികമോ വിസ്തൃതിയുള്ള പ്ലോട്ട് ആണെങ്കിൽ സ്റ്റാൻറേഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കാം. സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് മൂന്നു കോടി രൂപ വരെ സർക്കാർ ധനസഹായം നൽകും.

- ക്യാമ്പസ് വ്യവസായ പാർക്കുകൾ

വ്യവസായ ആവശ്യത്തിനുള്ള ഭൂമി കണ്ടെത്തുന്നതിനൊപ്പം സർക്കാർ സ്വകാര്യ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ ഇതിലൂടെ ലക്ഷ്യമിടുന്നു. അഞ്ചേക്കർ ഭൂമിയെങ്കിലും കൈവശമുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐടിഐ കൾ, സർവകലാശാലകൾ എന്നിവയ്ക്ക് ക്യാമ്പസ് പാർക്കുകൾ വികസിപ്പിക്കാം. ചുരുങ്ങിയത് രണ്ടേക്കർ ഭൂമി കൈവശമുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടർ നിർമ്മിക്കാം. അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകും.

- സഹകരണ വ്യവസായ പാർക്കുകൾ

കേരളത്തിലെ കരുത്തുറ്റ സഹകരണ മേഖലയുടെ മികവ് വ്യവസായ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്താനാണ് സഹകരണ പാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്. 7 ഏക്കർ ഭൂമി കൈവശമുള്ളതോ 30 വർഷമെങ്കിലും പാട്ടത്തിന് കൈവശമുള്ളതോ ആയ സഹകരണ സൊസൈറ്റികൾക്കും സ്ഥാപനങ്ങൾക്കും സഹകരണ വ്യവസായ പാർക്ക് വികസിപ്പിക്കാം.

- ലാൻഡ് പൂളിംഗ്

സ്വകാര്യ ഭൂമി വ്യവസായ ആവശ്യത്തിന് വിനിയോഗിക്കുന്നതിനായി ആവിഷ്കരിച്ച പുതിയ ആശയമാണ് ലാൻഡ് പൂളിംഗ്. വ്യവസായം ആരംഭിക്കുന്നതിനായി ഉദ്ദേശിക്കുന്ന സ്ഥലത്ത് ഭൂമി പൂൾ ചെയ്യുന്നു. 75% പേർ അനുകൂലമാണെങ്കിൽ പൂളിംഗ് വ്യവസ്ഥയിൽ ഭൂമി ഏറ്റെടുക്കും. ഭൂമി വികസിപ്പിച്ചതിനു ശേഷം വ്യവസായത്തിന് ഉപയോഗിക്കുന്നതൊഴികെ അവശേഷിക്കുന്ന ഭൂമി ഉടമസ്ഥർക്ക് തിരിച്ചു നൽകും. വികസിപ്പിച്ച ഭൂമിയാണ് തിരികെ ലഭിക്കുന്നത് എന്നതിനാൽ മൂല്യം വർധിപ്പിക്കുന്നതിന് ഇത് വഴിയൊരുക്കുകയും ചെയ്യും. വിഴിഞ്ഞത്ത് ഉൾപ്പെടെ ഈ സാധ്യതകൾ സർക്കാർ പരിഗണിക്കുന്നു.

വളർച്ചയുടെ പ്രധാന ചാലക ശക്തിയായി പ്രവർത്തിക്കുന്ന ഏജൻസിയാണ് കെഎസ്ഐഡിസി. വ്യവസായങ്ങൾ നടത്തുന്നതിനുള്ള വായ്പ നൽകുന്നതിനു പുറമേ അന്താരാഷ്ട്ര നിക്ഷേപക സമ്മേളനം, ജെൻ എ.ഐ കോൺക്ലേവ്, വിഷയാധിഷ്ഠിത കോൺക്ലേവുകൾ, നയരൂപീകരണങ്ങൾ തുടങ്ങി ഒട്ടേറെ മേഖലകളിൽ KSIDC സ്തുത്യർഹമായ പ്രവർത്തനമാണ് കാഴ്ച വച്ചത്.

കെ.എസ്.ഐ.ഡി.സി വ്യവസായ വികസനത്തിനായി 456.49 കോടിയുടെ വായ്പ വിതരണം ചെയ്തു. 61.81 കോടി ലാഭം കൈവരിച്ചു.

കൊച്ചി - ബംഗലുരു വ്യവസായ ഇടനാഴി

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായ പാലക്കാട് ഇൻറഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന് കേന്ദ്ര സർക്കാറിന്റെ അനുമതി ലഭിച്ചു. പദ്ധതിയുടെ നിർമ്മാണവും തുടങ്ങി. ഇന്ത്യയിലാദ്യമായി നിർമ്മാണ ഘട്ടത്തിലേക്ക് പ്രവേശിക്കുന്നത് കേരളത്തിന്റെ കോറിഡോർ പദ്ധതിയാണ്. പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമിയും സംസ്ഥാനം റെക്കോഡ് വേഗതയിൽ ഏറ്റെടുത്തിരുന്നു. 1790 കോടി രൂപയുടെ പ്രാരംഭ നടപടികളെല്ലാം കേരളം പൂർത്തിയാക്കിയതിനെത്തുടർന്നാണ് കേന്ദ്ര കാബിനറ്റിന്റെ അംഗീകാരം ലഭിച്ചത്. ലോകത്തിലെ ഏറ്റവും മികച്ച ഉത്പാദന നിക്ഷേപ കേന്ദ്രങ്ങളുമായി മത്സരിക്കാൻ കഴിയുന്ന അത്യാധുനിക വ്യാവസായിക നഗരങ്ങൾ ഇന്ത്യയിൽ വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ കേരള സർക്കാർ ചിലവിട്ടു കഴിഞ്ഞു. ഇതുവരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്ര യിലും ആയി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിന് ആയി 1789.92 കോടി രൂപയുടെ കേന്ദ്ര സർക്കാർ വിഹിതം ആണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. റോഡുകൾ, ജലവിതരണം, സീവേജ്, മലിനജല പുനരുപയോഗ ശൃംഖല, ജല ശുദ്ധീകരണ പ്ലാന്റ്, സീവേജ് സംസ്കരണ പ്ലാന്റ്, മലിനജല സംസ്കരണ പ്ലാന്റ്, പവർ സപ്ലൈ സിസ്റ്റം, ഖരമാലിന്യ സംസ്കരണം, ലാൻഡ്സ്കേപ്പ് വർക്കുകൾ, ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുക.

ഫാർമസ്യൂട്ടിക്കൽ ഇൻഡസ്ട്രീസ്, ഹെടെക് ഇൻഡസ്ട്രീസ്, നോൺ മെറ്റാലിക് മിനറൽ ഇൻഡസ്ട്രീസ്, ടെക്സ്റ്റയിൽ ഇൻഡസ്ട്രീസ്, റീസൈക്ലിങ് ഇൻഡസ്ട്രീസ്, ഫുഡ് ആൻഡ് ബിവറേജസ്, ഫാബ്രിക്കേറ്റഡ് മെറ്റൽ പ്രൊഡക്ടുകൾ, റബ്ബർ ആൻഡ് പ്ലാസ്റ്റിക് എന്നീ മേഖലകളിലെ വ്യവസായങ്ങളാണ് ഇവിടെ വരിക.IMC പാലക്കാടിനെ സ്മൂൾ, ഹോസ്പിറ്റൽ, താമസ സൗകര്യങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ ഉള്ള പൊതു സൗകര്യങ്ങളും ഉൾപ്പെടുത്തി ഒരു മികച്ച ടൗൺഷിപ് ആയി മാറ്റുവാൻ ആണ് പദ്ധതിയിട്ടിരിക്കുന്നത്. പരിസ്ഥിതിക്ക് പ്രാധാന്യം നൽകിയുള്ള സുസ്ഥിര വികസനപ്രവർത്തനങ്ങളാണ് ഇവിടെ വിഭാവന ചെയ്തിരിക്കുന്നത്.

രണ്ട് ട്രില്യൺ വ്യവസായ നിക്ഷേപം

തുറമുഖ, ലോജിസ്റ്റിക്സ് മേഖലകളിലായി 30000 കോടി രൂപയുടെ നിക്ഷേപം നടത്തിയിരിക്കുകയാണ് അദാനി ഗ്രൂപ്പ്. ഹൈലൈറ്റ് ഗ്രൂപ്പ് നിക്ഷേപം 10000 കോടിയുടേതാണ്. 5000 കോടി നിക്ഷേപം ലുലു ഗ്രൂപ്പിൻറേതായുണ്ട്. അടിസ്ഥാന സൗകര്യ, മാനുഫാക്ചറിംഗ് മേഖലകളിൽ 60000 കോടിയുടെ നിക്ഷേപ പദ്ധതികൾ നടപ്പിൽ വരും. ടെക്നോളജി & ഇന്നവേഷൻ കെയ്ൻസ്, എസ്എഫ്. ഓ ടെക്നോളജിസ് ഉൾപ്പെടെ കമ്പനികൾ 5000 കോടിയുടെ നിക്ഷേപമാണ് നടത്തുന്നത്.

മീറ്റ് ദി ഇൻവസ്റ്റർ പരിപാടിയിലൂടെ മാത്രം പതിനായിരക്കണക്കിന് കോടി രൂപയുടെ നിക്ഷേപം കേരളത്തിലേക്കെത്തിക്കാൻ നമുക്ക് സാധിച്ചു. ഐബിഎം, എച്ച്സിഎൽ ടെക്, നോവ് ഐഎൻസി, സ്ട്രാഡ ഗ്ലോബൽ, ഡി-സ്പേസ്, സാഫ്രാൻ, ആക്സിയ ടെക്നോളജീസ്, സിന്തൈറ്റ്, അറ്റാച്ചി തുടങ്ങി 30 ലധികം പ്രധാന കമ്പനികൾ നിക്ഷേപം നടത്തി. ദാവോസിലെ വേൾഡ് എക്കണോമിക് ഫോറം അംഗീകരിച്ച പ്രധാന പദ്ധതികളിൽ ആദ്യത്തേത് 18000 കോടി രൂപ പ്രതീക്ഷിക്കുന്ന കേരളത്തിന്റെ ഹൈഡ്രജൻ വാലിയാണ്. ഐബിഎമ്മിന്റെ ചരിത്രത്തിലാദ്യമായി ഒരേ നഗരത്തിൽ രണ്ട് വർഷത്തിനിടെ രണ്ട് പദ്ധതികൾ ആരംഭിച്ചത് നമ്മുടെ കേരളത്തിലാണ്. എച്ച്സിഎൽ ടെക് കേരളത്തിൽ പ്രവർത്തനമാരംഭിച്ച് ഒരു മാസത്തിനുള്ളിൽ പുതിയ യൂണിറ്റ് ആരംഭിക്കാനുള്ള സന്നദ്ധത അറിയിച്ചു.

കോങ്സ്ബെർഗ്, ഡി-സ്പേസ്, ആക്സിയ ടെക്നോളജീസ്, സിസ്ട്രോം, സാഫ്രാൻ, സിന്തൈറ്റ്, മുരുഗപ്പ ഗ്രൂപ്പ്, ലുലു, ചോയിസ്, വി കെ സി, വിത്തൽ കാഷ്യൂസ്, പ്രസ്റ്റീജ് ഗ്രൂപ്പ്, അത്താച്ചി, ക്രേസ് ബിസ്കറ്റ്സ്, ബേക്കർടില്ലി-പിയേറിയൻ, ട്രാസ്ന തുടങ്ങിയ കമ്പനികളും വ്യവസായ ഗ്രൂപ്പുകളും കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ പ്രകീർത്തിച്ച് രംഗത്തുവന്നു. ഇപ്പോൾ നിക്ഷേപസംഗമത്തിലൂടെ വന്നിട്ടുള്ള കമ്പനികളുടെ പട്ടികയ്ക്ക് പുറമെയാണിത്.

വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്കുള്ള പരിവർത്തനത്തിന് അടിത്തറയൊരുക്കാൻ കഴിയും വിധം ആസൂത്രിതമായി ഇടപെടാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. കേരളത്തിനെതിരെ പിന്നിട്ട 7 പതിറ്റാണ്ടുകാലം നിർമ്മിക്കപ്പെട്ട പൊതുബോധത്തെ മറികടക്കാനായി എന്നത് പ്രധാനമാണ്. ഈയർത്ഥത്തിൽ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയിൽ ചരിത്രപരമായ ഇടപെടലാണ് എൽ.ഡി.എഫ് സർക്കാരിൻറേത് എന്ന് കാണാം.

VI
2031 ലേക്ക്: വിജ്ഞാന സമ്പദ്വ്യവസ്ഥയിലേക്ക്

കേരളത്തെ ഇന്ത്യയിലെ ഒന്നാംനിര വ്യവസായ നിക്ഷേപ ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിനുള്ള സമഗ്രമായ കാര്യപരിപാടിയാണ് അടുത്ത അഞ്ചുവർഷങ്ങളിൽ നടപ്പാക്കേണ്ടി വരിക.

1. സമർപ്പിത കോറിഡോറുകൾ, ഇന്നവേഷൻ ഹബ്ബുകൾ, സുസ്ഥിര വികസന മാതൃകകൾ എന്നിവയിലൂടെ ഈ ലക്ഷ്യത്തിലേക്ക് എത്തണം. പ്രത്യേക നിക്ഷേപ മേഖലകളായി വ്യവസായ ടൗൺഷിപ്പുകളെ വളർത്തിയെടുക്കാൻ പരിശ്രമിക്കും. ഇതിനായി ഏകജാലക ക്ലിയറൻസ് ബോർഡ് നിയമം പരിഷ്കരിക്കും. ടൗൺഷിപ്പ് അതോറിറ്റികൾക്ക് രൂപം നൽകും. അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിക്ഷേപ സൗഹൃദമായ അന്തരീക്ഷം കൂടുതൽ ബലപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാകും.
2. നൈപുണ്യ വികസനത്തിനും സംരംഭകത്വ പരിശീലനത്തിനുമായി പിപിപി മാതൃകയിൽ ഒരു സർവകലാശാല സ്ഥാപിക്കും. വ്യവസായവുമായി ബന്ധിപ്പിച്ചുള്ള പാഠ്യപദ്ധതി, ഇൻക്യുബേഷൻ, വിജ്ഞാന വിപുലീകരണം എന്നിവയാണ് ലക്ഷ്യമിടുന്നത്. നൈപുണ്യ വികസനം, ഗവേഷണം, സംരംഭകത്വം എന്നിവയിൽ അധിഷ്ഠിതമായിരിക്കും കോഴ്സുകൾ. ഭാവിയിലേക്ക് ആർജിക്കേണ്ട നൈപുണികൾ യുവതയ്ക്ക് പകർന്നു നൽകുന്നതിന് ഈ സർവകലാശാല ശ്രദ്ധ കേന്ദ്രീകരിക്കും.
3. വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമി ലഭ്യതയ്ക്ക് പരിമിതികൾ നേരിടുന്ന നഗരപ്രദേശങ്ങളിൽ ബഹുനില വ്യവസായ എസ്റ്റേറ്റുകൾ കെട്ടിപ്പടുക്കുന്നതിന് ആയിരിക്കും ശ്രദ്ധിക്കുക. സ്ഥല ദൗർലഭ്യം കാര്യക്ഷമമായി പരിഹരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഹൈടെക് വ്യവസായങ്ങൾക്കായിരിക്കും ഇത്തരം എസ്റ്റേറ്റുകളിൽ മുൻഗണന.
4. വിഴിഞ്ഞം തുറമുഖം കേന്ദ്രീകരിച്ച് ഒരു ആഗോള ധനകാര്യ ഹബ്ബ് സ്ഥാപിക്കുന്നതിന് ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ പദ്ധതിയിലൂടെ ശ്രമിക്കും. ഇക്കണോമിക് സോണുകൾ സ്ഥാപിക്കുകയും നഗരമേഖലകൾ കേന്ദ്രീകരിച്ചുള്ള തിരക്ക് കുറയ്ക്കുകയും ജീവിത ഗുണമേന്മ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് വിഴിഞ്ഞം ഒ.എ.ജി.സി പദ്ധ

തിയിലൂടെ ഉദ്ദേശിക്കുന്നത്. വിഴിഞ്ഞം വ്യവസായ ടൗൺഷിപ്പ് പദ്ധതി കൃത്യമായ ഭൂമി വിനിയോഗ ആസൂത്രണത്തോടെ നടപ്പാക്കും. മംഗലപുരം, കിളിമാനൂർ, കല്ലമ്പലം, നെടുമങ്ങാട് എന്നീ പ്രദേശങ്ങൾ ബന്ധിപ്പിച്ച് കണക്ടഡ് നെറ്റ്വർക്ക് സ്ഥാപിക്കും. ട്രാൻസ്പോർട്ട് കോറിഡോർ ഇന്റഗ്രേഷൻ പോയിന്റ് ആയി വെമ്പായത്തെ മാറ്റും. ടൂറിസം അധിഷ്ഠിതമായ വ്യവസായ വികസന സോണായിരിക്കും കോവളം. ലോജിസ്റ്റിക്സ് മാനുഫാക്ചർ ഹബ്ബ് കാട്ടാക്കടയിൽ സ്ഥാപിതമാകും.

5. വിഴിഞ്ഞം - കൊല്ലം - പുനലൂർ ഇൻഡസ്ട്രിയൽ ഗ്രോത്ത് ട്രയാങ്കിൾ മറ്റൊരു പ്രധാന പദ്ധതിയാണ്. 1456 ച.കിലോമീറ്റർ വിസ്തൃതിയുള്ള, 1700 ഏക്കറിലായി വ്യാപിച്ചു കിടക്കുന്ന തുറമുഖ അധിഷ്ഠിത വ്യവസായ ആവാസ വ്യവസ്ഥ ഇവിടെ രൂപംകൊള്ളും. ട്രാൻസ്പോർട്ടേഷൻ, ലോജിസ്റ്റിക്സ്, വ്യവസായ പാർക്കുകൾ, റെയിൽ - റോഡ് കോറിഡോർ എന്നിവ ഉൾപ്പെടെ ഈ പദ്ധതിയുടെ കീഴിൽ വരും.

6. എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ വിഭാവനം ചെയ്ത നിർദ്ദിഷ്ട ഗ്ലോബൽ സിറ്റി പദ്ധതിയിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറിയതോടെ, പദ്ധതി സംസ്ഥാന സർക്കാർ സ്വതന്ത്രമായി ഏറ്റെടുത്ത് നടപ്പാക്കേണ്ട സ്ഥിതി സംജാതമായിരിക്കുകയാണ്.

7. കൊച്ചി വിമാനത്താവളത്തിനോട് ചേർന്ന് നിർണായകമായ പ്രദേശത്താണ് കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായുള്ള ഗ്ലോബൽ സിറ്റി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഭാവിയിലേക്കുള്ള വളർച്ച മേഖലയായ ഫിനാൻഷ്യൽ ബിസിനസ് സെൻറർ ആയി ഗ്ലോബൽ സിറ്റിയെ മാറ്റുക, ആഗോള ധനകാര്യ സ്ഥാപനങ്ങളെ ആകർഷിക്കുക, പുതുകാല വ്യവസായങ്ങൾ, മലിനീകരണ മുക്തമായ വ്യവസായങ്ങൾ എന്നിവയെ ആകർഷിക്കുക, ഇലക്ട്രോണിക്സ്, നിർമിതബുദ്ധി, റോബോട്ടിക്സ്, ആയുർവേദ, ഭക്ഷ്യ സംസ്കരണം, ഇ-കോമേഴ്സ് തുടങ്ങിയ മേഖലകളിലാണ് നിക്ഷേപം പ്രതീക്ഷിക്കുന്നത്. 1.20 ലക്ഷം പ്രത്യക്ഷ തൊഴിലവസരങ്ങളും 3.6 ലക്ഷം പരോക്ഷ തൊഴിലവസരങ്ങളും പദ്ധതിയിലൂടെ സൃഷ്ടിക്കാൻ ആകുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥക്ക് വലിയ സംഭാവന നൽകാൻ പദ്ധതിക്ക് കഴിയും. 358 ഏക്കർ വ്യാപിച്ചുകിടക്കുന്ന അയ്യമ്പുഴയിലെ പദ്ധതി സ്ഥാപിക്കുന്നതിനായി 840 കോടി അനുവദിച്ചു കഴിഞ്ഞു.

8. സംസ്ഥാനത്ത് 200 ജിസിസികൾ 2031 ഓടെ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്യുന്നു. പ്രധാന ബിസിനസ് സ്ഥാപനങ്ങളിൽ നിന്ന് 50.ജി.സി.സികൾ സ്ഥാപിക്കും. ടെക്നോളജി, സോഫ്റ്റ്വെയർ, ഹെൽത്ത് കെയർ ആൻഡ് ഫാർമ, റീട്ടയിൽ, ഇ-കോമേഴ്സ്, ബാങ്കിംഗ്, ഫിനാൻഷ്യൽ സർവീസ്, എൻജിനീയറിങ്, കൺസൾട്ടിംഗ് മേഖലകളിലാണ് ജി.സി.സി.കൾ സ്ഥാപിക്കപ്പെടുക. ഇതിന്റെ ഭാഗമായി ഗ്ലോബൽ ടെക്നോളജി സെൻററുകളും (GTC) സ്ഥാപിക്കും. ടെക്നോളജി അധിഷ്ഠിത ഇന്നവേഷൻ ഹബ്ബുകൾ ആയി ജി.ടി.സി.കളെ വിഭാവനം ചെയ്യുന്നു.

9. കോഴിക്കോട് - മലപ്പുറം കേന്ദ്രീകരിച്ച് രണ്ട് ഇൻഡസ്ട്രിയൽ ക്ലസ്റ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ബയോടെക് & ലൈഫ് സയൻസ് സിറ്റി എന്ന നിലയിലാണ് ഇത് നിലവിൽ വരിക. ലോക നിലവാരത്തിലുള്ള ബയോടെക് - ഫാർമ ലൈഫ് സയൻസ് ക്ലസ്റ്റർ ആയിരിക്കും ഇത്. സ്പെഷ്യലിറ്റി ഫാർമസ്യൂട്ടിക്കൽസ്, മോളിക്യൂലാർ ആൻഡ് റീജനറേറ്റീവ് മെഡിസിൻ, നിർമ്മിത ബുദ്ധി അധിഷ്ഠിത മോളിക്യൂലാർ ഡയഗ്നോസ്റ്റിക്സ്, പ്രിസിഷൻ മെഡിസിൻ, പാക്കേജിങ്, ലോജിസ്റ്റിക്സ്, ബയോ മാനുഫാക്ചറിങ് സൗകര്യങ്ങൾ എന്നിവയെല്ലാം ഈ സിറ്റിയുടെ പ്രത്യേകത ആയിരിക്കും.

10. രണ്ടാമത്തെ ക്ലസ്റ്റർ ESDM & പവർ ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്യാമ്പസ് ആണ്. കണ്ണൂർ - കാസർഗോഡ് വ്യവസായ ഇടനാഴി ഉത്തര കേരളത്തിന്റെ വ്യവസായ മുന്നേറ്റത്തിന് വഴിയൊരുക്കുന്ന ഒരു പദ്ധതിയായി വിഭാവനം ചെയ്യാവുന്നതാണ്. 2000 ഏക്കറോളം കണ്ണൂർ, കാസർകോട് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഒരു ഇടനാഴിയായി പദ്ധതി ആവിഷ്കരിക്കും. പരമ്പരാഗത വ്യവസായങ്ങൾ, ഐടി - ഐടിഇഎസ്, നിർമിത ബുദ്ധി, റോബോട്ടിക്സ്, ടെക്സ്റ്റൈൽസ്, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിലെ നിക്ഷേപങ്ങൾ ആകർഷിക്കാൻ ഈ ഇടനാഴിയിൽ കഴിയും.

11. കൊല്ലം മെഗാ ഭക്ഷ്യ സംസ്കരണ പാർക്ക് മറ്റൊരു പ്രധാന പദ്ധതിയാണ്. കേരളത്തിന്റെ സുഗന്ധ വ്യഞ്ജന പാരമ്പര്യം ഉപയോഗപ്പെടുത്തിയും ആധുനിക സംസ്കരണ പാക്കേജിങ് സൗകര്യങ്ങൾ ഒരുക്കിയും അന്താരാഷ്ട്ര മാർക്കറ്റിലേക്ക് കേരളത്തെ എത്തിക്കുകയാണ് ഒരു ലക്ഷ്യം. അതോടൊപ്പം സീ ഫുഡ് സംസ്കരണം, കോൾഡ് ചെയിൻ സൗകര്യങ്ങൾ തുടങ്ങിയ അനുബന്ധ മേഖലയും പ്രവർത്തിക്കും. നാളികേര ഉൽപ്പന്നങ്ങളുടെ സംസ്കരണ - മൂല്യ വർദ്ധിത ഉൽപ്പാദന കേന്ദ്രമായും മെഗാ ഭക്ഷ്യ സംസ്കരണം പാർക്കിനെ കാണാം.

12. തിരുവനന്തപുരത്ത് എയ്റോ ഡിഫൻസ് വ്യവസായ ക്ലസ്റ്റർ സ്ഥാപിക്കുന്നത് മറ്റൊരു പ്രധാന പദ്ധതിയാണ്. വി.എസ്എസ്.സി, ഐഎസ്ആർഒ, ഐഎസ്എസ് എന്നിവയുടെ സാമീപ്യം കൂടി കണക്കിലെടുത്ത് ഈ ക്ലസ്റ്റർ സ്ഥാപിക്കാൻ കഴിയും. ഡ്രോൺ, എയറോ സ്പേസ് ഘടകങ്ങൾ തുടങ്ങി പ്രതിരോധ മേഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെ ഉൽപാദനവും ഇവിടെ സാധ്യമാകും.

13. തിരുവനന്തപുരത്ത് തന്നെ വിഭാവനം ചെയ്യുന്ന മറ്റൊരു പ്രധാന പദ്ധതിയാണ് മെഡിക്കൽ ബയോട്ടിക് ഹബ്. 500 ഏക്കറിൽ ഫാർമ - ബയോ ടെക് ഹബ്ബ് വികസിപ്പിക്കുകയാണ് ലക്ഷ്യം. വാക്സിൻ ഗവേഷണം, ന്യൂട്ര സ്യൂട്ടിക്കൽസ് ഗവേഷണം തുടങ്ങിയവ പ്രധാന ലക്ഷ്യമായിരിക്കും. കോട്ടയത്ത് മെഗാ ഇൻഡസ്ട്രിയൽ സിറ്റി സ്ഥാപിക്കുന്നത് മറ്റൊരു പ്രധാന പദ്ധതിയായി വിഭാവനം ചെയ്യുന്നു. 2000 ഏക്കറിൽ ഇന്റഗ്രേറ്റഡ് ടൗൺഷിപ്പ് ആണ് ഉദ്ദേശിക്കുന്നത്. വ്യവസായങ്ങളും എം.എസ്.എം.ഇ.കളും തമ്മിലുള്ള ഏകോപനവും സംയോജനവും ഇവിടെ സാധ്യമാകും. ലോജിസ്റ്റിക്സ് സൗകര്യങ്ങളും ഉണ്ടാകും.
14. സഹകരണ വ്യവസായ പാർക്കുകൾ പ്രോത്സാഹിപ്പിക്കുക, വിമാനത്താവള അധിഷ്ഠിത വ്യവസായ വികസന പദ്ധതികൾ ആവിഷ്കരിക്കുക, ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം കേന്ദ്രീകരിച്ച് വ്യവസായ പാർക്കുകൾ സ്ഥാപിക്കുക എന്നിവയും ലക്ഷ്യമാണ്.
15. വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ അധിക ഭൂമി ക്ലസ്റ്ററുകൾക്ക് ലഭ്യമാക്കുക, ലോജിസ്റ്റിക് ഹബ്ബുകൾക്കായി ഈ ഭൂമി ഉപയോഗിക്കുക തുടങ്ങിയവയും ആലോചനയിൽ ഉണ്ട്. ലാൻഡ് പൂളിംഗ് ആണ് ഭൂമി ലഭ്യതയ്ക്ക് മറ്റൊരു മാർഗം. ചിതറിക്കിടക്കുന്ന സ്വകാര്യ ഭൂമി കൂടി ഉപയോഗപ്പെടുത്തി വ്യവസായത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ലാൻറ് പൂളിംഗിലൂടെ കഴിയും.
16. മിഷൻ 10000 പദ്ധതി പ്രഖ്യാപിക്കും. പതിനായിരം നാനോ മൈക്രോ സംരംഭങ്ങളെ ശരാശരി ഒരു കോടി രൂപ വിറ്റു വരവുള്ള സംരംഭങ്ങൾ ആക്കി ഉയർത്തുന്നതിന് സർക്കാർ പിന്തുണ നൽകും.
17. ഭാവിയിലേക്കുള്ള സംരംഭകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉതകും വിധം വ്യവസായ വാണിജ്യവകുപ്പിനെ കാലാനുസൃതമായി നവീകരിക്കും.
18. എംഎസ്എംഇ ഡിജിറ്റൽ വൽക്കരണം സാധ്യമാക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കും. ഒരു ലക്ഷം എംഎസ്എംഇകൾ എങ്കിലും അഞ്ചു വർഷങ്ങൾക്കുള്ളിൽ ഇ-കോമേഴ്സ്, ക്ലൗഡ് ടൂൾസ് തുടങ്ങിയ ഡിജിറ്റൽ സാങ്കേതികവിദ്യകൾ അധിഷ്ഠിതമാക്കി നവീകരിക്കും.
19. പരമ്പരാഗത വ്യവസായങ്ങൾക്ക് മാത്രമായി വ്യവസായ പാർക്കുകൾ സ്ഥാപിക്കും. വനിതകൾക്ക് മാത്രമായി വ്യവസായ പാർക്ക് സ്ഥാപിക്കും.
20. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് ഏജൻസികൾ എന്നിവർ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ സംരംഭകർക്ക് ലഭ്യമാക്കുന്നതിനും വ്യക്തിഗത പിന്തുണ നൽകുന്നതിനും ഒരു സ്കീം ഫെസിലിറ്റേഷൻ സെൽ വ്യവസായ വകുപ്പിൽ ആരംഭിക്കും.
21. ഭൂമി ലഭ്യത സുതാര്യമാക്കുന്നതിനും നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു ജിഐഎസ് അധിഷ്ഠിത ലാൻഡ് ബാങ്ക് പോർട്ടൽ സ്ഥാപിക്കും.
22. ഗവേഷണത്തിനും വികസനത്തിനുമുള്ള പൊതു സൗകര്യങ്ങൾ സർവകലാശാലകൾ, സ്റ്റാർട്ടപ്പുകൾ എന്നിവയുമായി സഹകരിച്ച് ഉറപ്പുവരുത്തും. ഓരോ പ്രത്യേക മേഖലകൾക്കും ആയി 25 പാർക്കുകൾ കിൻഫ്ര അഞ്ചു വർഷത്തിനുള്ളിൽ സ്ഥാപിക്കും. ഒരു റീസൈക്ലിങ് പാർക്ക് തൃശൂരിൽ സ്ഥാപിക്കും.
23. പരമ്പരാഗത വ്യവസായങ്ങളെ ഭാവിയുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് നവീകരിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കും.
24. ടൂറിസം അധിഷ്ഠിത ക്രാഫ്റ്റ് ഹബുകൾ സ്ഥാപിക്കും. സാംസ്കാരിക പരിപാടികൾ, ടൂറിസം ശില്പശാലകൾ എന്നിവയുമായി കയർ, കരകൗശല മേഖലയെ ബന്ധപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കും. കേരള ക്രാഫ്റ്റ് ട്രെയ്ൽ എന്ന പേരിൽ ഒരു മാപ്പ് തയ്യാറാക്കും. പരമ്പരാഗത കലാരൂപങ്ങളെ ടൂറിസം മേഖലയിലേക്ക് വിളക്കി ചേർക്കുന്ന ഒന്നായിരിക്കും ഇത്.
25. കയർ & നാച്ചുറൽ ഫൈബർ ക്ലസ്റ്റർ സ്ഥാപിക്കും. കേരളത്തിന്റെ പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങളെ ലോകമെമ്പാടുമുള്ള ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി ഒരു ബി ടു ബി പ്ലാറ്റ്ഫോം സ്ഥാപിക്കും. ഹോട്ടലുകൾ, ആർക്കിടെക്റ്റുകൾ തുടങ്ങി ലോകമെമ്പാടുമുള്ള വ്യത്യസ്ത ഉപഭോക്താക്കൾക്ക് കേരളത്തിന്റെ പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി സംഘടിപ്പിക്കും.

ഉപസംഹാരം

2016 മുതൽ ആരംഭിക്കുന്ന കാലഘട്ടം കേരളത്തിന്റെ വ്യവസായ നയത്തിൽ ഒരു നിർണായക വഴിത്തിരിവായി മാറുന്നു. വ്യവസായ വികസനം സംസ്ഥാനത്തിന്റെ സാമ്പത്തിക തന്ത്രത്തിന്റെ കേന്ദ്ര ഘടകമായി പുനഃസ്ഥാപിക്കപ്പെട്ടു. ഇത് സാമൂഹിക വികസന മാതൃകയ്ക്കെതിരായ ഒരു തിരിഞ്ഞുനിൽപ്പ് ആയിരുന്നില്ല; മറിച്ച് അതിന്റെ അനിവാര്യമായ അനുബന്ധമായാണ് വ്യവസായത്തെ സമീപിച്ചത്.

ഈ മാറ്റത്തിന്റെ അടിസ്ഥാനം കേരളത്തിന്റെ ശക്തികളും പരിമിതികളും പുനർവിലയിരുത്തിയതിലായിരുന്നു. ഉയർന്ന മനുഷ്യവികസനം, ശക്തമായ തൊഴിലാളി സ്ഥാപനങ്ങൾ, പരിസ്ഥിതി സംവേദനക്ഷമത എന്നിവയെ വ്യവസായവത്കരണത്തിന് തടസ്സങ്ങളായി കാണുന്ന സമീപനത്തിൽ നിന്ന്, അവയെ സ്ഥിരതയുള്ളതും വ്യത്യസ്തവുമായ വ്യവസായ

വളർച്ചയ്ക്ക് സഹായകമായ ആസ്തികളായി കാണുന്ന സമീപനത്തിലേക്കാണ് നയം മാറിയത്.

കേരളത്തിന്റെ സാഹചര്യത്തിൽ വ്യവസായ വികസനം എന്താണെന്നതിനെക്കുറിച്ചുള്ള കൂടുതൽ സൂക്ഷ്മമായ ബോധ്യവും രൂപപ്പെട്ടു. ഭൂമിയുടെ അപര്യാപ്തതയും പരിസ്ഥിതി നിയന്ത്രണങ്ങളും കണക്കിലെടുത്ത്, സംരംഭകത്വം ആധാരമാക്കിയ വളർച്ച, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ, കുറഞ്ഞ ഭൂമി ഉപയോഗത്തിൽ ഉയർന്ന മൂല്യവർദ്ധന നൽകുന്ന മേഖലകൾ എന്നിവയ്ക്കാണ് മുൻഗണന മാറിയത്. പരമ്പരാഗത വ്യവസായങ്ങളെ നിശ്ചലമായോ അസ്തമിച്ചുകൊണ്ടിരിക്കുന്ന മേഖലയായോ കാണുന്ന സമീപനം വിട്ടുമാറി, സാങ്കേതിക നവീകരണം, ഉൽപ്പന്ന വൈവിധ്യം, വിപണി പ്രവേശനം എന്നിവയിലൂടെ പുതുക്കാവുന്ന മേഖലകളായി അവയെ വിലയിരുത്താൻ തുടങ്ങി. പൊതുമേഖല സ്ഥാപനങ്ങളും സാമ്പത്തിക ഭാരങ്ങളായി അല്ല, സാങ്കേതിക പരിവർത്തനത്തിന്റെ ഏജന്റുകളായി പുനഃപരിഗണിക്കപ്പെട്ടു.

ഈ തന്ത്രപരമായ മാറ്റത്തോടൊപ്പം വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ, നിക്ഷേപ സൗകര്യവൽക്കരണം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം എന്നിവയ്ക്കും പുതുമുഖ ശ്രദ്ധ ലഭിച്ചു. താൽക്കാലിക പ്രോത്സാഹനങ്ങളിൽ ആശ്രയിക്കുന്നതിന് പകരം, സംരംഭ വികസനത്തിന് അനുകൂലമായ പ്രവചനക്ഷമവും സുതാര്യവുമായ പിന്തുണയുള്ള അന്തരീക്ഷം സൃഷ്ടിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിച്ചത്. ദേശീയ ആസൂത്രണ പ്രക്രിയ പിരിച്ചുവിട്ടതിനു ശേഷവും കേരളം അഞ്ചുവർഷ, വാർഷിക പദ്ധതികളെ ആശ്രയിച്ചു മുന്നേറിയത്, ജനകേന്ദ്രിത വികസനത്തോടുള്ള സംസ്ഥാനത്തിന്റെ വിശ്വാസത്തെയും സാമ്പത്തിക നയങ്ങളെ സാമൂഹിക മുൻഗണനകളോട് ഒത്തുചേർക്കേണ്ടതിന്റെ പ്രാധാന്യത്തെയും പ്രതിഫലിപ്പിക്കുന്നു.

12

വിവരവിനിമയ സാങ്കേതികവിദ്യയും വിജ്ഞാന സമ്പദ്ഘടനയും

2016 മുതൽ 2025 വരെയുള്ള ദശകം കേരളത്തിന്റെ ഡിജിറ്റൽ രൂപാന്തരീകരണകാലമായി രേഖപ്പെടുത്തപ്പെടുന്നു. ഈ കാലഘട്ടത്തിൽ, വിവര– സംവേദന സാങ്കേതികവിദ്യ ഒരു പരിമിത മേഖലയിലെ ചട്ടക്കൂട്ടിൽ നിന്നു മാറി, സംസ്ഥാനത്തിന്റെ വികസനം, ഭരണം, ജനങ്ങളുടെ നിത്യജീവിതം എന്നിവയെ സമഗ്രമായി സ്വാധീനിക്കുന്ന മുഖ്യ ഘടകമായി മാറി. ഈ രൂപാന്തരീകരണമാകട്ടെ, കേരളത്തെ ഒരു ആനുഷംഗിക മായ ഐ.ടി. ലക്ഷ്യസ്ഥാനമായി കാണുന്ന കാണുന്ന പഴയ ധാരണയെ മാറ്റി, വികേന്ദ്രീകൃതവും പാർശ്വവത്കരിക്കുന്നവരെ ഉൾച്ചേർക്കുന്ന, ഡീപ്പ്–ടെക് അധിഷ്ഠിതമായ വൈജ്ഞാനിക സമൂഹമായി പുനർസങ്കൽപ്പിച്ചു; ഇതുതന്നെയാണ് ഇപ്പോൾ ഉയർന്ന മൂല്യസൃഷ്ടിയുള്ള, വൈവിധ്യമുള്ള വൈജ്ഞാനിക സമ്പദ്വ്യവസ്ഥയിലേക്കുള്ള നിർണായക കുതിച്ചു ചാട്ടത്തിനുള്ള വേദി ഒരുക്കുന്നത്.

ഈ ഡിജിറ്റൽ രൂപാന്തരീകരണം, വെറും സാങ്കേതിക പുരോഗതി മാത്രമല്ല; അത് കേരളത്തിന്റെ സാമ്പത്തിക അടിത്തറയിൽ നടന്ന ഒരു ആഴത്തിലുള്ള പുനഃസംഘടനകൂടിയാണ്. പുറംവരുമാനത്തിലും തൊഴിൽ കയറ്റുമതിയിലും പരിമിതമായ വൈവിധ്യവത്കരണവും ഉല്പാദന ക്ഷമതയും ആർജ്ജിച്ച ആഭ്യന്തര ഉല്പാദനത്തിലും ആശ്രയിച്ചിരുന്ന, കുറഞ്ഞ മൂല്യസൃഷ്ടി ഘടനയിൽ നിന്ന്, തീവ്ര വിജ്ഞാനിക വ്യവസായങ്ങളിലും ഡിജിറ്റൽ രൂപാന്തരികാരണത്തിലും ഊന്നിയുള്ള സാമ്പദ് വ്യവസ്ഥയില്ലേക്കുള്ള മാറ്റമാണ്. ഡിജിറ്റൽ സാങ്കേതികവിദ്യ, ലൈഫ് സയൻസുകൾ, ബയോടെക്നോളജി, പദാർത്ഥ വിജ്ഞാനിയം, നാനോ സാങ്കേതികവിദ്യ, ഹരിത ഊർജ്ജ മേഖല എന്നിവ തമ്മിലുള്ള സംയോജനത്തിലൂടെയാണ് ഉയർന്ന മൂല്യ സൃഷ്ടിക്കുള്ള സാദ്ധ്യതകൾ ഒരുങ്ങുന്നത്. ഊർജ്ജം, ഗതാഗതം, ജലപാത, ഡിജിറ്റൽ അന്തർഘടന എന്നിവയെ ഏകീകരിച്ച് സുസ്ഥിര വികസന ഇടനാഴികൾ സൃഷ്ടിക്കണമെന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ കേരളത്തിന്റെ ഇൻഫ്രാസ്ട്രക്ചർ 2.0 ദർശനവുമായി ഈ രൂപാന്തരികരണം സമന്വയിപ്പിക്കുന്നു.

എങ്ങനെ അടിസ്ഥാന സൗകര്യ പരിവർത്തനവും വൈദ്യുതി മേഖലാ മാറ്റവും സാമ്പത്തിക വൈവിധ്യവൽക്കരണത്തിനുള്ള ഭൗതിക ചട്ടക്കൂട് ഒരുക്കുന്നുവോ, അതുപോലെതന്നെ ഡിജിറ്റൽ രൂപാന്തരികരണം മൂല്യസൃഷ്ടിക്കാവശ്യമായ ബൗദ്ധിക, സ്ഥാപനതല, സാങ്കേതിക പിൻതുണയും സൃഷ്ടിക്കുന്നു. ഈ മൂന്നു ഘടകങ്ങളും : അടിസ്ഥാനസൗകര്യങ്ങൾ, വൈദ്യുതി, ഡിജിറ്റൽ അന്തർഘടന, ചേർന്ന്, ഉപഭോഗകേന്ദ്രിതവും പുറംവരുമാന ആശ്രിതവുമായ സമ്പദ്വ്യവസ്ഥയിൽ നിന്ന് ഉൽപ്പാദനകേന്ദ്രിതവും പുത്തനാശയ രൂപീകരണത്തിന്റെ അടിസ്ഥാനത്തിലുള്ള വൈജ്ഞാനിക സമ്പദ്വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പരിവർത്തനത്തിന്റെ മൂന്ന് സ്തംഭങ്ങളായി നിലകൊള്ളുന്നു.

ഡിജിറ്റൽ രൂപാന്തരീകരണം: 2016–2025

കേരളത്തിന്റെ ഡിജിറ്റൽ രൂപാന്തരീകരണം, സാങ്കേതികവിദ്യയോടും അവസരങ്ങളോടും വികസനത്തോടും സംസ്ഥാനത്തിനുള്ള ബന്ധം പുനർനിർവചിച്ച് കൊണ്ട്, നാല് അടിസ്ഥാനശിലകളിലാണ് നിലകൊള്ളുന്നത്.

സാർവത്രിക ഡിജിറ്റൽ അവകാശങ്ങൾ

2017ൽ, ഇന്റർനെറ്റ് ലഭ്യത ഒരു അടിസ്ഥാന മനുഷ്യാവകാശം ആയി പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറി. ഈ പ്രഖ്യാപനം വെറും പ്രതീകാത്മക രാഷ്ട്രീയ പ്രഖ്യാപനമല്ലായിരുന്നു; കഴിഞ്ഞ ഒരു ദശാബ്ദത്തെ മുഴുവൻ ആഴത്തിൽ മാറ്റിമറിച്ച നൈതിക, സാമൂഹിക, സാമ്പത്തിക ആവിഷ്കാരമായിരുന്നു അത്. ഡിജിറ്റൽ ആക്സസ് വിപണിയിൽ വിൽക്കുന്ന ഒരു ചരക്കമല്ല, മറിച്ച് റോഡ്, വൈദ്യുതി, കുടിവെള്ളം, വിദ്യാഭ്യാസം എന്നിവയ്ക്കൊപ്പമുള്ള ഒരു നിർണായക പൊതുസൗകര്യമാണെന്ന് സംസ്ഥാനം ഇതിലൂടെ വ്യക്തമായി അംഗീകരിച്ചു.

ഈ പ്രഖ്യാപനത്തിന്റെ പ്രായോഗിക ആവിഷ്കാരമായി കേരള ഫൈബർ ഓപ്റ്റിക് നെറ്റ്വർക്ക് (KFON) ഉയർന്നു. ലാഭതാൽപര്യവും നഗരകേന്ദ്രിത വികസനവും മുൻനിർത്തി പ്രവർത്തിക്കുന്ന സ്വകാര്യ ഓപ്പറേറ്റർമാരെ മാത്രം ആശ്രയിക്കുന്നതിനു പകരം, സംസ്ഥാന ഉടമസ്ഥതയിലുള്ള, വിവേചനരഹിത

മായ ഒരു ഡിജിറ്റൽ ബാക്ക്ബോൺ രാജ്യമൊട്ടാകെ, ഏറ്റവും അകലമുള്ള ഗ്രാമങ്ങൾ വരെ വ്യാപിപ്പിച്ചു. നിലവിലുള്ള കെഎസ്ഇബി വൈദ്യുതി പോൾ അടിസ്ഥാനസൗകര്യം വിനിയോഗിക്കാനുള്ള KFON–ന്റെ കഴിവ്, വേഗമേറിയതും ചെലവുകുറഞ്ഞതുമായ നിർമ്മാണം സാധ്യമാക്കി. 2025ഓടെ, ഏകദേശം 30,000 കിലോമീറ്റർ ദൈർഘ്യമുള്ള ഓപ്റ്റിക്കൽ ഫൈബർ ശൃംഖല സംസ്ഥാനത്തെ മുഴുവനും ബന്ധിപ്പിച്ച്, ഗ്രാമീണ സംരംഭങ്ങൾ, ഫ്രീലാൻസർമാർ, വീട്ടിൽ നിന്നുള്ള ഡിജിറ്റൽ തൊഴിൽ, പഞ്ചായത്ത് തോറും ഇ–ഗവണ്മെന്റ്, ടെലിമെഡിസിൻ, ഡിജിറ്റൽ വിദ്യാഭ്യാസം എന്നിവയ്ക്ക് പിന്തുണ നൽകി.

ഇതോടൊപ്പം, സർവസാധാരണ 4G ലഭ്യത, വേഗമേറിയ 5G വികസനം, ആയിരക്കണക്കിന് സൗജന്യ പൊതു Wi-Fi ഹോട്ട്സ്പോട്ടുകൾ എന്നിവ ഉറപ്പാക്കാൻ സംസ്ഥാനതലത്തിൽ ഇടപെട്ടു. ഇതിലൂടെ നഗരമധ്യവർഗ്ഗത്തിന് മാത്രം ലഭ്യമായ സേവനമായിരുന്ന കണക്റ്റിവിറ്റി, ജനത്തിന്റെ അവകാശമായി മാറി. തൊഴിൽ, ഭരണം, ഡീപ്പ്–ടെക് തുടങ്ങിയ എല്ലാ തുടർനവീകരണങ്ങളും നിർമ്മിക്കപ്പെടുന്ന ആധാരശില ഈ ഡിജിറ്റൽ പൊതുസൗകര്യ ശൃംഖലയാണ്.

കേരളത്തിലെ എല്ലാ ഹൈസ്കൂൾ ക്ലാസ് മുറികളും ഡിജിറ്റലൈസ് ചെയ്തു. എല്ലാ വിഷയങ്ങളുടെ പഠനത്തിനും ഐ.ടി ഉപാധികൾ ഉപയോഗപ്പെടുത്തുന്നു. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ ഏറ്റവും സജീവം ലിറ്റിൽ കൈറ്റ്സ് ആണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത ക്യാമ്പയിൻ നടന്നു വരികയാണ്. ഇപ്പോൾ ഒരു വീട്ടിൽ ഒരാളെങ്കിലും ഡിജിറ്റൽ സാക്ഷരത നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

വികേന്ദ്രീകരിച്ച ഡിജിറ്റൽ ഉൽപ്പാദന സംവിധാനം

പരമ്പരാഗത ഐ.ടി. വ്യവസായ മാതൃകയിൽ, കുറച്ച് നഗരകേന്ദ്രങ്ങളിൽ മാത്രം വികസനം കേന്ദ്രീകരിച്ചിരുന്നു. ഇടത്പക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത്, ഈ മാതൃകയെ കീഴ്മേൽ മാറ്റി മറിച്ചിരിക്കുകയാണ്. പ്രധാന ഐ.ടി. ഹബ്ബുകൾ വളർച്ചയ്ക്ക് മുഖ്യഘടകമായി നിൽക്കുകയും, ആ വളർച്ചയുടെ സാമ്പത്തിക പ്രയോജനങ്ങൾ സംസ്ഥാനമൊട്ടാകെ വിതരണം ചെയ്യുകയും ചെയ്യുന്ന ഒരു സമതുലിത ഹബ്–സ്പോക്ക് മാതൃകയായി ജില്ലാതല കേന്ദ്രങ്ങളും മാറി.

പ്രധാന ഐ.ടി. പാർക്കുകൾ ആയ ടെക്നോപാർക്ക് (തിരുവനന്തപുരം), ഇൻഫോപാർക്ക് (കൊച്ചി), സൈബർപാർക്ക് (കോഴിക്കോട്) എന്നിവ ശക്തിപ്പെടുത്തിയും വികസിപ്പിച്ചുമാണ്, ഇതുവരെ 1,470 കമ്പനികളെ പാർപ്പിക്കുകയും 1,56,500 പ്രൊഫഷണലുകൾക്ക് തൊഴിൽ നൽകുകയും ₹1,73,331 കോടി രൂപയുടെ കയറ്റുമതി മൂല്യം സൃഷ്ടിക്കുകയും ചെയ്തത്; ഇതിൽ 96.2 ശതമാനം കയറ്റുമതി വരുമാനവും 2016–2025 കാലഘട്ടത്തിലാണ് സൃഷ്ടിക്കപ്പെട്ടത്.

അതിലും നിർണായകമായി, ചേർത്തല, കൊരട്ടി, കുണ്ടറ, കോട്ടാരക്കര എന്നിവിടങ്ങളിലെ റൂറൽ ഐ.ടി. പാർക്കുകൾ ഉൾപ്പെടെ സംസ്ഥാനത്തെ ഗ്രാമീണ ഐ.ടി. കേന്ദ്രങ്ങൾ ഏകദേശം പൂർണ്ണ അധിവസത്തിലേക്ക് എത്തിയിട്ടുണ്ട്. കുറഞ്ഞ പ്രവർത്തനച്ചെലവിൽ, യുവാക്കൾക്ക് സ്വന്തം നാട്ടിൽ നിന്ന് തന്നെ ഉയർന്ന ഗുണമേന്മയുള്ള തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നുവെന്നതാണ് ഇതിന്റെ മുഖ്യ സവിശേഷത. മഹാമാരിക്കുശേഷം, പഴയ സർക്കാർ കെട്ടിടങ്ങളെ പ്രൊഫഷണൽ കോ–വർക്കിംഗ് കേന്ദ്രങ്ങളാക്കി പുനർനിർമിച്ച്, LEAP നെറ്റ്വർക്ക് മുഖേന കമ്മ്യൂൺ മാതൃകയിലുള്ള വർക് നിയർ ഹോം മാതൃകയ്ക്ക് തുടക്കം കുറിച്ചത് കേരളമാണ്. ഇന്ന് ഒരു ലക്ഷത്തിലധികം ഐ.ടി. പ്രൊഫഷണലുകൾ കേരളത്തിൽ താമസിച്ചാണ്, ആഗോള കമ്പനികൾക്ക് സേവനം നൽകുകയും ചെയ്യുന്നത്; യുവജനങ്ങളുടെ ദീർഘകാല പ്രവാസ പ്രവണതയ്ക്കെതിരെ ഒരു ചരിത്രപരമായ തിരിച്ചുവരവ് ഇത് സാദ്ധ്യമാക്കുന്നു.

ഈ ഘടനാപരമായ വൈവിധ്യവൽക്കരണമാണ് ഐ.ടി. മേഖലയെ ഓരോ ജില്ലയുടെയും സമ്പദ്വ്യവസ്ഥയുടെ അവിഭാജ്യ ഘടകമാക്കിയത്; വികേന്ദ്രീകൃത നഗരവൽക്കരണ സ്വഭാവവും പരിസ്ഥിതി നിയന്ത്രണങ്ങളും ഉള്ള കേരളത്തിന്റെ സവിശേഷ ഭൗതിക ഘടനയോട് ചേർന്ന് നിൽക്കുന്ന ഒരു യഥാർത്ഥ ഡിജിറ്റൽ ഉൽപ്പാദന സംവിധാനമാണിത്.

ഭാവി വ്യവസായങ്ങൾക്ക് നയഘടന

കേരളത്തിന്റെ ഡിജിറ്റൽ നവോത്ഥാനം, ഡാറ്റ, ആൽഗൊരിതം, പ്ലാറ്റ്ഫോം എന്നിവയെ വെറും വാണിജ്യ ആസ്തികളായല്ലാതെ, തന്ത്രപ്രധാനമായ പൊതുസമ്പത്തുകളായി കാണുന്ന ഏകീകൃത നയഘടനയിലാണ് ഉറപ്പിക്കപ്പെട്ടിട്ടുള്ളത്. ഐ.ടി. നയം, 5ജി നയം, കൃത്രിമ ബുദ്ധി (AI) നയം, ഗ്ലോബൽ ക്യാപബിലിറ്റി സെന്റർ (GCC) നയം, എയറോസ്പേസ് ആൻഡ് ഡിഫൻസ് നയം, AVGC-XR നയം എന്നിവ ചേർന്നാണ് ഉദിച്ചുയരുന്ന വ്യവസായങ്ങൾക്ക് നവീകരണോന്മുഖവും ഉൾക്കാഴ്ചയുള്ളതുമായ അന്തരീക്ഷം സൃഷ്ടിക്കുന്നത്.

ഈ നയസമുച്ചയം, കേരളം സാങ്കേതികവിദ്യയെ ഒറ്റപ്പെട്ട മേഖലയായി പിന്തുടരുന്നതല്ല, മറിച്ച് ലൈഫ് സയൻസുകൾ, മെറ്റീരിയൽ സയൻസ്, ബഹിരാകാശ സാങ്കേതികവിദ്യ, ഊർജ്ജ സാങ്കേതിക വിദ്യ എന്നിവയിലെ പുരോഗതിയെ ഡിജിറ്റൽ ശേഷികൾ കൊണ്ട് ശക്തിപ്പെടുത്തുന്ന ഏകീകൃത ടെക്നോ–സയന്റിഫിക് ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതാണെന്ന് വ്യക്തമായി സൂചിപ്പിക്കുന്നു. ഈ നയഘടന കേരളത്തെ താഴെപ്പറയുന്ന ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നു:

- 2030ഓടെ ഉത്തരവാദിത്തപരമായ AI ഉപയോഗത്തിൽ ദേശീയ–ആഗോള നേതൃസ്ഥാനവും, ഒരു ദശലക്ഷം പൗരന്മാർക്കുള്ള AI പരിശീലനവും

- മുഴുവൻ ഫാബ് യൂണിറ്റുകളേക്കാൾ, Electronics System Design and Manufacturing (ESDM), R&D അധിഷ്ഠിത ഫാബുകൾ തുടങ്ങിയ ഉയർന്ന മൂല്യ സൃഷ്ടിയുള്ള, മൂലധനക്ഷമ മേഖലകളിൽ കേന്ദ്രീകരിച്ച സെമികണ്ടക്ടർ തന്ത്രം
- വരും തലമുറ ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങൾ ലക്ഷ്യം വെയ്കുന്ന ക്വാണ്ടം കംപ്യൂട്ടിംഗ്, ബ്ലോക്ക്ചെയ്ൻ, IoT ഗവേഷണ–വികസന ഇടപെടലുകൾ
- ഇന്ത്യയിലെ AVGC-XR കയറ്റുമതി വരുമാനത്തിന്റെ 10 ശതമാനം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ 2029ഓടെ ഒരു Centre of Excellence സ്ഥാപിക്കൽ

ഡീപ്പ്–ടെക് പ്ലാറ്റ്ഫോമുകൾ

2016–2025 കാലഘട്ടത്തിലെ ഏറ്റവും നിർണായകമായ മാറ്റം, സേവനമേഖല ഐ.ടി. അടിസ്ഥാനത്തിൽ നിന്നു ഉയർന്ന് അത്യാധുനിക ഡീപ്പ്–ടെക് രൂപാന്തരീകരണത്തിലും, ബൗദ്ധിക സ്വത്ത് (IP) സൃഷ്ടിയിലുമുള്ള കേരളത്തിന്റെ കുതിച്ചുചാട്ടമാണ്.

തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സയൻസ് പാർക്ക്, സർവകലാശാലകളെയും ആഗോള വ്യവസായ പങ്കാളികളെയും അത്യാധുനിക ഗവേഷണശാലകളെയും ഒരുമിച്ച് കൊണ്ടുവന്ന്, AI ഹാർഡ്വെയർ, ന്യൂറോമോർഫിക് കംപ്യൂട്ടിംഗ്, സെമികണ്ടക്ടർ ഡിസൈൻ–ചിപ്പ് വെരിഫിക്കേഷൻ, അഡ്വാൻസ്ഡ് മെറ്റീരിയൽ റിസർച്ച് പ്രത്യേകിച്ച് ഗ്രാഫീൻ ഗവേഷണം, കംപ്യൂട്ടേഷണൽ ബയോളജി, ബയോടെക് അധിഷ്ഠിത പുത്തനാശയ രൂപീകരണം തുടങ്ങിയ മേഖലകളിൽ കേന്ദ്രീകരിക്കുന്നു.

കെ–സ്പേസ് എന്ന കേരളത്തിന്റെ തന്ത്രപ്രധാന ബഹിരാകാശ നവോത്ഥാന ഹബ്, നിരവധി വർഷങ്ങളായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ISROയുടെ സാന്നിധ്യത്തെ ആശ്രയിച്ച് രാജ്യത്തെ ഏറ്റവും ശക്തമായ ഏറോസ്പേസ് ഇക്കോസിസ്റ്റവുകളിൽ ഒന്നായി മാറിയിരിക്കുന്നു. ടെക്നോസിറ്റിയിലുള്ള ഏകദേശം പതൊനൊന്നേക്കർ ഭൂമി, ഉപഗ്രഹ നിർമ്മാണം, പേലോഡ് ടെസ്റ്റിംഗ്, ഗ്രൗണ്ട് സിസ്റ്റംസ് ഇന്റഗ്രേഷൻ എന്നിവയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഏറോസ്പേസ് സ്ഥാപനങ്ങൾക്കായി പ്രത്യേകമായി മാറ്റിവെച്ചിട്ടുണ്ട്. ഇങ്ങനെ, കേരളം ഇനി ISRO ശാസ്ത്രജ്ഞരുടെ മാത്രം നാട്ടല്ല; ഇന്ത്യയുടെ വരും തലമുറയിലെ സ്പേസ് സംരംഭകർക്കും ഒരു കേന്ദ്രമായിക്കൂടി മാറിയിരിക്കുന്നു.

കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) നയിച്ച സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ, റോബോട്ടിക്സ്, AI, സൈബർ സുരക്ഷ, മെഡ്ടെക്, കാർഷിക ആധുനികവൽക്കരണം, അഡ്വാൻസ്ഡ് ഓട്ടോമേഷൻ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന 5,500ലധികം സ്റ്റാർട്ടപ്പുകളെ വളർത്തിയെടുത്തു. സർക്കാർ നേരിട്ടുള്ള പ്രോക്യൂർമെന്റ്, സീഡ് ഫണ്ടിംഗ്, ₹2,000 കോടി കവിയുന്ന നിക്ഷേപം തുറന്ന Fund-of-Funds മോഡൽ തുടങ്ങിയവയുടെ പിന്തുണയോടെ ഇവ വളരുന്നു.

ഈ ഡീപ്പ്–ടെക് പ്ലാറ്റ്ഫോമുകളാണ്, 21-ആം നൂറ്റാണ്ടിൽ ഇന്ത്യയുടെ തന്ത്രപ്രധാന സ്വയംപര്യാപ്തതയെ നിർണയിക്കുന്ന സാങ്കേതിക മേഖലകളിൽ കേരളത്തെ മുൻനിരയിൽ നിർത്തുന്നത്.

പുത്തനാശയ രൂപീകരണത്തിന്റെ വിപുലമായ ഒരു ആവാസവ്യവസ്ഥ കെ -ഡിസ്ക്കും സൃഷ്ടിക്കുന്നുണ്ട്. സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ എന്നീ മേഖലകളിൽലാണ് ഈ ആവാസ വ്യവസ്ഥവ്യാപിച്ചു കിടക്കുന്നത്. ഈ അവസവ്യവസ്ഥയും ഡീപ്പ്–ടെക് പ്ലാറ്റഫോമുകളുടെ പോഷകവഴികളായിട്ടാവണം കെ-ഡിസ്കിന്റെ അവസവ്യവസ്ഥ ഉരുത്തിരിയേണ്ടത്. മാത്രവുമല്ല മേഡ്-ടെക്, ഇവി, ജിനോമിക്സ് എന്നീ മേഖലകളിൽ പുതിയ ഫ്ലാറ്റ്ഫോമുകളുടെ സൃഷ്ട്ടിയിലേക്ക് നയിക്കുകയും ചെയ്യും.

II
ഐ.ടി വ്യവസായ മേഖലയിലെ കുതിപ്പ് (2016-25)

പിന്നിട്ട ദശാബ്ദത്തിൽ ഏറ്റവും ശ്രദ്ധേയമായ കുതിപ്പ് നേടിയ മേഖലകളിലൊന്ന് വിവരവിനിമയ വ്യവസായ മേഖലയാണ്. അതു സംബന്ധിച്ചിട്ടുള്ള ഒരു നഖച്ചിത്രം പട്ടിക 1-ൽ ലഭിക്കും. കേരളത്തിലെ ഐ.ടി പാർക്കുകളിൽ 1470 കമ്പനികളാണ് നിലവിലുള്ളത്. അതിൽ 914 എണ്ണവും കഴിഞ്ഞ എൽഡിഎഫ് സർക്കാരിന്റെ കാലത്താണ് രജിസ്റ്റർ ചെയ്തത്. ഈ കമ്പനികളിലെ മൊത്തം നിക്ഷേപം 16237 കോടി രൂപയാണ്. ഈ കമ്പനികളിലായി 1.56 ലക്ഷം പേർ ജോലി ചെയ്യുന്നു.

പട്ടിക 1
ഐ.ടി മേഖലയിലെ വളർച്ചയുടെ പ്രധാന സൂചകങ്ങൾ

സൂചകം	ടെക്നോപാർക്ക്	ഇൻഫോ പാർക്ക്	സൈബർ പാർക്ക്	ആകെ (കേരളം)
Companies Before 2016	336	220	0	556
Companies Added (2016-2025)	439	390	85	914
Total Companies	775	610	85	1,470
Total Employment	80,000+	73,500+	3,000	156,500+

New Jobs Created (2016-25)	34,610	50,100	2,236	86,946
Total Exports (₹ Crore)	99,676	73,186	469.46	173,331 Cr
Exports (2016-25)	95,426	70,836	469.46	166,731 Cr
Exports from Last 10 Years	95.7%	96.8%	100%	96.2%
Campus Area (Acres)	852.466	241.11	-	1,093.576
Built-up Space (sq. ft)	26,220,000	5,768,200	-	31,988,200
Total Investment (₹ Cr)	6,850	9,374.4	12.95	16,237.35
Investment Added (2016-25) (₹ Cr)	2,730	7,200.6	12.95	9,943.55

ഉല്പാദനത്തിലും കയറ്റുമതിയിലുമാണ് അഭൂതപൂർവ്വമായ വർദ്ധനയുണ്ടായിട്ടുള്ളത്. കേരളത്തിലെ ഐ.ടി പാർക്കുകളിൽ നിന്നുള്ള ഇതുവരെയുള്ള കയറ്റുമതി 1.73 ലക്ഷം കോടി രൂപയാണ്. അതിന്റെ 96 ശതമാനവും കഴിഞ്ഞ പത്ത് വർഷത്തിനിടയിലാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

പാർക്കുകൾക്ക് പുറത്തുള്ള സ്ഥാപനങ്ങളടക്കം കേരളത്തിലെ ഐ.ടി മേഖലയിൽ ഇന്ന് തൊഴിലെടുക്കുന്നവരുടെ എണ്ണം പരോക്ഷ ജോലികൾകൂടി ചേർത്താൽ 3.3 ലക്ഷം വരുമെന്ന് കണക്കാക്കപ്പെടുന്നു.

ചിത്രം 1-ൽ കേരളത്തിലെ സ്റ്റാർട്ട് അപ്പുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനയുടെ മാറ്റം കാണാനാകും. 2016-ൽ ആകെ 12 സ്റ്റാർട്ട് അപ്പുകളാണ് ആരംഭിച്ചത്. എന്നാൽ ഓരോ വർഷവും പുതിയതായി ആരംഭിക്കുന്ന സ്റ്റാർട്ട് അപ്പുകളുടെ എണ്ണം 2023-ൽ 1290 എണ്ണത്തിലെത്തി. 2025-ൽ 7100 സ്റ്റാർട്ട് അപ്പുകളുണ്ട്. 65000 പേർ ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു. 6057 കോടി രൂപയുടെ ഈ സ്റ്റാർട്ട് അപ്പുകളുടെ പുറത്തുനിന്നുള്ള നിക്ഷേപം. 6.3 ലക്ഷം സ്ക്വയർഫീറ്റുള്ള ഇൻകുബേറ്ററുകൾ പ്രവർത്തിക്കുന്നു. 2022-23-ൽ ഇന്ത്യയിലെ ഏറ്റവും നല്ല സ്റ്റാർട്ട് അപ്പ് എക്കോ സിസ്റ്റം എന്ന അംഗീകാരം കേരളത്തിനു ലഭിച്ചു. പിന്നീടുള്ള വർഷങ്ങളിലെ ഇവാല്യുവേഷൻ നടന്നുകൊണ്ടിരിക്കുന്നേയുള്ളൂ.

ചിത്രം 1
സ്റ്റാർട്ട് അപ്പുകളുടെ വളർച്ചയുടെ വിശദാംശങ്ങൾ



2031 ഓടെ കേരളം ലക്ഷ്യമിടുന്നത്:

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളം ലക്ഷ്യമിട്ടിട്ടുള്ളത് ഇതുവരെയുണ്ടായ കുതിപ്പിനെ മറികടക്കുന്ന വളർച്ചയാണ്.

- 5 ലക്ഷം ഉയർന്ന മൂല്യമുള്ള പുതിയ തൊഴിൽ അവസരങ്ങളും 50 ബില്ല്യൺ യു.എസ്. ഡോളർ സാമ്പത്തിക output–ഉം സൃഷ്ടിക്കണമെന്നാണ് ലക്ഷ്യമിടുന്നത്.
- ഗ്ലോബൽ ക്യാപബിലിറ്റി സെന്ററുകളുടെ (GCC) എണ്ണം 40ൽ നിന്ന് 120 ആയി വർധിപ്പിച്ച് 2 ലക്ഷം പ്രൊഫഷണലുകൾക്ക് ഉയർന്ന നിലവാരമുള്ള ജോലി സൃഷ്ടിക്കാനാണ് പദ്ധതി.
- സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിലേക്ക് 20,000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യവുമുണ്ട്.

III
പുത്തനാശയ കോമൺസുകളും പ്രാദേശിക മൂല്യസൃഷ്ടിയും

സ്വകാര്യ ഉടമസ്ഥതയിലുള്ള ചെറു ശൃംഖലകളിൽ നിന്ന് പുത്തനാശയ കോമൺസിലേക്കുള്ള മാറ്റം സാധ്യമാക്കിയ പുതിയ സാമ്പത്തിക യുക്തിയാണ് ഡിജിറ്റൽ രൂപാന്തരീകരണം അവതരിപ്പിക്കുന്നത്. പങ്കിട്ട ഡിജിറ്റൽ അടിസ്ഥാനസൗകര്യവും തുറന്ന മാനദണ്ഡങ്ങളും കമ്മ്യൂണിറ്റി ഡാറ്റാ പ്ലാറ്റ്ഫോമുകളും പൊതുസ്വഭാവമുള്ള ഡിജിറ്റൽ സാമഗ്രികളും ചേർന്നതാണ് ഈ കോമൺസ്; ഇവയുടെ മേൽ പ്രാദേശിക സംരംഭങ്ങൾ ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും വികസിപ്പിക്കാൻ കഴിവുള്ളവയാകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായിരിക്കും ഈ സംവിധാനത്തിന് ചുക്കാൻ പിടിക്കുക.

പൊതു ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ

മൂല്യസൃഷ്ടിയും ഡാറ്റാ നിയന്ത്രണവും ചില സ്വകാര്യ പ്ലാറ്റ്ഫോമുകളിൽ മാത്രമായി കേന്ദ്രീകരിക്കുന്നതിന് പകരം, ഭൂരേഖകൾക്കായി 'എന്റെ ഭൂമി', നഗരസേവനങ്ങൾക്കായി 'കെ–സ്മാർട്ട്', വാണിജ്യങ്ങൾക്ക് 'കെ–

സ്റ്റോർ' എന്നിവ കൂടാതെ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സ്വതന്ത്ര സോഫ്റ്റ്വെയർ അടിസ്ഥാനമാക്കിയ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളെയാണ് കേരളം മുൻനിരയിൽ കൊണ്ടുവന്നിരിക്കുന്നത്. കമ്മ്യൂണിറ്റികൾ, സഹകരണസംഘങ്ങൾ, സ്റ്റാർട്ടപ്പുകൾ, എം.എസ്.എം.ഇ.കൾ എന്നിവയ്ക്ക് സേവനങ്ങൾ വികസിപ്പിക്കാൻ കഴിയുന്ന തുറന്ന, ഘടക–പാളികളായി ഇവയെ രൂപകൽപ്പന ചെയ്തിരിക്കുന്നു.

- **ഡിജിറ്റൽ സീസർവേ ഓഫ് ലാൻഡ്:** കൃത്യതയേറിയ ഡ്രോൺ മാപ്പിംഗ്, ജി.ഐ.എസ്., ബ്ലോക്ക്ചെയിൻ അടിസ്ഥാനത്തിലുള്ള ഭൂരേഖാ സുരക്ഷ തുടങ്ങിയവ ഉപയോഗിച്ച് ദശകങ്ങളോളം നീണ്ടുനിന്ന ഭൂതലാവകാശ തർക്കങ്ങളും വ്യവഹാരങ്ങളും അവസാനിപ്പിക്കുന്ന വിധം കൈക്കൊള്ളാനാകാത്ത ഡിജിറ്റൽ ഭൂമിരജിസ്റ്റർ സംസ്ഥാനം സൃഷ്ടിച്ചു.
- **എന്റെ ഭൂമി:** പൗരന്മാർക്ക് സർട്ടിഫൈഡ് ടൈറ്റിൽ ഡീഡുകൾ, സർവേ മാപ്പുകൾ, നികുതി രേഖകൾ, ഉടമസ്ഥതാ ചരിത്രം എന്നിവ ഓഫീസുകളിൽ പോകാതെ തന്നെ മൊബൈൽ വഴി ലഭ്യമാകുന്ന ജനകേന്ദ്രിത പ്ലാറ്റ്ഫോം.
- **കെ–സ്മാർട്ട്:** ബിൽഡിംഗ് പെർമിറ്റ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസുകൾ, പരാതിനിവാരണ സംവിധാനം തുടങ്ങി 100ലധികം മുനിസിപ്പൽ സേവനങ്ങളെ ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്ന സംവിധാനമൊരുക്കി.
- **കെ–സ്റ്റോർ:** പ്രാദേശിക സംരംഭകരെയും സഹകരണസംഘങ്ങളെയും കർഷകരെയും പിന്തുണയ്ക്കുന്ന സംസ്ഥാന സർക്കാർ പിന്തുണയുള്ള ഡിജിറ്റൽ മാർക്കറ്റ്പ്ലേസ്; സാങ്കേതികവിദ്യ ആഗോള സ്വകാര്യ ഉടമസ്ഥ പ്ലാറ്റ്ഫോമുകളുടെ നിയന്ത്രണാധികാരം കൂട്ടുന്ന ഒരു ഉപകരണമല്ല, സാമ്പത്തിക സ്വയംഭരണത്തിന്റെ അടിസ്ഥാനമാകണമെന്ന ദർശനത്തിന്റെ ആവിർവമാണ് ഇത്.

ഈ പ്ലാറ്റ്ഫോമുകൾ പങ്കിട്ടിരിക്കുന്ന അടിസ്ഥാന സൗകര്യത്തിലൂടെ വികേന്ദ്രീകൃത മൂല്യസൃഷ്ടിയെ പ്രോത്സാഹിപ്പിച്ച്, ചരക്കുകളും ഡാറ്റയും മൂല്യവും ചൂഷണം ചെയ്യപ്പെടുന്ന കേന്ദ്രീകൃത മാതൃകയ്ക് പകരം വെയ്കുന്നു.

പ്രാദേശിക മൂല്യവർദ്ധനയ്ക്കുള്ള മേഖലാതല കോമൺസ്

നവീകരണ കോമൺസ് സമീപനം വിവിധ മേഖലകളിലെ പ്രാദേശിക മൂല്യശൃംഖലകളെ ഉയർന്ന തലങ്ങളിലേക്ക് എത്തിക്കുന്നു.

- **കാർഷികവും ഭക്ഷ്യ സംസ്കരണ സംവിധാനവും:** ഡിജിറ്റൽ കർഷക രജിസ്ട്രറുകൾ, പ്രിസിഷൻ അഗ്രികൾച്ചർ, ഉല്പന്ന ട്രേസബിലിറ്റി പ്ലാറ്റ്ഫോമുകൾ, സംസ്ഥാന ഡാറ്റയും കണക്റ്റിവിറ്റി കോമൺസും ആസ്പദമാക്കിയ ലൊക്കൽ ലോജിസ്റ്റിക്സ് ആപ്ലിക്കേഷനുകൾ എന്നിവ ഉൾപ്പെടുന്നു.
- **ആരോഗ്യവും പരിചരണ സമ്പദ്വ്യവസ്ഥയും:** പ്രാദേശിക ഉപകരണങ്ങളുമായി, ഡയഗ്നോസ്റ്റിക് സംവിധാനങ്ങളുമായി, ബയോടെക് നവീകരണങ്ങളുമായി സംയോജിപ്പിച്ച ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്ഫോമുകൾ; ഇതുവഴി ഉയർന്ന മൂല്യമുള്ള ഹെൽത്ത്–ടെക് ഉൽപ്പന്നങ്ങളും സേവനങ്ങളും വളർത്തിക്കൊണ്ട് വരുന്നു.
- **ടൂറിസം, സംസ്കാരം, ക്രിയേറ്റീവ് വ്യവസായങ്ങൾ:** തുറന്ന ഉള്ളടക്ക പ്ലാറ്റ്ഫോമുകൾ, XR അനുഭവങ്ങൾ, AVGC-XR സ്റ്റുഡിയോകൾ എന്നിവ ഉപയോഗിച്ച്, പൊതുജനങ്ങളുടെയും തൊഴിലാളികളുടെയും അവകാശങ്ങളെ മാനിക്കുന്ന രീതിയിൽ കേരളത്തിന്റെ സാംസ്കാരിക കോമൺസിനെ സാമ്പത്തികമായി പ്രയോജനപ്പെടുത്തുന്നു.
- **മത്സ്യബന്ധനവും സമുദ്രസമ്പദ്വ്യവസ്ഥയും:** കാലാവസ്ഥാ വിവരങ്ങൾ, തൽസമയ മീൻപിടുത്ത ഡാറ്റ, വിപണി ബന്ധങ്ങൾ, കോൾഡ് ചെയിൻ സംയോജനം എന്നിവയിലൂടെ പരമ്പരാഗതവും മെക്കനൈസ്ഡ് ആയതുമായ വിഭാഗങ്ങളും ഉൾപ്പടെയുള്ള മത്സ്യ തൊഴിലാളി സമൂഹങ്ങളെ ശക്തിപ്പെടുത്തുന്നു.
- **നിർമ്മാണമേഖലയും എം.എസ്.എം.ഇ–കളും:** ഡിസൈൻ, ടെസ്റ്റിംഗ്, ഫാബ്രിക്കേഷൻ സൗകര്യങ്ങൾ; ഡിജിറ്റൽ ഗുണനിലവാര സർട്ടിഫിക്കേഷൻ; ഇ–കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ ആഗോള വിപണികളിലേക്കുള്ള ബന്ധം എന്നിവ വഴി പ്രാദേശിക ഉല്പാദനത്തെ ഉയർത്തുന്നു.

ഏതു മേഖലയിലും, ഈ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ലൈഫ് സയൻസ്, ബയോടെക്നോളജി, മെറ്റീരിയൽ സയൻസ്, നാനോ സാങ്കേതികവിദ്യ, ഹരിത ഊർജ്ജ ഗവേഷണം–വികസനം എന്നിവയുമായി സംയോജിച്ച് പ്രവർത്തിക്കുന്നു. ഇതുവഴി കേരളത്തിലെ അറിവ് ഉത്പാദനം പ്രാദേശിക നിർമ്മാണത്തിലേക്കും സേവനങ്ങളിലേക്കും ബൗദ്ധിക സ്വത്ത് സൃഷ്ടിയിലേക്കും മാറുന്നു. ഡിജിറ്റൽ കോമൺസും ശാസ്ത്ര–സാങ്കേതിക സംഗമവുമാണ് ഈ വൈജ്ഞാനിക സമ്പദ്വ്യവസ്ഥാ പരിവർത്തനത്തിന്റെ അടിസ്ഥാന പ്രമാണം.

ഡിജിറ്റൽ എംപ്ലോയബിലിറ്റി ഗ്രിഡ്

നൈപുണ്യ വികസനം, പ്രൊഫൈലിംഗ്, മാച്ചിംഗ്, പ്ലേസ്മെന്റ് എന്നിവയെ ഏകീകൃതമായി ബന്ധിപ്പിക്കുന്ന ഈ സമഗ്ര സംവിധാനമാണ് ഡിജിറ്റൽ എംപ്ലോയബിലിറ്റി ഗ്രിഡ്. കെ-ഡിസ്കിന്റെ ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) കേരളത്തിന്റെ പ്രധാന പൊതുഡിജിറ്റൽ തൊഴിൽവിപണി പ്ലാറ്റ്ഫോമാണ്. ആഗോളവും ദേശീയവുമായ തൊഴിലുടമകളെ സംസ്ഥാനത്തുടനീളമുള്ള സർട്ടിഫൈഡ് നൈപുണ്യസമ്പന്നരുമായി ബന്ധിപ്പിക്കുന്ന കണ്ണിയാണിത്. തൊഴിലാളികളിൽ നിന്ന് മൂല്യം പിഴിയുകയും എല്ലാ റിസ്കും അവരുടെ മേൽ മാറ്റുകയും ചെയ്യുന്ന സ്വകാര്യ ഗിഗ്–പ്ലാറ്റ്ഫോമുകളുമായി വ്യത്യസ്തമായി, DWMS

പൂർണ്ണമായും പൊതുതാൽപര്യാധിഷ്ഠിതവും സുതാര്യവുമായ, അവകാശാധിഷ്ഠിതമായ ഒരു പ്ലാറ്റ്ഫോമാണ്.

- ഐ.ടി, ഡീപ്പ്–ടെക്, ക്രിയേറ്റീവ്, കെയർ, ഗ്രീൻ ഇക്കണമി മേഖലകൾ എന്നിവിടങ്ങളിലേക്കുള്ള തൊഴിലാളികളുടെ പ്രൊഫൈലിംഗ്, അപ്സ്കില്ലിംഗ്, പ്ലേസ്മെന്റ് എന്നിവയ്ക്കായി ഏകീകൃത ഇന്റർഫെയ്സ് നൽകുന്നു.
- ആവശ്യവും വിതരണവും തമ്മിലുള്ള അകലം കുറക്കാൻ AI അധിഷ്ഠിത മാച്ചിംഗ് ഉപയോഗിക്കുന്നു; തൊഴിലാളികളുടെ അവകാശസംരക്ഷണം, ഡാറ്റാ സ്വകാര്യത, വിവേചനരഹിതമായ ചൂഷണം എന്നിവയ്ക്കുള്ള ശക്തമായ സുരക്ഷാ സംവിധാനങ്ങളോടെയാണ് ഇത് പ്രവർത്തിക്കുന്നത്.
- സ്ത്രീകൾ, ഭിന്നശേഷിക്കാർ, അനൗപചാരിക മേഖലയിൽ നിന്ന് മാറ്റം ആഗ്രഹിക്കുന്ന തൊഴിലാളികൾ ഉൾച്ചേർക്കാൻ പ്രത്യേക പരിപാടി ആവിഷ്കരിച്ചിരിക്കുന്നു; അറിവ്–അധിഷ്ഠിത തൊഴിലുകൾ സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലേക്കും സാമൂഹിക കൂട്ടായ്മകളിലേക്കും എത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു. പ്രത്യേകിച്ച് കരിയർ ഇടവേളയ്ക്കുശേഷം വീണ്ടും തൊഴിൽ രംഗത്തേക്ക് മടങ്ങിയെത്തുന്ന സ്ത്രീകൾക്ക് ഈ സംവിധാനം വലിയ രീതിയിൽ സഹായകമാകും.

SDPK നെറ്റ്വർക്കും വെർച്വൽ ജോബ്ഫെയറുകളും: സംസ്ഥാനത്തെ എല്ലാ എൻജിനീയറിങ് കോളേജുകളിലും പോളിടെക്നിക്കുകളിലും ഐ.റ്റി.ഐകളിലും പ്രാദേശിക ഭരണസ്ഥാപനങ്ങളിലും വർക്ക്–നിയർ–ഹോം കേന്ദ്രങ്ങളിലുമുള്ള ഡിജിറ്റൽ അടിസ്ഥാനസൗകര്യവുമായി സംയോജിച്ച്, കരിയർ–എംപ്ലോയബിലിറ്റിക്കായുള്ള ഒരു സംസ്ഥാനവ്യാപക ഡിജിറ്റൽ ഗ്രിഡ് സൃഷ്ടിക്കുന്നു. ഈ ഗ്രിഡ് താഴെപ്പറയുന്നതിലേക്ക് നയിക്കുന്ന

- എല്ലാ ജില്ലകളിലെയും ടാലന്റ് പൂളുകളിലേക്ക് തൊഴിലുടമകൾക്ക് യാത്ര ചെലവ് കൂടാതെ തന്നെ ബന്ധപ്പെടാനാവുംവിധം വെർച്വൽ–ഹൈബ്രിഡ് ജോബ്ഫെയറുകൾ.
- അസസ്മെന്റ്, കൗൺസിലിംഗ്, മൈക്രോ–ക്രഡൻഷ്യലിംഗ്, ഓൺബോർഡിംഗ് എന്നിവയെ ഒരേ ഡിജിറ്റൽ പ്രവാഹത്തിലേക്ക് ഏകീകരിക്കുന്ന സംവിധാനം; ഇതുവഴി നിയമനത്തിനെടുക്കുന്ന സമയം ഗണ്യമായി കുറയുകയും, ജോലിയുടെയും നൈപുണ്യത്തിന്റെയും പൊരുത്തം ഉറപ്പാക്കുകയും ചെയ്യുന്നു.
- DWMS, SDPK പ്ലാറ്റ്ഫോമുകളിൽ നിന്ന് ലഭിക്കുന്ന തത്സമയ തൊഴിലവസര ഡാറ്റാ അനലിറ്റിക്സ്; പാഠ്യപദ്ധതി പരിഷ്കരണം, നൈപുണ്യ നിക്ഷേപ തീരുമാനങ്ങൾ, നയനിർമ്മാണം എന്നിവയ്ക്ക് ഗുണകരമാകും.
- SDPK നെറ്റ്വർക്ക് ഉപയോഗിച്ചുള്ള വെർച്വൽ ജോബ്ഫെയറുകൾ, കാസർഗോഡ് പഠിക്കുന്ന ഒരു വിദ്യാർത്ഥിക്കും വയനാട് അല്ലെങ്കിൽ കൊച്ചിയിലും തിരുവനന്തപുരത്തും പഠിക്കുന്ന വിദ്യാർത്ഥിക്കും ഒരേരീതിയിൽ തൊഴിൽ അവസരങ്ങളിൽ പങ്കാളിയാകാൻ കഴിയുന്ന വിധം കേരളത്തിന്റെ ഓരോ മൂലയിലും എത്തിച്ചേരുന്നു. ഭൂമിശാസ്ത്രപരമായ ജന്മ സ്ഥലം ഒരു വ്യക്തിയുടെ സാമ്പത്തിക സാധ്യത നിർണ്ണയിക്കരുതെന്ന തത്വം പ്രായോഗികമാക്കുന്ന അടിസ്ഥാനസൗകര്യമാണ് ഇത്.

മേൽപ്പറഞ്ഞ തൊഴിലവസരങ്ങളിലേക്കുള്ള നൈപുണി പരിശീലനത്തിന് വിദ്യാഭ്യാസ സ്ഥാപനാടിസ്ഥാനത്തിലും പഠനം പൂർത്തീകരിച്ച ഉദ്യോഗാർത്ഥികൾക്കു പുറത്തും പരിശീലനം നൽകുന്നതിന് വിജ്ഞാന കേരളം ക്യാമ്പയിന്റെ ഭാഗമായി സൗകര്യങ്ങളുണ്ട്.

IV
ഡീപ്പ്–ടെക്: ഐ.ടി. മേഖലയിൽ നിന്ന് ടെക്നോ–സയന്റിഫിക് സംവിധാനത്തിലേക്ക്

കേരളത്തിന്റെ ഡിജിറ്റൽ രൂപാന്തരീകരണം കേവലം ഐ.ടി. മേഖലയിലെ വളർച്ചാ കഥയല്ല; ജീവശാസ്ത്രം, ബയോടെക്നോളജി, പദാർത്ഥ വിജ്ഞാനീയം, നാനോ സാങ്കേതികവിദ്യ, ഹരിത ഊർജ്ജം എന്നിവയുമായി ഡിജിറ്റൽ സാങ്കേതികവിദ്യകൾ സംയോജിച്ച് ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങളും ബൗദ്ധികസ്വത്തും (IP) പരിഹാരങ്ങളും സൃഷ്ടിക്കുന്ന ഒരു സംഗമ ടെക്നോ–സയന്റിഫിക് പരിസരം സൃഷ്ടിക്കുന്നതിലേക്കുള്ള സംസ്ഥാനത്തിന്റെ പ്രവേശനമാണ് ഇത്.

ഡീപ്പ്–ടെക് പ്ലാറ്റ്ഫോമുകളും മേഖലാതല സംയോജനവും

ഡിജിറ്റൽ സയൻസ് പാർക്ക്, കെ–സ്പേസ്, AVGC-XR Centres of Excellence, AI–സെമികണ്ടക്ടർ ഇടപെടലുകൾ എന്നിവ, അടുത്ത നൂറ്റാണ്ടിനെ നിർവ്വചിക്കുന്ന തന്ത്രപ്രധാന സാങ്കേതിക മേഖലകളിൽ കേരളത്തെ മുന്നിലൂടെ നിർത്തുന്നു. ഇവ ക്രമബദ്ധമായി താഴെപ്പറയുന്ന മേഖലകളുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു:

- കംപ്യൂട്ടേഷണൽ ബയോളജി, ഡ്രഗ് ഡിസ്കവറി, ജീനോമിക്സ്, ബയോ–മാനുഫാക്ചറിംഗ്, പ്രിസിഷൻ ഹെൽത്ത് തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ബയോടെക്നോളജി, ലൈഫ് സയൻസ് സ്ഥാപനങ്ങൾ.
- ഗ്രാഫീൻ, ഉയർന്ന നിലവാരമുള്ള മെറ്റീരിയലുകൾ, നാനോ–ഡിവൈസുകൾ തുടങ്ങിയവയെ കേന്ദ്രീകരിച്ച ഭൗതികശാസ്ത്ര–മെറ്റീരിയൽസ് ഗവേഷണം; ഇലക്ട്രോണിക്സ്, ഊർജ്ജ സംഭരണം, സെൻസറുകൾ എന്നിവയ്ക്കുള്ള അടിസ്ഥാനമാണ് ഇവ.
- സ്മാർട്ട് ഗ്രിഡുകൾ, ബാറ്ററി സ്റ്റോറേജ്, ഹൈഡ്രജൻ, പുതുക്കാവുന്ന ഊർജ്ജ സംയോജനം തുടങ്ങിയ ഹരിത ഊർജ്ജ സാങ്കേതികവിദ്യകൾ; ഇവിടങ്ങളിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഡാറ്റ, മോഡലിംഗ്, സിമുലേഷൻ, ഓട്ടോമേഷൻ കഴിവുകൾ നൽകുന്നു.

ഐ.ടി.യും ഡിജിറ്റൽ അടിസ്ഥാനസൗകര്യവും ഈ എല്ലാ മേഖലകൾക്കും ഡാറ്റ, മോഡലിംഗ്, സിമുലേഷൻ, ഡിസൈൻ, ഓട്ടോമേഷൻ, പ്ലാറ്റ്ഫോം ശേഷികൾ ലഭ്യമാക്കുന്നു; ഇങ്ങനെ, ഡിജിറ്റലും "ഹാർഡ്" ശാസ്ത്രങ്ങളും സംഗമിക്കുന്ന ഇടങ്ങളിൽ പുതിയ IPകളും ഉൽപ്പന്നങ്ങളും സംരംഭങ്ങളും ഉദ്ഭവിക്കുന്നതിന് അവസരം സൃഷ്ടിക്കുന്നു.

വൈവിധ്യവൽക്കരണവും ഉയർന്ന മൂല്യസൃഷ്ടിയും

കേരളത്തിന്റെ വികസന മാതൃക, ഉൽപ്പന്നങ്ങളുടെയും കയറ്റുമതിയുടെയും കുറഞ്ഞ മൂല്യമുള്ള സേവനങ്ങളുടെയും ആശ്രിതത്വത്തിൽ നിന്ന് മാറി, സംഗമ ടെക്നോ–സയന്റിഫിക് ഇടങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന ഉയർന്ന മൂല്യമുള്ള IP, ഉൽപ്പന്നങ്ങൾ, പരിഹാരങ്ങൾ എന്നിവയ്ക്കാണ് പ്രാധാന്യം നൽകുന്നത്.

- ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്ഫോമുകൾ ബയോടെക് ഉപകരണങ്ങളുമായി, ജീനോമിക്സുമായും ടെലി മെഡിസിനുമായും AI ഡയഗ്നോസ്റ്റിക് സംവിധാനങ്ങളുമായും സംയോജിച്ച്, ഹെൽത്ത്–ടെക് നവോത്ഥാന ക്ലസ്റ്ററുകൾ രൂപപ്പെടുത്തുന്നു.
- അഗ്രി–ടെക് പരിഹാരങ്ങൾ IoT സെൻസറുകൾ, ഉപഗ്രഹ ഡാറ്റ, പ്രിസിഷൻ അഗ്രികൾച്ചർ ആൽഗൊരിതങ്ങൾ, ബയോ–ഇൻപുട്ടുകൾ എന്നിവയുടെ സംയോജനത്തിലൂടെ കാലാവസ്ഥ പ്രതിരോധ ശേഷിയുള്ള കൃഷി രീതികൾ വികസിപ്പിക്കുന്നു.
- സ്പേസ്–ടെക് ഇക്കോസിസ്റ്റം, സാറ്റലൈറ്റ് ഡാറ്റയെ ദുരന്തനിർമ്മാണം, പരിസ്ഥിതി നിരീക്ഷണം, നഗര ആസൂത്രണം, മാരിടൈം സെക്യൂരിറ്റി എന്നീ മേഖലകളിലെ ആപ്ലിക്കേഷനുകളുമായി ബന്ധിപ്പിക്കുന്നു.
- ഹരിത ഊർജ്ജ ഡിജിറ്റൽ ടിൻ സംവിധാനം, AI, IoT എന്നിവ ഉപയോകിടക്കുന്ന ഗിച്ച് പുതുക്കാവുന്ന ഊർജ്ജങ്ങളുടെ സംയോജനവും ഗ്രിഡ് മാനേജ്മെന്റും ഊർജ്ജ സംഭരണ സംവിധാനങ്ങളും കുറ്റമറ്റതാക്കുന്നു; 2040ഓടെ 100 ശതമാനം പുതുക്കാവുന്ന വൈദ്യുതി എന്ന കേരളത്തിന്റെ ലക്ഷ്യത്തെ നേരിട്ട് പിന്തുണയ്ക്കുന്ന സംവിധാനമാണിത്.
- നാനോ–മെറ്റീരിയലുകളും അഡ്വാൻസ്ഡ് മാൻ ഫാക്ചറിംഗും കംപ്യൂട്ടേഷണൽ ഡിസൈനും ഡിജിറ്റൽ ഫാബ്രിക്കേഷനും ഉപയോഗിച്ച്, ഇലക്ട്രോണിക്സ്, ഊർജ്ജം, ആരോഗ്യ മേഖലകൾക്കായുള്ള ഉയർന്ന മൂല്യമുള്ള ഘടകങ്ങൾ നിർമ്മിക്കുന്നു.

ഈ സംഗമം, കേരളം ഐ.ടി.യെ ഒറ്റപ്പെട്ട മേഖലയായി പിന്തുടരാതെ, എല്ലാ തന്ത്രപ്രധാന മേഖലകളിലേയും പുരോഗതികളെ ഡിജിറ്റൽ സാങ്കേതികവിദ്യകൾ ശക്തിപ്പെടുത്തുന്ന ഒരു ഏകീകൃത ടെക്നോ–സയന്റിഫിക് ആവാസവ്യവസ്ഥ പണിയുന്നു എന്നു ഉറപ്പാക്കുന്നു. ഇങ്ങനെ, ഡിജിറ്റൽ രൂപാന്തരീകരണം കേരളത്തിന്റെ സാമ്പത്തിക പരിവർത്തനത്തിന് ബൗദ്ധികവും സ്ഥാപനപരവുമായ പിൻതുണയായി മാറുന്നു.

V
ഡിജിറ്റൽ ഭരണവും പൊതുസേവന പരിവർത്തനവും

കേരളത്തിന്റെ ഡിജിറ്റൽ രൂപാന്തരീകരണം, മാന്വൽ, ചിന്നഭിന്നമായ പ്രക്രിയകൾ എന്നിവയിൽ നിന്ന് ഡാറ്റാ സമ്പുഷ്ടമായ, ഫീഡ്ബാക്ക് അധിഷ്ഠിതമായ, "ലേണിംഗ് സിസ്റ്റങ്ങളായി" മാറ്റിയിരിക്കുന്നു; ഇവ സേവനങ്ങളുടെ ഗുണനിലവാരം നിരന്തരം മെച്ചപ്പെടുത്താനാവുന്നവയാണ്.

ലേണിംഗ് ഡിജിറ്റൽ സംവിധാനമായി ഭരണം

ഭൂമി, നഗര സേവനങ്ങൾ, ക്ഷേമപദ്ധതികൾ, ആരോഗ്യരംഗം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ, ഭരണക്രമം ബ്യൂറോക്രാറ്റിക് കാർക്കശ്യത്തിൽ നിന്ന് മാറി, പ്രതികരണ ശേഷിയുള്ള. എളുപ്പം പൊരുത്തപ്പെടുന്ന പൗരകേന്ദ്രിത സേവനവിതരണ രീതിയിലേക്ക് മാറുകയാണ്. ഈ സംവിധാനങ്ങൾ ഉപയോഗ മാതൃകകളിൽ നിന്നും പരാതികളിൽ നിന്നും പരിണിത ഫലങ്ങളിൽ നിന്നും നിരന്തരം പഠിക്കുന്നു; ഇതുവഴി ഡിസൈനിലും ഡെലിവറിയിലും തുടർച്ചയായ മെച്ചപ്പെടുത്തലുകൾ സാധ്യമാകുന്നു.

- നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഭൂമിയുടമസ്ഥതാതർക്കങ്ങൾക്ക് അവസാനമിട്ട്, ഉടമസ്ഥതയിലേക്കും ഇടപാടുകളിലേക്കും ഡിജിറ്റൽ ലാൻഡ് റീസർവേയും എന്റെ ഭൂമിയും സുതാര്യത കൊണ്ടുവന്നു.
- 100ലധികം മുനിസിപ്പൽ സേവനങ്ങളെ ഏകീകൃതമായി ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന്, ക്യൂവിനെയും പേപ്പർവർക്കിനെയും കെ–സ്മാർട്ട് അനാവശ്യ കാലതാമസത്തെയും നീക്കി.
- സമഗ്രമായ രോഗിയുടെ രേഖകൾ, ടെലിമെഡിസിൻ, ഡയഗ്നോസ്റ്റിക് സംവിധാനങ്ങൾ എന്നിവയെ ബന്ധിപ്പിച്ച് ചികിത്സയുടെ തുടർച്ച ഇ–ഹെൽത്ത് ഉറപ്പാക്കി.
- ഡിജിറ്റലൈസ് ചെയ്ത റേഷൻ വിതരണവും ക്ഷേമപദ്ധതികളും ഇടനിലക്കാരെ ഒഴിവാക്കി, ഗുണഭോക്താക്കളുടെ മാന്യതയും അവകാശവും കൂടുതൽ ശക്തിപ്പെടുത്തി.

പൊതുസേവന ഗുണനിലവാര മെച്ചപ്പെടുത്തൽ

പൗരന്മാർ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവ ഡാറ്റയും ഡിജിറ്റൽ ഉപകരണങ്ങളും ദൈനംദിനമായി ഉപയോഗിക്കാൻ പ്രാപ്തരാകുമ്പോൾ, പൊതുസേവനങ്ങളുടെ ഗുണനിലവാര മെച്ചപ്പെടുത്തൽ സ്വയം ബലപ്പെടുന്ന പ്രക്രിയയായി മാറുന്നു. സുതാര്യത, വേഗത, വിശ്വാസ്യത, പേഴ്സണലൈസേഷൻ എന്നീ ഗുണങ്ങൾ, കണക്റ്റഡ്, സാക്ഷര, അവകാശബോധമുള്ള വിജ്ഞാനസമൂഹത്തിലെ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുതന്നെ സ്വാഭാവികമായി ഉദ്ഭവിക്കുന്നു.

കേരളത്തിന്റെ ഡിജിറ്റൽ രൂപാന്തരീകരണത്തിൽ, പൊതുസേവനം മെച്ചപ്പെടുത്തൽ ഒരു ഉപോല്പന്നമല്ല; വൈജ്ഞാനികസമൂഹത്തിന്റെ സ്വാഭാവിക ആവിഷ്കാരമാണ്. ഭരണം ഡിജിറ്റൽ പാളങ്ങളിൽ പ്രവർത്തിക്കുമ്പോൾ, അവ സ്വയം പഠിക്കുന്ന സംവിധാനങ്ങളായി മാറുന്നു – പൗരാവശ്യങ്ങൾക്ക് അനുസരിച്ച് നിരന്തരം മാറുകയും മെച്ചപ്പെടുകയും പ്രതികരിക്കുകയും ചെയ്യുന്ന സംവിധാനങ്ങൾ. ടെക്നോളജി, പൊതുജന സേവന സ്ഥാപനങ്ങളുടെ ശേഷി, ജനാധിപത്യ സംസ്കാരം എന്നിവയുടെ സംയോജനം തന്നെയാണ് ഇത് പ്രതിനിധീകരിക്കുന്നത്.

2031ഓടെ എല്ലാ സർക്കാർ സേവനങ്ങളും 100 ശതമാനം ഡിജിറ്റൽ മാർഗ്ഗത്തിലൂടെ നൽകുക എന്നതാണ് കേരളത്തിന്റെ ലക്ഷ്യം; സുരക്ഷിത ഡാറ്റാ മാനേജ്മെന്റും ഭരണ നിർവഹണവും ഉറപ്പാക്കുന്ന ഡേറ്റാ കേരള പദ്ധതി ഇതിന് പിന്തുണ നൽകും, കൂടാതെ പൊതുമേഖലയിലെ സോഫ്റ്റ്വെയർ ചെലവിൽ 30 ശതമാനം കുറവ് Free and Open-Source Software (FOSS) വ്യാപകമായി പ്രയോഗിച്ചുകൊണ്ട് നേടാനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

VI
ദർശനം 2035: വൈജ്ഞാനിക സമ്പദ്വ്യവസ്ഥയിലേക്ക്

ഡിജിറ്റൽ നവോത്ഥാനം 2035ഓടെ പൂർണ്ണ രൂപത്തിലുള്ള വൈജ്ഞാനിക സമ്പദ്വ്യവസ്ഥയായി പകത പ്രാപിക്കുന്നു; അതിനെ താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് നിർവ്വചിക്കുന്നത്.

സാമ്പത്തിക പരിവർത്തന ലക്ഷ്യങ്ങൾ

- **കുറഞ്ഞ മൂല്യസൃഷ്ടിയിൽ നിന്ന് ഉയർന്ന മൂല്യസൃഷ്ടിയിലേക്കുള്ള മാറ്റം:** പുറംവരുമാന ആശ്രിതവും ഉപഭോഗകേന്ദ്രിതവുമായ സമ്പദ്വ്യവസ്ഥയിൽ നിന്ന് ഉൽപ്പാദനകേന്ദ്രിതവും രൂപാന്തരീകരണത്തിന്റെ–നേതൃത്വത്തിലുള്ളതുമായ, അറിവുതീവ്ര പ്രവർത്തനങ്ങളിലൂന്നുന്ന സാമ്പത്തിക ഘടനയിലേക്ക് മാറുക.
- ഡീപ്പ്–ടെക്, ലൈഫ് സയൻസ്, ഹരിത ഊർജ്ജം, ക്രിയേറ്റീവ്–വ്യവസായങ്ങൾ, ഹൈ-എൻഡ് സേവനങ്ങൾ തുടങ്ങിയ മേഖലകളെ വ്യവസ്ഥാപിതമായി വ്യാപിപ്പിച്ച്, തൊഴിൽ, output, കയറ്റുമതി, നിക്ഷേപം എന്നിവയ്ക്കുള്ള വ്യക്തമായ ലക്ഷ്യങ്ങളോടെ മുന്നോട്ട് കൊണ്ടുപോകുക.
- 2031ഓടെ 500,000 ഉയർന്ന മൂല്യമുള്ള പുതിയ തൊഴിലുകളും 50 ബില്യൺ യു.എസ്. ഡോളർത്തിനു തുല്യമായ സാമ്പത്തിക output–ഉം സൃഷ്ടിക്കുക.
- 200,000 പ്രൊഫഷണലുകൾക്ക് തൊഴിൽ നൽകുന്ന 120 ഗ്ലോബൽ ക്യാപബിലിറ്റി സെന്ററുകൾ സ്ഥാപിക്കുക.
- സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിലേക്ക് ₹20,000 കോടി നിക്ഷേപം ആകർഷിക്കുക.
- 2029ഓടെ ഇന്ത്യയുടെ AVGC-XR കയറ്റുമതി വരുമാനത്തിന്റെ 10 ശതമാനം കേരളത്തിൽ നിന്ന് നേടുക.

പ്രദേശിക–സാമൂഹിക ഉൾചേർക്കൽ ലക്ഷ്യങ്ങൾ

- ഓരോ പഞ്ചായത്തും കണക്റ്റിവിറ്റി, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, കോമൺസ്–അധിഷ്ഠിത നവീകരണ ഇടപെടലുകൾ, തൊഴിൽ–നൈപുണ്യ പദ്ധതികൾ എന്നിവയിലൂടെ വൈജ്ഞാനിക സമ്പദ്വ്യവസ്ഥയിൽ സജീവമായി പങ്കാളികളാവുക.
- സ്ത്രീകൾ, യുവജനങ്ങൾ, കുടിയേറ്റക്കാരും മടങ്ങിയെത്തുന്ന പ്രൊഫഷണലുകളും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലുള്ളവർക്കും ഉയർന്ന മൂല്യമുള്ള അവസരങ്ങൾ ലഭ്യമാക്കുക.
- ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള തൊഴിൽ നേടാൻ നിർബന്ധമായും കുടിയേറണം എന്ന അവസ്ഥ ഇല്ലാതാക്കുന്ന വർക് നിയർ ഹോം അടിസ്ഥാന സൗകര്യം സംസ്ഥാനവ്യാപകമായി ശക്തിപ്പെടുത്തുക.

സംഗമവും ഏകീകരണവും ലക്ഷ്യങ്ങൾ

- ഡിജിറ്റൽ അടിസ്ഥാന സൗകര്യം ലൈഫ് സയൻസ്, ബയോടെക്നോളജി, പദാർത്ഥവിജ്ഞാനീയം, നാനോ സാങ്കേതികവിദ്യ, ഹരിത ഊർജ്ജം എന്നിവയുമായി ആഴത്തിൽ സംയോജിപ്പിച്ച് ഇന്റർ ഡിസിപ്ലിനറി പുത്തനാശയ ക്ലസ്റ്ററുകൾ രൂപപ്പെടുത്തുക.
- ഊർജ്ജം, ഗതാഗതം, ജലം, ഡിജിറ്റൽ കണക്റ്റിവിറ്റി എന്നിവയെ സംയോജിപ്പിക്കുന്ന ഇൻഫ്രാസ്ട്രക്ചർ 2.0 ഇടനാഴികൾ, സുസ്ഥിരവും ഉയർന്ന മൂല്യമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന പിന്തുണയായി വികസിപ്പിക്കുക.

നടപ്പാക്കൽ ഘടന: ഡിജി കേരള 2.0

2025–2035 കാലഘട്ടത്തിലെ കേരളത്തിന്റെ ഡിജിറ്റൽ പരിവർത്തനം മൂന്ന് കേന്ദ്ര സിദ്ധാന്തങ്ങളെയാണ് മാർഗ്ഗദർശകമായി സ്വീകരിക്കുന്നത്:

- **Malayalam First:** എല്ലാ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും ആപ്ലിക്കേഷനുകളും സേവനങ്ങളും മലയാളത്തിൽ പൂർണ്ണമായി ലഭ്യമാക്കുക; ഭാഷാ മതിലുകൾ ഡിജിറ്റൽ പങ്കാളിത്തത്തിന് തടസ്സമാകാതിരിക്കണം.
- **Mobile First:** ജനങ്ങളുടെ യഥാർത്ഥ ഉപയോഗ രീതികൾ തിരിച്ചറിഞ്ഞ്, മുഴുവൻ പൗരന്മുഖ സേവനങ്ങളും മൊബൈൽ–റെസ്പോൺസീവ് ഡിസൈൻ ആധാരമാക്കി രൂപകൽപ്പന ചെയ്യുക.
- **SafeTech:** എല്ലാ ഡിജിറ്റൽ സംവിധാനങ്ങളിലും ഡാറ്റാ സ്വകാര്യത, ആൽഗൊരിതമിക സുതാര്യത, സൈബർ സുരക്ഷ, പൗരാവകാശ സംരക്ഷണം എന്നിവ ഘടകങ്ങളായി ഉൾപ്പെടുത്തുക.

ഭരണ സ്തംഭങ്ങൾ

സംസ്ഥാനം താഴെ പറയുന്ന നാല് ഭരണസ്തംഭങ്ങൾക്ക് മുൻഗണന നൽകും:

- **സേവന കേരളം (Service Delivery):** സ്ഥിരമായ ഗുണനിലവാര മെച്ചപ്പെടുത്തലോടുകൂടിയ 100 ശതമാനം ഡിജിറ്റൽ സർക്കാർ സേവന വിതരണം.
- **സദ്ഭരണ കേരളം (Good Governance):** ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ സഹായത്തോടെ സുതാര്യവും ഉത്തരവാദിത്തപരവും പങ്കാളിത്തപരവുമായ ഭരണരീതി.
- **ഭാവി കേരളം (Future Kerala):** ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ, നൈപുണ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലേക്കുള്ള ദൂരക്കാഴ്ചയോടെയുള്ള നിക്ഷേപങ്ങൾ.
- **ജനകീയ കേരളം (People-Centric Kerala):** സാങ്കേതികവിദ്യ കോർപ്പറേറ്റുകളുടെയും നിരീക്ഷണ സംവിധാനങ്ങളുടെയും സേവനമല്ല, പൗരന്മാരുടെ സേവനമാകണമെന്ന് ഉറപ്പുവരുത്തുന്ന ദിശാബോധം.

സ്ഥാപന ശേഷിയും ഏകോപന സംവിധാനങ്ങളും

- **ദി ഫ്യൂച്ചർ കോർപ്പറേഷൻ (TFC),** സംസ്ഥാനത്തിന്റെ സമർപ്പിത നിക്ഷേപ ഏജൻസിയായി പ്രവർത്തിക്കുകയും, സ്വകാര്യ മേഖലയിൽ നിന്ന് കുറഞ്ഞത് 10,000 കോടി രൂപയുടെ AI നിക്ഷേപം ആകർഷിക്കുകയുമാണ് ലക്ഷ്യമിടുന്നത്.
- **സ്റ്റേറ്റ് ഡാറ്റാ എക്സ്ചേഞ്ച് (SDEx),** ഭരണത്തെ കൂടുതൽ കാര്യക്ഷമമാക്കി, സേവനവിതരണത്തിന് വേഗതയും ഏകീകരണവും നൽകും.
- **ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (DUK),** ഡിജിറ്റൽ സയൻസ് പാർക്ക് എന്നിവ, ഉയർന്ന നിലവാരമുള്ള അക്കാദമിക് വിദഗ്ദ്ധതയും അഡ്വാൻസ്ഡ് ഗവേഷണ ആവാസവ്യവസ്ഥയും സംസ്ഥാനത്തിന് നൽകുന്നു.
- **ICTAK**യും ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന പരിഷ്കരണങ്ങളും, തുടർച്ചയായ നൈപുണ്യ വികസനത്തിന് പിന്തുണ നൽകുന്നു; ഇതിന്റെ ഭാഗമായി നിർബന്ധിത ഇൻഡസ്ട്രി ഇന്റേൺഷിപ്പുകളും AI-ML മാഡ്യൂൾ ഇന്റഗ്രേഷൻഉം ലഭ്യമാക്കുന്നു.

VII
വെല്ലുവിളികളും മുന്നോട്ടുള്ള പാതയും

ധീരമായ ഒരു ഡിജിറ്റൽ ഭാവി സംസ്ഥാനത്തിന് മുന്നിൽ തുറന്ന് നിൽക്കുമ്പോഴും, കേരളം ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവുമായ സവിശേഷതകളും പരിസ്ഥിതി പ്രതിബദ്ധതകളും ചേർന്നുണ്ടാക്കുന്ന ഘടനാപരമായ ചില വെല്ലുവിളികളെ അഭിമുഖീകരിക്കേണ്ടിവരും.

ഭൂമിശാസ്ത്ര ഘടകങ്ങളും പരിസ്ഥിതിയും: പരിധികളും സമീപനങ്ങളും

കേരളത്തിലെ അത്യധികം ജനസാന്ദ്രതയും (ചതുരശ്ര കിലോമീറ്ററിന് 860 പേർക്ക് മുകളിൽ) സംസ്ഥാനത്തിന്റെ പരിസ്ഥിതി–സവിശേഷതകളും ചേർന്നുണ്ടാക്കുന്ന സാഹചര്യത്തിൽ, നിശ്ചിത ഐ.ടി. മേഖലകളിലും വ്യവസായ മേഖലകളിലും ഉയർന്ന Floor Area Ratio (FAR 7+) അനുവദിക്കുന്ന vertical development തന്ത്രം അനിവാര്യമാണ്. അതോടൊപ്പം ഗ്രാമീണ ഐ.ടി. പാർക്കുകൾ, വർക് നിയർ ഹോം കേന്ദ്രങ്ങൾ തുടങ്ങിയ വികേന്ദ്രീകൃത വളർച്ചാ മാതൃകകൾ വലിയ നഗരങ്ങളിലേക്കുള്ള സമ്മർദ്ദം കുറയ്ക്കുകയും, തൊഴിലവസരങ്ങൾ സമതുലിതമായി വ്യാപിപ്പിക്കുകയും ചെയ്യുന്നു.

പ്രതിഭകളുടെ നഷ്ടം ഒഴിവാക്കലും നേതൃവികസനം

മദ്ധ്യനിരയിലെയും ഉയർന്ന നിലയിലെയും സാങ്കേതിക നേതൃത്വത്തെ സംസ്ഥാനത്ത് നിലനിറുത്തുക എന്നും ഒരു വെല്ലുവിളിയാണ്. പുത്തനാശയ രൂപീകരണ സംസ്കാരം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, വലുതായ ഗ്ലോബൽ കേപബിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുമായി, ഹൈ–എൻഡ് ഗവേഷണത്തിലും ഉൽപ്പന്ന വികസനത്തിലും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ഇടപെടലുകൾ തുടർച്ചയായി ആവശ്യമുണ്ട്.

2025–2035 കാലഘട്ടത്തിലെ തന്ത്രപ്രധാന മുൻഗണനകൾ

- ഡിജിറ്റൽ സയൻസ് പാർക്ക്, സ്പേസ്–ടെക്, ബയോടെക് മേഖലകളിലെ അഡ്വാൻസ്ഡ് ഗവേഷണങ്ങളുടെ വാണിജ്യവൽക്കരണം.
- ഏറോസ്പേസ്, സെമികണ്ടക്ടർ ഡിസൈൻ, ഇലക്ട്രോണിക്സ് എന്നിവിടങ്ങളിലെ മാനുഫാക്ചറിംഗ് ശേഷി വ്യാപനം.
- കേരളത്തെ ആഗോള സാങ്കേതിക നിക്ഷേപ കേന്ദ്രമായി സ്ഥിരപ്പെടുത്തുന്ന അന്താരാഷ്ട്ര ബ്രാൻഡിംഗ്.
- സൈബർ സുരക്ഷയും AI ഗവേണൻസും ഡിജിറ്റൽ–ഫസ്റ്റ് സമൂഹത്തിൽ പൗരന്മാരുടെ അവകാശവും സുരക്ഷയും ഉറപ്പാക്കുന്ന രീതിയിൽ.

ഈ വെല്ലുവിളികൾ കേരളത്തിന്റെ കൂടുതൽ സങ്കീർണ്ണവും ആഗോളികമായി ഇടപെടാൻ പ്രാപ്തിയുള്ള ഒരു സമ്പദ്വ്യവസ്ഥയിലേക്കുള്ള പരിവർത്തനത്തെ പ്രതിഫലിപ്പിക്കുന്നു. സംസ്ഥാനം പിന്നിൽ നിന്ന് ഓടിയെത്താനല്ല, മുന്നിൽ നിന്ന് ഓട്ടം നയിക്കാൻ തയ്യാറെടുക്കുകയാണ്.

ഉയർന്ന മൂല്യവും വൈവിധ്യവുമുള്ള സാമ്പത്തിക ഘടനയിലേക്കുള്ള സംയോജനവും

കേരളത്തിന്റെ ഡിജിറ്റൽ രൂപാന്തരീകരണം, സാങ്കേതികവിദ്യയെ ഒരു ഒറ്റപ്പെട്ട മേഖലയായി നിന്നതിൽ നിന്ന് വിട്ടുനിർത്തി, സമൂഹത്തിന്റെയും സമ്പദ്‌വ്യവസ്ഥയുടെയും ഭരണത്തിന്റെയും പങ്കിടാവുന്ന അടിസ്ഥാന സൗകര്യമായി മാറ്റിയിരിക്കുന്നു. അടുത്ത ദശാബ്ദത്തിൽ, താഴെ പറയുന്ന ഘടകങ്ങളുടെ സംഗമമാണ് സംസ്ഥാനത്തിന്റെ പരിവർത്തനത്തെ മുന്നോട്ടുവെക്കുന്നത്:

- KFON, 5G, സ്റ്റിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK), വർക് നിയർ ഹോം എന്നിവ ചേർന്ന സർവസാധാരണ ഡിജിറ്റൽ പൊതുസൗകര്യം.

തുറന്ന പ്ലാറ്റ്ഫോമുകൾ, പങ്കിട്ട ഡാറ്റ, കമ്മ്യൂണിറ്റി IP എന്നിവ അടങ്ങിയ ഇന്നോവേഷൻ കോമൺസ്.

- DWMS, SDPK–അധിഷ്ഠിത വെർച്വൽ ജോബ്ഫെയറുകൾ, നോലജ് എക്കോണമി മിഷൻ (KKEM) എന്നിവ ചേർന്ന ഡിജിറ്റൽ എംപ്ലോയബിലിറ്റി ഗ്രിഡ്.
- ഡിജിറ്റൽ സയൻസ് പാർക്ക്, കെ–സ്പേസ്, ലൈഫ് സയൻസ്, ഹരിത ഊർജ്ജം എന്നിവ ഉൾക്കൊള്ളുന്ന ഡീപ്പ്–ടെക്കും മേഖലയാത്മക സാഹചര്യ സംഗമവും.
- ഡിജിറ്റൽ ഭരണവും ലേണിംഗ് സംവിധാനങ്ങളും വഴി നിരന്തരം മെച്ചപ്പെടുന്ന പൊതുസേവനങ്ങൾ.

ഇവയുടെ സംയുക്ത ഫലമായി, കുറഞ്ഞ മൂല്യസൃഷ്ടിയുള്ള സാമ്പത്തിക അടിസ്ഥാനത്തിൽ നിന്ന് ഉയർന്ന മൂല്യമുള്ള, വൈവിധ്യമാർന്ന, പ്രതിരോധ ശേഷിയുള്ള സാമ്പത്തിക ഘടനയിലേക്ക് കേരളം നീങ്ങുന്നു. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയിലേക്കുള്ള ഈ മാറ്റത്തിൽ,

- ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ലൈഫ് സയൻസ്, ബയോടെക്നോളജി, ഭൗതികശാസ്ത്രം, നാനോ സാങ്കേതികവിദ്യ, ഹരിത ഊർജ്ജം എന്നിവയുമായി അന്യോന്യമായി സംയോജിച്ചിരിക്കുന്നു.
- പൗരൻമാരും ഉദ്യോഗസ്ഥരും സ്ഥാപനങ്ങളും ഡാറ്റയും പ്ലാറ്റ്ഫോമുകളും ഉപകരണങ്ങളും ദൈനംദിനമായി ഉപയോഗിക്കുന്ന പൂർണ്ണ വളർച്ചയാർന്ന വൈജ്ഞാനിക സമൂഹത്തിൽ നിന്നുതന്നെ, പൊതുസേവനത്തിലെ മികവ് സ്വാഭാവിക ഫലമായി ഉദ്ഭവിക്കുന്നു.
- തൊഴിൽ–അടിസ്ഥാനസൗകര്യങ്ങൾ ഭൂമിശാസ്ത്ര–സാമൂഹിക മതിലുകൾ എല്ലാം തകർത്ത്, എല്ലാ ജില്ലകൾക്കും സമൂഹങ്ങൾക്കും ഉയർന്ന മൂല്യസൃഷ്ടിയിൽ പങ്കാളിയാകാൻ അവസരം ഉറപ്പാക്കുന്നു.
- ഇന്നോവേഷൻ കോമൺസ്, സ്വകാര്യ കുത്തക കമ്പനികളുടെ മൂല്യചൂഷണത്തെ മാറ്റി, വിതരണം ചെയ്ത മൂല്യസൃഷ്ടി മാതൃകയെ സജീവമാക്കുന്നു.

ഈ വഴിയിലൂടെ, ചെറിയതും പരിസ്ഥിതി–സൂക്ഷ്മതയുള്ളതുമായ ഒരു സംസ്ഥാനവും സാങ്കേതിക രംഗത്ത് ആഗോള നേതൃസ്ഥാനം കൈവരിക്കുമ്പോഴും, സാമൂഹ്യനീതിയും പൊതുവികസനവും ആഴത്തിലാക്കാൻ കഴിയും എന്ന് കേരളം തെളിയിക്കുന്നു. ഡിജിറ്റൽ രൂപാന്തരീകരണം ഒരു സാങ്കേതിക പരിഷ്കരണം മാത്രം അല്ല; അത് വികസനത്തെ തന്നെ പുനർസങ്കൽപ്പിക്കുന്ന ഒരു രാഷ്ട്രീയ–സാമൂഹിക–സാമ്പത്തിക പദ്ധതിയാണ്.

അടിസ്ഥാന സൗകര്യ മേഖലയും വൈദ്യുതി മേഖലയുമൊക്കെ സുസ്ഥിര വികസന ഇടനാഴികളുടെ ചുറ്റും സംഗമിക്കുമ്പോഴും, ഡിജിറ്റൽ ശേഷികൾ ടെക്നോ–സയന്റിഫിക് മേഖലകളുമായി സംയോജിക്കുമ്പോഴും, കേരളം ഉപഭോഗകേന്ദ്രിതത്വത്തിൽ നിന്ന് ഉൽപ്പാദന–കേന്ദ്രിതത്വത്തിലേക്കും, തൊഴിൽ കയറ്റുമതിയിൽ നിന്ന് IP സൃഷ്ടിയിലേക്കും, താഴ്ന്ന മൂല്യമുള്ള സേവനങ്ങളിൽ നിന്ന് ഉയർന്ന മൂല്യമുള്ള നവീകരണത്തിലേക്കും ദൃഢനിശ്ചയത്തോടെ നീങ്ങുന്നു. ഇത് തന്നെയാണ് വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയിലേക്കുള്ള പരിവർത്തനം – പ്രവാസവരുമാന ആശ്രിതത്വത്തിൽ നിന്ന് പ്രതിരോധശേഷിയുള്ള, വൈവിധ്യമാർന്ന, ഉയർന്ന മൂല്യസൃഷ്ടിയുള്ള സാമ്പത്തിക സ്വയംഭരണത്തിലേക്കുള്ള കേരളത്തിന്റെ പാത.

13

വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ

ഇന്ത്യയിലെ വികസന ചർച്ചകളിൽ ദീർഘകാലം 'സാമൂഹിക വികസന മാതൃക' എന്ന നിലയിലാണ് കേരളം തിരിച്ചറിയപ്പെട്ടത്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷ, സ്ത്രീകളുടെ സാമൂഹിക നില, ജനാധിപത്യ പങ്കാളിത്തം എന്നിവയിൽ കൈവരിച്ച മുന്നേറ്റങ്ങൾ കേരളത്തെ രാജ്യത്തിന്റെ മുന്നണിയിൽ എത്തിച്ചു. എന്നാൽ, ഈ സാമൂഹിക നേട്ടങ്ങൾ സ്വയം നിലനിൽക്കുന്നവയല്ല. അവയെ നിലനിർത്താനും അടുത്ത ഘട്ടത്തിലേക്ക് ഉയർത്താനും ആവശ്യമായ ഭൗതികവും സാങ്കേതികവുമായ അടിസ്ഥാന സൗകര്യങ്ങൾ ദീർഘകാലം കേരളത്തിൽ പര്യാപ്തമല്ലായിരുന്നു എന്നത് 2000-കളോടെ വ്യക്തമായി.

ഇടുങ്ങിയ ദേശീയപാതകൾ, അപകടകരമായ ഗതാഗത സാഹചര്യങ്ങൾ, നഗരങ്ങളിലെ ദൈനംദിന ഗതാഗതക്കുരുക്കുകൾ, പരിമിതമായ തുറമുഖ ശേഷി, അപൂർണ്ണമായ ഡിജിറ്റൽ കണക്റ്റിവിറ്റി, ഊർജ്ജ കൈമാറ്റത്തിലെ തടസ്സങ്ങൾ - ഇവയെല്ലാം ചേർന്ന് കേരളത്തിന്റെ വികസന സാധ്യതകളെ നിയന്ത്രിക്കുന്ന ഘടകങ്ങളായി മാറി. ആവശ്യമായ ഭൗതിക പിന്തുണ ഇല്ലാത്തതിനാൽ, സാമൂഹിക മേഖലകളിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യവിഭവശേഷി, സമ്പദ്‌വ്യവസ്ഥയുടെ ഉൽപ്പാദന ശേഷിയായി പൂർണ്ണമായി പരിവർത്തനപ്പെടുത്താൻ കഴിഞ്ഞില്ല. ഇതിന്റെ ഫലമായി, തൊഴിലവസരങ്ങളുടെ കുറവ്, ഉയർന്ന വിദ്യാഭ്യാസമുള്ള യുവജനങ്ങളുടെ കുടിയേറ്റം, സ്വകാര്യ നിക്ഷേപത്തിലെ മന്ദഗതി തുടങ്ങിയ പ്രശ്നങ്ങൾ ശക്തമായി അനുഭവപ്പെട്ടു.

2010-കളുടെ മധ്യത്തോടെ ഈ അവസ്ഥ ഒരു നയപരമായ വഴിത്തിരിവായി. 2018–19 കാലഘട്ടത്തിലെ മഹാപ്രളയങ്ങൾ, തുടർന്ന് വന്ന ആവർത്തിച്ച കാലാവസ്ഥാ അതിരൂക്ഷതകൾ, നഗരവൽക്കരണത്തിന്റെ വേഗത, യുവജനങ്ങളുടെ തൊഴിൽ പ്രതീക്ഷകൾ, അറിവ്–സേവന മേഖലകളിലെ ആഗോള മാറ്റങ്ങൾ - ഇവയെല്ലാം ചേർന്ന്, കേരളത്തിന്റെ വികസന ചിന്തയിൽ ഒരു അടിസ്ഥാനപരമായ പുനഃപരിശോധനയ്ക്ക് ഇടയാക്കി. അടിസ്ഥാന സൗകര്യ വികസനം ഇനി സാമൂഹിക നേട്ടങ്ങൾക്ക് പുറമേയുള്ള ഒരു 'അധികം' അല്ല; മറിച്ച്, അവയെ നിലനിർത്താനും സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ഉൽപ്പാദനക്ഷമവും പ്രതിരോധ ശേഷിയുള്ളതുമാക്കാനും അനിവാര്യമായ ഒരു അടിസ്ഥാന വ്യവസ്ഥയാണെന്ന് തിരിച്ചറിഞ്ഞു. ഈ ബോധ്യമാണ് കഴിഞ്ഞ ഒരു ദശകത്തിനിടയിൽ കേരളത്തിൽ സാക്ഷാത്കരിച്ച അടിസ്ഥാന സൗകര്യ പരിവർത്തനത്തിന്റെ അടിത്തറ.

ധനസമാഹരണത്തിന്റെ വെല്ലുവിളികൾ

കേരളത്തിന്റെ അടിസ്ഥാന സൗകര്യ മുന്നേറ്റത്തിന്റെ കേന്ദ്രത്തിൽ ധനസമാഹരണവുമായി ബന്ധപ്പെട്ട ഒരു നിർണായക സ്ഥാപന നവീകരണമാണ് നില കൊള്ളുന്നത്. പരമ്പരാഗത ബജറ്ററി ചട്ടക്കൂടുകളും കേന്ദ്ര–സംസ്ഥാന ധനവ്യവസ്ഥയിലെ നിയന്ത്രണങ്ങളും, സാമൂഹിക മേഖലകളിൽ ഉയർന്ന വരുമാന ചെലവുകൾ വഹിക്കുന്ന ഒരു സംസ്ഥാനത്തിന്, ഒരേസമയം വൻ മൂലധന ചെലവുകൾ നടത്താനുള്ള ശേഷി ദീർഘകാലം പരിമിതപ്പെടുത്തി. ഫെഡറൽ ധനക്രമീകരണത്തിലെ അസമത്വങ്ങൾ കാരണം, സംസ്ഥാനങ്ങളുടെ വികസന ആവശ്യങ്ങളും അവയ്ക്ക് ലഭ്യമായ ധനസ്രോതസ്സുകളും തമ്മിലുള്ള വിടവ് വർഷങ്ങളായി വർധിച്ചുകൊണ്ടിരുന്നു.

ഈ പശ്ചാത്തലത്തിലാണ് ദീർഘകാല ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾക്ക് ദീർഘകാല ധനസ്രോതസ്സുകൾ കണ്ടെത്തുന്ന, പ്രത്യേക ആവശ്യത്തിനായി രൂപകൽപ്പന ചെയ്ത ധനകാര്യ സ്ഥാപനങ്ങൾ ശക്തിപ്പെട്ടത്. ഇത്തരം സംവിധാനങ്ങൾ വെറും ഫണ്ടിംഗ് ഉപകരണങ്ങളായിരുന്നില്ല; മറിച്ച്, സംസ്ഥാനത്തിന്റെ വികസന ആഗ്രഹങ്ങളെ രാഷ്ട്രീയമായി സാധൂകരിക്കുകയും, അടിസ്ഥാന സൗകര്യ വികസനത്തെ ഒരു തന്ത്രപരമായ നയപ്രവർത്തനമായി ഉയർത്തുകയും ചെയ്ത സ്ഥാപന നവീകരണങ്ങളായിരുന്നു. പദ്ധതികളുടെ രൂപകൽപ്പന, സമയബന്ധിതത്വം, ഗുണനിലവാരം, പരിപാലനം—എല്ലാം ഒരേ ഫ്രെയിമിലൂടെ കാണുന്ന ഒരു 'പ്രോജക്റ്റ് സംസ്കാരം' ഇതുവഴി കേരളത്തിൽ ശക്തിപ്പെട്ടു.

ഈ സ്ഥാപന ശേഷിയാണ് ഗതാഗതം, ഡിജിറ്റൽ കണക്റ്റിവിറ്റി, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ, ഊർജ്ജ ശൃംഖലകൾ, നഗര നവീകരണം എന്നിവയെ

ഒരേ കാലഘട്ടത്തിൽ മുന്നോട്ട് കൊണ്ടുപോകാൻ കേരളത്തെ പ്രാപ്തമാക്കിയത്. അടിസ്ഥാന സൗകര്യ വികസനം ഇനി ഒറ്റപ്പെട്ട പദ്ധതികളുടെ കൂട്ടമല്ല; സംസ്ഥാനത്തിന്റെ ദീർഘകാല വികസന തന്ത്രത്തിന്റെ കേന്ദ്രഘടകമായി അത് മാറി.

I

2016-2026 പ്രധാന നേട്ടങ്ങൾ

ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ

1. ദേശീയപാത എൻഎച്ച് 66-ന്റെ ചരിത്രപരമായ വിപുലീകരണം, വടക്കുനിന്ന് തെക്കിലേക്കുള്ള യാത്രയെ സുരക്ഷിതവും സമയബന്ധിതവുമാക്കി.
2. ഹിൽ ഹൈവേ, കോസ്റ്റൽ ഹൈവേ പദ്ധതികളിലൂടെ മലനാടും തീരദേശവും മുഖ്യധാരാ സമ്പദ്‌വ്യവസ്ഥയുമായി ബന്ധിപ്പിച്ചു.
3. നൂറുകണക്കിന് റെയിൽവേ ഓവർബ്രിഡ്ജുകളും അണ്ടർബ്രിഡ്ജുകളും, ദീർഘകാല ഗതാഗതക്കുരുക്കുകൾ നീക്കം ചെയ്തു.
4. റോഡ്–റെയിൽ–ജലഗതാഗതം സംയോജിപ്പിച്ച സമഗ്ര ഗതാഗത സമീപനം.
5. ദൈനംദിന യാത്രാസമയം, ചരക്കുഗതാഗത ചെലവ്, അപകടസാധ്യത എന്നിവയിൽ ഗണ്യമായ കുറവ്.

തുറമുഖവും ലോജിസ്റ്റിക്സും

6. വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻഷിപ്മെന്റ് തുറമുഖം - ഇന്ത്യയുടെ സമുദ്രവ്യാപാര ഭൂമിശാസ്ത്രത്തിലെ നിർണായക ഇടപെടൽ.
7. വിദേശ ട്രാൻഷിപ്മെന്റ് ഹബ്ബുകളിലേക്കുള്ള ആശ്രയം കുറയ്ക്കാനുള്ള ദേശീയതല ശേഷി.
8. ലൊജിസ്റ്റിക്സ് പാർക്കുകൾ, വെയർഹൗസിംഗ് സംവിധാനങ്ങൾ, മൂല്യവർദ്ധിത സേവനങ്ങൾ എന്നിവയ്ക്കുള്ള അടിത്തറ.
9. തൊഴിൽ സൃഷ്ടിക്കും നൈപുണ്യ വികസനത്തിനും പുതിയ സാധ്യതകൾ.

നഗര ഗതാഗതവും നഗര അടിസ്ഥാന സൗകര്യങ്ങളും

10. കൊച്ചി വാട്ടർ മെട്രോ - ഇന്ത്യയിലെ ആദ്യ സുസ്ഥിര ജലാധിഷ്ഠിത നഗര ഗതാഗത സംവിധാനം.
11. നഗര ഗതാഗതത്തെ റോഡ്-കേന്ദ്രിതത്വത്തിൽ നിന്ന് മാറ്റിയ നവീന പരീക്ഷണം.
12. നഗര കുടിവെള്ളം, മാലിന്യ സംസ്കരണം, ഡ്രെയിനേജ്, ഭവനം എന്നിവയിൽ നിക്ഷേപ വർധന.
13. മനുഷ്യകേന്ദ്രിതവും കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള നഗര വികസന സമീപനം.

ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളും അറിവ് സമ്പദ്‌വ്യവസ്ഥയും

14. സംസ്ഥാനവ്യാപക ഫൈബർ നെറ്റ്‌വർക്കുകൾ - ഇന്റർനെറ്റ് ഒരു പൊതുസൗകര്യമായി.
15. സർക്കാർ, വിദ്യാഭ്യാസ, ആരോഗ്യ സ്ഥാപനങ്ങളുടെ ഡിജിറ്റൽ സംയോജനം
16. മഹാമാരിക്കാലത്ത് ഓൺലൈൻ വിദ്യാഭ്യാസവും ടെലിമെഡിസിനും സാധ്യമാക്കിയ മുൻകൂർ നിക്ഷേപങ്ങൾ.
17. ഐടി പാർക്കുകളുടെ വികേന്ദ്രീകരണം - 'Work Near Home' മാതൃക.
18. സ്റ്റാർട്ടപ്പ്, ഗവേഷണ, നവീകരണ പരിസ്ഥിതികളുടെ ശക്തിപ്പെടൽ.

സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ

19. പൊതുആരോഗ്യ സ്ഥാപനങ്ങളുടെ സമഗ്ര നവീകരണം — കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ.
20. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ നവീകരണം, സ്വകാര്യവൽക്കരണ പ്രവണതകൾക്ക് തിരിച്ചടിയായി.
21. കായിക അടിസ്ഥാന സൗകര്യങ്ങളിലേക്കുള്ള നിക്ഷേപം, യുവജനങ്ങളുടെ സാമൂഹിക മുന്നേറ്റത്തിന് പുതിയ വഴികൾ.

ഊർജ്ജവും കാലാവസ്ഥാ പ്രതിരോധ ശേഷിയും

22. ട്രാൻസ്ഗ്രിഡ് പദ്ധതികൾ വഴി ദേശീയ വൈദ്യുതി ഗ്രിഡുമായുള്ള ശക്തമായ ബന്ധം.
23. ഗ്യാസ് ശൃംഖലാ വികസനം, വ്യവസായവും നഗര ഊർജ്ജ സുരക്ഷയും ശക്തിപ്പെടുത്തി.
24. പുതുക്കിയ ഊർജ്ജ സംയോജനത്തിനും കാലാവസ്ഥാ പ്രതിരോധ ശേഷിക്കും അടിത്തറ പാകി.

സ്ഥാപന ശേഷിയും ആസൂത്രണ നവീകരണവും

25. ദീർഘകാല മൂലധന നിക്ഷേപങ്ങൾക്ക് അനുയോജ്യമായ സ്ഥാപന ധനസമാഹരണ മാതൃകകൾ.
26. ഗുണനിലവാരം, സമയബന്ധിതത്വം, സുതാര്യത എന്നിവ മുൻനിർത്തിയ പ്രോജക്റ്റ് സംസ്കാരം.
27. നവകേരളം എന്ന ഏകീകൃത വികസന ദർശനത്തിലൂടെ മേഖലാപരമായ സംയോജനം.

ഈ നേട്ടങ്ങൾ ചേർന്ന് കേരളത്തിൽ ഒരു അടിസ്ഥാന സൗകര്യ സംസ്ഥാനത്തിലേക്കുള്ള പരിവർത്തനമാണ് രൂപപ്പെടുന്നത് - സാമൂഹിക നീതി, സാമ്പത്തിക ഉൽപ്പാദനക്ഷമത, കാലാവസ്ഥാ പ്രതിരോധ ശേഷി എന്നിവയെ ഒരേ വികസന ഫ്രെയിമിൽ കൂട്ടിയിണക്കുന്ന ഒരു മാതൃക.

II
പ്രധാന പ്രൊജക്ടുകൾ സംബന്ധിച്ച് വിശദീകരണം

ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ

കേരളത്തിന്റെ അടിസ്ഥാന സൗകര്യ പരിവർത്തനത്തിലെ ഏറ്റവും ദൃശ്യവും ജനജീവിതത്തെ നേരിട്ട് ബാധിച്ചതുമായ മേഖല ഗതാഗതമാണ്. ദീർഘകാലം ഗതാഗതക്കുറവ് കേരളത്തിന്റെ വികസനത്തിന് ഒരു 'ബോട്ടിൽനെക്ക്' ആയി പ്രവർത്തിച്ചു. ഉയർന്ന ജനസാന്ദ്രത, പരിമിതമായ ഭൂമി, നീളമുള്ള തീരദേശ ഭൂപ്രകൃതി, നഗര–ഗ്രാമ അതിരുകളുടെ മങ്ങലുകൾ—ഇവയെല്ലാം ചേർന്ന് ഗതാഗത ആസൂത്രണത്തെ സങ്കീർണ്ണമാക്കി. ഇതിന്റെ ഫലമായി, റോഡുകൾ അപകടകരമായി, യാത്രാസമയം അനാവശ്യമായി നീളുകയും, ചരക്ക് ഗതാഗത ചെലവ് ഉയരുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ഗതാഗതത്തെ ഒറ്റപ്പെട്ട പദ്ധതികളുടെ കൂട്ടമായി കാണാതെ, സമഗ്രമായ സാമ്പത്തിക–സാമൂഹിക ഇടപെടലായി പുനർവിചിന്തനം ചെയ്തത്.

ദേശീയപാത 66-ന്റെ വിപുലീകരണം ഈ പുനർവിചിന്തനത്തിന്റെ കേന്ദ്രചിഹ്നമാണ്. വർഷങ്ങളായി അപകടങ്ങളുടെ പേരിൽ അറിയപ്പെട്ടിരുന്ന ഈ പാത, വടക്ക് നിന്ന് തെക്കിലേക്കുള്ള കേരളത്തിന്റെ യാത്രയെ സുരക്ഷിതവും പ്രവചനക്ഷമവുമാക്കി മാറ്റുന്നു. യാത്രാസമയം കുറയുന്നത് വെറും സൗകര്യം മാത്രമല്ല; അത് തൊഴിൽ ഉൽപ്പാദനക്ഷമത വർധിപ്പിക്കുകയും, വിപണികളിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുകയും, അടിയന്തര സേവനങ്ങളുടെ കാര്യക്ഷമത ഉയർത്തുകയും ചെയ്യുന്നു. ദേശീയപാത വികസനത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത ധനപങ്കാളിത്തവും ഭരണപരമായ ഇടപെടലുകളും, ഫെഡറൽ ധനവ്യവസ്ഥയിലെ പരിമിതികളെ മറികടക്കാനുള്ള ഒരു രാഷ്ട്രീയ തിരഞ്ഞെടുപ്പായാണ് വായിക്കേണ്ടത്.

ഇതിനൊപ്പം, സംസ്ഥാനപാതകളും പ്രധാന ജില്ലാതല റോഡുകളും നവീകരിക്കുന്നതിലൂടെ, ഗതാഗത പരിവർത്തനം നഗരകേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങിയില്ല. ഹിൽ ഹൈവേയും കോസ്റ്റൽ ഹൈവേയും പോലുള്ള പദ്ധതികൾ, മലനാടും തീരദേശവും സംസ്ഥാനത്തിന്റെ മുഖ്യധാരാ സമ്പദ്‌വ്യവസ്ഥയുമായി കൂടുതൽ ആഴത്തിൽ ബന്ധിപ്പിച്ചു. മലനാടൻ കർഷകർക്ക് കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ സമയം കുറയുകയും, തീരദേശ മത്സ്യത്തൊഴിലാളികളുടെ സംഭരണ–വിപണി സൗകര്യങ്ങൾ മെച്ചപ്പെടുകയും ചെയ്തു. ഇങ്ങനെ, ഗതാഗത സംവിധാനമെന്നത് ഒരു ഭൗതിക സൗകര്യത്തിൽ നിന്ന് ഉപജീവന സുരക്ഷയും വരുമാന സ്ഥിരതയും ഉറപ്പാക്കുന്ന സാമൂഹിക ഉപാധിയായി മാറുന്നു.

റെയിൽവേ ഓവർബ്രിഡ്ജുകളും അണ്ടർബ്രിഡ്ജുകളും പോലെ ചെറുതായി തോന്നുന്ന ഇടപെടലുകളുടെ പ്രാധാന്യവും ഇതോടൊപ്പം ശ്രദ്ധേയമാണ്. വർഷങ്ങളായി നിലനിന്നിരുന്ന ലെവൽ ക്രോസിംഗ് തടസ്സങ്ങൾ നീക്കിയതിലൂടെ, ദൈനംദിന യാത്രയിലെ സമയനഷ്ടം വൻതോതിൽ കുറയുകയും, നഗര–പട്ടണങ്ങളുടെ പ്രവർത്തന പ്രവാഹം മാറ്റപ്പെടുകയും ചെയ്തു. ഗതാഗതക്കുരുക്ക് കുറയുന്നത് ഇന്ധന ഉപഭോഗവും കാർബൺ പുറന്തള്ളലും കുറയ്ക്കുന്നതിലൂടെ, പരിസ്ഥിതി നേട്ടങ്ങളും സൃഷ്ടിക്കുന്നു. അതിനാൽ, ഇത്തരം പദ്ധതികളെ 'ചെറു' അടിസ്ഥാന സൗകര്യങ്ങൾ എന്ന് വിശേഷിപ്പിക്കുന്നത് അവയുടെ യഥാർത്ഥ സാമൂഹിക–സാമ്പത്തിക പ്രാധാന്യം മറച്ചുവയ്ക്കുന്നതാണ്.

റോഡ് ഗതാഗതത്തിനൊപ്പം, ജലഗതാഗതവും നഗര–ഉപനഗര ബന്ധങ്ങളിൽ വീണ്ടും പ്രാധാന്യം നേടുന്നു. നദികളും കായലുകളും ഉൾപ്പെടുന്ന കേരളത്തിന്റെ പ്രകൃതിദത്ത ജലശൃംഖല, ദീർഘകാലം ഉപയോഗിക്കപ്പെടാത്ത ഒരു സാധ്യതയായിരുന്നു. ഗതാഗത ആസൂത്രണത്തിൽ ജലമാർഗ്ഗങ്ങളെ ഉൾപ്പെടുത്തുന്ന സമീപനം, റോഡ് ഗതാഗതത്തിലെ അമിത സമ്മർദ്ദം കുറയ്ക്കാനും, കുറഞ്ഞ ചെലവിൽ ചരക്കു–യാത്രാ ഗതാഗതം സാധ്യമാക്കാനും സഹായിക്കുന്നു. ഈ സമഗ്ര സമീപനമാണ് ഗതാഗതത്തെ കേരളത്തിന്റെ വികസന തന്ത്രത്തിലെ കേന്ദ്രഘടകമാക്കി മാറ്റുന്നത്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കേരളത്തിന്റെ അടിസ്ഥാന സൗകര്യ ചരിത്രത്തിലെ ഏറ്റവും നിർണായക വഴിത്തിരിവുകളിലൊന്നാണ്. സ്വാഭാവികമായി ആഴമുള്ള തുറമുഖമായി രൂപകൽപ്പന ചെയ്ത വിഴിഞ്ഞം, ലോകത്തിലെ ഏറ്റവും വലിയ മെഗാമാക്സ് കണ്ടെയ്നർ കപ്പലുകൾക്ക് നേരിട്ട് പ്രവേശനം നൽകാൻ ശേഷിയുള്ള ഇന്ത്യയിലെ ആദ്യ തുറമുഖമാണ്. ഇതുവഴി, കയറ്റുമതി–ഇറക്കുമതി വ്യാപാരത്തിന് ഇന്ത്യ ദീർഘകാലം ആശ്രയിച്ചിരുന്ന കൊളംബോ, സിംഗപ്പൂർ, ദുബൈ പോലുള്ള വിദേശ ട്രാൻഷിപ്മെന്റ് ഹബ്ബുകളിലേക്കുള്ള ആശ്രയം കുറയുകയും, ലൊജിസ്റ്റിക്സ് ചെലവുകളിൽ ഗണ്യമായ കുറവ് സാധ്യമാകുകയും ചെയ്യുന്നു.

വിഴിഞ്ഞത്തിന്റെ ഭൗമസാമ്പത്തിക പ്രാധാന്യം, തുറമുഖം എന്ന നിലയിൽ മാത്രം വിലയിരുത്താൻ കഴിയില്ല. ആഗോള കപ്പൽഗതാഗത ശൃംഖലകളിൽ നേരിട്ടുള്ള പ്രവേശനം ലഭിക്കുന്നത്, ഇന്ത്യയുടെ വ്യാപാര സ്വയംഭരണ ശേഷി വർധിപ്പിക്കുന്നു. ചരക്കുകളുടെ സമയബന്ധിത കൈമാറ്റം, കയറ്റുമതി മത്സരക്ഷമത, വിതരണ ശൃംഖലകളുടെ വിശ്വാസ്യത—ഇവയെല്ലാം ദേശീയ സമ്പദ്‌വ്യവസ്ഥയ്ക്ക് ദീർഘകാല നേട്ടങ്ങൾ സൃഷ്ടിക്കുന്ന ഘടകങ്ങളാണ്. ഈ പശ്ചാത്തലത്തിൽ, വിഴിഞ്ഞം ഒരു സംസ്ഥാനതല പദ്ധതിയല്ല; അത് ദേശീയ പ്രാധാന്യമുള്ള ഒരു അടിസ്ഥാന സൗകര്യ ഇടപെടലാണ്.

തുറമുഖം കേന്ദ്രീകരിച്ച് രൂപപ്പെടുന്ന ലൊജിസ്റ്റിക്സ് പാർക്കുകൾ, വെയർഹൗസിംഗ് കേന്ദ്രങ്ങൾ, മൂല്യവർദ്ധിത സേവനങ്ങൾ, കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾ—ഇവയെല്ലാം ചേർന്ന് ഒരു പുതിയ സാമ്പത്തിക പരിസ്ഥിതി സൃഷ്ടിക്കപ്പെടാനുള്ള സാധ്യത ഇവിടെ

നിലനിൽക്കുന്നു. കേരളത്തിന്റെ സേവനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ ഉൽപ്പാദന–ലൊജിസ്റ്റിക്സ് ശൃംഖലകളുമായി ബന്ധിപ്പിക്കുന്ന ഒരു പാലമായി വിഴിഞ്ഞം പ്രവർത്തിക്കുന്നു. ഇത് തൊഴിൽ സൃഷ്ടിക്കും, നൈപുണ്യ വികസനത്തിനും പുതിയ സാധ്യതകൾ തുറക്കും.

അതേസമയം, വിഴിഞ്ഞത്തിന്റെ വിജയത്തിന് സാമൂഹികവും പാരിസ്ഥിതികവുമായ ഘടകങ്ങൾ നിർണായകമാണ്. തീരദേശ പരിസ്ഥിതി സംരക്ഷണം, പ്രാദേശിക സമൂഹങ്ങളുടെ ഉപജീവനം, പുനരധിവാസം, തീരക്ഷയം—ഇവയെല്ലാം വികസന പ്രക്രിയയുടെ ഭാഗമായാണ് കൈകാര്യം ചെയ്യേണ്ടത്. തുറമുഖ വികസനം ഒരു 'എൻക്ലേവ്' പദ്ധതിയായി മാറാതെ, പ്രാദേശിക സമ്പദ്‌വ്യവസ്ഥയുമായി ആഴത്തിൽ ബന്ധപ്പെടുന്ന തരത്തിൽ രൂപകൽപ്പന ചെയ്യുമ്പോഴാണ്, കേരളത്തിന്റെ ദീർഘകാല വികസനത്തിന് വിഴിഞ്ഞം യഥാർത്ഥ സംഭാവന നൽകുക. തുറമുഖം, ആഗോള വ്യാപാര ശൃംഖലകളിലേക്ക് തുറക്കുന്ന ഒരു കവാടമാകുന്നതിനൊപ്പം, പ്രാദേശിക സമൂഹങ്ങളുമായി സാമൂഹിക കരാർ പുതുക്കുന്ന ഒരു വികസന പരീക്ഷണവുമാണ്.

വിഴിഞ്ഞത്തിന്റെ പ്രാധാന്യം തുറമുഖ പരിധിയിൽ ഒതുങ്ങുന്നില്ല. തുറമുഖം കേന്ദ്രീകരിച്ച് ലൊജിസ്റ്റിക്സ് പാർക്കുകൾ, വെയർഹൗസിംഗ്, മൂല്യവർദ്ധിത സേവനങ്ങൾ, കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾ, തൊഴിൽ ക്ലസ്റ്ററുകൾ—ഇവയെല്ലാം രൂപപ്പെടാനുള്ള സാധ്യത ഇവിടെ നിലനിൽക്കുന്നു. കേരളത്തിന്റെ സേവനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ ഉൽപ്പാദന–ലൊജിസ്റ്റിക്സ് ശൃംഖലകളുമായി ബന്ധിപ്പിക്കുന്ന ഒരു പാലമാണ് വിഴിഞ്ഞം.

കൊച്ചി വാട്ടർ മെട്രോ

കൊച്ചി വാട്ടർ മെട്രോ, കേരളത്തിന്റെ അടിസ്ഥാന സൗകര്യ ചിന്തയിലെ ഏറ്റവും നവീനവും പ്രതീകാത്മകവുമായ ഇടപെടലുകളിലൊന്നാണ്. നഗര ഗതാഗതത്തെ റോഡ്-കേന്ദ്രിതത്വത്തിൽ നിന്ന് മാറ്റി, ജലമാർഗ്ഗങ്ങളെ ദൈനംദിന ഗതാഗതത്തിന്റെ ഭാഗമാക്കുന്ന ഈ പദ്ധതി, ഗതാഗതവും പരിസ്ഥിതിയും നഗരജീവിതവും തമ്മിലുള്ള ബന്ധം പുനർവിചിന്തനം ചെയ്യുന്നു. ദ്വീപുകളെയും തീരദേശ പ്രദേശങ്ങളെയും നഗര കേന്ദ്രവുമായി ബന്ധിപ്പിക്കുന്ന ഈ സംവിധാനം, യാത്രാസമയം കുറയ്ക്കുന്നതോടൊപ്പം, കാർബൺ പുറന്തള്ളൽ കുറയ്ക്കുകയും ഇന്ധന ഉപഭോഗത്തിൽ കാര്യക്ഷമത കൈവരിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന കാലാവസ്ഥാ സമ്മർദ്ദങ്ങളുടെ പശ്ചാത്തലത്തിൽ, ഇത്തരം സുസ്ഥിര ഗതാഗത മാതൃകകൾ ഭാവിയിലെ നഗരാസൂത്രണത്തിന് നിർണായകമായ സൂചനകൾ നൽകുന്നു.

നഗര ഗതാഗതം മാത്രം അല്ല, നഗര അടിസ്ഥാന സൗകര്യങ്ങളുടെ മുഴുവൻ ഘടനയും ഇന്ന് കേരളത്തിന്റെ അടുത്ത വലിയ വെല്ലുവിളിയാണ്. കേരളത്തിന്റെ നഗരവൽക്കരണം, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേതിൽ നിന്ന് വ്യത്യസ്തമായ സ്വഭാവം പുലർത്തുന്നു. ചെറുതും മധ്യമവുമായ നഗരങ്ങൾ, ഉയർന്ന ജനസാന്ദ്രത, നഗര-ഗ്രാമ അതിരുകളുടെ മങ്ങൽ-ഇവയെല്ലാം നഗര സേവനങ്ങളുടെ ആവശ്യകത വർധിപ്പിക്കുന്നു. കുടിവെള്ളം, മലിനജല സംസ്കരണം, മാലിന്യ സംസ്കരണം, നഗര ഡ്രെയിനേജ്, ഭവനം, പൊതു ഇടങ്ങൾ-ഇവയെല്ലാം ഇനി വികസനത്തിന്റെ അനുബന്ധ വിഷയങ്ങളല്ല; അവയാണ് നഗര ജീവിതത്തിന്റെ ഗുണനിലവാരത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ.

നഗര അടിസ്ഥാന സൗകര്യങ്ങളിൽ നടന്ന നിക്ഷേപങ്ങൾ, ജീവിത നിലവാരവും സാമ്പത്തിക ഉൽപ്പാദന ക്ഷമതയും ഒരേസമയം മെച്ചപ്പെടുത്തുന്ന ഇടപെടലുകളാണ്. സുരക്ഷിതവും ശുദ്ധവുമായ കുടിവെള്ള വിതരണം ആരോഗ്യച്ചെലവ് കുറയ്ക്കുന്നു; കാര്യക്ഷമമായ മാലിന്യ സംസ്കരണം പരിസ്ഥിതി അപകടസാധ്യതകൾ കുറയ്ക്കുന്നു; പൊതു ഗതാഗത സംവിധാനങ്ങൾ തൊഴിലവസരങ്ങളിലേക്കുള്ള പ്രവേശനം വിപുലീകരിക്കുന്നു. കാലാവസ്ഥാ മാറ്റത്തിന്റെ പശ്ചാത്തലത്തിൽ, നഗര ഡ്രെയിനേജ് സംവിധാനങ്ങളും തീരദേശ നഗരങ്ങളുടെ പ്രതിരോധ ശേഷിയും പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നു. Infrastructure 2.0 ഘട്ടത്തിൽ, കേരളത്തിന്റെ നഗരങ്ങൾ മനുഷ്യകേന്ദ്രിതവും കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ളതുമായ നഗരങ്ങളായി മാറേണ്ടതാണ്.

ഡിജിറ്റൽ അടിസ്ഥാന സൗകര്യം

അടിസ്ഥാന സൗകര്യങ്ങളെ റോഡുകളും പാലങ്ങളും എന്ന പരിമിത ധാരണയിൽ ഒതുക്കാൻ ഇനി കഴിയില്ല. ഡിജിറ്റൽ കണക്റ്റിവിറ്റിയും അറിവ് അടിസ്ഥാന സൗകര്യങ്ങളും ആധുനിക സമ്പദ്‌വ്യവസ്ഥയുടെ കേന്ദ്ര ഘടകങ്ങളായി മാറിയിരിക്കുകയാണ്. കേരളത്തിന്റെ ഡിജിറ്റൽ ഇടപെടലുകൾ ഈ ബോധ്യത്തിന്റെ ഫലമാണ്. സംസ്ഥാന വ്യാപക ഫൈബർ നെറ്റ്‌വർക്കുകൾ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, പ്രാദേശിക ഭരണകൂടങ്ങൾ എന്നിവയെ ബന്ധിപ്പിച്ചതോടെ, ഭരണ സംവിധാനത്തിന്റെ പ്രവർത്തനക്ഷമത ഗണ്യമായി മെച്ചപ്പെട്ടു.

ഇന്റർനെറ്റിനെ ഒരു പൊതുസൗകര്യമായി പുനർവ്യാഖ്യാനിച്ച സമീപനം, പൗരന്മാരുടെ അവകാശങ്ങളും അവസരങ്ങളും വ്യാപിപ്പിച്ചു. മഹാമാരിക്കാലത്ത് ഓൺലൈൻ വിദ്യാഭ്യാസം, ടെലിമെഡിസിൻ, റിമോട്ട് വർക്ക്, ഡിജിറ്റൽ സേവനങ്ങൾ എന്നിവ സാധ്യമായത്, മുൻകൂട്ടി സൃഷ്ടിച്ച ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളുടെ ഫലമായിരുന്നു. ഇത് ഡിജിറ്റൽ ഡിവൈഡ് കുറയ്ക്കാനും, ഗ്രാമ–നഗര വ്യത്യാസങ്ങൾ ചുരുക്കാനും സഹായിച്ചു. എന്നാൽ, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനവും അപ്ഗ്രേഡേഷനും തുടർച്ചയായ നിക്ഷേപം ആവശ്യപ്പെടുന്നുവെന്ന യാഥാർത്ഥ്യം മറക്കാൻ കഴിയില്ല.

ഐടി പാർക്കുകളുടെ വികേന്ദ്രീകരണവും 'വർക്ക് നിയർ ഹോം' മാതൃകയും, അറിവ് സമ്പദ്‌വ്യവസ്ഥയുടെ ഭൂമിശാസ്ത്രം മാറ്റുന്നു. ജില്ലാതല ഐടി കേന്ദ്രങ്ങൾ, ടെക്നോളജി ഇൻക്യൂബേറ്ററുകൾ, സ്റ്റാർട്ടപ്പ് പരിസ്ഥിതികൾ—ഇവയെല്ലാം ചേർന്ന്, തൊഴിൽ അവസരങ്ങൾ കൂടുതൽ സമവായപരമായി വിതരണം ചെയ്യപ്പെടുന്നു. ഇത് നഗരങ്ങളിലെ അമിത സമ്മർദ്ദം കുറയ്ക്കുകയും, പ്രാദേശിക സമ്പദ്‌വ്യവസ്ഥകൾക്ക് പുതിയ ഉണർവ് നൽകുകയും ചെയ്യുന്നു.

ഗവേഷണവും നവീകരണവും കേരളത്തിന്റെ ഡിജിറ്റൽ–അറിവ് അടിസ്ഥാന സൗകര്യങ്ങളുടെ മറ്റൊരു നിർണായക ഘടകമാണ്. വൈറോളജി, ജീനോമിക്സ്, ലൈഫ് സയൻസസ്, ആരോഗ്യ സാങ്കേതികവിദ്യകൾ, ഡാറ്റാ അനാലിറ്റിക്സ്—ഇവയിൽ സൃഷ്ടിച്ച ഗവേഷണ സ്ഥാപനങ്ങൾ, കേരളത്തെ വെറും സേവനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിൽ നിന്ന് അറിവ് സൃഷ്ടിക്കുന്ന ഒരു കേന്ദ്രമായി ഉയർത്താനുള്ള ശ്രമങ്ങളാണ്. സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ മേഖല—ഇവ തമ്മിലുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും, ഗവേഷണ ഫലങ്ങളെ സാമൂഹികവും സാമ്പത്തികവുമായ മൂല്യമായി പരിഭാഷപ്പെടുത്തുകയും ചെയ്യുന്നത് ഭാവിയിലെ നയപ്രാധാന്യമായിരിക്കും.

ആരോഗ്യം, വിദ്യാഭ്യാസം, കായികം സൗകര്യങ്ങൾ

ആരോഗ്യവും വിദ്യാഭ്യാസവും കേരള വികസനത്തിന്റെ അടിസ്ഥാന തൂണുകളാണ്. ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ നവീകരണം, കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് മെഡിക്കൽ കോളേജുകൾ വരെ വ്യാപിച്ചു. ഇതുവഴി, പൊതുആരോഗ്യ സംവിധാനത്തിന്റെ വിശ്വാസ്യത വർധിക്കുകയും, സ്വകാര്യാരോഗ്യ ചെലവുകളിൽ ആശ്രയം കുറയുകയും ചെയ്തു. സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ സമഗ്ര നവീകരണം, പൊതുവിദ്യാഭ്യാസത്തെ വീണ്ടും ആകർഷകമാക്കി, സാമൂഹിക സമവായത്തിന്റെ ഒരു പ്രധാന ഉപാധിയായി മാറി.

കായിക അടിസ്ഥാന സൗകര്യങ്ങളിലേക്കുള്ള നിക്ഷേപം, യുവജനങ്ങൾക്ക് സാമൂഹിക മുന്നേറ്റത്തിന്റെ പുതിയ വഴികൾ തുറക്കുന്നു. ഇത് ആരോഗ്യത്തോടൊപ്പം സാമൂഹിക ഐക്യവും ആത്മവിശ്വാസവും വളർത്തുന്ന ഇടപെടലാണ്. ഇത്തരം സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ, ദീർഘകാല മനുഷ്യ മൂലധന രൂപീകരണത്തിന്റെ ഭാഗമായാണ് കാണേണ്ടത്.

ഊർജ്ജം

വൈദ്യുതി ട്രാൻസ്ഗ്രിഡ് പദ്ധതികളും ഗ്യാസ് ശൃംഖലകളും, കേരളത്തിന്റെ ഊർജ്ജ സുരക്ഷയും വ്യവസായ സാധ്യതകളും വർധിപ്പിക്കുന്ന ഇടപെടലുകളാണ്. ദേശീയ ഗ്രിഡുമായി ശക്തമായ ബന്ധം, വ്യവസായ വികസനത്തിനും പുതുക്കിയ ഊർജ്ജ സംയോജനത്തിനും അടിത്തറയിടുന്നു. കാലാവസ്ഥാ മാറ്റത്തിന്റെ പശ്ചാത്തലത്തിൽ, ഊർജ്ജ അടിസ്ഥാന സൗകര്യങ്ങളുടെ പ്രതിരോധ ശേഷി ഉറപ്പാക്കുന്നത് നിർണായകമാണ്.

നവകേരള ആസൂത്രണ ദർശനം

നവകേരളം എന്ന വികസന ദർശനം, അടിസ്ഥാന സൗകര്യങ്ങളെ സാമൂഹിക പുരോഗതിയുടെ അനുബന്ധങ്ങളായല്ല, മറിച്ച് വികസനത്തിന്റെ മുഖ്യ ചാലകശക്തിയായി കാണുന്ന സമീപനമാണ്. ഗതാഗതം, നഗരവികസനം, ഡിജിറ്റൽ കണക്റ്റിവിറ്റി, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ, ഊർജ്ജം—എല്ലാം ഒരേ ആസൂത്രണ ഫ്രെയിമിൽ ചിന്തിക്കപ്പെടുന്നു. ഇതുവഴി, അടിസ്ഥാന സൗകര്യ വികസനം ഒറ്റപ്പെട്ട പദ്ധതികളുടെ കൂട്ടമല്ല, സമഗ്ര വികസന തന്ത്രമായി മാറുന്നു.

കേരളത്തിന്റെ വ്യത്യസ്ത പാത

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന പാത, ഇന്ത്യയിലെ ചില മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വ്യക്തമായും അത് വ്യത്യസ്തമാണെന്ന് കാണാം. ചില സംസ്ഥാനങ്ങൾ അടിസ്ഥാന സൗകര്യങ്ങളെ പ്രധാനമായും വലിയ കോർപ്പറേറ്റ് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള ഉപാധിയായി കാണുമ്പോൾ, ദൈനംദിന ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നൽകിയാണ് കേരളം അത് ആസൂത്രണം ചെയ്യുന്നത്. കേരളത്തിന്റെ സാമൂഹിക ചരിത്രത്തിലും രാഷ്ട്രീയ സംസ്കാരത്തിലും നിന്നാണ്, ഈ വ്യത്യാസം ഉരുത്തിരിഞ്ഞ് വന്നത്.

പ്രധാന നേട്ടങ്ങളുടെ ചുരുക്കം

ഗതാഗതം: ദേശീയപാത 66 വിപുലീകരണം, ഹിൽ ഹൈവേ, കോസ്റ്റൽ ഹൈവേ, നൂറുകണക്കിന് റെയിൽവേ ഓവർബ്രിഡ്ജുകളും അണ്ടർബ്രിഡ്ജുകളും, ജലഗതാഗതത്തിന്റെ പുനരുജ്ജീവനം.

തുറമുഖവും ലൊജിസ്റ്റിക്സും: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, ട്രാൻഷിപ്മെന്റ് ശേഷിയുടെ വർധന, ലൊജിസ്റ്റിക്സ് പരിസ്ഥിതിയുടെ വികസനം.

ഡിജിറ്റൽ: സംസ്ഥാനവ്യാപക ഫൈബർ നെറ്റ്‌വർക്കുകൾ, ഡിജിറ്റൽ ഭരണസംവിധാനങ്ങൾ, ഐടി പാർക്കുകളുടെ വികേന്ദ്രീകരണം.

സാമൂഹിക മേഖലകൾ: സ്കൂൾ, ആശുപത്രി, കായിക സൗകര്യങ്ങളുടെ സമഗ്ര നവീകരണം.

ഊർജ്ജം: ട്രാൻസ്ഗ്രിഡ്, ഗ്യാസ് ശൃംഖലകൾ, ഊർജ്ജ സുരക്ഷയുടെ ശക്തിപ്പെടൽ.

മുന്നോട്ടുള്ള വഴികൾ: Infrastructure 2.0 – രാഷ്ട്രീയ തിരഞ്ഞെടുപ്പുകൾ

ഇനി കേരളം നേരിടുന്ന വെല്ലുവിളികൾ പുതിയ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം നിലവിലുള്ള ആസ്തികളുടെ പരിപാലനവും കാലാവസ്ഥാ പ്രതിരോധവും മുൻനിർത്തിയ ധൈര്യമായ രാഷ്ട്രീയ തിര

ഞ്ഞെടുപ്പുകളാണ്. Infrastructure 2.0 എന്ന ഘട്ടം, വികസനത്തെ ഒരു സാങ്കേതിക വിഷയമായി അല്ല, ഒരു സാമൂഹിക–രാഷ്ട്രീയ പദ്ധതിയായി കാണുന്ന സമീപനം ആവശ്യപ്പെടുന്നു.

III
നേട്ടങ്ങളുടെ തുടർച്ചയ്ക്ക്

ഒരു ദശാബ്ദം മുമ്പ് ആരും സ്വപ്നം കാണാൻ പോലും ധൈര്യപ്പെടാത്ത വികസനകുതിപ്പാണ് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ വൻകിട പശ്ചാത്തലസൗകര്യങ്ങൾ വലിയ മുൻ-പിൻ ബന്ധ അനുരണനങ്ങൾ സൃഷ്ടിക്കുമെന്നത് തീർച്ചയാണ്. വിഴിഞ്ഞം തുറമുഖം തന്നെ ഏറ്റവും വലിയ ഉദാഹരണം. ഇതിന്റെ തുടർച്ചയായിട്ടാണ് ക്യാപിറ്റൽ സിറ്റി റീജിയണൽ ഡെവലപ്പ്മെന്റും ഇപ്പോൾ കൊല്ലം-പുനലൂർ ഇടനാഴിയും രൂപം കൊണ്ടിട്ടുള്ളത്. ഇതിനുപുറമേ കൊച്ചി-പാലക്കാട്- കോയമ്പത്തൂർ ഇടനാഴി, കൊച്ചി-കോഴിക്കോട്-മംഗലാപുരം ഇടനാഴിയുടെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മലയോര ഹൈവേ പോലെ തന്നെ ടൂറിസ പ്രധാനമാണ് തീരദേശ ഹൈവേ.

പരിഗണനയിലിരിക്കുന്ന ഒരു വൻ പ്രൊജക്ടാണ് കേരളത്തിലെ തെക്ക്-കിഴക്ക് ഹൈസ്പീഡ് റെയിൽ. പ്രതിപക്ഷത്തിന്റെ എതിർപ്പും കേന്ദ്രത്തിന്റെ കുത്തിത്തിരിപ്പും മൂലമാണ് സിൽവർ ലൈൻ നടപ്പാക്കാൻ കഴിയാതെ പോയത്. ഏതായാലും ഇത്തരത്തിൽ ഒരു അതിവേഗ പാത കേരളത്തിന് വേണമെന്നതിൽ ഒരു അഭിപ്രായ സമന്വയം വളർന്ന് വരുന്നുണ്ട്.

അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കാനുള്ള ബൃഹത് പദ്ധതിയെ അവിശ്വസനീയമായിട്ടാണ് പ്രതിപക്ഷം കരുതിയത്. എന്നാൽ അവ യാഥാർത്ഥ്യമായി കൊണ്ടിരിക്കുമ്പോൾ, കിഫ്ബി പോലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വിമർശകരായി അവർ മാറിയിരിക്കുന്നു. കേന്ദ്ര സർക്കാരും സിഎജിയും ഇഡിയുമായി ചേർന്ന് കിഫ്ബിയെ തകർക്കാനാണ് ശ്രമം.

ഇക്കൂട്ടർ ഉത്തരം പറഞ്ഞേതീരൂ. എന്താണ് നിങ്ങളുടെ ബദൽ മാർഗ്ഗം? ആനിറ്റി രീതിയുടെ പരിമിതികൾ വളരെ വ്യക്തമാണ്, 12 മുതൽ 20 ശതമാനം വരെ ഫലത്തിൽ നൽകേണ്ടിവന്ന പലിശ നിരക്ക്. വരുമാനദായകമായ പ്രൊജക്ടുകൾ ആണെങ്കിലേ കമ്പനികൾ വഴി പണം സമാഹരിച്ച് അത് നടപ്പാക്കാനാകൂ. അതോ, കോർപ്പറേറ്റുകൾക്ക് കേരളത്തെ തീറെഴുതികൊടുക്കാനാണോ ഉദ്ദേശിക്കുന്നത്? കേരളവികസനത്തിന്റെ ഒരു അടിസ്ഥാന ചോദ്യത്തിന് ഇതുവരെ മറുപടി നൽകാൻ വിമർശകർക്ക് കഴിഞ്ഞിട്ടില്ല.

കിഫ്ബിക്കെതിരെ കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്ന പ്രതികാര നടപടികളുടെ പശ്ചാത്തലത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ കിഫ്ബിയിൽ കൊണ്ടുവന്ന് അന്യാദൃശ്യമായ വികസന മുന്നേറ്റത്തെ എങ്ങനെ നിലനിർത്താമെന്നത് അഞ്ചാമത് കേരള പഠന കോൺഗ്രസിന്റെ ധനകാര്യ സെമിനാറിൽ ചർച്ച ചെയ്യുന്ന വിഷയമാണ്.

ഇൻഫ്രാസ്ട്രക്ചർ 2.0

അടിസ്ഥാന സൗകര്യ വികസനത്തിൽ കേരളത്തിന്റെ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് Infrastructure 2.0 എന്ന ഘട്ടത്തിലേക്ക് കടക്കുമ്പോൾ ഒരു "ലൊജിസ്റ്റിക്സ്-ആൻഡ്-വെൽഫെയർ" ഫ്രെയിമിൽ നിന്ന് "വിജ്ഞാന-പൊതു-അധിഷ്ഠിത ഇന്നോവേഷൻ (knowledge-commons-based innovation) ഫ്രെയിമിലേക്ക് മാറേണ്ടതുണ്ട്. ഇതിനായി താഴെപ്പറയുന്നവ പ്രസക്തമാണ്.

1. പൗരന്മാർ പ്രധാനമായും വേഗതയേറിയ യാത്ര, മികച്ച സേവനങ്ങൾ, ഡിജിറ്റൽ കാര്യക്ഷമത എന്നിവയുടെ ഗുണഭോക്താക്കൾ മാത്രം എന്ന നിലയിൽ നിന്നും സഹ-ഇന്നോവേറ്റർമാർ (co-innovators) എന്ന നിലയിലേക്ക് മാറുക.
2. ഡിജിറ്റൽ-സാമൂഹിക അടിസ്ഥാന സൗകര്യങ്ങളെ വിജ്ഞാന വ്യവസായങ്ങളായ ആരോഗ്യ-ടെക്, വിദ്യാഭ്യാസ-ടെക്, തീരദേശ/സമുദ്ര വിജ്ഞാന സേവനങ്ങൾ, എന്നിവയുടെ നട്ടെല്ലായി കണക്കാക്കുക.
3. വൈവിധ്യമാർന്ന ഉടമസ്ഥാവകാശ രൂപങ്ങളിലൂടെ (collectives & commons) പുതിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ച മൂല്യസൃഷ്ടിയെയും പുനർവിതരണത്തെയും പ്രാദേശിക സർക്കാരുകളുമായി വ്യക്തമായി ബന്ധിപ്പിച്ച്, മെച്ചപ്പെട്ട ജീവിത നിലവാരവും കാര്യക്ഷമതയും പ്രദാനം ചെയ്യുക. കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ ശ്രദ്ധേയമായ ഉടമസ്ഥാവകാശ രൂപങ്ങൾ കാണാവുന്നതാണ് - അനൗപചാരിക തീരദേശ സുരക്ഷാ പ്രോട്ടോക്കോളുകൾ വികസിപ്പിക്കുന്ന മത്സ്യത്തൊഴിലാളി കൂട്ടായ്മകൾ, ദുരന്ത പ്രതികരണ സംവിധാനങ്ങൾ സൃഷ്ടിക്കുന്ന കുടുംബശ്രീ ശൃംഖലകൾ, പ്രാദേശിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ രൂപകൽപ്പന ചെയ്യുന്ന അയൽപക്ക അസോസിയേഷനുകൾ, വെള്ളപ്പൊക്കത്തിലും ആരോഗ്യ അടിയന്തരാവസ്ഥകളിലും സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ നിർമ്മിക്കുന്ന യുവ വളണ്ടിയർ ഗ്രൂപ്പുകൾ.

പ്രാദേശിക സമ്പദ്വ്യവസ്ഥ ശക്തിപ്പെടുത്താനുള്ള മൂല്യവർദ്ധനവും മൂല്യനിർമ്മാണവും സാധ്യമാക്കുന്നത്, വിജ്ഞാന വ്യവസായം, പുതിയ സ്റ്റാർട്ടപ്പുകൾ, പ്രാഥമിക-ദ്വിതീയ മേഖലകളിലെ പ്രാദേശിക സാമ്പത്തിക വികസനം എന്നിവയിലൂടെയാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിൽ സഹ-ഇന്നോവേറ്റർമാരായി ജനങ്ങൾ മാറണമെങ്കിൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമുള്ള അടിസ്ഥാന സൗകര്യ പ്ലാനിംഗ് സംയോജിപ്പിക്കേണ്ടതുണ്ട്. കേന്ദ്രീകൃത പ്ലാനിംഗിനൊപ്പം പ്രാദേശിക യാഥാർഥ്യങ്ങൾ ഉൾകൊള്ളാൻ പ്രാദേശിക സർക്കാരുകളെ കണ്ണിചേർത്തുള്ള ജില്ലാതല പ്ലാനിംഗ് ഏകോപിപ്പിക്കണം. IT

പാർക്കുകൾക്കപ്പുറം വിജ്ഞാന വ്യവസായത്തിൽ—പൊതു സംവിധാനങ്ങൾക്കായുള്ള ആരോഗ്യ-സാങ്കേതികവിദ്യ, പെഡഗോഗിയും വിദ്യാഭ്യാസ സാങ്കേതികവിദ്യയും, തീരദേശ സമുദ്ര പരിജ്ഞാനം, ഡെമോക്രാറ്റിക് ഗവേണൻസ് കൺസൾട്ടിംഗ്, ഡയസ്പോറ അധിഷ്ഠിത നോളജ് നെറ്റ്വർക്കുകൾ—എന്നിവ ശ്രദ്ധിക്കേണ്ടതാണ്.

അക്കാദമിക്-വ്യവസായ-സമൂഹം അറിവ് പകരുന്ന സംവിധാനം ശക്തിപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ കേരളത്തിന് ആവശ്യമാണ്: പഞ്ചായത്തുകളിലെ ഇന്നൊവേഷൻ സ്കൂളുകൾ, ജില്ലാ ലിവിംഗ് ലാബുകൾ, പ്രാക്ടീസ് അധിഷ്ഠിത ബിരുദ പ്രോഗ്രാമുകൾ, പ്രാദേശിക പ്രശ്ന ബാങ്കുകൾ, സഹകരണ ഐപി പൂളുകൾ. "നോളജ് ഇൻഫ്രാസ്ട്രക്ചർ 2.0" എന്നിവയും നിർമ്മിക്കണം: ഡാറ്റ കോമൺസ്, ഓപ്പൺ സയൻസ് പ്ലാറ്റ്ഫോമുകൾ, പ്രാദേശിക വിജ്ഞാന ഗ്രാഫുകൾ, തുറമുഖവുമായി ബന്ധിപ്പിച്ച സമുദ്ര വിജ്ഞാന ക്ലസ്റ്ററുകൾ. കേരളത്തിന്റെ അടുത്ത ദശകം അടിസ്ഥാന സൗകര്യ പരിവർത്തനം ഒരു ഒരു ഇന്നൊവേഷൻ-കോമൺസ് മോഡൽ മുന്നോട്ടു വെയ്ക്കുന്നതിലൂടെ, അടിസ്ഥാന സൗകര്യങ്ങൾ വിജ്ഞാന സമ്പദ്വ്യവസ്ഥയും, സഹകരണ സംരംഭങ്ങൾക്കും, ആഗോളതലത്തിൽ പ്രാധാന്യമുള്ള വിജ്ഞാന ഉൽപ്പാദന വികസനത്തിനും അടിത്തറയായി മാറുന്ന സാധ്യത മുന്നിൽ കാണാവുന്നതാണ്. ഇത്തരത്തിൽ ചൈന, വിയറ്റ്നാം, കൊറിയ മുതലായ രാജ്യങ്ങൾ നേടിയെടുത്തത് പോലെ, നിലവിലുള്ള നേട്ടങ്ങളുടെ സാദ്ധ്യതകൾ ഉപയുക്തമാക്കി, ഇന്നോവേഷൻ അടിസ്ഥാനപ്പെടുത്തിയ തനതായ ഒരു സവിശേഷ മാതൃക രൂപപ്പെടുത്താൻ കേരളത്തിന് സാധിക്കും.

കേരളത്തിന്റെ അടിസ്ഥാന സൗകര്യ പരിവർത്തനം, വികസനത്തെ ഒരു സാമൂഹിക പദ്ധതിയായി കാണുന്ന ഒരു ദർശനത്തിന്റെ ഫലമാണ്. റോഡുകളും തുറമുഖങ്ങളും ഡിജിറ്റൽ നെറ്റ്വർക്കുകളും സ്കൂളുകളും ആശുപത്രികളും-ഇവയെല്ലാം ചേർന്ന്, മനുഷ്യ ശേഷിയെ പ്രാപ്തമാക്കുന്ന ഒരു സാമൂഹിക അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നു. ഈ അനുഭവം, സാമൂഹിക നീതിയും വികസനവും പരസ്പരം വിരുദ്ധമല്ല, മറിച്ച് പരസ്പരം പൂരിപ്പിക്കുന്നതാണെന്ന് ശക്തമായി ഓർമ്മിപ്പിക്കുന്നു.

14

ഊർജ്ജം

കേരളത്തിന്റെ വൈദ്യുതി മേഖലാ പരിവർത്തനത്തിനുള്ള സമീപനം സവിശേഷമായ വിഭവപരിമിതികളാലും അവസരങ്ങളാലും രൂപപ്പെട്ടതാണ്. ആറ്റോമിക് ധാതുക്കൾ ഒഴികെ നിസ്സാരമായ ധാതുസമ്പത്തും പരമ്പരാഗത ഇന്ധന-ഫെറസ് വിഭവങ്ങളുടെ അഭാവവുമുള്ള, ഭൂവിസ്തീർണ്ണത്തിൽ 21-ാം സ്ഥാനത്തുള്ള സംസ്ഥാനമെന്ന നിലയിൽ, വിഭവസമൃദ്ധമായ സംസ്ഥാനങ്ങൾ പിന്തുടരുന്ന മൂലധനതീവ്രവും ഭൂമി തീവ്രവുമായ താപവിദ്യുത്-വൻകിട പുനരുപയോഗ വികസന മാതൃകകൾ കേരളത്തിന് പിന്തുടരാനാവില്ല.

ഹിമാലയൻ സംസ്ഥാനങ്ങൾക്ക് പുറത്ത് ഏറ്റവും ഉയർന്ന ജലവൈദ്യുത മിശ്രിതം, വനങ്ങൾക്ക് പുറത്ത് മികച്ച വൃക്ഷാവരണം, ഏറ്റവും ഉയർന്ന മാനവവികസന സൂചികകൾ, വിതരണം ചെയ്യപ്പെട്ട നഗരവൽക്കരണ സമ്പ്രദായം, ശക്തമായ അറിവുകേന്ദ്രീകൃത എം.എസ്.എം.ഇ ആവാസവ്യവസ്ഥ എന്നിവയാണ് സംസ്ഥാനത്തിന്റെ മികവുകൾ.

ഇവ നവീകരണാധിഷ്ഠിതവും വിതരണം ചെയ്യപ്പെട്ടതും അറിവുതീവ്രവുമായ ഊർജ്ജപരിവർത്തനത്തിലേക്ക് വിരൽചൂണ്ടുന്നു. ഊർജ്ജം, ഗതാഗതം, ജലം, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെ സമന്വയിപ്പിക്കുന്ന സുസ്ഥിര വികസന ഇടനാഴികൾക്ക് ഊന്നൽ നൽകുന്ന കേരളത്തിന്റെ ഇൻഫ്രാസ്ട്രക്ചർ 2.0 വിഷനുമായി ഈ വികസനതന്ത്രം പൊരുത്തപ്പെടുന്നു.

I
ആഗോളവും ദേശീയവുമായ ഊർജ്ജ പശ്ചാത്തലം

ഇന്റർനാഷണൽ എനർജി ഏജൻസിയുടെ കണക്കുകൾ പ്രകാരം ഈ വർഷത്തെ ഊർജ്ജമേഖലയിലെ ആഗോളനിക്ഷേപം റെക്കോർഡ് തുകയായ 3.3 ട്രില്യൺ ഡോളറാണ്. ഇതിന്റെ മൂന്നിൽ രണ്ടു ഭാഗവും ഹരിത ഊർജ്ജമേഖലയിലാണ്. എന്നാൽ ഖനിജ ഇന്ധനമേഖല പൂർണ്ണമായും ഇല്ലാതാകുന്ന സാഹചര്യമല്ല നിലവിലുള്ളത്. 1.1 ട്രില്യൺ ഡോളറിന്റെ നിക്ഷേപം ഖനിജ ഇന്ധനമേഖലയിലും ഉണ്ടായിട്ടുണ്ട്.

ഹരിതോർജ്ജം

സോളാർ സാങ്കേതിക വിദ്യയിൽ 450 ബില്യൺ ഡോളർ നിക്ഷേപമാണ് ഉണ്ടായത്. ബാറ്ററി സ്റ്റോറേജ് മേഖലയിൽ 66 ബില്യൺ ഡോളർ നിക്ഷേപം ഉണ്ടായി. ക്ലീൻ ടെക്നോളജി അടിസ്ഥാനമാക്കിയ ഊർജ്ജ കാര്യക്ഷമതാസംവിധാനനങ്ങൾ, വൈദ്യുതീകരണ നടപടികൾ, ഡാറ്റാ സെന്ററുകൾ തുടങ്ങിയ മേഖലകളിലും നല്ല ഇടപെടലുകളാണ് ഉണ്ടാകുന്നത്.

ഈ മേഖലകളിലെല്ലാം ഏറ്റവും മുന്നിൽ നിൽക്കുന്നത് ചൈനതന്നെയാണ്. ചൈനയിൽ നിന്നും ആഫ്രിക്കയിലേക്കുള്ള സോളാർ പാനൽ ഇറക്കുമതിയിൽ ഈ വർഷമുണ്ടായ വളർച്ച എക്കാലത്തെയും റിക്കോർഡ് ആയ 60 ശതമാനമാണെന്നാണ് ഐ.ഇ.എ.യുടെ കണക്കുകൾ കാണിക്കുന്നത്.

ദേശീയതലത്തിലും ഹരിത ഊർജ്ജമേഖലയിൽ വലിയമുന്നേറ്റമാണ് ഉണ്ടാകുന്നത്. 2025 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്ത് ഈ സാമ്പത്തിക വർഷം 34000 മെഗാവാട്ട് സോളാർ, വിൻഡ് നിലയങ്ങളാണ് കമ്മീഷൻ ചെയ്യപ്പെട്ടത്. അങ്ങിനെ രാജ്യത്തെ ആകെ ഹരിത ഊർജ്ജ ഉത്പാദനശേഷി 2,47,000 മെഗാവാട്ട് കവിഞ്ഞു. ഇതിൽ സോളാർ ഏകദേശം 1,32,000 മെഗാവാട്ടും വിൻഡ് 52,000 മെഗാവാട്ടും ശേഷിക്കുന്നത് ജലവൈദ്യുതിയും ആണ്. ന്യൂക്ലിയർ നിലയങ്ങൾ കൂടിച്ചേർത്താൽ ഖനിജ ഇതര നിലയങ്ങളുടെ ആകെ ശേഷി രണ്ടരലക്ഷം മെഗാവാട്ടിന് മുകളിലാണ്. 2030ഓടെ ഇത് അഞ്ചുലക്ഷം മെഗാവാട്ടാക്കി വർദ്ധിപ്പിക്കാനാണ് രാജ്യം ലക്ഷ്യമിടുന്നത്. 2070-ൽ നെറ്റ് സീറോ കാർബൺ ഉൽസർജ്ജനവും രാജ്യം ലക്ഷമിടുന്നു.

ആണവനിലയങ്ങൾ

2047ഓടെ ആണവനിലയങ്ങളിൽ ഒരുലക്ഷം മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഇതിന്റെ ഭാഗമായുണ്ടായ ശാന്തി നിയമം 2025 (Sustainable Harnessing and Advancement of Nuclear Energy for Transforming India (SHANTI) Act, 2025) ഗുണത്തേക്കാൾ ദോഷകരമാകാനാണ് സാദ്ധ്യത. സ്വകാര്യ ആണവനിലയ

ങ്ങൾ അനുവദിക്കുന്നതും അപകടങ്ങൾ ഉണ്ടായാലുള്ള നഷ്ടപരിഹാരം നിലയത്തിന്റെ ശേഷിക്കനുസരിച്ച് പരമാവധി 1000 മുതൽ 3000കോടി രൂപവരെയായി നിജപ്പെടുത്തുന്നതുമൊക്കെ ഈ രംഗത്ത് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്.

2011 ൽ ജപ്പാനിലെ ഫുകുഷിമ അപകടത്തിന്റെ നഷ്ടം 500 ബില്യൺ ഡോളർ ഏതാണ്ട് 45.28 ലക്ഷം കോടി രൂപയാണ് എന്നോർക്കണം. തദ്ദേശീയമായി തോറിയം വികസന സാദ്ധ്യതകൾ ഉപേക്ഷിച്ചുകൊണ്ട് സ്വകാര്യ ആണവ വികസന പരിപാടി ഏറ്റെടുക്കുന്നത് ഇന്ത്യക്ക് ലഭ്യമായ തോറിയം ധാതു സമ്പത്ത് നൽകുന്ന തന്ത്രപരമായ നേട്ടങ്ങൾ നഷ്ടപെടുത്താലാണ്. ഇറക്കുമതിയിൽ ഊന്നിയുള്ള ആണവ നിയമത്തിന്റെ മുൻഗണനകൾ കേരളത്തിലെ തീരദേശത്ത് ലഭ്യമായ തോറിയം ധാതു സമ്പത്ത് വിനിയോഗിച്ചു തദ്ദേശീയമായ റിയാക്ടർ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ കൊട്ടിയടക്കുകയാണ് ചെയ്യുന്നത്.

വിപരീത പ്രവണതകൾ

ലോകത്ത് രണ്ടുതരത്തിലുള്ള ഊർജ്ജപരിവർത്തനങ്ങളാണ് നടക്കുന്നത്. ഒന്ന് ഖനിജ ഇന്ധനങ്ങളിൽ നിന്നും അക്ഷയ ഊർജ്ജത്തിലേക്കുള്ള മാറ്റമാണ്. ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ ആഗോളമായി ഊർജ്ജനിക്ഷേപം അക്ഷയ (ഹരിത) ഊർജ്ജമേഖലയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഇന്നും ആഗോള ഊർജ്ജ ഉപഭോഗം പ്രധാനമായും ഖനിജ ഇന്ധനങ്ങളെ തന്നെയാണ് ആശ്രയിക്കുന്നത്. അക്ഷയ ഊർജ്ജമേഖലയിലേതിനേക്കാൾ കുറഞ്ഞ നിരക്കിലാണെങ്കിലും ഖനിജ ഊർജ്ജമേഖലയിലെ നിക്ഷേപവും വർദ്ധിച്ചുവരുകയാണ്. ഇന്ത്യയിലും സ്ഥിതി വ്യത്യസ്ഥമല്ല. കേരളത്തിൽ സ്വന്തമായി ഖനിജ ഇന്ധനസാദ്ധ്യതകൾ ഇല്ലെങ്കിലും ഇറക്കുമതി ചെയ്യുന്ന വൈദ്യുതി പ്രധാനമായും ഖനിജ ഇന്ധനങ്ങളെ ആശ്രയിക്കുന്നതാണ്.

വൈദ്യുതിയിലേക്കുള്ള മാറ്റം

ഊർജ്ജ പരിവർത്തനത്തിന്റെ രണ്ടാമത്തെ ഘടകം ഊർജ്ജ ഉപഭോഗം വൈദ്യുതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു എന്നതാണ്. ലോകമെമ്പാടും ഈ മാറ്റം പ്രകടമാണ്. ചുവടെ നൽകിയിട്ടുള്ള പട്ടിക ഈ പ്രവണത ക്രോഡീകരിച്ച് തയ്യാറാക്കിയതാണ്. ആഗോള, ദേശീയ കണക്കുകൾ ഐ.ഇ.എ. എനർഡാറ്റ എന്നീ സ്രോതസ്സുകളിൽ നിന്നും എടുത്തിട്ടുള്ളതാണ്. കേരളത്തിന്റെ കണക്കുകൾ, സ്റ്റേറ്റ് എനർജി ആക്ഷൻ പ്ലാൻ, അടക്കമുള്ള വിവിധസ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയെടുത്തതാണ്. പട്ടികയിൽ നിന്നും ലോകമാകെ ആകെയുള്ള ഊർജ്ജ ഉപഭോഗത്തിൽ വൈദ്യുതിയുടെ പങ്ക് വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയും. കഴിഞ്ഞ നാലഞ്ച് വർഷത്തെ വർദ്ധനവിന്റെ തോത് മുൻകാലങ്ങളിലേതിനേക്കാൾ വർദ്ധിച്ചിട്ടുള്ളതായും പട്ടികയിൽ നിന്നും വ്യക്തമാണ്.

പട്ടിക 1
ഊർജ്ജ ഉപഭോഗത്തിൽ വൈദ്യുതിയുടെ പങ്ക്

വർഷം	ആഗോളം (%)	ഇന്ത്യ(%)	കേരളം (%)
2005	17	12–13	15–18
2010	17.8	14	17–20
2015	19	15	18–22
2020	20	16–17	20–23
2023	20–21	18–19	21–24
2024	21	19–20	22–25

II
കേരളത്തിന്റെ സവിശേഷ സ്വഭാവവിശേഷങ്ങൾ

നാലാം കേരള പഠന കോൺഗ്രസ്

നാലാം പഠന കോൺഗ്രസിൽ ചർച്ചാ വിഷയമായ കാര്യങ്ങളിലൊന്ന് സംസ്ഥാനത്തെ വൈദ്യുതി ക്ഷാമമായിരുന്നു. പവർക്കെട്ട് പതിവായി. വൈദ്യുതി സാന്ദ്രമായ രാസ-ലോഹ വ്യവസായങ്ങൾ വലിയ പ്രതിസന്ധിയെ നേരിട്ടു. എന്നാൽ ഇന്ന് പവർക്കെട്ട് ഒരു കടങ്കഥയായി. മാത്രമല്ല, സമ്പൂർണ്ണ വൈദ്യുതീകരണം കേരളം കൈവരിക്കുകയും ചെയ്തു.

2017 മെയ് മാസത്തിലാണ് കേരളം സമ്പൂർണ്ണവൈദ്യുതീകരണപ്രഖ്യാപനം നടത്തിയത്. വനഭൂമിയിലൂടെ വൈദ്യുതി ലൈനുകൾ നിർമ്മിക്കുന്നതിന് വന്ന തടസ്സങ്ങൾ, കോടതി നടപടികൾമൂലം തടസ്സപ്പെട്ടവ തുടങ്ങി സാങ്കേതികവും നിയമപരവുമായ കാരണങ്ങളാൽ വൈദ്യുതീകരിക്കാൻ കഴിയാതിരുന്ന കുറച്ചുവീടുകൾ മാത്രമേ സംസ്ഥാനത്ത് അന്ന് വൈദ്യുതി കിട്ടാത്തതായി ഉണ്ടായിരുന്നുള്ളൂ. ഇത്തരം പ്രായോഗികപ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് അവയിൽ ഭൂരിഭാഗവും പിന്നീട് വൈദ്യുതീകരിക്കപ്പെട്ടു. ലൈഫ് മിഷൻ പദ്ധതിയടക്കം പുതുതായി നിർമ്മിക്കപ്പെട്ട വീടുകളിലും സമയബന്ധിതമായി വൈദ്യുതി എത്തിച്ചുകൊണ്ട് കേരളം ഇപ്പൊഴും സമ്പൂർണ്ണവൈദ്യുതീകരണത്തിന്റെ സ്റ്റാറ്റസ് നിലനിർത്തുകയാണ്.

അഭ്യന്തര വൈദ്യുതി ഉത്പാദനം ആകെ ആവശ്യകതയുടെ 30%ത്തിൽ കുറവായിരിക്കുകയും ദേശീയ പൂളിൽനിന്നും സംസ്ഥാനത്തിന് കിട്ടിക്കൊണ്ടിരുന്ന വിഹിതങ്ങൾ കുറഞ്ഞുവരുകയും ചെയ്യുമ്പോഴും ലോഡ് ഷെഡ്ഡിംഗോ പവർക്കാട്ടോ അടക്കമുള്ള നിയന്ത്രണങ്ങളൊന്നും കൂടാതെ വൈദ്യുതി വിതരണം നടത്താൻ കഴിയുന്നു എന്നതും കേരളത്തിന്റെ പ്രത്യേകതയാണ്.

എൽ.ടി, എച്ച്.ടി ലൈനുകളുടെ നീളം തുല്യമായിരിക്കുന്നതാണ് വിതരണനഷ്ടം കുറഞ്ഞിരിക്കാൻ അഭികാമ്യമെങ്കിലും സമ്പൂർണ്ണവൈദ്യുതീകരണമടക്കം കേരള

ത്തിന്റെ മുക്കും മൂലയും കവർ ചെയ്യുന്ന വിധത്തിൽ വിതരണ ലൈനുകൾ സ്ഥാപിച്ചിട്ടുള്ളതും ഓരോ പുര യിടത്തിലും ഓരോ വീട് എന്ന നിലയിൽ ചിതറിക്കിട ക്കുന്ന ആവാസവ്യവസ്ഥയും കേരളത്തിലെ വൈദ്യുതി വിതരണശൃംഖലയിൽ എൽ.ടി. ലൈനുകളും എച്ച്. ടി ലൈനുകളും തമ്മിലുള്ള അനുപാതം 5:1 എന്ന നിലയിൽ എത്തിച്ചിട്ടുണ്ട്. ഭൂരിപക്ഷം ലൈനുകളും യാതൊരു കവചങ്ങളുമില്ലാതെ ഓവർഹെഡ് ആയി നിർമ്മിച്ചിട്ടുള്ളതാണെന്നതും കേരളത്തിലെ കാലാ വസ്ഥയിലെ പ്രത്യേകതകൾ മൂലം വൃക്ഷലതാതികൾ നിറഞ്ഞ ഭൂപ്രകൃതിയാണെന്നതും വിതരണ നഷ്ടം കൂടുതലാകാൻ കാരണമാണ്. ഇങ്ങിനെ വൈദ്യുതി ശൃഖലകളുടെ പൊതുസാഹചര്യം വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം ദേശീയ ശരാശരിയേക്കാൾ ഉയർന്നിരിക്കാൻ കാരണമായിരിക്കുമ്പോഴും ഇത് രാജ്യത്തെ ഏറ്റവും കുറഞ്ഞ നിരക്കിൽ പരിപാലി ക്കാൻ കേരളത്തിന് കഴിയുന്നുണ്ട്.

2016-17ൽ 13.93% ആയിരുന്ന പ്രസരണ വിതരണ നഷ്ടം പത്തു ശതമാനത്തിന് താഴേക്ക് കുറച്ചുകൊ ണ്ടുവരാൻ കഴിഞ്ഞത് കേരളത്തിന്റെ പ്രധാനനേട്ടങ്ങ ളിൽ ഒന്നാണ്. വിതരണരംഗത്ത് ഇതേപോലെ പ്രധാ നപ്പെട്ട ഒന്നാണ് മൊത്ത സാങ്കേതിക വാണിജ്യ നഷ്ടം (AT&C Loss) വിതരണ നഷ്ടം (പ്രസരണമേഖലയിലേത് കണക്കിലെടുക്കാതെ), വാണിജ്യ നഷ്ടം എന്നിവയാണ് ഇതിൽ പരിഗണിക്കുക. ഇത് ഇന്ത്യയിലെ ഏറ്റവും മികച്ച 7.55% ആയി കുറക്കാൻ കേരളത്തിന് കഴി ഞ്ഞിരിക്കുന്നു.

ജനങ്ങൾക്ക് താങ്ങാവുന്ന നിരക്കിൽ വൈദ്യുതി നൽകാൻ കഴിയുന്നുണ്ടോ എന്നതാണ് വൈദ്യുതി മേഖലയുടെ കാര്യക്ഷമതയുടെ മറ്റൊരു അളവുകോൽ. ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താക്കളിൽ എത്തി ക്കാൻ വരുന്ന ശരാശരി ചെലവാണ് ആവറേജ് കോസ്റ്റ് ഓഫ് സപ്ലൈ (Average Cost of Supply -ACS). എ.സി. എസ്. ദേശീയശരാശരി എട്ടുരൂപയോളം വരുമ്പോൾ കേരളത്തിൽ അത് 7.30 രൂപ മാത്രമാണ്. ദക്ഷിണേ ന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട് (9.04), കർണ്ണാടക (8.39), ആന്ധ്രപ്രദേശ് (8.32) എന്നിവിടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ നേട്ടം പ്രകട മാണ്. ഇതോടൊപ്പം പരിഗണിക്കേണ്ട മറ്റൊരു കാര്യം വൈദ്യുതി നിരക്കിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധ നവിന്റെ തോതാണ്. ഇതിലും കേരളം ശരാശരിക്ക് പിറകിൽതന്നെയാണ്. വൈദ്യുതി നിരക്കിൽ സംസ്ഥാ നത്തുണ്ടായിക്കൊണ്ടിരിക്കുന്ന വാർഷിക വർദ്ധനവ് 5 ശതമാനത്തോളമായിരിക്കുമ്പോൾ ദേശീയ ശരാശരി 7.5 ശതമാനത്തിൽ അധികമാണ്.

കേരളത്തിന്റെ കർക്കശമായ ഊർജ്ജ ലക്ഷ്യങ്ങൾ

ദേശീയലക്ഷ്യത്തേക്കാളും ത്വരിതഗതിയിലുള്ള ഹരിത ഊർജ്ജ പരിവർത്തനമാണ് കേരളം മുന്നോട്ടുവെച്ചി ട്ടുള്ളത്. 2040-ഓടെ 100% റിന്യൂവബിൾ വൈദ്യുതി, 2050-ഓടെ നെറ്റ്-സീറോ. ഇതാണ് കേരളം ലക്ഷ്യ മിട്ടിട്ടുള്ള പദ്ധതി. സംസ്ഥാനത്തിന്റെ അഭ്യന്തര വൈദ്യുതി ഉത്പാദനശേഷി 4808മെഗാവാട്ടാണ്. ഇതിന്റെ ഭൂരിഭാഗവും ഹരിത പദ്ധതികളിൽ നിന്നാണ്. 2241മെഗാവാട്ട് ജലവൈദ്യുതിയും 1974മെഗാവാട്ട് സോളാർ വൈദ്യുതിയും 71 മെഗാവാട്ട് വിൻഡ് നില യങ്ങളുമാണ് കേരളത്തിലുള്ളത്. 520 മെഗാവാട്ട് താപ നിലയങ്ങളുണ്ടെങ്കിലും സാമ്പത്തിക കാരണങ്ങളാൽ താപനിലയങ്ങൾ പ്രവർത്തിപ്പിക്കുന്നില്ല.

ദേശീയ വാർഷിക പ്രതിശീർഷ വൈദ്യുതി ഉപഭോഗം 1255 യൂണിറ്റ് ആയിക്കുമ്പോൾ സംസ്ഥാനത്ത് അത് കേവലം 800 യൂണിറ്റിൽ കുറവാണ്. സംസ്ഥാന ത്തിന്റെ പീക്ക് ആവശ്യകതയിലെ റിക്കോർഡ് 5797 മെഗവാട്ട് ആണ്. 2026 വേനൽക്കാലത്ത് പീക്ക് ഡിമാന്റ് 6000മെഗാവാട്ടിൽ അധികരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ത്വരിതഗതിയിലുള്ള വ്യവസായ വികസനമടക്കമുള്ള സാദ്ധ്യതകൾ പരിഗണിക്കു മ്പോൾ 2031-32ഓടെ ഇത് 10,000 മെഗാവാട്ട് എത്തി യേക്കാം. എന്നാൽ നിലവിലെ തോതിലുള്ള വർദ്ധ നവ് മാത്രമേ ഉണ്ടാകുന്നുള്ളൂ എങ്കിൽ പീക്ക് ഡിമാന്റ് ഏകദേശം 8000 മെഗാവാട്ടിൽ നിന്നേക്കാം.

നിലവിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിൽ പ്രധാനമായും ആശ്രയിക്കുന്നത് ഇറക്കുമതിയെ ആണ്. അതിൽത്തന്നെ വലിയൊ രുഭാഗം കൽക്കരിയടക്കമുള്ള ഖനിജ ഇന്ധനങ്ങ ളിൽ നിന്നുള്ള വൈദ്യുതിയാണ്. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത ഈ ആശ്രിതത്വം വർദ്ധിപ്പിക്കു മെന്നതിൽ സംശയമില്ല. സംസ്ഥാനത്തിന്റെ അഭ്യന്തര വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിൽ സോളാർ, വിൻഡ്, ജലം തുടങ്ങിയ സ്രോതസ്സുകളാണ് പ്രധാന മായും പരിഗണിക്കേണ്ടത്.

സ്വന്തമായി ഖനിജ ഇന്ധന സ്രോതസ്സുകളൊന്നും സംസ്ഥാനത്തില്ല. എന്നാൽ ആണവ ഇന്ധനമായി ഉപയോഗപ്പെടുത്താൻ കഴിയുന്ന തോറിയം കേരളത്തി ന്റെ തീരപ്രദേശങ്ങളിൽ ലഭ്യമാണെന്ന് കണ്ടെത്തിയിട്ടു ണ്ട്. ഭാവിയിൽ ഇത് കേരളത്തിന്റെ പ്രധാന സാദ്ധ്യത യായി മാറാൻ ഇടയുണ്ട്. ആണവമേഖലയിൽ ഇറക്കു മതി സാങ്കേതികവിദ്യയെ അമിതമായി ആശ്രയിക്കുന്ന ദേശീയനയം ഈ സാദ്ധ്യതക്ക് വിഘാതമാണ്.

കേരളത്തിന്റെ ഊർജ്ജ ഉപഭോഗത്തിൽ വൈദ്യുതിയുടെ പങ്ക്

കേരളത്തിന്റെ ഊർജ്ജഉപഭോഗത്തിൽ ചെറിയൊരു ഭാഗം മാത്രമേ വൈദ്യുതി വരുന്നുള്ളൂ. പട്ടികയിൽ വിവിധ മേഖലകളിൽ നിലവിലുള്ള ഊർജ്ജ ഉപഭോ ഗത്തിന്റെ കണക്കുകളാണ് കൊടുത്തിട്ടുള്ളത്. കേര ളത്തിന്റെ വാർഷിക ഊർജ്ജ ഉപഭോഗം എണ്ണയുടെ അളവിൽ കണക്കാക്കിയാൽ ഏകദേശം 13 ദശലക്ഷം ടൺ ആണ്. അത് വൈദ്യുതി യൂണിറ്റ് ആയി മാറ്റിയാൽ ഏകദേശം ഒന്നരലക്ഷം ദശലക്ഷം യൂണിറ്റാണ്. എന്നാൽ ഇതിൽ വൈദ്യുതി ആയി ഉപയോഗിക്കപ്പെ ടുന്നത് ഏകദേശം 30,000 ദശലക്ഷം ടൺ മാത്രമാണ്.

എന്നാൽ ഊർജ്ജ ഉപഭോഗത്തിൽ വൈദ്യുതിയിലേക്കുള്ള മാറ്റം ദൃശ്യമാണ്.

വൈദ്യുതി വാഹനങ്ങൾ വ്യാപകമാകുന്നതും പാചകം ഇൻഡക്ഷൻ കുക്കർ അടക്കമുള്ള വൈദ്യുതി അടുപ്പുകളിലേക്ക് മാറുന്നതുമൊക്കെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. ആധുനിക വ്യവസായ സംരംഭങ്ങളിൽ ഊർജ്ജ ആവശ്യങ്ങൾക്ക് പ്രധാനമായും വൈദ്യുതി തന്നെയാണ് ഉപയോഗിക്കുന്നത്. സൗകര്യപ്രദമായ ഊർജ്ജ രൂപം എന്ന നിലയിൽ വൈദ്യുതിയിലേക്കുള്ള മാറ്റത്തിന്റെ വേഗതയും വർദ്ധിക്കുന്നുണ്ട്. സ്വാഭാവികമായും ഇത്തരം മാറ്റങ്ങളൊക്കെ കണക്കിലെടുത്തുകൊണ്ടുമാത്രമേ വൈദ്യുതി ആസൂത്രണം സാദ്ധ്യമാകുകയുള്ളൂ.

അഭ്യന്തര വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിൽ ഒട്ടേറെ പരിമിതികൾ കേരളത്തിനുണ്ട്. പ്രായോഗിക സമീപനങ്ങളിലൂടെ ഈ പരിമിതികളെ മറികടക്കാനും ഊർജ്ജസുരക്ഷയും ഹരിത ഊർജ്ജത്തിലേക്കുള്ള പരിവർത്തനവും ഉറപ്പുവരുത്താനാണ് സംസ്ഥാനം ലക്ഷ്യമിടേണ്ടത്. ഇറക്കുമതി കേന്ദ്രീകൃതമായ നിലവിലെ സ്ഥിതി പെട്ടെന്ന് മറികടക്കാൻ കഴിയില്ലെങ്കിലും വൈദ്യുതി വാങ്ങുന്നതിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള മുൻകരുതലുകൾ ആവശ്യമാണ്. രാജ്യത്ത് സ്വകാര്യ ഉത്പാദന നിലയങ്ങൾ വ്യാപകമാകുകയും വൈദ്യുതി ഉത്പാദനം മൂന്നോ നാലോ കുത്തകകളുടെ നിയന്ത്രണത്തിലേക്ക് നീങ്ങുകയും ചെയ്യുന്ന സാഹചര്യം ഉണ്ട്. ഈ സാഹചര്യത്തിൽ ഏതെങ്കിലും കമ്പനിയുടെ ആശ്രിതത്തത്തിലേക്ക് പോകാതെ വൈദ്യുതി വാങ്ങലുകൾ ക്രമീകരിക്കേണ്ടത് അനിവാര്യമാണ്.

പട്ടിക 2.
കേരളത്തിലെ ആകെ ഊർജ്ജ ഉപഭോഗം
മേഖല തിരിച്ച്

മേഖല	പങ്ക് (%)	ആകെ ഉപഭോഗം (MTOE)	തത്തുല്യമായ വൈദ്യുതി (ട്രില്യൺ യൂണിറ്റ്)	കുറിപ്പുകൾ
ഗതാഗതം	55–60	~7.0–8.0	~81–93	ഡീസൽ/പെട്രോൾ വാഹനങ്ങളുടെ എണ്ണത്തിലെ വർദ്ധനവ്, വൈദ്യുതി വാഹനങ്ങളുടെ വ്യാപനവും കാര്യക്ഷമതയിലെ വർദ്ധനവുമായി നികത്തപ്പെടുന്നുവെന്ന നിലയിൽ തിട്ടപ്പെടുത്തിയത്.
ഗാർഹികം	22–25	~2.8–3.4	~33–40	50–55% വൈദ്യുതി. പാചകത്തിന് പ്രധാനമായും എൽ.പി.ജി.; വൈദ്യുതി ഉപയോഗിച്ചുള്ള പാചകം വർദ്ധിക്കുന്നു.
വ്യവസായം	15–18	~1.9–2.4	~22–28	കൽക്കരിയും വൈദ്യുതിയും ഏറെക്കുറെ സമാനമായി. വ്യവസായ ഉപഭോഗം വർദ്ധിച്ചുവരുന്നു.
വാണിജ്യം	~10	~1.3	~15	പ്രധാനമായും വൈദ്യുതി. ടൂറിസം, ഹോട്ടൽ മേഖലകളിൽ പാചകം എൽ.പി.ജി. കേന്ദ്രീകൃതം.
കൃഷിയും മൽസ്യബന്ധനവും	~4–5	~0.5–0.7	~6–8	ഡീസൽ / പെട്രോൾ / മണ്ണെണ്ണ. വൈദ്യുതി ഉപഭോഗം നേരിയതോതിൽ വർദ്ധിക്കുന്നു. സോളാർ ഉപഭോഗം വർദ്ധനവിന് സാധ്യത.
ആകെ	100	~12.5–13.5	~145–157	മോഡറേറ്റായി വർദ്ധിക്കുന്നു. വൈദ്യുതിയിലേക്കുള്ള മാറ്റം പ്രകടമാണ്.

ആഭ്യന്തര ഉത്പാദനവും ഊർജ്ജസുരക്ഷയും

കേരളത്തിന് ആഭ്യന്തര വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാൻ' നിരവധി നിയന്ത്രണങ്ങളുണ്ട്: പരിമിതമായ ഭൂമി ലഭ്യത, വൻകിട കാറ്റാടി പദ്ധതികൾക്ക് അനുയോജ്യമല്ലാത്ത ഭൂപ്രകൃതി, സോളാർ ഉത്പാദനത്തിലെ തുടർച്ചയില്ലായ്മയും വ്യതിയാനങ്ങളും ഇവയിൽ പ്രധാനമാണ്. എന്നിരുന്നാലും, ലാഭനഷ്ട കണക്കുകൂട്ടലുകളുടെ പരിമിതമായ താരതമ്യങ്ങളിൽ നിന്ന് മാറി, ഇറക്കുമതി അധീശത്വവും അത് ഉയർത്തുന്ന തന്ത്രപരമായ അരക്ഷിതത്വം കൂടി ഉർജസുരക്ഷാ പരിഗണനകൾ ആവശ്യപ്പെടുന്നു.

വിപണി ഏകാഗ്രതയുടെ അപകടങ്ങൾ: ദേശീയതലത്തിൽ സ്വകാര്യ വൈദ്യുതി നിലയങ്ങൾ വേഗത്തിൽ വർധിക്കുകയും ഉൽപാദന ശേഷി മൂന്ന്–നാല് പ്രധാന കോർപ്പറേറ്റ് കൂട്ടായ്മകളുടെ (അദാനി പവർ, ടാറ്റ പവർ, റിലയൻസ് പവർ, എൻ.ടീ.പി.സി. മുതലായവ) കൈയിൽ കേന്ദ്രീകരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കേരളം ഒരു ഏകോപനാധിഷ്ഠിത (ഒലിഗോപോളിസ്റ്റിക്) വിപണി ഘടനയുടെ അപകടങ്ങൾ നേരിടുന്നു. ഈ കേന്ദ്രീകരണംമൂലം: (a) മത്സര സമ്മർദ്ദം കുറയുന്നതുമൂലം വിലനിർണയത്തിനു വെല്ലുവിളികൾ സൃഷ്ടിക്കപ്പെടുന്നു (b) വാണിജ്യ തർക്കങ്ങൾ ഉണ്ടാകുമ്പോൾ വിതരണം തടസപ്പെടാനുള്ള സാധ്യത വർദ്ധിക്കുന്നു (c) സംസ്ഥാന വൈദ്യുതി ബോർഡിന്റെ വിലപേശൽ ശേഷി ക്ഷയിക്കുന്നു (d) ഏകോപിത വില നിർണ്ണയത്തിനുള്ള സാധ്യത വർദ്ധിക്കുന്നു.

ഊർജ്ജസുരക്ഷാ ചട്ടക്കൂട്: ആഭ്യന്തര ഉത്പാദനം വിലയിരുത്തുമ്പോൾ ലെവലൈസ്ഡ് കോസ്റ്റ് ഓഫ് ഇലക്ട്രിസിറ്റി (LCOE) എന്ന ഏകക-ചിലവ് മാനദണ്ഡം മാത്രം ഉപയോഗിച്ച് ഗ്രിഡ് വൈദ്യുതിയുമായി താരതമ്യം ചെയ്യുന്നത് ഊർജ്ജസുരക്ഷയിലെ നിർണായക മാനങ്ങൾ അവഗണിക്കുന്നു:

1. തന്ത്രപരമായ സ്വയംഭരണം – ആഭ്യന്തര ഉത്പാദന ശേഷി സംസ്ഥാനത്തിനു വൈദ്യുതി വാങ്ങൽ ചർച്ചകളിൽ കൂടുതൽ ബലം നൽകുകയും അന്തർസംസ്ഥാന രാഷ്ട്രീയ വഴക്കുകൾ മൂലമുള്ള നീക്കങ്ങൾക്കെതിരെ ഒരു പ്രതിരോധ കവചം ഒരുക്കുകയും ചെയ്യുന്നു.
2. വില അസ്ഥിരതയ്ക്കെതിരായ സംരക്ഷണം – ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളിലൂടെ സൃഷ്ടിക്കപ്പെടുന്ന ഖനിജ ഇന്ധനങ്ങളുടെ വില അസ്ഥിരതയ്ക്കെതിരെ ഇന്ധനച്ചിലവില്ലാത്ത പുനരുപയോഗ ഊർജ്ജ പദ്ധതികൾ സ്വാഭാവികമായ ഒരു പ്രതിരോധം സൃഷ്ടിക്കുന്നു.
3. ഗ്രിഡ് പ്രതിരോധ ശേഷി – വികേന്ദ്രികൃത ഉത്പാദന സംവിധാനം പ്രേഷണ ശൃംഖലയിലെ ദുർബലതകൾ കുറയ്ക്കുകയും ഗ്രിഡ് തകരാറുകൾ സംഭവിക്കുമ്പോൾ ഭാഗികമായെങ്കിലും പിന്തുണ നൽകുകയും ചെയ്യുന്നു.
4. സാങ്കേതിക കഴിവ് – ആഭ്യന്തര പദ്ധതികൾ പുത്തനാശയ രൂപീകരണം നടത്തിപ്പ്, അറ്റകുറ്റപണികൾ എന്നിവയിലൂടെ വെറും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ തുടരുന്നതിനു പകരം അറിവുത്പാദനവും പുത്തനാശയ രൂപീകരണവും

LCOE അടിസ്ഥാനത്തിലുള്ള ചുരുങ്ങിയ ചിലവ് താരതമ്യത്തിൽ ആഭ്യന്തര പുനരുപയോഗ ഊർജ്ജ ഉത്പാദനം ഇറക്കുമതി ചെയ്യുന്ന കൽക്കരി അധിഷ്ഠിത - വൈദ്യുതിയേക്കാൾ ചെലവേറിയതായി തോന്നാമെങ്കിലും, ഊർജ്ജസുരക്ഷയുടെ പരിഗണയിൽ ആഭ്യന്തര ശേഷി വികസനത്തിനായുള്ള നിക്ഷേപം ന്യായീകരിക്കാവുന്നതാണ്. ഇതിനായി സാമ്പത്തിക വിലയിരുത്തൽ രീതികളെ പുനർവിചാരിച്ച്, option value (ഭാവി അവസര മൂല്യം), വില അസ്ഥിരതയും മറ്റു സൃഷ്ടിക്കാവുന്ന റിസ്ക്കും ഗ്രിഡിൻറെ തന്ത്രപരമായ സ്വയംനിർണായ സാദ്ധ്യതകൾ എന്നിവയും ഉൾപ്പെടുത്തി വിലയിരുത്തേണ്ടതുണ്ട്; സ്പോട്ട് വില താരതമ്യങ്ങളിൽ മാത്രം ഈ പരിശോധന ചുരുക്കാനാവില്ല.

സൗരോർജ്ജ സാദ്ധ്യതകൾ

അഭ്യന്തര ഉത്പാദനത്തിൽ പ്രധാനപ്പെട്ട ഒരു സാദ്ധ്യത സോളാർ നിലയങ്ങൾ തന്നെയാണ്. തരിശ് ഭൂമിയുടെ ലഭ്യതക്കുറവടക്കമുള്ള പരിമിതികൾ ഉള്ളതിനാൽ പുരപ്പുറ നിലയങ്ങൾക്ക് കേരളത്തിൽ വലിയ പ്രാധാന്യമുണ്ട്. രാജ്യത്ത് പുരപ്പുറ നിലയങ്ങളുടെ വ്യാപനത്തിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി മാറാൻ കേരളത്തിന് കഴിഞ്ഞത് ഈ രംഗത്തെ ഫലപ്രദമായ ഇടപെടലിന്റെ ഭാഗമായാണ്.

പുരപ്പുറസോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി തന്നെ മുൻകൈ എടുക്കുന്ന സമീപനം സ്വീകരിച്ച ആദ്യത്തെ സംസ്ഥാനമാണ് കേരളം. കെ.എസ്.ഇ.ബി. തന്നെ മുതൽമുടക്കി നിലയങ്ങൾ സ്ഥാപിക്കുകയും മേൽക്കൂരയുടെ ഉടമക്ക് ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ നിശ്ചിതപങ്ക് നൽകി ബാക്കി വരുന്നത് പൊതുപൂളിലേക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന സൗരപദ്ധതി രാജ്യമാകെ ശ്രദ്ധിച്ച ഒരു മാതൃകയായിരുന്നു. എന്നാൽ ഉദ്ദേശിച്ച രീതിയിൽ ഈ മോഡൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായി. റിന്യൂവബിൾ ഊർജ്ജ മേഖല പൂർണ്ണമായും സ്വകാര്യ നിക്ഷേപത്തിലുന്നുന്നതും ഈ രംഗത്തെ തൊഴിലുകൾ അസംഘടിതവും കരാർ കേന്ദ്രീകൃതമാകുന്നതുമടക്കമുള്ള പരിമിതികൾക്ക് പരിഹാരമാകുന്ന ഒന്നായിരുന്നു സൗര പദ്ധതിയുടെ സമീപനം. കമ്യൂണിറ്റി സ്റ്റോറേജ് അടക്കമുള്ള നിരവധി സാദ്ധ്യതകൾ ഈ സ്കീമിന്റെ ഭാഗമായി ഉൾച്ചേർക്കാൻ കഴിയുന്നതാണ്. പരിമിതികൾ പരിഹരിച്ച് ഫലപ്രദമായി നടപ്പാക്കാൻ തീരുമാനിച്ചാൽ ലോകത്തിന് മാതൃക സൃഷ്ടിക്കാൻ കഴിയുന്ന ഒന്നായി ഈ സമീപനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയും.

ജലാശയങ്ങളിൽ പൊങ്ങിക്കിടക്കുന്ന ഫ്ലോട്ടിംഗ് നിലയങ്ങളുടെ സാദ്ധ്യതയും കേരളത്തിലുണ്ട്. കൃത്യമായി ആസൂത്രണം ചെയ്താൽ 2030ഓടെ കുറഞ്ഞത് 1000 മെഗാവാട്ട് ഫ്ലോട്ടിംഗ് നിലയങ്ങൾ സ്ഥാപിക്കാൻ

കേരളത്ത്ന് കഴിയും. 2040ഓടെ ഫ്ലോട്ടിംഗ് സോളാർ ശേഷി 3000-4000 മെഗാവാട്ടായി വർദ്ധിപ്പിക്കാനും കഴിയും. ഇത്തരം പകൽസമയത്തെ വൈദ്യുതി ഡിമാന്റിന്റെ കുറവ് സോളാർ നിലയങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ പ്രായോഗിക പരിമിതികൾ സൃഷ്ടിക്കുന്നുണ്ട്.

നിലവിൽ പകൽ സമയത്തെ വൈദ്യുതി ആവശ്യകത 4000-4500 മെഗാവാട്ട് മാത്രമാണ്. അതുകൊണ്ടുതന്നെ ഗ്രിഡിൽ ബന്ധിക്കപ്പെട്ട നിലയങ്ങളുടെ ആകെ ശേഷി 2500-3000 മെഗാവാട്ടിൽ അധികമാകുന്നത് ഗ്രിഡിന്റെ സ്ഥിരതയെ ബാധിക്കാൻ ഇടയുണ്ട്. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകതകൂടി കണക്കിലെടുത്താൽ 2030ഓടെ 4000-5000 മെഗാവാട്ട് സൗരോർജ്ജനിലയങ്ങളാണ് കേരളത്തിൽ പ്രായോഗികമാകുക. 2040ഓടെ ഇത് 10000 മെഗാവാട്ടായും വർദ്ധിപ്പിക്കാൻ കഴിയും.

സൗരോർജ്ജ നിലയങ്ങളുടെ വ്യാപനം ഉറപ്പുവരുത്തുന്നതിന് വൈദ്യുതി ഉപഭോഗം പരമാവധി പകൽ സമയത്തേക്ക് മാറ്റാനും സംഭരണപദ്ധതികൾ നടപ്പാക്കാനും കഴിയണം. ഇത്തരത്തിൽ ഫലപ്രദമായ ആസൂത്രണവും ക്രമീകരണങ്ങളും ഉണ്ടായാൽ മേൽ സൂചിപ്പിച്ചതിന്റെ ഇരട്ടിയോളം ശേഷിയുള്ള നിലയങ്ങൾ ഗ്രിഡിൽ ഉൾച്ചേർക്കാൻ കഴിയും. അതായത് ലോഡ് പാറ്റേൺ മാറ്റുന്നതിനും സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും കഴിഞ്ഞാൽ 2030ഓടെ 8000-10,000 മെഗാവാട്ട് സൗരോർജ്ജ നിലയങ്ങൾ കേരളത്തിൽ സാദ്ധ്യമാണ്. 2040ഓടെ ഇത് 15000-20,000 മെഗാവാട്ടായും വർദ്ധിപ്പിക്കാൻ കഴിയും. അങ്ങിനെ വന്നാൽ സംസ്ഥാനത്തിന്റെ ആകെ വൈദ്യുതി ആവശ്യകതയിൽ മൂന്നിലൊന്ന് സൗരോർജ്ജ നിലയങ്ങളിൽ നിന്ന് ലഭ്യമാകും.

സംഭരണ നിലയങ്ങൾ

സൗരോർജ്ജം അടക്കം അസ്ഥിരസ്വഭാവമുള്ള വൈദ്യുതിനിലയങ്ങൾ വലിയതോതിൽ ഗ്രിഡ് ബന്ധിതമാകുമ്പോൾ ഗ്രിഡ് സ്റ്റബിലിറ്റി നിലനിർത്തുന്നതിനും അമിത ഉത്പാദനം സംഭരിച്ച് ആവശ്യമുള്ള സമയത്ത് തിരിച്ചെടുക്കുന്നതിനും സംഭരണനിലയങ്ങൾ അനിവാര്യമാണ്. ബാറ്ററി സ്റ്റോറേജ്, പമ്പ്ഡ് സ്റ്റോറേജ്, ഹൈഡ്രജൻ സ്റ്റോറേജ് തുടങ്ങി വിവിധ സാദ്ധ്യതകൾ ഈ രംഗത്തുണ്ട്. സ്റ്റോറേജ് പദ്ധതികൾ ഏത് തലത്തിൽ വേണമെന്നത് അധികവൈദ്യുതിയുടെ ലഭ്യതയും വികേന്ദ്രീകൃത ഉത്പാദനത്തിന്റെ അളവും അനുസരിച്ച് തീരുമാനിക്കപ്പെടേണ്ടതാണ്.

ജലം പമ്പ് ചെയ്ത് ഉത്പാദിപ്പിക്കുന്ന ജലവൈദ്യുതി (പമ്പ്ഡ് സ്റ്റോറേജ് ഹൈഡ്രോ എനർജി പ്ലാന്റ്- പി.എസ്.പി), പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ പീക്ക് ലോഡ് മാനേജ്മെന്റിൽ പ്രധാനപ്പെട്ട ഒരു സാദ്ധ്യതയാണ്. അത്തരം പദ്ധതികൾക്ക് മുൻഗണന നൽകുന്നത് അഭികാമ്യമാണ്. 2030-32 ഓടെ 2000 മെഗാവാട്ട് പമ്പ്ഡ് സ്റ്റോറേജ് ശേഷി ലക്ഷ്യമിടാവുന്നതാണ്.

സൗരോർജ പദ്ധതികൾ വഴി ഏതാണ്ട് 2000 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. എന്നാൽ പീക്ക് സമയങ്ങളിലെ വർദ്ധിച്ച ആവശ്യങ്ങൾക്ക് ഇത് ഉപയോഗിക്കണമെങ്കിൽ വൈദ്യുതി ശേഖരിച്ചുവയ്ക്കുന്ന സംവിധാനങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട് രണ്ടു രീതിയിൽ ഇത് നടപ്പാക്കാവുന്നതാണ് ബാറ്ററികളിൽ വൈദ്യുതി ശേഖരിച്ച് ഉപഭോഗം കൂടുതലുള്ള സമയങ്ങളിൽ പ്രയോഗിക്കുന്നതാണ് ആദ്യത്തെ മാർഗ്ഗം. സൗരോർജ്ജം ലഭ്യമായ പകൽ സമയങ്ങളിൽ ജലവൈദ്യുത നിലയങ്ങളിൽ നിന്ന് പുറത്തുവരുന്ന ജലം പമ്പ് ചെയ്ത് തിരികെ ജലാശയത്തിൽ എത്തിക്കുകയും വൈദ്യുതി ഉല്പാദനത്തിന് ഉപയോഗിക്കുന്നതുമാണ് രണ്ടാമത്തെ മാർഗ്ഗം.

കുറഞ്ഞ സമയത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയുമെങ്കിലും ബാറ്ററികൾ മാറ്റിവയ്ക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന ഭീമമായ ചെലവും അത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ബാറ്ററി അധിഷ്ഠിത ഊർജ്ജശേഖരത്തിന്റെ പരിമിതിയാണ്. മാത്രവുമല്ല പ്രസരണ ശൃംഖലയുടെ സ്ഥിരതയ്ക്കും സന്തുലിതാവസ്ഥയ്ക്കും മറ്റ് പ്രധാനപ്പെട്ട സാങ്കേതിക അനിവാര്യതകൾക്കും (ഉദാ: ബ്ലാക് സ്റ്റാർട്ട്, ഇനർഷ്യ സപ്പോർട്ട്) അത്ര അനുയോജ്യവുമല്ല. എന്നാൽ പി.എസ്.പി മേൽപ്പറഞ്ഞ പരിമിതികളെയെല്ലാം മറികടക്കുന്നതാണ്. അതുകൊണ്ടുതന്നെ അത്തരം പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പിലാക്കേണ്ടതാണ്. കക്കയം (800 MW) പൊരിങ്ങൽകുത്ത് (400 MW), ഇടുക്കി (700 MW), മുതിരപ്പുഴ (100 MW) എന്നീ പി.എസ്.പി പദ്ധതികൾ 2029-30 കാലയളവിൽ പൂർത്തിയാക്കാൻ കഴിയുമെന്ന പ്രതീക്ഷ പല ഏജൻസികളും പങ്കുവെക്കുന്നുണ്ട്. വൈദ്യുതി ആവശ്യവും സൗരോർജ ഉത്പാദനവും കുത്തനെ വർദ്ധിക്കുന്ന കേരളത്തിലെ സാഹചര്യത്തിൽ പി.എസ്.പി പദ്ധതികൾ കാലവിളമ്പമില്ലാതെ നടപ്പിലാക്കേണ്ടതുണ്ട്.

ബാറ്ററി സ്റ്റോറേജ് പദ്ധതികൾ

2030ഓടെ 2000മെഗാവാട്ട് ബാറ്ററി സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കേണ്ടി വരും. ഇതിൽ 800-1000 മെഗാവാട്ട് കേന്ദ്രീകൃത സ്റ്റോറേജും ബാക്കി കമ്മ്യൂണിറ്റി സ്റ്റോറേജ്, വികേന്ദ്രീകൃത സ്റ്റോറേജ് എന്നീ നിലകളിലും നടപ്പാക്കുന്നതാണ് ഗുണകരമാകുക.

സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്ന നിലയിൽ വികേന്ദ്രീകൃത സോളാർ നിലയങ്ങളും വികേന്ദ്രീകൃത കമ്മ്യൂണിറ്റി സ്റ്റോറേജ് പദ്ധതികളും നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കഴിയും. കെ.എസ്.ഇ.ബി. സഹകരണസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകളുടേയും സ്ഥാപനങ്ങളുടേയും പങ്കാളിത്തം തുടങ്ങി വിവിധ ഏജൻസികളെ കൂട്ടി യോജിപ്പിച്ചുകൊണ്ട് ഈ പ്രവർത്തനം ഫലപ്രദമായി നടപ്പാക്കാൻ കഴിയണം.

ഹൈഡ്രജൻ വാലി പദ്ധതി ഊർജ്ജസംഭരണത്തിൽ മറ്റൊരു ചുവടുവെപ്പാണ്. സീസണലായി മാത്രം ഉത്പാദനം ലഭ്യമായ ചെറുകിട ജലപദ്ധതികളിൽ

നിന്നുള്ള വൈദ്യുതി ഹരിത ഹൈഡ്രജൻ നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നത് കേരളത്തിന്റെ സാഹചര്യത്തിൽ ഇത്തരം പദ്ധതികളുടെ ധനപരമായ സാധുത ഉറപ്പുവരുത്തുന്നതിന് ഗുണകരമാകും. 2040 ഓടെ വിവിധ സ്റ്റോറേജ് പദ്ധതികളുടെ ശേഷി കുറഞ്ഞത് 10000 മെഗാവാട്ടെങ്കിലും ആയാൽമാത്രമേ ഹരിത ഊർജ്ജ ലക്ഷ്യത്തിലേക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.

ജലവൈദ്യുതി പദ്ധതികൾ

കേരളത്തിന്റെ അഭ്യന്തര വൈദ്യുതി ഉത്പാദനത്തിൽ ഏറ്റവുമധികം സംഭാവന നൽകുന്നത് ജലനിലയങ്ങളാണ്. പുതിയ ജലവൈദ്യുതി പദ്ധതികൾ നിർമ്മിക്കുന്നതിന് പരിസ്ഥിതി അനുമതി ലഭിക്കുന്നതടക്കമുള്ള നിരവധി പ്രായോഗിക പരിമിതികൾ നിലനിൽക്കുന്നുണ്ടെങ്കിലും ചെറുകിട മീഡിയം പദ്ധതികളിൽ നിന്ന് പ്രായോഗികമായി 2500-3000 മെഗാവാട്ടോളം ശേഷി കൂട്ടിച്ചേർക്കാനുള്ള സാദ്ധ്യത ഇനിയും കേരളത്തിലുണ്ട്. ഈ സാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടത് സംസ്ഥാനത്തിന്റെ വൈദ്യുതി വികസനത്തിൽ പ്രധാനപ്പെട്ടതാണ്.

പണിനടന്നുവരുന്ന 169 മെഗാവാട്ട് ജലവൈദ്യുതി പദ്ധതികളാണ് കേരളത്തിലുള്ളത്. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയണം. സംസ്ഥാനവൈദ്യുതി ബോർഡിനോടൊപ്പം സ്വകാര്യ നിക്ഷേപവും ഫലപ്രദമായി ഉപയോഗിക്കാനായാൽ കൂടുതൽ ജലവൈദ്യുതി പദ്ധതികൾ ഏറ്റെടുക്കാൻ കഴിയും. ദേശീയമായി 25 മെഗാവാട്ടിൽ താഴെ ശേഷിയുള്ള ചെറുകിട ജലവൈദ്യുതി പദ്ധതികൾക്ക് മുൻഗനനനൽകുന്ന സമീപനം നിലവിലില്ല. മാത്രമല്ല റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷനിലും ചെറുകിട പദ്ധതികൾക്ക് പ്രത്യേക പരിഗണനയില്ല. വലിയ ജലനിലയങ്ങൾക്ക് മുൻഗണന നൽകുന്നതാണ് നിലയിലെ സമീപനം. ഹരിത വൈദ്യുതിയുടെ ഉത്പാദനത്തിലും വൈദ്യുതി ഗ്രിഡുകളുടെ സ്ഥിരത ഉറപ്പുവരുത്തുന്നതിനും വലിയ ജലവൈദ്യുതി നിലയങ്ങൾക്കുള്ള പ്രാധാന്യം ലോകവ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിലാണ് ഇത്തരത്തിൽ ഒരു നയംമാറ്റം ഉണ്ടായിട്ടുള്ളത്. അതുകൊണ്ടുതന്നെ ചെറുകിട പദ്ധതികളെന്ന നിലയിലുള്ള പരിഗണന കിട്ടാൻ വേണ്ടി നിലയങ്ങളുടെ ശേഷി 24 മെഗാവാട്ടിൽ നിർത്തി രൂപകൽപ്പന ചെയ്യുന്ന സമീപനത്തിലും മാറ്റം ഉണ്ടാകേണ്ടതുണ്ട്. സ്വകാര്യനിക്ഷേപം ചെറുകിട ജലവൈദ്യുതി നിലയങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന സംസ്ഥാനത്തിന്റെ ജലവൈദ്യുതി നയത്തിലും കാലോചിതമായ മാറ്റം വേണ്ടതുണ്ട്.

2030-31 ഓടെ 500 മെഗാവാട്ട് ജലപദ്ധതികൾ ലക്ഷ്യം വെക്കാവുന്നതാണ്. കൃത്യമായി ആസൂത്രണം ചെയ്താൽ 2040 ഓടെ ജലനിലയങ്ങളിൽ നിന്ന് 2000-2500 മെഗാവാട്ട് കൂട്ടിച്ചേർക്കാൻ കഴിയും. ഈ പദ്ധതികളിൽ 1000 മെഗാവാട്ടെങ്കിലും പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങൾ കൂടിയായി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ ആസൂത്രണം ചെയ്യാവുന്നതാണ്.

പ്രസരണമേഖല

കേരളത്തിന്റെ പ്രസരണ ശൃംഖലാനവീകരണവും തെക്ക് വടക്ക് പ്രസരണ ഇടനാഴിയും ലക്ഷ്യം വെച്ച് നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതി ലക്ഷ്യത്തോടടുക്കുകയാണ്. ഇതിനോടനുബന്ധമായി നടക്കേണ്ട പ്രവർത്തനങ്ങളും ത്വരിതഗതിയിൽ നടക്കുന്നുണ്ട്. കൂടങ്കുളം ആണവനിലയത്തിൽ നിന്നും കേരളത്തിന് കിട്ടേണ്ട വൈദ്യുതി വിഹിതം എത്തിക്കുന്നതിന് വിഭാവനം ചെയ്ത തിരുനെൽവേലി-ഇടമൺ-കൊച്ചി- തൃശൂർ പവർ ഹൈവേ, ഉദുമൽപ്പേട്ട- തൃശൂർ എച്ച്.ഡി.വി.സി. ലൈൻ എന്നിവ പൂർത്തിയാക്കിയത് കേരളത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഉടുപ്പിയിൽ നിന്നും കാസർക്കോടേക്ക് 400 കെ.വി. ശൃംഖലയുടെ നിർമ്മാണം നടന്നുവരുകയാണ്. ഇതോടൊപ്പം തിരുനെൽവേലി -ഇടമൺ ഡബിൾ സർക്യൂട്ട് നിർമ്മാണവും നടക്കുന്നുണ്ട്.

കേരളത്തിന്റെ നിലവിലെ വൈദ്യുതി ഇറക്കുമതി ശേഷി 4260 മെഗാവാട്ട് ആണ്. എന്നാൽ അന്തർ സംസ്ഥാന ലൈനുകളുടെ ആകെ പ്രസരണശേഷി 7750 മെഗാവാട്ട് ഉണ്ട്. ഇതോടൊപ്പം ഉടുപ്പി കാസർക്കോട്, തിരുനെൽവേലി-ഇടമൺ ഡബിൾ സർക്യൂട്ട് എന്നീ ലൈനുകൾകൂടി പ്രവർത്തനക്ഷമമാകുമ്പോൾ പ്രസരണ ശേഷിയിൽ 3000 മെഗാവാട്ട് കൂടി വർദ്ധിക്കും. വൈദ്യുതി ഇറക്കുമതിക്കുള്ള ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിച്ചാൽ സംസ്ഥാനത്തിന് വരുന്ന അഞ്ചോ ആറോ വർഷക്കാലത്തേക്കുള്ള വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകതനിറവേറ്റാൻ കഴിയുന്ന നിലയിൽ ഇറക്കുമതി ശേഷി ലഭ്യമാകും. അഭ്യന്തര വൈദ്യുതി ഉത്പാദനത്തിലെ പുരോഗതി കൂടി പരിശോധിച്ചുകൊണ്ട് തുടർന്നുള്ളകാലഘട്ടങ്ങളിലേക്കുള്ള അന്തർസംസ്ഥാനപ്രസരണ ശൃംഖല ആസൂത്രണം ചെയ്യാവുന്നതാണ്.

അന്തർസംസ്ഥാന പ്രസരണ ശൃഖലകളുടെ പരിമിതികൾ സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷിയെ ബാധിക്കാത്ത നിലയിലുള്ള വികസനം ഇതിനകം നടന്നു കഴിഞ്ഞിട്ടുണ്ട്. എന്നാൽ അന്തർ സംസ്ഥാന സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമർ ശേഷിയിൽ പരിമിതികൾ നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തിരമായി വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്. വരുന്ന അഞ്ചുവർഷത്തിനുള്ളിൽ ട്രാൻസ്ഫോർമർ ശേഷി ഇരട്ടിയെങ്കിലുമായി വികസിപ്പിക്കണം.

അഭ്യന്തര പ്രസരണ ശൃംഖലയുടെ നവീകരണവും ശേഷി വർദ്ധനവും ഇതോടൊപ്പം പ്രധാനമാണ്. ഇതിൽ മുഖ്യപരിഗണന നൽകേണ്ടത് ട്രാൻസ്ഗ്രിഡ് 2 പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ്. 110 കെ.വി. ശൃംഖല വിപുലപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുക, 33 കെ.വി. നെറ്റ് വർക്ക്

രൂപീകരിക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധനൽകേണ്ടതുണ്ട്.

ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ സബ്സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ജി.ഐ.എസ് സാങ്കേതിക വിദ്യയുടെ വിന്യാസം, എച്ച്.ടി.എൽഎസ്. കണ്ടക്ടറുകളുടെ വ്യാപനം, ഹൈബ്രിഡ് എ.സി./എച്ച്.വിഡി.സി. ശൃംഖലകൾ, FACTS, DLL, WAMS, തുടങ്ങി സ്മാർട്ട് ഗ്രിഡ് സാങ്കേതികവിദ്യയിലേക്കുള്ള നീക്കം തുടങ്ങിയവക്ക് മുൻഗണന നൽകേണ്ടതുണ്ട്. പുതിയ ലൈനുകൾ നിർമ്മിക്കാൻ റൈറ്റ് ഓഫ് വേ കിട്ടുന്നതിനുള്ള പരിമിതികൾ കണക്കിലെടുത്ത് മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനുകൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിനായി നാരോ ടവറുകൾ ഉപയോഗപ്പെടുത്തണം. ട്രാൻസ്മിഷൻ കൺട്രോൾ സെന്ററുകൾ, സ്കാഡ തുടങ്ങിയ സംവിധാനങ്ങൾ ഫലപ്രദമായി വിന്യസിച്ച് സബ്സ്റ്റേഷൻ ഓട്ടോമേഷൻ പൂർത്തിയാക്കേണ്ടതുണ്ട്.

വിതരണമേഖല

ഗുണനിലവാരമുള്ള വൈദ്യുതി ഉപഭോക്താക്കളുടെ അവകാശമാണ്. അത് ലഭ്യമാക്കാൻ കഴിയുന്നവിധത്തിൽ ഗുണമേൻമയുള്ള വിതരണ ശൃംഖല നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടത് വൈദ്യുതി വിതരണ യൂട്ടിലിറ്റിയുടെ ഉത്തരവാദിത്തമാണ്. വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വിതരണലൈനുകൾ ഓവർലോഡ് ആകുന്നതും അതിന്റെ ഭാഗമായ വൈദ്യുതി തടസ്സങ്ങളുണ്ടാകുന്നതും ഉപഭോക്തൃസംതൃപ്തിക്ക് വിഘാതമാണ്.

കേരളത്തിലെ വൈദ്യുതി വിതരണ ട്രാൻസ്ഫോർമറുകളുടെ ആകെ ശേഷി നിലവിൽ 11000 മെഗാവോൾട്ട് ആമ്പിയർ ആണ്. നിലവിലെ ഡിമാന്റ് കൈകാര്യം ചെയ്യുന്നതിന് ഇത് പര്യാപ്തമാണെങ്കിലും വർദ്ധിച്ചുവരുന്ന ഉപഭോഗം കണക്കിലെടുക്കുമ്പോൾ 2031-32 ആകുമ്പോഴേക്കും വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷി ഇരട്ടിയോളമായി വർദ്ധിക്കേണ്ടതുണ്ട്. അതോടൊപ്പം പുതിയ 11 കെ.വി. ഫീഡറുകളും ഉണ്ടാകേണ്ടതുണ്ട്. വിതരണശൃഖലയിൽ നടക്കുന്ന അറ്റകുറ്റപ്പണികളും യാദൃശ്ചികമായുണ്ടാകുന്ന കുഴപ്പങ്ങളുമൊക്കെ ഉപഭോക്താക്കളെ ബാധിക്കാത്ത വിധത്തിൽ (N-1) നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. ആ നിലയിലുള്ള ശൃഖംലാനവീകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള ദ്യുതി പദ്ധതി പൂർത്തീകരിക്കുകയും അതിന്റെ അടുത്ത ഘട്ടം ആവിഷ്കരിച്ചു നടപ്പാക്കുകയും വേണ്ടതുണ്ട്. കേന്ദ്രസർക്കാർ ധനസഹായത്തോടെ നടപ്പാക്കുന്ന ആർ.ഡി.എസ്.എസ്. ദ്യുതിയുമായി ബന്ധിപ്പിച്ച് എല്ലാ പ്രദേശത്തും ഒന്നിലേറെ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയെന്ന ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയണം.

വൈദ്യുതി തടസ്സം പരമാവധി പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ മുൻഗണന നിശ്ചയിച്ചുകൊണ്ട് കണ്ടക്ടറുകൾ മാറ്റി എ.ബി.സി., കവചിക കണ്ടക്ടറുകൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. വൈദ്യുതി അപകടങ്ങൾ കുറക്കുന്നതിന് ലൈനുകൾ പൊട്ടിവീഴുന്നതടക്കമുള്ള സന്ദർഭങ്ങളിൽ സർക്യൂട്ട് വിച്ഛേദിക്കപ്പെടുന്നതിനുള്ള സംവിധാനങ്ങൾ എച്ച്.ടി., എൽ.ടി. ഫീഡറുകളിൽ സ്ഥാപിക്കേണ്ടതുണ്ട്. റൂഫ് ടോപ്പ് സോളാർ നിലയങ്ങൾ അടക്കമുള്ള വികേന്ദ്രീകൃത വൈദ്യുതി നിലയങ്ങൾ വ്യാപകമാകുന്നത് വിതരണശൃംഖലയിൽ ഓവർവോൾട്ടേജ് അടക്കമുള്ള പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. വിതരണ ട്രാൻസ്ഫോർമർ അടിസ്ഥാനത്തിൽ റിയാക്ടീവ് പവർ മാനേജ്മെന്റ് സംവിധാനങ്ങൾ അനിവാര്യമാക്കുന്ന സാഹചര്യമാണുള്ളത്. ശൃംഖല ആധിനികവൽക്കരിക്കുന്നതിന് പ്രത്യേക മുൻഗണന നൽകേണ്ടതുണ്ട്.

ഫ്ലാറ്റുകൾ, റസിഡൻഷ്യൽ കോംപ്ലക്സുകൾ തുടങ്ങി സാദ്ധ്യതയുള്ള മേഖലകളിലെല്ലാം ഡി.സി. മൈക്രോ ഗ്രിഡുകൾ സ്ഥാപിക്കുന്നത് ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകമാകും. ബാറ്ററി സ്വാപ്പിംഗ് പ്രോത്സാഹിപ്പിക്കുകയും ഇങ്ങിനെ സ്വാപ്പ് ചെയ്യുകിട്ടുന്ന ബാറ്ററികൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജിംഗ് ഹബുകൾ സ്ഥാപിക്കുകയും ചെയ്യുന്നത് റിന്യൂവബിൾ ഇന്റഗ്രേഷന് സഹായകമാണ്. വെഹിക്കിൾ ടു ഗ്രിഡ് സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതും വൈദ്യുതി നിയന്ത്രണങ്ങൾ കൂടാതെ ശൃംഖലകൾ സംരക്ഷിക്കുന്നതിന് സഹായകമാകും.

IV

ഊർജ്ജം: കാര്യക്ഷമത, സംരക്ഷണം, മിച്ചം

ഊർജ്ജ കാര്യക്ഷമത (എഫിഷ്യൻസി), ഊർജ്ജ സംരക്ഷണം (കൺസർവേഷൻ), ഊർജ്ജ മിച്ചം പിടിക്കൽ (എനർജി സേവിംഗ്സ്) എന്നീ ആശയങ്ങൾ വ്യക്തതയോടെ തിരിച്ചറിഞ്ഞ് നേട്ടം കൈവരിക്കാൻ കഴിയുന്ന രീതിയിൽ പ്രയോഗത്തിൽ വരുത്തേണ്ടതുണ്ട്. എന്നാൽ ഇക്കാര്യത്തിൽ പലപ്പോഴും അവ്യക്തത നിലനിൽക്കുന്നതായി കാണാൻ കഴിയുന്നുണ്ട്. പാറ്റേഴ്സൺ നിർവ്വചന പ്രകാരം ഓരോ യൂണിറ്റ് ഇൻപുട്ടിനും ലഭ്യമായ ഉപയോഗപ്രദമായ ഔട്ട്പുട്ട് എന്ന അർത്ഥത്തിൽ ഊർജ്ജ കാര്യക്ഷമതയെ വിലയിരുത്താവുന്നതാണ്. അതായത് ഊർജ്ജ കാര്യക്ഷമതയെ ഒരു യൂണിറ്റ് ഊർജ്ജത്തിന് ലഭിക്കുന്ന അറ്റ നേട്ട (നെറ്റ് ബെനിഫിറ്റ്) വർദ്ധനയായാണ് വിലയിരുത്തേണ്ടത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഊർജ്ജ ഉപഭോഗം കുറഞ്ഞു എന്ന് കരുതി മാത്രം ഊർജ്ജ കാര്യക്ഷമത ലഭിച്ചു എന്ന് പറയുവാൻ കഴിയില്ല. അതായത് ഊർജ്ജ കാര്യക്ഷമത രണ്ടു രീതിയിൽ കൈവരിക്കുവാൻ കഴിയും.

കാര്യക്ഷമത

നിശ്ചിത അളവിലുള്ള പ്രയോജനം ലഭിക്കാൻ കുറഞ്ഞ അളവിൽ വൈദ്യുതി ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന ഊർജ്ജ കാര്യക്ഷമതയാണ് ആദ്യത്തേത്. ഇതു സംഭവിക്കുമ്പോൾ ഊർജ്ജ മിച്ചം സൃഷ്ടിക്കപ്പെടുകയും ചെയ്യും. എന്നാൽ ഊർജ്ജ ഉപഭോഗം വർദ്ധി

ക്കുമ്പോഴും ഊർജ്ജ കാര്യക്ഷമത കൈവരിക്കാൻ കഴിയുന്നതാണ് രണ്ടാമത്തെ മാർഗം. ഇത്തരം സാഹചര്യങ്ങളിൽ ഊർജ്ജം മിച്ചം പിടിക്കാൻ കഴിയില്ലെന്ന് മാത്രമേയുള്ളൂ.

ഉദാഹരണത്തിന് പഴയ രീതിയിൽ ഊർജ്ജ ഇൻപുട്ട് കൂടുതൽ ആവശ്യമുള്ള ബൾബ് ഉപയോഗിച്ചിരുന്ന സാഹചര്യങ്ങളിൽ അത്യാവശ്യമുള്ള മുറികളിൽ മാത്രമേ അവ ഉപയോഗിച്ചിരുന്നുള്ളൂ എങ്കിൽ, എൽഇഡി ലൈറ്റിംഗ് കടന്നുവന്നപ്പോൾ, അത്തരം കൂടുതൽ ലൈറ്റിംഗ് സംവിധാനങ്ങൾ ഉപയോഗിക്കാൻ തുടങ്ങുകയും ഊർജ്ജ ഉപഭോഗം വർദ്ധിക്കുകയും ചെയ്യുന്നുണ്ടെങ്കിലും കൂടുതൽ പ്രദേശങ്ങളിൽ വെളിച്ചം എത്തുന്നതോടുകൂടി നിശ്ചിത ഊർജ്ജ ഉപഭോഗത്തിൽ നിന്ന് ലഭിക്കുന്ന നെറ്റ് ബെനിഫിറ്റ് വർദ്ധിക്കുന്നതായി കാണാൻ കഴിയും. ചുരുക്കി പറഞ്ഞാൽ ഊർജ്ജ ഉപഭോഗം വർദ്ധിക്കുമ്പോഴും ഊർജ്ജ കാര്യക്ഷമത കൈവരിക്കാൻ കഴിയുമെന്ന് കാണാവുന്നതാണ്.

സംരക്ഷണം

ഊർജ്ജ സംരക്ഷണത്തിനും രണ്ടു മാർഗങ്ങളുണ്ട്. കുറഞ്ഞ അളവിലുള്ള ഊർജ്ജ ഉപഭോഗം കൊണ്ട് നിശ്ചിത നെറ്റ് ബെനിഫിറ്റ് ലഭിക്കുന്നതാണ് ആദ്യ മാർഗം. ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതു വഴി ഊർജ്ജമിച്ചം സൃഷ്ടിക്കുവാനും ഈ സാഹചര്യത്തിൽ കഴിയും. പ്രത്യക്ഷത്തിൽ തന്നെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നത് വഴി ഉണ്ടാകുന്ന ഊർജ്ജ നേട്ടമാണ് ഊർജ്ജ സംരക്ഷണത്തിനുള്ള രണ്ടാമത്തെ മാർഗം. വൈദ്യുതി ഉപഭോഗം വേണ്ടെന്നു വെയ്ക്കുമ്പോൾ വ്യക്തികൾക്കും സമൂഹത്തിനും ലഭിക്കുന്ന നെറ്റ് ബെനിഫിറ്റിൽ പ്രത്യക്ഷത്തിൽ തന്നെ കുറവുണ്ടാവും. എങ്കിലും ഊർജ്ജ ഉപഭോഗം കുറയുന്നു എന്നതിനാൽ ഊർജ്ജ സംരക്ഷണം നേടാൻ കഴിയും.

വൈദ്യുതി ഉപഭോഗ രംഗത്ത് നേരിടേണ്ടിവരുന്ന പ്രതിസന്ധിയെ മറികടക്കാനും ഊർജ്ജ കാര്യക്ഷമത, ഊർജ്ജ സംരക്ഷണം എന്നിവ കൈവരിക്കാനും മേൽപ്പറഞ്ഞ ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിപാടികൾ പ്രയോഗത്തിൽ വരുത്തുന്നതിലൂടെ സാധിക്കുന്നതാണ്. ചുരുക്കി പറഞ്ഞാൽ വൈദ്യുതി ഉപഭോഗം കഴിയുന്ന സാഹചര്യങ്ങളിൽ വേണ്ടെന്ന് വെക്കാൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കുകയും ബോധവൽക്കരിക്കുകയും ചെയ്യുന്ന നടപടികളും ഊർജ്ജ സംരക്ഷണത്തിൻറെ ഭാഗമാണെന്ന കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്.

ഉല്പാദനം, പ്രസരണം, വിതരണം, ഉപഭോഗം

ഊർജ്ജ ഉൽപാദനം, പ്രസരണം (ട്രാൻസ്മിഷൻ), വിതരണം (ഡിസ്ട്രിബ്യൂഷൻ), അന്തിമ ഉപഭോഗം എന്നീ മൂന്ന് തലങ്ങളിലാണ് കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ഊർജ്ജ പ്രദാനത്തിന്റെ (സപ്ലൈ സൈഡ്) വശത്തു നിന്ന് നടപ്പിലാക്കാൻ കഴിയുക.

പ്ലാന്റ് കാര്യക്ഷമത മെച്ചപ്പെടുത്തുക, പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളെ പരമ്പരാഗത സ്രോതസ്സുകളുമായി സംയോജിപ്പിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുക, ജലസംഭരണിയിലേക്ക് പമ്പ് ചെയ്ത് കയറ്റി ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അടിസ്ഥാനത്തിലുള്ള വിതരണ ശൃംഖലയുടെ സന്തുലിതാവസ്ഥ എന്നിവയിലൂടെ വൈദ്യുതി ഉത്പാദനവുമായി ബന്ധപ്പെട്ട കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്താവുന്നതാണ്. പ്രസരണ വിതരണ രംഗത്തെ നഷ്ടം പരിഹരിക്കാനുള്ള സാങ്കേതികപരമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുക, അന്തിമ ഉപഭോഗ തലത്തിൽ മെച്ചപ്പെട്ട ഊർജ്ജ കാര്യക്ഷമത നൽകാൻ കഴിയുന്ന വൈദ്യുതി ഉപകരണങ്ങൾ നിർമ്മിക്കുവാൻ ഉൽപാദകർക്ക് വേണ്ട രീതിയിലുള്ള സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകിയും ഉപഭോക്താക്കൾക്ക് താങ്ങാൻ കഴിയുന്ന വിലയിൽ അവ ലഭ്യമാക്കുകയും ചെയ്തുകൊണ്ട് രണ്ടാമത്തെയും മൂന്നാമത്തെയും തലത്തിലുള്ള ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നതാണ്.

ഊർജ്ജ ചോദനത്തിൻറെ (ഡിമാൻഡ് സൈഡ്) വശത്തു നിന്ന് നോക്കുമ്പോൾ ടി.ഒ.ഡി വില നിശ്ചയിക്കൽ സംവിധാനം (ടൈം ഓഫ് ഡേ താരിഫ്) നടപ്പിലാക്കുക, പീക്ക് ലോഡ് പ്രൈസിംഗ് നടപ്പിലാക്കുക, ഊർജ്ജ ചോദനം കുറയ്ക്കുന്നതിന് ഉപഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനുള്ള പ്രചരണ പരിപാടികൾ നടത്തുക എന്നിവ കൂടുതൽ ഊന്നൽ നൽകി നടപ്പാക്കാവുന്നതാണ്. വൈദ്യുതി ഉപഭോഗം പാരമ്യത്തിൽ എത്തുന്ന സമയത്ത് വിതരണ ശൃംഖല നേരിടുന്ന ഞെരുക്കം (ഗ്രിഡ് ട്രെസ്സ്) പരിഹരിക്കുവാൻ ഊർജ്ജ ചോദനത്തിന്റെ വശത്തു നിന്നുള്ള കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ സഹായിക്കുന്നതാണ്. അതോടൊപ്പം തന്നെ ഊർജ്ജ ഉല്പാദനം പാരമ്യത്തിൽ എത്തുന്ന സമയത്ത് വിതരണ ശൃംഖല നേരിടുന്ന ഞെരുക്കം കണക്കിലെടുത്ത് പ്രവർത്തനങ്ങൾ സ്വയം ക്രമീകരിക്കാൻ കഴിയുന്ന സ്മാർട്ട് ഗാർഹിക വൈദ്യുത ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട സഹായ സഹകരണങ്ങൾ നൽകാവുന്നതാണ്.

വൈദ്യുതി നിരക്കുകൾ

വൈദ്യുതി ചോദനത്തിന്റെ വശത്തുനിന്ന് ഊർജ്ജ കാര്യക്ഷമത കൈവരിക്കുന്നതിന് വേണ്ടി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളുടെ ഭാഗമായാണ് വൈദ്യുതിയുടെ വില നിശ്ചയിക്കൽ രീതികൾ പ്രസക്തമാകുന്നത്. ടി.ഒ.ഡി. വില നിശ്ചയിക്കാൻ രീതി 200 യൂണിറ്റിനു മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത വില നിശ്ചയിക്കൽ രീതി 200 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും മറ്റു വ്യത്യാസങ്ങൾ പരിഗണിക്കാതെ നടപ്പിലാക്കേണ്ടതുണ്ട്. പുരപ്പുറ സൗരോർജ്ജ ഉത്പാദകർക്ക് വൈദ്യുതിഉൽപാദനവും ഉപഭോഗവും തമ്മിൽ തട്ടിക്കിഴിച്ച് ബാക്കി വരുന്നതിന് വില നിശ്ചയിക്കുന്നതാണ് നിലനിൽക്കു

ന്ന രീതി. അത്തരം ഉപഭോക്താക്കൾക്ക് ടി.ഒ.ഡി. വില നിശ്ചയിക്കാൻ രീതി ബാധകമാക്കാതിരിക്കുന്നത് ഊർജ്ജ കാര്യക്ഷമത കൈവരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

വൈദ്യുതി തടസ്സങ്ങൾ

കേരളത്തിലെ വൈദ്യുതി വിതരണരംഗത്തെ പ്രധാനപ്പെട്ട പോരായ്മകളിൽ ഒന്ന് വൈദ്യുതി തടസ്സങ്ങളാണ്. ഇത്തരം തടസ്സങ്ങൾ പരിശോധിച്ചാൽ കാണുന്ന ഒരു പ്രത്യേകത യാദൃശ്ചികമായുണ്ടാകുന്ന (മുൻകൂട്ടി നിശ്ചയിച്ച പണികൾക്ക് വേണ്ടിയല്ലാത്ത) തടസ്സങ്ങൾ മുൻകൂട്ടി നിശ്ചയിച്ച തടസ്സങ്ങളേക്കാൾ താരതമ്യേന വളരെ കുറവാണ് എന്നതാണ്. ആസൂത്രിതമായ അറ്റകുറ്റപ്പണികളാണ് വൈദ്യുതി തടസ്സങ്ങൾ സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നത്. 2023-ൽ 2,80,500 ഓളം വൈദ്യുതി തടസ്സങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിയ പണികളുടെ ഭാഗമായി കേരളത്തിലെ ശൃംഖലകളിൽ ആകെ ഉണ്ടായത്. എന്നാൽ മുൻകൂട്ടി നിശ്ചയിക്കാതെ ഉണ്ടായ തടസ്സങ്ങൾ കേവലം 31800ഓളം മാത്രമായിരുന്നു. അതായത് അറ്റകുറ്റപ്പണികളും ആസ്തി വർദ്ധനാപ്രവർത്തനങ്ങളും ഉപഭോക്തൃ സംതൃപ്തിയെ ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. വൈദ്യുതി തടസ്സങ്ങൾ കുറക്കുന്നതിന് ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും നിലവിലെ രീതികളിൽ കാര്യമായ മാറ്റങ്ങൾ അനിവാര്യമാണ്.

വൈദ്യുതി വിതരണ നെറ്റ് വർക്കിന്റെ കാര്യക്ഷമമായ നടത്തിപ്പിന് അറ്റകുറ്റപ്പണികളും ആസ്തി നിർമ്മാണപ്രവർത്തനങ്ങളും ശൃംഖലാടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതാണ് ഗുണകരമാകുക. ഭൂമിശാസ്ത്രപരമായി രൂപപ്പെടുത്തിയിട്ടുള്ള വൈദ്യുതി വിതരണ ഓഫീസുകൾ നെറ്റ്വർക്ക് അടിസ്ഥാനത്തിൽ ക്രമീകരിച്ചുകൊണ്ടല്ലാതെ ഇത്തരം പ്രവർത്തനങ്ങൾ നെറ്റ്വർക്ക് അടിസ്ഥാനത്തിൽ പുന:ക്രമീകരിക്കുവാൻ കഴിയില്ല.

വൈദ്യുതി ശൃംഖല പൂർണ്ണമായും ജി.ഐ.എസിൽ. മാപ്പുചെയ്യുകയും എല്ലാതരം കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും ഈ മാപ്പിൽ അപ്ഡേറ്റ് ചെയ്തുപോകുകയും വേണം. എല്ലാതരം അറ്റകുറ്റപ്പണികളും പുതിയ നിർമ്മാണങ്ങളും ശൃംഖലാടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.) തലത്തിൽ ആസൂത്രണം ചെയ്യുകയും വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയുന്ന രൂപത്തിൽ നടപ്പാക്കുകയും വേണം. കഴിയാവുന്നിടത്തോളം ഹോട്ട് ലൈൻ മെയിന്റനൻസ് നടപ്പാക്കണം.

വൈദ്യുതി സേവനങ്ങൾ

ഉപഭോക്തൃസംതൃപ്തി ഉറപ്പുവരുത്തുന്നതിൽ വൈദ്യുതി സേവനങ്ങളുടെ വേഗതയും ഗുണമേൻമയും വളരെ പ്രധാനപ്പെട്ടതാണ്. "സർവീസ് അറ്റ് ഡോർ സ്റ്റെപ് " അപേക്ഷകന്റെ വീട്ടിലെത്തി അപേക്ഷ സ്വീകരിക്കുകയും സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നതായിരുന്നു. ഓൺലൈൻ സേവനങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് സേവനങ്ങൾ വിരൽത്തുമ്പിൽ എന്ന നിലയിലേക്കും സ്ഥാപനം മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ വൈദ്യുതി സേവനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിതവും ഓൺലൈനും ആക്കി മാറ്റുന്നതിന് ചില പ്രായോഗിക പരിമിതികൾ ഇപ്പോഴും നിലവിലുണ്ട്. പരാതി പരിഹാരത്തിനുണ്ടാകുന്ന കാലതാമസവും ഉപഭോക്തൃസംതൃപ്തിക്ക് തടസ്സമാണ്.

പരാതികൾ അറിയിക്കുന്നതിന് കേന്ദ്രീകൃത കാൾ സെന്റർ സംവിധാനം നടപ്പാക്കിയിട്ടുണ്ടെങ്കിലും ഇപ്പോഴും ഭൂരിപക്ഷം പരാതികളും സെക്ഷൻ ഓഫീസുകളിൽത്തന്നെ അറിയിക്കുന്ന രീതിയാണ് നിലനിൽക്കുന്നത്. കാൾ സെന്ററുകളിലെ കാത്തിരിപ്പു സമയവും പ്രശ്നമാണ്. ദേശീയാടിസ്ഥാനത്തിൽ വൈദ്യുതി മേഖലയിലെ കാൾ സെന്ററുകളിലെ ശരാശരി കാത്തിരിപ്പുസമയം 25 സെക്കന്റോളമായിരിക്കേ കേരളത്തിൽ അത് 50 സെക്കന്റോളം വരുന്നുണ്ട്. കാൾ സെന്റർ സംവിധാനത്തിന്റെ ശേഷി വർദ്ധിപ്പിക്കുകയും എ.ഐ. ചാറ്റ് ബോട്ട് അടക്കമുള്ള നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കാത്തിരിപ്പ് സമയം കുറക്കുകയും വേണം. പരാതി പരിഹാരം കൃത്യമായി മോണിറ്റർ ചെയ്യാൻ കഴിയുന്ന വിധത്തിൽ ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് മൊബൈൽ ആപ്ലിക്കേഷൻ ഏർപ്പെടുത്തണം. വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് കൃത്യമായ സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കണം.

V
ഭാവി നിർദ്ദേശങ്ങൾ

1. സൗരോർജ്ജ സാദ്ധ്യതകളും പുരപ്പുറ വിപ്ലവവും

2024 സെപ്റ്റംബർ വരെ, കേരളത്തിൽ 1,003 മെഗാവാട്ട് ശേഷിയുള്ള 52,500 പുരപ്പുറ സംവിധാനങ്ങൾ ഉണ്ട്—രാജ്യത്തെ മുൻനിര സംസ്ഥാനങ്ങളിലൊന്ന്. വിപുലമായ സബ്സിഡി പരിപാടികൾ റെസിഡൻഷ്യൽ, വിദ്യാഭ്യാസ, സർക്കാർ കെട്ടിടങ്ങൾ എന്നിവയ്ക്ക് പുരപ്പുറ സംവിധാനങ്ങൾ സ്ഥാപിക്കാൻ പ്രാപ്തമാക്കിയിട്ടുണ്ട്.

ഫലപ്രദമായ വിപുലീകരണത്തിന്

- സർക്കാർ കെട്ടിടങ്ങൾ: വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, സർക്കാർ ഓഫീസുകൾ എന്നിവയിൽ മുൻഗണനാ അടിസ്ഥാനത്തിൽ പുരപ്പുറ സോളാർസിസിറ്റം സ്ഥാപിക്കണം
- റെസിഡൻഷ്യൽ കെട്ടിടങ്ങൾ: മെച്ചപ്പെടുത്തിയ സബ്സിഡി പദ്ധതികൾ, ശാക്തീകരണ പരിപാടികൾ, ലളിതമാക്കിയ നടപടിക്രമങ്ങൾ
- വാണിജ്യ മേഖല: നിശ്ചിത തറ വിസ്തീർണ്ണത്തിന് മുകളിലുള്ള പുതിയ വാണിജ്യ കെട്ടിടങ്ങൾക്ക് നിർബന്ധിത സ്ഥാപനം
- ലക്ഷ്യം: 2030 ഓടെ 4,000-5,000 മെഗാവാട്ട് സോളാർ ശേഷി

2. സാങ്കേതികവിദ്യയും നിർമ്മാണവും

ചെലവും എംബെഡഡ് കാർബണും കുറയ്ക്കുന്നതിന് പ്രാദേശിക നിർമ്മാണ ശേഷി വികസിപ്പിക്കണം:

- സോളാർ പാനൽ ഉത്പാദനം: ഉയർന്ന കാര്യക്ഷമതയുള്ള പാനലുകൾക്കായി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക
- ബാലൻസ് ഓഫ് സിസ്റ്റം (BoS): ഇൻവെർട്ടറുകൾ, മൗണ്ടിംഗ് ഘടനകൾ, കണക്കൂറുകൾ എന്നിവയുടെ തദ്ദേശീയ ഉത്പാദനം
- ഗ്രിഡുമായുള്ള സംയോജനം: ഗ്രിഡ് സപ്പോർട്ട് ഫംഗ്ഷനുകളുള്ള സ്മാർട്ട് ഇൻവെർട്ടറുകൾ
- ഊർജ്ജ സംഭരണ സംവിധനം: ഡി.സി മൈക്രോഗ്രിഡുകൾക്കായി പ്രാദേശികമായി നിർമ്മിച്ച LFP/LTO ബാറ്ററി സംവിധാനങ്ങൾ ഉപയോഗിക്കണം

3. വികേന്ദ്രീകൃത വൈദ്യുത ഉല്പാദനത്തിലൂന്നിയുള്ള വികസനം

കേരളത്തിന്റെ ഊർജ്ജ പരിവർത്തനം അതിന്റെ ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവുമായ സവിശേഷതകളുമായി സമന്വയിപ്പിച്ചു ഒരു വികേന്ദ്രിയ ഉല്പാദനവും വിതരണത്തിന്റെതുമായ മാതൃക സൃഷ്ടിക്കണം.

ഉല്പാദന മേഖല ഇടപെടലുകൾ

a. ഹൈഡ്രോളജിയുടെ ശാക്തീകരണം

- എല്ലാ 44 നദീതടങ്ങളിലുടനീളം തീവ്രമായ കാച്ച മെന്റ് അഥവാ ജല സംഭരണ പ്രദേശത്തിന്റെ പുനർ നിർമ്മാണം നദികളെ വേനലിൽ വറ്റാത്തവയാക്കി മാറ്റുകയും ഒഴുക്ക് ശക്തിപ്പെടുത്തുകയും ചെയ്യും.
- പശ്ചിമഘട്ട പ്രദേശത്തെ ഭൂപ്രകൃദി സവിശേഷതകൾ പ്രയോജനപ്പെടുത്തി പമ്പ്ഡ് സ്റ്റോറേജ് സാധ്യത വർദ്ധിപ്പിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംയോജിത നീർത്തട പരിപാലനത്തിലൂടെ കാർബൺ സിങ്കുകൾ ശക്തിപ്പെടുത്തുക
- ശുദ്ധജലത്തിനായി നദി പുനരുദ്ധാരണം ചെയ്യുകയും അതിലൂടെ, കാർബൺ കാൽപ്പാട് മെച്ചപ്പെടുത്തുകയും ചെയ്യുക

b. സ്മോൾ ഹൈഡ്രോ, പമ്പ്ഡ് സ്റ്റോറേജ് സാദ്ധ്യതകൾ

- കേരളത്തിന്റെ വിപുലമായ ജലസമ്പത്ത് ഉപായയോഗപെടുത്തി ജനപിന്തുണയോടെ സ്മോൾ ഹൈഡ്രോ സംരംഭങ്ങൾ വിപുലമാക്കുക
- ജലസേചന ചാലുകളിലും അരുവികളിലും കാസ്കേഡിംഗ് മൈക്രോ-ഹൈഡൽ സംവിധാനങ്ങൾ സ്ഥാപിക്കുക. (ലക്ഷ്യം: 2030 ഓടെ 2,000 മെഗാവാട്ട് പമ്പ്ഡ് സ്റ്റോറേജ് ശേഷി)
- ഗ്രിഡ് സ്ഥിരതയ്ക്കായി ഇടവിട്ടുള്ള സോളാർ ഉൽപാദനവുമായുള്ള സംയോജനം

c. വിതരണം ചെയ്യപ്പെട്ട പുനരുപയോഗ സംവിധാനങ്ങൾ

- പരിവർത്തന നഷ്ടം കുറയ്ക്കുന്നതിനായി 48V, 380V ഡി.സി മൈക്രോഗ്രിഡുകളുള്ള പുരപ്പുറ സോളാർ സാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കണം
- തീരദേശ-കുന്നിൻമുകൾ സ്ഥലങ്ങൾക്കായി ചെറിയ വെർട്ടിക്കൽ ആക്സിസ് വിൻഡ് ടർബൈനുകൾ പരിഗണിക്കണം
- പുനരുപയോഗ സംയോജനം നിർബന്ധമാക്കുന്ന ഹരിത കെട്ടിട മാനദണ്ഡങ്ങൾ നിർബന്ധമാക്കാൻ മുൻകൈയെടുക്കണം
- പ്രാദേശികമായി നിർമ്മിച്ച LFP/LTO സ്റ്റോറേജ് ബാറ്ററികൾ ഉപോയോഗിച്ച് സംഭരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക

d. ജൈവോർജ്ജവും ഹൈഡ്രജനും

- തോട്ടം-ഭക്ഷ്യോൽപാദന സംവിധാനങ്ങളിലൂടെ ഉപജീവന സാദ്ധ്യതകളുമായി ബന്ധപ്പെട്ട ജൈവോർജ്ജം പരിപോഷണത്തിനു ശ്രമിക്കണം
- തീരദേശ-നദീതട പ്രദേശങ്ങളിൽ വികേന്ദ്രികൃത കാർഷിക-മാലിന്യം അടിസ്ഥാനമാക്കി ഹൈഡ്രജൻ ഉത്പാദനം നടത്തണം
- കാർഷിക അവശിഷ്ടങ്ങളിൽ നിന്ന് ബയോഎത്തനോൾ, ബയോ-സി.എൻ.ജി ഉത്പാദനം
- കുരുവാഴ ബയോമാസിൽ നിന്ന് 2G ബയോഎത്തനോൾ സാദ്ധ്യതകൾ വിപുലമാക്കണം (83% ഹൈഡ്രോളിസിസ് കാര്യക്ഷമത, 43 കി.ഗ്രാമിന് 4.71 ലിറ്റർ)

e. ഭൂവിനിയോഗ ഇടപെടലുകൾ

- തരിശായി കിടക്കുന്ന എസ്റ്റേറ്റുകളുടെയും തുറസ്സായ സ്ഥലങ്ങളുടെയും വികസനം
- ദ്രുതഗതിയിലുള്ള കാർബൺ പിടിച്ചെടുക്കലിനായുള്ള മിയാവാക്കി വനങ്ങളുടെ പ്രോത്സാഹനം (1.5 ഏക്കറിന് പ്രതിവർഷം 9 tCO_2)
- പുരയിട കൃഷിയിടത്തിലും നെൽക്കൃഷിയിടങ്ങളിലും സംയോജിത സോളാർ ഫാമുകൾ സ്ഥാപിക്കുക
- കാർബൺ വിലയിരുത്തൽ ചട്ടക്കൂടുകൾ അടിസ്ഥാനമാക്കി ജൈവോർജ്ജ ഫാമുകൾ പ്രോത്സാഹിപ്പിക്കണം

4. ഡിമാൻഡ്-തലത്തിലും വിതരണ തലത്തിലുമുള്ള ഇടപെടലുകളും

a. വിതരണ ശൃംഖല കുറ്റമറ്റമാക്കൽ

- വിതരണ ട്രാൻസ്ഫോർമറുകളുടെ കുറ്റമറ്റ റേഡിയൽ പൊസിഷനിംഗോടെ വിതരണ ലൈനുകൾ പുനർനിർമ്മിക്കുക
- ദൈനംദിന-സീസണൽ ലോഡ് കർവുകൾ ഒറ്റനിരപ്പാക്കാൻ വിതരണ തലത്തിൽ ഊർജ്ജ സംഭരണം സംയോജിപ്പിക്കുക

- സ്മാർട്ട് മീറ്ററിംഗും ഡിമാൻഡ് റെസ്പോൺസ് സംവിധാനങ്ങളും
- വികേന്ദ്രീകൃത ഉൽപാദന മാനേജ്മെന്റിനുള്ള ഗ്രിഡ്-എഡ്ജ് ഇൻറലിജൻസ് സംവിധാനങ്ങൾ സൃഷ്ടിക്കുന്നതുവഴി മെച്ചപ്പെട്ട ഊർജ്ജ കാര്യക്ഷമതയും പ്രതിരോധശേഷിയും ഉറപ്പാക്കുക

b. നഗരാസൂത്രണ സംയോജനം

- ജലാശയങ്ങൾ വീണ്ടെടുക്കാൻ കഴിയുംവിധ പാർപ്പിട ആവാസ സംവിധാനങ്ങളുടെ കുത്തനെ മേലോട്ടുള്ള സാന്ദ്രീകരണം
- കോംപാക്റ്റ് നഗര രൂപങ്ങളിലൂടെ ഹരിത, കാര്യക്ഷമമായ സേവനങ്ങൾ നൽകുക
- വാണിജ്യ മേഖലകൾക്കുള്ള ഡിസ്ട്രിക്റ്റ് കൂളിംഗ് സംവിധാനങ്ങൾ
- കെട്ടിട ഊർജ്ജ കോഡുകളും ഹരിത കെട്ടിട ഉത്തരവുകളും

c. ഗതാഗത വൈദ്യുതീകരണം

- 80% ചരക്ക് ഗതാഗതത്തിനായി തീരദേശ-ഉൾനാടൻ ജലമാർഗങ്ങൾ പ്രയോജനപ്പെടുത്തുക
- ഗതാഗത കാർബൺ കാൽപ്പാട് കുറയ്ക്കുന്ന ചെറിയ തുറമുഖങ്ങളും മൾട്ടിമോഡൽ കണക്റ്റിവിറ്റിയും ഉറപ്പാക്കുക
- നഗരത്തിലുള്ള യാത്രക്കായി ഓവർ ഹെഡ്-കേബിൾ വൈദ്യുത ട്രാക്ഷൻ സംവിധാനങ്ങൾ.
- തിരക്കേറിയ ഇടനാഴികളിലെ യു.എ.വി (ഡ്രോൺ & ടാക്സി) പാസഞ്ചർ ട്രാൻസ്പോർട്ട് ഓപ്ഷനുകൾ വ്യാപകമാക്കുക1

d. ഡിജിറ്റൽ അടിസ്ഥാന സൗകര്യം

- വികേന്ദ്രീകൃത ഊർജ്ജ മാനേജ്മെന്റിനുള്ള IoT, എംബെഡഡ് കൺട്രോളറുകൾ സ്ഥാപിക്കുക
- ലോഡ് പ്രവചനവും ഉൽപാദന ക്ഷമത വർദ്ധനവിനും AI-അടിസ്ഥാന സംവിധാനങ്ങൾ ഉറപ്പാക്കുക
- ബ്ലോക്ക്ചെയിൻ-അടിസ്ഥാന പീർ-ടു-പീർ പവർ ട്രേഡിംഗ് പ്ലാറ്റ്ഫോമുകൾ സ്ഥാപിക്കുക
- ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറുമായുള്ള സംയോജനം ഉറപ്പാക്കുക

5. ഊർജ്ജ പരിവർത്തനത്തിന് നിർമ്മാണവും മൂല്യവർദ്ധനയും

കേരളത്തിന്റെ വിജ്ഞാന സമ്പദ്വ്യവസ്ഥ പരിവർത്തനത്തിന് ഊർജ്ജ ഉപഭോഗം-സംഭരണം കടന്ന് "ഊർജ്ജ സാങ്കേതികവിദ്യകളിലെ നിർമ്മാണത്തിലേക്കും മൂല്യവർദ്ധനയിലേക്കും" നീങ്ങേണ്ടതുണ്ട്. ഇ.വി സബ്സിസ്റ്റംസ്, ഹൈഡ്രജൻ സംവിധാനങ്ങൾ, ബയോമാസ് പരിവർത്തനം, ഡി.സി-അടിസ്ഥാന ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ, അപൂർവ- ഭൗമ മൂലകങ്ങൾ അടിസ്ഥാനമാക്കിയ കാന്തിക ഉൽപന്നങ്ങൾ എന്നിവയ്ക്കുള്ള നിർമ്മാണ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് ഇ.വി കൺസോർഷ്യം സംരംഭം ഈ സമീപനം തെളിയിക്കുന്നു.

മുൻഗണനാ നിർമ്മാണ മേഖലകൾ

a. ബാറ്ററി സാങ്കേതികവിദ്യ

- LTO-NMC, Graphite-LFP ലിഥിയം-അയൺ സെല്ലുകളുടെയും ബാറ്ററി പാക്കുകളുടെയും തദ്ദേശീയ ഉത്പാദനം
- വൈഡ്-ബാൻഡ്ഗാപ് സെമികണ്ടക്ടർ-അടിസ്ഥാന (SiC/GaN) ബാറ്ററി മാനേജ്മെന്റ് സിസ്റ്റംസ്
- ലക്ഷ്യം: 60-70% സബ്സിസ്റ്റം പ്രാദേശികവൽക്കരണം ഇറക്കുമതി ആശ്രിതത്വം കുറയ്ക്കുക
- സ്റ്റാർട്ടപ്പുകളെയും OEMകളെയും പിന്തുണയ്ക്കുന്ന EV Park ലുള്ള ഗുണനിലവാര പരിശോധന അടിസ്ഥാന സൗകര്യം വിപുലീകരിക്കുക

b. പവർ ഇലക്ട്രോണിക്സ്

- വൈഡ്-ബാൻഡ് ഗാപ് സെമികണ്ടക്ടറുകൾ ഉപയോഗിച്ച് ഉയർന്ന കാര്യക്ഷമതയുള്ള കൺവെർട്ടറുകളും ഇൻവെർട്ടറുകളും
- 1-3% കാര്യക്ഷമത നേട്ടങ്ങൾ ഒരു ചാർജിന് 0.9-4.4 കി. മീ അധിക ഇ. വി റേഞ്ചിലേക്ക് പരിവർത്തനം സാധ്യമാകുന്നു
- അഡ്വാൻസ്ഡ് ഫീൽഡ്-ഓറിയന്റഡ് കൺട്രോളുള്ള ഉയർന്ന കാര്യക്ഷമതയുള്ള മോട്ടോർ ഡ്രൈവുകൾ
- സ്മാർട്ട് ഗ്രിഡ് സപ്പോർട്ട് ഫംഗ്ഷനുകളുള്ള ഗ്രിഡ്-ടൈ ഇൻവെർട്ടറുകൾ

c. പരിശോധന അടിസ്ഥാന സൗകര്യം

- EV Park-യിലെ അത്യാധുനിക ഇ. വി ടെസ്റ്റ് സൗകര്യം:
  - 30 kW, 150 kW dynos ഉള്ള 24×7 E-Drive Test System
  - ബാറ്ററി എമുലേറ്ററുകളും എൻവയണ്മെന്റ് ചേമ്പറുകളും
  - സ്റ്റാർട്ടപ്പുകൾക്കും OEMകൾക്കും താങ്ങാനാവുന്ന, കാത്തിരിപ്പില്ലാത്ത പരിശോധന സംവിധാങ്ങൾ ഉറപ്പാക്കണം.
  - മാർക്കറ്റിലേക്കുള്ള സമയം കുറയ്ക്കുന്ന സർട്ടിഫൈഡ് പരിശോധന സേവനങ്ങൾ ലഭ്യമാക്കണം.

d. ജൈവോർജ്ജ സംവിധാനങ്ങൾ

- കുളവാഴ ബയോമാസിൽ നിന്ന് 2G ബയോഎത്തനോൾ ഉത്പാദനം
- 83% ഹൈഡ്രോളിസിസ് കാര്യക്ഷമത, 43 കി. ഗ്രാം ബയോമാസിന് 4.71 ലിറ്റർ എത്തനോൾ
- സംയോജിത ബയോമാസ്-ടു-എനർജി മൂല്യശൃംഖലകൾ ഉറപ്പാക്കണം

e. ഹൈഡ്രജൻ സമ്പദ്‌വ്യവസ്ഥ

- അധിക സോളാർ പവർ ഉപയോഗിച്ച് വിതരണം ചെയ്യപ്പെട്ട ഗ്രീൻ ഹൈഡ്രജൻ ഉത്പാദനം
- സംഭരണ, വാഹന ആവശ്യങ്ങൾക്കുള്ള ഹൈഡ്രജൻ ഇന്ധന സെൽ സംവിധാനങ്ങൾ
- വ്യാവസായിക ഹൈഡ്രജൻ ആവശ്യകതയുമായുള്ള സംയോജനം
- പുനരുപയോഗ ഊർജ്ജം പ്രയോജനപ്പെടുത്തി തീരദേശ ഹൈഡ്രജൻ ഉത്പാദനം

6. സംസ്ഥാനതല കാർബൺ രജിസ്റ്ററി, നിരീക്ഷണ ചട്ടക്കൂട്

2040–2050 ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കാൻ, കാർബൺ ഉൽസർജ്ജനവും ഊർജ്ജ ഉപഭോഗവും ചിട്ടയായി രേഖപ്പെടുത്തുകയും ട്രാക്ക് ചെയ്യുകയും ചെയ്യുന്ന സ്ഥാപനവൽകൃത സംവിധാനങ്ങൾ ഉറപ്പാക്കേണ്ടതാണ്

കാർബൺ രജിസ്റ്ററിയുടെ ലക്ഷ്യവും ഘടകങ്ങളും

കേരളത്തിൽ ഒരു സംസ്ഥാനതല കാർബൺ രജിസ്റ്ററി സ്ഥാപിക്കേണ്ടതുണ്ട്:

- വൈദ്യുതി, ഗതാഗതം, കെട്ടിടങ്ങൾ, വ്യവസായം തുടങ്ങിയ മേഖലകളിലെ ഊർജ്ജ നിർമാണം, ഉപഭോഗം, കാർബൺ തീവ്രത (carbon intensity) എന്നിവ ഏകീകൃത ഡാറ്റാബേസിൽ രേഖപ്പെടുത്തുക.
- വിതരണം ചെയ്യപ്പെട്ട സോളാർ, കാര്യക്ഷമതാ ഇടപെടലുകൾ, മിയാവാക്കി വനം, നദീതട പുനരുദ്ധാരണം തുടങ്ങിയ സ്വമേധയാ/നിയന്ത്രിത കാർബൺ കുറവ് പദ്ധതികൾ രജിസ്റ്റർ ചെയ്ത് മൂന്നാമതുകാരുടെ പരിശോധനയോടെ സർട്ടിഫൈ ചെയ്യുക.
- ഗവേഷകർക്ക്, policymakers ന്, ലൊക്കൽ സർക്കാരുകൾക്ക്, പൗരന്മാർക്ക് തുറന്ന ഡാറ്റയായി ഇവ ലഭ്യമാക്കുക; ഇതോടെ evidence-based planning പ്രോത്സാഹിപ്പിക്കാം.
- ഹരിത ബജറ്റിംഗും, MSME-കളിലെ ESG (Environmental, Social, Governance) നിലപാടുകളും ഈ ഡാറ്റാബേസിനെ ആശ്രയിച്ച് വികസിപ്പിക്കണം.

ഇത്തരം ഒരു രജിസ്റ്ററി, ഊർജ്ജ നോളേജ് കോമൺസ് എന്ന ആശയത്തിന്റെ ഭാഗമായും, സംസ്ഥാനത്തിന്റെ കാലാവസ്ഥാ ഭരണത്തിൽ സുതാര്യതയും തുടർച്ചയായ പഠനവും ഉറപ്പാക്കുന്ന യന്ത്രവത്കൃത സംവിധാനമായും പ്രവർത്തിക്കും.

7. ഭാവിദർശനം: 2030–2040 ലക്ഷ്യരേഖ

കേരളം ദേശീയതലത്തിൽ പ്രഖ്യാപിച്ചതിനേക്കാൾ ത്വരിതഗതിയിലുള്ള ഊർജ്ജ പരിവർത്തന ലക്ഷ്യമാണ് സ്വീകരിച്ചിരിക്കുന്നത്: 2040-ഓടെ 100% പുനരുപയോഗ വൈദ്യുതിയും, 2050-ഓടെ നെറ്റ്-സീറോ കാർബൺ ഉത്സർഗ്ഗവും.

a. 2030-ഓടെ കൈവരിക്കേണ്ട മൈൽസ്റ്റോണുകൾ

- മൊത്തം 4,000–5,000 മെഗാവാട്ട് സോളാർ ശേഷി, അതിൽ വൻകിട പദ്ധതികളേക്കാളും പുരപ്പുറ, പാർക്കിംഗ് ഷെഡ്, കെട്ടിട-ഇന്റിഗ്രേറ്റഡ് സംവിധാനങ്ങൾ എന്നിവക്ക് കൂടുതൽ പങ്ക്.
- 2,000 മെഗാവാട്ട് പമ്പ്ഡ് സ്റ്റോറേജ് ശേഷി, Transgrid 2.0 പോലുള്ള ട്രാൻസ്മിഷൻ മോഡേൺ നായിസേഷൻ പദ്ധതികളോടൊപ്പം.
- സർക്കാർ-പൊതു കെട്ടിടങ്ങൾക്കായി nearly net-zero energy കെട്ടിട സ്റ്റാൻഡേർഡുകൾ.
- വിതരണം ചെയ്യപ്പെട്ട ഹൈഡ്രജൻ, ബയോഎത്തനോൾ, ബയോ-CNG എന്നിവ ഉൾപ്പെടുന്ന പൈലറ്റ്-മുതൽ പ്രോഗ്രാം സ്കെയിൽ വരെ value chain-കൾ.

b. 2040-ഓടെ: പൂർണ്ണ പുനരുപയോഗ വൈദ്യുതി

- കുറഞ്ഞത് 10,000 മെഗാവാട്ട് പുനരുപയോഗ വൈദ്യുതി ശേഷി; distribution-വശം intelligent, storage-integrated, demand-responsive ആകുന്ന രീതിയിൽ ഗ്രിഡ് പുനർരൂപകല്പന.
- പൊതു ഗതാഗതത്തിന്റെ ഭൂരിഭാഗം ഇലക്ട്രിക്, freight ഗതാഗതത്തിൽ waterways, rail എന്നിവയ്ക്ക് മുൻതൂക്കം.
- energy data platforms, carbon registry, digital public infrastructure എന്നിവ പരസ്പരം ബന്ധിപ്പിച്ച അറിവ് അടിസ്ഥാന സൗകര്യമായി രൂപപ്പെടുക.

c. തൽക്ഷണ (1–3 വർഷം) ഇടപെടലുകൾ

- energy, transport, water, digital എന്നിവ സംയോജിപ്പിച്ച് Infrastructure 2.0 mission mode programme പ്രഖ്യാപിക്കുക.
- rooftop solar, DC microgrids, EV charging, green buildings എന്നിവയ്ക്ക് ലളിതമായ, single-window അംഗീകാരം.
- KSEB, ANERT, EMC, K-DISC, Universities, LSGIs എന്നിവ ചേർന്ന Energy Innovation Council രൂപീകരണം.

d. മദ്ധ്യകാല (3–7 വർഷം) ഇടപെടലുകൾ

- EV, battery, power electronics, bioenergy, hydrogen മേഖലകളിൽ cluster-based manufacturing parks; skill development, R&D, testing facilities സഹിതം.
- സംസ്ഥാനതല കാർബൺ രജിസ്റ്ററി നിയമപരമായ അഗീകാരം നേടിയ Statutory body ആയി ഉയർത്തുക.
- Distribution network modernization, smart metering, AT&C loss 5% താഴെയാക്കുന്നതിനുള്ള targeted programmes.

e. ദീർഘകാല (7+ വർഷം) ഇടപെടലുകൾ

- Hydrogen economy, circular economy in batteries, e-waste management, carbon capture in plantations എന്നിവ third generation reforms ആയി കൊണ്ടുവരിക.
- Energy, climate, livelihoods, knowledge economy എന്നിവ സംയോജിപ്പിക്കുന്ന multi-decade Kerala Green Deal രൂപപ്പെടുത്തുക.

VI

കേന്ദ്രനയം: സ്വകാര്യവൽക്കരണവും കേന്ദ്രീകരണവും

മേൽപ്പറഞ്ഞ കർമ്മപരിപാടിക്കു മുന്നിൽ ഏറ്റവും വലിയ കടമ്പയായി നിൽക്കുന്നത് കേന്ദ്ര സർക്കാരിന്റെ നയങ്ങളാണ്. ശ്രദ്ധേയമായ കാര്യം 1990-കൾ മുതൽ നവലിബറൽ നയങ്ങളുടെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയങ്ങൾക്ക് കൃത്യമായ തുടർച്ചയുണ്ടെന്നുള്ളതാണ്. കോൺഗ്രസ് തുടങ്ങി, ബിജെപി മുന്നോട്ട് കൊണ്ടുപോകുന്നു.

വൈദ്യുതി മേഖലയെ സ്വകാര്യ മൂലധനശക്തികളുടെ ലാഭതാൽപര്യങ്ങൾക്ക് വിട്ടുകൊടുക്കുക എന്നതാണ് യൂണിയൻ സർക്കാരിന്റെ സമീപനം. വൈദ്യുതി നിയമം ഭേദഗതി ചെയ്തുകൊണ്ട് ബഹു ലൈസൻസിംഗ് നടപ്പാക്കുന്നതിനായി നടത്തിയ ശ്രമങ്ങളെ രാജ്യ വ്യാപകമായി ഉയർന്നുവന്ന പ്രക്ഷോഭങ്ങളിലൂടെ കുറേയൊക്കെ തടഞ്ഞുനിർത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സ്വകാര്യവൽക്കരണ അജണ്ടയിൽ മാറ്റമൊന്നും വരുത്താൻ യൂണിയൻ സർക്കാർ തയ്യാറല്ല.

യൂണിയൻ ടെറിട്ടറി പ്രദേശങ്ങളിലെ വൈദ്യുതി വിതരണ യൂട്ടിലിറ്റികളെ സ്വകാര്യമേഖലക്ക് കൈമാറുന്ന നടപടികൾ നടക്കുകയാണ്. വൈദ്യുതി ത്തൊഴിലാളികളുടെ ശക്തമായ ചെറുത്തുനിൽപ്പിനെ അവഗണിച്ചുകൊണ്ട് ചാണ്ഡീഗഡിലെ വൈദ്യുതി വിതരണം സ്വകാര്യ മേഖലക്ക് കൈമാറിക്കഴിഞ്ഞു. പുതുശ്ശേരിയിലും ജമ്മുകാശ്മീരിലും ടെണ്ടർ നടപടികൾ ആരംഭിച്ചെങ്കിലും പ്രക്ഷോഭങ്ങളുടെ ഭാഗമായി തൽക്കാലത്തേക്ക് മാറ്റി വെച്ചിരിക്കുകയാണ്. ഉത്തരപ്രദേശ്, ഉത്തരാഖണ്ഡ്, മഹാരാഷ്ട്ര തുടങ്ങി എൻ.ഡി.എ. ഭരിക്കുന്ന സംസ്ഥാനങ്ങളിലും സ്വകാര്യവൽക്കരണ നടപടികൾ ഉണ്ടായെങ്കിലും അവിടങ്ങളിലുണ്ടായ പ്രക്ഷോഭങ്ങൾ ഇത്തരം ശ്രമങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതി സൃഷ്ടിച്ചിട്ടുണ്ട്.

യൂണിയൻ സർക്കാർ ധനസഹായത്തോടെയുള്ള പദ്ധതികളുടെ നിബന്ധനകളിലൂടെ സ്വകാര്യവൽക്കരണം ഒളിച്ചുകടത്താനും ശ്രമങ്ങളുണ്ട്. സ്മാർട്ട് മീറ്റർ വ്യാപനത്തിനുള്ള സബ്സിഡിക്ക് ടോട്ടക്സ് എന്ന നിലയിൽ വൈദ്യുതി വിതരണ മേഖലയുടെ റവന്യൂവിഭാഗം പൂർണ്ണമായും സ്വകാര്യമേഖലയെ ഏൽപ്പിക്കണം എന്ന നിബന്ധന വെച്ചതും ആത്മനിർബർ അഭിയാൻ പദ്ധതിയിൽ വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യവൽക്കരണം നടത്തുന്നതിന് പ്രോത്സാഹനം പ്രഖ്യാപിച്ചതുമൊക്കെ ഇത്തരം സമീപനത്തിന്റെ ഉദാഹരണമാണ്. സംസ്ഥാനങ്ങളുടെ വായ്പാപരിധി നിർണ്ണയിക്കുന്നതിൽ വൈദ്യുതിമേഖലാപരിഷ്കാരങ്ങൾ ഘടകമാക്കിയതും ആയതിൽ വേണ്ടത്ര മുന്നേറാൻ കഴിഞ്ഞില്ലെങ്കിൽ വിതരണരംഗം സ്വകാര്യമേഖലക്ക് കൈമാറിയാൽ ഇളവ് നൽകാൻ വ്യവസ്ഥ ചെയ്തതും ഇതേ സമീപനത്തിന്റെ ഭാഗമാണ്. എന്നാൽ യൂണിയൻ സർക്കാർ നയങ്ങൾക്ക് ബദൽ ഒരുക്കിയാണ് കേരളം മുന്നോട്ടുപോകുന്നത്.

വൈദ്യുതി മേഖലയെ കമ്പനികളാക്കി വിഭജിക്കണമെന്നും സ്വകാര്യവൽക്കരിക്കണമെന്നുമുള്ള യൂണിയൻസർക്കാർ സമീപനത്തോട് വൈദ്യുതി മേഖലയെ ഒറ്റസ്ഥാപനമായി പൊതുമേഖലയിൽ സംരക്ഷിക്കുകയെന്ന ബദൽനയം വെച്ചാണ് സംസ്ഥാനം പ്രതികരിക്കുന്നത്. ഈ ബദലിന്റെ വിജയമാണ് കേരളം ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങളൊക്കെയും. യൂണിയൻ സർക്കാർ ടോട്ടക്സ് രീതിയിൽ സ്മാർട്ട് മീറ്റർ നടപ്പാക്കണം എന്ന് നിർബന്ധിച്ചപ്പോൾ അതിന് ബദലായി കാപ്പക്സ് രീതി ആവിഷ്കരിച്ച് നടപ്പാക്കുക മാത്രമല്ല കുറഞ്ഞ ചെലവിൽ പദ്ധതി നടപ്പാക്കാനും കേരളത്തിന് കഴിഞ്ഞു.

യൂണിയൻ സർക്കാർ പിന്തുടരുന്ന നവ ഉദാരവൽക്കരണ നയങ്ങളെ ചെറുക്കുന്നതിനോടൊപ്പം വൈദ്യുതിമേഖലയിൽ ലോകോത്തര നിലവാരം കൈവരിക്കാനുള്ള ഇടപെടലുകളാന് ഉണ്ടാകേണ്ടത്. വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ, സേവന മേഖലകളിൽ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പുവരുത്തിയാൽ അത് തികച്ചും സാദ്ധ്യമാണ്.

15

റോഡുകളും പൊതുമരാമത്ത് പണികളും

അടിസ്ഥാന സൗകര്യങ്ങളാണ് ഒരു സംസ്ഥാനത്തിന്റെ വികസന ശേഷിയും സാമൂഹിക പുരോഗതിയും ഭരണത്തിന്റെ ഗുണനിലവാരവും ഒരുപോലെ നിർണ്ണയിക്കുന്നത്. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പൊതുഇടങ്ങൾ എന്നിവ വെറും ഭൗതിക നിർമ്മിതികളായി മാത്രമല്ല, ജനജീവിതത്തിന്റെ ഒഴുക്കിനെയും സാമ്പത്തിക പ്രവർത്തനങ്ങളെയും സാമൂഹിക ബന്ധങ്ങളെയും പരിസ്ഥിതിയുമായുള്ള മനുഷ്യന്റെ ബന്ധത്തെയും രൂപപ്പെടുത്തുന്ന അടിസ്ഥാന ഘടകങ്ങളായാണ് ഇന്ന് കണക്കാക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ, കേരളത്തിന്റെ ഭാവി വികസന ദർശനം രൂപപ്പെടുത്തുമ്പോൾ അടിസ്ഥാന സൗകര്യ വികസനത്തെ ഒരു സാങ്കേതിക പ്രവർത്തനമായി മാത്രം കാണാനാകില്ല; അത് സാമൂഹിക നീതിയുടെയും മനുഷ്യവികസനത്തിന്റെയും സുസ്ഥിരതയുടെയും കേന്ദ്ര ഘടകമായി പരിഗണിക്കപ്പെടണം.

സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, പൊതുഇടങ്ങൾ എന്നിവയുടെ രൂപകൽപ്പന, ആസൂത്രണം, നിർമ്മാണം, പരിപാലനം എന്നീ സമഗ്ര ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന വകുപ്പാണ് പൊതുമരാമത്ത് വകുപ്പ്. ഗതാഗതം, വ്യാപാരം, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം, ഭരണസേവനങ്ങൾ, ദുരന്തനിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളുടെ കാര്യക്ഷമത പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളോട് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ഈ അർത്ഥത്തിൽ, പൊതുമരാമത്ത് വകുപ്പ് ഒരു നിർമ്മാണ ഏജൻസിയെന്നതിലുപരി, സംസ്ഥാനത്തിന്റെ വികസന അടിസ്ഥാനഘടനയെ രൂപപ്പെടുത്തുന്ന നയ–നിർവഹണ സ്ഥാപനമാണ്.

I
റോഡ് വികസനത്തിന്റെ സാമൂഹ്യ-പരിസ്ഥിതി മാനങ്ങൾ

കേരളത്തിന്റെ സാമൂഹിക–സാമ്പത്തിക സാഹചര്യങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വ്യക്തമായി വ്യത്യസ്തമാണ്. ഉയർന്ന ജനസാന്ദ്രത, പരിമിതമായ ഭൂവിസ്തീർണ്ണം, പരിസ്ഥിതിപരമായി അതീവസൂക്ഷ്മമായ ഭൂപ്രകൃതി, ഉയർന്ന മനുഷ്യവികസന സൂചികകൾ എന്നിവ ഒരുമിച്ച് നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. അതിനാൽ തന്നെ, ഇവിടെ അടിസ്ഥാന സൗകര്യ വികസനം വലുപ്പവും വേഗവും മാത്രം ലക്ഷ്യമിടുന്ന സമീപനത്തിലൂടെ മുന്നോട്ടുകൊണ്ടുപോകാനാവില്ല. കേരളത്തിന്റെ ഭാവി ദർശനം സുരക്ഷിതവും സുസ്ഥിരവും ഉൾക്കൊള്ളുന്നതുമായ (inclusive) വികസനത്തിലേക്ക് ചൂണ്ടിക്കാണിക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവർത്തനങ്ങൾ സാമൂഹിക നീതിയെയും പരിസ്ഥിതി സംരക്ഷണത്തെയും മനുഷ്യ സുരക്ഷയെയും ഒരുപോലെ പരിഗണിക്കുന്ന രീതിയിൽ പുനർരൂപകൽപ്പന ചെയ്യേണ്ടതുണ്ട്.

റോഡുകളും പാലങ്ങളും കെട്ടിടങ്ങളും രൂപകൽപ്പന ചെയ്യുമ്പോൾ തന്നെ അവയുടെ ദീർഘകാല സാമൂഹിക–പരിസ്ഥിതിപ്രഭാവങ്ങൾ കണക്കിലെടുക്കേണ്ട കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കാലാവസ്ഥാ മാറ്റം, അതിതീവ്ര കാലാവസ്ഥാ സംഭവങ്ങൾ, നഗരവൽക്കരണത്തിന്റെ സമ്മർദ്ദങ്ങൾ, ഗതാഗത സാന്ദ്രത, വിഭവങ്ങളുടെ പരിമിതത്വം എന്നിവയെല്ലാം തന്നെ അടിസ്ഥാന സൗകര്യ വികസനത്തിന് പുതിയ വെല്ലുവിളികൾ ഉയർത്തുന്നു. ഈ സാഹചര്യത്തിൽ, കേരളത്തിന്റെ ഭാവി വികസന സമീപനം കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള, വിഭവക്ഷമമായ, സാങ്കേതികവിദ്യ അധിഷ്ഠിതമായ, മനുഷ്യകേന്ദ്രിതമായ അടിസ്ഥാന സൗകര്യങ്ങളിലേക്കാണ് നീങ്ങേണ്ടത്.

പൊതുമരാമത്ത് വകുപ്പിന്റെ ഭാവി ദൗത്യം റോഡുകളും പാലങ്ങളും കെട്ടിടങ്ങളും നിർമ്മിക്കുക എന്നതിൽ മാത്രം ഒതുങ്ങുന്നില്ല. പൊതുഇടങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, ഗതാഗതം കൂടുതൽ സുരക്ഷിതവും കാര്യക്ഷമവുമാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്നവർക്കും ഭിന്നശേഷിക്കാർക്കും ഒരുപോലെ ഉപയോഗപ്രദമായ ഇടങ്ങൾ സൃഷ്ടിക്കുക, പരിസ്ഥിതിയോട് സൗഹൃദപരമായ നിർമ്മാണരീതികൾ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളും അതിനോടൊപ്പം ചേർന്നു നിൽക്കുന്നു. അതിനാൽ തന്നെ, പൊതുമരാമത്ത് പ്രവർത്തനങ്ങളെ സാങ്കേതിക–എഞ്ചിനീയറിങ് പ്രവർത്തനങ്ങളിൽ നിന്നു സാമൂഹിക രൂപകൽപ്പനയുടെ (social design) മേഖലകളിലേക്ക് ഉയർത്തേണ്ടതുണ്ട്.

അടിസ്ഥാന സൗകര്യ വികസനം സർക്കാർ ചെലവിന്റെ ഒരു ഘടകമായി മാത്രം കാണുന്നത് പരിമിതമായ

സമീപനമാണ്. അത് ഭാവി തലമുറകളിലേക്കുള്ള ദീർഘകാല സാമൂഹിക നിക്ഷേപമാണ്. കേരളത്തിന്റെ ഭാവി ദർശനം ഈ തിരിച്ചറിവിൽ നിന്നാണ് രൂപപ്പെടേണ്ടത്. സുതാര്യമായ ഭരണസംവിധാനം, ശാസ്ത്രീയ ആസൂത്രണം, ഗവേഷണ അധിഷ്ഠിത സമീപനം, സാങ്കേതിക നവീകരണം, ജനപങ്കാളിത്തം എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ പുനർനിർവചിക്കുകയാണ് ഈ നയരേഖയുടെ ഉദ്ദേശ്യം. ഇതിലൂടെ, കേരളത്തെ മനുഷ്യസൗഹൃദവും സുസ്ഥിരവുമായ, ഭാവിയെ നേരിടാൻ ശേഷിയുള്ള ഒരു അടിസ്ഥാന സൗകര്യ സംവിധാനത്തിലേക്ക് നയിക്കുക എന്നതാണ് ഈ അവതാരിക മുന്നോട്ടുവയ്ക്കുന്ന കേന്ദ്രദർശനം.

തടസ്സമില്ലാത്ത റോഡ് ശൃംഖല

കേരളത്തിന്റെ വികസന യാത്രയിൽ റോഡ് ഗതാഗത ശൃംഖല നിർവഹിച്ച പങ്ക് അത്യന്തം നിർണ്ണായകമാണ്. സാമൂഹികവും സാമ്പത്തികവുമായ പ്രവർത്തനങ്ങളുടെ ഭൂരിഭാഗവും റോഡുകളെ ആശ്രയിച്ചാണ് മുന്നോട്ട് പോകുന്നത്. ഗ്രാമീണ മേഖലകളിൽ നിന്നും നഗര കേന്ദ്രങ്ങളിലേക്കും, ഉൽപാദന മേഖലകളിൽ നിന്നും വിപണികളിലേക്കും, വിദ്യാഭ്യാസ–ആരോഗ്യ സേവനങ്ങളിലേക്കും ജനങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാന ഘടകം റോഡ് ശൃംഖലയാണ്. അതിനാൽ തന്നെ, കേരളത്തിന്റെ ഭാവി വികസന ദർശനം രൂപപ്പെടുത്തുമ്പോൾ തടസ്സമില്ലാത്തതും സുരക്ഷിതവും കാര്യക്ഷമവുമായ റോഡ് ശൃംഖല ഒരു അടിസ്ഥാന ആവശ്യമെന്ന നിലയിൽ കാണേണ്ടതുണ്ട്.

രാജ്യത്തെ ഏറ്റവും സാന്ദ്രമായ റോഡ് ശൃംഖലകളിലൊന്നാണ് കേരളത്തിന്റേത്. ഗ്രാമീണ മേഖലകളിൽ അടക്കം BM–BC നിലവാരത്തിലുള്ള റോഡുകൾ വ്യാപകമായി നിലവിലുള്ള അപൂർവ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇതുവഴി ജനജീവിതത്തിന്റെ ഗുണനിലവാരത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ, ഈ നേട്ടങ്ങൾ നിലനിൽക്കുമ്പോഴും, കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയും ജനസാന്ദ്രതയും വാഹന വർധനവുമാണ് റോഡ് ഗതാഗത മേഖലയിൽ പുതിയ വെല്ലുവിളികൾ ഉയർത്തുന്നത്.

കേരളം രാജ്യത്തെ ഏറ്റവും ഉയർന്ന വാഹന സാന്ദ്രതയുള്ള സംസ്ഥാനങ്ങളിലൊന്നാണ്. പരിമിതമായ ഭൂവിസ്തീർണ്ണത്തിനുള്ളിൽ ജനസംഖ്യയും വാഹനങ്ങളും സാന്ദ്രമായി നിലനിൽക്കുന്നത് റോഡുകളുടെ ശേഷിയിലും സുരക്ഷയിലും ഗതാഗത പ്രവാഹത്തിലും വലിയ സമ്മർദ്ദമാണ് സൃഷ്ടിക്കുന്നത്. അതിനാൽ, റോഡ് വികസനത്തെ വെറും നീള വർധനയോ പുനർനിർമ്മാണമോ എന്ന നിലയിൽ മാത്രം കാണാനാകില്ല. റോഡ് ശൃംഖലയുടെ പ്രവർത്തനക്ഷമത (functional efficiency), സുരക്ഷ, കാലപരിധി ലാഭം, പരിസ്ഥിതി സ്വാധീനം എന്നീ ഘടകങ്ങൾ ഒരുപോലെ പരിഗണിക്കുന്ന സമഗ്ര സമീപനമാണ് ആവശ്യമായത്.

കേരളത്തിലെ മൊത്തം റോഡ് ഗതാഗതത്തിന്റെ വലിയൊരു പങ്ക് ദേശീയപാതകൾ, സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവയിലൂടെയാണ് കൈകാര്യം ചെയ്യപ്പെടുന്നത്. അതുകൊണ്ടുതന്നെ, ഭാവിയിൽ റോഡ് വികസന നയം ഈ പ്രധാന പാതകൾക്ക് മുൻഗണന നൽകിക്കൊണ്ടായിരിക്കണം. ഈ പാതകളെ ഉയർന്ന ശേഷിയുള്ള, ഡിസൈൻ അധിഷ്ഠിത, നിയന്ത്രിത പ്രവേശന സൗകര്യമുള്ള (access-managed)റോഡുകളായി ഘട്ടംഘട്ടമായി മാറ്റുകയാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ഗതാഗതക്കുരുക്ക് കുറയ്ക്കാനും യാത്രാസമയം ചുരുക്കാനും റോഡ് സുരക്ഷ മെച്ചപ്പെടുത്താനും സാധിക്കും.

തടസ്സമില്ലാത്ത റോഡ് ശൃംഖല എന്ന ആശയം റോഡുകളുടെ ഭൗതിക തുടർച്ചയിൽ മാത്രം ഒതുങ്ങുന്നില്ല. അത് ജംഗ്ഷനുകളുടെ രൂപകൽപ്പന, ട്രാഫിക് മാനേജ്മെന്റ്, ബൈപാസുകൾ, ഗ്രേഡ് സെപ്പറേറ്ററുകൾ, എലിവേറ്റഡ് കോരിഡോറുകൾ, ശാസ്ത്രീയ പാർക്കിംഗ് സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന സമഗ്ര ഗതാഗത സംവിധാനത്തെയാണ് സൂചിപ്പിക്കുന്നത്. നഗര കേന്ദ്രങ്ങളിലെ ഗതാഗത സമ്മർദ്ദം കുറയ്ക്കുന്നതിനായി ബൈപാസ് പാതകൾക്കും, ഉയർന്ന വാഹന ബാഹുല്യമുള്ള മേഖലകളിൽ എലിവേറ്റഡ് റോഡുകൾക്കും മുൻഗണന നൽകുന്ന നയസമീപനം സ്വീകരിക്കും.

സംസ്ഥാന പാതകളെയും പ്രധാന ജില്ലാ റോഡുകളെയും ഭാവിയിലെ ഗതാഗത ആവശ്യങ്ങൾ കണക്കിലെടുത്ത് ഡിസൈൻ റോഡുകളായി മാറ്റുക എന്നതാണ് പൊതുമരാമത്ത് വകുപ്പിന്റെ ദീർഘകാല ലക്ഷ്യം. സംസ്ഥാന പാതകൾ ഉയർന്ന വേഗതയും സുരക്ഷയും ഉറപ്പാക്കുന്ന നാല് വരി ഡിസൈൻ റോഡുകളായി വികസിപ്പിക്കുകയും, പ്രധാന ജില്ലാ റോഡുകൾ കുറഞ്ഞത് രണ്ട് വരി ഡിസൈൻ നിലവാരത്തിലെത്തിക്കുകയും ചെയ്യുന്ന ഘട്ടംഘട്ടമായ വികസനമാണ് മുന്നിൽ കാണുന്നത്. ഇതോടൊപ്പം, ഗ്രാമീണ–പിന്നോക്ക മേഖലകളിൽ അടിസ്ഥാന കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിന് ആവശ്യമായ റോഡ് വികസനവും സമന്വയിപ്പിച്ച് നടപ്പിലാക്കും.

കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ റോഡ് ശൃംഖല സാമൂഹിക ഉൾക്കൊള്ളലിന്റെ (social inclusion)ഒരു ഉപകരണമായാണ് കാണപ്പെടുന്നത്. ആദിവാസി മേഖലകൾ, മലയോര പ്രദേശങ്ങൾ, തീരദേശ മേഖലകൾ, ദുരിതബാധിത പ്രദേശങ്ങൾ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് സുരക്ഷിതവും വിശ്വസനീയവുമായ റോഡ് കണക്റ്റിവിറ്റി ഉറപ്പാക്കുക എന്നത് വികസനത്തിന്റെ അടിസ്ഥാന ഘടകമാണ്. വിവിധ വകുപ്പുകളുമായി സഹകരിച്ച് ഇത്തരം മേഖലകളിൽ സമഗ്ര റോഡ് കണക്റ്റിവിറ്റി പദ്ധതികൾ നടപ്പിലാക്കും.

കാലാവസ്ഥാ മാറ്റവും അതിതീവ്ര കാലാവസ്ഥാ സംഭവങ്ങളും റോഡ് അടിസ്ഥാന സൗകര്യങ്ങൾക്ക് ഉയർത്തുന്ന വെല്ലുവിളികൾ ഭാവി വികസനത്തിൽ നിർണ്ണായകമായി കണക്കിലെടുക്കേണ്ടതാണ്. വെള്ളപ്പൊക്കങ്ങൾ, ഉരുൾപൊട്ടലുകൾ, കടൽക്ഷോഭം, അമിതമഴ എന്നിവയെ നേരിടാൻ ശേഷിയുള്ള കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള (climate-resilient) റോഡ് രൂപ

കൽപ്പനകൾ ഭാവിയിൽ നിർബന്ധമാക്കും. ശാസ്ത്രീയ ഡ്രെയിനേജ് സംവിധാനങ്ങൾ, മണ്ണ് സ്ഥിരത ഉറപ്പാക്കുന്ന സാങ്കേതികവിദ്യകൾ, ദീർഘകാലം നിലനിൽക്കുന്ന നിർമ്മാണ സാമഗ്രികൾ എന്നിവ റോഡ് വികസന നയത്തിന്റെ ഭാഗമാകും.

തടസ്സമില്ലാത്ത റോഡ് ശൃംഖല എന്നത് വേഗത മാത്രം മുൻനിർത്തിയുള്ള വികസനമല്ല; അത് സുരക്ഷിതവും മാനവ സൗഹൃദവുമായ ഗതാഗത പരിസരങ്ങൾ സൃഷ്ടിക്കുന്നതുമായിരിക്കണം. നടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ, സുരക്ഷിത ബസ് സ്റ്റോപ്പുകൾ, സ്ത്രീ–ഭിന്നശേഷി സൗഹൃദ സംവിധാനങ്ങൾ എന്നിവ റോഡ് ഡിസൈന്റെ അവിഭാജ്യ ഘടകങ്ങളായിരിക്കും. ഇതിലൂടെ റോഡുകൾ വാഹനങ്ങൾക്കു മാത്രമല്ല, ജനങ്ങൾക്കായുള്ള പൊതു ഇടങ്ങളായി പുനർനിർവചിക്കപ്പെടും.

ഇങ്ങനെ, കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ തടസ്സമില്ലാത്ത റോഡ് ശൃംഖല ഒരു സാങ്കേതിക ലക്ഷ്യമല്ല, മറിച്ച് സാമൂഹിക–സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാന ഉപാധിയാണ്. കാര്യക്ഷമത, സുരക്ഷ, സമത്വം, സുസ്ഥിരത എന്നിവ ഒരുമിച്ച് കൈവരിക്കുന്ന റോഡ് വികസന സമീപനത്തിലൂടെയാണ് കേരളത്തിന്റെ ഗതാഗത ഭാവി രൂപപ്പെടേണ്ടത്.

II
റോഡ് ഗതാഗതത്തിന്റെ ഘടന

കേരളത്തിന്റെ ഗതാഗത ഘടനയെ സമഗ്രമായി വിലയിരുത്തുമ്പോൾ, ദേശീയപാതകളും സംസ്ഥാനതല പ്രധാന കോരിഡോറുകളും സംസ്ഥാനത്തിന്റെ സാമ്പത്തിക–സാമൂഹിക പ്രവാഹത്തിന്റെ അച്ചുതണ്ടുകളാണ്എന്ന് വ്യക്തമാണ്. വ്യാപാരം, വ്യവസായം, കൃഷി, ടൂറിസം, സേവനമേഖല, തൊഴിൽ ഗതാഗതം, ചരക്ക് നീക്കം എന്നിവയുടെ ഭൂരിഭാഗവും ഈ പാതകളെ ആശ്രയിച്ചാണ് നടക്കുന്നത്. അതിനാൽ തന്നെ, കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ ദേശീയപാതകളും പ്രധാന കോരിഡോറുകളും വെറും ഗതാഗത പാതകളായി മാത്രമല്ല, വികസന കോരിഡോറുകളായി (development corridors) ആണ് കാണേണ്ടത്.

ദേശീയപാതകൾ

കേരളത്തിന്റെ ഭൂമിശാസ്ത്ര ഘടന – നീളം കൂടിയ, വീതി കുറഞ്ഞ, തീരദേശ–മലയോര സ്വഭാവമുള്ള ഭൂപ്രകൃതി – ഗതാഗത ആസൂത്രണത്തിന് പ്രത്യേക സമീപനം ആവശ്യപ്പെടുന്നു. ഇവിടെ ദേശീയപാതകളും സംസ്ഥാന പാതകളും ഒരേസമയം ഉയർന്ന ഗതാഗത ഭാരം വഹിക്കുകയും, നഗര കേന്ദ്രങ്ങളിലൂടെ കടന്നുപോകുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി, ഗതാഗതക്കുരുക്ക്, അപകടസാധ്യത, നഗരജീവിതത്തിന്റെ ഗുണനിലവാരത്തിലെ ഇടിവ് എന്നിവ ഉണ്ടാകുന്ന സാഹചര്യം പല പ്രദേശങ്ങളിലും കാണപ്പെടുന്നു. ഈ പശ്ചാത്തലത്തിലാണ്, ദേശീയപാതാ വികസനത്തെ വീതി വർധനയിലോ ശേഷി വർധനയിലോ ഒതുങ്ങാത്ത, സമഗ്രമായ ഗതാഗത–ഭൂപ്രയോഗ ആസൂത്രണത്തിന്റെ ഭാഗമായി കാണേണ്ടത്.

ദേശീയപാതകൾ കേരളത്തിന്റെ വടക്ക്–തെക്ക്, കിഴക്ക്–പടിഞ്ഞാറ് ദിശകളിലെ പ്രധാന ബന്ധപാതകളാണ്. ഇവയെ ഉയർന്ന ശേഷിയുള്ള, നിയന്ത്രിത പ്രവേശന സൗകര്യമുള്ള, സുരക്ഷിതവും കാര്യക്ഷമവുമായ പാതകളായി വികസിപ്പിക്കുക എന്നത് ഭാവി ഗതാഗത നയത്തിന്റെ പ്രധാന ഘടകമാണ്. അതോടൊപ്പം, ദേശീയപാതകൾ കടന്നുപോകുന്ന നഗരങ്ങളിലും അർദ്ധനഗരങ്ങളിലും ബൈപാസ് പാതകൾ, ഔട്ടർ റിംഗ് റോഡുകൾ, സർവീസ് റോഡുകൾ എന്നിവ വഴി പ്രാദേശിക ഗതാഗതവും ദൂരയാത്രാ ഗതാഗതവും വേർതിരിക്കുന്ന സമീപനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇത് ഗതാഗത സുതാര്യതയ്ക്കൊപ്പം നഗരങ്ങളുടെ ജീവിത ഗുണനിലവാരവും മെച്ചപ്പെടുത്തും.

കേരളത്തിന്റെ സ്വപ്നപദ്ധതിയായ ദേശീയപാതാ വികസനം സാധ്യമാക്കിയ സർക്കാരാണ് ഇത്. 2016 ൽ അധികാരത്തിൽ വന്ന സർക്കാരും മുഖ്യമന്ത്രിയും നടത്തിയ ഇച്ഛാശക്തിയുള്ള ഇടപെടലാണ് കേരളത്തിൽ ദേശീയപാത- 66 ന്റെ വികസനം സാധ്യമാക്കിയത്. കേരളം 5580 കോടി രൂപ ദേശീയപാതാ വികസനത്തിനായി കേന്ദ്രത്തിന് കൈമാറുകയും ചെയ്തു. ദേശീയപാതാ- 66 ന്റെ വികസനം അന്തിമഘട്ടത്തിലേക്ക് എത്തിക്കഴിഞ്ഞു. കേരളത്തിന്റെ വടക്കേഅറ്റം മുതൽ തെക്കേഅറ്റം വരെ ആറുവരിപാത യാഥാർത്ഥ്യമാവുകയാണ്. കേരളത്തിന്റെ സമഗ്രമായ വികസനത്തിന് വഴിതുറക്കുന്ന ഒന്നായി ദേശീയപാത- 66 ന്റെ വികസനം മാറും. ദേശീയപാതാ - 66 ന് പുറമെ കുതിരാൻ ടണൽ , മൂന്നാർ - ബോഡിമെട്ട്, നാടുകാൽ - താണാവ് എന്നീ ദേശീയപാത വികസന പ്രവർത്തികളും പൂർത്തീകരിച്ചു. ദേശീയപാത - 85 ൽ കൊച്ചി - മൂന്നാർ 125 കിലോ മീറ്റർ പാതാനവീകരണം പുരോഗമിക്കുന്നു. താമരശ്ശേരി ചുരത്തിലെ മൂന്ന് ഹെർപിൻ വളവുകൾ നവീകരിക്കുവാൻ ഉള്ള പദ്ധതിയും നടപ്പിലാക്കുന്നു.

കേരളത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കി തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്, എറണാകുളം ബൈപാസ്, കൊല്ലം ചെങ്കോട്ട ഗ്രീൻ ഫീൽഡ്, കോഴിക്കോട്- പാലക്കാട് ഗ്രീൻഫീൽഡ് പാതാ എന്നീ പ്രവൃത്തികൾ ആരംഭിക്കുക എന്നതാണ് അടിയന്തര ലക്ഷ്യം. ഇതിനായി ഈ പദ്ധതികളിൽ എല്ലാം ജി എസ് ടി വിഹിതവും റോയൽറ്റിയും ഒഴിവാക്കി സംസ്ഥാന പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം തൃശൂർ - ഇടപ്പള്ളി ദേശീയപാതാ ആറുവരി വികസനം , എൻ എച്ച് 766 (കോഴിക്കോട് - മുത്തങ്ങ),എൻ എച്ച് 185 ൽ അടിമാലി- കുമളി, എൻ എച്ച് 183 ൽ മുണ്ടക്കയം - കുമളി എന്നീ പാതകളുടെ നവീകരണം സാധ്യമാക്കുന്നതിനുള്ള ഇടപെടലും നടത്തുന്നു. ദേശീയപാതാ അതോറിറ്റി പദ്ധതി രേഖ തയ്യാറാക്കുന്ന രാമനാട്ടുകര - കോഴിക്കോട് എയർപോർട്ട് റോഡ്, കണ്ണൂർ വിമാനത്താവള റോഡ് (ചൊവ്വ - മട്ടന്നൂർ), കൊടുങ്ങല്ലൂർ - അങ്കമാലി, ഫോർട്ട് വൈപ്പിൻ - മത്സ്യഫെഡ് ടൂറിസ്റ്റ് ഓഫീസ് റോഡ്, കോതമംഗലം - മൂവാറ്റുപുഴ ബൈപ്പാസ് എന്നിവ യാഥാർത്ഥ്യമാക്കുകയെന്ന ലക്ഷ്യവും മുന്നിൽ കാണുന്നു.

സംസ്ഥാനപാതകൾ

സംസ്ഥാനതല ഗതാഗത കോരിഡോറുകൾ ദേശീയ പാതകൾക്ക് അനുബന്ധമായും 22രകമായും പ്രവർത്തിക്കുന്ന ഘടനകളാണ്. സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ, വ്യവസായ–കാർഷിക മേഖലകളെ ബന്ധിപ്പിക്കുന്ന പ്രത്യേക പാതകൾ, ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള പ്രധാന റോഡുകൾ എന്നിവയെ ഏകോപിപ്പിച്ച് ഒരു കോരിഡോർ അധിഷ്ഠിത സമീപനം സ്വീകരിക്കുകയാണ് ലക്ഷ്യം. ഇതിലൂടെ ഗതാഗത നിക്ഷേപങ്ങൾ കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കാനും, പ്രദേശിക അസമത്വങ്ങൾ കുറയ്ക്കാനും സാധിക്കും.

കേരളത്തിന്റെ ഭാവി വികസനത്തിൽ തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, റെയിൽവേ കേന്ദ്രങ്ങൾ, വ്യവസായ പാർക്കുകൾ, ലജിസ്റ്റിക് ഹബ്ബുകൾ എന്നിവയെ ദേശീയപാത–സംസ്ഥാന കോരിഡോറുകളുമായി ശക്തമായി ബന്ധിപ്പിക്കുന്നതും നിർണ്ണായകമാണ്. മൾട്ടി–മോഡൽ കണക്റ്റിവിറ്റി എന്ന ആശയം ദേശീയപാതാ വികസനത്തിന്റെ അവിഭാജ്യ ഘടകമാക്കുന്നതിലൂടെ, ചരക്ക് ഗതാഗത ചെലവ് കുറയ്ക്കാനും, സമയക്ഷമത വർധിപ്പിക്കാനും, സംസ്ഥാനത്തിന്റെ മത്സരക്ഷമത ഉയർത്താനും കഴിയും. റോഡ്, റെയിൽ, ജലഗതാഗതം എന്നിവ തമ്മിലുള്ള സംയോജനം ഭാവി ഗതാഗത നയത്തിന്റെ കേന്ദ്രവിഷയമായിരിക്കണം.

ഭൂമിയേറ്റെടുക്കൽ

ദേശീയപാതകളും പ്രധാന കോറിഡോറുകളും വികസിപ്പിക്കുമ്പോൾ, ഭൂമിയേറ്റെടുപ്പ്, പുനരധിവാസം, സാമൂഹിക ആഘാതങ്ങൾ എന്നിവ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്. കേരളത്തിന്റെ ഭാവി ദർശനം വികസനവും സാമൂഹിക നീതിയും തമ്മിലുള്ള സന്തുലിതാവസ്ഥ ഉറപ്പാക്കുന്ന സമീപനമാണ് മുന്നോട്ടുവയ്ക്കുന്നത്. അതിനാൽ, ദേശീയപാതാ വികസനത്തിൽ ഭൂമിയേറ്റെടുപ്പ് നടപടികൾ പരമാവധി സുതാര്യവും മാനുഷികവുമായിരിക്കണം; ബാധിത കുടുംബങ്ങളുടെ ഉപജീവന സുരക്ഷയും സാമൂഹിക പുനഃസ്ഥാപനവും വികസന പ്രക്രിയയുടെ ഭാഗമാക്കേണ്ടതുണ്ട്.

പരിസ്ഥിതിപരമായി അതീവസൂക്ഷ്മമായ മേഖലകളിലൂടെ കടന്നുപോകുന്ന ദേശീയപാതകളും കോരിഡോറുകളും പ്രത്യേക രൂപകൽപ്പനാ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം വികസിപ്പിക്കുക. മലയോര മേഖലകളിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഒഴിവാക്കുന്ന സാങ്കേതികവിദ്യകൾ, തീരദേശ മേഖലകളിൽ കടൽക്ഷോഭവും കാലാവസ്ഥാ മാറ്റവും കണക്കിലെടുക്കുന്ന ഡിസൈൻ സമീപനങ്ങൾ, ജലാശയങ്ങൾക്കും തണ്ണീർത്തടങ്ങൾക്കും ദോഷം വരുത്താത്ത നിർമ്മാണരീതികൾ എന്നിവ ഭാവി ദേശീയപാതാ നയത്തിന്റെ അനിവാര്യ ഘടകങ്ങളായിരിക്കണം. ഇതിലൂടെ കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള കോരിഡോറുകൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം.

ദേശീയപാതകളും സംസ്ഥാന കോരിഡോറുകളും വികസിപ്പിക്കുമ്പോൾ, റോഡ് സുരക്ഷയ്ക്കും മനുഷ്യ സൗഹൃദ രൂപകൽപ്പനയ്ക്കും പ്രത്യേക പ്രാധാന്യം നൽകും. ഹൈവേകൾ വാഹനങ്ങൾക്ക് മാത്രം വേണ്ടിയുള്ള ഇടങ്ങളല്ല; അവയുടെ ചുറ്റുമുള്ള സമൂഹങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പൊതു ഇടങ്ങളാണ്. സുരക്ഷിത ക്രോസിംഗുകൾ, ഫുട്പാത്തുകൾ, ബസ് ബേകൾ, സർവീസ് ഏരിയകൾ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ എന്നിവയുടെ ശാസ്ത്രീയ രൂപകൽപ്പന വഴി ഹൈവേ വികസനം കൂടുതൽ മനുഷ്യകേന്ദ്രിതമാക്കും.

ഇങ്ങനെ, കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ ദേശീയപാതകളും സംസ്ഥാനതല ഗതാഗത കോരിഡോറുകളും വേഗതയുടെ ചിഹ്നങ്ങളായി മാത്രമല്ല, മറിച്ച് സുസ്ഥിര വികസനത്തിന്റെ, പ്രദേശിക സമത്വത്തിന്റെ, സാമൂഹിക പുരോഗതിയുടെ അടിസ്ഥാന ഘടകങ്ങളായാണ് പരിഗണിക്കപ്പെടുന്നത്. ഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം തന്നെ മനുഷ്യജീവിതത്തിന്റെ ഗുണനിലവാരവും പരിസ്ഥിതിയുടെ സംരക്ഷണവും ഉറപ്പാക്കുന്ന ഒരു സമന്വിത സമീപനമാണ് ഈ ഭാഗം മുന്നോട്ടുവയ്ക്കുന്നത്.

പാലങ്ങൾ

കേരളത്തിന്റെ ഭൂപ്രകൃതിയും ജലസാന്നിധ്യവും ഗതാഗത സംവിധാനത്തെ സവിശേഷമായ രീതിയിൽ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. നദികളും കനാലുകളും ചാലുകളും പുഴകളും നിറഞ്ഞ സംസ്ഥാനമായതിനാൽ, പാലങ്ങൾ കേരളത്തിന്റെ റോഡ് ശൃംഖലയിൽ അനിവാര്യ ഘടകങ്ങളാണ്. അതുപോലെ തന്നെ, നീളം കൂടിയ റെയിൽവേ പാതകൾ റോഡ് ശൃംഖലയെ നിരന്തരം മുറിച്ചുകടക്കുന്ന സാഹചര്യത്തിൽ, റെയിൽവേ ക്രോസിംഗുകളും ഗതാഗത തടസ്സങ്ങളും കേരളത്തിലെ യാത്രാസമയം, സുരക്ഷ, സാമ്പത്തിക കാര്യക്ഷമത എന്നിവയെ ഗണ്യമായി ബാധിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് പാലങ്ങളുടെയും റെയിൽവേ ഓവർബ്രിഡ്ജുകളുടെയും വികസനം കേരളത്തിന്റെ ഭാവി ഗതാഗത ദർശനത്തിൽ നിർണ്ണായക സ്ഥാനത്ത് എത്തുന്നത്.

പാലങ്ങൾ വെറും റോഡ് തുടർച്ചകൾ മാത്രമല്ല; അവ പ്രദേശങ്ങളുടെ സാമൂഹിക–സാമ്പത്തിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്ന ഘടനകളാണ്. ഗ്രാമീണ മേഖലകളിൽ നിന്ന് നഗര കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം, വിദ്യാഭ്യാസ–ആരോഗ്യ സേവനങ്ങളിലേക്കുള്ള എത്തിച്ചേരൽ, വിപണി ബന്ധങ്ങൾ, ദുരന്തസമയങ്ങളിലെ അടിയന്തര ഗതാഗതം എന്നിവയിൽ പാലങ്ങൾ നിർവഹിക്കുന്ന പങ്ക് അതീവ പ്രാധാന്യമുള്ളതാണ്. അതിനാൽ തന്നെ, ഭാവിയിലെ പാലനിർമ്മാണ നയം സുരക്ഷ, ദീർഘായുസ്സ്, പരിപാലന സൗകര്യം എന്നീ ഘടകങ്ങളെ കേന്ദ്രത്തിലാക്കി രൂപകൽപ്പന ചെയ്യേണ്ടതാണ്.

പാലങ്ങളുടെ നിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി ഗുണനിലവാരം മെച്ചപ്പെടുത്തുന്ന സമീപനമാണ് ലക്ഷ്യമിടുന്നത്. ശക്തമായ ലോഡ് കൈകാര്യം ചെയ്യാൻ ശേഷിയുള്ള ഘടനകൾ,

കാലാവസ്ഥാ മാറ്റം മൂലമുണ്ടാകുന്ന അതിതീവ്ര സാഹചര്യങ്ങൾ നേരിടാൻ കഴിയുന്ന ഡിസൈൻ മാനദണ്ഡങ്ങൾ, ദീർഘകാല പരിപാലന ചെലവ് കുറയ്ക്കുന്ന നിർമ്മാണ രീതികൾ എന്നിവ ഭാവിയിലെ പാലനിർമ്മാണ നയത്തിന്റെ ഭാഗമായിരിക്കും. ഇതോടൊപ്പം, Structural Health Monitoring പോലുള്ള സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് പാലങ്ങളുടെ അവസ്ഥ നിരന്തരം വിലയിരുത്തുന്ന ശാസ്ത്രീയ പരിപാലന സംവിധാനം ശക്തിപ്പെടുത്തും.

കേരളത്തിന്റെ ഭാവി വികസനത്തിൽ പാലങ്ങൾ പ്രവർത്തനക്ഷമതയോടൊപ്പം ദൃശ്യസൗന്ദര്യവും പ്രതിഫലിപ്പിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് നഗര കേന്ദ്രങ്ങളിലും ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിലും പാലങ്ങൾ പ്രദേശത്തിന്റെ പ്രതിഛായ രൂപപ്പെടുത്തുന്ന ഘടകങ്ങളായി മാറുന്നു. അതിനാൽ, പാലങ്ങളുടെ രൂപകൽപ്പനയിൽ വാസ്തുശില്പപരമായ ഗുണനിലവാരവും പരിസരങ്ങളുമായുള്ള സൗഹൃദബന്ധവും ഉറപ്പാക്കുന്ന സമീപനം സ്വീകരിക്കും. ഇതിലൂടെ, പാലങ്ങൾ ഗതാഗത സൗകര്യങ്ങളോടൊപ്പം പൊതു ഇടങ്ങളുടെ ഭാഗമായരൂപത്തിലേക്ക് ഉയരും.

റെയിൽവേ ഓവർബ്രിഡ്ജുകൾ

റെയിൽവേ ലെവൽക്രോസിംഗുകൾ കേരളത്തിലെ ഗതാഗത സംവിധാനത്തിന്റെ ഏറ്റവും വലിയ തടസ്സങ്ങളിലൊന്നാണ്. ഇവയിലൂടെ യാത്രാസമയം വർധിക്കുകയും, ഗതാഗതക്കുരുക്കുകൾ ഉണ്ടാകുകയും, അപകട സാധ്യത ഉയരുകയും ചെയ്യുന്നു. അതിനാൽ, ഭാവിയിലെ ഗതാഗത നയത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി ലെവൽക്രോസ് ഇല്ലാത്ത ഗതാഗത സംവിധാനം സൃഷ്ടിക്കപ്പെടണം. റെയിൽവേ ഓവർബ്രിഡ്ജുകളും അണ്ടർപാസുകളും വഴി റോഡ്–റെയിൽ ഗതാഗതം പൂർണ്ണമായി വേർതിരിക്കുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്.

റെയിൽവേ ഓവർബ്രിഡ്ജുകളുടെ വികസനം വെറും സാങ്കേതിക പ്രശ്നമായി മാത്രം കാണാൻ കഴിയില്ല. ഭൂമിയേറ്റെടുപ്പ്, നഗര രൂപകൽപ്പന, സാമൂഹിക സ്വാധീനം, പരിസ്ഥിതി ബാധകൾ എന്നിവയെല്ലാം ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ, ഈ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സമന്വിതവും മനുഷ്യകേന്ദ്രിതവുമായ സമീപനം സ്വീകരിക്കണം. നഗര കേന്ദ്രങ്ങളിൽ ROBകൾ ഗതാഗത സൗകര്യങ്ങളോടൊപ്പം നടപ്പാതകൾ, സൈക്കിൾ സൗകര്യങ്ങൾ, സുരക്ഷിത പ്രവേശന മാർഗങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന രീതിയിൽ രൂപകൽപ്പന ചെയ്യേണ്ടതാണ്.

റെയിൽവേ ഓവർബ്രിഡ്ജുകളും പ്രധാന പാലങ്ങളും സംസ്ഥാനത്തിന്റെ ഗതാഗത ശൃംഖലയിലെ നിർണ്ണായക കണ്ണികളായതിനാൽ, അവയുടെ നിർമ്മാണത്തിലും പരിപാലനത്തിലും സ്ഥാപനപരമായ ഏകോപനം അത്യന്താപേക്ഷിതമാണ്. വിവിധ ഏജൻസികൾ തമ്മിലുള്ള ചുമതല വിഭജനം, ധനസ്രോതസ്സുകളുടെ ഏകോപനം, പദ്ധതി സമയപരിധികളുടെ കർശനമായ നിരീക്ഷണം എന്നിവ ശക്തിപ്പെടുത്തേണ്ടതാണ്. ഇതിലൂടെ, ദീർഘകാലമായി നീണ്ടുനിൽക്കുന്ന പദ്ധതികളും ഗതാഗത തടസ്സങ്ങളും പരമാവധി ഒഴിവാക്കാൻ കഴിയും.

ദുരന്തനിവാരണവും അടിയന്തര പ്രതികരണവും കേരളത്തിന്റെ ഭാവി ഗതാഗത നയത്തിൽ പ്രധാന ഘടകങ്ങളാണ്. പാലങ്ങളും ROBകളും രൂപകൽപ്പന ചെയ്യുമ്പോൾ, അടിയന്തര വാഹനങ്ങൾക്കുള്ള സൗകര്യങ്ങൾ, ദുരന്തസമയങ്ങളിൽ ഗതാഗത തുടർച്ച ഉറപ്പാക്കുന്ന ഘടനകൾ, സുരക്ഷിത ഒഴിപ്പിക്കൽ മാർഗങ്ങൾ എന്നിവ പ്രത്യേകം പരിഗണിക്കണം. ഇതിലൂടെ, ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ ദുരന്തകാലത്തും പ്രവർത്തനക്ഷമമായി നിലനിൽക്കുന്ന രീതിയിലേക്ക് ഉയരും.

ഇങ്ങനെ, പാലങ്ങളും റെയിൽവേ ഓവർബ്രിഡ്ജുകളും ലെവൽക്രോസ് ഇല്ലാത്ത ഗതാഗത സംവിധാനവും കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ തടസ്സരഹിതമായ ബന്ധങ്ങളുടെ പ്രതീകങ്ങളായി മാറുന്നു. സുരക്ഷ, കാര്യക്ഷമത, ദൃശ്യഗുണനിലവാരം, സാമൂഹിക ഉത്തരവാദിത്തം എന്നിവ ഒരുമിച്ച് കൈവരിക്കുന്ന ഈ സമീപനത്തിലൂടെയാണ് സംസ്ഥാനത്തിന്റെ ഗതാഗത ശൃംഖല കൂടുതൽ സുസ്ഥിരവും മനുഷ്യസൗഹൃദവുമായതാകുന്നത്.

III
റോഡുകളുടെ ഗുണനിലവാരം

ഡിസൈൻഡ് റോഡുകൾ

കേരളത്തിന്റെഭാവിഗതാഗതദർശനത്തിൽറോഡുകൾ വെറും വാഹനചലനത്തിനുള്ള പാതകളായി മാത്രം കാണാൻ കഴിയില്ല. റോഡുകൾ ജനങ്ങളുടെ ദിനചര്യയുടെ ഭാഗമാണ്; അവ വഴിയാണ് ആളുകൾ ജോലിസ്ഥലങ്ങളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ആരോഗ്യ സേവനങ്ങളിലേക്കും വിപണികളിലേക്കും സാമൂഹിക ഇടങ്ങളിലേക്കും എത്തുന്നത്. അതിനാൽ തന്നെ, റോഡ് വികസനത്തെ എഞ്ചിനീയറിങ് പ്രവർത്തനത്തിൽ നിന്നു രൂപകൽപ്പനാ–സാമൂഹിക ഇടപെടലിലേക്ക് ഉയർത്തേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് “ഡിസൈൻഡ് റോഡുകൾ” എന്ന ആശയം കേരളത്തിന്റെ ഭാവി അടിസ്ഥാന സൗകര്യ നയത്തിൽ കേന്ദ്രസ്ഥാനത്ത് എത്തുന്നത്.

ഡിസൈൻഡ് റോഡുകൾ എന്നത് നിർദ്ദിഷ്ട വീതിയിലോ നിലവാരത്തിലോ റോഡ് നിർമ്മിക്കുക എന്നതിലുപരി, റോഡിന്റെ പ്രവർത്തന ലക്ഷ്യം, ഉപയോഗ സ്വഭാവം, ചുറ്റുപാടുകളുമായുള്ള ബന്ധം, മനുഷ്യരുടെ സുരക്ഷയും സൗകര്യവും എന്നിവയെ മുൻനിർത്തിയുള്ള സമഗ്ര രൂപകൽപ്പനയെയാണ് സൂചിപ്പിക്കുന്നത്. സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ, നഗര റോഡുകൾ, ടൂറിസം മേഖലകളിലെ പാതകൾ, ഗ്രാമീണ കണക്റ്റിവിറ്റി റോഡുകൾ എന്നിവയ്ക്ക് ഒരേ രൂപകൽപ്പന സമീപനം പ്രയോഗിക്കുന്നത് അനുയോജ്യമല്ല. അതിനാൽ, റോഡുകളുടെ പ്രവർത്തന വിഭാഗീകരണത്തിന് (functional classification)

അനുസരിച്ചുള്ള ഡിസൈൻ മാനദണ്ഡങ്ങൾ നടപ്പിലാക്കുകയാണ് ലക്ഷ്യം.

കേരളത്തിന്റെ ഭാവി വികസനത്തിൽ സംസ്ഥാന പാതകൾ ഉയർന്ന ശേഷിയുള്ള, നിയന്ത്രിത പ്രവേശന സൗകര്യമുള്ള, സുരക്ഷിതമായ ഡിസൈൻ റോഡുകളായി വികസിപ്പിക്കേണ്ടതാണ്. അതോടൊപ്പം, പ്രധാന ജില്ലാ റോഡുകൾ പ്രദേശിക ഗതാഗതത്തിനും സാമൂഹിക–സാമ്പത്തിക ബന്ധങ്ങൾക്കും ഊന്നൽ നൽകുന്ന രീതിയിൽ രണ്ട് വരി ഡിസൈൻ നിലവാരത്തിലെത്തിക്കേണ്ടതുണ്ട്. നഗര പ്രദേശങ്ങളിലെ റോഡുകൾ മൾട്ടി–ഫങ്ഷണൽ പൊതു ഇടങ്ങളായി പുനർരൂപകൽപ്പന ചെയ്യണം; അവിടെ വാഹന ഗതാഗതത്തോടൊപ്പം നടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ, ബസ് ബേകൾ, സുരക്ഷിത ക്രോസിംഗുകൾ എന്നിവ സമന്വയിപ്പിക്കപ്പെടണം.

ഡിസൈൻഡ് റോഡുകളുടെ ഒരു പ്രധാന ഘടകം റോഡ് സുരക്ഷയെ രൂപകൽപ്പനയുടെ കേന്ദ്രത്തിലാക്കുകഎന്നതാണ്. അപകടങ്ങൾക്ക് പ്രതികരിക്കുന്ന സംവിധാനങ്ങൾക്കൊപ്പം, അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ റോഡ് ഡിസൈനിൽ തന്നെ ഉൾക്കൊള്ളണം. സുരക്ഷിത വളവുകൾ, ശാസ്ത്രീയ ജംഗ്ഷൻ ഡിസൈൻ, ദൃശ്യത ഉറപ്പാക്കുന്ന സൈൻബോർഡുകൾ, വേഗ നിയന്ത്രണ മാർഗങ്ങൾ, പാദചാരികൾക്കും സൈക്കിൾ യാത്രക്കാർക്കും സുരക്ഷിത ഇടങ്ങൾ എന്നിവ ഡിസൈൻ മാനദണ്ഡങ്ങളുടെ അവിഭാജ്യ ഭാഗമാക്കും. ഇതിലൂടെ റോഡുകൾ “self-explaining” ആയിത്തീരുകയും, ഉപയോക്താവിനെ സ്വാഭാവികമായി സുരക്ഷിത പെരുമാറ്റത്തിലേക്ക് നയിക്കുകയും ചെയ്യണം.

സ്മാർട്ട് റോഡുകൾ

സ്മാർട്ട് ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ എന്നത് സാങ്കേതികവിദ്യയുടെ പ്രദർശനമായി മാത്രം കാണേണ്ട ഒന്നല്ല. ട്രാഫിക് മാനേജ്മെന്റ്, സിഗ്നൽ നിയന്ത്രണം, പാർക്കിംഗ് സംവിധാനങ്ങൾ, അപകട മുന്നറിയിപ്പുകൾ, യാത്രാസമയം നിയന്ത്രണം എന്നിവയിൽ ഡാറ്റ അധിഷ്ഠിതവും സാങ്കേതികമായി ഏകോപിതവുമായ സമീപനമാണ് ലക്ഷ്യമിടുന്നത്. ട്രാഫിക് പ്രവാഹം മനസ്സിലാക്കാനും ഗതാഗതക്കുരുക്ക് മുൻകൂട്ടി നിയന്ത്രിക്കാനും ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റങ്ങൾ (ITS) ഘട്ടംഘട്ടമായി പ്രാവർത്തികമാക്കും.

കേരളത്തിന്റെ ഭാവി ദർശനത്തിൽ റോഡുകൾ സാമൂഹിക ഉൾക്കൊള്ളലിന്റെ ഇടങ്ങളായിരിക്കണം. സ്ത്രീകൾ, കുട്ടികൾ, മുതിർന്നവർ, ഭിന്നശേഷിക്കാർ എന്നിവർക്കെല്ലാം ഒരുപോലെ സുരക്ഷിതവും സൗകര്യപ്രദവുമായ ഉപയോഗം ഉറപ്പാക്കുന്ന ഡിസൈൻ സമീപനം നിർബന്ധമാക്കും. ഭിന്നശേഷി സൗഹൃദ റാമ്പുകൾ, ടാക്റ്റൈൽ പാത്തുകൾ, വ്യക്തമായ ദിശാസൂചനകൾ, നല്ല വെളിച്ചം എന്നിവ റോഡ് ഡിസൈനിന്റെ അടിസ്ഥാന ഘടകങ്ങളായി കണക്കാക്കും.

കാലാവസ്ഥാ മാറ്റവും പരിസ്ഥിതി വെല്ലുവിളികളും പരിഗണിച്ചുകൊണ്ടാണ് ഭാവിയിലെ റോഡ് ഡിസൈൻ നയം രൂപപ്പെടുത്തേണ്ടത്. ശക്തമായ മഴ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടൽക്ഷോഭം എന്നിവയെ നേരിടാൻ കഴിയുന്ന കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള റോഡ് രൂപകൽപ്പനകൾ സ്വീകരിക്കും. ശാസ്ത്രീയ ഡ്രെയിനേജ് സംവിധാനങ്ങൾ, വെള്ളം ശേഖരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന റോഡ് ഘടനകൾ, ദീർഘകാലം നിലനിൽക്കുന്ന നിർമ്മാണ സാമഗ്രികൾ എന്നിവ സ്മാർട്ട് ഡിസൈൻ റോഡുകളുടെ ഭാഗമാകും. അതോടൊപ്പം, പരിസ്ഥിതി സൗഹൃദ നിർമ്മാണരീതികളും പുനരുപയോഗ സാമഗ്രികളും കൂടുതൽ പ്രോത്സാഹിപ്പിക്കും.

നഗര കേന്ദ്രങ്ങളിൽ സ്മാർട്ട് റോഡുകൾ എന്ന ആശയം ഗതാഗത മെച്ചപ്പെടുത്തലിനൊപ്പം നഗരജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തുന്ന ഇടപെടലായാണ് കാണപ്പെടുന്നത്. റോഡുകളെ വൃത്തിയുള്ളതും സുരക്ഷിതവുമായ പൊതു ഇടങ്ങളാക്കി മാറ്റുക, വഴിയോരങ്ങളിൽ സസ്യാവരണം വർധിപ്പിക്കുക, ദൃശ്യ മലിനീകരണം കുറയ്ക്കുക, പൊതുഗതാഗതത്തിന് മുൻഗണന നൽകുന്ന രൂപകൽപ്പന നടപ്പിലാക്കുക എന്നിവ നഗര റോഡ് വികസനത്തിന്റെ ലക്ഷ്യങ്ങളായിരിക്കും.

ഇങ്ങനെ, ഡിസൈൻഡ് റോഡുകളും സ്മാർട്ട് ഗതാഗത അടിസ്ഥാന സൗകര്യങ്ങളും കേരളത്തിന്റെ ഭാവി വികസനത്തിൽ വേഗതയും കാര്യക്ഷമതയും മാത്രമല്ല, മറിച്ച് സുരക്ഷ, സമത്വം, പരിസ്ഥിതി ഉത്തരവാദിത്വം, മനുഷ്യ സൗഹൃദം എന്നിവ ഒരുമിച്ച് ഉറപ്പാക്കുന്ന ഉപാധികളായാണ് പരിഗണിക്കപ്പെടുന്നത്. റോഡുകളെ മനുഷ്യജീവിതത്തിന്റെ ഗുണനിലവാരവുമായി ബന്ധിപ്പിക്കുന്ന ഈ സമീപനമാണ് ഭാവിയിലെ പൊതു മരാമത്ത് നയത്തിന്റെ അടിത്തറ.

നിരത്തുകളുടെ പരിപാലനം

അടിസ്ഥാന സൗകര്യ വികസനത്തിന്റെ വിജയത്തെ നിർണ്ണയിക്കുന്നത് പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമല്ല; നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളെ എത്രത്തോളം കാര്യക്ഷമമായി പരിപാലിക്കാനും സുരക്ഷിതമായി നിലനിർത്താനും കഴിയുന്നു എന്നതുമാണ്. ഈ തിരിച്ചറിവ് കേരളത്തിന്റെ ഭാവി ഗതാഗത നയത്തിൽ നിർണ്ണായകമാണ്. റോഡുകൾ നിർമ്മിക്കുന്നതിനു നൽകുന്ന പ്രാധാന്യത്തിന് തുല്യമായ പ്രാധാന്യം നിരത്ത് പരിപാലനത്തിനും റോഡ് സുരക്ഷയ്ക്കും നൽകാതെ സുസ്ഥിരമായ ഗതാഗത സംവിധാനം സാധ്യമാകില്ല.

നിരത്ത് പരിപാലനം ഒരു പ്രതികരണാത്മക പ്രവർത്തനമായി മാത്രം കാണുന്ന സമീപനത്തിൽ നിന്നു മാറി, ശാസ്ത്രീയവും മുൻകരുതലുള്ളതുമായ (preventive) പരിപാലന സംവിധാനത്തിലേക്ക് നീങ്ങേണ്ടതുണ്ട്. റോഡുകളുടെ അവസ്ഥ, ഉപയോഗ സാന്ദ്രത, കാലാവസ്ഥാ സ്വാധീനം, നിർമ്മാണ നിലവാരം തുടങ്ങിയ ഘടകങ്ങൾ നിരന്തരമായി വിലയിരുത്തുന്ന സംവിധാനം രൂപപ്പെടുത്തുകയാണ് ലക്ഷ്യം.

ഇതിലൂടെ, വലിയ തകർച്ചകൾ ഉണ്ടാകുന്നതിനു മുൻപ് തന്നെ അറ്റകുറ്റപ്പണികൾ നടത്താനും, ചെലവ് കാര്യക്ഷമത ഉറപ്പാക്കാനും സാധിക്കും.

കേരളത്തിന്റെ ഭാവി ദർശനത്തിൽ നിരത്ത് പരിപാലനം ഒരു സ്ഥാപനപരമായ ഉത്തരവാദിത്തമായി പുനർനിർവചിക്കപ്പെടണം. റോഡ് പരിപാലന പ്രവർത്തനങ്ങളിൽ വ്യക്തമായ ഉത്തരവാദിത്വ നിർണ്ണയം, പ്രകടന അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങൾ (performance-based maintenance), സുതാര്യമായ മേൽനോട്ട സംവിധാനം എന്നിവ ഉറപ്പാക്കേണ്ടതാണ്. പരിപാലന പ്രവർത്തനങ്ങൾക്കായി ദീർഘകാല പദ്ധതികളും വാർഷിക പ്രവർത്തന പദ്ധതികളും ശാസ്ത്രീയമായി തയ്യാറാക്കുന്ന സമീപനം സ്വീകരിക്കും.

റോഡ് സുരക്ഷ

റോഡ് സുരക്ഷ കേരളത്തിന്റെ ഭാവി വികസന നയത്തിൽ ഏറ്റവും ഉയർന്ന മുൻഗണനയുള്ള വിഷയങ്ങളിലൊന്നാണ്. റോഡ് അപകടങ്ങൾ വ്യക്തിഗത ദുരന്തങ്ങളായി മാത്രമല്ല, സാമൂഹികവും സാമ്പത്തികവുമായ വലിയ നഷ്ടങ്ങളായാണ് കണക്കാക്കപ്പെടേണ്ടത്. അതിനാൽ, റോഡ് സുരക്ഷയെ ബോധവൽക്കരണ പരിപാടികളിലോ നിയമപ്രവർത്തനത്തിലോ ഒതുക്കാതെ, റോഡ് രൂപകൽപ്പന, പരിപാലനം, ഗതാഗത നിയന്ത്രണം, അടിയന്തര പ്രതികരണം എന്നിവയെ ഉൾക്കൊള്ളുന്ന സമഗ്ര സംവിധാനമായി സമീപിക്കേണ്ടതാണ്.

ഭാവിയിലെ റോഡ് സുരക്ഷാ സമീപനം "Safe System" എന്ന ആശയത്തെ അടിസ്ഥാനമാക്കിയായിരിക്കണം. മനുഷ്യ പിഴവുകൾ അനിവാര്യമാണ് എന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട്, അത്തരം പിഴവുകൾ മരണത്തിലേക്കോ ഗുരുതര പരിക്കുകളിലേക്കോ നയിക്കാത്ത രീതിയിൽ റോഡ് സംവിധാനം രൂപകൽപ്പന ചെയ്യണം. സുരക്ഷിത വേഗപരിധികൾ, സുരക്ഷിത ജംഗ്ഷൻ ഡിസൈൻ, വ്യക്തമായ സൈൻബോർഡുകളും റോഡ് മാർക്കിംഗുകളും, സുരക്ഷിത പാദചാരി സൗകര്യങ്ങളും ഈ സമീപനത്തിന്റെ ഭാഗമായിരിക്കും.

നിരത്ത് പരിപാലനവും റോഡ് സുരക്ഷയും തമ്മിൽ അതീവ അടുത്ത ബന്ധമുണ്ട്. കുഴികൾ, ദുർബലമായ ഡ്രെയിനേജ്, അപ്രത്യക്ഷമായ മാർക്കിംഗുകൾ, നശിച്ച സൈൻബോർഡുകൾ തുടങ്ങിയ പരിപാലന പിഴവുകൾ അപകട സാധ്യത വർധിപ്പിക്കുന്ന പ്രധാന കാരണങ്ങളാണ്. അതിനാൽ, പരിപാലന പ്രവർത്തനങ്ങളിൽ സുരക്ഷാ ഓഡിറ്റ് സമീപനം ഉൾപ്പെടുത്തുകയും, റോഡുകളുടെ അവസ്ഥയും അപകട സാധ്യതകളും നിരന്തരം വിലയിരുത്തുകയും ചെയ്യേണ്ടതാണ്. പുതിയ റോഡുകൾക്കും നവീകരിച്ച റോഡുകൾക്കും സമഗ്ര റോഡ് സുരക്ഷാ ഓഡിറ്റ് നിർബന്ധമാക്കുന്ന നയപരമായ ഇടപെടലുകൾ ആവശ്യമാണ്.

ഭാവിയിലെ റോഡ് സുരക്ഷാ സംവിധാനങ്ങളിൽ സാങ്കേതികവിദ്യയുടെ പങ്ക് വർധിക്കേണ്ടതാണ്. അപകട സാധ്യതകൾ തിരിച്ചറിയാനും, ഗതാഗത പ്രവാഹം നിരീക്ഷിക്കാനും, അടിയന്തര പ്രതികരണം വേഗത്തിലാക്കാനും ഡാറ്റ അധിഷ്ഠിത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തും. റോഡ് അവസ്ഥ നിരീക്ഷിക്കുന്ന സ്മാർട്ട് സെൻസറുകൾ, ട്രാഫിക് ക്യാമറകൾ, ഇന്റലിജന്റ് മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ ഘട്ടംഘട്ടമായി നടപ്പിലാക്കും. അതോടൊപ്പം, അപകടമുണ്ടായാൽ വേഗത്തിലുള്ള രക്ഷാപ്രവർത്തനം ഉറപ്പാക്കുന്ന എമർജൻസി റെസ്പോൺസ് പ്രോട്ടോക്കോളുകൾ ശക്തിപ്പെടുത്തും.

റോഡ് സുരക്ഷയുടെ സാമൂഹിക അളവുകൾ ഭാവി നയത്തിൽ നിർണ്ണായകമായി പരിഗണിക്കപ്പെടണം. സ്കൂളുകൾ, ആശുപത്രികൾ, വിപണികൾ, പൊതു സ്ഥാപനങ്ങൾ എന്നിവയുടെ പരിസരങ്ങളിൽ പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിലാക്കണം. കുട്ടികൾ, മുതിർന്നവർ, ഭിന്നശേഷിക്കാർ തുടങ്ങിയ വിഭാഗങ്ങൾക്കായി സുരക്ഷിത ക്രോസിംഗുകളും ട്രാഫിക് കാൽമിംഗ് നടപടികളും നടപ്പിലാക്കും. സ്ത്രീകൾക്ക് സുരക്ഷിതമായി യാത്ര ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള ലൈറ്റിംഗ്, ദൃശ്യത, പൊതു ഇടങ്ങളുടെ രൂപകൽപ്പന എന്നിവയും റോഡ് സുരക്ഷാ നയത്തിന്റെ ഭാഗമായിരിക്കും.

ഇങ്ങനെ, നിരത്ത് പരിപാലനവും റോഡ് സുരക്ഷയും കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ പിന്തുടർച്ച പ്രവർത്തനങ്ങളല്ല, മറിച്ച് അടിസ്ഥാന സൗകര്യ നയത്തിന്റെ കേന്ദ്ര ഘടകങ്ങളാണ്. ഗുണനിലവാരവും സുരക്ഷയും മനുഷ്യജീവിതത്തിന്റെ മൂല്യവും ഒരുമിച്ച് മുൻനിർത്തുന്ന ഈ സമീപനത്തിലൂടെയാണ് കേരളത്തിന്റെ റോഡ് ശൃംഖല ഭാവിയെ നേരിടാൻ ശേഷിയുള്ളതാകുന്നത്.

IV
കെട്ടിടങ്ങളും പൊതു ഇടങ്ങളും വാസ്തുശില്പ സമീപനവും

കെട്ടിടങ്ങൾ

കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ കെട്ടിടങ്ങളും പൊതു ഇടങ്ങളും വെറും ഉപയോഗത്തിനുള്ള ഘടനകളായി മാത്രം കാണാൻ കഴിയില്ല. അവ ജനങ്ങളുടെ ദിനചര്യ, സാമൂഹിക ഇടപെടലുകൾ, ഭരണ സേവനങ്ങൾ, സാംസ്കാരിക പ്രകടനങ്ങൾ എന്നിവയുടെ വേദികളാണ്. സർക്കാർ കെട്ടിടങ്ങൾ, വിദ്യാഭ്യാസ–ആരോഗ്യ സ്ഥാപനങ്ങൾ, ഓഫിസുകൾ, പൊതു ഇടങ്ങൾ, വഴിയോര സൗകര്യങ്ങൾ എന്നിവയുടെ ഗുണനിലവാരമാണ് ഒരു ഭരണസംവിധാനത്തിന്റെ കാര്യക്ഷമതയും ജനസൗഹൃദതയും പൊതുവേ പ്രതിഫലിപ്പിക്കുന്നത്. അതിനാൽ തന്നെ, കെട്ടിട നിർമ്മാണത്തെയും പൊതു ഇടങ്ങളെയും കേരളത്തിന്റെ ഭാവി അടിസ്ഥാന സൗകര്യ നയത്തിൽ സാമൂഹിക രൂപകൽപ്പനയുടെ (social design) ഭാഗമായാണ് പരിഗണിക്കേണ്ടത്.

പൊതു മരാമത്ത് വകുപ്പിന്റെ കീഴിൽ നടക്കുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഭരണ സംവിധാനത്തി

ന്റെ ദൃശ്യരൂപമാണ്. ഈ കെട്ടിടങ്ങൾ സുരക്ഷിതവും ദീർഘകാലം നിലനിൽക്കുന്നതുമായിരിക്കേണ്ടതോടൊപ്പം, പൊതുജനങ്ങൾക്ക് സൗകര്യപ്രദവും അഭിമാനകരവുമായ ഇടങ്ങളായിരിക്കണം. ഭാവിയിലെ കെട്ടിട നിർമ്മാണ നയം ഗുണനിലവാരം, കാര്യക്ഷമത, സൗകര്യം, സുസ്ഥിരത എന്നിവയെ ഒരുപോലെ മുൻനിർത്തി രൂപപ്പെടുത്തേണ്ടതാണ്.

കാലാനുസൃതമായ നിർമ്മാണ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിലൂടെ കെട്ടിട നിർമ്മാണ മേഖലയെ കൂടുതൽ കാര്യക്ഷമമാക്കുകയാണ് ലക്ഷ്യം. രൂപകൽപ്പന, ആസൂത്രണം, നിർവഹണം എന്നീ ഘട്ടങ്ങളെ ഏകോപിപ്പിക്കുന്ന Building Information Modelling (BIM) പോലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വ്യാപകമായി പ്രയോജനപ്പെടുത്തുന്നതിലൂടെ നിർമ്മാണ സമയം കുറയ്ക്കാനും ചെലവ് നിയന്ത്രിക്കാനും ഗുണനിലവാരം മെച്ചപ്പെടുത്താനും കഴിയും. ഇതോടൊപ്പം, പ്രീഫാബ്രിക്കേറ്റഡ് നിർമ്മാണരീതികൾ പോലുള്ള ആഗോളമായി അംഗീകരിക്കപ്പെട്ട സാങ്കേതിക വിദ്യകൾ കൂടുതൽ പ്രോത്സാഹിപ്പിച്ച് നിർമ്മാണ മേഖലയുടെ കാര്യക്ഷമത ഉയർത്തും.

കേരളത്തിന്റെ കാലാവസ്ഥാ സാഹചര്യങ്ങൾ കണക്കിലെടുത്ത്, കെട്ടിട നിർമ്മാണത്തിൽ സുസ്ഥിരവും കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ളതുമായ സമീപനങ്ങൾ നിർബന്ധമാക്കേണ്ടതുണ്ട്. ശക്തമായ മഴ, ഉയർന്ന ഈർപ്പം, കടൽസാന്നിധ്യം, ചൂട് എന്നിവയെ നേരിടാൻ കഴിയുന്ന നിർമ്മാണ സാമഗ്രികളും ഡിസൈൻ മാനദണ്ഡങ്ങളും സ്വീകരിക്കും. തീരദേശ മേഖലകളിൽ ദീർഘകാലം നിലനിൽക്കുന്ന ഘടനകൾ ഉറപ്പാക്കുന്ന പ്രത്യേക സാങ്കേതിക വിദ്യകളും നിർമ്മാണ രീതികളും ഉപയോഗപ്പെടുത്തും.

പൊതു ഇടങ്ങൾ

പൊതു കെട്ടിടങ്ങളും പൊതു ഇടങ്ങളും ഉൾക്കൊള്ളലിന്റെയും സമത്വത്തിന്റെയും പ്രതീകങ്ങളായിരിക്കണം. സ്ത്രീകൾ, കുട്ടികൾ, മുതിർന്നവർ, ഭിന്നശേഷിക്കാർ എന്നിവർക്കെല്ലാം ഒരുപോലെ ഉപയോഗപ്രദമായ, സുരക്ഷിതമായ, അഭിമാനകരമായ ഇടങ്ങൾ സൃഷ്ടിക്കുക എന്നത് ഭാവി നയത്തിന്റെ കേന്ദ്രലക്ഷ്യമാണ്. ഭിന്നശേഷി സൗഹൃദ റാമ്പുകൾ, ടാക്റ്റൈൽ ഫ്ലോറിംഗ്, വ്യക്തമായ സൈൻബോർഡുകൾ, സുരക്ഷിത പ്രവേശന മാർഗങ്ങൾ, മതിയായ വെളിച്ചം എന്നിവ പൊതു കെട്ടിട ഡിസൈൻ മാനദണ്ഡങ്ങളുടെ അവിഭാജ്യ ഘടകങ്ങളായിരിക്കും.

പൊതു ഇടങ്ങൾ കേരളത്തിന്റെ സാമൂഹിക ജീവിതത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങളാണ്. ബസ് സ്റ്റാൻഡുകൾ, മാർക്കറ്റുകൾ, പാർക്കുകൾ, വഴിയോര സൗകര്യങ്ങൾ, സർക്കാർ കെട്ടിട പരിസരങ്ങൾ എന്നിവ ശുചിത്വമുള്ളതും സുരക്ഷിതവുമായ, മനുഷ്യ സൗഹൃദമായ ഇടങ്ങളാക്കി മാറ്റേണ്ടതുണ്ട്. നഗരങ്ങളിലും ഗ്രാമങ്ങളിലും പൊതു ഇടങ്ങളുടെ രൂപകൽപ്പന സാമൂഹിക ഇടപെടലുകൾക്കും സാംസ്കാരിക പ്രവർത്തനങ്ങൾക്കും വഴിയൊരുക്കുന്ന രീതിയിലായിരിക്കണം.

വാസ്തുശില്പ സമീപനങ്ങളിൽ പ്രാദേശിക പ്രതിഛായയും സാംസ്കാരിക പശ്ചാത്തലവും പ്രതിഫലിപ്പിക്കുന്നതിനു പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്. കേരളത്തിന്റെ കാലാവസ്ഥക്കും സംസ്കാരത്തിനും അനുയോജ്യമായ വാസ്തുശില്പ ആശയങ്ങൾ, പ്രാദേശിക നിർമ്മാണ സാമഗ്രികൾ, ദീർഘകാല പാരമ്പര്യ അറിവുകൾ എന്നിവ ആധുനിക സാങ്കേതികവിദ്യകളുമായി സംയോജിപ്പിക്കുന്ന സമീപനമാണ് ഭാവി നിർമ്മാണ നയം മുന്നോട്ടുവയ്ക്കുന്നത്. ഇതിലൂടെ, കെട്ടിടങ്ങൾ ആഗോള നിലവാരമുള്ളതായിരിക്കുമ്പോഴും പ്രാദേശിക സ്വഭാവം നഷ്ടപ്പെടാത്ത രീതിയിലേക്ക് ഉയരും.

പൊതു കെട്ടിട നിർമ്മാണത്തിൽ റീ–യൂസ്, റീസൈക്കിൾ എന്ന ആശയം കൂടുതൽ ശക്തമായി ഉൾപ്പെടുത്തും. കൺസ്ട്രക്ഷൻ ആൻഡ് ഡെമോലിഷൻ മാലിന്യങ്ങളുടെ ശാസ്ത്രീയ കൈകാര്യം, പുനരുപയോഗ സാമഗ്രികളുടെ പ്രോത്സാഹനം, ഗവേഷണ അധിഷ്ഠിത നിർമ്മാണരീതികൾ എന്നിവ ഭാവിയിലെ കെട്ടിട നയത്തിന്റെ ഭാഗമായിരിക്കും. ഇതിലൂടെ, പരിസ്ഥിതി ബാധകൾ കുറയ്ക്കാനും നിർമ്മാണ മേഖലയെ കൂടുതൽ സുസ്ഥിരമാക്കാനും സാധിക്കും.

ഇങ്ങനെ, കെട്ടിട നിർമ്മാണവും പൊതു ഇടങ്ങളും വാസ്തുശില്പ സമീപനങ്ങളും കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ ഭൗതിക വികസനത്തിന്റെ ഘടകങ്ങൾ മാത്രമല്ല, മറിച്ച് മനുഷ്യജീവിതത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്ന സാമൂഹിക നിക്ഷേപങ്ങളാണ്. സുരക്ഷ, സൗകര്യം, സുസ്ഥിരത, സാംസ്കാരിക ബോധം എന്നിവ ഒരുമിച്ച് പ്രതിഫലിപ്പിക്കുന്ന നിർമ്മിത പരിസരമാണ് ഈ ഭാഗം മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യം.

ഊർജ്ജം, ഇലക്ട്രിക്കൽ സംവിധാനങ്ങൾ, സ്മാർട്ട് സിസ്റ്റങ്ങൾ

കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ ഊർജ്ജ ഉപയോഗവും ഇലക്ട്രിക്കൽ സംവിധാനങ്ങളും നിർണ്ണായക സ്ഥാനമാണ് വഹിക്കുന്നത്. സർക്കാർ കെട്ടിടങ്ങൾ, പൊതു ഇടങ്ങൾ, ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ പ്രവർത്തനക്ഷമതയും ചെലവ് കാര്യക്ഷമതയും നേരിട്ട് ആശ്രയിക്കുന്നത് ഊർജ്ജ സംവിധാനങ്ങളുടെ ഗുണനിലവാരത്തിലും നിയന്ത്രണത്തിലും ആണ്. അതിനാൽ തന്നെ, ഇലക്ട്രിക്കൽ അടിസ്ഥാന സൗകര്യങ്ങളെ പരമ്പരാഗത പിന്തുണാ സംവിധാനങ്ങളായി മാത്രം കാണാതെ, സുസ്ഥിരവും ബുദ്ധിമുട്ടില്ലാത്തതുമായ (smart) വികസനത്തിന്റെ കേന്ദ്ര ഘടകമായി പുനർനിർവചിക്കേണ്ടതാണ്.

ഭാവിയിലെ പൊതു മരാമത്ത് പദ്ധതികളിൽ ഊർജ്ജ കാര്യക്ഷമത (energy efficiency) ഒരു അടിസ്ഥാന മാനദണ്ഡമായി സ്വീകരിക്കണം. സർക്കാർ കെട്ടിടങ്ങളിലും പൊതുഇടങ്ങളിലും ഊർജ്ജ ഉപഭോഗം കുറയ്ക്കുന്ന

ഡിസൈൻ സമീപനങ്ങൾ, കാര്യക്ഷമമായ ലൈറ്റിംഗ് സംവിധാനങ്ങൾ, സ്വയം നിയന്ത്രിത ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ നിർബന്ധമാക്കേണ്ടതാണ്. ഇതിലൂടെ പ്രവർത്തന ചെലവ് കുറയ്ക്കാനും കാർബൺ പാദമുദ്ര കുറയ്ക്കാനും സാധിക്കും.

സുസ്ഥിര വികസനത്തിന്റെ ഭാഗമായി, പുതുക്കാവുന്ന ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം പൊതു നിർമ്മിതികളിൽ വ്യാപകമാക്കേണ്ടതാണ്. സൗരോർജ്ജം പോലുള്ള വികേന്ദ്രീകൃത ഊർജ്ജ സംവിധാനങ്ങൾ സർക്കാർ കെട്ടിടങ്ങളിലും പൊതു സൗകര്യങ്ങളിലും ഘട്ടംഘട്ടമായി ഉൾപ്പെടുത്തും. ഇതിലൂടെ, ഊർജ്ജ സുരക്ഷ വർധിപ്പിക്കാനും പരിസ്ഥിതി സൗഹൃദമായ വികസനം ഉറപ്പാക്കാനും കഴിയും. പൊതു കെട്ടിടങ്ങളെ ദീർഘകാലത്ത് നെറ്റ് സീറോ എനർജി സമീപനത്തിലേക്ക് നയിക്കുന്നതും ഭാവി ദർശനത്തിന്റെ ഭാഗമാണ്.

ഇലക്ട്രിക്കൽ സംവിധാനങ്ങളുടെ രൂപകൽപ്പനയും നിർവഹണവും കാലാനുസൃതമായി നവീകരിക്കേണ്ടതാണ്. സുരക്ഷ, ദീർഘായുസ്സ്, പരിപാലന സൗകര്യം എന്നീ ഘടകങ്ങൾ ഇലക്ട്രിക്കൽ ഡിസൈൻ മാനദണ്ഡങ്ങളുടെ കേന്ദ്രത്തിലായിരിക്കണം. അഗ്നി സുരക്ഷ, അടിയന്തര വൈദ്യുതി വിതരണം, ലോഡ് മാനേജ്മെന്റ് തുടങ്ങിയ ഘടകങ്ങൾ പൊതു കെട്ടിട ഡിസൈൻ ഘട്ടത്തിൽ തന്നെ സംയോജിപ്പിക്കുന്ന സമീപനം സ്വീകരിക്കണം.

സ്മാർട്ട് സിസ്റ്റങ്ങൾ

സ്മാർട്ട് സിസ്റ്റങ്ങൾ എന്നത് സാങ്കേതികവിദ്യയുടെ അകമ്പടിയുള്ള സംവിധാനങ്ങൾ മാത്രമല്ല; അവ നിർവഹണ കാര്യക്ഷമതയും ഉപയോക്തൃ സൗകര്യവും വർധിപ്പിക്കുന്ന ഉപകരണങ്ങളാണ്. സ്മാർട്ട് ബിൽഡിംഗ് മാനേജ്മെന്റ് സിസ്റ്റങ്ങൾ (BMS) വഴി ലൈറ്റിംഗ്, വെന്റിലേഷൻ, എയർ കണ്ടീഷനിംഗ്, സുരക്ഷ, ഊർജ്ജ ഉപയോഗം എന്നിവ ഏകോപിതമായി നിയന്ത്രിക്കുന്ന സംവിധാനം പ്രോത്സാഹിപ്പിക്കും. ഇതിലൂടെ, മനുഷ്യ ഇടപെടൽ കുറച്ച് കാര്യക്ഷമത ഉയർത്താനും വിഭവ നാശം കുറയ്ക്കാനും സാധിക്കും.

ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളുടെ ശക്തീകരണം ഭാവിയിലെ പൊതു മരാമത്ത് പ്രവർത്തനങ്ങളിൽ നിർണ്ണായകമാണ്. സർക്കാർ കെട്ടിടങ്ങളിലും പൊതു ഇടങ്ങളിലും ഇലക്ട്രോണിക്, ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) സംവിധാനങ്ങൾ സംയോജിപ്പിക്കുന്നതിലൂടെ സേവനങ്ങൾ കൂടുതൽ പ്രാപ്യവും കാര്യക്ഷമവുമായതാക്കാം. ഭിന്നശേഷി സൗഹൃദ ഡിജിറ്റൽ ഉപകരണങ്ങൾ, വിവര പ്രദർശന സംവിധാനങ്ങൾ, സ്വയംസേവന സൗകര്യങ്ങൾ എന്നിവ പൊതു നിർമ്മിതികളുടെ ഭാഗമാകും.

പൊതു മരാമത്ത് വകുപ്പിന്റെ ഇലക്ട്രോണിക്സ് വിംഗിനെ ആധുനിക സാങ്കേതിക സംവിധാനങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന നോഡൽ ഏജൻസിയായി ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്മാർട്ട് സിറ്റികൾ, സ്മാർട്ട് റോഡുകൾ, സ്മാർട്ട് കെട്ടിടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സാങ്കേതിക സംവിധാനങ്ങളുടെ ഏകോപനം ഈ വിംഗിലൂടെ സാധ്യമാക്കും. ഇതിലൂടെ, സാങ്കേതിക നിക്ഷേപങ്ങളിൽ ഏകോപനവും നിലവാര ഉറപ്പും കൈവരിക്കാം.

സാങ്കേതികവിദ്യയുടെ ഉപയോഗം നിർമ്മാണഘട്ടത്തിലേക്ക് മാത്രം പരിമിതപ്പെടുത്താതെ, പദ്ധതി നിർവഹണത്തിന്റെ മുഴുവൻ ഘട്ടങ്ങളിലും വ്യാപിപ്പിക്കണം. നിർമ്മാണ സൈറ്റുകളുടെ സുരക്ഷയും പുരോഗതിയും നിരീക്ഷിക്കാൻ ഡിജിറ്റൽ മോണിറ്ററിംഗ് സംവിധാനങ്ങൾ, ദൂരനിരീക്ഷണ സാങ്കേതിക വിദ്യകൾ, ഡാറ്റ ശേഖരണ ഉപകരണങ്ങൾ എന്നിവ പ്രയോജനപ്പെടുത്തും. ഇതിലൂടെ, പ്രവർത്തനങ്ങളുടെ ഗുണനിലവാരവും സുതാര്യതയും മെച്ചപ്പെടുത്താൻ കഴിയും.

ഇങ്ങനെ, ഊർജ്ജവും ഇലക്ട്രിക്കൽ സംവിധാനങ്ങളും സ്മാർട്ട് സിസ്റ്റങ്ങളും കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ പിന്തുണാ ഘടകങ്ങൾ മാത്രമല്ല, മറിച്ച് സുസ്ഥിരവും കാര്യക്ഷമവുമായ ഭരണ–സേവന സംവിധാനത്തിന്റെ അടിത്തറയാണ്. സാങ്കേതിക നവീകരണവും പരിസ്ഥിതി ഉത്തരവാദിത്തവും ഒരുമിച്ച് കൈവരിക്കുന്ന ഈ സമീപനമാണ് ഭാവിയിലെ പൊതു മരാമത്ത് നയത്തിന്റെ പ്രധാന സവിശേഷത.

V
സ്ഥാപന ശക്തീകരണം, നൈപുണി, കാര്യക്ഷമത, സുതാര്യത

കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ അടിസ്ഥാന സൗകര്യ വികസനം ഭൗതിക നിർമ്മിതികളിലേക്കു മാത്രം പരിമിതമാകുന്നില്ല. അതിന് പിന്നിലെ അറിവ്, മനുഷ്യശേഷി, സ്ഥാപന ശേഷി എന്നിവയുടെ ഗുണനിലവാരമാണ് ദീർഘകാല വിജയത്തെ നിർണ്ണയിക്കുന്നത്. അതിനാൽ തന്നെ, ഗവേഷണവും നൈപുണ്യ വികസനവും സ്ഥാപന ശക്തീകരണവും പൊതു മരാമത്ത് നയത്തിന്റെ കേന്ദ്ര ഘടകങ്ങളായി പുനർനിർവചിക്കപ്പെടണം.

ഗവേഷണം

അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ഉയർന്നു വരുന്ന സാങ്കേതികവിദ്യകളും നിർമ്മാണ സാമഗ്രികളും രൂപകൽപ്പനാ സമീപനങ്ങളും നിരന്തരം വിലയിരുത്തുകയും പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയോജ്യമായി രൂപാന്തരപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് ഗവേഷണ സ്ഥാപനങ്ങളുടെ പങ്ക് നിർണ്ണായകമാകുന്നത്. കേരളത്തിലെ റോഡ്, പാലം, കെട്ടിട നിർമ്മാണ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതും നയപരമായ പിന്തുണ നൽകുന്നതുമായ ഒരു ശക്തമായ ഗവേഷണ ഘടന ഭാവി നയത്തിന്റെ അടിത്തറയാകണം.

ഗവേഷണം അക്കാദമിക് പ്രവർത്തനമായി മാത്രം നിലനിൽക്കാതെ, നയനിർണ്ണയത്തെയും പദ്ധതി നിർവഹ

ണത്തെയും നേരിട്ട് സ്വാധീനിക്കുന്ന പ്രയോഗാത്മക പ്രവർത്തനമായി മാറേണ്ടതാണ്. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം, കാലാവസ്ഥാ പ്രതിരോധ ശേഷി, ദീർഘായുസ്സ്, പരിപാലന ചെലവ്, പരിസ്ഥിതി സ്വാധീനം എന്നിവ സംബന്ധിച്ച പഠനങ്ങൾ പദ്ധതികളുടെ രൂപകൽപ്പന ഘട്ടത്തിൽ തന്നെ ഉൾപ്പെടുത്തുന്ന സമീപനം സ്വീകരിക്കും. ഇതിലൂടെ, ശാസ്ത്രീയ അറിവും ഭരണനിർണ്ണയവും തമ്മിലുള്ള അകലം കുറയ്ക്കാൻ കഴിയും.

പരിശീലനം

കേരളത്തിന്റെ ഭാവി പൊതു മരാമത്ത് സംവിധാനത്തിന്റെ ശക്തി അതിലെ മനുഷ്യശേഷിയിലാണ്. എഞ്ചിനീയർമാർ, ആർക്കിടെക്റ്റുകൾ, പ്ലാനർമാർ, ടെക്നീഷ്യൻമാർ, മേൽനോട്ട ഉദ്യോഗസ്ഥർ, ഫീൽഡ് സ്റ്റാഫ് എന്നിവരുടെ നൈപുണ്യ വികസനം സമഗ്രമായ സമീപനത്തിലൂടെ മുന്നോട്ടുകൊണ്ടുപോകേണ്ടതാണ്. പരമ്പരാഗത പരിശീലന രീതികളോടൊപ്പം, പുതിയ സാങ്കേതികവിദ്യകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, സുസ്ഥിര നിർമ്മാണ സമീപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന നിരന്തര നൈപുണ്യ നവീകരണ (continuous capacity building)സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

പരിശീലന കേന്ദ്രങ്ങൾ അടിസ്ഥാനപരമായ പരിശീലനത്തിനൊപ്പം ഉയർന്ന തലത്തിലുള്ള പ്രൊഫഷണൽ വികസനത്തിനും ഗവേഷണ–പരിശീലന സംയോജനത്തിനും വഴിയൊരുക്കുന്ന സ്ഥാപനങ്ങളായി മാറേണ്ടതാണ്. ഫീൽഡ് അനുഭവങ്ങൾ, കേസ്സ് സ്റ്റഡികൾ, പൈലറ്റ് പ്രോജക്ടുകൾ, അന്തർദേശീയ മികച്ച പ്രാക്ടീസുകൾ എന്നിവ പരിശീലനത്തിന്റെ ഭാഗമാക്കുന്നതിലൂടെ ജീവനക്കാരുടെ പ്രായോഗിക കഴിവുകൾ വർധിപ്പിക്കും.

സ്ഥാപന ശക്തീകരണം

സ്ഥാപന ശക്തീകരണം എന്നത് ഘടനാപരമായ പരിഷ്കാരങ്ങളിലേക്ക് മാത്രം ഒതുങ്ങുന്ന ഒന്നല്ല. അത് പ്രവർത്തന സംസ്കാരം, ഉത്തരവാദിത്തബോധം, നവീകരണ മനോഭാവം, സുതാര്യത എന്നിവയെ ഉൾക്കൊള്ളുന്ന സമഗ്ര പ്രക്രിയയാണ്. പൊതു മരാമത്ത് വകുപ്പിനകത്തും അനുബന്ധ സ്ഥാപനങ്ങളിലുമുള്ള ചുമതല വിഭജനം, ഏകോപനം, തീരുമാനമെടുക്കൽ സംവിധാനങ്ങൾ എന്നിവ കാലാനുസൃതമായി പുനപരിശോധിക്കേണ്ടതാണ്. ഇതിലൂടെ, പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണവും ഗുണനിലവാര ഉറപ്പും സാധ്യമാകും.

പൊതു മരാമത്ത് വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങളിൽ ഡാറ്റ അധിഷ്ഠിത തീരുമാനമെടുക്കൽ ഒരു നിർണ്ണായക ഘടകമായി മാറണം. പദ്ധതികളുടെ പുരോഗതി, ചെലവ്, ഗുണനിലവാരം, പരിപാലന ആവശ്യങ്ങൾ തുടങ്ങിയ വിവരങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്ന സംവിധാനങ്ങൾ സ്ഥാപന ശേഷിയുടെ ഭാഗമാക്കും. ഇതിലൂടെ, തെളിവ് അധിഷ്ഠിത നയനിർണ്ണയത്തിനും കാര്യക്ഷമമായ വിഭവ വിനിയോഗത്തിനും വഴിയൊരുക്കാം.

ഗവേഷണ സ്ഥാപനങ്ങൾ, അക്കാദമിക് കേന്ദ്രങ്ങൾ, പ്രൊഫഷണൽ ബോഡികൾ, സ്വകാര്യ മേഖല, അന്തർദേശീയ ഏജൻസികൾ എന്നിവയുമായുള്ള സഹകരണം ഭാവിയിലെ പൊതു മരാമത്ത് നയത്തിന്റെ ഒരു പ്രധാന സവിശേഷതയായിരിക്കണം. ഈ സഹകരണങ്ങൾ സാങ്കേതിക അറിവ് കൈമാറുന്നതിനും പുതിയ ആശയങ്ങൾ പരീക്ഷിക്കുന്നതിനും പ്രാദേശിക ശേഷി ഉയർത്തുന്നതിനും സഹായകരമാകും. എന്നാൽ, ഇത്തരം സഹകരണങ്ങൾ പൊതു താൽപര്യവും സാമൂഹിക ഉത്തരവാദിത്തവും ഉറപ്പാക്കുന്ന ചട്ടക്കൂടിനകത്തായിരിക്കണം.

ഇങ്ങനെ, ഗവേഷണം, നൈപുണ്യ വികസനം, സ്ഥാപന ശക്തീകരണം എന്നീ ഘടകങ്ങൾ കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ പിന്തുണാ പ്രവർത്തനങ്ങൾ മാത്രമല്ല, മറിച്ച് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്ന അടിസ്ഥാന നിക്ഷേപങ്ങളാണ്. അറിവും മനുഷ്യ ശേഷിയും സ്ഥാപന ശേഷിയും ഒരുമിച്ച് വളർത്തുന്ന സമീപനത്തിലൂടെയാണ് കേരളത്തിന്റെ പൊതു മരാമത്ത് സംവിധാനം ഭാവിയെ ആത്മവിശ്വാസത്തോടെ നേരിടാൻ കഴിയുക.

പൊതുമരാമത്ത് വകുപ്പ്

നിരത്ത് വിഭാഗം, കെട്ടിട വിഭാഗം, പാലങ്ങൾ വിഭാഗം, ഡിസൈൻ വിഭാഗം, ദേശീയപാത വിഭാഗം, റോഡ് പരിപാലന വിഭാഗം, വാസ്തുശില്പ വിഭാഗം എന്നിവയ്ക്കൊപ്പം കേരള സംസ്ഥാന ഗതാഗത പദ്ധതി (KSTP) പോലുള്ള പ്രത്യേക പദ്ധതികളും പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനവ്യാപ്തി വിപുലീകരിക്കുന്നു. അതോടൊപ്പം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KSCC), കേരള റോഡ് ഫണ്ട് ബോർഡ് (KRFB), KRFB – പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള (RBDCK), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള (RICK), പ്രതീക്ഷ, ആശ്വാസ് തുടങ്ങിയ സ്ഥാപനങ്ങളും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ വികസനത്തിന് സ്ഥാപനപരമായ ശക്തിയും സാങ്കേതിക പിന്തുണയും നൽകുന്നു. ഇതുവഴി, കേരളത്തിലെ പൊതുമരാമത്ത് സംവിധാനം ഒരു ബഹു-ഏജൻസി വികസന ശൃംഖലയായി രൂപാന്തരപ്പെട്ടിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നത് സാങ്കേതിക മികവും സാമ്പത്തിക നിക്ഷേപവും മാത്രമല്ല; അതിന് പിന്നിലെ ഭരണ സംവിധാനത്തിന്റെ കാര്യക്ഷമതയും സുതാര്യതയും ഉത്തരവാദിത്തബോധവും കൂടിയാണ്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ നേരിട്ട് ജനങ്ങളുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്നതിനാൽ, ഈ മേഖലയിൽ വിശ്വാസയോഗ്യവും പ്രതികരണക്ഷമവുമായ ഭരണസംവിധാനം നിലനിൽക്കുന്നത് അത്യന്താപേക്ഷിതമാണ്. അതിനാൽ തന്നെ, കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ ഭരണപരിഷ്കാരങ്ങൾ ഒരു

അനുബന്ധ വിഷയമല്ല, മറിച്ച് അടിസ്ഥാന സൗകര്യ നയത്തിന്റെ കേന്ദ്ര ഘടകമാണ്.

പൊതു മരാമത്ത് വകുപ്പിന്റെ ഭാവി ഭരണസംവിധാനം സുതാര്യത, ഉത്തരവാദിത്വം, സമയബന്ധിത തീരുമാനം, ഗുണനിലവാര ഉറപ്പ് എന്നീ മൂല്യങ്ങളെ അടിസ്ഥാനമാക്കിയിരിക്കണം. പദ്ധതികളുടെ ആസൂത്രണം മുതൽ നിർവഹണം, മേൽനോട്ടം, പരിപാലനം വരെയുള്ള എല്ലാ ഘട്ടങ്ങളിലും വ്യക്തമായ ചുമതല വിഭജനവും ഉത്തരവാദിത്ത നിർണ്ണയവും ഉറപ്പാക്കേണ്ടതാണ്. ഇതിലൂടെ, ഭരണപരമായ അനിശ്ചിതത്വങ്ങളും വൈകല്യങ്ങളും പരമാവധി കുറയ്ക്കാൻ കഴിയും.

ഡിജിറ്റൽ ഗവർണൻസ്

ഡിജിറ്റൽ ഗവർണൻസ് പൊതു മരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ നിർണ്ണായക മാറ്റം സൃഷ്ടിക്കുന്ന ഒരു ഉപാധിയാണ്. ഓഫീസ് നടപടികൾ, ഫയൽ കൈകാര്യം, അനുമതികൾ, ടെണ്ടർ നടപടികൾ, കരാർ നിർവഹണം, ബില്ലിംഗ്, പേയ്മെന്റ് എന്നിവയിൽ ഡിജിറ്റൽ സംവിധാനങ്ങൾ വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിലൂടെ പ്രവർത്തന സുതാര്യതയും കാര്യക്ഷമതയും വർധിപ്പിക്കാം. മനുഷ്യ ഇടപെടൽ കുറയുന്നിടത്ത് അനാവശ്യ താമസങ്ങളും വിവേചന സാധ്യതകളും സ്വാഭാവികമായി കുറയും.

പദ്ധതി നിർവഹണത്തിന്റെ ഓരോ ഘട്ടത്തിലും റിയൽ–ടൈം മോണിറ്ററിംഗ് സാധ്യമാക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഭാവിയിലെ ഭരണസംവിധാനത്തിന്റെ ഭാഗമാകണം. പദ്ധതികളുടെ പുരോഗതി, ചെലവുകൾ, ഗുണനിലവാര പരിശോധനകൾ, സമയക്രമം എന്നിവ നിരന്തരം വിലയിരുത്താൻ കഴിയുന്ന സംവിധാനങ്ങൾ തീരുമാനമെടുക്കൽ കൂടുതൽ തെളിവ് അധിഷ്ഠിതമാക്കും. ഇതിലൂടെ, വൈകല്യങ്ങൾ നേരത്തെ തിരിച്ചറിയാനും തിരുത്തൽ നടപടികൾ സ്വീകരിക്കാനും കഴിയും.

സുതാര്യത ഭരണസംവിധാനത്തിന്റെ മൂല്യമായിരിക്കുമ്പോൾ തന്നെ, ജനപങ്കാളിത്തവും പൊതുഉത്തരവാദിത്തവും അതിന്റെ സ്വാഭാവിക അനുബന്ധങ്ങളാണ്. പൊതുമരാമത്ത് പദ്ധതികൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതാണ്. പദ്ധതികളുടെ ലക്ഷ്യങ്ങൾ, ചെലവ്, പുരോഗതി, സമയക്രമം തുടങ്ങിയ വിവരങ്ങൾ പൊതുഡൊമെയിനിൽ ലഭ്യമാകുന്നത് ഭരണസംവിധാനത്തോടുള്ള ജനവിശ്വാസം വർധിപ്പിക്കും.

കരാറുകാരുമായി ബന്ധപ്പെട്ട ഭരണസംവിധാനങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതാണ്. കരാറുകാരുടെ പ്രകടനം, ഗുണനിലവാരം, സമയ പാലനം, സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി പെർഫോമൻസ് അധിഷ്ഠിത വിലയിരുത്തൽ സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതാണ്. ഇതിലൂടെ, ഗുണനിലവാരമുള്ള നിർവഹണം പ്രോത്സാഹിപ്പിക്കാനും അലംഭാവവും അനാസ്ഥയും നിയന്ത്രിക്കാനും കഴിയും.

പൊതു മരാമത്ത് വകുപ്പിന്റെ ഭാവി ഭരണസംവിധാനത്തിൽ അകത്തള നിയന്ത്രണ സംവിധാനങ്ങൾ (internal controls) ശക്തിപ്പെടുത്തേണ്ടതാണ്. ഗുണനിലവാര പരിശോധന, സാമ്പത്തിക ഓഡിറ്റ്, സാങ്കേതിക ഓഡിറ്റ്, സാമൂഹിക ഓഡിറ്റ് തുടങ്ങിയ വ്യത്യസ്ത ഓഡിറ്റ് സംവിധാനങ്ങൾ പരസ്പരം പൂരകമായി പ്രവർത്തിക്കുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്യേണ്ടത്. ഇതിലൂടെ, പിഴവുകൾ തിരുത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും, സ്ഥാപന വിശ്വാസ്യത ഉയരുകയും ചെയ്യും.

കിഫ്ബിയുടെ സംഭാവന

പൊതുമരാമത്ത് മേഖലയിലുണ്ടായിട്ടുള്ള സമാനതകളില്ലാത്ത കുതിപ്പിന് ഏറ്റവും വലിയ സംഭാവന നൽകിയത് കിഫ്ബിയാണ്. 34000 കോടി രൂപയുടെ പദ്ധതികളാണ് പൊതു മരാമത്ത് വകുപ്പിന്റെ നിർവഹണ ഏജൻസികൾക്ക് അനുവദിച്ചിട്ടുള്ളത്. ഇതിനു പുറമേ ദേശീയപാതയ്ക്കുള്ള സംസ്ഥാന വിഹിതവും കിഫ്ബിയിൽ നിന്നാണ്. ഇതിനു പുറമേ 12000-13000 കോടി രൂപയുടെ കെട്ടിട നിർമ്മാണ പ്രൊജക്ടുകൾക്കും കിഫ്ബിയിൽ നിന്നും പണം വകയിരുത്തിയിട്ടുണ്ട്.

കിഫ്ബിയുടെ സംഭാവന സാമ്പത്തിക പിന്തുണയിൽ ഒതുങ്ങുന്നില്ല. കിഫ്ബി റോഡുകൾക്കും മറ്റും കർശനമായ ഗുണനിലവാരം നിർബന്ധിതമാക്കിയിട്ടുണ്ട്. ഡിസൈൻഡ് റോഡുകൾ കേരളീയർ പരിചയപ്പെട്ടത് കിഫ്ബി റോഡുകളിലൂടെയാണ്. അവ ഇന്ന് സംസ്ഥാനത്തിന്റെ മാനദണ്ഡങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ മേൽനോട്ട ഓഡിറ്റിംഗ് ഉത്തരവാദിത്വ വ്യവസ്ഥകളും സുതാര്യത ഉറപ്പാക്കുന്നുണ്ട്.

ഉപസംഹാരം

ഭരണസംവിധാനം കാര്യക്ഷമമാകണമെങ്കിൽ, മനുഷ്യ ശേഷിയുടെയും സ്ഥാപന സംസ്കാരത്തിന്റെയും പങ്ക് നിർണ്ണായകമാണ്. ഉത്തരവാദിത്തബോധം, പ്രൊഫഷണൽ മികവ്, പൊതുതാൽപര്യ ബോധം എന്നിവ വളർത്തുന്ന പ്രവർത്തന സംസ്കാരം വകുപ്പിനകത്ത് ശക്തിപ്പെടുത്തണം. തീരുമാനമെടുക്കലിൽ ആത്മവിശ്വാസവും നവീകരണ മനോഭാവവും പ്രോത്സാഹിപ്പിക്കുന്ന ഭരണപരിസരമാണ് ഭാവിയിലെ പൊതുമരാമത്ത് സംവിധാനത്തിന്റെ ലക്ഷ്യം.

ഇങ്ങനെ, ഭരണസംവിധാനം, സുതാര്യത, ഡിജിറ്റൽ ഗവർണൻസ് എന്നീ ഘടകങ്ങൾ കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ അവസാന ഘടകങ്ങളല്ല, മറിച്ച് മുഴുവൻ നയരേഖയെയും ഒന്നിച്ച് കെട്ടിപ്പിണക്കുന്ന അടിത്തറയാണ്. വിശ്വാസയോഗ്യവും പ്രതികരണക്ഷമവുമായ ഭരണസംവിധാനം സൃഷ്ടിക്കുന്നതിലൂടെ മാത്രമേ പൊതു മരാമത്ത് വകുപ്പിന്റെ ഭൗതിക നേട്ടങ്ങൾ സാമൂഹിക മൂല്യങ്ങളായും ദീർഘകാല നിക്ഷേപങ്ങളായും മാറുകയുള്ളൂ.

16

ചലനാത്മകതയ്ക്ക് സംയോജിത ഗതാഗത സംവിധാനം

കേരളത്തിലെ ഗതാഗതവും ചലനവും (mobility) എന്ന വിഷയം ഒരു സാങ്കേതിക അടിസ്ഥാന സൗകര്യ പ്രശ്നം മാത്രമല്ല. ഗതാഗതം എന്നത് ആളുകൾ എവിടേക്ക് പോകുന്നു, എപ്പോൾ പോകുന്നു, എത്ര ചെലവിലാണ് പോകുന്നത്, സുരക്ഷിതമാണോ, അന്തസ്സുള്ളതാണോ എന്നതൊക്കെ നിർണ്ണയിക്കുന്ന ഒരു സാമൂഹിക–ആർത്ഥിക ഘടനയാണ്. തൊഴിൽ ലഭ്യത, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം, ആരോഗ്യ സേവനങ്ങളുടെ ഉപയോഗം, സ്ത്രീകളുടെയും മുതിർന്നവരുടെയും സാമൂഹ്യ സഞ്ചാരം, ഗ്രാമ–നഗര ബന്ധങ്ങൾ, ടൂറിസം, ചരക്ക് ഗതാഗതം ഇവയെല്ലാം നേരിട്ട് ആശ്രയിക്കുന്നത് ഗതാഗത സംവിധാനങ്ങളുടെ ഗുണനിലവാരത്തെയും വ്യാപ്തിയെയും ആണ്. കേരളം പോലുള്ള ഒരു സംസ്ഥാനത്ത്, ഉയർന്ന ജനസാന്ദ്രതയും രേഖാസദൃശമായ താമസ പാറ്റേണുകളും കടൽ-പുഴ-നദി ശൃംഖലകളും ഉള്ള സാഹചര്യത്തിൽ, ഗതാഗത ചർച്ചകൾ വികസന രാഷ്ട്രീയത്തിന്റെ കേന്ദ്രത്തിൽ തന്നെ നിൽക്കേണ്ടതാണ്.

I

ഗതാഗത മാർഗ്ഗങ്ങളുടെ മേലുള്ള സമ്മർദ്ദം

സംസ്ഥാന സർക്കാരിന്റെ വിവിധ രേഖകൾ സൂചിപ്പിക്കുന്നത്, കേരളം ഇപ്പോൾ ഒരു നിർണായക ഘട്ടത്തിലാണ് എന്നതാണ്. ഒരു വശത്ത് വിദ്യാഭ്യാസവും ആരോഗ്യവും പോലുള്ള മനുഷ്യവികസന സൂചികകളിൽ മുന്നിലുള്ള ഒരു സംസ്ഥാനമായിരിക്കെ, മറ്റുവശത്ത് അതിവേഗ നഗരവത്കരണം, തൊഴിൽ കേന്ദ്രങ്ങളുടെ പുനർവിതരണം, സേവനമേഖലയുടെ വളർച്ച, ടൂറിസത്തിന്റെ വ്യാപനം, വയോധിക ജനസംഖ്യയുടെ വർധന എന്നിവ ഒരുമിച്ച് ഗതാഗത സംവിധാനങ്ങൾക്ക് മേൽ പുതിയ സമ്മർദ്ദങ്ങൾ സൃഷ്ടിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് നിലവിലുള്ള ഗതാഗതാവസ്ഥയെ വിശദമായി മനസ്സിലാക്കേണ്ടത്.

റോഡ് ആശ്രിതത്വം

കേരളത്തിലെ ഗതാഗത സംവിധാനത്തിന്റെ ഏറ്റവും വ്യക്തമായ സവിശേഷത അതിന്റെ റോഡ് ആശ്രിതത്വമാണ്. സംസ്ഥാനത്ത് ദേശീയ പാതകളും സംസ്ഥാന പാതകളും ജില്ലാ-ഗ്രാമീണ റോഡുകളും ചേർന്ന ഒരു അതിശയകരമായ റോഡ് സാന്ദ്രതയുണ്ട്. എന്നാൽ ഈ സാന്ദ്രത ഗതാഗത ശേഷിയായി മാറുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. ഭൂമിശാസ്ത്രപരമായ പരിമിതികളും ചരിത്രപരമായ നഗരവികസന മാതൃകകളും കാരണം റോഡുകളുടെ വീതി വർധിപ്പിക്കാൻ പല ഇടങ്ങളിലും സാധ്യമല്ല. അതേസമയം, സ്വകാര്യ വാഹനങ്ങളുടെ എണ്ണം സ്ഥിരമായി ഉയരുകയാണ്. സമീപകാല കണക്കുകൾ സൂചിപ്പിക്കുന്നത്, ഓരോ മാസവും ആയിരക്കണക്കിന് പുതിയ വാഹനങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്നു എന്നതാണ്. ഈ പ്രവണത, പ്രത്യേകിച്ച് നഗരങ്ങളുടെയും നഗരപരിസരങ്ങളുടെയും കാര്യത്തിൽ, ഗതാഗതക്കുരുക്ക്, പാർക്കിംഗ് പ്രതിസന്ധി, റോഡ്സൈഡ് കൈയേറ്റങ്ങൾ, വാഹനങ്ങൾക്കായി പൊതുസ്ഥലം ഉപയോഗിക്കൽ എന്നിവയ്ക്ക് കാരണമാകുന്നു.

സ്വകാര്യ വാഹനങ്ങളുടെ വർധനവ് ഒരു വർഗപരമായ വിഭജനവും സൃഷ്ടിക്കുന്നു. സാമ്പത്തികമായി മുന്നിലുള്ളവർ കാറുകളിലേക്കും ഇരുചക്രവാഹനങ്ങളിലേക്കും മാറുമ്പോൾ, പൊതുഗതാഗതത്തെ കൂടുതൽ ആശ്രയിക്കുന്നത് കുറഞ്ഞ വരുമാനമുള്ളവരും വിദ്യാർത്ഥികളും സ്ത്രീകളും വയോധികരുമാണ്. ഇതോടെ പൊതുഗതാഗതത്തിന്റെ രാഷ്ട്രീയ പ്രാധാന്യം കുറയുകയും നിക്ഷേപങ്ങൾ മന്ദഗതിയിലാകുകയും ചെയ്യുന്നു. റോഡുകളുടെ ശേഷി വർധിപ്പിച്ചാൽ ഗതാഗതക്കുരുക്ക് പരിഹരിക്കാമെന്ന പൊതുവായ ധാരണ കേരളത്തിൽ പലപ്പോഴും നിലനിൽക്കുന്നു. എന്നാൽ അനുഭവം കാണിക്കുന്നത്, പുതിയ റോഡുകളും ഫ്ളൈഓവറുകളും ഉടൻ തന്നെ കൂടുതൽ വാഹനങ്ങളെ ആകർഷിക്കുകയും പഴയതിരക്ക് പുതിയ രൂപത്തിൽ തിരിച്ചുവരികയും ചെയ്യുന്നതാണ്.

റോഡ് ഗതാഗതത്തിന്റെ മറ്റൊരു ഗുരുതര വശം റോഡ് സുരക്ഷയാണ്. കേരളത്തിൽ ട്രാഫിക് നിയമലംഘനങ്ങളുടെ എണ്ണം അതിശയിപ്പിക്കുന്ന തരത്തിൽ ഉയർന്നതാണ്. ഹെൽമറ്റ് ധരിക്കാതെയുള്ള യാത്ര, സീറ്റ് ബെൽറ്റ് ഉപയോഗിക്കാതെയുള്ള ഡ്രൈവിംഗ്, മൊബൈൽ ഫോൺ ഉപയോഗം, അതിവേഗം -- ഇവയെല്ലാം വ്യാപകമാണ്. ക്യാമറകൾ വഴി പിഴ

ഈടാക്കുന്ന സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഇത് ഒരു ശിക്ഷാധിഷ്ഠിത സമീപനം മാത്രമായി മാറുന്നുവെന്ന വിമർശനവും ഉണ്ട്. യഥാർത്ഥത്തിൽ പ്രശ്നം മനുഷ്യരുടെ പെരുമാറ്റത്തിൽ മാത്രമല്ല; സുരക്ഷിതമല്ലാത്ത റോഡ് ഡിസൈൻ, നടപ്പാതകളുടെ അഭാവം, കുട്ടികൾക്കും വയോധികർക്കും സുരക്ഷിതമായി കടക്കാനാവാത്ത ജംഗ്ഷനുകൾ, പൊതുഗതാഗത സ്റ്റോപ്പുകളുടെ അനിയന്ത്രിതമായ സ്ഥാനം എന്നിവയും അപകടങ്ങൾക്ക് കാരണമാകുന്നു.

പൊതുഗതാഗത രംഗത്ത് ബസുകൾ ഇപ്പോഴും കേരളത്തിന്റെ നട്ടെല്ലാണ്. സംസ്ഥാന ട്രാൻസ്പോർട്ട് സ്ഥാപനങ്ങളും സ്വകാര്യ ബസ് ഓപ്പറേറ്റർമാരും ചേർന്നതാണ് ഈ സംവിധാനം. ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കും നഗരങ്ങൾക്കകത്തും ദിവസേന ലക്ഷക്കണക്കിന് ആളുകളെ ബസുകൾ കൊണ്ടു പോകുന്നു. എന്നിരുന്നാലും, സർവീസുകളുടെ ഗുണനിലവാരത്തിൽ വലിയ വ്യത്യാസങ്ങളുണ്ട്. ചില പ്രധാന ഇടനാഴികളിൽ നല്ല ഫ്രീക്വൻസി ഉണ്ടായിരിക്കുമ്പോൾ, നഗരപരിസരങ്ങളിലെയും പുതിയ റെസിഡൻഷ്യൽ മേഖലകളിലെയും സർവീസുകൾ അപര്യാപ്തമാണ്. ഷെഡ്യൂളുകളുടെ ഏകോപനമില്ലായ്മ, യാത്രക്കാരോടുള്ള അനാദരം, സ്റ്റോപ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് -- ഇവയെല്ലാം ബസുകളെക്കുറിച്ചുള്ള പ്രശ്നങ്ങളാണ്.

റെയിൽ ഗതാഗതം

റെയിൽ ഗതാഗതം കേരളത്തിൽ പരമ്പരാഗതമായി ദൂരയാത്രകൾക്കാണ് പ്രധാനമായും ഉപയോഗിക്കപ്പെട്ടത്. എന്നാൽ നഗരവത്കരണത്തിന്റെ പശ്ചാത്തലത്തിൽ സബർബൻ റെയിൽ സംവിധാനങ്ങളുടെ അഭാവം കൂടുതൽ വ്യക്തമായി അനുഭവപ്പെടുന്നു. ഈ സാഹചര്യത്തിലാണ് കൊച്ചിയിൽ മെട്രോ റെയിൽ ആരംഭിച്ചത്. കൊച്ചി മെട്രോ ആരംഭിച്ചതിന് ശേഷം, നഗരത്തിലെ യാത്രാശീലങ്ങളിൽ വ്യക്തമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. യാത്രാസമയം കുറയുക, വിശ്വാസ്യത വർധിക്കുക, സ്ത്രീകൾക്കും മുതിർന്നവർക്കും സുരക്ഷിതമായ യാത്ര ലഭിക്കുക എന്നിവയൊക്കെ മെട്രോയുടെ സാമൂഹിക പ്രാധാന്യം തെളിയിക്കുന്നു. ഏറ്റവും ശ്രദ്ധേയമായ കാര്യം, മെട്രോയും ഫീഡർ ബസുകളും വാട്ടർ മെട്രോയും ചേർന്ന ഒരു ഏകീകൃത ഗതാഗത ശൃംഖല രൂപപ്പെടുത്താൻ കൊച്ചിയിൽ കഴിഞ്ഞുവെന്നതാണ്.

ജല ഗതാഗതം

വാട്ടർ ട്രാൻസ്പോർട്ട് കേരളത്തിന് ലഭിച്ചിരിക്കുന്ന ഒരു സ്വാഭാവിക ആനുകൂല്യമാണ്. എന്നാൽ ദീർഘകാലം ഇത് പരമ്പരാഗത ഫെറി സർവീസുകളിലേക്കും കുറഞ്ഞ നിക്ഷേപമുള്ള സംവിധാനങ്ങളിലേക്കും ഒതുങ്ങിക്കിടന്നു. കൊച്ചി വാട്ടർ മെട്രോ ഈ സ്ഥിതിയെ അടിസ്ഥാനപരമായി മാറ്റിയിട്ടുണ്ട്. ദ്വീപുകളെയും തീരദേശങ്ങളെയും നഗരകേന്ദ്രങ്ങളുമായി വേഗത്തിലും സുരക്ഷിതമായും ബന്ധിപ്പിക്കാൻ ഈ സംവിധാനം സഹായിക്കുന്നു. റോഡുകളിലെ തിരക്ക് കുറയ്ക്കാനും ടൂറിസത്തിന് പുതിയ സാധ്യതകൾ തുറക്കാനും വാട്ടർ മെട്രോക്ക് കഴിഞ്ഞിട്ടുണ്ട്. ഈ അനുഭവം സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും ആലോചിക്കാവുന്ന ഒന്നാണ്.

ഗതാഗത വാലറ്റങ്ങൾ (last mile)

നടത്തവും സൈക്ലിംഗും പോലുള്ള നോൺ-മോട്ടറൈസ്ഡ് ഗതാഗത മാർഗങ്ങൾ കേരളത്തിൽ ഇപ്പോഴും വലിയ തോതിൽ നിലനിൽക്കുന്നു, പ്രത്യേകിച്ച് ചെറിയ പട്ടണങ്ങളിലും ഗ്രാമങ്ങളിലും. എന്നാൽ ഇത് പലപ്പോഴും സൗകര്യങ്ങളുടെ ഫലമല്ല, നിർബന്ധിതമായ തിരഞ്ഞെടുപ്പാണ്. തുടർച്ചയില്ലാത്ത നടപ്പാതകൾ, അപകടകരമായ റോഡ് മുറിക്കൽ, സൈക്ലിംഗിന് വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവ കാരണം ഈ യാത്രകൾ അപകടകരമാണ്. എന്നിരുന്നാലും, കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രതയും മിശ്ര ഭൂമി-ഉപയോഗ മാതൃകകളും കണക്കിലെടുത്താൽ, നടത്തവും സൈക്ലിംഗും ഗതാഗത നയത്തിന്റെ കേന്ദ്രഘടകങ്ങളാക്കാൻ വലിയ സാധ്യതയുണ്ട്.

ചരക്ക് ഗതാഗതം

ചരക്ക് ഗതാഗതം കേരളത്തിന്റെ സാമ്പത്തിക ജീവിതത്തിൽ നിർണായകമാണ്. കൃഷി ഉൽപ്പന്നങ്ങൾ, മത്സ്യബന്ധനം, ചെറുകിട വ്യവസായങ്ങൾ, ടൂറിസം ഇവയെല്ലാം വേഗതയുള്ള ചരക്ക് നീക്കത്തെ ആശ്രയിച്ചതാണ് വളരുന്നത്. എന്നാൽ വലിയ ട്രക്കുകൾ നഗരകേന്ദ്രങ്ങളിലൂടെ കടന്നുപോകുന്നത് ഗതാഗതക്കുരുക്കും റോഡ് നാശവും അപകട സാധ്യതയും വർധിപ്പിക്കുന്നു. തുറമുഖങ്ങളുടെയും ലോജിസ്റ്റിക് ഹബുകളുടെയും വികസനം നടക്കുമ്പോൾ, നഗര-ഗ്രാമ ചരക്ക് ഗതാഗതത്തിന്റെ ആസൂത്രണം കൂടുതൽ ശാസ്ത്രീയമാകേണ്ടതുണ്ട്.

ഇങ്ങനെ നോക്കുമ്പോൾ, കേരളത്തിലെ ഗതാഗതാവസ്ഥ വൈരുദ്ധ്യങ്ങളാൽ നിറഞ്ഞതാണ്. ഒരു വശത്ത് പുതിയ മെട്രോയും വാട്ടർ മെട്രോയും പോലുള്ള ആധുനിക സംവിധാനങ്ങൾ പ്രതീക്ഷ നൽകുന്നു. മറ്റുവശത്ത് നിയന്ത്രണമില്ലാത്ത സ്വകാര്യ വാഹന വർധനയും റോഡ് സുരക്ഷാ പ്രതിസന്ധിയും നഗര ജീവിതത്തെ മുട്ടിക്കുന്നു. ഈ വൈരുദ്ധ്യങ്ങളാണ് അടുത്ത അഞ്ച് വർഷങ്ങളിൽ കേരളം ഏത് ദിശയിലേക്കാണ് നീങ്ങേണ്ടത് എന്ന ചോദ്യത്തെ അതീവ പ്രസക്തമാക്കുന്നത്. നിലവിലെ അവസ്ഥയെ ഈ രീതിയിൽ സമഗ്രമായി മനസ്സിലാക്കുമ്പോഴാണ്, അടുത്ത ഭാഗങ്ങളിൽ ചർച്ച ചെയ്യപ്പെടുന്ന വെല്ലുവിളികളും വികസന ആവശ്യങ്ങളും ശരിയായ പശ്ചാത്തലത്തിൽ വിലയിരുത്താൻ കഴിയുക.

II
ഘടനാപരമായ വെല്ലുവിളികൾ

കേരളത്തിലെ ഗതാഗത സംവിധാനങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ ഏറ്റവും ആദ്യം തിരിച്ചറിയേണ്ടത്, ഇവിടെ നേരിടുന്ന പ്രശ്നങ്ങൾ ഏതാനും

സാങ്കേതിക അപര്യാപ്തതകളിലേക്കോ ധനസഹായത്തിന്റെ കുറവിലേക്കോ ചുരുങ്ങുന്നവയല്ല എന്നതാണ്. ഇവയുടെ അടിത്തറ സ്ഥാപനപരമായ ദൗർബല്യങ്ങളിലും വികസന മാതൃകകളിലെ വൈരുദ്ധ്യങ്ങളിലും സാമൂഹിക അസമത്വങ്ങളിലും പരിസ്ഥിതി പരിധികളിലും ആഴത്തിൽ പതിഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ, ഗതാഗത വികസനത്തിന് ആവശ്യമായ ഇടപെടലുകൾ നിർണ്ണയിക്കുന്നതിന് മുൻപ്, നിലവിലുള്ള വെല്ലുവിളികളെ സമഗ്രമായി വിശകലനം ചെയ്യേണ്ടതുണ്ട്.

ഏകോപനമില്ലായ്മ

കേരളത്തിലെ ഗതാഗത മേഖലയിലെ ഏറ്റവും അടിസ്ഥാനപരമായ പ്രശ്നം സ്ഥാപനപരമായ വിഭജിതാവസ്ഥയാണ്. റോഡ് നിർമ്മാണം, ബസ് സർവീസുകൾ, ട്രാഫിക് നിയന്ത്രണം, നഗര പദ്ധതി, മെട്രോ റെയിൽ, വാട്ടർ ട്രാൻസ്പോർട്ട് -- ഇവയെല്ലാം വ്യത്യസ്ത വകുപ്പുകളുടെയും ഏജൻസികളുടെയും ഉത്തരവാദിത്തത്തിലാണ്. ഓരോ സ്ഥാപനവും സ്വന്തം പരിധിയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് അവകാശപ്പെടുമ്പോഴും, ഈ പ്രവർത്തനങ്ങൾ തമ്മിലുള്ള ഏകോപനം അതീവ ദുർബലമാണ്. ഒരു നഗരത്തിൽ റോഡ് വികസനം നടക്കുമ്പോൾ, അതിന്റെ പൊതുഗതാഗത പ്രത്യാഘാതങ്ങൾ കണക്കിലെടുക്കുന്നില്ല. പുതിയ റെസിഡൻഷ്യൽ മേഖലകൾ അനുവദിക്കുമ്പോൾ അവിടേക്കുള്ള ബസ്, റെയിൽ, നടപ്പാത സൗകര്യങ്ങൾ ഒരുമിച്ച് ആലോചിക്കുന്നില്ല. ഇതിന്റെ ഫലമായി, ഗതാഗത സംവിധാനങ്ങൾ ഒരു ഏകീകൃത ശൃംഖലയായി പ്രവർത്തിക്കാതെ, തമ്മിൽ മത്സരിക്കുന്ന ഘടകങ്ങളായി മാറുന്നു.

ഈ സ്ഥാപനപരമായ പ്രശ്നം നഗരവത്കരണത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ ഗുരുതരമാകുന്നു. കേരളത്തിൽ നഗരവും ഗ്രാമവും തമ്മിലുള്ള അതിർത്തികൾ മങ്ങിയതാണ്. മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പരിസരങ്ങളിൽ വൻ ജനവാസ മേഖലകൾ രൂപപ്പെടുമ്പോൾ, അവ പലപ്പോഴും ഭരണപരമായി ഗ്രാമപഞ്ചായത്തുകളുടെ കീഴിലാണ് തുടരുന്നത്. നഗരജീവിതത്തിന്റെ ഗതാഗത ആവശ്യങ്ങൾ ഇവിടങ്ങളിൽ രൂപപ്പെടുമ്പോഴും, അതിനനുസരിച്ചുള്ള നഗരതല ഗതാഗത പദ്ധതി ഇവിടങ്ങളിൽ നടപ്പാക്കാൻ കഴിയുന്നില്ല. ഫലമായി, നഗരകേന്ദ്രങ്ങളിലേക്ക് നീളുന്ന ദിനസഞ്ചാരം വർധിക്കുകയും, റോഡുകളും ബസുകളും അതിരുകടന്ന് സമ്മർദ്ദത്തിലാകുകയും ചെയ്യുന്നു.

പൊതുഗതാഗതത്തിന്റെ കാര്യക്ഷമത

സാമ്പത്തിക അവസ്ഥയുടെ പ്രശ്നം മറ്റൊരു വലിയ വെല്ലുവിളിയാണ്. പൊതുഗതാഗത സംവിധാനങ്ങൾ, പ്രത്യേകിച്ച് ബസുകളും റെയിൽ സംവിധാനങ്ങളും, സാമൂഹിക സേവനങ്ങളായി പ്രവർത്തിക്കേണ്ടവയാണ്. എന്നാൽ കഴിഞ്ഞ വർഷങ്ങളായി, ഈ സംവിധാനങ്ങളെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കണം എന്ന നയധാരണ ശക്തമായിട്ടുണ്ട്. ഇതിന്റെ ഫലമായി, നിരക്കുകൾ ഉയർത്തുന്നതിനും ചെലവ് കുറയ്ക്കുന്നതിനും അമിത പ്രാധാന്യം നൽകപ്പെടുന്നു. എന്നാൽ കേരളം പോലുള്ള ഒരു സംസ്ഥാനത്ത്, പൊതുഗതാഗതം ആശ്രയിക്കുന്ന വലിയൊരു വിഭാഗം കുറഞ്ഞ വരുമാനമുള്ളവരാണെന്ന സത്യം പലപ്പോഴും മറക്കപ്പെടുന്നു. സാമ്പത്തിക നഷ്ടം മാത്രം കണക്കിലെടുത്ത് പൊതുഗതാഗതത്തെ വിലയിരുത്തുമ്പോൾ, അതിന്റെ സാമൂഹിക ലാഭം -- സമയം ലാഭം, സുരക്ഷ, പരിസ്ഥിതി സംരക്ഷണം, സ്ത്രീകളുടെ സ്വാതന്ത്ര്യം -- എന്നിവ കണക്കിന് പുറത്താകുന്നു.

സ്വകാര്യ വാഹനങ്ങളുടെ നിയന്ത്രണമില്ലാത്ത വർധനവ് ഗതാഗത രംഗത്തെ മറ്റൊരു പ്രശ്നമാണ്. കേരളത്തിൽ കാർ സ്വന്തമാക്കൽ സാമൂഹികമായി "മുന്നേറ്റത്തിന്റെ" അടയാളമായി കാണുന്ന മനോഭാവം ശക്തമാണ്. പൊതുഗതാഗതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുന്നതിന് പകരം, പലപ്പോഴും റോഡ് വികസനവും ഫ്ളൈഓവറുകളും തന്നെയാണ് പരിഹാരമായി അവതരിപ്പിക്കപ്പെടുന്നത്. ഇതിലൂടെ, വാഹനങ്ങൾക്കായി കൂടുതൽ സ്ഥലം സൃഷ്ടിക്കപ്പെടുകയും, അത് വീണ്ടും കൂടുതൽ വാഹനങ്ങളെ ആകർഷിക്കുകയും ചെയ്യുന്ന ഒരു സ്ഥിതി രൂപപ്പെടുന്നു. പാർക്കിംഗ് പ്രശ്നം ഈ സാഹചര്യത്തിൽ പ്രത്യേകിച്ച് ഗുരുതരമാണ്. നഗരങ്ങളിലെ പൊതുസ്ഥലങ്ങൾ (നടപ്പാതകൾ, റോഡ്സൈഡുകൾ, ചെറിയ സ്ക്വയറുകൾ) എല്ലാം പാർക്കിംഗ് ഏരിയകളായി മാറുമ്പോൾ, നടപ്പാതയാത്രയും സൈക്ലിംഗും കൂടുതൽ അപകടകരമാകുന്നു.

റോഡ് സുരക്ഷ

റോഡ് സുരക്ഷയെ സംബന്ധിച്ച വെല്ലുവിളികൾ ഈ പശ്ചാത്തലത്തിൽ കൂടുതൽ സങ്കീർണ്ണമാണ്. കേരളത്തിലെ ഉയർന്ന ട്രാഫിക് നിയമലംഘന നിരക്ക് പലപ്പോഴും വ്യക്തികളുടെ അശ്രദ്ധയുടെയും നിയമലംഘന പ്രവണതയുടെയും ഫലമായി മാത്രം വിശദീകരിക്കപ്പെടുന്നു. എന്നാൽ യാഥാർത്ഥ്യത്തിൽ, സുരക്ഷിതമല്ലാത്ത റോഡ് രൂപകൽപ്പനയും, വേഗത നിയന്ത്രിക്കാൻ കഴിയാത്ത വീതിയേറിയ നഗര റോഡുകളും, നടപ്പാതകളുടെ അഭാവവും, കുട്ടികൾക്കും വയോധികർക്കും സൗഹൃദമല്ലാത്ത ജംഗ്ഷനുകളും അപകടങ്ങൾക്ക് വലിയ പങ്കുവഹിക്കുന്നു. ശിക്ഷയും പിഴയും മാത്രം കേന്ദ്രീകരിച്ചുള്ള സമീപനം ദീർഘകാലത്തിൽ ഗതാഗത സംസ്കാരം മാറ്റാൻ പര്യാപ്തമല്ല എന്നതാണ് ഇതിൽ നിന്നുള്ള പാഠം.

പൊതുഗതാഗത സംവിധാനങ്ങൾ തമ്മിലുള്ള ഏകീകരണക്കുറവ് മറ്റൊരു പ്രധാന തടസ്സമാണ്. ബസ്, റെയിൽ, മെട്രോ, വാട്ടർ ട്രാൻസ്പോർട്ട്, ഇവയെല്ലാം ഒരേ യാത്രയുടെ ഭാഗമാകുമ്പോഴും പലപ്പോഴും യാത്രക്കാരൻ ഓരോ ഘട്ടത്തിലും വ്യത്യസ്ത ടിക്കറ്റുകളും വ്യത്യസ്ത ഷെഡ്യൂളുകളും അനിശ്ചിതമായ ട്രാൻസ്ഫർ സമയങ്ങളും നേരിടുന്നു. ഈ അസൗകര്യങ്ങൾ, പ്രത്യേകിച്ച് സ്ത്രീകൾക്കും വയോധികർക്കും, പൊതുഗതാഗതത്തെക്കാൾ സ്വകാര്യ വാഹനങ്ങളെ ആകർഷകമാക്കുന്നു. കൊച്ചിയിലെ അനുഭവം കാണിക്കുന്നത്,

ഈ ഏകീകരണം സാധ്യമാണ് എന്നതാണെങ്കിലും, അത് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ ആവശ്യമായ നയപരമായ ധൈര്യം ഇപ്പോഴും പൂർണ്ണമായി പ്രകടമായിട്ടില്ല.

കാലാവസ്ഥാ മാറ്റം

പരിസ്ഥിതിയും കാലാവസ്ഥാ മാറ്റവും കേരളത്തിലെ ഗതാഗത ചർച്ചകളിൽ വേർതിരിച്ച് കാണാനാവാത്ത ഘടകങ്ങളാണ്. താഴ്ന്ന തീരപ്രദേശങ്ങൾ, വെള്ളപ്പൊക്ക സാധ്യതയുള്ള നഗരങ്ങൾ, മലയോര റോഡുകൾ, ഇവയെല്ലാം കാലാവസ്ഥാ വ്യതിയാനങ്ങളുടെ നേരിട്ടുള്ള ആഘാതം അനുഭവിക്കുന്ന മേഖലകളാണ്. പല ഗതാഗത പദ്ധതികളും ഇപ്പോഴും ഈ അപകടസാധ്യതകൾ പൂർണ്ണമായി ഉൾക്കൊള്ളാതെ രൂപകൽപ്പന ചെയ്യപ്പെടുന്നു. കാലാവസ്ഥാ പ്രതിരോധശേഷിയില്ലാത്ത അടിസ്ഥാന സൗകര്യങ്ങൾ, ദീർഘകാലത്തിൽ വലിയ സാമ്പത്തികവും സാമൂഹികവുമായ നഷ്ടങ്ങൾ ഉണ്ടാക്കും.

അവസാനമായി, ഗതാഗതത്തിലെ അസമത്വ പ്രശ്നം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഗതാഗത വികസനം പലപ്പോഴും നഗരമധ്യത്തിലെ ഉയർന്ന ആവശ്യകതയുള്ള ഇടനാഴികളിൽ കേന്ദ്രീകരിക്കുമ്പോൾ, ദ്വീപുകൾ, തീരദേശങ്ങൾ, മലയോര പ്രദേശങ്ങൾ, നഗരപരിസര ഗ്രാമങ്ങൾ എന്നിവ പിന്നിലാക്കപ്പെടുന്നു. മത്സ്യത്തൊഴിലാളികൾ, വീട്ടമ്മമാർ, അനൗപചാരിക തൊഴിലാളികൾ, വിദ്യാർത്ഥികൾ, ഇവരുടെ യാത്രാശീലങ്ങളും ആവശ്യങ്ങളും നയരൂപീകരണത്തിൽ മതിയായ പ്രാധാന്യം നേടുന്നില്ല. ഗതാഗതം ഒരു വിപണി സേവനമായി മാത്രം കാണുമ്പോൾ, അത് സാമൂഹിക നീതിയുടെ ഒരു ഉപകരണമായി പ്രവർത്തിക്കാനുള്ള സാധ്യത നഷ്ടപ്പെടുന്നു.

ഇങ്ങനെ, കേരളത്തിലെ ഗതാഗത രംഗത്തെ വെല്ലുവിളികൾ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവയാണ്. സ്ഥാപനപരമായ വിഭജനം, ധനപരമായ സമ്മർദ്ദങ്ങൾ, സ്വകാര്യവാഹന ആധിപത്യം, സുരക്ഷാ പ്രതിസന്ധി, ഏകീകരണക്കുറവ്, പരിസ്ഥിതി ഭീഷണികൾ, സാമൂഹിക അസമത്വം -- ഇവയെല്ലാം ചേർന്നതാണ് നിലവിലെ പ്രതിസന്ധി. ഈ യാഥാർത്ഥ്യങ്ങളെ നേരിടാതെ, ഏതെങ്കിലും ഒറ്റപ്പെട്ട സാങ്കേതിക പരിഹാരങ്ങൾ അവതരിപ്പിക്കുന്നത് ഫലപ്രദമാകില്ല. അതുകൊണ്ടുതന്നെ, അടുത്ത ഭാഗത്തിൽ ചർച്ച ചെയ്യപ്പെടുന്ന വികസന ദിശകളും നയസിദ്ധാന്തങ്ങളും ഈ സമഗ്ര വിശകലനത്തെ അടിസ്ഥാനമാക്കിയാകണം.

III
അടുത്ത അഞ്ച് വർഷങ്ങളിലെ ഗതാഗത വികസനം

കേരളത്തിലെ ഗതാഗത പ്രതിസന്ധി പരിഹരിക്കപ്പെടേണ്ടത് ഏതാനും ഒറ്റപ്പെട്ട പദ്ധതികളിലൂടെയോ വൻ അടിസ്ഥാന സൗകര്യ നിക്ഷേപങ്ങളിലൂടെയോ മാത്രമല്ല. മറിച്ച്, വ്യക്തമായ നയസിദ്ധാന്തങ്ങൾ അടിസ്ഥാനമാക്കിയുള്ള ഒരു ദിശാബോധമുള്ള ഇടപെടൽ പ്രക്രിയയിലൂടെയാണ്. അടുത്ത അഞ്ച് വർഷങ്ങളിൽ ഗതാഗത വികസനം ഏത് മൂല്യങ്ങളെ മുൻനിർത്തണം, എന്താണ് മുൻഗണന, എന്താണ് ഒഴിവാക്കേണ്ടത് എന്നിവയെക്കുറിച്ചുള്ള വ്യക്തതയാണ് ഈ ഘട്ടത്തിൽ ഏറ്റവും ആവശ്യമായത്.

- **പൊതുസേവനം:** അടിസ്ഥാനപരമായി, ഗതാഗതത്തെ ഒരു പൊതുസേവനമായും സാമൂഹിക അവകാശമായും കാണേണ്ടതാണ്. കേരളത്തിലെ വലിയൊരു വിഭാഗം ജനങ്ങൾക്കായി ഗതാഗതം ഒരു ഉപഭോഗ തിരഞ്ഞെടുപ്പല്ല. മറിച്ച് തൊഴിലും വിദ്യാഭ്യാസവും ആരോഗ്യവും ഉറപ്പാക്കാനുള്ള നിർബന്ധിത ഉപാധിയാണ്. അതിനാൽ തന്നെ, ഗതാഗത സംവിധാനങ്ങളെ വിപണി കാര്യക്ഷമതയുടെ മാനദണ്ഡങ്ങളിൽ മാത്രം അളക്കുന്നത് തെറ്റായ ദിശയിലേക്കാണ് നയിക്കുന്നത്. നഷ്ടത്തിലാണെന്ന കാരണത്താൽ ഒരു ബസ് സർവീസ് നിർത്തലാക്കുമ്പോൾ, അതിന്റെ യഥാർത്ഥ സാമൂഹിക ചെലവ് -- ജോലി നഷ്ടം, സ്കൂൾ നഷ്ടം, സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യത്തിലെ കുറവ് എന്നിവ കണക്കിലെടുക്കപ്പെടുന്നില്ല. അടുത്ത അഞ്ച് വർഷങ്ങളിലെ ഗതാഗത നയങ്ങൾ ഈ സാമൂഹിക കാഴ്ചപ്പാടിനെ വ്യക്തമായി ഉൾക്കൊള്ളേണ്ടതുണ്ട്.
- **ഏകീകരണം:** രണ്ടാമത്തെ നിർണായക സിദ്ധാന്തം ഏകീകരണമാണ്. കേരളത്തിലെ ഗതാഗത പ്രശ്നങ്ങളുടെ ഒരു വലിയ ഭാഗം ഉണ്ടാകുന്നത്, ഓരോ ഗതാഗതമാർഗവും ഓരോ സ്ഥാപനവും സ്വതന്ത്രമായി പ്രവർത്തിക്കുന്നതിൽ നിന്നാണ്. യാത്രക്കാരന്റെ കാഴ്ചപ്പാടിൽ, ഒരു യാത്ര ബസിൽ തുടങ്ങിയും മെട്രോയിൽ തുടർന്നും വാട്ടർ ട്രാൻസ്പോർട്ടിൽ അവസാനിക്കാനും കഴിയണം. എന്നാൽ ഇത് സാധ്യമാകുന്നത് ഭൗതിക ബന്ധം, സമയക്രമങ്ങളുടെ ഏകോപനം, ടിക്കറ്റ് സംവിധാനങ്ങളുടെ സംയോജനം എന്നിവ ഒരുമിച്ച് നടപ്പിലാക്കുമ്പോഴാണ്. അടുത്ത അഞ്ച് വർഷങ്ങളിൽ ഗതാഗത വികസനത്തിന്റെ പ്രഥമ ലക്ഷ്യം പുതിയ യാത്രാമാർഗങ്ങൾ സൃഷ്ടിക്കുന്നതിലേക്കാൾ, നിലവിലുള്ള സംവിധാനങ്ങളെ ഒരു ഒറ്റ ശൃംഖലയായി മാറ്റുന്നതായിരിക്കണം.
- **പൊതുഗതാഗതം:** മൂന്നാമത്തെ സിദ്ധാന്തം സ്വകാര്യ വാഹന ആധിപത്യത്തെ നിയന്ത്രിക്കുകയും പൊതുഗതാഗതത്തിനും നോൺ–മോട്ടറൈസ്ഡ് ഗതാഗതത്തിനും മുൻഗണന നൽകുകയും ചെയ്യുന്നതാണ്. കേരളത്തിലെ റോഡുകൾ ഭൗതികമായി പരിമിതമാണ്; അവയെ അനന്തമായി വികസിപ്പിക്കാൻ സാധ്യമല്ല. ഈ യാഥാർത്ഥ്യം അംഗീകരിക്കാതെ നടത്തുന്ന റോഡ് കേന്ദ്രീകൃത വികസനം, ദീർഘകാലത്തിൽ ഗതാഗതക്കുരുക്കും പരിസ്ഥിതി നാശവും സാമൂഹിക അസമത്വവും മാത്രമേ വർധിപ്പിക്കൂ. അതിനാൽ തന്നെ, അടുത്ത ഘട്ടത്തിലെ നയം “കൂടുതൽ റോഡുകൾ” എന്ന ചിന്തയിൽ നിന്ന് “കൂടുതൽ കാര്യക്ഷമമായ യാത്ര”

എന്ന ചിന്തയിലേക്കാണ് മാറേണ്ടത്. പൊതുഗതാഗതം വേഗതയിലും സൗകര്യത്തിലും വിശ്വാസ്യതയിലും സ്വകാര്യ വാഹനങ്ങളെക്കാൾ മത്സരക്ഷമമാകുന്നില്ലെങ്കിൽ, യാത്രാശീലങ്ങളിൽ മാറ്റം പ്രതീക്ഷിക്കുന്നത് യാഥാർത്ഥ്യവിരുദ്ധമായിരിക്കും.

- **സമത്വവും ഉൾക്കൊള്ളലും:** നാലാമത്തെ പ്രധാന സിദ്ധാന്തം സമത്വവും ഉൾക്കൊള്ളലുമാണ്. ഗതാഗത വികസനം സാധാരണയായി നഗരകേന്ദ്രങ്ങളിലെ തിരക്കേറിയ ഇടനാഴികളിൽ കേന്ദ്രീകരിക്കുമ്പോൾ, അതിന്റെ പ്രയോജനം കൂടുതലായി അനുഭവിക്കുന്നത് സ്ഥിരം ജോലിക്കായി ദിവസേന യാത്ര ചെയ്യുന്ന ഒരു പ്രത്യേക വിഭാഗമാണ്. എന്നാൽ കേരളത്തിന്റെ സാമൂഹിക ഘടന ഇതിൽ നിന്ന് വ്യത്യസ്തമാണ്. ദ്വീപുകളിലെ ജനങ്ങൾ, തീരദേശ മത്സ്യത്തൊഴിലാളികൾ, മലയോര പ്രദേശങ്ങളിലെ കർഷകർ, അനൗപചാരിക മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾ, ഇവരുടെ ഗതാഗത ആവശ്യങ്ങൾ സ്ഥിരതയുള്ള പീക്ക്-ആവർ യാത്രകളിൽ ഒതുങ്ങുന്നവയല്ല. അടുത്ത അഞ്ച് വർഷങ്ങളിലെ ഗതാഗത വികസനം, ഈ വൈവിധ്യമാർന്ന യാത്രാശീലങ്ങളെ മനസ്സിലാക്കി, "ലാഭകരമായ" റൂട്ടുകൾക്കപ്പുറം പോകേണ്ടതുണ്ട്.
- **സാമ്പത്തികം:** അഞ്ചാമത്തെ സിദ്ധാന്തം സാമ്പത്തിക യാഥാർത്ഥ്യബോധമാണ്. കേരളത്തിന്റെ ധനപരമായ പരിമിതികൾ അവഗണിച്ച് വൻ പദ്ധതികൾ പ്രഖ്യാപിക്കുന്നത് എളുപ്പമാണ്, പക്ഷേ നടപ്പിലാക്കുക ബുദ്ധിമുട്ടാണ്. അതിനാൽ തന്നെ, ഗതാഗത വികസനം ഘട്ടംഘട്ടമായി, മുൻഗണനകൾ വ്യക്തമായി നിശ്ചയിച്ച്, ചെലവ്-ലാഭ വിശകലനത്തോടൊപ്പം സാമൂഹിക ലാഭം കൂടി കണക്കിലെടുത്ത് മുന്നോട്ട് പോകണം. കുറഞ്ഞ ചെലവിൽ വലിയ സാമൂഹിക പ്രയോജനം നൽകുന്ന ഇടപെടലുകൾ -- ബസ് പ്രയോറിറ്റി ലെയിനുകൾ, നടപ്പാത നവീകരണം, ടിക്കറ്റ് ഏകീകരണം -- ഇവയ്ക്ക് തുടക്ക ഘട്ടത്തിൽ തന്നെ മുൻഗണന നൽകേണ്ടതാണ്. വലിയ മൂലധന പദ്ധതികൾ ദീർഘകാല ദർശനത്തിന്റെ ഭാഗമായിരിക്കണം, എന്നാൽ അവ ചെറുതും ഫലപ്രദവുമായ ഇടപെടലുകളെ മാറ്റിസ്ഥാപിക്കരുത്.
- **കാലാവസ്ഥാ ഉത്തരവാദിത്വം:** ആറാമത്തെ സിദ്ധാന്തം കാലാവസ്ഥാ ഉത്തരവാദിത്വമാണ്. ഗതാഗതം കേരളത്തിലെ കാർബൺ പുറന്തള്ളലിന്റെ പ്രധാന ഘടകങ്ങളിലൊന്നായി മാറിക്കൊണ്ടിരിക്കുകയാണ്. അതേസമയം, കാലാവസ്ഥാ വ്യതിയാനങ്ങളുടെ ആഘാതം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഈ ഇരട്ട യാഥാർത്ഥ്യം ഗതാഗത നയങ്ങളിൽ പ്രതിഫലിക്കണം. പൊതുഗതാഗതത്തിലേക്കുള്ള മാറ്റം, ഇലക്ട്രിക് വാഹനങ്ങളുടെ പ്രോത്സാഹനം, നടത്തവും സൈക്ലിംഗും പോലുള്ള കുറഞ്ഞ കാർബൺ മാർഗങ്ങളുടെ സംരക്ഷണം, ഇവയെല്ലാം പരിസ്ഥിതി സൗഹൃദ നടപടികൾ മാത്രമല്ല, ദീർഘകാല സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുള്ള നയപരമായ നിർബന്ധിതത്വങ്ങളാണ്.
- **ജനകീയപങ്കാളിത്തം:** അവസാനമായി, ജനകീയ പങ്കാളിത്തവും രാഷ്ട്രീയ ഉത്തരവാദിത്വവും ഒരു നിർണ്ണായക സിദ്ധാന്തമായി ഉയർത്തിക്കാണിക്കേണ്ടതാണ്. ഗതാഗത തീരുമാനങ്ങൾ സാധാരണയായി സാങ്കേതിക വിദഗ്ധരുടെ മുറികളിൽ രൂപപ്പെടുകയും, ജനങ്ങൾക്ക് അത് "തയ്യാർ ഉൽപ്പന്നമായി" കൈമാറപ്പെടുകയും ചെയ്യുന്നു. എന്നാൽ റോഡുകൾ, ബസ് റൂട്ടുകൾ, പാർക്കിംഗ് നിയന്ത്രണങ്ങൾ, ട്രാഫിക് മാറ്റങ്ങൾ എന്നിവയൊക്കെ ജനങ്ങളുടെ ദിനചര്യയെ നേരിട്ട് ബാധിക്കുന്ന കാര്യങ്ങളാണ്. അടുത്ത അഞ്ച് വർഷങ്ങളിൽ ഗതാഗത വികസനം വിജയിക്കണമെങ്കിൽ, ഈ തീരുമാനങ്ങൾ ജനങ്ങളുമായി സംവദിച്ചും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ സജീവമായി ഉൾപ്പെടുത്തിയും മുന്നോട്ട് പോകണം. ഗതാഗതം ഒരു സാങ്കേതിക വിഷയമെന്നതിലുപരി ഒരു ജനാധിപത്യ വിഷയമാണെന്ന ബോധം ഇവിടെ നിർണ്ണായകമാണ്.

അതിവേഗ-ദീർഘദൂര റയിൽ

കേരളത്തിലെ ഗതാഗത ചർച്ചകൾ നഗരഗതാഗതത്തിലും പ്രാദേശിക യാത്രകളിലും കേന്ദ്രീകരിക്കുമ്പോൾ പലപ്പോഴും മറന്നുപോകുന്ന ഒരു നിർണായക തലമാണ് ദീർഘദൂര ദിനസഞ്ചാരവും മേഖലാതല ബന്ധവും. ഇന്ന് കാസർഗോഡും തിരുവനന്തപുരത്തിനുമിടയിലെ യാത്ര ഒരു "ദീർഘയാത്ര" എന്ന നിലയിലാണ് കാണപ്പെടുന്നത്. എന്നാൽ യാഥാർത്ഥ്യത്തിൽ, ഈ ഉത്തര-ദക്ഷിണ അച്ചുതണ്ടിലൂടെ ദിവസേന ആയിരക്കണക്കിന് ആളുകൾ സഞ്ചരിക്കുന്നു -- ജോലിക്കായി, വിദ്യാഭ്യാസത്തിനായി, ചികിത്സയ്ക്കായി, ഭരണകാര്യങ്ങൾക്കായി. കേരളത്തിന്റെ രേഖാസദൃശമായ ഭൗമഘടന കണക്കിലെടുത്താൽ, ഈ നീളവായ സംസ്ഥാനത്ത് വേഗതയേറിയതും വിശ്വാസ്യതയുള്ളതുമായ ഒരു ഉത്തര-ദക്ഷിണ റെയിൽ നട്ടെല്ലില്ലാതെ, ഗതാഗത കാര്യക്ഷമതയെക്കുറിച്ചുള്ള ഏതൊരു ചർച്ചയും അപൂർണ്ണമായിത്തീരും. ഈ പശ്ചാത്തലത്തിലാണ് ഹൈ-സ്പീഡ് റെയിൽ, റീജിയണൽ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം (RRTS) പോലുള്ള സംവിധാനങ്ങളുടെ ആവശ്യകത ഉയർന്നുവരുന്നത്.

RRTS എന്ന ആശയം കേരളത്തിന് അനുയോജ്യമായ ഒന്നാണ്. കാരണം, ഇത് നഗര മെട്രോയുടെയും പരമ്പരാഗത ദീർഘദൂര റെയിലിന്റെയും ഇടയിലുള്ള ശൂന്യത പൂരിപ്പിക്കുന്നതാണ്. കൊച്ചി-തൃശൂർ, കോഴിക്കോട്-കണ്ണൂർ, കൊല്ലം-തിരുവനന്തപുരം പോലുള്ള ഇടനില മേഖലകളിൽ, പ്രതിദിന സഞ്ചാരം ഇന്ന് റോഡുകളെയും പരമ്പരാഗത ട്രെയിനുകളെയും അമിതമായി ആശ്രയിച്ചിരിക്കുന്നു. ഈ ഇടനാഴികളിൽ ഉയർന്ന ഫ്രീക്വൻസിയിലും ഉയർന്ന ശരാശരി വേഗതയിലും പ്രവർത്തിക്കുന്ന RRTS, തൊഴിലവസ

രങ്ങളുടെ ഭൂമിശാസ്ത്രം തന്നെ മാറ്റാൻ ശേഷിയുള്ള താണ്. ഒരു നഗരത്തിൽ താമസിച്ചുകൊണ്ട് മറ്റൊരു നഗരത്തിൽ ജോലി ചെയ്യുക എന്നത് അസാധാരണമായ ഒരു തീരുമാനമല്ല. മറിച്ച്, അതൊരു സാധാരണമായ തിരഞ്ഞെടുപ്പായി മാറുമ്പോൾ, നഗരങ്ങളിൽ അമിതമായി കൂടുന്ന സമ്മർദ്ദം കുറയും. അതേസമയം, ചെറുനഗരങ്ങളും പരിസര പ്രദേശങ്ങളും സാമ്പത്തികമായി സജീവമാകും.

ഇതോടൊപ്പം തന്നെ, കേരളത്തിന് ചിന്തിക്കേണ്ട മറ്റൊരു തന്ത്രപ്രധാന ഇടപെടൽ, വടക്കും തെക്കും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു യഥാർത്ഥ ഹൈസ്പീഡ് റെയിൽ സംവിധാനമാണ്. ഇത് നിലവിലുള്ള റെയിൽ സംവിധാനത്തിന്റെ ചെറിയ അപ്ഗ്രേഡ് മാത്രമായി കാണാനാവില്ല. മറിച്ച്, സംസ്ഥാനത്തിന്റെ കാല-സ്ഥല ബന്ധങ്ങളെ പുനർനിർവചിക്കുന്ന ഒരു അടിസ്ഥാന മാറ്റമായാണ് കാണേണ്ടത്. കാസർഗോഡിൽ നിന്ന് തിരുവനന്തപുരത്തേക്ക് നാലര മണിക്കൂറിൽ എത്താൻ കഴിയുന്ന ഒരു സംവിധാനം, ഭരണകേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം, ഉന്നത വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങളുടെ ഉപയോഗം, സാംസ്കാരിക-സാമൂഹിക ഇടപെടലുകൾ എന്നിവയെ മുഴുവൻ പുതിയ തലത്തിലേക്ക് ഇത് ഉയർത്തും. ഇന്ന് ദൂരം എന്നത് ഒരു സാമൂഹിക തടസ്സമായി പ്രവർത്തിക്കുന്ന നിരവധി സാഹചര്യങ്ങളിൽ, ഹൈസ്പീഡ് റെയിൽ ആ തടസ്സം തകർക്കുന്ന ഒരു പൊതു അടിസ്ഥാന സൗകര്യമായി മാറും.

RRTS-ഉം ഹൈസ്പീഡ് റെയിലും നഗരമദ്ധ്യങ്ങളെയും ഗ്രാമപരിസരങ്ങളെയും ഒരുപോലെ സേവിക്കുന്ന, ബസ്–മെട്രോ–വാട്ടർ ട്രാൻസ്പോർട്ടുമായി ഏകീകരിച്ച ഒരു ശൃംഖലയായി രൂപപ്പെടുമ്പോഴാണ്, അവ കേരളത്തിന്റെ ഗതാഗത ഭാവിയിൽ യഥാർത്ഥ പരിവർത്തനശേഷി കൈവരിക്കുക. അപ്പോൾ മാത്രമേ, വേഗത സാങ്കേതിക ആഡംബരമല്ല, സാമൂഹികമായി പങ്കുവയ്ക്കപ്പെടുന്ന ഒരു പൊതുനന്മയാകുകയുള്ളൂ.

IV
അടുത്ത അഞ്ച് വർഷങ്ങളിലെ പ്രായോഗിക ഇടപെടൽ

മുകളിൽ ചർച്ച ചെയ്ത നയസിദ്ധാന്തങ്ങൾ അർത്ഥവത്താകുന്നത് അവയെ വ്യക്തമായ പ്രവർത്തനങ്ങളായും സ്ഥാപനപരമായ മാറ്റങ്ങളായും മാറ്റുമ്പോഴാണ്. അതിനാൽ തന്നെ, അടുത്ത അഞ്ച് വർഷങ്ങളിൽ കേരളം സ്വീകരിക്കേണ്ട ഗതാഗത വികസന പരിപാടി, ഒരേസമയം ദൂരദർശനപരവും പ്രായോഗികവുമായിരിക്കണം. വലിയ മൂലധന പദ്ധതികൾക്കൊപ്പം തന്നെ, ചെറുതും വേഗത്തിൽ ഫലം നൽകുന്നതുമായ ഇടപെടലുകൾക്ക് മുൻഗണന നൽകുന്ന ഒരു ക്രമബദ്ധ സമീപനമാണ് ഇവിടെ ആവശ്യമായത്.

സ്ഥാപനപരമായ പരിഷ്ക്കാരങ്ങൾ

ഈ പരിപാടിയുടെ ആദ്യഘട്ടം സ്ഥാപനപരമായ പരിഷ്കാരങ്ങളോടെയാണ് ആരംഭിക്കേണ്ടത്. നിലവിൽ ഗതാഗതവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ പല വകുപ്പുകളിലായി ചിതറിക്കിടക്കുന്നതിനാൽ, ഏതൊരു സാങ്കേതിക ഇടപെടലും പൂർണ്ണഫലം നൽകുന്നില്ല. അതിനാൽ, അടുത്ത അഞ്ച് വർഷങ്ങളുടെ തുടക്കത്തിൽ തന്നെ, മെട്രോപൊളിറ്റൻ മേഖലകളിൽ ഏകീകൃത ഗതാഗത ആസൂത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. നഗരകോർപ്പറേഷനുകൾ, ഗതാഗത വകുപ്പ്, പോലീസ്, മെട്രോ-വാട്ടർ ട്രാൻസ്പോർട്ട് ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെല്ലാം ഇതിനായി ഒരുമിച്ച് വരേണ്ടതുണ്ട്. പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നതിനെക്കാൾ രാഷ്ട്രീയമായി ബുദ്ധിമുട്ടുള്ളതായിരിക്കാം ഈ സ്ഥാപനപരമായ മാറ്റം. എന്നാൽ ദീർഘകാലത്തിൽ ഏറ്റവും കൂടുതൽ നേട്ടം നൽകുന്നതും ഇതുതന്നെയായിരിക്കും.

ബസ് ഗതാഗതം

സ്ഥാപനപരമായ അടിത്തറ ഉറപ്പാക്കിയതിന് ശേഷം, ഏറ്റവും അടിയന്തിരമായി ഇടപെടേണ്ട മേഖല ബസ് ഗതാഗതമാണ്. കേരളത്തിലെ ദിനസഞ്ചാരത്തിന്റെ വലിയൊരു ഭാഗം ഇപ്പോഴും ബസുകളിലാണ് നടക്കുന്നത്. എന്നാൽ ബസുകൾക്ക് റോഡുകളിൽ മുൻഗണന ലഭിക്കാത്തതിനാൽ, അവ സ്വകാര്യ വാഹനങ്ങളുടെ തിരക്കിൽ കുടുങ്ങുകയും യാത്രാസമയം അനിശ്ചിതമാകുകയും ചെയ്യുന്നു. അടുത്ത അഞ്ച് വർഷങ്ങളിൽ ബസ് ഗതാഗതം മെച്ചപ്പെടുത്താനുള്ള ഏറ്റവും ഫലപ്രദമായ മാർഗം, റോഡുകൾ കൂടുതൽ വികസിപ്പിക്കുന്നതല്ല, മറിച്ച് നിലവിലുള്ള റോഡുകളിൽ ബസുകൾക്ക് മുൻഗണന നൽകുകയാണ്. പ്രധാന നഗര ഇടനാഴികളിലും നഗര-പരിസര ബന്ധങ്ങളിലും ബസ് പ്രയോറിറ്റി സംവിധാനങ്ങൾ നടപ്പിലാക്കുമ്പോൾ, കുറഞ്ഞ ചെലവിൽ തന്നെ വലിയ യാത്രാസമയം ലാഭം നേടാൻ കഴിയും. ഇതോടൊപ്പം, ബസ് ഫ്ലീറ്റിന്റെ നവീകരണവും ഇലക്ട്രിക് ബസുകളിലേക്കുള്ള ഘട്ടംഘട്ടമായ മാറ്റവും ഗതാഗതത്തിന്റെ പരിസ്ഥിതി പാദമുദ്ര കുറയ്ക്കാൻ സഹായിക്കും.

ബസ് ഗതാഗതത്തിന്റെ നവീകരണത്തോട് ചേർന്ന് നടക്കേണ്ട മറ്റൊരു നിർണായക ഇടപെടൽ ടിക്കറ്റ് സംവിധാനങ്ങളുടെ ഏകീകരണമാണ്. യാത്രക്കാരന്റെ കാഴ്ചപ്പാടിൽ, ഗതാഗതം ഒരൊറ്റ അനുഭവമാണ്. എന്നാൽ കേരളത്തിൽ ഇപ്പോഴും ഓരോ ഗതാഗത മാർഗത്തിനും വ്യത്യസ്ത ടിക്കറ്റുകളും പണമടയ്ക്കൽ രീതികളും നിലനിൽക്കുന്നു. അടുത്ത അഞ്ച് വർഷങ്ങളിൽ, ബസ്, മെട്രോ, വാട്ടർ ട്രാൻസ്പോർട്ട്, സബർബൻ റെയിൽ എന്നിവയെ ഒരു പൊതുവായ ടിക്കറ്റ് സംവിധാനത്തിലേക്ക് കൊണ്ടുവരുന്നത് ഗതാഗത പരിഷ്കാരത്തിന്റെ ആത്മാവായി മാറണം. ഇത് സാങ്കേതികമായി സങ്കീർണ്ണമല്ലെങ്കിലും, സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണമാണ് ഇതിന്റെ യഥാർത്ഥ വെല്ലുവിളി. ഈ വെല്ലുവിളി മറികടക്കുമ്പോൾ, പൊതുഗതാഗതത്തിന്റെ ആകർഷണീയത ഗണ്യമായി വർധിക്കും.

റെയിൽ ഗതാഗതം

റെയിൽ അടിസ്ഥാനമാക്കിയുള്ള നഗര ഗതാഗതം, പ്രത്യേകിച്ച് മെട്രോ സംവിധാനങ്ങൾ, അടുത്ത അഞ്ച് വർഷങ്ങളിൽ സൂക്ഷ്മമായ മുൻഗണനയോടെ വികസിപ്പിക്കേണ്ട മേഖലയാണ്. പുതിയ മെട്രോ ലൈനുകൾ തുറക്കുക, നിലവിലുള്ള മെട്രോ സംവിധാനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുക, അവയെ ബസ്, വാട്ടർ ട്രാൻസ്പോർട്ട് എന്നിവയുമായി ഭൗതികമായും പ്രവർത്തനപരമായും ബന്ധിപ്പിക്കുക. ഇവയാണ് അടുത്ത അഞ്ച് വർഷങ്ങളിൽ പ്രാധാന്യമേറിയ ഇടപെടലുകൾ. മെട്രോ സ്റ്റേഷനുകൾ വെറും യാത്രാ കേന്ദ്രങ്ങളായി അല്ല, മറിച്ച് സജീവമായ നഗര ഇടങ്ങളായി രൂപപ്പെടുത്തുന്ന സമീപനം സ്വീകരിക്കുന്നത് ഗതാഗതവും നഗരവികസനവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തും.

ജല ഗതാഗതം

സ്വാതന്ത്ര്യത്തിനു മുൻപ് കേരളത്തിലെ മുഖ്യ ഗതാഗത മാർഗ്ഗം ജലപാതകളായിരുന്നു. എന്നാൽ മതിയായ നിക്ഷേപം നടത്താത്തതിന്റെ ഫലമായി അവ പൂർണ്ണമായും നാശോന്മുഖമായി. സന്തുലിതമായ ഗതാഗത സംവിധാനത്തിന് ജല മാർഗ്ഗത്തെ തിരിച്ചുപിടിച്ചേ തീരു. നദികളിലെയും മറ്റും ഒഴുക്കിൽ ഉണ്ടായിരിക്കുന്ന മാറ്റങ്ങൾ മൂലം പൂർവ്വ സ്ഥിതിയിലേക്ക് പോവാൻ ആവില്ല. എന്നാൽ ദേശീയ ജലപാതയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഗതാഗത യോഗ്യമാക്കുകയും ചെയ്യേണ്ടത് പരമ പ്രധാനവുമാണ്. കിഫ്ബിയിൽനിന്ന് മൂവായിരത്തിലേറെ കോടി രൂപ ഈ മേഖലയ്ക്കായി ചെലവഴിക്കുന്നുണ്ട്.

വാട്ടർ ട്രാൻസ്പോർട്ട് രംഗത്ത്, കൊച്ചിയിൽ ലഭിച്ച അനുഭവങ്ങൾ സംസ്ഥാനതലത്തിൽ ഗൗരവമായി വിലയിരുത്തേണ്ടതാണ്. എല്ലാ പ്രദേശങ്ങളിലും വാട്ടർ മെട്രോ മാതൃക പകർത്താൻ കഴിയില്ലെങ്കിലും, കേരളത്തിലെ പല തീരദേശ-ബാക്ക്വാട്ടർ മേഖലകളിലും ജലഗതാഗതത്തിന് വലിയ സാധ്യതയുണ്ട്. അടുത്ത അഞ്ച് വർഷങ്ങളിൽ, നിലവിലുള്ള ഫെറി സർവീസുകൾ നവീകരിക്കുകയും അവയെ പൊതുഗതാഗത ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നത് റോഡ് ആശ്രിതത്വം കുറയ്ക്കാൻ സഹായിക്കും. ജലഗതാഗതം ടൂറിസത്തിനുള്ള ഒരു ആകർഷണമായി മാത്രം കാണാതെ, ദിനസഞ്ചാരത്തിനുള്ള വിശ്വാസ്യതയുള്ള മാർഗമായി വികസിപ്പിക്കേണ്ടതുണ്ട്.

നടത്തവും സൈക്ലിംഗും

നടത്തവും സൈക്ലിംഗും പോലുള്ള നോൺ-മോട്ടറൈസ്ഡ് ഗതാഗത മാർഗങ്ങൾ അടുത്ത അഞ്ച് വർഷങ്ങളിൽ ഗതാഗത പരിഷ്കാരത്തിന്റെ മൗനനായകരാകണം. വലിയ പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ, നടപ്പാതകളുടെയും സൈക്കിൾ ട്രാക്കുകളുടെയും ചെലവ് വളരെ കുറവാണ്. എന്നാൽ അവയുടെ സാമൂഹിക ലാഭം അത്യന്തം വലുതാണ്. സുരക്ഷിതമായ നടപ്പാതകൾ സ്ത്രീകൾക്കും കുട്ടികൾക്കും വയോധികർക്കും നഗരത്തെ തിരികെ നൽകുന്നു. അടുത്ത അഞ്ച് വർഷങ്ങളിൽ, തെരുവ് രൂപകൽപ്പനയെ വാഹന ഗതാഗതത്തിന്റെ ഉപോൽപ്പന്നമായി കാണുന്ന സമീപനം മാറ്റി, മനുഷ്യരുടെ സഞ്ചാരമാണ് നഗരത്തിന്റെ കേന്ദ്രമെന്ന ബോധ്യത്തോടെ "പൂർണ്ണ തെരുവുകൾ" എന്ന ആശയം നടപ്പിലാക്കേണ്ടതാണ്.

ചരക്ക് ഗതാഗതം

ചരക്ക് ഗതാഗതം സംബന്ധിച്ചിടത്തോളം, അടുത്ത അഞ്ച് വർഷങ്ങളിൽ ഒരു അടിസ്ഥാന മാറ്റം ആവശ്യമാണ്. നഗരകേന്ദ്രങ്ങളിലൂടെ അനിയന്ത്രിതമായി സഞ്ചരിക്കുന്ന വലിയ ചരക്ക് വാഹനങ്ങൾ ഗതാഗതക്കുരുക്കിനും അപകടങ്ങൾക്കും കാരണമാകുന്നു. ഇതിന് പരിഹാരമായി, നഗരപരിസരങ്ങളിൽ ചരക്ക് ഏകീകരണ കേന്ദ്രങ്ങൾ സൃഷ്ടിക്കുകയും, അവിടെ നിന്ന് ചെറുതും പരിസ്ഥിതി സൗഹൃദവുമായ വാഹനങ്ങളിലൂടെ ചരക്കുകൾ വിതരണം ചെയ്യുകയും ചെയ്യുന്ന മാതൃക പരീക്ഷിക്കാവുന്നതാണ്. ഇത് ഗതാഗത കാര്യക്ഷമത വർധിപ്പിക്കുമ്പോൾ തന്നെ നഗരജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തും.

ഈ എല്ലാ ഇടപെടലുകളോടൊപ്പം തന്നെ, സ്വകാര്യ വാഹന ഉപയോഗത്തെ നിയന്ത്രിക്കുന്ന നയങ്ങളെ കുറിച്ചുകൂടി ആലോചിക്കേണ്ടതുണ്ട്. പാർക്കിംഗ് നിയന്ത്രണം, തിരക്കേറിയ പ്രദേശങ്ങളിൽ വാഹന പ്രവേശന നിയന്ത്രണം, ജോലി സ്ഥലങ്ങളിലെ യാത്രാ മാനേജ്മെന്റ് പദ്ധതികൾ -- ഇവയെല്ലാം പൊതുഗതാഗത മെച്ചപ്പെടുത്തലുകളോടൊപ്പം നടപ്പിലാക്കുമ്പോഴാണ് സാമൂഹികമായി അംഗീകരിക്കപ്പെടുക. സ്വകാര്യ വാഹനങ്ങൾക്ക് പകരം പൊതുഗതാഗതം ഒരു യഥാർത്ഥമായ മികച്ച തിരഞ്ഞെടുപ്പായി മാറുന്നില്ലെങ്കിൽ, ഇത്തരം നിയന്ത്രണങ്ങൾ രാഷ്ട്രീയമായി നിലനിൽക്കില്ല.

ഇങ്ങനെ, അടുത്ത അഞ്ച് വർഷങ്ങളിലെ ഗതാഗത വികസന പരിപാടി, വലിയ പ്രഖ്യാപനങ്ങളുടെയും ഒറ്റപ്പെട്ട പദ്ധതികളുടെയും കൂട്ടായ്മയായിരിക്കരുത്. മറിച്ച്, സ്ഥാപനപരമായ പരിഷ്കാരങ്ങൾ, പൊതുഗതാഗതത്തിന്റെ ശക്തിപ്പെടുത്തൽ, മനുഷ്യകേന്ദ്രിത തെരുവ് രൂപകൽപ്പന, പരിസ്ഥിതി ഉത്തരവാദിത്വം, സാമൂഹിക സമത്വം -- ഇവയെല്ലാം ഒരേ ദിശയിൽ മുന്നോട്ട് കൊണ്ടുപോകുന്ന ഒരു സമഗ്ര പ്രക്രിയയായിരിക്കണം. ഈ പ്രക്രിയ വിജയകരമാകുമ്പോൾ, ഗതാഗതം കേരളത്തിൽ ഒരു വികസന തടസ്സമല്ല, മറിച്ച് വികസനത്തിന്റെ ശക്തമായ ഉപകരണമാകും.

സഹായക ഘടകങ്ങൾ

അടുത്ത അഞ്ച് വർഷത്തെ ഗതാഗത ഇടപെടൽ പരിപാടി വിജയിക്കണമെങ്കിൽ, അത് സ്വതന്ത്രമായി നിലനിൽക്കുന്ന പദ്ധതികളുടെ കൂട്ടായ്മയായിരിക്കരുത്. മറിച്ച്, അവയെ ഒന്നായി ബന്ധിപ്പിക്കുകയും ദീർഘകാലം നിലനിൽക്കുന്നതാക്കുകയും ചെയ്യുന്ന ചില അടിസ്ഥാന സഹായക ഘടകങ്ങൾ അനിവാര്യമാണ്.

- ആദ്യമായി ശ്രദ്ധിക്കേണ്ടത് ഡാറ്റയും അറിവും അധിഷ്ഠിതമായ ആസൂത്രണമാണ്. കേരളത്തിലെ ഗതാഗത തീരുമാനങ്ങൾ പലപ്പോഴും അനുഭവ ബോധത്തെയും രാഷ്ട്രീയ സമ്മർദ്ദങ്ങളെയും ആശ്രയിച്ചാണ് രൂപപ്പെടുന്നത്. എന്നാൽ യാത്രാ പ്രവണതകൾ, പീക്ക്-ആവർ സഞ്ചാരം, സ്ത്രീകളുടെയും വയോധികരുടെയും യാത്രാശീലങ്ങൾ, ചരക്ക് ഗതാഗതത്തിന്റെ സമയം-സ്ഥലം പാറ്റേണുകൾ -- ഇവയെക്കുറിച്ചുള്ള സമഗ്രവും പുതുക്കിയതുമായ ഡാറ്റ നമ്മുടെ സംസ്ഥാനത്തിൽ ഇപ്പോഴും അപര്യാപ്തമാണ്. അടുത്ത അഞ്ച് വർഷങ്ങളിൽ, വിവിധ വകുപ്പുകളിൽ ചിതറിക്കിടക്കുന്ന ഗതാഗത ഡാറ്റയെ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഏകീകരിക്കേണ്ടതുണ്ട്. ബസ് ടിക്കറ്റ് വിവരങ്ങൾ, മെട്രോയും വാട്ടർ ട്രാൻസ്പോർട്ടും നൽകുന്ന യാത്രാ കണക്കുകൾ, വാഹന രജിസ്ട്രേഷൻ ഡാറ്റ, അപകട റിപ്പോർട്ടുകൾ -- ഇവയെല്ലാം ഒരുമിച്ച് വിശകലനം ചെയ്യുമ്പോഴാണ്, എവിടെയാണ് ഇടപെടൽ ഏറ്റവും അടിയന്തിരം, ഏത് നയം പ്രവർത്തിക്കുന്നു, ഏത് പരാജയപ്പെടുന്നു എന്നതിനെക്കുറിച്ച് വ്യക്തത ലഭിക്കുക.
- ഡാറ്റയോട് ചേർന്നുള്ള മറ്റൊരു നിർണായക ഘടകം സ്ഥാപന ശേഷി വികസനമാണ്. ഗതാഗതം ഒരു സാങ്കേതിക വിഷയമെന്ന നിലയിൽ മാത്രം കൈകാര്യം ചെയ്താൽ മതിയാകില്ല. അത് സാമ്പത്തികശാസ്ത്രം, നഗര പദ്ധതിയിടൽ, സാമൂഹിക നീതി, പരിസ്ഥിതി ശാസ്ത്രം എന്നിവയെ ഒറ്റക്കെട്ടായി കാണേണ്ട ഒരു മേഖല കൂടിയാണ്. സംസ്ഥാനത്തെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർക്കായി തുടർച്ചയായ പരിശീലന പരിപാടികൾ, അന്താരാഷ്ട്രവും ദേശീയവുമായ മികച്ച മാതൃകകളെ പരിചയപ്പെടുത്തുന്ന പഠനങ്ങൾ, അക്കാദമിക് സ്ഥാപനങ്ങളുമായുള്ള സഹകരണം -- ഇവയൊക്കെ ഗതാഗത പരിഷ്കാരത്തിന്റെ "മനുഷ്യ മൂലധനം" ശക്തിപ്പെടുത്തും. ഈ ശേഷി വികസനം ഇല്ലാതെ, പുതിയ നയങ്ങളും നിയമങ്ങളും പേപ്പറിൽ മാത്രം നിലനിൽക്കാനുള്ള സാധ്യത കൂടുതലാണ്.
- ജനകീയ പങ്കാളിത്തം ഗതാഗത പരിഷ്കാരങ്ങളുടെ മറ്റൊരു അടിസ്ഥാന തൂണാണ്. ഗതാഗത നയങ്ങൾ നേരിട്ട് ജനങ്ങളുടെ ദിനചര്യയെ ബാധിക്കുന്നവയാണ്. ഒരു ബസ് റൂട്ടിന്റെ മാറ്റം, ഒരു റോഡിൽ പാർക്കിംഗ് നിയന്ത്രണം, ഒരു ജംഗ്ഷനിലെ ട്രാഫിക് റീഡിസൈൻ -- ഇവയെല്ലാം ചെറിയ സാങ്കേതിക തീരുമാനങ്ങളായി തോന്നാമെങ്കിലും, ജനങ്ങളുടെ സമയം, ചെലവ്, സുരക്ഷ, സൗകര്യം എന്നിവയെ നേരിട്ട് ബാധിക്കുന്നു. ഈ തീരുമാനങ്ങൾ ജനങ്ങളുമായി സംവദിക്കാതെയും അവരുടെ അനുഭവങ്ങൾ കേൾക്കാതെയും നടപ്പിലാക്കുമ്പോൾ, നല്ല ഉദ്ദേശത്തോടെയുള്ള പരിഷ്കാരങ്ങൾ പോലും എതിർപ്പുകൾ നേരിടും. അതിനാൽ, അടുത്ത അഞ്ച് വർഷങ്ങളിൽ ഗതാഗത പദ്ധതികൾ തയ്യാറാക്കുമ്പോൾ, വാർഡ് തല ചർച്ചകൾ, യാത്രക്കാരുടെ സർവേകൾ, പ്രത്യേകിച്ച് സ്ത്രീകളും വയോധികരും ഉൾപ്പെടുന്ന ഫോകസ് ഗ്രൂപ്പ് ചർച്ചകൾ എന്നിവയെല്ലാം നിർബന്ധ ഘടകങ്ങളായി കാണേണ്ടതുണ്ട്.
- സാമൂഹിക നീതിയുടെ കാഴ്ചപ്പാടിൽ, ഗതാഗത സബ്സിഡികളും നിരക്ക് നയങ്ങളും സൂക്ഷ്മമായി രൂപകൽപ്പന ചെയ്യണം. ഒരേ നിരക്ക് എല്ലാവർക്കും നീതിയുള്ളതാണെന്ന പൊതുവായ ധാരണ പലപ്പോഴും തെറ്റിദ്ധരിപ്പിക്കുന്നതാണ്. കുറഞ്ഞ വരുമാനമുള്ള തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും ഗതാഗത ചെലവ് അവരുടെ മൊത്തം വരുമാനത്തിന്റെ വലിയൊരു പങ്ക് വിഴുങ്ങുന്നുണ്ട്. അതിനാൽ, അടുത്ത ഘട്ടത്തിലെ ഗതാഗത നയങ്ങളിൽ, ലക്ഷ്യബദ്ധമായ സബ്സിഡികളും കൺസഷനുകളും സാമൂഹിക നീതിയുടെ ഉപകരണങ്ങളായി നിലനിൽക്കണം. ഇതിനെ "നഷ്ടം" എന്ന നിലയിൽ അല്ല, മറിച്ച് മനുഷ്യവികസനത്തിലേക്കുള്ള നിക്ഷേപം എന്ന നിലയിലാണ് കാണേണ്ടത്.
- ധനസമാഹരണത്തിന്റെ കാര്യത്തിലും ഈ സഹായക ഘടകങ്ങൾ നിർണായകമാണ്. ഗതാഗത വികസനത്തിന് ആവശ്യമായ ധനം മുഴുവനായും സംസ്ഥാന ബജറ്റിൽ നിന്ന് മാത്രമായി കണ്ടെത്തുക പ്രായോഗികമല്ല. എന്നാൽ അതേ സമയം, സ്വകാര്യ മേഖലക്ക് പൂർണ്ണമായി വിട്ടുകൊടുക്കുന്ന സമീപനം സാമൂഹിക ലക്ഷ്യങ്ങളെ ദുർബലമാക്കും. അതിനാൽ, അടുത്ത അഞ്ച് വർഷങ്ങളിൽ കേരളം സ്വീകരിക്കേണ്ടത് ഒരു മിശ്ര ധനമാതൃകയാണ്. പൊതുഗതാഗതം മൂലം മൂല്യം വർധിക്കുന്ന ഭൂമിയും വാണിജ്യ മേഖലകളും അതിന്റെ ഭാഗിക ചെലവ് വഹിക്കണം എന്ന തത്വം സൂക്ഷ്മമായി നടപ്പിലാക്കിയാൽ, ധനപരമായ സ്ഥിരതയ്ക്കും സാമൂഹിക നീതിക്കും ഒരുപോലെ സഹായകമാകും. എന്നാൽ ഈ ധനസമാഹരണ മാർഗങ്ങൾ പൊതുജനങ്ങൾക്ക് വ്യക്തമായി വിശദീകരിക്കപ്പെടുകയും, അതിന്റെ പ്രയോജനം ഗതാഗത മെച്ചപ്പെടുത്തലായി തിരികെ ലഭിക്കുകയും വേണം.
- അവസാനമായി, കാലാവസ്ഥാ പ്രതിരോധ ശേഷി ഗതാഗത പരിഷ്കാരങ്ങളുടെ എല്ലാ ഘട്ടങ്ങളിലും ഉൾക്കൊള്ളണം. റോഡുകളും പാലങ്ങളും മെട്രോ സ്റ്റേഷനുകളും ജെട്ടികളും നിർമ്മിക്കുമ്പോൾ, ഇന്നത്തെ ആവശ്യങ്ങൾ മാത്രമല്ല, അടുത്ത പതിറ്റാണ്ടുകളിലെ കാലാവസ്ഥാ അപകടങ്ങളും കണക്കിലെടുക്കണം. വെള്ളപ്പൊക്ക സാധ്യതയുള്ള മേഖലകളിലെ ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ, അടിയന്തിര ഘട്ടങ്ങളിലും പ്രവർത്തനക്ഷമമാകുന്ന വിധത്തിൽ രൂപകൽപ്പന ചെയ്യപ്പെടണം. ഇതില്ലാതെ, ഒരു പ്രളയമോ ശക്തമായ മഴയോ വന്നാൽ, വർഷങ്ങളോളം നടത്തിയ നിക്ഷേപങ്ങൾ

മണിക്കൂറുകൾക്കുള്ളിൽ ഉപയോഗശൂന്യമാകുന്ന അവസ്ഥ വീണ്ടും ആവർത്തിക്കും.

ഇങ്ങനെ, ഡാറ്റ, സ്ഥാപനശേഷി, ജനകീയ പങ്കാളിത്തം, സാമൂഹിക നീതി, ധനപരമായ സ്ഥിരത, കാലാവസ്ഥാ ഉത്തരവാദിത്വം എന്നിവയെല്ലാം ചേർന്നതാണ് ഗതാഗത പരിഷ്കാരങ്ങളുടെ യഥാർത്ഥ അടിത്തറ. ഈ സഹായക ഘടകങ്ങൾ ശക്തമായാൽ മാത്രമേ, മുൻപ് വിശദീകരിച്ച ഇടപെടലുകൾ ദീർഘകാലം നിലനിൽക്കുന്ന, കേരളത്തിന്റെ സാമൂഹിക–ആർത്ഥിക പുരോഗതിയെ പിന്തുണയ്ക്കുന്ന, ഒരു ഗതാഗത സംവിധാനമായി മാറുകയുള്ളൂ.

പ്രശ്നസാധ്യതകൾ

ഗതാഗത പരിഷ്കാരങ്ങളെക്കുറിച്ചുള്ള ഏതൊരു ദർശനപരമായ പദ്ധതിയും, അതിന്റെ സാദ്ധ്യതകളെ പോലെതന്നെ അപകടസാധ്യതകളും ഉൾക്കൊള്ളുന്നതാണ്. അഞ്ച് വർഷത്തെ ഇടപെടൽ പരിപാടിയും സഹായക ഘടകങ്ങളും ഒക്കെ രാഷ്ട്രീയ-സാമൂഹിക-ധനപരമായ യാഥാർത്ഥ്യങ്ങളെ നേരിടാതെ മുന്നോട്ടുപോകാൻ കഴിയില്ല. അതിനാൽ, ഗതാഗത വികസനത്തിന്റെ അടുത്ത ഘട്ടം വിജയകരമാകണമെങ്കിൽ, സാധ്യതയുള്ള അപകടങ്ങളെ മുൻകൂട്ടി തിരിച്ചറിയുകയും അവയ്ക്കിടയിൽ എങ്ങനെ തുലനം പുലർത്താമെന്നും വ്യക്തമായ ബോധ്യമുണ്ടാകണം.

ധനപരം

ആദ്യമായി തിരിച്ചറിയേണ്ട അപകടസാധ്യത ധനപരമായതാണ്. ഗതാഗതം മൂലധനക്ഷയമുള്ള ഒരു മേഖലയാണ്; മെട്രോ, ബസ് ഫ്ലീറ്റ് നവീകരണം, വാട്ടർ ട്രാൻസ്പോർട്ട്, തെരുവ് പുനർരൂപകൽപ്പന എന്നിവയെല്ലാം വലിയ നിക്ഷേപങ്ങൾ ആവശ്യപ്പെടുന്നു. കേരളത്തിന്റെ സംസ്ഥാന ധനകാര്യ സ്ഥിതി ഇതിനകം തന്നെ കടുത്ത സമ്മർദ്ദത്തിലായിരിക്കുന്ന സാഹചര്യത്തിൽ, ഗതാഗത വികസനത്തിന് ആവശ്യമായ ധനം സമയബന്ധിതമായി ലഭിക്കാതെ വരാനുള്ള സാധ്യതയാഥാർത്ഥ്യമാണ്. ഈ അപകടം പലപ്പോഴും പദ്ധതികളുടെ വ്യാപ്തി കുറയ്ക്കുകയോ നടപ്പാക്കൽ നീളുകയോ ചെയ്യാൻ ഇടയാക്കും. അതിനാൽ തന്നെ, അടുത്ത അഞ്ച് വർഷങ്ങളിൽ എല്ലാ പദ്ധതികളും ഒരേസമയം ആരംഭിക്കണമെന്ന ആഗ്രഹം ഒഴിവാക്കി, ധനലഭ്യതയോട് പൊരുത്തപ്പെടുന്ന ഒരു ഘട്ടക്രമീകരണം അനിവാര്യമാണ്.

കിഫ്ബി

ഇന്ന് ഗതാഗത മേഖലയിലെ നിക്ഷേപത്തിൽ ഏറ്റവും നിർണ്ണായകമായ പങ്കുവഹിക്കുന്നത് കിഫബിയാണ്. റോഡ്, പാലം, റെയിൽ, ഓവർബ്രിഡ്ജുകൾ എന്നിവയ്ക്ക് വേണ്ടി മാത്രം കിഫ്ബി 38,608 കോടി രൂപയുടെ പ്രൊജക്ടുകൾ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 60 റെയിൽ ഓവർ ബ്രിഡ്ജുകളും ഉൾപ്പെടും. ദേശീയ പാതയ്ക്കും, റെയിൽ ഓവർബ്രിഡ്ജിനും, ശബരി പാതയ്ക്കുമുള്ള സംസ്ഥാന വിഹിതം നൽകുന്നത് കിഫ്ബിയാണ്. കിഫ്ബിയുടെ പ്രവർത്തനത്തിന് കേന്ദ്ര സർക്കാർ ഉയർത്തിയിരിക്കുന്നു കർക്കശ വെല്ലുവിളി മറികടക്കാൻ ഉതകുന്ന രീതിയിൽ കിഫ്ബിയുടെ പുനഃസംവിധാനവും, നിയമ പോരാട്ടവും ശക്തിപ്പെടുത്തേണ്ടതുണ്ട്.

പൊതുനന്മയും നീതിയുടെ പ്രശ്നങ്ങളും

രണ്ടാമത്തെ വലിയ അപകടസാധ്യത സ്ഥാപനപരമായ പ്രതിരോധമാണ്. ഗതാഗത രംഗത്തെ പരിഷ്കാരങ്ങൾ സാധാരണയായി നിലവിലുള്ള അധികാര ഘടനകളെ ചോദ്യം ചെയ്യുന്നതായിരിക്കും. ബസ് പ്രയോറിറ്റി ലെയിനുകൾ പോലുള്ള ഇടപെടലുകൾ, സ്വകാര്യ വാഹന ഉപയോക്താക്കളിൽ നിന്നും വ്യാപാരികളിൽ നിന്നും എതിർപ്പുകൾ ഉയർത്തും. ടിക്കറ്റ് ഏകീകരണം മൂലം സ്ഥാപനങ്ങളുടെ സ്വതന്ത്രത കുറയുന്നു എന്ന ആശങ്ക സൃഷ്ടിക്കും. പാർക്കിംഗ് നിയന്ത്രണങ്ങളും വാഹനപ്രവേശന നിയന്ത്രണങ്ങളും രാഷ്ട്രീയമായി അതീവ സംവേദനക്ഷമമായ വിഷയങ്ങളാണ്. ഈ പ്രതിരോധങ്ങളെ “തടസ്സം” എന്ന നിലയിൽ മാത്രം കാണാതെ, നയവ്യാപാരങ്ങളുടെ (trade-off) ഭാഗമായാണ് സമീപിക്കേണ്ടത്. ഓരോ പരിഷ്കാരത്തിനും ചില വിഭാഗങ്ങൾക്ക് നഷ്ടവും മറ്റു ചിലർക്കു നേട്ടവും ഉണ്ടാകുമെന്ന യാഥാർത്ഥ്യം തുറന്നുപറയേണ്ടതുണ്ട്.

ഇവിടെ ഉയരുന്ന പ്രധാന നയവ്യാപാരം (trade-off) സ്വകാര്യ സൗകര്യവും പൊതുനന്മയും തമ്മിലുള്ള തുലനമാണ്. സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നവർക്ക്, ബസ് ലെയിനുകളും പാർക്കിംഗ് നിയന്ത്രണങ്ങളും അസൗകര്യമായി തോന്നും. എന്നാൽ ഇതിലൂടെ പൊതുഗതാഗതം വേഗത്തിലും വിശ്വാസ്യതയിലും മെച്ചപ്പെടുമ്പോൾ, ആകെ സമൂഹത്തിന് ലഭിക്കുന്ന സമയം ലാഭവും മലിനീകരണ കുറവും സുരക്ഷയും കണക്കിലെടുത്താൽ, ഈ അസൗകര്യം ന്യായീകരിക്കാവുന്നതാണ്. ഈ തുലനം രാഷ്ട്രീയമായി കൈകാര്യം ചെയ്യുക എന്നത് സാങ്കേതികമായി ഗതാഗത പദ്ധതി തയ്യാറാക്കുന്നതിനെക്കാൾ ബുദ്ധിമുട്ടുള്ളതാണ്.

മൂന്നാമത്തെ അപകടസാധ്യത സാമൂഹിക അസമത്വം വർധിക്കാനുള്ള സാധ്യതയാണ്. ചില ഗതാഗത പരിഷ്കാരങ്ങൾ, പ്രത്യേകിച്ച് നിരക്ക് വർധനകളും മാർക്കറ്റ് അധിഷ്ഠിത ധനസമാഹരണ രീതികളും, കുറഞ്ഞ വരുമാനമുള്ള വിഭാഗങ്ങളെ രൂക്ഷമായി ബാധിക്കാം. പൊതുഗതാഗതം മെച്ചപ്പെടുത്താതെ സ്വകാര്യ വാഹന ഉപയോഗം നിയന്ത്രിക്കുന്ന സമീപനം, സാമൂഹികമായി നീതിയില്ലാത്ത ഫലങ്ങളിലേക്ക് നയിക്കും. അതിനാൽ, ഓരോ നിയന്ത്രണ നടപടിയും നടപ്പിലാക്കുമ്പോൾ, അതിനൊപ്പം തന്നെ ബദൽ ഗതാഗത സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നുവെന്നുറപ്പാക്കേണ്ടതാണ്. സാമൂഹിക നീതിയുടെ ഈ തുലനം കൈവിടുമ്പോൾ, ഗതാഗത പരിഷ്കാരങ്ങൾക്കെതിരെ ശക്തമായ ജനപ്രതിഷേധങ്ങൾ ഉയരാൻ സാധ്യതയുണ്ട്.

സമയക്രമം

നാലാമത്തെ അപകടം സമയക്രമവുമായി ബന്ധപ്പെട്ടതാണ്. ഗതാഗത പദ്ധതികളുടെ ഫലങ്ങൾ

പലപ്പോഴും ദീർഘകാലത്താണ് പ്രത്യക്ഷപ്പെടുന്നത്. എന്നാൽ രാഷ്ട്രീയ ചക്രങ്ങൾ ചെറുതാണ്. ജനങ്ങൾ ഉടൻ ഫലം കാണാൻ ആഗ്രഹിക്കുന്നു. ഈ വൈരുദ്ധ്യം, ദീർഘകാലം വേണ്ട പദ്ധതികളെ ഒഴിവാക്കി, ഉടൻ ദൃശ്യമാകുന്ന ചെറിയ ഇടപെടലുകൾക്ക് മാത്രം മുൻഗണന നൽകുന്ന ഒരു പ്രവണത സൃഷ്ടിക്കാം. അതിനാൽ, അടുത്ത അഞ്ച് വർഷങ്ങളിൽ "വേഗത്തിൽ ഫലം നൽകുന്ന" ഇടപെടലുകളും "ദീർഘകാല പരിവർത്തനം" ലക്ഷ്യമിടുന്ന പദ്ധതികളും ഒരുമിച്ച് മുന്നോട്ടുപോകുന്ന ഒരു ബാലൻസ് ആവശ്യമാണ്.

ഈ അപകടസാധ്യതകളെ നേരിടാൻ ഏറ്റവും ഫലപ്രദമായ മാർഗം വ്യക്തമായ നടപ്പിലാക്കൽ ക്രമീകരണമാണ്. ആദ്യ ഘട്ടത്തിൽ തന്നെ, കുറഞ്ഞ ചെലവിൽ വലിയ പ്രയോജനം നൽകുന്ന ഇടപെടലുകൾ നടപ്പിലാക്കണം. ബസ് പ്രയോറിറ്റി ലെയിനുകൾ, ടിക്കറ്റ് ഏകീകരണത്തിന്റെ പൈലറ്റ് പദ്ധതികൾ, നടപ്പാത സുരക്ഷ മെച്ചപ്പെടുത്തൽ എന്നിവയെല്ലാം ആദ്യ പടിയിൽ നടപ്പിലാക്കിയാൽ, പൊതുജനങ്ങൾക്ക് ഗതാഗത പരിഷ്കാരത്തിന്റെ നേട്ടങ്ങൾ നേരിട്ട് അനുഭവപ്പെടും. ഈ വിശ്വാസം സൃഷ്ടിക്കുന്ന ഘട്ടം, പിന്നീട് കൂടുതൽ സങ്കീർണ്ണവും ചെലവേറിയതുമായ പദ്ധതികൾക്ക് രാഷ്ട്രീയവും സാമൂഹികവുമായ പിന്തുണ ഉറപ്പാക്കാൻ സഹായിക്കും.

ദീർഘകാല കാഴ്ചപ്പാട്

അടുത്ത ഘട്ടത്തിൽ, മധ്യകാല നിക്ഷേപങ്ങൾ (ബസ് ഫ്ലീറ്റ് നവീകരണം, വാട്ടർ ട്രാൻസ്പോർട്ട് വികസനം, തെരുവ് പുനർരൂപകൽപ്പന) നടപ്പിലാക്കണം. ഈ ഘട്ടത്തിൽ തന്നെ, സ്ഥാപനപരമായ പരിഷ്കാരങ്ങൾ ഉറപ്പുവരുത്തുകയും, ഡാറ്റ അധിഷ്ഠിത വിലയിരുത്തൽ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കുകയും വേണം. ഇതോടെ, എന്താണ് പ്രവർത്തിക്കുന്നത്, എന്താണ് തിരുത്തേണ്ടത് എന്നതിനെക്കുറിച്ചുള്ള വ്യക്തത ലഭിക്കും.

അവസാന ഘട്ടത്തിൽ, മെട്രോ പോലുള്ള വലിയ മൂലധന പദ്ധതികളും ദീർഘകാല ഘടനാപരമായ മാറ്റങ്ങളും മുന്നോട്ട് കൊണ്ടുപോകാം. ഈ ഘട്ടത്തിൽ, മുൻഘട്ടങ്ങളിൽ നിന്നുള്ള അനുഭവങ്ങളും ഡാറ്റയും ഉപയോഗിച്ച്, പദ്ധതികളുടെ വിസ്തൃതി, സമയക്രമം, ധനസമാഹരണ മാർഗങ്ങൾ എന്നിവ യുക്തിസഹമായി ക്രമീകരിക്കാം. ഇതുവഴി, വൻ പദ്ധതികൾ ധനപരമായും രാഷ്ട്രീയമായും ഭാരം ആകാതെ, ഗതാഗത ശൃംഖലയെ ശക്തിപ്പെടുത്തുന്ന ഘടകങ്ങളായി മാറും.

അവസാനമായി, ഗതാഗത പരിഷ്കാരം ഒരു ഒറ്റ തവണ നടക്കുന്ന ഇടപെടൽ അല്ലെന്ന ബോധ്യം നിർണ്ണായകമാണ്. ഇത് ഒരു തുടർച്ചയായ രാഷ്ട്രീയ–സാമൂഹിക പ്രക്രിയയാണ്. അപകടസാധ്യതകൾ പൂർണ്ണമായി ഒഴിവാക്കാനാവില്ല; നയവ്യാപാരങ്ങൾ അനിവാര്യമാണ്. എന്നാൽ വ്യക്തമായ ദിശാബോധവും ക്രമബദ്ധമായ നടപ്പിലാക്കലും സാമൂഹിക നീതിയോടുള്ള പ്രതിബദ്ധതയും ഉണ്ടെങ്കിൽ, ഈ അപകടങ്ങളെ കൈകാര്യം ചെയ്ത് മുന്നോട്ട് പോകാൻ കഴിയും.

പ്രതീക്ഷിക്കാവുന്ന മാറ്റങ്ങളും ഫലങ്ങളും

ഇത് വരെ അവതരിപ്പിച്ച വിശകലനവും നയപരമായ നിർദേശങ്ങളും പ്രായോഗികമായി നടപ്പിലാകുന്നുവെങ്കിൽ, കേരളത്തിലെ ഗതാഗത രംഗത്ത് സംഭവിക്കുന്ന മാറ്റങ്ങൾ ഏതാനും സാങ്കേതിക സൂചികകളിലോ യാത്രാസമയ കണക്കുകളിലോ ഒതുങ്ങിപ്പോകില്ല. മറിച്ച്, അവ സംസ്ഥാനത്തിന്റെ സാമൂഹിക–ആർത്ഥിക ഘടനയിലുടനീളം വ്യാപിക്കുന്ന, ദീർഘകാല ഫലങ്ങൾ സൃഷ്ടിക്കുന്ന ഒരു പരിവർത്തന പ്രക്രിയയായിരിക്കും. ഗതാഗത പരിഷ്കാരം ഇവിടെ ഒരു ഉപകരണമാണ്; ലക്ഷ്യം, കൂടുതൽ നീതിയുള്ളതും കാര്യക്ഷമവുമായ ഒരു സാമൂഹിക ക്രമീകരണമാണ്.

ആദ്യമായി പ്രതീക്ഷിക്കാവുന്ന മാറ്റം യാത്രാശീലങ്ങളിൽ ഉണ്ടാകുന്ന ഗുണപരമായ വ്യത്യാസമാണ്. പൊതുഗതാഗതം വേഗതയിലും വിശ്വാസ്യതയിലും സുരക്ഷയിലും മെച്ചപ്പെടുമ്പോൾ, സ്വകാര്യ വാഹനങ്ങൾ ആശ്രയിക്കുന്ന ഒരു വലിയ വിഭാഗം ആളുകൾ സ്വാഭാവികമായി ബസുകളിലേക്കും റെയിൽ സംവിധാനങ്ങളിലേക്കും മാറും. യാത്രാസമയം കൂടുതൽ പ്രവചിക്കാവുന്നതാകുകയും, ട്രാൻസ്ഫറുകളുടെ അനിശ്ചിതത്വം കുറയുകയും ചെയ്യുമ്പോൾ, പൊതുഗതാഗതം ഒരു താഴ്ന്ന പരിഹാരമെന്ന ധാരണ മാറി, ആധുനിക നഗരജീവിതത്തിന്റെ ഭാഗമായിത്തീരും.

ഈ മാറ്റത്തിന്റെ നേരിട്ടുള്ള ഫലമായി, നഗരങ്ങളിലെ ഗതാഗതക്കുരുക്ക് കുറയുന്ന അനുഭവം ഉണ്ടാകും. ഇത് മുഴുവൻ തിരക്ക് അപ്രത്യക്ഷമാകുമെന്നർത്ഥമല്ല. പക്ഷേ, പീക്ക് സമയങ്ങളിൽ റോഡുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുകയും, ചെറിയ ഇടപെടലുകൾ പോലും വലിയ സമയം ലാഭം സൃഷ്ടിക്കുകയും ചെയ്യും. ബസ് പ്രയോറിറ്റി സംവിധാനങ്ങളും നടപ്പാത-സൈക്ലിംഗ് അടിസ്ഥാന സൗകര്യങ്ങളും, റോഡുകൾ കൂടുതൽ "സ്മാർട്ട്" ആയി ഉപയോഗിക്കാൻ സഹായിക്കും. ഇതോടെ, റോഡുകളുടെ ഭൗതിക പരിമിതികൾ വികസനത്തിന് തടസ്സമാകുന്ന അവസ്ഥ കുറയും.

സാമൂഹിക നീതിയുടെ തലത്തിൽ, ഗതാഗത പരിഷ്കാരങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഫലം അവസരങ്ങളിലേക്കുള്ള പ്രവേശനം വിപുലീകരിക്കുന്നതായിരിക്കും. ജോലി, വിദ്യാഭ്യാസം, ആരോഗ്യ സേവനങ്ങൾ എന്നിവയിലേക്കുള്ള യാത്ര ചെലവും സമയവും കുറയുമ്പോൾ, കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങൾക്ക് ലഭിക്കുന്ന ജീവിത സാധ്യതകൾ വർധിക്കും. സ്ത്രീകൾക്ക്, പ്രത്യേകിച്ച് അനൗപചാരിക മേഖലയിൽ ജോലി ചെയ്യുന്നവർക്കും വീട്ടമ്മമാർക്കും, സുരക്ഷിതവും വിശ്വാസ്യതയുള്ളതുമായ ഗതാഗതം സാമൂഹിക പങ്കാളിത്തത്തിന്റെ പുതിയ വാതിലുകൾ തുറക്കും. വയോധികർക്ക് നഗരത്തിന്റെ ഭാഗമാകാനുള്ള അവസരം നിലനിർത്താൻ ഇതു സഹായിക്കും.

ഗതാഗത പരിഷ്കാരങ്ങൾ നഗരങ്ങളുടെ ഭൗതിക രൂപത്തിലും മാറ്റങ്ങൾ സൃഷ്ടിക്കും. നടപ്പാതകളും സൈക്ലിംഗ് സൗകര്യങ്ങളും മെച്ചപ്പെടുമ്പോൾ, തെരുവുകൾ വെറും വാഹനങ്ങളുടെ ഇടനാഴികളായി തുടരാതെ, സാമൂഹിക ഇടങ്ങളായി മാറും. ചെറിയ വ്യാപാരങ്ങൾ, കാൽനട വ്യാപാരികൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവരെല്ലാം വീണ്ടും നഗരജീവിതത്തിന്റെ ഭാഗമാകും. മെട്രോ സ്റ്റേഷനുകളുടെയും ബസ് ഹബുകളുടെയും ചുറ്റുപാടുകളിൽ, യാത്രക്കാരെ ആശ്രയിച്ചുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ വളരും. ഈ പ്രക്രിയ, നിയന്ത്രണമില്ലാത്ത നഗരവ്യാപനത്തിനു പകരം, കൂടുതൽ സങ്കീർണ്ണവും സാന്ദ്രവുമായ നഗര വികസനത്തിലേക്കാണ് കേരളത്തെ നയിക്കുക.

പരിസ്ഥിതി തലത്തിൽ, ഗതാഗത പരിഷ്കാരങ്ങളുടെ ഫലങ്ങൾ ദീർഘകാലത്താണ് കൂടുതൽ വ്യക്തമായി കാണപ്പെടുക. പൊതുഗതാഗതത്തിലേക്കുള്ള മാറ്റവും ഇലക്ട്രിക് ഫ്ലീറ്റുകളുടെ വ്യാപനവും, നഗരങ്ങളിലെ വായുമലിനീകരണം കുറയ്ക്കും. കാർബൺ പുറന്തള്ളലിൽ ഉണ്ടാകുന്ന കുറവ്, കേരളത്തിന്റെ കാലാവസ്ഥാ ഉത്തരവാദിത്വ ലക്ഷ്യങ്ങളോട് പൊരുത്തപ്പെടും. കൂടാതെ, നടത്തവും സൈക്ലിംഗും വർധിക്കുന്നത് പൊതുജനാരോഗ്യത്തിനും ഗുണകരമായ ഫലങ്ങൾ സൃഷ്ടിക്കും. ജീവിതശൈലി രോഗങ്ങളുടെ അപകടം കുറയുകയും ആരോഗ്യ ചെലവുകൾ ദീർഘകാലത്ത് താഴുകയും ചെയ്യും.

സാമ്പത്തികമായി, ഗതാഗത പരിഷ്കാരങ്ങൾ ഉൽപ്പാദനക്ഷമതയിൽ ഒരു നിശബ്ദമായ വർധനവ് സൃഷ്ടിക്കും. യാത്രയിൽ ചെലവാകുന്ന സമയം കുറയുമ്പോൾ, തൊഴിലാളികൾക്കും സംരംഭകർക്കും അവരുടെ സമയത്തെ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും. ചരക്ക് ഗതാഗതത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുമ്പോൾ, ചെറുകിട വ്യവസായങ്ങൾക്കും കൃഷി–മത്സ്യ മേഖലകൾക്കും പുതിയ വിപണികൾ കൈവരിക്കാൻ കഴിയും. ഗതാഗതം ഒരു തടസ്സമായി പ്രവർത്തിക്കുന്നതിന് പകരം, സാമ്പത്തിക പ്രവർത്തനങ്ങളെ ബന്ധിപ്പിക്കുന്ന ഒരു നെറ്റ്വർക്കായി മാറും.

ഇങ്ങനെ, അടുത്ത അഞ്ച് വർഷങ്ങളിൽ നിർദേശിച്ച ഗതാഗത ഇടപെടലുകൾ കേരളത്തിൽ നടപ്പിലാകുന്നുവെങ്കിൽ, അതിന്റെ ഫലമായി ഉണ്ടാകുന്ന മാറ്റങ്ങൾ യാത്രാസമയം കുറയുന്നതിലോ പുതിയ വാഹനങ്ങൾ നിരത്തിലിറങ്ങുന്നതിലോ ഒതുങ്ങില്ല. മറിച്ച്, അത് നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള ബന്ധത്തെ പുനർനിർവചിക്കുകയും, സാമൂഹിക അവസരങ്ങളെ കൂടുതൽ സമത്വപരമാക്കുകയും, വികസനത്തെ മനുഷ്യകേന്ദ്രിതമാക്കുകയും ചെയ്യുന്ന ഒരു പരിവർത്തനമായിരിക്കും.

ഉപസംഹാരം

കേരളത്തിലെ ഗതാഗതത്തെക്കുറിച്ചുള്ള ഈ ദീർഘമായ ചർച്ച, ഒരു നിർണായകമായ ചോദ്യത്തിലേക്ക് നമ്മെ തിരികെ കൊണ്ടുവരുന്നു: വികസനം എന്നത് എന്താണ്, ആരുടെ വേണ്ടിയാണ് അത്, എങ്ങനെയാണ് അത് അനുഭവപ്പെടുന്നത്? റോഡുകളുടെ നീളം, വാഹനങ്ങളുടെ എണ്ണം, ഫ്ളൈഓവറുകളുടെ ഉയരം എന്നിവ കണക്കാക്കി വികസനം അളക്കുന്ന ഒരു സമീപനം കേരളത്തിന് ഇനി പര്യാപ്തമല്ല. മനുഷ്യരുടെ ദിനചര്യയെ എളുപ്പമാക്കുന്നുണ്ടോ, സാമൂഹിക അസമത്വങ്ങൾ കുറയുന്നുണ്ടോ, പരിസ്ഥിതിയോട് ഉത്തരവാദിത്വം പുലർത്തുന്നുണ്ടോ എന്ന ചോദ്യങ്ങളിലൂടെയാണ് ഗതാഗത വികസനം ഇനി വിലയിരുത്തപ്പെടേണ്ടത്.

ഈ അധ്യായത്തിൽ വിശദീകരിച്ച പോലെ, കേരളത്തിലെ ഗതാഗത പ്രതിസന്ധി ഒരു ഒറ്റ മേഖലയിലെ പരാജയം അല്ല. അത് നഗരവത്കരണത്തിന്റെ സ്വഭാവത്തോടും വികസന മാതൃകകളോടും രാഷ്ട്രീയ തീരുമാനങ്ങളോടും ചേർന്നുനിൽക്കുന്ന ഒരു ഘടനാപരമായ പ്രശ്നമാണ്. സ്വകാര്യ വാഹന ആധിപത്യം, സ്ഥാപനപരമായ വിഭജനം, ധനപരമായ സമ്മർദ്ദങ്ങൾ, സാമൂഹിക അസമത്വം, കാലാവസ്ഥാ ഭീഷണികൾ എന്നിവയെല്ലാം ഗതാഗത രംഗത്ത് ഒരുമിച്ച് പ്രത്യക്ഷപ്പെടുന്നു. അതിനാൽ, ഗതാഗത പരിഷ്കാരം എന്നത് ഒരു സാങ്കേതിക ഇടപെടൽ മാത്രമല്ല; അത് വികസനത്തിന്റെ ദിശയെ പുനർനിർവചിക്കുന്ന ഒരു രാഷ്ട്രീയ പ്രക്രിയയാണ്.

അടുത്ത അഞ്ച് വർഷങ്ങളിൽ കേരളം എടുക്കുന്ന ഗതാഗത തീരുമാനങ്ങൾ, ദീർഘകാലത്ത് സംസ്ഥാനത്തിന്റെ സാമൂഹിക–ആർത്ഥിക മുഖച്ഛായയെ നിർണ്ണയിക്കും. ബസുകൾക്കും മെട്രോകൾക്കും വാട്ടർ ട്രാൻസ്പോർട്ടിനും നടപ്പാതകൾക്കും മുൻഗണന നൽകുന്ന ഒരു വികസന പാത, സമയം ലാഭിക്കുന്നതിലുപരി, അവസരങ്ങൾ ജനാധിപത്യവൽക്കരിക്കുന്ന ഒരു പാതയാകും. മറിച്ച്, സ്വകാര്യ വാഹനങ്ങൾക്കും റോഡ് വിപുലീകരണങ്ങൾക്കും മുൻഗണന നൽകുന്ന സമീപനം, നിലവിലുള്ള അസമത്വങ്ങളെ കൂടുതൽ കൂറ്റനാക്കുകയും, പരിസ്ഥിതിയെയും നഗരജീവിതത്തെയും കൂടുതൽ സമ്മർദ്ദത്തിലാക്കുകയും ചെയ്യും. ഈ രണ്ട് വഴികളിൽ ഏതാണ് കേരളം തിരഞ്ഞെടുക്കുന്നത് എന്നത് ഒരു സാങ്കേതിക ചോദ്യമല്ല; അത് ഒരു രാഷ്ട്രീയ തിരഞ്ഞെടുപ്പാണ്.

കേരളത്തിന്റെ സാമൂഹിക ചരിത്രം ഈ തിരഞ്ഞെടുപ്പിന് ഒരു പ്രത്യേക പശ്ചാത്തലം നൽകുന്നു. വിദ്യാഭ്യാസവും ആരോഗ്യവും പോലുള്ള മേഖലകളിൽ, സംസ്ഥാനത്ത് പൊതുസേവനങ്ങളുടെ പ്രാധാന്യം ശക്തമായി നിലനിന്നിട്ടുണ്ട്. ഗതാഗതവും ഈ പൊതുസേവന പാരമ്പര്യത്തിന്റെ ഭാഗമാകേണ്ടതുണ്ട്. പൊതുഗതാഗതം ദുർബലമാകുമ്പോൾ, അത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് ദുർബല വിഭാഗങ്ങളെയാണ് എന്ന സത്യം കേരളം പലതവണ അനുഭവിച്ചിട്ടുള്ളതാണ്. അതിനാൽ, ഗതാഗത പരിഷ്കാരത്തെ സാമൂഹിക നീതിയുടെ തുടർച്ചയായി കാണേണ്ടതാണ്.

ഗതാഗത പരിഷ്കാരം ഒരു അവസാന ലക്ഷ്യത്തിലേക്കുള്ള യാത്രയല്ല. ഇത് ഒരു തുടർച്ചയായ പ്രക്രിയയാണ്; പഠനവും തിരുത്തലും ഉൾക്കൊള്ളുന്ന ഒരു ശ്രമം.

ഇന്ന് സ്വീകരിക്കുന്ന നയങ്ങൾ നാളെ തിരുത്തേണ്ടി വരാം; പുതിയ സാങ്കേതികവിദ്യകളും സാമൂഹിക മാറ്റങ്ങളും പുതിയ ചോദ്യങ്ങൾ ഉയർത്തും. എന്നാൽ വ്യക്തമായ മൂല്യബോധവും ദിശാബോധവും ഉണ്ടെങ്കിൽ, ഈ മാറ്റങ്ങൾ കൈകാര്യം ചെയ്യാൻ കഴിയും.

ഗതാഗതത്തെക്കുറിച്ചുള്ള ഈ ചർച്ച കേരളത്തിൽ ഒരു വലിയ സംഭാഷണത്തിന്റെ ഭാഗമാകണം. റോഡുകളും ബസുകളും ട്രെയിനുകളും സംബന്ധിച്ച തീരുമാനങ്ങൾ, വിദഗ്ധ സമിതികളുടെയും ഉദ്യോഗസ്ഥ മുറികളുടെയും പരിധിയിൽ ഒതുങ്ങാതെ, ജനകീയ ചർച്ചകളിലേക്കും പ്രാദേശിക രാഷ്ട്രീയത്തിലേക്കും കടന്നു വരണം. കാരണം, ഗതാഗതം എല്ലാവരെയും ബാധിക്കുന്ന ഒരു വിഷയമാണ്. അത് ജനങ്ങളുടെ സമയം, സുരക്ഷ, ആരോഗ്യം, സ്വാതന്ത്ര്യം എന്നിവയെയെല്ലാം നിർണ്ണയിക്കുന്നു അങ്ങനെ നോക്കുമ്പോൾ, ഗതാഗതം വികസനത്തിലേക്കുള്ള ഒരു വഴി മാത്രമല്ല; അത് വികസനത്തിന്റെ രാഷ്ട്രീയമാണ്. കേരളം അടുത്ത അഞ്ച് വർഷങ്ങളിൽ എങ്ങനെയൊരു ഗതാഗത സംവിധാനം നിർമ്മിക്കുന്നു എന്നത്, സംസ്ഥാനത്തിന്റെ ജനാധിപത്യ ബോധത്തിന്റെയും സാമൂഹിക ഉത്തരവാദിത്വത്തിന്റെയും ഒരു അളവുകോലായിരിക്കും. ഈ ലേഖനം മുന്നോട്ടുവയ്ക്കുന്ന ദർശനം, ആ അളവുകോൽ മനുഷ്യകേന്ദ്രിതവും സമത്വപരവുമായിരിക്കണം എന്നതാണ്.

17

ഉന്നതവിദ്യാഭ്യാസം

വൈജ്ഞാനിക സമൂഹത്തിലേക്കുള്ള കേരളത്തിന്റെ പരിവർത്തനത്തിലെ ചാലകശക്തി ഉന്നതവിദ്യാഭ്യാസ മേഖലയാണ്. നമ്മുടെ വികസന ചരിത്രത്തിലെ ആദ്യഘട്ടത്തിലെ ചാലകശക്തി സ്കൂൾ വിദ്യാഭ്യാസം ആയിരുന്നു. ഇന്ന് ഈ റോൾ ഉന്നതവിദ്യാഭ്യാസത്തിലേക്ക് മാറുകയാണ്. വിജ്ഞാന സംവേദന ഉപാധിയെന്ന നിലയിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക മാത്രമല്ല, അത് ജ്ഞാനോല്പാദന പ്രക്രിയയായി വളരുകയും വേണം.

ഉന്നതവിദ്യാഭ്യാസ മേഖലയുടെ പ്രാരംഭം കൊളോണിയൽ കാലഘട്ടത്തിൽ ആയിരുന്നുവെങ്കിലും കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തിനു ശേഷമാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ദ്രുതഗതിയിലുള്ള വളർച്ചയുണ്ടായത്.

എഴുപതുകളുടെ അവസാനത്തോടെ ഉന്നതവിദ്യാഭ്യാസത്തിലേക്ക് വരുന്ന കുട്ടികളുടെ എണ്ണം വർധിച്ചു. ആഗോള തലത്തിലെ ആവശ്യകതകൾ മുൻകൂട്ടിക്കണ്ട് ആധുനികവും തൊഴിലധിഷ്ഠിതവുമായ കോഴ്സുകൾക്ക് ആവശ്യക്കാരേറി. ഇത്തരത്തിലുള്ള ആവശ്യകതകളെ തൃപ്തിപ്പെടുത്താൻ സർക്കാർ-എയ്ഡഡ് സ്ഥാപനങ്ങളും കോഴ്സുകളും അപര്യാപ്തമാണെന്ന പേരിൽ ഈ മേഖലയിലേക്ക് സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങൾ കടന്നുവന്നു. ഈ മേഖലയിൽ വാണിജ്യതാല്പര്യങ്ങളുടെ ചൂഷണം ഒഴിവാക്കുന്നതിനായാണ് ഐഎച്ച്ആർഡി, സഹകരണ മേഖലയിൽ 'കേപ്' പോലുള്ള സ്ഥാപനങ്ങൾ ആരംഭിച്ചത്.

പുതിയ കാലത്ത് ലിബറൽ മതനിരപേക്ഷ വിദ്യാഭ്യാസ സങ്കൽപം തന്നെ വലിയ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. കാമ്പസ് റിക്രൂട്ട്മെന്റ് വഴിയും പ്ലേസ്മെന്റുകൾ വഴിയും ഉന്നതശ്രേണിയിലുള്ള തൊഴിലുകൾ നേടുന്ന വിദ്യാർത്ഥികളുടെ എണ്ണവും അക്രെഡിറ്റേഷൻ/റാങ്കിങ്ങിൽ ഉള്ള സ്ഥാനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുന്നു. വിജ്ഞാനത്തോടൊപ്പം നൈപുണിക്കും അഭിരുചിക്കും പ്രാധാന്യം നൽകുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ഉയർന്നു വന്നിരിക്കുന്നത്.

I
ഇന്നത്തെ വിദ്യാഭ്യാസഘടന

ആൾ ഇന്ത്യ ഹയർ എഡ്യൂക്കേഷൻ സർവേയുടെ ഏറ്റവും പുതിയ കണക്ക് പ്രകാരം 25 സർവകലാശാലകളും 1332 കോളേജുകളും (സർക്കാർ 280, എയ്ഡഡ് 222, സ്വാശ്രയം 830) 62885 അദ്ധ്യാപകരും 13,04,445 വിദ്യാർത്ഥികളും (2021-22 ലെ കണക്ക് പ്രകാരം) ഉൾപ്പെടുന്ന ബൃഹത്തായ സംവിധാനമാണ് ഇന്ന് കേരളത്തിലെ ഉന്നതവിദ്യാഭ്യാസം. സാങ്കേതികവിദ്യാഭ്യാസ രംഗത്തുള്ള 141 എഞ്ചിനീയറിങ് കോളേജുകളിലായി 62037 സീറ്റുകൾ ഉള്ളതായി ഈ കണക്കുകൾ വ്യക്തമാക്കുന്നു. 111 പോളിടെക്നിക്കുകളിൽ കുട്ടികൾ പഠിക്കുന്നു. ഭൂരിപക്ഷം കുട്ടികളും ഇന്നും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലാണ്.

കേരളത്തിൽ റെഗുലർ മോഡിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി-അധ്യാപക അനുപാതം 19:1 ആണ്. ഇത് ദേശീയ തലത്തിൽ 24:1 ആണ്. വിദ്യാർത്ഥി എൻറോൾമെന്റിന്റെ കാര്യത്തിൽ കേരളം അഭിമാനാർഹമായ നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. കേരളത്തിന്റെ ആകെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) 41.3 ആണ് (കേരളത്തിൽ നിന്ന് പുറത്തുപോയി പഠിക്കുന്ന വിദ്യാർത്ഥികളുടെയും കേരളത്തിൽ തന്നെ വ്യവസ്ഥാപിതമല്ലാത്ത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും കണക്ക് ഇതിൽപ്പെടുന്നില്ല. ഇതുകൂടി പരിഗണിച്ചാൽ GER 50ന് മുകളിലായിരിക്കും). ഈ അനുപാതം ദേശീയ തലത്തിൽ തന്നെ ഏഴാം സ്ഥാനത്തു നിൽക്കുന്നു. ദേശീയശരാശരിയായ 28.4 നേക്കാൾ കൂടുതലാണ് കേരളത്തിൽ എൻറോൾമെന്റ് അനുപാതം.

എല്ലാ തലങ്ങളിലുമായി മൊത്തം എൻറോൾമെന്റ് 13,04,445 ആണ്. ഇതിൽ പുരുഷന്മാരെക്കാൾ സ്ത്രീകളുടെ എൻറോൾമെന്റ് കൂടുതലുള്ള പ്രധാന സംസ്ഥാനങ്ങളിൽ കേരളം ഉൾപ്പെടുന്നു. കൂടാതെ, സ്ത്രീ എൻറോൾമെന്റും പുരുഷ എൻറോൾമെന്റ് ഏറ്റവുമധികം ഉയർന്നുനിൽക്കുന്നതും കേരളത്തിലാണ് (പുരുഷ എൻറോൾമെന്റ് 5,54,572, സ്ത്രീ എൻറോൾമെന്റ് 7,49,873).

കേരളത്തിൽ കോളെജ് വിദ്യാഭ്യാസ പ്രായത്തിലുള്ള ഒരുലക്ഷം പേർക്ക് 46 എന്ന നിരക്കിൽ കോളേജുകൾ നിലവിലുണ്ട്. ഇതിനാൽ കോളേജുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കേരളം മുൻനിരയിലുള്ള പത്ത് സംസ്ഥാനങ്ങളിൽ ഉൾപ്പെടുന്നു. അതേസമയം, ദേശീയ ശരാശരി ഒരു ലക്ഷം പേർക്ക് 30 കോളേജുകൾ എന്ന നിരക്കിലാണ്. കാർഷികമേഖലയിൽ 6 കോളേജുകളും എഞ്ചിനീയറിംഗ് മേഖലയിൽ 141 കോളേജുകളും നിയമ മേഖലയിൽ 14, മാനേജ്മെന്റ് മേഖലയിൽ 36, മെഡിക്കൽ (അലോപ്പതി) മേഖലയിൽ 16, വെറ്ററിനറി മേഖലയിൽ 3 എന്നിങ്ങനെയുമാണ് കേരളത്തിലെ കോളേജുകളുടെ കണക്കുകൾ.

ദേശീയ വിദ്യാഭ്യാസ റാങ്കിങ്ങിലെ സ്ഥാനം

എൻഐആർഎഫ് റാങ്കിങ്ങിൽ രാജ്യത്തെ ഇരുന്നൂറ് മികച്ച ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 42 കോളേജുകൾ സംസ്ഥാനത്തുനിന്നാണെന്ന ചരിത്രനേട്ടത്തിലേക്ക് ഉയർന്നിരിക്കുകയാണ് കേരളം. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്കിന്റെ (എൻഐആർഎഫ്-2025) റാങ്ക് പട്ടികയിൽ രാജ്യത്തെ നൂറ് ഒന്നാംനിര സർവ്വകലാശാലകളുടെ പട്ടികയിൽ നമ്മുടെ നാല് സർവ്വകലാശാലകൾ ഇടംനേടി - കേരള (24), എംജി (31), കുസാറ്റ് (37), കാലിക്കറ്റ് (70). രാജ്യത്തെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും പരിഗണിക്കുന്ന ഓവർഓൾ വിഭാഗത്തിലും നമ്മുടെ മൂന്ന് സർവ്വകലാശാലകൾ (കേരള, എംജി, കുസാറ്റ്) ഇടംപിടിച്ചു.

മികച്ച നൂറു കോളേജുകളുടെ പട്ടികയിൽ നമ്മുടെ 14 കോളേജുകളാണ് സ്ഥാനം കണ്ടെത്തിയത് - തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് (26) രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (30), എറണാകുളം സെന്റ് തെരേസാസ് (41), എറണാകുളം മഹാരാജാസ് (46), മാവേലിക്കര ബിഷപ് മൂർ (51), തൃശൂർ സെന്റ് തോമസ് (53), ചങ്ങനാശ്ശേരി എസ്ബി (54), കോഴിക്കോട് ദേവഗിരി കോളേജ് (59), തേവര സേക്രഡ് ഹാർട്ട് (72), തിരുവനന്തപുരം ഗവ. വിമൻസ് കോളേജ് (75), ആലുവ യു.സി കോളേജ് (77), കോട്ടയം സിഎംഎസ് (85), കോതമംഗലം മാർ അത്തനേഷ്യസ് (87), ആർക്കിടെക്ചർ കോളേജുകളുടെ പട്ടികയിൽ കോഴിക്കോട് എൻഐടി (2), തിരുവനന്തപുരം എൻജിനീയറിങ് കോളേജ് (17) മികവുള്ള സ്ഥാനം നേടി.

2024 മെയ് വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് രണ്ടു സർവ്വകലാശാലകൾ, 23 സർക്കാർ എയ്ഡഡ് കോളേജുകൾ എന്നിവ ഉൾപ്പെടെ 26 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് NAAC അംഗീകാര പരിശോധനയിൽ ഏറ്റവും ഉയർന്ന ഗ്രേഡ് ആയ A++ ലഭിച്ചിട്ടുണ്ട്. A+ ലഭിച്ചത് മൂന്നു സർവകലാശാലകൾക്കും രണ്ട് സർക്കാർ കോളേജുകൾക്കും 34 സർക്കാർ എയ്ഡഡ് കോളേജുകൾക്കുമുൾപ്പെടെ 46 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ്. എല്ലാ ഗ്രേഡുകളിലുമായി സംസ്ഥാനത്തെ ആറു സർവകലാശാലകൾക്കും 241 കോളേജുകൾക്കും NAAC അംഗീകാരം ലഭിച്ചിട്ടുണ്ട്.

ടൈംസ് ഹയർ എഡ്യൂക്കേഷന്റെ 2024 ലെ ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ മഹാത്മാഗാന്ധി സർവ്വകലാശാല രാജ്യത്ത് മൂന്നാം സ്ഥാനവും ഏഷ്യയിൽ 134 -ആം സ്ഥാനവും നേടി. എം.ജി ഉൾപ്പെടെ അഞ്ച് ഇന്ത്യൻ സർവകലാശാലകൾ മാത്രമാണ് പട്ടികയിൽ ആദ്യ 150-ൽ ഉൾപ്പെട്ടിട്ടുള്ളത്. 2023-ൽ എം.ജി രാജ്യത്ത് നാലാം സ്ഥാനത്തായിരുന്നു.

സംസ്ഥാനത്തുള്ള മുഴുവൻ സർക്കാർ-സർക്കാർ എയിഡഡ് എഞ്ചിനീയറിങ് കെളേജുകൾക്കും ഉന്നതവിദ്യാഭ്യാസ രംഗത്തെ ദേശീയ ഗുണനിലവാര പരിശോധനാ സംവിധാനമായ NBA അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. കേരളത്തിലെ ആറു സർക്കാർ പോളിടെക്നിക് കോളേജുകളിലെ വിവിധ പഠന വകുപ്പുകളും NBA അക്രെഡിറ്റേഷന് അർഹരായി.

ഉന്നതവിദ്യാഭ്യാസ മേഖലയുടെ വളർച്ചക്ക് എൽഡിഎഫ് സർക്കാർ നൽകുന്ന മികച്ച പിന്തുണയുടെയും ആസൂത്രണങ്ങളുടെയും ഒരുക്കുന്ന പശ്ചാത്തലസൗകര്യ സംവിധാനങ്ങളുടെയും ഗുണഫലമാണീ നേട്ടങ്ങൾ.

നിലവിലെ വെല്ലുവിളികൾ

എല്ലാ ഫെഡറൽ തത്ത്വങ്ങളെയും ലംഘിക്കുന്ന കേന്ദ്ര സർക്കാർ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന കടന്നുകയറ്റം കേരളത്തിന്റെതായ ഒരു ബദൽ ഉന്നതവിദ്യാഭ്യാസ പാത കെട്ടിപ്പടുക്കുന്നതിൽ വലിയ വിഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. യുജിസി റെഗുലേഷനുകളുടെ മറപറ്റിയും സർവ്വകലാശാലാ ചാൻസലർമാരായ ഗവർണർമാരെ ഉപയോഗിച്ചുകൊണ്ടും സർവ്വകലാശാലാ ഭരണതലത്തിലും അക്കാദമിക്ക് തലത്തിലും സംഘപരിവാർ താല്പര്യങ്ങൾ ഉൾക്കൊള്ളിക്കാൻ വേണ്ടി ആസൂത്രിതമായ ശ്രമങ്ങളാണ് കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി നടന്നു വരുന്നത്.

ദേശീയ വിദ്യാഭ്യാസ നയം വഴി ഉന്നതവിദ്യാഭ്യാസ മേഖലയിൽ കാവിവത്കരണവും കച്ചവടവത്കരണവും ശക്തിപ്പെടുത്തുന്ന നയങ്ങളാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. വളഞ്ഞ വഴിയിലൂടെ ഇത് സർവ്വകലാശാലകൾക്കും മറ്റു ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മുകളിൽ അടിച്ചേൽപ്പിക്കുന്ന പ്രവണത ശക്തമാവുന്നുണ്ട്. ഇതോടൊപ്പം ഇപ്പോൾ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ ബിൽ 2025, കൺകറൻറ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉന്നതവിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ കൈപ്പിടിയിൽ ഒതുക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ മാറ്റുകയാണ്. ഫണ്ടിങ്ങിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തെ ആശ്രയിക്കേണ്ട സ്ഥിതിയും സിലബസിലും കരിക്കുലത്തിലുമടക്കം കേന്ദ്രസർക്കാരിന്റെ ഇടപെടലുകൾക്കും ഇത് വഴിതുറക്കുന്നു. കമീഷന്റെ നിർദേശങ്ങൾ അനുസരിക്കാത്ത സർവ്വകലാശാലകളെയും അവയ്ക്ക് നേതൃത്വം

നൽകുന്ന വൈസ് ചാൻസലർമാരെയുമടക്കം പിരിച്ചു വിടാൻ അധികാരമുള്ള സംവിധാനമായാണ് ഈ കമീഷൻ വിഭാവനം ചെയ്തിരിക്കുന്നത്. ഇത് സ്വന്തം മുതൽ മുടക്കിൽ പ്രവർത്തിക്കുന്ന പൊതു സർവ്വകലാശാലകളിൽ പോലും സംസ്ഥാന സർക്കാരിന്റെ പങ്കിനെ പരിമിതപ്പെടുത്തും.

മറ്റൊന്ന്, സുസ്ഥിരമായ ഫണ്ടിങ് കണ്ടെത്തുന്നതിനുള്ള പ്രയാസമാണ്. സംസ്ഥാനം പൊതുവിൽ നേരിടുന്ന സാമ്പത്തികപ്രതിസന്ധി ഒരു പരിധി വരെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ബദൽ വികസന മാതൃകകൾ മുന്നോട്ടു വെക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. PM USHA/ RUSA അടക്കമുള്ള കേന്ദ്ര പദ്ധതികളുടെ 40 ശതമാനം സംസ്ഥാന സർക്കാരാണ് നിലവിൽ വഹിക്കുന്നത്. എന്നാൽ ഇതിന്റെ മാനദണ്ഡങ്ങളെല്ലാം പൂർണ്ണമായും കേന്ദ്ര സർക്കാർ തന്നെ നിശ്ചയിച്ചു നൽകുന്നതിനാൽ സംസ്ഥാനത്തിന്റെ വിശാലമായ താല്പര്യങ്ങൾക്കനുസൃതമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രയാസം നേരിടുന്നു.

II
മുന്നേറ്റങ്ങളുടെ കാലം (2016-2026)

നാല് വർഷ ബിരുദവും കരിക്കുലം പരിഷ്കാരങ്ങളും

വിദേശ സർവ്വകലാശാലകളിലേതിന് സമാനമായി കേരളത്തിലെ സർവ്വകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ 2024-25 അധ്യായന വർഷം മുതൽ ആരംഭിച്ചു. ഫലപ്രാപ്തിയിലൂന്നിയ വിദ്യാഭ്യാസ സമ്പ്രദായം (Outcome Based Education) പിന്തുടരുന്ന നാലു വർഷ ബിരുദ പ്രോഗ്രാം പാഠ്യപദ്ധതിയിൽ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ അധ്യയനരീതികളും ഉപയോഗിക്കപ്പെടുന്നു. വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള മൈനർ വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിനും കോഴ്സിന്റെ രണ്ടാം വർഷത്തിൽ ബിരുദത്തിനായി തിരഞ്ഞെടുത്ത പ്രധാന വിഷയം (Major) മാറ്റുന്നതിനും അവസരമുണ്ട്. മൂന്നാം വർഷത്തിനുശേഷം മാത്രം വിദ്യാർത്ഥികൾക്ക് എക്സിറ്റ് ഓപ്ഷൻ നൽകുന്നു. അവസാന വർഷം വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാവുന്ന മേഖലകളിൽ ഗവേഷണാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്താൻ അവസരമുണ്ടാകും. ഇന്റേൺഷിപ്, നൈപുണ്യ വികസന പ്രവർത്തനങ്ങൾ എന്നിവ പാഠ്യക്രമത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്. താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് ബിരുദ പ്രോഗ്രാമിനിടക്ക് സർവ്വകലാശാലയും കോളേജും മാറുന്നതിനും അവസരമുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം പൂർത്തിയാക്കുന്നവർക്ക് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം വർഷത്തേക്കുള്ള ലാറ്ററൽ പ്രവേശനത്തിന് അപേക്ഷിക്കാൻ കഴിയുന്ന വിധത്തിൽ സർവ്വകലാശാലാ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം ബിരുദാനന്തര ബിരുദ തലത്തിന്റെ കരിക്കുലം പരിഷ്കരണവും നാലു വർഷ ടീച്ചർ ട്രെയിനിങ് പ്രോഗ്രാം (ITEP) നടപ്പിലാക്കാനാവശ്യമായ പ്രാരംഭ നടപടികളും Bvoc അടക്കമുള്ള തൊഴിലധിഷ്ഠിത പ്രോഗ്രാമുകളുടെ കരിക്കുലം പരിഷ്കരണവും പൂർത്തീകരിച്ചിട്ടുണ്ട്.

സാങ്കേതികവിദ്യാഭ്യാസ മേഖലയിൽ എഞ്ചിനീയറിംഗ് കോഴ്സുകളുടേയും പോളിടെക്നിക്കുകളിലെയും കരിക്കുലം സമഗ്രമായി പരിഷ്കരിച്ചു. തൊഴിൽ നൈപുണ്യത്തിനും പ്രാമുഖ്യം നൽകി ഒരു വർഷം വരെ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ്/പ്രോജക്ട് ചെയ്യാനുള്ള അവസരങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. കലാവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കരിക്കുലം പരിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. മുമ്പ് തുടങ്ങിയിരുന്ന പ്രോഗ്രാമുകൾക്ക് ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിച്ചു. ഇന്നത്തെ സാഹചര്യം ആവശ്യപ്പെടുന്ന നൂതന മേഖലകളിൽ പുതിയ എഞ്ചിനീയറിങ് ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചു. പോളിടെക്നിക്കുകളിലാകട്ടെ ഡിമാന്റില്ലാത്ത പ്രോഗ്രാമുകൾക്ക് പകരം നൂതന മേഖലകളിലുള്ള ഡിപ്ലോമാ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പുതുതായി തുടങ്ങിയ പ്രോഗ്രാമുകളിൽ ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടിയും പുരോഗമിക്കുന്നു.

സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും സർവ്വകലാശാലാ സേവനങ്ങൾ അതിവേഗത്തിൽ ലഭ്യമാക്കുന്നതിനുമായി Kerala Resources for Education Administration & Planning പദ്ധതി (K-REAP) ആരംഭിച്ചു. കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ വിവരങ്ങളും വിദ്യാഭ്യാസ വിവരശേഖരണ പദ്ധതിയുടെ ഭാഗമായി ഡിജിറ്റലായി സൂക്ഷിക്കപ്പെടും. പ്രാരംഭമായി കണ്ണൂർ, മലയാളം, കാലടി സംസ്കൃത സർവ്വകലാശാലയിലും കോഴിക്കോട് സർവ്വകലാശാല പഠനവകുപ്പുകളിലും പദ്ധതി ആരംഭിച്ചിട്ടുണ്ട്.

നാലുവർഷ ബിരുദ പ്രോഗ്രാമിനോട് അനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കേന്ദ്രങ്ങൾ (Centre for Skill Development Courses & Career Planning) ആരംഭിക്കാൻ അനുമതി നൽകി. പ്രൊഫഷണൽ നൈപുണ്യ ഏജൻസികളുമായി സഹകരിച്ച് വികസന കോഴ്സുകളും കരിയർ പ്ലാനിങ്ങും നടത്തുകയാണ് ഉദ്ദേശ്യം.

ഉന്നതവിദ്യാഭ്യാസ ശാക്തീകരണശില്പശാല, നിർമ്മിതബുദ്ധി, അന്താരാഷ്ട്രവത്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ തുടർച്ചയായ കോൺക്ലേവുകൾ തുടങ്ങിയവ മുഖ്യമന്ത്രിയുടെയും ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ചു.

സംസ്ഥാനത്തെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും കേരള സ്റ്റാർട്ടപ്പ് മിഷന്റെ Innovation & Entrepreneurship Development Centres സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. ആയിരത്തിലധികം കേന്ദ്രങ്ങൾ ഇങ്ങനെ സ്ഥാപിക്കപ്പെടും.

നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) മാതൃകയിൽ സംസ്ഥാന തലത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC); NIRF ന്റെ മാതൃകയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework-KIRF) സംവിധാനം എന്നിവ സ്ഥാപിച്ചു. ഇതുവരെ നിലവാര പരിശോധന പൂർത്തിയാക്കിയ കോളേജുകളുടെ എണ്ണം 449 ആണ്.

കോളേജുകളിലെ IQAC (Internal Quality Assurance Cell) കളെ ഏകോപിപ്പിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് SLQAC (State Level Quality Assurance Cell) സ്വതന്ത്ര സ്ഥാപനമായി രൂപീകരിച്ചു.

കെൽട്രോണുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനും പ്ലേസ്മെന്റിനും പോർട്ടൽ സംവിധാനം നിലവിൽ വന്നു.

സ്വകാര്യസർവ്വകലാശാലാ ബിൽ പാസ്സാക്കി. രാജ്യത്തെ വിവിധ സ്വകാര്യ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളും കേരളത്തിന്റെ സവിശേഷ സാഹചര്യവും കണക്കിലെടുത്ത് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടായ നേട്ടങ്ങളുടെ രണ്ടാം ഘട്ടമെന്ന നിലയിൽ സ്വകാര്യമൂലധനം കൂടി ആകർഷിച്ച് വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്താൻ പര്യാപ്തമാകുന്നതും സാമൂഹ്യനീതിയിൽ സംവരണം ഉറപ്പുവരുത്തുന്നതുമാണ് ബില്ലിൽ വിഭാവനം ചെയ്തിട്ടുള്ള സ്വകാര്യ സർവ്വകലാശാലകൾ. ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾക്കായി സർക്കാർ നിയോഗിച്ച വിവിധ കമ്മീഷനുകളുടെ റിപ്പോർട്ട് പ്രകാരമാണ് ഇത്.

അന്താരാഷ്ട്രവത്കരണം; സഹകരിച്ചുള്ള വികസനം

വിജ്ഞാനവിസ്ഫോടനത്തിന്റെ പുതുലോകത്ത് അതിരുകൾ അപ്രസക്തമാക്കി സഹകരിച്ചുള്ള വികസനം എന്നതാണ് കേരളത്തിലെ സർവ്വകലാശാലകളും അസാപ് പോലുള്ള നൈപുണ്യവികസന സ്ഥാപനങ്ങളും സ്വീകരിച്ചു വരുന്ന സമീപനം.

ടിന്നിങ് പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതടക്കം കേരളത്തിലെയും ക്യൂബയിലെയും സർവ്വകലാശാലകൾ തമ്മിലുള്ള സഹകരണ പദ്ധതി, മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജിയും പെട്രോകെമിക്കൽ മേഖലയിലെ പ്രമുഖ റഷ്യൻ കമ്പനിയായ സിബുറുമായി ഉണ്ടാക്കിയിട്ടുള്ള ധാരണ, വിയന്നയിലുള്ള സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റി, നെതർലൻഡ്സിലെ Groningen യൂണിവേഴ്സിറ്റി, ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന GEOHazard Society, കെ-ഡിസ്ക് എന്നിവയുമായി സംസ്കൃത സർവ്വകലാശാല എത്തിച്ചേർന്നിട്ടുള്ള വിവിധ കരാറുകൾ എന്നിവ ഈ കാലയളവിൽ വൈജ്ഞാനിക രംഗത്തെ പ്രഗത്ഭ സ്ഥാപനങ്ങൾ പരസ്പര സഹകരണത്തിന് (Academic Collaboration) സ്വീകരിച്ചിട്ടുള്ള ചില നടപടികൾ മാത്രമാണ്.

2024-25 അക്കാദമിക വർഷം കേരള, എം.ജി, കൊച്ചി സർവ്വകലാശാലകളിലേക്ക് അന്താരാഷ്ട്ര വിദ്യാർത്ഥികളിൽ നിന്നുള്ള അപേക്ഷകളുടെ എണ്ണത്തിൽ വൻ വർധനവുണ്ടായി. കേരളയിൽ 63 ശതമാനമാണ് വർധനവ്. 64 രാജ്യങ്ങളിൽ നിന്ന് 2600 അപേക്ഷകൾ ലഭിച്ചു. 2023-24 വർഷം അറുപത് രാജ്യങ്ങളിൽ നിന്നായി 1600 അപേക്ഷകരാണ് ഉണ്ടായിരുന്നത്. അമേരിക്ക, കൊളംബിയ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിൽ നിന്നുൾപ്പെടെ 150 വിദേശ വിദ്യാർത്ഥികളാണ് നിലവിൽ ICCR സ്കോളർഷിപ്പോടുകൂടി കേരള സർവ്വകലാശാലയിൽ പഠിച്ചുവരുന്നത്.

എം.ജി.യിലാകട്ടെ 55 ശതമാനമാണ് അപേക്ഷകരിലുണ്ടായ വർധനവ്. ICCR സ്കോളർഷിപ്പോടെ PhD, PG,UG കോഴ്സുകൾ പഠിക്കുന്നതിന് 55 രാജ്യങ്ങളിൽ നിന്നായി 885 അപേക്ഷകളാണ് ലഭിച്ചത്. 2023-24 അക്കാദമിക വർഷം ഇത് 571 ആയിരുന്നു.

കുസാറ്റിൽ വിവിധ കോഴ്സുകളിലേക്ക് 2025 ജൂലൈ വരെ 1590 അപേക്ഷകളാണ് ലഭിച്ചത്. 2023-24ൽ ലഭിച്ച 1100 അപേക്ഷകളുമായി താരതമ്യം ചെയ്യുമ്പോൾ 44 ശതമാനമാണ് വർദ്ധനവ്. പുതുതായി ഏർപ്പെടുത്തിയ സ്റ്റഡി ഇൻ ഇന്ത്യ (SSI) പ്രോഗ്രാമിലൂടെ ലഭിച്ച 180 അപേക്ഷകൾ കൂടി ചേർന്നതാണ് ഈ വർഷത്തെ കണക്ക്.

അന്താരാഷ്ട്ര നിലവാരത്തിൽ നാലുവർഷ ഡിഗ്രി ആരംഭിച്ചതും ദേശീയ, രാജ്യാന്തര റാങ്കിങ്ങുകളിൽ കേരളത്തിലെ സർവ്വകലാശാലകൾ മികവിലേക്കുയർന്നതും വിദേശത്തുനിന്നുള്ള അപേക്ഷകൾ വർദ്ധിക്കാൻ കാരണമാണ്.

പുതിയ പഠനകേന്ദ്രങ്ങൾ, കോഴ്സുകൾ

വിവിധ സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസ കൗൺസിലിലുമായി താഴെപ്പറയുന്ന 13 മികവിന്റെ കേന്ദ്രങ്ങളാണ് (Centres of Excellence) പ്രവർത്തന സജ്ജമായിക്കൊണ്ടിരിക്

- Centre for Indigenous People's Education (CIPE)
- Kerala Language Network (KLN)
- Kerala Institute for Science, Technology, and Innovation (KISTI)
- Centre of Excellence in Teaching Learning and Training (CETLT)
- Kerala Institute of Advanced Studies (KIAS)
- Kerala Network for Research-Support in Higher Education (KNRSHE)
- Kerala Institute for Gender Equality (KIGE)

- Centre of Excellence in Ayurvedic Research, Manuscript Museum, Medicinal Plants Garden, Iritty, Kannur
- School of Mathematics, Kozhikkode
- Thanu Padmanabhan Centre of Excellence in Astronomy and Astrophysics, University of Kerala
- Centre of Excellence in Neurodegeneration and Brain Health, CUSAT
- Centre of Excellence in One Health, Western Ghats Biodiversity, Human-Wildlife Interface and Zoonotic Diseases, KVASU, Wayanad
- Centre of Excellence in Nanoscience and Nanotechnology, MG University, Kottayam

കേരളത്തിന്റെ വൈജ്ഞാനിക മുന്നേറ്റത്തിൽ നാഴികക്കല്ലായി മാറുന്ന പിണറായി എജ്യൂക്കേഷൻ ഹബ്ബിന്റെ നിർമാണം പൂർത്തിയായി വരുന്നു. പതിമൂന്നേക്കറിൽ 285 കോടി രൂപ മുടക്കിയാണ് വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സമുച്ചയമായ പിണറായി എജ്യൂക്കേഷൻ ഹബ്ബ് ഒരുങ്ങുന്നത്. ശ്രീനാരായണഗുരു സർവ്വകലാശാലയ്ക്ക് നാല് പഠനകേന്ദ്രങ്ങൾ ആരംഭിച്ചു. കേരള സർവ്വകലാശാലയിൽ ഒമ്പത് നൂതന പഠനവകുപ്പുകൾ സ്ഥാപിച്ചു.

നവീന മേഖലകളിൽ പ്രൊജക്ട് മോഡ് കോഴ്സുകൾ നടത്തുന്നതിനും ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകൾ ആരംഭിക്കുന്നതിനും വിവിധ സർവ്വകലാശാലകൾക്ക് അനുമതി നൽകി. 2021-2025 കാലഘട്ടത്തിൽ ബിരുദ-ബിരുദാനന്തര തലങ്ങളിൽ എല്ലാ കോളേജുകളിലുമായി 1384 പ്രോഗ്രാമുകളും സർവകലാശാലാ വകുപ്പുകളിൽ 28 പ്രോഗ്രാമുകളും 20 നാലുവർഷ ബിരുദ പ്രോഗ്രാമുകളും പുതുതായി ആരംഭിച്ചു. പുതുതായി 143 കോളേജുകൾക്ക് അനുമതി നൽകി. ഗവേഷണ പാർക്കുകളും, Industry at Campus, Krest പാർക്കും ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

അടിസ്ഥാനസൗകര്യ വികസനം

ഉന്നതവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനപദ്ധതികൾക്കായി 6000 കോടിയിലധികം രൂപ നീക്കിവച്ചു. KIIFB, PLAN, NON PLAN ഫണ്ടുകൾ വഴിയും സർവ്വകലാശാലകൾക്ക് മുൻകാലങ്ങളിലേക്കാൾ പണം അനുവദിച്ചു. റൂസ (പിഎം ഉഷ) പദ്ധതി മുഖേന 158 വിവിധ പദ്ധതികളിലായി 532 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സർവ്വകലാശാലകളിലും കോളേജുകളിലുമായി നടന്നുവരുന്നു.

ഗവേഷണത്തിനും ഉന്നതപഠനത്തിനും പ്രോത്സാഹനം

സാമൂഹ്യ, സാമ്പത്തിക, കാർഷിക, വ്യവസായിക മേഖലകളിലെ വളർച്ചയ്ക്കുതകുന്ന വിധത്തിൽ, റീബിൽഡ് കേരള പദ്ധതിയുമായി സംയോജിപ്പിച്ച്, സംസ്ഥാനത്തിന്റെ വികസന പുരോഗതിക്ക് ആക്കം കൂട്ടുന്നതരത്തിലുള്ള ഗവേഷണ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രതിമാസം അരലക്ഷം രൂപ (രണ്ടാം വർഷം പ്രതിമാസം ഒരുലക്ഷം രൂപ) ഫെല്ലോഷിപ്പായി നൽകുന്ന 'ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ' ഏർപ്പെടുത്തി. 177 പേർ ഇതിന്റെ ഗുണഭോക്താക്കളാണ്.

നൂതന ഗവേഷണ പ്രവർത്തനങ്ങളുടെ പ്രോത്സാഹനത്തിനും ഫെല്ലോഷിപ്പുകളും ഗവേഷക പ്രതിഭകൾക്കായി കൈരളി പുരസ്കാരങ്ങളും ആരംഭിക്കുകയുണ്ടായി.

കഴിഞ്ഞ ഒമ്പതു വർഷങ്ങൾക്കിടയിൽ സർവ്വകലാശാല പഠന വകുപ്പുകളിൽ 566 അധ്യാപക നിയമനങ്ങളും, 4081 അനധ്യാപക നിയമനങ്ങളും നടത്തി. സാങ്കേതികവിദ്യാഭ്യാസ വകുപ്പിൽ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിൽ 93 അധ്യാപക തസ്തികകളും പോളിടെക്നിക്കുകളിൽ 328 അധ്യാപക തസ്തികകളും 24 സാങ്കേതിവിഭാഗം തസ്തികകളും 29 അഡ്മിനിസ്ട്രേറ്റീവ് വിഭാഗം തസ്തികകളും ഉൾപ്പെടെ ആകെ 381 തസ്തികകളും ഇക്കാലയളവിൽ സൃഷ്ടിച്ചു. കൂടാതെ, 441 അധ്യാപക നിയമനങ്ങളും 511 അനധ്യാപക-സാങ്കേതിക വിഭാഗം നിയമനങ്ങളും നടത്തി. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 224 അധ്യാപക നിയമനങ്ങളും 333 അനധ്യാപക നിയമനങ്ങളും നടത്തി. എയ്ഡഡ് കോളേജുകളിൽ ഈ കാലയളവിൽ 1603 അധ്യാപക തസ്തികകൾക്ക് നിയമനാംഗീകാരം നൽകി. ഇവയിൽ ഏഴെണ്ണം പ്രിൻസിപ്പാൾ തസ്തികകളാണ്.

സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സ്വതന്ത്രമായ പ്രവർത്തനാവകാശം നിയന്ത്രിക്കാതെതന്നെ, ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കാൻ ലക്ഷ്യമിട്ട് 'സ്വാശ്രയ കോളേജ് അധ്യാപകരുടെ നിയമനവും സേവനവ്യവസ്ഥകളും' ബിൽ പാസാക്കി.

സർവ്വകലാശാലകളിൽ പ്രവേശനം, പരീക്ഷകളുടെ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവയിൽ ഏകീകൃത കലണ്ടർ തയ്യാറാക്കി വിജയകരമായി നടപ്പിലാക്കി. പരീക്ഷകൾ നടന്ന് ദിവസങ്ങൾക്കുള്ളിൽ ഫലപ്രഖ്യാപനം നടത്തുന്ന തലത്തിലേക്ക് എല്ലാ സർവ്വകലാശാലകളും മാറി.

സാങ്കേതിക വിദ്യാഭ്യാസ മേഖല

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 3 എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, 46 സർക്കാർ പോളിടെക്നിക് കോളേജുകൾ, 6 എയിഡഡ് പോളിടെക്നിക് കോളേജുകൾ, 3 സർക്കാർ ഫൈൻ ആർട്സ് കോളേജുകൾ, 39 സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകൾ, 17 സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, 42 സർക്കാർ ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നീ സ്ഥാപനങ്ങളും സ്വകാര്യ മേഖലയിലുള്ള 130-ഓളം വരുന്ന എഞ്ചിനീയറിംഗ് കോളേജുകളടക്കമുള്ള സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു.

ഇവിടെ നടപ്പിലാക്കിയ ഒരു പ്രധാന പദ്ധതിയാണ് ഇൻഡസ്ട്രി ഓൺ ക്യാമ്പസ് (ഐഒസി). ഇന്നത്തെ വ്യവസായമേഖല പ്രത്യേക വൈദഗ്ധ്യമുള്ള ബിരുദധാരികളെ തിരയുന്നു. വ്യവസായത്തിന് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞു എടുക്കാൻ അവർ താല്പര്യപെടുന്നു. ഇത്തരമൊരു സംസ്കാരം സുഗമമാക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും, വിദ്യാർത്ഥികൾ കാമ്പസിൽ ആയിരിക്കുമ്പോൾ തന്നെ വ്യവസായ സംസ്കാരവുമായി ഒരു സമ്പർക്കം നേടേണ്ടത് അത്യാവശ്യമാണ്. സംസ്ഥാനത്തുടനീളമുള്ള അക്കാദമിക്-വ്യവസായ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വളർത്തിയെടുക്കുന്നതും പരസ്പര പ്രയോജനകരമായ പങ്കാളിത്തം സൃഷ്ടിക്കുന്നതും ഐഒസി വഴി ലക്ഷ്യം വയ്ക്കുന്നു. ഐഒസി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചുരുങ്ങിയത് രണ്ട് ഇൻഡസ്ടറി ഓൺ ക്യാമ്പസ് സ്ഥാപനങ്ങളെങ്കിലും തുടങ്ങാവുന്നതാണ്.

കേരളത്തിന്റെ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാകാനായി കേരള സാങ്കേതിക വിദ്യാഭ്യാസ സംരംഭക നയം സ്വീകരിക്കാവുന്നതാണ്. പ്രാഥമിക അക്കാദമിക് കടമകളെ ബാധിക്കാതെ സ്റ്റാർട്ടപ്പിൽ വിവിധ പങ്കു വഹിക്കാൻ അധ്യാപകർക്ക് സാധിക്കും. പുരോഗമന നയങ്ങൾ, സ്ഥാപന പിന്തുണാ സംവിധാനങ്ങൾ, വിദ്യാർത്ഥി കേന്ദ്രീകൃത സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ എന്നിവയിലൂടെ കേരളം അതിന്റെ സാങ്കേതിക വിദ്യാഭ്യാസ ആവാസവ്യവസ്ഥയിൽ സംരംഭകത്വത്തെയും നവീകരണത്തെയും സ്ഥിരമായി പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. അധ്യാപകർക്കും മറ്റ് സാങ്കേതിക ജീവനക്കാർക്കും സർക്കാർ സേവനത്തിൽ തുടരുമ്പോൾ തന്നെ ഗവേഷണ ഫലങ്ങൾ, പ്രോട്ടോടൈപ്പുകൾ, ലബോറട്ടറി നവീകരണങ്ങൾ, ക്യാപ്സ്റ്റോൺ പ്രോജക്റ്റുകൾ എന്നിവ വിപുലീകരിക്കുന്നതിനായി സ്ഥാപനത്തിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനും വിദ്യാർത്ഥികളെ ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമാക്കാനും സാധിക്കും. കൂടാതെ, സ്ഥാപനവുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളെ കണ്ടെത്തി, നയിച്ച്, മെന്റർ ചെയ്ത് അല്ലെങ്കിൽ പിന്തുണച്ച് വരുന്ന അധ്യാപക, സാങ്കേതിക ജീവനക്കാരെ പിന്തുണയ്ക്കാനും ഈ നയം വഴി സാധിക്കും.

നിലവിൽ കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ സംവിധാനം ചില ബുദ്ധിമുട്ടുകൾ നേരിടുന്നു:

1. പാഠ്യക്രമത്തിൽ അനുശാസിക്കുന്ന ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും ക്ലാസ്സുറികളിലും ലാബുകളിലും ഹോസ്റ്റലുകളിലും ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിനും തങ്ങൾക്ക് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള സാമ്പത്തികാധികാരപരിധിക്കുള്ളിൽപ്പോലും ഭരണാനുമതി നൽകാൻ വകുപ്പ് മേധാവിക്കോ സ്ഥാപന മേധാവികൾക്കോ സാധിക്കാത്തത് മൂലം ബജറ്റിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിലും ലാബ് ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നു. സാങ്കേതിക രംഗത്തെ നൂതന പ്രോഗ്രാമുകൾ നടത്തുന്നതിന് കംപ്യൂട്ടറുകളുടെ ലഭ്യത അനിവാര്യമാണ്. ക്ലാസ്സുറികളിലും ലാബുകളിലും ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കിയതിന് ശേഷം മാത്രമേ പ്രാഗ്രാമുകൾ ആരംഭിക്കാൻ സാധിക്കു.
2. കോളേജ് ഓഫ് എഞ്ചിനീയറിങ് ട്രാവ്ൺട്രം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ഏറ്റവും മികച്ച എഞ്ചിനീയറിംഗ് കോളേജുകൾക്ക് അക്കാദമിക സ്വയംഭരണം ഇല്ലാത്തത് ഈ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് പ്രധാന തടസമായി നിൽക്കുന്നു. ഏറ്റവും മികച്ച വിദ്യാർത്ഥികൾ പ്രവേശനം നേടുന്ന ഇത്തരം സ്ഥാപനങ്ങളിൽ ഇന്നത്തെ സാഹചര്യത്തിൽ നൂതന കോഴ്സുകളും പാഠ്യപദ്ധതിയും മൂല്യനിർണയരീതിയും, വിദ്യാർത്ഥികളുടെ കഴിവിനനുസരിച്ചുള്ള പഠനബോധന സംബിധാനവും ഉറപ്പാക്കുന്നതും എൻഐആർഫ് പോലുള്ള റാങ്കിങ്ങിൽ സ്ഥാനമെച്ചപ്പെടുത്തുന്നതും അക്കാദമിക സ്വയംഭരണം ഇല്ലാതെ സാധ്യമാകില്ല. നിലവിൽ രണ്ട് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെ 20 എഞ്ചിനീയറിംഗ് കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണം ലഭിച്ചിട്ടുണ്ട്.
3. കോളേജ് ഓഫ് എഞ്ചിനീയറിങ് ട്രാവ്ൺട്രം, ആർഐടി കോട്ടയം, തൃശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് എന്നിവ പൂർണ്ണമായും റെസിഡൻഷ്യൽ അക്കാദമിക് കാമ്പസുകളാക്കി മാറ്റുന്നത് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കും. ഈ കോളേജുകളിൽ പ്രവേശനം നേടുന്ന മികച്ച കഴിവുള്ള വിദ്യാർത്ഥികളെ ഓഫീസ് സമയത്തിനുശേഷവും ലബോറട്ടറികൾ ഉപയോഗിക്കാൻ ഇത് പ്രാപ്തരാക്കും. ഗവേഷണ പ്രസിദ്ധീകരണങ്ങളും പേറ്റന്റുകളും വർദ്ധിക്കുന്നതിനും എൻഐആർഎഫ് പോലുള്ള റാങ്കിംഗുകളിൽ നിലമെച്ചപ്പെടുത്തുന്നതിനും ഇത് സഹായകമാകും.
4. അധ്യാപകരുടെ സ്ഥലംമാറ്റം ജിഇസി-ഇടുക്കി, ജിഇസി-വയനാട്, ജിഇസി-പാലക്കാട്, ജിഇസി-കോഴിക്കോട് എന്നീ എഞ്ചിനീയറിങ് കോളേജുകൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. അധ്യാപകരുടെ ദീർഘകാലത്തെ സേവനം ലഭിക്കാത്തത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു.

III
ഭാവി വികസന നിർദ്ദേശങ്ങൾ

പാഠ്യപദ്ധതി, ബോധനരീതി, ഫാക്കൽറ്റി വികസനം

1. പാഠ്യപദ്ധതി നവീകരിക്കാനും അക്കാദമിക ശേഷി വർദ്ധിപ്പിക്കാനും നിരന്തര പരിശീലനങ്ങൾ

ആസൂത്രണം ചെയ്തു നടപ്പിലാക്കാനുമായുള്ള മികവിന്റെ കേന്ദ്രമായ സെന്റർ ഓഫ് എക്സലൻസ് ഫോർ ടീച്ചിംഗ്, ലേണിംഗ് ആൻഡ് ട്രെയിനിംഗ് (CoE-TLT) മുഖേന നിരന്തര അധ്യാപക പരിശീലനം നൽകാനാവും. അധ്യാപകർക്ക് AI അധിഷ്ഠിത ബോധന രീതികളിൽ പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കപ്പെടണം.

2. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് ശാക്തീകരിക്കാൻ സാധിക്കും. അതിനായി ആഗോളതലത്തിൽ മികച്ച രീതികൾ സമന്വയിപ്പിച്ച്, തുല്യതയും പ്രാപ്യതയും ഉറപ്പാക്കിക്കൊണ്ട്, വികസിച്ചുകൊണ്ടിരിക്കുന്ന ആഗോള വിജ്ഞാന സമ്പദ്വ്യവസ്ഥയ്ക്ക് പഠിതാക്കളെ സജ്ജമാക്കുന്ന വിധത്തിൽ പഠനകേന്ദ്രങ്ങളെ മാറ്റുന്നത് വിഭാവനം ചെയ്യണം.

3. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ഓഗ്മെന്റഡ് ആൻഡ് വെർച്വൽ റിയാലിറ്റി (AR/VR), ഇന്റർനെറ്റ് ഓഫ് തിംഗ്സ് (IoT), ബ്ലോക്ക് ചെയിൻ തുടങ്ങിയ വളർന്നുവരുന്ന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി വ്യക്തിഗതമായും പരസ്പര സഹകരണത്തോടെയും ഡാറ്റാധിഷ്ഠിതവുമായി പഠനാനുഭവങ്ങൾ ആർജ്ജിക്കാനാവുന്ന ചലനാത്മക ഇടങ്ങളായി ക്ലാസ് മുറികളെ പുനർവിചിന്തനം ചെയ്യണം.

4. തടസ്സമില്ലാത്ത പഠനത്തിനും അക്കാദമിക് - അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങൾക്കുമായി അക്കാദമിക് ക്രെഡിറ്റ് ബാങ്കുകൾ, വെർച്വൽ ക്ലാസ് മുറികൾ എന്നിവ സംയോജിപ്പിക്കപ്പെടുന്ന, അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപനശാസ്ത്രം, നവീകരണം എന്നിവ സമന്വയിപ്പിച്ചുള്ള, ഏകീകൃതവും എ ഐ-അധിഷ്ഠിതവുമായ പരിവർത്തനം ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരികയെന്നത് ഡിജിറ്റൽ ക്ലാസ്റൂം പരിഷ്കരണം വഴി ലക്ഷ്യം വെക്കണം.

5. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളെയും കോളേജുകളെയും പരസ്പര പ്രവർത്തനക്ഷമമായ സംവിധാനങ്ങളിലൂടെ ബന്ധിപ്പിക്കുന്ന സംസ്ഥാനവ്യാപക ഡിജിറ്റൽ പഠന ഘടന സ്ഥാപിക്കണം.

6. മനഃപാഠമാക്കിയ വസ്തുതകളും വിവരങ്ങളും ഓർമ്മിക്കാനും ആവർത്തിക്കാനുമുള്ള കഴിവ് അളക്കുന്നതിൽ അധിഷ്ഠിതമായ മൂല്യനിർണ്ണയത്തിൽ നിന്ന്, എ ഐ-അധിഷ്ഠിതമായ, ഫോർമേറ്റിവ് ആൻഡ് കോംപീറ്റൻസി അടിസ്ഥാനമാക്കിയുള്ള, വിലയിരുത്തലുകളിലേക്ക് മാറണം.

7. **പൂർണ്ണസജ്ജമായ K-Learn:** പരമാവധി അക്കാദമിക് വഴക്കവും എല്ലാ വിദ്യാർത്ഥികൾക്കും ഗുണനിലവാരമുള്ള കോഴ്സുകളും ഉറപ്പാക്കാൻ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വഴി, K-REAP പദ്ധതിയുമായി സംയോജിപ്പിച്ചിരിക്കുന്ന സമഗ്ര ഡിജിറ്റൽ പഠന പ്ലാറ്റ്ഫോമായ K-Learn പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കണം. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലുടനീളം ഓരോ സെമസ്റ്ററിലും വിവിധ സർവ്വകലാശാലകൾ നൽകുന്ന വിപുലമായ കോഴ്സുകളുടെ ബാസ്കറ്റ്, കെ-ലേൺ വഴി ലഭ്യമാക്കണം. ഏതൊരു കോളേജിൽ ചേരുന്ന വിദ്യാർത്ഥികൾക്കും ഈ പ്ലാറ്റ്ഫോം വഴി കോഴ്സുകൾക്ക് സർവ്വകലാശാലകളിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കും. ഇങ്ങനെ വിദ്യാർത്ഥിക്ക് താല്പര്യമുള്ള കോഴ്സുകൾ സ്വന്തം സ്ഥാപനത്തിൽ ഇല്ലെങ്കിൽ പോലും ഓൺലൈൻ ആയി പഠനം നടത്താനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാം. ഇതുവഴി സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും നാലുവർഷ ബിരുദ പാഠ്യപദ്ധതി മുന്നോട്ടു വയ്ക്കുന്ന ഫ്ലെക്സിബിലിറ്റിയും, അക്കാദമിക് അവസരങ്ങളിലേക്ക് തുല്യമായ പ്രവേശനവും ഉറപ്പു നൽകാൻ സാധിക്കും.

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദഗ്ധരും പരിചയസമ്പന്നരുമായ അധ്യാപകരായിരിക്കണം ഇതിൽ ഓരോ കോഴ്സും കൈകാര്യം ചെയ്യുന്നത്. സംവേദനാത്മക പഠന ഉപകരണങ്ങളുമായി സംയോജിപ്പിച്ച ഘടനാപരമായ ഓൺലൈൻ മോഡ് വഴിയാവണം ക്ലാസുകൾ. പ്ലാറ്റ്ഫോമിലൂടെ ഡിജിറ്റലായി ആന്തരിക വിലയിരുത്തലുകൾ നടക്കണം; കോളേജുകൾ വഴി അതാത് സർവ്വകലാശാലകൾക്ക് ഫലങ്ങൾ സമർപ്പിക്കാം. ബാഹ്യ പരീക്ഷകളും ക്രെഡിറ്റുകളുടെ അവാർഡും അഫിലിയേറ്റ് ചെയ്ത സർവ്വകലാശാലയുടെ പരിധിയിൽ തുടരാം.

പ്രശസ്ത സർവ്വകലാശാലകളും പ്ലാറ്റ്ഫോമുകളും വാഗ്ദാനം ചെയ്യുന്ന ക്രെഡിറ്റ്-ലിങ്ക്ഡ് ദേശീയ, അന്തർദേശീയ കോഴ്സുകളിലേക്കും കെ-ലേൺ പ്രവേശനം നൽകണം. ഈ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ക്രെഡിറ്റുകൾ നേടുന്ന വിദ്യാർത്ഥികൾക്ക് അത്തരം ക്രെഡിറ്റുകൾ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ് (ABC) വഴി മാതൃസർവ്വകലാശാലകളിലേക്ക് ബിരുദ ആവശ്യകതകൾക്കായി മാറ്റാൻ അനുവാദമുണ്ടാകണം; അതുവഴി കേരളത്തിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര അക്കാദമിക് മൊബിലിറ്റിയും ആഗോള എക്സ്പോഷറും വളർത്തിയെടുക്കാൻ സാധിക്കും.

കെ - ലേണിലൂടെ ഉപയോഗിക്കുന്നതിന് ഓൺലൈൻ, ബ്ലെൻഡഡ് ലേണിംഗ് മൊഡ്യൂളുകൾ വികസിപ്പിക്കുന്നതിനുള്ള ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണ കേന്ദ്രം, സെന്റർ ഫോർ ഇ-ലേണിംഗ് ആൻഡ് ഇ-കണ്ടൻറ് ഡെവലപ്മെന്റ് എന്ന പേരിൽ സെന്റർ ഓഫ് എക്സലൻസ് ഫോർ ടീച്ചിംഗ്, ലേണിംഗ് ആൻഡ് ട്രെയിനിംഗ് (CoE-TLT) ഉപകേന്ദ്രം എന്ന നിലയിൽ വികസിപ്പിക്കാം. കെ-ലേണിലെ പഠനസാധ്യതകൾ ഉപയോഗപ്പെടുത്തതിന് വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്നനുള്ള സൗകര്യങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കംപ്യൂട്ടർ ലാബുകളിൽ ഉറപ്പുവരുത്തുകയും വൈകുന്നേരങ്ങളിലും അവധിദിവസങ്ങളിലും

ഉൾപ്പടെ അത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയും വേണം.

8. സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ആൻഡ് റിസർച്ച് ലബോറട്ടറികൾ: എല്ലാ ജില്ലകളിലും സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ആൻഡ് റിസർച്ച് ലബോറട്ടറികൾ (CIRLs) സെൻട്രൽ നെറ്റ്‌വർക്ക് ഓഫ് റിസർച്ച് ഫെസിലിറ്റികളുടെ (CNRF) ഭാഗമായി സ്ഥാപിക്കപ്പെടണം. അനുബന്ധമായി ഡിജിറ്റൽ റഫറൻസ് ലൈബ്രറിയും സ്കോളർലി ഡാറ്റാബേസ് ആക്സസും റിസർച്ച് സ്കോളർമാർക്കു വേണ്ടവർക്ക് സ്പേസ്, ഗസ്റ്റ് റൂമുകൾ, സെമിനാർ, കോൺഫറൻസ് ഹാളുകൾ എന്നിവയും സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കണം.
9. തീമാറ്റിക് റിസർച്ച് ക്ലസ്റ്ററുകൾ: കേരള നെറ്റ്‌വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ (KNRSHE), സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ & റിസർച്ച് ലബോറട്ടറികൾ (CIRL) എന്നിവയിലൂടെ സംസ്ഥാനത്തുടനീളം കാലാവസ്ഥ, പരിസ്ഥിതി, സാങ്കേതികവിദ്യ, ആരോഗ്യ നവീകരണം, എഐ, കാണ്ടം സയൻസ്, ബയോ സയൻസസ് തുടങ്ങിയ മേഖലകളിൽ തീമാറ്റിക് റിസർച്ച് ക്ലസ്റ്ററുകൾ സ്ഥാപിക്കണം.
10. കേരള നോളജ് കൺസോർഷ്യം സെന്ററുകൾ: ഉന്നതവിദ്യാഭ്യാസ കൗൺസിൽ, ഉന്നതവിദ്യാഭ്യാസ സ്ഥാപനം, അതിനടുത്തുള്ള വ്യവസായിക സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പ്രാദേശിക ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് കൺസോർഷ്യം മാതൃകയിൽ കേരള നോളജ് കൺസോർഷ്യം സെന്ററുകൾ സ്ഥാപിക്കാം. തദ്ദേശീയമായ വിഷയങ്ങളിലെ ഗവേഷണത്തിനും പരിഹാര നിർദ്ദേശങ്ങൾക്കും മുൻഗണന നൽകുന്നതാവും ഈ കേന്ദ്രങ്ങൾ. ഉത്പാദിപ്പിക്കപ്പെടുന്ന പുതിയ അറിവുകൾ വഴി സമൂഹ പുരോഗതി ഉറപ്പുവരുത്തുകയാവണം ഈ കേന്ദ്രങ്ങൾ ലക്ഷ്യം വെക്കേണ്ടത്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ കേന്ദ്രങ്ങൾ ഏറ്റെടുക്കണം.

കേരളമെന്ന വിജ്ഞാനാധിഷ്ഠിത ആഗോള ഇന്നവേഷൻ കേന്ദ്രം

11. സർവ്വകലാശാലകളെയും വ്യവസായങ്ങളെയും സമൂഹങ്ങളെയും ബന്ധിപ്പിക്കുന്ന, ലോകോത്തര ഗവേഷണ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്ന, വിജ്ഞാനാധിഷ്ഠിത ഇന്നവേഷൻ കേന്ദ്രമായി കേരളത്തെ മാറ്റിയെടുക്കാനാവണം. ഇതിന്, ആഗോളതലത്തിലുള്ള പ്രമുഖ ഇന്നവേഷൻ സമ്പദ്‌വ്യവസ്ഥകളിൽ നിന്നും ഉന്നതവിദ്യാഭ്യാസ സംവിധാനങ്ങളിൽ നിന്നും മികച്ച രീതികൾ സംസ്ഥാനം സ്വീകരിക്കണം. അറിവ് സൃഷ്ടിക്കൽ, സുസ്ഥിര വികസനം, സാങ്കേതിക പുരോഗതി, സാമൂഹിക പരിവർത്തനം എന്നിവയ്ക്ക് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരിട്ട് സംഭാവന നൽകുന്നുണ്ടെന്ന് ഉറപ്പാക്കണം. ഇതുവഴി, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീകരണം, സംരംഭം എന്നിവയുടെ എഞ്ചിനുകളായി പ്രവർത്തിക്കുന്ന 'കേരള വിജ്ഞാന സമ്പദ്‌വ്യവസ്ഥ' കെട്ടിപ്പടുക്കുക എന്ന ലക്ഷ്യം കേരളത്തിന് കൈവരിക്കാൻ കഴിയും.
12. സർവ്വകലാശാലകളിൽ ഇന്നൊവേഷൻ ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനുമായും വ്യവസായ പങ്കാളികളുമായും സഹകരിച്ച് സർവ്വകലാശാലാധിഷ്ഠിത ഇന്നൊവേഷൻ ഹബ്ബുകൾ, ഇൻക്യുബേറ്ററുകൾ, ടെക്നോളജി പാർക്കുകൾ എന്നിവ സ്ഥാപിക്കാം.
13. കുസും (KSUM), കെഎസ്ഐഡിസി (KSIDC), വ്യവസായങ്ങൾ എന്നിവയുമായി സഹകരിച്ച് എല്ലാ സർവ്വകലാശാലകളിലും ഇൻക്യുബേഷൻ സെന്ററുകൾ, ടെക്നോളജി ട്രാൻസ്ഫർ ഓഫീസുകൾ, സ്റ്റാർട്ടപ്പ് ആക്സിലറേറ്ററുകൾ എന്നിവ സംയോജിപ്പിച്ച്, ഇന്നൊവേഷൻ, എന്റർപ്രൈസ് ഹബ്ബുകൾ സ്ഥാപിക്കാൻ സാധിക്കും.
14. സർവ്വകലാശാലകളുടെ നവീകരണ പ്രക്രിയയുടെ ഭാഗമായി കേരളത്തിലെ തിരഞ്ഞെടുത്ത സർവ്വകലാശാലകളെ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ സംരംഭക സർവ്വകലാശാലകളാക്കി പുനക്രമീകരിക്കാം. ഇത്തരം സർവ്വകലാശാലകൾ അവരുടെ പരമ്പരാഗത അക്കാദമിക് ഘടനയിൽ നിന്നും പരിപാടികളിൽ നിന്നും മാറി, സംരംഭകത്വം, വഴക്കമുള്ള പങ്കാളിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകണം; സ്വയംഭരണാധികാരമുള്ള നവീകരണ-നിയന്ത്രിത സ്ഥാപനങ്ങൾ ആയി ഇവ പുനഃക്രമീകരിക്കപ്പെടണം. സംരംഭക സർവ്വകലാശാലകളുടെ അക്കാദമിക പ്രോഗ്രാമുകളിൽ സംരംഭകത്വം സംയോജിപ്പിക്കപ്പെടണം. വ്യവസായ-മാർഗ്ഗനിർദ്ദേശിത പ്രോജക്ടുകളും അപ്രന്റീസ്ഷിപ്പ് മാതൃകകകളും ഉപയോഗിച്ച് എല്ലാ വിഷയങ്ങളിലും നവീകരണം, ഡിസൈൻ ചിന്ത, സ്റ്റാർട്ടപ്പ്-കേന്ദ്രീകൃത പഠനം എന്നിവ ഉൾപ്പെടുത്താനാവും.

ആഗോള മത്സരക്ഷമതയുള്ള ഉന്നതവിദ്യാഭ്യാസ ഹബ്ബുകൾ

15. ഉന്നതവിദ്യാഭ്യാസത്തിന്റെ ആഗോളകേന്ദ്രമായി മാറലാണ് കേരളം ലക്ഷ്യം വെക്കുന്നത്. പ്രധാന നഗരങ്ങളിൽ നിലവിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗുണനിലവാരം, തൊഴിൽക്ഷമത, ലോകോത്തര ഗവേഷണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന, ആഗോള മത്സരക്ഷമതയുള്ള, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളായി പരിവർത്തനം ചെയ്യപ്പെടണം.

    ആധുനിക പ്രോഗ്രാമുകൾ, വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ, വ്യവസായ ബന്ധങ്ങൾ എന്നിവ സംയോജിപ്പിച്ച് കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ എന്നിവിടങ്ങളിൽ നാല് ഉന്നതവിദ്യാഭ്യാസ നഗരങ്ങൾ സ്ഥാപിക്കാം.

കൊച്ചി കേന്ദ്രമായി ആഗോള വാണിജ്യം, മാരിടൈം സ്റ്റഡീസ്, ഫിൻടെക്, ആഗോള വ്യാപാരം, തുറമുഖ മാനേജ്മെന്റ്, ബിസിനസ് അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവക്ക് പ്രാധാന്യം ഉള്ള ഉന്നതവിദ്യാഭ്യാസ ഹബ്ബ് വികസിപ്പിക്കാം.

തിരുവനന്തപുരം കേന്ദ്രമായി ശാസ്ത്രം, സാങ്കേതികവിദ്യ, ബഹിരാകാശ ശാസ്ത്രം, സൈബർ സുരക്ഷ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, സുരക്ഷിത സോഫ്റ്റ് വെയർ, ബയോമെഡിക്കൽ എഞ്ചിനീയറിംഗ്, പൊതുനയം, അന്താരാഷ്ട്ര ബന്ധങ്ങൾ എന്നിവക്ക് പ്രാധാന്യം ഉള്ള ഉന്നതവിദ്യാഭ്യാസ ഹബ്ബ് വികസിപ്പിക്കാം.

കോഴിക്കോട് കേന്ദ്രമായി ലിബറൽ ആർട്സ്, ഡിജിറ്റൽ ഹ്യൂമാനിറ്റീസ്, ഹോസ്പിറ്റാലിറ്റി, വ്യോമയാനം, കാലാവസ്ഥ-തീരദേശ പഠനങ്ങൾ, സാംസ്കാരിക പൈതൃകം എന്നിവക്ക് പ്രാധാന്യമുള്ള ഉന്നതവിദ്യാഭ്യാസ ഹബ്ബ് സ്ഥാപിക്കാം.

തൃശൂർ കേന്ദ്രമായി പെർഫോമിംഗ് ആർട്സ്, ആയുർവേദം, കാർഷിക സാങ്കേതിക ശാസ്ത്രങ്ങൾ, സഹകരണ ബാങ്കിംഗ്, ഇവന്റ് മാനേജ്മെന്റ്, ആരോഗ്യം, സെമി കണ്ടക്ടർ ടെക്നോളജി എന്നിവയ്ക്ക് പ്രാധാന്യമുള്ള ഉന്നതവിദ്യാഭ്യാസ ഹബ്ബ് വികസിപ്പിക്കാം.

തൊഴിൽ, നൈപുണ്യം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

16. വിദ്യാഭ്യാസത്തിനും തൊഴിലിനും ഇടയിലുള്ള വിടവ് പൂർണ്ണമായും നികത്തി ലോകോത്തരവും സംയോജിതവും കരിയർ അധിഷ്ഠിതവുമായി കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗം പരിവർത്തനം ചെയ്യപ്പെടണം. ആജീവനാന്ത പഠനം, സ്കിൽ മൊബിലിറ്റി, സംരംഭകത്വം എന്നിവ ഇതിനായി പ്രോത്സാഹിപ്പിക്കണം. ഇപ്പോൾ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മാത്രമല്ല, പഠനം പൂർത്തിയാക്കിയവർക്കും 'ബാക്ക് ടു കാമ്പസ്' പ്രോഗ്രാമുകളിലൂടെ ഈ പരിവർത്തനവുമായി ബന്ധപ്പെടാനാകണം.
17. നിലവിൽ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സുകളും കരിയർ പ്ലാനിംഗും (CSDCCP) സ്ഥാപിച്ചിട്ടുണ്ട്. നൈപുണിവികസന പ്രവർത്തനങ്ങൾക്കും സ്കിൽ ട്രെയിനിങ് പ്ലേസ്മെന്റ് അസ്സിസ്റ്റന്റ്സ് എന്നിവക്കും നൈപുണി വികസന ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കണം.
18. ഓരോ സ്കിൽ സെന്ററുകളുമായും അതത് സ്ഥാപനങ്ങളിലെ അലുമിനി അംഗങ്ങളായ പ്രൊഫഷണൽ, അക്കാദമിക്, മാനേജീരിയൽ, പൂർവ്വവിദ്യാർത്ഥികളെ മെന്റർമാരായും മോട്ടിവേറ്റർമാരായും അണിനിരത്തണം.
19. ഓരോ CSDCCP യൂണിറ്റുകളിലും NSQF ചട്ടക്കൂടുമായി യോജിപ്പിച്ച് സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇതുവഴി ഉന്നതവിദ്യാഭ്യാസവുമായി തൊഴിൽ വൈദഗ്ധ്യം സമന്വയിപ്പിക്കപ്പെടും.
20. ഇങ്ങനെ ആരംഭിക്കുന്ന പ്രോഗ്രാമുകൾ ക്രെഡിറ്റ്-ലിങ്ക് ചെയ്ത് സർവ്വകലാശാലകൾ വഴി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാം. ദേശീയ ക്രെഡിറ്റ് ചട്ടക്കൂടിനുള്ളിൽ ഔപചാരിക അംഗീകാരം ഉറപ്പാക്കുകയും ചെയ്യാനാവും. ഇതുവഴി അക്കാദമിക് പഠനവും യഥാർത്ഥ ലോകത്തിലെ തൊഴിൽ ക്ഷമതയും തമ്മിൽ തടസ്സമില്ലാത്ത ബന്ധം സൃഷ്ടിച്ച്, പഠിതാക്കൾക്ക് തൊഴിൽ, അക്കാദമിക്, പ്രൊഫഷണൽ പാതകളിൽ തടസ്സരഹിതമായി മാറിമാറി സഞ്ചരിക്കാൻ അവസരം ലഭ്യമാക്കാൻ സാധിക്കും.
21. പോളിടെക്നിക്, വൊക്കേഷണൽ പ്രോഗ്രാമുകൾ എന്നിവ NSQF ലെവലുകൾ 4.5–8 യുമായി യോജിപ്പിക്കുകയും ക്രെഡിറ്റ് ഫ്രെയിംവർക്കിലൂടെ ബിരുദപാതകളുമായി ബന്ധിപ്പിക്കുകയും വേണം. ഇത് തൊഴിലവസരവും ഉന്നതവിദ്യാഭ്യാസത്തിലേക്കുള്ള തുടർച്ചയും ഉറപ്പാക്കും. ഇതിനായി നിലവിലെ അവാർഡിങ് ബോഡിയ്ക്ക് സ്കിൽ യൂണിവേഴ്സിറ്റി പദവി ലഭിക്കാൻ പദ്ധതികൾ ആവിഷ്കരിക്കണം.

സാങ്കേതിക വിദ്യാഭ്യാസംരംഗം

22. സാങ്കേതികവകുപ്പ് ഡയറക്ടർക്കും സ്ഥാപനമേധാവികൾക്കും അവർക്ക് നിലവിൽ അനുവദിച്ചു നൽകിയിട്ടുള്ള ധനവിനിയോഗഅധികാരപരിധിക്കുള്ളിൽ വരുന്ന തുകയ്ക്ക് പഠനപ്രക്രിയയുടെ ഭാഗമായി ലാബുകളിൽ വേണ്ടിവരുന്ന കംപ്യൂട്ടറുകളും ലാബ്-ക്ലാസ്റൂം-ഹോസ്റ്റൽ ഫർണിച്ചറുകളും വാങ്ങുന്നതിനുള്ള അധികാരം നൽകണം.
23. കോളേജ് ഓഫ് എഞ്ചിനീയറിങ് ട്രാവ്ൺട്രം, ആർഐടി കോട്ടയം, തൃശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് എന്നീ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണം നൽകാവുന്നതാണ്. ഈ സ്ഥാപനങ്ങളെ റസിഡൻഷ്യൽ ക്യാമ്പസുകളായി മാറ്റണം.
24. ജിഇസി-ഇടുക്കി, ജിഇസി-വയനാട്, ജിഇസി-പാലക്കാട്, ജിഇസി-കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ അധ്യാപകരുടെ ദീർഘകാലസേവനം ഉറപ്പാക്കാൻ ജില്ല/സ്ഥാപന അടിസ്ഥാനത്തിലുള്ള അധ്യാപക നിയമനം നടത്താവുന്നതാണ്.

ഗുണനിലവാര ഉറപ്പ്, അക്രഡിറ്റേഷൻ

25. 2031 ആകുമ്പോഴേക്കും, ഇന്ത്യയിലെ ഏറ്റവും വിശ്വസനീയവും ആഗോളതലത്തിൽ മാനദണ്ഡമാക്കപ്പെട്ടതുമായ ഉന്നതവിദ്യാഭ്യാസ ഗുണനിലവാര ആവാസവ്യവസ്ഥയായി സംസ്ഥാനത്തെ മാറ്റാൻ സാധിക്കണം. അതിനായി സംസ്ഥാനത്തെ ഓരോ ഉന്നതവിദ്യാഭ്യാസ സ്ഥാപനവും സുതാര്യവും ഉത്തരവാദിത്തമുള്ളതും ഡാറ്റാധിഷ്ഠിതവുമായ വിലയിരുത്തൽ, അക്രഡിറ്റേഷൻ, തുടർച്ചയായ മെച്ചപ്പെടുത്തൽ എന്നിവയുടെ ചട്ടക്കൂടിനുള്ളിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പിക്കുന്ന സംവിധാനം രൂപപ്പെടുത്തണം. SLQAC, SAAC എന്നിവയുടെയും പ്രവർത്തനം വിപുലീകരിക്കണം.
26. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF) നു കീഴിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങളെ മോഡൽ മെന്റർ സ്ഥാപനങ്ങൾ (MMIs) ആയി നിയോഗിക്കാം. ഇവയെ വളർന്നുവരുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദേശം നൽകുന്നതിന് ചുമതലപ്പെടുത്തണം. അനുഭവം പങ്കിടുന്നതിനും തുടർച്ചയായ മെച്ചപ്പെടുത്തലിനും വേണ്ടി വാർഷിക ഗുണനിലവാര കോൺക്ലേവുകൾ ഒരുക്കണം.
27. QS, THE, ടൈംസ് ഇംപാക്ട് റാങ്കിംഗ് തുടങ്ങിയ ആഗോള റാങ്കിംഗ് ചട്ടക്കൂടുകളിൽ പങ്കെടുക്കുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക് സർക്കാർ പിന്തുണ ഉറപ്പാക്കണം. സാങ്കേതിക സഹകരണത്തിനും ബെഞ്ച്മാർക്കിംഗിനുമായി അന്താരാഷ്ട്ര ഗുണനിലവാര ഏജൻസികളുമായി സഹകരണ സംരംഭങ്ങൾ വികസിപ്പിക്കണം.

നൈപുണി പരിശീലനത്തിനും കാമ്പസ് പ്ലേസ്മെന്റിനുമുള്ള ക്യാമ്പയിൻ

28. നൈപുണി പരിശീലനവും കാമ്പസ് പ്ലേസ്മെന്റും പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി നടക്കേണ്ടുന്ന പ്രക്രിയയാണ്. എന്നാൽ ഇന്ന് സാങ്കേതികവിദ്യാഭ്യാസ മേഖലയിലും ചുരുക്കം ഓട്ടോണമസ് കോളെജുകളിലും മാത്രമാണ് പ്ലേസ്മെന്റ് സമ്പ്രദായം ഫലപ്രദമായി പ്രവർത്തിക്കുന്നത്. സ്കിൽ സെന്ററുകളുടെയും പ്ലേസ്മെന്റ് സംവിധാനത്തിന്റെയും ആഭിമുഖ്യത്തിൽ ആർട്സ് ആൻഡ് സയൻസ് കോളെജുകളിലും ഇത് സാർവ്വത്രികമാക്കേണ്ടതാണ്. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചാൽ ഉറപ്പായും ജോലി ലഭിക്കുമെന്നുള്ളത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിനെ തടയാൻ സഹായകരമാകും. ഇതിനുതകുന്ന നിർദ്ദേശങ്ങളാണ് ഇവിടെ വച്ചിട്ടുള്ളത്. എന്നാൽ അവ പൂർണ്ണമായും പ്രവർത്തനപഥത്തിലെത്താൻ സമയമെടുത്തേക്കാം. ഈ അന്തരാളഘട്ടത്തിൽ അടുത്ത വർഷം മുതൽ എല്ലാ കോളെജുകളിലും സമ്പൂർണ്ണ നൈപുണി പരിശീലനവും തൊഴിലും ഉറപ്പുവരുത്തുന്നതിന് വിപുലമായ നൈപുണി ക്യാമ്പയിൻ സംഘടിപ്പിക്കണം. വിജ്ഞാനകേരളവുമായി സഹകരിച്ച് ഇത് നടപ്പിലാക്കാവുന്നതാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൈപുണി പരിശീലനം സംബന്ധിച്ച അധ്യായത്തിൽ നൽകിയിട്ടുണ്ട്.
29. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്കിൽ സെന്ററുകൾ കാര്യക്ഷമമാക്കുകയും അലുമിനിയോഗങ്ങളിലൂടെ പ്രൊഫഷണൽ, അക്കാദമിക് യോഗ്യതയുള്ളവരെ മെന്റർമാരായി കണ്ടെത്തുകയും അവരുടെ സഹായത്തോടെ നൈപുണി പരിശീലനത്തിനും കാമ്പസ് പ്ലേസ്മെന്റിനുമുള്ള സജ്ജീകരണങ്ങൾ അടുത്ത വർഷം തുടക്കം മുതൽ ആരംഭിക്കണം.
30. വിദ്യാർത്ഥികളുടെ പ്രവൃത്തി പരിചയവും അപ്രന്റീസ്ഷിപ്പ് പഠനവും അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ് (ABC) വഴി ക്രെഡിറ്റുകളായി പരിവർത്തനം ചെയ്യണം. ഏകീകൃത ഇന്റേൺഷിപ്പ് ആൻഡ് പ്ലേസ്മെന്റ് പോർട്ടലിന്റെ പിന്തുണയോടെയുള്ള ഒരു സംസ്ഥാനതല പ്ലേസ്മെന്റ് ആൻഡ് ഇന്റേൺഷിപ്പ് മാനേജ്മെന്റ് സെൽ, വ്യവസായങ്ങൾ, പഞ്ചായത്തുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലുടനീളം ഇന്റേൺഷിപ്പുകൾ, അപ്രന്റീസ്ഷിപ്പുകൾ, പ്ലേസ്മെന്റുകൾ എന്നിവ ഏകോപിപ്പിക്കും.

ട്രാൻസ് ഡിസിപ്ലിനറി പ്രോഗ്രാമുകൾ, Dual, Twinning Degrees

31. സയൻസ്, എഞ്ചിനീയറിംഗ്, ഹ്യുമാനിറ്റീസ്, പാരാമെഡിക്കൽ മേഖലകൾ എന്നിവയെ സംയോജിപ്പിക്കുന്ന ഹെൽത്ത് ഡാറ്റ സയൻസ്, ക്ലൈമറ്റ് & ബ്ലൂ ഇക്കണോമി, ഡിജിറ്റൽ മീഡിയ & ലോ തുടങ്ങി മേഖലകളിൽ ട്രാൻസ് ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കാൻ സാധിക്കണം. ക്രെഡിറ്റ് എക്സ്ചേഞ്ച് വഴി അക്കാദമിക് സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളും സംയുക്തമായി നടത്താവുന്ന വർക്ക് ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ തുടങ്ങാൻ സാധിക്കണം.
32. എഐ, കാലാവസ്ഥാശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം, ആരോഗ്യ സാങ്കേതികവിദ്യ, മെറ്റീരിയൽ ഗവേഷണം എന്നിവയിൽ സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും പ്രമുഖ ദേശീയ-അന്തർദേശീയ സർവകലാശാലകളുമായി സഹകരിച്ച്, ക്രെഡിറ്റ് കൈമാറ്റത്തോടെ ഡ്യുവൽ, ജോയിന്റ്, ടിന്നിംഗ് ഡിഗ്രികൾ ആരംഭിക്കണം.
33. കേരളത്തിന്റെ സെമികോൺ പ്രോജക്റ്റ്, ദേശീയ സെമികണ്ടക്ടർ പദ്ധതി എന്നിവയുമായി യോജിച്ച് സംസ്ഥാനത്തു സെമികണ്ടക്ടർ ഗവേഷണം, ഇന്റഗ്രേറ്റഡ് സർക്യൂട്ട് ഡിസൈൻ ഡിവൈസ് ഫാബ്രിക്കേഷൻ, സെമികണ്ടക്ടർ മേഖലയിൽ ആവശ്യമായ മനുഷ്യവിഭവശേഷി വികസനം എന്നിവക്കായി മികവിന്റെ കേന്ദ്രം സ്ഥാപിക്കാം.

34. കൺസോർഷ്യങ്ങളുടെ ഏകോപനത്തിന് സ്കൂൾ ഓഫ് നോളജ്, പെർഫോർമൻസ് & ഈസ്തറ്റിക്സ് (SKOPE) എന്ന സ്ഥാപനം രൂപീകരിക്കണം.

35. ഉന്നതവിദ്യാഭ്യാസത്തിനായുള്ള നയഗവേഷണ വികസനം ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനതല ഗവേഷണനയ വിശകലന സ്ഥാപനമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോളിസി സ്റ്റഡീസ് (KIPS) ശക്തിപ്പെടുത്തണം.

സർവ്വകലാശാലകൾ സാമൂഹിക പരിവർത്തന കേന്ദ്രങ്ങൾ

36. തിരഞ്ഞെടുത്ത സർവ്വകലാശാലകളെ സാമൂഹികപരിവർത്തനത്തിന്റെ കേന്ദ്രങ്ങളായി പുനർരൂപകല്പന ചെയ്യാം. ഇങ്ങനെ സർവ്വകലാശാലകളുടെ നിലവിലെ ദൗത്യങ്ങൾ വികസിപ്പിക്കാനാവും. അധ്യാപനത്തിനും ഗവേഷണത്തിനും അപ്പുറം, സാമൂഹിക നവീകരണം, പൊതുനയം, കമ്മ്യൂണിറ്റി വികസനം എന്നിവയിൽ സജീവമായി ഏർപ്പെടുകയും, അതുവഴി വിമർശനാത്മകവും ഉത്തരവാദിത്തമുള്ളതുമായ പൗരസമൂഹത്തെ വളർത്തിയെടുക്കുന്ന കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇടങ്ങൾ ആയി സർവ്വകലാശാലകളെ ഇതുവഴി പരിവർത്തനപ്പെടുത്താം.

37. ഗവേഷണവും അധ്യാപനവും സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി യോജിപ്പിക്കുന്നതിന് എല്ലാ സർവ്വകലാശാലകളിലും സർവ്വകലാശാല തല സോഷ്യൽ ഇപാക്ട്സ് സെല്ലുകൾ സ്ഥാപിക്കപ്പെടണം.

അന്താരാഷ്ട്രവത്കരണവും സ്റ്റഡി ഇൻ കേരള പദ്ധതിയും

38. പ്രതിവർഷം ചുരുങ്ങിയത് 10,000 അന്താരാഷ്ട്ര വിദ്യാർത്ഥികളെയും സംസ്ഥാനത്തിന് പുറത്തു നിന്നുള്ള 30,000 വിദ്യാർത്ഥികളെയും നമ്മുടെ കോളേജുകളിലേക്കും സർവ്വകലാശാലകളിലേക്കും ആകർഷിക്കാൻ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കണം. ലോകമെമ്പാടുമുള്ള പഠിതാക്കൾ മാത്രമല്ല, പണ്ഡിതന്മാരും പ്രൊഫഷണലുകളും കേരളത്തിലേക്ക് ആകർഷിക്കപ്പെടണം; വൈവിധ്യമാർന്നതും ലോക നിലവാരത്തിലുള്ളതും കരിയർ അധിഷ്ഠിതവുമായ ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ ഇവിടെ ഉണ്ടാവേണ്ടതുണ്ട്. പ്രവേശനം, വിസ സൗകര്യം, വിദ്യാർത്ഥികളുടെ താമസം, അക്കാദമിക് ക്രെഡിറ്റ് മാനേജ്മെന്റ് എന്നിവയ്ക്കായി ഒരു ഏകീകൃത സ്റ്റഡി ഇൻ കേരള ഡിജിറ്റൽ പ്ലാറ്റ്ഫോം ആരംഭിക്കേണ്ടതുണ്ട്.

39. സ്റ്റഡി ഇൻ കേരള പദ്ധതിയിൽ പങ്കെടുക്കുന്ന എല്ലാ സർവ്വകലാശാലകളും കോളേജുകളും (സർക്കാർ, എയ്ഡഡ്, സ്വാശ്രയ) സീറ്റ് വിഹിതം, അക്കാദമിക് പിന്തുണ, വിദ്യാർത്ഥിക്ഷേമ വ്യവസ്ഥകൾ, സാമ്പത്തിക ഉത്തരവാദിത്തങ്ങൾ എന്നിവ വ്യക്തമാക്കുന്ന അഞ്ചു വർഷത്തെ ധാരണാപത്രങ്ങൾ സ്റ്റഡി ഇൻ കേരള പദ്ധതിയുമായി രൂപീകരിക്കുമെന്ന് ഉറപ്പാക്കണം.

40. പ്രവേശനം, വിസ, ഓറിയന്റേഷൻ പ്രക്രിയകൾ എന്നിവയിൽ വിദ്യാർത്ഥികളെ സഹായിക്കാൻ കൊച്ചിയിലും തിരുവനന്തപുരത്തും കോഴിക്കോടും സ്റ്റഡി ഇൻ കേരള സപ്പോർട്ട് കേന്ദ്രങ്ങൾ തുടങ്ങാൻ സാധിക്കും.

41. സർക്കാരും പങ്കാളിസ്ഥാപനങ്ങളും സംയുക്തമായി ധനസഹായം നൽകുന്ന, ട്യൂഷനും ജീവിതച്ചെലവും ഉൾക്കൊള്ളുന്ന, അന്താരാഷ്ട്ര വിദ്യാർത്ഥികൾക്കുള്ള മെറിറ്റ്-കം-നീഡ് അധിഷ്ഠിത കേരള ഗ്ലോബൽ ടാലന്റ് സ്കോളർഷിപ്പുകൾ ആരംഭിക്കണം. അന്താരാഷ്ട്ര വിദ്യാർത്ഥി റിക്രൂട്ട്മെന്റിനും മെന്ററിംഗിനും അംബാസഡർമാരായി കേരളത്തിന്റെ ആഗോള പ്രവാസികളെയും പൂർവ്വ വിദ്യാർത്ഥി ശൃംഖലകളെയും പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി ഉണ്ടാവണം. വിദേശത്തും മറ്റു പ്രധാന ഇന്ത്യൻ നഗരങ്ങളിലും പ്രവേശന ലെയ്സൺ ഓഫീസുകളോ പങ്കാളിത്ത ഡെസ്കുകളോ ഇതിൻറെ ഭാഗമായി സ്ഥാപിക്കാം.

42. ജിസിസി രാജ്യങ്ങൾ, ആസിയാൻ, കിഴക്കൻ ആഫ്രിക്ക, വടക്കേ ഇന്ത്യൻ മെട്രോകൾ എന്നിവിടങ്ങളിൽ കേരളത്തിന്റെ സുരക്ഷ, ഗുണനിലവാരം, താങ്ങാനാവുന്ന ജീവിതച്ചെലവ്, ജീവിതശൈലി നേട്ടങ്ങൾ എന്നിവ എടുത്തുകാണിക്കുന്ന ഒരു മുൻനിര പ്രചാരണ പദ്ധതി ആരംഭിക്കണം.

18

പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ അഞ്ചു വർഷങ്ങൾ കേരള പശ്ചാതലത്തിൽ

2020 ജൂലായ് 29ന് യൂണിയൻ സർക്കാർ ദേശീയ വിദ്യാഭ്യാസനയം 2020 പ്രഖ്യാപിച്ചു. കോവിഡ് മഹാമാരിയാൽ ലോകമെല്ലാം സ്തംഭിച്ച് നിന്നിരുന്ന ഘട്ടത്തിലാണ് പാർലമെന്റിനെ പോലും മറികടന്ന് നയപ്രഖ്യാപനം നടത്തിയത്. ദേശീയ ഗവൺമെന്റിന്റെ വിവിധങ്ങളായ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ദേശീയ വിദ്യാഭ്യാസനയം 2020 എല്ലാവിധ ജനാധിപത്യ മര്യാദകൾ ലംഘിച്ചുകൊണ്ട് നടപ്പാക്കി കൊണ്ടിരിക്കുകയാണ്. ഇത്തരം ഒരു ഘട്ടത്തിൽ മൂന്നാം ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അഞ്ചുവർഷങ്ങൾ കേരളീയ പശ്ചാത്തലത്തിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്.

ഒരു രാഷ്ട്രത്തിന്റെ വിദ്യാഭ്യാസ നയരേഖ ശൂന്യതയിൽ നിന്നുണ്ടാകുന്നതല്ല. അത് ആ രാഷ്ട്രത്തിന്റെ പൊതു രാഷ്ട്രീയ-സാമ്പത്തിക സാമൂഹിക നിലപാടിനനുസൃതമായി രൂപപ്പെടുന്നതാണ്. ഭരണകൂടത്തിന്റെ രാഷ്ട്രീയ നിലപാട് ദൃഢപ്പെടുത്താനും ഭാവി സമൂഹത്തിന്റേതാക്കി മാറ്റാനും ഭരണകൂടം ഫലപ്രദമായി ഉപയോഗിക്കുന്ന ഉപാധിയാണ് വിദ്യാഭ്യാസം. അതുകൊണ്ട് പാഠ്യപദ്ധതിയും അതിനനുസരിച്ച് മാത്രമേ ഭരണകൂട സംവിധാനങ്ങൾ വികസിപ്പിക്കൂ.

ഒരു വശത്ത് അറിവിന്റെ നിഗൂഢവൽക്കരണത്തിനും കച്ചവടവൽക്കരണത്തിനും ജനവിരുദ്ധപ്രയോഗങ്ങൾക്കും വേണ്ടി നിൽക്കുന്ന ശക്തികളും നിലപാടുകളും മറുവശത്ത് അറിവിന്റെ ജനാധിപത്യവൽക്കരണത്തിനും സാർവ്വത്രീകവൽക്കരണത്തിനും ജനപക്ഷപ്രയോഗങ്ങൾക്കും വേണ്ടി നിലനിൽക്കുന്ന ശക്തികളും നിലപാടുകളും ഇന്നിന്റെ യാഥാർത്ഥ്യങ്ങളാണ്. ദൗർഭാഗ്യവശാൽ അറിവിനെ സ്വകാര്യ വൽക്കരിക്കുകയും കച്ചവടവൽക്കരിക്കുകയും ലാഭകേന്ദ്രീകൃതമാക്കുകയും അതിനുവേണ്ടി എന്ത് ഹീനമായ പ്രവർത്തനങ്ങളും നയങ്ങളും കൊണ്ടുവരുന്ന ശക്തികൾക്ക് മേൽക്കൈ ഉള്ള ആഗോള ദേശീയ പശ്ചാത്തലത്തിലാണ് നാം അധിവസിക്കുന്നത് എന്ന് കണ്ടുകൊണ്ട് വേണം ഭരണകൂടം മുന്നോട്ട് വെയ്ക്കുന്ന നയങ്ങളേയും പരിപാടികളേയും സമീപിക്കേണ്ടത്.

I

വിദ്യാഭ്യാസ നയത്തിന്റെ പിന്നാമ്പുറം

2020 ൽ പുറത്തിറങ്ങിയ നയരേഖയ്ക്ക് ആസ്പദമായ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ ആരംഭിച്ചത് 2015 ജൂലൈ മാസം ആണ്. അന്ന് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രിയായിരുന്ന സ്മൃതി ഇറാനിയാണ് മൂന്നാം ദേശീയ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായുള്ള അതിവിപുലമായ ഒരു പ്രവർത്തനപദ്ധതി പ്രഖ്യാപിച്ചത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതൽ ആരംഭിക്കുന്ന ചർച്ചകൾ, വ്യക്തികൾക്കും സംഘടനകൾക്കും അഭിപ്രായം പ്രകടിപ്പിക്കാൻ സൗകര്യം പ്രദാനം ചെയ്യുന്ന ഓൺലൈൻ പോർട്ടലുകൾ, വിദഗ്ധരെ അണിനിരത്തിക്കൊണ്ടുള്ള വിശകലനങ്ങൾ എന്നിവയൊക്കെ ഉണ്ടാകുമെന്നായിരുന്നു ഗീർവാണം. ഇതിൽ ചിലതൊക്കെ ആരംഭിക്കുകയും ചെയ്തു. എന്നാൽ തുടക്കത്തിൽ കാണിച്ച ഈ ആവേശം പെട്ടെന്ന് ശമിച്ചു. പൂർണ സുതാര്യത വാഗ്ദാനം ചെയ്ത് ആരംഭിച്ച ചർച്ചകളും സംവാദങ്ങളും ഒരു ഇരുമ്പുമറയുടെ പിന്നിലേക്ക് തട്ടി നീക്കപ്പെട്ടു. പിന്നീടുണ്ടായ പൂർണ നിശബ്ദത കണ്ട് സർക്കാർ നയരൂപീകരണ ശ്രമം ഉപേക്ഷിച്ചു പോയോ എന്ന് പോലും രാജ്യത്തെ വിദ്യാഭ്യാസ നിരീക്ഷകർ പരസ്പരം ചോദിക്കുന്ന അവസ്ഥ ഉണ്ടായി.

ഈ നിശബ്ദതയ്ക്കും അതിനു കാരണമായ ആശയക്കുഴപ്പങ്ങൾക്കും കാരണം എന്താണ് എന്ന് ഇന്ന് നമുക്ക് അറിയാം. പ്രഖ്യാപിക്കപ്പെടാൻ പോകുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സാദ്ധ്യതകൾ തിരിച്ചറിഞ്ഞ രണ്ട് വിഭാഗങ്ങൾ തങ്ങളുടെ താല്പര്യങ്ങൾ പ്രസ്തുത നയരേഖയിലൂടെ സാക്ഷാൽക്കരിച്ച് പ്രാവർത്തികമാക്കിയെടുക്കാൻ നടത്തിയ പിൻവാതിൽ ഇടപെടലുകളാണ് ഈ ആശയക്കുഴപ്പങ്ങൾക്ക് കാരണമായത്.

അതിൽ ഒരു വിഭാഗം ഈ നയരേഖയുടെ പ്രത്യയശാസ്ത്രപരമായ പ്രാധാന്യം തിരിച്ചറിഞ്ഞ സംഘപരിവാർ ബുദ്ധികേന്ദ്രങ്ങളാണ്. ദശകങ്ങളായി തങ്ങൾ പ്രചരിപ്പിക്കാൻ ആഗ്രഹിച്ചിരുന്ന ആശയങ്ങൾ വിദ്യാഭ്യാസ പദ്ധതിയുടെ തന്നെ ഭാഗമാക്കാനും അതുവഴി തീവ്ര

വർഗീയ സ്വഭാവമുള്ളതും ജനതയെ പലതട്ടുകളായി വിഭജിച്ചു ഭരിക്കാൻ ഉതകുന്നതുമായ ആശയങ്ങൾ ജനതയുടെ പൊതുബോധത്തിൽ സന്നിവേശിപ്പിക്കാനും ഉള്ള സന്ദർഭമായി അവർ ഈ അവസരത്തെ കണ്ടു.

ഈ രേഖയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ രണ്ടാമത്തെ വിഭാഗം ഇന്ത്യയിലെ വൻകിട വ്യവസായ സ്ഥാപനങ്ങൾ ആണ്. 1944-45 ലെ ബോംബെ പ്ലാൻ കാലത്ത് ലാഭകരമല്ല എന്ന് കണ്ട് സർക്കാരിന്റെ ഉത്തരവാദിത്തമാക്കി മാറ്റി വെച്ച ഇന്ത്യയിലെ വിദ്യാഭ്യാസമേഖല വലിയതോതിൽ ലാഭം ഉണ്ടാക്കാൻ സാധ്യതയുള്ള മേഖലയായി 1990 കൾ മുതൽ മാറി വന്നത് തിരിച്ചറിഞ്ഞ ഇക്കൂട്ടർ നയരൂപീകരണം തങ്ങൾക്ക് അനുകൂലമാക്കി മാറ്റാൻ കച്ചകെട്ടിയിറങ്ങി. തങ്ങളുടെ വ്യവസായ ആവശ്യങ്ങൾക്കനുസരിച്ചുള്ള തൊഴിൽസേന സൃഷ്ടിക്കലാണ് അവരുടെ വിദ്യാഭ്യാസലക്ഷ്യം.

ഇതോടെല്ലാം ബന്ധപ്പെട്ടുണ്ടായ വിവാദങ്ങളുടെ ഫലമായി രേഖ തയ്യാറാക്കാൻ ആദ്യം നിയോഗിക്കപ്പെട്ട ടി.എസ്.ആർ. സുബ്രഹ്മണ്യൻ താൻ തയ്യാറാക്കിയ രേഖ സർക്കാർ അവഗണിച്ചതിൽ പ്രതിഷേധിച്ച് അത് സ്വന്തമായി പ്രസിദ്ധീകരിക്കുന്ന സാഹചര്യംവരെ ഉണ്ടായി. സർക്കാർ ആകട്ടെ ഉടൻ മറ്റൊരു കമ്മിറ്റിയെ രേഖ തയ്യാറാക്കാൻ നിയോഗിച്ചു. ജനങ്ങളുടെ കണ്ണിൽ പൊടിയിടാനായി കമ്മിറ്റികളെ പ്രഖ്യാപിച്ചുവെങ്കിലും അത്തരം കമ്മിറ്റികളെ നോക്കുകുത്തികളാക്കിക്കൊണ്ട് സാംസ്കാരിക ദേശീയത എന്ന സംഘപരിവാർ അജണ്ടയും നവലിബറൽ കച്ചവടതാല്പര്യങ്ങളും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു രേഖയാണ് ഇന്ത്യയിലെ ജനങ്ങൾക്ക് മൂന്നാം ദേശീയ വിദ്യാഭ്യാസനയം എന്ന പേരിൽ ലഭിച്ചത് എന്ന് ചുരുക്കം.

ദേശീയവിദ്യാഭ്യാസനയം 2020 വളരെ അപകടകരമാം വിധം താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്നു.

1. ആഗോളവൽക്കരണ നയങ്ങളുടെ പശ്ചാത്തലത്തിലാണ് പുതിയ നയം രൂപംകൊണ്ടിട്ടുള്ളത്.
2. അമിത കേന്ദ്രീകരണം-ഫെഡറൽ തത്വങ്ങളെയാകെ അപ്രസക്തമാക്കിയിരിക്കുന്നു.
3. സ്റ്റേറ്റിന്റെ പിൻമാറ്റത്തിനും സ്വകാര്യവത്ക്കരണത്തിനും കോർപ്പറേറ്റ് വത്ക്കരണത്തിനുമുള്ള പൂർണ്ണാവസരങ്ങൾ ഒരുക്കി യിരിക്കുന്നു
4. വർഗ്ഗീയവത്ക്കരണം – എല്ലാ തലങ്ങളിലും ഉള്ളടക്കത്തിൽ പ്രസരിപ്പിക്കുന്നു.

II
ആഗോളവൽക്കരണം

ഒന്നും രണ്ടും ദേശീയ വിദ്യാഭ്യാസ നയരേഖകളുടെ സ്വഭാവം പിന്തുടരുന്നതും നേരത്തേ ദേശീയതലത്തിൽ പ്രഖ്യാപിക്കപ്പെട്ട വിദ്യാഭ്യാസ പരിഷ്കരണങ്ങളുടെ പൊതുഭാഷ പങ്കിടുന്നതുമായ ഒരു രേഖയോ പദ്ധതിയോ അല്ല ദേശീയ വിദ്യാഭ്യാസ നയം 2020. നവലിബറൽ നയങ്ങൾ ലോകവ്യാപകമായി ആധിപത്യം നേടിയതിന്റെ പിൻബലത്തിൽ ജനക്ഷേമകരമായ സങ്കൽപ്പങ്ങളേയും അവകാശവാദങ്ങളേയും ഒട്ടും സങ്കോചമില്ലാതെ അത് പൂർണമായി കയ്യൊഴിയുന്നു. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സമസ്തമേഖലകളേയും മൂലധനശക്തികൾക്ക് അടിയറ വെയ്ക്കുകയാണ് തങ്ങളുടെ ലക്ഷ്യം എന്ന് അത് വരികൾക്ക് ഇടയിലൂടെ നിർലജ്ജം പ്രഖ്യാപിക്കുന്നു.

അറിവിന്റെ ഉത്പാദനം, വിതരണം, പ്രയോഗം എന്നിവയും കോഴ്സുകളുടേയും സ്ഥാപനങ്ങളുടെയും ഘടനയും ദേശീയമായ സമിതികളുടെ രൂപഭാവങ്ങളും എല്ലാം തന്നെ മൂലധനശക്തികൾക്ക് ആധിപത്യം ചെലുത്താൻ പാകത്തിൽ മാറ്റിയെടുക്കാൻ ഇന്ത്യയുടെ മൂന്നാം ദേശീയ വിദ്യാഭ്യാസ നയം വെമ്പൽ കൊള്ളുന്നു. വിദ്യാഭ്യാസം ഒരു സാമൂഹിക അവകാശമോ പൊതുഗുണമോ അല്ല, മറിച്ച് വിപണിയിൽ വിനിമയത്തിനായി തയ്യാറാക്കപ്പെടുന്ന ഒരു ചരക്കാണ് എന്നത് പൊതുവിൽ അംഗീകരിക്കപ്പെട്ട നിലയിലാണ് NEP 2020 നിലവിൽ വന്നതിനു ശേഷമുള്ള വിവിധ പദ്ധതികൾ ആവിഷ്കരിക്കപ്പെടുന്നത്. അറിവ് ഉൽപ്പാദിപ്പിക്കുന്നതും വിതരണം ചെയ്യുന്നതും ഇനി സാമൂഹിക ആവശ്യങ്ങൾക്കനുസരിച്ചല്ല മറിച്ച്, മൂലധനത്തിന്റെ താല്പര്യങ്ങൾക്കനുസൃതമായാണെന്ന് ഈ നയം പറഞ്ഞു വെയ്ക്കുന്നു.

വിദ്യാഭ്യാസം ഒരിക്കലും ആശയനിരപേക്ഷമായിരുന്നിട്ടില്ല എന്നത് ചരിത്ര വസ്തുതയാണ്. അത് ഏതാണ്ട് എല്ലായ്പ്പോഴും ഉൽപ്പാദനബന്ധങ്ങളെ പുനരുത്പാദിപ്പിക്കുന്ന ഒരു ആശയപരമായ സംവിധാനം ആയിരുന്നു. NEP 2020 ഈ സത്യം മറച്ചുവയ്ക്കുന്നില്ല എന്ന് മാത്രമല്ല അത് പ്രധാന ഉദ്ദേശമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. “സ്കിൽ”, “എംപ്ലോയബിലിറ്റി”, “ലൈഫ്-ലോംഗ് ലേണിംഗ്” തുടങ്ങിയ പ്രയോഗങ്ങൾ, തൊഴിലാളി വർഗ്ഗത്തെ സ്ഥിരതയില്ലാത്ത നവലിബറൽ തൊഴിൽ വിപണിക്ക് അനുസൃതമായി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പ്രയോഗിക്കപ്പെടുന്ന സുന്ദരമായ പദാവലികളാണ്.

നിയമങ്ങൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, റാങ്കിംഗ്–അക്രഡിറ്റേഷൻ സംവിധാനങ്ങൾ, പുതുതായി രൂപപ്പെടുത്തിയ നിയമാനുസൃത സ്ഥാപനങ്ങൾ എന്നിവയുടെ വ്യാപനത്തിലൂടെ, വിദ്യാഭ്യാസം നിയോലിബറലും കോർപ്പറേറ്റുമായ യുക്തികൾ അനുസരിച്ച് പുനഃസംഘടിപ്പിക്കപ്പെടുകയാണ്. ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്ന വ്യാജേന കൊണ്ടുവരുന്ന ഓരോ സംവിധാനവും സമഗ്രമായ നിയന്ത്രണത്തിനുള്ള ഒരു ഉപാധി ആയി മാറുകയാണ് ഇവിടെ സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സ്കില്ലിംഗ് എന്നിവയെ ഒരൊറ്റ ക്രെഡിറ്റ് സംവിധാനത്തിലേക്ക് പുതുതായി ആവിഷ്കരിച്ച നാഷണൽ ക്രെഡിറ്റ് ഫ്രെയിംവർക്ക് (NCrF) ഏകീകരിക്കുന്നു. ചലനസ്വാതന്ത്ര്യം വർധിപ്പിക്കുന്നതെന്ന പേരിൽ, പഠനഫലങ്ങളെ വ്യവസായമേഖല നിർവചിക്കുന്ന കഴിവുകളുമായി ബന്ധിപ്പിച്ച് വിദ്യാഭ്യാസത്തെ തൊഴിൽ വിപണി യുക്തിക്ക് കീഴ്പ്പെടുത്തുന്നു.

ക്രഡിറ്റ് ട്രാൻസ്ഫർ, ക്രഡിറ്റ് സഞ്ചയം ഉണ്ടാക്കാനുള്ള സൗകര്യം എന്നൊക്കെയുള്ള പേരിൽ വിദ്യാഭ്യാസപ്രക്രിയയിൽ ആകെ കേന്ദ്രനിയന്ത്രണം ശക്തമാക്കുന്നു. ഒരു വിദ്യാർഥി ആർജിച്ച പൂർവകാല ക്രഡിറ്റ് എങ്ങനെ വിലയിരുത്തണം, അതിനു എന്ത് അംഗീകാരം കൊടുക്കണം എന്നതെല്ലാം സാധാരണഗതിയിൽ അതാത് സർവകലാശാലകളുടെ വിവേചനാധികാരത്തിൽപ്പെട്ട വിഷയമാണ്. അത് വിദ്യാർഥി സ്വീകരിക്കുന്ന പ്രത്യേക പഠനപദ്ധതിയുടെ ഭാഗമായി മാത്രം വിലയിരുത്തപ്പെടേണ്ടതും ആണ്. അത് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് ചെയ്യുമ്പോൾ അറിവ് വാണിജ്യയോഗ്യമായ ഘടകങ്ങളായി വിഭജിക്കപ്പെടുന്നു. വിഷയത്തിന്റെയും പഠന പ്രക്രിയയുടെയും ആഴവും സാമൂഹിക ലക്ഷ്യവും അപ്രസക്തമാകുന്നു.

ഇതിന്റെ ദോഷം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് സാധാരണക്കാരും പാർശ്വവൽകൃത വിഭാഗങ്ങളും ആണ്. വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യഉന്നമനവും സാമൂഹ്യസാംസ്കാരിക പരിമിതികളിൽ നിന്നുള്ള വിമുക്തിയും നേടുക എന്നൊക്കെയുള്ള ലക്ഷ്യങ്ങൾ പൂർണമായും അവഗണിക്കപ്പെടുന്നു. ദേശീയമായതും വളരെ കർക്കശവുമായ ഒരു ഫ്രെയിംവർക്ക് സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം പൂർണമായും ഇല്ലാതെയാക്കും.

കേന്ദ്രീകൃതമായ ഡിജിറ്റൽ സംഭരണത്തിലൂടെ ക്രെഡിറ്റുകളുടെ സമാഹരണം, കൈമാറ്റം, വിനിയോഗം എന്നിവ നിയന്ത്രിക്കുന്നതാണ് പുതുതായി നിലവിൽ വന്ന അക്കാദമിക് ബാങ്ക് ഓഫ് ക്രഡിറ്റ്സ്. മൾട്ടിപ്പിൾ എൻട്രി–മൾട്ടിപ്പിൾ എക്സിറ്റ് സംവിധാനം നിലവിൽ വരുന്നതോടു കൂടി സാമൂഹ്യമായ പലവിധം കാരണങ്ങളാൽ വിദ്യാർഥികൾ പുറത്താകുന്ന സാഹചര്യത്തെ ഈ സംവിധാനത്തിന്റെ വഴക്കമായി ചിത്രീകരിക്കുന്ന വിചിത്രമായ സാഹചര്യം ഉണ്ടാകുന്നു.

വിദ്യാഭ്യാസം സാമ്പത്തിക ഉപമകളിൽ പുനർവ്യാഖ്യാനിക്ക

പ്പെടുന്നു: വിദ്യാർത്ഥികൾ അക്കൗണ്ട് ഉടമകളായി, സ്ഥാപനങ്ങൾ ക്രെഡിറ്റ് വിതരണക്കാരായി, ബിരുദങ്ങൾ കൂട്ടിച്ചേർത്ത യൂണിറ്റുകളായി മാറുന്നു. ഉന്നത വിദ്യാഭ്യാസം എന്ന പ്രക്രിയ സർക്കാർ സംവിധാനങ്ങളുടെ ഉത്തരവാദിത്തം എന്ന നിലയിൽ നിന്ന് നിന്ന് പൂർണമായും വ്യക്തിയുടെ ചോയിസ് എന്ന നിലയിലേക്ക് മാറ്റപ്പെടുന്നു. ഇതോടൊപ്പം APAAR (ഓട്ടോമേറ്റഡ് പെർമനന്റ് അക്കാദമിക് അക്കൗണ്ട് റെജിസ്ട്രി), NHEQF, NDEAR, NETF സംവിധാനങ്ങളും പുതുതായി നിലവിൽ വന്നവയാണ്. ദേശീയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ച ഘട്ടത്തിൽ തന്നെ നയത്തിന്റെ പൊതുസത്ത പുരോഗമന സംഘടനകളും മതനിരപേക്ഷതയിൽ വിശ്വസിക്കുന്നവരും ഉയർത്തിയ താഴെ പറയുന്ന വിമർശനങ്ങൾ ഇന്നും പ്രസക്തമാണ്.

III
ഫെഡറൽ സംവിധാനത്തിനുമേലുള്ള കൈയേറ്റം

അടിയന്തിരാവസ്ഥക്കാലം വരെ വിദ്യാഭ്യാസം സംസ്ഥാന പട്ടികയിലായിരുന്നു. അതിനെ സമവർത്തി പട്ടികയിലേക്ക് മാറ്റിയത് അക്കാലത്തായിരുന്നു. എങ്കിലും സ്കൂൾ വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനങ്ങളുടെ അധികാരങ്ങളിലേക്ക് യൂണിയൻ സർക്കാർ വലിയ തോതിൽ കടന്നുകയറാറില്ല. എന്നാൽ അതിൽ നിന്നും ഭിന്നമായി സംസ്ഥാനങ്ങളുടെ അധികാരപരിധിയിലേക്ക് എല്ലാവിധത്തിലും കടന്നുകയറാനും കേന്ദ്രസർക്കാറിന്റെ താല്പര്യങ്ങൾ അടിച്ചേൽപ്പിക്കാനും എൻഇപി 2020നെ ഫലപ്രദമായി ഇപ്പോൾ യൂണിയൻ സർക്കാർ പ്രയോജനപ്പെടുത്തുന്നു.

ഈ നയത്തിന്റെ ഭാഗമായി ഭരണഘടന അനുവദിക്കുന്ന ഫെഡറൽ സത്തയെ ഉയർത്തിപ്പിടിക്കുന്ന സംസ്ഥാനങ്ങൾക്ക്, മതനിരപേക്ഷതയ്ക്കും ജനാധിപത്യ സംവിധാനങ്ങൾക്കും നിരക്കാതെ യൂനിയൻ സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കുന്നില്ല എന്ന് പറഞ്ഞ് പൊതു വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ധനസഹായം നൽകാതിരിക്കുന്നു. സമഗ്ര ശിക്ഷാ, നാഷണൽ ടെസ്റ്റിങ്ങ് ഏജൻസി, പാറഖ്, പ്രൊഫഷണൽ സ്റ്റാൻറേർഡ് സെറ്റിങ്ങ് ബോഡി, എൻ.സി.ഇ.ആർ.ടി തുടങ്ങി വിവിധങ്ങളായ കേന്ദ്ര ഏജൻസികൾ വഴി കേന്ദ്രനയം നടപ്പാക്കാൻ സംസ്ഥാനങ്ങളെ നിർബന്ധിതമാക്കുന്ന അവസ്ഥയും ഉണ്ട്.

വിദ്യാഭ്യാസം കൺകറൻറ് ലിസ്റ്റിൽ ആയതിനാൽ സൗകര്യപൂർവ്വം എല്ലാം കേന്ദ്രീകരിപ്പിച്ച് ഇന്ത്യൻ ഫെഡറൽ ഘടനയെ നശിപ്പിക്കുന്നു. വൈവിധ്യങ്ങളെ വൈജാത്യങ്ങളെ അംഗീകരിക്കാൻ തയാറാകുന്നില്ല. ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളെയും നിരാകരിക്കുന്നു. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് National Text book with Local Flavor എന്ന വികലമായ അക്കാദമിക നിലപാട്. അധികാര കേന്ദ്രീകരണം, സ്വകാര്യവത്ക്കരണം, കച്ചവടവത്ക്കരണം എന്നീ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി അക്കാദമിക കേന്ദ്രീകരത്തിന് വിദ്യാഭ്യാസനയത്തിലൂടെ ലക്ഷ്യം വയ്ക്കുന്നു.

ദേശീയവിദ്യാഭ്യാസനയം 2020 സംസ്ഥാനങ്ങൾക്ക് നിർബന്ധമായും ലഭിക്കേണ്ട ഫെഡറൽ അധികാരങ്ങളെയും സർവകലാശാലകളുടെ വികേന്ദ്രീകൃത ജനാധിപത്യ ഭരണത്തെയും ഇല്ലാതാക്കുന്നു. കേന്ദ്രീകൃതവും അമിതമായ അധികാരങ്ങൾ കയ്യാളുന്നതുമായ റെഗുലേറ്ററി ബോഡികളും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും വഴി, വിദ്യാഭ്യാസം ജനങ്ങളിൽ നിന്നല്ല, മുകളിൽ നിന്ന് നിയന്ത്രിക്കപ്പെടുന്ന ഭരണകൂടത്തിന്റെ ഒരു ഉപകരണമായി മാറുന്നു. ഇത് കേവലം ഭരണപരമായ നയപരമായ പരിഷ്കരണമോ ഭരണപരമായ ക്രമീകരണമോ അല്ല എന്ന് ചുരുക്കം.

വികസിത് ഭാരത് വിദ്യാഭ്യാസ അധിഷ്ഠാൻ ബില്ലിന്റെ ഉള്ളടക്കം ഗൗരവമായ ജനാധിപത്യവിരുദ്ധതയും കേന്ദ്രവത്കരണവും പ്രകടമാക്കുന്നതാണ്. ഇന്ത്യ

പോലുള്ള ഫെഡറൽ, ബഹുഭാഷാ, ബഹുസാംസ്കാരിക സമൂഹത്തിൽ വിദ്യാഭ്യാസം സംസ്ഥാനങ്ങളുടെ കൂടി ഭരണഘടനാപരമായ അവകാശമെന്ന നിലയിൽ നിലകൊള്ളുമ്പോൾ, ഈ ബിൽ ആ അടിസ്ഥാനതത്വത്തെ തന്നെ ദുർബലപ്പെടുത്തുന്നു.

ഒന്നാമതായി, ഫെഡറലിസത്തിന്റെ നിഷേധം ഈ ബിലിന്റെ മുഖ്യ സ്വഭാവമാണ്. വിദ്യാഭ്യാസം ആദ്യ കാലത്ത് സംസ്ഥാന പട്ടികയിലും പിന്നീട് സമവർത്തി പട്ടികയിലും ഉൾപ്പെട്ട വിഷയമായിരിക്കെ, നയനിർണയവും നിയന്ത്രണവും മുഴുവൻ കേന്ദ്ര ഏജൻസികളിലേക്കു കേന്ദ്രീകരിക്കുകയാണ് ബിൽ ചെയ്യുന്നത്. സംസ്ഥാന സർക്കാരുകളുടെ അക്കാദമിക്, ഭരണപരമായ അധികാരങ്ങൾ വെട്ടിക്കുറച്ച്, "ദേശീയ ഏകീകൃത മാനദണ്ഡങ്ങൾ" എന്ന പേരിൽ കേന്ദ്രത്തിന്റെ മേൽക്കോയ്മ ഉറപ്പിക്കുന്ന സമീപനം ഇന്ത്യയുടെ ഫെഡറൽ സ്വഭാവത്തോടുള്ള തുറന്ന അവഹേളനമാണ്.

രണ്ടാമതായി, വൈവിധ്യത്തിന്റെയും ബഹുസാംസ്കാരികതയുടെയും നിഷേധം ബിലിൽ വ്യക്തമാണ്. ഇന്ത്യയുടെ വിദ്യാഭ്യാസ ചരിത്രം എന്നത് പ്രാദേശിക അറിവുകൾ, ജനപാഠങ്ങൾ, സാമൂഹിക-സാംസ്കാരിക വൈവിധ്യങ്ങൾ, സമരചരിത്രങ്ങൾ എന്നിവയെ ഉൾക്കൊള്ളുന്നതാണ്. എന്നാൽ ഈ ബിൽ, "ഒറ്റ പാഠ്യക്രമം", "ഒറ്റ മൂല്യസംഹിത" എന്നീ ആശയങ്ങളിലൂടെ വൈവിധ്യത്തെ തടസ്സമായും ശൈഥില്യമായും ചിത്രീകരിക്കുന്നു. ഇത് "ഹിന്ദുത്വ" കാഴ്ച്ചപ്പടുകളിൽ മാത്രം ഊന്നിനിന്നുകൊണ്ടുള്ള സാംസ്കാരിക ആധിപത്യം സ്ഥാപിക്കുന്നതിലേക്കുള്ള ശ്രമമായി മാത്രമേ കാണാനാകൂ.

മൂന്നാമതായി, ബഹുഭാഷാ സംസ്കാരത്തോടുള്ള അനാസ്ഥ ഗൗരവകരമാണ്. പ്രാദേശിക ഭാഷകളിൽ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുപകരം, ചില ഭാഷകൾക്ക് മുൻഗണന നൽകുന്ന കേന്ദ്രവത്കൃത സമീപനം ഭാഷാസമത്വത്തെ തകർക്കുന്നു. ഇതിലൂടെ ആദിവാസി, ദളിത്, ന്യൂനപക്ഷ ഭാഷാസമൂഹങ്ങൾ കൂടുതൽ അകറ്റപ്പെടുന്നു. ഹിന്ദി ഒഴികെയുള്ള ഭാഷകൾ ഈ നയത്തിന്റെ ഭാഗമായി അവഗണിക്കപ്പെടുന്നു.

നാലാമതായി, സർവകലാശാലകളുടെ സ്വയംഭരണത്തെ (autonomy) ഇല്ലാതാക്കുന്ന പ്രവണത ഈ ബിലിന്റെ ഏറ്റവും അപകടകരമായ വശമാണ്. വൈസ് ചാൻസലർമാരുടെ നിയമനം, പാഠ്യക്രമ രൂപീകരണം, ഗവേഷണ മുൻഗണനകൾ എന്നിവയിൽ കേന്ദ്ര ഏജൻസികളുടെ ഇടപെടൽ സർവകലാശാലകളെ സ്വതന്ത്ര വൈജ്ഞാനിക കേന്ദ്രങ്ങൾ എന്ന പദവിയിൽ നിന്ന് ഭരണകൂടത്തിന്റെ അനുബന്ധ സ്ഥാപനങ്ങളാക്കി മാറ്റും. വിമർശനാത്മക ചിന്തയും അക്കാദമിക് സ്വാതന്ത്ര്യവും ഇതിലൂടെ ഹനിക്കപ്പെടും.

അവസാനമായി, അത്യന്തം ജനാധിപത്യവിരുദ്ധമായ കേന്ദ്രവത്കരണം ഈ ബിലിന്റെ അടിസ്ഥാനം തന്നെയാണ്. അധ്യാപകർ, വിദ്യാർത്ഥികൾ, അക്കാദമിക് സമൂഹം, സംസ്ഥാനങ്ങൾ—ഇവരെയൊന്നും ഗൗരവമായി ആലോചനയിൽ ഉൾപ്പെടുത്താതെ മുകളിൽ നിന്ന് താഴേക്ക് നടപ്പാക്കുന്ന നയമാണ് ഇത്. വിദ്യാഭ്യാസം ഒരു സാമൂഹിക അവകാശമല്ല, മറിച്ച് നിയന്ത്രിക്കപ്പെടേണ്ട ഭരണോപാധിയാണെന്ന കാഴ്ച്ചപ്പാടാണ് ഇതിലൂടെ അടിച്ചേൽപ്പിക്കപ്പെടുന്നത്.

ഇന്ത്യയിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഏകദേശം 85 ശതമാനവും സംസ്ഥാന സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലാണ് വിദ്യാഭ്യാസം നേടുന്നത് എന്ന യാഥാർത്ഥ്യം നിലനിൽക്കുമ്പോഴും, ധനസഹായ ഉത്തരവാദിത്വം ഒട്ടുമേ ഏറ്റെടുക്കാതെ പൂർണമായ നിയന്ത്രണ അധികാരം കൈവശം വെയ്ക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നതാണ് ഈ ബില്ലുമായി ബന്ധപ്പെട്ട ഏറ്റവും ഗുരുതരമായ വിരോധാഭാസം. വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക ബാധ്യത സംസ്ഥാനങ്ങളുടെ മേൽ ചുമത്തിക്കൊണ്ട്, നയനിർണയം, പാഠ്യക്രമം, ഭരണസംവിധാനം, നിയമനങ്ങൾ എന്നിവയിൽ കേന്ദ്രത്തിന്റെ പൂർണ നിയന്ത്രണം ഉറപ്പിക്കുന്ന സമീപനം ഫെഡറൽ ഘടനയെ അട്ടിമറിക്കുന്നതാണ്. ധനസഹായമില്ലാത്ത അധികാരം എന്ന ഈ മാതൃക സംസ്ഥാനങ്ങളെ വെറും നിർവ്വാഹകരാക്കി ചുരുക്കുകയും, പൊതു വിദ്യാഭ്യാസത്തെ ദുർബലപ്പെടുത്തി കേന്ദ്രവത്കൃത ആധിപത്യത്തിലേക്ക് രാജ്യത്തെ തള്ളിനീക്കുകയും ചെയ്യും.

IV
വർഗീയവൽക്കരണം

ഉള്ളടക്കമാറ്റങ്ങളുടെയും ഘടനാപരമായ പുനഃക്രമീകരണ ങ്ങളുടെയും സൂക്ഷ്മമായ സംയോജനത്തിലൂടെയാണ് "ഹിന്ദുത്വ" ആശയങ്ങൾ വിദ്യാഭ്യാസത്തിലേക്ക് നുഴഞ്ഞുകയറ്റുകയാണ്. ഒരു വശത്ത്, പാഠ്യവിഷയങ്ങളിൽ ചരിത്രം, ദർശനം, സാമൂഹ്യ ശാസ്ത്രങ്ങൾ, ശാസ്ത്രാവബോധം എന്നിവ അവയുടെ സഹജമായ വിമർശനാത്മക രീതികളിൽ നിന്ന് വേർപെടുത്തി "ഭാരതീയ പൈതൃകം", "സാംസ്കാരിക മൂല്യങ്ങൾ", "ഇന്ത്യൻ ജ്ഞാനപരമ്പര" എന്ന വിഷയങ്ങളിലേക്ക് ചുരുക്കപ്പെടുന്നു; മറുവശത്ത്, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണഘടനയും അക്കാദമിക് സ്വയംഭരണവും കേന്ദ്രീകൃതമായി രൂപീകരിച്ച റെഗുലേറ്ററി സംവിധാനങ്ങൾ വഴി ദുർബലപ്പെടുത്തപ്പെടുന്നു.

ഈ ഇരട്ട പ്രക്രിയയിൽ, വിമർശനാത്മക അറിവ് അപ്രസക്തമാകുകയും, അതിന്റെ സ്ഥാനത്ത് രാഷ്ട്ര–മത–സംസ്കാര സംയോജനത്തിൽ അധിഷ്ഠിതമായ ഒരു ഏകീകൃത മതദേശീയ ബോധം "സ്വാഭാവികം" എന്ന നിലയിൽ പാഠ്യത്തിലേക്ക് കടന്നുവരുകയും ചെയ്യുന്നു. ഇതൊരു സിലബസ് മാറ്റമല്ല; അറിവിന്റെ രാഷ്ട്രീയ പുനഃസംഘടന തന്നെയാണ്. സമൂഹത്തിലെ വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും മായ്ച്ചുകളയുകയും, ഹിന്ദുത്വത്തെ സംസ്കാരമായി, രാഷ്ട്രമായി, ബോധമായി വിദ്യാഭ്യാസത്തിലൂടെ സാധാരണവൽക്കരിക്കുകയും ചെയ്യുന്ന ഒരു ആശയപരമായ കൈയേ

റ്റമാണ് വിദ്യാഭ്യാസത്തിന്റെ മറവിൽ നടന്നുകൊണ്ടിരിക്കുന്നത്.

കൃത്രിമവും ആശയപരമായ ബലപ്രയോഗത്തിലൂടെയുള്ളതുമായ ഏകീകരണം ആണ് യൂണിയൻ സർക്കാരും യുജിസിയും "ഇന്ത്യൻ നോളജ് സിസ്റ്റം" എന്ന പുത്തൻ ജ്ഞാനസഞ്ചയത്തിന്റെ രൂപീകരണം കൊണ്ട് ലക്ഷ്യമിടുന്നത്. സംസ്കൃത- ബ്രാഹ്മണിക്ക് പാഠങ്ങളെ ഇന്ത്യയുടെ ആകെ മൊത്തം ജ്ഞാനവ്യവസ്ഥയായി വ്യാഖ്യാനിച്ചും ഇതര ജ്ഞാനവ്യവസ്ഥകളെയും സമ്പ്രദായങ്ങളെയും ഒന്നുകിൽ പൂർണമായി അവഗണിച്ചോ അല്ലെങ്കിൽ മുഖ്യധാരയുടെ നിലവാരം കുറഞ്ഞ പകർപ്പായി വ്യഖ്യാനിച്ചോ ആണ് ഇതിനാവശ്യമായ പഠന പദ്ധതികൾ തയ്യാറാക്കിയത്.

മനുസ്മൃതിയെ കേന്ദ്രസ്ഥാനത്ത് സ്ഥാപിച്ചും ജാതി വിരുദ്ധവും നവോത്ഥാന സ്വഭാവം ഉള്ളതുമായ ഇന്ത്യയുടെ വൈവിധ്യമാർന്ന പാരമ്പര്യങ്ങളെ അവഗണിച്ചും സംഘപരിവാറിന്റെ സാംസ്കാരിക ദേശീയതാ സിദ്ധാന്തത്തിന് അനുസരിച്ച് രൂപപ്പെടുത്തിയ ഒരു കൃത്രിമ സൃഷ്ടി ആണ് നിലവിൽ യുജിസി മുന്നോട്ട് വെയ്ക്കുന്ന "ഇന്ത്യൻ നോളജ് സിസ്റ്റംസ്" എന്ന തികച്ചും അശാസ്ത്രീയമായ വിജ്ഞാന സഞ്ചയം.

സ്കൂൾ വിദ്യാഭ്യാസ രംഗത്ത് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും കരിക്കുലം വികസിപ്പിക്കുന്ന എൻസിഇആർടിയിലൂടെയുമാണ് ദേശീയ തലത്തിലുള്ള തീരുമാനങ്ങൾ നടപ്പാക്കുന്നത്. ഇതിനെല്ലാം വേണ്ട നീതീകരണം നീതി ആയോഗ് വഴി സൃഷ്ടിക്കുന്നു.

പഠന ഭാരം കുറക്കുന്നതിന്റെ ഭാഗമായി എൻ.സി.ഇ ആർ ടി പാഠഭാഗങ്ങളുടെ സമീകരണം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി പാഠപുസ്തകങ്ങളിലെ പുരോഗമന ആശയങ്ങളിലാണ് കത്രിക വെച്ചത്. മാത്രവുമല്ല മുഗള കാലഘട്ടം പ്രതിപാദിക്കുന്ന ഭാഗങ്ങളും മുറിച്ചു മാറ്റുകയുണ്ടായി. വർഗ്ഗീയ അജണ്ട എങ്ങിനെയെല്ലാം കുത്തിനിറക്കാൻ ശ്രമിക്കുന്നു എന്നത് തിരിച്ചറിയണമെങ്കിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഗുജറാത്തിൽ 6 മുതൽ 12 വരെ ക്ലാസുകളിലെ പഠനപദ്ധതിയാൽ ഭഗവത്ഗീതയെ ഉൾപ്പെടുത്തി. ഇതെല്ലാം ഇനി വരാൻ പോകുന്ന ദേശീയ പാഠ്യപദ്ധതി എങ്ങിനെയാകും എന്നതിന്റെ സൂചനകളാണ്.

മുൻ നയരേഖകളിൽ സൂക്ഷ്മാംശത്തിൽ വിയോജിപ്പുണ്ടെങ്കിലും പുരോഗമനപരമായ നിലപാടുളുണ്ടായിരുന്നു. എന്നാൽ 2020 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന് ഇന്ത്യയുടെ ഭാവി സംബന്ധിച്ച് പ്രത്യേക കാഴ്ച്ചപ്പാടില്ല. പുരാതന ഭാരതീയപാരമ്പര്യത്തിനും സംസ്കൃതഭാഷയ്ക്കും അപ്രമാദിത്തവും നിസ്തുലതയും ദേശീയവിദ്യാഭ്യാസനയം 2020 കല്പിക്കുന്നു. ഇത് വിദ്യാഭ്യാസ ബാഹ്യമായ ആലോചനകളുടെ ഫലമാണ്. പുരാതന ഇന്ത്യൻ പാരമ്പര്യത്തെക്കുറിച്ച് വാചാലമാകുമ്പോൾ പോലും ബുദ്ധിസം, ജൈനിസം, നാസ്തികൃം, ചാർവ്വാക ദർശനം എന്നിവ രേഖ പരാമർശിക്കുന്നില്ല.

വിദ്യാഭ്യാസത്തിലൂടെ വ്യക്തിയുടെയും സമൂഹത്തിന്റെയും സമഗ്രവികസനം എന്നതിനു പകരം ആത്മാവിന്റെ സമ്പൂർണ സ്വാതന്ത്ര്യവും സാക്ഷാത്ക്കാരുമെന്ന വ്യക്തി കേന്ദ്രിത ആശയവാദ ലക്ഷ്യം ദേശീയ വിദ്യാഭ്യാനയം മുന്നോട്ടു വെയ്ക്കുന്നു. ശാസ്ത്രത്തെയും സാങ്കേതികവിദ്യയെയും കേവലം ഉപകരണമാക്കുന്നു. ആധുനീക ലോക വീക്ഷണത്തിന് അനുയോജ്യമല്ലാത്ത വിധം സങ്കുചിതമായ ദേശീയ ബോധം ദേശീയ വിദ്യാഭ്യാനയം 2020 പ്രസരിപ്പിക്കുന്നു. പുരാതന സംസ്കൃതവും സംസ്കൃതിയും എത്ര മാത്രം എല്ലാവരേയും ഉൾക്കൊള്ളുന്നതും ഉൾച്ചേർക്കുന്നതുമാണെന്ന് ദേശീയ വിദ്യാഭ്യാസ നയരേഖ പരിശോധിക്കുന്നില്ല.

അധ്യയനവും അധ്യാപകനും ജനാധിപത്യവത്ക്കരിക്കപ്പെടണം എന്ന നിലപാടിന് പകരം ഫ്യൂഡൽ മൂല്യങ്ങളാണ് വളർത്തിയെടുക്കാൻ ശ്രമിക്കുന്നത്.

വൈവിധ്യത്തിന്റെ നിരാകരണം

നാനാത്വത്തെ ശൈഥില്യവും അതുകൊണ്ടുതന്നെ ഒരു ബാധ്യതയുമായി കാണുന്ന യൂണിയൻ സർക്കാർ വളരെ കൃത്രിമവും അസമത്വം സൃഷ്ടിക്കുന്നതുമായ ഒരു സാംസ്കാരിക ഏകീകരണം ആണ് ഇതുവഴി ലക്ഷ്യമിടുന്നത് എന്ന് ചുരുക്കം. അത്ഭുതകരവും വൈവിധ്യമാർന്നതുമായ ജ്ഞാന -ജീവിത അവസ്ഥകൾ സ്ഥിതി ചെയ്യുന്ന രാജ്യമാണ് ഇന്ത്യ. അനന്തവൈവിധ്യമാർന്ന ഈ പാരമ്പര്യങ്ങളിൽ ചിലതിനെ മാത്രം ഇങ്ങനെ പ്രധാന സ്ഥാനത്ത് നിർത്തുന്നത് തന്നെ ഇന്ത്യ എന്ന രാഷ്ട്രഭാവനയ്ക്കും സങ്കൽപ്പത്തിനും തികച്ചും വിരുദ്ധമായ ഏർപ്പാട് ആണ്.

"ഇന്ത്യൻ" അല്ലാത്തത് എന്ത് എന്നത് ഒരു മറുചോദ്യമായി ഉയർന്നുവരുന്നത് ഈ സാഹചര്യത്തിൽ ആണ്. "നോളജ്" അഥവാ "അറിവ്" എന്ന വാക്ക് പൌരാണിക ഭാവനാ സങ്കല്പ്പനങ്ങളെ ശാസ്ത്രസത്യങ്ങളായി അവതരിപ്പിക്കാൻ വേണ്ടി പ്രത്യേകമായി രൂപകൽപ്പന ചെയ്ത ഒന്നായി ഇവിടെ മാറ്റുകയാണ്. അതിമനോഹരവും കാല്പനികവുമായ ഒരു ഭാവനാ സൃഷ്ടി എന്ന പദവിയിൽ നിന്നും പ്രാചീന അറിവ് എന്ന ഗണത്തിലേക്ക് "പുഷ്പകവിമാനം" മാറ്റി സ്ഥാപിക്കപ്പെടുന്നു. ആധുനിക ശാസ്ത്രരീതികളുടെ ഒരു പിൻബലവും ഇല്ലാത്ത പഴങ്കഥകൾ ശാസ്ത്രമായി വാഴ്ത്തപ്പെടുന്നു. ഇപ്രകാരം ഒരു സമ്പ്രദായത്തിനും വഴങ്ങാത്ത ആശയങ്ങളെ ഏകീകൃതം എന്ന് തോന്നിപ്പിക്കുന്ന തരത്തിൽ "സിസ്റ്റംസ്" എന്ന വാക്ക് കൂടി കടന്നുവരുന്നതോടെ "ഇന്ത്യൻ നോളജ് സിസ്റ്റംസ്" എന്ന കപട വിജ്ഞാനസഞ്ചയം പാഠപുസ്തകങ്ങളിലേക്ക് അതിന്റെ നുഴഞ്ഞുകയറ്റം ആരംഭിക്കുന്നു.

ഇന്ത്യൻ നോളജ് സിസ്റ്റംസ് വകുപ്പ്

2020 ജൂലൈ മാസം ദേശീയവിദ്യാഭ്യാസനയം പ്രഖ്യാപിക്കപ്പെട്ടതിന് തൊട്ടു പിന്നാലെ ഒക്ടോബർ മാസം തന്നെ "ഇന്ത്യൻ നോളജ് സിസ്റ്റംസ്" വകുപ്പ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ തീരുമാനപ്രകാരം സ്ഥാപിക്കപ്പെട്ടു. "ഭാരതീയ ജ്ഞാന പരമ്പര വിഭാഗ്" എന്ന പേരിലുള്ള ഈ വകുപ്പ് ഇന്ത്യയിലെ

സാങ്കേതിക വിദ്യാഭ്യാസത്തിന് മേൽനോട്ടം വഹിക്കുന്ന സമിതിയായ ആൾ ഇന്ത്യ കൌൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ (AICTE) യുടെ ഭാഗമായാണ് രൂപീകരിച്ചത്. പ്രഥമ ലക്ഷ്യം ശാസ്ത്ര സാങ്കേതിക മേഖലയായിരുന്നു എന്നത് സുവ്യക്തം.

സംഘപരിവാർ കുടുംബത്തിൽപ്പെട്ട "ഭാരതീയ ശിക്ഷാ മണ്ഡൽ" എന്ന സംഘടനയുമായി ചേർന്ന് കൊണ്ട് സ്ഥാപനങ്ങൾ ദേശീയ വിദ്യാഭ്യാസനയം അനുശാസിക്കുന്ന രീതിയിലുള്ള പരിപാടികൾ ഏറ്റെടുക്കണം എന്ന് കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് തന്നെ ആവശ്യപ്പെടുന്ന സ്ഥിതി ഉണ്ടായി. 2022 നവംബറിൽ യുജിസി തന്നെ "IKS" നെ പ്രചരിപ്പിക്കാനുള്ള മാർഗ നിർദേശങ്ങൾ പുറത്തിറക്കി. ഐഐടി ഡൽഹി ഗോമൂത്ര-ചാണക പഠനങ്ങൾ ആരംഭിക്കുന്നതും ഐഐടി മുംബൈ യാഗ-യജ്ഞ പരിപാടികളിൽ ഉപയോഗിക്കുന്ന വസ്തുക്കളെ കുറിച്ചുള്ള പഠനം ആരംഭിക്കുന്നതും ഐഐടി കാൺപൂർ മന്ത്രങ്ങളെ കുറിച്ചുള്ള പഠനങ്ങൾ ആരംഭിക്കുന്നതും ഐഐടി ധാർവാഡ് വിഗ്രഹ നിർമാണം ഏറ്റെടുക്കുന്നതും ഈ നീക്കങ്ങൾക്ക് ശേഷമാണ്. ഇതിന്റെ തുടർച്ചയെന്നോണം 2025 ൽ ലേർണിംഗ് ഔട്ട്കം ബെയ്സ്ഡ് കരിക്കുലം ഫ്രെയിംവർക്ക് (LOCF) എന്ന പദ്ധതിയിൽപെടുത്തി കെമിസ്ട്രി, പൊളിറ്റിക്കൽ സയൻസ്, കൊമേഴ്സ്, ഫിസിക്കൽ എഡ്യുക്കേഷൻ, അന്ത്രോപോളജി, ഇക്കണോമിക്സ്, ജ്യോഗ്രഫി, ഹോം സയൻസ്, മാത്തമാറ്റിക്സ്, എന്നീ ഒൻപത് വിഷയങ്ങളുടെ മാതൃകാ സിലബസ് യുജിസി പുറത്തിറക്കി കഴിഞ്ഞു.

V
സ്വകാര്യവൽക്കരണം

വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും സ്വകാര്യ-കോർപ്പറേറ്റ് മൂലധനത്തിന്റെ പ്രവേശനം സുഗമമാക്കുകയും ചെയ്യുന്നു എന്ന വസ്തുതയും ശ്രദ്ധിക്കേണ്ടതുണ്ട്. സർവകലാശാലകൾ സാമൂഹിക വിമർശനത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും ഇടങ്ങൾ ആയി മാറേണ്ടതിനു പകരം, "റാങ്കിംഗ്", "അക്രഡിറ്റേഷൻ", "പെർഫോമൻസ് ഇൻഡെക്സുകൾ" എന്നിവയിലൂടെ അളക്കപ്പെടുന്ന ഉൽപ്പാദന യൂണിറ്റുകളായി പരിവർത്തനം ചെയ്യപ്പെടുന്നു. ഇതിലൂടെ അക്കാദമിക് ഗുണനിലവാരത്തിന്റെ വർദ്ധനവല്ല അളക്കപ്പെടുന്നത്. പകരം മൂലധനത്തിന്റെ കണക്കെടുപ്പ് യുക്തി വിദ്യാഭ്യാസത്തിലേക്ക് പതിയെ പതിയെ കടന്നുവരികയാണ്.

1950 ഭരണഘടന അംഗീകരിക്കുമ്പോൾ സ്കൂൾ വിദ്യാഭ്യാസത്തെ നിയാമകതത്വങ്ങളിലാണ് ഉൾച്ചേർത്തത്. രൂപീകൃതമായി പത്തുവർഷത്തിനുള്ളിൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സ്കൂൾ വിദ്യാഭ്യാസം നൽകാൻ കഴിയുമെന്ന പ്രതീക്ഷയിലായിരുന്നു ഭരണഘടനാശില്പികൾ. എന്നാൽ രണ്ടായിരത്തി ഇരുപത്തിയഞ്ചു കഴിഞ്ഞിട്ടും ഈ പ്രതീക്ഷ നിറവേറ്റാൻ കഴിഞ്ഞില്ല. അതിനിടയിൽ 2009 ൽ പാർലമെൻറ് 6 മുതൽ 14 വയസ്സുവരെയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം ആക്കി മാറ്റി നിയമമുണ്ടാക്കി 2010 ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കിയിട്ടും കോടിക്കണക്കിനു കുട്ടികൾ ഇന്നും സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിന്നു പുറത്താണ്.

ദേശീയ വിദ്യാഭ്യാസ നയം 2020 പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത രേഖയിൽ തന്നെ പറയുന്നു സ്കൂൾ പ്രായത്തിലുള്ള 3.22 കോടി കുട്ടികൾ സ്കൂൾ വിദ്യാഭ്യാസത്തിൽ നിന്നും പുറത്താണ് എന്ന്. 2024 - 25 യു ഡയസ്സ് ഡാറ്റ പ്രകാരം ദേശീയ തലത്തിൽ നൂറു കുട്ടികൾ ഒന്നാം ക്ലാസിൽ ചേരുമ്പോൾ നാല്പത്തിയേഴ് കുട്ടികൾ മാത്രമേ പന്ത്രണ്ടാംക്ലാസ്സിൽ എത്തിച്ചേരുന്നുള്ളൂ. അതിനർത്ഥം സ്കൂൾ പ്രായത്തിലുള്ള 30 കോടിയോളം കുട്ടികളിൽ ഏതാണ്ട് 18 കോടിയിൽ പരം കുട്ടികൾ പഠനവഴിയിൽ പ്രതിസന്ധി നേരിടുകയോ പുറത്ത് പോവുകയോ ചെയ്യുന്നവരായുണ്ട് എന്നതാണ്. ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി രാജ്യത്ത് നടക്കുന്ന കാര്യങ്ങളിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തേണ്ടതുണ്ട്. എങ്കിലേ ഈ നയത്തിൽ ഒളിഞ്ഞിരിക്കുന്ന ചതികുഴികളെ കാണാൻ കഴിയൂ.

നവലിബറൽ നയങ്ങളുടെ കടന്നുവരവിന് ശേഷം ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാസമേഖല ബഹുമുഖമായ സ്വകാര്യവൽക്കരണ നയങ്ങൾക്ക് വിധേയമായി എന്ന് കാണാൻ കഴിയും. വിദ്യാഭ്യാസരംഗത്തിന്റെ അമിതമായകച്ചവടവൽക്കരണം ആശ്യാസ്യമല്ല എന്നൊക്കെയുള്ള പ്രത്യക്ഷ നിലപാട് സ്വീകരിക്കുന്ന രേഖ പരോക്ഷമായി സ്വകാര്യവൽക്കരണത്തെ ശക്തമായി പ്രോത്സാഹിപ്പിക്കുന്ന നയമാണ് സ്വീകരിച്ചത്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി രാജ്യവ്യാപകമായി ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് നേരത്തെ ലഭ്യമാക്കിയിരുന്ന ധനസഹായം പോലും വെട്ടിക്കുറച്ചുകൊണ്ട് സ്വകാര്യമേഖലയ്ക്ക് പരോക്ഷ പിന്തുണ നൽകുകയായിരുന്നു കേന്ദ്രസർക്കാർ ആദ്യകാലത്ത് സ്വീകരിച്ച നയം. ഇതിന്റെ ഭാഗമായി ഇന്ത്യയിൽ സർക്കാർ/ എയ്ഡഡ് കോളജുകളിലും സർവകലാശാലകളിലും വ്യാപകമായി സ്വാശ്രയ കോഴ്സുകൾ ആരംഭിക്കുന്ന സാഹചര്യം ഉണ്ടായി. ആകർഷകമായ പുത്തൻ കോഴ്സുകളിൽ ബഹുഭൂരിപക്ഷവും സ്വാശ്രയ കോഴ്സുകളായി മാറിയതോടെ പൊതുമേഖലാ സ്ഥാപനങ്ങൾ ഘട്ടം ഘട്ടമായി സ്വകാര്യവൽക്കരിക്കപ്പെടുന്ന സാഹചര്യം രൂപപ്പെട്ടു. പബ്ലിക് പ്രൈവറ്റ് പാർട്ട്നർഷിപ്പ്, വയബിലിറ്റി ഗാപ് ഫണ്ടിംഗ് എന്നീ മാതൃകകളിലൂടെ സർക്കാർ ഈ പ്രവണതയ്ക്ക് ആവശ്യമായ പ്രോത്സാഹനം നൽകി. ഇതിനെ തുടർന്ന് വൻതോതിൽ ഫീസ് വർദ്ധനവ് ഉണ്ടാവുകയും വിദ്യാർഥികൾക്ക് ബാങ്ക് ലോണുകൾ ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ ഏർപ്പെടുത്തുകയും ചെയ്തു. സ്വകാര്യസ്ഥാപനങ്ങൾ ആരംഭിച്ചു എന്ന് മാത്രമല്ല പൊതുസ്ഥാപനങ്ങളിലെ ഫീസ് ഏതാണ്ട് സ്വകാര്യസ്ഥാപനങ്ങളിലെ ഫീസിനോളം ഉയർത്തി കുറഞ്ഞു വരുന്ന സർക്കാർ ധനസഹായത്തിനു പകരം മറ്റൊരു ധനാഗമന മാർഗം ചൂണ്ടിക്കാണിക്കു

കയായിരുന്നു കേന്ദ്ര സർക്കാർ. ഇതേ കാലത്താണ് "സ്വയം ഭരണ കോളജുകൾ" സ്വകാര്യവൽക്കരണത്തിനുള്ള മറ്റൊരു മാതൃകയായി രംഗത്ത് വന്നത്. പ്രഖ്യാപിത ലക്ഷ്യം അക്കാദമിക് സ്വയംഭരണം ആയിരുന്നു എങ്കിലും അതൊട്ട് നടപ്പിലായുമില്ല പകരം സാമ്പത്തിക ബാധ്യത പൂർണമായും സ്ഥാപനം ഏറ്റെടുക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു. ഇത്തരം സ്ഥാപനങ്ങളിലും വൻതോതിൽ ഫീസ് വർധിക്കുന്ന സാഹചര്യം ഉണ്ടായി. നവലിബറൽ സാമ്പത്തിക നയം രാജ്യവ്യാപകമായി അടിച്ചേൽപ്പിക്കപ്പെട്ടത്തിന്റെ ഭാഗമായി പൊതുമേഖലയിൽ ഉള്ള സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയും ഒപ്പം സ്വകാര്യമേഖലയിൽ ഒട്ടേറെ സ്ഥാപനങ്ങൾക്ക് പുതുതായി രംഗത്ത് വരാനുള്ള അവസരം ഒരുക്കുകയുമാണ് സർക്കാർ ചെയ്തത്. എൻഇപി 2020 നിലവിൽ വന്നതിനു ശേഷം ഈ പ്രക്രിയയുടെ ഗതിവേഗം വർദ്ധിക്കുകയും രാജ്യത്തെ പല സംസ്ഥാനങ്ങളിലും വലിയ വിഭാഗം വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസം അപ്രാപ്യമായി മാറുകയും ചെയ്തു. ഇതിന്റെയൊക്കെ ഫലമായി വിദ്യാഭ്യാസം ഒരു സാമൂഹിക അവകാശമെന്ന നിലയിൽ നിന്ന് ലാഭാധിഷ്ഠിത സേവനമായി മാറുന്ന പ്രവണത ശക്തമായി. NEP 2020ന്റ് ശേഷം സ്വകാര്യ സർവകലാശാലകളും സ്വകാര്യ കോഴ്സുകളും വ്യാപകമായി വർധിച്ചു എന്ന് മാത്രമല്ല സ്വാകാര്യവൽക്കരണത്തിന് സർവഥാ അനുയോജ്യമായ ഒരു ആശയപരിസരം വളരെ അവധാനതയോടെ ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുകയും ചെയ്തു. ഇതോടെ സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ പ്രവേശനസമ്പ്രദായങ്ങളും ഗുണമേന്മയും പൂർണമായി അവഗണിക്കപ്പെട്ടു. പിന്നാക്ക വിഭാഗങ്ങളുടെയും ഗ്രാമപ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെയും ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രവേശനസാദ്ധ്യത ഇല്ലാതാവുകയും അസമത്വം വർധിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇന്ത്യയിൽ ഇതോടെ സംജാതമായത്.

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖല കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളിലായി ഗണ്യമായ ഘടനാപരമായ മാറ്റങ്ങൾ അനുഭവിച്ചിട്ടുണ്ട്. പൊതുമേഖലാ സർവകലാശാലകൾക്ക് പുറമെ സ്വകാര്യ സർവകലാശാലകളും സ്വയംഭരണ സ്ഥാപനങ്ങളും വർധിച്ചുവരുന്നത് ഈ മാറ്റത്തിന്റെ പ്രധാന അടയാളമാണ്. വിദ്യാഭ്യാസത്തിലേക്കുള്ള ആവശ്യകതയും ജനസംഖ്യാ വർധനയും സാങ്കേതികവിദ്യാധിഷ്ഠിത സമ്പദ് വ്യവസ്ഥയുടെ ആവശ്യങ്ങളും ഈ പ്രവണതയെ പ്രേരിപ്പിച്ചുവെങ്കിലും, അറിവിന്റെ ഉൽപ്പാദനവും വിതരണവും വിപണിയുമായി കൂടുതൽ ബന്ധപ്പെടുന്ന ഒരു ഘട്ടമായി വേണം ഇതിനെ അടയാളപ്പെടുത്താനും വായിക്കാനും.

സ്വകാര്യ സർവകലാശാലകളുടെ വളർച്ച ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനാവകാശം വ്യാപിപ്പിച്ചുവെന്ന വാദം ശക്തമാണെങ്കിലും, സാമൂഹിക അസമത്വങ്ങൾ പുനരുത്പാദിപ്പിക്കുന്ന ഘടനകളും ഇതിലൂടെ ശക്തിപ്പെടുന്നുവെന്ന് കാണാതിരുന്നുകൂടാ. ഉയർന്ന ഫീസുകൾ, കോർപ്പറേറ്റ് ഫണ്ടിംഗ്, വിപണി-കേന്ദ്രിത കോഴ്സുകൾ എന്നിവ വിദ്യാഭ്യാസത്തെ തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി പുനർരൂപപ്പെടുത്തുന്നു. അറിവിന്റെ "കമ്മോഡിഫിക്കേഷൻ" എന്ന പ്രക്രിയ, അഥവാ അറിവ് തന്നെ ഒരു വസ്തുവായി മാറുന്ന അവസ്ഥ ഇവിടെ വ്യക്തമായി കാണാം. ഇതിന്റെ ഫലമായി, വിമർശനാത്മക ചിന്തയേക്കാൾ വിപണി ആവശ്യങ്ങൾ മുൻഗണന നേടുന്ന ഒരു വിദ്യാഭ്യാസ ഘടന രൂപപ്പെടുന്നു എന്നത് ആശങ്കാജനകമാണ്.

കേരളത്തിന്റെ സാഹചര്യത്തിൽ ഈ ചർച്ചക്ക് പ്രത്യേക പ്രാധാന്യമുണ്ട്. പൊതുവിദ്യാഭ്യാസത്തിന്റെ ശക്തമായ പാരമ്പര്യവും സംസ്ഥാനത്തിന്റെ സാമൂഹിക നീതി ലക്ഷ്യങ്ങളുമാണ് കേരളത്തിന്റെ ഉയർന്ന വിദ്യാഭ്യാസ മാതൃകയെ നിർണ്ണയിച്ചിട്ടുള്ളത്. സംസ്ഥാന സർവകലാശാലകളും സർക്കാർ കോളേജുകളും സാമൂഹിക ഉൾക്കൊള്ളലിനെ മുൻനിർത്തിയുള്ള പ്രവേശനരീതികളും ഫീസ് ഘടനകളും നിലനിർത്തിയിട്ടുണ്ട്. എന്നാൽ, ദേശീയ തലത്തിൽ സ്വകാര്യ സർവകലാശാലകൾ വ്യാപിക്കുന്ന സാഹചര്യത്തിൽ കേരളത്തിലും ഇത്തരം സ്ഥാപനങ്ങളെ ഉൾക്കൊള്ളേണ്ട സ്ഥിതി സംജാതമാക്കിയിട്ടുണ്ട്. സ്വകാര്യ സർവകലാശാലകളുടെ വരവ് വെറും വിദ്യാഭ്യാസ വിപുലീകരണമല്ല; അറിവിന്റെ ഉൽപ്പാദനത്തിൽ പുതിയ അധികാരബന്ധങ്ങൾ രൂപപ്പെടുന്ന ഒന്നായി കണക്കാക്കിയാണ് നമ്മുടെ നിയമസഭ സ്വകാര്യ സർവകലാശാല ബിൽ പാസാക്കിയത്.

സ്വകാര്യ മേഖലയെ പൂർണ്ണമായി നിരസിക്കുന്നതല്ല നമ്മുടെ സമീപനം മറിച്ച് പൊതുസമ്പത്തായ വിദ്യാഭ്യാസത്തിന്റെ സാമൂഹിക ലക്ഷ്യങ്ങൾ നഷ്ടപ്പെടാതിരിക്കാനുള്ള നയപരമായ നിയന്ത്രണങ്ങൾ ഉറപ്പാക്കി പൊതു താല്പര്യം സംരക്ഷിക്കുന്ന നിലപാടാണ് നമ്മുടേത്. കേരളം പോലുള്ള സംസ്ഥാനങ്ങളിൽ, സ്വകാര്യ സർവകലാശാലകൾക്ക് അനുമതി നൽകുമ്പോൾ സാമൂഹിക ഉത്തരവാദിത്വം, പ്രദേശിക ഗവേഷണ പങ്കാളിത്തം, സ്കോളർഷിപ്പ് സംവിധാനങ്ങൾ, പൊതുജനപ്രയോജന ഗവേഷണത്തിൽ പങ്കാളിത്തം എന്നിവ നിർബന്ധമാക്കുന്ന രീതിയിലുള്ള ഒരു നിയന്ത്രണ ചട്ടക്കൂട് വികസിപ്പിക്കേണ്ടതുണ്ട്. ഇതിലൂടെ വിപണി ഇടപെടലുകളും പൊതുതാൽപര്യവും തമ്മിലുള്ള സന്തുലനം ഉറപ്പാക്കാൻ കഴിയും.

പൊതു വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നു

ഗ്രാമീണമേഖലയിൽ പൊതു വിദ്യാലയങ്ങൾ ഇല്ലാതാക്കുകയെന്നത് സംഘടിതമായ ഒരു അജണ്ടയായി ഭരണകൂടം തന്നെ ഏറ്റെടുത്തിരിക്കുന്നു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രഖ്യാപനം 2020 ലാണ് നടന്നതെങ്കിലും പ്രസ്തുത നയം 2017 നു മുമ്പുതന്നെ നീതിയ ആയോഗിന്റെ ശുപാർശയോടെ നടപ്പാക്കാൻ ആരംഭിച്ചിരുന്നു.

2017-18 അക്കാദമിക വർഷത്തെ അപേക്ഷിച്ച് 87430 വിദ്യാലയങ്ങൾ 2024-25 അക്കാദമിക വർഷം ആകുമ്പോഴേക്കും കുറഞ്ഞതായിട്ടാണ് കേന്ദ്രവിദ്യാഭ്യാസ

മന്ത്രാലയം തയ്യാറാക്കി പ്രസിദ്ധീകരിച്ച യൂഡയസ് ഡാറ്റാകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അങ്ങനെ അടച്ചുപൂട്ടിയ വിദ്യാലയങ്ങളിൽ 81221 വിദ്യാലയങ്ങൾ സർക്കാർ മേഖലയിലാണ്. എന്നാൽ ഇതേ കാലത്ത് 13355 വിദ്യാലയങ്ങൾ അൺ എയ്ഡഡ് മേഖലയിൽ വർദ്ധിക്കുകയും ചെയ്തു. കുട്ടികളുടെ സ്കൂൾ പ്രവേശനത്തിലും പഠനതുടർച്ചയിലും ഇതേ കാലഘട്ടത്തിൽ ഇടിവ് വന്നിട്ടുണ്ട്. ഈ കാലത്ത് 1.81 കോടി കുട്ടികൾ കുറയുകയുണ്ടായി.

ഹരിയാന

പൊതു വിദ്യാലയങ്ങളെ അപ്രസക്തമാക്കുന്നതിനായി ഹരിയാനയിൽ തുടങ്ങിയ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഹരിയാനയിൽ മുഖ്യമന്ത്രിയുടെ ചിരാഗ് പദ്ധതിയുടെ ഭാഗമായി സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന 1.8 ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽ നിന്നും സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സർക്കാർ അംഗീകൃത അൺഎയ്ഡഡ് (സ്വകാര്യ) വിദ്യാലയങ്ങളിലേക്ക് പഠനം മാറ്റാൻ ആവശ്യമായ സൗകര്യം സർക്കാർ നൽകിവരുന്നു. ഇങ്ങനെ മാറുന്ന കുട്ടികൾക്ക് രണ്ടു മുതൽ അഞ്ചു വരെ ക്ലാസിലുള്ളവർക്ക് 700 രൂപയും ആറു മുതൽ എട്ടു വരെ 900 രൂപയും ഒമ്പതു മുതൽ പന്ത്രണ്ട് വരെ ക്ലാസിലുള്ളവർക്ക് 1100 രൂപയും പ്രതിമാസം കുട്ടികൾ എൻറോൾ ചെയ്ത അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഫീസായി സർക്കാർ നൽകുമെന്ന് ഇതു സംബന്ധിച്ച ഉത്തരവിൽ പറയുന്നു. കാലക്രമേണ സർക്കാർ വിദ്യാലയങ്ങളെ അപ്രസക്തമാക്കി പൂട്ടിക്കുക എന്നതാണ് ഇതുവഴി ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാണ്. മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സർക്കാർ മേഖലയിൽ പുതിയതരം സ്കൂളുകൾ സ്ഥാപിച്ച് അവിടെ പഠിക്കുന്ന കുട്ടികളിൽ നിന്നും ഫീസ് ഈടാക്കാനും പദ്ധതിയുണ്ട്.

മദ്ധ്യപ്രദേശ്

പൊതുവിദ്യാലയങ്ങളെ അന്യവൽക്കരിക്കുന്ന ഇതുപോലുള്ളപുത്തൻ തന്ത്രങ്ങളാണ് പല സംസ്ഥാനങ്ങളും അന്വേഷിക്കുന്നതും നടപ്പാക്കുന്നതും. മധ്യപ്രദേശ് സിഎം റൈസ് എന്നൊരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് ഒരു ലക്ഷത്തിലേറെ വരുന്ന വിദ്യാലയങ്ങളെ പതിനായിരത്തിനടുത്ത് വിദ്യാലയങ്ങളിലായി സമീകരിക്കാൻ കഴിയത്തക്കവിധമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ദേശീയ വിദ്യാഭ്യാസനയത്തിൽ വിഭാവനം ചെയ്ത സ്കൂൾ കോംപ്ലക്സ് എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ 15 കിലോമീറ്റർ റേഡിയസിലുള്ള എല്ലാ വിദ്യാലയങ്ങളെയും സംയോജിപ്പിക്കാൻ സിഎം റൈസ് പദ്ധതി വിഭാവനം ചെയ്യുന്നു. ഇങ്ങനെയെങ്കിൽ ഘട്ടംഘട്ടമായി ഇപ്പോൾ നിലവിലുള്ള ഒരുലക്ഷം വിദ്യാലയങ്ങളെ 9500 വിദ്യാലയങ്ങളായി സമീകരിക്കാൻ കഴിയും. ചുരുക്കത്തിൽ വിദ്യാഭ്യാസ അവകാശനിയമം വിഭാവനം ചെയ്യുന്നതും സ്വാതന്ത്ര്യസമരകാലത്ത് ഉയർന്നുവന്ന അയൽപക്ക വിദ്യാലയം എന്നുപറയുന്ന സങ്കൽപത്തിൽ നിന്ന് രാജ്യം പൂർണ്ണമായും വിടപറയുന്നു എന്നതിന്റെ സൂചനനകളാണ് ഇതെല്ലാം. ഒറീസ, കർണാടക തുടങ്ങി മിക്ക സംസ്ഥാനങ്ങളും സ്കൂളുകൾ അടച്ചു പൂട്ടാനോ സംയോജിപ്പിക്കാനോ പദ്ധതിയുണ്ടാക്കിയിട്ടുണ്ട്.

ആന്ധ്രാപ്രദേശ്

ദേശീയ വിദ്യാഭ്യാസ നയത്തിൽ പറഞ്ഞ ഘടനാപരമായ മാറ്റം ആന്ധ്രപ്രദേശിൽ നടപ്പാക്കാൻ തുടങ്ങി. ഇതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 8000 ൽ ഏറെ പ്രൈമറി വിദ്യാലയങ്ങളിലെ ഒന്നും രണ്ടും ക്ലാസുകളെ അങ്കണവാടികളുമായും (പ്രീപ്രൈമറി) മൂന്നു മുതലുള്ള ക്ലാസുകളെ മൂന്നു കിലോമീറ്റർ ചുറ്റളവിലുള്ള ഹൈസ്കൂളുമായി സംയോജിപ്പിക്കാൻ സർക്കാർ തലത്തിൽ തീരുമാനം എടുത്ത് നടപടികൾ കൈക്കൊണ്ടു. കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ, ഒരു പരിധിവരെ തെലുങ്കാന എന്നിവിടങ്ങളിലൊഴികെ മറ്റെല്ലാ സംസ്ഥാനങ്ങളിലും വലിയതോതിൽ പൊതു വിദ്യാലയ ധ്വംസനം നടക്കുകയാണ്.

ഘടനാപരമായി മാത്രമല്ല അക്കാദമികമായും ഇടപെടൽ ആരംഭിച്ചു. ഭൂരിപക്ഷ വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് അക്കാദമിക കാര്യങ്ങളിലെ ഇടപെടൽ. പഠന ഭാരം കുറയ്ക്കാനെന്ന പേരിൽ ഭാഗമായി എൻ.സി.ഇ ആർ ടി പാഠഭാഗങ്ങളുടെ സമീകരണം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി പാഠപുസ്തകങ്ങളിലെ പുരോഗമന ആശയങ്ങളിലാണ് കത്രിക വെച്ചത്. മാത്രവുമല്ല മുഗള കാലഘട്ടം പ്രതിപാദിക്കുന്ന ഭാഗങ്ങളും മുറിച്ചു മാറ്റുകയുണ്ടായി. വർഗ്ഗീയ അജണ്ട എങ്ങിനെയെല്ലാം കുത്തിനിറക്കാൻ ശ്രമിക്കുന്നു എന്നത് തിരിച്ചറിയണമെങ്കിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

VI
കേരളത്തിന്റെ ബദൽ

NEP 2020 പോലുള്ള കൃത്യവും ജനവിരുദ്ധവും ആയ സാമ്പത്തിക രാഷ്ട്രീയ ഉള്ളടക്കമുള്ളതും അതോടൊപ്പം മതവർഗീയതയ്ക്ക് അനുസൃതമായ സാമൂഹ്യ സാംസ്കാരിക ലക്ഷ്യങ്ങൾ അടങ്ങിയതും ആയ നയരൂപരേഖ ഒട്ടേറെ ഘടനാപരമായ പരിഷ്കാരങ്ങളുടെ അകമ്പടിയോടെ ആണ് വരുന്നത്. ഈ ഘടനാപരമായ പരിഷ്കാരങ്ങളിൽ ചിലതിനെ പൂർണ്ണമായി ഒഴിവാക്കുകയോ അവഗണിക്കുകയോ ചെയ്യുന്നത് പ്രായോഗികമായി സുസാധ്യമായ കാര്യമല്ല. അത് വിദ്യാർഥികളുടെ ഉപരിപഠന അവസരങ്ങളെയും അവർ നേടിയ അക്കാദമിക് ബിരുദങ്ങളുടെ രാജ്യവ്യാപകമായ അംഗീകാരത്തെ പോലും ചിലപ്പോൾ ബാധിച്ചു എന്ന് വരും. എന്നാൽ അതിനർത്ഥം സംസ്ഥാനങ്ങൾക്ക് എതിർപ്പിനോ സ്വതന്ത്ര ഇടപെടലിനോ ബദലുകൾ കണ്ടെത്തുന്നതിനോ അവസരമില്ലെന്നല്ല. ഫെഡറൽ ഭരണഘടനയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് തന്നെ, കേരളത്തിന് NEP-2020 ന്റെ നിയോലിബറൽ

സ്വാധീനത്തേയും മതവർഗീയ കടന്നുകയറ്റത്തേയും പല തലങ്ങളിലായി പ്രതിരോധിക്കുകയും പുനഃക്രമീകരിക്കുകയും ചെയ്യാൻ കഴിയും.

പൊതു വിദ്യാഭ്യാസ സംരക്ഷണം

സുപ്രധാനമായ കാര്യം, എൽഡിഎഫ് സർക്കാരുകൾ തുടർച്ചയായി ചെയ്തുവരുന്ന പോലെ പൊതുവിദ്യാഭ്യാസ സംവിധാനത്തെ ശക്തിപ്പെടുത്തുക എന്നതാണ് ഏറ്റവും അടിസ്ഥാനപരമായ പ്രതിരോധം. സ്കൂൾ മുതൽ ഉന്നത വിദ്യാഭ്യാസം വരെ പൊതുസ്ഥാപനങ്ങളിൽ സ്ഥിരമായ പൊതുധനസഹായം ഉറപ്പാക്കുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അധ്യാപക നിയമനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയിലൂടെ സ്വകാര്യവൽക്കരണ സമ്മർദ്ദങ്ങളെ ഫലപ്രദമായി ചെറുക്കാൻ സാധിക്കും. ഒപ്പം ഉന്നതവിദ്യാഭ്യാസരംഗത്ത് മറ്റു തരത്തിലുള്ള സാമ്പത്തിക സ്രോതസ്സുകൾ അന്വേഷിക്കേണ്ടതായും ഉണ്ട്. അടിസ്ഥാന സൌകര്യങ്ങളും അധ്യാപക വിദ്യാർഥി അനുപാതവും അനുബന്ധ കാര്യങ്ങളുമെല്ലാം കൂടുതൽ മെച്ചപ്പെടുത്തി മാത്രമേ കേരളം മറ്റു മേഖലകളിൽ കൈവരിച്ച നേട്ടം ഈ മേഖലയിൽ കൂടി കരഗതമാക്കുവാൻ സാധിക്കുകയുള്ളൂ. നിലവിൽ ഇന്ത്യയിൽ തന്നെ ഏറ്റവും മികച്ച പൊതുമേഖലാ ഉന്നത വിദ്യാഭ്യാസ സംവിധാനം ഉള്ള സംസ്ഥാനമാണ് കേരളം. ആ പദവി മെച്ചപ്പെടുത്തി നിലനിർത്തേണ്ടതുണ്ട്.

രണ്ടാമതായി, വിദ്യാഭ്യാസ രംഗത്ത് സാമൂഹിക നീതിയും സമത്വവും ഉറപ്പാക്കുന്നത് കേരളത്തിന്റെ പ്രധാന രാഷ്ട്രീയ–സാംസ്കാരിക പാരമ്പര്യമാണ്. സംവരണനയങ്ങൾ,സ്കോളർഷിപ്പുകൾ, ഹോസ്റ്റൽ–ഭക്ഷണ സൗകര്യങ്ങൾ, മറ്റു തരത്തിലുള്ള സഹായങ്ങൾ എന്നിവയിലൂടെ സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഉന്നതവിദ്യാഭ്യാസമേഖലയിൽ പങ്കാളിത്തം ഉറപ്പാക്കാൻ നവലിബറൽ നയങ്ങൾ ലോകമെമ്പാടും വിജയിച്ചുനിൽക്കുന്ന ഈ കാലഘട്ടത്തിലും കേരളത്തിന് സാധിച്ചിട്ടുണ്ട്.

മൂന്നാമതായി, പ്രവേശനസൗകാര്യങ്ങളും അവസരങ്ങളും (access) സംരക്ഷിക്കേണ്ടത് നിർണായകമാണ്. ഓൺലൈൻ കോഴ്സുകൾ, ഇന്റേൺഷിപ്പ് തുടങ്ങിയവയുടെ വർദ്ധിച്ച ചെലവ് താങ്ങാൻ പറ്റാത്ത വിദ്യാർത്ഥികൾ അത്തരം ഉയർന്ന തുക ചെലവ് വരുന്ന അവസരങ്ങൾ സ്വന്തമായി നേടാൻ കഴിയുന്ന വിദ്യാർഥികളും തമ്മിലുള്ള അന്തരം ഈ പരിഷ്കരണങ്ങളുടെ ഭാഗമായി ഉയർന്നുവരുന്ന ഒരു പുതിയ പ്രശ്നമാണ്. ക്രെഡിറ്റ് സൌകര്യത്തിന്റെ പേരിലുള്ള പുറത്തുകടക്കൽ, ഡിജിറ്റൽ തടസ്സങ്ങൾ എന്നിവ മൂലം വിദ്യാർത്ഥികൾ വിദ്യാഭ്യാസമേഖലയിൽ നിന്ന് പുറത്താവുന്നത് തടയാൻ സംസ്ഥാനതല ഇടപെടലുകൾ ആവശ്യമാണ്.

നാലാമതായി, സിലബസ്, പാഠ്യപദ്ധതി, മൂല്യനിർണയം എന്നിവയിൽ സംസ്ഥാനതല ബദൽ മാതൃകകൾ വികസിപ്പിക്കുകയും സർവകലാശാലാ സംവിധാനത്തെ ശക്തിപ്പെടുത്തുകയും വേണം. വിമർശനാത്മക സാമൂഹ്യശാസ്ത്രങ്ങൾ, ദർശനം, ചരിത്രം, ഭാഷകൾ എന്നിവയെ ദുർബലപ്പെടുത്തുന്ന കേന്ദ്ര പ്രവണതകൾക്ക് പകരം, ബഹുസ്വരവും ജനാധിപത്യപരവുമായ അക്കാദമിക് സമീപനം കേരളം നിലനിർത്തണം.

നവോത്ഥാന ചിന്താ പദ്ധതികൾ

അഞ്ചാമതായി, “ഇന്ത്യൻ നോളജ് സിസ്റ്റം” എന്ന പേരിൽ മുന്നോട്ടുവയ്ക്കുന്ന സങ്കുചിത–ആശയ പദ്ധതികൾക്ക് പകരം ഇന്ത്യയിൽ ആകെയുള്ള നവോത്ഥാന-പരിഷ്കരണ – പുരോഗമന ഉൾക്കൊള്ളുന്ന വിശാലമായ ഒരു വിജ്ഞാന പദ്ധതി രൂപപ്പെടുത്തണം. ഇന്ത്യയുടെ പാരമ്പര്യത്തിൽ നിന്ന് തന്നെ വൈവിധ്യമാർന്ന ദർശനങ്ങളും സാസ്കാരിക ധാരകളും പരിഷ്കരണ പ്രസ്ഥാനങ്ങളും കണ്ടെത്തി ശരിയായ ഇന്ത്യൻ വൈജ്ഞാനിക പാരമ്പര്യം ഉപയോഗിച്ച് സങ്കുചിതമായ പാരമ്പര്യവാദത്തെ ചെറുക്കാൻ സാധിക്കണം.

ആധുനികവൽക്കരണം

ആറാമതായി, വിദ്യാഭ്യാസത്തിന്റെ ആധുനികവൽക്കരണം അനിവാര്യമാണ്. എന്നാൽ അത് കോർപ്പറേറ്റ് എഡ്ടെക് കമ്പനികളുടെ ആശ്രിതത്വത്തിലൂടെയല്ല, മറിച്ച് പൊതുമേഖലാ ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളിലൂടെയും അധ്യാപക–വിദ്യാർത്ഥി പങ്കാളിത്തത്തിലൂടെയും ആയിരിക്കണം. സർവകലാശാലകൾക്ക് കൂട്ടായി അവരവരുടെ ആസ്തികൾ പ്രയോജനപ്പെടുത്താൻ സാധിക്കണം.

ഏഴാമതായി, വിദേശ സർവകലാശാലകളുമായുള്ള അക്കാദമിക് സഹകരണം കേരളം സ്വന്തം വ്യവസ്ഥകളിൽ വികസിപ്പിക്കണം. അതുവഴി ഗുണമേന്മയുള്ള ഗവേഷണവും വിദ്യാർത്ഥി–അധ്യാപക കൈമാറ്റവും സാധ്യമാക്കണം. ലാഭം മാത്രം ലക്ഷ്യമിട്ടുവരുന്ന ഒട്ടും നിലവാരമില്ലാത്ത വിദേശസ്ഥാപനങ്ങൾക്ക് പകരം മികച്ച വിദേശ സ്ഥാപനങ്ങളുമായി ശരിയായ അക്കാദമിക് ബന്ധം സ്ഥാപിക്കാൻ സാധിക്കണം.

എട്ടാമതായി, ക്യാമ്പസുകളുടെ ലിബറൽ, വിമർശനാത്മക സ്വഭാവം സംരക്ഷിക്കുകയും രാജ്യം മുഴുവനുമുള്ള ഗുണമേന്മയുള്ള പണ്ഡിതരെ കേരളത്തിലേക്ക് ആകർഷിക്കുകയും ചെയ്യണം. അക്കാദമിക് സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും ഉറപ്പുള്ള ഇടങ്ങളായിരിക്കണം സർവകലാശാലകൾ. ഇന്ത്യയിലെ മിക്ക സർവകലാശാലകളിലും സ്വതന്ത്ര ചിന്തയും ലിബറൽ ഗവേഷണങ്ങളും ശാസ്ത്രാവബോധവും എല്ലാം കടുത്ത വെല്ലുവിളി നേരിടുന്ന ഈ സാഹചര്യത്തിൽ കേരളത്തിന് ദേശീയമായി തന്നെ അക്കാദമിക് സമൂഹത്തിന്റെ ഏറ്റവും സുരക്ഷിത സ്ഥാനമായി മാറാൻ കഴിയും. അത് സാധ്യമായാൽ നവകേരള സ്ഥാപനം എന്ന വിശാല ലക്ഷ്യം മികച്ച രീതിയിൽ സാക്ഷാൽക്കരിക്കാൻ സാധിക്കും.

ഒൻപതാമതായി, മികച്ച അടിസ്ഥാന സൗകര്യങ്ങൾ: ലൈബ്രറികൾ, ലബോറട്ടറികൾ, ഹോസ്റ്റലുകൾ,

ഡിജിറ്റൽ സൗകര്യങ്ങൾ എന്നിവ പൊതുമേഖലയിൽ തന്നെ വികസിപ്പിക്കണം.

അധ്യാപക-വിദ്യാർത്ഥി അവകാശം

പത്താമതായി, അക്കാദമിക് സ്വയംഭരണവും അധ്യാപക–വിദ്യാർത്ഥികളുടെ അവകാശങ്ങളും ഉറപ്പാക്കണം. ഗവേഷണ വിഷയങ്ങൾ, പാഠ്യരൂപകൽപ്പന, മൂല്യനിർണയം എന്നിവയിൽ ഭരണ–രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കണം. പകരം അക്കാദമിക് രാഷ്ട്രീയ ഇടപെടൽ വർധിപ്പിക്കണം.

പതിനൊന്നാമതായി, വിദ്യാഭ്യാസ രംഗത്ത് ബ്യൂറോക്രാറ്റിക് തടസ്സങ്ങൾ കുറച്ച് "ease of doing education" ഉറപ്പാക്കണം. ഫയൽ–കേന്ദ്രിത ഭരണത്തിനു പകരം അക്കാദമിക് ആവശ്യങ്ങൾ മുൻനിർത്തിയ പ്രവർത്തന സംസ്കാരം വളർത്തണം.

അന്തർദേശീയവൽക്കരണം

പന്ത്രണ്ടാമതായി, കേരളത്തെ അന്താരാഷ്ട്ര വിദ്യാഭ്യാസ കേന്ദ്രമായി (international education hub) വികസിപ്പിക്കാനുള്ള ദീർഘകാല ദർശനം രൂപപ്പെടുത്തണം. ഗുണമേന്മ, സാമൂഹിക നീതി, ചെലവുകുറവ് എന്നീ ഘടകങ്ങൾ കേരളത്തിന്റെ പ്രത്യേകതകളായി മുന്നോട്ടുവയ്ക്കാം.

പതിമൂന്നാമതായി, കേന്ദ്ര സർക്കാരിന്റെ വിവിധ സ്കീമുകളും പ്രോഗ്രാമുകളും സൂക്ഷ്മമായി നിരീക്ഷിച്ച്, അവയോടൊപ്പം ഘടനാപരമായി സഹവർത്തിത്വം പുലർത്തുന്ന സംസ്ഥാനതല പകരമാതൃകകൾ വികസിപ്പിക്കണം. അനുസരണം അല്ല, തന്ത്രപരമായ പുനഃക്രമീകരണമാകണം ലക്ഷ്യം.

പതിനാലാമതായി, ഉന്നത വിദ്യാഭ്യാസ–വ്യവസായ സഹകരണം സാമൂഹിക ഉത്തരവാദിത്തത്തോടുകൂടി ശക്തിപ്പെടുത്തണം. അതോടൊപ്പം, ഇന്റേൺഷിപ്പുകൾ തൊഴിലാളി ചൂഷണമായി മാറാതിരിക്കാനായി സമത്വപരവും പ്രതിഫലം ഉറപ്പുള്ളതുമായ ഇന്റേൺഷിപ്പ് പദ്ധതികൾ സംസ്ഥാനതലത്തിൽ രൂപപ്പെടുത്തണം.

പതിനഞ്ചാമതായി, അതിവിപുലമായ ഒരു നൈപുണ്യ പരിശീലന കാമ്പയിൻ പൂർവ്വവിദ്യാർത്ഥി മെന്റർമാരുടെ പിന്തുണയോടെ ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിലും ആരംഭിക്കും. കേരളത്തിൽ പഠിക്കുന്ന കുട്ടികൾക്ക് ക്യാമ്പസ് പ്ലേസ്മെന്റ് ഉറപ്പുവരുത്തണം. സംരംഭകത്വം പരിപാടികൾക്ക് പ്രോത്സാഹനം നൽകണം.

പതിനാറാമതായി, ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ കോഴ്സുൾക്കും ഗവേഷണത്തിനും ഊന്നൽ നൽകണം. പുതിയ വിജ്ഞാനം ഉല്പാദിപ്പിക്കപ്പെടണം. അവയെ സംരംഭങ്ങളായി വികസിപ്പിക്കാനുതകുന്ന ആവാസവ്യവസ്ഥയുണ്ടാകണം.

സ്കൂൾ വിദ്യാഭ്യാസം

പതിനേഴാമതായി, കേരളത്തിലെ സ്കൂൾവിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികളും കേരളീയ ബദലുകളും സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം വളർന്നതും പടർന്നുപന്തലിച്ചതും സമൂഹപിന്തുണയോടെയായിരുന്നു. സ്കൂൾ വിദ്യാഭ്യാസ കാര്യങ്ങളിൽ സമൂഹത്തിന്റെ ജാഗ്രത എല്ലാ കാലത്തും ഉണ്ടായിരുന്നു. പൊതുവിദ്യാഭ്യാസത്തെ ദുർബലപ്പെടുത്തും എന്ന് കരുതുന്ന നയങ്ങൾ സർക്കാറുകളുടെ ഭാഗത്തുനിന്നും ഉണ്ടായ ഘട്ടങ്ങളിലെല്ലാം അതിനെതിരായ ചെറുത്തുനിൽപ്പുകളും കേരളീയ സമൂഹത്തിന് ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്.

1986 ഉണ്ടായ പ്രീഡിഗ്രി ബോർഡിനെതിരെയുള്ള സമരം, 2001ൽ പുതിയ പാഠ്യപദ്ധതി അടിമറിക്കപ്പെട്ടപ്പോൾ അതിനെതിരെ ഉയർന്നുവന്ന ചെറുത്തുനിൽപ്പുകൾ, 2014-15 ഘട്ടങ്ങളിൽ പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിൽ തെറ്റില്ല എന്ന നിലപാടെടുത്തു കോഴിക്കോട് മാലാപറമ്പ് എയ്ഡഡ് പ്രൈമറി സ്കൂൾ അടച്ചുപൂട്ടുന്നതിനെതിരെ വളർന്നു വന്ന ജനകീയ പ്രതിരോധങ്ങൾ എന്നിവയെല്ലാം കേരളീയ അനുഭവങ്ങളാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് ആഗോളീകരണത്തിന്റെ ഭാഗമായി സർക്കാർ സേവന കാര്യങ്ങളിൽ നിന്നും പിൻവാങ്ങണം എന്ന നിലപാട് കേരളത്തിലും നിലനിന്നിരുന്നു എന്നതാണ്.

എന്നാൽ കേരളത്തിലെ പുരോഗമന മനസ്സ് അതിനോടൊപ്പമല്ല എന്ന് എല്ലാകാലത്തും പ്രവർത്തനങ്ങളിലൂടെ തെളിയിച്ചിട്ടുമുണ്ട്. നിലവിൽ കേരളത്തിൽ കൈകൊള്ളുന്ന സമീപനവും മനസ്സിലാക്കേണ്ടതുണ്ട്. കേരളീയ സമീപനങ്ങളെ താഴെ പറയും പ്രകാരം പറയുംവിധം ക്രോഡീകരിക്കാം.

- പൊതു വിദ്യാഭ്യാസം സംരക്ഷിക്കപ്പെടേണ്ടതാണ്
- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം ആയിരിക്കും.
- അത് സർക്കാറിന്റെ കൂടി ഉത്തരവാദിത്വം ആയിരിക്കും
- സാമൂഹ്യ നീതിയും അവസര സമത്വവും വിദ്യാഭ്യാസരംഗത്ത് ഉറപ്പാക്കാൻ കഴിയണം
- എല്ലാവരെയും കുറിച്ച് എല്ലാവരെയും ഉൾക്കൊള്ളുന്നതും ഉൾച്ചേർത്തതുമാരും സ്കൂൾ വിദ്യാഭ്യാസം
- ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ ഭരണഘടനാ മൂല്യങ്ങൾ എന്നിവ ഉളവാക്കാൻ സഹായിക്കും വിധമുള്ള പഠനാന്തരീക്ഷം
- സ്കൂൾ പ്രവർത്തനങ്ങളിൽ വർദ്ധിതമായ ജനപങ്കാളിത്തം

ഈയൊരു നിലപാട് നവോത്ഥാന കാലം മുതൽ പുരോഗമന ചിന്താധാര കൈകൊണ്ട നിലപാടിന്റെ തുടർച്ചയാണ്. ഈ തുടർച്ചയ്ക്ക് ഇടർച്ച ഉണ്ടായിട്ടുണ്ടോ എന്ന ചിന്തയും, കേരളം എന്നും മുന്നോട്ടുവച്ചിട്ടുള്ള ബദൽ വിദ്യാഭ്യാസ നയത്തിലെ തുടർച്ചയും വളർച്ചയും ആണ് 2017 ൽ ആരംഭിച്ച പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം. അതിന്റെ ഭാഗമായി വളരെ വലിയ ജനപങ്കാളിത്തമാണ് സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ളത്. ദേശീയ വിദ്യാഭ്യാസനയം നടപ്പാക്കുന്നതിന് ഭാഗമായി വിവിധ സംസ്ഥാനങ്ങൾ

സ്കൂളുകൾ അടച്ചു പൂട്ടാനും സർക്കാർ സ്കൂളിലെ കുട്ടികളെ സ്വകാര്യ സ്കൂളിലേക്ക് പറഞ്ഞു വിടാനും പദ്ധതി ഉണ്ടാക്കുമ്പോഴാണ് പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കാനുള്ള ജനകീയ പദ്ധതികൾ കേരളത്തിൽ ആവിഷ്കരിക്കുന്നത്. ഇത് കേരളം മുന്നോട്ടു വയ്ക്കുന്ന ഇടതുപക്ഷ ബദലാണ്. ഈ ബദൽ വർദ്ധിതമായ സമൂഹ പങ്കാളിത്തത്തോടെ മുന്നോട്ട് കൊണ്ടു പോകേണ്ടതുണ്ട്.

പതിനെട്ടാമതായി, തുല്യതയുടെയും നീതിയുടെയും അടിത്തറയിൽ എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിന് വിഘാതമാകാവുന്ന പിഎം ശ്രീ പോലുള്ള ദേശീയ പദ്ധതികളോട് ശക്തമായ വിയോജിപ്പുണ്ട്. അതോടൊപ്പം കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കുന്നതിനുള്ള സമീപനങ്ങൾക്കും രൂപം നൽകാൻ കഴിയണം. 2023 24 മുതൽ ഇങ്ങോട്ട് കേരളത്തിന് സമഗ്ര ശിക്ഷയിലൂടെ ലഭ്യമാകേണ്ട 1200 കോടിയിലധികം വരുന്ന കേന്ദ്രവിഹിതം നൽകാത്ത അവസ്ഥയാഥാർത്ഥ്യമാണ്. ദേശീയ വിദ്യാഭ്യാസ നയത്തെ എതിർക്കുമ്പോൾ തന്നെ അതിന്റെ ചട്ടക്കൂടിനുള്ള നിന്നേ കേരളത്തിനു പ്രവർത്തിക്കാനാകൂ. ഈ പരിമിതികൾക്കുള്ളിൽ നിന്നും ബദൽ നിലപാടുകൾ സ്വീകരിക്കാനാകുമെന്നാണ് ഇതുവരെയുള്ള അനുഭവങ്ങൾ.

പുതിയ വിദ്യാഭ്യാസ നയത്തിനെതിരായിട്ടുള്ള പ്രക്ഷോഭ പ്രചാരണങ്ങൾ ശക്തിപ്പെടുതണം. കേരളത്തിലെ പൊതുവിദ്യാഭ്യാസം സംരക്ഷിക്കണം. ഗുണനിലവാരം ഉയർത്തണം. ദേശീയ റാങ്കിൽ കേരളം ഏറ്റവും മികച്ചതാണ്. അന്തർദേശീയ വിദ്യാഭ്യാസ ഹബ്ബാകണം. അങ്ങനെ കേരളത്തിലെ ബദൽ വിദ്യാഭ്യാസ പദ്ധതി എല്ലാ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് രാജ്യത്തിന്റെ ശ്രദ്ധയും പ്രചോദനവും ആകണം. വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള കേരളത്തിന്റെ പരിവർത്തനത്തിന് പാതയൊരുക്കണം.

19

ശാസ്ത്രസാങ്കേതിക നയം

കേരളം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികൾ - കാർഷിക മേഖലയുടെയും പരമ്പരാഗത വ്യവസായങ്ങളുടെയും താഴ്ന്ന ഉല്പാദനക്ഷമത, സേവനപ്രദാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത, വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനം - എല്ലാം തന്നെ ശാസ്ത്രീയ ഇടപെടലുകൾ ആവശ്യപ്പെടുന്നവയാണ്. വിപണിയുടെ സ്വാഭാവിക ഗതിയിൽ മാത്രം ആശ്രയിച്ചുള്ള സാങ്കേതിക സ്വീകരണം സംസ്ഥാനത്തെ മുന്നോട്ട് നയിക്കില്ല. അതിനാൽ, സാമൂഹിക ആവശ്യങ്ങളെയും വികസന ലക്ഷ്യങ്ങളെയും കേന്ദ്രപ്പെടുത്തി സാങ്കേതികവിദ്യയെ ദിശാബദ്ധമാക്കുന്ന ഒരു പൊതുനയമാണ് കേരളത്തിന് വേണ്ടത്. ഈ നയം ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം, ഗവേഷണഫലങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുന്ന സംവിധാനങ്ങളും ഉറപ്പാക്കണം.

ഒരു ശാസ്ത്ര-സാങ്കേതിക നയത്തിന്റെ പ്രധാന ലക്ഷ്യം പുതിയ അറിവ് സൃഷ്ടിക്കുകയും അറിവിനെ പൊതുസമ്പത്താക്കി മാറ്റുകയും ചെയ്യുകയെന്നതാണ്. കേരളത്തിൽ ഉയർന്ന വിദ്യാഭ്യാസനിലയും വൈജ്ഞാനിക ശേഷിയും ഉള്ള മനുഷ്യവിഭവശേഷി നിലനിൽക്കുന്നു. എന്നാൽ ഈ ശേഷി പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കും മൂല്യവർധിത ഉൽപാദനത്തിലേക്കും പൂർണമായി വിനിയോഗിക്കപ്പെടുന്നില്ല. സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിക്കുന്ന ഒരു നയരൂപരേഖ ഇല്ലാത്തതാണ് ഇതിന് പ്രധാന കാരണം. ശാസ്ത്ര-സാങ്കേതിക നയം ഈ ഇടവേള നികത്തുകയും അറിവിന്റെ ഉൽപാദനവും പ്രയോഗവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുകയും വേണം. ഈ പശ്ചാത്തലത്തിൽ കേരള സംസ്ഥാന ശാസ്ത്ര, സാങ്കേതിക, പരിസ്ഥിതി കൗൺസിൽ പോലുള്ള സ്ഥാപനങ്ങളുടെ പങ്ക് കൂടുതൽ വ്യാപിപ്പിക്കുകയും, അവയെ വികസന നയങ്ങളുമായി ആഴത്തിൽ ബന്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

അപ്പോൾ, ഏത് തരത്തിലുള്ള സാങ്കേതികവിദ്യകളാണ് കേരളം മുൻഗണന നൽകേണ്ടത്?

I
ശാസ്ത്രസാങ്കേതിക നയം

മുൻഗണന നൽകേണ്ടുന്ന മേഖലകൾ

- കൃഷി: കൃഷിയിലും ഭക്ഷ്യസംസ്കരണത്തിലും കേരളത്തിന്റെ സാമൂഹ്യ-പരിസ്ഥിതിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ സാങ്കേതികവിദ്യകൾക്ക് വ്യക്തമായ മുൻഗണന നൽകേണ്ടതുണ്ട്. കാലാവസ്ഥാ മാറ്റം മഴയുടെ സമയക്രമത്തെയും തീവ്രതയെയും അസ്ഥിരമാക്കുന്ന സാഹചര്യത്തിൽ, കാലാവസ്ഥാ-സഹിഷ്ണുതയുള്ള വിത്തുകളുടെ വികസനവും പ്രചരണവും അനിവാര്യമാണ്. അതോടൊപ്പം, കൃത്യതാ കൃഷി (precision agriculture) പോലുള്ള സമീപനങ്ങൾ വഴി വളം, ജലം, കീടനാശിനികൾ എന്നിവ ആവശ്യത്തിന് മാത്രം ഉപയോഗിക്കാൻ സാധിക്കുന്ന സംവിധാനങ്ങൾ വ്യാപകമാക്കണം. മണ്ണിന്റെയും ജലത്തിന്റെയും ആരോഗ്യനില നിരീക്ഷിക്കുന്ന ഡിജിറ്റൽ ഉപകരണങ്ങൾ കർഷകർക്ക് സമയബന്ധിതമായ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുകയും വിളനാശം കുറയ്ക്കുകയും ചെയ്യും. ഇത്തരത്തിലുള്ള സാങ്കേതിക ഇടപെടലുകൾ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതോടൊപ്പം കൃഷിയിലെ അപകടസാധ്യതകൾ നിയന്ത്രിക്കുകയും കർഷകരുടെ വരുമാനം കൂടുതൽ സ്ഥിരതയുള്ളതാക്കുകയും ചെയ്യും.

  കൃഷിയെ വെറും പ്രാഥമിക ഉൽപാദനത്തിലേക്ക് ചുരുക്കാതെ മൂല്യവർധിത ഭക്ഷ്യസംസ്കരണത്തിലേക്ക് വികസിപ്പിക്കുന്ന സാങ്കേതികവിദ്യകൾക്ക് വലിയ പ്രാധാന്യമുണ്ട്. പ്രാദേശികമായി ലഭ്യമായ കൃഷി ഉൽപന്നങ്ങളെ അടിസ്ഥാനമാക്കി സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ സഹായിക്കുന്ന ലഘു സാങ്കേതികവിദ്യകൾ ഗ്രാമീണ സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തും. ഭക്ഷ്യസുരക്ഷയും ഗുണനിലവാരവും ഉറപ്പാക്കുന്ന പ്രോസസ്സിംഗ്, പാക്കേജിംഗ്, സംഭരണ സാങ്കേതികവിദ്യകൾ കർഷകർക്ക് വിപണിയിൽ മികച്ച വില നേടാൻ സഹായിക്കും. ഇതിലൂടെ കൃഷിയുമായി ബന്ധപ്പെട്ട അനുബന്ധ മേഖലകളിൽ - സംസ്കരണം,

ഗതാഗതം, വിപണനം - പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും, ഗ്രാമീണ യുവാക്കൾക്ക് നാട്ടിൽ തന്നെ നിലനിൽക്കുന്ന ഉപജീവന മാർഗങ്ങൾ രൂപപ്പെടുകയും ചെയ്യും.

- ആരോഗ്യപരിപാലനം: ആരോഗ്യ രംഗത്തെ സാങ്കേതികവിദ്യകൾ കേരളം ദീർഘകാലമായി പിന്തുടർന്നുവരുന്ന സാമൂഹ്യ നിക്ഷേപ മാതൃകയുടെ സ്വാഭാവികവും അനിവാര്യവുമായ തുടർച്ചയായിരിക്കണം. പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്ന രീതിയിൽ ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ് ഫോമുകൾ, ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുകൾ, ടെലിമെഡിസിൻ സേവനങ്ങൾ എന്നിവ വ്യാപകമാക്കുന്നത് ആരോഗ്യപരിചരണത്തിലെ അസമത്വങ്ങൾ കുറയ്ക്കാൻ സഹായിക്കും. ദൂരപ്രദേശങ്ങളിലെയും വിദഗ്ധ സേവനങ്ങൾ ലഭ്യമാക്കാനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഉന്നതാരോഗ്യ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കാനും ഇത്തരം സാങ്കേതികവിദ്യകൾക്ക് കഴിയും. അതോടൊപ്പം, രോഗനിരീക്ഷണ സംവിധാനങ്ങളും ഡാറ്റാ അധിഷ്ഠിത ആരോഗ്യ ആസൂത്രണവും രോഗവ്യാപന സാധ്യതകൾ നേരത്തെ തിരിച്ചറിയാനും പൊതുജനാരോഗ്യ ഇടപെടലുകൾ സമയബന്ധിതമായി നടപ്പാക്കാനും സഹായകമാകും.
- വയോജന സംരക്ഷണം: കേരളത്തിന്റെ ജനസംഖ്യ വേഗത്തിൽ വൃദ്ധിയിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ ദീർഘകാല രോഗപരിപാലനത്തിനും പ്രതിരോധാരോഗ്യത്തിനും മുൻഗണന നൽകുന്ന സാങ്കേതിക പരിഹാരങ്ങൾ അനിവാര്യമാണ്. പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ തുടങ്ങിയ ജീവിതശൈലി രോഗങ്ങളെ നിയന്ത്രിക്കാൻ സഹായിക്കുന്ന ഡിജിറ്റൽ നിരീക്ഷണ ഉപകരണങ്ങളും കുറഞ്ഞ ചെലവിലുള്ള മെഡിക്കൽ ഉപകരണങ്ങളും പൊതുആരോഗ്യ സംവിധാനത്തിന്റെ ഭാഗമാക്കണം. രോഗം ചികിത്സിക്കുന്നതിലുപരി രോഗം വരാതിരിക്കാൻ സഹായിക്കുന്ന സാങ്കേതിക ഇടപെടലുകൾ - ആരോഗ്യ ബോധവത്കരണം, മുൻകരുതൽ പരിശോധനകൾ, വീടുകളിൽ നിന്നുള്ള ആരോഗ്യ നിരീക്ഷണം - ദീർഘകാലത്ത് പൊതുചെലവ് കുറയ്ക്കുകയും ആരോഗ്യ സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയും ചെയ്യും. ഇത്തരത്തിലുള്ള ഒരു സമീപനം ആരോഗ്യത്തെ ഒരു ചെലവായി കാണാതെ സാമൂഹിക നിക്ഷേപമായി കാണുന്ന കേരളത്തിന്റെ വികസന ദർശനത്തെ കൂടുതൽ ശക്തിപ്പെടുത്തും.
- വ്യവസായ വികസനം: വ്യവസായ വികസനത്തിന്റെ കാര്യത്തിൽ കേരളം പിന്തുടരേണ്ടത് തൊഴിലധിഷ്ഠിതവും പരിസ്ഥിതി സൗഹൃദവുമായ സാങ്കേതിക വഴിയാണ്. ഉയർന്ന വിദ്യാഭ്യാസനിലയും പരിശീലനയോഗ്യമായ മനുഷ്യവിഭവശേഷിയും ഉള്ള സംസ്ഥാനത്ത്, സാങ്കേതിക പുരോഗതി തൊഴിലവസരങ്ങളെ ഇല്ലാതാക്കുന്ന തരത്തിലല്ല, മറിച്ച് അവയെ കൂടുതൽ ഉൽപാദനക്ഷമവും സുരക്ഷിതവുമാക്കുന്ന തരത്തിലായിരിക്കണം. ഓട്ടോമേഷൻ, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ സാങ്കേതികവിദ്യകൾ അനിയന്ത്രിതമായി സ്വീകരിക്കുമ്പോൾ തൊഴിൽവിപണിയിൽ വലിയ വ്യതിയാനങ്ങൾ സൃഷ്ടിക്കപ്പെടാനും തൊഴിലില്ലായ്മ വർധിക്കാനും സാധ്യതയുണ്ട്. അതിനാൽ, സാങ്കേതിക തിരഞ്ഞെടുപ്പുകൾ സാമൂഹ്യഫലങ്ങൾ മുൻകൂട്ടി വിലയിരുത്തിയശേഷം മാത്രം നടപ്പാക്കുന്ന ഒരു നയപരമായ ജാഗ്രത സംസ്ഥാനത്തിന് അനിവാര്യമാണ്.

  ഈ പശ്ചാത്തലത്തിലാണ് മനുഷ്യശേഷിയോടൊപ്പം പ്രവർത്തിക്കുന്ന assisted automation, skill-augmenting technologies തുടങ്ങിയ സമീപനങ്ങൾ കേരളത്തിന് കൂടുതൽ അനുയോജ്യമാകുന്നത്. തൊഴിലാളിയുടെ കഴിവുകൾ പൂർണ്ണമായി മാറ്റി സ്ഥാപിക്കുന്നതിനു പകരം, അവയെ ശക്തിപ്പെടുത്തുകയും സുരക്ഷ വർധിപ്പിക്കുകയും ചെയ്യുന്ന സാങ്കേതികവിദ്യകൾ വ്യവസായ ഉൽപാദനക്ഷമത ഉയർത്തുന്നതിനൊപ്പം തൊഴിൽസ്ഥിരതയും ഉറപ്പാക്കും. ഉദാഹരണമായി, അപകടസാധ്യതയുള്ള പ്രവർത്തനങ്ങളിൽ മനുഷ്യരെ സഹായിക്കുന്ന യന്ത്രങ്ങൾ, നിർമാണത്തിലും കൈത്തൊഴിലുകളിലും കൃത്യത വർധിപ്പിക്കുന്ന ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവ തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കാനും ഉൽപാദന ഗുണനിലവാരം മെച്ചപ്പെടുത്താനും സഹായിക്കും. ഇതിലൂടെ സാങ്കേതിക പുരോഗതിയും സാമൂഹ്യ നീതിയും തമ്മിലുള്ള സമതുലിത ബന്ധം നിലനിർത്താൻ കഴിയും.
- ചെറുകിട വ്യവസായം: കേരളത്തിലെ വ്യവസായ ഘടനയിൽ നിർണായക പങ്ക് വഹിക്കുന്ന ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്കായി ഊർജക്ഷമതയും വിഭവസംരക്ഷണവും ഉറപ്പാക്കുന്ന സാങ്കേതിക പരിഹാരങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. കുറഞ്ഞ ഊർജോപഭോഗമുള്ള യന്ത്രങ്ങൾ, മാലിന്യ പുനരുപയോഗ സംവിധാനങ്ങൾ, ജലവും അസംസ്കൃത വസ്തുക്കളും കാര്യക്ഷമമായി ഉപയോഗിക്കുന്ന ഉൽപാദന പ്രക്രിയകൾ എന്നിവ ചെലവ് കുറയ്ക്കുന്നതിനൊപ്പം പരിസ്ഥിതിഭാരം ലഘൂകരിക്കും. ഇത്തരത്തിലുള്ള സാങ്കേതികവിദ്യകൾക്ക് സർക്കാർ പിന്തുണയും സാങ്കേതിക സഹായ സംവിധാനങ്ങളും ലഭ്യമാക്കുമ്പോൾ, കേരളത്തിലെ വ്യവസായ വികസനം സാമ്പത്തികമായി നിലനിൽക്കുന്നതും പരിസ്ഥിതിപരമായി ഉത്തരവാദിത്വമുള്ളതുമായ ഒരു പാതയിലേക്ക് നീങ്ങാൻ കഴിയും.
- പരിസ്ഥിതി സംരക്ഷണം: പരിസ്ഥിതി സംരക്ഷണവും ദുരന്തനിവാരണവും കേരളത്തിന്റെ ശാസ്ത്ര-സാങ്കേതിക നയത്തിന്റെ കേന്ദ്രബിന്ദുവായിരിക്കണം, കാരണം സംസ്ഥാനത്തിന്റെ ഭൗമശാസ്ത്രപരവും കാലാവസ്ഥാപരവുമായ പ്രത്യേകതകൾ അതിനെ പ്രകൃതി ദുരന്തങ്ങൾ

ക്ക് കൂടുതൽ അടിമപ്പെടുത്തുന്നു. പ്രളയം, മണ്ണിടിച്ചിൽ, തീരക്ഷയം തുടങ്ങിയ ദുരന്തങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ, അപകടസാധ്യതകൾ മുൻകൂട്ടി തിരിച്ചറിയാനും ആഘാതം കുറയ്ക്കാനും ശാസ്ത്രീയ സംവിധാനങ്ങൾ അനിവാര്യമാണ്. ജിയോസ്പേഷ്യൽ സാങ്കേതികവിദ്യകൾ, ഉപഗ്രഹ ചിത്രങ്ങൾ, റിയൽ-ടൈം ഡാറ്റ അനാലിറ്റിക്സ് എന്നിവ ഉപയോഗിച്ച് പ്രദേശതലത്തിലുള്ള അപകട മാപ്പിംഗ് നടത്തുകയും, അതിനെ അടിസ്ഥാനമാക്കി മുന്നറിയിപ്പ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും വേണം. ഈ അറിവും സാങ്കേതികവിദ്യകളും പ്രാദേശിക ഭരണകൂടങ്ങളിലേക്ക് കൈമാറുമ്പോൾ, ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ സമയബന്ധിതവും ഫലപ്രദവും ജനകീയവുമാക്കാൻ കഴിയും.

പരിസ്ഥിതി സംരക്ഷണത്തിന്റെ ദീർഘകാല ലക്ഷ്യങ്ങൾ കൈവരിക്കാൻ ഊർജമേഖലയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ആവശ്യമാണ്. പുതുക്കാവുന്ന ഊർജസ്രോതസ്സുകൾ - പ്രത്യേകിച്ച് സൗര, കാറ്റ്, ബയോഎനർജി - പ്രാദേശികതലത്തിൽ വിനിയോഗിക്കുന്നത് പരിസ്ഥിതി ഭാരം കുറയ്ക്കുന്നതിനൊപ്പം ഊർജസ്വയംപര്യാപ്തയ്ക്കും സഹായകരമാകും. വികേന്ദ്രീകൃത ഊർജ സംവിധാനങ്ങൾ ഗ്രാമീണ-നഗര പ്രദേശങ്ങളിൽ ഒരുപോലെ വൈദ്യുതി ലഭ്യത ഉറപ്പാക്കുകയും, ഊർജ ചെലവ് നിയന്ത്രിക്കാനും കാർബൺ പുറന്തള്ളൽ കുറയ്ക്കാനും സഹായിക്കും. ഇത്തരത്തിലുള്ള സാങ്കേതിക സമീപനങ്ങൾ പരിസ്ഥിതി സംരക്ഷണത്തെ വികസനത്തിന്റെ എതിരാളിയായി കാണാതെ, ദീർഘകാല സാമൂഹ്യ-സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാനമാക്കാൻ കേരളത്തെ സജ്ജമാക്കും.

- ജനാധിപത്യപരം: ശാസ്ത്ര-സാങ്കേതിക നയം ജനാധിപത്യപരവും ഉൾക്കൊള്ളുന്നതുമായിരിക്കണം എന്നത് വെറും ആശയപ്രഖ്യാപനമായി ഒതുങ്ങരുത്; അത് നയരൂപീകരണത്തിന്റെ പ്രക്രിയയിലും നടപ്പാക്കലിലും വ്യക്തമായി പ്രതിഫലിക്കണം. സാങ്കേതിക മുൻഗണനകൾ നിശ്ചയിക്കുമ്പോൾ അക്കാദമിക് വിദഗ്ധരും വ്യവസായ പ്രതിനിധികളും മാത്രമല്ല, തൊഴിലാളികളും കർഷകരും സ്ത്രീകളും പ്രാദേശിക സമൂഹങ്ങളും ഉൾപ്പെടുന്ന വിപുലമായ പങ്കാളിത്തം ഉറപ്പാക്കണം. ഇതിലൂടെ ശാസ്ത്ര-സാങ്കേതിക നയം മുകളിലിരുന്ന് ചുമത്തപ്പെടുന്ന ഒരു രേഖയായി മാറാതെ, ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളിൽ നിന്ന് ഉയർന്നുവരുന്ന ഒരു സാമൂഹ്യ കരാറായി രൂപപ്പെടും. അത്തരമൊരു സമീപനം നയത്തിന് സാമൂഹിക അംഗീകാരവും ദീർഘകാല നിലനിൽപ്പും നൽകും.

ഈ പശ്ചാത്തലത്തിൽ, "സാങ്കേതികവിദ്യകൾ ആരുടെ ആവശ്യങ്ങൾക്കാണ് സേവിക്കുന്നത്, ആരാണ് അതിന്റെ ലാഭം കൊയ്യുന്നത്" എന്ന ചോദ്യങ്ങൾ നയചർച്ചകളുടെ കേന്ദ്രത്തിലുണ്ടാകണം. വിപണിയുടെ താൽപര്യങ്ങൾ മാത്രം നയിക്കുന്ന സാങ്കേതിക വികസനം പലപ്പോഴും അസമത്വങ്ങൾ വർധിപ്പിക്കുകയും പൊതുസമ്പത്ത് സ്വകാര്യ ലാഭത്തിനായി മാറ്റപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. അതിനാൽ, പൊതുധനം ഉപയോഗിച്ച് വികസിപ്പിക്കുന്ന ശാസ്ത്ര-സാങ്കേതിക അറിവുകളും ഉപകരണങ്ങളും സമൂഹത്തിന്റെ വിശാല വിഭാഗങ്ങൾക്ക് പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടത് സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമാണ്. തുറന്ന അറിവ് (open knowledge), പൊതുസ്വത്ത് അധിഷ്ഠിത നവീകരണം, സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്ന സാങ്കേതിക പദ്ധതികൾ എന്നിവയ്ക്ക് നയത്തിൽ മുൻഗണന നൽകണം.

അവസാനമായി, ശാസ്ത്രം പൊതുജനങ്ങളുടെ ഭാഷയിലേക്കും ദിനചര്യയിലേക്കും ഇറങ്ങിവരുമ്പോഴാണ് അത് സാമൂഹ്യപരിവർത്തനത്തിന്റെ യഥാർത്ഥ ശക്തിയാകുന്നത്. ശാസ്ത്രബോധവത്കരണം, ശാസ്ത്രീയ ചിന്തയുടെ പ്രചരണം, പ്രാദേശിക അറിവുകളെ ആധുനിക ശാസ്ത്രവുമായി സംവദിപ്പിക്കുന്ന ശ്രമങ്ങൾ എന്നിവ നയത്തിന്റെ അവിഭാജ്യ ഘടകങ്ങളായിരിക്കണം. അതിനാൽ, കേരളത്തിന്റെ ശാസ്ത്ര-സാങ്കേതിക നയം സാമ്പത്തിക വളർച്ചയെ മാത്രം ലക്ഷ്യമിടുന്ന ഒരു ഉപകരണമായി ചുരുങ്ങാതെ, സാമൂഹ്യനീതി, പരിസ്ഥിതി സ്ഥിരത, ജനങ്ങളുടെ ജീവിതഗുണനിലവാരം എന്നിവയെ ഒരുപോലെ മുന്നോട്ട് കൊണ്ടുപോകുന്ന ഒരു സമഗ്ര വികസന ദർശനമായി രൂപപ്പെടണം. അത്തരമൊരു നയമാണ് ശാസ്ത്രത്തെയും സാങ്കേതികവിദ്യയെയും ജനാധിപത്യത്തിന്റെയും സാമൂഹിക പുരോഗതിയുടെയും സേവനത്തിലാക്കാൻ കേരളത്തെ സജ്ജമാക്കുക.

II

കേരളത്തിലെ ശാസ്ത്ര സാങ്കേതിക നയ ചരിത്രം

കേരളത്തിന്റെ വികസന ചരിത്രത്തിൽ ശാസ്ത്രവും സാങ്കേതികവിദ്യയും (S&T) ഒരിക്കലും അനുബന്ധ ഘടകങ്ങളായി മാത്രം നിലകൊണ്ടിട്ടില്ല. സാമൂഹിക പുരോഗതിയും ഭരണകൂട ശേഷിയും ഒരേസമയം മുന്നോട്ടു കൊണ്ടുപോകാൻ ശാസ്ത്രീയ അറിവ് ഉപയോഗിക്കണമെന്ന ബോധ്യം വളരെ ആദ്യം തന്നെ കേരളത്തിന്റെ നയചിന്തയിൽ ഇടം പിടിച്ചു. ഇതിന്റെ ഏറ്റവും ശക്തമായ തെളിവാണ് 1974-ൽ ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാനതല ശാസ്ത്ര–സാങ്കേതിക നയം രൂപീകരിച്ച സംസ്ഥാനം കേരളമായിരുന്നു എന്ന വസ്തുത.

1970-കളിൽ തന്നെ ശാസ്ത്രത്തെ വികസനത്തിന്റെ ഉപകരണമായി കാണാനുള്ള ഈ ദൂരദർശിത്വം, പിന്നീടുള്ള പതിറ്റാണ്ടുകളിൽ രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾ പിന്തുടർന്ന ഒരു മാതൃകയായി മാറി. ശാസ്ത്രം അക്കാദമിക ഗവേഷണത്തിന്റെ പരിധിയിൽ ഒതുക്കാതെ, പൊതുഭരണത്തിന്റെയും വികസന ആസൂത്രണത്തിന്റെയും അവിഭാജ്യഘടകമാക്കി മാറ്റണമെന്ന സമീപനമാണ് കേരളത്തിന്റെ S&T

ഇടപെടലുകളുടെ അടിത്തറ. വിദ്യാഭ്യാസ വ്യാപനവും പൊതുജനാരോഗ്യ സംവിധാനത്തിന്റെ വളർച്ചയും ശാസ്ത്രീയ ചിന്തയ്ക്ക് സമൂഹത്തിൽ സ്വീകാര്യത സൃഷ്ടിച്ച പശ്ചാത്തലത്തിലാണ് ഈ നയം രൂപപ്പെട്ടത്.

1974-ലെ കേരള ശാസ്ത്ര–സാങ്കേതിക നയം, ഇന്ത്യയിലെ സംസ്ഥാനതല നയരൂപീകരണ ചരിത്രത്തിൽ ഒരു വഴിത്തിരിവായിരുന്നു. ആ കാലഘട്ടത്തിൽ തന്നെ ശാസ്ത്ര ഗവേഷണത്തെ സാമൂഹിക ആവശ്യങ്ങളുമായി ബന്ധിപ്പിക്കണമെന്ന ആശയം നയം മുന്നോട്ടുവച്ചു. കാർഷിക ഉൽപ്പാദനക്ഷമത, ജലസംരക്ഷണം, പൊതുജനാരോഗ്യം, ഊർജ്ജം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയ അറിവ് പ്രയോഗിക്കണമെന്നതാണ് നയത്തിന്റെ കേന്ദ്ര ലക്ഷ്യം.

ഈ നയം, ശാസ്ത്രത്തെ 'വളർച്ചയ്ക്ക് ശേഷം' വരുന്ന ഒരു മേഖലയായി അല്ല, വികസനത്തിന്റെ മുൻകൂർ നിക്ഷേപമായി കാണുന്ന സമീപനമാണ് അവതരിപ്പിച്ചത്. പിന്നീട് കേന്ദ്രസർക്കാരും മറ്റ് സംസ്ഥാനങ്ങളും ശാസ്ത്ര–സാങ്കേതിക നയങ്ങൾ രൂപപ്പെടുത്തുമ്പോൾ, കേരളത്തിന്റെ ഈ മുൻകൂർ ഇടപെടൽ ഒരു പ്രചോദനമായി പ്രവർത്തിച്ചു. അതിനാൽ തന്നെ, കേരളത്തിന്റെ ശാസ്ത്ര–സാങ്കേതിക പാരമ്പര്യം, ഇന്നത്തെ നേട്ടങ്ങൾ മാത്രം നോക്കി വിലയിരുത്താനാകാത്ത, ദീർഘകാല ദർശനത്തിന്റെ ഫലമാണ്.

ഈ ദൂരദർശിത്വം പിന്നീട് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾ പിന്തുടരുന്ന ഒരു മാതൃകയായി മാറി. ശാസ്ത്രത്തെ അക്കാദമിക രംഗത്തിന്റെ പരിധിയിൽ ഒതുക്കാതെ, വികസന നയങ്ങളുടെയും ഭരണപ്രവർത്തനങ്ങളുടെയും അവിഭാജ്യ ഘടകമാക്കി മാറ്റാനുള്ള ശ്രമമാണ് കേരളത്തിന്റെ ശാസ്ത്ര–സാങ്കേതിക ഇടപെടലുകളുടെ കേന്ദ്ര ആശയം. 1970-കളിൽ തന്നെ ശാസ്ത്രവും വികസനവും തമ്മിലുള്ള ബന്ധം തിരിച്ചറിഞ്ഞത്, കേരളത്തിന്റെ സാമൂഹിക–രാഷ്ട്രീയ ബോധത്തിന്റെ ഫലമായിരുന്നു. വിദ്യാഭ്യാസ വ്യാപനവും പൊതുജനാരോഗ്യ സംവിധാനത്തിന്റെ വളർച്ചയും ശാസ്ത്രീയ ചിന്തയ്ക്ക് സമൂഹത്തിൽ സ്വീകാര്യത സൃഷ്ടിച്ചു. ഈ പശ്ചാത്തലത്തിലാണ് ശാസ്ത്ര–സാങ്കേതിക നയം ഒരു രേഖയായി മാത്രമല്ല, ഒരു വികസന ദർശനമായി കേരളം അവതരിപ്പിച്ചത്.

2003-ലെ ബയോടെക്നോളജി നയം

കേരളം 2003-ൽ ബയോടെക്നോളജി നയം അവതരിപ്പിച്ചപ്പോൾ, ഇന്ത്യയിലെ സംസ്ഥാനതല നയചിന്തയിൽ ലൈഫ് സയൻസിനെ വികസനത്തിന്റെ പ്രായോഗിക ഘടകമായി കാണുന്ന സമീപനം ഇപ്പോഴും അപൂർവമായിരുന്നു. ഈ നയം ബയോടെക്നോളജിയെ ഒരു ഹൈടെക് വ്യവസായമായി മാത്രം കണ്ടില്ല; മറിച്ച്, പൊതുജനാരോഗ്യം, കാർഷിക ഉൽപ്പാദനക്ഷമത, ഭക്ഷ്യസുരക്ഷ, പരിസ്ഥിതി സുസ്ഥിരത എന്നീ മേഖലകളുമായി ബന്ധിപ്പിച്ചാണ് വ്യാഖ്യാനിച്ചത്. സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ മേഖലകൾ എന്നിവ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി ഗവേഷണ ഫലങ്ങളെ സാമൂഹിക പ്രയോജനത്തിലേക്കും ഉൽപ്പന്നങ്ങളിലേക്കും പരിഭാഷപ്പെടുത്തുക എന്നതായിരുന്നു നയത്തിന്റെ കേന്ദ്ര ലക്ഷ്യം.

ഈ നയത്തിന്റെ ഭാഗമായി, ലൈഫ് സയൻസ് ഗവേഷണങ്ങൾക്ക് സ്ഥാപനപരമായ പിന്തുണ ലഭിക്കുകയും, ബയോമെഡിക്കൽ ഗവേഷണം, ഔഷധ സസ്യ പഠനം, ഡയഗ്നോസ്റ്റിക് സാങ്കേതികവിദ്യകൾ തുടങ്ങിയ മേഖലകളിൽ കേരളം ശ്രദ്ധേയമായ മുന്നേറ്റം കൈവരിക്കുകയും ചെയ്തു. പിന്നീട് രൂപം കൊണ്ട വൈറോളജി, ജീനോമിക്സ്, ബയോഇൻഫർമാറ്റിക്സ് തുടങ്ങിയ ഗവേഷണ ശേഷികൾ, ഈ ആദ്യകാല നയ ഇടപെടലുകളുടെ ദീർഘകാല ഫലങ്ങളായി വായിക്കാം. ബയോടെക്നോളജി നയം ശാസ്ത്രത്തെ സാമ്പത്തിക മൂല്യത്തിലേക്കു മാത്രമല്ല, പൊതുജനാരോഗ്യ സുരക്ഷയിലേക്കും സാമൂഹിക ക്ഷേമത്തിലേക്കും ബന്ധിപ്പിച്ച ഒരു ദർശനമായി കേരളത്തിൽ പ്രവർത്തിച്ചു.

ടെക്നോളജി ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് പോളിസി

2014-ലെ കേരളത്തിന്റെ ടെക്നോളജി ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് പോളിസി, ശാസ്ത്ര–സാങ്കേതിക നയങ്ങളുടെ അടുത്ത ഘട്ടമായി വായിക്കാവുന്നതാണ്. ഈ നയം, ഗവേഷണവും നവീകരണവും അക്കാദമിക ലോകത്ത് ഒതുങ്ങിപ്പോകാതെ, സംരംഭകത്വത്തിലേക്കും തൊഴിൽ സൃഷ്ടിയിലേക്കും മാറേണ്ടതിന്റെ ആവശ്യകത ശക്തമായി മുന്നോട്ടുവച്ചു. സ്റ്റാർട്ടപ്പുകൾ, ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ, ടെക്നോളജി പാർക്കുകൾ, ഫണ്ടിംഗ് സംവിധാനങ്ങൾ എന്നിവയെ ഒരേ നയഫ്രെയിമിൽ കൊണ്ടുവന്ന്, ഒരു സമഗ്ര നവീകരണ പരിസ്ഥിതി സൃഷ്ടിക്കുകയായിരുന്നു ലക്ഷ്യം.

ഈ നയം കേരളത്തിന്റെ സാങ്കേതിക വികസനത്തിന്റെ ഭൂമിശാസ്ത്രവും സാമൂഹിക വ്യാപ്തിയും മാറ്റി. 'വർക്ക്നിയർ ഹോം', വികേന്ദ്രീകൃത ഇൻക്യൂബേഷൻ, ജില്ലാതല നവീകരണ കേന്ദ്രങ്ങൾ തുടങ്ങിയ ആശയങ്ങൾ, നവീകരണത്തെ നഗരകേന്ദ്രങ്ങളിൽ നിന്ന് ഗ്രാമ–അർബൻ മേഖലകളിലേക്കും വ്യാപിപ്പിച്ചു. ഇതുവഴി, ഉയർന്ന വിദ്യാഭ്യാസമുള്ള യുവജനങ്ങൾക്ക് സംസ്ഥാനത്തിനകത്ത് തന്നെ സാങ്കേതിക സംരംഭങ്ങൾ ആരംഭിക്കാനുള്ള അവസരങ്ങൾ വർധിച്ചു. ടെക്നോളജി ഇന്നൊവേഷൻ പോളിസി, ശാസ്ത്രത്തെ ഒരു തൊഴിൽ–വളർച്ച ഉപാധിയായി മാറ്റുന്നതിൽ കേരളത്തിന് നിർണായക പങ്ക് വഹിച്ചു.

2003 ലെ ബയോടെക്നോളജി നയവും, പിന്നീട് വന്ന ടെക്നോളജി ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് പോളിസിയും ചേർന്ന്, കേരളത്തിന്റെ ശാസ്ത്ര–സാങ്കേതിക നയങ്ങളിൽ ഒരു വ്യക്തമായ തുടർച്ച കാണിക്കുന്നു. ആദ്യത്തേത് ലൈഫ് സയൻസിനെ സാമൂഹിക ആവശ്യങ്ങളുമായി ബന്ധിപ്പിച്ചപ്പോൾ, രണ്ടാമത്തേത് നവീകരണത്തെ സംരംഭകത്വത്തിലേ

ക്കും വിപണി–സമൂഹ ബന്ധങ്ങളിലേക്കും നീക്കി. ഈ രണ്ട് നയങ്ങളും ചേർന്ന്, ശാസ്ത്രം - സാങ്കേതികവിദ്യ - നവീകരണം - സംരംഭം - സാമൂഹിക പ്രയോജനം എന്ന ഒരു സമ്പൂർണ്ണ വികസന ശൃംഖല രൂപപ്പെടുത്താൻ കേരളത്തെ സഹായിച്ചു.

കേരളത്തിന്റെ ശാസ്ത്ര–സാങ്കേതിക ദൂരദർശിത്വം - പ്രധാന മൈൽസ്റ്റോണുകൾ (1974–2025)

- 1974 – ഇന്ത്യയിലെ ആദ്യ സംസ്ഥാനതല ശാസ്ത്ര–സാങ്കേതിക നയം കേരളം പ്രഖ്യാപിച്ചു; ശാസ്ത്രത്തെ വികസന ആസൂത്രണത്തിന്റെ അവിഭാജ്യ ഘടകമാക്കി.
- 1980–90 – ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ വ്യാപനം; ജലം, കൃഷി, ജൈവവൈവിധ്യം, പരിസ്ഥിതി മേഖലകളിൽ പ്രയോഗാത്മക ഗവേഷണങ്ങൾക്ക് ഊന്നൽ.
- 2002 – കേരള സംസ്ഥാന ശാസ്ത്ര–സാങ്കേതിക–പരിസ്ഥിതി കൗൺസിൽ (KSCSTE) കൂടുതൽ ശക്തമായ അപ്പെക്സ് ശാസ്ത്രഭരണ സ്ഥാപനമായി പുനഃസംഘടിപ്പിച്ചു.
- 2006-11 - സ്വതന്ത്ര സോഫ്ടുവെയറിന്റെ പ്രോത്സാഹനത്തിന് ICFOS സ്ഥാപിതമായി.
- 2014 – കേരള ടെക്നോളജി സ്റ്റാർട്ട് അപ്പ് പോളിസി, കേരള സ്റ്റാർട്ട് അപ്പ് മിഷൻ സ്ഥാപനം.
- 2016 – ടെക്നോളജി ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് പോളിസി; സ്റ്റാർട്ട് അപ്പ് പരിസ്ഥിതിക്ക് സ്ഥാപനപരമായ പിന്തുണ.
- 2017–18 – കാലാവസ്ഥാ പഠന കേന്ദ്രങ്ങൾ, ജലബജറ്റിംഗ്, ദുരന്ത പ്രതിരോധ ഗവേഷണം; പ്രളയാനന്തര ശാസ്ത്രാധിഷ്ഠിത ഭരണത്തിലേക്കുള്ള വഴിത്തിരിവ്.
- 2019 – ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV) സ്ഥാപനം; പൊതുജനാരോഗ്യ ഗവേഷണത്തിലെ സംസ്ഥാനതല ശേഷി വർധിച്ചു.
- 2020–21 – മഹാമാരിക്കാലത്ത് ഡാറ്റാ അധിഷ്ഠിത ഭരണസംവിധാനങ്ങൾ, ടെലിമെഡിസിൻ, ഡിജിറ്റൽ സേവനവിതരണം ശക്തിപ്പെട്ടു.
- 2022–23 – പുതുക്കിയ ബയോടെക്നോളജി പോളിസി, ലൈഫ് സയൻസ് ഗവേഷണ–വ്യവസായ ബന്ധങ്ങൾ ശക്തിപ്പെടുത്തി.
- 2024–25 – ശാസ്ത്രം, സാങ്കേതികവിദ്യ, നവീകരണം (STI) വികസനത്തിന്റെ കേന്ദ്ര ഡ്രൈവറായി; കാലാവസ്ഥാ പ്രതിരോധം, ആരോഗ്യ സുരക്ഷ, ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ എന്നിവയിൽ ദൗത്യാധിഷ്ഠിത സമീപനം.

സ്ഥാപനപരമായ അടിത്തറകൾ

കേരളത്തിന്റെ ശാസ്ത്ര–സാങ്കേതിക പരിസ്ഥിതിയുടെ നട്ടെല്ലായി പ്രവർത്തിക്കുന്നത് കേരള സംസ്ഥാന ശാസ്ത്ര–സാങ്കേതിക–പരിസ്ഥിതി കൗൺസിലാണ് (KSCSTE). ഈ സ്ഥാപനം ഒരു ഫണ്ടിംഗ് ഏജൻസിയായി മാത്രം അല്ല, സംസ്ഥാനത്തെ ശാസ്ത്ര ഗവേഷണം, നവീകരണം, നയരൂപീകരണം എന്നിവയെ ഏകോപിപ്പിക്കുന്ന ഒരു അപ്പെക്സ് ബോഡിയായി വളർന്നു. KSCSTEയുടെ നേതൃത്വത്തിൽ ശാസ്ത്രം മേഖലാപരമായ ചിതറലിൽ നിന്ന് മാറി, ദൗത്യാധിഷ്ഠിതവും പ്രയോഗാത്മകവുമായ ദിശയിലേക്ക് നീങ്ങി. 2016-ന് ശേഷം, കേരളത്തിലെ ശാസ്ത്ര–സാങ്കേതിക മേഖലയിലുണ്ടായ മാറ്റം സ്ഥാപനപരമായ ഒരു പരിവർത്തനമായിരുന്നു. ജലസുരക്ഷ, കാലാവസ്ഥാ പ്രതിരോധം, പൊതുജനാരോഗ്യം, ഊർജ്ജ സുരക്ഷ, ഗതാഗതം, ജൈവവൈവിധ്യ സംരക്ഷണം, ദുരന്തനിവാരണം എന്നിവയെ സംസ്ഥാനത്തിന്റെ ശാസ്ത്ര മുൻഗണനകളായി തിരിച്ചറിഞ്ഞു. ഈ മുൻഗണനകൾ 13-ാം, 14-ാം അഞ്ചുവർഷ പദ്ധതികളിൽ വ്യക്തമായി ഉൾപ്പെടുത്തി, ശാസ്ത്ര ഗവേഷണം വികസന ആവശ്യങ്ങളുമായി നേരിട്ട് ബന്ധിപ്പിക്കപ്പെട്ടു.

CWRDM

കേരളത്തിന്റെ ശാസ്ത്ര–സാങ്കേതിക നേട്ടങ്ങളിൽ ഏറ്റവും ദൃശ്യവും സമൂഹപ്രാധാന്യമുള്ളതുമായ മേഖല ജലസുരക്ഷയും കാലാവസ്ഥാ ശാസ്ത്രവുമാണ്. ജലസ്രോതസ്സുകളുടെ ശാസ്ത്രീയ പരിപാലനത്തിൽ ജല വിഭവ വികസനവും മാനേജ്മെന്റും നടത്തുന്ന കേന്ദ്രം (CWRDM) നിർണായക പങ്കുവഹിച്ചു. ഉപരിതല ജലം, ഭൂഗർഭ ജലം, ജലഗുണനിലവാരം, ജലാശയങ്ങൾ എന്നിവയെക്കുറിച്ചുള്ള ഗവേഷണങ്ങൾ നയനിർണ്ണയത്തിനുള്ള ഉപകരണങ്ങളായി മാറി. നവകേരള മിഷനുമായി ബന്ധിപ്പിച്ച് സംസ്ഥാനത്ത് നടപ്പാക്കിയ ജല ബജറ്റിംഗ് പരിപാടി, ഇന്ത്യയിൽ തന്നെ ആദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു ശാസ്ത്രീയ ജല അക്കൗണ്ടിംഗ് കൊണ്ടുവന്ന ഒരു ശ്രമമായിരുന്നു. 250-ലധികം തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പാക്കിയ ഈ പദ്ധതി, ശാസ്ത്രത്തെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമാക്കി. ഇതോടൊപ്പം, കാലാവസ്ഥാ പഠന കേന്ദ്രം (ICCS) സംസ്ഥാനതല കാലാവസ്ഥാ ബുദ്ധിമുട്ടുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ശാസ്ത്രീയ ശേഷി വളർത്തി. ഹൈപ്പർ-ലോക്കൽ മഴ പ്രവചനങ്ങൾ, വാർഷിക കേരള ക്ലൈമറ്റ് സ്റ്റേറ്റ്മെന്റ്, വരൾച്ചയും പ്രളയവും മുൻകൂട്ടി തിരിച്ചറിയുന്ന മോഡലുകൾ എന്നിവ ഭരണകൂട തീരുമാനങ്ങൾക്ക് നേരിട്ട് സഹായകരമായി.

NATPAC

ശാസ്ത്രവും സാങ്കേതികവിദ്യയും ഗതാഗത ആസൂത്രണത്തിൽ എങ്ങനെ നിർണായകമാകുന്നു എന്നതിന്റെ ഉദാഹരണമാണ് നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (NATPAC). ജിഐഎസ് അധിഷ്ഠിത ഡാറ്റാബേസുകൾ, ട്രാഫിക് മോഡലുകൾ, റോഡ് സുരക്ഷാ ഓഡിറ്റുകൾ എന്നിവ വഴി കേരളത്തിന്റെ ഗതാഗത പദ്ധതികൾ ശാസ്ത്രീയ അടിത്തറയിൽ ഉറപ്പിച്ചു. തീരദേശ ഹൈവേ, ഹിൽ

ഹൈവേ, നഗര ഗതാഗത പദ്ധതികൾ എന്നിവയിൽ NATPAC നടത്തിയ പഠനങ്ങൾ നേരിട്ട് നയരൂപീകരണത്തിൽ ഉപയോഗപ്പെട്ടു. തീരക്ഷയം, കടൽനിരപ്പ് ഉയർച്ച, ഗതാഗത അടിസ്ഥാന സൗകര്യങ്ങളിലേക്കുള്ള കാലാവസ്ഥാ ആഘാതങ്ങൾ എന്നിവയെക്കുറിച്ചുള്ള ഗവേഷണം, വികസനവും പരിസ്ഥിതി സംരക്ഷണവും തമ്മിലുള്ള സന്തുലനം ഉറപ്പാക്കുന്ന ശാസ്ത്രീയ സമീപനം ശക്തിപ്പെടുത്തി.

IAV

പൊതുജനാരോഗ്യ മേഖലയിലെ ശാസ്ത്രീയ ശേഷി വികസിപ്പിച്ചതാണ് കേരളത്തിന്റെ മറ്റൊരു വലിയ നേട്ടം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV) സ്ഥാപിച്ചത്, പുതിയ രോഗാണുക്കളെയും പകർച്ചവ്യാധികളെയും നേരിടാനുള്ള സംസ്ഥാനതല ഗവേഷണ–നിർണ്ണയ ശേഷി സൃഷ്ടിച്ചു. ബോട്ടാണിക്കൽ, ബയോമെഡിക്കൽ ഗവേഷണ സ്ഥാപനങ്ങൾ ചേർന്ന് ഔഷധ സസ്യങ്ങൾ, ബയോആക്റ്റീവ് ഘടകങ്ങൾ, രോഗനിർണ്ണയ ഉപകരണങ്ങൾ എന്നിവയിൽ ഗവേഷണം നടത്തി. ഇത് കേരളത്തിന്റെ ബയോടെക്നോളജി പോളിസിയുടെയും ലൈഫ് സയൻസ് നയത്തിന്റെയും പ്രായോഗിക ഫലങ്ങളായി മാറി. ശാസ്ത്ര ഗവേഷണം ചികിത്സയിലേക്കും ഉൽപ്പന്നങ്ങളിലേക്കും പരിഭാഷപ്പെടുത്തുന്ന ശ്രമങ്ങൾ, ശാസ്ത്രത്തെ നേരിട്ട് സാമൂഹിക പ്രയോജനത്തിലേക്ക് ബന്ധിപ്പിച്ചു.

നവീകരണം, സംരംഭകത്വം, ഡിജിറ്റൽ കേരളം

ശാസ്ത്ര–സാങ്കേതിക നേട്ടങ്ങൾ നിലനിൽക്കുന്നത് ഗവേഷണത്തിലൊതുങ്ങാതെ, നവീകരണത്തിലേക്കും സംരംഭകത്വത്തിലേക്കും ഒഴുകുമ്പോഴാണ്. ഈ ബോധ്യത്തിലാണ് കേരളം ടെക്നോളജി ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് പോളിസി, ഐടി പോളിസി, സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയത്. കേരള സ്റ്റേറ്റ് ഐടി മിഷൻ നയിച്ച ഡിജിറ്റൽ ഗവർണൻസ് ശ്രമങ്ങൾ, സേവനവിതരണം മുതൽ സാമൂഹിക സുരക്ഷ വരെ ശാസ്ത്രീയ–സാങ്കേതിക അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചു. സയൻസ് പാർക്കുകളും സെന്റേഴ്സ് ഓഫ് എക്സലൻസും, ഗവേഷണ–വ്യവസായ ബന്ധം ശക്തിപ്പെടുത്തി. പോഷകാഹാര ശാസ്ത്രം, മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകളിൽ രൂപപ്പെട്ട കേന്ദ്രങ്ങൾ, ശാസ്ത്രത്തെ സാമ്പത്തിക മൂല്യത്തിലേക്ക് പരിഭാഷപ്പെടുത്തുന്ന പുതിയ പാതകൾ തുറന്നു.

കേരളത്തിന്റെ ശാസ്ത്ര–സാങ്കേതിക നയത്തിന്റെ ശക്തി മനുഷ്യവിഭവ വികസനത്തിലേക്കുള്ള ഊന്നലിലാണ്. ഫെല്ലോഷിപ്പുകൾ, പോസ്റ്റ്-ഡോക്ടറൽ പദ്ധതികൾ, വിദ്യാർത്ഥി ഗവേഷണ സഹായങ്ങൾ, സ്ത്രീ ശാസ്ത്രജ്ഞർക്കുള്ള പ്രത്യേക പദ്ധതികൾ, എസ്.സി/എസ്.ടി വിഭാഗങ്ങൾക്കുള്ള ഇടപെടലുകൾ എന്നിവയെല്ലാം ശാസ്ത്രത്തിന്റെ നേട്ടങ്ങൾ സാമൂഹികമായി വ്യാപിപ്പിക്കാൻ സഹായിച്ചു. ശാസ്ത്രം ഒരു എലീറ്റ് മേഖല മാത്രമല്ല, സാമൂഹിക ഉൾക്കൊള്ളലിന്റെ ഉപാധിയാണെന്ന ആശയം കേരളത്തിൽ ശക്തിപ്പെട്ടു.

III
ഭാവി ആവശ്യങ്ങളും സാധ്യതകളും

ഭാവിയിലേക്ക് നോക്കുമ്പോൾ, കേരളത്തിന് ശാസ്ത്ര–സാങ്കേതിക മേഖലയിലെ മൂന്ന് പ്രധാന നയപ്രാധാന്യങ്ങൾ തിരിച്ചറിയാം. ഒന്നാമത്, ഗവേഷണവും നയരൂപീകരണവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തണം. ശാസ്ത്രീയ അറിവ് പ്ലാനിംഗ്, ബജറ്റിംഗ്, സേവനവിതരണം എന്നിവയുടെ ഭാഗമാകണം. രണ്ടാമത്, ഗവേഷണ ഫലങ്ങളുടെ ട്രാൻസ്ലേഷൻ-ഉൽപ്പന്നങ്ങളിലേക്കും സേവനങ്ങളിലേക്കും-സ്ഥാപനപരമായി പിന്തുണയ്ക്കണം. മൂന്നാമത്, അന്താരാഷ്ട്ര സഹകരണവും സ്വകാര്യ നിക്ഷേപവും ആകർഷിക്കുന്ന തരത്തിൽ ശാസ്ത്ര പരിസ്ഥിതിയെ കൂടുതൽ തുറന്നതാക്കണം.

കഴിഞ്ഞ ഒരു ദശകത്തിൽ സൃഷ്ടിച്ച സ്ഥാപനപരമായ മാറ്റങ്ങൾ, കേരളത്തെ ഒരു വിജ്ഞാന സമൂഹമായി ഉയർത്താനുള്ള ശക്തമായ അടിത്തറ ഒരുക്കിയിട്ടുണ്ട്. ഈ പാത തുടരാൻ ആവശ്യമായത്, ശാസ്ത്രത്തെ വികസനത്തിന്റെ കേന്ദ്രത്തിൽ തന്നെ നിലനിർത്തുന്ന രാഷ്ട്രീയ–നയ പ്രതിബദ്ധതയാണ്.

- കേരളത്തിന്റെ ശാസ്ത്ര–സാങ്കേതിക രംഗം അടുത്ത ഘട്ടത്തിലേക്ക് നീങ്ങുമ്പോൾ, സർവകലാശാലകളും കോളേജുകളും നിർവഹിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ യാഥാർത്ഥ്യ പ്രശ്നങ്ങളുമായി കൂടുതൽ സുസംബന്ധിതമാകേണ്ടതുണ്ട്.
- കാലാവസ്ഥാ പ്രതിരോധം, നഗരവികസനം, പൊതുജനാരോഗ്യം, പ്രാദേശിക സാമ്പത്തിക വളർച്ച തുടങ്ങിയ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ, ശാസ്ത്രീയ അറിവിനെ പ്രാദേശിക പരിഹാരങ്ങളിലേക്ക് വിവർത്തനം ചെയ്യുന്ന ഒരു സ്ഥാപനപരമായ സംവിധാനം നിർബന്ധമാകുന്നു. പൊതുസമൂഹത്തിന്റെ ആവശ്യങ്ങൾ നിർണ്ണയിക്കുന്ന ഗവേഷണ അജണ്ടകൾ രൂപപ്പെടുമ്പോഴാണ് അറിവ് സമൂഹത്തിന്റെ കൂട്ടായ പുരോഗതിയുമായി യഥാർത്ഥത്തിൽ ബന്ധപ്പെടുന്നത്.

  ഇപ്പോൾ നിലനിൽക്കുന്ന ഘടനയിൽ, പ്രാദേശിക ഭരണ സ്ഥാപനങ്ങൾ പലപ്പോഴും പുറത്തുനിന്നുള്ള വിദഗ്ധരെയോ സ്വകാര്യ കൺസൾട്ടൻസികളെയോ ആശ്രയിക്കുന്ന പ്രവണതയാണ് കാണുന്നത്. ഇതിന് പകരം, സംസ്ഥാനതലത്തിൽ പ്രശ്നങ്ങളെ ശാസ്ത്രീയ രീതിയിൽ നിർവചിച്ച്, സർവകലാശാല–കോളേജ് ഗവേഷകരുടെ കൂട്ടായ ബൗദ്ധികശേഷി ഉപയോഗപ്പെടുത്തുന്ന ഒരു മാതൃക വികസിപ്പിക്കുകയാണെങ്കിൽ, ഒരേസമയം രണ്ടു ലക്ഷ്യങ്ങൾ സാധ്യമാകും. ഒന്നാമതായി, പ്രാദേശിക പ്രശ്നങ്ങൾക്കു ദീർഘകാല

ശാസ്ത്രീയ പരിഹാരങ്ങൾ കണ്ടെത്താനാകും; രണ്ടാമതായി, ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണം സാമൂഹിക ഉത്തരവാദിത്വത്തോടെ നടക്കുന്നതായി ഉറപ്പാക്കാൻ കഴിയും. അറിവിന്റെ ഉൽപ്പാദനം സമൂഹത്തിന്റെ ആവശ്യങ്ങളോട് ബന്ധിപ്പിക്കപ്പെടുമ്പോൾ, ശാസ്ത്രം വിപണിയിലേക്കുള്ള മാത്രം വഴിയല്ല, പൊതുസമ്പത്തിന്റെ ഭാഗമായും നിലനിൽക്കും.

- ഈ ദിശയിൽ മുന്നേറുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചറിയുന്ന പ്രശ്നങ്ങളെ ഗവേഷണയോഗ്യമായ രീതിയിൽ നിർവചിക്കുന്ന ഒരു പ്രക്രിയ രൂപപ്പെടുത്തണം. പല പ്രാദേശിക പ്രശ്നങ്ങൾക്കും ആഗോള പരിപ്രേക്ഷ്യമുണ്ടാകാം; എന്നാൽ അവയെ പ്രാദേശിക സാഹചര്യങ്ങളുമായി ചേർത്ത് പുനർനിർവചിക്കുന്നതിൽ സർവകലാശാലകൾക്ക് നിർണ്ണായക പങ്ക് വഹിക്കാനാകും. ഗവേഷണഫലങ്ങൾ പിന്നീട് ഭരണ സംവിധാനങ്ങൾക്ക് ഉപയോഗക്ഷമമായ ഭാഷയിലേക്കും പ്രായോഗിക മാർഗ്ഗരേഖകളിലേക്കും മാറ്റിനൽകുന്ന സംവിധാനം വികസിപ്പിക്കേണ്ടതുണ്ട്. അറിവിന്റെ ജനാധിപത്യവൽക്കരണത്തിലേക്കുള്ള ഒരു പ്രധാന ചുവടുവയ്പ്പായിരിക്കും ഇത്.
- മേൽ പരാമർശിച്ച പ്രശ്നങ്ങളെ കേന്ദ്രീകരിച്ച് ഗവേഷണം നടത്താൻ അധ്യാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നിവരെ പ്രോത്സാഹിപ്പിക്കുന്ന നയപരമായ സംവിധാനങ്ങൾ ശക്തിപ്പെടുത്തണം. പ്രാദേശിക പ്രശ്നങ്ങൾ ഗവേഷണ ഫണ്ടുകളായി രൂപാന്തരപ്പെടുത്തുകയും, മത്സരാധിഷ്ഠിതമായ പ്രമേയ ക്ഷണങ്ങളിലൂടെ ഗവേഷണ പദ്ധതികൾ തിരഞ്ഞെടുക്കുകയും ചെയ്യാം. ഓൺലൈൻ പോർട്ടലുകൾ വഴി അപേക്ഷകൾ സ്വീകരിച്ച്, ഡബിൾ-ബ്ലൈൻഡ് റിവ്യൂ സംവിധാനത്തിലൂടെ വിലയിരുത്തൽ നടത്തുന്നത് ഗവേഷണത്തിന്റെ ഗുണമേന്മയും സുതാര്യതയും ഉറപ്പാക്കും. സംസ്ഥാനത്തിന് പുറത്തുള്ള വിദഗ്ധരുടെ പാനൽ ഉൾപ്പെടുത്തുന്നത് അറിവിന്റെ സ്വതന്ത്ര പരിശോധനക്കും അന്തർദേശീയ നിലവാരങ്ങൾ കൈവരിക്കാനും സഹായകരമാകും.
- സർവകലാശാല ഗവേഷണവും തദ്ദേശ ഭരണ സംവിധാനങ്ങളും തമ്മിലുള്ള സജീവ ബന്ധം കേരളത്തിന്റെ ശാസ്ത്ര–സാങ്കേതിക നയങ്ങളുടെ അടുത്ത ഘട്ടമായി രൂപപ്പെടാൻ സാധ്യതയുണ്ട്. ശാസ്ത്രത്തെ സമൂഹത്തിന്റെ യാഥാർത്ഥ്യ ആവശ്യങ്ങളുമായി ബന്ധിപ്പിക്കുന്ന ഈ സമീപനം, അറിവിനെ പൊതുസമ്പത്തായി നിലനിർത്തിക്കൊണ്ട് നവീകരണവും വികസനവും മുന്നോട്ടുകൊണ്ടുപോകാനുള്ള ഒരു സുസ്ഥിര മാതൃകയായി മാറും. ഭാവിയിലേക്കുള്ള നയചർച്ചകളിൽ, ഗവേഷണത്തിന്റെ സാമൂഹിക പ്രസക്തിയും പ്രാദേശിക പങ്കാളിത്തവും ശക്തിപ്പെടുത്തുന്ന ഈ ദിശ കേരളത്തിന് ഒരു പുതിയ ശാസ്ത്ര–വികസന അധ്യായം തുറക്കാൻ സഹായകരമാകും.

അക്കാദമികർക്ക് പ്രാദേശിക പ്രശ്നങ്ങളെക്കുറിച്ചുള്ള നേരിട്ടുള്ള പരിജ്ഞാനവും തദ്ദേശ പ്രവർത്തകർക്ക് ഗവേഷണ രീതിയെക്കുറിച്ചുള്ള പരിജ്ഞാനം ആവശ്യമാണ്. ഇതിനാവശ്യമുള്ള എക്സ്റ്റെൻഷൻ പ്രവർത്തനങ്ങൾ സർവകലാശാലകളിൽ ആരംഭിക്കണം. സർവകലാശാലാ പഠന വിഷയങ്ങൾ ഈ ലക്ഷ്യം മുൻനിർത്തി അന്തർ വിഷയാത്മകമായി ആവിഷ്കരിക്കുന്ന സമീപനവും ചർച്ച ചെയ്യപ്പെടേണ്ടതാണ്.

20

ടൂറിസം

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് സംസാരിക്കുമ്പോൾ, കാർഷിക മേഖല, വ്യവസായം, സേവന മേഖല, പ്രവാസി വരുമാനം എന്നിവയെക്കുറിച്ചുള്ള ചർച്ചകൾ പതിവാണ്. എന്നാൽ, കഴിഞ്ഞ രണ്ട്–മൂന്ന് ദശകങ്ങളിലായി ഈ ഘടകങ്ങളെയെല്ലാം പരസ്പരം ബന്ധിപ്പിച്ച്, സംസ്ഥാനത്തിന്റെ സാമ്പത്തിക ഘടനയിൽ ഒരു പുതിയ കേന്ദ്രബിന്ദുവായി ഉയർന്നുവന്ന മേഖലയാണ് ടൂറിസം. ഇന്ന് കേരളത്തിൽ ടൂറിസം ഒരു വിനോദപ്രവർത്തനമോ ഉപമേഖലയോ മാത്രമല്ല; മറിച്ച്, വരുമാനം, തൊഴിൽ, ഉപജീവനം, പ്രാദേശിക വികസനം, വിദേശനാണ്യ സമാഹരണം, സാമൂഹിക ഇടപെടൽ എന്നിവയെ ഒരേസമയം സ്വാധീനിക്കുന്ന ഒരു സമഗ്ര സാമ്പത്തിക പ്രക്രിയയാണ്.

I
ടൂറിസം മേഖലയുടെ പ്രാധാന്യം

സാമ്പത്തിക സംഭാവന

ടൂറിസം മേഖലയെ കേരളം ആദ്യം സമീപിച്ചത് "പ്രകൃതിസൗന്ദര്യത്തിന്റെ പ്രദർശനം" എന്ന പരിമിതമായ കോണിൽ നിന്നായിരുന്നു. എന്നാൽ, കാലക്രമേണ ടൂറിസം സംസ്ഥാനത്തിന്റെ സാമ്പത്തിക വൈവിധ്യവൽക്കരണത്തിനുള്ള പ്രധാന ഉപാധിയായി വളർന്നു. വ്യവസായവൽക്കരണത്തിന് ഭൂമിയുടെയും പരിസ്ഥിതിയുടെയും പരിമിതികൾ നേരിടുന്ന ഒരു സംസ്ഥാനത്ത്, വലിയ മൂലധന നിക്ഷേപം ആവശ്യപ്പെടാതെ തന്നെ വ്യാപക തൊഴിൽ സൃഷ്ടിക്കാനാകുന്ന മേഖലയായി ടൂറിസം മാറി. ഈ പ്രത്യേകതയാണ് കേരളത്തിന്റെ വികസന മാതൃകയിൽ ടൂറിസത്തെ അനിവാര്യ ഘടകമാക്കി മാറ്റിയത്.

ഇന്ന് കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ (GSDP) ടൂറിസം നൽകുന്ന സംഭാവന 10–12 ശതമാനം വരെ എത്തുന്നുവെന്ന കണക്കുകൾ, ഈ മേഖലയുടെ സാമ്പത്തിക പ്രാധാന്യം വ്യക്തമായി സൂചിപ്പിക്കുന്നു. എന്നാൽ, ഈ കണക്കുകൾ മാത്രം ടൂറിസത്തിന്റെ യഥാർത്ഥ സ്വാധീനം പൂർണ്ണമായി പ്രതിഫലിപ്പിക്കുന്നില്ല. കാരണം, ടൂറിസത്തിന്റെ ശക്തി നേരിട്ടുള്ള വരുമാനത്തേക്കാൾ കൂടുതൽ അതിന്റെ പരോക്ഷവും പ്രേരിതവുമായ സാമ്പത്തിക ബന്ധങ്ങളിലാണ്. ഹോട്ടലുകൾ, റിസോർട്ടുകൾ, ട്രാവൽ ഏജൻസികൾ എന്നിവയ്ക്ക് അപ്പുറം, കർഷകർ, മത്സ്യത്തൊഴിലാളികൾ, കൈത്തറി-കരകൗശല തൊഴിലാളികൾ, കലാകാരൻമാർ, ഗതാഗത തൊഴിലാളികൾ, ചെറുകിട വ്യാപാരികൾ, ഹോംസ്റ്റേ ഉടമകൾ – ഇവരെയെല്ലാം ഉൾക്കൊള്ളുന്ന വിപുലമായ മൂല്യശൃംഖലയാണ് ടൂറിസം സൃഷ്ടിക്കുന്നത്.

തൊഴിൽ

കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ, ടൂറിസത്തിന്റെ ഈ വ്യാപക സ്വാധീനം കൂടുതൽ പ്രസക്തമാകുന്നത് തൊഴിൽ സൃഷ്ടിയുടെ പശ്ചാത്തലത്തിലാണ്. സംസ്ഥാനത്ത് വ്യവസായ മേഖലയുടെ വളർച്ച പരിമിതവും, സർക്കാർ മേഖലയിൽ തൊഴിൽ അവസരങ്ങൾ കുറഞ്ഞുവരുന്നതുമായ സാഹചര്യത്തിൽ, ടൂറിസം നേരിട്ടും പരോക്ഷമായും വലിയ തോതിൽ തൊഴിൽ സൃഷ്ടിക്കുന്നു. കണക്കുകൾ സൂചിപ്പിക്കുന്നത്, കേരളത്തിലെ തൊഴിൽസേനയുടെ ഏകദേശം നാലിലൊന്ന് ഭാഗത്തോളം പേർ ടൂറിസവുമായി നേരിട്ടോ പരോക്ഷമായോ ബന്ധപ്പെട്ട ഉപജീവനമാർഗങ്ങളിൽ ആശ്രയിക്കുന്നുവെന്നാണ്. കുറഞ്ഞ നൈപുണ്യ തൊഴിലുകൾ മുതൽ ഉയർന്ന പ്രൊഫഷണൽ സേവനങ്ങൾ വരെ ഉൾക്കൊള്ളുന്ന ഈ മേഖല, വിവിധ സാമൂഹിക വിഭാഗങ്ങൾക്ക് പ്രവേശനമുള്ള തൊഴിൽ അവസരങ്ങൾ ഒരുക്കുന്നു എന്നതാണ് അതിന്റെ സാമൂഹിക പ്രാധാന്യം.

പ്രാദേശിക സമ്പദ്‌വ്യവസ്ഥകൾ

ടൂറിസം മേഖലയുടെ മറ്റൊരു നിർണായക സാമ്പത്തിക സംഭാവന പ്രാദേശിക സമ്പദ്‌വ്യവസ്ഥകളുടെ ഉത്തേജനമാണ്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങൾ പലതും ഗ്രാമീണവും തീരദേശവുമായ പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടങ്ങളിൽ ടൂറിസം എത്തുമ്പോൾ, അത് പ്രാദേശിക വിപണികളെ സജീവമാക്കുകയും, കൃഷി-മത്സ്യബന്ധന ഉൽപ്പന്നങ്ങൾക്ക് പുതിയ വിപണി സൃഷ്ടിക്കുകയും, ഭൂമിയുടെയും തൊഴിലും മൂല്യം വർധിപ്പിക്കുകയും ചെയ്യുന്നു. ഈ അർത്ഥത്തിൽ, ടൂറിസം ഒരു മാക്രോ സാമ്പത്തിക

മേഖല മാത്രമല്ല; അത് മൈക്രോ തലത്തിലുള്ള ജീവിതങ്ങളെയും ഉപജീവനങ്ങളെയും നേരിട്ട് സ്വാധീനിക്കുന്ന വികസന ഉപാധിയാണ്.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ടൂറിസത്തിന്റെ പ്രാധാന്യം വർധിക്കുന്ന മറ്റൊരു പ്രധാന ഘടകം വിദേശനാണ്യ വരുമാനമാണ്. പ്രവാസി വരുമാനത്തിന് ശേഷം, സംസ്ഥാനത്ത് വിദേശനാണ്യ സമാഹരണത്തിന് പ്രധാന സംഭാവന നൽകുന്ന മേഖലയായി ടൂറിസം മാറിയിരിക്കുന്നു. വിദേശ വിനോദസഞ്ചാരികളിലൂടെ ലഭിക്കുന്ന വരുമാനം, സംസ്ഥാനത്തിന്റെ വ്യാപാര-സേവന ബാലൻസിനെ സഹായിക്കുന്നതോടൊപ്പം, അന്താരാഷ്ട്ര വിപണികളിൽ കേരളത്തിന്റെ സാമ്പത്തിക ദൃശ്യതയും ശക്തിപ്പെടുത്തുന്നു. പ്രത്യേകിച്ച്, കോവിഡ് പോലുള്ള ആഗോള പ്രതിസന്ധികളിൽ പ്രവാസി വരുമാനം അസ്ഥിരമാകുമ്പോൾ, ടൂറിസം ഒരു പര്യായ വരുമാന സ്രോതസ്സായി സംസ്ഥാനത്തിന് ആശ്വാസമാകുന്ന അനുഭവം സമീപകാലത്ത് കേരളം കണ്ടിട്ടുണ്ട്.

ടൂറിസത്തിന്റെ സാമ്പത്തിക പ്രാധാന്യം അതിന്റെ പ്രതിരോധ ശേഷിയിലും (resilience) പ്രകടമാണ്. കോവിഡ്-19 മഹാമാരി ലോകമെമ്പാടും ടൂറിസം മേഖലയെ തകർത്തെങ്കിലും, കേരളത്തിൽ ആഭ്യന്തര ടൂറിസത്തിന്റെ വേഗത്തിലുള്ള പുനരുജ്ജീവനം സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ പിന്തുണ നൽകി. ആഭ്യന്തര യാത്രകൾ, ചെറുദൂര സഞ്ചാരങ്ങൾ, കുടുംബസഞ്ചാരങ്ങൾ, തീർത്ഥാടന യാത്രകൾ എന്നിവയിലൂടെ ടൂറിസം വീണ്ടും സജീവമായത്, കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ ഈ മേഖല വഹിക്കുന്ന സ്ഥിരതാപങ്ക് വ്യക്തമാക്കുന്നു.

സാമൂഹ്യ വശങ്ങൾ

അതോടൊപ്പം, കേരളത്തിന്റെ ടൂറിസം വികസനം ഒരു ശുദ്ധ സാമ്പത്തിക കാഴ്ചപ്പാടിൽ മാത്രം ഒതുങ്ങിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്. ഉത്തരവാദിത്ത ടൂറിസം, സമൂഹപങ്കാളിത്തം, സുസ്ഥിര വികസനം തുടങ്ങിയ ആശയങ്ങൾ ടൂറിസം നയത്തിന്റെ കേന്ദ്രത്തിലേക്ക് വന്നതോടെ, ടൂറിസം സമ്പദ്‌വ്യവസ്ഥയും സാമൂഹിക നീതിയും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമായി. പ്രാദേശിക ഉൽപ്പാദനത്തിനും സ്ത്രീസംരംഭകത്വത്തിനും ഗ്രാമീണ ഉപജീവനങ്ങൾക്കും ടൂറിസം നൽകിയ പിന്തുണ, ഈ മേഖലയെ സാമ്പത്തിക വളർച്ചയുടെയും സാമൂഹിക ഉൾക്കൊള്ളലിന്റെയും സംഗമബിന്ദുവായി മാറ്റിയിരിക്കുന്നു.

അതിനാൽ, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ടൂറിസത്തിന്റെ പ്രാധാന്യം വിലയിരുത്തുമ്പോൾ, "വരുമാനം എത്ര?" എന്ന ചോദ്യത്തിൽ മാത്രം നിൽക്കാനാവില്ല. ടൂറിസം എത്രത്തോളം തൊഴിൽ സൃഷ്ടിക്കുന്നു? എത്രത്തോളം പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നു? എത്രത്തോളം സാമൂഹിക-പരിസ്ഥിതി സന്തുലിതത്വം നിലനിർത്തുന്നു? എന്ന ചോദ്യങ്ങളാണ് കൂടുതൽ പ്രസക്തം. ഈ എല്ലാ ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി നൽകുന്ന അപൂർവ മേഖലകളിലൊന്നാണ് ടൂറിസം.

ഈ പശ്ചാത്തലത്തിലാണ്, ടൂറിസം മേഖലയെ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിലെ സഹായക മേഖല എന്ന നിലയിൽ നിന്ന് മാറ്റി, ഭാവി വികസന തന്ത്രങ്ങളുടെ കേന്ദ്ര അച്ചുതണ്ടായി കാണേണ്ടത്. ശരിയായ നയസമീപനവും, സുസ്ഥിര ആസൂത്രണവും, സമൂഹ പങ്കാളിത്തവും ഉറപ്പാക്കിയാൽ, ടൂറിസം കേരളത്തിന് വെറും വരുമാന സ്രോതസ്സ് മാത്രമല്ല, സമത്വവും സ്ഥിരതയും ഉൾക്കൊള്ളുന്ന വികസനത്തിന്റെ ഭാഷയായിമാറാൻ ശേഷിയുള്ള മേഖലയാണ്.

ടൂറിസം വ്യവസായത്തിന്റെ വളർച്ച

കേരളത്തിലെ ടൂറിസം വ്യവസായത്തിന് തുടക്കം കുറിച്ചത് 1976-ൽ കോവളത്തെ ടൂറിസം കേന്ദ്രമായി കേന്ദ്രസർക്കാർ അംഗീകരിച്ചതോടെയാണ്. 1980-കളുടെ രണ്ടാം പാദത്തിൽ മാത്രമാണ് ടൂറിസത്തിന്റെ സാധ്യതകൾ വികസന നയകർത്താക്കളുടെ ശ്രദ്ധയിൽ വന്നത്. 1986-ൽ ടൂറിസത്തെ ഒരു വ്യവസായമായി പ്രഖ്യാപിച്ചു. പതിറ്റാണ്ട് കഴിഞ്ഞപ്പോൾ ഇതിനായി പ്രത്യേക വകുപ്പ് ഉണ്ടാക്കി. ടൂറിസം നയപ്രഖ്യാപനം ഈ മേഖലയിലെ ഇടപെടലിന് ഒരു പുതിയ ദിശാബോധം നൽകി. പൊതുവെ പറഞ്ഞാൽ, മറ്റു പല മേഖലകളിൽനിന്നും വ്യത്യസ്തമായി കാര്യക്ഷമവും അനുയോജ്യവുമായ ഒരു വികസന തന്ത്രത്തിന് രൂപം നൽകുന്നതിൽ നാം വിജയിച്ചു. ഇതിന്റെ ഫലം ടൂറിസം വ്യവസായത്തിന്റെ അഭൂതപൂർവ്വമായ വളർച്ചയിൽ പ്രതിഫലിച്ചുകാണാം.

ടൂറിസ്റ്റുകളുടെ എണ്ണം

അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു ബ്രാൻഡായി കേരള ടൂറിസം മാറിയത് യാദൃശ്ചികമല്ല. "God's Own Country" എന്ന ആശയം വെറും മാർക്കറ്റിംഗ് മുദ്രാവാക്യമല്ല; അത് ഒരു വികസന സമീപനത്തിന്റെ പ്രതിഫലനമാണ്. ഉയർന്ന സാക്ഷരത, ആതിഥേയമര്യാദ, സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ, ശക്തമായ പ്രാദേശിക ഭരണകൂടങ്ങൾ എന്നിവ കേരള ടൂറിസത്തിന് അടിത്തറയായി.

1997 ൽ 51 ലക്ഷം ടൂറിസ്റ്റുകളാണ് കേരളത്തിൽ വന്നത്. അത് 2019 ആയപ്പോഴേയ്ക്കും ഏതാണ്ട് 200 ലക്ഷമായി. കോവിഡ് കാലത്ത് ഇത് 50 - 70 ലക്ഷമായി ചുരുങ്ങി. 2025 ൽ ടൂറിസ്റ്റുകളുടെ എണ്ണം 258 ലക്ഷമായി ഉയർന്നു എന്നാണ് മതിപ്പ് കണക്ക്. എന്നാൽ ഇതിന്റെ ചേരുവയിൽ പ്രകടമായ മാറ്റം ഉണ്ടായിട്ടുണ്ട്.

എണ്ണത്തിൽ എന്നും ആഭ്യന്തര ടൂറിസ്റ്റുകൾക്കായിരുന്നു പ്രാമുഖ്യം. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം മൊത്തം ടൂറിസ്റ്റുകളുടെ 4% മാത്രമേ വന്നിരുന്നുള്ളു. എന്നാൽ കോവിഡിന് മുൻപായി അത് 6% ആയി ഉയർന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലുണ്ടായിരുന്നതിനേക്കാൾ 5 മടങ്ങ് വിദേശ ടൂറിസ്റ്റുകൾ കോവിഡിന് മുൻപ് കേരളത്തി

ലെത്തി. എന്നാൽ കോവിഡിന് ശേഷം വിദേശ ടൂറിസ്റ്റുകളുടെ എണ്ണം പഴയ നിലയിലേക്ക് കഷ്ടിച്ചു തിരിച്ചെത്തുകയെ ചെയ്തുള്ളു. 2018 ൽ 11 ലക്ഷം വിദേശ ടൂറിസ്റ്റുകൾ കേരളത്തിൽ എത്തിയ സ്ഥാനത്ത് 2025ൽ കേരളത്തിൽ എത്തിയത് 8.22 ലക്ഷം വിദേശ ടൂറിസ്റ്റുകൾ മാത്രമാണ്. അതെ സമയം ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണവും ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ 55 ലക്ഷം ആയിരുന്നത് ഇന്ന് 250 ലക്ഷമായി. ഇതിന്റെ ഫലമായി മൊത്തം ടൂറിസ്റ്റുകളുടെ എണ്ണവും വിദേശ ടൂറിസ്റ്റുകളുടെ ശതമാനം 3.1% ആയി കുറഞ്ഞു.

വിദേശ - ആഭ്യന്തര ടൂറിസ്റ്റുകൾ

വിദേശ ടൂറിസ്റ്റുകൾ എണ്ണത്തിൽ കുറവാണെങ്കിലും അവരുടെ പ്രതിശീർഷ ചെലവ് വളരെ ഉയർന്നതാണ്. അതുകൊണ്ട് മൊത്തം ആഭ്യന്തര ടൂറിസത്തിൽ നിന്നുള്ള വരുമാനത്തിന്റെ പകുതിയിലേറെ വരും വിദേശ ടൂറിസ്റ്റുകളിൽ നിന്ന് ലഭിക്കുന്ന വരുമാനം. ഏതാണ്ട് 50,000 കോടിയിലേറെ രൂപയാണ് ടൂറിസം മേഖലയുടെ മൊത്തം വരുമാനം. സംസ്ഥാന ജിഡിപിയുടെ 10 - 12% വരും ടൂറിസം മേഖലയുടെ പങ്ക്.

കേരള ടൂറിസത്തിന്റെ ഏറ്റവും വലിയ കരുത്തായി മാറിയത് ആഭ്യന്തര വിനോദസഞ്ചാരികളുടെ സ്ഥിരതയുള്ള വളർച്ചയാണ്. 2025-ൽ മാത്രം 2.50 കോടിയിലധികം ആഭ്യന്തര സഞ്ചാരികൾ കേരളം സന്ദർശിച്ചു. ഈ പ്രവണത ഒരു പ്രധാന പാഠം നൽകുന്നു: ടൂറിസം വികസനം വിദേശ സഞ്ചാരികളെ മാത്രം ലക്ഷ്യമിട്ടുള്ളതാകരുത്. സംസ്ഥാനത്തിനുള്ളിലെ ജനങ്ങളും അയൽ സംസ്ഥാനങ്ങളിലെ യാത്രക്കാരും കേരള ടൂറിസത്തിന്റെ സ്ഥിരത ഉറപ്പാക്കുന്ന അടിത്തറയാണ്. ചെറിയ യാത്രകൾ, വാരാന്ത്യ ടൂറിസം, കുടുംബസഞ്ചാരങ്ങൾ, തീർത്ഥാടന യാത്രകൾ, ആരോഗ്യ-വെൽനെസ് യാത്രകൾ എന്നിവ കൂടിയാണ് കേരളത്തിന്റെ ആഭ്യന്തര ടൂറിസത്തിന്റെ ശക്തി.

അതേ സമയം, വിദേശ വിനോദസഞ്ചാരികളുടെ വരവ് കോവിഡ് മുൻകാല നിലയിലേക്കു പൂർണമായി എത്താത്തിരുന്നാലും, 2025-ൽ കേരളം 8.2 ലക്ഷം വിദേശ സഞ്ചാരികളെ സ്വീകരിച്ചു എന്നത് ശ്രദ്ധേയമാണ്. മുൻവർഷത്തേക്കാൾ 13 ശതമാനത്തിലധികം വളർച്ചയാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യൂറോപ്പ്, ഉത്തര അമേരിക്ക, മിഡിൽ ഈസ്റ്റ്, ദക്ഷിണേഷ്യ തുടങ്ങിയ മേഖലകളിൽ നിന്ന് കേരളത്തിലേക്കുള്ള താൽപ്പര്യം നിലനിൽക്കുന്നു. എന്നാൽ, ഇവിടെ ഒരു യാഥാർത്ഥ്യം കൂടി അംഗീകരിക്കണം. വിദേശ ടൂറിസം ഇനി മാസ്സ് ടൂറിസം ആയിരിക്കില്ല. ഉയർന്ന മൂല്യമുള്ള, ദീർഘകാലം താമസിക്കുന്ന, പരിസ്ഥിതിയോടും സമൂഹത്തോടും ഉത്തരവാദിത്തം പുലർത്തുന്ന സഞ്ചാരികളെയാണ് കേരളം ലക്ഷ്യമിടേണ്ടത്. ഇതാണ് കേരളത്തിന്റെ പുതിയ ടൂറിസം ദർശനത്തിന്റെ അടിസ്ഥാനതത്വം.

ഉത്തരവാദിത്വ ടൂറിസം

കേരളത്തിന്റെ വലിയ സവിശേഷ സംഭാവന ഉത്തരവാദിത്ത ടൂറിസം (Responsible Tourism) എന്ന ആശയത്തിന്റെ പ്രായോഗിക നടപ്പാക്കലാണ്. പ്രാദേശിക സമൂഹങ്ങളെ ടൂറിസത്തിന്റെ ഗുണഭോക്താക്കളായി മാറ്റുക, കർഷകരെയും കൈത്തറി-കരകൗശല തൊഴിലാളികളെയും ടൂറിസം മൂല്യശൃംഖലയിൽ ഉൾപ്പെടുത്തുക, സ്ത്രീകൾക്ക് സംരംഭകാവസരങ്ങൾ സൃഷ്ടിക്കുക -- ഇതൊക്കെയാണ് ഇവിടെ കേരള മോഡലിന്റെ പ്രത്യേകത. എന്നാൽ, പുതിയ കാലഘട്ടം ആവശ്യപ്പെടുന്നത് പുനരുജ്ജീവന ടൂറിസം (Regenerative Tourism) എന്ന ആശയത്തിലേക്കുള്ള ചുവടുമാറ്റമാണ്. പരിസ്ഥിതിക്ക് ദോഷം കുറയ്ക്കുക എന്നതിലുപരി, പരിസ്ഥിതിയും സമൂഹവും മെച്ചപ്പെടുന്ന തരത്തിലുള്ള ടൂറിസം എന്നതാണ് പുതിയ സമീപനം. കാർബൺ ന്യൂട്രാലിറ്റി, ജൈവവൈവിധ്യ സംരക്ഷണം, പുനരുപയോഗ ഊർജം, പ്രാദേശിക ഭക്ഷ്യശൃംഖലകൾ എന്നിവ ടൂറിസം നയത്തിന്റെ കേന്ദ്രത്തിലേക്ക് വരണം .

"കാണുക" എന്നതിൽ നിന്ന് "അനുഭവിക്കുക" എന്നതിലേക്കുള്ള മാറ്റമാണ് കേരള ടൂറിസത്തിന്റെ ഭാവി. ഗ്രാമീണ ജീവിതാനുഭവങ്ങൾ, കാർഷിക ടൂറിസം, മഴക്കാല ടൂറിസം, സാഹിത്യ-സാംസ്കാരിക സർക്യൂട്ടുകൾ, ഭക്ഷണപാതകൾ, ഫെസ്റ്റിവലുകൾ -- ഇവയെല്ലാം ഡെസ്റ്റിനേഷൻ കേന്ദ്രീകൃത ടൂറിസത്തിൽ നിന്ന് അനുഭവ കേന്ദ്രീകൃത ടൂറിസത്തിലേക്കുള്ള വഴികളാണ്. ഈ മാറ്റം ടൂറിസത്തെ ജനകീയ വികസന ഉപകരണമായി മാറ്റാനുള്ള സാധ്യത തുറക്കുന്നു. ഒരേ സമയം തൊഴിൽ സൃഷ്ടിയും സാംസ്കാരിക സംരക്ഷണവും സാധ്യമാക്കുന്ന ഈ മാതൃകയാണ് കേരളത്തിന്റെ ഭാവി ശക്തി.

II
അടിസ്ഥാന ടൂറിസം സൗകര്യങ്ങളുടെ വിപുലീകരണം

ടൂറിസം സാധാരണയായി പ്രകൃതിസൗന്ദര്യത്തോടും സാംസ്കാരിക ആകർഷണങ്ങളോടുമാണ് ബന്ധപ്പെടുത്തി കാണപ്പെടുന്നത്. എന്നാൽ, ഒരു ടൂറിസം ഡെസ്റ്റിനേഷൻ യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമാകുന്നത് അതിന്റെ അടിസ്ഥാന സൗകര്യങ്ങളിലൂടെയാണ്. റോഡുകൾ, ഗതാഗത സംവിധാനങ്ങൾ, താമസ സൗകര്യങ്ങൾ, ശുചിത്വം, സുരക്ഷ, വിവരലഭ്യത, ഡിജിറ്റൽ കണക്റ്റിവിറ്റി എന്നിവയൊക്കെയാണ് സഞ്ചാരിയുടെ അനുഭവത്തെ രൂപപ്പെടുത്തുന്ന അദൃശ്യ ഘടകങ്ങൾ. കേരളത്തിന്റെ സാഹചര്യത്തിൽ ഇത് കൂടുതൽ പ്രാധാന്യമർഹിക്കുന്നു, കാരണം സംസ്ഥാനത്തിന്റെ ഭൂപ്രകൃതി വൈവിധ്യപൂർണ്ണവും പല പ്രദേശങ്ങളും പരിസ്ഥിതിപരമായി അതീവ സംവേദനക്ഷമവുമാണ്. ഈ സാഹചര്യത്തിൽ, അടിസ്ഥാന സൗകര്യ വികസനം വെറും കെട്ടിടനിർമാണമോ ഗതാഗത വികസനമോ മാത്രമല്ല; മറിച്ച്, പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്ന, മനുഷ്യകേന്ദ്രിതവും ദീർഘകാല പരവുമായ വികസന സമീപനമാണ്.

ഗതാഗത സൗകര്യങ്ങൾ

ഗതാഗത സൗകര്യങ്ങളാണ് ടൂറിസം അടിസ്ഥാന സൗകര്യങ്ങളുടെ ആദ്യ പാളി. ഒരു വിനോദസഞ്ചാര കേന്ദ്രത്തിലേക്കുള്ള യാത്ര എത്രത്തോളം സുഗമവും സുരക്ഷിതവുമാണെന്നതാണ് ഒരു ഡെസ്റ്റിനേഷന്റെ ആകർഷണത്തെ നിർണയിക്കുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്ര ബുദ്ധിമുട്ടുള്ളതാണെങ്കിൽ, ഏറ്റവും മനോഹരമായ സ്ഥലങ്ങളും ആകർഷണം നഷ്ടപ്പെടും.

കേരളത്തിൽ, ടൂറിസം കേന്ദ്രങ്ങൾ നഗരങ്ങളിൽ മാത്രം ഒതുങ്ങാതെ ഗ്രാമീണ, തീരദേശ, മലനാടൻ മേഖലകളിലായി വ്യാപിച്ചുകിടക്കുന്നതിനാൽ, ലാസ്റ്റ് മൈൽ കണക്റ്റിവിറ്റിക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ഡിസൈൻ ചെയ്ത റോഡുകൾ, പൊതു ഗതാഗത സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ, റെയിൽവേ–റോഡ്–ജലഗതാഗത സംയോജനം, ഹെലിപാഡുകൾ, സീപ്ലെയിൻ സൗകര്യങ്ങൾ എന്നിവ ടൂറിസം വികസനത്തിന്റെ ഭാഗമാകണം. എന്നാൽ, ഈ വികസനം നിയന്ത്രണമില്ലാത്തതായാൽ പരിസ്ഥിതിക്ക് ദോഷകരമാകും. അതിനാൽ, ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ ക്യാരിയിംഗ് കപ്പാസിറ്റി, കാലാവസ്ഥാ പ്രതിരോധം, കാർബൺ ഉത്സർജനം കുറയ്ക്കൽ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ആസൂത്രണം ചെയ്യേണ്ടതാണ്.

ജലപാതകളും തുറമുഖങ്ങളും: കേരളത്തിന്റെ ഏറ്റവും വലിയ സവിശേഷതകളിലൊന്നാണ് അതിന്റെ ജലശൃംഖല. കായലുകളും കനാലുകളും നദികളും ഉൾപ്പെടുന്ന ഈ ശൃംഖല ടൂറിസത്തിനായി കൂടുതൽ ഉപയോഗപ്പെടുത്താൻ കഴിയും. അതിനാൽ ഉൾനാടൻ ജലപാതകളുടെ നവീകരണം, ഫെറി ടെർമിനലുകൾ, മറീനകളും ക്രൂയിസ് ടെർമിനലുകളും, ഡാമുകളിൽ സീപ്ലെയിൻ സ്റ്റേഷനുകൾ, ഇവയെല്ലാം ലക്ഷറി ടൂറിസം മാത്രമല്ല, സുസ്ഥിര ഗതാഗത മാർഗങ്ങളും സൃഷ്ടിക്കുന്നു.

പൊതു പശ്ചാത്തല സൗകര്യങ്ങൾ

അടിസ്ഥാന സൗകര്യങ്ങളുടെ മറ്റൊരു നിർണായക വശം പൊതു പശ്ചാത്തല സൗകര്യങ്ങളാണ്. ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ, ശുദ്ധജല ലഭ്യത, മാലിന്യ സംസ്കരണ സംവിധാനം, സുരക്ഷാ സംവിധാനങ്ങൾ, സൈൻബോർഡുകൾ, ഇൻഫർമേഷൻ കിയോസ്കുകൾ, ഡിജിറ്റൽ കണക്റ്റിവിറ്റി എന്നിവ സഞ്ചാരിയുടെ അനുഭവത്തെ നേരിട്ട് സ്വാധീനിക്കുന്നു. പലപ്പോഴും, മനോഹരമായ ഒരു ഡെസ്റ്റിനേഷന്റെ മൂല്യം കുറയുന്നത് ഈ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത മൂലമാണ്. കേരളത്തിന്റെ ഭാവി ടൂറിസം നയത്തിൽ, ഈ സൗകര്യങ്ങളെ ഒറ്റപ്പെട്ട ഘടകങ്ങളായി കാണാതെ, ഡെസ്റ്റിനേഷൻ മാനേജ്മെന്റിന്റെ ഭാഗമായ ഒരു സമഗ്ര സംവിധാനമായി കാണേണ്ടതുണ്ട്. അതേസമയം, പ്രാദേശിക വസ്തുക്കളും പരമ്പരാഗത രൂപകൽപ്പനയും ഉൾക്കൊള്ളുന്ന സൗന്ദര്യാത്മക ഡിസൈൻ സമീപനം സ്വീകരിച്ചാൽ, അടിസ്ഥാന സൗകര്യങ്ങൾ വെറും ഉപയോഗസാധനങ്ങളല്ല, മറിച്ച് ഡെസ്റ്റിനേഷന്റെ സ്വഭാവവും കഥയും പറയുന്ന പൊതു ഇടങ്ങളായി മാറും. ഇത്തരമൊരു സമീപനമാണ് കേരള ടൂറിസത്തെ ഗുണനിലവാരത്തിലും അനുഭവമൂല്യത്തിലും പുതിയ ഉയരത്തിലേക്ക് നയിക്കാൻ കഴിയുക.

ഇടനാഴി (Corridor) സമീപനം

കേരളം 2031 ലേക്ക് മുന്നോട്ടുവയ്ക്കുന്ന ഏറ്റവും നൂതന ആശയങ്ങളിലൊന്നാണ് ഇടനാഴി വികസനം. ടൂറിസം കേന്ദ്രങ്ങളെ ഒറ്റപ്പെട്ട "സ്പോട്ടുകൾ" ആയി കാണാതെ, അനുഭവ പാതകളായി കാണുന്ന സമീപനമാണിത്. ഒരു ബീച്ച്, ഒരു മലനാട്, ഒരു കായൽ പ്രദേശം എന്നിങ്ങനെ ഓരോ സ്ഥലവും സ്വതന്ത്ര യൂണിറ്റുകളായി വികസിപ്പിക്കപ്പെടുകയും, അവ തമ്മിലുള്ള ബന്ധവും യാത്രാനുഭവത്തിന്റെ തുടർച്ചയും അവഗണിക്കപ്പെടുകയും ചെയ്തു. ഇടനാഴി സമീപനം ഈ ചിന്താഗതിയെ പൂർണമായി മാറ്റുന്നു. ടൂറിസം കേന്ദ്രങ്ങളെ ഒറ്റപ്പെട്ട ദ്വീപുകളായി കാണുന്നതിന് പകരം, പരസ്പരം ബന്ധിപ്പിച്ച അനുഭവ പാതകളായി കാണുകയാണ് ഈ സമീപനം. യാത്ര എന്നത് ഒരു പോയിന്റിൽ നിന്ന് മറ്റൊരു പോയിന്റിലേക്കുള്ള നീക്കമല്ല, മറിച്ച് വഴിയിലുടനീളം അനുഭവപ്പെടുന്ന ജീവിതവും സംസ്കാരവും പ്രകൃതിയും ആകണം എന്ന ബോധ്യമാണ് ഇതിന്റെ അടിത്തറ.

ഇടനാഴി സമീപനം ടൂറിസം വികസനത്തിന് ഭൗമശാസ്ത്രപരവും സാമ്പത്തികവുമായ പുതിയ സമതുലിതത്വം സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ മാത്രം നിക്ഷേപവും തിരക്കുമുണ്ടാകുന്ന പ്രവണത കുറച്ച്, സമീപ പ്രദേശങ്ങളിലേക്കും ഉൾപ്രദേശങ്ങളിലേക്കും ടൂറിസത്തിന്റെ ഗുണഫലങ്ങൾ വ്യാപിപ്പിക്കാൻ ഇത് സഹായിക്കുന്നു. ഉദാഹരണത്തിന്, ഒരു തീരദേശ ഇടനാഴി വെറും ബീച്ചുകളെ മാത്രമല്ല, മത്സ്യബന്ധന ഗ്രാമങ്ങൾ, തുറമുഖ നഗരങ്ങൾ, തീരദേശ ഭക്ഷണ സംസ്കാരം, കരകൗശല വിപണികൾ, ചരിത്ര സ്മൃതികൾ എന്നിവയെല്ലാം ഒരേ അനുഭവ ശൃംഖലയിലാക്കി മാറ്റുന്നു. അതുപോലെ, ജലപാത ഇടനാഴികൾ കായൽ ടൂറിസത്തെ ഹൗസ് ബോട്ടുകളിൽ ഒതുക്കാതെ, കർഷകജീവിതം, നെൽകൃഷി, മത്സ്യബന്ധനം, നാട്ടുവഴികൾ, പ്രാദേശിക ഉത്സവങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്നു. ഇതിലൂടെ ടൂറിസം ഒരു സ്ഥലത്തെ മാത്രം ഉപയോഗിക്കുന്ന പ്രവർത്തനമായി മാറാതെ, ഒരു പ്രദേശത്തിന്റെ സമഗ്ര സാമ്പത്തിക–സാംസ്കാരിക ചലനമായി മാറുന്നു.

അതേസമയം, ഇടനാഴി സമീപനം സുസ്ഥിരതയുടെ കാഴ്ചപ്പാടിൽ നിന്നും ഏറെ പ്രസക്തമാണ്. അമിത ടൂറിസവും സീസണൽ തിരക്കുമാണ് കേരളം ഉൾപ്പെടെയുള്ള പല ഡെസ്റ്റിനേഷനുകളും നേരിടുന്ന പ്രധാന വെല്ലുവിളി. ഒരേ സമയത്ത് ഒരേ സ്ഥലത്ത് അമിതമായി സഞ്ചാരികൾ എത്തുമ്പോൾ, പരിസ്ഥിതിയും പ്രാദേശിക ജീവിതവും സമ്മർദ്ദത്തിലാകുന്നു. ഇടനാഴി വികസനം ഈ സമ്മർദ്ദം സ്ഥലപരമായും

സമയപരമായും പുനർവിതരിക്കാൻ സഹായിക്കുന്നു. വ്യത്യസ്ത ഇടനാഴികളിൽ വ്യത്യസ്ത അനുഭവങ്ങൾ വികസിപ്പിക്കുമ്പോൾ, സഞ്ചാരികളുടെ ഒഴുക്ക് വ്യാപിക്കുകയും, ഒരേ കേന്ദ്രത്തിലേക്കുള്ള അമിത ആശ്രയം കുറയുകയും ചെയ്യും. കൂടാതെ, ഗതാഗതം, താമസം, സേവനങ്ങൾ, സുരക്ഷ, മാലിന്യസംസ്കരണം എന്നിവയെ ഇടനാഴി അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യാൻ കഴിയുന്നതിനാൽ, ടൂറിസം മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമവും നിയന്ത്രിതവുമാകും. ഈ അർത്ഥത്തിൽ, ഇടനാഴി സമീപനം കേരള ടൂറിസത്തിന്റെ ഭാവിയെ കാഴ്ചകേന്ദ്രിത വികസനത്തിൽ നിന്ന് അനുഭവകേന്ദ്രിതവും നിയന്ത്രിതവുമായ സുസ്ഥിര വികസനത്തിലേക്ക് നയിക്കുന്ന ഒരു അടിസ്ഥാന തന്ത്രമായി മാറുന്നു.

- തീരദേശ ഇടനാഴി – ക്രൂയിസ് & സംസ്കാരം: കേരളത്തിന്റെ തീരദേശം വെറും ബീച്ചുകളുടെ കൂട്ടമല്ല. മത്സ്യബന്ധന ജീവിതം, തീരദേശ ഭക്ഷണ സംസ്കാരം, കടൽപാരമ്പര്യങ്ങൾ, തുറമുഖ നഗരങ്ങൾ – ഇവയെല്ലാം ഉൾക്കൊള്ളുന്ന സാംസ്കാരിക–സമുദ്ര ഇടനാഴിവികസിപ്പിക്കാനാണ് ലക്ഷ്യം.
- ജലപാത ഇടനാഴി – കായൽ ജീവിതം: ഹൗസ് ബോട്ടുകൾക്ക് അപ്പുറത്തേക്ക് നീളുന്ന ഒരു കായൽ ടൂറിസമാണ് ഇവിടെ ലക്ഷ്യമിടുന്നത്. കർഷക ജീവിതം, നെൽകൃഷി, മത്സ്യബന്ധനം, നാട്ടുവഴികൾ, കായൽ ഉത്സവങ്ങൾ -- ഇതെല്ലാം അനുഭവമായി മാറ്റുക.
- ഹിൽ ഹൈവേ ഇടനാഴി - മലനാടൻ അനുഭവങ്ങൾ: മലനാടൻ പ്രദേശങ്ങൾ ടൂറിസത്തിന്റെ വലിയ സാധ്യതകളാണ്. എന്നാൽ, അതീവ പരിസ്ഥിതി സംവേദനക്ഷമതയുള്ള മേഖലകളായതിനാൽ ക്യാരിയിംഗ് കപ്പാസിറ്റി അടിസ്ഥാനമാക്കിയുള്ള വികസനമാണ് ഇവിടെ നിർബന്ധം. കാരവൻ റൂട്ടുകൾ, ട്രെക്കിംഗ് പാതകൾ, ഹോം സ്റ്റേകൾ, കൃഷിയനുഭവങ്ങൾ എന്നിവയാകും കേന്ദ്രം.
- ദേശീയപാത & റെയിൽവേ ഇടനാഴികൾ: ദേശീയപാതകളും റെയിൽവേയും കേരളത്തിലൂടെ കടന്നുപോകുന്ന വെറും ഗതാഗത പാതകളല്ല; അവ ടൂറിസം പ്രവേശന കവാടങ്ങളായി മാറണം. വിസ്റ്റാ ഡോം ട്രെയിനുകൾ, ഹൈവേ സൗകര്യ കേന്ദ്രങ്ങൾ, ഫുഡ് കോർട്ടുകൾ, ക്രാഫ്റ്റ് മാർക്കറ്റുകൾ എന്നിവ ഈ ഇടനാഴികളിൽ ഉൾപ്പെടും.

III
ടൂറിസം മാനേജ്മെന്റ്

ഡെസ്റ്റിനേഷൻ മാനേജ്മെന്റ്

ഒരു ടൂറിസം ഡെസ്റ്റിനേഷന്റെ വിജയം പദ്ധതികളുടെ എണ്ണം കൊണ്ടോ നിക്ഷേപത്തിന്റെ വലുപ്പം കൊണ്ടോ മാത്രം അളക്കാൻ കഴിയുന്ന കാര്യമല്ല. ദീർഘകാലത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം നിലനിൽക്കുന്നതും ആകർഷകമായി തുടരുന്നതും നിരന്തരവും സുസ്ഥിരവുമായ മാനേജ്മെന്റിനെയാണ് ആശ്രയിക്കുന്നത്. കേരളത്തിലെ ടൂറിസം വികസന അനുഭവം പരിശോധിക്കുമ്പോൾ, പദ്ധതികൾ ആരംഭിക്കുന്നതിൽ സംസ്ഥാനത്തിന് ശക്തിയുണ്ടായിരുന്നുവെങ്കിലും, അവയുടെ തുടർപരിപാലനത്തിലും ഏകോപിതമായ ഭരണത്തിലും പലപ്പോഴും ദൗർബല്യങ്ങൾ പ്രകടമായിട്ടുണ്ട്. ഇതാണ് ടൂറിസം കേന്ദ്രങ്ങൾ കാലക്രമേണ തിരക്കേറിയതും പരിസ്ഥിതി–സാമൂഹിക സമ്മർദ്ദങ്ങൾ നേരിടുന്നതുമായ സാഹചര്യങ്ങളിലേക്ക് മാറാൻ കാരണമായത്. ഈ പശ്ചാത്തലത്തിലാണ്, Tourism Mission 2031 ഡെസ്റ്റിനേഷൻ മാനേജ്മെന്റ് എന്ന ആശയത്തെ ടൂറിസം ഭരണത്തിന്റെ കേന്ദ്രത്തിലേക്ക് കൊണ്ടുവരുന്നത്. ഇവിടെ ടൂറിസം വികസനം ഒരുതവണ നടപ്പാക്കുന്ന പദ്ധതിയല്ല; മറിച്ച്, പദ്ധതി–പരിപാലനം–നിയന്ത്രണം–പരിഷ്കാരം എന്ന തുടർച്ചയായ പ്രക്രിയയായി അത് പുനർനിർവചിക്കപ്പെടുന്നു.

ഡെസ്റ്റിനേഷൻ മാനേജ്മെന്റിന്റെ പ്രായോഗിക രൂപമാണ് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സെല്ലുകൾ (Destination Management Cells – DMCs). ഒരു ടൂറിസം സർക്യൂട്ടിലോ ഡെസ്റ്റിനേഷനിലോ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിക്കുന്ന ഭരണഘടകങ്ങളായാണ് ഈ സെല്ലുകൾ രൂപകൽപ്പന ചെയ്യപ്പെടുന്നത്. ടൂറിസം വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വനം–പരിസ്ഥിതി വകുപ്പ്, ഗതാഗത ഏജൻസികൾ, പൊലീസ്, ആരോഗ്യ വിഭാഗം, സ്വകാര്യ മേഖല, പ്രാദേശിക സമൂഹ പ്രതിനിധികൾ എന്നിവയെ ഒരേ വേദിയിൽ കൊണ്ടുവരുന്ന ഇന്റർ-സെക്ടറൽ ഭരണ സംവിധാനം എന്ന നിലയിലാണ് DMCകളുടെ പ്രാധാന്യം. മാസ്റ്റർ പ്ലാനിംഗ്, ക്യാരിയിംഗ് കപ്പാസിറ്റി നിർണ്ണയം, അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം, ഗുണനിലവാര നിയന്ത്രണം, സുരക്ഷ, അടിയന്തിര സാഹചര്യ പ്രതികരണം എന്നിവയെല്ലാം ഈ സെല്ലുകളുടെ ഉത്തരവാദിത്തമായി മാറുമ്പോൾ, ടൂറിസം ഭരണകൂടം വകുപ്പ് കേന്ദ്രീകൃതതയിൽ നിന്ന് ഡെസ്റ്റിനേഷൻ കേന്ദ്രീകൃതതയിലേക്ക്മാറുന്ന ഒരു ഘടനാപരമായ മാറ്റം സംഭവിക്കുന്നു.

ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സമീപനത്തിന്റെ ഏറ്റവും വലിയ സംഭാവന, ടൂറിസം ഭരണത്തെ കേന്ദ്രവൽക്കരണത്തിൽ നിന്ന് പ്രാദേശികതയിലേക്ക് മാറ്റുന്ന ശേഷിയിലാണ്. പ്രാദേശിക സമൂഹങ്ങളും തദ്ദേശ ഭരണകൂടങ്ങളും തീരുമാന പ്രക്രിയയിൽ പങ്കാളികളാകുമ്പോൾ, ടൂറിസം വികസനം കൂടുതൽ സാമൂഹികമായി അംഗീകരിക്കപ്പെടുകയും, സംഘർഷങ്ങൾ കുറയുകയും, പരിസ്ഥിതി സംരക്ഷണത്തിന് യഥാർത്ഥ പിന്തുണ ലഭിക്കുകയും ചെയ്യുന്നു. ഒരേസമയം, ഡാറ്റ അധിഷ്ഠിത നിരീക്ഷണ സംവിധാനങ്ങളിലൂടെ തിരക്ക് നിയന്ത്രണം, സീസണാലിറ്റി മാനേജ്മെന്റ്, ഓവർ-ടൂറിസം തടയൽ എന്നിവ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും. ഈ അർത്ഥത്തിൽ, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് വെറും ഒരു ഭരണപരിഷ്കാരമല്ല; അത് ടൂറിസത്തെ ജനാധിപത്യപരവും

സുസ്ഥിരവുമായ വികസന പ്രക്രിയയാക്കി മാറ്റുന്ന ഭരണദർശനമാണ്.

ഡിസൈൻ നയം: സൗന്ദര്യം, പ്രവർത്തനം, സുസ്ഥിരത

ടൂറിസം അനുഭവം കാഴ്ചകളിലും കേന്ദ്രങ്ങളിലുമാത്രം ഒതുങ്ങുന്നതല്ല; ഒരു സഞ്ചാരി ഒരു സ്ഥലത്തെ എങ്ങനെ അനുഭവിക്കുന്നു എന്നത് അവിടത്തെ പൊതു ഇടങ്ങളുടെ രൂപകൽപ്പനയിലൂടെയാണ്നിർണയിക്കപ്പെടുന്നത്. റോഡുകൾ, നടപ്പാതകൾ, ബസ് സ്റ്റോപ്പുകൾ, ശൗചാലയങ്ങൾ, സൈൻ ബോർഡുകൾ, ഇൻഫർമേഷൻ കിയോസ്കുകൾ, പൊതുസ്ഥലങ്ങൾ—ഇവയെല്ലാം ചേർന്നാണ് ഒരു ഡെസ്റ്റിനേഷന്റെ ആദ്യവും ദീർഘകാലവുമായ പ്രതിച്ഛായ രൂപപ്പെടുന്നത്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ ടൂറിസം വികസനത്തിൽ ഡിസൈൻ നയത്തിന് നിർണായകമായ സ്ഥാനമുണ്ടാകുന്നത്. സൗന്ദര്യം എന്നത് ഇവിടെ അലങ്കാരമാത്രമല്ല; അത് പ്രവർത്തനക്ഷമതയോടും ഉപയോക്തൃ സൗകര്യങ്ങളോടും ചേർന്ന ഒരു സാമൂഹിക മൂല്യമാണ്. ശരിയായ ഡിസൈൻ, സഞ്ചാരിക്ക് വഴികാട്ടിയാകുന്നതിനൊപ്പം, പ്രാദേശിക ജനങ്ങൾക്ക് അവരുടെ ഇടങ്ങളോടുള്ള അഭിമാനവും ഉടമസ്ഥതാ ബോധവും വളർത്തുന്നു.

കേരളം പോലുള്ള പരിസ്ഥിതി–സാംസ്കാരികമായി സംവേദനക്ഷമമായ ഒരു സംസ്ഥാനത്ത്, ടൂറിസം അടിസ്ഥാന സൗകര്യങ്ങളുടെ രൂപകൽപ്പന സുസ്ഥിരതയുടെ മാനദണ്ഡങ്ങളോട് ചേർന്നായിരിക്കണം. തീരദേശങ്ങൾ, മലനാടുകൾ, കായൽ പ്രദേശങ്ങൾ, പൈതൃക കേന്ദ്രങ്ങൾ—ഓരോ ഭൂപ്രകൃതിക്കും അതിന്റേതായ രൂപകൽപ്പനാ ഭാഷ ആവശ്യമാണ്. ഒരേ മാതൃക എല്ലായിടത്തും പകർത്തുന്ന കോൺക്രീറ്റ് സമീപനത്തിന് പകരം, പ്രാദേശിക വസ്തുക്കൾ, പരമ്പരാഗത നിർമ്മാണ ശൈലികൾ, കാലാവസ്ഥയ്ക്ക് അനുയോജ്യമായ രൂപകൽപ്പന, ഊർജക്ഷമത എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഡിസൈൻ വേണം. ഇത്തരത്തിലുള്ള സമീപനം പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനൊപ്പം, സ്ഥലത്തിന്റെ സാംസ്കാരിക തിരിച്ചറിയൽ ശക്തിപ്പെടുത്തുകയും, ടൂറിസം അനുഭവത്തെ കൂടുതൽ ആധികാരികമാക്കുകയും ചെയ്യും. ഡിസൈൻ നയം ഇവിടെ ഒരു സാങ്കേതിക മാർഗ്ഗരേഖ മാത്രമല്ല; അത് പരിസ്ഥിതിയോടും സംസ്കാരത്തോടും മനുഷ്യജീവിതത്തോടും പുലർത്തുന്ന സമീപനത്തിന്റെ പ്രകടനമാണ്.

അതോടൊപ്പം, ഡിസൈൻ നയത്തിന്റെ പ്രാധാന്യം അതിന്റെ സ്ഥാപനവൽക്കരണത്തിലാണ്. നയരേഖകളിൽ മാത്രം ഒതുങ്ങുന്ന രൂപകൽപ്പനാ ആശയങ്ങൾ യാഥാർത്ഥ്യത്തിൽ ഫലപ്രദമാകണമെങ്കിൽ, നിർബന്ധിത ഡിസൈൻ ഓഡിറ്റുകൾ, സംസ്ഥാന–ജില്ലാതലത്തിലുള്ള ഡിസൈൻ സെല്ലുകൾ, പൊതു സൗകര്യങ്ങൾക്ക് ഏകീകൃതമായെങ്കിലും പ്രാദേശികമായി വഴക്കമുള്ള ഡിസൈൻ മാനദണ്ഡങ്ങൾ എന്നിവ ആവശ്യമാണ്. ടൂറിസം വികസന പദ്ധതികളിൽ ഡിസൈൻ ഒരു അവസാനം ചേർക്കുന്ന ഘടകമല്ല, മറിച്ച് തുടക്കത്തിൽ തന്നെ ഉൾപ്പെടുത്തേണ്ട കേന്ദ്ര ഘടകമായിരിക്കണം. അങ്ങനെ വരുമ്പോൾ, ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വെറും ഉപയോഗസൗകര്യങ്ങളായി മാത്രം നിലനിൽക്കാതെ, സാമൂഹിക ഇടപെടലുകളും സാംസ്കാരിക അനുഭവങ്ങളും സൃഷ്ടിക്കുന്ന പൊതുഇടങ്ങളായി മാറും. ഈ അർത്ഥത്തിൽ, ഡിസൈൻ നയം കേരള ടൂറിസത്തിന്റെ ഗുണനിലവാരം ഉയർത്തുന്ന ഒരു ഉപാധി മാത്രമല്ല; അത് ടൂറിസത്തെ കൂടുതൽ മാനുഷികവും സുസ്ഥിരവും ജനകീയവുമായ വികസനപാതയിലേക്ക് നയിക്കുന്ന ശക്തമായ ഉപകരണമാണ്.

മാർക്കറ്റിംഗ്/ബ്രാൻഡിംഗ്: "കേരളം" എന്ന ആശയം

കേരള ടൂറിസത്തിന്റെ മാർക്കറ്റിംഗ് സമീപനം മറ്റു പല വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിന്നുമുള്ള അടിസ്ഥാനപരമായ വ്യത്യാസം പുലർത്തുന്നത്, അത് വെറും സ്ഥലങ്ങളുടെ പരസ്യം എന്ന നിലയിൽ നിൽക്കാതെ, "കേരളം" എന്ന സമഗ്ര അനുഭവത്തെ ഒരു ആശയമായി (idea) വിപണനം ചെയ്യുന്നു എന്നതിലാണ്. ഇവിടെ ബ്രാൻഡിംഗ് എന്നത് ലോഗോകളിലോ മുദ്രാവാക്യങ്ങളിലോ ഒതുങ്ങുന്നില്ല; മറിച്ച്, പ്രകൃതി, സംസ്കാരം, മനുഷ്യബന്ധങ്ങൾ, ഭക്ഷണം, കല, ജീവിതശൈലി എന്നിവയെ ഒരുമിച്ച് ചേർത്ത ഒരു ജീവിതാനുഭവ വാഗ്ദാനംആകുന്നു. "God's Own Country" എന്ന ആശയം ഈ അർത്ഥത്തിൽ ഒരു പരസ്യവാക്യത്തിലുപരി, കേരളം ലോകത്തോട് പറയുന്ന സാംസ്കാരിക–മനുഷ്യകേന്ദ്രിത കഥയാണ്. ഈ കഥയുടെ ശക്തി, കേരളത്തെ ഒറ്റപ്പെട്ട ഡെസ്റ്റിനേഷനുകളുടെ കൂട്ടമായി അല്ല, മറിച്ച് ഒരൊറ്റ യാത്രയിൽ തന്നെ പല അനുഭവങ്ങൾ നൽകുന്ന ഭൂമിശാസ്ത്ര–സാംസ്കാരിക ഘടകമായി അവതരിപ്പിക്കുന്നതിലാണു നിൽക്കുന്നത്.

ഭാവിയിലെ മാർക്കറ്റിംഗ് തന്ത്രങ്ങളിൽ, "എവിടേക്ക് വരണം?" എന്ന ചോദ്യത്തേക്കാൾ പ്രധാനമാകുന്നത് "എന്ത് അനുഭവമാണ് ഇവിടെ ലഭിക്കുന്നത്?" എന്ന ചോദ്യമായിരിക്കും. ഈ മാറ്റമാണ് കേരള ടൂറിസത്തിന്റെ ബ്രാൻഡിംഗിനെ കൂടുതൽ ആഴമുള്ളതാക്കുന്നത്. മഴക്കാല ടൂറിസം, വെൽനെസ്–ആയുർവേദം, സ്ലോ ടൂറിസം, ദീർഘകാല താമസം, ഗ്രാമീണ ജീവിതാനുഭവങ്ങൾ, ഭക്ഷണപാതകൾ, സാംസ്കാരിക ഉത്സവങ്ങൾ എന്നിവയെല്ലാം ചേർന്ന്, കേരളത്തെ വർഷം മുഴുവൻ മൂല്യമുള്ള ഒരു അനുഭവഭൂമിയായി പുനർനിർവചിക്കാനുള്ള സാധ്യത തുറക്കുന്നു. ഇതോടെ മാർക്കറ്റിംഗ് തന്ത്രം സീസണൽ പ്രചാരണങ്ങളിൽ നിന്ന് മാറി, ജീവിതശൈലി അടിസ്ഥാനമാക്കിയ ബ്രാൻഡിംഗിലേക്കുള്ള പരിവർത്തനം കൈവരിക്കുന്നു. ഈ സമീപനം, ഉയർന്ന മൂല്യമുള്ള, ദീർഘകാലം താമസിക്കുന്ന, പരിസ്ഥിതിയോടും സമൂഹത്തോടും കൂടുതൽ ബന്ധം പുലർത്തുന്ന സഞ്ചാരികളെ ആകർഷിക്കാൻ കേരളത്തെ സഹായിക്കുന്നു.

അതോടൊപ്പം, ഭാവിയിലെ മാർക്കറ്റിംഗ് കൂടുതൽ കൂടുതൽ ഡിജിറ്റൽ സ്റ്റോറി ടെല്ലിങ്ങിലേക്കാണ് മാറുന്നത്. പരസ്യചിത്രങ്ങളോ ബ്രോഷറുകളോ മാത്രം മതിയാകാത്ത കാലമാണിത്; പ്രാദേശിക മനുഷ്യരുടെ ജീവിതകഥകൾ, കർഷകരുടെയും കലാകാരൻമാരുടെയും അനുഭവങ്ങൾ, ഭക്ഷണത്തിന്റെ ഉറവിടങ്ങൾ, ഗ്രാമങ്ങളുടെ ദിനചര്യ, ഉത്സവങ്ങളുടെ ഉള്ളടക്കം – ഇവയെല്ലാം സഞ്ചാരിക്ക് മുമ്പിൽ അവതരിപ്പിക്കുന്നതാണ് പുതിയ ബ്രാൻഡിംഗ് ഭാഷ. സോഷ്യൽ മീഡിയ, വെർച്വൽ ടൂറുകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവ വഴി "കേരളം" എന്ന ആശയം ഒരു കാണാവുന്ന സ്ഥലത്തിൽ നിന്ന് അനുഭവിക്കാവുന്ന ജീവിതത്തിലേക്ക് മാറുന്നു. ഇതുവഴി, ടൂറിസം മാർക്കറ്റിംഗ് വെറും സന്ദർശകരെ ക്ഷണിക്കുന്ന പ്രക്രിയയായി മാത്രമല്ല, ആധികാരികതയും വിശ്വാസവും നിർമ്മിക്കുന്ന ദീർഘകാല ബന്ധപ്രക്രിയയായി പരിണമിക്കുന്നു.

ഡിജിറ്റൽ ടൂറിസം: സാങ്കേതികവിദ്യ

ടൂറിസത്തിന്റെ ഭാവി നിർവചിക്കുന്നതിൽ ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഇന്ന് നിർണായക സ്ഥാനമാണ് കൈവരിച്ചിരിക്കുന്നത്. എന്നാൽ, കേരളത്തിന്റെ ടൂറിസം ദർശനത്തിൽ ഡിജിറ്റൽ പരിവർത്തനം ഒരു ലക്ഷ്യമായിഅല്ല, മറിച്ച് അനുഭവത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ഒരു ഉപകരണമായി മാത്രമാണ് കാണപ്പെടുന്നത്. ടൂറിസം എന്നത് മനുഷ്യബന്ധങ്ങളുടെയും സ്ഥലാനുഭവങ്ങളുടെയും മേഖലയായതിനാൽ, സാങ്കേതികവിദ്യ അവയെ മാറ്റി സ്ഥാപിക്കുകയല്ല, മറിച്ച് സൗകര്യപ്രദമാക്കുകയും ക്രമപ്പെടുത്തുകയും പിന്തുണയ്ക്കുകയും ചെയ്യുകയാണ് വേണ്ടത്. ഓൺലൈൻ ബുക്കിംഗ് പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ, വെർച്വൽ ടൂറുകൾ, മൾട്ടിലിംഗ്വൽ വിവര സംവിധാനങ്ങൾ, സ്മാർട്ട് സൈനേജുകൾ, മൊബൈൽ ആപ്പുകൾ എന്നിവ ടൂറിസം അനുഭവത്തിന്റെ ആദ്യഘട്ടം മുതൽ അവസാനഘട്ടം വരെ സഞ്ചാരിക്ക് ഒരു തുടർച്ചയായ, തടസ്സമില്ലാത്ത യാത്രാനുഭവം നൽകാൻ സഹായിക്കുന്നു. പ്രത്യേകിച്ച്, കേരളം പോലുള്ള വൈവിധ്യമാർന്ന ഡെസ്റ്റിനേഷനിൽ, ഡിജിറ്റൽ സംവിധാനങ്ങൾ സഞ്ചാരിയെ ശരിയായ സമയത്ത് ശരിയായ സ്ഥലത്തേക്ക് നയിക്കുന്ന ഒരു "അദൃശ്യ ഗൈഡ്" ആയി പ്രവർത്തിക്കുന്നു.

അതേസമയം, ഡിജിറ്റൽ ടൂറിസത്തിന്റെ ഏറ്റവും വലിയ സാധ്യത ടൂറിസം മാനേജ്മെന്റിന്റെ ആഴത്തിലുള്ള നവീകരണത്തിലാണ്. റിയൽ-ടൈം ഡാറ്റ ശേഖരണവും വിശകലനവും വഴി, സഞ്ചാരികളുടെ പ്രവണതകൾ, തിരക്കിന്റെ മാതൃകകൾ, സീസണൽ സമ്മർദ്ദങ്ങൾ, അടിസ്ഥാന സൗകര്യങ്ങളിലെ ഉപയോഗനിരക്കുകൾ എന്നിവ കൃത്യമായി മനസ്സിലാക്കാൻ കഴിയും. ഇതിലൂടെ, ഓവർ-ടൂറിസം ഒഴിവാക്കാനും, ക്യാരിയിംഗ് കപ്പാസിറ്റി അടിസ്ഥാനമാക്കിയുള്ള നിയന്ത്രണങ്ങൾ നടപ്പിലാക്കാനും, ഓഫ്-സീസൺ യാത്രകൾ പ്രോത്സാഹിപ്പിക്കാനും ഭരണകൂടങ്ങൾക്ക് സാധിക്കും. ഡിജിറ്റൽ ടിക്കറ്റ് സംവിധാനങ്ങൾ, സമയനിർണ്ണയ അടിസ്ഥാനത്തിലുള്ള പ്രവേശനം, തിരക്ക് മുന്നറിയിപ്പ് സംവിധാനങ്ങൾ, ഡിജിറ്റൽ ടൂറിസ്റ്റ് ഹെൽപ് സെന്ററുകൾ എന്നിവ ടൂറിസത്തെ പ്രതികരണാത്മകതയിൽ നിന്ന് മുൻകരുതലിലേക്കും, അശാസ്ത്രീയ നിയന്ത്രണങ്ങളിൽ നിന്ന് ഡാറ്റ അധിഷ്ഠിത തീരുമാനങ്ങളിലേക്കും മാറ്റുന്നു. ഈ അർത്ഥത്തിൽ, ഡിജിറ്റൽ ടൂറിസം കേരളത്തിന് വെറും ആധുനികതയുടെ അടയാളമല്ല; മറിച്ച്, സുസ്ഥിരതയും അനുഭവഗുണനിലവാരവും ഒരേസമയം ഉറപ്പാക്കുന്ന ഒരു ഭരണോപാധിയാണ്.

നയസംയോജനം:
ടൂറിസം ഒരു വകുപ്പിന്റെ മാത്രം കാര്യമല്ല

ടൂറിസം മേഖലയെ ഒരു ഒറ്റ വകുപ്പിന്റെ ഭരണപരിധിയിലൊതുക്കി കാണുന്ന സമീപനമാണ് കേരളത്തിൽ ഈ മേഖലയിലെ വികസനത്തെ പലപ്പോഴും പരിമിതപ്പെടുത്തിയിട്ടുള്ളത്. യാഥാർത്ഥത്തിൽ, ഒരു വിനോദസഞ്ചാരിയുടെ അനുഭവം ടൂറിസം വകുപ്പ് രൂപകൽപ്പന ചെയ്യുന്ന പദ്ധതികളിൽ മാത്രം നിന്ന് ഉദിക്കുന്നതല്ല; അത് ഗതാഗതം, പൊതുമരാമത്ത്, നഗര–ഗ്രാമവികസനം, വനം, പരിസ്ഥിതി, ജലവിഭവം, ആരോഗ്യം, ശുചിത്വം, സുരക്ഷ, തദ്ദേശസ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകളുടെ ഇടപെടലുകളുടെ സംയുക്തഫലമാണ്. ഒരു ടൂറിസം കേന്ദ്രത്തിലേക്കുള്ള റോഡിന്റെ നിലവാരം, അവിടത്തെ ശുചിത്വ സൗകര്യങ്ങൾ, മാലിന്യ സംസ്കരണ സംവിധാനം, പൊതുഇടങ്ങളുടെ പരിപാലനം, പ്രാദേശിക ഭരണകൂടത്തിന്റെ ഇടപെടൽ, പരിസ്ഥിതി സംരക്ഷണ ചട്ടങ്ങൾ എന്നിവയൊക്കെ ചേർന്നാണ് ഒരു സ്ഥലത്തിന്റെ ടൂറിസം ഗുണനിലവാരം നിർണയിക്കുന്നത്. അതിനാൽ, ടൂറിസം വികസനം വകുപ്പുതലത്തിലുള്ള ഒറ്റപ്പെട്ട പദ്ധതികളായി മുന്നോട്ടു പോകുമ്പോൾ, അനുഭവത്തിൽ അസംതൃപ്തിയും വിഭവ വിനിയോഗത്തിൽ ആവർത്തനവും ഭരണപരമായ അഴുക്കുകളും അനിവാര്യമായി ഉണ്ടാകുന്നു. ഈ പശ്ചാത്തലത്തിലാണ്, ടൂറിസത്തെ ഒരു ക്രോസ്-കട്ടിംഗ് വികസന വിഷയമായി കണ്ട്, എല്ലാ ബന്ധപ്പെട്ട വകുപ്പുകളുടെയും നയങ്ങളും പദ്ധതികളും പരസ്പരം സംയോജിപ്പിക്കുന്ന സമീപനം അനിവാര്യമാകുന്നത്.

ഇത്തരത്തിലുള്ള നയസംയോജനം പ്രാവർത്തികമാക്കുന്നതിന്, കേരളത്തിൽ ടൂറിസം ഭരണത്തിന്റെ ഘടന തന്നെ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ടൂറിസം ഡെസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ച് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സെല്ലുകൾ രൂപീകരിക്കുക, വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന് നിയമപരമായ അധികാരമുള്ള അന്തർവകുപ്പ് സമിതികൾ സ്ഥാപിക്കുക, പദ്ധതികളുടെ ആസൂത്രണ ഘട്ടം മുതൽ തന്നെ ടൂറിസം കാഴ്ചപ്പാട് ഉൾക്കൊള്ളുന്ന നിർബന്ധിത സംയോജന സംവിധാനങ്ങൾ കൊണ്ടുവരിക – ഇവയെല്ലാം നയസംയോജനത്തിന്റെ ഭാഗമായി വരണം. ഇതോടൊപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ തീരുമാനാധികാരവും ഉത്തരവാ

ദിത്തവും നൽകാതെ ടൂറിസം വികസനം ജനകീയമാകില്ല. പ്രാദേശിക ഭരണകൂടങ്ങൾ, സ്വകാര്യ മേഖല, സമൂഹ സംഘടനകൾ എന്നിവയെ ഒരേ ഭരണചട്ടക്കൂടിനുള്ളിൽ കൊണ്ടുവന്ന്, ടൂറിസത്തെ പ്രോജക്റ്റ് അധിഷ്ഠിത ഇടപെടലുകളിൽ നിന്ന് സിസ്റ്റം അധിഷ്ഠിത വികസനത്തിലേക്ക് മാറ്റുന്നതാണ് നയസംയോജനത്തിന്റെ യഥാർത്ഥ ലക്ഷ്യം. അങ്ങനെ സംഭവിക്കുമ്പോൾ മാത്രമേ ടൂറിസം ഒരു വകുപ്പിന്റെ ചുമതലയല്ല, മറിച്ച് സംസ്ഥാനത്തിന്റെ സമഗ്ര വികസന അജണ്ടയുടെ അവിഭാജ്യ ഘടകമായി പ്രവർത്തിക്കാൻ കഴിയൂ.

സ്വകാര്യ നിക്ഷേപവും പൊതുപങ്കാളിത്തവും

കേരളത്തിലെ ടൂറിസം മേഖലയിലെ ഭാവി വളർച്ചയെക്കുറിച്ച് ആലോചിക്കുമ്പോൾ, സർക്കാർ നിക്ഷേപം മാത്രം ആശ്രയിച്ചുള്ള വികസന മാതൃകയ്ക്ക് വ്യക്തമായ പരിധികളുണ്ടെന്ന് അംഗീകരിക്കേണ്ടതുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഉന്നത നിലവാരമുള്ള താമസസൗകര്യങ്ങൾ, അനുഭവാധിഷ്ഠിത ടൂറിസം ഉൽപ്പന്നങ്ങൾ, ഡിജിറ്റൽ സംവിധാനങ്ങൾ എന്നിവയെല്ലാം വലിയ മൂലധന നിക്ഷേപം ആവശ്യപ്പെടുന്ന മേഖലകളാണ്. ഈ പശ്ചാത്തലത്തിൽ, സ്വകാര്യ നിക്ഷേപം ടൂറിസം വളർച്ചയുടെ അനിവാര്യ ഘടകമായി മാറുന്നു. എന്നാൽ, കേരളത്തിന്റെ സാമൂഹിക–പരിസ്ഥിതി പ്രത്യേകതകൾ കണക്കിലെടുക്കാതെ നടക്കുന്ന നിയന്ത്രണമില്ലാത്ത സ്വകാര്യ നിക്ഷേപം, ദീർഘകാലത്തിൽ ടൂറിസം മേഖലയെ തന്നെ ദുർബലപ്പെടുത്തുമെന്ന അനുഭവബോധവും സംസ്ഥാനത്തിനുണ്ട്. അതിനാൽ, സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ തന്നെ, അത് സുസ്ഥിരതയും സാമൂഹിക ഉത്തരവാദിത്തവും ഉറപ്പാക്കുന്ന നയചട്ടക്കൂടിനുള്ളിൽ കൊണ്ടുവരേണ്ടതുണ്ട്.

ഈ സാഹചര്യത്തിലാണ് പൊതു–സ്വകാര്യ പങ്കാളിത്തം (Public–Private Partnership) കേരള ടൂറിസത്തിനായി പ്രസക്തമാകുന്നത്. പൊതുമേഖലയുടെ ദീർഘദർശനവും നിയന്ത്രണശേഷിയും, സ്വകാര്യ മേഖലയിലെ കാര്യക്ഷമതയും നവീകരണ ശേഷിയും ഒരുമിപ്പിക്കുന്ന മാതൃകയായാണ് PPP സമീപനം കാണേണ്ടത്. റോഡുകൾ, ജലഗതാഗത സൗകര്യങ്ങൾ, ടൂറിസ്റ്റ് സൗകര്യ കേന്ദ്രങ്ങൾ, കോൺവെൻഷൻ ഹാളുകൾ, ക്രൂയിസ് ടെർമിനലുകൾ, വെൽനെസ് കേന്ദ്രങ്ങൾ തുടങ്ങിയ മേഖലകളിൽ PPP മാതൃകയ്ക്ക് വലിയ സാധ്യതയുണ്ട്. എന്നാൽ, ഇത് വെറും ഇൻഫ്രാസ്ട്രക്ചർ ഫിനാൻസിംഗ് സംവിധാനമായി മാത്രം ചുരുക്കരുത്. മറിച്ച്, ഗുണനിലവാരം, വിലനിർണ്ണയം, പരിസ്ഥിതി മാനദണ്ഡങ്ങൾ, പ്രാദേശിക തൊഴിൽ എന്നിവയിൽ പൊതുമേഖലയ്ക്ക് വ്യക്തമായ നിയന്ത്രണവും മേൽനോട്ടവും ഉറപ്പാക്കുന്ന പങ്കാളിത്തമായിരിക്കണം ഇത്. അത്തരമൊരു സമീപനത്തിലൂടെയാണ് സ്വകാര്യ നിക്ഷേപം പൊതുതാൽപ്പര്യത്തിന് വിരുദ്ധമാകാതെ വികസനത്തിന് ഉപകാരപ്പെടുന്നത്.

അതേസമയം, ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപം വലിയ റിസോർട്ടുകളിലേക്കും കോർപ്പറേറ്റ് പദ്ധതികളിലേക്കും മാത്രമായി ചുരുങ്ങരുത് എന്നത് കേരളത്തിന്റെ വികസന ദർശനത്തിന്റെ പ്രധാന ഘടകമാണ്. ചെറുകിട സംരംഭങ്ങൾ, ഹോംസ്റ്റേകൾ, കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം, വനിതാ സംരംഭങ്ങൾ, സാമൂഹിക സംരംഭങ്ങൾ എന്നിവയ്ക്കും സമാന പ്രാധാന്യം നൽകുന്ന ഒരു നിക്ഷേപ പരിസ്ഥിതിയാണ് കേരളത്തിന് ആവശ്യമായത്. അതിനായി, ലളിതമായ അനുമതി സംവിധാനങ്ങൾ, സിംഗിൾ-വിൻഡോ ഫെസിലിറ്റേഷൻ, ക്രെഡിറ്റ്-ലിങ്ക്ഡ് ഫിനാൻസിംഗ്, റിസ്ക് പങ്കുവെക്കുന്ന ഗ്യാരന്റി സംവിധാനങ്ങൾ എന്നിവ അനിവാര്യമാണ്. ഇത്തരമൊരു സമതുലിത സമീപനത്തിലൂടെ മാത്രമേ സ്വകാര്യ നിക്ഷേപം കേരള ടൂറിസത്തിൽ സമ്പത്ത് സൃഷ്ടിക്കുന്നതോടൊപ്പം സാമൂഹിക ഉൾക്കൊള്ളലും പ്രാദേശിക വികസനവും ഉറപ്പാക്കുന്ന ശക്തിയായി മാറുകയുള്ളൂ.

IV
ടൂറിസത്തിന്റെ ചില സാമൂഹ്യ വശങ്ങൾ

സമൂഹം: ടൂറിസത്തിന്റെ കേന്ദ്രബിന്ദു

കേരള ടൂറിസത്തിന്റെ ദീർഘകാല സുസ്ഥിരതയും സാമൂഹിക അംഗീകാരവും നിർണയിക്കുന്ന ഏറ്റവും നിർണായക ഘടകം സമൂഹത്തിന്റെ കേന്ദ്രസ്ഥാനം തന്നെയാണ്. ലോകത്തെ പല ടൂറിസം ഡെസ്റ്റിനേഷനുകളിലും ടൂറിസം വികസനം പ്രാദേശിക സമൂഹങ്ങളെ മാറ്റിനിർത്തുകയോ, അവരുടെ ജീവിതലോകങ്ങളെ വെറും “ദൃശ്യവസ്തുക്കളായി” പരിവർത്തനം ചെയ്യുകയോ ചെയ്യുന്ന അനുഭവങ്ങൾ സാധാരണമാണ്. എന്നാൽ, കേരളത്തിന്റെ അനുഭവം ഇതിൽ നിന്ന് അടിസ്ഥാനപരമായി വ്യത്യസ്തമാണ്. ഇവിടെ ടൂറിസം സമൂഹത്തിന് മുകളിലൂടെ നടപ്പാക്കുന്ന ഒരു വികസന പദ്ധതിയായി അല്ല, മറിച്ച് സമൂഹത്തിന്റെ പങ്കാളിത്തത്തിലൂടെ രൂപപ്പെടുന്ന ഒരു സാമ്പത്തിക–സാംസ്കാരിക പ്രക്രിയയായി വളർന്നുവരികയാണ്. പ്രാദേശിക ജനങ്ങൾ ടൂറിസത്തിന്റെ ഗുണഭോക്താക്കളായി മാത്രം അല്ല, അതിന്റെ രൂപകർത്താക്കളായും ദിശനിർണായകരായും മാറുമ്പോഴാണ് ടൂറിസം യഥാർത്ഥത്തിൽ സ്ഥിരത നേടുന്നത്.

സമൂഹകേന്ദ്രിത ടൂറിസത്തിന്റെ പ്രാധാന്യം സാമ്പത്തിക തലത്തിൽ പ്രത്യേകിച്ച് ശ്രദ്ധേയമാണ്. ടൂറിസം കേന്ദ്രങ്ങളായി മാറുന്ന ഗ്രാമങ്ങളിലും തീരദേശങ്ങളിലും മലനാടൻ പ്രദേശങ്ങളിലുമുള്ള പ്രാദേശിക സമ്പദ്‌വ്യവസ്ഥകൾക്ക്, ടൂറിസം പുതിയ വിപണികളും വരുമാന മാർഗങ്ങളും തുറക്കുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾ, മത്സ്യബന്ധന വിഭവങ്ങൾ, കൈത്തറി–കരകൗശല വസ്തുക്കൾ, നാട്ടുവഴി ഭക്ഷണം, പ്രാദേശിക കലാരൂപങ്ങൾ – ഇവയെല്ലാം ടൂറിസം മൂല്യശൃംഖലയിൽ ഉൾപ്പെടുമ്പോൾ, വരുമാനം പുറത്തേക്ക് ഒഴുകിപ്പോകാതെ പ്രാദേശികമായി തന്നെ ചക്രവത്കരിക്കപ്പെടുന്നു. ഈ അർത്ഥത്തിൽ, സമൂഹ പങ്കാളിത്തം ടൂറിസത്തെ ഒരു എക്സ്ട്രാക്റ്റീവ് (പുറത്തേക്ക് മൂല്യം എടുത്തുകൊള്ളുന്ന) പ്രവർത്തനത്തിൽ നിന്ന്, ലോകൽ ഇക്കണോമിയെ ശക്തിപ്പെടുത്തുന്ന വികസന ഉപാധിയായി മാറ്റുന്നു. അതേസമയം,

ചെറുകിട സംരംഭങ്ങൾക്കും സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾക്കും യുവസംരംഭകർക്കും ടൂറിസം നൽകുന്ന അവസരങ്ങൾ, സാമൂഹികമായി കൂടുതൽ ഉൾക്കൊള്ളുന്ന വളർച്ചയ്ക്ക് വഴിയൊരുക്കുന്നു.

അതേസമയം, സമൂഹ കേന്ദ്രീകൃത ടൂറിസം വികസനം വെല്ലുവിളികളില്ലാത്തതല്ല. പ്രാദേശിക സമൂഹങ്ങളെ പങ്കാളികളാക്കുക എന്നത് വെറും "അംഗീകാരം നേടാനുള്ള" നടപടിയായി ഒതുങ്ങരുത്; അത് അധികാരവൽക്കരണത്തിന്റെ (empowerment) യഥാർത്ഥ പ്രക്രിയയായിരിക്കണം. അതിനായി, ലളിതവും സുതാര്യവുമായ നിയമ–അനുമതി സംവിധാനങ്ങൾ, ഗുണനിലവാരവും സുരക്ഷയും ഉറപ്പാക്കുന്ന എന്നാൽ ചെറുകിട സംരംഭങ്ങളെ ഭയപ്പെടുത്താത്ത ചട്ടക്കൂടുകൾ, പരിശീലനവും നൈപുണ്യ വികസനവും, ധനസഹായവും ഇൻഷുറൻസ് പരിരക്ഷയും എന്നിവ അനിവാര്യമാണ്. പ്രാദേശിക ഭരണകൂടങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സമൂഹ സംഘടനകൾ എന്നിവയെ ഡെസ്റ്റിനേഷൻ മാനേജ്മെന്റിന്റെ ഭാഗമാക്കുമ്പോൾ മാത്രമേ സമൂഹകേന്ദ്രിത ടൂറിസം പ്രഖ്യാപനങ്ങളിൽ നിന്ന് പ്രയോഗത്തിലേക്ക് മാറുകയുള്ളൂ. അങ്ങനെ, ടൂറിസം കേരളത്തിൽ ഒരു ബാഹ്യ ഇടപെടലായി അല്ല, മറിച്ച് സമൂഹത്തിന്റെ സ്വന്തം വികസനപാതയുടെ ഭാഗമായ ഒരു സംയുക്ത സംരംഭമായി മാറാൻ കഴിയും.

സ്ത്രീകൾ, ടൂറിസം, നേതൃസ്ഥാനങ്ങൾ

കേരളത്തിലെ ടൂറിസം മേഖലയിൽ സ്ത്രീകളുടെ സാന്നിധ്യം പുതുമയുള്ള കാര്യമല്ല. ആതിഥേയത്വം, ഭക്ഷണസംസ്കാരം, കൈത്തറി–കരകൗശലം, കലാപരിപാടികൾ, ഹോംസ്റ്റേകൾ തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ വർഷങ്ങളായി സജീവമാണ്. എന്നാൽ, ഈ പങ്കാളിത്തം ദീർഘകാലം അദൃശ്യമായ തൊഴിൽ എന്ന നിലയിൽ മാത്രമാണ് അംഗീകരിക്കപ്പെട്ടിരുന്നത്. സേവനദാതാക്കളായി സ്ത്രീകൾ സജീവമായിരുന്നുവെങ്കിലും, തീരുമാനമെടുക്കുന്ന ഇടങ്ങളിലും നയനിർണ്ണയ ഘട്ടങ്ങളിലും നേതൃസ്ഥാനങ്ങളിലും അവരുടെ സാന്നിധ്യം പരിമിതമായിരുന്നു. പുതിയ ടൂറിസം നയപരിസരത്തിൽ ഈ അവസ്ഥ മാറേണ്ടതിന്റെ ആവശ്യകത കൂടുതൽ ശക്തമായി മുന്നോട്ട് വന്നിരിക്കുകയാണ്. ടൂറിസം മേഖലയെ വെറും തൊഴിൽ അവസരങ്ങളുടെ ഉറവിടമായി മാത്രമല്ല, സ്ത്രീകളുടെ സാമൂഹിക–സാമ്പത്തിക അധികാരവൽക്കരണത്തിന്റെ വേദിയായി മാറ്റുക എന്നതാണ് ഈ മാറ്റത്തിന്റെ കേന്ദ്ര ലക്ഷ്യം.

ഉത്തരവാദിത്ത ടൂറിസവും സമൂഹാധിഷ്ഠിത ടൂറിസവും ശക്തിപ്പെട്ടതോടെ, സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങൾക്ക് കേരളത്തിൽ പുതിയ ഇടങ്ങൾ തുറന്നു. കുടുംബശ്രീ ശൃംഖലകൾ, വനിതാ സഹകരണസംഘങ്ങൾ, പ്രാദേശിക ഉൽപ്പാദക ഗ്രൂപ്പുകൾ എന്നിവ ടൂറിസം മൂല്യശൃംഖലയുമായി ബന്ധിപ്പിക്കപ്പെട്ടത്, സ്ത്രീകളെ ഉപജീവനത്തിന്റെ ഉടമസ്ഥരായി മാറ്റുന്ന ഒരു നിർണായക ഘട്ടമായിരുന്നു. ഹോംസ്റ്റേകൾ, ഗ്രാമീണ അനുഭവ ടൂറിസം, ഭക്ഷ്യപാതകൾ, കൈത്തറി–കരകൗശല വിപണികൾ എന്നിവയിൽ സ്ത്രീകൾ സംരംഭകരായി മുന്നോട്ട് വന്നതോടെ, ടൂറിസം മേഖലയിലെ ലാഭം കൂടുതൽ നീതിപൂർവമായി വിതരണം ചെയ്യപ്പെടാൻ തുടങ്ങി. ഇതോടൊപ്പം, സ്ത്രീസൗഹൃദ ടൂറിസം കേന്ദ്രങ്ങൾ, സുരക്ഷാ മാർഗനിർദ്ദേശങ്ങൾ, വനിതാ ഗൈഡുകൾ, സ്ത്രീകൾക്കായുള്ള പ്രത്യേക പരിശീലന പരിപാടികൾ എന്നിവ ടൂറിസത്തെ സുരക്ഷയും ആത്മവിശ്വാസവും ഉറപ്പാക്കുന്ന മേഖലയാക്കി മാറ്റാൻ സഹായിച്ചു.

എന്നാൽ, ഭാവി ടൂറിസത്തിന്റെ വെല്ലുവിളി സ്ത്രീകളെ സംരംഭകരായി മാത്രം നിലനിർത്തുന്നതല്ല; നേതൃത്വ സ്ഥാനങ്ങളിലേക്ക് ഉയർത്തുകയാണ്. ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സ്ഥാപനങ്ങൾ, ടൂറിസം ബോർഡുകൾ, മാർക്കറ്റിംഗ് ഏജൻസികൾ, നയരൂപീകരണ സമിതികൾ എന്നിവയിൽ സ്ത്രീകളുടെ സാന്നിധ്യം ഉറപ്പാക്കാതെ, ടൂറിസം മേഖലയെ യഥാർത്ഥത്തിൽ ഉൾക്കൊള്ളുന്നതായി വിശേഷിപ്പിക്കാൻ കഴിയില്ല. അതിനാൽ, സ്ത്രീകൾ നയിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ പിന്തുണ, നേതൃത്വ പരിശീലനങ്ങൾ, ഡിജിറ്റൽ–ഫിനാൻഷ്യൽ സാക്ഷരതാ പരിപാടികൾ, സുരക്ഷിത തൊഴിൽ അന്തരീക്ഷം എന്നിവ നയപരമായി ഉറപ്പാക്കേണ്ടതുണ്ട്. ഇത്തരമൊരു സമീപനം ടൂറിസത്തെ ലിംഗസമത്വത്തിന്റെ ഒരു മാതൃകയായി മാറ്റുന്നതോടൊപ്പം, കേരളത്തിന്റെ വികസന ദർശനത്തിൽ സാമൂഹിക നീതിയെയും സാമ്പത്തിക വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ശക്തമായ അച്ചുതണ്ടായി ഈ മേഖലയെ സ്ഥാപിക്കും.

മനുഷ്യ മൂലധനം: ഭാവി ടൂറിസത്തിന്റെ അടിത്തറ

ടൂറിസം മേഖലയെ നിർവചിക്കുന്ന ഏറ്റവും പ്രധാന ഘടകം ഭൗതിക അടിസ്ഥാന സൗകര്യങ്ങളോ പ്രകൃതി സൗന്ദര്യമോ അല്ല; മനുഷ്യരാണ്. ഒരു സ്ഥലത്തെ ഓർമ്മയായി മാറ്റുന്നത് കെട്ടിടങ്ങളോ കാഴ്ചകളോ മാത്രമല്ല, മറിച്ച് അവിടെയുള്ള മനുഷ്യരുടെ പെരുമാറ്റം, സേവന നിലവാരം, ആശയവിനിമയ കഴിവ്, സംസ്കാരബോധം, ആതിഥേയത്വം എന്നിവയാണ്. ഈ അർത്ഥത്തിൽ, ടൂറിസം ഒരു "മനുഷ്യകേന്ദ്രിത വ്യവസായം" ആണ്. കേരളത്തിന്റെ ടൂറിസം അനുഭവത്തിന് ലോകമെമ്പാടും ലഭിച്ച അംഗീകാരം അതിന്റെ പ്രകൃതി വൈവിധ്യത്തിനൊപ്പം തന്നെ, മനുഷ്യ മൂലധനത്തിന്റെ ഗുണനിലവാരവുമായി ആഴത്തിൽ ബന്ധപ്പെട്ടു കിടക്കുന്നു. ഉയർന്ന സാക്ഷരത, സാമൂഹിക ബോധം, ഭാഷാ വൈദഗ്ധ്യം, ആതിഥ്യമര്യാദ എന്നിവ കേരളത്തെ ഒരു ടൂറിസം ഡെസ്റ്റിനേഷനായി വേറിട്ടുനിർത്തിയ ഘടകങ്ങളാണ്. എന്നാൽ, ആഗോള ടൂറിസം രംഗം വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഈ സ്വാഭാവിക ശക്തികൾ മാത്രം ഇനി മതിയാകുന്നില്ല; അവയെ ആധുനിക നൈപുണ്യങ്ങളുമായി സംയോജിപ്പിക്കുന്ന ബോധപൂർവമായ മനുഷ്യ മൂലധന വികസനംഅനിവാര്യമായി മാറിയിരിക്കുന്നു.

ഇന്നത്തെ ടൂറിസം വ്യവസായം പരമ്പരാഗത ഹോസ്പിറ്റാലിറ്റി സേവനങ്ങളെക്കാൾ വളരെ അപ്പുറത്തേക്കാണ് വ്യാപിച്ചിരിക്കുന്നത്. ഡിജിറ്റൽ മാർക്കറ്റിംഗ്, ഡാറ്റ അനാലിറ്റിക്സ്, അനുഭവ രൂപകൽപ്പന (experience design), സുസ്ഥിരത മാനേജ്മെന്റ്, വെൽനെസ് ടൂറിസം, ക്രൂയിസ്–കാരവാൻ–അഡ്വഞ്ചർ ടൂറിസം തുടങ്ങിയ പുതിയ മേഖലകൾക്ക് വിശിഷ്ടമായ നൈപുണ്യങ്ങൾ ആവശ്യമാണ്. എന്നാൽ, കേരളത്തിലെ ടൂറിസം വിദ്യാഭ്യാസ–പരിശീലന സംവിധാനങ്ങൾ പലപ്പോഴും കാലഹരണപ്പെട്ട പാഠ്യപദ്ധതികളിലും പരിമിതമായ പ്രായോഗിക പരിശീലനത്തിലുമാണ് കുടുങ്ങിയിരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായവും തമ്മിലുള്ള ദുർബലമായ ബന്ധം, പരിശീലനം നേടിയവരുടെ കഴിവുകളും വിപണി ആവശ്യങ്ങളും തമ്മിലുള്ള പൊരുത്തക്കേടുകൾ സൃഷ്ടിക്കുന്നു. ഇതിന്റെ ഫലമായി, ഒരുവശത്ത് തൊഴിൽ അവസരങ്ങൾ നിലനിൽക്കുമ്പോഴും, മറുവശത്ത് നൈപുണ്യമുള്ള മനുഷ്യശേഷിയുടെ ക്ഷാമം അനുഭവപ്പെടുന്ന ഒരു വൈരുദ്ധ്യാവസ്ഥ ടൂറിസം മേഖലയിലുണ്ട്. ഈ വെല്ലുവിളി മറികടക്കണമെങ്കിൽ, ടൂറിസം വിദ്യാഭ്യാസത്തെ വെറും സർട്ടിഫിക്കേഷൻ പ്രക്രിയയായി കാണാതെ, ജീവനാന്ത പഠനവും തുടർച്ചയായ നൈപുണ്യ നവീകരണവും സാധ്യമാക്കുന്ന ഒരു സമഗ്ര സംവിധാനമായി പുനർരൂപപ്പെടുത്തേണ്ടതുണ്ട്.

ഭാവി ടൂറിസത്തിനായി മനുഷ്യ മൂലധനം വികസിപ്പിക്കുക എന്നത് തൊഴിൽ പരിശീലനത്തിൽ മാത്രം ഒതുങ്ങുന്ന കാര്യമല്ല; അത് സാമൂഹിക ഉൾക്കൊള്ളലിന്റെയും നീതിയുടെയും ചോദ്യവുമാണ്. സ്ത്രീകൾ, യുവാക്കൾ, പ്രാദേശിക സമൂഹങ്ങൾ, പരമ്പരാഗത അറിവ് കൈവശമുള്ള കലാകാരൻമാർ, ഗൈഡുകൾ, കരകൗശല തൊഴിലാളികൾ എന്നിവരെ ടൂറിസം നൈപുണ്യ ആവാസവ്യവസ്ഥയിൽ ഉൾപ്പെടുത്തുക എന്നത് നിർണായകമാണ്. ഔപചാരിക വിദ്യാഭ്യാസത്തിന് പുറത്തുള്ള അറിവുകളും അനുഭവങ്ങളും അംഗീകരിക്കുന്ന പരിശീലന–സർട്ടിഫിക്കേഷൻ മാതൃകകൾ രൂപപ്പെടുത്തുമ്പോഴാണ് ടൂറിസം മേഖല യഥാർത്ഥത്തിൽ ജനകീയമാകുന്നത്. അതോടൊപ്പം, ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി മൈക്രോ–സർട്ടിഫിക്കേഷനുകൾ, സ്കിൽ പാസ്പോർട്ട് സംവിധാനങ്ങൾ, ഇൻഡസ്ട്രി ഇമ്മേഴ്ഷൻ പ്രോഗ്രാമുകൾ തുടങ്ങിയവ നടപ്പിലാക്കുമ്പോൾ, കേരളത്തിന് ആഗോളതലത്തിൽ മത്സരക്ഷമമായ ഒരു ടൂറിസം തൊഴിൽശക്തി സൃഷ്ടിക്കാൻ കഴിയും. അങ്ങനെ, മനുഷ്യ മൂലധനം ടൂറിസത്തിന്റെ ഒരു അനുബന്ധ ഘടകമായി അല്ല, മറിച്ച് ഭാവി ടൂറിസത്തിന്റെ അടിത്തറയായി തന്നെ മാറുന്നു.

യുവാക്കൾ, നവീകരണം, സംരംഭകത്വം

കേരള ടൂറിസത്തിന്റെ ഭാവി നിർണ്ണയിക്കുന്ന ഏറ്റവും നിർണായക സാമൂഹിക ശക്തിയായി ഇന്ന് ഉയർന്നുവരുന്നത് യുവാക്കളുടെ പങ്കാളിത്തമാണ്. വിദ്യാഭ്യാസ നിലവാരത്തിലും സാങ്കേതിക പരിചയത്തിലും സൃഷ്ടിപരമായ കഴിവുകളിലും മുന്നിലുള്ള ഒരു യുവജന വിഭാഗമാണ് കേരളത്തിനുള്ളത്. എന്നാൽ, പരമ്പരാഗത തൊഴിൽ മേഖലകളിൽ അവസരങ്ങൾ ചുരുങ്ങുകയും, സർക്കാർ–സ്വകാര്യ മേഖലകളിലെ സ്ഥിരതയുള്ള തൊഴിൽ സാധ്യതകൾ കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ, യുവാക്കൾക്ക് പുതിയ വഴികൾ തുറക്കേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് ടൂറിസം മേഖല യുവാക്കൾക്ക് ഒരു ഉപജീവന സാധ്യത മാത്രമല്ല, സ്വയം രൂപപ്പെടുത്താവുന്ന ഭാവി മേഖലയായി മാറുന്നത്. അനുഭവാധിഷ്ഠിത ടൂറിസം, ഡിജിറ്റൽ ടൂറിസം, കണ്ടന്റ് ക്രിയേഷൻ, ഗൈഡിംഗ്, അഡ്വഞ്ചർ ടൂറിസം, വെൽനെസ്, സാംസ്കാരിക സംരംഭങ്ങൾ എന്നിവയിലൂടെ യുവാക്കൾക്ക് തങ്ങളുടെ താൽപ്പര്യങ്ങളെയും കഴിവുകളെയും തൊഴിൽമാക്കി മാറ്റാൻ ടൂറിസം അവസരം നൽകുന്നു.

ടൂറിസം മേഖലയിലെ നവീകരണം ഇന്ന് പ്രധാനമായും സാങ്കേതികവിദ്യയും സൃഷ്ടിപരമായ ആശയങ്ങളുംചേർന്നിടത്താണ് നടക്കുന്നത്. സ്റ്റാർട്ടപ്പുകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, സോഷ്യൽ മീഡിയ അധിഷ്ഠിത മാർക്കറ്റിംഗ്, അനുഭവ ഡിസൈൻ, ഡാറ്റാ അനാലിറ്റിക്സ്, വെർച്വൽ ടൂറിസം, സ്റ്റോറി ടെല്ലിംഗ് എന്നിവ ടൂറിസത്തിന്റെ പുതിയ ഭാഷയായി മാറിക്കഴിഞ്ഞു. ഈ രംഗങ്ങളിൽ യുവാക്കൾക്കുള്ള സ്വാഭാവിക പ്രാവീണ്യം ടൂറിസം മേഖലയെ കൂടുതൽ സജീവവും ആധുനികവുമായതാക്കുന്നു. പ്രാദേശിക ചരിത്രങ്ങളും ജീവിതാനുഭവങ്ങളും ആഗോള പ്രേക്ഷകരിലേക്ക് എത്തിക്കുന്ന ഡിജിറ്റൽ കണ്ടന്റുകൾ, ചെറിയ ഗ്രാമങ്ങളെയും മറഞ്ഞുകിടക്കുന്ന ഇടങ്ങളെയും ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തുന്നു. ഈ രീതിയിലുള്ള നവീകരണം ടൂറിസത്തെ വെറും വലിയ നിക്ഷേപങ്ങളുടെ കളിസ്ഥലമാക്കാതെ, ചെറുകിട ആശയങ്ങൾക്കും വ്യക്തിഗത സംരംഭങ്ങൾക്കും തുറന്ന ജനാധിപത്യ മേഖലയാക്കി മാറ്റുന്നു.

യുവാക്കളുടെ സംരംഭകത്വം ശക്തിപ്പെടുത്തുന്നതിന്, ടൂറിസം നയം വെറും പ്രോത്സാഹന പ്രഖ്യാപനങ്ങളിൽ ഒതുങ്ങാതെ സ്ഥാപനപരമായ പിന്തുണാ ഘടനകൾ സൃഷ്ടിക്കേണ്ടതുണ്ട്. ടൂറിസം ഇന്നൊവേഷൻ ആൻഡ് എൻറർപ്രണർഷിപ്പ് ഹബ്ബുകൾ, ഇൻകുബേഷൻ കേന്ദ്രങ്ങൾ, മെന്റർഷിപ്പ് സംവിധാനങ്ങൾ, മാർക്കറ്റ് ലിങ്കേജുകൾ, ലളിതമായ അനുമതി–നിയന്ത്രണ സംവിധാനങ്ങൾ എന്നിവ യുവ സംരംഭകരെ ആകർഷിക്കുന്നതിൽ നിർണായകമാണ്. പ്രത്യേകിച്ച്, സാമൂഹിക സംരംഭങ്ങൾ, പരിസ്ഥിതി സൗഹൃദ ടൂറിസം ആശയങ്ങൾ, കമ്മ്യൂണിറ്റി അധിഷ്ഠിത സംരംഭങ്ങൾ എന്നിവയ്ക്ക് ലക്ഷ്യമിട്ട പിന്തുണ നൽകുമ്പോൾ, യുവാക്കളുടെ സംരംഭകത്വം വ്യക്തിഗത ലാഭത്തിന്റെ അതിരുകൾ കടന്ന് സാമൂഹിക മൂല്യം സൃഷ്ടിക്കുന്ന ദിശയിലേക്ക് മാറും. ഈ രീതിയിൽ യുവാക്കൾ ടൂറിസം മേഖലയിലേക്ക് കടന്നുവരുമ്പോൾ, കേരള ടൂറിസം നവീകരണത്തിന്റെ പരീക്ഷണശാലയായും, ഉൾക്കൊള്ളുന്ന വികസനത്തിന്റെ മാതൃകയായും മാറാനുള്ള സാധ്യത കൈവരിക്കും.

V
നിയന്ത്രണവും സമതുലിതത്വവും ആയ ടൂറിസം

ടൂറിസത്തിന്റെ അതിരുകളും ഉത്തരവാദിത്തവും

കേരള ടൂറിസത്തിന്റെ ഭാവി ചർച്ച ചെയ്യുമ്പോൾ ഏറ്റവും നിർണായകമായ ചോദ്യമുയരുന്നത് ഇതാണ്: ടൂറിസം എത്രത്തോളം വളരാം, അതിന്റെ അതിരുകൾ എവിടെയാണ്? ഈ ചോദ്യം സാമ്പത്തിക ശേഷിയേക്കാൾ അധികം, കേരളത്തിന്റെ പരിസ്ഥിതി വഹിച്ചു നിൽക്കാനുള്ള കഴിവുമായി ബന്ധപ്പെട്ടതാണ്. പശ്ചിമ ഘട്ടം, തീരദേശം, കായലുകളും നദികളും, കാടുകളും തണ്ണീർത്തടങ്ങളും ഉൾക്കൊള്ളുന്ന കേരളത്തിന്റെ പ്രകൃതിസംവിധാനം അപൂർവമായ വൈവിധ്യവും അതോടൊപ്പം അതീവ നിസ്സഹായതയും ഉള്ളതാണ്. ഈ സംവിധാനങ്ങളിലാണ് കേരള ടൂറിസത്തിന്റെ ആകർഷണവും നിലനിൽപ്പും ആശ്രയിക്കുന്നത്. അതിനാൽ, പരിസ്ഥിതി സംരക്ഷണം ടൂറിസത്തിന് പുറമേയുള്ള ഒരു 'പൂരക ലക്ഷ്യം' അല്ല; മറിച്ച്, ടൂറിസത്തിന്റെ തന്നെ നിലനിൽപ്പിന്റെ അടിസ്ഥാന നിബന്ധനയാണ്.

കാലാവസ്ഥാ മാറ്റത്തിന്റെ ആഘാതങ്ങൾ കേരളത്തിൽ സിദ്ധാന്തതലത്തിൽ മാത്രമല്ല, ദൈനംദിന യാഥാർത്ഥ്യമായി മാറിയിരിക്കുകയാണ്. പ്രളയങ്ങൾ, ഉരുൾപൊട്ടലുകൾ, തീരക്ഷയം, കടൽനിരപ്പ് ഉയരൽ, മഴയുടെ അനിശ്ചിതത്വം, ജലക്ഷാമം തുടങ്ങിയ പ്രതിഭാസങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളെ നേരിട്ട് ബാധിക്കുന്നു. പലപ്പോഴും ടൂറിസം വികസനം നടന്നിട്ടുള്ള പ്രദേശങ്ങളിലാണ് ഈ ആഘാതങ്ങൾ കൂടുതൽ രൂക്ഷമായി അനുഭവപ്പെടുന്നതെന്നത് ശ്രദ്ധേയമാണ്. അനിയന്ത്രിത നിർമ്മാണം, പ്രകൃതിദത്ത ജലവഴികളുടെ തടസ്സപ്പെടുത്തൽ, കുന്നിൻ പ്രദേശങ്ങളിലെ അമിത ഇടപെടലുകൾ എന്നിവ ടൂറിസം വളർച്ചയുടെ മറുവശമായി മാറുന്നു. ഈ പശ്ചാത്തലത്തിൽ, ടൂറിസം വികസനം ഇനി 'പരിസ്ഥിതി സൗഹൃദം' എന്ന വാക്കിൽ ഒതുങ്ങാൻ കഴിയാത്ത ഘട്ടത്തിലാണ്; അത് കാലാവസ്ഥാ പ്രതിരോധ ശേഷി (climate resilience) ഉള്ള വികസനമായി മാറണം.

ഇവിടെയാണ് ടൂറിസത്തിന്റെ ഉത്തരവാദിത്തത്തെക്കുറിച്ചുള്ള ചർച്ച കൂടുതൽ ഗൗരവം നേടുന്നത്. ടൂറിസം പരിസ്ഥിതിക്ക് "കുറച്ച് ദോഷം" വരുത്തുന്നതിൽ മാത്രം തൃപ്തിപ്പെടുന്ന സമീപനം മതിയാകുന്നില്ല. പ്രകൃതിയോട് ചേർന്ന് നിലനിൽക്കുന്ന സമൂഹങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങൾ, ജൈവവൈവിധ്യത്തിന് സംഭവിക്കുന്ന ദീർഘകാല ആഘാതങ്ങൾ, ജല–ഭൂമി സമ്പത്തുകളുടെ ക്ഷയം എന്നിവ കണക്കിലെടുക്കുന്നില്ലെങ്കിൽ, ടൂറിസം സ്വയം നശിക്കുന്ന വികസന മാതൃകയായി മാറും. അതിനാൽ, കേരള ടൂറിസത്തിന്റെ ഭാവി ദിശ ഉത്തരവാദിത്തത്തിൽ നിന്ന് പുനരുജ്ജീവനത്തിലേക്കുള്ള (regenerative) മാറ്റമായിരിക്കണം. അതായത്, ടൂറിസം മൂലം പരിസ്ഥിതിയും പ്രാദേശിക ആവാസവ്യവസ്ഥയും മുമ്പത്തേക്കാൾ മെച്ചപ്പെടുന്ന തരത്തിലുള്ള ഇടപെടലുകൾ.

കാർബൺ ന്യൂട്രാലിറ്റി

കാർബൺ ന്യൂട്രാലിറ്റി എന്ന ലക്ഷ്യം ഈ ചർച്ചയുടെ കേന്ദ്രത്തിലാണ്. ടൂറിസം മേഖലയിൽ കാർബൺ ഉത്സർജനം കൂടുതലായി സംഭവിക്കുന്നത് ഗതാഗതം, ഊർജ ഉപഭോഗം, ഭക്ഷ്യവിതരണ ശൃംഖല, മാലിന്യ നിർമ്മാണം എന്നിവയിലൂടെയാണ്. കേരളത്തെ പോലുള്ള ചെറുഭൂപ്രദേശമുള്ള സംസ്ഥാനത്ത്, ദീർഘദൂര യാത്രകളിലും അമിത ഊർജ ഉപഭോഗത്തിലും ആശ്രയിക്കുന്ന ടൂറിസം മാതൃക ദീർഘകാലത്തിൽ നിലനിൽക്കില്ല. അതിനാൽ, പ്രാദേശിക വിഭവങ്ങളെ ആശ്രയിക്കുന്ന 'സ്ലോ ടൂറിസം', കുറഞ്ഞ ദൂര സഞ്ചാരങ്ങൾ, പുനരുപയോഗ ഊർജ സ്രോതസ്സുകൾ, ഊർജക്ഷമമായ കെട്ടിട രൂപകൽപ്പന, പ്രാദേശിക ഭക്ഷ്യശൃംഖലകൾ എന്നിവ ടൂറിസം നയത്തിന്റെ അവിഭാജ്യ ഘടകങ്ങളാകണം. കാർബൺ ന്യൂട്രാലിറ്റി ഒരു പരസ്യ മുദ്രാവാക്യമായി അല്ല, പ്രവർത്തനപരമായ അളവുകോലുകളോടെ നടപ്പിലാക്കുന്ന നയലക്ഷ്യമായി മാറണം.

പരിസ്ഥിതി ചർച്ചയുടെ മറ്റൊരു നിർണായക ഘടകമാണ് മാലിന്യ സംസ്കരണവും ജലസംരക്ഷണവും. ടൂറിസം കേന്ദ്രങ്ങളിലെ തിരക്ക് വർധിക്കുമ്പോൾ, മാലിന്യ നിർമ്മാണം ഗണ്യമായി ഉയരുന്നു. പ്ലാസ്റ്റിക് മാലിന്യം, ജലമാലിന്യം, ഭക്ഷ്യമാലിന്യം എന്നിവ പ്രാദേശിക പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്നു. പല വിനോദസഞ്ചാര കേന്ദ്രങ്ങളും ഇതിനകം തന്നെ മാലിന്യ പ്രശ്നത്തിന്റെ പിടിയിലാണെന്നത് മറച്ചുവയ്ക്കാനാവില്ല. ഈ സാഹചര്യത്തിൽ, മാലിന്യ മുക്ത ടൂറിസം കേന്ദ്രങ്ങൾ, സീറോ-വേസ്റ്റ് ഫെസ്റ്റിവലുകൾ, പ്ലാസ്റ്റിക് ഒഴിവാക്കൽ, ജല പുനരുപയോഗ സംവിധാനങ്ങൾ, മഴവെള്ള സംഭരണം എന്നിവ ടൂറിസം വികസനത്തിന്റെ അടിസ്ഥാന മാനദണ്ഡങ്ങളാകണം. ഇതെല്ലാം പ്രാദേശിക ഭരണകൂടങ്ങളുമായി ഏകോപിപ്പിച്ചുള്ള സമഗ്ര സമീപനത്തിലൂടെ മാത്രമേ ഫലപ്രദമാകൂ.

അവസാനമായി, പരിസ്ഥിതിയും കാലാവസ്ഥയും സംബന്ധിച്ച ചർച്ച ടൂറിസത്തിന്റെ 'പരിധികൾ' തിരിച്ചറിയാനുള്ള ചർച്ചയാണ്. എല്ലാ സ്ഥലങ്ങളിലും, എല്ലാ സമയങ്ങളിലും, എല്ലാ തരത്തിലുള്ള ടൂറിസവും സാധ്യമല്ലെന്ന സത്യം അംഗീകരിക്കേണ്ടതുണ്ട്. ക്യാരിയിംഗ് കപ്പാസിറ്റി എന്ന ആശയം നയരേഖകളിൽ മാത്രമല്ല, പ്രായോഗിക തീരുമാനങ്ങളിലുമെത്തണം. ചില പ്രദേശങ്ങളിൽ ടൂറിസം നിയന്ത്രിക്കേണ്ടിവരും; ചിലയിടങ്ങളിൽ സീസണൽ നിയന്ത്രണങ്ങൾ അനിവാര്യമായേക്കും; ചിലയിടങ്ങളിൽ വികസനം ഒഴിവാക്കേണ്ടിവരും. ഈ തീരുമാനങ്ങൾ രാഷ്ട്രീയമായി എളുപ്പമല്ലെങ്കിലും, ദീർഘകാലത്തിൽ കേരള ടൂറിസത്തിന്റെ നിലനിൽപ്പിന് അത്യാവശ്യമാണ്. അങ്ങനെയായാൽ മാത്രമേ ടൂറിസം കേരളത്തിന്റെ പ്രകൃതിയെയും കാലാവസ്ഥയെയും വെല്ലുവിളിക്കുന്ന ഒരു ശക്തിയായി മാറാതെ,

അവയെ സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്ന വികസന മാർഗമായി മാറാൻ കഴിയൂ.

ടൂറിസം ആവാഹക ശേഷി

ടൂറിസം വളർച്ചയുടെ അനിവാര്യമായൊരു വിരുദ്ധവശമാണ് ഓവർ-ടൂറിസം. ഒരേ സമയത്ത് ഒരേ സ്ഥലത്ത് അമിതമായ സന്ദർശകരെത്തുമ്പോൾ, ടൂറിസത്തിന്റെ സാമ്പത്തിക നേട്ടങ്ങൾക്കൊപ്പം തന്നെ സാമൂഹികവും പരിസ്ഥിതിയുമായ ചെലവുകളും ഉയരുന്നു. കേരളത്തിന്റെ സാഹചര്യത്തിൽ, തീരദേശ മേഖലകൾ, കായൽ പ്രദേശങ്ങൾ, പ്രമുഖ ഹിൽ സ്റ്റേഷനുകൾ, പൈതൃക കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലാണ് ഈ സമ്മർദ്ദം ഏറ്റവും ശക്തമായി അനുഭവപ്പെടുന്നത്. ഓവർ-ടൂറിസം, അനുഭവത്തിന്റെ ഗുണനിലവാരം കുറയ്ക്കുന്നതിന് പുറമെ, പ്രാദേശിക സമൂഹത്തിന്റെ ദൈനംദിന ജീവിതത്തെ പ്രതികൂലമായി ബാധിക്കുകയും, മാലിന്യ നിർമാണം, ജലക്ഷാമം, ഗതാഗതക്കുരുക്ക്, ഭൂവിനിയോഗ സമ്മർദ്ദം തുടങ്ങിയ പ്രശ്നങ്ങൾ രൂക്ഷമാക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, ടൂറിസം വളർച്ചയെ നിയന്ത്രണമില്ലാത്ത വ്യാപനമായി കാണുന്നതിനു പകരം, സന്തുലിതമായ വളർച്ച എന്ന ആശയം നയത്തിന്റെ കേന്ദ്രത്തിലേക്ക് കൊണ്ടുവരേണ്ടത് അനിവാര്യമാണ്.

ഓവർ-ടൂറിസത്തിന്റെ പ്രശ്നം കേരളത്തിൽ കൂടുതൽ സങ്കീർണ്ണമാകുന്നത് സീസണാലിറ്റി എന്ന ഘടകവുമായി ചേർന്നുനിൽക്കുന്നതിനാലാണ്. വർഷത്തിലെ ഏതാനും മാസങ്ങളിൽ – പ്രത്യേകിച്ച് ഉത്സവകാലങ്ങളിലും അവധി ദിവസങ്ങളിലും – ടൂറിസം കേന്ദ്രങ്ങളിൽ അമിതമായ തിരക്ക് അനുഭവപ്പെടുമ്പോൾ, മറ്റു മാസങ്ങളിൽ ഈ കേന്ദ്രങ്ങൾ കാര്യമായ പ്രവർത്തനമില്ലാതെ നിശ്ചലമായി തുടരുന്നു. ഇതു ടൂറിസം അടിസ്ഥാന സൗകര്യങ്ങളുടെ കാര്യക്ഷമ ഉപയോഗത്തെ ദുർബലപ്പെടുത്തുകയും, തൊഴിലാളികൾക്ക് സ്ഥിരതയില്ലാത്ത വരുമാനം സൃഷ്ടിക്കുകയും ചെയ്യുന്നു. അതേസമയം, സീസണൽ തിരക്കിന്റെ സമ്മർദ്ദം പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന ആഘാതങ്ങൾ ദീർഘകാലമാണ്. അതിനാൽ, സീസണാലിറ്റിയെ മറികടക്കുക എന്നത് വെറും മാർക്കറ്റിംഗ് വെല്ലുവിളിയല്ല; അത് സുസ്ഥിര വികസനത്തിന്റെ നിർണായക ഘടകമാണ്.

ഈ പശ്ചാത്തലത്തിലാണ്, ഓവർ-ടൂറിസത്തെയും സീസണാലിറ്റിയെയും കൈകാര്യം ചെയ്യുന്നതിനായി ക്യാരിയിംഗ് കപ്പാസിറ്റി അടിസ്ഥാനമാക്കിയ ആസൂത്രണം, ഡെസ്റ്റിനേഷൻ ഡൈവേഴ്സിഫിക്കേഷൻ, ഓഫ്-സീസൺ ടൂറിസത്തിന്റെ പ്രോത്സാഹനം, സാങ്കേതികവിദ്യ അധിഷ്ഠിത തിരക്ക് നിയന്ത്രണം തുടങ്ങിയ സമീപനങ്ങൾ നിർണായകമാകുന്നത്. ഓരോ ടൂറിസം കേന്ദ്രത്തിന്റെയും ഭൗതിക, സാമൂഹിക, പരിസ്ഥിതി ശേഷി ശാസ്ത്രീയമായി വിലയിരുത്തി, അതിനനുസൃതമായ സന്ദർശക നിയന്ത്രണ സംവിധാനം നടപ്പിലാക്കേണ്ടതാണ്. ഡിജിറ്റൽ ബുക്കിംഗ്, ടൈം-സ്ലോട്ട് മാനേജ്മെന്റ്, റിയൽ-ടൈം ഡാറ്റ വിശകലനം എന്നിവ വഴി സന്ദർശകരുടെ പ്രവാഹം ക്രമീകരിക്കുമ്പോൾ, അനുഭവത്തിന്റെ ഗുണനിലവാരം നിലനിർത്തിക്കൊണ്ട് സാമ്പത്തിക നേട്ടങ്ങളും ഉറപ്പാക്കാം. ഒടുവിൽ, ഓവർ-ടൂറിസം ഒഴിവാക്കുക എന്നത് ടൂറിസത്തെ കുറയ്ക്കുക എന്നതല്ല; മറിച്ച്, ടൂറിസത്തെ ശരിയായ സമയത്തും ശരിയായ സ്ഥലത്തും ശരിയായ അളവിൽ എത്തിക്കുക എന്ന സമതുലിത സമീപനമാണ്.

ഉത്തരവാദിത്ത ടൂറിസം

കേരള ടൂറിസം വികസനത്തിന്റെ ആശയപരമായ യാത്രയിൽ ഏറ്റവും നിർണായകമായ ഇടപെടലുകളിൽ ഒന്നാണ് ഉത്തരവാദിത്ത ടൂറിസം (Responsible Tourism – RT) എന്ന സമീപനം. ലോകത്തെ പല ടൂറിസം ഡെസ്റ്റിനേഷനുകളും പ്രകൃതിയെയും സമൂഹത്തെയും വിനോദ വ്യവസായത്തിന്റെ ഉപഭോഗ വസ്തുക്കളായി മാത്രം കാണുന്ന ഘട്ടത്തിലാണ്, കേരളം ടൂറിസത്തിന്റെ കേന്ദ്രത്തിലേക്ക് പ്രാദേശിക സമൂഹത്തെയും അതിന്റെ ഉപജീവന ഘടനകളെയും കൊണ്ടുവന്നത്. ടൂറിസം എന്നത് പുറത്ത് നിന്ന് എത്തുന്ന സഞ്ചാരികളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന സേവനമേഖലയായി മാത്രം നിലനിൽക്കരുത്; മറിച്ച്, അത് പ്രാദേശിക സാമ്പത്തിക–സാമൂഹിക വ്യവസ്ഥകളുമായി അഴുകിച്ചേർന്ന ഒരു വികസന പ്രക്രിയയായിരിക്കണം എന്ന ചിന്തയിലാണ് ഉത്തരവാദിത്ത ടൂറിസം മാതൃക കേരളത്തിൽ രൂപംകൊണ്ടത്.

ഈ സമീപനം ടൂറിസം ലാഭത്തിന്റെ വിതരണം എന്ന പ്രശ്നത്തെ നേരിട്ട് അഭിസംബോധന ചെയ്തു. ഹോട്ടലുകൾ, റിസോർട്ടുകൾ, ടൂർ ഓപ്പറേറ്റർമാർ എന്നിവയിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന മൂല്യശൃംഖലയിൽ നിന്ന് മാറി, കർഷകർ, മത്സ്യത്തൊഴിലാളികൾ, കൈത്തറി–കരകൗശല തൊഴിലാളികൾ, കലാകാരൻമാർ, സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ തുടങ്ങിയവരെ ടൂറിസം സമ്പദ്വ്യവസ്ഥയുടെ ഭാഗമാക്കാനുള്ള ശ്രമമായിരുന്നു ഇത്. പ്രാദേശിക ഉൽപ്പാദനവും പ്രാദേശിക ഉപഭോഗവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തിയതിലൂടെ, ടൂറിസം ഒരു “ബാഹ്യ വരുമാന പ്രവർത്തനം” എന്ന നിലയിൽ നിന്ന് മാറി, ഗ്രാമീണവും തീരദേശവുമായ സമ്പദ്വ്യവസ്ഥകളെ ഉത്തേജിപ്പിക്കുന്ന ആഭ്യന്തര വികസന ഉപാധിയായി മാറി.

ഉത്തരവാദിത്ത ടൂറിസത്തിന്റെ മറ്റൊരു പ്രധാന സവിശേഷത, ടൂറിസത്തെ സാമൂഹിക ഉൾക്കൊള്ളലുമായി ബന്ധിപ്പിച്ചതാണ്. പ്രത്യേകിച്ച് സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം വർധിപ്പിക്കുന്നതിൽ ഈ മാതൃക നിർണായക പങ്കുവഹിച്ചു. കുടുംബശ്രീ പോലുള്ള സംവിധാനങ്ങളിലൂടെ സ്ത്രീകൾ നയിക്കുന്ന ടൂറിസം സംരംഭങ്ങൾ വളർന്നു; ഭക്ഷ്യവിതരണം, ഹോംസ്റ്റേകൾ, അനുഭവ പരിപാടികൾ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയിലൂടെ സ്ത്രീകൾ ടൂറിസത്തിന്റെ അദൃശ്യ തൊഴിലാളികളായി അല്ല, മറിച്ച് ദൃശ്യമായ സാമ്പത്തിക ഏജന്റുകളായിമാറി. ഈ അനുഭവം ടൂറിസം വികസനം സാമൂഹിക അധികാരബന്ധങ്ങളെ

മാറ്റിമറിക്കാനുള്ള ശേഷി ഉള്ളതാണെന്ന് കേരളത്തിൽ തെളിയിച്ചു.

പുനരുജ്ജീവന ടൂറിസത്തിലേക്ക്

എന്നിരുന്നാലും, കാലാവസ്ഥാ മാറ്റം, ജൈവവൈവിധ്യ നാശം, ജല–ഭൂമി സമ്മർദ്ദം, മാലിന്യ പ്രശ്നങ്ങൾ തുടങ്ങിയവ ശക്തമാകുന്ന പുതിയ സാഹചര്യത്തിൽ, ഉത്തരവാദിത്ത ടൂറിസത്തിന്റെ പരിമിതികളും വ്യക്തമായി. ഉത്തരവാദിത്ത ടൂറിസം പ്രധാനമായും "നാശം കുറയ്ക്കുക" (minimising harm) എന്ന ആശയത്തിലാണ് അധിഷ്ഠിതമായിരുന്നത്. പരിസ്ഥിതിക്ക് കുറഞ്ഞ ദോഷം വരുത്തുക, സമൂഹത്തിന് ചില ഗുണഫലങ്ങൾ ഉറപ്പാക്കുക – എന്നതായിരുന്നു അതിന്റെ മുഖ്യ ലക്ഷ്യം. എന്നാൽ, ഇന്ന് കേരളം നേരിടുന്ന പരിസ്ഥിതി–കാലാവസ്ഥാ യാഥാർത്ഥ്യങ്ങൾ ഈ സമീപനം മതിയാകാത്തതാണെന്ന് വ്യക്തമാക്കുന്നു. ചില മേഖലകളിൽ "കുറഞ്ഞ ദോഷം" പോലും ദീർഘകാലത്തിൽ അസ്വീകാര്യമാകുന്ന ഘട്ടത്തിലാണ് സംസ്ഥാനം എത്തിയത്.

ഇത്തരം പശ്ചാത്തലത്തിലാണ് പുനരുജ്ജീവന ടൂറിസം (Regenerative Tourism) എന്ന ആശയം കേരള ടൂറിസത്തിന്റെ ഭാവി ദിശയായി ഉയർന്നുവരുന്നത്. പുനരുജ്ജീവന ടൂറിസം ഉത്തരവാദിത്ത ടൂറിസത്തിന്റെ നിഷേധമല്ല; മറിച്ച്, അതിന്റെ താർക്കികമായ വികസനമാണ്. ഇവിടെ ടൂറിസത്തിന്റെ ലക്ഷ്യം ദോഷം ഒഴിവാക്കുക എന്നതിൽ ഒതുങ്ങുന്നില്ല. ടൂറിസം ഇടപെടലുകൾ നടക്കുന്ന പ്രദേശങ്ങൾ പരിസ്ഥിതിയിലും സമൂഹത്തിലും മുൻപത്തേക്കാൾ മെച്ചപ്പെട്ട നിലയിലാകണം എന്നതാണ് ഇതിന്റെ അടിസ്ഥാന തത്വം. അതായത്, ടൂറിസം പ്രകൃതിയെയും സമൂഹത്തെയും ഉപയോഗിക്കുന്ന പ്രക്രിയയിൽ നിന്ന് മാറി, അവയെ പുനഃസ്ഥാപിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഒരു പ്രവർത്തനമായി മാറണം.

കേരളത്തിന്റെ ഭൂപ്രകൃതിയും സാമൂഹിക ഘടനയും കണക്കിലെടുക്കുമ്പോൾ, പുനരുജ്ജീവന ടൂറിസം ഒരു ആഡംബര ആശയമല്ല; മറിച്ച്, അനിവാര്യമായ വികസന സമീപനമാണ്. പശ്ചിമഘട്ടത്തിലെ മലനിരകൾ, തീരദേശ പരിസ്ഥിതികൾ, കായൽ–നദി ശൃംഖലകൾ, വന ആവാസവ്യവസ്ഥകൾ എന്നിവ അതീവ സംവേദനക്ഷമമായ മേഖലകളാണ്. ഇവിടെ ടൂറിസം വികസനം നിയന്ത്രണമില്ലാതെ നടന്നാൽ, അത് പരിസ്ഥിതിക്ക് മാത്രമല്ല, ടൂറിസത്തിന്റെ തന്നെ സാമ്പത്തിക അടിത്തറയ്ക്കും തിരിച്ചടിയാകും. പുനരുജ്ജീവന ടൂറിസം ഈ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട്, ക്യാരിയിംഗ് കപ്പാസിറ്റി, കാർബൺ അക്കൗണ്ടിംഗ്, ജൈവവൈവിധ്യ പുനഃസ്ഥാപനം, ജല–ഭൂമി സംരക്ഷണം എന്നിവയെ ടൂറിസം ആസൂത്രണത്തിന്റെ കേന്ദ്രത്തിലേക്ക് കൊണ്ടുവരുന്നു.

സമൂഹ്യ പങ്കിന്റെ പുനർനിർവചനം

പുനരുജ്ജീവന ടൂറിസത്തിന്റെ മറ്റൊരു നിർണായക ഘടകം, സമൂഹത്തിന്റെ പങ്കിനെ പുനർനിർവചിക്കുന്നതിലാണ്. ഉത്തരവാദിത്ത ടൂറിസത്തിൽ സമൂഹം ഗുണഭോക്താവും പങ്കാളിയുമായിരുന്നു എങ്കിൽ, പുനരുജ്ജീവന ടൂറിസത്തിൽ സമൂഹം സംരക്ഷകനും സഹ–നിർണ്ണയകർത്താവും കൂടിയാണ്. പ്രാദേശിക സമൂഹം ടൂറിസത്തിന് അനുസരിച്ച് മാറേണ്ട ഒന്നല്ല; മറിച്ച്, ടൂറിസം സമൂഹത്തിന്റെ ആവശ്യങ്ങൾക്കും പരിസ്ഥിതിയുടെ പരിധികൾക്കും അനുസരിച്ച് രൂപംകൊള്ളണം എന്നതാണ് ഈ സമീപനം. ഇത് ടൂറിസത്തെ ഒരു ബാഹ്യ സാമ്പത്തിക ഇടപെടലായി തുടരാതെ, പ്രാദേശിക വികസനത്തിന്റെ അകത്തളത്തിലേക്ക്കൊണ്ടുവരുന്നു.

ഈ ദിശമാറ്റം, ടൂറിസത്തെ കുറിച്ചുള്ള നയചിന്തയിലും അടിസ്ഥാനപരമായ മാറ്റങ്ങൾ ആവശ്യപ്പെടുന്നു. വേഗതയേറിയ വളർച്ച, സന്ദർശക എണ്ണ വർധന, വലിയ നിക്ഷേപങ്ങൾ എന്നിവയിലൂന്നിയ ടൂറിസം വിജയം എന്ന ആശയം പുനഃപരിശോധിക്കേണ്ട ഘട്ടമാണിത്. പുനരുജ്ജീവന ടൂറിസത്തിൽ വിജയം അളക്കപ്പെടുന്നത് പരിസ്ഥിതിയുടെ ആരോഗ്യത്തിൽ, സമൂഹത്തിന്റെ ഉപജീവന സ്ഥിരതയിൽ, സാംസ്കാരിക സമ്പന്നതയുടെ നിലനിൽപ്പിൽ ആയിരിക്കും. ഈ മാറ്റം സ്വീകരിക്കുന്നതോടെയാണ് കേരള ടൂറിസം സുസ്ഥിരതയുടെ ഭാഷയിൽ നിന്ന് മുന്നോട്ട് പോയി, പുനരുജ്ജീവനത്തിന്റെ ഭാഷയിൽ സംസാരിക്കാൻ തുടങ്ങുന്നത്.

അവസാനമായി, ഉത്തരവാദിത്ത ടൂറിസത്തിൽ നിന്ന് പുനരുജ്ജീവന ടൂറിസത്തിലേക്കുള്ള ഈ മാറ്റം കേരളത്തിന് മുന്നിലുള്ള ഒരു നയാ വ്യതിയാനമല്ല, അത് ഒരു ചരിത്രപരമായ തിരഞ്ഞെടുപ്പാണ്. പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള സമതുലിതബന്ധം പുനഃസ്ഥാപിക്കുന്ന വികസന മാതൃകയിലേക്ക് കേരളം നീങ്ങുമോ, അല്ലെങ്കിൽ പരിമിതമായ വിഭവങ്ങളിൽ അമിത സമ്മർദ്ദം സൃഷ്ടിക്കുന്ന ടൂറിസം വഴികളിലേക്കു വഴുതുമോ എന്നതാണ് ഇവിടെ ചോദ്യം. ഈ തെരഞ്ഞെടുപ്പിൽ, പുനരുജ്ജീവന ടൂറിസം കേരളത്തിന് മുന്നോട്ടുവയ്ക്കുന്നത് സാമ്പത്തിക വളർച്ചയും സാമൂഹിക നീതിയും പരിസ്ഥിതി സംരക്ഷണവും തമ്മിൽ വിരുദ്ധമല്ലെന്ന് തെളിയിക്കുന്ന ഒരു സാധ്യതാപാതയാണ്.

ഉപസംഹാരം

നമ്മൾ അടുത്ത അഞ്ചു വർഷത്തേക്കുള്ള ടൂറിസം നയം നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ലക്ഷ്യങ്ങളെ ഇങ്ങിനെ ചുരുക്കാം.

- വിദേശ സഞ്ചാരികളുടെ വരവ് കോവിഡ് മുൻകാല നിലയേക്കാൾ ഗണ്യമായി മുന്നിലെത്തിക്കുക.
- കേരളത്തെ വർഷം മുഴുവൻ ഉയർന്ന മൂല്യമുള്ള ഡെസ്റ്റിനേഷനായി റീ-ബ്രാൻഡ് ചെയ്യുക.
- സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ ടൂറിസം മാതൃകകൾ സ്ഥാപിക്കുക.
- ജനകീയ ടൂറിസം വഴി പ്രാദേശിക തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക.

- ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ സഹായത്തോടെ ടൂറിസം മാനേജ്മെന്റ് നവീകരിക്കുക.

ഈ ലക്ഷ്യങ്ങൾ തമ്മിൽ ബന്ധപ്പെട്ടു നിൽക്കുന്നതാണ്. വിദേശ സഞ്ചാരികളെ ആകർഷിക്കാൻ ഉയർന്ന ഗുണനിലവാരവും അനുഭവവൈവിധ്യവും വേണം; അതിന് സുസ്ഥിര അടിസ്ഥാന സൗകര്യങ്ങളും പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തവും ആവശ്യമാണ്.

കേരളത്തിലെ ടൂറിസത്തെ കഥപറച്ചിലിന്റെ (storytelling) കലയിൽ ആധാരമാക്കുന്ന ഒരു സമീപനമാണ് കേരളം സ്വീകരിക്കേണ്ടത്. ഒരു സ്ഥലത്തിന്റെ ചരിത്രവും മനുഷ്യരുടെ ജീവിതവും അനുഭവമായി മാറ്റുകയാണ് ലക്ഷ്യം. ഇവിടെ ഗ്രാമീണ ടൂറിസം, കാർഷിക ടൂറിസം, സാഹിത്യ–സാംസ്കാരിക സർക്യൂട്ടുകൾ, മഴക്കാല ടൂറിസം, ഭക്ഷണപാതകൾ (culinary trails) ഇവയൊക്കെ ഒരേസമയം സഞ്ചാരിക്ക് അർത്ഥവത്തായ അനുഭവവും, പ്രാദേശിക സമൂഹത്തിന് സ്ഥിരവരുമാനവും നൽകുന്ന മാതൃകകളാണ്.

അടുത്ത അഞ്ച് വർഷം എന്നത് കേരള ടൂറിസത്തിന്റെ യാത്രയിലെ ഒരു അന്തിമ ലക്ഷ്യമല്ല. ആ സമയത്തേക്ക് കൈവരിക്കേണ്ടത് ചില കണക്കുകളോ റാങ്കിംഗുകളോ മാത്രമല്ല, ടൂറിസം വികസനത്തെ കുറിച്ചുള്ള ഒരു പുതിയ ബൗദ്ധികവും നയപരവുമായ ബോധ്യമാണ്. ടൂറിസം ഇനി "എത്ര പേർ വന്നു" എന്ന അളവുകോലിൽ മാത്രം വിലയിരുത്തപ്പെടുന്ന മേഖലയാകരുത്; മറിച്ച്, സഞ്ചാരികളുടെ സാന്നിധ്യം കേരളത്തിന്റെ പ്രകൃതിയെയും സമൂഹത്തെയും സമ്പദ്‌വ്യവസ്ഥയെയും എങ്ങനെ മാറ്റുന്നു എന്ന ചോദ്യമാണ് കേന്ദ്രത്തിലേക്ക് വരേണ്ടത്. അതിനാൽ ടൂറിസം വികസനം ഒരു സംഖ്യാത്മക വളർച്ചാ പദ്ധതിയായി അല്ല, ഗുണനിലവാരാധിഷ്ഠിതവും മൂല്യാധിഷ്ഠിതവുമായ സാമൂഹിക–സാമ്പത്തിക പ്രക്രിയയായി പുനർനിർവചിക്കപ്പെടണം.

ദീർഘകാല ദർശനത്തിന്റെ കേന്ദ്രബിന്ദുവായി മാറേണ്ടത് സമൂഹം നയിക്കുന്ന ടൂറിസം സംവിധാനങ്ങളാണ്. സർക്കാർ നയരൂപീകരണവും അടിസ്ഥാന സൗകര്യ വികസനവും നിർവഹിക്കുന്നതോടൊപ്പം, യഥാർത്ഥ ടൂറിസം അനുഭവങ്ങളുടെ സ്രഷ്ടാക്കളായി പ്രാദേശിക സമൂഹങ്ങൾ മാറുന്ന ഘട്ടത്തിലേക്കാണ് കേരളം നീങ്ങേണ്ടത്. ടൂറിസം കേന്ദ്രങ്ങൾ "വിപണനം ചെയ്യപ്പെടുന്ന ഇടങ്ങൾ" എന്ന നിലയിൽ നിന്ന് മാറി, ജീവിതവും സംസ്കാരവും തുടർച്ചയായി നിലനിൽക്കുന്ന സാമൂഹിക ഭൂപ്രകൃതികളായി പരിഗണിക്കപ്പെടണം. ഈ സമീപനം പ്രാദേശിക ഉപജീവനങ്ങൾക്ക് സ്ഥിരത നൽകുന്നതിനൊപ്പം, ടൂറിസം മൂലമുണ്ടാകുന്ന സാമൂഹിക സംഘർഷങ്ങളും പരിസ്ഥിതി സമ്മർദ്ദങ്ങളും നിയന്ത്രിക്കാൻ സഹായിക്കും. അതിനാൽ, ദീർഘകാല ടൂറിസം ദർശനം എന്നത് വികസനത്തിന്റെ അധികാരം സമൂഹത്തിലേക്ക് തിരിച്ചുനൽകുന്ന ഒരു രാഷ്ട്രീയ–സാമ്പത്തിക ദിശാസൂചന കൂടിയാണ്.

അതോടൊപ്പം കേരളം ലക്ഷ്യമിടേണ്ടത് നിയന്ത്രിത വളർച്ചയുള്ള, ഉയർന്ന ഗുണനിലവാരമുള്ള ടൂറിസം മാതൃകയാണ്. അതിരില്ലാത്ത വികസനവും അനിയന്ത്രിത നിക്ഷേപങ്ങളും താൽക്കാലിക നേട്ടങ്ങൾ നൽകാമെങ്കിലും, ദീർഘകാലത്തിൽ അവ പ്രകൃതിയെയും സമൂഹത്തെയും ദുർബലപ്പെടുത്തും. അതിനാൽ, ക്യാരിയിംഗ് കപ്പാസിറ്റി, കാർബൺ ന്യൂട്രാലിറ്റി, ജൈവവൈവിധ്യ സംരക്ഷണം, പ്രാദേശിക സാമ്പത്തിക ബന്ധങ്ങൾ എന്നിവയെ വികസന തീരുമാനങ്ങളുടെ കേന്ദ്രത്തിലാക്കുന്ന ഒരു സുസ്ഥിരതാ നൈതികത കേരള ടൂറിസത്തിന്റെ ഭാവിയെ നയിക്കണം. ഈ നൈതികത വിജയകരമായി സ്ഥാപിക്കാനായാൽ, കേരളം ലോകത്തോട് പറയാൻ കഴിയുന്നത് ഒരു സന്ദേശം മാത്രമായിരിക്കും: ടൂറിസം വളർച്ചയും പരിസ്ഥിതി സംരക്ഷണവും സാമൂഹിക നീതിയും തമ്മിൽ വിരുദ്ധമല്ല; മറിച്ച്, ശരിയായ ദർശനവും രാഷ്ട്രീയചുമതലയും ഉണ്ടെങ്കിൽ അവ പരസ്പരം ശക്തിപ്പെടുത്താൻ കഴിയുന്ന പ്രക്രിയകളാണ്.

വിജ്ഞാനകേരളം
VIJNANAKERALAM

K-DISC
Kerala Development and Innovation Strategic Council

നൈപുണ്യ പരിശീലനത്തിലൂടെ തൊഴിലിലേക്ക്

- എല്ലാ യോഗ്യതക്കാർക്കും അവസരങ്ങൾ
- DWMS പോർട്ടൽ വഴി സൗജന്യ രജിസ്ട്രേഷൻ
- സൗജന്യ നൈപുണ്യ പരിശീലനം
- കേരളത്തിലും വിദേശത്തും അവസരങ്ങൾ
- എല്ലാ ജില്ലകളിലും വിർച്വൽ തൊഴിൽ മേളകൾ (Job Fair)
- വീടിനടുത്തിരുന്ന് ജോലി ചെയ്യാൻ സൗകര്യം: വർക്ക് നിയർ ഹോം
- ഇന്റർവ്യൂവിൽ പരാജയപ്പെടുന്നവർക്ക് തുടർപിന്തുണ

Scan for website

REGISTER NOW

www.vijnanakeralam.kerala.gov.in

Overseas Development and Employment Promotion Consultants Ltd.
(A Government of Kerala Undertaking)

ODEPC

EMPOWERING GLOBAL CAREERS SINCE 1977

48 YEARS OF EXCELLENCE

YOUR TRUSTED PARTNER FOR OVERSEAS RECRUITMENT, LANGUAGE TRAINING, STUDY ABROAD, TOURS & TRAVELS

Overseas Recruitment

Recruitment to Saudi Arabia, UAE, Kuwait, Belgium, Austria Germany, UK, USA, Austria Etc.

Email: jobs@odepc.in, gm@odepc.in, eu@odepc.in, gcc@odepc.in, recruit@odepc.in

Training

Foreign language & Skill enchancement programs for overseas Job seekers

Email training@odepc.in

Website www.odepcskills.in

Study Abroad

Opportunity for higher Studies at world famous universities

Email: studyabroad@odepc.in

Travel & Tours

Facilitates air ticket booking, visa guidance and packaged tours

Travel: travel@odepc.in

Tours: tours@odepc.in

ODEPC Limited
Floor 5, Carmel Towers,
Cotton Hill, Vazhuthacaud,
Trivandrum, Kerala

Phone: +91 471 2329440/41/42/43/45
Email: info@odepc.in
Website: www.odepc.kerala.gov.in

SCAN THIS QR CODE

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip

ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് വലിയ ഉയരങ്ങൾ താണ്ടാം

പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

ഓരോ അപേക്ഷകനും ആദ്യാന്തം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു

• 10 ലക്ഷം രൂപ വരെ സബ്സിഡി

യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

• എസ്. എച്ച്. ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം

സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

• പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ

പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്. എച്ച്. ജി., എഫ്. പി. ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം

കൂടുതൽ വിവരങ്ങൾക്ക്

ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്
മൂന്നാം നില, വികാസ്ഭവൻ പി. ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip
കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
കൈക്കാട് പി. ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org

പി.എം.എഫ്.എം.ഇ. കേരളം ഹെൽപ് ലൈൻ: 97470 22883

KERALA BANK
Kerala State Co-operative Bank
A SCHEDULED BANK

കേരള ബാങ്ക്
സംരംഭക വായ്പകൾ

KB MSME LOAN

ഉൽപ്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ സംരംഭങ്ങൾക്കും...
സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്കും.

- KB മിത്രാ വായ്പ (MSME)
- KB സുവിധ (MSME) (40 ലക്ഷം വരെ)
- KB സുവിധ പ്ലസ് (MSME) (2ലക്ഷം വരെ)

KB/HO/BPCC/Mktg/2025

കേരള ബാങ്ക്
വ്യാപാർമിത്ര
MSME TERM LOAN

കൂടുതൽ വിവരങ്ങൾക്ക് കേരള ബാങ്ക് ശാഖയുമായി ബന്ധപ്പെടുക

THE KERALA STATE CO-OPERATIVE BANK LTD
കേരള സംസ്ഥാന സഹകരണ ബാങ്ക്
മലയാളിയുടെ സ്വന്തം ബാങ്ക്
www.kerala.bank.in